# പരിസ്ഥിതിയും സൗന്ദര്യബോധവും
# മലയാള കവിതയിലെ ഭാവുകത്വപരിണാമത്തെ
# മുൻനിർത്തിയുള്ള പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം

**സുനില. ജി**

**മലയാള വിഭാഗം**
**ശ്രീനീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗവേഷണ കേന്ദ്രം**

**2019 മെയ്**

# ENVIRONMENT AND AESTHETIC SENSE A STUDY OF THE EVOLUTION OF SENSIBILITY IN MALAYALAM POETRY

A thesis submitted to the University of Calicut
for the Degree of Doctor of Philosophy

**SUNILA .G**

**DEPARTMENT OF MALAYALAM**
**SNGS COLLEGE**
**PATTAMBI**

**2019 May**

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു

പട്ടാമ്പി

25-5-2019

**സുനില .ജി**

## സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച് ഡി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **പരിസ്ഥിതിയും സൗന്ദര്യബോധവും മലയാള കവിതയിലെ ഭാവുകത്വപരിണാമത്തെ മുൻനിർത്തിയുള്ള പഠനം** എന്ന ഈ പ്രബന്ധം **സുനില .ജി** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
25-5-2019

**ഡോ. പി. ഗീത**
മാർഗ്ഗദർശക
(അസോസിയേറ്റ് പ്രൊഫസർ റിട്ട.)
എസ്.എൻ.ജി.എസ്. കോളേജ്
പട്ടാമ്പി

## കൃതജ്ഞത

ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയിൽ ആത്മാർത്ഥമായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും പുസ്തകങ്ങളും മറ്റു സഹായ സഹകരണങ്ങളും നൽകുകയും ചെയ്ത മാർഗ്ഗനിർദ്ദേശക ഡോ. പി. ഗീതയോടുള്ള എന്റെ നന്ദിയും സ്നേഹവും കടപ്പാടും ഞാൻ അറിയിക്കുന്നു.

ഗവേഷണത്തിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്ന പട്ടാമ്പി കോളേജ് മലയാളവിഭാഗം തലവൻ എച്ച്.കെ. സന്തോഷ്, മറ്റദ്ധ്യാപകർ, മുൻ വകുപ്പദ്ധ്യക്ഷൻ യു.പി. ജയപ്രകാശ്, സി.പി. ചിത്രഭാനു, കോളേജിലെ മറ്റു ജീവക്കാർ, കാലടി സംസ്കൃത സർവ്വകലാശാല അധ്യാപകൻ ഡോ. പി. പവിത്രൻ എന്നിവരോടുള്ള എന്റെ നന്ദി അറിയിക്കുന്നു.

പ്രോത്സാഹനങ്ങളും സഹായങ്ങളുമായി എനിയ്ക്കൊപ്പം നിന്ന കുടുംബാംഗങ്ങൾ സുഹൃത്തുക്കൾ എന്നിവരോട് നന്ദിയും സ്നേഹവുമുണ്ട്.

ദത്തശേഖരണത്തിന് സഹായിച്ച പട്ടാമ്പി കോളേജ് ലൈബ്രറി, തൃശൂർ കേരള സാഹിത്യ അക്കാദമി, അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരക ലൈബ്രറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, സി.എച്ച്. മുഹമ്മദ്കോയ സ്മാരക ലൈബ്രറി, പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, കൊല്ലങ്കോട് പി. സ്മാരക ലൈബ്രറി, ഗീത ടീച്ചറുടെയും പവിത്രൻ മാഷുടെയും സ്വകാര്യലൈബ്രറി എന്നിവയോടും അവിടുത്തെ ജീവനക്കാരോടും ഡി.ടി.പി. ചെയ്തുസഹായിച്ച പാലക്കാട് ഡൊമൈൻ ഡി.ടി.പി. സെന്ററിലെ ജീവനക്കാരോടും എനിക്ക് ഏറെ നന്ദിയുണ്ട്. ഗവേഷണം ചെയ്യാൻ പണം അനുവദിച്ചു തന്ന അധികാരസ്ഥാപനത്തോടും ഇതിൽ ഭാഗഭാക്കായ സമൂഹത്തിലെ ഓരോ വ്യക്തിയോടും ഞാനെന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**സുനില .ജി**

## ഉള്ളടക്കം


| | | |
|---|---|---|
| | **ആമുഖം** | 1–10 |
| 1. | **പരിസ്ഥിതി, സമരങ്ങൾ, സൗന്ദര്യബോധം** | **11–64** |
| | ഭാഗം ഒന്ന് പ്രകൃതി, സമരങ്ങൾ, പരിസ്ഥിതി | 13–47 |
| | ഭാഗം രണ്ട് പാരിസ്ഥിതികാവബോധം, ഭാവുകത്വം | 48–64 |
| 2. | **സസ്യപ്രകൃതി** | **65–214** |
| | 2.1. പൂക്കൾ | 66–98 |
| | 2.2. ഫലങ്ങൾ | 98–110 |
| | 2.3. ചെടികളും മരങ്ങളും | 110–157 |
| | 2.4. കാട് | 157–202 |
| 3. | **ജന്തുപ്രകൃതി** | **215–326** |
| | 3.1. ചെറുജീവികൾ | 216–255 |
| | 3.2. ഉരഗങ്ങൾ | 255–264 |
| | 3.3. പക്ഷികൾ | 265–285 |
| | 3.4. മൃഗങ്ങൾ | 285–319 |
| 4. | **പ്രപഞ്ചദർശനം** | **327–667** |
| | 4.1. പഞ്ചഭൂതങ്ങൾ | 327–496 |
| | 4.2. സമയകാലങ്ങൾ | 496–575 |
| | 4.3. ദ്വന്ദ്വചിത്രീകരണം | 576–625 |
| | 4.4. പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ | 625–651 |
| 5. | **ഉപസംഹാരം** | **669–695** |
| | ഗ്രന്ഥസൂചി | 696–713 |

# ആമുഖം

പ്രകൃതിയും മനുഷ്യനും തമ്മിൽ അനാദികാലമായി നിലനിൽക്കുന്ന പരസ്പരബന്ധം സാഹിത്യത്തിലും പ്രകടമാണ്. ഇതരസാഹിത്യരൂപങ്ങൾക്കൊപ്പമോ അതിലുപരിയായോ പ്രകൃതി കവിതയുടെ ഭാഗമാകുന്നു. “പ്രകൃതിയുടെയും മനുഷ്യന്റെയും പ്രതിരൂപമാണ് കവിത” എന്ന വേഡ്സ്വർത്തിന്റെ പ്രതീകത്തെ പുരസ്കരിച്ചുകൊണ്ട് എസ്.ഏ. ബ്രൂക്ക് എന്ന വിമർശകൻ പ്രകൃതിയും മനുഷ്യനും കവിതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. “കവിത അതിന്റെ ഉത്തമവും ആരോഗ്യസമ്പന്നവും യാഥാർത്ഥ്യവുമായ ദശയിൽ മനുഷ്യപ്രകൃതിയെയും ബാഹ്യപ്രകൃതിയെയും സമ്മിശ്രണം ചെയ്യുന്നു. മനുഷ്യപ്രകൃതിയാണ് കവിതയുടെ മുഖ്യമായ പ്രമേയം: ബാഹ്യപ്രകൃതി രണ്ടാമത്തേതുമാത്രം. എന്നാൽ അവ രണ്ടും ഒത്തുപോവുകതന്നെ വേണം. അപ്പോഴേ കവിത മഹത്തും ഭാവഭരിതവും സരളവും സൂക്ഷ്മഗ്രാഹിയും ഭാവനാമയവും കോമളവുമാകൂ. മനുഷ്യനെയോ ബഹ്യപ്രകൃതി യെയോ ഒറ്റപിരിച്ചു വ്യാപരിക്കുകയെന്നത് വിപൽക്കരമായ ഒരു സംരംഭമാണ്. രണ്ടായാലും കവിത ദുർബ്ബലവും കൃശവും ഭാവനാശൂന്യവും പ്രചോദനത്തെയൊ നിർവൃതിയെയൊ നൽകാൻ അപര്യാപ്തവുമായിത്തീരുന്നു (എം.പി. ശങ്കുണ്ണിനായർ, 1988:46). ഇത്തരത്തിൽ പ്രകൃതിയും മനുഷ്യനും കവിതയും അഭേദ്യമായി ബന്ധ പ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മലയാളകവിതയിലെ പാരിസ്ഥിതിക ഭാവുകത്വ പരിണാമത്തെക്കുറിച്ചുള്ള പഠനം മലയാളകവിതയെക്കുറിച്ചെന്നതുപോലെ പ്രകൃതിയെക്കുറിച്ചുള്ളതുമാണ്. പ്രകൃതിസ്നേഹത്തിൽ നിന്ന് പ്രകൃതിനശീകരണ ത്തിലേക്കും അതിൽനിന്ന് പാരിസ്ഥിതികബോധത്തിലേക്കും സമൂഹം വികസിച്ച കാലഘട്ടത്തിൽ ഇത്തരമൊരു പഠനത്തിന് പ്രാധാന്യമുണ്ട്.

മനുഷ്യരുടെ അമിത ഉപഭോഗാസക്തിയും ലാഭക്കൊതിയും പ്രകൃതിയെ ചൂഷണം ചെയ്യാൻ പ്രേരിപ്പിക്കുകയുണ്ടായി. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി വന്ന പുതിയ

ജീവിതരീതികൾ പരിസ്ഥിതിനശീകരണത്തിന്റെ തോത് വർദ്ധിപ്പിച്ചു. പ്രകൃതിയിലെ വിഭവങ്ങൾ അമിതമായി എടുത്തുപയോഗിക്കുന്നതിനൊപ്പം മനുഷ്യനിർമ്മിതമായ രാസപദാർത്ഥങ്ങളുപയോഗിച്ച് പ്രകൃതിയെ പലവിധത്തിലും നശിപ്പിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരമൊരവസ്ഥയിൽ സാഹിത്യത്തിലെ പ്രകൃതി പരാമർശങ്ങൾക്ക് പ്രാധാന്യമുണ്ട്. നാടോടിവാങ്മയങ്ങളിലെ പ്രകൃതിയെ സൂചിപ്പിച്ചു കൊണ്ട് പ്രാചീനമധ്യകാലകവിത മുതൽ ആധുനികതാനന്തരഘട്ടം വരെയുള്ള തെരഞ്ഞെടുത്ത കവികളുടെ തെരഞ്ഞെടുത്ത കവിതകളിലെ പ്രകൃതിപരാമർശങ്ങളെ പഠനവിധേയമാക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

## പഠനത്തിന്റെ പ്രസക്തി

പ്രകൃതിനശീകരണപ്രവർത്തനങ്ങൾ വർദ്ധിക്കുകയും അതിന്റെ ഭാഗമായി സ്വാഭാവിക പ്രകൃതി അന്യം നിന്ന് മനുഷ്യനിർമ്മിതമായ കൃത്രിമപ്രകൃതി രൂപപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. അത്തരം സാഹചര്യങ്ങളെ വ്യാകുലതയോടെ നോക്കിക്കാണുന്ന ഒരുവിഭാഗം എന്നും ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെയാണ് ഒരുഭാഗത്ത് പരിസ്ഥിതി നശിപ്പിക്കപ്പെടുമ്പോൾ ചെറിയ വിഭാഗം മനുഷ്യരെങ്കിലും സസ്യജന്തുജാലങ്ങളടങ്ങിയ സ്വാഭാവികപ്രകൃതിയുടെ സംരക്ഷണത്തിനായി ശബ്ദമുയർത്തുന്നത്. അതിന്റെ ഭാഗമായി നിരവധി പരിസ്ഥിതിസമരങ്ങളും പരിസ്ഥിതിസംഘടനകളും രൂപംകൊള്ളുകയും പരിസ്ഥിതി സൗന്ദര്യശാസ്ത്രം എന്നൊരു പഠനമേഖല വികസിക്കുകയും ചെയ്തു. ഇത്തരത്തിൽ വികസിച്ച പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ സ്വാധീനം സാഹിത്യകൃതികളിൽ പ്രതിഫലിക്കുകയുണ്ടായി. അത്തരമൊരുസാഹചര്യത്തിൽ മലയാളകവിതയിലുണ്ടായ പാരിസ്ഥിതിക ഭാവുകത്വപരിണാമത്തിന്റെ പഠനം പ്രസക്തമാണ്.

മലയാളകവിതയിൽ ആദ്യഘട്ടം മുതലുള്ള തെരഞ്ഞെടുത്ത കവികളുടെ തെരഞ്ഞെടുത്ത കവിതകളിൽ പാരിസ്ഥിതികഭാവുകത്വം ആവിഷ്ക്കരിക്കപ്പെട്ടതെങ്ങനെയെന്ന് അന്വേഷിക്കുന്നു. ആദ്യഘട്ടത്തിലെ കവിതകളിൽനിന്നും പുതിയ കാലഘട്ടത്തിലേക്കെത്തുമ്പോൾ പാരിസ്ഥിതികഭാവുകത്വത്തിനു സംഭവിച്ച പരിണാമങ്ങളെന്തെന്നുമുള്ള അന്വേഷണം പ്രസ്തുത സാഹചര്യത്തിൽ പ്രാധാന്യമർഹിക്കുന്നു. പരിസ്ഥിതിയിലുള്ള മനുഷ്യഇടപെടലിലെ മാറ്റങ്ങൾ മലയാളകവിത ആവിഷ്ക്കരിച്ചതെങ്ങനെ എന്ന അന്വേഷണം സ്വാഭാവികമായും പ്രസക്തമാണ്. കൂടാതെ മലയാളത്തിലുണ്ടായ കവിതകളിലെ പാരിസ്ഥിതിക അവബോധത്തെക്കുറിച്ചുള്ള ഒരു

സമാന്തരചരിത്രരചന ഈ പഠനത്തിലൂടെ സാധ്യമാകും. കവിതയും പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനം എന്ന രീതിയിലും ഈ പഠനത്തിന് പ്രസക്തിയുണ്ട്.

## ലക്ഷ്യങ്ങൾ

പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിനാശവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എത്രത്തോളം മലയാളകവിതാമേഖല സ്വീകരിച്ചിരിക്കുന്നു എന്ന അന്വേഷണം പഠനത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്.

പരിസ്ഥിതി വിഷയമായ കവിതകൾ ജനങ്ങളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിന് പര്യാപ്തമാണോ എന്നു ചിന്തിക്കുന്നതിലൂടെ കവിതയുടെ സാമൂഹിക പ്രാധാന്യമെന്തെന്ന് അന്വേഷിക്കുന്നു.

ഓരോ കാലഘട്ടത്തിലെയും പാരിസ്ഥിതിക അവസ്ഥകൾക്കനുസരിച്ചുള്ള പ്രമേയങ്ങളാണോ അതാതുഘട്ടങ്ങളിലെ കവിതകൾ സ്വീകരിച്ചിരിക്കുന്നതെന്നും ഓരോ കാലഘട്ടത്തിലെയും കവിതയുടെ രൂപവ്യത്യാസങ്ങൾ പ്രമേയസ്വീകരണത്തെ ബാധിച്ചിട്ടുണ്ടോ എന്നുമുള്ള അന്വേഷണം പഠനത്തിന്റെ ലക്ഷ്യത്തിലുൾപ്പെടുന്നു.

പ്രകൃതിയിലെ ഓരോ ഘടകങ്ങളുടെയും പരാമർശരീതികൾ ഓരോ കാലഘട്ടത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന അന്വേഷണത്തിലൂടെ മലയാള കവിതയിലെ പാരിസ്ഥിതികഭാവുകത്വം ഓരോ കാലഘട്ടത്തിലും ഏതെല്ലാം വിധത്തിലുള്ള പരിണാമങ്ങൾക്ക് വിധേയമായി എന്ന അന്വേഷണവും ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യമാണ്.

## പഠനമേഖല

പാരിസ്ഥിതികഭാവുകത്വത്തെ പഠനവിധേയമാക്കുന്നതിനായി മലയാളകവിതകളെ മാത്രമാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിന് ശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിലെ പ്രാതിനിധ്യസ്വഭാവമുള്ള കവികളുടെ തെരഞ്ഞെടുത്ത കവിതകളെയാണ് പരിഗണിച്ചിരിക്കുന്നത്. അവയിലെ പ്രകൃതിപരാമർശങ്ങളെ വർണ്ണനകൾ, സദൃശകല്പനകൾ, പ്രകൃതിനശീകരണ സൂചനകളും മനോഭാവവും എന്നിങ്ങനെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കിയിരിക്കുന്നു.

പ്രാചീനമധ്യകാലഘട്ടത്തിലെ പാട്ടിലെയും മണിപ്രവാളത്തിലെയും കൃതികളെ പ്രസ്ഥാനപരമായ രീതിയിലാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ കവിത്രയ കാലത്തിലെയും കവിത്രയത്തിനുശേഷമുള്ള കാലത്തിലെയും ആധുനികതാധു നികതാനന്തരഘട്ടങ്ങളിലെയും കവികളുടെ കവിതകളെ പ്രാതിനിധ്യസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിലയിരുത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട കവികളുടെ പ്രസിദ്ധീകരിക്കപ്പെട്ട കവിതകളെയാണ് പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവ കൂടുതലായി പരിഗണിച്ചിട്ടില്ല.

പാരിസ്ഥിതിക പ്രശ്നങ്ങളും പ്രതിരോധങ്ങളും പരിസ്ഥിതിസൗന്ദര്യശാസ്ത്ര ചിന്തകളുമടങ്ങുന്നതാണ് ഒന്നാമധ്യായം, രണ്ടാമധ്യായത്തിൽ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവയെ സാമാന്യമായി വിശദീകരിക്കുന്നു. കൂടാതെ നാടൻപാട്ടുകൾ, തിരുനിഴൽമാല എന്നീ നാടോടിവാങ്മയങ്ങളും പഠനപരിധിയിൽ ഉൾപ്പെടുന്നുണ്ട്. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി വളർന്ന പ്രചീനഘട്ടസാഹിത്യത്തിൽ പാട്ട് ഭക്തിപ്രധാനവും മണിപ്രവാളം ശൃംഗാരപ്രധാനവുമായ പ്രമേയങ്ങൾക്കാണ് പൊതുവെ പ്രധാന്യം നൽകിയതെങ്കിലും ഭക്തിയിലും ശൃംഗാരത്തിലും പ്രകൃതിക്ക് കൃത്യമായ ഇടമുണ്ട് എന്നതുകൊണ്ടുതന്നെ ഭക്തിപ്രധാനങ്ങളും ശൃംഗാര പ്രധാനങ്ങളുമായ കൃതികൾ പഠനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പാട്ട്, മണിപ്രവാളം, പ്രാചീനമധ്യകാലകവിതകൾ എന്നിവയിൽ നിന്ന് തെരഞ്ഞെടുത്ത കൃതികൾ പഠനവിധേയമാക്കുന്നു. രാമചരിതം, അയ്യിപ്പിള്ള ആശാന്റെ രാമകഥപ്പാട്ട്, കണ്ണശ്ശ കൃതികളിൽനിന്ന് നിരണത്ത് രാമപ്പണിക്കരുടെ കണ്ണശ്ശരാമായണം, ഗാഥാപ്രസ്ഥാന ത്തിൽനിന്ന് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, സന്ദേശകാവ്യ പ്രസ്ഥാനത്തിൽനിന്ന് ഉണ്ണുനീലിസന്ദേശം, ചമ്പുപ്രസ്ഥാനത്തിൽനിന്ന് ഉണ്ണിയാടിചരിതം, മണിപ്രവാള പ്രസ്ഥാനത്തിലെ അവസാനകൃതിയെന്നു കരുതപ്പെടുന്ന ചന്ദ്രോത്സവം, കിളിപ്പാട്ട് സാഹിത്യത്തിൽ നിന്ന് തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, തുള്ളൽ സാഹിത്യത്തിൽനിന്ന് കുഞ്ചൻനമ്പ്യാരുടെ കല്യാണസൗഗന്ധികം തുള്ളൽ, ആട്ടക്കഥാ സാഹിത്യത്തിൽ നിന്ന് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ എന്നിവ ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നുണ്ട്. രാമചരിതം, രാമകഥപ്പാട്ട്, കണ്ണശ്ശരാമായണം, അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവ രാമായണകഥ തന്നെയെങ്കിലും സ്വതന്ത്ര തർജ്ജമകളായതിനാൽ അവയിലെ പ്രകൃതി പരാമർശങ്ങളുടെയും വർണ്ണനകളുടെയും വ്യത്യസ്തസ്വഭാവങ്ങൾ പരിശോധിക്കുന്നു. കൂടാതെ രചനാകാലത്തിലും പ്രസ്ഥാന

രീതിയിലുമുള്ള വ്യത്യാസങ്ങളും പരിഗണിച്ചുകൊണ്ടാണ് ഒരേ കഥാപരാമർശമുള്ള ഒന്നിലേറെ കൃതികൾ പഠനത്തിനായി തെരഞ്ഞെടുത്തത്.

കവിത്രയകാലത്തിൽ ആശാൻ, ഉള്ളൂർ, വള്ളത്തോൾ, ബാലാമണിയമ്മ, പള്ളത്ത്രാമൻ എന്നിവരുടെയും കവിത്രയത്തിനുശേഷമുള്ള കാലത്തിൽ ചങ്ങമ്പുഴ, പി.കുഞ്ഞിരാമൻനായർ, വയലാർ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരുടെയും തെരഞ്ഞെടുത്ത കവിതകളെ പഠനത്തിനായി സ്വീകരിച്ചിരിക്കുന്നു. ആധുനിക താഘട്ടത്തിൽ നിന്ന് ജി.കുമാരപിള്ള, എൻ.എൻ.കക്കാട്, ഒ.എൻ.വി.കുറുപ്പ്, അയ്യപ്പ പ്പണിക്കർ, സുഗതകുമാരി, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ഡി. വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളും ആധുനികതാനന്തര ഘട്ടത്തിൽ വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ, വീരാൻകുട്ടി, മോഹനകൃഷ്ണൻ കാലടി, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരുടെ തെരഞ്ഞെടുത്ത കവിതകളെയും ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നു.

വിശദീകരിക്കപ്പെട്ട പ്രകൃതിഘടകങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ വരുന്ന കവിതകളെയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. പഠനസൗകര്യത്തിനായും പ്രബന്ധരചനയുടെ സൗകര്യത്തിനായും മേൽപറഞ്ഞ കവികളെ തെരഞ്ഞെടുത്ത പ്പോൾ പ്രാതിനിധ്യസ്വഭാവമുള്ള എൻ.വി. കൃഷ്ണവാരിയർ, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയ പല കവികളെയും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## പഠനരീതി

പ്രകൃതിപരാമർശങ്ങൾ പ്രധാനവിഷയമായി കടന്നുവരുന്ന ഈ പ്രബന്ധത്തിൽ പരിസ്ഥിതി സൗസന്ദര്യശാസ്ത്രത്തെയാണ് അപഗ്രഥനത്തിന് പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ വിഭാഗങ്ങളായ ഗഹന പരിസ്ഥിതിവാദം, സാമൂഹികപരിസ്ഥിതിവാദം, പാരിസ്ഥിതികസ്ത്രീവാദം, പാരിസ്ഥിതിക വിനോദസഞ്ചാരം എന്നിവ അതാതുസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി പ്രമേയമായി വരുന്ന കൃതികൾ, പരിസ്ഥിതി സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങൾ എന്നിവ പഠനത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റിൽ നിന്നും പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

## പൂർവ്വപഠനങ്ങൾ

പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ മുൻനിർത്തി മലയാളത്തിൽ നിരവധി ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ടെങ്കിലും മലയാളകവിതയുമായി ബന്ധപ്പെട്ട പഠനങ്ങൾ പൊതുവെ കുറവാണെന്ന് പറയാം.

### 1. പഠനങ്ങൾ

പി.പി.കെ. പൊതുവാളിന്റെ 'പരിസ്ഥിതിബോധവും സംസ്കാരവും' എന്ന കൃതിയിൽ പി. കുഞ്ഞിരാൻനായർ, വൈലോപ്പിള്ളി എന്നിങ്ങനെ ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളുടെ പാരിസ്ഥിതികപരാമർശങ്ങൾ വിശദമാക്കുന്നുണ്ട്.

ജി. മധുസൂദനൻ എഴുതിയ 'ഹരിതനിരൂപണം മലയാളത്തിൽ' എന്ന ഗ്രന്ഥം പാരിസ്ഥിതിക വിമർശനത്തെക്കുറിച്ചുള്ള മലയാളത്തിലെ പ്രഥമ റഫറൻസ് ഗ്രന്ഥമാണ്. ഈ ഗ്രന്ഥം പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം, കവിതാപഠനങ്ങൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനമാണ്.

'ഹരിതദർശനം ആധുനികാനന്തരകവിതയിൽ' എന്ന സി.ആർ. പ്രസാദിന്റെ കൃതി ആധുനികതാനന്തരഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളെ മുൻനിർത്തിയുള്ള പഠനമാണ്. സുരേഷ് മണ്ണാറാശാലയുടെ 'പരിസ്ഥിതിയുടെ കവിതകൾ' എന്ന ഗ്രന്ഥവും ഏതാനും പരിസ്ഥിതിപരാമർശമുള്ള കവിതകളുടെ വിശകലനമാണ്.

'പരിസ്ഥിതിദർശനം മലയാളകവിതയിൽ' എന്ന എസ്. രാജശേഖരന്റെ കൃതി നാടൻപാട്ട് മുതലുള്ള തെരഞ്ഞെടുക്കപ്പെട്ട മലയാളകവിതയുടെ പാരിസ്ഥിതിക വിശകലനമാണ്. ആനന്ദ് കാവാലത്തിന്റെ 'മലയാളകവിതയും പരിസ്ഥിതിയും' എന്ന ഗ്രന്ഥവും നാടൻപാട്ടുകൾ മുതൽ ആധുനികഘട്ടം വരെയുള്ള തെരഞ്ഞെടുത്ത കവിതകളുടെ വിശകലനങ്ങളാണ്. തെരഞ്ഞെടുത്ത കവിതകളിലെ പ്രകൃതിപരാമർശങ്ങളെ ഈ കൃതികൾ വിമർശനാത്മകമായി സമീപിക്കുന്നുണ്ട്.

ജി. മധുസൂദനന്റെ 'ഭാവനയുടെ ജലസ്ഥലികൾ' എന്ന ഗ്രന്ഥത്തിൽ കെ.ജി. ശങ്കരപ്പിള്ള, പി. കുഞ്ഞിരാമൻനായർ, അയ്യപ്പപ്പണിക്കർ എന്നിവരുടെ കവിതകളെ ഓരോ ലേഖനങ്ങളിലായി വിശകലനം ചെയ്യുന്നുണ്ട്.

'എൻ.വി.യും പ്രകൃതിയും' എന്ന പേരിൽ സുഗതകുമാരി സമാഹരിച്ച ഗ്രന്ഥത്തിൽ എൻ.വി. കൃഷ്ണവാരിയരുടെ കവിതകളിലെ പ്രകൃതിപരാമർശങ്ങളെ അന്വേഷിക്കുന്നു. രാജേന്ദ്രൻ നിയതിയുടെ 'പാരിസ്ഥിതിക കല ഡി. വിനയചന്ദ്രന്റെ കവിതകളിൽ' എന്ന

ഗ്രന്ഥത്തിൽ വിനയചന്ദ്രന്റെ കവിതകളിലെ പ്രകൃതിയെയാണ് വിശകലനം ചെയ്യുന്നത്. 'ഭൂമിക്ക് ഒരു അമരഗീതം' എന്ന പേരിൽ എൻ. ജയകൃഷ്ണൻ എഡിറ്റ് ചെയ്ത ഗ്രന്ഥത്തിൽ ഒ.എൻ.വി.യുടെ കവിതകളിലെ പാരിസ്ഥിതികാവസ്ഥകളെ വിശകലനം ചെയ്യുന്നു.

ഇവകൂടാതെ ആനുകാലികങ്ങളിലും പരിസ്ഥിതിബോധം മലയാള കവിതയിൽ ആവിഷ്ക്കരിക്കപ്പെട്ടതുമായി ബന്ധപ്പെട്ട ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1995-ലെ സാഹിത്യലോകത്തിൽ കെ.സി. നാരായണൻ എഴുതിയ 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം' എന്ന ലേഖനത്തിൽ പി. കുഞ്ഞിരാമൻനായർ, വൈലോപ്പിള്ളി, ഇടശ്ശേരി എന്നിവരുടെ കവിതകളിലെ പാരിസ്ഥിതിക പരാമർശങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

1982-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഭാഷാപോഷിണിയിൽ 'രാമായണത്തിലെ പ്രകൃതിയും ജീവിതവും' എന്ന പേരിൽ പുത്തൻകാവ് മാത്തൻ തരകൻ എഴുതിയ ലേഖനത്തിൽ രാമായണത്തിലെ പ്രകൃതിപരാമർശങ്ങളെക്കുറിച്ച് സൂചനയുണ്ട്.

### 2. പിഎച്ച്.ഡി പ്രബന്ധങ്ങൾ

'മണിപ്രവാളകവിതകളിലെ പ്രകൃത്യാവിഷ്ക്കാരം' എന്ന ഗവേഷണപ്രബന്ധത്തിന് ആയിഷബീവി. എം ന് 2003 ൽ പിഎച്ച്.ഡി നൽകിയിട്ടുണ്ട്. 'സ്ത്രീയും പരിസ്ഥിതിയും കമലാദാസിന്റെയും സുഗതകുമാരിയുടെ തെരഞ്ഞെടുത്ത കവിതകളിൽ' എന്ന ഗവേഷണപ്രബന്ധത്തിന് 2014 ൽ പിഎച്ച് ഡി നൽകിയിട്ടുണ്ട്. 'പാരിസ്ഥിതിക സ്ത്രീവാദം മലയാളകവിതയിൽ' എന്ന ഗവേഷണപ്രബന്ധത്തിന് 2016 ൽ പിഎച്ച്.ഡി നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ പഠനങ്ങളിലൂടെയും പിഎച്ച്.ഡി പ്രബന്ധങ്ങളിലൂടെയും മലയാള കവിതയിലെ പാരിസ്ഥിതിക ഭാവുകത്വം അടയാളപ്പെടുത്തിയിട്ടുണ്ട്. മലയാളകവിതയിലെ പാരിസ്ഥിതിക ഭാവുകത്വത്തിന്റെ പരിണാമം ഏതുവിധത്തിലാണെന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്.

## പഠനപരിമിതി

മലയാളകവിതയിലെ പാരിസ്ഥിതികഭാവുകത്വത്തിന് ഓരോ കാലഘട്ടത്തിലുമുണ്ടായ പരിണാമങ്ങളെയാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. പാരിസ്ഥിതിക വിഷയങ്ങൾ പ്രമേയമാക്കിയ കവികളിൽ പലരേയും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല എന്നത് പഠനത്തിന്റെ പ്രധാന പരിമിതിയാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കവികളുടെ

കവിതകളിൽ ചിലത് വിട്ടുപോയിട്ടുണ്ട് എന്നതും പഠനത്തിന്റെ പരിമിതിയാണ്. പരാമർശിക്കപ്പെട്ട കവിതകളിൽ തന്നെയുള്ള സൂക്ഷ്മമായ പല പരിസ്ഥിതി പരാമർശ ങ്ങളും പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാനായിട്ടില്ല എന്നതും പ്രത്യക്ഷത്തിലുള്ള പ്രകൃതിപരാമർശങ്ങളെയാണ് കൂടുതലായി പരാമർശിച്ചിട്ടുള്ളത് എന്നതും പഠനത്തിന്റെ പരിമിതിയാണ്. പ്രബന്ധത്തിന്റെ വലിപ്പം നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് ഇത്തരം ഒഴിവാക്കലുകൾ ആവശ്യമായി വന്നത്.

## പ്രബന്ധസ്വരൂപം

ഉപസംഹാരമടക്കം അഞ്ചദ്ധ്യായങ്ങളാണ് ഈ പഠനത്തിൽ ഉള്ളത്. കവിതയിൽ ആവിഷ്ക്കരിക്കപ്പെട്ട പരിസ്ഥിതിക്ക് ഈ പ്രബന്ധത്തിൽ പ്രധാന്യമുള്ളതുകൊണ്ടുതന്നെ ആ രീതിയിലുള്ള അദ്ധ്യായവിഭജനമാണ് നടത്തിയിരിക്കുന്നത്. പരിസ്ഥിതി, സമരങ്ങൾ, സൗന്ദര്യബോധം എന്ന ഒന്നാമദ്ധ്യായത്തിൽ നിലവിലെ പാരിസ്ഥിതിക സാഹചര്യ ങ്ങളെയും പ്രതിരോധങ്ങളെയും പാരിസ്ഥിതികാവബോധത്തെയും പരിസ്ഥിതിസൗന്ദര്യ ശാസ്ത്രത്തെയും വിവിധതലങ്ങളായി തിരിച്ച് വിശകലനം ചെയ്യുന്നു. പൂക്കൾ, ഫലങ്ങൾ, ചെടികളും മരങ്ങളും, കാട് എന്നിങ്ങനെ വിവിധ തലങ്ങളായി തിരിച്ചാണ് വിശകലനം നടത്തുന്നത്. ജന്തുപ്രകൃതിയെന്ന മൂന്നാമദ്ധ്യായത്തിൽ ചെറുജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിങ്ങനെയുള്ള വിഭജനരീതിയാണ് സ്വീകരിച്ചിട്ടുള്ളത്. നാലാമദ്ധ്യായമായ പ്രപഞ്ചദർശനത്തിൽ പഞ്ചഭൂതങ്ങൾ, ഋതുക്കൾ, സമയചിത്രീകരണം, ദ്വന്ദ്വചിത്രീകരണം, പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ എന്നിവ വിശദീകരിക്കുന്നു.

രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും അദ്ധ്യായങ്ങളെ ഒരേ രീതിയിലാണ് ഖണ്ഡവിഭജനം ചെയ്തിരിക്കുന്നത്. ഓരോ പ്രകൃതിഘടകങ്ങളെയും വർണ്ണനകൾ, സദൃശകല്പനകൾ, പ്രകൃതിനശീകരണസൂചനകളും മനോഭാവവും എന്നിങ്ങനെ സൂഷ്മമാർത്ഥത്തിൽ വിശകലനം ചെയ്തിരിക്കുന്നു. സദൃശകല്പനകളെ രൂപപരം, ഭാവപരം എന്നിങ്ങനെയും വിഭജിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ കാലഘട്ട ത്തിലെയും പ്രകൃതിയെ പരാമർശരീതികളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പഠിച്ചി രിക്കുന്നു. ഇവയെയാകട്ടെ പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയ ത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിങ്ങനെ ഓരോ കാലത്തെയും പ്രത്യേകമായി പറഞ്ഞുകൊണ്ടാണ് പഠനം നടത്തിയിരിക്കുന്നത്.

### 1. പരിസ്ഥിതി സമരങ്ങൾ, സൗന്ദര്യബോധം

പ്രകൃതി, സമരങ്ങൾ, പരിസ്ഥിതി; പാരിസ്ഥിതികാവബോധം, ഭാവുകത്വം എന്നിങ്ങനെ ഈ അദ്ധ്യായത്തെ രണ്ടുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളും പ്രതിരോധങ്ങളും അതിന്റെ ഭാഗമായി വികസിച്ച പരിസ്ഥിതി അവബോധവും അത് പരിസ്ഥിതിസൗന്ദര്യശാസ്ത്രമായി വികസിച്ചതുമെല്ലാം ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നു.

പ്രകൃതി, സമരങ്ങൾ, പരിസ്ഥിതി എന്ന ആദ്യഭാഗത്ത് വികസനനയങ്ങൾ, പ്രകൃതിസ്നേഹത്തിൽ നിന്ന് പരിസ്ഥിതി ബോധത്തിലേക്ക്, പരിസ്ഥിതിസംബന്ധമായ സമരങ്ങളും സംഘടനകളും, വ്യക്തികളുടെ ഇടപെടൽ, പരിസ്ഥിതിനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള സാമാന്യമായ വിശകലനമാണ് നടത്തുന്നത്. ഇവയാകട്ടെ അന്തർദ്ദേശീയതലം, ദേശീയതലം, സംസ്ഥാനതലം എന്നിങ്ങനെ പ്രത്യേകമായി പരാമർശിക്കുന്നു. പാരിസ്ഥിതികാവബോധം, ഭാവുകത്വം എന്ന രണ്ടാംഭാഗത്തിലാകട്ടെ പരിസ്ഥിതിപഠനത്തിന്റെ ആവശ്യകത, പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ വിഭാഗങ്ങൾ എന്നിവ വിശദമാക്കുന്നു. തുടർന്ന് മലയാളനോവലിലും ചെറുകഥയിലും കവിതയിലും വിമർശനത്തിലുമുള്ള പാരിസ്ഥിതികഭാവുകത്വപരാമർശമുള്ള കൃതികളെക്കുറിച്ചു സൂചിപ്പിക്കുന്നു.

### 2. സസ്യപ്രകൃതി

ഈ അദ്ധ്യായത്തിൽ സസ്യപ്രകൃതിയുടെ ഭാഗമായ പൂക്കൾ, ഫലങ്ങൾ, ചെടികളും മരങ്ങളും, കാട് എന്നിവ ഓരോ കാലഘട്ടത്തിലെയും മലയാളകവിതയിൽ പരാമർ ശിക്കപ്പെട്ടതെങ്ങനെയെന്ന് അന്വേഷിക്കുന്നു. ഈ ഘടകങ്ങളെ പ്രത്യേകമായെടുത്ത് അവയുടെ പരാമർശരീതിയുടെ അടിസ്ഥാനത്തിൽ ഓരോ കാലഘട്ടങ്ങളിലെയും രീതികളെ പഠനവിധേയമാക്കുന്നു.

### 3. ജന്തുപ്രകൃതി

ചെറുജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിങ്ങനെ ജന്തുപ്രകൃതിയെ വിഭജിച്ച് വിശകലനം ചെയ്യുകയാണ് ഈ അധ്യായത്തിൽ ഓരോ കാലഘട്ടത്തിലും ഇവയുടെ പരാമർശരീതികളിൽ വന്ന പരിണാമങ്ങളെ വിലയിരുത്തുന്നു.

## 5. പ്രപഞ്ചദർശനം

പ്രബന്ധത്തിലെ ഏറ്റവും വലിയ അധ്യായമാണിത്. ഈ അധ്യായത്തിൽ പഞ്ചഭൂതങ്ങൾ, സമയകാലങ്ങൾ, ദ്വന്ദ്വചിത്രീകരണം, പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ എന്നിങ്ങനെയുള്ള വിഭജനമാണുള്ളത്. പഞ്ചഭൂതങ്ങളെ ഭൂമി, വെള്ളം, വായു, അഗ്നി, ആകാശം എന്നിങ്ങനെ ചെറുഘടകങ്ങളായി വിഭജിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രകൃതിയെ പഠനവിധേയമാക്കുന്നത്. ഭൂമിയെ മണ്ണ്, പർവ്വതം എന്നും വെള്ളത്തെ ചെറിയ ജലാശയങ്ങൾ, പുഴ, കടൽ എന്നിങ്ങനെയും വിഭജിച്ചിട്ടുണ്ട്. സമയകാലങ്ങൾ എന്ന ഭാഗത്ത് ആറ് ഋതുക്കളെയും ഉഷഃസന്ധ്യ, സായംസന്ധ്യ എന്നീ സമയങ്ങളെയും മലയാളകവിത ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്നു. ദ്വന്ദ്വചിത്രീകരണങ്ങളെ കാട്/നാട്, നാട്/നഗരം, കൃഷി/വ്യവസായം എന്നിങ്ങനെയും വിഭജിച്ചിട്ടുണ്ട്. പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ എന്ന ഭാഗത്ത് പ്രകൃതിയെ അമ്മയായിക്കാണുന്ന മനോഭാവത്തെയും നശിപ്പിക്കപ്പെടുന്ന പ്രകൃതിയെക്കുറിച്ച് മലയാളകവിത പ്രകടമാക്കിയ ഉത്കണ്ഠയെയും വിശദമാക്കുന്നു.

## 6. ഉപസംഹാരം

ഈ അധ്യായത്തിൽ മുൻ അധ്യായങ്ങളിലെ പഠനത്തിൽ നിന്നുള്ള നിഗമനങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട തുടർ പഠനത്തിനുള്ള സാധ്യതയും സൂചിപ്പിക്കുന്നു.

# 1. പരിസ്ഥിതി, സമരങ്ങൾ, സൗന്ദര്യബോധം

"ജീവജാലങ്ങളും പ്രകൃതിഘടകങ്ങളും ഉൾപ്പെടുന്ന ഒരു വ്യവസ്ഥയാണ് പരിസ്ഥിതി. ജീവജാലങ്ങളും പ്രകൃതിഘടകങ്ങളും തമ്മിലുള്ള ജീവശാസ്ത്രപരമായ സംയോജനപ്രക്രിയകൾ ഈ വ്യവസ്ഥയുടെ ഭാഗമാണ്" (എസ്. ഹരിപ്രിയ, 2013:85) എന്ന് പരിസ്ഥിതിക്ക് സാമാന്യമായി നിർവചനം നൽകാം. മനുഷ്യരുടെയും ഇതര ജീവികളുടെയും ആവാസമേഖലയെന്നതിലുപരി അവർതന്നെ ഉൾപ്പെടുന്ന അവയുടെ ഭാഗമാണ് പ്രകൃതി."ഇക്കോളജി എന്ന പദം എണസ്റ്റ്ഹെഗലിന്റെ സംഭാവനയാണ്" (എസ്. ഹരിപ്രിയ, 2013:7). പരിസ്ഥിതി അഥവാ ഇക്കോളജി എന്ന പദത്തിനും പരിസ്ഥിതിചിന്തകൾക്കും പ്രാധാന്യം കൈവന്നതിന്റെ ഭാഗമായാണ് പരിസ്ഥിതിപഠനം വികസിച്ചത്. "പ്രകൃതിദത്തമായ അവസ്ഥകളെയും അതിന്റെ ഏകാത്മകതയിൽ മനുഷ്യഇടപെടൽ വരുത്തുന്ന ആഘാതങ്ങളെയും സംബന്ധിച്ച ബഹുമുഖസമീപന മാണത്. അതൊരു പ്രായോഗികശാസ്ത്രമാണ്. എന്തുകൊണ്ടെന്നാൽ ഭൂമിയുടെ നിയതമായ വിഭവങ്ങൾക്കനുസൃതമായി മനുഷ്യസംസ്കാരത്തെ എങ്ങനെ രൂപപ്പെ ടുത്താം എന്ന ചോദ്യത്തിനുള്ള ഉത്തരം തേടുകയാണ് ഈ ശാസ്ത്രശാഖ". (ഇറാച്ച് ബറൂച്ച, 2010:28) വിവിധ ശാസ്ത്രശാഖകൾ പരിസ്ഥിതിപഠനത്തിന്റെ ഭാഗമാവുകയും പ്രകൃതിയെ കേന്ദ്രസ്ഥാനത്തുനിർത്തുന്ന പരിസ്ഥിതിദർശനം രൂപം കൊള്ളുകയും ചെയ്തു.

"പരിസ്ഥിതി ശാസ്ത്രത്തിൽ നിന്ന് പരിസ്ഥിതിസൗന്ദര്യശാസ്ത്രം എന്നൊന്നു രൂപം കൊള്ളുകതന്നെ ചെയ്യും. പ്രകൃതിയിലേക്ക് മടങ്ങുക" എന്നായിരിക്കും അതിന്റെ മുദ്രാവാക്യം (മധുസൂദനൻ ജി, എഡി. 2002:35) എന്ന ടി.പി. സുകുമാരന്റെ അഭിപ്രായത്തി നനുസൃതമായ മാറ്റങ്ങൾ പിൽക്കാലത്തുണ്ടാവുകയും പരിസ്ഥിതിചിന്തയിൽ നിന്ന് പരിസ്ഥിതി സൗന്ദര്യശാസ്ത്രം വികസിക്കുകയും ചെയ്തു. പരിസ്ഥിതി, സൗന്ദര്യ

ശാസ്ത്രം എന്നീ സങ്കൽപ്പനങ്ങളിൽ നിന്ന് രൂപം കൊണ്ട പരിസ്ഥിതി സൗന്ദര്യശാസ്ത്ര മാണത് (Eco aesthetics). പരിസ്ഥിതിയുടെയും പ്രകൃതി- മനുഷ്യബന്ധത്തിന്റെയും സൂക്ഷ്മതയിലേക്ക് വികസിപ്പിക്കാവുന്ന പഠനമേഖലയുമാണത്. പച്ചമനുഷ്യന്റെ സൗന്ദര്യശാസ്ത്രമാണ് പരിസ്ഥിതിസൗന്ദര്യ ശാസ്ത്രം എന്ന് ടി.പി. സുകുമാരൻ (1995:42) അഭിപ്രായപ്പെടുന്നു. മനുഷ്യന് ഒറ്റക്ക് നിലനിൽപ്പില്ലെന്നും പ്രകൃതിയുമായി സമരസപ്പെട്ടുകൊണ്ടേ മനുഷ്യജീവിതം സാധ്യമാകൂയെന്നും പ്രകൃതിയിൽ നിന്നുള്ള അകന്നുപോക്ക് മനുഷ്യന്റെ നാശത്തിനാണെന്നും പരിസ്ഥിതിസൗന്ദര്യശാസ്ത്രം മുന്നറിയിപ്പ് നൽകുന്നുണ്ട്. എല്ലാ ജീവികളും പ്രകൃതിനിയമത്തെ അനുസരിച്ച് ജീവിക്കു മ്പോൾ കൂട്ടത്തിൽ ഏറ്റവും ബുദ്ധിയുള്ളതെന്നഹങ്കരിക്കുന്ന മനുഷ്യവർഗ്ഗം ഭൂമിയുടെമേൽ ഏകപക്ഷീയമായ ആധിപത്യം നേടാൻ ശ്രമിക്കുകയും അതിനായി അതിരുകടന്ന മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. വികസനം മാത്രം ലക്ഷ്യമാക്കി ഭൂമിയുടെ വിഭവങ്ങൾ കറന്നെടുക്കുന്നു. "മനുഷ്യൻ ദീർഘകാലം പ്രകൃതിയെ കണ്ടത് വിഭവങ്ങൾ കറന്നെടുക്കാനുള്ള ഒരു കാമധേനുവായും പാഴ്‌വസ്തുക്കൾ നിക്ഷേപി ക്കാനുള്ള ഒരു കുപ്പക്കുഴിയായും മാത്രമാണ്" എന്ന ജോൺ ബെല്ലാമി ഫോസ്റ്ററുടെ വാക്കുകൾ ഈ അവസ്ഥയെയാണ് പ്രതിനിധാനം ചെയ്യുന്നത് (2006:14).

## ഭാഗം 1

## 1.1. പ്രകൃതിസമരങ്ങൾ, പരിസ്ഥിതി

പരിസ്ഥിതി, സമരങ്ങൾ, സൗന്ദര്യബോധം എന്ന ആമുഖഅധ്യായത്തിലെ ഈ ഭാഗത്ത് സമകാലികപാരിസ്ഥിതികാവസ്ഥയാണ് വിശകലനം ചെയ്യുന്നത്. വികസന നയങ്ങൾ, പരിസ്ഥിതിബോധത്തിന്റെ ഉണർവ്വ് സമൂഹത്തിൽ, പരിസ്ഥിതി സംരക്ഷണ സമരങ്ങൾ എന്നിങ്ങനെ വേർതിരിച്ച് വിവിധതലങ്ങളിലൂടെ പരിസ്ഥിതിയുടെ പ്രശ്നങ്ങൾ ക്രോഡീകരിക്കുന്നു.

### 1.1.1. വികസനനയങ്ങൾ

പ്രകൃതി അപകടകരമാംവിധം നാശോന്മുഖമായിരിക്കുന്ന സമകാലികാവസ്ഥയിൽ പ്രകൃതിനാശം പൂർണ്ണതയിലെത്തിക്കുന്നതരം വികസനലക്ഷ്യങ്ങളോടെയാണ് ഓരോ രാഷ്ട്രവും മുന്നോട്ടുപോകുന്നത്. എല്ലാ വികസനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതി കാനുമതി അനിവാര്യമാണെന്നിരിക്കെ അനുമതിയില്ലാതെയും തെറ്റായരീതിയിൽ അനുമതിനേടിയും പ്രകൃത്യാഘാതങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ സമൂഹ ത്തിൽ നിർബാധം തുടരുന്നു. വികസനം മാത്രം ലക്ഷ്യം വച്ച് പാശ്ചാത്യരാജ്യങ്ങളെ അനുകരിച്ചുകൊണ്ട് ഷോപ്പിങ്മാളുകളും കെട്ടിടങ്ങളും വിപുലമായ ഗതാഗത സൗകര്യങ്ങളും വികസനമെന്ന പേരിൽ കെട്ടിപ്പൊക്കുന്ന ജനങ്ങളും ജനപ്രതിനിധികളും പ്രകൃതിയുടെയും ജീവിവർഗ്ഗത്തിന്റെയും അതിലൂടെ തങ്ങൾ ഉൾപ്പെടുന്ന മനുഷ്യ വർഗ്ഗത്തിന്റെ തന്നെയും നാശത്തിന് കാരണക്കാരാകുന്നു. ആധുനികസൗകര്യങ്ങളോടു കൂടിയ നഗരങ്ങൾ സൃഷ്ടിച്ച് രാജ്യം വികസനത്തിന്റെ പാതയിലാണെന്ന് അഹങ്കരി ക്കുകയും പ്രകൃതിയെ നശിപ്പിച്ച് വികസനത്തിന് വഴിയൊരുക്കുകയും ചെയ്യുന്ന സമൂഹം രാജ്യത്തെ വികസിപ്പിച്ച് മുരടിച്ച നഗരമാക്കി മാറ്റുന്നു.

മനുഷ്യനിർമ്മിതമായവ മാത്രമാണ് വികസനമെന്ന ആധുനികചിന്ത രൂപപ്പെട്ട തോടെ മരവും പുഴയും മലയുമെല്ലാം വികസനവിരുദ്ധമാണെന്ന ചിന്താഗതിയുണ്ടായി. ശുദ്ധമായ മണ്ണും വെള്ളവും വായുവും ആരോഗ്യവുമാണ് വികസനമെന്ന അറിവ് നഷ്ടപ്പെട്ടു. ആശുപത്രികളുടെ വർദ്ധനവിനെപ്പോലും ആരോഗ്യനഷ്ടത്തിന്റെ

ലക്ഷണമായല്ല വികസനത്തിന്റെ സൂചികമാത്രമായി പരിഗണിക്കുന്ന പ്രവണത ശക്തമായി. പരിസ്ഥിതിസംരക്ഷണാർത്ഥം പരിസ്ഥിതിനയങ്ങൾ രൂപീകരിക്കാറുണ്ടെങ്കിലും അവ കർശനമായി നടപ്പിലാക്കുന്നതിൽ മാറിമാറിവരുന്ന സർക്കാരുകൾ എന്തുകൊണ്ട് പരാജയപ്പെടുന്നു എന്നത് ആലോചനാർഹമാണ്. ആറന്മുള വിമാനത്താവളം, അതിരപ്പള്ളി ജലവൈദ്യുതപദ്ധതി, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് എന്നിവ കേരളത്തിലെ സമീപകാല ഉദാഹരണങ്ങളാണ്. പരിസ്ഥിതിക്കനുകൂലമായി ചിന്തിച്ച് പ്രകൃതിഘടകങ്ങളെയെല്ലാം നിലനിർത്തിക്കൊണ്ടുള്ള സുസ്ഥിരവികസനം സാധ്യമാക്കുന്നതിൽ സർക്കാറുകൾ വിമുഖമാകുകയോ പരാജയപ്പെടുകയോ ചെയ്യുന്നതിന്റെ കാരണം വികസനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു സംഭവിച്ചുകൊണ്ടിരിക്കുന്ന അവഗണനകൊണ്ടു കൂടിയാണ്.

പാശ്ചാത്യരാജ്യങ്ങളെ അനുകരിച്ച് കേരളത്തിലുടനീളം ഹൈവേകളും മലകൾ തുരന്ന് തുരങ്കപാതകളും നിർമ്മിക്കുന്ന നവീനരീതി പാരിസ്ഥിതികമായി വലിയ ആഘാതത്തിന് കാരണമാകുമെന്നു മാത്രമല്ല ധാരാളം പേർക്ക് കിടപ്പാടവും തൊഴിലും നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ആധുനികസൗകര്യങ്ങളോടുകൂടിയ റോഡുകൾ മാത്രമാണ് വികസനമെന്ന ധാരണ സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. കൂടാതെ വിമാനത്താവളങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് യാത്രാസൗകര്യമൊരുക്കുമ്പോൾ ജനങ്ങളുടെ ആവാസമേഖലകളോടൊപ്പം ധാരാളം കൃഷിയിടങ്ങളും വനപ്രദേശങ്ങളുമടങ്ങുന്ന ഭൂപ്രകൃതിയുടെ നാശമാണ് സംഭവിക്കുന്നത്. മലകൾ, കുന്നുകൾ എന്നിവയെ നശിപ്പിച്ചുകൊണ്ടുള്ള തരം വികസനം സ്വാഭാവികമായും ഭൂമിയുടെ സമതുലിതാവസ്ഥതന്നെ തകിടം മറിക്കുന്നു.

രാജ്യവികസനത്തിന്റെ ഉദാത്തമാതൃകകളായി കണക്കാക്കപ്പെടുന്ന അണക്കെട്ടുകൾ നിർമ്മിക്കുന്നതിലൂടെ വെള്ളത്തിനടിയിലാക്കപ്പെടുന്ന വനമേഖലയോ ജൈവവൈവിധ്യമോ കുടിയിറക്കപ്പെടുന്ന സാധാരണജനങ്ങളോ സർക്കാരിന് വിഷയമല്ലാതാവുന്നു. അണക്കെട്ടു നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെയും അസംസ്കൃത വിഭവങ്ങളുടെയും കണക്കുകൾ അവയുണ്ടാക്കുന്ന പാരിസ്ഥിതികാഘാതം വെളിപ്പെടുത്തുന്നു.

ഷൂമാഖറുടെ “നാം എന്തു സാധനം വാങ്ങുമ്പോഴും അതിനുകൊടുക്കേണ്ട വില എന്ത് എന്ന് തിരക്കാറുണ്ട്. പക്ഷേ വികസനം എന്ന പ്രക്രിയ മാത്രം വില എന്തെന്നു നോക്കാതെ കണ്ണുമടച്ച് സ്വീകരിച്ചു” എന്ന അഭിപ്രായം യാഥാർത്ഥ്യമാക്കുന്നതാണ്

ഇന്നത്തെ വികസനരീതികൾ (ആർ.വി.ജി. മേനോൻ, 2014:106). വലിയ വില കൊടുത്ത് സ്വന്തം നാശത്തിന് ഹേതുവാകുന്ന വികസനത്തിലെത്തുന്നു. പരിസ്ഥിതിധ്വംസനത്തിനെതിരെ പ്രതികരിക്കുന്നവരെ വികസനവിരുദ്ധർ എന്നു മുദ്രകുത്തി സാമൂഹികമായി ഒറ്റപ്പെടുത്തുന്ന പ്രവണതയുമുണ്ട്. ഓരോ വികസനപ്രവർത്തനവും പ്രകൃതിയെ ഏതു രീതിയിൽ ബാധിക്കും എന്ന് പരിസ്ഥിതി പഠനത്തിലൂടെ മനസ്സിലാക്കി പ്രകൃതിക്ക് നാശമില്ലാത്ത രീതിയിൽ സുസ്ഥിരവികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനുപകരം മനുഷ്യർ പ്രകൃതിയെ വളരെ വേഗത്തിൽ നാശത്തിലേക്ക് എത്തിക്കുന്നു.

## 1.1.2. പ്രകൃതിസ്നേഹത്തിൽ നിന്ന് പരിസ്ഥിതിബോധത്തിലേക്ക്

വ്യത്യസ്തകാലഘട്ടങ്ങളിൽ വ്യത്യസ്തമായ പ്രകൃതിബോധവും പാരിസ്ഥിതിക ചിന്തയും വികസിച്ചതെങ്ങനെയെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

### 1.1.2.1. പ്രകൃതിബോധം അന്തർദ്ദേശീയതലത്തിൽ

പ്രകൃതിയെ മറന്നുകൊണ്ടുള്ള മനുഷ്യവംശത്തിന്റെ വളർച്ച പ്രകൃതിദുരന്തങ്ങളിലേക്കും മനുഷ്യസ്രഷ്ടമായ നിരവധി പാരിസ്ഥിതിക ദുരന്തങ്ങളിലേക്കുമാണ് വഴിവെച്ചത്. 1970 – കളാണ് ലോകത്തെ പരിസ്ഥിതി ചിന്തയിലേക്ക് കൊണ്ടുവന്നത്. '1976–ൽ ഇറ്റലിയിലെ സെവസോയിൽ സംഭവിച്ച ദുരന്തമായിരുന്നു ഇതിനു തുടക്കമിട്ടത് ' എന്ന് എൻ.എം. പിയേഴ്സൺ പറയുന്നുണ്ട് (2010:30). 1979– ൽ പെൻസിൽവാനിയയിലെ ത്രിമൈൽ ഐലന്റിൽ നടന്ന ന്യൂക്ലിയർ അപകടം അണുവിസ്ഫോടനത്തെക്കുറിച്ച് ബോധമുണ്ടാക്കാൻ സഹായകമായി. 1986– ൽ ഉക്രെയിനിലെ ചെർണോബിൽ ന്യൂക്ലിയർ പ്ലാന്റ് തകർന്നുണ്ടായ ദുരന്തവും 1989– ൽ എക്സൺ വാൽഡെഡ് അലാസ്കയുടെ തീരത്ത് മറിഞ്ഞുണ്ടായ അപകടവുമെല്ലാം ആഗോളതലത്തിൽ പാരിസ്ഥിതിക അവബോധം രൂപപ്പെടുന്നതിനിടയാക്കി (എൻ.എം. പിയേഴ്സൺ, 2010:20–31). ഇത്തരത്തിൽ ഫാക്ടറികളിലും മറ്റുമുണ്ടായ ദുരന്തങ്ങൾ പരിസ്ഥിതിയെയും അതോടൊപ്പം ജനജീവിതത്തെയും ബാധിച്ചപ്പോൾ പരിസ്ഥിതിസംരക്ഷണം ജനങ്ങളുടെ ആവശ്യമായി പരിണമിച്ചു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ റേച്ചൽ കഴ്സന്റെ 'നിശബ്ദവസന്ത'വും ഫുക്കുവോക്കയുടെ 'ഒറ്റവൈക്കോൽവിപ്ലവ'വും രാസകീടനാശിനികളെ ഉപേക്ഷിച്ചുകൊണ്ട് പ്രകൃതിയിലേക്ക് മടങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. കൂടാതെ ഹെന്റി ഡേവിഡ് തോറോ, ഇ.ഒ. വിൽസൺ, റാൽഫ് എമേഴ്സൺ, ജോൺ മിർ തുടങ്ങി നിരവധി വ്യക്തികളും സംഘടനകളും

പരിസ്ഥിതിബോധരൂപീകരണത്തിനായി പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ആഗോളതലത്തിൽ പരിസ്ഥിതിബോധം വികസിക്കുന്നതിന് കാരണമായി.

### 1.1.2.2. പ്രകൃതിബോധം ഭാരതീയചിന്തയിൽ

പരിസ്ഥിതിപഠനങ്ങളും പരിസ്ഥിതിശാസ്ത്രവും പരിസ്ഥിതി സൗന്ദര്യശാസ്ത്രവും രൂപപ്പെടുന്നതിന് വളരെ മുമ്പുതന്നെ പ്രകൃതിയോടുള്ള ആദരവും അത്ഭുതവും മനുഷ്യ സമൂഹത്തിൽ നിലനിന്നിരുന്നു. അതിന്റെ സ്വഭാവത്തിലും അളവിലും വലിയ പരിവർത്തനങ്ങൾ പിൽക്കാലത്തുണ്ടാകുന്നുണ്ട്. ആദ്യഘട്ടപരിസ്ഥിതിബോധം ആരാധനാരീതിയിലധിഷ്ഠിതമായിരുന്നു. വേദങ്ങളിലും ഉപനിഷത്തുകളിലും പ്രാചീനകൃതികളിലും അന്നത്തെ പരിസ്ഥിതിബോധത്തിന്റെ രീതി വ്യക്തമാണ്. "ഹേ ഭൂമി അവിടത്തെ കാടുകളും കുന്നുകളും മഞ്ഞണിഞ്ഞ പർവ്വതങ്ങളും ഞങ്ങൾക്ക് മംഗളം ചുരത്തട്ടെ. ചുകന്നും നീലിച്ചും നാനാനിറമാർന്ന് ഉറപ്പാർജിച്ച് ഈ പൃഥിവിന്മേൽ അജയ്യനും അമൃതനും അക്ഷതനുമായി ഞാൻ ചുവടുവച്ചു നിൽക്കട്ടെ"[1] (അഥർവ്വവേദം 12-ാം കാണ്ഡം 1-ാം അനുവാദം 1-ാം സൂക്തം) പ്രകൃതിയുടെ മേൽ അജയ്യത വരിക്കാൻ പ്രകൃതിയോട് തന്നെ അനുഗ്രഹം ആവശ്യപ്പെടുന്നു. പ്രകൃതിക്കു മേൽ അജയ്യനും അമൃതനും അക്ഷതനുമായി ചുവടുറപ്പിച്ചു നിൽക്കാനാണ് മനുഷ്യന്റെ ആഗ്രഹം.

ഋഗ്വേദത്തിൽ പ്രകൃതിക്ക് വിധേയനായ മനുഷ്യനെയാണ് കാണാൻ കഴിയുന്നത്. അഗ്നി, വായു, വരുണൻ, ഭൂമി, ഇന്ദ്രൻ, തുടങ്ങിയ പ്രകൃതിദേവതകളെ സ്തുതിക്കുന്നുണ്ട് ഋഗ്വേദത്തിൽ

> "അല്ലേ പൃഥിവി, മുള്ളെന്ന്യേ, നിവാസസ്ഥാനമായ നീ
> വിസ്താരം കൊൾക; ഞങ്ങൾക്ക് നൽക, വായ്പ്പുറ്റ പാർപ്പിടം" (1981:57)

എന്ന് വള്ളത്തോളിന്റെ ഋഗ്വേദസംഹിതയിൽ പറയുന്നുണ്ട്. യാതൊരു ഉപദ്രവങ്ങളുമില്ലാതെ പ്രണികൾക്ക് പാർപ്പിടമായ ഭൂമിയിൽ മനുഷ്യർക്കും ഇടം വേണമെന്ന ആഗ്രഹമാണ് പ്രകടിപ്പിക്കുന്നത്. ഇവിടെ പ്രകൃതിക്ക് കീഴിലാണ് മനുഷ്യൻ നിൽക്കുന്നത്.

മരങ്ങളെയും വള്ളികളെയും സൂര്യചന്ദ്രന്മാരെയുമെല്ലാം ആരാധിക്കുന്ന രീതി ഭാരതീയ ചിന്തയുടെ ഭാഗമായിരുന്നു. കാവുകൾ പാരിസ്ഥിതികവ്യവസ്ഥയുടെ സംരക്ഷണമായിരുന്നു. കാവിൽ ഇരുമ്പുകൊണ്ടുപോകരുത്, കാവിലെ വിറകു കത്തിക്കരുത്,

കാവു തീണ്ടല്ലേ കുടിവെള്ളം മുട്ടും എന്നിങ്ങനെയുള്ള വിലക്കുകൾ കാവുകളെ നിത്യഹരിതവനങ്ങളായി നിലനിർത്തിയിരുന്നു. കാവുകളുടെ നാശം ജലക്ഷാമ ത്തിനിടയാക്കുമെന്നതിനാലാണ് 'കാവുതീണ്ടല്ലേ' എന്ന് പഴമക്കാർ വിലക്കിയത്. "പാർവ്വതീശാപത്താൽ മനുഷ്യർക്ക് പ്രവേശനം നിഷിദ്ധമായ കുമാരവനത്തിൽ അറിയാതെ ചെന്ന സുദ്യുമ്നൻ ഇളയായി മാറിയതായി ഭാഗവതത്തിലും കുമാര വനത്തിൽ ചെന്ന ഊർവ്വശി വള്ളിച്ചെടിയായി മാറിയതായി വിക്രമോർവ്വശീയത്തിലും പറയുന്നുണ്ട്' (ഇ. ഉണ്ണികൃഷ്ണൻ, 2013:18) കാവുകളുമായി ബന്ധപ്പെട്ട ഇത്തരം വിശ്വാസങ്ങൾ പ്രകൃതിനശീകരണത്തിൽ നിയന്ത്രണം സാധ്യമാക്കിയിരുന്നു. മരങ്ങളുടെയും വള്ളികളുടെയും പക്ഷിമൃഗാദികളുടെയുമൊക്കെ പാരസ്പര്യമാണ് കാവ്. 'ഒറ്റമരം കാവല്ല' എന്ന ചൊല്ല് കാവിലെ സസ്യജന്തുവൈവിധ്യം വെളിപ്പെടുത്തുന്നു. 'തനിമരമയി മുഗ്ധേ ഹന്ത കാവാവുകില്ല' (2016:88) എന്ന് വൈശികതന്ത്രത്തിലെ പരാമർശവും ശ്രദ്ധേയമാണ്.

'പത്തു കിണറുകൾക്ക് തുല്യമാണ് ഒരു കുളം, പത്ത് കുളത്തിന് തുല്യമാണ് ആഴമേറിയ ഒരു തടാകം, അത്തരം പത്ത് തടാകങ്ങൾക്ക് തുല്യമാണ് ഒരു പുത്രൻ, പത്ത് പുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷം (എൻ.വി.പി. ഉണിത്തിരി, 2013:36) എന്ന് വൃക്ഷായൂർവേദത്തിൽ വൃക്ഷത്തിന്റെ പ്രധാന്യം എടുത്തു പറയുന്നുണ്ട്. മനുഷ്യനും പ്രകൃതിയും ഒന്നാണെന്നും പ്രകൃതി മനുഷ്യന്റെയും ഇതരജീവികളുടെയും മാതാവാണെന്നും അതുകൊണ്ട് പരസ്പരവർത്തിത്വമാണ് മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടാവേണ്ടതെന്നും പ്രകൃതിശക്തികളെ പ്രീതിപ്പെടുത്തുക വഴി മനുഷ്യന് ശ്രേയസ്സ് കൈവരും എന്നുമുള്ള വിശ്വാസവും ഭാരതീയമായ ചിന്തകളിലുണ്ടായിരുന്നു. ജീവിതത്തിലെ നിർണ്ണായകശക്തിയായി പ്രകൃതിയെ കാണുകയും അറിയുകയും ചെയ്ത ആദിമമനുഷ്യനെക്കുറിച്ചുള്ള സൂചനകളാണ് ഇവ പങ്കുവയ്ക്കുന്നത്.

സമൂഹത്തിൽ ആദ്യഘട്ടം മുതൽ തന്നെ പ്രകൃതിബോധം നിലനിന്നിരുന്നു എന്നതിന്റെ സൂചനകളാണ് പ്രാചീനമനുഷ്യരുടെ ജീവിതരീതികളിൽ നിന്നും പ്രാചീന കൃതികളിൽനിന്നും വെളിപ്പെടുന്നത്. ആദിമമനുഷ്യൻ പ്രകൃതിയുടെ അടിമയായി സ്വയം കരുതുകയും പ്രകൃതിശക്തികളെ ഭയത്തോടെയും ആരാധനയോടെയും വീക്ഷിക്കുകയും ചെയ്തിരുന്നു. ജീവിതരീതികളും ചിന്തകളും വികസിക്കുകയും സമൂഹജീവിതത്തിലേക്ക് കടക്കുകയും ചെയ്തതോടെ അവന്റെ പ്രകൃതിഇടപെടലുകളിലെ ആരാധനാഭാവം മേധാവിത്വഭാവത്തിന് വഴിമാറി. ശാസ്ത്രത്തിന്റെ വികാസവും ആഗോളവത്ക്കരണവും

പുതിയവികസനചിന്തകളും വന്നതോടെ മേധാവിത്വം മാറി അടിച്ചമർത്തലാവുകയും വ്യവസായങ്ങളുടെ വളർച്ചയും കച്ചവടതാല്പര്യങ്ങളും പ്രകൃതിനശീകരണത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്തു. ഇതെല്ലാം ഭാരതത്തിൽ ചിന്താപരമായ പ്രകൃതി ബോധവുമുണ്ടാക്കി. അതോടൊപ്പം 1984– ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡിൽ നടന്ന സ്ഫോടനവും മറ്റു ദുരന്തങ്ങളും ഇന്ത്യയിൽ പരിസ്ഥിതിബോധം ഉണ്ടാകുന്ന തിനിടയാക്കി.

### 1.1.2.3. പാരിസ്ഥിതികാവബോധം കേരളീയചിന്തയിൽ

ആധുനികതയോടൊപ്പം വന്ന വ്യാവസായികമുന്നേറ്റം കേരളത്തിലും സംഭവിച്ചു. 1961 ൽ മാവൂർ ഗ്വാളിയോർ റയോൺസ് മൂലമുണ്ടായ ചാലിയാർപുഴയുടെ മലിനീകരണത്തിനെതിരെ പ്രദേശവാസികൾ സംഘടിക്കുകയും സമരം നടത്തുകയും ചെയ്തെങ്കിലും 1970 കളിലെ സൈലന്റവാലി പ്രക്ഷോഭത്തിലൂടെയാണ് കേരളജനത പ്രകൃതിബോധത്തിലേക്കുണരുന്നത്. അതിനു മുമ്പ് പല ദുരന്തങ്ങളും ജനങ്ങളിൽ പാരിസ്ഥിതികഉത്കണ്ഠ സൃഷ്ടിച്ചെങ്കിലും ശരിയായ ചിന്താപദ്ധതിയിലേക്കും പ്രവർത്തനങ്ങളിലേക്കും പ്രകൃതിഅവബോധം വികസിച്ചത് എഴുപതുകൾക്ക് ശേഷമാണ്. പാരിസ്ഥിതിക ദുരന്തങ്ങളോടൊപ്പം സാഹിത്യകൃതികളും പ്രകൃതി അവബോധം രൂപപ്പെടുന്നതിനിടയാക്കി. ആദ്യഘട്ടത്തിൽ ഒറ്റപ്പെട്ട ചില കൃതികളിലൂടെ സമൂഹത്തിൽ പാരിസ്ഥിതികഅവബോധം ഉണ്ടായെങ്കിൽ പരിസ്ഥിതിനാശത്തിന്റെ രൂക്ഷതയിൽ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സമകാലിക പരിസ്ഥിതിപ്രശ്നങ്ങളും വിഷയമാകുന്ന നിരവധി പാരിസ്ഥിതികഗ്രന്ഥങ്ങൾ ലോക ത്താകമാനം രചിക്കപ്പെട്ടു. അവ പല രീതിയിലും സമൂഹത്തിൽ അവബോധമുണ്ടാക്കി യതോടൊപ്പം നോവൽ, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങളും പരിസ്ഥിതി ചിന്ത സമൂഹത്തിൽ വ്യാപിക്കുന്നതിനനുയോജ്യമായ ഇതിവൃത്തങ്ങൾ സ്വീകരിച്ചു.

## 1.1.3. സമരങ്ങളും സംഘടനകളും

പരിസ്ഥിതി അവബോധത്തോടൊപ്പം നിരവധി പരിസ്ഥിതിസമരങ്ങളും അതിന്റെ ഭാഗമായി സംഘടനകളും രൂപപ്പെടുകയുണ്ടായി. പാരിസ്ഥിതിക സമരങ്ങളെയും അതിന്റെ ഭാഗമായും അല്ലാതെയും സർക്കാർ സർക്കാരേതരതലത്തിൽ രൂപപ്പെട്ട സംഘടനകളെയും കുറിച്ചാണ് ഈ ഖണ്ഡത്തിൽ പരാമർശിക്കുന്നത്.

#### 1.1.3.1. പരിസ്ഥിതിസംരക്ഷണസമരങ്ങൾ

പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതമായ ഇടപെടൽ വലിയ തോതിൽ പാരിസ്ഥിതിക ആഘാതമുണ്ടാക്കുമെന്നു മനസ്സിലാക്കി, പരിസ്ഥിതി സംരക്ഷ ണത്തിന്റെ ആവശ്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അതിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നതിനും സംഘടനകളും വ്യക്തികളും മുന്നോട്ടുവന്നു. പരിസ്ഥിതിസംരക്ഷണം മുഖ്യചിന്താവിഷയമാവുകയും പരിസ്ഥിതിപഠനങ്ങളും പരിസ്ഥിതിസൗന്ദര്യശാസ്ത്രവും വികസിക്കുകയും ചെയ്ത പാരിസ്ഥിതികാവബോധ ത്തിന്റെ യുഗത്തിൽ അന്തർദേശീയതലത്തിലും ദേശീയതലത്തിലും സംസ്ഥാന തലത്തിലുമായി നിരവധി പാരിസ്ഥിതിക മുന്നേറ്റങ്ങളുണ്ടായി.

#### 1.1.3.1.1. അന്തർദ്ദേശീയതലത്തിലെ സമരങ്ങൾ

#### 1.1.3.1.1.1. കാടൺ ജലവൈദ്യുതപദ്ധതിക്കെതിരെ നടന്ന സമരം

കാടൺനദിയിൽ ജലവൈദ്യുതപദ്ധതി ആരംഭിക്കുന്നതിനെതിരെ മരിയ ചെർക്കസോവയുടെ നേതൃത്വത്തിൽ 1960 കളിൽ സമരം നടന്നു. പത്രപ്രവർത്തകയും പരിസ്ഥിതി പ്രവർത്തകയുമായ മരിയ ചേർക്കസോവ 'സാമൂഹ്യപരിസ്ഥിതി സംഘടന' യുടെ സ്ഥാപകയാണ്. വിദ്യാർത്ഥിപ്രസ്ഥാനത്തെ പരിസ്ഥിതിസംരക്ഷണ പ്രവർത്ത നങ്ങളിലേക്ക് നയിക്കാൻ അവർക്ക് സാധിച്ചു. പരിസ്ഥിതി സംരക്ഷിക്കപ്പെടണമെന്നും അതിലൂടെ ആരോഗ്യകരമായ ചുറ്റുപാടിൽ ജീവിക്കാനുള്ള കുട്ടികളുടെ അവകാശം സാധ്യമാക്കണമെന്നും അവർ ആഗ്രഹിച്ചു. 1960- കളിൽതന്നെ പരിസ്ഥിതി പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകാൻ മരിയചെർക്കസോവയെന്ന വ്യക്തിക്ക് സാധിച്ചിരുന്നു (ആശാലത, 2013:21).

#### 1.1.3.1.1.2. വനനശീകരണത്തിനെതിരെ ഗ്രീൻബെൽറ്റ് മൂവ്മെന്റ്

1977-ൽ ലോകപരിസ്ഥിതിദിനത്തിൽ വംഗാരിമാതായ് എന്ന പരിസ്ഥിതി പ്രവർത്തകയുടെ നേതൃത്വത്തിൽ ഗ്രീൻബെൽറ്റ് മൂവ്മെന്റ് ആരംഭിച്ചു. വനനശീകരണം തടയുക, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, എന്നിവയായിരുന്നു അതിന്റെ ലക്ഷ്യങ്ങൾ, കെനിയൻ ഭരണകൂടത്തിന്റെ അനധികൃതവനം കൈയേറ്റത്തിനെതിരെ അവർ ഏറ്റുമുട്ടി. ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കാൻ സാധിച്ച ഈ പ്രസ്ഥാനത്തിന് മണ്ണിനെ മാതാവായി കരുതിവന്നിരുന്ന സംസ്കാരരീതികളെ തിരികെകൊണ്ടുവരാൻ സാധിച്ചു.

### 1.1.3.1.2. ദേശീയതലത്തിലെ സമരങ്ങൾ

#### 1.1.3.1.2.1. മരം മുറിക്കലിനെതിരെ ബിഷ്ണോയ്സമരം

ദേശീയതലത്തിലെ പാരിസ്ഥിതിക മുന്നേറ്റങ്ങളിൽ ഏറ്റവും ആദ്യം നടന്നതെന്ന് കരുതപ്പെടുന്നത് 1730-ലെ ബിഷ്ണോയ് സമരമാണ്. ഏകദേശം 500 കൊല്ലങ്ങൾക്ക് മുമ്പ് രാജസ്ഥാനിലെ ജോധ്പൂരിനടുത്തുള്ള ഖെജാർലി ഗ്രാമത്തിൽ ബിഷ്ണോയ് വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ അമൃതാദേവിയെന്ന ഗ്രാമീണസ്ത്രീയുടെ നേതൃത്വത്തിൽ രക്തസാക്ഷികളായി. അന്നത്തെ ജോധ്പൂർ മഹാരാജാവ് അഭയ്സിങ് കൊട്ടാരം പണിയുന്നതിനായി മരം മുറിക്കാൻ ശ്രമിച്ചതിനെതിരെയാണ് സ്ത്രീകൾ സമരം നയിച്ചത്. 1970-കളിൽ ചിപ്കോപ്രസ്ഥാനം ആരംഭിക്കുന്നതിന് വർഷങ്ങൾക്കു മുമ്പു തന്നെ ജനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സംഘടിച്ചിരുന്നു എന്നതിന് തെളിവാണ് ബിഷ്ണോയ് സ്ത്രീകളുടെ രക്തസാക്ഷിത്വം. പരിസ്ഥിതിസംരക്ഷണമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഈ സമരം മുതൽ ആരംഭിക്കുന്നു.

#### 1.1.3.1.2.2. ബോംബെ ഡോഗ് റയട്ട്

1839-ൽ ബോംബെ സിറ്റിയിൽ അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊന്നൊടുക്കാൻ ബ്രിട്ടീഷ്ഗവൺമെന്റ് തീരുമാനിച്ചതിനെതിരെ നടന്ന സമരമാണ് ബോംബെ ഡോഗ് റയട്ട്. പാർസികളുടെ വിശ്വാസപ്രകാരം പാവനമൃഗമാണ് നായ്ക്കൾ. അതുകൊണ്ട് ബ്രിട്ടീഷ്ഗവൺമെന്റിന്റെ തീരുമാനത്തിനെതിരെ പാർസികൾ ലഹള നടത്തി. നായകളെ കൊന്നൊടുക്കുക എന്ന തീരുമാനത്തിൽ നിന്ന് പിന്മാറി നഗരത്തിന് പുറത്തേക്ക് അവയെ മാറ്റാനുള്ള തീരുമാനത്തിലേക്ക് ഗവൺമെന്റിനെ എത്തിക്കാൻ ഈ സമരം കാരണമായി.

#### 1.1.3.1.2.3. വനനശീകരണത്തിനെതിരെ ചിപ്കോസമരം

ഇന്ത്യയിൽ വനനശീകരണത്തിനെതിരെ നടന്ന സമരമാണ് ചിപ്കോ. ഏറെ ജനശ്രദ്ധ പിടിച്ചു പറ്റാനും പിൽക്കാല സമരങ്ങൾക്ക് പ്രചോദനമാകുന്നതിനും ചിപകോ സമരത്തിനുകഴിഞ്ഞു. ഇന്ത്യയിലെ ഉത്തരാഖണ്ഡ് സംസ്ഥാനത്തിലെ സാധാരണ സ്ത്രീകൾ തങ്ങൾ സ്നേഹിച്ചിരുന്ന ആഷ്മരങ്ങൾ വെട്ടുന്നത് തടയാൻ മരങ്ങളെ കെട്ടിപ്പിടിച്ച് നിന്ന് സമരം ചെയ്തു.'കെട്ടിപ്പിടിക്കുക' എന്നാണ് ചിപ്കോ എന്ന വാക്കിനർത്ഥം. അതിൽ നിന്നാണ് ചിപ്കോപ്രസ്ഥാനം എന്ന പേരുണ്ടായത്. അന്നത്തെ ഉത്തർപ്രദേശ് സംസ്ഥാനത്തെ ചമോലിജില്ലയിലാണ് പ്രസ്ഥാനം ആരംഭിച്ചത്. 1973-ൽ സാൻഡോസ് കമ്പനിക്കുവേണ്ടി ആഷ്മരങ്ങൾ മുറിക്കുന്നതാണ് ചണ്ഡീപ്രസാദ്ഭട്ട് എന്ന

ഗ്രാമീണന്റെ നേതൃത്വത്തിൽ ഗ്രാമവാസികൾ തടഞ്ഞത്. 1974-ൽ ഗൗറാദേവി എന്ന സ്ത്രീയുടെ നേതൃത്വത്തിൽ വീണ്ടും മരം വെട്ട് തടഞ്ഞു. കലപ്പയുണ്ടാക്കാൻ ഒരു മരംപോലും നൽകാത്ത ഗവൺമെന്റ് സ്പോർട്സ് കമ്പനിക്ക് 50 ആഷ്മരങ്ങൾ നൽകിയതിനെ എതിർത്തുകൊണ്ട് അവയ്ക്ക് സംരക്ഷണം നൽകുകയാണ് പ്രസ്ഥാനം ചെയ്തത്. 1970-കളുടെ ആരംഭത്തിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം "മരിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിക്ക് അറിവും സ്നേഹവും കർമ്മവും കൊണ്ട് പുനർജീവൻ നൽകാൻ യത്നിക്കുക, നമ്മുടെ മറ്റ് ജീവജാലങ്ങളുടെ, നമ്മുടെ പിന്നാലെ വരാനിരിക്കുന്ന തലമുറകളുടെ ശാന്തിക്കും സന്തോഷത്തിനും സാക്ഷാത്ക്കാരത്തിനും വേണ്ടി" എന്ന സന്ദേശമാണ് നൽകുന്നത് (ആശാലത. വി, 2013:26). മരങ്ങൾ സംരക്ഷി ക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ന് എല്ലാവിധ പരിസ്ഥിതി ധ്വംസനത്തിനെതിരെയും ശബ്ദമുയർത്തുന്നു. ചിപ്കോ പ്രസ്ഥാനം ഏറ്റവും വലിയ വിജയമായിരുന്നു. "ഗ്രാമവാസികളുടെ എതിർപ്പിനെത്തുടർന്ന് ഗവൺമെന്റ് ആ പ്രദേശത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം പത്തുകൊല്ലത്തേക്ക് ആ പ്രദേശത്തെ മരം മുറിക്കുന്നത് തടയുകയും വീണ്ടും പത്തുകൊല്ലത്തേക്ക് കൂടി നിരോധനം നീട്ടുകയും ചെയ്തു" (എം. അച്യുതൻ, 2013:187). "വനങ്ങളും വൃക്ഷങ്ങളും ജീവനെ നിലനിർത്തുന്ന വ്യവസ്ഥകളാ ണെന്നും അതുകൊണ്ടുതന്നെ, അവയുടെ ജൈവപരമായ പ്രവർത്തനങ്ങൾക്കായി അവയെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും വേണമെന്നതായിരുന്നു ചിപ്കോയെപ്പോലുള്ള സംരക്ഷണാത്മകസമരങ്ങളുടെ പ്രധാനവാദം' എന്ന് വന്ദനശിവ രേഖപ്പെടുത്തുന്നുണ്ട് (2014:130). ഈ വിജയത്തെത്തുടർന്ന് ചിപ്കോപ്രസ്ഥാനം മറ്റു ഗ്രാമങ്ങളിൽ കൂടി വ്യാപിച്ചു. ചിപ്കോയുടെ പിൽക്കാല പ്രവർത്തനങ്ങളിൽ സുന്ദർലാൽ ബഹുഗുണ പ്രധാനപ്രവർത്തകനായി മാറി.

### 1.1.3.1.2.4. വിഷ്ണുപ്രയാഗ് അണക്കെട്ടിനതിരെ നടന്ന സമരം

1980-ൽ വിഷ്ണുപ്രയാഗ് അണക്കെട്ടിന്റെ നിർമ്മാണത്തിനെതിരെ ചന്ദിപ്രസാദ് ഭട്ടിന്റെ നേതൃത്വത്തിൽ സമരം നടന്നു. ഉത്തർപ്രദേശ്സർക്കാർ ഹിമാലയത്തിലെ വാലി ഓഫ് ഫ്ളവേഴ്സിനോട് വളരെ അടുത്ത് അളകനന്ദാനദിയും ഭഗീരഥിനദിയും ചേരുന്നിടത്ത് വിഷ്ണുപ്രയാഗ് അണക്കെട്ട് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി. അതിന്റെ പാരിസ്ഥിതികാഘാതം മനസ്സിലാക്കിയ ജനം സമരത്തിനിറങ്ങുകയും ഇന്ദിരാഗാന്ധി ഇടപെട്ട് ആ പദ്ധതി നിർത്തലാക്കുകയും ചെയ്തു.

### 1.1.3.1.2.5. ഗംഗാമലിനീകരണത്തിനെതിരെ ഗംഗാ ആക്ഷൻപ്ലാൻ

1980-ൽ ഗംഗാനദിയെ മാലിന്യമുക്തയാക്കാൻവേണ്ടി രൂപീകരിച്ചതാണ് ഗംഗാ ആക്ഷൻപ്ലാൻ . ഉത്തരാഖണ്ഡിലെ ഗംഗോത്രിയിൽ നിന്നാരംഭിച്ച് ഉത്തർപ്രദേശിലൂടെയും ബീഹാറിലൂടെയും ഇന്ത്യാസമുദ്രം വരെ ഒഴുകിയെത്തുന്നതിനിടയിൽ രാസമാലിന്യങ്ങളുൾപ്പെടെ മാലിന്യങ്ങൾ മാത്രമാണ് ഗംഗ ഏറ്റുവാങ്ങുന്നത്. 2014 ൽ 'നമാമിഗംഗ' എന്ന പേരിൽ ഗംഗാവികസനപദ്ധതിയും വിഭാവനം ചെയ്തിരുന്നു. എന്നാൽ ഗംഗയിൽ മാലിന്യത്തിന്റെ അളവ് വർദ്ധിച്ചു കൊണ്ടിരുന്നു. ഗംഗാമലിനീകരണത്തിനെതിരെ നിരവധി സമരങ്ങൾ രൂപീകരിക്കപ്പെടുന്നുണ്ട്.

### 1.1.3.1.2.6. യൂണിയൻ കാർബൈഡ് ഫാക്ടറിക്കെതിരെ നടന്ന സമരം

ഫാക്ടറികൾ മൂലമുണ്ടാകുന്ന മലിനീകരണദുരന്തങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. 1984-ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നടന്ന വിഷവാതകദുരന്തത്തിൽ എണ്ണായിരത്തോളം ആളുകൾ മരണത്തിനിരയായി. തുടർന്ന് പ്രദേശത്തെ ജനങ്ങൾക്ക് ജനനവൈകല്യമടക്കമുള്ള നിരവധി ആരോഗ്യപ്രശ്നങ്ങളുണ്ടായി. ചമ്പാദേവിശുക്ലയും റഷീദാബിയും ചേർന്ന് കാർബൈഡ് ഫാക്ടറിക്കെതിരെ പ്രചരണം നടത്തുകയും നിയമനടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു

### 1.1.3.1.2.7. നർമ്മദാസംരക്ഷണസമരങ്ങൾ

നദികൾക്കുമേൽ നടത്തിയ വലിയ വിജയമായി അണക്കെട്ടുകളുടെ നിർമ്മാണത്തെ വീക്ഷിക്കുന്ന മനുഷ്യർക്ക് ഒരു നദിയുമായി ബന്ധപ്പെട്ട് മൂവായിരത്തിലേറെ അണക്കെട്ടുകൾ ഉയർന്നു വരുമ്പോൾ ആ നദിയുടെ ദയനീയതയെന്തെന്ന് മനസ്സിലാക്കാൻ കഴിയാതെ വരുന്നു. നർമ്മദയിൽ ഉയർന്നുവരുന്ന ചെറുതും വലുതുമായ മൂവായിരത്തിലേറെ അണക്കെട്ടുകളിൽ ഏറ്റവും വലുതാണ് സർദാർ സരോവർപദ്ധതി. ഓരോ അണക്കെട്ടും ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. നർമ്മദയിൽ ഉയർന്നുവരുന്ന അണക്കെട്ടുകൾക്കെതിരെ 1985-ൽ പ്രത്യക്ഷസമരം ആരംഭിച്ചു. 1989 ലാണ് നർമ്മദാബച്ചാവോ ആന്ദോളൻ എന്ന സംഘടന മേധാപട്കറുടെ നേതൃത്വത്തിൽ ആരംഭിച്ചത്. ബാബാ ആംതെയെപ്പോലുള്ള നിരവധി പരിസ്ഥിതി പ്രവർത്തകർ ഈ സംഘടനയ്ക്കൊപ്പം ചേരുകയും അരുന്ധതീറോയെപ്പോലുള്ള എഴുത്തുകാർ ഈ മുന്നേറ്റത്തെ പിന്തുണയ്ക്കുകയും ചെയ്തു. അണക്കെട്ടുകൾമൂലം ജനങ്ങളും പ്രകൃതിയും നേരിടുന്ന ചൂഷണങ്ങൾക്കെതിരെ ആരംഭിച്ച സംഘടന മറ്റു പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെയും പോരാടി വലിയ പ്രതിഷേധങ്ങളുണ്ടായെങ്കിലും

2017 സെപ്തംബറിൽ സർദാർ സരോവർ പദ്ധതി പൂർത്തിയാക്കി രാജ്യത്തിന് സമർപ്പിച്ചു. ഈ സമരങ്ങളെല്ലാം പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെയുള്ള ജനരോഷത്തെ വെളിപ്പെടുത്തുന്നു.

### 1.1.3.1.2.8. ടെഹ്‌രി ബാന്ദ് വിരോധ് സംഘർഷ് സമിതി

ഹിമാലയത്തിലെ ഗർവാൾ പ്രദേശത്ത് ഭഗീരഥീനദിയിൽ നിർമ്മാണം തുടങ്ങിയ ടെഹ്‌രി ജലവൈദ്യുതപദ്ധതിക്കെതിരെയാണ് ടെഹ്‌രിബാന്ദ് വിരോധ് സംഘർഷ് സമിതി രൂപീകരിക്കപ്പെട്ടത്. 1988–ൽ സ്ഥാപിക്കപ്പെട്ട ഈ സമിതിയുടെ നേതൃസ്ഥാനത്ത് വി.സി. സക്ക്ലാനിയും സുന്ദർലാൽ ബഹുഗുണയുമുണ്ടായിരുന്നു. ആ പ്രദേശത്തിന്റെ ഭൂകമ്പസാധ്യത കണക്കിലെടുത്തുകൊണ്ടാണ് സമരം കൂടുതൽ ശക്തിപ്പെട്ടത്. സമരത്തിന്റെ പശ്ചാത്തലത്തിൽ താല്ക്കാലികമായി പണി നിർത്തിവെച്ചു. എന്നാൽ 1991–ൽ ഈ പ്രദേശത്ത് ഭൂകമ്പമുണ്ടായതിനെത്തുടർന്ന് ഡാം പണിയാൻ സർക്കാറിന് സാധിച്ചില്ല.

### 1.1.3.1.3. സംസ്ഥാനതലത്തിലെ സമരങ്ങൾ

### 1.1.3.1.3.1. ചാലിയാർ സമരം

കോഴിക്കോട് ജില്ലയിലെ മാവൂർ എന്ന ഗ്രാമത്തിൽ ചാലിയാർ നദീതീരത്ത് 1961–ൽ ബിർളഗ്രൂപ്പിന്റെ ഗ്രാസിം ഇൻഡസ്ട്രീസ്, ഗ്വാളിയോർറയോൺസ് എന്ന പേരിൽ ഫാക്ടറി സ്ഥാപിച്ചു. ഇതിനായി ടണ്ണിന് ഒരുരൂപ നിരക്കിൽ ഒരുവർഷം ഒരു ലക്ഷത്തി അറുപത് ടൺ മുള കേരളഗവൺമെന്റ് നൽകാമെന്ന് സമ്മതിച്ചു. കൂടാതെ ചാലിയാറിൽ നിന്നും വേണ്ടത്ര ജലമെടുക്കാനും അനുവാദം ലഭിച്ച കമ്പനി അതിനെ ദുരുപയോഗം ചെയ്തു. പൾപ്പുൽപ്പാദനത്തോടൊപ്പം ഫൈബർനിർമ്മാണവും കാർബൺ ഡൈ സൾഫ്യൂരിക്കല്ലം എന്നീ രാസവസ്തുക്കളുടെ നിർമ്മാണവും കമ്പനി ആരംഭിച്ചു. ഉൽപ്പാദനം ആരംഭിച്ച സമയത്തുതന്നെ സമീപപ്രദേശത്തെ വെള്ളവും വായുവുമെല്ലാം മലിനമാകാൻ തുടങ്ങി. ശ്വാസകോശരോഗങ്ങളും ക്യാൻസറും ഈ പ്രദേശത്ത് വ്യാപകമായി "ഗ്വാളിയോർ റയോൺസിനെ ഒരു വ്യവസായമെന്നല്ല, ഒരു മഹാമാരി, ഒരു പ്ലേഗ് നാടിനെ കരണ്ടു തിന്നുന്ന ഒരു അർബുദവ്രണം എന്നാണ് വിശേഷിപ്പിക്കേണ്ടത്. കേരളസംസ്ഥാനത്തിനു നേരിട്ട ദൗർഭാഗ്യങ്ങളിൽ ഏറ്റവും വലിയ ഒന്നാണ് ഗ്വാളിയോർ റയോൺസ്. കഴിയും വേഗം അത് എന്നെന്നേക്കുമായി അടച്ചുപൂട്ടുകയാണ് വേണ്ടത്. ഈ പൊല്ലാപ്പു നമുക്കുവേണ്ട" എന്ന് എൻ.വി. കൃഷ്ണവാരിയർ 'മാവൂർ എന്ന മഹാമാരി' എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു (2001:108).

വാഴക്കാട് പഞ്ചായത്തിന്റെയും ചാലിയാർ നദിയുടെയും ദുരിതം നിറഞ്ഞ കാലഘട്ടമായിരുന്നു അത്. "കറുപ്പും തവിട്ടും പച്ചയും എന്നിങ്ങനെ നിരവധി നിറങ്ങളിൽ മലിനജലമൊഴുകിയിരുന്നു. വെളുത്തപത മൈലുകളോളം പരന്നു കിടന്നിരുന്നു. അതായിരുന്നു അന്നത്തെ ചാലിയാർപുഴയുടെ ദൃശ്യങ്ങൾ" എന്ന് സി. സുരേന്ദ്രനാഥ് രേഖപ്പെടുത്തുന്നു (2000:5). "മാവൂരിൽ ഉല്പാദിപ്പിച്ചിരുന്നത് പൾപ്പും ഫൈബറും മാത്രമല്ല ക്യാൻസറും ആസ്തമയും മറ്റനേകം മാറാരോഗങ്ങളുമാണെന്ന് സ്വന്തം അനുഭവങ്ങളുടെ ലളിതമായ കണക്കെടുപ്പിലൂടെയാണ് ജനങ്ങൾ കണ്ടെത്തിയത്" എന്നും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട് (2001:17). ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ നിരവധി പഠനറിപ്പോർട്ടുകൾ പുറത്തുവന്നെങ്കിലും ഫാക്ടറി നിർത്തലാക്കുന്നതിന് സാധിച്ചില്ല.

1962 മുതൽ തന്നെ വാഴക്കാട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന കെ. എ. റഹ് മാന്റെ നേതൃത്വത്തിൻ ജനകീയപ്രക്ഷോഭം ആരോപിച്ചിരുന്നു. കേരളശാസ്ത്ര സാഹിത്യപരിഷത്തും കോഴിക്കോട്ടെ കേരള പരിസരസംരക്ഷണ സമിതിയും സമരത്തിൽ പങ്കുചേർന്നു. കെ.എ. റഹ്മാൻ നേതൃത്വം നൽകിയ ചാലിയാർ സംരക്ഷണസമിതി യായിരുന്നു സമരങ്ങൾക്ക് നേതൃത്വം നൽകിയത്. 1962–ൽ ആരംഭിച്ച പ്രക്ഷോഭം വിജയം കണ്ടത് 2001–ലായിരുന്നു. "ഒരു പുഴയും അതിന്റെ ഓരപ്രദേശങ്ങളും തികച്ചും കുറ്റകരമായി കൂസലില്ലാതെ മലിനീകരിച്ച കമ്പനി നാലുപതിറ്റാണ്ട് നീണ്ടുനിന്ന ജനകീയ പ്രതിരോധംമൂലം അടിയറവു പറഞ്ഞതിന്റെ നല്ലൊരുദാഹരണമാണ് ഇത്" എന്ന് എം. അച്യുതൻ രേഖപ്പെടുത്തുന്നുണ്ട് (2013:199).

### 1.1.3.1.3.2. സൈലന്റ്‌വാലി സമരം

സൈലന്റ്‌വാലി കാടുകളുടെ സംരക്ഷണത്തിനുവേണ്ടി 1976– ൽ ആരംഭിച്ച സമരം ജനശ്രദ്ധപിടിച്ചു പറ്റിയിരുന്നു. "ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയ്ക്കു കുറുകെ 131 മീറ്റർ നീളമുള്ള അണക്കെട്ടു നിർമ്മിച്ച് 31.7 കോടി ഘനമീറ്റർ സംഭരണ ശേഷിയുള്ള റിസർവോയറിലെ വെള്ളം 857 മീറ്റർ താഴെ പണിയുന്ന പവർഹൗസി ലെത്തിച്ച് 240 മെഗാവാട്ട് ശേഷിയുള്ള ജനറേറ്ററുകൾവഴി വർഷം പ്രതി 52.2. കോടി യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുകയായിരുന്നു സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിയുടെ ലക്ഷ്യം" എന്ന് എം. അച്യുതൻ സൈലന്റ്‌വാലി പദ്ധതിയെക്കുറിച്ച് വിശദമാക്കുന്നു (2013:189). ഈ പദ്ധതിയിലൂടെ ലാഭത്തിന്റെ പതിന്മടങ്ങ് നാശമാണ് പരിസ്ഥിതിക്കുണ്ടാകുന്നത് എന്ന തിരിച്ചറിവ് പദ്ധതിക്കെതിരെ വൻപ്രതിഷേധത്തിന്

കാരണമായി. സേവ് സൈലന്റ്‌വാലി എന്ന പേരിൽ സംഘടനകൾ രൂപീകൃതമായി സലിംഅലി, കെ.പി.എസ്. മേനോൻ, സുഗതകുമാരി, ജോൺ .സി. ജേക്കബ് തുടങ്ങി നിരവധി വ്യക്തികളുടെ പങ്കാളിത്തം സൈലന്റ്‌വാലി സംരക്ഷണ സമരത്തിനു ണ്ടായിരുന്നു.

വൈദ്യുതി, ജലസേചനം എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കായി പ്രകൃതിയെ ദുരുപയോഗം ചെയ്താൽ തിരിച്ചടി നേരിടേണ്ടി വരുമെന്ന ബോധ്യം ഉൾക്കൊണ്ടുതന്നെ ജൈവവൈവിധ്യം നിറഞ്ഞു നിൽക്കുന്ന സൈലന്റ്‌വാലി കാടുകളെ നശിപ്പിച്ച് വൈദ്യുത പദ്ധതി സ്ഥാപിക്കാൻ ശ്രമങ്ങൾ നടന്നു. അതിനെതിരെയുണ്ടായ ജനകീയ സമരം കേരളത്തിനകത്തും പുറത്തും പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനും കാടിന്റെ പാരിസ്ഥിതിക പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും സഹായിച്ചു. “സൈലന്റ്‌വാലി പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഐതിഹാസികമായൊരു താഴ്വര നഷ്ടമാകുന്നു എന്ന ദോഷം മാത്രമല്ല ഉള്ളത് നമ്മുടെ സാങ്കേതികവിദഗ്ദർ പ്രകൃതി ദത്തമായ പരിസ്ഥിതി നിലനില്പിനെ എങ്ങനെ കശാപ്പുചെയ്യുന്നു എന്നതിന്റെ നാടകീയാവിഷ്ക്കാരം കൂടിയാണ് അത്. അതിനെതിരായുള്ള വിമർശനം സാങ്കേതിക വിദഗ്ധരോട് പ്രകൃതിസ്നേഹികളുടെ ആദർശചോദിതമായ കലഹമല്ല. മറിച്ച് വെറും 25-50 വർഷക്കാലത്തെ ഊർജ്ജലഭ്യതയ്ക്കുവേണ്ടി തനിമയാർന്ന പരമവും സ്ഥായിയും ആയ ഒരു ജീൻകലവറയെ ബലികഴിക്കുന്നതിനോടുള്ള ന്യായമായ പ്രതിഷേധമാണ്” എന്ന റോമുലൻസ് വിറ്റേക്കറുടെ നിരീക്ഷണം എം. അച്യുതൻ തന്റെ ‘പരിസ്ഥിതി പഠനത്തിന് ഒരാമുഖം’ എന്ന കൃതിയിൽ പരാമർശിക്കുന്നുണ്ട് (2013:190).

ശാസ്ത്രസാഹിത്യപരിഷത്ത് ഈ വിഷയത്തെക്കുറിച്ച് പഠനറിപ്പോർട്ട് തയ്യാറാക്കുകയും സൈലന്റ്‌വാലിയുടെ പരിസ്ഥിതിപ്രാധാന്യം ജനങ്ങളെ മനസ്സിലാക്കു ന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ നിരവധി വ്യക്തികളു ടെയും സംഘടനകളുടെയും പ്രവർത്തനഫലമായി സൈലന്റ് വാലി പദ്ധതി ഉപേക്ഷിക്കപ്പെട്ടു. 1979-ൽ എം.ജി.കെ. മേനോനെ അദ്ധ്യക്ഷനാക്കി ശ്രീമതി ഇന്ദിരാഗാന്ധി നിയോഗിച്ച കമ്മിറ്റി സൈലന്റ്‌വാലി പദ്ധതിയെക്കുറിച്ചും അതിന്റെ പാരിസ്ഥിതികാഘാത ത്തെക്കുറിച്ചും നടത്തിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1984-ൽ പദ്ധതി ഉപേക്ഷിക്കണമെന്നും സൈലന്റ്‌വാലി നിക്ഷിപ്തവനമായി പ്രഖ്യാപിക്കണമെന്നും ശ്രീമതി. ഇന്ദിരാഗാന്ധി ആവശ്യപ്പെടുകയും തുടർന്ന് കേരള മുഖ്യമന്ത്രി സൈലന്റ് വാലിയെ നാഷണൽപാർക്കായി പ്രഖ്യാപിക്കുകയും ചെയ്തു.

### 1.1.3.1.3.3. ചാലക്കുടിപ്പുഴയുടെ മലിനീകരണത്തിനെതിരെ നടന്ന സമരം

തൃശ്ശൂർ നഗരത്തിൽ നിന്ന് നാല്പത് കിലോമീറ്റർ അകലെ കാതികൂടം ഗ്രാമത്തിൽ ചാലക്കുടിപ്പുഴയുടെ തീരത്ത് 1975-ൽ ആരംഭിച്ച കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന സ്ഥാപനം ചാലക്കുടിപ്പുഴയെയും കാതികൂടം എന്ന ഗ്രാമത്തെയും പലവിധത്തിലും മലിനപ്പെടുത്തി പ്രദേശത്തെ ജനജീവിതം ദുസ്സഹമാക്കി ത്തീർത്തു. ജലാറ്റിൻ ഉണ്ടാക്കാൻ ആവശ്യമായ ഒസീൻ എന്ന പ്രോട്ടീൻ മൃഗങ്ങളുടെ എല്ലിൽനിന്ന് വേർതിരിക്കുന്ന പ്രക്രിയയാണ് ഈ കമ്പനിയിൽ നടന്നിരുന്നത്. ചാലക്കുടിപ്പുഴയിൽ നിന്ന് അനുമതിയില്ലാതെ ധാരാളം ജലമെടുക്കുകയും മാലിന്യങ്ങൾ നദിയിലേക്കു തള്ളുകയും ചെയ്യുന്ന കമ്പനിക്കെതിരെ ജനങ്ങളിൽ നിന്നും പ്രതിഷേധം ശക്തമായെങ്കിലും കേരളസംസ്ഥാനവികസന കോർപ്പറേഷന് അമ്പത്തിരണ്ട് ശതമാനം ഓഹരിയുള്ള കമ്പനിയുടെ പക്ഷത്തുനിന്ന സർക്കാർ ജനങ്ങളുടെയും പരിസ്ഥിതി യുടെയും ദുരിതങ്ങൾ കണ്ടില്ലെന്നു നടിച്ചു. ക്യാൻസർ മരണങ്ങളും ആസ്തമയും ചർമരോഗങ്ങളും വ്യാപകമായ ഈ പ്രദേശത്ത് കമ്പനിക്കെതിരെ വലിയ ജനകീയ മുന്നേറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. കമ്പനിയുടെ സ്വാധീനമാണ് ഇതിനുപിന്നിലെന്ന് കാതികൂടം നിവാസികൾ പറയുന്നു. ഹൈഡ്രോക്ലോറിക് ആസിഡ് കലർന്ന വെള്ളം, മജ്ജയും മാംസാവശിഷ്ടങ്ങളും, ഗ്രീസ്, എണ്ണ ഇവയൊക്കെ ചാലക്കുടിപ്പുഴയിലേക്കും കാതികൂടം എന്ന ഗ്രാമത്തിലേക്കും അനധികൃതമായി വിതരണം ചെയ്തുകൊണ്ട് കമ്പനി കാതികൂടം എന്ന ഗ്രാമത്തെ കൈയ്യേറുകയാണുണ്ടായത്. 2008 ലാണ് കമ്പനിക്കെതിരെ ആക്ഷൻ കൗൺസിൽ രൂപീകരിക്കപ്പെടുകയും സമരപരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തത്.

### 1.1.3.1.3.4 എൻഡോസൾഫാൻ ദുരിതം-സമരം

ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ പ്രധാനമാണ് രാസകീടനാശിനി കളുടെയും രാസവളങ്ങളുടെയും ഉപയോഗം. കീടനാശിനി പ്രശ്നങ്ങളിൽ കൂടുതൽ ജനശ്രദ്ധയാകർഷിച്ചത് എൻഡോസൾഫാന്റെ ഉപയോഗമാണ്. ആയിരത്തിതൊള്ളാ യിരത്തി എഴുപതുകളുടെ മധ്യത്തിലാണ് കേരള പ്ലാന്റേഷൻ കോർപ്പറേഷൻ കാസർകോഡുഭാഗത്തെ കശുമാവിൻ തോട്ടങ്ങളിൽ ഹെലികോപ്റ്റർ വഴി എൻഡോസൾഫാൻ കീടനാശിനി തളിക്കാൻ തുടങ്ങിയത്. വളരെ വൈകാതെ തന്നെ തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങൾ, നാഡീസംബന്ധമായ പ്രശ്നങ്ങൾ, അംഗവൈകല്യം, ഗർഭം അലസൽ, ക്യാൻസർ, അപസ്മാരം, മാനസികരോഗങ്ങൾ

എന്നിവ ആ പ്രദേശത്ത് വ്യാപിച്ചു. അന്ധവിശ്വാസികളായ പ്രദേശവാസികൾ ദൈവകോപത്തിന്റെ ഫലമാണിതെന്നുവിശ്വസിച്ചു. കാസർകോടുഭാഗത്തെ എൻഡോസൾഫാൻ ദുരന്തത്തിന്റെ നേർചിത്രമാണ് അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ. പ്രദേശത്തെ എൻഡോസൾഫാൻ പ്രയോഗത്തെയും ജനങ്ങളുടെ അന്ധവിശ്വാസങ്ങളെയും എൻഡോസൾഫാൻ ദുരന്തത്തെയും പ്രതിരോധത്തെയുമെല്ലാം യഥാതഥമായി ചിത്രീകരിക്കാൻ നോവലിനു കഴിയുന്നുണ്ട്.

2001-ൽ ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് നടത്തിയ പഠനത്തിൽ മണ്ണിലും മനുഷ്യരക്തത്തിലും വെള്ളത്തിലും മുലപ്പാലിലും മൃഗങ്ങളുടെ കോശങ്ങൾ, പുല്ല്, പച്ചക്കറികൾ എന്നിവയിലും എൻഡോസൾഫാൻ തന്മാത്രകൾ അടങ്ങിയതായി വ്യക്തമാക്കുന്നുണ്ട്. മനുഷ്യന്റെ തലച്ചോറിനെ ബാധിക്കാൻ കഴിവുള്ളതിനാൽ ഈ വിഷം വളരെ മാരകമായ പ്രതികരണങ്ങളാണ് ഉണ്ടാക്കിയത്. കീടനാശിനി പ്രയോഗിക്കപ്പെട്ട പ്രദേശങ്ങളിലും സമീപപ്രദേശങ്ങളിലും എൻഡോസൾഫാൻ തൊഴിലാളികളിലും വളരെ ക്രൂരമായ രീതിയിലാണ് രോഗങ്ങൾ പടർന്നത്. എൻഡോസൾഫാൻ നിരോധിക്കുന്നതിനുപകരം അനുകൂലമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. ലീലാകുമാരിയമ്മ എന്ന വീട്ടമ്മ എൻഡോസൾഫാനെതിരെ ശക്തമായ നിയമപോരാട്ടവുമായി മുന്നോട്ടുവന്നു. എൻഡോസൾഫാൻ പ്രതിരോധസമരത്തിലെ സജീവപങ്കാളിത്തമാണവർ. നിരവധി പരിസ്ഥിതി സംഘടനകളുടെയും നിയമവഴികളിലൂടെയും നേരിട്ടുമുള്ള പ്രതിഷേധങ്ങൾ വർദ്ധിച്ചപ്പോൾ 2000 ത്തിനുശേഷം ഈ മേഖലയിൽ എൻഡോസൾഫാൻ പ്രയോഗം പൂർണ്ണമായും നിർത്തലാക്കി എങ്കിലും എൻഡോസൾഫാന്റെ പരിണതഫലങ്ങൾ ഇന്നും പ്രദേശവാസികളെ ബാധിക്കുന്നു.

### 1.1.3.1.3.5. പ്ലാച്ചിമടസമരം

ബഹുരാഷ്ട്രകുത്തകക്കമ്പനിയായ ഹിന്ദുസ്ഥാൻ കൊക്കക്കോള 2000 ജൂണിൽ പ്ലാച്ചിമടയിൽ പ്രവർത്തനമാരംഭിച്ചു. അംഗീകൃത വ്യവസ്ഥകളോടെ ആരംഭിച്ച കോള ഉല്പാദനം വ്യവസ്ഥകളൊന്നും പാലിച്ചില്ല. ഭൂഗർഭജലവിധാനം കൂടുതലുള്ള പ്രദേശമായിരുന്ന പ്ലാച്ചിമടയിൽ കമ്പനി പ്രവർത്തനം തുടങ്ങിയതോടെ ജലവിധാനം താഴുകയും ജലം ഉപയോഗശൂന്യമായിത്തീരുകയും ചെയ്തു. ദിനംപ്രതി ഏതാണ്ട് പത്ത് ലക്ഷം ലിറ്ററോളം ജലം കോളക്കമ്പനി ബോർവെല്ലുകൾ വഴി ഊറ്റിയെടുത്തിരുന്നു. പ്ലാച്ചിമടയിലെ ജലചൂഷണത്തിനും മലിനീകരണത്തിനുമെതിരെ മയിലമ്മയുടെ

നേതൃത്വത്തിൽ ആദിവാസിസ്ത്രീകൾ സമരമാരംഭിച്ചു. സമൂഹത്തിൽ ഏറെ ചലനം സൃഷ്ടിച്ച ജനകീയ സമരമായിരുന്നു 2003-ൽ കോളക്കമ്പനിക്കെതിരെ പ്ലാച്ചിമടയിൽ നടന്നത്. ഇത്തരത്തിൽ പ്രദേശവാസികൾ ആരംഭിച്ച സമരം ശക്തമായ ഘട്ടത്തിൽ സംഘടനകളും രാഷ്ട്രീയപാർട്ടികളും അതിന്റെ ഭാഗമായി.

"ഒരു പ്രാദേശികസമരം ലോകത്തെമ്പാടുമുള്ള സമരങ്ങൾക്ക് മാതൃകയും പ്രചോദനവുമായിത്തീരുന്നതിന്റെ നല്ല ഒരുദാഹരണമാണിത്. ആഗോളീകരണത്തെ നേരിടാൻ ചെറുത്തു നിൽപുകളെത്തന്നെ ആഗോളീകരിക്കണം ഇതിലൂടെ നിങ്ങളുടെ പ്രതീക്ഷകളെയും ആഗോളീകരിക്കാം" എന്ന് മാതൃഭൂമി സമകാലികരേഖാപരമ്പരയിൽ സി. സുരേന്ദ്രനാഥ് രേഖപ്പെടുത്തുന്നുണ്ട് (2005:54). ആഗോളീകരണചിന്തകളുടെ അടിസ്ഥാനമാകുന്നതിനും ഈ സമരത്തിനു കഴിഞ്ഞു. പ്ലാച്ചിമടസമരത്തിൽ ഏറ്റവും ശ്രദ്ധേയമായത് 2004 ജനുവരി 21, 22 തിയ്യതികളിൽ പ്ലാച്ചിമടയിലും ജനുവരി 23 ന് പുതുശ്ശേരിയിലും നടന്ന ലോകജലസമ്മേളനമാണ്. കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വ്യക്തികൾ ലോകജലസമ്മേളനത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. "വെള്ളം എല്ലാവർക്കും ഉള്ളതാണ് അത് വിലയ്ക്കുവാങ്ങാമെന്നു പറയാൻ ആർക്കും അധികാരമില്ല ജീവനുവേണ്ടിയുള്ള പ്ലാച്ചിമടയിലെ സമരത്തിന് ലോകത്തിന്റെ മുഴുവൻ പിന്തുണയുമുണ്ട്. പ്ലാച്ചിമട ഒരു പ്രതീകമാണ്". എന്ന് ഹോസെബുവെ ജലസമ്മേളന ത്തിൽ (2005:58) പറഞ്ഞു. കുടിവെള്ളത്തിനു വേണ്ടിയുള്ള സമരത്തിൽ ലോകം പ്ലാച്ചിമടയ്ക്ക് പൂർണ്ണ പിന്തുണനൽകി.

പ്രകൃതിവിഭവങ്ങൾക്കുമേൽ വൻകടന്നുകയറ്റം നടത്തുന്ന ആഗോള കുത്തകകൾ ക്കെതിരെ പ്രദേശവാസികൾ നടത്തിയ സമരമാണ് പ്ലാച്ചിമടയിൽ നടന്നത്. പ്രകൃതി വിഭവങ്ങൾ സ്വകാര്യസ്വത്തല്ല എന്നും സ്വന്തം ലാഭത്തിനുവേണ്ടി അന്യരുടെ അവകാശ അധികാരങ്ങൾക്കുമേൽ വിലങ്ങിടുന്നത് ശരിയായ പ്രവണതയല്ലെന്നും ശുദ്ധമായ ജലവും വായുവും മണ്ണും ആരോഗ്യകരമായ ജീവിതവും ഓരോ വ്യക്തിയുടെയും അവകാശമാണെന്നും പ്ലാച്ചിമടസമരം സാക്ഷ്യപ്പെടുത്തുന്നു. വരും തലമുറയ്ക്കുവേണ്ടി പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നുകൂടി ഈ സമരം മുന്നറിയിപ്പു തരുന്നു. പ്ലാച്ചിമടസമരത്തിൽ ജലത്തിന്റെ പ്രാധാന്യം വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്.

1. ജലം ജീവന്റെ ആധാരമാണ്. അത് പ്രകൃതിയുടെ വരദാനമാണ്. അത് ഈ ഭൂഗോളത്തിലെ സമസ്തജീവജാലങ്ങളുടേതുമാണ്.

2. വെള്ളം ആരുടെയും സ്വകാര്യസ്വത്തല്ല. അത് എല്ലാ ജീവജാലങ്ങളുടെയും

പൊതുവായ പ്രഭവമാണ്.

3. മനുഷ്യന്റെ മൗലികമായ അവകാശമാണ് ജലം. അത് സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും അതിന്റെ ദൗർബല്യവും മലിനീകരണവും തടയേണ്ടതും തലമുറകൾക്കുവേണ്ടി അതിനെ സൂക്ഷിക്കേണ്ടതും നമ്മുടെ മൗലികമായ കർത്തവ്യമാണ്.

4. വെള്ളം കച്ചവടച്ചരക്കല്ല. ജലത്തെ വിപണനവത്ക്കരണത്തിനും സ്വകാര്യ കുത്തകവത്ക്കരണത്തിനും വിധേയമാക്കാനുള്ള എല്ലാ ഉദ്യമങ്ങളെയും ചെറുക്കേണ്ടതാണ് ലോകത്തെങ്ങുമുള്ള ജനങ്ങൾക്ക് ജലത്തിനുള്ള മൗലികവും അനിരോധ്യവുമായഅവകാശത്തെ ഈരീതിയിൽ മാത്രമേ ഉറപ്പു വരുത്താനാവുകയുള്ളൂ' എന്നിങ്ങനെ പ്ലാച്ചിമട പ്രഖ്യാപനം പറയുന്നു (2005:61).

ജലമെന്ന പ്രകൃതിവിഭവത്തിന്മേൽ കുത്തക അവകാശങ്ങൾ സ്ഥാപിക്കപ്പെടുന്നതിനെതിരെ നടന്ന ഈ സമരം വൻവിജയമായിരുന്നു. ഇത്തരത്തിൽ വിജയിച്ചവയും പരാജയപ്പെട്ടവയുമായ എല്ലാസമരങ്ങളും പരിസ്ഥിതിസംരക്ഷണപരമായ ആശയങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് സഹായിച്ചു.

### 1.1.3.2. സംഘടനകളും പ്രസ്ഥാനങ്ങളും

പരിസ്ഥിതിബോധം സമൂഹത്തിൽ വ്യാപകമായതിന്റെ പ്രതിഫലനമെന്നോണം ആഗോളതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലുമൊക്കെയായി നിരവധി പരിസ്ഥിതി സംഘടനകൾ രൂപംകൊണ്ടു. അവയെല്ലാം പരിസ്ഥിതി സംരക്ഷണത്തിനും പാരിസ്ഥിതികാവബോധരൂപീകരണത്തിനുമായി പ്രവർത്തിച്ചു. ഇത്തരം പരിസ്ഥിതി സംഘടനകളെക്കുറിച്ചാണ് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്.

### 1.1.3.2.1. അന്തർദ്ദേശീയതലം

### 1.1.3.2.1.1. വേൾഡ് വൈഡ് ഫണ്ട് ഫോർ നാച്വർ (WWF)

1961 – ൽ സ്വിറ്റ്സർലാന്റിൽ ഒരു സന്നദ്ധ സംഘടനയായി പ്രവർത്തനമാരംഭിച്ച അന്താരാഷ്ട്ര സംഘടനയാണിത്. പരിസ്ഥിതി സംബന്ധമായ ഗവേഷണങ്ങൾക്കും ഈ സംഘടന പ്രാധാന്യം നൽകുന്നു. വനങ്ങൾ, ശുദ്ധജല ആവാസവ്യവസ്ഥ, സമുദ്രം, സമുദ്രതീരങ്ങൾ, വംശനാശഭീഷണി നേരിടുന്ന മൃഗങ്ങൾ, മലിനീകരണം കാലാവസ്ഥ എന്നിങ്ങനെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളിലും സംഘടന ഇടപെടുന്നു.

### 1.1.3.2.1.2. കമ്മീഷൻ ഫോർ എൻവയൺമെന്റൽ കോർപ്പറേഷൻ (CEC)

അമേരിക്കൻ ഐക്യനാടുകളിൽ കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങൾ ചേർന്ന് രൂപീകരിച്ച ഈ സംഘടന വ്യാപാരപരിസ്ഥിതിപ്രശ്നങ്ങളിൽ ഇടപെടുകയും പരിസ്ഥിതിനിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് പരിസ്ഥിതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

### 1.1.3.2.1.3. ഫ്രണ്ട്സ് ഓഫ് ദ എർത്ത്

സ്വതന്ത്രസംഘടനയായ ഫ്രണ്ട്സ് ഓഫ് ദ എർത്തിൽ അമേരിക്ക, യൂറോപ്പ്, മറ്റ് വികസ്വരരാഷ്ട്രങ്ങൾ എന്നിവയിൽ നിന്നുള്ള സംഘടനകളുടെ പ്രാതിനിധ്യമുണ്ട്. രാഷ്ട്രീയസാമൂഹ്യമനുഷ്യാവകാശതലങ്ങളിൽ പരിസ്ഥിതിപ്രശ്നങ്ങളെ സമീപിക്കുന്നു സംഘടന. പരിസ്ഥിതി വിദ്യാഭ്യാസഗവേഷണപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

### 1.1.3.2.1.4. ഗ്രീൻപീസ്

1971-ൽ ആംസ്റ്റർഡാമിൽ രൂപീകരിക്കപ്പെട്ട സർക്കാരേതര സംഘടനയാണ് ഗ്രീൻപീസ്. മുപ്പത്തിനാലോളം രാജ്യങ്ങളിൽ പരന്നു കിടക്കുന്ന ഈ സംഘടന ആണവപരീക്ഷണങ്ങളും അപകടകാരികളായ മാലിന്യങ്ങളുടെ വിപണനവും ദരിദ്രരാജ്യങ്ങളിൽ അവ നിക്ഷേപിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നു. പ്രകൃതിയുടെ പച്ചപ്പ് എന്നർത്ഥമുള്ള ഗ്രീൻപീസ് എന്ന പദമാണ് സംഘടനയുടെ പേര്. അത്തരത്തിൽ പ്രകൃതിയുടെ പച്ചപ്പ് നിലനിർത്താൻ സംഘടന ശ്രമിക്കുന്നു.

### 1.1.3.2.1.5. ഐക്യരാഷ്ട പരിസ്ഥിതിപരിപാടി

അന്തരീക്ഷ പരിസ്ഥിതിപ്രശ്നങ്ങളുടെ ഏകോപനം, നിരീക്ഷണം എന്നിവ ലക്ഷ്യമാക്കി 1972 മുതൽ പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര ഏജൻസിയാണിത്. കെനിയ യിലെ നെയ്റോബി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടന ഐക്യരാഷ്ട്ര സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ പരിസ്ഥിതിപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അന്താരാഷ്ട്ര പരിസ്ഥിതിനിയമങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.

### 1.1.3.2.1.6. ഗ്രീൻബെൽറ്റ് മൂവ്മെന്റ്

വംഗാരിമാതായ് എന്ന പരിസ്ഥിതിപ്രവർത്തകയുടെ നേതൃത്വത്തിൽ വനനശീകരണം തടയുന്നതിനും ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുമായി കെനിയയിൽ 1977-ൽ രൂപീകരിക്കപ്പെട്ട സംഘടനയാണിത്. വനനശീകരണമുണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും സംഘടനയ്ക്ക് കഴിഞ്ഞു.

ഇത്തരം സംഘടനകൾ കൂടാതെ അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ വ്യാപനം നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ 1977- ൽ തയ്യാറാക്കിയ ക്യോട്ടാഉടമ്പടി. വന്യജീവിസംഘടനകളുടെ കൂട്ടായ്മ RSWT (1981) എന്നിങ്ങനെ പരിസ്ഥിതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പലതരം സംഘടനകൾ ആഗോളതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### 1.1.3.2.2. ദേശീയതലം

### 1.1.3.2.2.1. ചിപ്കോപ്രസ്ഥാനം

വനനശീകരണത്തിനെതിരെയുള്ള സംഘടിതമായ ചെറുത്തുനിൽപ്പാണ് ചിപ്കോ പ്രസ്ഥാനത്തിന് രൂപം നൽകിയത്. 1973-ൽ സാൻഡോസ് കമ്പനിക്കുവേണ്ടി ആഷ്മരങ്ങൾ മുറിക്കാനെത്തിയവരെ ചണ്ഡീപ്രസാദ്ഭട്ടിന്റെ നേതൃത്വത്തിൽ തടഞ്ഞു. വീണ്ടും മരം മുറിക്കാനെത്തിയപ്പോൾ ഗ്രാമീണ സ്ത്രീകൾ മരങ്ങളെ കെട്ടിപ്പിടിച്ച് സമരം ചെയ്തു. ഇത്തരത്തിൽ മരംവെട്ടുന്നതിനെതിരെ ആരംഭിച്ച പ്രസ്ഥാനം പിന്നീട് പരിസ്ഥിതിസംരക്ഷണ പ്രസ്ഥാനമായി വളർന്നു (എം. അച്യുതൻ, 2013:186-187).

### 1.1.3.2.2.2. ശാസ്ത്രപരിസ്ഥിതികേന്ദ്രം

1980 മുതൽ ന്യൂഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘടനയാണിത്. പരിസ്ഥിതിവികസനപ്രവർത്തനങ്ങൾ, കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച കാര്യങ്ങൾ എന്നിവയിൽ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു സംഘടന.

### 1.1.3.2.2.3. എപ്പിക്കോ പ്രസ്ഥാനം

ചിപ്കോപ്രസ്ഥാനത്തിന്റെ പ്രചോദനത്താൽ കർണാടകയിൽ 1983-ൽ രൂപം കൊണ്ട പ്രസ്ഥാനമാണിത്. വനസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുകയും നിലനിൽക്കുന്ന വനങ്ങളെ സംരക്ഷിക്കുകയും പുതിയവ വച്ചു പിടിപ്പിക്കുകയും ചെയ്യുക എന്നത് പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിലുൾപ്പെടുന്നു.

കന്നട ജില്ലയിലെ കലാസേ വനത്തിലെ മരങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് ഗ്രാമീണരാണ് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

#### 1.1.3.2.2.4. നവധാന്യ

വന്ദനശിവയുടെ നേതൃത്വത്തിൽ 1984-ൽ ആരംഭിച്ച സർക്കാരിതര സംഘടനയാണിത്. പ്രകൃതിസംരക്ഷണം, ജൈവകൃഷി, പരമ്പരാഗതവിത്തുകളുടെ സംരക്ഷണം എന്നിവയ്ക്കാണ് സംഘടന പ്രധാന്യം നൽകിയത്. ജനിതക എഞ്ചിനീയറിങ്ങിനെ വിമർശിക്കുന്ന സംഘടന ജൈവവൈവിധ്യമാണ് ലക്ഷ്യം വയ്ക്കുന്നത്.

#### 1.1.3.2.2.5. ഗംഗാമഹാസഭ

1905-ൽ ഗംഗാനദിയെ സംരക്ഷിക്കുന്നതിനായി മദൻ മോഹൻ മാളവ്യ സ്ഥാപിച്ച സംഘടനയാണിത്. ഗംഗാ മലിനീകരണത്തിനെതിരെയാണ് സംഘടന പ്രവർത്തിച്ചത്.

#### 1.1.3.2.2.6. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ

വന്യജീവികളെയും വനത്തെയും സംരക്ഷിക്കുന്നതിനുവേണ്ടി 1998-ൽ രൂപീകരിക്കപ്പെട്ട സംഘടന പരിസ്ഥിതിസംരക്ഷണത്തിന് വേണ്ടിയും പ്രവർത്തിക്കുന്നു.

ഇവ കൂടാതെ ആഗോളപ്രകൃതിനിധി- ഇന്ത്യ, നേച്ചർ ക്ലബ്, ഊർജ്ജവിഭവ ഇൻസ്റ്റിറ്റ്യൂട്ട്, 2010- ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം നിലവിൽ വന്ന നിയമസംവിധാനമായ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (പരിസ്ഥിതിസംരക്ഷണം, വനപരിപാലനം എന്നിവ സംബന്ധിച്ച നിയമങ്ങൾ വേഗത്തിലും ഫലപ്രദമായും നടപ്പിലാക്കാൻ ഈ സംവിധാനം ശ്രമിക്കുന്നു.) എന്നിങ്ങനെ നിരവധി സംഘടനകൾ ദേശീയതലത്തിൽ പരിസ്ഥിതി പ്രവർത്തനങ്ങൾക്കായി രൂപപ്പെടുന്നുണ്ട്.

### 1.1.3.2.3. സംസ്ഥാനതലം

#### 1.1.3.2.3.1. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

കേരളത്തിലെ പരിസ്ഥിതിസംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സംഘടന ശാസ്ത്ര എഴുത്തുകാരുടെ കൂട്ടായ്മയിൽ നിന്ന് 1962-ൽ രൂപപ്പെട്ടതാണ്. പരിസ്ഥിതിപ്രവർത്തനങ്ങളിൽ നിർദ്ദേശങ്ങൾ വയ്ക്കുകയും പരിസ്ഥിതിബോധം ജനങ്ങളിലുണ്ടാക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു ഈ സംഘടന.

### 1.1.3.2.3.2. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

1972– ലെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പാണ് 2002 മുതൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നറിയപ്പെടുന്നത്. ശാസ്ത്രപഠനത്തിന് പ്രാധാന്യം നൽകുന്ന സംഘടനയാണിത്. 1987 മുതൽ സർക്കാർ വകുപ്പായ ഈ സ്ഥാപനത്തിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. പരിസ്ഥിതി നിയമങ്ങൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കുകയും പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

### 1.1.3.2.3.3. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടന പരിസ്ഥിതി നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നു. സംസ്ഥാനത്തെ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക എന്ന ചുമതലയാണ് ഈ സ്ഥാപനത്തിനുള്ളത്.

### 1.1.3.2.3.4 കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

കേന്ദ്ര സർക്കാർ 2002–ൽ പാസ്സാക്കിയ ജൈവവൈവിധ്യ നിയമത്തിനനുസരണ മായി 2005–ൽ ജൈവവൈവിധ്യബോർഡ് കേരളത്തിൽ നിലവിൽവന്നു. ജൈവ വൈവിധ്യ സംരക്ഷണത്തിനായാണ് സംഘടന പ്രധാനമായും നിലകൊള്ളുന്നത്.

പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ പ്രകൃതിയുടെയും മനുഷ്യന്റെയും നാശത്തിനാ ണെന്നും അതിനാൽ പ്രകൃതി സംരക്ഷിക്കപ്പെടണമെന്നുമുള്ള ബോധ്യം എഴുപതു കൾക്ക് മുമ്പ് തന്നെ ഉണ്ടായിരുന്നെങ്കിലും അതിനായി സർക്കാർ സർക്കരേതരതലത്തിൽ സംഘടിതപ്രവർത്തനം ആരംഭിച്ചത് എഴുപതുകളിലാണ്. പ്രകൃതിസംരക്ഷണാർത്ഥം നിലവിൽ വന്ന ഈ സംഘടനകളുടെ പ്രവർത്തനം ആദ്യഘട്ടത്തിൽ സംഘടനകൾക്കു ള്ളിൽ മാത്രം ഒതുങ്ങിയെങ്കിലും പിൽക്കാലത്ത് ജനങ്ങൾക്കിടയിലേക്ക് വ്യാപിച്ചു. പരിസ്ഥിതിബോധവൽക്കരണപരിപാടികൾ, പരിസ്ഥിതിദിനാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പരിപാടികൾ എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ പാരിസ്ഥിതികാവബോധം വ്യാപിക്കാൻ സഹായിച്ചു.

### 1.1.4. വ്യക്തികളുടെ ഇടപെടൽ

പരിസ്ഥിതിപ്രസ്ഥാനങ്ങൾക്കും സമരങ്ങൾക്കുമൊപ്പം ചിന്തകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ചരിത്രപരമായ സംഭാവനകൾ നൽകിയ നിരവധി വ്യക്തിക ളുണ്ട്. പരിസ്ഥിതിയെ യജമാനഭാവത്തിൽ നോക്കിക്കാണുകയും വികസനം എന്ന ഏക

അജണ്ടയിൽ നിലകൊള്ളുകയും അതിനായി പ്രകൃതിയെ ഹനിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾക്കെതിരെ പ്രതികരിച്ച പരിസ്ഥിതി പ്രവർത്തകരെയാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്. 1.3.1.1. എന്ന ഖണ്ഡത്തിൽ സൂചിപ്പിക്കപ്പെട്ട സമരങ്ങളും സംഘടന കളുമായി ബന്ധപ്പെട്ട വ്യക്തികൾ കൂടി ഈ ഖണ്ഡത്തിൽ ഉൾപ്പെടുന്നുണ്ട്.

### 1.1.4.1. അന്തർദേശീയതലം

#### 1.1.4.1.1. ഹെന്റി ഡേവിഡ് തോറോ

വാൾഡൺ എന്ന വനപ്രദേശത്ത് ഒരു വർഷം ഏകാന്തജീവിതം നയിച്ച ഹെൻട്രി തോറോ വനപ്രദേശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് 1860-കളിൽ തന്നെ എഴുതുക യുണ്ടായി. ഭൂരിഭാഗം ആളുകൾക്കും പ്രകൃതിയെക്കുറിച്ച് ചിന്തയില്ലെന്നും തുച്ഛമായ വിലയ്ക്കുവേണ്ടി അതിനെ വിറ്റുതുലയ്ക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. കാനന വാസത്തിന്റെ അനുഭവങ്ങൾ അദ്ദേഹം 'വാൾഡൺ' എന്ന ഗ്രന്ഥത്തിലൂടെ ജനങ്ങളിലെ ത്തിച്ചു. സുഹൃത്തുക്കളുടെയും പരിചയക്കാരുടെയും എതിർപ്പിനെ അവഗണിച്ചു കൊണ്ട് വാൾഡൺ തടാകതീരത്ത് കുടിൽകെട്ടി താമസിച്ചുകൊണ്ടാണ് തോറോ 'വാൾഡൺ' എന്ന പ്രശസ്തഗ്രന്ഥം രചിച്ചത്.

#### 1.1.4.1.2. റേച്ചൽ കഴ്സൺ

അമേരിക്കയിലെ മത്സ്യ- വന്യജീവിവകുപ്പിൽ സാമുദ്രികജീവശാസ്ത്രജ്ഞയായ റേച്ചൽ കഴ്സൺ 1962-ൽ പ്രസിദ്ധീകരിച്ച 'നിശബ്ദവസന്തം' എന്ന കൃതിയിൽ രാസ കീടനാശിനികളുടെ ഉപയോഗത്തിലൂടെ നാം എത്ര വലിയ പാരിസ്ഥിതിക ദുരന്തത്തി ലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. രാസകീടനാശിനികളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് പുതുതലമുറയ്ക്ക് ബോധ്യമുണ്ട്. എന്നാൽ 1962 കാലത്ത് പൊതുജനത്തിന് അതൊരു പുതിയ അറിവായിരുന്നു. "മനുഷ്യന്റെ മൗലികമായ അവകാശങ്ങളിലൊന്നു തീർച്ചയായും മറ്റ് ആളുകൾ തൂകുന്ന വിഷവസ്തുക്കളുടെ അനധികൃതമായ പ്രവേശനത്തിനെതിരെ സ്വന്തം വീട്ടിൽ സുരക്ഷിതരായിരിക്കാനുള്ള ഓരോ പൗരന്റെയും അവകാശമാണ്" എന്നു വ്യക്തമാക്കിയ റേച്ചൽ കഴ്സൺ രാസവസ്തുക്കളുടെ ദൂഷ്യവശങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി (2013:16). പരിസ്ഥിതി പ്രവർത്തനങ്ങൾ സജീവമാകുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ രാസകീടനാശിനികൾ മൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെക്കുറിച്ച് വിശദമാക്കുവാൻ 'നിശബ്ദവസന്ത' ത്തിന് സാധിച്ചു. "കീടശല്യം ഇല്ലെന്നോ നിയന്ത്രണത്തിന്റെ ആവശ്യമില്ലെന്നോ

സ്ഥാപിക്കാനല്ല ഞാനിതെല്ലാം പറയുന്നത് മറിച്ച്, നിയന്ത്രണം യാഥാർത്ഥ്യത്തിലേക്കാണ് അല്ലാതെ സാങ്കല്പികാവസ്ഥകളിലേക്കല്ല നീങ്ങേണ്ടതെന്നും സ്വീകരിക്കുന്ന മാർഗ്ഗം കീടങ്ങളോടൊപ്പം നമ്മെയും നശിപ്പിക്കുന്നതായിരിക്കരുതെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നത്". എന്നിങ്ങനെ കീടങ്ങളെയും കീടനാശിനികളെയും കുറിച്ച് വ്യക്തമായ അവബോധം നിശബ്ദവസന്തത്തിലൂടെ കഴ്സൺ അവതരിപ്പിക്കുന്നു (2013:23).

### 1.1.4.1.3. മസനോബു ഫുക്കുവോക്ക

'ഒറ്റവൈക്കോൽ വിപ്ലവം' എന്ന കൃതിയിലൂടെ പാരിസ്ഥിതികചരിത്രത്തിന്റെ ഭാഗമായ മസനോബു ഫുക്കുവോക്ക പ്രകൃതികൃഷിക്ക് ഒരാമുഖം എന്ന രീതിയിൽ എഴുതിയ ഈ കൃതിയിലൂടെ പ്രകൃതിയിലേക്ക് മടങ്ങേണ്ടതിന്റെയും പ്രകൃതിയിൽ മനുഷ്യഇടപെടൽ നിയന്ത്രിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നു. പ്രകൃതിയിൽ നിന്നെടുക്കുന്നത് പ്രകൃതിക്കു തിരിച്ചു നൽകണമെന്നും പ്രകൃതി സ്വയം കീടനിയന്ത്രണവും കളനിയന്ത്രണവും നിർവ്വഹിച്ചുകൊള്ളുമെന്നും ഫുക്കുവോക്ക വ്യക്തമാക്കുന്നു. ജൈവകൃഷിയാണ് നമുക്കാവശ്യമെന്നും പുതിയകൃഷിരീതികൾ പരിസ്ഥിതിനാശത്തിനുള്ളതാണെന്നുമുള്ള ഈ ഗ്രന്ഥത്തിലെ ആശയങ്ങളാണ് കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ജൈവകൃഷിയെക്കുറിച്ചുള്ള ചിന്തകൾക്കടിസ്ഥാനം പ്രകൃതിയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രകൃതിയെ മുറിപ്പെടുത്താതെ മികച്ച വിളവ് നേടാനാവും എന്ന ബോധ്യപ്പെടുത്തലാണ് ഈ കൃതി. ദിനംതോറും വിഷമയമായിക്കൊണ്ടിരിക്കുന്ന കാർഷികമേഖലയ്ക്ക് മാറി ചിന്തിക്കാൻ പ്രേരണനൽകിയത് 1978-ൽ രചിക്കപ്പെട്ട ഈ പാരിസ്ഥിതികഗ്രന്ഥമാണ്. പ്രകൃതി സൗഹൃദപരമായ കാർഷിക ദർശനമാണ് ഫുക്കുവോക്ക അവതരിപ്പിക്കുന്നത്. പരിസ്ഥിതി ബോധത്തിന്റെ വ്യാപനത്തിനുശേഷവും കാർഷികജനത രാസകീടനാശിനികളും രാസവളങ്ങളുമുപയോഗിച്ച് പ്രകൃതിയെ നശിപ്പിക്കുന്നതരം കാർഷികരീതികൾ പിൻതുടരുന്ന പ്രസ്തുത സാഹചര്യത്തിൽ ഫുക്കുവോക്കയുടെ കൃഷിദർശനം വിലപ്പെട്ട അറിവാകുന്നു.

### 1.1.4.1.4. ഇ.ഒ. വിൽസൺ

1993-ൽ 'ഡൈവേഴ്സിറ്റി ഇൻ ലൈഫ്' എന്ന പുസ്തകമെഴുതിയ ഇ. ഒ. വിൽസൺ മനുഷ്യസ്രഷ്ടമായ പരിസ്ഥിതിനാശം ആഗോളതലത്തിൽ തന്നെ ജൈവനാശത്തിനു കാരണമാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നു. പരിസ്ഥിതി സംബന്ധമായ മികച്ച

ഗ്രന്ഥത്തിനുള്ള സമ്മാനം 'ഡൈവേഴ്സിറ്റി ഇൻ ലൈഫിന്' ലഭിച്ചിട്ടുണ്ട് ഷഡ്പദങ്ങളെക്കുറിച്ച് പഠനം നടത്തിയിരുന്ന അദ്ദേഹം ഭൂമിയിൽ ജീവൻ നിലനില്ക്കണമെങ്കിൽ ജൈവവൈവിധ്യം അത്യാവശ്യമാണെന്ന് വ്യക്തമാക്കുന്നു. (ഇറാച്ച് ബറൂച്ച, 2010:41)

#### 1.1.4.1.5. മേയിങ്

പരിസ്ഥിതിനാശത്തിനെതിരെ പ്രവർത്തിക്കുകയും ചൈനയിലെ ജനങ്ങൾക്ക് പാരിസ്ഥിതിക വിദ്യാഭ്യാസം നൽകാൻ പരിശ്രമിക്കുകയും ചെയ്ത മേയിങ് പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന ഹോങ്കോങ്ങിലെ 'ഫ്രണ്ട്സ് ഓഫ് എർത്ത്' എന്ന സംഘടനയുടെ ഡയറക്ടർ കൂടിയായിരുന്നു. ഹോങ്കോങിലെ ആദ്യഭൗമകേന്ദ്രവും ഊർജ്ജവിദ്യാഭ്യാസകേന്ദ്രവും സ്ഥാപിച്ച മേയിങ് ആഗോളതലത്തിൽ അറിയപ്പെടുന്ന പരിസ്ഥിതിപ്രവർത്തകയാണ് (ആശാലത .വി, 2013:21)

#### 1.1.4.1.6. വംഗാരിമാതായ്

കെനിയയിൽ വനനശീകരണത്തിനെതിരെ പ്രവർത്തിക്കുകയും രാജ്യത്ത് മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നേതൃത്വം നല്കുകയും ചെയ്ത വംഗാരിമാതായ് 1977-ലെ ലോകപരിസ്ഥിതിദിനത്തിൽ ഗ്രീൻബെൽറ്റ് മൂവ്മെന്റ് എന്ന പ്രസ്ഥാനം ആരംഭിച്ചു. ഈ പ്രസ്ഥാനത്തിലൂടെ അനധികൃതവനം കയ്യേറ്റവിഷയത്തിൽ കെനിയൻ ഭരണകൂടത്തിനെതിരെ നിലപാടെടുത്ത വംഗാരിമാതായ് ഭൂമിയുടെ അതിജീവനം ഓരോ മനുഷ്യന്റെയും പ്രശ്നമാണെന്ന യാഥാർത്ഥ്യം ജനങ്ങളെയും ഭരണകൂടത്തെയും ബോധ്യപ്പെടുത്തി പ്രകൃതിയെ ആരാധനയോടെ വീക്ഷിച്ചിരുന്ന കെനിയൻ സംസ്കാരരീതികളെ തിരികെ കൊണ്ടുവരാൻ ഗ്രീൻബെൽറ്റ് മൂവ്മെന്റിലൂടെ വംഗാരിമാതായ്ക്ക് സാധിച്ചു. മരംവച്ചു പിടിപ്പിക്കുന്നതിനും സ്ത്രീകളുടെ മുന്നേറ്റത്തിനു വേണ്ടിയും പ്രസ്ഥാനം നിലകൊണ്ടു. സാമൂഹികപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന വംഗാരിമാതായിയുടെ പ്രവർത്തനങ്ങൾ കെനിയയിൽ പാരിസ്ഥിതികാ വബോധമുണ്ടാക്കുന്നതിൽ വലിയ പങ്കുവഹിച്ചു (ആശാലത, 2013:18-20).

### 1.1.4.2. ദേശീയതലം

#### 1.1.4.2.1. സുന്ദർലാൽ ബഹുഗുണ

ഹിമാലയത്തിലെ മരംമുറിക്കൽ തടയുന്നതിനും പരിസ്ഥിതി അവബോധരൂപീകരണത്തിനുമായി പ്രവർത്തിച്ച വ്യക്തിയാണ് സുന്ദർലാൽ ബഹുഗുണ "എല്ലാവരും മരങ്ങളെ സ്നേഹിക്കണം എല്ലാവരും മരങ്ങളെ കെട്ടിപ്പിടിക്കണം" (ജി. നിർമ്മല, 2010:17)

എന്നാഹ്വാനം ചെയ്തുകൊണ്ട് മരങ്ങൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നു അദ്ദേഹം. "ജനങ്ങളുടെ ശക്തിക്കുമുന്നിൽ ഒരു സർക്കാറിനും പിടിച്ചു നിൽക്കാനാവില്ല. ആ ശക്തിയുപയോഗിച്ച് ഇന്നു നമ്മൾ വികസനത്തിന്റെ പേരിൽ നടത്തുന്ന ചൂഷണത്തിനും പിടിച്ചു പറിക്കുമെതിരെ പോരാടണം. ഭൂമി ക്ഷീണിതയാണ്, മരിച്ചു കൊണ്ടിരിക്കുകയാണ്, മരിച്ചു കൊണ്ടിരിക്കുന്ന അമ്മയുടെ മാറിൽക്കിടന്ന് മുലകുടിക്കുന്ന കുഞ്ഞിനെപ്പോലെയാണിന്ന് മനുഷ്യൻ പ്രകൃതിവിഭവ ങ്ങൾമനുഷ്യനുവേണ്ടി മാത്രമുള്ളതല്ല; അതു പൂക്കൾക്കും പൂമ്പാറ്റകൾക്കും എല്ലാം വേണ്ടിയുള്ളതാണ്. അവിടെ നിന്ന് നമ്മൾ നമുക്കാവശ്യമായതുമാത്രം; വളരെ കുറച്ചുമാത്രം എടുക്കുക" (ജി.നിർമ്മല, 2010;15) എന്നാണ് സുന്ദർലാൽ ബഹുഗുണ പറയുന്നത്. അണക്കെട്ടുകൾ പുരോഗതിയല്ല വിനാശമാണുണ്ടാക്കുന്നതെന്ന ബോധ്യം ജനങ്ങളിലെത്തിക്കാൻ ശ്രമിച്ച ബഹുഗുണ ഗംഗാനദിയിൽ ഉയർന്ന തെഹ്‌രി അണക്കെട്ടി നെതിരെ ശക്തമായ സമരം നയിച്ചു.

### 1.1.4.2.2. അനിൽ അഗർവാൾ

വിവിധ പരിസ്ഥിതി വിഷയങ്ങളിൽ ഇടപെടലുകൾ നടത്തുന്ന സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ സ്ഥാപകനാണ് പത്രപ്രവർത്തകനായ അനിൽ അഗർവാൾ. ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥയെക്കുറിച്ച് 1982-ൽ റിപ്പോർട്ട് തയ്യാറാക്കിയത് ഇദ്ദേഹമാണ്. വികസനമെന്നാൽ വിനാശമല്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അനിൽ അഗർവാളിന് സാധിച്ചു (ഇറാച്ച് ബറൂച്ച, 2010:42).

### 1.1.4.2.3. വന്ദനശിവ

ജൈവസാങ്കേതികതയ്ക്കും ജനിതകശാസ്ത്രത്തിനുമെതിരെ പ്രചരണം നടത്തുന്ന പരിസ്ഥിതിപ്രവർത്തകയാണ് വന്ദനശിവ. മണ്ണോ എണ്ണയോ? (Soil not oil), ജീവന്റെ നിലനിൽപ് (staying alive), eco feminism, Earth Democracy Justice, Manifesto on the Food and Seed തുടങ്ങി പാരിസ്ഥിതിക പ്രാധാന്യമുള്ള കൃതികളുടെ രചയിതാവാണ്. പാരിസ്ഥിതികപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന വന്ദനശിവയുടെ പങ്കാളിത്തം പ്ലാച്ചിമടസമരത്തിലും പ്രകടമാണ്. ഹരിതവിപ്ലവത്തിന്റെ മറച്ചു വയ്ക്കപ്പെടുന്ന ആരും ശ്രദ്ധിക്കാതെ പോകുന്ന വശങ്ങളെ തുറന്നു കാട്ടാൻ അവർ തയ്യാറാകുന്നു. 1991-ൽ 'നവധാന്യ' എന്ന ദേശീയ പ്രസ്ഥാനത്തിന് തുടക്കമിട്ട വന്ദനശിവ ഈ പ്രസ്ഥാന ത്തിലൂടെ അന്തകവിത്തുകൾക്കും ഏകവിളത്തോട്ടങ്ങൾക്കുമെതിരെ പോരാടാനുള്ള

പിന്തുണ നൽകുന്നു. ഖനനം, അണക്കെട്ടുനിർമ്മാണം എന്നിവയുണ്ടാക്കുന്ന പാരിസ്ഥിതികാഘാതങ്ങളെയും പുത്തൻവികസനനയങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി നാശത്തെയും ശാസ്ത്രീയ ചിന്തകളിലെ അപകടങ്ങളെയും അവർ വെളിപ്പെടുത്തുന്നു. സ്ത്രീയും പ്രകൃതിയും വസ്തുവൽക്കരിക്കപ്പെടുന്നതിനെ തിരായും വന്ദനശിവ പ്രതികരിക്കുന്നുണ്ട്. പ്രകൃതിയുടെയും സ്ത്രീയുടെയും ശോഷണം മാനവരാശിയുടെ തന്നെ ശേഷണമാണെന്നും അതിനാൽ പ്രകൃതിയെയും സ്ത്രീയെയും സംരക്ഷിക്കുക വഴി മനുഷ്യവർഗ്ഗത്തെ നിലനിർത്താം എന്നുമുള്ള ഇക്കോഫെമിനിസ്റ്റ് കാഴ്ചപ്പാടുകളും വന്ദനശിവ സമൂഹത്തിനു നൽകുന്നു. ഇന്നത്തെ കൃത്രിമകൃഷിരീതികളിൽ നിന്ന് പ്രകൃതിദത്തമായ കാർഷികവ്യവസ്ഥയിലേക്ക് മാറേണ്ടതിനെക്കുറിച്ചും അവർ പറയുന്നുണ്ട് (ആശാലത .വി, 2013:27-31).

### 1.1.4.2.4. മേധാപട്ക്കർ

നർമ്മദാ ബചാവോ ആന്ദോളൻ എന്ന സംഘടനയ്ക്ക് രൂപം നൽകിയ മേധാപട്ക്കർ നർമ്മദയ്ക്കു കുറുകെ ഉയർന്നുവരുന്ന ആയിരക്കണക്കിന് അണക്കെട്ടുകൾക്കെതിരെ പ്രവർത്തിച്ചു. 1985-ലാണ് സർദാർ സരോവർ അണക്കെട്ടിനെതിരെ സംഘടിതസമരം ആരംഭിച്ചത്. മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ് എന്നീ മൂന്നു സംസ്ഥാനങ്ങളുടെ സംഘടിതസമരം നർമ്മദാ ബചാവോ ആന്ദോളൻ എന്ന സംഘടനയുടെ രൂപീകരണ ത്തോടെ ലോകശ്രദ്ധ പിടിച്ചുപറ്റി. അണക്കെട്ടു നിർമ്മിക്കാനെത്തിയ തൊഴിലാളികളെ തടഞ്ഞും നിരാഹാരസമരം ചെയ്തും സംഘടന അണക്കെട്ടിനെ എതിർത്തു. താല്കാലി കമായെങ്കിലും പദ്ധതി ലോകബാങ്കിന് ഉപേക്ഷിക്കേണ്ടി വന്നു. പ്രകൃതിവിഭവങ്ങൾ ധനികവിഭാഗത്തിനുവേണ്ടിമാത്രം നീക്കിവയ്ക്കുന്ന തിനെതിരെയാണ് മേധാപട്ക്കർ എന്നും നിലകൊണ്ടത് അണക്കെട്ടുമൂലമുള്ള ഗുണങ്ങളെല്ലാം യജമാനവർഗ്ഗത്തിനു മാത്രം ലഭിക്കുകയും അതിനായി ദരിദ്രരും ഗ്രാമീണരും ആദിവാസികളുമായ ജന വിഭാഗങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്ന സർക്കാർ നയത്തിനെ തിരെയാണ് മേധാപട്ക്കർ സമരം നയിച്ചത്. അണക്കെട്ടിനുവേണ്ടി കുടിയിറക്കപ്പെടുന്ന ലക്ഷക്കണക്കിന് വരുന്ന ആദിവാസി വിഭാഗത്തിനൊപ്പംനിന്ന് അവരുടെ അവകാശ ങ്ങൾക്കുവേണ്ടി പോരാടി. അണക്കെട്ടുകളുടെ പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക ആഘാതങ്ങളെക്കുറിച്ചു പഠിക്കുന്ന അന്താരാഷ്ട്ര സംഘടനയായ വേൾഡ് കമ്മിഷൻ ഓഫ് ഡാംസ് എന്ന സംഘടനയിൽ പ്രതിനിധിയാണ് മേധാപട്ക്കർ (ആശാലത .വി, 2013:31-34).

### 1.1.4.3. സംസ്ഥാനതലം

#### 1.1.4.3.1. സുഗതകുമാരി

പരിസ്ഥിതി സംരക്ഷണസമിതിയുടെ സ്ഥാപകസെക്രട്ടറിയായിരുന്ന സുഗതകുമാരി പരിസ്ഥിതിസംബന്ധമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയിട്ടുണ്ട്. മരങ്ങളെല്ലാം നശിച്ച് മൊട്ടക്കുന്നായി മാറിയ അട്ടപ്പാടിയെ പുനരുജ്ജീവിപ്പിച്ച് കൃഷ്ണവനമാക്കിത്തീർക്കുന്നതിനും സൈലന്റ്വാലി ജലവൈദ്യുതപദ്ധതിക്കെതിരെയും സുഗതകുമാരി പ്രവർത്തിച്ചു. എട്ടുവർഷം നീണ്ടുനിന്ന സമരത്തിനൊടുവിൽ 1984 ലാണ് സൈലന്റ്വാലി പദ്ധതി ഉപേക്ഷിക്കപ്പെട്ടത്. കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും നേരിട്ടുള്ള പ്രവർത്തനങ്ങളിലൂടെയും പാരിസ്ഥിതിക അനീതിക്കെതിരെ അവർ പ്രവർത്തിക്കുന്നു. വൻകിടവികസനപദ്ധതികൾ സ്വപ്നം കാണുന്നവർക്ക് കാടും പുഴയുമൊന്നും കാണാൻ കണ്ണില്ലെന്നും അവർക്ക് പരിസ്ഥിതിപ്രേമികൾ ശത്രുപക്ഷത്താണെന്നും സുഗതകുമാരി അഭിപ്രായപ്പെടുന്നു. "അതിശക്തരായ എഞ്ചിനീയർമാർ, കോൺട്രാക്ടർ, രാഷ്ട്രീയനേതാക്കൾ, ഉദ്യോഗസ്ഥലോബി, ഭരണാധിപന്മാർ അവരുടെയെല്ലാം ക്രൂരസ്മാരകങ്ങളായി നിവർന്നുകിടക്കുന്നു ഇടുക്കിയും മലമ്പുഴയും വയനാടും അട്ടപ്പാടിയും എന്തിനോരൊന്ന് എടുത്തു പറയുന്നു. അനർഘമായ പശ്ചിമഘട്ടമലനിര മുഴുവൻ തന്നെ. കാടായ കാടുമുഴുവൻ വെട്ടിമുറിച്ചത്, നദികളെ ഇഞ്ചിഞ്ചായി വരട്ടിക്കൊണ്ടിരിക്കുന്നത്, വിദേശക്കടം കൊണ്ട് നാടിനെ ഞെരിച്ചമർത്തുന്നത്. വിദേശവിളകൾകൊണ്ട് നിറഞ്ഞ സമ്പദ്ഘടനയുടെ അടിത്തറ തകർക്കുന്നത്, വായുവിലും വെള്ളത്തിലും വിഷം കലർത്തുന്നത്, അണക്കെട്ടുകളെ ചോർന്നൊലിപ്പിക്കുന്നത്, കുടിവെള്ളം മുട്ടിക്കുന്നത്, നാട്ടിൽ വിറകും പച്ചമരുന്നും കായും കനിയും ഇല്ലാതാക്കിയത്, ഇടുക്കിയെ മൊട്ടപ്പറമ്പാക്കിയത്, അട്ടപ്പാടിയെ മരുഭൂമിയാക്കിയത് ആര്? ഞങ്ങൾ പ്രകൃതി സംരക്ഷണവാദികളല്ല കവികളല്ല" എന്ന് സുഗതകുമാരി കാടിനുകാവൽ എന്ന കൃതിയിൽ വ്യക്തമാക്കുന്നു (2014: 53).

#### 1.1.4.3.2. സലിം അലി

പക്ഷിഗവേഷണരംഗത്ത് ഏറെ ശ്രദ്ധേയനായ വ്യക്തിയാണ് സലിംഅലി. ബോംബെ നാചറൽ ഹിസ്റ്ററിയിലെ അവിഭാജ്യസാന്നിധ്യമായിരുന്നു അദ്ദേഹം. 'ഹാൾ ഓഫ് എ സ്പാരോ' എന്ന ആത്മകഥ പരിസ്ഥിതി സംബന്ധമായ നിരവധി വിവരങ്ങൾ ഉൾക്കൊള്ളുന്നു. രാജ്യത്തെ പ്രകൃതി സംരക്ഷണശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്ന അദ്ദേഹം പാരിസ്ഥിതികമായ ചിന്താധാരകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് (ഇറാച്ച് ബറൂച്ച, 2010:41).

### 1.1.4.3.3. കല്ലേൻ പൊക്കുടൻ

കണ്ടൽച്ചെടികൾക്കും നീർത്തടങ്ങൾക്കും ദളിത്ജനവിഭാഗത്തിനും വേണ്ടി പോരാടിയ കല്ലേൻ പൊക്കുടൻ (കണ്ടൽ പൊക്കുടൻ) ഈശ്വരവിശ്വാസിയാകാതെ പ്രകൃതിവിശ്വാസിയാവുകയും പുതിയ വികസനപദ്ധതികൾക്കെതിരെ പ്രതികരിക്കുകയും ചെയ്തു. "കേരളമാകെ ഇന്ന് നടപ്പിലാക്കപ്പെടുന്ന റിയൽ എസ്റ്റേറ്റ് വികസനമാമാങ്ക ത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് നോക്കൂ.... അവിടെയെല്ലാം മുറിവേറ്റിരിക്കുന്നത് രണ്ടുകൂട്ടർക്കുമാത്രമാണ് ഒന്ന് ദളിതന് രണ്ടാമത്തേത് പരിസ്ഥിതിക്ക്" എന്നിങ്ങനെ വികസനത്തിന്റെ ഇരകളെക്കുറിച്ച് പൊക്കുടൻ അഭിപ്രായപ്പെടുന്നുണ്ട് (2006 മാർച്ച് 3:11). കണ്ടൽച്ചെടികളെക്കുറിച്ച് വ്യക്തമായ ധാരണയുള്ള പൊക്കുടൻ കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുന്നു. കണ്ടൽപാർക്ക് നിർമ്മിക്കുന്നതിന് ഗവൺമെന്റ് കണ്ടെത്തിയ സ്ഥലത്തിന്റെ അപര്യാപ്തകളെക്കുറിച്ച് വ്യക്തമാക്കുന്ന പൊക്കുടൻ ഒരു കണ്ടൽപാർക്ക് എങ്ങനെയാവണമെന്നതിനെ ക്കുറിച്ചുള്ള കാഴ്ചപ്പാടും അവതരിപ്പിക്കുന്നുണ്ട്.

### 1.1.4.3.4. മയിലമ്മ

പ്ലാച്ചിമടയിലെ ജലചൂഷണത്തിനെതിരെ മുൻനിരയിൽ നിന്നുപോരാടിയ ആദിവാസി സ്ത്രീകളിലൊരാളാണ് മയിലമ്മ. പെരുമാട്ടി പഞ്ചായത്തിൽ സമൃദ്ധമായി ജലമുപയോഗിച്ച് ജീവിതമാരംഭിച്ച മയിലമ്മയ്ക്ക് പിന്നീട് കുടിവെള്ളത്തിനായി ദൂരങ്ങൾ താണ്ടേണ്ടിവന്നു. കുടിവെള്ള പ്രശ്നത്തിനുകാരണം കോളകമ്പനിയാണെന്ന ബോധ്യം ശക്തമായ സമരത്തിലേക്കാണവരെ നയിച്ചത്. ഉറച്ചവിശ്വാസവും എന്തിനെയും നേരിടാമെന്ന മനസ്സുറപ്പുമാണ് മയിലമ്മയെ പ്ലാച്ചിമടയിലെ സമരനായികയാക്കിയത്. കുടിവെള്ളം വില്പനചരക്കാക്കുകയും ജനങ്ങളുടെ മൗലികാവകാശങ്ങൾ ലംഘി ക്കുകയും ചെയ്യുന്ന കുത്തകകൾക്കും അതിന് കൂട്ടുനിൽക്കുന്ന ഭരണകൂടങ്ങൾക്കു മെതിരെ പ്ലാച്ചിമടയിലെ ആദിവാസിവിഭാഗം നടത്തിയ സമരത്തിൽ ഏറെ പരിസ്ഥിതി പ്രമുഖർ ഭാഗമായി. തങ്ങളുടെ വോട്ടുകൊണ്ട് ജയിച്ച ജനപ്രതിനിധികൾ ജനങ്ങൾക്കു വേണ്ടി നിലകൊള്ളണമെന്നും തങ്ങൾക്കും മക്കൾക്കും കുടിവെള്ളമില്ലാതാക്കിയിട്ട് അമേരിക്കൻ കമ്പനി ഇവിടെ ആവശ്യമില്ലെന്നുമുള്ള വ്യക്തമായ കാഴ്ചപ്പാട് മയിലമ്മയ്ക്കുണ്ടായിരുന്നു.

### 1.1.4.3.5. ലീലാകുമാരിയമ്മ

എൻഡോസൾഫാൻ എന്ന മാരകവിഷത്തിനെതിരെ നിയമവഴികളിലൂടെ മുന്നോട്ട് പോയ വീട്ടമ്മയാണ് ലീലാകുമാരിയമ്മ. അഗ്രികൾച്ചറൽ അസിസ്റ്റന്റായി വിരമിച്ച അവർ പ്രസ്ഥാനങ്ങളുടെയൊന്നും പിൻതുണയില്ലാതെയാണ് പ്രവർത്തിച്ചത്. 'ജീവദായിനി' എന്ന ആത്മകഥാപരമായ കൃതിയിൽ എൻഡോസൾഫാന്റെ മാരകഫലങ്ങളും അതിനെതിരെയുള്ള പ്രവർത്തനങ്ങളിൽ അവർ നേരിട്ട തിരിച്ചടികളും പരാമർശിക്കുന്നുണ്ട്. നിയമപരമായ മാർഗ്ഗത്തിലൂടെ പ്ലാന്റേഷൻ കോർപ്പറേഷൻ പോലുള്ള കുത്തകകളെ ഉന്മൂലനം ചെയ്യാമെന്ന് അവർ തെളിയിച്ചു. ഹെലികോപ്റ്ററിലൂടെ കശുവണ്ടി തോട്ടത്തിൽ എൻഡോസൾഫാൻ തളിച്ച് പ്രകൃതിക്കും മനുഷ്യനും ജീവഹാനിയുണ്ടാക്കുന്നതിനെതിരെ നിയമപോരാട്ടം നടത്തി മരുന്നുതളി തടയുന്നതിനുള്ള കോടതിവിധി സമ്പാദിച്ചു. ഹെലികോപ്റ്ററിൽ വിഷം തളിച്ചു കഴിഞ്ഞാൽ കിണറ്റിലെ വെള്ളം വറ്റിച്ച് വിഷാംശം ഇല്ലാതാക്കുന്ന ഈ വീട്ടമ്മ എൻഡോസൾഫാൻ പ്രതിരോധസമരത്തിന്റെ മുൻനിരക്കാരിയാണ്. പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് പിന്നീടവർ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്തി.

കൂടാതെ സി.ആർ. നീലകണ്ഠൻ, മാധവ് ഗാഡ്ഗിൽ, ടി.പി. കുഞ്ഞിക്കണ്ണൻ, എൻ.എ. നസീർ തുടങ്ങി നിരവധി വ്യക്തികൾ പരിസ്ഥിതി സംരക്ഷണത്തിനായി പ്രവർത്തിക്കുന്നു. മരങ്ങൾക്കുവേണ്ടിയും ജീവജാലങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്ന നിരവധി വ്യക്തികളുണ്ട്. ശ്രീദേവി .എസ്, കർത്താ, പി.ഗീത, സാലിവർമ്മ, രതീദേവി പണിക്കർ, സുനിത നാരായണൻ എന്നിങ്ങനെ നിരവധി സ്ത്രീകൾ ഇന്ന് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയരാണ്. സഹജീവിസ്നേഹത്തിനാൽ മാംസഭക്ഷണത്തിനെതിരെയുള്ള വാദം ഉയർത്തുന്നു വി.കെ. നാരായണൻ. ഇത്തരത്തിൽ ശ്രദ്ധേയരും അല്ലാത്തവരുമായ നിരവധി വ്യക്തികൾ പരിസ്ഥിതി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.

### 1.1.5. പരിസ്ഥിതി നിയമങ്ങൾ

### 1.1.5.1. അന്താരാഷ്ട്രപരിസ്ഥിതിനിയമങ്ങൾ

### 1.1.5.1.1. ക്ലീൻ എയർ ആക്റ്റ്

ആഗോളതലത്തിൽ വായുമലിനീകരണം നിയന്ത്രിക്കുന്നതിനുവേണ്ടി അമേരിക്ക നിർമ്മിച്ച നിയമമാണിത്. ശുദ്ധമായ വായുവിന്റെ നിലനില്പാണ് 1963 ൽ നിലവിൽ വന്ന ഈ നിയമത്തിന്റെ ലക്ഷ്യം.

### 1.1.5.1.2. ക്ലീൻ വാട്ടർ ആക്ട്

ഉപരിതല ജലത്തിന്റെ മലിനീകരണം നിയന്ത്രിക്കുന്നതിനായി അമേരിക്കൻ ദേശീയ തലത്തിൽ 1972-ൽ നിർമ്മിച്ച നിയമമാണിത്.

### 1.1.5.1.3. ഇന്റർ നാഷണൽ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട്

ജൈവവൈവിധ്യ സംരക്ഷണത്തിനായി അമേരിക്കൻ ഗവൺമെന്റ് 1983-ൽ രൂപീകരിച്ച നിയമമാണിത്. പ്രസ്തുത ലക്ഷ്യത്തോടെ അമേരിക്കയിലെയും മറ്റു രാജ്യങ്ങളിലെയും പരിസ്ഥിതി ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി വിദഗ്ധരുടെയും സേവനങ്ങൾ പരസ്പരം ഉപയോഗിക്കുന്നതിന് ഈ നിയമം അനുശാസിക്കുന്നു.

### 1.1.5.1.4. ക്യോട്ടോ പ്രോട്ടോക്കോൾ

1997- ൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നിലവിൽ വന്നതും അന്താരാഷ്ട്രതലത്തിലുള്ള വിവിധ രാജ്യങ്ങൾ അംഗീകരിച്ചതും നിയമാനുസൃതവുമായ ഉടമ്പടിയാണിത്. ഹരിതഗൃഹവാതകങ്ങളുടെ അളവു കുറയ്ക്കുക, അന്തരീക്ഷത്തിൽ കാർബൺ മോണോക്സൈഡിന്റെ അളവ് കുറയ്ക്കുക എന്നിവയാണ് ഇതിന്റെ പ്രധാനമായ ലക്ഷ്യങ്ങൾ.

### 1.1.5.2. ഇന്ത്യൻ ഭരണഘടനയും പരിസ്ഥിതിസംരക്ഷണവും

പാരിസ്ഥിതിക വിഷയങ്ങളിൽ ജനങ്ങൾ കൂടുതലായി ഇടപെടുന്ന സാഹചര്യം നിലവിൽ വരികയും ദാരിദ്ര്യനിർമ്മാർജ്ജനം, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കായി വ്യക്തിപ്രവർത്തനങ്ങളും സംഘ പ്രവർത്തനങ്ങളും സമൂഹത്തിൽ വ്യാപകമാവുകയും ചെയ്ത സാഹചര്യത്തിൽ പരിസ്ഥിതി നിയമ ങ്ങൾക്കും പ്രാധാന്യം കൈവരുന്നു. നിയമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ലെങ്കിലും വലിയതോതിലുള്ള പ്രകൃതിധ്വംസനം ഒഴിവാക്കപ്പെടുകയും ചെറിയൊരു വിഭാഗമെങ്കിലും നിയമങ്ങൾ ഉൾക്കൊള്ളുകയും പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയിൽ പരിസ്ഥിതിയെപറ്റി പറയുന്നതിപ്രകാരമാണ്. “1976-ൽ പൗരന്മാരുടെ മൗലിക കടമകൾ വ്യവസ്ഥ ചെയ്തു കൊണ്ടുള്ള ഒരു പുതിയ ഭാഗം (IVA) കൂടി ഉൾപ്പെടുത്തി. അതിൽ ‘വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയുൾപ്പെടെയുള്ള സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും എല്ലാ ജീവികളോടും അനുകമ്പ കാണി ക്കുകയും ഓരോ പൗരന്റെയും കടമയാണ്’ എന്നിങ്ങനെ ഒരു ഉപവകുപ്പുണ്ട് (51A(g)). അങ്ങനെ പരിസ്ഥിതി സംരക്ഷണം ഇന്ന് ഭരണകൂടത്തിന്റെയും ഓരോ പൗരന്റെയും

ഭരണഘടനാപരമായ ഒരു മൗലിക കടമയാണ്" (ലോഹിതാക്ഷൻ .എ.കെ, 2009:21-22). ഭരണഘടനയിലെ പാരിസ്ഥിതിക പരാമർശങ്ങൾ കൂടാതെ പരിസ്ഥിതി സംരക്ഷണ ത്തിനുവേണ്ടി നിരവധി നിയമങ്ങളും വിജ്ഞാപനങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ജൂൺ അഞ്ച് പരിസ്ഥിതി ദിനമായി ആചരിക്കുന്നതും പ്രകൃതി സംരക്ഷിക്കപ്പെടണമെന്ന അവബോധ രൂപീകരണത്തിനാണ്. ഇന്ത്യയിൽ നിലവിൽ വന്ന ചില പരിസ്ഥിതി നിയമങ്ങളെക്കുറിച്ചാണ് തുടർന്ന് പരാമർശിക്കുന്നത്.

### 1.1.5.2.1. ഇന്ത്യൻ വനനിയമം

സംരക്ഷണപരിധിയിൽ ഉൾപ്പെടുത്തിയ ഗ്രാമവനങ്ങളുടെ പരിപാലനവും വന വിഭവങ്ങളുടെ കടത്തും നിയന്ത്രിക്കുന്ന നിയമമാണ് 1927-ൽ നിലവിൽ വന്നത്. ഒരു സംഘം വന ഉദ്യോഗസ്ഥരിലൂടെ നിലനിന്നുപോന്ന ഈ നിയമം വനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നു. 1981-ൽ വനസംരക്ഷണം ഉറപ്പുവരുത്തുന്ന മറ്റൊരു നിയമം കൂടി നിലവിൽ വന്നു. 1984-ൽ പ്രാബല്യത്തിൽ വന്ന വനസംരക്ഷണ നിയമം വനഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുന്നു. 2006 ലെ വനാവകാശ ഭേദഗതി പ്രകാരം "വനഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്" എന്ന് ഈ നിയമത്തിൽ പറയുന്നു (2010:2).

### 1.1.5.2.2 ആണവോർജ്ജനിയമം

മാരകമായ വികിരണബാധയുടെ നിയന്ത്രണം വഴി പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും ആരോഗ്യസംരക്ഷണം, റേഡിയോ ആക്ടീവ് പദാർത്ഥങ്ങളുടെ സുരക്ഷിതമായ സംസ്കരണം എന്നിവയ്ക്കായി കേന്ദ്രസർക്കാരിനെ ചുമതലപ്പെടുത്തുന്ന നിയമമാണിത്. 1962- ലാണ് പ്രസ്തുത നിയമം നിലവിൽ വന്നത്.

### 1.1.5.2.3. കീടനാശിനി നിയമം

കീടനാശിനികളുടെ നിർമ്മാണം, വിതരണം എന്നിവയിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന നിയമമാണിത്. കീടനാശിനികൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് 1968-ൽ ഇത്തരമൊരു നിയമനിർമ്മാണം നടത്തിയിരിക്കുന്നത്.

### 1.1.5.2.4. വന്യജീവി സംരക്ഷണ നിയമം

പക്ഷിമൃഗാദികളും അവയുടെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട ജലാശയങ്ങൾ, വനങ്ങൾ എന്നിവയുടെ സംരക്ഷണവും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. വന്യജീവികളുടെയും അവയുടെ ശരീരഭാഗങ്ങളുടെയും വ്യാപാരം നിയന്ത്രിക്കുന്നു. വന്യജീവികളെ പിടികൂടുന്നതിൽ നിയന്ത്രണം ഉറപ്പാക്കുന്നതിനൊപ്പം അവയുടെ ശാസ്ത്രീയമായ പരിപാലനത്തിലും ശ്രദ്ധിക്കുന്നു. 1972– ൽ നിലവിൽ വന്ന ഈ നിയമം 1991–ൽ ഭേദഗതി ചെയ്യപ്പെട്ടു.

### 1.1.5.2.5. ജലമലിനീകരണനിയന്ത്രണ നിയമം

ജലമലിനീകരണം നടത്തുന്നവർക്കെതിരെ നിയമനടപടിയെടുക്കാനാവുന്ന നിയമമാണിത്. വ്യവസായങ്ങളും നഗരവത്ക്കരണവും നദികളെയും മറ്റു ജലാശയങ്ങളെയും മലിനമാക്കുന്നത് നിയന്ത്രിക്കുന്നതിന് 1974–ലെ ഈ നിയമം സഹായിക്കുന്നു (എ.കെ. ലോഹിതാക്ഷൻ, 2009: 47).

### 1.1.5.2.6. വായു മലിനീകരണ നിയന്ത്രണ നിയമം

അന്തരീക്ഷവായു ഹാനികരമായ രീതിയിൽ മലിനപ്പെടുത്തുന്നതിനെതിരെ 1981–ൽ വന്ന നിയമമാണിത്.

### 1.1.5.2.7. പരിസ്ഥിതി സംരക്ഷണ നിയമം

ഭോപ്പാൽ ദുരന്തത്തെ തുടർന്ന് രൂപംകൊണ്ട നിയമമാണിത്. പരിസ്ഥിതി സംരക്ഷണാർത്ഥം മുന്നോട്ടുവെച്ച ഈ നിയമത്തിന്റെ ഭാഗമായി നിയമരൂപീകരണം, നിലവാര മാനദണ്ഡങ്ങളുടെ വിജ്ഞാപനം, പരിസ്ഥിതി ലബോറട്ടറികളുടെ വിജ്ഞാപനം, അധികാരനിയുക്ത സംഘങ്ങൾ, ഹാനികരമായ രാസവസ്തുക്കളുടെ നിയന്ത്രണത്തിനുള്ള ഏജൻസികൾ സ്ഥാപിക്കുക, സംസ്ഥാനങ്ങൾ തോറും പരിസ്ഥിതി സംരക്ഷണ കൗൺസിൽ രൂപീകരിക്കുക തുടങ്ങി നിരവധി ഘടകങ്ങൾ ഉൾക്കൊള്ളുന്ന ശക്തമായ ഒരു നിയമമാണിത്.

### 1.1.5.2.8. ദേശീയ പാരിസ്ഥിതിക ന്യായസഭാ നിയമം

ഹാനികരമായ വസ്തുക്കളാൽ വ്യക്തിക്കോ വസ്തുവിനോ പരിസ്ഥിതിക്കോ ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് പരിഹാരം നൽകുന്ന നിയമം ന്യൂഡൽഹിയിൽ ഒരു ദേശീയ ന്യായസഭ സ്ഥാപിക്കുകയും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. 1995 ലാണ് നിയമം രൂപീകരിക്കപ്പെട്ടത്.

### 1.1.5.2.9. ജൈവവൈവിധ്യനിയമം

ഭാരതത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യസംരക്ഷണമാണ് 2002-ലെ ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യം. വിദേശ വ്യക്തികളോ സംഘടനകളോ അവയെ അനധികൃതമായി ഉപയോഗിക്കുന്നത് തടയുന്നു. ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ അതോറിറ്റി, പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ പരിപാലനകമ്മിറ്റി എന്നിവ ഈ നിയമപ്രകാരം സ്ഥാപിതമായി. ഈ സ്ഥാപനങ്ങൾക്ക് പ്രദേശത്തുള്ള ജൈവവൈവിധ്യങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ നൽകിയിട്ടുണ്ട്.

### 1.1.5.2.10 പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങളുടെ നിരോധനം

പത്തുവർഷത്തിലേറെ പഴക്കമുള്ള ഡീസൽ വാഹനങ്ങൾ 2016-ൽ ഹരിത ട്രൈബ്യൂണൽ നിരോധിച്ചു. 2000 സി.സി.ക്കു മുകളിലുള്ള ഡീസൽ വാഹനങ്ങൾക്കാണ് നിരോധനം ഏർപ്പെടുത്തിയത്. ഡീസൽ വാഹനങ്ങളുടെ രജിസ്ട്രേഷനും താൽക്കാലിക മായി നിർത്തിവെച്ചു. ഡീസൽ വാഹനങ്ങളിൽ നിന്നുള്ള പുക മൂലം അന്തരീക്ഷ മലിനീകരണം വർദ്ധിക്കുകയാണെന്ന് കാണിച്ച് ലഭിച്ച ഹർജിയിലാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

### 1.1.5.3. കേരളത്തിലെ പരിസ്ഥിതിനിയമങ്ങൾ

ഇന്ത്യൻ നിയമങ്ങളുടെ പരിധിയിലാണ് കേരളവും ഉൾപ്പെടുന്നത്. ദേശീയ പരിസ്ഥിതിസംരക്ഷണനിയമങ്ങൾ കൂടാതെ പ്രത്യേക ഭൂപ്രകൃതിയെയും മറ്റു സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് കേരളത്തിൽ പ്രത്യേകമായ ചില നിയമങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

### 1.1.5.3.1. കേരള ഭൂവിനിയോഗനിയമം

പാടം നികത്തൽ തടയുകയും കൃഷിഭൂമിയുടെ അളവ് കുറയാതെ നിലനിർത്തു കയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ പാസാക്കിയ നിയമമാണിത്.

### 1.1.5.3.2. തീരദേശ സംരക്ഷണ നിയമം

കേന്ദ്ര പരിസ്ഥിതിനിയമത്തിന്റെ അടിസ്ഥാനത്തിൽ 1991-ൽ നിലവിൽ വന്ന നിയമമാണിത്. ഈ നിയമപ്രകാരം തീരദേശങ്ങളുടെ സംരക്ഷണവും പരിപാലവുമാണ് ലക്ഷ്യമിടുന്നത്.

### 1.1.5.3.3. നെൽവയൽ-നീർത്തട സംരക്ഷണനിയമം

കേരളത്തിലെ നെൽവയലുകളും നീർത്തടങ്ങളും നികത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും തടയുക എന്ന ലക്ഷ്യത്തോടെ 2008-ൽ നടപ്പിലാക്കിയ നിയമമാണിത്.

ഇത്തരത്തിൽ കേരള സർക്കാർ നടപ്പിലാക്കിയ നിയമങ്ങളുണ്ട്. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന നിയമങ്ങൾക്കൊപ്പം തന്നെ ഈ നിയമങ്ങളെയും അനുസരിക്കാൻ കേരളജനത ബാധ്യസ്ഥരാണ്.

ഇത്തരം നിയമങ്ങൾക്കുപുറമെ സർക്കാർ പരിസ്ഥിതി സംരക്ഷണാർത്ഥം പുറപ്പെടുവിച്ച ചട്ടങ്ങളും വിജ്ഞാപനങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് സഹായകമായിട്ടുണ്ട്. സ്കൂൾതലത്തിലെ 'നല്ലപാഠം' പോലുള്ള പദ്ധതികളും പരിസ്ഥിതി അവബോധ രൂപീകരണത്തിന് വലിയ പങ്കുവഹിക്കുന്നുണ്ട്.

മനുഷ്യന്റെ അമിത ഉപഭോഗതൃഷ്ണയും ലാഭക്കൊതിയും അനധികൃത വ്യവസായ സംരംഭങ്ങളും ഉണ്ടാക്കിയ പാരിസ്ഥിതിക ദുരന്തങ്ങൾ സമൂഹത്തിൽ പരിസ്ഥിതി അവബോധം വ്യാപിക്കാൻ സഹായിച്ചു. 1976-ൽ ഇറ്റലിയിലെ സെവസോയിൽ ഫാക്ടറി പൊട്ടിത്തെറിച്ചുണ്ടായ അപകടം, 1979-ൽ പെൻസിൽവാനിയയിലെ ത്രീമെൻ ഐലന്റിൽ നടന്ന ന്യൂക്ലിയർ അപകടം, 1984-ൽ ഭോപ്പാലിൽ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നടന്ന പൊട്ടിത്തെറിയിൽ പതിനായിരക്കണക്കിനാളുകളുടെ മരണവും നിരവധി ആളുകൾക്ക് വൈകല്യവും സംഭവിച്ചത്. 1986-ൽ ഉക്രൈയിനിലെ ചെർണോബിൽ ന്യൂക്ലിയൽ പ്ലാന്റ് തകർന്ന് റേഡിയോ കിരണങ്ങൾ മാരകഫലങ്ങൾ ഉണ്ടാക്കിയത്. 1989-ൽ എക്സൺ വാൽസെഡ് ഓയിൽ ടാങ്ക് അലാസ്കയുടെ തീരത്ത് മറിഞ്ഞ് കടലിന്റെ ഇക്കോസിസ്റ്റത്തെ തന്നെ തകർത്തുകളഞ്ഞത് തുടങ്ങിയ ദുരന്തങ്ങൾ ആഗോള വ്യാപകമായി പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കുന്നതിനിടയാക്കി.

സൈലന്റ് വാലി പദ്ധതി, കാസർഗോഡ് എൻഡോസൾഫാൻ എന്ന കീടനാശിനി യുണ്ടാക്കിയ വ്യാപകദുരന്തം, പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി മൂലമുണ്ടായ ജലക്ഷാമവും മലിനീകരണവും, പാത്രക്കടവ് പോലുള്ള ജലവൈദ്യുത പദ്ധതികൾ, വ്യവസായ മാലിന്യങ്ങളും മറ്റു മാലിന്യങ്ങലും അടിഞ്ഞുകൂടുന്നതു മൂലമുണ്ടാകുന്ന മാരകരോഗങ്ങളും കേരളത്തിൽ പരിസ്ഥിതി ബോധം ഉണ്ടാകുന്നതിന് കാരണമായി. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണമാവുകയും ജനജീവിതത്തെ ബാധിക്കുകയും ചെയ്തു. ഇതെല്ലാം പരിസ്ഥിതി അവബോധ രൂപീകരണത്തിന് സഹായിച്ചു. സ്കൂൾ കോളേജ് തലങ്ങളിൽ പരിസ്ഥിതി വിഷയങ്ങൾ

പാഠ്യപദ്ധതിയുടെ ഭാഗമാകുന്നു. കാലാവസ്ഥാവ്യതിയാനം മൂലം വർഷം തോറും വേനൽ കഠിനമായിക്കൊണ്ടിരിക്കുന്നു. കുടിവെള്ള ക്ഷാമത്തിന് കുപ്പിവെള്ളം താൽക്കാലിക പരിഹാരമായി കണ്ടെത്തിയെങ്കിലും ജലദൗർബല്യം ജനങ്ങളിൽ പരിസ്ഥിതിയെക്കുറിച്ച് ബോധമുണ്ടാക്കി. ലോകമനസ്സാക്ഷിയെ പാരിസ്ഥിതികമായി ചിന്തിപ്പിക്കുന്ന നിരവധി ദുരന്തങ്ങളുണ്ടായതിന്റെ കൂടി ഫലമായി പരിസ്ഥിതിശാസ്ത്രവും പരിസ്ഥിതി സൗന്ദര്യ ശാസ്ത്രവും വികസിച്ചു. മനുഷ്യന്റെ അതിക്രമങ്ങൾ പ്രകൃതിയെ ഞെരുക്കിക്കൊണ്ടിരിക്കുമ്പോൾ പ്രകൃതിക്ക് പരിക്കേൽക്കാത്ത തരം വികസനമാണ് ആവശ്യം എന്ന ബോധ്യം സമൂഹത്തിനുണ്ടായെങ്കിലും പ്രകൃതിയെ ഹിംസിച്ചുകൊണ്ടുള്ള വികസനം തന്നെ നാം തുടർന്ന് കൊണ്ടിരിക്കുന്നു.

ഭാഗം 2

## 1.2. പാരിസ്ഥിതികാവബോധം, ഭാവുകത്വം

പരിസ്ഥിതി പഠനത്തിന്റെ ആവശ്യകത, പരിസ്ഥിതി സൗന്ദര്യശാസ്ത്രം, പരിസ്ഥിതി സൗന്ദര്യശാസ്ത്രം സാഹിത്യത്തിൽ എന്നിങ്ങനെ മൂന്നായി വിഭജിക്കുന്ന ഈ ഭാഗത്ത് പരിസ്ഥിതി പഠനം പരിസ്ഥിതി സൗന്ദര്യശാസ്ത്രമായി വികസിച്ചതും പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ വിഭാഗങ്ങളും സാഹിത്യത്തിൽ എങ്ങനെ പരിസ്ഥിതി സൗന്ദര്യശാസ്ത്രം പ്രവർത്തിക്കുന്നു എന്നുമുള്ള വിശദീകരണങ്ങളാണ് നൽകുന്നത്.

### 1.2.1. പരിസ്ഥിതിപഠനത്തിന്റെ ആവശ്യകത

തുറന്ന പ്രകൃതിയിൽ മരത്തിനും പാറകൾക്കും താഴെ മഴയെയും വെയിലിനെയും പ്രതിരോധിച്ച് പ്രകൃതിയിൽനിന്നു ലഭിച്ചവ പച്ചയോടെ തിന്നുകൊണ്ട് പ്രകൃതിക്കിണങ്ങിയ ജീവിതമാണ് ആദിമമനുഷ്യൻ നയിച്ചത്. എന്നാൽ മനുഷ്യന്റെ ബുദ്ധിവികാസം ജീവിതരീതിയിലും പ്രകൃതിയോടുള്ള മനോഭാവത്തിലും മാറ്റമുണ്ടാക്കി. പ്രകൃതിവിഭവങ്ങളുടെ പരിമിതമായ ഉപയോഗം ചൂഷണത്തിന്റെ രീതിയിലേക്ക് മാറുകയും പ്രകൃതി തിരിച്ചടികൾ നൽകുകയും ചെയ്തു. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കഠിന വരൾച്ച തുടങ്ങി മനുഷ്യന് പ്രതിരോധിക്കാൻ ആവാത്ത വിധത്തിലുള്ള ദുരന്തങ്ങളുടെ കാരണങ്ങളെക്കുറിച്ച് പുതുതലമുറ ചിന്തിക്കാൻ തുടങ്ങി. പാരിസ്ഥിതിക ദുരന്തങ്ങളുടെ ഉത്തരവാദിത്വം മനുഷ്യവർഗ്ഗത്തിനാണെന്ന ബോധ്യം ആത്മചിന്തയ്ക്കും പ്രകൃതി സൗഹൃദ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നതിനും പരിസ്ഥിതി പഠനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കി.

മരം മുറിക്കൽ, പാറ പൊട്ടിക്കൽ, മണൽവാരൽ, കുന്നിടിക്കൽ, അണക്കെട്ടു നിർമ്മാണം, കെട്ടിടങ്ങളുടെ വർദ്ധനവ്, വിഷവസ്തുക്കളുടെ ഉപയോഗം തുടങ്ങി മനുഷ്യരുടെ ഇടപെടലുകൾ പരിസ്ഥിതിയെ ക്ഷയിപ്പിക്കുന്നു. ഈ വിധം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന സമകാലിക പാരിസ്ഥിതികാവസ്ഥയിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കൊപ്പം അതിനെ എതിർത്തും കണ്ടില്ലെന്നു നടിച്ചും മറുഭാഗത്ത് പ്രകൃതിചൂഷണം തുടരുന്നു. കാർഷികവ്യവസ്ഥയിൽനിന്നും വ്യവസായ ഘട്ടത്തിലെ

ത്തുമ്പോൾ പ്രകൃതിവിഭവങ്ങൾ നിയന്ത്രണാതീതമായി ഉപയോഗിക്കപ്പെടുകയും ലാഭവർദ്ധനവ് എന്ന ലക്ഷ്യത്തിന് പ്രാധാന്യം കൈവരികയും ചെയ്തു. ശാസ്ത്ര പുരോഗതിയും ജനസംഖ്യാവർദ്ധനവും കച്ചവടതാല്പര്യവും രാസ മാലിന്യങ്ങളും പ്രകൃതിവിഭവങ്ങളെ മലിനമാക്കി കാർഷികവൃത്തി വ്യവസായ മേഖലയിൽ ഉൾപ്പെടുകയും പരിസ്ഥിതിയുമായി ഇണങ്ങിയ കാർഷിക ഉൽപാദന വ്യവസ്ഥ തകർന്നുപോവുകയും പ്രകൃതിവിരുദ്ധമായ കൃഷിരീതികൾ നടപ്പിലാവുകയും ചെയ്തു. ലാഭവർദ്ധനവിനായി രാസവളങ്ങളും രാസകീടനാശിനികളും അമിതമായുപയോഗി ക്കുന്ന പ്രവണത ആധുനികഘട്ടത്തിൽ വർദ്ധിച്ചതിന്റെ ഫലമായി ഭൂമി വിഷമയമാ വുകയും ചെയ്തു. അത്യുല്പാദനവിത്തിനങ്ങൾ പ്രകൃതിയെ പലതരത്തിലും ബാധിച്ചു. ശാസ്ത്രീയ പുരോഗതിയുപയോഗിച്ച് പരിസ്ഥിതിസൗഹൃദമായ കൃഷിരീതികൾ സ്വീകരിക്കുന്നതിനുപകരം പ്രകൃതിവിരുദ്ധമായ കാർഷിക രീതികളിലേക്ക് മാറുകയാണുണ്ടായത്.

കാർഷിക വ്യവസ്ഥയുടെ ആരംഭത്തോടെ മൃഗങ്ങളെ ഇണക്കിവളർത്തുന്ന രീതി ആരംഭിച്ചു. ശാസ്ത്രീയതയുടെ വളർച്ച നാടൻ മൃഗങ്ങൾക്കുപകരം സങ്കരയിനങ്ങൾക്ക് പ്രാധാന്യം നൽകി. തെരുവുനായ്ക്കൾ എന്ന പുതിയ വിഭാഗം രൂപപ്പെടുകയും തെരുവുനായ ശല്യം എന്ന പേരിൽ അവയെ കൊന്നൊടുക്കുകയോ വന്ധ്യംകരിക്കു കയോ ചെയ്തു. നാടൻനായ്ക്കൾ മാംസാവശിഷ്ടങ്ങളും ഭക്ഷണ മാലിന്യങ്ങളും തിന്ന് മാലിന്യ സംസ്കരണത്തിൽ ഒരളവുവരെ പങ്കുവഹിച്ചിരുന്നു. കാക്കകളും മാലിന്യ നിർമ്മാർജ്ജനത്തിന് സഹായിക്കുന്നു. വൈലോപ്പിള്ളി 'കാക്ക' എന്ന കവിതയിൽ കാക്കയുടെ കാലടി പതിഞ്ഞ ഇടത്തെക്കുറിച്ച്

> "ആ നിലമൊക്കെയും
> ശുദ്ധിയേൽപ്പൂ
> ചാണകവെള്ളം തളിച്ചപോലെ" (2001:67)

എന്നാണ് പറയുന്നത്. ഇത്തരത്തിൽ നാടൻ പക്ഷിമൃഗാദികളിൽ പലതും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സഹായിച്ചിരുന്നു. മനുഷ്യന്റെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഇത്തരം ജീവികളുടെ അന്യംനിൽക്കലിനും അതിലൂടെ മാലിന്യവർദ്ധനവിനും പ്രകൃതിയുടെ അസന്തുലിതാവസ്ഥയ്ക്കും കാരണമാകുന്നു.

കച്ചവടതാല്പര്യം വർദ്ധിച്ചതോടെ ഭക്ഷ്യവിളകൾക്കുപകരം റബ്ബർ, ഇഞ്ചി തുടങ്ങിയ നാണ്യവിളകൾ ഉൽപാദിപ്പിച്ച് ഭക്ഷ്യാവശ്യങ്ങൾക്ക് വിഷമയമായ പച്ചക്കറികൾ

അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന രീതിയിലേക്ക് ആധുനിക മനുഷ്യന്റെ ജീവിതരീതികളിൽ പരിവർത്തനമുണ്ടായി. ലാഭത്തിന്റെ പേരിൽ വിഷം കഴിക്കുന്ന ആധുനികജീവിതത്തിൽ അമ്മ കുഞ്ഞിനു കൊടുക്കുന്നത് അമൃതല്ല കാളകൂടമാണ്. അത്രത്തോളം വിഷമാണ് നാം കഴിക്കുന്നത്. പൊക്കിൾക്കൊടിയിൽ പോലും ഫ്യുരിഡാൻ പോലുള്ള വിഷാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിശബ്ദ വസന്തത്തിലൂടെ റേച്ചൽ കഴ്സൺ ഉന്നയിച്ച "മണ്ണ്, ജലം, ഭക്ഷണം എന്നിവയെ മലീമസമാക്കാനും അരുവികളെ മത്സ്യരഹിതമാക്കാനും നമ്മുടെ ഉദ്യാനങ്ങളെയും മേടുകളെയും പക്ഷിരഹിതവും നിശബ്ദവുമാക്കാനും കീടനാശിനികൾക്കു കഴിയുമെന്നു നാം കണ്ടുകഴിഞ്ഞു. മറിച്ചാണെന്നു നടിക്കാൻ എത്രകണ്ടു ശ്രമിച്ചാലും അവനും പ്രകൃതിയുടെ ഭാഗം തന്നെയാണ്. അപ്പോൾ ലോകത്താകമാനം ഏതാണ്ടു പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിരിക്കുന്ന മലിനീകരണത്തിൽനിന്ന് അവന് രക്ഷപ്പെടാനാകുമോ?" എന്ന ചോദ്യം പ്രസക്തമാണ് (2013:183). സ്വന്തം താല്പര്യങ്ങൾക്കപ്പുറം മറ്റൊന്നും കാണാതെ നാം സൃഷ്ടിക്കുന്ന മലിനീകരണം നമ്മുടെ തന്നെ നാശത്തിന് കാരണമാകുന്നു.

മരംമുറിക്കൽ വനവിസ്തൃതി കുറയുന്നതിനും ഫലഭൂയിഷ്ടമായ മേൽമണ്ണ് ഒലിച്ചു പോകുന്നതിനും ഇടയാക്കി. മഴയുടെ അളവ് കുറഞ്ഞതോടെ മൂന്നിൽ രണ്ടുഭാഗം ജലം നിറഞ്ഞുനിൽക്കുന്ന ഭൂമിയിൽ കുടിക്കാൻ ശുദ്ധജലമില്ലാത്ത അവസ്ഥയുണ്ടായി. പണം കൊടുത്ത് വെള്ളം വാങ്ങിക്കുടിക്കുന്നത് അഭിമാനമായി കരുതുന്ന തലമുറയ്ക്ക് വിവിധ കമ്പനികളുടെ വെള്ളക്കുപ്പികൾ മാർക്കറ്റിൽ ലഭ്യമായി. കുടിവെള്ളക്ഷാമത്തെയും കച്ചവടമാക്കുന്ന പുതിയ കാലഘട്ടത്തിൽ വൻകിട കുത്തക മുതലാളിമാർ ജനങ്ങളെ വിഷവെള്ളം കുടിപ്പിച്ച് ലാഭം കൊയ്യുന്നു.

മണ്ണൊലിപ്പും മണൽവാരലും അണക്കെട്ടുനിർമ്മാണവും മാലിന്യനിക്ഷേപവും നദികളെയും മറ്റു ജലസ്രോതസ്സുകളെയും ക്ഷയിപ്പിക്കുകയും പുഴകൾ പൊന്തക്കാടുകളായോ ക്രിക്കറ്റ് മൈതാനങ്ങളായോ മാറുകയും ചെയ്തതിനാൽ ജലക്ഷാമം രൂക്ഷമായി. അണക്കെട്ടുനിർമ്മാണം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുകയും നദീതീരങ്ങളിലെ ഫലഭൂയിഷ്ടത ഇല്ലാതാക്കുകയും ചെയ്യുന്നതിനൊപ്പം സമീപത്തെ വിസ്തൃതമായ വനമേഖലയെയും മനുഷ്യ വാസപ്രദേശങ്ങളെയും വെള്ളത്തിനടിയിലാക്കുകയും ചെയ്യുന്നു. ഇത്തരം നഷ്ടങ്ങൾ സംഭവിക്കുമ്പോഴും വൈദ്യുതി ഉത്പാദനത്തിന്റെ പേരിലും മറ്റു ലാഭക്കണക്കുകളുടെ പേരിലും പുതിയ

അണക്കെട്ടുകൾ നിർമ്മിക്കാൻ മാറിമാറി വരുന്ന സർക്കാർ ശ്രമിക്കുന്നു. ജനങ്ങൾ അതിനെ പിന്തുണയ്ക്കുന്നു. അനന്തരഫലത്തെക്കുറിച്ച് ചിന്തയില്ലാത്ത ഈ പ്രവർത്തനങ്ങൾ രൂക്ഷമായ പരിസ്ഥിതി നാശത്തിന് കാരണമാകുന്നു.

കെട്ടിടങ്ങളുടെ വർദ്ധനവ് മറ്റൊരു പാരിസ്ഥിതിക പ്രശ്നമാണ്. കെട്ടിടങ്ങളും റോഡുകളും മുറ്റത്ത് കോൺക്രീറ്റിടലും മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്നതിന്റെ തോത് കുറയ്ക്കുന്നു. കെട്ടിടാവശിഷ്ടങ്ങൾ മാലിന്യത്തിന്റെ തോത് വർദ്ധിപ്പിക്കുകയും സിമന്റ് കലർന്ന് മണ്ണ് നശിക്കുകയും ചെയ്യുന്നു. കെട്ടിടനിർമ്മാണത്തിനാവശ്യമായ വിഭവ സമാഹരണം മറ്റൊരു പാരിസ്ഥിതിക പ്രശ്നമായി മാറുന്നുണ്ട്. ആർഭാടപൂർണ്ണമായി കൊണ്ടിരിക്കുന്ന ഭവനനിർമ്മാണരീതികളും പ്രകൃതിയെ ബാധിക്കുന്നു. മറ്റു സസ്യ ജന്തുജാലങ്ങൾക്കും നിൽക്കാനിടം വേണമെന്ന ചിന്തയില്ലാതെ കൃഷിയിടങ്ങളും വനങ്ങളും നശിപ്പിച്ച് ഫാക്ടറികളും ഓഫീസുകളും ആകാശം മുട്ടുന്ന ഫ്ളാറ്റുകളും കെട്ടിപ്പൊക്കുന്നു നാഗരിക മനുഷ്യർ. ഭൂമിക്കടിയിലേക്ക് മണ്ണുതുരന്ന് കെട്ടിടങ്ങൾ നിർമ്മിക്കുന്ന രീതിയുമുണ്ട്. ഇതെല്ലാം ഭൂമിയുടെ നിലനില്പിന് ഭീഷണിയാണെന്ന ചിന്തയില്ലാതെ കെട്ടിടങ്ങളും മനുഷ്യരും മാത്രം നിറഞ്ഞ ഒരു ലോകമാണ് മനുഷ്യർ വിഭാവനം ചെയ്യുന്നത്. ആധുനിക സൗകര്യങ്ങൾക്കുവേണ്ടി നശിപ്പിക്കപ്പെടുന്നതിന്റെ മൂല്യത്തെക്കുറിച്ച് ചിന്തിക്കുന്നില്ല എന്നതാണ് പുതിയ പാരിസ്ഥിതിക പ്രതിസന്ധികൾക്ക് പ്രധാനകാരണം.

പ്രകൃതിയിലുള്ള മനുഷ്യഇടപെടൽ വർദ്ധിച്ചുവരുന്ന പ്രസ്തുത സാഹചര്യത്തിൽ ശാസ്ത്രത്തിന്റെ സഹായത്തോടെ എന്തും നേടാമെന്നഹങ്കരിക്കുന്ന മനുഷ്യർ ഭൂതലത്തിൽ മാത്രമല്ല ബഹിരാകാശത്തിലും കടന്നുകയറുന്നു. ജനിതക മാറ്റങ്ങൾ, അവയവങ്ങൾ മാറ്റിവയ്ക്കൽ തുടങ്ങിയവയിലൂടെ പ്രകൃതിയുടെ സ്വാഭാവിക ചക്രത്തിൽ മനുഷ്യർ ഇടപെടുന്നു. സ്വാഭാവിക വിഭവങ്ങൾക്കു ബദലായി കൃത്രിമമായവ നിർമ്മിക്കാമെന്ന് അഹങ്കരിക്കുന്ന മനുഷ്യർ പ്രകൃതിദത്ത വിഭവങ്ങളുടെ നാശത്തെ നിസാരവത്ക്കരിക്കുന്നു. പ്രകൃതിയുടെ പ്രവർത്തനങ്ങളിൽ ഇടപെട്ട് അഹങ്കരിക്കുന്ന മനുഷ്യർ പ്രകൃതിയില്ലെങ്കിൽ ശാസ്ത്രവും മനുഷ്യരുമില്ലെന്ന സത്യം തിരിച്ചറിയുന്നില്ല. ഈ വിധമെല്ലാം പ്രകൃതി പീഡിതയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി പഠനത്തിന് പ്രാധാന്യം കൈവരുന്നു. പരിസ്ഥിതിയിലുണ്ടാകുന്ന പരിവർത്തനങ്ങൾ വ്യക്തമായി പഠിക്കുകയും അതിന്റെ കാരണങ്ങൾ മനസ്സിലാക്കി പരിസ്ഥിതി സന്തുലന ത്തിനായി പ്രവർത്തിക്കുകയുമാണ് പരിസ്ഥിതിപഠനം കൊണ്ട് സാധ്യമാകുന്നത്.

### 1.2.2. പരിസ്ഥിതി സൗന്ദര്യശാസ്ത്രം

ഇന്ദ്രിയാനുഭൂതി എന്നർത്ഥമുള്ള ഈസ്തെസ്തായി (aisthesthai) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഈസ്തെറ്റിക്സ് അഥവാ സൗന്ദര്യശാസ്ത്രം എന്ന പദം രൂപപ്പെട്ടത്. aisthesthai → aistheta → aisthetkos → aesthetic എന്നിങ്ങനെയാണ് ഈ പദത്തിന്റെ ഉത്ഭവവും വികാസവും സംഭവിക്കുന്നത്. ഈസ്തെറ്റിക്സ് എന്ന വാക്ക് ആദ്യമുപയോഗി ക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിൽ ബോംഗാൾട്ടൺ എന്ന ജർമ്മൻ ചിന്തകനാണ്. ഇന്ദ്രിയങ്ങളിലൂടെ വസ്തുക്കൾ മനസ്സിലാക്കപ്പെടുന്നതിന്റെ ശാസ്ത്രമാണ് സൗന്ദര്യ ശാസ്ത്രം എന്നദ്ദേഹം പറയുന്നു. നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം തുടങ്ങിയ മേഖലകളിൽ സ്വാധീനം ചെലുത്താൻ സൗന്ദര്യ ശാസ്ത്രത്തിന് കഴിഞ്ഞു.

സൗന്ദര്യശാസ്ത്രചിന്തയിൽ ഗ്രീക്ക് സ്വാധീനം എന്നും നിലനിന്നിരുന്നു. പ്രാചീനഘട്ടം, ക്ലാസിക്കൽഘട്ടം എന്നിങ്ങനെ സൗന്ദര്യശാസ്ത്രഘട്ടത്തെ സി. രാജേന്ദ്രൻ വിഭജിക്കുന്നുണ്ട്. മനുഷ്യകേന്ദ്രിതമായ ആവിഷ്ക്കാരങ്ങൾക്ക് പ്രാധാന്യം നൽകിയ പ്രാചീനഘട്ടം പ്രകൃതിക്കും മറ്റു ജീവജാലങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നില്ല. ക്ലാസ്സിക്കൽ ഘട്ടത്തിലാണ് കലയെ ജീവിതവുമായും പ്രകൃതിയുമായും ബന്ധപ്പെ ടുത്തുന്ന രീതി ആരംഭിച്ചത്.

പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഹോരസ്സ്, ലോംഗിനസ്സ് തുടങ്ങി നിരവധി ചിന്തകർ സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് പറയുന്നുണ്ട്. കലയെ ഈസ്തെറ്റിസിസം, മോറലിസം എന്നിങ്ങനെയാണ് വിവരിക്കുന്നത്. “കലയ്ക്കും കലാവസ്തുക്കൾക്കും അതിനുള്ളിൽ തന്നെ ഒരു സൗന്ദര്യാത്മകതയുണ്ട്. അതിന് അതിന്റേതായ മൂല്യവുമുണ്ട്. മറ്റേതെങ്കിലു മൊന്നുമായി അതിനെ താരതമ്യം ചെയ്യേണ്ടതില്ല. ഇതാണ് ഈസ്തെറ്റിസിസമെന്നാണ് “പ്ലേറ്റോ” പറയുന്നത്”. (രാജേഷ് ചിറപ്പാട്, രാജേഷ് കെ. എരുമേലി, 2014:18). കല പ്രകൃതിയെ കീഴടക്കുന്നതാണെന്നും യഥാർത്ഥ കലാസൃഷ്ടിയിൽ ആശയമോ ഉള്ളടക്കമോ പ്രധാനമല്ല രൂപമാണ് പ്രധാനമെന്നും സൗന്ദര്യം രൂപത്തിലാണ് നിൽക്കുന്നതെന്നുമാണ് ഷില്ലറുടെ സൗന്ദര്യശാസ്ത്രചിന്ത. ലോകത്തെ പലതരത്തിൽ വ്യാഖ്യാനിക്കുന്നതിനൊപ്പം മാറ്റിത്തീർക്കുക എന്നതാണ് പ്രധാനം എന്ന് മാർക്സ് പറയുന്നു. പാശ്ചാത്യസൗന്ദര്യശാസ്ത്രചിന്ത ഇത്തരത്തിൽ വളരെ വിപുലമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് വളർന്നുവന്നത്.

പ്രകൃതിക്ക് കേന്ദ്രസ്ഥാനം നൽകുന്ന ദർശനമാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം. തൊണ്ണൂറുകളിലാണ് പരിസ്ഥിതിദർശനം സൗന്ദര്യശാസ്ത്രപദ്ധതിയായി വികസിക്കുന്നത്. പരിസ്ഥിതി (ecology), സൗന്ദര്യശാസ്ത്രം (aesthetics) എന്നീ അഭിപ്രായങ്ങളിൽ നിന്ന് രൂപം കൊണ്ടതാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം. ഇക്കോളജി എന്ന പദത്തിന് പുതിയ അർത്ഥവ്യാപ്തി നൽകിയത് ജർമ്മൻ ജന്തു ശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെഗലാണ്. "ഗ്രീക്ക് പദമായ 'oikos' ൽനിന്നാണ് ഇക്കോളജി എന്ന പദം രൂപപ്പെട്ടത്. വീട് എന്നർത്ഥമുള്ള ഈ പദത്തെ വീടും വീട്ടിലുള്ള എല്ലാ വസ്തുക്കളും എന്ന വിശാലമായ അർത്ഥത്തിലാണ് പരിഗണിക്കുന്നത്. അങ്ങനെ ഭൂമിയിലെ എല്ലാ വസ്തുക്കളെയും അവയുടെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള പഠനമാകുന്നു 'ഇക്കോളജി'. ഈ പാരിസ്ഥിതികഗൃഹത്തിൽ ജീവനില്ലാത്തതും അതായത് മണ്ണ്, വെള്ളം തുടങ്ങിയവ ജീവനുള്ളതും പരമാണുക്കൾ, സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നിവയും ഉൾപ്പെടുന്നു. ഇവയെക്കുറിച്ചെല്ലാമുള്ള പഠനമാണ് 'ഇക്കോളജി'[2]" എന്ന് എം.സി. ഡാഷ് വ്യക്തമാക്കുന്നുണ്ട് (1995:18).

ഹെഗലാണ് ഇക്കോളജി എന്ന പദത്തിന്റെ അർത്ഥവ്യാപ്തി വിശദീകരിച്ചതെങ്കിലും വർഷങ്ങൾക്കുമുമ്പുതന്നെ തോറോ ആ പദം ഉപയോഗിച്ചിരുന്നു. അദ്ദേഹം ആ പദത്തിന് വിശദീകരണം നൽകിയിരുന്നില്ല. പരിസ്ഥിതിശാസ്ത്രം ആദ്യഘട്ടത്തിൽ പരിസ്ഥിതിയിലെ ചില ഘടകങ്ങളെ മാത്രം കേന്ദ്രീകരിക്കുകയും പിന്നീട് മനുഷ്യ പ്രകൃതി ബന്ധത്തെ അതിന്റെ ഭാഗമാക്കുകയും ചെയ്തു. പരിസ്ഥിതി ശാസ്ത്രത്തിനൊപ്പം വികാസം പ്രാപിച്ച സൗന്ദര്യശാസ്ത്രചിന്തകൾ പരിസ്ഥിതിവാദവുമായി ചേർന്നുപോകുന്ന ഒരു ഘട്ടത്തിൽ 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം' രൂപംകൊണ്ടു. ടി.പി. സുകുമാരൻ 'പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര' എന്ന ലേഖനത്തിൽ ഇക്കാര്യം വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. പ്രകൃതിയിലേക്കു മടങ്ങേണ്ടതിന്റെ ആവശ്യകതയെയായിരിക്കും പരിസ്ഥിതി സൗന്ദര്യശാസ്ത്രം മുന്നോട്ടുവയ്ക്കുന്നതെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു (മധുസൂദനൻ. ജി, എഡി. 2002:35).

മനുഷ്യന്റെ ജീവിതരീതികളുടെ പരിവർത്തനങ്ങളാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം രൂപപ്പെടുന്നതിന് കാരണമായത്. കാട്ടിൽ കായും കനിയും തിന്നു ജീവിച്ച പ്രാകൃതമനുഷ്യനും ആവശ്യത്തിലധികം വിഭവങ്ങൾ ഉപയോഗിച്ചിരുന്ന തായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാർഷികവൃത്തിയിലേക്ക് കടന്നപ്പോൾ ഭൂമി കയ്യേറ്റത്തോടൊപ്പം മൃഗങ്ങളെ മെരുക്കി വളർത്തുന്ന രീതിയും ആരംഭിച്ചു. പ്രകൃതിയെ

മെരുക്കിയെടുത്തുകൊണ്ട് കാർഷികയുഗത്തിൽ നിന്ന് വ്യവസായയുഗത്തിലേക്ക് കടന്ന മനുഷ്യപ്രവൃത്തികൾ പ്രകൃതിയെ കൂടുതൽ ദുഷിപ്പിക്കുന്നതിന് കാരണമായി.പുതിയ ജീവിതരീതികൾ ജനങ്ങളിൽ പാരിസ്ഥിതിക ഉത്കണ്ഠ ഉണ്ടാക്കി. അതിന്റെ ഭാഗമായാണ് പരിസ്ഥിതിപഠനങ്ങളും പരിസ്ഥിതിശാസ്ത്രവും പരിസ്ഥിതിസൗന്ദര്യശാസ്ത്രവും രൂപപ്പെട്ടത്. പ്രകൃതിയുടെ ജൈവികാവസ്ഥയിൽ നിരവധി രാസമാലിന്യങ്ങൾ കലർത്താൻ മനുഷ്യപ്രവർത്തനങ്ങൾ കാരണമായി. മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് മനുഷ്യ വംശത്തിന്റെ വളർച്ച അതിവേഗത്തിൽ സംഭവിച്ചു. അതാകട്ടെ പ്രകൃതി നാശഹേതു വായിട്ടാണ് പരിണമിച്ചത്. മറ്റു ജീവിവർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രകൃതിയുടെ ഒരംശം എന്ന അവസ്ഥയിൽനിന്ന് പ്രകൃതിയുടെ അധികാരിയായി മനുഷ്യൻ വളർന്നു. ആ വളർച്ചയ്ക്കൊപ്പം തർക്കങ്ങളും യുദ്ധങ്ങളുമുണ്ടാവുകയും അനേകം സ്ഫോടക വസ്തുക്കൾ നിർമ്മിക്കപ്പെടുകയും അവയിലൂടെ പ്രകൃതിക്ക് മാരകമായി മുറിവേൽ ക്കുകയും ചെയ്തു. ഭൂമി മനുഷ്യന്റെ ഉപയോഗത്തിനുവേണ്ടിയാണെന്ന ധാരണയിൽ പ്രകൃതിയെ ചൂഷണം ചെയ്യുകയും തുടർന്നുണ്ടാകുന്ന പാരിസ്ഥിതികാവബോധത്തിൽ മനുഷ്യന്റെ നിലനില്പിനും അതിജീവനത്തിനും മാത്രം പ്രാധാന്യം നൽകുകയും ചെയ്ത സമൂഹം മനുഷ്യവംശത്തിനപ്പുറം മനുഷ്യനേത്രത്തിന് ഗ്രാഹ്യമല്ലാത്ത സൂക്ഷ്മജീവികൾ കൂടി ഉൾപ്പെടുന്ന ഒരു ജീവിശൃംഖലയുണ്ടെന്ന കാര്യം അവഗണിച്ചു.

ഇത്തരത്തിൽ ഇതരജീവികളെ അവഗണിച്ചുകൊണ്ടുള്ള ദർശനത്തിൽനിന്നും വ്യത്യസ്തമായി നമുക്കു ചുറ്റുമുള്ള സൂക്ഷ്മപ്രപഞ്ചത്തെ കൂടി ഉൾപ്പെടുത്തിയാണ് പരിസ്ഥിതിസൗന്ദര്യശാസ്ത്രം രൂപംകൊള്ളുന്നത്. പ്രകൃതിയുടെ ജൈവഘടനയിൽ ഇതരജീവജാലങ്ങൾക്കും മനുഷ്യനൊപ്പം പ്രാതിനിധ്യം നൽകേണ്ടതുണ്ടെന്ന തിരിച്ചറിവ് ഇവിടെ സംഭവിക്കുന്നുണ്ട്. സസ്യജന്തുജാലങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് പ്രകൃതിയുടെ നിലനില്പിന് അനിവാര്യമാണെന്നു മനസ്സിലാക്കി പ്രവർത്തിക്കാൻ മനുഷ്യർ സന്നദ്ധരാകുന്നത് അടുത്ത കാലത്താണ്. "പ്രകൃതി കീഴടക്കപ്പെടേണ്ടതാണെന്നും എന്നോടൊതെരിട്ടാൽ ആണവായുധമുപയോഗിച്ച് ഭൂഗോളത്തെ തകർത്തുകളയും എന്നും അഹങ്കരിക്കുന്നതിനപ്പുറം പരിസ്ഥിതിസൗന്ദര്യശാസ്ത്രം പ്രതിനിധാനം ചെയ്യുക വിധേയത്വമാണ്. ഒരു അഖണ്ഡതയോട് അതിന്റെ അംശത്തിനുള്ള വിധേയത്വം നന്മതിന്മകൾക്കുപ്പുറമുള്ള ഒരു അഖണ്ഡതയാവാം ഇത്. പക്ഷേ, അതിൽ സ്വയം ഊർജ്ജസ്വലമാകുന്ന പ്രക്രിയ (self-organising principle) അന്തർഭവിച്ചിട്ടുണ്ട്. ഇവിടെയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ ആധ്യാത്മകത സ്ഫുടമായി

ത്തീരുക" (2013:97). ആഷാമേനോൻ അവതരിപ്പിക്കുന്ന ഇത്തരമൊരു വിധേയത്വമാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം ആവശ്യപ്പെടുന്നത്. പ്രകൃതിയുടെ ജൈവാംശത്തിൽ വിശ്വസിക്കണമെന്നും അതിനോടുള്ള സമീപനം പുനർനിർവചിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട തിയഡൊർറൊസാക്കിൽ നിന്നാണ് പരിസ്ഥിതിസൗന്ദര്യശാസ്ത്രചിന്ത ആരംഭിക്കുന്നത്. അതോടൊപ്പം മനുഷ്യന്റെ പരീക്ഷണത്വര പ്രകൃതിയിൽനിന്ന് അവനെ അകറ്റുന്നു എന്ന് വ്യഥിതനായ ഗെഥെയും പാരിസ്ഥിതികമായ നവദർശനം മുന്നോട്ടു വെച്ച ഗാന്ധിജിയുമെല്ലാം പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ ചിന്താധാരകളാണ് തുറക്കുന്നത്. "ഗാന്ധിജി ലോകത്തിന് പരിചയപ്പെടുത്തിയ ആത്മസംബന്ധിയായ ഒരു പ്രതിരോധക്രമം ആസന്നമായി കൊണ്ടിരിക്കുന്ന താളംതെറ്റലുകളുടെ വേളകളിൽ, മനുഷ്യൻ വേറൊരു രീതിയിൽ പരീക്ഷിക്കാൻ മുതിർന്നെന്നത് പാരിസ്ഥിതികവിവേകം തന്നെയാണ്"എന്ന ആഷാമേനോന്റെ അഭിപ്രായം അർത്ഥവത്താണ് (2013:105).

"പച്ചമനുഷ്യന്റെ സൗന്ദര്യശാസ്ത്രമാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം" എന്ന് ടി.പി. സുകുമാരൻ അഭിപ്രായപ്പെടുന്നു. "ഊർജ്ജദുർവിനിയോഗം ചെയ്യാത്തവനാണ് പച്ചമനുഷ്യൻ. അവൻ പഞ്ചാരമിഠായി സംസ്കാരം പുലർത്തുന്ന നാഗരികനല്ല" എന്ന് പച്ചമനുഷ്യന് നിർവചനവും നൽകുന്നുണ്ട് അദ്ദേഹം (1995:41). പ്രകൃതിയും ഇതര ജീവികളും മനുഷ്യന്റെ കീഴെയാണെന്ന നിലപാടിനോട് പരിസ്ഥിതി സൗന്ദര്യശാസ്ത്രം എതിരാണ്. എല്ലാതരം ചൂഷണങ്ങൾക്കും എതിരായ പരിസ്ഥിതി സൗന്ദര്യശാസ്ത്രം മനുഷ്യൻ പ്രകൃതിയിലേക്ക് മടങ്ങണം എന്ന അടിസ്ഥാനപരമായ തിരിച്ചറിവ് നൽകുന്നു.

പരിസ്ഥിതിസൗന്ദര്യശാസ്ത്രം അതിന്റെ വളർച്ചയുടെ ഘട്ടത്തിൽ ഗഹന പരിസ്ഥിതിവാദം (deep ecology), പാരിസ്ഥിതികസ്ത്രീവാദം (eco-feminism), സാമൂഹികപരിസ്ഥിതിവാദം (social ecology), പാരിസ്ഥിതിക മാർക്സിസം (eco-marxism), പാരിസ്ഥിതിക വിനോദസഞ്ചാരം (eco-tourism) എന്നിങ്ങനെ പുതിയ ദർശനങ്ങളായി വളർന്നിരിക്കുന്നു.

### 1.2.2.1. ഗഹനപരിസ്ഥിതിവാദം

അമേരിക്കൻ പരിസ്ഥിതിചിന്തയുടെയും പൗരസ്ത്യദർശനങ്ങളുടെയും സ്വാധീനത്തിൽ രൂപംകൊണ്ട ഗഹനപരിസ്ഥിതിവാദം ജീവിതത്തെ അതിന്റെ സമഗ്രതയിൽ നോക്കിക്കാണാൻ ശ്രമിച്ചു. സാമ്പത്തിക ശാസ്ത്രത്തിന്റെ തെറ്റായ മുന്നേറ്റങ്ങൾക്കെതിരെയാണ് ഇത് രൂപംകൊണ്ടത്. 1973-ൽ പരിസ്ഥിതി ദർശനങ്ങളിൽ ആദ്യത്തേതായി രൂപംകൊണ്ട ഗഹനപരിസ്ഥിതിവാദത്തിന്റെ ഉപജ്ഞാതാവ്

നോർവീജിയൻ ചിന്തകനായ അർണേസ് ആണ്. സ്പിനോസയുടെ ചിന്തകൾ തനിക്ക് ഏറെ പ്രേരണ നൽകിയിട്ടുണ്ടെന്ന് അർണേസ് പറയുന്നു (മധുസൂദനൻ .ജി, 2009:123). കൂടാതെ ജെ.എസ്. മിൽ, ഹെന്റി തോറോ, ജോർജ്ജ് പെർക്കിൻസ് മാർഷ്, ഷോപ്പനോവർ, ജോൺ മുയ്ർ, ജോർജ്ജ് സന്തായന, അർദോ ലിയപോർദ് എന്നിവരുടെ ചിന്തകളും ഗഹനപരിസ്ഥിതിവാദത്തെ സ്വാധീനിച്ചിട്ടുണ്ട്. "പ്രകൃതി മനുഷ്യനുവേണ്ടിയല്ല നിലനിൽക്കുന്നതെന്നും അതിന് സ്വന്തമായ അസ്തിത്വവും അവകാശവുമുണ്ടെന്നും അത് മാനിക്കുകയാണ് ഏറ്റവും ഉന്നതമായ സദാചാരബോധമെന്നുമുള്ള ചിന്തയാണ് അവരുടെ ആശയങ്ങളുടെ അടിത്തറ. അതാണ് ഗഹനപരിസ്ഥിതിവാദത്തിന്റെയും കേന്ദ്ര സങ്കല്പം" (മധുസൂദനൻ .ജി, 2009:124).

"മനുഷ്യരെപ്പോലെ തന്നെ ഇതരജീവികൾക്കും പ്രകൃതിയിൽ നിലനിൽക്കാനുള്ള അവകാശമുണ്ടെന്നും സ്വന്തം നിലനില്പിനാവശ്യമായ വിഭവങ്ങൾ മാത്രമേ മനുഷ്യൻ പ്രകൃതിയിൽനിന്നും ശേഖരിക്കാവൂ എന്നുമുള്ള ദർശനമാണ് ഗഹനപരിസ്ഥിതിവാദം അവതരിപ്പിക്കുന്നത്. മനുഷ്യകേന്ദ്രിതത്വത്തിൽ നിന്ന് ദർശനം ജൈവകേന്ദ്രിതമാകണം എന്നുള്ളതാണ് ഗഹനപരിസ്ഥിതിവാദത്തിന്റെ മറ്റൊരു തത്വം. സാമ്പത്തിക ജീവിതനിലവാരം ഉയർത്തുന്നതിനായി പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ ഭൂമിയിലെ മറ്റു സത്തകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി സമീപനങ്ങളും നയങ്ങളും മാറ്റേണ്ടതുണ്ടെന്നും ഗഹനപരിസ്ഥിതിവാദം പറയുന്നു. അഹിംസയുടെ മാർഗ്ഗമാണ് അതിനായി സ്വീകരിച്ചിരിക്കുന്നതെങ്കിലും അക്രമത്തി ലൂടെയും പ്രകൃതിനാശത്തെ പ്രതിരോധിക്കാമെന്ന് ഒരു വിഭാഗം പരിസ്ഥിതിവാദികൾ വിശ്വസിച്ചിരുന്നു. പക്ഷേ ബദൽജീവിതരീതി സൃഷ്ടിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളൊന്നും ഇല്ലെന്നതാണ് ഈ ദർശനത്തിന്റെ പ്രധാന പരിമിതി" എന്ന് ജി. മധുസൂദനൻ അഭിപ്രായപ്പെടുന്നുണ്ട് (2015:13).

"എല്ലാ ജീവജാലങ്ങളുടെയും ആത്മമൂല്യത്തെ അംഗീകരിക്കുകയും ബൃഹത്തായ ജൈവലോകത്തിലെ ഒരു ചെറിയ അംശമായി മനുഷ്യനെ കണക്കാക്കുകയും ചെയ്യു ന്നുണ്ട് 'ഡീപ് ഇക്കോളജി' യെന്ന ആശയത്തിൽ. മനുഷ്യന്റെയും മറ്റു ജീവജാല ങ്ങളുടെയും അഭിവൃദ്ധിക്ക് അതിന്റേതായ മൂല്യമുണ്ടെന്നും ഈ മൂല്യങ്ങൾക്ക് മറ്റു ജീവജാലങ്ങളുടെ മേലുള്ള ഉപഭോഗമൂല്യവുമായി യാതൊരു ബന്ധവുമില്ലെന്നും ഇതു വ്യക്തമാക്കുന്നു" (ഇറാച്ച് ബറൂച്ച, 2010:328). മനുഷ്യന്റെ നിലനില്പിനുവേണ്ടി പ്രകൃതിയെ സംരക്ഷിക്കുക എന്നതല്ല ജൈവവൈവിധ്യം നിലനിർത്തുന്നതിനുവേണ്ടി പ്രകൃതിയെ സംരക്ഷിക്കുക എന്നാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം.

### 1.2.2.2. പാരിസ്ഥിതികസ്ത്രീവാദം

സ്ത്രീയും പ്രകൃതിയും ചൂഷണങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നും ഇവ രണ്ടും സംരക്ഷിക്കപ്പെട്ടാൽ മാത്രമേ ലോക ആവാസവ്യവസ്ഥയ്ക്ക് നിലനില്പുള്ളൂ എന്നുമുള്ള ചിന്തയിൽ നിന്നാണ് പാരിസ്ഥിതികസ്ത്രീവാദം രൂപപ്പെട്ടത്. ഫ്രഞ്ച് ചിന്തകനായ ഫ്രാൻസ്വ ദ യൂബോൻ 1974-ൽ ആണ് ഇക്കോഫെമിനിസവുമായി ബന്ധപ്പെട്ട ആദ്യപ്രബന്ധം എഴുതുന്നത്. പ്രകൃതിയെയും സ്ത്രീയെയും ചൂഷിത വർഗ്ഗത്തെയുമാണ് പാരിസ്ഥിതികസ്ത്രീവാദം കേന്ദ്രസ്ഥാനത്തു നിർത്തുന്നത്. പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള "ഇക്കോഫെമിനിസത്തിന്റെ മുദ്രാവാക്യം സമഗ്രമോചനമാണ്. പ്രകൃതി മോചിതമാകണം; സ്ത്രീ മോചിതയാകണം; ഇതിനൊപ്പം പുരുഷനും മോചിതനാകണം. സ്ത്രീ-പുരുഷ പ്രകൃതിയുടെ സംയുക്ത മോചനമാണ് ഇക്കോഫെമിനിസത്തിന്റെ മഹത്തായ ലക്ഷ്യം" (പിയേഴ്സൺ. എൻ.എം, 2003:14).

ലിബറൽ ഫെമിനിസം, റാഡിക്കൽ ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം എന്നിവയുടെ നല്ല ആശയങ്ങളുടെ കൂടിച്ചേരൽ കൂടിയാണ് പാരിസ്ഥിതികാ സ്ത്രീ വാദത്തിലൂടെ സംഭവിക്കുന്നത്. സ്ത്രീക്ക് നൽകിയിരിക്കുന്ന അബലയും ചപലയുമായ രൂപത്തിൽനിന്ന് അവളെ മോചിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആദ്യകാല പ്രചാരകർ പാരീഷ്യൻ എഴുത്തുകാരി ഫ്രാങ്കോയ് ഡി ഒബോണും അമേരിക്കൻ എഴുത്തുകാരി റോസ്മേരി റൂഥറുമാണ്. ഇവരുടെ അഭിപ്രായത്തിൽ കുടുംബം, പ്രകൃതി, സ്ത്രീ ഇവയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. സ്ത്രീചൂഷണത്തിനൊപ്പം പ്രകൃതിയുടെയും ആദിവാസി സമൂഹത്തിന്റെയും മറ്റ് അധഃസ്ഥിത വർഗ്ഗത്തിന്റെയും ചൂഷണത്തിനെതിരെയാണ് പാരിസ്ഥിതികസ്ത്രീവാദം പോരാടുന്നത്.

"ഇക്കോഫെമിനിസത്തിന്റെ പ്രമുഖ വക്താക്കളിൽ ഒരാളായ ഏരിയൽ സാലേയുടെ അഭിപ്രായത്തിൽ എല്ലാ ഇക്കോഫെമിനിസ്റ്റുകളും ചരിത്രത്തിൽ സ്ത്രീയുടെ മാത്രമല്ല പ്രകൃതിയുടെയും പുരുഷന്റെയും സംരക്ഷകൻ കൂടിയാണ്. പരിസ്ഥിതി പ്രതിസന്ധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇക്കോഫെമിനിസത്തിന്റെ ശബ്ദം വിമോചനത്തിന്റേതാകണമെന്നാണ് ഏരിയൽ സാലേ പ്രതീക്ഷിക്കുന്നത്. പുരുഷൻ/ സ്ത്രീ = പ്രകൃതി എന്ന സമവാക്യമാണ് ഏരിയൽ സാലേ ഇക്കോഫെമിനിസത്തിന്റേ തായി അവതരിപ്പിക്കുന്നത്" (പിയേഴ്സൺ. എൻ.എം, 2003:117). ഇക്കോഫെമിനിസ്റ്റുകൾ

പറയുന്നത് വ്യവസായവത്ക്കരണം ഉപേക്ഷിച്ച് പ്രാദേശിക വികസന സംവിധാനങ്ങൾക്ക് പ്രാധാന്യം കൊടുത്തില്ലെങ്കിൽ മനുഷ്യവംശത്തിന്റെ നാശത്തിന് കാരണമാകുമെന്നാണ്. ജീവന്റെ നിലനില്പിനുള്ള പോരാട്ടം നടത്തുന്ന പാരിസ്ഥിതിക സ്ത്രീവാദം പുരുഷാധിപത്യത്തിന്റെയും ചൂഷണത്തിന്റെയും പ്രക്രിയകളെ മാത്രമല്ല വനസംരക്ഷണം, പരിസ്ഥിതിസംരക്ഷണം തുടങ്ങി നിരവധി മേഖലകൾക്ക് പ്രാധാന്യം നൽകുന്നുണ്ട്.

### 1.2.2.3. സാമൂഹികപരിസ്ഥിതിവാദം

മനുഷ്യൻ സമൂഹജീവിയാണെന്ന തത്വത്തിൽനിന്ന് ഉയർന്നുവന്ന ദർശനമാണ് സാമൂഹികപരിസ്ഥിതിവാദം. അമേരിക്കൻ അനാർകിസ്റ്റ് മുറെ ബുക്ചിൻ ആണ് ഇതിന്റെ പ്രചാരകൻ. നിലവിലുള്ള സാമൂഹികവും രാഷ്ട്രീയവും പാരിസ്ഥിതികവുമായ നിലപാടുകൾക്കെതിരെയുള്ള വിമർശനാത്മക നിലപാടായാണ് അദ്ദേഹം ഈ സിദ്ധാന്തം അവതരിപ്പിച്ചത്. "എല്ലാ ജീവരൂപങ്ങൾക്കും ഒരു ആന്തരികമൂല്യം ഉണ്ടെന്നും ആ മൂല്യത്തെ നീതിപൂർവ്വം തിരിച്ചറിയാൻ മനുഷ്യന് കഴിയണമെന്നും സാമൂഹികപരിസ്ഥിതിവാദം വിശ്വസിക്കുന്നു. മനുഷ്യൻ സമൂഹജീവിയായതിനാൽ തന്നെ പരിസ്ഥിതി പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് കൂടുതൽ സാധ്യതയുണ്ടെന്നു കരുതി പ്രകൃതിയുടെ മിത്രമായാണ് സാമൂഹികപരിസ്ഥിതിവാദം മനുഷ്യനെ കാണുന്നത്. മനുഷ്യസമൂഹത്തിലുണ്ടാകുന്ന അരാജകത്വത്തിന്റെയും മാർക്സിസത്തിന്റെയും സമന്വയമാണ് സാമൂഹിക പരിസ്ഥിതിവാദം" എന്ന് സോഷ്യൽ ഇക്കോളജിയുടെ പിതാവായ മുറെ ബുക്ചിൻ അഭിപ്രായപ്പെടുന്നുണ്ട്.

"വൈരുദ്ധ്യാധിഷ്ഠിത പ്രകൃതിവാദമാണ് സോഷ്യൽ ഇക്കോളജിയുടെ അടിസ്ഥാന സന്ദേശമായി ബുക്ചിൻ കാണുന്നത്. പ്രകൃതിയിൽ നിന്ന് വേർപെടുന്ന മനുഷ്യനെ പ്രകൃതിയിലേക്ക് മടക്കിവിളിക്കുന്ന, അവനെ സ്വയം തിരിച്ചറിയാനും തന്റെ പരിണാമ ചരിത്രം ഉൾക്കൊണ്ട് പ്രകൃതിയിൽ ധാർമ്മികമായി ഇടപെടാനും പ്രേരിപ്പിക്കുന്ന തത്ത്വശാസ്ത്രമാണ് വൈരുദ്ധ്യാധിഷ്ഠിത പ്രകൃതിവാദം" (ജോർജ്ജ് കെ. അലക്സ്, 2003:103). ഇത്തരത്തിൽ വൈരുദ്ധ്യാധിഷ്ഠിത പ്രകൃതിവാദത്തിന്റെ ആശയങ്ങൾ സാമൂഹിക പരിസ്ഥിതിവാദത്തിലും പ്രകടമാണെന്ന് വ്യക്തമാക്കപ്പെടുന്നു. "മനുഷ്യൻ ഇതരമനുഷ്യരുടെ മേൽ ചെലുത്തുന്ന മേൽക്കോയ്മയാണ് ആദ്യമുണ്ടായതെന്നും, പ്രകൃതിയുടെ മേലുള്ള മേൽക്കോയ്മ അതിന്റെ സ്വാഭാവികമായ പിന്തുടർച്ചയായിരുന്നുവെന്നും ബുക്ചിൻ സിദ്ധാന്തിച്ചു. ആദിമഗോത്രകാലത്ത്

മനുഷ്യൻ പ്രകൃത്യാനുസാരിയായി ജീവിച്ചു. എന്നാൽ ഗോത്രസമൂഹങ്ങളിൽ ആണിന്റെ മേൽക്കോയ്മ വളരുന്നതോടെ അതുറപ്പിക്കാനായി ആധിപത്യഘടനകൾ നിലവിൽ വന്നു. ഈ പുരുഷാധിപത്യവ്യവസ്ഥ ഇതര മനുഷ്യരെ - പ്രത്യേകിച്ച് സ്ത്രീകളെ - സ്വന്തം അധീശാധികാരത്തിനു വിധേയമാക്കി. ഈ സാമൂഹ്യമേൽക്കോയ്മയുടെ സ്വാഭാവിക പരിണാമമായിരുന്നു പ്രകൃതിയുടെ മേലുള്ള അധീശത്വവും. ഈ ആധിപത്യഘടനകളും മേൽക്കോയ്മകളും സമൂഹത്തിൽനിന്നു തുടച്ചുനീക്കുന്ന ഒരു പാരിസ്ഥിതിക അരാജകത്വമാണ് ബുക്ചിന്റെ സാമൂഹികപരിസ്ഥിതിവാദമെന്നു പറയാം" എന്ന് ജി. മധുസൂദനൻ അഭിപ്രായപ്പെടുന്നുണ്ട് (2011:353). ഇത്തരത്തിൽ പ്രകൃതിയുടെ മേലുള്ള അധീശത്വത്തെ ഇല്ലാതാക്കാൻ സാമൂഹികപരിസ്ഥിതിവാദം ശ്രമിക്കുന്നു.

### 1.2.2.4. പാരിസ്ഥിതികമാർക്സിസം

പരിസ്ഥിതിചിന്തകളും ചർച്ചകളും സജീവമാകുന്നതിന് വളരെ മുമ്പുതന്നെ മാർക്സ് പാരിസ്ഥിതിക മാർക്സിസവുമായി ബന്ധപ്പെട്ട ചിന്ത അവതരിപ്പിച്ചതായി വ്യക്തമാക്കപ്പെടുന്നുണ്ട്. "ആധുനിക ബൂർഷ്വാസിക്ക് പാരിസ്ഥിതികഅവബോധം ഉണ്ടാകുന്നതിനുമുമ്പ് പ്രകൃതിക്കൊള്ള തിരിച്ചറിഞ്ഞത് മാർക്സായിരുന്നു എന്ന് ഇറ്റാലിയൻ ഭൗമശാസ്ത്രകാരനായ മാസിനോഖെയ്നി അഭിപ്രായപ്പെടുന്ന"തായി എൻ.എം. പിയേഴ്സൺ രേഖപ്പെടുത്തുന്നു (2010:122).

മാർക്സിയൻ ദർശനങ്ങളുടെ പാരിസ്ഥിതിക പുനർവായനയിൽ പുതിയ പാരിസ്ഥിതിക അവബോധമാണ് കാണാൻ കഴിയുക. പ്രകൃതിയിലുള്ള ഓരോ മനുഷ്യ പ്രവർത്തനവും സംസ്കാരവും പ്രകൃതിയിൽ നിന്നുള്ള അകൽച്ചയാണ് സൂചിപ്പിക്കുന്നത്. മനുഷ്യ അധ്വാനത്തിന് പ്രാധാന്യം നൽകുന്ന മാർക്സിയൻ ദർശനം അധ്വാനത്തിലൂടെ പ്രകൃതിയെ മാറ്റിത്തീർക്കാൻ ആവശ്യപ്പെടുന്നു. പ്രകൃതി ആരുടെയും സ്വകാര്യസ്വത്തല്ലെന്നും നല്ല മാറ്റങ്ങൾ വരുത്തി വരും തലമുറയ്ക്ക് കൈമാറാനുള്ളതുമാണെന്ന് മാർക്സിസം പറയുന്നു. "എല്ലാറ്റിനെയും ഭൂമിയെ, പ്രകൃതിയെ, മനുഷ്യ സമൂഹത്തെ, ബോധത്തെ, ശക്തിസിദ്ധികളെ എല്ലാ രൂപപ്പെടുത്തുക, മെച്ചപ്പെടുത്തുക കൂടുതൽ മികച്ചവയ്ക്ക് രൂപം നൽകി പിൻവാങ്ങുക" (രാമചന്ദ്രൻനായർ പന്മന, 2013:180). ഇതാണ് പ്രപഞ്ചത്തെ സംബന്ധിച്ച മാർക്സിയൻ ദർശനം.

മാർക്സിസത്തെ മനുഷ്യകേന്ദ്രിത സമീപനമായി വിലയിരുത്താറുണ്ടെങ്കിലും അത് പ്രകൃതികേന്ദ്രിതമാണെന്ന തിരിച്ചറിവാണ് പാരിസ്ഥിതികമാർക്സിസം നൽകുന്നത്. മനുഷ്യനും പ്രകൃതിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണെന്നും രണ്ടിന്റെയും

ഉന്നതിക്കുവേണ്ടിയാണ് മനുഷ്യ അധ്വാനം ഉപയോഗിക്കേണ്ടതെന്നും മാർക്സിയൻ ദർശനം പറയുന്നു. പരിസ്ഥിതിപ്രശ്നങ്ങൾക്കു കാരണം പ്രകൃതിയല്ല സമൂഹമാണെന്നും മനുഷ്യനും പ്രകൃതിയും ഒത്തുപോയാൽ മാത്രമേ ലോകത്തിന്റെ നിലനില്പ് സാധ്യമാകൂ എന്നും മാർക്സ് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇങ്ങനെ എല്ലാ അർത്ഥത്തിലും മാർക്സ് പരിസ്ഥിതിവാദങ്ങൾ ഉന്നയിക്കുന്നു.

#### 1.2.2.5. പാരിസ്ഥിതിക വിനോദസഞ്ചാരം

"1980-ൽ സെബല്ലോസ് ലാന്റിയൻ ആണ് ഇക്കോടൂറിസം എന്ന വാക്ക് രൂപപ്പെടുത്തിയത്. പിന്നീടദ്ദേഹം അതിന് നിർവചനം നൽകി. ആ നിർവചനപ്രകാരം പാരിസ്ഥിതിക വിനോദസഞ്ചാരമെന്നാൽ പഠനത്തിനോ, വിസ്മയത്തിനോ, ദൃശ്യാസ്വാദനത്തിനോ വന്യസസ്യജന്തുനിരീക്ഷണത്തിനോ സാംസ്കാരിക ആവിഷ്ക്കാരങ്ങളുടെ കണ്ടെത്തലിനോ വേണ്ടി താരതമ്യേന സ്വച്ഛന്ദവും മാലിന്യരഹിതവുമായ പ്രകൃതി പ്രദേശങ്ങളിലേക്കുള്ള യാത്രയെ ഇക്കോടൂറിസം എന്ന് നിർവചിക്കാം" (പിയേഴ്സൺ. എൻ.എം, 2010:23) പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്താൽ മാത്രമേ ആവാസവ്യവസ്ഥയുടെ നിലനില്പ് സാധ്യമാകൂ എന്നുള്ള സങ്കല്പത്തിൽ നിന്നാണ് ഇക്കോടൂറിസം ഉണ്ടായത്. പരിസ്ഥിതി സൗഹൃദമായ ഒരു ടൂറിസം കാഴ്ചപ്പാടാണിത്. ടൂറിസത്തിന്റെ പേരിൽ പ്രകൃതിയെ നശിപ്പിക്കാതിരിക്കൽ കൂടിയാണ് ഇതിന്റെ ലക്ഷ്യവും ഫലവും. പല സന്ദർഭങ്ങളിലും കച്ചവടതന്ത്രം മാത്രമായി ഈ പദ്ധതി മാറുകയും പരിസ്ഥിതിസംരക്ഷത്തിനപ്പുറം പരിസ്ഥിതിചൂഷണം നടക്കുകയും ചെയ്യുന്നതായി കാണാൻ സാധിക്കും.

### 1.2.3. പരിസ്ഥിതി സൗന്ദര്യശാസ്ത്രം സാഹിത്യത്തിൽ

#### 1.2.3.1. പാരിസ്ഥിതികഭാവുകത്വവും സാഹിത്യവും

ഓരോ കാലഘട്ടത്തിലും സാഹിത്യം പ്രസ്തുത കാലഘട്ടത്തിലെ സാമൂഹിക പ്രശ്നങ്ങളുമായും താല്പര്യങ്ങളുമായും ബന്ധപ്പെട്ട ഭാവുകത്വമാണ് സ്വീകരിച്ചു കാണുന്നത്. ആഗോളദേശീയസംസ്ഥാനതലങ്ങളിലുണ്ടായ പരിസ്ഥിതിപ്രശ്നങ്ങളും പരിണതഫലങ്ങളുമാണ് ജനങ്ങളിൽ പരിസ്ഥിതിബോധം ഉണ്ടാക്കുന്നതിന് കാരണമായ പ്രധാന ഘടകങ്ങളിലൊന്ന്. പ്രകൃതിവർണ്ണനകളും പ്രകൃതിയെ പലതരത്തിൽ ഉപയോഗിച്ചതിന്റെ സൂചനകളും ആദ്യകാലകൃതികളുടെ ഭാഗമായെങ്കിലും പരിസ്ഥിതി പ്രശ്നങ്ങളും തുടർന്നുണ്ടായ പരിസ്ഥിതിഅവബോധവുമാണ് സാഹിത്യത്തിലെ പ്രകൃതി

പരാമർശങ്ങളെ പരിസ്ഥിതി അവബോധത്തിന്റെ തലത്തിലേക്കും അതിലൂടെ പാരിസ്ഥിതിക ഭാവുകത്വത്തിലേക്കും നയിച്ചത് . പാശ്ചാത്യ ലോകത്ത് 'നിശബ്ദവസന്തം' എന്ന ഗ്രന്ഥമാണ് പാരിസ്ഥിതിക പ്രതിസന്ധിയെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കമിട്ടത്. ഹെന്റിഡേവിഡ് തോറോയുടെ 'വാൾഡൻ', ഫുക്കുവോക്കയുടെ 'ഒറ്റവൈക്കോൽ വിപ്ലവം' തുടങ്ങിയ കൃതികളും പരിസ്ഥിതി ചിന്തയുടെ വ്യാപനത്തിന് കാരണമായി. 1970 കളിൽ സൈലന്റ്‌വാലി സമരവുമായി ബന്ധപ്പെട്ടാണ് കേരളത്തിലെ എഴുത്തുകാർ പാരിസ്ഥിതിക ഭാവുകത്വത്തിലേക്ക് കടന്നുചെല്ലുന്നത്. അതിനെതുടർന്ന് 1983 ൽ 'വനപർവ്വം' എന്നൊരു കവിതാസമാഹാരവും പാഠഭേദം, സൂചിമുഖി തുടങ്ങിയ പരിസ്ഥിതിമാസികകളും പ്രസിദ്ധീകരിക്കപ്പെട്ടു.

സാമൂഹിക പ്രശ്നങ്ങൾ എന്നും സാഹിത്യലോകം ഏറ്റെടുത്തിരുന്നു. "ആധുനിക പാരിസ്ഥിതിക പ്രതിസന്ധി നമ്മുടെ ജീവിതത്തെ പാരിസ്ഥിതികമായി മാത്രമല്ല ആത്മീയമായും സാംസ്കാരികമായും വിഷമയമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യത്തിലും ഹരിതമായൊരു ഭാവുകത്വപരിണാമം സംഭവിക്കുന്നത്" എന്ന മധുസൂദനന്റെ അഭിപ്രായം ശ്രദ്ധേയമാണ് (2011:17). പരിസ്ഥിതിനാശമെന്നാൽ പുഴയുടെയും മരത്തിന്റെയും മാത്രം നാശമല്ലെന്നും പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷയുടെയുമെല്ലാം നാശമാണെന്നും തിരിച്ചറിഞ്ഞ സാഹിത്യലോകം പരിസ്ഥിതി നാശത്തിനെതിരെയുള്ള ആയുധമായി സാഹിത്യത്തെ ഉപയോഗിച്ചു. മനുഷ്യന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും പരിസ്ഥിതി യുടെയും നിലനില്പിനായി പ്രവർത്തിക്കുന്ന സാഹിത്യം എല്ലാ ജീവികളും പരസ്പര ബന്ധിതമായ ഒരു ജീവിതമാണ് നയിക്കുന്നതെന്നും അവയുടെ ഉന്മൂലനാശത്തിന് മനുഷ്യൻ കാരണമാകരുതെന്നുമുള്ള ആശയം പല കൃതികളിലൂടെയും മുന്നോട്ടു വയ്ക്കുന്നു. വ്യത്യസ്ത ആവിഷ്ക്കാരരീതികളും പ്രമേയങ്ങളും ഉൾക്കൊള്ളുന്ന ഈ കൃതികൾ പാരിസ്ഥിതിക നീതിക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. മനുഷ്യ താല്പര്യങ്ങൾക്കപ്പുറമുള്ള ചിന്താധാരയാണ് സാഹിത്യത്തിൽ പാരിസ്ഥിതികഭാവുക ത്വവുമായി ബന്ധപ്പെട്ട് രൂപപ്പെട്ടത്. മനുഷ്യർ സ്വന്തം നിലനില്പിനാണ് പ്രാധാന്യം നൽകുന്നത് എന്ന തിരിച്ചറിവ് പല കൃതികളും ഉൾക്കൊള്ളുന്നു. അതിലൂടെ മലയാള സാഹിത്യത്തിൽ പുതിയ പാരിസ്ഥിതികഭാവുകത്വം രൂപംകൊണ്ടു.

## 1.2.3.2. പാരിസ്ഥിതികഭാവുകത്വം മലയാളസാഹിത്യത്തിൽ

### 1.2.3.2.1. നോവൽ

ആധുനികതയ്ക്കു ശേഷമുണ്ടായ നോവലുകളിൽ പാരിസ്ഥിതികമായ ഭാവുകത്വം ഉയർന്നുവരുന്നതായി കാണാം. പുതിയ പാരിസ്ഥിതിക ചുറ്റുപാടുകൾ ഇത്തരത്തിലുള്ള സാഹിത്യസൃഷ്ടികൾക്ക് കാരണമായി. ആഗോളവത്ക്കരണവും അതിന്റെ ഭാഗമായുണ്ടായ പാരിസ്ഥിതികപ്രതിസന്ധികളും നോവൽ സാഹിത്യത്തിൽ പാരിസ്ഥിതിക നോവൽ എന്ന വിഭാഗത്തിന്റെ വളർച്ചയ്ക്ക് കാരണമാവുകയുണ്ടായി. എം. മുകുന്ദന്റെ കിളിവന്നുവിളിച്ചപ്പോൾ, ആനന്ദിന്റെ അഭയാർത്ഥികൾ, മുരുഭൂമികൾ ഉണ്ടാകുന്നത്, സി. രാധാകൃഷ്ണന്റെ മുമ്പേ പറക്കുന്ന പക്ഷികൾ, ഒ.വി. വിജയന്റെ മധുരംഗായതി, എൻ.പി. മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ്, കെ.ജെ. ബേബിയുടെ മാവേലി മന്റം, കെ. രാജശേഖരൻനാരുടെ ഒരു പുഴയുടെ കഥ, സാറാ ജോസഫിന്റെ ആലാഹയുടെ പെൺമക്കൾ, ഒതപ്പ്, ബാലകൃഷ്ണൻ മാങ്ങാടിന്റെ ഭൂമിയുടെ കണ്ണ്, ജി.ആർ. ഇന്ദുഗോപന്റെ മുതലലായനി 100% മുതല, മണൽജീവികൾ, ഇ.എം. കോവൂരിന്റെ മലകൾ, തോമസ് തോമസിന്റെ വിഷഭൂമികളിൽ മയങ്ങുന്നവർ, നാരായന്റെ കൊച്ചരേത്തി, പി. സുരേന്ദ്രന്റെ ജൈവം, അംബികാസുതൻ മാങ്ങാടിന്റെ മരക്കാപ്പിലെ തെയ്യങ്ങൾ, എൻമകജെ, റഹീം കടവത്തും സന്തോഷ് പനയാലും ചേർന്നെഴുതിയ ഇലകളും കായ്കളുമില്ലാതെ, ബാബു ഭരദ്വാജിന്റെ കലാപങ്ങൾക്കൊരു ഗൃഹപാടം, കെ.എ. സെബാസ്റ്റ്യന്റെ രാജാക്കന്മാരുടെ പുസ്തകം എന്നിങ്ങനെ പാരിസ്ഥിതിക വായനയർഹിക്കുന്ന നോവലുകളുടെ നീണ്ടനിരതന്നെ മലയാളസാഹിത്യത്തിലുണ്ട്. സമകാല പരിസ്ഥിതിയുടെ അടയാളപ്പെടുത്തലുകളാണിവ. പരിസ്ഥിതി പ്രതിസന്ധിയെ പ്രശ്നവൽക്കരിക്കുന്ന പുതിയ നോവലുകൾ രചിക്കപ്പെടാനുള്ള സാധ്യതകളും സാഹചര്യങ്ങളും ഇന്ന് നിലവിലുണ്ട്.

### 1.2.3.2.2. ചെറുകഥ

പുതിയ സാമൂഹിക സാഹചര്യങ്ങൾ മൃഗകഥകളുടെ സ്ഥാനത്ത് മികച്ച പാരിസ്ഥിതികകഥകൾ ആവശ്യപ്പെടുന്നു. പരിസ്ഥിതിനാശവും ശാസ്ത്രവും വികസനവുമെല്ലാം പ്രമേയമാകുന്ന പരിസ്ഥിതി ഭാവുകത്വത്തിന്റെ കഥകൾ മലയാളസാഹിത്യത്തിലുണ്ട്. സമകാല ജീവിതസമസ്യകളെ അടയാളപ്പെടുത്തുന്നവയാണ് പല കഥകളും. ജൈവവൈവിധ്യനഷ്ടത്തിന്റെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും കഥകൾ രചിക്കപ്പെടുന്നുണ്ട്. കാരൂരിന്റെ ഉതുപ്പാന്റെ കിണർ, തകഴിയുടെ കൃഷിക്കാരൻ,

വെള്ളപ്പൊക്കത്തിൽ, ബഷീറിന്റെ ഭൂമിയുടെ അവകാശികൾ, തേന്മാവ്, പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ, ടി. പത്മനാഭന്റെ ഒരു സ്വപ്നം പോലെ, എം. മുകുന്ദന്റെ പുഴയുടെ ഓർമ്മ, പി. സുരേന്ദ്രന്റെ ഹരിതവിദ്യാലയം, ഭൂമിയുടെ നിലവിളി, വീടു പണിയുമ്പോൾ, ഇക്കോഫ്രന്റ്ലി, കുന്നുകളുടെ ജീവിതത്തിൽ നിന്നുതന്നെ, അംബികാസുതൻ മാങ്ങാടിന്റെ കുറ്റം, പുഴജീവി, നീരാളിയൻ, വിതച്ചത്, ആനത്താര, വത്സലൻ വാതുശ്ശേരിയുടെ ഭൂമിയുടെ (പുതിയ) അവകാശികൾ, അഷ്ടമൂർത്തിയുടെ കൊറ്റിക്കൽ കാപ്പ്, എം.എ. റഹ്മാന്റെ വിദ്യുച്ഛക്തി എന്റെ രചന, ഹംസക്കുട്ടിയുടെ തടാകം, കെ.വി. മോഹൻകുമാറിന്റെ ജലരാശി, ഇ. സന്തോഷ്കുമാറിന്റെ ഗാലപ്പഗോസ്, മയിലുകളുടെ നൃത്തം, അയ്മനം ജോണിന്റെ വെള്ളത്തിൽ മനുഷ്യൻ എൻ.പി. മുഹമ്മദിന്റെ വെള്ളം, എസ്. മഹാദേവൻ തമ്പിയുടെ കണ്ടൽക്കാട് എന്നിങ്ങനെ നിരവധി കഥകൾ പാരിസ്ഥിതികഭാവുകത്വം ഉൾക്കൊള്ളുന്നതായുണ്ട്.

### 1.2.3.2.3. കവിത

പാശ്ചാത്യലോകത്ത് 1962-ൽ 'നിശബ്ദവസന്ത'മെന്ന ഗ്രന്ഥത്തിലൂടെ പരിസ്ഥിതി ചിന്തകൾക്ക് തുടക്കമാകുന്നതിന് വർഷങ്ങൾക്ക് മുമ്പ് തന്നെ മലയാളകവിതയിൽ പാരിസ്ഥിതികഭാവുകത്വം പ്രകടമാകുന്ന കൃതികൾ രചിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് 1954 ഫെബ്രുവരിയിലാണ് ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം' പ്രസിദ്ധീകരിക്കുന്നത്. വികസനധാരകളെ സ്വാഗതം ചെയ്യുന്ന കവിത വികസനം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ചും വ്യാകുലപ്പെടുന്നുണ്ട്. ഇത്തരത്തിൽ പ്രകൃതിബോധത്തിലധി ഷ്ഠിതമായ നിരവധി കവിതകൾ രചിക്കപ്പെട്ടു. മറ്റ് സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് പ്രസ്ഥാനപരവും പ്രമേയപരവുമായ പരിണാമങ്ങൾക്ക് ഏറെ വിധേയമായത് കവിതയാണ്. ഈ പരിണാമമാകട്ടെ പുതിയ രൂപവും ഭാവുകത്വവും കവിതയ്ക്ക് നൽകി. ഈ പ്രബന്ധത്തിലെ രണ്ടു മുതൽ അഞ്ചുവരെയുള്ള അധ്യായങ്ങളിൽ രാമചരിതം മുതൽ പുതിയ തലമുറയിലെ എസ്. ജോസഫ് വരെയുള്ള കവികളിൽ തെരഞ്ഞെടുക്ക പ്പെട്ടവരുടെ തെരഞ്ഞെടുത്ത കവിതകളിലൂടെ പാരിസ്ഥിതിക ഭാവുകത്വത്തിന്റെ പരിണാമം എപ്രകാരമെന്ന് അന്വേഷിക്കുന്നു. പ്രകൃതി വർണ്ണനകളിൽ നിന്ന് പ്രകൃതി നശീകരണപരാമർശങ്ങളിലേക്കും നഷ്ടബോധങ്ങളിലേക്കും പാരിസ്ഥിതികവബോധ ത്തിലേക്കും മലയാളകവിത പരിണമിച്ചതെങ്ങനെയെന്ന ന്വേഷിക്കുന്നതിനൊപ്പം പ്രകൃതികേന്ദ്രിതമനോഭാവവും മനുഷ്യകേന്ദ്രിത അധികാരവ്യവസ്ഥയും ഓരോ കാലഘട്ടത്തിലും പ്രകൃതിയുടെയും അധകൃതവർഗ്ഗത്തിന്റെയും മേൽ പ്രവർത്തിച്ചതെ ങ്ങനെയെന്നും ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നു.

### 1.2.3.2.4. വിമർശനം

മലയാളനോവലിലും ചെറുകഥയിലും കവിതയിലും രൂപപ്പെട്ട പാരിസ്ഥിതിക ഭാവുകത്വം പാരിസ്ഥിതിക നിരൂപണം രൂപപ്പെടുന്നതിനിടയാക്കി. പാരിസ്ഥിതിക വിമർശനം എന്നൊരു പുതിയ വിഭാഗം രൂപപ്പെട്ടു. പി.പി.കെ. പൊതുവാളിന്റെ പരിസ്ഥിതിബോധവും സംസ്കാരവും, ആനന്ദിന്റെ ജൈവമനുഷ്യൻ, ആഷാമേനോന്റെ ഖാൽസയുടെ ജലസ്മൃതി, തനുമാനസി, കലിയുഗാരണ്യകങ്ങൾ എന്നിവ പാരിസ്ഥിതിക ഭാവുകത്വം ഉൾക്കൊള്ളുന്ന വിമർശനഗ്രന്ഥങ്ങളാണ്. 2008 ൽ ജി. മധുസൂദനൻ എഴുതിയ ഹരിതനിരൂപണം മലയാളത്തിൽ പാരിസ്ഥിതിക വിമർശനത്തെക്കുറിച്ചുള്ള പ്രഥമ റഫറൻസ് ഗ്രന്ഥമാണ്. ജി. മധുസൂദനന്റെ കഥയും പരിസ്ഥിതിയും, ഭാവനയുടെ ജലസ്ഥലികൾ, നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി - കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം എന്നിവ പാരിസ്ഥിതിക വിമർശനസാഹിത്യത്തിലെ മികച്ച ഗ്രന്ഥങ്ങളാണ്. കൂടാതെ എസ്. രാജശേഖരന്റെ പരിസ്ഥിതിദർശനം മലയാളകവിതയിൽ സി.ആർ. പ്രസാദിന്റെ ഹരിതദർശനം ആധുനികാനന്തരകവിതയിൽ എന്നിങ്ങനെ പാരിസ്ഥിതിക വിമർശനവിഭാഗത്തിൽ ഉൾപ്പെടുന്ന നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. ഇവയെല്ലാം നോവലിനെയും കഥയെയും കവിതയെയും പോലെ പാരിസ്ഥിതിക അവബോധം സമൂഹത്തിൽ വ്യാപിക്കുന്നതിന് സഹായിച്ചു.

അടുത്ത അധ്യായം മുതൽ മലയാളകവിതയിലെ പാരിസ്ഥിതിക ഭാവുകത്വത്തിന്റെ പരിണാമമെന്തെന്ന വിശകലനമാണ് നടത്തുന്നത്.

## അടിക്കുറിപ്പ്

1. 'ഗിരയസ്തേപർവ്വതാ ഹിമന്തോƒശണ്യം
   തേ പൃഥിവീ സ്വേനമസ്തു
   ബഭ്രും കൃഷ്ണാം രോഹിനിം വിശ്വരൂപാം
   ധ്രുവാം ഭൂമിം പൃഥവീം ഇന്ദ്രഗുപ്താം
   അജീതോƒഹതോ അക്ഷതോƒധ്യൃഷ്ഠാം പൃഥിവീമഹം'?

   (അഥർവവേദം 12-ാം കാണ്ഡം 1-ാം അനുവാകം 1-ാം സൂക്തം)
2. 'Ecology, a word derived from the Greek word oikos, meaning house, has a wide scope. Broadly speaking, ecology is a study of house holds of the planet earth. These households consists of non-living matter, such as soil and water, and living organisms such as micro-organisms, plants, animals and man (M.C. Dash, 1995: 18)

# 2. സസ്യപ്രകൃതി

പൂക്കളും ഫലങ്ങളും ചെടികളും മരങ്ങളും കാടും ഉൾപ്പെടുന്ന പ്രകൃതിയെയാണ് സസ്യപ്രകൃതി എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ അർത്ഥമാക്കുന്നത്. അതുകൊണ്ടു തന്നെ ഈ അദ്ധ്യായത്തെ പൂക്കൾ, ഫലങ്ങൾ (കായകളും പഴങ്ങളും വിത്തുകളും) ചെടികൾ മരങ്ങൾ, കാട് എന്നിങ്ങനെ നാല് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. മേൽപറഞ്ഞ ഓരോ ഘടകവും മലയാളകവിതയിൽ പരാമർശിക്കപ്പെട്ടതെങ്ങനെയെന്ന് ഓരോ കാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവികളുടെ തെരഞ്ഞെടുത്ത കവിതകളെ ആസ്പദമാക്കി വിലയിരുത്തുന്നു.

പുഷ്പിക്കുന്ന ചെടികളിലെ പ്രധാനഭാഗമാണ് പൂക്കൾ. വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും പൂക്കൾ പ്രധാനപങ്കുവഹിക്കുന്നു. കാട്ടുപൂക്കൾ, നാട്ടുപൂക്കൾ, വീട്ടുപൂക്കൾ എന്നിങ്ങനെ പൂക്കൾ പലതരമുണ്ട്. സങ്കരയിനം എന്ന പുതിയ വർഗ്ഗവും ഇപ്പോൾ നിലവിലുണ്ട്. പൂവിൽ നിന്ന് ഫലങ്ങൾ ഉണ്ടാവുകയും പുതിയ ചെടികൾ വളരുകയും ചെയ്യുന്നു. ഇത്തരത്തിൽ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നതും അല്ലാത്തതുമായ വിവിധതരം സസ്യങ്ങളുടെ ഇടമാണ് ഭൂമി. പാരിസ്ഥിതികമായ സന്തുലനത്തിന് ഇവ സഹായിക്കുകയും ചെയ്യുന്നു. വണ്ണമുള്ള തടിയും വലിപ്പവും ചെടികളിൽ നിന്ന് മരങ്ങളെ വ്യത്യസ്ഥമാക്കുന്നു. ഇത്തരത്തിൽ പൂക്കളുടെയും ചെടികളുടെയും മരങ്ങളുടെയും വലിയൊരു ആവാസ ഇടമാണ് കാട്. “ആയിരമായിരം വർഷങ്ങളായി കൊഴിയുന്ന ഇലകൾ വീണു ദ്രവിച്ച കനത്തു കിടക്കുന്ന കട്ടിപ്പരവതാനി അതിൽ കോടിക്കണക്കിനു ചെറുജീവികളുണ്ട്. അതിസൂക്ഷ്മസസ്യങ്ങളും പൂവുകൊണ്ടു കുറിതൊട്ട കുഞ്ഞു ചെടികളും പുൽത്തരങ്ങളും കൂണുകളും പൊന്തകളും വള്ളികളും ചെറുമരങ്ങളിൽ പറ്റിപിടിച്ചു വളരുന്ന ഒരായിരം സസ്യങ്ങളും മരക്കൂണുകളും പന്നൽച്ചെടികളും ഓർക്കിഡുകളും മഹാവൃക്ഷങ്ങളും വൃക്ഷത്തലപ്പുകളും എല്ലാമെല്ലാം ചേർന്നതാണ്

കാട് എന്ന് സുഗതകുമാരി സൂചിപ്പിക്കുന്നുണ്ട്" (2012:77). ഇത്തരത്തിലുള്ള പൂക്കളും ഫലങ്ങളും ചെടികളും മരങ്ങളും കാടുമെല്ലാം ആദ്യകാലസാഹിത്യം മുതൽ പരാമർശി ക്കപ്പെടുന്നുണ്ട്. മലയാളകവിതയിലെ പാരിസ്ഥിതികഭാവുകത്വം സസ്യപ്രകൃതിയുമായി ബന്ധപ്പെട്ട് ഏതുരീതിയിലാണ് പരിണമിച്ചത് എന്ന് ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നു.

## 2.1. പൂക്കൾ

പൂക്കളെക്കുറിച്ചുള്ള വർണ്ണനകൾ, സദൃശകല്പനകൾ, പ്രകൃതി നശീകരണ സൂചനകൾ എന്നിവ ഈ ഭാഗത്തെ അന്വേഷണവിഷയമാണ്. കവിതയുടെ പൂർവ്വ രൂപങ്ങളെന്ന് കരുതപ്പെടുന്ന നാടോടിവാങ്മയങ്ങളായ കടങ്കഥകളിലും പഴഞ്ചൊല്ലു കളിലും പൂക്കളെ പരാമർശിക്കുന്നുണ്ട്. എത്തിയാലുമെത്തിയാലുമെത്താത്ത മരത്തിൽ വാടിവീഴാത്ത പൂക്കൾ (നക്ഷത്രം), ഇലയില്ലാമരത്തിൽനിന്ന് പൂക്കൾ കൊഴിയുക (നാളികേരം ചിരകുക), ആകാശത്ത് ചുള്ളി പൂത്തിരിക്കും (നക്ഷത്രം) എന്നിങ്ങനെ നക്ഷത്രത്തെയും തേങ്ങ ചിരകുന്നതിനെയുമെല്ലാം പൂക്കളായി കല്പിക്കുന്നു. പൂക്കളെപ്പോലെ മനോഹരമായവയെന്ന അർത്ഥത്തിലാണീ പ്രയോഗങ്ങൾ. ഇരുളുമ്പം കണ്ണടയ്ക്കും (താമര), കാവശ്ശേരിക്കുട്ടികൾക്ക് കഴുത്തറ്റം വെള്ളം (ആമ്പൽപ്പൂവ്), വേലി നീളെ നീലക്കണ്ണുകൾ (ശംഖുപുഷ്പം), ചടുചടുകൊമ്പത്തൊരു കുടം ചോര (ചെമ്പരത്തിപ്പൂവ്), പുറം പച്ചിളിപ്പാമ്പ് അകം വെള്ളിത്തകിട (മുല്ല) എന്നിങ്ങനെ മനുഷ്യന്റെ കണ്ണിലൂടെ കാണുന്ന പ്രകൃതിയാണ് കടങ്കഥകളിൽ കാണുന്നത്. അവയാകട്ടെ പ്രകൃതിയുടെ സൂക്ഷ്മമായ കാഴ്ചയുമാകുന്നു. മനുഷ്യഭാവങ്ങളുമായി പൂക്കളെ ബന്ധപ്പെടുത്തുന്ന രീതിയാണിവിടെ കാണുന്നത്. കുട്ടികൾ, സുന്ദരിക്കുട്ടി, നീലക്കണ്ണുകൾ എന്നിങ്ങനെ പൂക്കളിൽ മനുഷ്യത്വം ആരോപിക്കുന്നു.

പഴഞ്ചൊല്ലുകളിലാകട്ടെ അത്തിപൂത്തപോലെ, എല്ലാ പൂവും കായാവില്ല, പൊന്നു വയ്ക്കുന്നിടത്തു ഞാനൊരു പൂവെങ്കിലും വയ്ക്കേണ്ടേ?, പണം വയ്ക്കേണ്ട ദിക്കിൽ പൂവെങ്കിലും വച്ച് കാര്യം നടത്തണം, അത്തിപ്പൂവും ആന്തക്കുഞ്ഞും കണ്ടവരില്ല എന്നിങ്ങനെയുള്ള ചൊല്ലുകൾ പൂക്കളെ പരാമർശിക്കുന്നു. ഇവയെല്ലാം മനുഷ്യരുടെ ജീവിതസാഹചര്യങ്ങളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ പൂക്കൾ നാടോടി വാങ്മയങ്ങളിൽ പരാമർശിക്കപ്പെടുന്നു.

## 2.1.1. വർണ്ണനകൾ

### 2.1.1.1. പ്രാചീനമധ്യകാലഘട്ടം

'തുമ്പപ്പൂവേ പൂത്തിരളേ' എന്ന നാടൻപാട്ട് ഓണപ്പാട്ടിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്നു.

"തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടിപ്പൂതരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടൂ?"

(ആനന്ദക്കുട്ടൻനായർ. പി, സമ്പാ. 1995:169)

എന്നിങ്ങനെ ഓണത്തിന് പൂവ് വേണമെന്ന് പ്രകൃതിയോട് ആവശ്യപ്പെടുന്നു. മാർക്കറ്റിൽനിന്ന് പൂ വാങ്ങി പൂക്കളമിടുന്ന പുതിയ കാലത്തിന് അപരിചിതമായ പൂവർണ്ണനകളാണ് ഇവ. കുട്ടികൾ പൂക്കളും ഓണവുംആഘോഷിക്കുന്ന കാഴ്ച കൂടിയാണ് ഈ പാട്ട്.

'ഗോവിന്നെൻ ചൊൽ തിരുനിഴൽമാല' എന്ന പ്രയോഗത്തിലൂടെ കർത്താവിനെക്കുറിച്ച് സൂചന നൽകുന്ന പാട്ടുകൃതിയാണ് 'തിരുനിഴൽമാല'. ഭാഷയിലെ പാട്ടുപ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഈ കൃതിയെ നാടോടിവാങ്മയങ്ങളുടെ പട്ടികയിലും ഉൾപ്പെടുത്താം. രചിക്കപ്പെട്ട കാലത്തെ കേരളീയ പ്രകൃതിയുടെ പ്രതിനിധാനമായും കൃതി മാറുന്നു. തിരുവാറന്മുളക്ഷേത്രത്തിലെ ശ്രീകൃഷ്ണഭഗവാന് മലയർ അർപ്പിക്കുന്ന ബലിയാണ് തിരുനിഴൽമാലയിലെ പ്രധാന പ്രതിപാദ്യം. ആറന്മുളഗ്രാമത്തിന്റെ വർണ്ണനയാണ് തിരുനിഴൽമാലയിലെ പ്രധാന പ്രകൃതിപരാമർശം.

"ഇരിണ്ട പൂഞ്ചോലയുടെയിളന്തെന്നൽ കൂത്താടുംപോൾ
തിരണ്ടപൊൽ തെരുവിലെംകും തേന്മഴ പൊഴിയുമേടം" (1981:51)

എന്നാണ് ആറന്മുളഗ്രാമത്തിന്റെ പ്രകൃതിയെ വർണ്ണിക്കുന്നത്. അതായത് പൂഞ്ചോലകളിലൂടെ ഇളംതെന്നൽ പരക്കുമ്പോൾ പൂക്കളിൽനിന്നുള്ള തേൻ മഴപോലെ പൊഴിയുന്നു. തേൻ നിറഞ്ഞ പുഷ്പങ്ങളാൽ സമൃദ്ധമായ പൂന്തോട്ടങ്ങളുള്ള നാടാണ് ആറന്മുള. വേദോച്ചാരണശബ്ദം കേട്ട് മേഘനാദമെന്നുകരുതി കൈകൂപ്പി നിൽക്കുന്ന കൈതപ്പൂവ് വിടരുന്ന സ്ഥലമെന്നും[1] മാവിൻ പൂങ്കുലയിൽ മയിലുകൾ നൃത്തമാടുന്ന

ഇടമെന്നും ആറന്മുളയുടെ പ്രകൃതിയെ വർണ്ണിക്കുന്നു.

"മാവിൻ മലർക്കുലയിൽ വാൽ വാൽവെയ്ത്തിരുന്നു പല
പൂവെയ്ക്ക കോകിലങ്ങൾ പൂന്തേൻ കുടിക്കുമെടം" (1987:52)

എന്നാണ് ഇതിനെകുറിച്ചുള്ള വർണ്ണന. പ്രഭാതത്തിൽ ആറന്മുളയപ്പനെ തുയിലുണർത്തുന്ന ഭാഗത്ത് തേൻ നുകർന്നു കൊണ്ടിരിക്കെ സന്ധ്യയ്ക്കു കൂമ്പിപ്പോയ താമരയ്ക്കുള്ളിലകപ്പെട്ട വണ്ടുകൾ പ്രഭാതത്തിൽ താമര വികസിക്കുമ്പോൾ പുറത്തേക്കു പോകുന്നതായുള്ള വർണ്ണനയുണ്ട്.[2]

വാല്മീകിരാമായണത്തിലെ യുദ്ധകാണ്ഡം പ്രമേയമാക്കി എഴുതപ്പെട്ട 'രാമചരിത'മാണ് മലയാളസാഹിത്യത്തിൽ പാട്ടുപ്രസ്ഥാനത്തിലെ ആദ്യകൃതിയായി പരിഗണിക്കപ്പെടുന്നത്. യുദ്ധകാണ്ഡം ഇതിവൃത്തമായതിനാൽ പ്രകൃതിവർണ്ണനകൾക്കുള്ള സാധ്യത കുറയുന്നുണ്ടെങ്കിലും വർണ്ണനാപ്രിയനായ കവി യുദ്ധത്തിനിടയിലും പ്രകൃതിബിംബങ്ങളെ അനായാസമായും ഭംഗിയായും ഉപയോഗിച്ചിട്ടുണ്ട്. രാമലക്ഷ്മണന്മാർ സീതാന്വേഷണത്തിനായി കപിവീരരോടൊപ്പം ലങ്കാനഗരത്തിലേക്ക് യാത്ര ചെയ്യുമ്പോൾ സമുദ്രതീരത്തെത്തുന്നതിനുമുമ്പുള്ള കാനനയാത്രയിലെ കാഴ്ചകൾ വർണ്ണിക്കുമ്പോൾ പൊഴിയുന്ന മലരുകളിൽനിന്ന് കൊഴുത്ത പൂന്തേൻ ഒഴുകിവരുന്ന തോടുകളെപ്പറ്റി പരാമർശമുണ്ട്. പൂവുകളിലെ തേനിന്റെ ആധിക്യത്തെക്കൂടിയാണ് ഈ വർണ്ണന വ്യക്തമാക്കുന്നത്.

തെക്കൻപാട്ടുകളിൽ ഒന്നെന്നുമാത്രം കരുതിവന്നിരുന്ന ഔവ്വാടുതുറ അയ്യിപ്പിള്ള ആശാന്റെ 'രാമകഥപ്പാട്ട്' പി.കെ. നാരായണപിള്ളയാണ് കണ്ടെടുത്ത് പ്രസാധനം ചെയ്തത്. വില്ലടിച്ചാൻ പാട്ടുകൾ പാടുന്ന രീതിയിൽ ചന്ദ്രവളയം ഉപയോഗിച്ച് പാടുന്ന രാമകഥപ്പാട്ട് സധാരണക്കാർക്ക് പാടിരസിക്കാൻ വേണ്ടി രചിക്കപ്പെട്ടതാണ് എന്നും അഭിപ്രായമുണ്ട്. തമിഴ് കലർന്ന ഒരുതരം മിശ്രഭാഷയിൽ രചിക്കപ്പെട്ട രാമകഥപ്പാട്ട് സാഹിത്യചരിത്രത്തിൽ പ്രത്യേക പരാമർശം അർഹിക്കുന്നു. രാമായണകഥ പ്രതിപാദിക്കുന്ന ഈ കൃതിയിൽ പൂക്കളെക്കുറിച്ചുള്ള മനോഹരമായ പരാമർശങ്ങളുണ്ട്. സീതാവിരഹം അനുഭവിക്കുന്ന ഘട്ടത്തിൽ പമ്പാതീരത്തെ പ്രകൃതിരമണീയത രാമനെ കൂടുതൽ വിരഹാതുരനാക്കുന്നതായി കവി വ്യക്തമാക്കുന്നു.

"............ പുതു
പുഷ്പം പരന്ത തടാകങ്കളും
ശീതം തരും പേടൽ - ചേന്ത

ശിങ്കാരമാനശതദളങ്കൾ

മാതങ്കമായ് പൂത്തു-വന-

മൂടു പരന്തതെ പാരായോ?"

(ഭാഗം 1, 2012:544)

പുതിയപൂക്കൾ വിരിഞ്ഞു നിൽക്കുന്ന തടാകങ്ങളും മനോഹരമായ അന്നപ്പേടകളും പുതിയതായി വിടർന്ന താമരപ്പൂക്കളും വനത്തിലെല്ലാം പരന്നു നിൽക്കുന്നത് രാമനെ വിരഹിതനാക്കുന്നു. പൂക്കളുടെ സമൃദ്ധി വിരഹം വർദ്ധിപ്പിക്കുന്നു. പൂക്കളിൽ ചെന്ന് തേൻ നുകർന്ന് ഗാനമാലപിക്കുന്ന വണ്ടുകളും പമ്പയുടെ ജലപ്പരപ്പിൽ നാഗപുഷ്പങ്ങൾ പൂത്തുപൊഴിയുന്നതും രാമന്റെ വിരഹത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു.[3] പ്രകൃതി ദൃശ്യങ്ങൾ മനുഷ്യമനസ്സിനെ സ്വാധീനിക്കാൻ പര്യാപ്തമാണ് എന്നതിനൊപ്പം പ്രകൃതിയുടെ സമ്പന്നത കൂടിയാണ് ഈ വർണ്ണനകൾ വ്യക്തമാക്കുന്നത്. വസന്ത കാലത്തെ വർണ്ണിക്കുമ്പോൾ ആ കാലത്തെ മുല്ലപ്പൂക്കളുടെയും താമരയുടെയും സമൃദ്ധി കൂടി വ്യക്തമാക്കപ്പെടുന്നു.

കണ്ണശ്ശകവികളിൽ രാമപ്പണിക്കർ രചിച്ച 'കണ്ണശ്ശരാമായണം' രാമായണ തർജ്ജമകളിൽ മികച്ചുനിൽക്കുന്നു. രാമായണകഥാഭാഗങ്ങൾ അധികവും കാടിനെയാണ് പശ്ചാത്തലമാക്കുന്നത്. രാമലക്ഷ്മണന്മാർ വിശ്വാമിത്രനൊപ്പം യാഗരക്ഷയ്ക്കായി വനത്തിലേക്ക് പോകുന്നതുമുതൽ കാട് രാമായണകഥയുടെ ഭാഗമാകുന്നു. പ്രകൃതി മനോഹാരിത വെളിപ്പെടുത്തുന്ന നിരവധി വർണ്ണനകൾ മറ്റു രാമായണങ്ങളിലേതു പോലെ കണ്ണശ്ശരാമായണത്തിലുമുണ്ട്. വിശ്വാമിത്രന്റെ തപസ്സ് മുടക്കുന്നതിന് ഇന്ദ്രനിർദ്ദേശപ്രകാശം രംഭ എത്തുമ്പോൾ വസന്തത്താൽ വനം പൂത്തുലഞ്ഞ് നിൽക്കുന്നതായി വർണ്ണിക്കുന്നു.[4] വർഷകാലവർണ്ണനയുടെ ഭാഗത്ത് പൂക്കളെക്കുറിച്ച് പ്രത്യേക പരാമർശമുണ്ട്.

"അറിയാമസ്തമയം താമരമല-

രഴകൊടു കൂംപീടുന്നതുകണ്ടും

നിറമേറിയ കുമുദാകരമെങ്ങും

നിരവില്മലർന്നൊളിവായതുപാർത്തും;

പറവാനിന്ന പതത്രികളും നിജ

ഭവനേ മേവീടിന്നിതു പാർത്തും

കുറയാതേ വീചും പരിമളമൊടു

കൂടിയ മലരതി വിരിവതുകണ്ടും" (2013:427)

താമരപ്പൂക്കൾ കൂമ്പുകയും ആമ്പൽ പൂക്കൾ വിരിയുകയും ചെയ്യുന്നതു കണ്ടും പിച്ചകത്തിന്റെ ഗന്ധം ശ്വസിച്ചുമാണ് അസ്തമയത്തെ അറിയാൻ കഴിഞ്ഞത്. ഹേമന്ത കാലത്ത് പുകമഞ്ഞ് മൂടിയതിനാൽ ഉദയസമയത്തുപോലും പൂക്കൾ കാണാൻ പറ്റുന്നില്ലെന്ന് വ്യക്തമാക്കുന്നു.

'കൃഷ്ണഗാഥ'യിൽ വേണുഗാപരംഗത്ത് പൂക്കളുടെ മനോഹരമായ വർണ്ണനയുണ്ട്. കൃഷ്ണന്റെ വേണുഗാനം കേട്ട് ചെമ്പകം, അശോകം, നെന്മേനിവാക, മുല്ല, മല്ലിക, കുരുക്കുത്തിമുല്ല, പിച്ചകം, ചേമന്തി, ആമ്പൽ എന്നീ പൂക്കളെല്ലാം മനോഹരമായി വിരിഞ്ഞുനിൽക്കുന്നതായി വർണ്ണിക്കുന്നുണ്ട്.

തെക്കൻ കേരളത്തിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന പ്രാചീനമണിപ്രവാള ചമ്പുവാണ് 'ഉണ്ണിയാടീചരിതം'. ദാമോദരചാക്യാരാണ് ഇതിന്റെ കർത്താവെന്ന് പൊതുവെ അംഗീകരിക്കുന്നുണ്ടെങ്കിലും രചയിതാവിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ഗ്രന്ഥത്തിലില്ല. കണ്ടിയൂരിലെ ചെറുകര വീട്ടിന്നലങ്കാരമായ ഉണ്ണിക്കുട്ടത്തിയുടെ മകളായ ഉണ്ണിയാടിയെ പുകഴ്ത്തുകയാണ് കാവ്യത്തിന്റെ ലക്ഷ്യം. ഐശ്വര്യമേറിയ മാധുര്യ ഗുണമാകുന്ന തേൻകൊണ്ട് ആർദ്രമായ പൂങ്കുലയായിട്ടുള്ളവൾ എന്ന് ഉണ്ണിയാടിയെ വർണിക്കുന്നു.[5] മന്ദാരം, ചമ്പകം എന്നീ പൂക്കളാൽ ഉദയാചലപർവ്വതം ശോഭിക്കുന്നു. പൂക്കളിൽ വണ്ടുമൂളിയും കുയിലുകൾ കൂവിയും ഹൃദ്യമാണ് അവിടം എന്നും വ്യക്തമാക്കുന്നു. ഓടനാട്ടിലെ താമരപ്പൊയ്കകളിൽ പൂമ്പൊടിയേറ്റ വണ്ടുകൾ വഴി യാത്രക്കാരോടു സംസാരിക്കുന്നതായി പറയുന്നു. താമരപ്പൂവിന്റെ ആധിക്യമാണിവിടെ വ്യക്തമാക്കപ്പെടുന്നത്. താമരപ്പൊയ്കകളിൽ ധാരാളമായുള്ള പൂമ്പൊടിയെ കാറ്റ് ചിതറിക്കുന്നതായുള്ള വർണ്ണനയും കൃതിയിലുണ്ട്.[6] ഇലഞ്ഞിപ്പൂക്കളിലെ സുഗന്ധ പൂരിതമായ തേൻ കുടിച്ചുകൊണ്ട് സഞ്ചരിക്കാവുന്ന വഴിയാണ് കണ്ടിയൂരിലേക്കുള്ളത്.

> "മുഴുമതിവിശദകുമുദമനു കൂവളമലർവിപിനമനു
> നളിനകുലമനു തദനു പരമവിപ കുസുമകുലമനു
> പടിവിൽ നടകരുതി....." (2016:91)

എന്നിങ്ങനെ പൂക്കളാൽ മനോഹരമായ വഴികളെക്കുറിച്ച് വർണ്ണിക്കുന്നു. പക്ഷികൾക്കായി അവിടത്തെ തേന്മാവ് മതിയാവോളം പൂത്തിരിക്കുന്നതായും പറയുന്നു.[7]

മഹാഭാരതം ആരണ്യപർവ്വത്തിലെ സൗഗന്ധികാഹരണം കഥയെ ആസ്പദമാക്കി നമ്പ്യാർ രചിച്ച തുള്ളൽകൃതിയാണ് 'കല്യാണസൗഗന്ധികം'. വായുപുത്രനായ ഭീമന്റെ സൗഗന്ധികപുഷ്പം തേടിയുള്ള യാത്രയും അത് പാഞ്ചാലിക്ക് സമ്മാനിക്കുന്നതുമാണ്

കാവ്യ ഇതിവൃത്തം. കാവ്യശീർഷകം പൂവിനെ സംബന്ധിക്കുന്നതാണ് (സൗഗന്ധികം) അതിനാൽ തന്നെ കാവ്യത്തിൽ പൂവിന് പ്രത്യേക സ്ഥാനമുണ്ട്. പ്രകൃതിയെ പലവിധത്തിൽ നശിപ്പിച്ചുകൊണ്ട് മുന്നേറുന്ന ഭീമൻ ഹനുമാനുമായുള്ള സംവാദത്തിനും അത് തന്റെ ജ്യേഷ്ഠനാണെന്ന തിരിച്ചറിവിനും ശേഷം സൗഗന്ധികപ്പൊയ്കയിലെത്തുന്നു. അവിടം വിവിധങ്ങളും വ്യത്യസ്തങ്ങളുമായ പൂക്കളാൽ സമൃദ്ധമാണ്. ധാരാളം സൗഗന്ധികപുഷ്പങ്ങളും വിരിഞ്ഞു നിൽക്കുന്നുണ്ട്.

മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനത്തെ അടിസ്ഥാനമാക്കി ആട്ടക്കഥാരൂപത്തിൽ ഉണ്ണായിവാര്യർ രചിച്ച കൃതിയാണ് 'നളചരിതം'. നളദമയന്തിമാരുടെ പ്രണയവും സ്വയംവരവും കലിബാധയാൽ പിന്നീടുണ്ടാകുന്ന വനവാസവും വേർപാടും പുനഃസമാഗമവുമാണ് പ്രമേയം. പരസ്പരം കേട്ടറിഞ്ഞ് നളദമയന്തിമാർ കാമാതുരരാകുന്നു.ആ സമയത്തെ പൂവാടിയിലെ കാഴ്ചകളെല്ലാം വിരഹദുഃഖത്തിന് കാരണമാകുന്നതായി പറയുന്നു. പൂക്കളുടെ ഗന്ധവും നിറവുമെല്ലാം കാമോദ്ദീപകങ്ങളായി അനുഭവപ്പെടുകയും വിരഹവേദന വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതേ പൂവാടി തന്നെ വിവാഹാനന്തരം അവർക്ക് സ്വർലോകമായും അനുഭവപ്പെടുന്നു. പ്രകൃതികാഴ്ചകളെ മാനസികഭാവങ്ങൾക്കനുസൃതമായി വ്യത്യസ്തരീതികളിൽ വീക്ഷിക്കുന്നു.

> "കങ്കേളി ചമ്പകാദികൾ പൂത്തുനില്ക്കുന്നു,
> ശങ്കേ വസന്തമായാതം,
> ഭൃംഗാളി നിറയുന്നു പാടലപടലിയിൽ,
> കിം കേതകങ്ങളിൽ; മൃഗാങ്കനുദിക്കയല്ലീ" (1969:68)

എന്നിങ്ങനെ പുഷ്പസമൃദ്ധമായ നഗരോദ്യാനത്തിൽ നളദയമന്തിമാർ രമിക്കുന്നു. മനുഷ്യന്റെ വിരഹദുഃഖം വർദ്ധിപ്പിക്കുന്നതിനും അവരുടെ സമാഗമത്തിൽ സന്തോഷം വർദ്ധിപ്പിക്കുന്നതിനുമുള്ള നിമിത്തങ്ങളായി മാറുകയാണ് ഇവിടെ പൂക്കൾ. ആധുനിക മണിപ്രവാളകൃതികളിൽ പൂക്കൾ പൊതുവെ നായികയുടെ രൂപവർണ്ണനയ്ക്കാണ് ഉപയോഗിക്കപ്പെട്ടതെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി നായികാനായകന്മാരുടെ ഭാവോദ്ധീപനത്തിനുള്ള നിമിത്തങ്ങളായിട്ടാണ് നളചരിതം ആട്ടക്കഥയിൽ പൂക്കൾ ഉപയോഗിക്കപ്പെടുന്നത്.

ഉണ്ണുനീലിസന്ദേശത്തിലും ചന്ദ്രോത്സവത്തിലും പൂക്കളെക്കുറിച്ചുള്ള വർണ്ണനകൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

### 2.1.1.2. കവിത്രയകാലം

കുമാരനാശാന്റെ 'പുഷ്പവാടി' എന്ന സമാഹാരത്തിലെ 'പൂക്കാലം' എന്ന കവിത പൂക്കാലത്തിന്റെ ഭംഗിയും സമൃദ്ധിയുമാണ് ആവിഷ്കരിക്കുന്നത്.

"പൂക്കുന്നിതാ മുല്ല, പൂക്കുന്നിലത്തി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം,
വായ്ക്കുന്നു വേലിക്ക് വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ" (2013:469)

എന്നിങ്ങനെ മുല്ലയും തേന്മാവും ഇലഞ്ഞിയും അശോകവും പൂത്തു നിൽക്കുന്നത് മേഘക്കൂട്ടങ്ങൾ എന്നപോലെ അനുഭവപ്പെടുന്നു. പൂക്കാല കാഴ്ചകൾ മനോഹരമായി വർണ്ണിച്ചതിനുശേഷം

"ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!" (2013:469)

എന്ന് പൂക്കാലത്തോട് അപേക്ഷിക്കുന്നു.

ജാതി വിവേചനത്തിനെതിരെ ശക്തമായ ചുവടുകളുമായി മുന്നോട്ടുവന്ന കവിയാണ് പള്ളത്ത് രാമൻ. ജാതീയതയ്ക്കെതിരെയുള്ള നിലപാടു സ്വീകരിക്കുന്ന കവി കുട്ടികൾക്കുവേണ്ടി എഴുതിയ 'പനിനീർപ്പൂവ്' എന്ന കവിത പനിനീർപ്പൂവിന്റെ വർണ്ണന യാണ്. മുള്ളുകൾ നിറഞ്ഞ ചെടിയിൽ വിരിഞ്ഞ നിർമ്മലമായ പനിനീർപ്പൂവ് പറിക്കാൻ കഴിയാതെ അഴകു കണ്ട് നിൽക്കുന്നു എന്നാണ് കവി പറയുന്നത്.[8] പള്ളത്ത് രാമൻ പൂവിന്റെ വർണ്ണന മാത്രമാണ് കവിതയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ജീവജാലങ്ങൾക്ക് പ്രകൃതി എന്തെല്ലാം വാരിക്കോരിക്കൊടുക്കുന്നു എന്നതു സംബന്ധിച്ച കവിതയാണ് പള്ളത്തുരാമന്റെ 'പ്രകൃതിമാതാവ്'. പ്രണയത്തോടെ ചെന്തളിർ തലോടുന്ന ചേലെഴുന്ന പൂക്കളെ പ്രകൃതി മക്കൾക്ക് നൽകുന്നു.

"അഴകൊഴുകുന്ന ചേമന്തി ചമ്പകം
മിഴി കുളുർക്കുന്ന പൂമുല്ല, പിച്ചകം
കനകകാന്തി കലരുന്ന കേതകം
കമലമാമ്പലിപ്പൂക്കളെ കൌതുകം" (1989:15)

എന്നിങ്ങനെ വിവിധയിനം പൂക്കളെക്കുറിച്ച് വർണ്ണിക്കുന്നു. പുതിയ പൂക്കൾ കുഞ്ഞു ങ്ങളെപ്പോലെയാണ്. ആകാശത്തിലെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയിലെ

കിളികളും, കാറ്റുമെല്ലാം പൂവാകുന്ന കുഞ്ഞിന് ആനന്ദിക്കാനുള്ളതാണ്. പ്രകൃതിയിലെ പുഷ്പസമൃദ്ധിയും പൂവിന്റെ മനോഹാരിതയും കവിത വെളിപ്പെടുത്തുന്നു. പൂവിനെ എങ്ങനെയാണ് പ്രകൃതി പരിപാലിക്കുന്നതെന്ന ഭാവാത്മക വർണ്ണന മാത്രമാണി തെങ്കിലും പ്രകൃതിയിൽ ഒരു പൂമൊട്ടിന് പോലും അതിന്റേതായ പ്രധാന്യമുണ്ടെന്ന ബോധ്യപ്പെടുത്തലായി ഈ കവിതയ്ക്ക് മറ്റൊരു വായന സാധ്യമാക്കാവുന്നതാണ്. എല്ലാ ചരാചരങ്ങളും തുല്യപരിഗണനയ്ക്ക് അർഹരാണ്.

ഉള്ളൂർ, വള്ളത്തോൾ, ബാലാമണിയമ്മ എന്നിവരുടെ കവിതകളിൽ പൂക്കൾ വർണ്ണനാപ്രധാനമായി പൊതുവെ പരാമർശിച്ചു കാണുന്നില്ല.

### 2.1.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനി'ൽ വസന്തകാലത്തെ പുഷ്പസമൃദ്ധിയെ പരാമർശി ക്കുന്നു. കാട്ടിലെ മരങ്ങൾ പൂക്കളാൽ നിറഞ്ഞിരിക്കുന്നതായും പൂക്കൾ കൊണ്ട് തല്പം വിരിച്ചിരിക്കുന്നതായും വർണ്ണിക്കുന്നു.[9] ആ വസന്തകാലത്ത് ചന്ദ്രികയും മദനനും കങ്കേളിപ്പൂക്കളുടെ മാല കോർത്ത് രസിച്ചിരിക്കുന്നതായും വർണ്ണനയുണ്ട്. മുല്ലകൾ മൊട്ടിട്ടു നിൽക്കുന്ന കാടിനെക്കുറിച്ച് 'നിർവൃതി' എന്ന കവിതയിൽ പരാമർശമുണ്ട്. മുല്ല, പിച്ചി, ജമന്തി, മാവിൻപൂ എന്നിങ്ങനെയുള്ള പൂക്കളാൽ സമൃദ്ധമായ ഉദ്യാനത്തെ 'മാനസേശ്വരി' എന്ന കവിതയിൽ അവതരിപ്പിക്കുന്നുണ്ട്. വനത്തിൽ പൂക്കൾ വിരിഞ്ഞ് മനോഹര മായതായും താമരപൊയ്കയിൽ ധാരാളം താമരപ്പൂക്കൾ വിരിഞ്ഞതായും 'വനദേവത' എന്ന കവിത സൂചിപ്പിക്കുന്നു.

പി. കുഞ്ഞിരാമൻനായരുടെ 'മാഞ്ഞുമറഞ്ഞ പൂക്കാലം' എന്ന കവിത പൂക്കാലങ്ങളെ പ്രതിനിധീകരിക്കുന്നു.

> "തന്നിലക്കുമ്പിൾ മലരാൽ നിറയ്ക്കുമ
> പ്പൊന്നോണനാളു തിരിച്ചുവരില്ലിനി" (2005:433)

എന്ന നഷ്ടദുഃഖമാണ് കവിതയിലുള്ളത്. പോയകാലത്തിന്റെ മനോഹാരിതകൾ തിരിച്ചുവരില്ലെന്ന് പൂക്കാലത്തിലൂടെ കവിത വ്യക്തമാക്കുന്നു. നല്ല നാളുകളാണ് പൂക്കാലം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കാട്ടുവാകപ്പൂ വീണുകിടക്കുന്ന വഴിയെക്കുറിച്ച് 'പൂമൊട്ടിന്റെ കണി' എന്ന കവിതയിൽ പരാമർശമുണ്ട്.

വയലാർ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരിൽ പൂക്കൾ താരതമ്യേന വർണ്ണനാ പ്രധാനമായി പരാമർശിച്ചു കാണുന്നില്ല.

### 2.1.1.4. ആധുനികതാഘട്ടം

പ്രഭാതത്തിൽ പൂക്കൾ വിരിയാത്തതിനെ വിഷയമാക്കുന്നു ജി. കുമാരപിള്ളയുടെ 'ഉഷസ്സിൽ' എന്ന കവിത. ഉദയം വന്നിട്ടും ചെമ്പകത്തിന്റെ ചില്ലകളിൽ പുഞ്ചിരി വിടരാത്തതെന്തെന്നും കവിത വ്യാകുലപ്പെടുന്നു.

ഒ.എൻ.വി. കുറുപ്പിന്റെ 'ആമ്പൽപ്പൂ വിൽക്കുന്ന പെൺകുട്ടി' എന്ന കവിതയിൽ പെൺകുട്ടിയാണ് പ്രധാന കഥാപാത്രമെങ്കിലും ആമ്പൽപ്പൂവിന് കവിതയിൽ കൃത്യമായ ഇടമുണ്ട്. പഴയദേവാലയത്തിലെ ആമ്പൽക്കുളവും പൂവിൽക്കുന്ന ആളുകളും കവിതയിൽ പ്രധാന കാഴ്ചയായി കടന്നുവരുന്നു.

"എന്റെ നേർക്കവൾ നീട്ടും
പൂവുമാ മുഖവും ഞാൻ
കണ്ടു, ഹാ! വാടുന്ന ര-
ണ്ടോമനത്തങ്ങൾ; 'പൂവേ!'" (2016:117)

എന്നിങ്ങനെ പൂവിന്റെ മുഖവും പെൺകുട്ടിയുടെ മുഖവും തമ്മിൽ സാദൃശ്യപ്പെടുത്തുന്നു. പൂവിന്റെയും കുട്ടിയുടെയും ഓമനത്തത്തെയാണ് കവിത വ്യക്തമാക്കുന്നത്. 'അരിവാളും രാക്കുയിലും' എന്ന സമാഹാരത്തിലെ 'പനിനീർച്ചെടിയുടെ പാട്ട്' എന്ന കവിത പനിനീർപ്പൂവിന്റെ വർണ്ണനയാണ്. പനിനീർച്ചെടിയിൽ പൂത്ത പൂവിലെല്ലാം ചുകപ്പിന്റെ നൃത്തം കാണുന്നതായും അതുകണ്ട് ചിലർ കണ്ണുപൊത്തിയതായും കവിത പരാമർശിക്കുന്നു. ജീവിതത്തെയും പൂവിനെയും സാദൃശ്യപ്പെടുത്തുന്ന കവിത മനോഹരമായ പൂത്തണ്ടുകളിൽ കൂർത്ത മുള്ളുകളുള്ളതായി പറയുന്നു. പനിനീർപ്പൂവു പോലെ മുൾവേലിക്കുള്ളിൽ മനോഹരമായി വിരിഞ്ഞു നിൽക്കേണ്ടതാണ് ജീവിതവും എന്ന കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്.[10]

"എന്താ തുമ്പീ, തുള്ളാത്തൂ?" എന്ന കവിതയും ഓണക്കാലത്തെ പൂക്കളുടെ സമൃദ്ധിയെയാണ് വ്യക്തമാക്കുന്നത്. ആവണിവെട്ടം കണ്ട് മുറ്റത്തെ പിച്ചകപ്പൂവുകൾ ഓരോ വർഷവും ചിരിക്കുന്നതായി കവിത വിശദീകരിക്കുന്നു. ഓണപ്പൂക്കൾ വിടർന്നു നിൽക്കുന്ന കാലത്ത് ഭാവന പൂക്കൂടയുമായ് വന്നു എന്നും കവിത വ്യക്തമാക്കുന്നു. കവിഭാവനയുടെ പൂക്കാലത്തെക്കൂടിയാണ് ഇവിടെ പരാമർശിക്കുന്നത്.

'അഗ്നിശലഭങ്ങൾ' എന്ന സമാഹാരത്തിലെ 'കൊച്ചുദുഃഖങ്ങളുറങ്ങൂ!...' എന്ന കവിത ആരംഭിക്കുന്നത് പൂക്കൾ വിരിഞ്ഞു നിൽക്കുന്ന വഴിയെക്കുറിച്ച് പരാമർശിച്ചു

കൊണ്ടാണ് (2011:38). ഓണക്കാലത്ത് വിരിഞ്ഞ പൂക്കളെ പരാമർശിക്കുന്നു 'ഓണക്കണക്ക്' എന്ന കവിത. മുറ്റത്ത് സ്വർണ്ണപട്ടുപോൽ തിളങ്ങുന്ന മുക്കുറ്റി, തുമ്പ, കറുക, കദളിപ്പൂവ് എന്നിങ്ങനെയുള്ള വിവിധയിനം പൂക്കളെയും അതിനെച്ചുറ്റിപ്പറക്കുന്ന പൂത്തുമ്പികളെയും വർണ്ണിക്കുന്നു. 'ഇത്തിരിപ്പൂവേ! ചുവന്ന പൂവേ!....? എന്ന കവിതയിൽ സൗന്ദര്യമുള്ള ഗ്രാമഭൂമിയുടെ സീമന്തരേഖയിലെ മംഗല്യക്കുറിയായാണ് ചുവന്ന പൂവ് നിൽക്കുന്നത്. കൂടാതെ കവിളിലെ നുണക്കുഴിയായും സന്ധ്യയുടെ ചുംബനമുദ്രയായും പൂവിനെ വിശേഷിപ്പിക്കുന്നു.

അയ്യപ്പപ്പണിക്കരുടെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ.....' എന്ന കവിതയിൽ കൊന്നപ്പൂവിനെയും വിഷുക്കാലത്തെയും വിഷയമാക്കുന്നു. വിഷുക്കാലമാകുമ്പോൾ പൂക്കാതിരിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കുന്ന കൊന്നയാണ് കവിതയിലുള്ളത്. പച്ചപ്പുകളെല്ലാം മറയുകയും ദുരിതങ്ങൾ വേനലിൽ കത്തിയെരിയുകയും ചെയ്യുന്നു വെങ്കിലും വിഷുക്കാലമെത്തുമ്പോൾ മഞ്ഞയുടെ ചിരിയുമായി കൊന്നകൾ വിരിയുന്നു. പല വർണ്ണമാവാൻ കഴിയാത്തതിൽ കൊന്ന വിഷാദിക്കുന്നു. എന്നാൽ ശൃംഗാരവർണ്ണം, താരുണ്യവർണ്ണം, കല്ല്യാണമന്ത്രം പൊഴിക്കുന്ന വർണ്ണം, പാടുന്ന വർണ്ണം എന്നിങ്ങനെയെല്ലാം കൊന്നപ്പൂവിന്റെ മഞ്ഞയ്ക്ക് ഭേദങ്ങൾ കല്പിക്കുന്നു.

സുഗതകുമാരിയുടെ പല കവിതകളിലും പൂക്കൾ വർണ്ണനാവിഷയമാകുന്നു. കാക്കപ്പൂവിന്റെ വർണ്ണനയാണ് അതേപേരിലുള്ള കവിത.

"നെറ്റിയിൽ ചന്ദനപൊട്ടുമായി
മുറ്റത്തു നിൽക്കുന്ന കൊച്ചുപൂവേ
നിന്നെ ഞാൻ നോവാതെ തൊട്ടിടട്ടേ,
നിന്മുഖമൊന്നു ഞാൻ കണ്ടിടട്ടേ" (2011:1003)

എന്നിങ്ങനെ കാക്കപ്പൂവിനെ വർണ്ണിക്കുന്നു. നാണം പുരണ്ട ചിരിയുമായി കുനിഞ്ഞു നിൽക്കുന്ന സ്ത്രീരൂപമായാണ് കാക്കപ്പൂവിനെ കവിത അവതരിപ്പിച്ചിരിക്കുന്നത്. നെറ്റിയിൽ ചന്ദനപ്പൊട്ടു തൊട്ട് സൂര്യനെ നോക്കിച്ചിരിക്കുന്ന പൂവാണത്. ഇത്തരത്തിൽ പൂവിനെ സ്ത്രീയുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു.

'പൂവിളി കേട്ടപ്പോൾ' എന്ന കവിത ഓണക്കാലത്ത് പുതിയരീതിയിൽ തിരിച്ചു വന്ന ഓണപ്പൂക്കളെ പരാമർശിക്കുന്നു. തുമ്പകൾ, അരളികൾ, മുല്ലകൾ, കണ്ണാന്തളികൾ, ഇലഞ്ഞികൾ, തെച്ചികൾ, എന്നിങ്ങനെ നൂറുകണക്കിന് ഓണപ്പൂക്കൾ വന്ന് ചെറുകുന്നുകളായ ഫയലുകളുടെ മുന്നിൽനിന്ന് ഓരോരുത്തരെയും നോക്കിച്ചിരി

ക്കുന്നതായി കവിത വ്യക്തമാക്കുന്നു. കുന്നുകൾക്കുപകരം ഫയലുകളാണിന്നുള്ളത്. നഷ്ടപ്പെട്ട ഓണപ്പൂക്കളുടെയും സമൃദ്ധിയുടെയും തിരിച്ചു വരവാണ് കവിത പ്രത്യാശിക്കുന്നത്. അതാകട്ടെ മനുഷ്യന്റെ സന്തോഷത്തിനും സമൃദ്ധിക്കും വേണ്ടിയാണ്. അതുകൊണ്ടു തന്നെ കവിതയിൽ മനുഷ്യനാണ് കേന്ദ്രം. 'പൂവിടീൽ' എന്ന കവിത അത്തപ്പൂക്കളമൊരുക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അത്തത്തിനിടുന്ന തുളസി, തുമ്പ, മുക്കുറ്റി, മുല്ല, അരളി, ആമ്പൽ, താഴമ്പൂ, തെറ്റിപ്പൂ, ചെമ്പരത്തി, മത്തപ്പൂ എന്നിങ്ങനെയുള്ള നാടൻപൂക്കളെയാണ് കവിതയിൽ പരാമർശിച്ചിരിക്കുന്നത്. ഈ പൂക്കളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തെയാണ് കവിത പ്രതിനിധീകരിക്കുന്നത്. അതിനാൽ ഇത്തരം പരാമർശങ്ങൾ സമൃദ്ധമായ ഓണപ്പൂക്കളുടെ ഓർമ്മകളിലേക്കുള്ള തിരിച്ചുപോക്കുകൂടിയാണ്.

'കടുകുവയലുകൾ പൂത്തിരിക്കുന്നു!' എന്ന കവിതയിൽ മഞ്ഞനിറത്തിൽ പൂത്തു പടർന്നിരിക്കുന്ന കടുകിൻ പൂക്കളെക്കുറിച്ചാണ് പരാമർശിക്കുന്നത്. അതിനുസമീപം കടുകിൻ പൂക്കളുടെ നിറവും വയൽക്കതിരിന്റെ വടിവുമുള്ള പെൺകുട്ടി ഒരൊട്ടകത്തിനൊപ്പം ആരെയോ കാത്തു നിൽക്കുന്നതായും കവിത വ്യക്തമാക്കുന്നു.

"കടുകുവയലുകൾ പൂത്തിരിക്കുന്നു! പൂ-
ങ്കടലുപോൽ മഞ്ഞിച്ച പൂക്കൾമാത്രം" (2011:586)

എന്നിങ്ങനെ പെൺകുട്ടിയുടെ കാത്തിരിപ്പിന് പശ്ചാത്തലമായാണ് കടുകിൻ പൂക്കൾ പ്രത്യക്ഷപ്പെടുന്നത്.

'ഒരുകുലപ്പൂവും കൂടി' എന്ന കവിതയിൽ ഓണക്കാലത്ത് വിരിഞ്ഞ വിവിധതരം പൂക്കളാണ് പരാമർശിക്കപ്പെടുന്നത്. തെച്ചിക്കാട്ടിൽ വിരിയുന്ന ചോര തെറിച്ചപോലുള്ള ചുവന്നപൂക്കളെയും വയലിന്റെ വഴുക്കുന്ന വരമ്പിൽ വിരിഞ്ഞ കൊച്ചുപൂക്കളെയും കവിത പരാമർശിക്കുന്നു. കണ്ണന്റെ പീലിപോലെ നീലനിറമാർന്ന തെളിഞ്ഞ പൂക്കളുണ്ട്. നാണിച്ചു നിൽക്കുന്ന തണുത്ത പൂക്കളും നക്ഷത്രംപോലെ വെളുത്ത പൂക്കളുമുണ്ട്. ആകെ തുടുത്ത കദളിപ്പൂക്കളെക്കുറിച്ചും അമ്പലപ്പൊയ്ക നിറച്ച പൂക്കളെക്കുറിച്ചും കവിത സൂചിപ്പിക്കുന്നു. ഓണക്കാലത്തെ പുഷ്പസമൃദ്ധിയാണിവിടെ വ്യക്തമാക്കപ്പെടുന്നത്.

ഡി. വിനയചന്ദ്രന്റെ 'പൂവിരിയുന്നു' എന്ന കവിതയിൽ പൂവിരിയുമ്പോൾ തനിക്ക് കുട്ടിക്കാലം തിരിച്ചു കിട്ടുന്നതായും സൂര്യന് ഉദയവും രാത്രിക്ക് യൗവ്വനവും കവിക്ക് സന്ധ്യയും തിരിച്ചു കിട്ടുന്നതായും വ്യക്തമാക്കുന്നു.

എൻ.എൻ. കക്കാട്, കടമ്മനിട്ട, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ പൊതുവെ വർണ്ണനാപരമായി പൂക്കൾ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

### 2.1.1.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'ഇലഞ്ഞിപ്പൂവ്' എന്ന കവിതയിൽ കുട്ടിക്കാലത്ത് ഇലഞ്ഞിപ്പൂ പെറുക്കി മാലയാക്കി കഴുത്തിലണിഞ്ഞതും വളയായി കൈത്തണ്ടയിലണിഞ്ഞതും മുടിയിൽ പിന്നിച്ചേർത്തതുമെല്ലാം കവയിത്രി ഓർമ്മിക്കുന്നു. ഇന്നാകട്ടെ ഇലഞ്ഞി മരത്തിൽ നിന്ന് വീഴുന്ന പൂവുകൾ ആർക്കും വേണ്ടാതെ കിടക്കുന്നു. ഇന്ന് വാടിയ മനസ്സോടെ മാലകൊരുത്ത് അതിന്റെ മണം ശ്വസിച്ച് മരണമാകുന്ന അവസാന ഉറക്കത്തിൽ മെത്തയ്ക്കടിയിൽ സൂക്ഷിക്കട്ടെ എന്ന് കവയിത്രി വ്യക്തമാക്കുന്നു. കുട്ടിക്കാലത്തിന്റെ ഓർമ്മകൾ തിരിച്ചുപിടിക്കാനുള്ള ആഗ്രഹമാണ് കവിതയിൽ പ്രകടമാകുന്നത്.

റഫീക്ക് അഹമ്മദിന്റെ കവിതകളിൽ പൂക്കൾ വർണ്ണനാപ്രധാനമായി പരാമർശിക്കപ്പെടുന്നുണ്ട്. 'വിദ്യാലയം' എന്ന കവിതയിൽ പഴയവിദ്യാലയ ഓർമ്മകൾക്കിടയിൽ

> "കാട്ടുതൃത്താവിന്റെ, പൊൻചമ്പകത്തിന്റെ
> ഗന്ധപ്പടർവള്ളിതൂങ്ങിയാടിക്കുതി-
> ച്ചെത്തി കാലത്തിന്റെ മറ്റൊരുകൊമ്പിൽ ഞാൻ" (2016:96)

എന്നിങ്ങനെ പൂക്കളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

വീരാൻകുട്ടിയുടെ 'വിരിയുന്ന പൂവിനെക്കുറിച്ചുള്ള കവിത' എന്ന കവിതയിൽ വിരിയുന്ന പൂവിന് ചെടിയും പരിസരവും നൽകേണ്ട ശ്രദ്ധയെ സൂചിപ്പിക്കുന്നു. വിരിയുന്ന പൂവിലേക്ക് നോക്കരുതെന്നും ഇലകൾ അനങ്ങുന്നതിന്റെയും മഞ്ഞുതുള്ളി വീഴുന്നതിന്റെയും തണ്ടിലൂടെ വെള്ളം കയറുന്നതിന്റെയും കരിയില വീഴുന്നതിന്റെയും ശബ്ദം കേൾപ്പിക്കാതെ ചെടി പൂവിന് വിടരാനുള്ള സാഹചര്യമൊരുക്കുന്നു.

> "നന്ദി
> അധികമാവില്ല
> ഉച്ചിയിൽ പൂവ് വിരിഞ്ഞുതുടങ്ങിയ
> ചെടിയുടെ
> ധ്യാനം മുറിയാതിരിക്കാനുള്ള
> എത്ര നേരിയ കരുതലും" (2016: 121-122)

എന്നിങ്ങനെ പ്രകൃതിയിലെ ഓരോ ചലനത്തിനും അതിന്റേതായ പരിതസ്ഥിതികൾ ആവശ്യമാണെന്നും ഒരു പൂവിരിയുന്നതുപോലെയാണ് കവിത വിരിയുന്നതെന്നും വ്യക്തമാക്കുന്നു. പ്രകൃതിയിലെ ചലനങ്ങളുടെ സൂക്ഷ്മതയാണ് കവിത ഉൾക്കൊള്ളുന്നത്. 'നക്ഷത്രവും പൂവും' എന്ന കവിതയിൽ മുക്കുറ്റിയാണ് വിഷയമാകുന്നത്. ആകാശത്തിൽ വിരിയുന്ന നക്ഷത്രത്തേക്കാൾ മനോഹരമാണ് മുക്കുറ്റിപ്പൂവ് എന്ന് കവിത വ്യക്തമാക്കുന്നു. ആകാശത്തിന് നക്ഷത്രം ഭംഗി നൽകുന്നുവെങ്കിൽ ഭൂമിക്ക് മുക്കുറ്റിപ്പൂവിന്റെ ഭംഗിയുണ്ടെന്ന് കവിത അടയാളപ്പെടുത്തുന്നു (2015:69).

വിരിഞ്ഞു നിൽക്കുന്ന കുഞ്ഞുപൂവിനെയാണ് മോഹനകൃഷ്ണൻ കാലടിയുടെ 'പാവം പൂവ്' എന്ന കവിത പരാമർശിക്കുന്നത്. മുറ്റത്തു നിന്നിരുന്ന ചെറിയസസ്യത്തെ അതുവരെ ആരും കണ്ടിരുന്നില്ല. എന്നാൽ

"ഇന്ന് രാവിലെ
അതിന്റെ ഒക്കത്ത്
ഒരു കുഞ്ഞുപൂവ്വിരുന്ന്
ചിണുങ്ങിക്കരയുന്നു" (2013:72)

എന്നിങ്ങനെ ചെടിക്ക് ഒരു കുഞ്ഞുണ്ടായതായും അതൊക്കത്തിരുന്നു കരയുന്നതായും കവിത കല്പിക്കുന്നു. വിശന്നിട്ടോ ഉറക്കം വന്നിട്ടോ കരയുന്ന കുഞ്ഞുപൂവുമായി നിൽക്കുന്ന കളിപ്രായം വിട്ടുമാറാത്ത ചെടിക്ക് താരാട്ടുപാടാനറിഞ്ഞുകൂടാ. പൂവിനെ ഉറുമ്പുകടിച്ചതാണോ എന്നറിയാൻ ശ്രദ്ധിച്ചുനോക്കിയപ്പോൾ ചെടി നാണിച്ചുപോയതായും ചെടിയേക്കാൾ ചെറിയൊരു പൂമ്പാറ്റ വന്ന് പൂവിന് കാതുകുത്തി പറന്നുപോയതായും കവിതയിൽ വ്യക്തമാക്കുന്നുണ്ട്. ഒരു പൂവിന്റെ ജീവിതത്തിനെ മനുഷ്യക്കുഞ്ഞുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. പ്രകൃതിയിൽ ഒരു കുഞ്ഞുപൂവിനുപോലുമുള്ള പ്രാധാന്യത്തെ കവിത വെളിപ്പെടുത്തുന്നു. 'വീഴാത്ത പൂവ്' എന്ന കവിതയിൽ വേലിപ്പടർപ്പിലെ ചെറിയ പൂവിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. വഴിയെ പോകുന്നവർക്കെല്ലാം മഞ്ഞുനീരിൽ കുതിർന്ന പുഞ്ചിരി നൽകുന്ന പൂവിന്റെ മണം കാറ്റിനും പൂമ്പാറ്റയ്ക്കും ഇഷ്ടമല്ലെന്നും അതുകൊണ്ടതിനെ ആരും നുള്ളിയെടുക്കാറില്ലെന്നും കവിത വ്യക്തമാക്കുന്നു.[11]

'ഭൂതക്കട്ട' എന്ന കവിതയുടെ പത്താം ഖണ്ഡികയിൽ പൂക്കളെ പരാമർശിക്കുന്നു. നാലു കാട്ടുചെടികൾ മാത്രമുണ്ടായിരുന്ന പൂന്തോട്ടം ഇന്ന് 'ഈവ്സ് ഗാർഡൻ' ആണ്. അവിടെയാകട്ടെ പേരറിയാത്ത ചെടികളും നിറങ്ങളും അനങ്ങാത്ത കിളികളും

പൂമ്പാറ്റകളും ഉണ്ട്. ചെടി കടിക്കാനെത്തുന്ന പശുക്കളെ സ്റ്റഫ് ചെയ്തത്, ആദത്തെയും ഹവ്വയെയും പോലെ മുഖമുള്ള പണിക്കാർ എന്നിവയുമുണ്ട്.

> "നമുക്കവരെ ആ തോട്ടത്തിൽനിന്ന് അടിച്ചിറക്കാമായിരുന്നു
> പഴയ ചെമ്പരത്തിച്ചെടികളുടെ കണക്ക് ചോദിക്കാമായിരുന്നു" (2013:169)

എന്നിങ്ങനെ പഴയകാലത്തെ ചെമ്പരത്തിച്ചെടികളെ അന്വേഷിക്കുന്നു കവിത. നാടൻ പൂവിനങ്ങൾ അപ്രത്യക്ഷമാവുകയും സങ്കരയിനങ്ങളും വിദേശികളുമായ പൂക്കൾ പൂന്തോട്ടങ്ങൾ കൈയ്യേറുകയും ചെയ്തിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

എം.ആർ. രേണുകുമാറിന്റെ 'കൊതിയൻ' എന്ന സമാഹാരത്തിലെ 'വിളിക്കലുകൾ' എന്ന കവിത ആരംഭിക്കുന്നത്.

> "മരമൊരു ചിത്രം വരയ്ക്കുന്നു
> നാമതിനെ
> പൂവെന്ന് വിളിക്കുന്നു
> പൂവൊരു
> കവിതയെഴുതുന്നു
> നാമതിനെ
> തേനെന്നു വായിക്കുന്നു" (2017:55)

എന്നിങ്ങനെയാണ്. മരങ്ങൾ വരയ്ക്കുന്ന ചിത്രമായി പൂക്കളെ അവതരിപ്പിക്കുന്നു. പൂക്കൾ കവിതയെഴുതുന്നതാണ് തേനെന്നും കവിത വ്യക്തമാക്കുന്നു. ഇവിടെ പൂവിനെ ചിത്രമായി കാണുന്നു. ഓണക്കാലത്ത് ഇറുക്കുന്തോറും പിന്നെയും പൂക്കുന്ന പൂമരങ്ങളും ചെടികളുമുണ്ടായിരുന്നതിന്റെ ഓർമ്മകളാണ് 'ഓണപ്പൂമഴയിൽ' എന്ന കവിതയിൽ പരാമർശിക്കുന്നത്.[12]

എസ്. ജോസഫിന്റെ 'മഞ്ഞ പറന്നാൽ' എന്ന സമാഹാരത്തിലെ 'ശംഖു പുഷ്പങ്ങൾ' എന്ന കവിതയിൽ ചുമരിൽ തൂക്കിയിട്ട ശംഖുപുഷ്പവള്ളികളിൽ വെള്ളയും നീലയും പുഷ്പങ്ങൾ ഇടകലർന്നു പൂത്തിരിക്കുന്നതായി വ്യക്തമാക്കുന്നു. 'ഐഡന്റിറ്റി കാർഡ്' എന്ന സമാഹാരത്തിലെ 'കുട്ടി പൂ വരയ്ക്കുന്നു' എന്ന കവിതയിൽ കുട്ടി വരയ്ക്കുന്ന പൂവ് കുട്ടിയുടെ ആത്മാവിഷ്ക്കാരമാകുന്നു.

> "കുട്ടി പൂ വരയ്ക്കുന്നു
> കരഞ്ഞു കലങ്ങിയ വീട്ടമ്മയുടെ ഇളേ-
> കുട്ടി പൂ വരയ്ക്കുന്നു" (2005:48)

എന്നിങ്ങനെ അമ്മയുടെ കരച്ചിലിന്റെ ആവിഷ്ക്കാരമായും മുറ്റത്തെ മരങ്ങളിൽ കുട്ടി വരച്ചിട്ട ഇളംമഞ്ഞ പൂക്കൾ മാറുന്നു. ഇവിടെയെല്ലാം പൂക്കൾ വർണ്ണനകളോ സദൃശകല്പനകളോ മാത്രമാണ്.

പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ, വി.ടി. ജയദേവൻ, സെബാസ്റ്റ്യൻ എന്നിവരുടെ കവിതകളിൽ പൂക്കളുടെ വർണ്ണനകൾ താരതമ്യേന ഇല്ലെന്നുതന്നെ പറയാം

## 2.1.2. സദൃശകല്പനകൾ

### 2.1.2.1. രൂപപരം

#### 2.1.2.1.1. പ്രചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ 'മുകിലാന മുൻചുകപ്പും മുകിൾമുല്ലനകം കയെറ്റി' (1987:82) എന്നിങ്ങനെ സന്ധ്യ എന്ന പുലി വെളിയിൽ കാട്ടിയ നഖങ്ങളായി മുല്ലമൊട്ടുകളെ വർണ്ണിക്കുന്നു. പുലിനഖങ്ങളുമായി മുല്ലമൊട്ടുകൾക്ക് സദൃശകല്പന നടത്തുന്നു. 'രാമചരിത'ത്തിൽ

"നിറയിന്റമലർക്കുല തിക്കിയെങ്ങും നിറമൊത്തമുരിക്കൊട
ചോകിവപോൽ
തറതന്നിലെഴുന്തുമുഴുത്തുയരം തമ്മിലൊത്തില പറ്റവ
വറ്റവെന-
ക്കറവറ്റു വിളങ്കിന വാണങ്കൾ പോയ്ക്കടിപുക്കിരു-
വർക്കുമുടമ്പകിലം
കറവോടുപിളർന്തൊഴുകും കുരുതിക്കളികൊണ്ടില-
കൊണ്ടിതു കാന്തിതുലേശം"(1972:20)

എന്നിങ്ങനെയാണ് യുദ്ധാവസരത്തിലെ ചോരപ്രവാഹത്തെക്കുറിച്ച് പരാമർശിക്കുന്നത്. അതായത് ബാണങ്ങൾ ശരീരത്തിൽ ഉണ്ടാക്കുന്ന ചോരപ്രവാഹം മുരുക്കിന്റെയും അശോകത്തിന്റെയും പൂങ്കുലകൾ തറയിൽ ഞെരുങ്ങിച്ചേർന്നു കിടക്കുന്നതുപോലെ യാണ് അനുഭവപ്പെടുന്നത്. ചോരച്ചുവപ്പിന് മുരിക്കിന്റെയും അശോകത്തിന്റെയും നിറവുമായി സാദൃശ്യം കല്പിക്കുന്നു.

'ഉണ്ണുനീലിസന്ദേശ'ത്തിൽ സ്ത്രീശരീരത്തെ പ്രകൃതിഘടകങ്ങളുമായി സാമ്യപ്പെടുത്തുന്ന രീതി കാണാം. താമരയുടെ അകത്തെ ഇതൾപോലെ മാർദ്ദവമുള്ള വിരലുകൾ, ഇലഞ്ഞിപ്പൂ പോലെയുള്ള പൊക്കിൾ, പൂന്തേൻ വെല്ലുന്ന മധുരവചനം,

എള്ളിൻപൂവിന്റെ അഴകുറ്റ നാസികാഗ്രം എന്നിങ്ങനെ ഉണ്ണുനീലിയുടെ സൗന്ദര്യം വർണ്ണിക്കപ്പെടുന്നത് വ്യത്യസ്ത പൂക്കളുടെ രൂപസാദൃശ്യം ഉപയോഗിച്ചുകൊണ്ടാണ്. താമരയിതളിന്റെ മാർദ്ദവവും എൾപ്പൂവിന്റെ അഴകും, പൂന്തേനിന്റെ മാധുര്യവും ഇലഞ്ഞിപ്പൂവിന്റെ ഭംഗിയുമൊക്കെയാണ് ഉണ്ണുനീലിയുടെ ശരീരവർണ്ണനയിൽ ഉള്ളത്. സ്ത്രീയും പ്രകൃതിഘടകങ്ങളും ഈ വർണ്ണനകളിൽ ഐക്യപ്പെടുന്നതായി കാണാം. മനുഷ്യകേന്ദ്രിതമായ പ്രകൃതിവർണ്ണനയാണ് ഇവിടെ കാണുന്നത്. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനല്ല പൂക്കളെ വർണ്ണിക്കുന്നത് മറിച്ച് പെണ്ണിന്റെ അവയവ വർണ്ണനയാണ് പൂക്കളെക്കൊണ്ട് സാധിച്ചിരിക്കുന്നത്. പ്രകൃതിഘടകങ്ങളുമായി ചേർത്ത് പുരുഷസൗന്ദര്യത്തെ വർണ്ണിച്ചു കാണുന്നില്ല. പുരുഷപക്ഷ കാഴ്ചയാണിവിടെ സംഭവിക്കുന്നത്. പുരുഷന്റെ ആസ്വാദനത്തിന് പ്രാധാന്യം കൈവരുന്ന ഈ ഘട്ടത്തിൽ സ്ത്രീയും പ്രകൃതിയും പുരുഷന് ആസ്വാദിക്കാനുള്ളതുമാത്രമാണെന്ന ചിന്താഗതിയുടെ പ്രതിഫലനമായി ഇത്തരം വർണ്ണനകളെ തിരിച്ചറിയാനാകും. വിരഹമനുഭവിക്കുന്ന നായകന് വസന്തത്തിൽ പൂത്തുനിൽക്കുന്ന ചെമ്പകപ്പൂക്കൾ കാമദേവന്റെ അമ്പുകളായി അനുഭവപ്പെടുന്നതായും ദുഃഖംമൂലം താമരപ്പൂക്കളിലേയ്ക്ക് നോക്കാൻ കഴിയാതെ നായകൻ വിഷമിക്കുന്നതായും കൃതിയിൽ പരാമർശമുണ്ട്.

'ഉണ്ണിയാടിചരിത'ത്തിലാകട്ടെ വെളുത്തമന്ദാരം, പുതിയ മുല്ലപ്പൂവ് ഇവയെയൊക്കെ നിന്ദിക്കുന്ന പുഞ്ചിരിയാണ് ഉണ്ണിയാടിയുടേത്. വെളുത്തമന്ദാരം, മുല്ലപ്പൂവ് എന്നിവയോട് നായികയുടെ ചിരിയെ കാവ്യത്തിന്റെ രണ്ട് സന്ദർഭങ്ങളിൽ സാദൃശ്യപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.[13(ക)(ഖ)]

> "വടിവാർകമലത്തിന്നു
> നടുവേ തിലസൂനമോ" (2016:172)

വടിവാർന്ന താമരപ്പൂവിന് മധ്യേയുള്ള എള്ളിൻപൂവ് എന്ന് നായികയുടെ മുഖത്തെ അഭേദകല്പന ചെയ്തിരിക്കുന്നു. താമരപ്പൂവ് നായികയുടെ മുഖവും എള്ളിൻപൂവ് അവളുടെ നാസികയുമാണ്. ശിവന്റെയും നായികാമാതാവായ ഉണ്ണിക്കുട്ടത്തിയുടെയും ചുണ്ടുകളെ ചെമ്പരത്തിപ്പൂവുകളുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. നീലോല്പലം പോലെയുള്ള കണ്ണുകളാണ് ഉണ്ണിക്കുട്ടത്തിയുടേത്.[14] ഇവിടെയെല്ലാം പൂക്കളുടെ മൃദുലതയും നിറവും ഭംഗിയും മനുഷ്യരുടെ അവയവവർണ്ണനയ്ക്കുള്ള സാധൂകരണങ്ങളായി മാറിയിരിക്കുന്നു.

'ചന്ദ്രോത്സവ'ത്തിൽ കാമദേവന്റെ അമ്പായി പൂക്കളെ കല്പിക്കുന്നു.

കൈതപ്പൂവിന്റെ അകത്തെ ഇതൾ പോലെയാണ് മേദിനീവെണ്ണിലാവിന്റെ നെറ്റിത്തടം എന്നാണ് കവിവർണ്ണന.[15] കൈതപ്പൂവിന്റെ കാന്തിയെ ഉടലാകെ അണിഞ്ഞ സുന്ദരി എന്നും പരാമർശിക്കുന്നുണ്ട്.

> "രരാജ മദ്ധ്യേ മകരന്ദവാചാം
> നിഷേദുഷീ മേദിനീവെണ്ണിലാവ്
> നിറംതകും കാഞ്ചനവല്ലരീണാ-
> മ്മദ്ധ്യേത്ഥിതാ കല്പകമഞ്ജരീവ" (2016:86)

അതായത് സുന്ദരിമാരുടെ നടുവിലിരിക്കുന്ന മേദിനീവെണ്ണിലാവ് കാഞ്ചനവല്ലികളുടെ മദ്ധ്യത്തിലുണ്ടായ കല്പകപ്പൂങ്കുലപോലെ ശോഭിച്ചു എന്ന് കവി കല്പന.

നളിനമാകുന്ന മുഖം എന്ന് മേദിനീവെണ്ണിലാവിന്റെ മുഖത്തെക്കുറിച്ചുള്ള അഭേദകല്പനയും ശ്രദ്ധേയമാണ്. മന്ദാരം, മുല്ല, മകരന്ദം, സീതാരവിന്ദം, മന്ദസ്മിതം എന്നിങ്ങനെയുള്ള മൃദുപദങ്ങൾ മാത്രമാണ് നായികയുടെ ചെവിയിൽ പതിക്കാൻ യോഗ്യമായിട്ടുള്ളത് എന്നു പറയുമ്പോൾ പൂക്കളുടെയോ അവയവങ്ങളുടെയോ വർണ്ണനയല്ല ഇവിടെ നടത്തുന്നത്. 'ന്ദ' എന്ന അക്ഷരങ്ങൾ കൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ള വാക്കുകളുടെ മൃദുത്വമാണ്. കഠിനപദങ്ങൾ കേൾക്കാൻ പോലും സാധ്യമല്ലാത്ത രീതിയിൽ മൃദുസ്വഭാവിനിയാണ് നായിക എന്നും വിവക്ഷ.[16]

'കല്യാണസൗഗന്ധികം തുള്ളലി'ൽ ഭീമൻ സഞ്ചരിക്കുന്ന കാടിന്റെ ഭീകരതയെ വെളിപ്പെടുത്തുംവിധം രാക്ഷസവർണ്ണന നടത്തുമ്പോൾ "ചെമ്പരത്തിപ്പൂ കണക്കെ നേത്രങ്ങളു" (2013:36) മെന്ന് രാക്ഷസന്റെ കണ്ണുകളെ ചെമ്പരത്തിപ്പൂക്കളുമായി താരതമ്യപ്പെടുത്തുന്നു. വാസ്തവത്തിൽ പൂവിനെ കേന്ദ്രീകരിച്ചുള്ളതാണ് കൃതിയുടെ ഇതിവൃത്തമെങ്കിലും പൂവിനെ ഉപയോഗിച്ചുകൊണ്ടുള്ള സദൃശകല്പനകൾ ഈ കൃതിയിൽ കുറവാണ്.

രാമകഥപ്പാട്ട്, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, നളചരിതം എന്നീ കൃതികളിൽ പൂക്കൾ രൂപപരമായ സദൃശകല്പനകളായി പൊതുവെ പരാമർശിക്കപ്പെടുന്നില്ല.

### 2.1.2.1.2. കവിത്രയകാലം

വള്ളത്തോൾ 'മഗ്ദലനമറിയ'ത്തിൽ മറിയത്തിന്റെ പല്ലുകളെ മുല്ലമൊട്ടുകളായും യേശുവിന്റെ പാദങ്ങളെ താമരയായും താരതമ്യം ചെയ്തിരിക്കുന്നു.[17] മനുഷ്യാവയവ

ങ്ങളെ വർണ്ണിക്കുകയാണ് ഇവിടെ പൂക്കളുടെ ധർമ്മം. പ്രാചീനമധ്യകാലകൃതികളിലെ വർണ്ണനാരീതിയുടെ സ്വാധീനമാണ് ഇവിടെ കാണുന്നത്. 'ചിത്രയോഗം' മഹാകാവ്യ ത്തിൽ ചന്ദ്രസേനൻ കാണുന്ന കാട്ടുപൂക്കളെക്കുറിച്ച് സൂചനയുണ്ട്. രാജാവ് കാട്ടിലേക്ക് പ്രവേശിക്കുമ്പോൾ പൂത്തുനിൽക്കുന്ന വള്ളികളും കൊന്നപ്പൂവുമുണ്ടായിരുന്നു.[18] പ്രകൃതിവർണ്ണനയുടെ ഭാഗമായി വരുന്ന പൂക്കളാണിത്. മാൻ കൂട്ടങ്ങളുടെ പേടിച്ച നോട്ടത്തെ കരിംകൂവളപ്പൂക്കൾ വിതറും പോലെ എന്നാണ് കവി വർണ്ണിച്ചിരിക്കുന്നത്. വിടർന്ന താമരപ്പൂക്കളുടെ പൊടി കാറ്റിൽ പറത്തിയും കരയിലെ വൃക്ഷങ്ങളുടെ പൂവ് നീരിൽ വീഴ്ത്തിയും വീശുന്ന കാറ്റിനെക്കുറിച്ചും കൃതിയിൽ പരാമർശമുണ്ട്. മാതംഗമഹർഷിയുടെ ആശ്രമപരിസരത്തിൽ മുനിമാരുടെ ദേവപൂജയ്ക്കുവേണ്ടിയാണ് വള്ളികൾ പൂക്കുന്നതെന്നും കല്പിക്കുന്നു. സസ്യജാലങ്ങളുടെ ജൈവികമായ സ്വാഭാവികാവസ്ഥയാണ് പൂവിടൽ, എന്നാൽ പൂക്കളുണ്ടാകുന്നത് മനുഷ്യർക്ക് ദേവപ്രതീക്കുള്ള അർച്ചനാവസ്തുക്കളായാണ് എന്ന സങ്കല്പനത്തിന്റെ സൂചന ഈ ഭാഗത്തുണ്ട്.[19] പൂക്കൾ നിറഞ്ഞ വള്ളികളെ ഇളക്കി കാറ്റുവരുന്നതായും കവിതയിൽ സൂചനയുണ്ട്. ചന്ദ്രസേനൻ വിരഹദുഃഖമനുഭവിക്കുന്ന സന്ദർഭത്തിൽ

"നളിനലോചനയെങ്ങിതു ചൊല്കിലി,-
ന്നളികൾ കൈവെടിയും തവ പൂക്കളെ
ലളിത ചമ്പകമേ! മമ കാന്തത-
ന്നളിയെതിർക്കുഴൽ ചേർത്തണിയിക്കുവൻ" (2011:595-596)

എന്നിങ്ങനെ നായികയുടെ കണ്ണുകൾക്ക് താമരയിതളുകളുമായുള്ള സാദൃശ്യമാണ് വ്യക്തമാക്കുന്നത്. കൂടാതെ നായികയെ ലളിത ചമ്പകമേ എന്നാണ് വിശേഷിപ്പിക്കുന്നത്.

'മിന്നുന്നതൊക്കെ പൊന്നല്ല' എന്ന കവിതയിൽ നൈതൽപ്പൂവിനെ കാമുകിയായും നക്ഷത്രത്തെ കാമുകനായും കൽപിക്കുന്നു. നക്ഷത്രം ഉന്നതസ്ഥാനീയനും നൈതൽ പ്പൂവ് നക്ഷത്രസമാഗമത്താൽ ധന്യയായവളുമാണ് (2011:822). മനുഷ്യർക്കിടയിലുള്ള പുരുഷാധിപത്യരീതി പ്രകൃതിഘടകങ്ങളിലും ആരോപിക്കപ്പെടുന്നു. 'പുലർകാലം എപ്പൊഴോ?' എന്ന കവിതയിൽ ശിവന്റെ തലയിൽ ചൂടിയിരിക്കുന്ന ഗംഗയെ തുമ്പപ്പൂമാലയായി കല്പിച്ചിരിക്കുന്നു.

കവിത്രയകാലത്തെ തെരഞ്ഞെടുത്ത കവികളിൽ വള്ളത്തോളിൽ മാത്രമാണ് രൂപപരമായ സദൃശകല്പനകളായി പൂക്കൾ പരാമർശിക്കപ്പെട്ടു കാണുന്നത്.

**2.1.2.1.3.** കവിത്രയത്തിനുശേഷമുള്ളകാലത്തിലും ആധുനികതാആധുനികതാനന്തര ഘട്ടങ്ങളിലും പൂക്കൾ രൂപപരമായ സദൃശകല്പനകളായി പൊതുവെ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

### 2.1.2.2. ഭാവപരം

### 2.1.2.2.1. പ്രാചീനമധ്യകാലഘട്ടം

'കണ്ണശ്ശരാമായണ'ത്തിൽ

"ദിനകരപൂജയ്ക്കെന്നകണക്കേ-
യിതുകാലം മരുതോടെ പാലക-
ളിത നിന്നന പുഷ്പങ്ങൾ ചുമന്നേ" (2013:427)

അതായത് മരുതുകളും പാലകളും പൂത്തത് സൂര്യപൂജയ്ക്കാവശ്യമായ പൂക്കൾക്കു വേണ്ടിയാണെന്ന് കവി കല്പന. പ്രാചീനമധ്യകാലഘട്ടത്തിൽ 'കണ്ണശ്ശരാമായണ'ത്തിൽ മാത്രമാണ് പൂക്കൾ ഭാവപരമായ സദൃശകല്പനകളായി പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

രാമായണത്തിൽ രാമൻ കാണാതായ സീതയെ പൂക്കളോട് അന്വേഷിക്കുന്നുണ്ട്. അതുപോലെ 'കൃഷ്ണഗാഥ'യിലും ചെമ്പകം, പിച്ചകം, മല്ലിക, മുല്ല, മന്ദാരം, കായാവ്, കാനകനാറി, ചേമന്തിക, കൈത എന്നീ പൂക്കളോടെല്ലാം ഗോകുലനാഥനെ കണ്ടോ എന്ന് ഗോപികമാർ അന്വേഷിക്കുന്ന രംഗമുണ്ട്. മനുഷ്യരെ പോലെ തന്നെ സചേതനത്വവും പ്രതികരണശേഷിയും പൂക്കൾക്കുമുണ്ടെന്ന കവി സങ്കല്പനമാണ് ഇവിടെയുള്ളത്. ഗ്രീഷ്മവർണ്ണനയുടെ ഭാഗത്ത് കടമ്പുകൾ പൂത്തതുകണ്ട് വണ്ടുകൾ പാഞ്ഞു തുടങ്ങിയതായും കൈതപ്പൂമണം എങ്ങും വ്യാപിച്ചതായും പരാമർശമുണ്ട്.

### 2.1.2.2.2. കവിത്രയകാലം

ആശാൻ കവിതയിലെ പാരിസ്ഥിതിക ഭാവുകത്വത്തെ പഠനവിധേയമാക്കുമ്പോൾ 'വീണപൂവ്' പ്രധാന പരാമർശമർഹിക്കുന്നു. ഓരോ ജീവിക്കും ജനനവും മരണവുമുണ്ടെന്ന സത്യത്തെയാണ് കവിത അനാവരണം ചെയ്യുന്നത്.[20] പൂവ് പ്രകൃതിയുടെ മടിത്തട്ടിൽ വളരുന്നു. യഥാർത്ഥജീവിതത്തിലെ ഒരു കുഞ്ഞിനെപ്പോലെയാണ് പൂവും താലോലിക്കപ്പെടുന്നത് എന്നാണ് കവിത പറയുന്നത്. പ്രകൃതിയും പൂവും തമ്മിലുള്ള ബന്ധം മനുഷ്യബന്ധമായാണ് ചിത്രീകരിച്ചിരിക്കുന്നത്. പൂവിന്റെ ജീവിതചക്രത്തെ-ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം-എന്നിങ്ങനെ വിഭജിച്ച് മനുഷ്യജീവിതത്തോടു

സാദൃശ്യം കല്പിക്കുന്നു. പൂവ് കൊഴിഞ്ഞു വീഴുന്നതിനെ മനുഷ്യമരണത്തോടാണ് സാദൃശ്യപ്പെടുത്തുന്നത്. മരണശേഷമുള്ള ഉപചാരരീതികളും മനുഷ്യരീതികളുമായി ബന്ധപ്പെടുന്നതാണ്.[21] മനുഷ്യനുൾപ്പെടെ യുള്ള ജീവിവർഗ്ഗത്തിന് ജനിമൃതികൾ ഒരു പോലെയാണെന്ന് ഈ കവിത സാക്ഷ്യപ്പെടുത്തുന്നു. "സസ്യപ്രകൃതി/മനുഷ്യപ്രകൃതി എന്ന 'വീണപൂവി'ലെ സദൃശകല്പനയുടെ അടിസ്ഥാനം അവയ്ക്കു പൊതുവായുള്ള ജനനമരണങ്ങളും അവ പൊതുവായനുഭവിക്കുന്ന രാഗവുമാണ്. ഇവ തമ്മിലുള്ള സാഹോദര്യത്തിന്റെ കാരണവുമതുതന്നെ. ഈ ബോധം മനുഷ്യനെ ദൈവികഘടകമായി കാണുന്നതിനു പകരം ജൈവികഘടകമായി കാണുന്നു'' എന്ന അഭിപ്രായം ശ്രദ്ധേയമാണ് (പവിത്രൻ. പി, 2012:112).

'കളകണ്ഠഗീതം' എന്ന കവിതയിലും വാടിവീഴുന്ന പൂവിനെയാണ് പരാമർശി ക്കുന്നത്. 'നളിനി'യിൽ ദിവാകരൻ കാണുന്ന കാട്ടിലെ താമരപൊയ്കയിൽ വിടർന്നു നിൽക്കുന്ന താമരപ്പൂക്കളെക്കുറിച്ച് പരാമർശമുണ്ട് (2013:59). നളിനിയെ ഹേമന്തത്തിലെ താമരപ്പൂവായി കല്പിക്കുന്നുണ്ട്. കൂടാതെ കാവ്യത്തിന്റെ മറ്റൊരു ഭാഗത്ത് മുല്ലവള്ളിയുമായും സാദൃശ്യപ്പെടുത്തുന്നു. ദിവാകരനെ പക്ഷിസ്വരങ്ങളാൽ താമരപ്പൂവ് വനത്തിലേക്ക് സ്വാഗതം ചെയ്യുന്നതായും പരാമർശമുണ്ട്.

"ആഗതർക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമാ സരോജിനി" (1960:101)

എന്നാണ് വർണ്ണന. 'ചിന്താവിഷ്ടയായ സീത'യിലാകട്ടെ രാത്രിയിൽ ഇളംകാറ്റേറ്റ് ആമ്പൽപൂക്കൾ വിടരുന്നതായി പരാമർശിക്കുന്നു. നദി കോൾമയിർ കൊള്ളുന്നതു മായാണ് ആമ്പൽപ്പൂവിടരുന്നതിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് (2013:423). വനമുല്ലയിൽനിന്ന് പാറിവരുന്ന പൂക്കൾ പോലെ മിന്നാമിനുങ്ങുകൾ സീതയുടെ മുടിയെ അലങ്കരിച്ചിരിക്കുന്നതായി കല്പിച്ചിരിക്കുന്നു. മിന്നാമിനുങ്ങുകളെ പൂക്കളുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. 'ലീല'യിൽ മദനനെ കാണാതെ ദുഃഖിതയായി കഴിയുന്ന ലീലയ്ക്ക് മാധവിയിൽ നിന്നും ലഭിക്കുന്ന മദനനെക്കുറിച്ചുള്ള അറിവ്

"വിരവിനൊടുപതിച്ചു, പിച്ചിമേൽ
വിരളനവാംബുദബിന്ദുവെന്നപോൽ" (1960:114)

ഇവിടെ ലീലയെ പിച്ചിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. വിരഹദുഃഖത്താൽ ലീല നിലത്ത് കിടക്കുന്നതിനെ പൂങ്കുല വീണ് കിടക്കുന്നതുപോലെ എന്നാണ് പരാമർശിക്കുന്നത്. കൂടാതെ ദുഃഖിതയായിരിക്കുന്ന ലീല മാധവിയുടെ ശബ്ദത്തെ

ഉഷസ്സിനെ നോക്കുന്ന താമരയെപോലെ നോക്കിയെന്നും പരസ്പരം താമരകൾ പോലെ അവർ പുല്കിയെന്നും പരാമർശിക്കുന്നു (1960:159). മദനനെ അന്വേഷിച്ച് ലീല ചമ്പകമണമുള്ള കാട്ടിലാണെത്തിച്ചേരുന്നത്. മദനന് ചമ്പകപ്പൂവും ലീലയുമാണ് പ്രിയപ്പെട്ടത്. വണ്ടിനെ അതായത് ചപലകാമുകന്മാരെ അടുപ്പിക്കാത്തതാണ് ചമ്പകം. അതുപോലെ തന്നെയാണ് ലീലയും എന്നുസൂചന (1960: 178). ലീലയെ കവിതയുടെ മറ്റുഭാഗങ്ങളിലും ചമ്പകത്തോട് സാദൃശ്യപ്പെടുത്തുന്നുണ്ട്.

പള്ളത്ത് രാമന്റെ 'ഒരു മുല്ലമൊട്ടിനോട്' എന്ന കവിതയിൽ മുല്ലമൊട്ടിനെ കന്യകയായി സങ്കല്പിക്കുന്നു. ഇളംകാറ്റേറ്റ് തളിരുകളാകുന്ന ആഭരണങ്ങളണിഞ്ഞ് നിൽക്കുന്ന കന്യകയാണിവിടെ മുല്ലമൊട്ട്. രാജാവിന്റെ തലയിലെ അലങ്കാരമാകാനും വിടന്മാരെയും മാമുനിമാരെയും സ്വാധീനിക്കാനുള്ള സൗന്ദര്യവും പൂവിനുണ്ടെങ്കിലും നിനക്കതൊന്നും പറ്റുകയില്ല എന്നു കവി വ്യക്തമാക്കുന്നുണ്ട്.

"സരസം സുമനസ്സുകൾക്കെഴും
നിരവദ്യം നിലപൂണ്ടുകൊണ്ടിനി
സ്മരബന്ധു വസന്തകാന്തനിൽ
പ്പരമാമോദമണയ്ക്കയില്ലയോ?" (1989:79)

എന്നിങ്ങനെ പൂവ് വസന്തത്തിനെന്നപോലെ കന്യകയെ ഭർത്താവിനും ബന്ധുക്കൾക്കും സന്തോഷമുണ്ടാക്കുക എന്ന കർത്തവ്യത്തിൽ ഒതുക്കി നിർത്തുന്നു. ആശാന്റെ വീണപ്പൂവ് സ്ത്രീയുടെ ജീവിതത്തെ വ്യഞ്ജിപ്പിക്കുന്നതാണ്. അതുപോലെ പള്ളത്തുരാമനിലും പൂവിനെ കന്യകയുമായി അഭേദകല്പന ചെയ്തിരിക്കുന്നു. സ്ത്രീയെപ്പോലെ പ്രകൃതിയും പുരുഷവർഗ്ഗത്തിന് സന്തോഷിക്കാൻ വേണ്ടിയുള്ളതാണെന്ന കാഴ്ചപ്പാടു കൂടി ഈ കവിതയിലുണ്ട്. സ്ത്രീയും പ്രകൃതിയും ഒരു പോലെയാണെന്ന ഇത്തരം സങ്കല്പനങ്ങൾ ക്രമേണ വികസിച്ചിട്ടാണ് ഇക്കോഫെമിനിസം പോലൊരു ചിന്താപദ്ധതി രൂപപ്പെട്ടത്.

ഉള്ളൂർ, വള്ളത്തോൾ, ബാലാമണിയമ്മ എന്നിവരിൽ ഭാവപരമായ സദൃശകല്പന കളായി അവതരിപ്പിക്കപ്പെടുന്ന പൂക്കൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

### 2.1.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

വിജയനെയും സോമനെയും 'രണ്ടോമൽപ്പൂക്കൾ പോലെ' എന്നാണ് ചങ്ങമ്പുഴ യുടെ 'ആരാധകൻ' എന്ന കവിതയിൽ പരാമർശിക്കുന്നത്. കൂടാതെ

"ആയിരം മൊട്ടുകൾ പൂക്കളായി;
ആയിരം പൂക്കളടർന്നുപോയി?" (1974:50)

എന്നിങ്ങനെ കാലഗതിയെ സൂചിപ്പിക്കുന്നു. മൊട്ടുകൾ പൂക്കളാവുകയും പൂക്കൾ കൊഴിയുകയും ചെയ്യുന്നതിലൂടെ കാലം കടന്നു പോയതായി വ്യക്തമാക്കുന്നു.

'രമണൻ' എന്ന കവിതയിൽ ഗ്രാമഭംഗിയെ വിശദമാക്കുമ്പോൾ ചുറ്റുഭാഗത്തും പൂത്തുനിൽക്കുന്ന മരങ്ങൾ ഉള്ളതായും കാറ്റടിച്ചാൽ പൂക്കൾ മഴപോലെ വീഴുന്നതായും പരാമർശമുണ്ട്. ആത്മഹത്യ ചെയ്ത രമണനെ ഞെട്ടറ്റുവീണ പനിനീർപ്പൂവെന്നാണ് മദനൻ വിളിക്കുന്നത്.

'ദേവത' എന്ന കവിതയിൽ നായികയെ കാട്ടുചെമ്പകമെന്ന് വിശേഷിപ്പിക്കുന്നുണ്ട് (1974:315). പൂക്കളാൽ പട്ടുപാവാട വിരിച്ചവഴിയെക്കുറിച്ച് 'പാടുന്ന പിശാചിൽ' പരാമർശമുണ്ട്. 'മദിരോത്സവ'ത്തിൽ പ്രകൃതിയിലെ എല്ലാ അവസ്ഥകളും ചരാചരങ്ങളും നശിച്ചുപോകുന്നതായി പരാമർശമുണ്ട്.

"ഇന്നലെ വിടർന്നടർന്ന ചെമ്പനീർപ്പൂവിനെക്കുറി
ച്ചിന്നു പാടുന്നില്ലൊരൊറ്റപ്പൂങ്കുയിൽ പോലും" (1974:584)

എന്നിങ്ങനെ കഴിഞ്ഞുപോയതിനെ പ്രകൃതി ഓർക്കുന്നില്ലെന്ന് കവിത വ്യക്തമാക്കുന്നു. അടർന്നുപോയ പൂവുകളെക്കുറിച്ച് പിന്നീട് കുയിലുകൾ പാടാറില്ല എന്ന കല്പന യിലൂടെയാണ് കവിത അക്കാര്യം വ്യക്തമാക്കുന്നത്.

മൊട്ടിട്ട മുല്ലകളും പൂത്ത കടമ്പുകളും പൂവണിഞ്ഞ മരങ്ങളും പുഞ്ചിരിക്കുന്ന പൂക്കളുമുള്ള വസന്തത്തെക്കുറിച്ച് ചങ്ങമ്പുഴയുടെ 'വസന്തോത്സവ'ത്തിൽ വർണ്ണന യുണ്ട്. വസന്തകാലത്തെ പുഷ്പസമൃദ്ധിയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. കൂടാതെ രാധയെ പൂവിനോട് സാദൃശ്യപ്പെടുത്തുന്നുമുണ്ട് കവിതയിൽ. കൃഷ്ണന്റെ വിയോഗത്തെ പൂവിൽ നിന്ന് വണ്ട് അകന്നുപോയതായി സൂചിപ്പിക്കുന്നു. രാധ കൃഷ്ണനുവേണ്ടി കോർത്ത പൂമാലയിലെ ചെമ്പനീർപ്പൂക്കൾ പ്രേമത്തെയും മുല്ല ഭക്തിയെയും താമര ആശകളെയും രാജമല്ലി സ്വപ്നങ്ങളെയും കങ്കേളിപ്പൂക്കൾ സങ്കല്പങ്ങളെയും മന്ദാരപ്പൂക്കൾ ത്യാഗസന്നദ്ധതയെയും ഉല്പലം വിവർണ്ണതയെയും ആവിഷ്ക്കരിക്കുന്ന തായി വ്യക്തമാക്കുന്നുണ്ട്. രാധയുടെ മാനസികഭാവങ്ങളുടെ അടയാളപ്പെടുത്തലു കളാകുക എന്ന ധർമ്മമാണ് ഈ പൂക്കൾക്കുള്ളത്.

പവിഴമല്ലിപ്പൂവുതിർന്ന പുൽത്തടത്തെക്കുറിച്ച് 'എന്റെ സഖി' എന്ന കവിതയിൽ വർണ്ണനയുണ്ട്. പുഷ്പശയ്യാതലംതയ്യാറാക്കിയതായി 'വിഫലനൃത്തം' എന്ന കവിതയിൽ പരാമർശമുണ്ട്. 'മനസ്വിനി'യിൽ പുലർകാലത്തെ മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ മനോഹരമെന്നാണ് വ്യക്തമാക്കുന്നത്. കൂടാതെ മുഖത്തെ

> "സത്വഗുണശ്രീ ചെന്താമരമലർ
> സസ്മിതമഴകിൽ വിടർത്തിയപോൽ" (ഭാഗം 2, 1990:253)

എന്നിങ്ങനെ ചെന്താമര അഴകിൽ വിരിഞ്ഞതുപോലുള്ള മുഖമെന്ന് നായികയുടെ മുഖത്തെ ചെന്താമരപ്പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

പി. കുഞ്ഞിരാമൻനായരുടെ 'സൗന്ദര്യപൂജ'യിൽ പെരുമാളിന്റെ മുറ്റത്ത് യാത്ര ചോദിച്ചു നിൽക്കുന്ന തുമ്പയെ പരാമർശിക്കുന്നു. ശരത്കാലമാകുന്ന കന്യകയെ ആമ്പൽപ്പൂവുപോലെ എന്ന് കല്പിക്കുന്നുണ്ട്. ചമ്പകം, അശോകം, പുന്നാഗം എന്നിവയുടെ സുഗന്ധമുള്ള മുടിയെക്കുറിച്ചും പരാമർശമുണ്ട്. 'കളിമണ്ണിൽ നിന്നൊരു കന്യക' എന്ന കവിതയിൽ പുല്ലുകൾ പൂക്കളാകുന്ന പായകൾ നെയ്യുന്നതായി കല്പിക്കുന്നു. തുമ്പയും ആമ്പലും ചമ്പകവുമായി വരുന്ന കേരളീയ കർഷകറാണിയെ 'എഴുന്നള്ളത്ത്' എന്ന കവിതയിൽ വർണ്ണിക്കുന്നുണ്ട്.

മലനാടായ കേരളത്തെക്കുറിച്ചു വിശദീകരിക്കുന്ന 'മലനാടിന്റെ നെടുവീർപ്പ്' എന്ന കവിതയിൽ പൂത്ത ചമ്പകമായി നിലാമുറ്റത്ത് നിൽക്കുന്നവളെന്നാണ് മലനാടിനെ വിശേഷിപ്പിക്കുന്നത്. മലനാട് ഇവിടെ സ്ത്രീയാണ് എന്നാൽ പുതിയ കാലഘട്ടത്തിൽ തണ്ടറുത്ത് കരയിലേക്കിട്ട ആമ്പൽപ്പൂവുപോലെയാണ് കേരളത്തിന്റെ അവസ്ഥയെന്നും കവിത വ്യക്തമാക്കുന്നു. 'പതിറ്റടിപ്പൂവ്' എന്ന കവിത നാലുമണിക്ക് വിടരുന്ന പതിറ്റടിപ്പൂവിനെ വിഷയമാക്കുന്നു. പകൽ നാലുമണിവരെ വിശപ്പും ദാഹവുമില്ലാതെ കിടന്നുറങ്ങുന്ന പൂവിനെ മനുഷ്യനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ചെമ്പകവും പനിനീർപ്പൂവുമെല്ലാം തങ്ങളുടെ പ്രവൃത്തികളിലേക്കുണർന്നിട്ടും പിന്നെയും ഉറങ്ങുന്ന നാലുമണിപ്പൂവിനെയാണിവിടെ പരാമർശിക്കുന്നത്. 'ആ ചെന്താമരപ്പൂവ്' പ്രകൃതിയിലെ പ്രണയഭാവത്തെ ആവിഷ്ക്കരിക്കുന്നു. ചെന്താമരപ്പൂവിന്റെ മേൽവിലാസം അന്വേഷിക്കുന്ന വണ്ടിനെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്. ഇവിടെ താമര വണ്ടിന്റെ പ്രണയത്തിന് പാത്രമായതായി കവിത വ്യക്തമാക്കുന്നു.

ഇടശ്ശേരിയുടെ 'കാമുകൻ' എന്ന കവിതയിൽ പ്രണയിതാവിനെ കാണുന്ന പ്രണയിനിയുടെ കവിൾ ചെമ്പനിനീർപ്പൂവുപോലെ ചുവന്നിരിക്കുന്നതായി സദൃശകല്പന

നടത്തുന്നു. ചെത്തിപ്പൂവുകൾ 'പൂതപ്പാട്ടി' ലെ പ്രധാന പരാമർശമാണ്. ഉണ്ണി പാഠശാലയിലേക്കു പോകുന്ന വഴിയിൽ ചെത്തിപ്പൂക്കൾ ചിരിക്കുന്നതും ഉങ്ങും പുന്നയും പൂത്തതും കാണുന്നു. കൂടാതെ ഉണ്ണിയുടെ നടത്തത്തെ ആറ്റിൽ ഒലിക്കുന്ന ആമ്പൽപ്പൂപോലെ എന്നാണ് പരാമർശിക്കുന്നത്. 'പൂത്തമാവിനെപറ്റി' എന്ന കവിതയിൽ മാമ്പൂവിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നു. 'മാമ്പൂ കണ്ടു മദിയ്ക്കല്ലേ' (2012:411) എന്നിങ്ങനെ മാമ്പൂ മുഴുവൻ കായാവാറില്ല എന്ന തത്ത്വത്തെയാണ് ഉൾക്കൊള്ളുന്നത്. ആദ്യത്തെ കാഴ്ചയിൽ ഒന്നിന്റെയും ഫലങ്ങളെ തീരുമാനിക്കരുതെന്നതാണ് ഈ ആശയത്തിലൂടെ വ്യക്തമാക്കുന്നത്.

കേരളത്തെ കൈതപ്പൂവായി കല്പിക്കുന്ന അതേ പേരിലുള്ള കവിതയിൽ സഹ്യപർവ്വതത്തിന്റെ ചരിവിൽ വിരിയുന്ന കൈതപ്പൂവാണ് മലയാളം. 'വിവാഹ സമ്മാനം' എന്ന കവിതയിലെ താമരപ്പൂവ് ചേച്ചിയുടെ ജീവിതം തന്നെയാണ്. താമരപ്പൂവ് പറിക്കുന്നതുപോലെ സ്വന്തം ജീവിതത്തെ പറിച്ചെറിയുന്നതായി കവിത വ്യക്ത മാക്കുന്നു. കുരുതി പാറ്റിയതുപോലെ അലറിപ്പൂ (അരളി) പൂത്തതായി 'കാവിലെ പാട്ടി'ൽ പരാമർശമുണ്ട്. ചോരയെ തെച്ചിപ്പൂവായും ചന്ദ്രനെയും നക്ഷത്രങ്ങളെയും അർച്ചന പൂക്കളായും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. പ്രഭാതത്തിലെ താമരപോലെ മിന്നുന്ന കന്യകയുടെ മുഖത്തെപ്പറ്റി 'ആശിസ്സ്' എന്ന കവിതയിൽ പരാമർശിക്കുന്നു.

വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിൽ മാമ്പൂവൊടിച്ച് കളിച്ച ഉണ്ണിയെ ശാസിക്കുന്ന അമ്മയും അതിൽ പിണങ്ങുന്ന ഉണ്ണിയും കഥാപാത്രമാകുന്നു. പൂവൊടിച്ചതിന് കുട്ടിയെ ശാസിച്ച അമ്മയ്ക്ക് തീരാദുഃഖമാണ് പിന്നീടുണ്ടാവുന്നത്. കുട്ടിക്കാലത്ത് ഓണത്തിന് പൂക്കളിറുത്തു നടന്ന കാര്യത്തെ ഓർക്കുന്നു 'പൂക്കാലം' എന്ന കവിത. തുമ്പകൾ പൂക്കുട്ടയേന്തുന്ന ചിങ്ങമാസത്തെയും കവിത പരാമർശിക്കു ന്നുണ്ട്. പൂപറിച്ചുനടക്കുന്ന രണ്ടു പൂക്കളായാണ് കവി തന്നെയും കൂട്ടുകാരിയെയും സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

"അവ്വണ്ണം മേളിച്ച പാടത്തെപ്പൂക്കളെ
വെവ്വേറെ കുമ്പിളിലാക്കി ദൈവം!" (2001:48)

എന്നിങ്ങനെ കൂട്ടുകാർ പിരിഞ്ഞു പോകുന്നതായി കവിത വ്യക്തമാക്കുന്നു. ഗ്രാമത്തിലെ കൈത്തോട്ടിൽ നിന്ന് ആമ്പൽപ്പൂവിറുത്തു വിൽക്കുന്ന ഗ്രാമീണബാലരെ 'ആമ്പൽ പ്പൂക്കൾ' എന്ന കവിത അവതരിപ്പിക്കുന്നു. കുട്ടികളുടെ പിഴുതെടുത്ത കരൾ പോലെ യാണ് കൊട്ടയിൽ പൂക്കളെ കണ്ടത് എന്ന് കവിത വ്യക്തമാക്കുന്നു. മഴ പെയ്തതോടെ

എല്ലായിടത്തും പൂവിരിഞ്ഞതായി 'കൂടും കിളിയും' എന്ന കവിതയിൽ പരാമർശമുണ്ട്. പാലാണു പെയ്തതെന്ന് തുമ്പയും പൊന്നിൻ തുള്ളികളാണു പെയ്തതെന്ന് മുക്കുറ്റിയും വ്യക്തമാക്കുന്നു. മഴ പ്രകൃതിയിലുണ്ടാക്കുന്ന സമൃദ്ധമായ പൂക്കാലമാണ് പരാമർശിക്കപ്പെടുന്നത്.

വയലാർക്കവിതയിൽ പൂക്കളെക്കുറിച്ചുള്ള ഭാവപരമായ സദൃശകല്പനകൾ പൊതുവെ ഇല്ലെന്ന് തന്നെ പറയാം.

### 2.1.2.2.4 ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഭാവപരമായ കല്പനകളായി പൂക്കൾ പരാമർശിച്ചു കാണുന്നില്ല.

### 2.1.2.2.5. ആധുനികതാനന്തരഘട്ടം

വി.ടി. ജയദേവന്റെ 'കുറച്ചുകൂടി ഹരിതാഭമായ ഒരിടം' എന്ന കവിതയിൽ അവതരിപ്പിക്കപ്പെടുന്ന സ്ത്രീയുടെ വിരലുകളെ വിടരാനാഗ്രഹിക്കുന്ന ആമ്പൽമൊട്ടുകളെന്ന് കല്പിക്കുന്നു. ജീവിതത്തിന്റെ ഇടുങ്ങിയ അവസ്ഥകളിൽ നിന്ന് പച്ചയും പൂക്കളുമുള്ള ഇടത്തിലേക്കുള്ള  മോചനമാണവർ ആഗ്രഹിക്കുന്നത്. 'കാറ്റ്' എന്ന കവിതയിലാകട്ടെ പവിഴമല്ലിയുടെയും ഗന്ധരാജപ്പൂവിന്റെയും മണമുള്ള കാറ്റ് യുവതിയായ വിധവയുടെ അടുത്തെത്തുമ്പോൾ അവൾ അതിനെ വിലക്കുന്നതായി പരാമർശിക്കുന്നു. വിധവയ്ക്ക് മണമുള്ള കാറ്റേൽക്കാൻ പാടില്ല എന്ന ആചാരത്തെക്കൂടിയാണത് വെളിപ്പെടുത്തുന്നത്. 'പ്രണയം' എന്ന കവിതയിൽ വൃദ്ധനായ കാമുകൻ പള്ളിക്കൂടത്തിൽ പഠിക്കുന്ന തന്റെ പ്രണയിനിക്ക് മഞ്ഞ പനിനീർപ്പൂവ് സമ്മാനിക്കുന്നുണ്ട്. നീലപ്പാവാടയും നീല ജാക്കറ്റുമിട്ട അവളിലേക്ക് മഞ്ഞപ്പനിനീർപ്പൂവ് അയാൾ തുന്നിച്ചേർക്കുന്നു. വാർദ്ധക്യത്തിൽ പെൺകുട്ടിയോടു തോന്നുന്ന പ്രണയത്തിന്റെ അടയാളമാകുന്നു ഈ പൂവ്.

'നിശബ്ദതയിലെ പ്രകാശങ്ങൾ' എന്ന കവിതയിൽ പൂവുകൾക്ക് ജീവിതം പുണ്യമാണെന്ന് സെബാസ്റ്റ്യൻ വ്യക്തമാക്കുന്നു. നാലുമണിക്ക് വിരിയുന്ന പൂക്കളും രാത്രിയും പകലും വ്യക്തമാക്കാതെ വിരിയുന്ന പൂക്കളുമുണ്ടെന്നും കവിതയുടെ മറ്റൊരു ഭാഗത്ത് പരാമർശമുണ്ട്. ഇലകൾക്കിടയിലൂടെ കാണുന്ന ആ പൂവിന്റെ മണത്തെ പ്രണയിനിയുടെ ചിരിയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

ആധുനികതാനന്തരഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ വി.ടി. ജയദേവന്റെയും, സെബാസ്റ്റ്യന്റെയും കവിതകളിൽ മാത്രമാണ് പൂക്കളെക്കുറിച്ചുള്ള ഭാവപരമായ

കല്പനകൾ പൊതുവെ കാണപ്പെടുന്നത്.

## 2.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**2.1.3.1.** പ്രാചീനമധ്യകാലഘട്ടത്തിലെയും കവിത്രയകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പ്രകൃതിനശീകരണരീതി പ്രകടിപ്പിക്കുന്ന പൂക്കളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നില്ല.

### 2.1.3.2. കവിത്രയത്തിനുശേഷമുള്ള കാലം

ഇരുട്ടത്ത് ഒരു സുന്ദരി ഒറ്റയ്ക്ക് നിൽക്കുന്നതാണെന്ന് മുല്ലവള്ളിയെ വിശേഷിപ്പിക്കുന്നു പി.കുഞ്ഞിരാമൻനായരുടെ 'പൂമൊട്ടിന്റെ കണി' എന്ന കവിതയിൽ

"നിശ്ശൂന്യമായിരുന്നു കൊമ്പിൽ –
ക്കുയിൽ പാടിയ പൂവനം;
നിശ്ശൂന്യമക്കണിക്കൊന്ന
പൂവിതാനിച്ച പത്തനം" (2005:332)

എന്നിവയെല്ലാം അപ്രത്യക്ഷമായിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു. കവിതയുടെ ആഖ്യാനതലത്തിലാണ് പൂമൊട്ടിന് സ്ഥാനം ഗ്രാമീണത അപ്രത്യക്ഷമായപ്പോൾ വിഷുപ്പുലരിയിൽ കണികണ്ട കൊന്നപ്പൂവും കുറ്റിയറ്റുപോകുന്നു.

ഇടശ്ശേരിയുടെ 'കാശാവു പൂത്തു' എന്ന കവിത മനുഷ്യന്റെ വികസനപദ്ധതികൾ ഇല്ലാതാക്കുന്ന പ്രകൃതിവസ്തുക്കളെയാണ് പ്രതിനിധാനം ചെയ്യുന്നത്. നിത്യഹരിത വനങ്ങളിൽ കാണപ്പെടുന്നതാണ് കാശാവ് എന്ന ഔഷധസസ്യം. വർഷത്തിൽ ഒരിക്കൽ പൂക്കുന്ന ഈ പൂവ് നീലനിറത്തിലാണ് കാണപ്പെടുന്നത്. നീലത്താരകൾ നീഢം പണിയാൻ കാശാവിൽ വന്നു നിറഞ്ഞു എന്നാണ് പൂവിന്റെ നിറത്തെക്കുറിച്ച് കവി പറയുന്നത്. പച്ചപ്പടർപ്പിൽ പയ്യും കുട്ടിയും മേയുന്നതിനടുത്ത് ശരീരത്തിൽ കുറഞ്ഞ പ്രകാശത്തോടെ കൈയ്യിൽ കോലുമായി നിൽക്കുന്ന കൃഷ്ണനെ കാണുന്നതിന് തുല്യമാണ് കാശാവ് പൂത്തുനിൽക്കുന്നത് കാണാൻ എന്നും കവിത സൂചിപ്പിക്കുന്നു.

ചങ്ങമ്പുഴ, വയലാർ, വൈലോപ്പിള്ളി എന്നിവരുടെ കവിതകളിൽ പ്രകൃതിനശീകരണസൂചനകളായി പൂക്കൾ പൊതുവെ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

### 2.1.3.3. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'ഈ നല്ല മണ്ണിലല്ലോ' എന്ന കവിത മനുഷ്യന്റെ

അതിക്രമത്താൽ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന മണ്ണിനെ പരാമർശിക്കുന്നതിനൊപ്പം ഇവിടത്തെ പുഷ്ടിയുള്ള മണ്ണിൽ പൂമുല്ല പൂക്കുകയും പൂമുല്ലക്കാട്ടിൽ കാറ്റ് വീശുകയും ചെയ്തിരുന്നതായി വ്യക്തമാക്കുന്നു. എന്നാൽ മണ്ണിന്റെ രീതികൾക്ക് പരിവർത്തനം ഉണ്ടായതോടെ പൂമുല്ല പൂക്കാതാവുന്നതായും കവിത അടയാളപ്പെടുത്തുന്നു.

> "നാമൊന്നിച്ചാണയിട്ടാൽ
> പൂമുല്ല പൂക്കുകില്ലേ?
> ഈ നല്ല നാട്ടിലെന്നും
> പൂമുല്ല പൂക്കുകില്ലേ?" (2015:106)

എന്ന ആലോചനയിലാണ് മനുഷ്യർ തുടർന്ന് എത്തുന്നത്. പ്രകൃതിയെ പീഡിതയാക്കിയതിന്റെ പ്രത്യാഘാതമെന്നോണം ഒരു പൂവുപോലും പൂക്കാത്ത അവസ്ഥ മണ്ണിനുണ്ടാകുന്നു. മനുഷ്യർ സ്വയം വിചാരിച്ചാൽ അത്തരമൊരവസ്ഥയിൽ നിന്ന് മണ്ണിന്; പ്രകൃതിക്ക് മോചനം ലഭിക്കുമെന്ന ആശയമാണ് കവിത നൽകുന്നത്. മനുഷ്യൻ സമൂഹജീവിയായതിനാൽ അവന് പ്രകൃതിസംരക്ഷണത്തിനായി പ്രവർത്തിക്കാൻ കഴിയും എന്ന സാമൂഹികപരിസ്ഥിതിവാദമാണ് ഇവിടെ പ്രവർത്തിക്കുന്നത്.

പണ്ടൊരു കാട്ടിൽ വിടർന്ന് കാനനതീരഗ്രാമങ്ങളിലെല്ലാം മണം പരത്തിയ പൂവിനെയാണ് എൻ.എൻ. കക്കാടിന്റെ 'സൗഗന്ധികം' എന്ന കവിത അടയാളപ്പെടുത്തുന്നത്. ഇത്തരത്തിൽ മണം പരത്തിയ പൂവിന് കാലം കഴിയുമ്പോൾ പരിവർത്തനങ്ങളുണ്ടാകുന്നു. മനുഷ്യസ്വാർത്ഥതയുടെ ഫലമായി നിളാനദി വറ്റിപ്പോയി, ഇളവെയിലിന് ചൂടുകൂടി, മരങ്ങളിൽ ഇലകൾ കൊഴിഞ്ഞു, നദീതീരങ്ങളിൽ കള്ളികൾ പൊന്തി എന്നിങ്ങനെ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ  കവിത വ്യക്തമാക്കുന്നു.

> "നാമിറക്കുന്നൂ നമ്മിൽ തന്നെ വാളലകുകൾ,
> നാം മദിക്കുന്നൂ നാമേ പുളയും മൃതിയിങ്കൽ,
> എന്തൊരുന്മാദം ഹാഹാ! പ്രളയം കഴിഞ്ഞെത്ര
> നൊന്തു കാക്കണമിനി മറ്റൊരു പൂവിന്നായി?" (2011:356)

എന്നിങ്ങനെ പ്രകൃതിയിൽ മനുഷ്യന്റെ അമിത ഇടപെടൽ മൂലമുണ്ടായ പാരിസ്ഥിതികാഘാതങ്ങളെ കവിത തുറന്നു കാണിക്കുന്നു.

ഒ.എൻ.വി. കുറുപ്പിന്റെ 'ഞാൻ' എന്ന കവിത പുതിയ ശാസ്ത്രങ്ങൾ പ്രകൃതിയെ ഏതുവിധം നശിപ്പിക്കുന്നു എന്നതിന്റെ പ്രത്യക്ഷീകരണമാണ്"പൂവുകളായിരം

കൊത്തിനുറുക്കി ഞാൻ പൂവിന്റെ സത്യം പഠിക്കാൻ!" (2011:88) എന്നിങ്ങനെ പൂവിനെ പഠിക്കാൻ ധാരാളം പൂവുകളെ കീറിമുറിക്കുന്ന മനുഷ്യമനോഭാവത്തെയാണ് കവിത അവതരിപ്പിക്കുന്നത്. ശാസ്ത്രപഠനത്തിന്റെ പേരിൽ പ്രകൃതിയിലെ ഓരോ വസ്തുവിനെയും നശിപ്പിക്കുന്ന രീതിയെക്കൂടിയാണ് കവിത പ്രശ്നവൽക്കരിക്കുന്നത്.

കിഴക്കൻ മലകളിൽ പൂക്കുന്ന കുറിഞ്ഞിപ്പൂക്കളെയും അതാസ്വദിക്കാൻ പുതിയ തലമുറയ്ക്ക് കഴിയുമോ എന്ന സംശയത്തെയും സുഗതകുമാരിയുടെ 'കുറിഞ്ഞിപ്പൂക്കൾ' എന്ന കവിത അവതരിപ്പിക്കുന്നു. കടലുപോലെ നീലക്കുറിഞ്ഞി പൂക്കുന്നതായും അവിടെ കാറ്റല്ല പൂങ്കാറ്റാണുള്ളതെന്നും കുറിഞ്ഞിക്കാടുകളെക്കുറിച്ച് വിവരിക്കുന്നു. അവിടത്തെ ആകാശം പച്ചപ്പു നിറഞ്ഞതും പ്രകൃതി പുഞ്ചിരിയടക്കി നിൽക്കുന്നതും ദൈവത്തിന്റെ മനസ്സുപോലെ തെളിഞ്ഞതുമാണെന്ന് കവിത വ്യക്തമാക്കുന്നു.[22] പന്തീരാണ്ടിലൊരിക്കൽ മാത്രമുള്ള ആ വിസ്മയത്തിലേക്ക് കയറിച്ചെല്ലാൻ തനിക്കാവുമോ എന്ന് ആശങ്കപ്പെടുന്ന കവി തനിക്കുവേണ്ടി തന്റെ കുഞ്ഞുങ്ങൾ ആ കാഴ്ച കാണട്ടെ എന്നാഗ്രഹിക്കുന്നു. എന്നാൽ

"മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ?
അവിടെ റബ്ബറിൻ നിരകൾ നീളുമോ?
അവിടെ പദ്ധതിയിരമ്പിയെത്തുമോ?
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ?......" (2011:530)

എന്നിങ്ങനെ മനുഷ്യന്റെ കടന്നുകയറ്റം കുറിഞ്ഞിപ്പൂക്കളെ ഇല്ലായ്മ ചെയ്യുമെന്ന് കവിത ആശങ്കപ്പെടുന്നു. പ്രകൃതിയിലെ ഓരോ ഘടകത്തെയുമെന്നപോലെ കുറിഞ്ഞിപ്പൂക്കളുടെ വംശത്തെയും മനുഷ്യർ നശിപ്പിക്കുന്നു. വികസനത്തിന്റെ പേരിൽ പ്രകൃതിയുടെ മേൽ കോടാലി വയ്ക്കുന്ന മനുഷ്യമനോഭാവത്തെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. അതോടൊപ്പം മനുഷ്യന് അവന്റെ തലമുറകൾക്ക് ആസ്വദിക്കാനായി കുറിഞ്ഞിപ്പൂക്കൾ നിലനിൽക്കണമെന്നാണ് കവിത ആഗ്രഹിക്കുന്നത്. ഇത് മനുഷ്യകേന്ദ്രിതമായ കാഴ്ചപ്പാടാണ്

'നിർഭയ' എന്ന കവിത വികസനകാലഘട്ടത്തിൽ ചെറുചെടികൾക്കും പൂക്കൾക്കുമുണ്ടാകുന്ന ദുരവസ്ഥയെ വ്യക്തമാക്കുന്നു.

"മലയിടിച്ചുവരുന്ന യന്ത്രത്തിന്റെ വഴിയിൽ

നിൽക്കുന്നു കൊച്ചുതുമ്പച്ചെടി" (2017:29)

എന്നിങ്ങനെ ആധുനിക യന്ത്രങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഇരകളായി മാറുന്ന ചെടികളെയും പൂക്കളെയുമാണ് കവിത അടയാളപ്പെടുത്തുന്നത്. മഴമുത്തുകൾപോലെ വെളുത്ത പൂക്കൾ വാരിയണിഞ്ഞ തുമ്പച്ചെടിയെ കവിത അവതരിപ്പിക്കുന്നു. അതിൽ ചേർന്നിരിക്കുന്ന പൂമ്പാറ്റയുമുണ്ട്. വഴിയിൽ ചമഞ്ഞു നിൽക്കുന്ന തുമ്പച്ചെടിയും യന്ത്രത്തിന്റെ വരവും വ്യക്തമാക്കുന്നതിലൂടെ ചെറുപൂക്കളുടെയും ചെടികളുടെയും സമകാലികാവസ്ഥയെയാണ് കവിത വെളിപ്പെടുത്തുന്നത്.

'സിമന്റിട്ടതാണിങ്ങു മുറ്റവും' എന്ന കവിതയും പൂക്കളുടെ വംശനാശത്തെയാണ് പ്രശ്നവത്ക്കരിക്കുന്നത്. ഓണത്തിന് പൂക്കളമിടാൻ തുമ്പയും മുക്കുറ്റിയും കാക്ക പ്പൂവുമൊന്നും ലഭിക്കാത്തതിൽ അമ്മ ദുഃഖിക്കുന്നു. അമ്മയെ ആശ്വസിപ്പിച്ചു കൊണ്ട് മക്കൾ കനകാംബരവും ജമന്തിയും അരളിയും പിച്ചിയുമെല്ലാം വാങ്ങിയെത്തിക്കാമെന്നാ ശ്വസിപ്പിക്കുന്നു. കൂടാതെ ഓണത്തിനാവശ്യമായ അരിയും സാധനങ്ങളും തീവണ്ടിയിൽ എത്തുമെന്നും മക്കൾ ആശ്വസിപ്പിക്കുന്നു.

"തുമ്പയും മുക്കുറ്റിയും തെറ്റിയും കാക്കപ്പൂവും,
ചെങ്കദളിയും തൊട്ടാവാടിയും തേടിത്തേടി
മലയും മേടും കേറിയലയേണ്ടിനി, ക്കേറാ-
മലയൊക്കെയും ലോറികേറിപ്പോയ്, എങ്ങോപോയീ!" (2017: 35)

എന്നിങ്ങനെ മലകളും മേടുകളും നശിപ്പിച്ച് നിലമെല്ലാം സിമന്റിട്ട് ഒരു പുല്ലിനുപോലും കിളിർക്കാനാവാത്തവിധം മനുഷ്യർ പ്രകൃതിയെ പരിവർത്തനപ്പെടുത്തിയിരിക്കുന്നു. പ്രകൃതിയെപ്പോലെ മനുഷ്യന്റെ മനസ്സും സിമന്റിട്ടുമൂടിയിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ പ്രകൃതിയെയും സഹജീവികളെയും തനിക്കു തുല്യരായി കാണാൻ മനുഷ്യർക്കു കഴിയുന്നില്ല. ഇവിടെയും പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യനുവേണ്ടിയാണ്. മനുഷ്യർക്ക് ഓണത്തിനുള്ള പൂക്കളും അതിൽ നിന്നുള്ള സന്തോഷവും നഷ്ടപ്പെട്ടതിന്റെ ദുഃഖമാണ് കവിതയിലുള്ളത്. പ്രകൃതിഘടകങ്ങളുടെ നാശത്തിനപ്പുറം മനുഷ്യന് അതാസ്വദിക്കാൻ കഴിയുന്നില്ല എന്ന ദുഃഖമാണിവിടെ യുള്ളത്.

'കാക്കപ്പൂവ്' എന്ന കവിത വ്യവസായയുഗം ഇല്ലായ്മ ചെയ്ത പൂക്കളുടെ പ്രതിനിധിയാണ് യന്ത്രങ്ങളുടെ ശബ്ദത്തിൽ നിന്നും പുകയിൽ നിന്നും രക്ഷപ്പെടാൻ തിരക്കിട്ടു പോകുമ്പോൾ ആടത്തുമ്പിൽ പിടിച്ചു വലിക്കുന്ന കാക്കപ്പൂവിനെ കണ്ട്

കവയിത്രി കുട്ടിക്കാലത്തിലേക്ക് ഓർമ്മകളിലൂടെ തിരിച്ചു നടക്കുന്നു.[23] യന്ത്രസംസ്കാരത്തിന്റെ കടന്നുവരവോടെ പല ജൈവഘടകങ്ങളും അപ്രത്യക്ഷമായെന്ന സൂചനയാണ് കവിത നൽകുന്നത്.

സുഗതകുമാരിയുടെ 'ഒരു പൂവിന്റെ ഓർമ്മ' എന്ന കവിത താൻ അവഗണിച്ച പൂവിന്റെ ഓർമ്മകളാണ്. മുല്ലപ്പൂവിനെ പിന്നെ വിളിക്കാം ഇപ്പോൾ പോവുക എന്നു വിലക്കിയ കവയിത്രിയെ പൂവിന്റെ ശുദ്ധമായ കണവും പ്രകാശവുമെല്ലാം ഓർമ്മകളിലൂടെ പിൻവിളിക്കുന്നു. പൂവിന്റെ ശൂന്യത സഹിക്കാനാവാതെ

"ഇല്ലിനി  നോവിക്കില്ല.
നിന്നെ ഞാൻ, പൂവേ, വന്നെൻ
ചില്ലയിലൊരുവട്ടം
കൂടി നീ വിടർന്നാലും........"(2011:117)

എന്നിങ്ങനെ പൂവിനെ തിരികെ വിളിക്കുന്നു. അപ്രത്യക്ഷമായ പൂവുകളുടെ പ്രതിനിധിയാണിവിടെ മുല്ല.

സച്ചിദാനന്ദന്റെ 'ചെമ്പരത്തി' എന്ന കവിതയിൽ ചെമ്പരത്തിയെ വർണ്ണിക്കുന്നു.

"ദീർഘകേസരങ്ങളേ!
സൗവർണ്ണ പരാഗമേ!
രക്തമാർത്തെത്തും ദള-
ഗർവെഴും സൗന്ദര്യമേ!" (2016:507)

എന്നിങ്ങനെ ആരംഭിക്കുന്നു കവിത. മാന്ത്രികപ്പവിഴത്തിന്റെ ഭംഗിയുള്ള മൊട്ട് ദിവസം തോറും വലുതാവുന്നത് കവി ഓർക്കുന്നു. മുടിയിൽ മണം പൂശുന്ന താളിയായും രാത്രിയിൽ ദുഃസ്വപ്നത്താൽ ഉണരുമ്പോൾ ജനലിൽ പൂരത്തിന്റെ കുടകൾ വിടർത്തുന്നവളായും ചെമ്പരത്തി മാറുന്നു. കൊമ്പിലെന്നെ കേറ്റി സവാരി ചെയ്യുന്നവളും കാളിയുടെ കഴുത്തിലും വാളുകൊണ്ട് നെറ്റിയിൽ വെട്ടിയപ്പോളുണ്ടായ രക്തത്തിലും മാലയായ് വന്നവളും യാത്രപോകുമ്പോൾ തിരിഞ്ഞുനോക്കുന്നവളും വീടെത്തുമ്പോൾ വീടെന്നുറപ്പു നൽകുന്നവളുമാണ് ചെമ്പരത്തി. ഇത്തരത്തിൽ ചെമ്പരത്തി നിറഞ്ഞു നിന്നിരുന്നകാലം അസ്തമിക്കുകയും പൂന്തോട്ടത്തിൽ ഓർക്കിഡുകളും മോണിങ്ങ് ഗ്ലോറിയും ഡാലിയയുമെല്ലാം നിറയുകയും ചെയ്തു. എങ്കിലും നിന്നോളം പ്രിയങ്കരിയല്ല എനിക്ക് മറ്റൊന്നും എന്ന് കവിത വ്യക്തമാക്കുന്നു. അതിനാൽ എന്റെ നിറങ്ങളില്ലാത്ത ലോകത്ത്

"വന്നു പൂവിടുകെന്റെ
സ്പന്ദനം നിലച്ചൊരു
നെഞ്ചിനു മീതേ"(2016:509)

എന്ന് കവി ആവശ്യപ്പെടുന്നു. സങ്കരയിനങ്ങളും വിദേശികളുമായി നിരവധി പൂക്കൾ പ്രചാരത്തിലായെങ്കിലും ചെമ്പരത്തിയെന്ന നാട്ടുപൂവിനെ മനസ്സിൽ താലോലിക്കുന്ന കാഴ്ചയാണ് ഈ കവിത. മനഷ്യന് പ്രിയപ്പെട്ടതാണ് എന്നതാണ് ഇവിടെ ചെമ്പരത്തി യുടെ മേന്മ.

അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, വിനയചന്ദ്രൻ, ചുള്ളിക്കാട് എന്നിവരിൽ പൂക്കൾ പ്രകൃതിനശീകരണസൂചനകളായി പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 2.1.3.4. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'ഓണത്തിന് ഒരു പാട്ട്' എന്ന കവിത ഓണത്തിന്റെയും ഓണ പ്രകൃതിയുടെയും നഷ്ടത്തെ സൂചിപ്പിക്കുന്നു. ഓണവും പൂക്കളുമെല്ലാം വ്യവസായ മേഖല ഏറ്റെടുത്തു കഴിഞ്ഞു. മാവേലിപ്പാട്ടുകളും പാടവരമ്പിലെ പൂപറിക്കലും ഇല്ലാതാവുകയും വ്യാപാരമേളയിൽ നിന്ന് പ്ലാസ്റ്റിക് പൂവുകൾ വാങ്ങുകയും പൂക്കളം മത്സരമാവുകയും ചെയ്ത പുതിയ സംസ്കാരത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. കാർഷിക ആചാരങ്ങളും കാർഷികപ്രകൃതിയും നഷ്ടപ്പെടുകയും ആഗോള കുത്തകകൾക്ക് കച്ചവട സാധ്യതകളായി മാത്രം സാംസ്കാരിക ആഘോഷങ്ങൾ പരിവർത്തനപ്പെടുകയും ചെയ്യുന്നു.

"പൂക്കളം മത്സരമാവുമ്പോൾ
ആർക്കു വിധിക്കണം സമ്മാനം?
പാടത്ത് തീ വച്ചു ചത്തോന്റെ
നേരൊത്ത ചിത്രം വരച്ചോർക്ക്" (2013:294)

എന്നിങ്ങനെ നഷ്ടമാകുന്ന പ്രകൃതിയെ ചിത്രങ്ങളാക്കുന്നവർക്കാണ് സമ്മാനങ്ങൾ നൽകേണ്ടതെന്ന സമകാലജീവിതവൈരുദ്ധ്യങ്ങളെ കവിത വെളിപ്പെടുത്തുന്നു. പുതിയ പാരിസ്ഥിതിക സാഹചര്യങ്ങൾ ആഘോഷങ്ങൾക്ക് വരുത്തുന്ന മാറ്റങ്ങളെയാണ് കവിത ഉൾക്കൊള്ളുന്നത്.

'തുമ്പിപ്പാട്ട്' എന്ന കവിതയിൽ ഓണത്തിന് വഴിതെറ്റി പട്ടണത്തിലെത്തിയ തുമ്പിയെ പരാമർശിക്കുന്നു. മാവേലിക്കഥയിലെ സുഖകരമായ ജീവിതം ഇന്നില്ല എന്നു

കവിത വ്യക്തമാക്കുന്നു. പൂമരവും പൂവും തേനും പൂമ്പൊടിക്കാറ്റുമില്ലാത്ത ഓണ ക്കാലത്തെക്കുറിച്ചാണ് കവിത സൂചിപ്പിക്കുന്നത്.[24] 'അന്വേഷണം' എന്ന കവിതയിൽ കാട്ടിൽ നിന്നുവരുന്ന പൂവിന്റെ മണം പാഞ്ചാലിയെ മോഹിപ്പിച്ച സൗഗന്ധിക പ്പൂമണമെന്നപോലെ കവയിത്രിയെ മോഹിപ്പിക്കുന്നു. ഓണക്കാലത്ത് പൂവിടാനായി കാടുകളിൽ കേറിനടന്നപ്പോഴൊന്നും അനുഭവിക്കാത്ത മണമാണിതെന്നും വ്യക്തമാക്കപ്പെടുന്നു.

'തൊടല്ലെ പൂവിനെ' എന്ന റഫീക്ക് അഹമ്മദിന്റെ കവിത വിഷമയമായ പൂക്കളുടെ അവസ്ഥ വ്യക്തമാക്കുന്നു. പഴയകാലപൂക്കൾക്കുള്ള പ്രതാപമോ പ്രണയമോ ഒന്നും ഇന്നവയ്ക്ക് അവകാശപ്പെടാനാവില്ല. കാമുകനോട് തൊടരുതെന്നും മുടിയിലേക്കോ മുറിയിലേക്കോ മരിപ്പിനോ കല്യാണത്തിനോ ഭഗവത്പാദത്തിലേക്കോ കൊണ്ടു പോകരുതെന്നും വെറുതെ വിരിഞ്ഞതാണാ പൂവ് എന്നും കവിത വ്യക്തമാക്കുന്നു.

"ഭ്രമരമോ ചിത്രശലഭമോ മനം
ദ്രവിച്ചു ചുറ്റിലും പറപ്പതില്ലല്ലോ" (2016:113)

എന്നിങ്ങനെ വണ്ടുകളും പൂമ്പാറ്റകളും അതിനടുത്തെത്തുന്നില്ല. ഒരു പകൽ മാത്രം ആയുസ്സുള്ള ആ പൂവിനെ തൊടല്ലെ വിഷം തളിച്ചതാണത് എന്നിങ്ങനെ വിഷലിപ്തമായ പ്രകൃതിയെയും പൂവിനെയുമാണ് കവിത അവതരിപ്പിക്കുന്നത്. മരങ്ങളും, ചെടികളും കൃഷിയിടങ്ങളും മാത്രമല്ല പൂക്കളും വിഷലിപ്തമായിരിക്കുന്ന അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

'കളപറിക്കൽ' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയിൽ കളകളായി പറിച്ചെറിഞ്ഞ പൂക്കളെക്കുറിച്ച് പരാമർശിക്കുന്നു. കറുക, മുത്തങ്ങ, പൂവാംകുരുന്നില, വെള്ളിലകൾ, കൈതകൾ, തുമ്പകൾ എന്നിവയെല്ലാം കളകളെന്ന് കരുതി പറിച്ചെറിയുന്നു. കൂടാതെ തകര, മുക്കുറ്റി, ചെമ്പരത്തി, മൈലാഞ്ചി, നന്ത്യാർവട്ടം എന്നീ നാടൻ പൂക്കളെയും പറിച്ചെറിയുന്നു. ഇത്തരത്തിൽ പ്രകൃതിയൊരുക്കിയ പൂക്കളെ കളകളായി പറിച്ചെറിയുന്ന മനുഷ്യമനോഭാവത്തെയാണ് കവിത വ്യക്തമാക്കുന്നത്.

വി.എം. ഗിരിജയുടെ 'ജീവജലം' എന്ന സമാഹാരത്തിലെ 'നഗരവിഷു' എന്ന കവിതയിൽ നഗരത്തിൽ ഫ്ളാറ്റിലെ വിഷുനാളിൽ പഴയകാലങ്ങളെ ഓർമ്മിക്കുന്ന കവയിത്രിയാണുള്ളത്. വിഷു ആഘോഷിക്കുന്ന വേനൽക്കാലത്തെ പൂക്കളെയാണ് കവിത പരാമർശിക്കുന്നത്. നല്ലോണം ചോത്തിട്ടല്ലേ ഞാനെന്ന് മുരിക്കും മഞ്ഞയിൽ കടുംമഞ്ഞ ഞാനെന്ന് കണിക്കൊന്നയും പട്ടുനിറത്തിൽ അരളിയും പൂത്ത് മനോഹര

മായിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു (2003:13). പൂവിന് മണമില്ല എന്ന് വരിക്കപ്ലാവുകൾ പറയുന്നതായും കവിതയിൽ പരാമർശമുണ്ട്. ഫ്ളാറ്റ് ജീവിതത്തിന്റെ മടുപ്പുളവാക്കുന്ന അയൽബന്ധങ്ങളില്ലാത്ത സാഹചര്യത്തിൽ ഇത്തരം പൂക്കൾ ഓർമ്മിക്കപ്പെടുന്നു. 'അന്ധർ പരസ്പരം' എന്ന കവിതയിൽ ധൃതരാഷ്ട്രർ ഗാന്ധാരിയെക്കുറിച്ച് പരാമർശിക്കുമ്പോൾ രാത്രിയിൽ നിശാപുഷ്പമായി വിടർന്നതായും പ്രഭാതത്തിൽ താമരപ്പൂവിനെപ്പോലെ ചുകന്നതായും പറയുന്നുണ്ട്.

## 2.2. ഫലങ്ങൾ (കായകളും പഴങ്ങളും വിത്തുകളും)

നാടോടി വാങ്മയങ്ങളിലെയും പ്രാചീനമധ്യകാലഘട്ടം മുതൽ ആധുനിക താനന്തരഘട്ടം വരെയുള്ള കൃതികളിലെയും കായ്കളുടെയും, പഴങ്ങളുടെയും ചിത്രീകരണസ്വഭാവമാണ് ഈ ഭാഗത്ത് വിശകലനം ചെയ്യുന്നത്.

കായമേൽ ചെടി (കൈതച്ചക്ക), ഇത്തിരി കുഞ്ഞനൊരൊറ്റക്കണ്ണൻ (കുന്നിക്കുരു), അകത്ത് തിരിതെറുത്ത് പുറത്ത് മുട്ടയിട്ടു (കുരുമുളക്), അറ്റു കിടക്കണ മത്തൻ കാളയ്ക്കെത്തറ നീണ്ട മുടിക്കയറ് (മത്തൻ), ഇത്തിരിക്കുഞ്ഞൻ കുഞ്ഞിനെ കരയിപ്പിച്ചു (ചീനിമുളക്), കറുത്തവൻ കുളിച്ചപ്പോൾ വെളുത്തവനായി (ഉഴുന്ന്), കാലുകൊണ്ട് വെള്ളം കുടിച്ച് തലകൊണ്ട് മുട്ടയിടും (തേങ്ങ), ആടിയാടി അഴകനെ പെറ്റു (നെല്ല്), നിലം കീറി പൊന്നെടുത്തു (മഞ്ഞൾ), അകത്തറുത്താൽ പുറത്തറിയും (ചക്കപ്പഴം), അച്ഛൻ മുള്ളൻ അമ്മ മിനുമിനു, മോൾ മണിമണി (ചക്ക), ചുള്ളിക്കൊമ്പിൽ മഞ്ഞക്കിളി (പറങ്കിമാങ്ങ), മുറ്റത്തു നിൽക്കും മണികണ്ഠനാനയ്ക്ക് മുപ്പത്തിമൂന്ന് മുറിത്തുടൽ (വാഴക്കുല), തോട്ടുവക്കത്തൊരമ്മൂമ്മ പട്ടിട്ടുമൂടി (കൈതച്ചക്ക), കൊച്ചിയിൽ വിതച്ചത് കൊല്ലത്ത് കായ്ച്ചു (വെള്ളരിക്ക), മുള്ളുണ്ട് മുരിക്കല്ല, കയ്പ്പുണ്ട് കാഞ്ഞിരമല്ല (പാവയ്ക്ക) കായ, പഴങ്ങൾ, കിഴങ്ങുകൾ, ധാന്യം എന്നിങ്ങനെ ഫലവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട് നിരവധി കടങ്കഥകളുണ്ട്. ഇവയെല്ലാം മനുഷ്യപ്രകൃതിയെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഓരോ വസ്തുവിന്റെയും സൂക്ഷ്മസ്വഭാവം വ്യക്തമാക്കുന്നതിനൊപ്പം അച്ഛൻ, അമ്മ, മകൾ എന്നിങ്ങനെയുള്ള മനുഷ്യബന്ധങ്ങളും കടങ്കഥകളിൽ ആരോപിക്കുന്നു. മനുഷ്യബന്ധങ്ങളും ജീവിതപരിസരങ്ങളുമാണ് കടങ്കഥകളിൽ കൂടുതലായി കാണുന്നത്. മേൽപറഞ്ഞവയിൽ ഒറ്റക്കണ്ണൻ, അച്ഛൻ, അമ്മ, മകൾ, കുഞ്ഞിനെ കരയിപ്പിക്കുന്ന ഇത്തിരിക്കുഞ്ഞൻ, കറുത്തവൻ, വെളുത്തവൻ, അമ്മൂമ്മ, എന്നിങ്ങനെയുള്ള മനുഷ്യബന്ധങ്ങൾ പ്രകൃതിയിൽ ആരോപിക്കുന്നു. കൂടാതെ

മനുഷ്യരുടെ ജീവിതപരിസരങ്ങളിൽ കായ്ക്കുന്ന ഫലവർഗ്ഗങ്ങളാണ് കടങ്കഥകളിൽ കൂടുതൽ കാണപ്പെടുന്നത്.

ഉപ്പിടാതെ മത്തങ്ങ വച്ചപോലെ, ഉപ്പിലിട്ട മാങ്ങ പോലെ, എള്ളിൽ വീണ ഒച്ചുപോലെ, അമരയും അപരാധവും കുറച്ചുമതി, ഇഞ്ചി തിന്ന കുരങ്ങനെപ്പോലെ, അമരത്തടത്തിൽ തവള കരയും, അമര നനയ്ക്കും തോറും നന്നാവും, ഇഞ്ചിയിലെ വാട്ടം മഞ്ഞളിൽ തീരും, എള്ളിലെ ലാഭം മുതിരയിൽ ചേതം, ചുണ്ടയ്ക്ക കൊടുത്ത് വഴുതിനങ്ങ വാങ്ങരുത്, ഇഞ്ചിപ്പുല്ലിനഞ്ചാറാണ്ട്, അഴകുള്ള ചക്കയിൽ ചുളയില്ല, ചക്കയല്ലല്ലോ ചൂഴ്ന്നുനോക്കാൻ, അത്തിപ്പഴം പഴുക്കുമ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്, അത്തിപ്പഴം പിഴുതാലത്രയും പിഴു, എത്താത്ത മുന്തിരിങ്ങ പുളിക്കും, ചക്കയ്ക്ക് ചുക്ക് മാങ്ങയ്ക്ക് തേങ്ങ, മാങ്ങ പഴുത്താൽ താനേ വീഴും, ഞെക്കിപ്പഴുപ്പിച്ച പഴത്തിനു സ്വാദില്ല എന്നിങ്ങനെ കേൾവിയിൽ പരിസ്ഥിതി സംബന്ധമായവയെന്ന തോന്നലുളവാക്കുകയും ആന്തരികാർത്ഥത്തിൽ മനുഷ്യരുമായി ബന്ധപ്പെട്ട അവസ്ഥകളെ വ്യഞ്ജിപ്പിക്കുകയും ചെയ്യുന്നു ഈ പഴഞ്ചൊല്ലുകൾ. മനുഷ്യന്റെ ജീവിതവൃത്തിയുമായി ബന്ധപ്പെട്ടവയെ ങ്കിലും ഫലവർഗ്ഗങ്ങളുടെ അടിസ്ഥാന സ്വഭാവങ്ങളും പഴഞ്ചൊല്ലുകൾ ഉൾക്കൊള്ളുന്നു.

## 2.2.1. വർണ്ണനകൾ

### 2.2.1.1. പ്രചീനമധ്യകാലഘട്ടം

നാടൻപാട്ടുകളിൽ 'കുമ്പളങ്ങപാട്ടാ'ണ് പഠനത്തിനായി സ്വീകരിച്ചത്. തൊഴുത്തിന്റെ മേൽപുരയിൽ പടരുന്ന കുമ്പളങ്ങവള്ളിയിൽ കായ്ച കുമ്പളങ്ങ നന്നായി മുറിച്ച് കറിവയ്ക്കുന്നതാണ് പാട്ടിന്റെ വിഷയം

> "ആത്തടച്ചാണക്കുണ്ട് വളത്തില്
> മൂത്ത് മൊളച്ചൊര് കുമ്പളത്തെ;
> ഏലോടാലപ്പൊര മുഴുവൻ
> ഏറിപ്പടന്നു കുമ്പളത്തെ; " (ബാലകൃഷ്ണൻനായർ ടി. ചിറയ്ക്കൽ, 1979:66)

എന്നിങ്ങനെ കുമ്പളങ്ങ മുളച്ചതിനെക്കുറിച്ച് പറയുന്നു. ചാണകക്കുണ്ടിൽ മുളച്ച് തൊഴുത്തിന്റെ മേൽക്കൂരയിൽ വളരുന്ന കുമ്പളങ്ങകൾ ആദ്യകാലങ്ങളിൽ ഓരോ വീട്ടുതൊഴുത്തിലെയും കാഴ്ചയായിരുന്നു. തൊഴുത്തും, ചാണകക്കുണ്ടും, കുമ്പളങ്ങ വള്ളിയും തമ്മിലുള്ള ചേർച്ചയാണ് പാട്ടിന്റെ വിഷയം ഈ പാട്ടിനെ പാരിസ്ഥിതിക പ്രധാന്യത്തോടെ വായിക്കാൻ ശ്രമിച്ചാൽ ജൈവപച്ചക്കറിയുടെ സാധ്യതകൾ കൂടി

തെളിഞ്ഞു കിട്ടും. വീട്ടുമുറ്റത്തും വീട്ടുവളപ്പിലും തൊഴുത്തിൻമുകളിലും വളർത്താവുന്ന പച്ചക്കറിയുടെയും ഫലവർഗ്ഗങ്ങളുടെയും ശേഖരം തന്നെ മലയാളിക്കുണ്ടായിരുന്നു.

'തിരുനിഴൽമാല'യിൽ ആറന്മുളഗ്രാമത്തിന്റെ അഴകുവർണ്ണിക്കുന്ന സന്ദർഭത്തിൽ അവിടത്തെ ഫലസമൃദ്ധിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വൃക്ഷങ്ങളാലും പുഷ്പങ്ങളാലുമെന്ന പോലെ ഫലങ്ങളാലും ആറന്മുളഗ്രാമത്തെ പ്രകൃതി അനുഗ്രഹിച്ചിട്ടുണ്ട്.

"പനതപ്പഴം പൊഴിയും നേരമരികേ
പനതപ്പഴം പൊഴിയ നിൽക്കുമൊരേടം" (1981:53)

പനതം എന്നാൽ പ്ലാവ് എന്നർത്ഥം. അതായത് പനതപ്പഴം എന്നാൽ ചക്ക. ഫല സമൃദ്ധമായ ആറന്മുളഗ്രാമത്തെക്കൂടിയാണ് തിരുനിഴൽമാലയിൽ അവതരിപ്പിക്കുന്നത്.

'കല്യാണസൗഗന്ധിക' ത്തിൽ പുഷ്പാഹരണത്തിനായി പുറപ്പെട്ട ഭീമൻ വഴിമദ്ധ്യേ കദളീവനപരിസരത്തിലെത്തുന്നതായി വർണ്ണിക്കുമ്പോൾ കദളീവനത്തിന്റെ ഫലസമൃദ്ധിയെയും വ്യക്തമാക്കുന്നുണ്ട്. കദളിക്കുലയിൽ പച്ചക്കായകൾക്കിടെ പഴുത്ത പഴങ്ങൾ കാണുന്നതിനെ മുത്തും പവിഴവും ഇടകലർന്നതുപോലെ എന്നാണ് വർണ്ണിക്കുന്നത് (2013:43). ഇത്തരത്തിൽ സമൃദ്ധമാണ് കദളീവനം. പഴങ്ങൾ താഴെ വീണ് കിടക്കുന്നുണ്ടെങ്കിലും യജമാനനെ ഭയന്ന് അതൊന്നും പക്ഷികൾ തിന്നാറില്ല. മനുഷ്യനിർമ്മിതമായ കദളീവനത്തിൽ മറ്റുജീവികൾക്ക് പ്രവേശനം ലഭിക്കുന്നില്ല. മനുഷ്യസ്രഷ്ടമായ കാർഷികപ്രകൃതിയിൽ സഹജീവികൾക്ക് സ്ഥാനമില്ലാത്ത അവസ്ഥയാണിവിടെ പ്രകടമാകുന്നത്.

പ്രാചീനമധ്യകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ നാടൻപാട്ടിലും, തിരുനിഴൽമാലയും കല്ല്യാണസൗഗന്ധികത്തിലും മാത്രമാണ് ഫലങ്ങൾ വർണ്ണനാ പ്രധാനമായി അവതരിപ്പിക്കപ്പെട്ടത്.

#### 2.2.1.2. കവിത്രയകാലം

കവിത്രയകാലത്തിൽ ശ്രദ്ധേയമായവിധം ഫലങ്ങളെ വേറിട്ടു വർണ്ണിച്ചു കാണുന്നില്ല.

#### 2.2.1.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'സംക്രമസന്ധ്യയിൽ' എന്ന കവിതയിൽ വസന്തകാലത്ത് മാമ്പഴങ്ങൾതേടി നടക്കുന്ന കുട്ടിക്കാലങ്ങളെ പരാമർശിക്കുന്നു. അണ്ണാന്മാർ സ്വാദുനോക്കിയ മാമ്പഴങ്ങൾക്കായി ആർത്തിയോടെയെത്തിയ കുട്ടികളെക്കുറിച്ചു

പറയുന്നു. എന്നാൽ മാമ്പഴങ്ങൾക്കായി വിരുന്നുവന്ന പക്ഷികളും മാമ്പഴക്കാലവും കണ്ണിമാങ്ങകളും അപ്രത്യക്ഷമാകുന്നതായി കവിത തിരിച്ചറിയുന്നുണ്ട്. ചക്കച്ചുള കിട്ടാനില്ലാത്ത അവസ്ഥയും വ്യക്തമാക്കപ്പെടുന്നു. ആദ്യമായി കായ്ച്ച വരിക്കച്ചക്ക പഴുത്തമണവും മാമ്പഴത്തിന്റെ മണവും 'മാമ്പൂമണം' എന്ന കവിതയിൽ പരാമർശിക്കുന്നുണ്ട്.

'ഉത്സവം' എന്ന കവിതയിൽ അണ്ണാറക്കണ്ണനോട് മാമ്പഴം ആവശ്യപ്പെടുന്നതും മാമ്പഴക്കാലത്തിനായി അണ്ണാന്മാരും പക്ഷികളും കാത്തിരിക്കുന്നതും പരാമർശിക്കുന്നു. മാമ്പഴം പഴുക്കുന്ന കാലത്തെ ഉത്സവക്കാലമായി കവിത അവതരിപ്പിക്കുന്നു. ചക്കച്ചുള തരുന്നപ്ലാവുകളെയും കവിത പരാമർശിക്കുന്നു. ഇവിടെയെല്ലാം ഫലങ്ങൾ വർണ്ണനാപരമായും നഷ്ടദുഃഖങ്ങളായും അവതരിപ്പിക്കപ്പെടുന്നുണ്ട്.

വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിലെ മാമ്പഴപരാമർശവും ശ്രദ്ധേയമാണ്. ഭാവപരമായ കല്പനകളുടെ ഭാഗത്ത് ഇത് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

#### 2.2.1.4. ആധുനികതാഘട്ടം

ഈഘട്ടത്തിലും ശ്രദ്ധേയമായ ഫലപരാമർശങ്ങൾ കാണുന്നില്ല.

#### 2.2.1.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'വാഴപ്പഴം' എന്ന കവിതയിൽ സഹപാഠികൾ വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയപ്പോൾ ഗ്രാമീണതയുടെ അടയാളമായ സ്വർണ്ണനിറത്തിൽ കറുത്ത പുള്ളികൾ കുത്തിയ വാഴപ്പഴം നൽകുന്നു.

> "മാലകറ്റുന്നു ചൂടി-
> ലിന്നുമാ വാഴപ്പഴം
> ഭൂമിദേവിതൻ മുല-
> പ്പാലുറഞ്ഞതുപോലെ" (2013:59)

എന്നിങ്ങനെയാണാ പഴത്തെ വിശേഷിപ്പിക്കുന്നത്. നാഗരികതയിലെ വിഷലിപ്തമായ പഴങ്ങൾക്കുപകരം ശുദ്ധമായ പഴങ്ങൾ സ്നേഹത്തോടെ ലഭിച്ചപ്പോഴുണ്ടായ സന്തോഷമാണിവിടെ വ്യക്തമാക്കപ്പെടുന്നത്.

മോഹനകൃഷ്ണൻ കാലടിയുടെ 'കാവൽ' എന്ന കവിതയിൽ മരകൊമ്പിൽ മാമ്പഴത്തിന് കാവലാക്കിയ കുരങ്ങനെയും അതിന്റെ സമ്മതപ്രകാരം മാത്രം മാമ്പഴം പറിക്കേണ്ടി വരുന്ന അവസ്ഥയെയും വ്യക്തമാക്കുന്നു. മാമ്പഴങ്ങൾക്ക് കാവൽ

നിൽക്കുന്ന കുരങ്ങനറിയാതെ ഒരു പഴം പോലും പറിക്കാനാവാതെ താഴെ നിൽക്കുന്ന ആളുകളെയാണ് കവിത അവതരിപ്പിക്കുന്നത്.

"അവനറിയാതെ ഒരു കനിയിട്ടു-
തരുവാൻ പേടിയോ നിനക്ക് തേന്മാവേ
അവന്റെ കൈതട്ടി ഒരു ഞെട്ടിയറും-
വരെ ഞങ്ങൾ കാത്തു കഴിയണോ കാറ്റേ?"(2013:218)

എന്നിങ്ങനെ ഒരു മാമ്പഴം താഴെ വീഴാൻ കാത്തു നില്ക്കുന്ന കാലത്തെ കവിത പ്രതിനിധീകരിക്കുന്നു. അത്തരം കാത്തിരിപ്പുകൾ പുതുതലമുറയ്ക്ക് അജ്ഞാതമാണ്. വൈലോപ്പിള്ളിയുടെ മാമ്പഴരുചികളുടെ തുടർച്ച തന്നെയാണവിടെയും സംഭവിക്കുന്നത്.

## 2.2.2. സദൃശകല്പനകൾ

### 2.2.2.1. രൂപപരം

#### 2.2.2.1.1. പ്രാചീനമധ്യകാലഘട്ടം

ഉണ്ണുനീലിയുടെ സൗന്ദര്യ വർണ്ണനയുടെ ഭാഗത്ത് 'താമ്രബിംബാധരോഷ്ഠീ' (2016:57) എന്നാണ് പ്രയോഗം അതായത് തൊണ്ടിപ്പഴം പോലുള്ള ചുണ്ടുകളാണ് ഉണ്ണുനീലിയുടേത്. പഴങ്ങളുടെ മൃദുലതയും മാധുര്യവും നിറവുമെല്ലാം സ്ത്രീശരീരങ്ങളുടേതുമായി സാദൃശ്യപ്പെടുത്തുന്ന രീതിയാണിത്.

**2.2.2.1.2.** പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ ഉണ്ണുനീലിസന്ദേശത്തിലെ പരാമർശം ഒഴിച്ചാൽ മറ്റ് ഘട്ടങ്ങളിൽ പഴങ്ങൾ രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല എന്ന് പൊതുവെ വ്യക്തമാകുന്നു.

### 2.2.2.2. ഭാവപരം

**2.2.2.2.1.** ഫലങ്ങൾ പൊതുവെ ഭാവപരമായ കല്പനകളായി പ്രാചീന മധ്യകാലഘട്ടം കവിത്രയകാലം എന്നിവയിലെ തെരഞ്ഞെടുത്ത കവികളുടെ കവിതകളിൽ കാണപ്പെടുന്നില്ല.

#### 2.2.2.2.2. കവിത്രയത്തിനുശേഷമുള്ള കാലം

വൈലോപ്പിള്ളിയുടെ 'മാമ്പഴം' മാതൃത്വത്തിന്റെ ആവിഷ്ക്കാരമാണെങ്കിലും മാമ്പഴത്തിന് കവിതയിൽ പ്രധാന ഇടമുണ്ട്. മുറ്റത്തെ മാവിൽ നിന്ന് മാമ്പഴം വീഴുന്നതോടെയാണ് കവിത ആരംഭിക്കുന്നത്. മാമ്പൂതല്ലിയതിന് വഴക്കുപറഞ്ഞതിനാൽ

മാമ്പഴം പെറുക്കുവാൻ വരില്ലെന്ന് പിണങ്ങിപ്പോയ കുട്ടി മാമ്പഴക്കാലമാകുമ്പോഴേക്കും മരണപ്പെടുന്നു. അണ്ണാർക്കണ്ണനോട് മാമ്പഴം ചോദിച്ച് മുറ്റത്തുകളിക്കുന്ന അയൽ വീട്ടിലെ കുട്ടികളിലൂടെ മാമ്പഴക്കാലത്തിലെ സന്തോഷങ്ങൾ കവിത അവതരിപ്പിക്കുന്നു. അമ്മയ്ക്കാകട്ടെ ദുരിതഫലമായാണ് ആ മാമ്പഴം അനുഭവപ്പെടുന്നത്. ആ പഴമെടുത്ത് മകന്റെ ശരീരം മറവുചെയ്ത മണ്ണിൽ വയ്ക്കുന്ന അമ്മയെയും കവിതയിൽകാണാം. മാമ്പഴം ദുഃഖസൂചകമായാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. വൈലോപ്പിള്ളിയിൽ മാത്രമാണ് ഈ ഘട്ടത്തിൽ പ്രധാനമായും ഫലങ്ങൾ ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 2.2.2.2.3. ആധുനികതാഘട്ടം

ഈ കാലഘട്ടത്തിലെ തെരഞ്ഞെടുത്ത മലയാള കവിതയിൽ ഫലങ്ങൾ ഭാവപരമായ കല്പനകളായി പൊതുവെ പ്രത്യക്ഷപ്പെടുന്നില്ല.

#### 2.2.2.2.4. ആധുനികതാനന്തരഘട്ടം

വീരാൻകുട്ടിയുടെ 'ലേഡീസ് ഫിങ്ഗർ' എന്ന കവിതയിൽ വെണ്ടയ്ക്കയെന്ന ലേഡീസ് ഫിങ്ഗറിന് സ്ത്രീപരിവേഷം നൽകുന്നു.

> "കൊത്തിയരിഞ്ഞോ
> നുറുക്കിയോ
> എടുക്കാം
> നിന്നുതരും
> മസിലുപിടിക്കില്ല" (2016: 43)

എന്നിങ്ങനെ ഒന്നിലും പ്രതികരിക്കാത്ത സ്ത്രീയെ അവതരിപ്പിക്കുന്നു. ഇവിടെ ലേഡീസ് ഫിങ്ഗർ എന്ന പേരുള്ളതിനാൽ തന്നെ സ്ത്രീഭാവങ്ങളുമായി ഇതിനെ താരതമ്യം ചെയ്യുന്നു. അനുസരണയോടെ ഒന്നിലും പ്രതികരിക്കാതിരുന്നുവെങ്കിലും കറിയിലിടുമ്പോൾ രുചി നഷ്ടപ്പെടുത്തുന്നതിലൂടെ അത് പ്രതികരണമറിയിക്കും. അനുസരണയുള്ള ഏതു സ്ത്രീയും ചില സന്ദർഭങ്ങളിലെങ്കിലും പ്രതികരിക്കും എന്ന് കവിത വ്യക്തമാക്കുന്നു. വീരാൻകുട്ടിയിൽ മാത്രമാണ് ഈ ഘട്ടത്തിൽ ഫലങ്ങൾ ഭാവപരമായി പൊതുവെ പരാമർശിച്ചു കാണുന്നത്.

### 2.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**2.2.3.1.** പ്രാചീനമധ്യകാലഘട്ടത്തിലെയും കവിത്രയകാലത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ഫലങ്ങൾ നശീകരണപ്രവണത പൊതുവെ പ്രകടിപ്പിച്ചു കാണുന്നില്ല.

### 2.2.3.2. കവിത്രയത്തിനുശേഷമുള്ള കാലഘട്ടം

വൈലോപ്പിള്ളിയുടെ 'വിഷുക്കണി'എന്ന കവിതയിൽ

"കൂട്ടുകാരോടും കൂടിപ്പാഞ്ഞെത്തിപ്പെറുക്കുന്ന
നാട്ടുമാമ്പഴങ്ങൾ തൻ ഭിന്നഭിന്നമാസ്വാദും" (2001:528)

എന്നിങ്ങനെ നാട്ടുമാമ്പഴങ്ങളുടെ രുചിയെ വ്യക്തമാക്കുന്നുണ്ട്. നാട്ടുമാമ്പഴങ്ങൾ അന്യം നിൽക്കുകയും മാമ്പഴങ്ങളിൽ നിന്നും മാംഗോഫ്രൂട്ടിയിലേക്ക് മാറുകയും ചെയ്യുന്ന കാലഘട്ടത്തിൽ നാട്ടുമാമ്പഴങ്ങളുടെ രുചിയോർമ്മ പ്രാധാന്യമർഹിക്കുന്നു.

### 2.2.3.3. ആധുനികതാഘട്ടം

ആധുനികതാഘട്ടത്തിലെ കവിതകളിൽ പ്രകൃതിനശീകരണസൂചനകളായി ഫലങ്ങൾ പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 2.2.3.4. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'നഗരത്തിലെ നാട്ടുമാവ്' എന്ന കവിത നഗരത്തിൽ വളരേണ്ടി വന്ന മാവിന്റെ ചിന്തകളിലൂടെയാണ് വികസിക്കുന്നത്. നഗരത്തിൽ വളർന്നതിനാൽ ജീവിതം തന്നെ നഷ്ടപ്പെട്ടുപോയ മാവാണത്. മുന്തിരി, നാരങ്ങ, എന്നിങ്ങനെയുള്ള പഴങ്ങൾ ദൂരെ നിന്നെത്തി വിൽപനയ്ക്കിരിക്കുന്ന അങ്ങാടിയിലാണ് നാട്ടുമാവ് നിൽക്കുന്നത്.

"കീടനാശിനി പൂശിയ ചന്തം
കൂട തോറും നിറഞ്ഞിരിക്കുമ്പോൾ
ആർക്കുവേണം ചുനയ്ക്കും പഴഞ്ചൻ
നാട്ടുമാമ്പഴം, കപ്പലിൽക്കേറ്റി
ദൂരദേശത്തയയ്ക്കുവാൻ മാത്രം" (2013:122)

എന്നിങ്ങനെ കീടനാശിനി തളിച്ച് ഭംഗി വരുത്തിയ പഴങ്ങൾക്കുമുന്നിൽ തോറ്റുപോകുന്നു നാട്ടുമാമ്പഴം. താഴെ വീഴുമ്പോൾ ആരെങ്കിലുമെടുത്താസ്വദിച്ചാൽ തന്റെ വൃക്ഷ ജന്മത്തിന്റെ ദുഃഖങ്ങളെല്ലാം അവസാനിക്കും എന്നും മാവ് വ്യക്തമാക്കുന്നു. 1993-ൽ പി.പി. രാമചന്ദ്രന്റെ മാമ്പഴക്കാലം രചിക്കപ്പെട്ടു 1994 -ൽ രചിച്ച വിജയലക്ഷ്മിക്കവിത 'മാമ്പഴക്കാല'ത്തിലെ പോലെ മാമ്പഴരുചികളുടെ നഷ്ടത്തിലാണൂന്നുന്നത്. വിവിധ മാമ്പഴരുചികൾ നഷ്ടപ്പെടുകയും വിദേശങ്ങളിൽ നിന്നുവരുന്ന പഴങ്ങൾക്ക് പ്രാധാന്യം കൈവരികയും ചെയ്യുന്ന കാലഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

മാമ്പഴങ്ങൾ ആസ്വദിച്ചിരുന്ന തലമുറയും അവസാനിച്ചിരിക്കുന്നു.

കാർഷികവിപ്ലവം പച്ചക്കറികൾക്കുണ്ടാക്കിയ പരിവർത്തനമാണ് റഫീക്ക് അഹമ്മദിന്റെ 'വിശ്വനാഥന്റെ പച്ചക്കറിക്കടയിൽ' എന്ന കവിതയുടെ പ്രമേയം. പച്ചക്കറികൾ പലവിധമാറ്റങ്ങളോടെ പ്രത്യക്ഷപ്പെടാൻ തുടങ്ങിയതായി കവിത വെളിപ്പെടുത്തുന്നു.

"കാന്താരിയുടെ മധുരവും
പാവയ്ക്കയുടെ എരിവും
വെണ്ടയ്ക്കയുടെ പുളിയുമായി
ആളുകൾ സമരസപ്പെട്ടുകഴിഞ്ഞു" (2016:166)

എന്ന യാഥാർത്ഥ്യത്തെയാണ് കവിത അവതരിപ്പിക്കുന്നത്. പഴയകാല പച്ചക്കറികളുടെ രുചികൾ അന്യം നിൽക്കുകയും കാന്താരിക്ക് മധുരവും പാവയ്ക്കയ്ക്ക് എരിവും എന്ന പോലെ രുചികൾ മാറ്റപ്പെടുകയും ചെയ്യുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ച കാർഷികമേഖലയെ ബാധിച്ചതിന്റെ ഫലമാണിത്. ബയോടെക്നോളജി, ജനിതക ശാസ്ത്രം, ടിഷ്യൂകൾച്ചർ, ക്ലോണിങ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന പച്ചക്കറികൾക്ക് നാട്ടുപച്ചക്കറികളുടെ നിറവും മണവുമെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.[25] കൃഷി വ്യവസായമാകുന്നതോടെ പച്ചക്കറികളുടെ തനിമയാർന്ന രുചികൾ നഷ്ടപ്പെടുകയും കൃത്രിമമായ രുചികൾ വരികയും ചെയ്യുന്നു. ഇത്തരത്തിൽ കാർഷികമേഖലയിലുണ്ടായ പരിണാമങ്ങളാണിവിടെ പരാമർശിക്കപ്പെടുന്നത്.

പ്രകൃതിയുടെ തനതായ രുചികൾ അന്യം നിൽക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്ന കവിതയാണ് പി.പി. രാമചന്ദ്രന്റെ 'മാമ്പഴക്കാലം'. പഴയ മാമ്പഴരുചികളും ഇന്നത്തെ മാംഗോഫ്രൂട്ടിയുടെ രുചികളും തമ്മിലുള്ള അന്തരമാണ് പ്രമേയമാകുന്നത്.

"പറയൂ നാട്ടിൻപുറ-
ത്തുള്ള മാങ്ങകൾക്കെല്ലാം
രുചി ഈ മാംഗോഫ്രൂട്ടി-
ക്കുള്ളതുപോലാണോ?" (2015:89)

എന്നാണ് പുതിയ തലമുറ സംശയിക്കുന്നത്. മാമ്പഴങ്ങളുടെ വിവിധ രുചികൾ ആസ്വദിച്ചിരുന്ന മുത്തച്ഛൻ ആ ചോദ്യത്തിലൂടെ മാമ്പഴക്കാലത്തിലേക്ക് ഓർമ്മകളിലൂടെ തിരിച്ചു പോകുന്നു. ചകിര്യേൻ, ചക്കേൻ, മുട്ടിക്കുടിയേൻ, മൂവാണ്ടൻ, തേനൊലിയേൻ

എന്നിങ്ങനെയുള്ള പഴയകാല മാമ്പഴങ്ങളുടെ രുചികളാണ് ഓർമ്മയിലെത്തുന്നത്. വൈലോപ്പിള്ളിയുടെ മാമ്പഴത്തിന്റെ തുടർച്ചയായും ഈ കവിതയെ വിലയിരുത്താം. മാവ് പൂവിടുന്നതു കാത്തിരിക്കുന്ന കാലത്തിന്റെ ഓർമ്മകൂടിയാണ് 'മാമ്പഴം' എന്ന കവിത. ഏറെ നാൾ കൊതിച്ചിട്ട് പൂവിട്ട മാവിന്റെ പൂവൊടിച്ചതിനാണ് ഉണ്ണിക്ക് അടി കൊള്ളുന്നത്. മാമ്പഴം വീഴുമ്പോൾ ഓടിച്ചെന്നെടുക്കേണ്ട കുട്ടി പൂങ്കുല തല്ലി എന്നതാണ് കവിതയിൽ പരാമർശിച്ചിരിക്കുന്നത്. മാവിൻചുവട്ടിൽ കളിവീടുണ്ടാക്കുക യും അണ്ണാർക്കണ്ണനോട് മാമ്പഴം ആവശ്യപ്പെടുകയും ചെയ്തിരുന്ന മാമ്പഴക്കാലങ്ങൾ അവസാനിച്ചിരിക്കുന്നു. മാമ്പഴം വീഴുന്നതും ഓടിച്ചെന്നെടുക്കുന്നതുമായ അനുഭവങ്ങൾ ഇല്ലാതായ കാലഘട്ടത്തെയാണ് പി.പി.രാമചന്ദ്രന്റെ 'മാമ്പഴക്കാല'വും പ്രതിനിധീ കരിക്കുന്നത്. തണൽ നൽകി നാടിനെ സമൃദ്ധമാക്കിയിരുന്ന മാവുകളെക്കുറിച്ച് കമ്പിക്കാലുകൾക്കും അവയിലെ പഴങ്ങളുടെ മണവും രുചിയും ഇന്നത്തെ മിഠായിത്തെരുവുകൾക്കും അറിയില്ലെന്ന് കവിത വ്യക്തമാക്കുന്നു.[26] മാമ്പഴത്തിന്റെ സുവർണ്ണകാലത്തെ ഓർമ്മകളിലൂടെ തിരിച്ചുപിടിക്കുന്നു കവിത. ഇത്തരത്തിൽ വൈവിധ്യമാർന്ന മാമ്പഴരുചികളെ രാസവസ്തുക്കൾ ചേർത്ത മധുരത്തിന് പകരം വച്ച വിഡ്ഢിത്തത്തെ വിമർശിക്കുന്ന കവിത രാസമാമ്പഴരുചിക്കായി മാമ്പഴക്കാലത്തിന്റെ തനിമയേറിയ സ്വാദുകൾ നഷ്ടപ്പെടുത്തിയ കമ്പോളവ്യവസ്ഥിതിയെക്കൂടിയാണ് വിമർശനവിധേയമാക്കുന്നത്. ഓരോ മാങ്ങയ്ക്കും ഓരോ രുചിയെന്ന പൂർവ്വകവിതയുടെ തുടർച്ചയാണിവിടെയും സംഭവിക്കുന്നത്. ആരോഗ്യപ്രദമായ പ്രകൃതിവിഭവങ്ങൾ നശിപ്പിക്കുകയും പകരം വിഷാംശങ്ങൾ കലർന്ന കൃത്രിമവിഭവങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന ആധുനിക ആർഭാടജീവിതത്തെക്കൂടി കവിത ചൂണ്ടിക്കാണിക്കുന്നു.

"വാങ്ങുക, കുടിക്കുക
പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരി-
ക്കൂടുകൾ നാളേക്കില്ല?" (2015:92)

എന്ന ഉപഭോഗസംസ്കാരരീതി പരിസ്ഥിതിയെ പലതരത്തിൽ ബാധിക്കുന്നു. മാങ്ങയണ്ടി വലിച്ചെറിഞ്ഞത് പരിസ്ഥിതിസംരക്ഷണമാണെങ്കിൽ മാംഗോഫ്രൂട്ടിയുടെ കൂട് വലിച്ചെറിയുന്നത് പരിസ്ഥിതിനശീകരണമാണ്. ഇത്തരത്തിൽ പരിസ്ഥിതിയുടെ തനതായ വിഭവങ്ങൾ നഷ്ടപ്പെടുകയും കൃത്രിമതയുടെ വിഭവങ്ങൾ ഭക്ഷണരീതികളിൽ കൈയ്യേറ്റം നടത്തുകയും ചെയ്തിരിക്കുന്നതായി കവിത സൂചിപ്പിക്കുന്നു.

പി.പി.രാമചന്ദ്രന്റെ 'രുചികൾ' എന്ന കവിതയിലും മാങ്ങയുടെയും ചക്കയുടെയും രുചികൾക്കു മീതെ ബംഗാളി മധുരപലഹാരരുചികൾ സ്ഥാനം പിടിച്ചതിനെ സൂചിപ്പിക്കുന്നു.

"അണ്ടിച്ചുണയും
ചക്കമുളഞ്ഞും മണക്കുന്ന
എന്റെ ബാല്യം
കൊതിപ്പിക്കുന്ന
ആ വംഗസുഗന്ധങ്ങൾക്കു മുന്നിൽ
നാണിച്ചു വാതിൽ മറഞ്ഞുനില്ക്കും" (2015:138)

എന്നിങ്ങനെ ബാല്യത്തിലെ നാടൻരുചികൾക്കുമേൽ ബംഗാളിയുടെ മധുരപലഹാരങ്ങൾ സ്ഥാനം പിടിക്കുന്നു. ആദ്യകാലങ്ങളിൽ ഈ മധുരം നാടൻ രുചികളെ താല്ക്കാലിക മായാണകറ്റി നിർത്തിയിരുന്നതെങ്കിൽ ഇന്ന് നാട്ടുപഴങ്ങളുടെ രുചികൾ ഒരിക്കലും തിരിച്ചുവരാത്ത രീതിയിൽ നഷ്ടപ്പെട്ടുപോകുന്നു. നാടൻഫലങ്ങളുടെ രുചി പുതുതല മുറയ്ക്ക് അറിയാൻ കഴിയാതെ വരുന്നു. മാമ്പഴക്കാലത്തിൽ പരിസ്ഥിതി മലിനീകരണ ത്തെക്കുറിച്ച് സൂചനയുണ്ടെങ്കിലും രണ്ട് കവിതകളും മനുഷ്യർക്ക് നഷ്ടപ്പെട്ട ശുദ്ധമായ മാമ്പഴങ്ങളുടെ സ്വാദിനെയാണ് പരാമർശിക്കുന്നത്.

വി.എം. ഗിരിജയുടെ 'ജീവജലം' എന്ന സമാഹാരത്തിലെ 'നഗരവിഷു' എന്ന കവിതയിൽ മാമ്പഴക്കാലത്തിന്റെ ഓർമ്മകളുണ്ട്. നഗരത്തിലെ ഫ്ളാറ്റുജീവിതം വിഷു തുടങ്ങിയ ആഘോഷങ്ങളുടെ പ്രാധാന്യവും രീതിയും ഇല്ലാതാക്കിയതിനെ കവിത പ്രശ്നവത്ക്കരിക്കുന്നു. നാട്ടിലെ വിഷുക്കാലത്തിന്റെ ഓർമ്മകളിൽ

"മാമ്പഴമണമൊരു മാദക
ലോകം തീർക്കും തൊടികൾ" (2003:12)

എന്നിങ്ങനെ മാമ്പഴത്തിന്റെ ഓർമ്മകൾക്കൊപ്പം വരിക്കപ്ലാവിലെ ചക്കയുടെ മണവും കണിവയ്ക്കുന്ന വെള്ളരിയുമെല്ലാം ഓർമ്മയിലെത്തുന്നു. നഗരവത്ക്കരണം മനുഷ്യജീവിതത്തിൽ വരുത്തിയ പരിവർത്തനങ്ങളാണ് കവിതയ്ക്ക് വിഷയം. മനുഷ്യന്റെ നഷ്ടങ്ങളിൽ ഊന്നുന്നതിനാൽ തന്നെ മനുഷ്യകേന്ദ്രിതമാണ് കവിത എന്നു വിലയിരുത്താം.

മാമ്പഴക്കാലങ്ങളുടെ പരിവർത്തനത്തെയാണ് മോഹനകൃഷ്ണൻ കാലടിയുടെ 'മാമ്പഴപ്പാത' എന്ന കവിത വ്യക്തമാക്കുന്നത്. മൂത്ത് ചുവപ്പുനിറമായ ഉരുണ്ടമാങ്ങകൾ

പറമ്പുകളിലും വീട്ടുമുറ്റങ്ങളിലും വീഴുന്നതിനുപകരം നാലുവരിപ്പാതകളിലാണ് വീഴുന്നത്. അതാകട്ടെ കുട്ടികളോ പക്ഷികളോ വന്നെടുക്കുന്നില്ല. മാമ്പഴരുചികൾ ആസ്വദിച്ചിരുന്ന തലമുറ അന്യം നിന്നതായി കവിത വ്യക്തമാക്കുന്നു. കുട്ടികൾക്കും പക്ഷികൾക്കുമൊന്നും വേണ്ടാത്ത മാമ്പഴത്തെ നാലുവരിപ്പാതയിലൂടെ പായുന്ന വാഹനങ്ങളാണ് തൊട്ടുരുമ്മി കടന്നു പോകുന്നത്. ഓട്ടോറിക്ഷയും ലോറിയും ജീപ്പും ബൈക്കുമാണ് മാമ്പഴത്തെ തൊടുന്നത്.[27] ഇത്തരത്തിൽ വാഹനങ്ങളുടെ ഇടിയേറ്റ് ചതഞ്ഞ് ഓർമ്മ മാത്രമാകുന്നു മാങ്ങ. നാട് നഗരമാകുമ്പോഴുണ്ടാകുന്ന മാറ്റങ്ങളിൽ ഒന്നാണിത്. മനുഷ്യനിർമ്മിതമായ നാലുവരിപ്പാതകളും മറ്റുവികസനസംരംഭങ്ങളും അവന്റെ തന്നെ നിയന്ത്രിത ജീവിതത്തിന് കാരണമാകുന്നു എന്ന ഓർമ്മപ്പെടുത്തലാണീ കവിത. മാമ്പഴത്തെ കണ്ടുനിന്ന് കൊതിക്കാൻ മാത്രമാണ് കാക്കയ്ക്കും അണ്ണാനുമെല്ലാം കഴിയുന്നത്. വിവിധതരം നാട്ടുമാമ്പഴങ്ങളുട രുചി നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തെ ക്കൂടി കവിത പ്രതിനിധാനം ചെയ്യുന്നു. വികസനത്തിന്റെ അടയാളമായി നാട്ടിലുടനീളം നാലുവരിപ്പാതകൾ നിർമ്മിക്കുമ്പോൾ നഷ്ടമാകുന്ന മാമ്പഴക്കാലങ്ങളെക്കൂടിയാണ് കവിത ഓർമ്മിക്കുന്നത്. വിവിധരുചികളുടെ മാമ്പഴക്കാലങ്ങളുടെ അന്യം നിൽക്കലാണ് പി.പി.രാമചന്ദ്രന്റെ 'മാമ്പഴക്കാലം' എന്ന കവിതയും പ്രതിനിധീകരിക്കുന്നത്.

'ഉസ്കൂൾ' എന്ന കവിത സ്കൂളടച്ചാൽ മാമ്പഴങ്ങളുടെ രുചി തേടി നടക്കുന്ന കുട്ടികളെ പ്രതിനിധാനം ചെയ്യുന്നു. സ്കൂളടച്ചാൽ ആരും വിളിക്കാതെ തന്നെ ഉണർന്ന് നാട്ടിലെ പറമ്പിലുള്ള മാവിനെയെല്ലാം കല്ലെറിയാൻ പോകുന്ന കുട്ടികളുടെ മാമ്പഴക്കാലങ്ങളെ ഓർമ്മിപ്പിക്കുന്നു.

"പച്ചയായാലും ചതഞ്ഞതാണെങ്കിലും
പങ്കിടുമ്പോഴേ പഴുത്തിരുന്നു.
കുപ്പായമില്ലാത്ത നെഞ്ചത്തൊലിക്കുവാൻ
എത്ര രുചിത്തർക്കമായിരുന്നു.
ചാറ് പുരണ്ട വിരൽ തുടയ്ക്കാനൊരു
പാവാട കൂട്ടിനുണ്ടായിരുന്നു"(2013:62)

എന്നിങ്ങനെ കുട്ടികൾ മാമ്പഴങ്ങൾ തേടി, രുചികൾ ആസ്വദിച്ച് വലിച്ചീമ്പി കുടിക്കുന്ന തിന്റെ ഓർമ്മകൾ കവിത അവതരിപ്പിക്കുന്നു. മാമ്പഴം പെറുക്കാൻ ഓടി വീഴുന്ന കാഴ്ചകളും ഉണ്ടാവുന്ന മുറിവുകളും താനേ ഉണങ്ങിയിരുന്നു. ഇത്തരത്തിൽ പല നാട്ടുമാമ്പഴരുചികൾ അവസാനിച്ചതിന്റെ നഷ്ടബോധം കവിതയിലുണ്ട്. കുട്ടികളും

മുതിർന്നവരുമായ മനുഷ്യരുടെ മാമ്പഴരുചികളുടെ നഷ്ടത്തിൽ ഊന്നുന്ന കവിത മാമ്പഴക്കാലങ്ങളുടെ നഷ്ടം പക്ഷിമൃഗാദികളുടെ ആഹാരലഭ്യതയുടെ കൂടി നഷ്ടമാണെന്ന വസ്തുതയെ അവഗണിക്കുന്നു. ഇതരജീവജാലങ്ങൾക്ക് ഭക്ഷണമായ മാമ്പഴം അവയ്ക്ക് നഷ്ടമാകുന്നത് കവിതയുടെ വിഷയപരിധിയിൽ വരുന്നില്ല മറിച്ച് മനുഷ്യനിലാണ് കവിത കേന്ദ്രീകരിക്കുന്നത്.

'കാലമാമ്പഴം' എന്ന കവിതയിലും കടിച്ചീമ്പിക്കുടിക്കുന്ന മാമ്പഴങ്ങളുടെ രുചികളെ അവതരിപ്പിക്കുന്നു. മാമ്പഴക്കാലങ്ങൾ മോഹനകൃഷ്ണൻ കാലടിക്ക് ഉത്സവങ്ങളുടെ കാലമാണ്. ഇവിടെ മാമ്പഴത്തിനായി ഓടുന്നതും അടി കൂടുന്നതുമെല്ലാം കാലത്തിനൊപ്പമുള്ള ഓട്ടമായി അവതരിപ്പിക്കുന്നു.

"ഓടിച്ചെന്നെടുക്കുവാൻ
എടുത്തു പായാൻ
കൂടെപ്പായുവാൻ
കടിപിടി കൂടുവാൻ
പിന്നെപ്പിശ്ശാങ്കത്തിക്ക് പായാൻ
ചെത്തിപ്പൂളുവാൻ
പൂളുംനേര,' ത്തപ്പൂളെനിക്കെന്നു-
മണ്ടിപ്പൂൾ നിനക്കെ'ന്നും ചൊറിയാൻ" (2013:136)

എന്നിങ്ങനെ മാമ്പഴങ്ങളുടെ എല്ലാ അവസ്ഥകളെയും കവിത വ്യക്തമാക്കുന്നു. പഴച്ചാറിൽ മുങ്ങി അമരത്വം നേടാനും മാങ്ങയണ്ടിക്കൊപ്പം പറക്കാനും പല്ലുകൾക്കിട യിലെ നാരുകൾ നുണയ്ക്കാനും കവിത ആഗ്രഹിക്കുന്നു. മാമ്പഴങ്ങളുടെ ആസ്വാദനവും മാമ്പഴപ്പിണക്കങ്ങളുമെല്ലാം കവിത ഓർക്കുന്നു. മാമ്പഴങ്ങൾക്കായി കാത്തിരിക്കാൻ ആരുമില്ലാത്ത വേനൽക്കാലത്തെയാണ് കവിത അവതരിപ്പിക്കുന്നത്. എങ്കിലും മാവുകൾ പൂക്കുകയും മാമ്പഴം പാകം വന്ന് പൂഴിയിൽ വീഴുകയും ചെയ്യുന്നു. ഇത്തരത്തിൽ നിഴലും വെളിച്ചവും ചിരിയും കരച്ചിലുമില്ലാത്ത കാലത്തെ കവിത അടയാളപ്പെടുത്തുന്നു.

"കാക്കയ്ക്കുമുറുമ്പിനും വേണ്ടാതെയഴുകുന്നു
മുതുകിൽ വരമാഞ്ഞ് മൃതമായൊരുകാലം" (2013:136)

എന്നിങ്ങനെ കാലം മരിച്ചതായി കവിത വ്യക്തമാക്കുന്നു. മാമ്പഴക്കാലത്തിന്റെ പരിവർത്തനത്തിലൂടെ മുഴുവൻ കാലത്തെയും പ്രതിനിധാനം ചെയ്യുന്നു കവിത.

വീരാൻകുട്ടി, വി.ടി.ജയദേവൻ, എം.ആർ.രേണുകുമാർ, സെബാസ്റ്റ്യൻ. എസ്. ജോസ് എന്നിവരുടെ കവിതകളിൽ പ്രകൃതിനശീകരണസൂചനകളായി പൊതുവെ ഫലങ്ങൾ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

## 2.3. ചെടികളും മരങ്ങളും

തെരഞ്ഞെടുത്ത നാടോടിവാങ്മയങ്ങളിലെയും ഓരോ കാലഘട്ടത്തിലെയും കവിതകളിലെയും ചെടികളുടെയും, മരങ്ങളുടെയും ചിത്രീകരണസ്വഭാവമാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

ഒരമ്മപെറ്റ മക്കളെല്ലാം വിറച്ചുവിറച്ച് (അരയാലില), കായ്ക്കും മുമ്പെ വിത്തിറങ്ങി (വാഴ), അടിമദ്ദളം, ഇല ചുക്കിരി, കായ് കൊക്കര (പുളിമരം), അടി പാറ, നടു വടി, മീതെ കുട (ചേന), ആനയ്ക്ക് നിൽക്കാൻ നിഴലുണ്ട് ജീരകം പൊതിയാൻ ഇലയില്ല (പുളിമരം), അമ്മ കൊലുന്നനെ മകൾ കുരുന്നനെ (കവുങ്ങ്), പിടിച്ചാൽ ഒരു പിടി, അരിഞ്ഞാൽ ഒരു മുറം (ചീര) എന്നിങ്ങനെ ചെടികളുടെയും മരങ്ങളുടെയും സ്വഭാവങ്ങൾ വെളിപ്പെടുത്തുന്ന കടങ്കഥകളുണ്ട്. മുട്ടിനു മുട്ടിനു വളയിട്ടൊരു പച്ചപ്പെണ്ണിതാ മാനം നോക്കിപ്പോകുന്നു (മുള), അച്ഛനൊരു പട്ടു തന്നിനി അതു മൂക്കീറ്റും മൂക്കീറ്റും നനയുന്നില്ല (ചേമ്പില), അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണപ്പന്തലിൽ (തെങ്ങും തെങ്ങിൻ പൂങ്കുലയും, വാഴ), പൂട്ടാനെളുപ്പം തുറക്കാനാവില്ല (തൊട്ടാവാടി), ഉണ്ണൂലിപ്പെണ്ണിന് ഒരിക്കലേ പേറുള്ളു (വാഴ), അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി (മുള), അരയോളം വെള്ളത്തിൽ നിന്ന് അഴകുള്ള മകളെ പെറ്റു മകളകത്തും അമ്മ പുറത്തും (നെല്ല്) എന്നിങ്ങനെ കടങ്കഥകളിൽ സൂചിതമായിരിക്കുന്ന ചെടികളും മരങ്ങളും മനുഷ്യപ്രകൃതിയിലുള്ളതാണെന്ന് കാണാം.

ചേമ്പില, മുള, വാഴ, പുളിമരം, കവുങ്ങ്, തെങ്ങ്, ചീര എന്നിങ്ങനെ മനുഷ്യൻ നട്ടുവളർത്തുന്ന സസ്യങ്ങളെയാണ് കടങ്കഥകൾ പൊതുവെ ഉൾക്കൊള്ളുന്നത്. കടങ്കഥകളിലെ സസ്യപ്രകൃതി മനുഷ്യസ്രഷ്ടമാണ്.

ഒരിലയുള്ളത് മുറിക്കരുത്, ഒരില വെട്ടിയാൽ ഒരു പടലപോയി, ഞവര നട്ടാൽ തുവര മുളയ്ക്കുമോ, കണ്ണൻവാഴയുടെ ചുവട്ടിൽ കദളിവാഴയുണ്ടാകുമോ, കരിമ്പിന് കമ്പു കേട്, നല്ല തെങ്ങിന് നാൽപ്പത് മടല്. പടുമുളയ്ക്ക് വളം വേണ്ട, മുളയിലറിയാം വിള, ഞാറുറച്ചാൽ ചോറുറച്ചു, നട്ടുനനയ്ക്കുക നനച്ചറുക്കുക, നല്ല മരം നിറച്ചിത്തിക്കണ്ണി, നല്ല മരത്തിനൊരുപൊത്ത് എന്നിവയെല്ലാം ചെടികളും മരങ്ങളുമായി ബന്ധപ്പെട്ട

പഴഞ്ചൊല്ലുകളാണ്. ഇവിടെ സൂചിതമായിരിക്കുന്നത് കൃഷിയുമായി ബന്ധപ്പെട്ട സസ്യപ്രകൃതിയാണ്.

## 2.3.1. വർണ്ണനകൾ

### 2.3.1.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണുനീലിസന്ദേശ'ത്തിൽ ഓടൽമുളകളിൽ നിന്നും ചുറ്റും ചിതറുന്ന മുത്തുകൾ കൊണ്ടും തെങ്ങുകൾ കൊണ്ടും സമൃദ്ധമാണ് ഓടനാട് എന്ന് ഓടനാടിനെക്കുറിച്ചുള്ള വർണ്ണനയിൽ പറയുന്നുണ്ട്. വസന്തകാലത്ത് വിരഹിയായ നായകന് തേന്മാവിന്മേൽ നിൽക്കുന്ന കുയിൽക്കൂട്ടങ്ങൾ ദുഃഖമുണ്ടാക്കുന്നതായി പറയുന്നുണ്ട്. ഉണ്ണുനീലിയുടെ തോട്ടത്തിലുള്ള വൃക്ഷങ്ങളെക്കുറിച്ച് നായകൻ വർണ്ണിക്കുന്നു. തേന്മാവും പ്ലാവും തെങ്ങും കവുങ്ങും വാഴയും കരിമ്പും അതിനിടയിൽ പച്ചക്കറികളും ഉണ്ട് (2016:141). മനുഷ്യർക്ക് പ്രയോജനപ്പെടുന്ന വൃക്ഷലതാദികളെ മാത്രമാണ് ഉണ്ണുനീലിയുടെ പറമ്പ് നിലനിർത്തിയിട്ടുള്ളത്. നായകൻ സന്ദേശവാഹകന് അടയാളമായി പറഞ്ഞുകൊടുക്കുന്ന രംഗങ്ങൾ സന്ദേശകാവ്യങ്ങളിലുണ്ട്. തേന്മാവിൻ തണലിൽ തളിർച്ചില്ലകൾകൊണ്ടൊരുക്കിയ ശയ്യയിൽ വിശ്രമിക്കുമ്പോൾ മാന്തളിർ പാമ്പെന്നു കരുതി ഉണ്ണുനീലി പേടിച്ച സംഭവമാണ് നായകൻ പറയുന്നത്. മരച്ചോടുകൾ വിശ്രമ ഇടങ്ങളായിരുന്ന കാലഘട്ടത്തെയാണ് ഈ വരികൾ അടയാളപ്പെടുത്തുന്നത്.

'ഉണ്ണിയാടിചരിത'ത്തിന്റെ കഥാപശ്ചാത്തലമായി വരുന്ന ഉദയാചലപർവ്വതത്തെ വർണ്ണിക്കുമ്പോൾ മുഴുപ്പുള്ള പേരാൽ, പാതിരി, അരയാൽ, മരുത്, പുന്ന, പ്ലാവ്, വേങ്ങ, ചെറുചന്ദനം, ചെമ്പകം, മഞ്ചാടിമരം, തേന്മാവ് തുടങ്ങിയ വൃക്ഷസമൂഹത്താൽ സമൃദ്ധമാണ് അവിടം എന്നു പറയുന്നു.[28] കണ്ടിയൂർ ക്ഷേത്രത്തെക്കുറിച്ച് വർണ്ണിക്കുമ്പോൾ ധാരാളം കായ്കനികൾ നിറഞ്ഞുനിൽക്കുന്ന സസ്യങ്ങളും തേന്മാവുകളും നിറഞ്ഞ പ്രദേശമെന്ന് പറയുന്നുണ്ട്. കണ്ടിയൂരിലെ മാവ് പക്ഷികൾക്കായി മതിയാവോളം പൂത്തിരിക്കുന്നതായി പറയുന്നു (2016:94).

'കല്യാണസൗഗന്ധികം തുള്ളലി'ൽ സൗഗന്ധികപുഷ്പാഹരണത്തിന് പുറപ്പെട്ട ഭീമൻ ഉഗ്രകാനനത്തിലേക്ക് കടക്കുമ്പോൾ എണ്ണിത്തിട്ടപ്പെടുത്താനാവാത്തവിധം പലതരം വൃക്ഷങ്ങളാൽ സമൃദ്ധമാണെന്നു കാണുന്നു. കരിമ്പന, മുള, ഉങ്ങ്, ഈന്തപ്പന, തേന്മാവ്, മാതളം, മരുത്, പ്ലാശ്, പ്ലാവ് തുടങ്ങി കാട്ടിലും നാട്ടിലും വളരുന്ന പലതരം മരങ്ങളുടെ പരാമർശം ഇവിടെ കാണാം.[29] അവയെല്ലാം കണ്ട് ഭീമൻ സന്തുഷ്ടനാകു

ന്നതായും പറയുന്നുണ്ട്. കദളീവനത്തിലെ സമൃദ്ധമായ വാഴകളെക്കുറിച്ചും പരാമർശമുണ്ട്.

ഇത്തരത്തിൽ രാമകഥപ്പാട്ട്, ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടിചരിതം, കല്യാണസൗഗന്ധികം എന്നിവയിൽ മാത്രമാണ് ചെടികളും മരങ്ങളും വർണ്ണനാപരമായി പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 2.3.1.2. കവിത്രയകാലം

കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യെന്ന കവിത ആരംഭിക്കുന്നത് അരയാലിന്റെ സൂഷ്മമായ വർണ്ണനയോടു കൂടിയാണ്.[30] ആ വന്മരത്തിൽ മിനുത്ത ഇലകളും നിറയെ ഫലങ്ങളും വ്യാപിച്ചു കിടക്കുന്ന വേരുകളുമുണ്ട്. കടുത്തചൂടിൽ നിന്നു രക്ഷപ്പെടാൻ ധാരാളം പക്ഷികൾ ആ മരത്തിൽ അഭയം തേടിയിരിക്കുന്നു. എന്നാൽ അത്യുഷ്ണത്താൽ തൊണ്ടവരണ്ട് അവയൊന്നും പാടുന്നില്ല. അതിലഭയം തേടിയ പരുന്ത് കുരുവികളെ യൊന്നും പിടിക്കുന്നില്ലെന്നും അവ സൗഹാർദ്ദത്തോടെ ഇരിക്കുന്നതായും കവിത വ്യക്തമാക്കുന്നു. കൂടാതെ അതിന്റെ വൻവേരുകൾ വഴിപോക്കർക്ക് ഇരിപ്പിടമാകുന്നു. എന്നിങ്ങനെ ഒരു മരം പക്ഷിമൃഗാദികൾക്കും മനുഷ്യർക്കും ഏതുവിധത്തിൽ ഉപയോഗപ്പെടുന്നുവെന്ന കാര്യം ഈ അരയാലിന്റെ ചിത്രീകരണം വ്യക്തമാക്കുന്നു.

'കരുണ'യിൽ വാസവദത്തയുടെ കഠിനമായ ദുരവസ്ഥയെ പ്രതിഫലിപ്പിക്കുന്ന വിധമുള്ള പ്രകൃതിയാണുള്ളത്. വാസവദത്തയെപ്പോലെ വികൃതരൂപിയായാണ് അരയാലും നിലകൊള്ളുന്നത്.[31] അരയാൽ വർണ്ണന വാസവദത്തയുടെ ദയനീയത വ്യക്തമാക്കുന്നു. അരയാൽത്തറയിൽ പൊളിഞ്ഞ വിടവുകളിൽ പാമ്പുകളെപോലെ വേരുകൾ പിണഞ്ഞു കിടക്കുന്നു. പഴുത്ത ഇലകൾ വീണു കിടക്കുന്നു. ഇത്തരത്തിൽ കഥാപാത്രങ്ങളുടെ അവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലാണ് ആശാൻ പ്രകൃതിയെ അവതരിപ്പിക്കുന്നത്. 'രാജമല്ലി' മരം പൂത്തു വിലസുംപോലെ' (2013:565) ശോഭിച്ച വാസവ ദത്തയാണ് അരയാൽ ചുവട്ടിൽ ദയനീയമാംവിധം മരണാസന്നയായി കിടക്കുന്നത്.

> "യമുനയിലിളം കാറ്റു തിരതല്ലി ശാഖ ചലി
> ച്ചമരസല്ലാപം കേൾക്കായരയാലിന്മേൽ" (2013:580)

വാസവദത്തയുടെ അവസാനനിമിഷത്തിൽ ചുടലഭൂതം പോലെ നിന്ന അരയാൽ ശാന്തരൂപിയായി മാറുന്നതു കാണാം. പ്രാചീനകവികളിൽ നിന്ന് വ്യത്യസ്തമായി പ്രകൃതിയിലെ ഓരോ ഘടകത്തെയും സൂക്ഷ്മമായി അവതരിപ്പിക്കാൻ ആശാനു

കഴിയുന്നു. ബാഹ്യമായ പ്രകൃതി വർണ്ണനയ്ക്കപ്പുറം ആശാൻ സൂക്ഷ്മപ്രകൃതിയെ കവിതയിൽ അവതരിപ്പിക്കുന്നു. പൂക്കൾ നിറഞ്ഞ് പന്തലുവിരിച്ച മരത്തിനു താഴെയിരിക്കുന്ന സീതയെയാണ് 'ചിന്താവിഷ്ടയായ സീത'യിൽ കാണുന്നത്.

വള്ളത്തോളിന്റെ 'ബുഭുക്ഷ' എന്ന കവിതയിൽ ഒട്ടുമാവുകളെ വർണ്ണനാപരമായി അവതരിപ്പിച്ചിരിക്കുന്നു.[32]

കവിത്രയകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ആശാനിലും വള്ളത്തോളിലും മാത്രമാണ് വർണ്ണനാപരമായി മരങ്ങൾ പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 2.3.1.3. കവിത്രയത്തിനുശേഷമുള്ളകാലം

"ഒരു പൂത്തമരത്തിന്റെ തണൽച്ചുവട്ടിൽ
ഓമൽത്തൃണങ്ങൾ വിരിച്ച പട്ടിൽ
കമനീയമായൊരു കവിതപോലെ" (ഭാഗം 1, 1990:310)

രമണനുറങ്ങിക്കിടക്കുന്നതായി ചങ്ങമ്പുഴയുടെ 'രമണനി'ൽ പരാമർശമുണ്ട്. മരത്തിനു ചുവട്ടിൽ പച്ചപ്പട്ടിനു തുല്യമായ പുൽത്തകിടിയിൽ രമണൻ കിടക്കുന്നു. പ്രകൃതിയിലെ എല്ലാവസ്തുക്കളിലും സൗന്ദര്യം കാണുന്നു ചങ്ങമ്പുഴ. പൊതുവെ സുന്ദരമായ വസ്തുക്കളാണ് ചങ്ങമ്പുഴയുടെ കാഴ്ചയിൽ വരുന്നത്. വിരൂപമായതിനെപ്പോലും സൗന്ദര്യാത്മകമായി വർണ്ണിക്കുന്നു. 'വസന്തോത്സവ'ത്തിൽ കടമ്പും മറ്റുമരങ്ങളും പൂത്തിരിക്കുന്നതായും മരക്കൊമ്പിലിരുന്ന് കുയിൽ പാടുന്നതായും വർണ്ണിക്കുന്നു. വാവലുകൾ തൂങ്ങിയാടുന്ന അരയാൽമരത്തെക്കുറിച്ച് 'വയ്യ' എന്ന കവിതയിൽ പരാമർശമുണ്ട്. 'മാവിൻചുവട്ടിൽ'എന്ന കവിതയിൽ മാവിനെയാണ് വിഷയമാക്കുന്നത്. കുട്ടിക്കാലത്ത് മാവിൻചോട്ടിൽ കൂട്ടുകൂടിയിരുന്നതിനെ കവിത ഓർമ്മിക്കുന്നു. കൂടിയിരുന്നവർക്കെല്ലാം മാറ്റങ്ങൾ സംഭവിച്ചിട്ടും മാവിനുമാത്രം മാറ്റമൊന്നും സംഭവിക്കാത്തതിനെയും കവിത പരാമർശിക്കുന്നു. മാവിൻചുവട്ടിൽ നിന്ന് അണ്ണാറക്കണ്ണനോട് മാമ്പഴം ചോദിച്ചും കല്ലെറിഞ്ഞ് മാമ്പഴം വീഴ്ത്തിയും കഴിഞ്ഞ കാലത്തെക്കുറിച്ച് കവി ഓർമ്മിക്കുന്നു. 'തെങ്ങുകളുടെ വിഡ്ഢിത്തം' എന്ന കവിതയിൽ തെങ്ങാണ് കേന്ദ്രം ചരിത്രവസ്തുതകൾകൂടി കവിതയുടെ ഭാഗമാകുന്നു. കേരളത്തിന്റെ ഗ്രാമീണഭംഗികളിലേക്ക് വിദേശികളെ ക്ഷണിച്ച ആളുകളുടെ പ്രതിനിധികളാണ് ഇവിടെ തെങ്ങുകൾ.

പി. കുഞ്ഞിരാമൻനായരുടെ 'ആ പേരാൽമരം' എന്ന കവിത പേരാലിന്റെ വർണ്ണന യാണ്. പാതയോരത്ത് പന്തലിച്ച് കാറ്റുമാത്രം ഭക്ഷിച്ചുകൊണ്ടാണ് മരം നിൽക്കുന്നത്. മനുഷ്യർക്കും കാക്കയ്ക്കും കുരുവിക്കും പഞ്ചവർണ്ണക്കിളികൾക്കുമെല്ലാം ഒരുമിച്ചിരുന്ന് കായ്കളുണ്ണാനുള്ള ഇടമായി മരം ഉപയോഗപ്പെടുന്നു. ഇവിടെ ജാതിമതഭേദങ്ങളൊന്നും ബാധകമല്ല. പ്രകൃതിക്ക് ഭേദചിന്തകളില്ല എന്ന് കവിത വ്യക്തമാക്കുന്നു. കാട്ടുമാവും പ്ലാവും അണ്ണാന് തീറ്റ നൽകുന്നതായും കവിതയിൽ പരാമർശമുണ്ട്. മാമ്പഴക്കാലത്തിന്റെ ആഘോഷങ്ങളെയാണ് 'ഉത്സവം' എന്ന കവിതയിൽ പ്രതിപാദിക്കുന്നത്. പക്ഷികൾക്കും കുയിലിനും പച്ചക്കിളിക്കും അണ്ണാനുമെല്ലാം മാമ്പഴക്കാലം മാഞ്ചുവട്ടിലെ ഉത്സവമാണ്. മേടക്കാറ്റിനോട് മാവിനെ പിടിച്ചുകുലുക്കാനും ആവശ്യപ്പെടുന്നുണ്ട്. ഇലഞ്ഞികൾ പൂത്തും അലരിപ്പൂക്കൾ വിരിഞ്ഞും പിലാവുകൾ കായ്ച്ചും മാമ്പഴക്കാലം കൂടുതൽ മനോഹരമായതായി കവിത വ്യക്തമാക്കുന്നു. 'കളിമണ്ണിൽ നിന്നൊരു കന്യക' എന്ന കവിതയിൽ വസന്തത്തിൽ പൂത്ത മാവിനെക്കുറിച്ച് പരാമർശമുണ്ട്.

വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിൽ മാവിൻചുവട്ടിൽ കളിക്കുകയും അണ്ണാറക്കണ്ണനോട് മാമ്പഴം ആവശ്യപ്പെടുകയും ചെയ്യുന്ന കുട്ടികളെ പരാമർശിക്കുന്നു. 'ഊഞ്ഞാലിൽ' എന്ന കവിതയിൽ മുറ്റത്തെ മാവിൽ ഊഞ്ഞാലിട്ടാടുന്ന ഓർമ്മകളുണ്ട്. മൂത്ത് ഇത്തിൾക്കണ്ണി കേറി ശോഷിച്ചെങ്കിലും പതിവുപോലെ പൂത്ത മാവിനെയാണ് 'കിഴവൻമാവ്' എന്ന കവിത അവതരിപ്പിക്കുന്നത്. എന്നാൽ ഇന്നുവരെയും തന്റെ മികച്ച കുസുമങ്ങൾ വിരിഞ്ഞിട്ടില്ലെന്നു കരുതുന്ന കലാകാരനെയാണ് മാവ് പ്രതീകവത്ക്ക രിക്കുന്നത്.

വയലാർ, ഇടശ്ശേരി എന്നിവരിൽ ശ്രദ്ധേയമായവിധം ചെടികളെയും മരങ്ങളെയും പൊതുവെ വർണ്ണിച്ചു കാണുന്നില്ല.

#### 2.3.1.4. ആധുനികതാഘട്ടം

ഒ.എൻ.വി. കുറുപ്പിന്റെ 'ഒരു തൈ നടുമ്പോൾ' എന്ന കവിത മരങ്ങൾ നട്ടുപിടിപ്പി ക്കേണ്ടതിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു.

> "ഒരു തൈ നടുമ്പോൾ
> ഒരു തണൽ നടുന്നൂ!
> നടു നിവർക്കാനൊരു
> കുളുർനിഴൽ നടുന്നൂ" (2016:99)

എന്നിങ്ങനെ ആരംഭിക്കുന്ന കവിത ഒരു മരം നൽകുന്ന ജൈവികതയെ വ്യക്തമാക്കുന്നു. തണലായും വസന്തമായും തളിരായും ഇലയായും പലനിറത്തിലുള്ള പൂക്കളായും മരം നിൽക്കുന്നു. തത്തമ്മയ്ക്കും കിളികൾക്കുമുള്ള ഊഞ്ഞാലായും അണ്ണാറക്കണ്ണനും കുഞ്ഞുങ്ങൾക്കുമുള്ള മധുരമായും മേഘത്തിനും കാറ്റിനും ഭൂമിയിലേക്കിറങ്ങാനുള്ള കല്പടവുകളായും മരം മാറുന്നതായി കവിത വ്യക്തമാക്കുന്നു. ഇവിടെ മനുഷ്യനെന്ന പോലെ പക്ഷികൾക്കും മൃഗങ്ങൾക്കും ഉപയോഗപ്പെടുന്നതായി മരത്തെ കാണുന്നു. സസ്യപ്രകൃതി ജന്തുപ്രകൃതിക്ക് ഉപയോഗപ്പെടേണ്ടതാണെന്ന ധാരണ കവിതയിൽ പ്രവർത്തിക്കുന്നുണ്ട്.

സച്ചിദാനന്ദന്റെ 'വൃക്ഷങ്ങൾ' എന്ന കവിതയിൽ

"വൃക്ഷങ്ങൾ അസ്തിത്വവാദികളോ
ആധുനികതാവാദികളോ അല്ല
എങ്കിലും അവർക്കുമുണ്ട് വിചാരങ്ങൾ
അവയാണ് തളിരുകളായി നാം കാണുന്നത്" (2016:1012)

എന്നിങ്ങനെയാണ് വൃക്ഷങ്ങളെ പരാമർശിക്കുന്നത്. പ്രകൃതിയുടെ അവിഭാജ്യ ഘടകമായി വൃക്ഷങ്ങളെ അവതരിപ്പിക്കുകയും മനുഷ്യരെയോ ഇതര ജീവിവർഗ്ഗങ്ങളെപ്പോലെയോ അവയിൽ വികാരവിചാരങ്ങൾ ആരോപിക്കുകയും ചെയ്യുന്നു. പ്രകൃതിയിലെ ഓരോ ഘടകങ്ങൾക്കും അതിന്റേതായ മൂല്യവും അവകാശവുമുണ്ടെന്ന് വാദിക്കുന്ന ഗഹനപരിസ്ഥിതിവാദത്തിന്റെ ചിന്താധാരകൾ ഈ കവിതയിൽ കാണാം. ഇവിടെ മരങ്ങൾക്ക് സ്വന്തമായ അസ്തിത്വമുണ്ടെന്ന ചിന്തയാണ് അവതരിപ്പിക്കുന്നത്.

ഡി. വിനയചന്ദ്രന്റെ 'പത്താമുദയം' എന്ന കവിതയിൽ

"വൃക്ഷങ്ങൾ തളിരിടുമ്പോൾ
വിശുദ്ധഗ്രാമങ്ങളിൽ കൂട്ടമായി
കന്യകമാർ തിരളുന്നു" (2009:59)

എന്നിങ്ങനെ പ്രകൃതി-സ്ത്രീദ്വന്ദ്വം അവതരിപ്പിക്കുന്നു.

ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ഒ.എൻ.വി, സച്ചിദാനന്ദൻ, വിനയചന്ദ്രൻ എന്നിവരിൽ മാത്രമാണ് ചെടികളും മരങ്ങളും വർണ്ണനാപരമായി പരാമർശിച്ചു കണ്ടത്.

### 2.3.1.5. ആധുനികതാനന്തരഘട്ടം

സ്ത്രീയുടെയും മരത്തിന്റെയും അസ്വാതന്ത്ര്യത്തെയാണ് വി.എം. ഗിരിജയുടെ 'മരമായിരുന്നു ഞാൻ' എന്ന കവിത വ്യക്തമാക്കുന്നത്. മണ്ണിൽ മരമായ് തറഞ്ഞു നിൽക്കുമ്പോൾ പറക്കുന്ന കിളിയാകാനും നീന്തുന്ന മീനാകാനും കഴിയാത്തതിൽ മരത്തിന് ദുഃഖമുണ്ട്. ആ നിൽപിൽ ആണ് അവൾ പുഴയെയും ആകാശത്തെയും കടലിനെയുമെല്ലാം അറിയുന്നത് എന്നും കവിത വ്യക്തമാക്കുന്നു.

> "മരമാകാനും മണ്ണുവേണമെന്നറിയുമ്പോൾ
> ഇലയും പൂവും വേരും ചീയുന്ന നാറ്റം മാത്രം" (2003:14)

എന്നിങ്ങനെ എല്ലാ സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടാലും മരമായി നിൽക്കാൻ മണ്ണു വേണമെന്ന് കവിത വ്യക്തമാക്കുന്നു. പുറത്തേക്കു വാതിലുകളില്ലാതെ പുരുഷനെന്ന മണ്ണിൽ ഉറച്ചു നിൽക്കേണ്ടി വരുന്ന സ്ത്രീയവസ്ഥയെയാണ് കവിത പ്രതീക വത്ക്കരിക്കുന്നത്.

'പാഠശാല' എന്ന കവിത പ്രകൃതിയെത്തന്നെ പാഠശാലയാക്കുന്നു.

> "നിരന്നിരിക്കുന്നൂ നെൽവയലുകൾ
> വള്ളികൾ കുറ്റിക്കാടുകൾ
> മരങ്ങൾ പൂത്തവ, പൂക്കാത്തവ
> ചെറുകാടുകൾ പുൽമേടുകളും" (2011:36)

എന്നിങ്ങനെയുള്ള കാഴ്ചകൾ വിവരിക്കപ്പെടുന്നു. പച്ചക്കുടചൂടിയപോലുള്ള പനകൾ, തത്തക്കൂടുകളുള്ള പ്ലാവുകൾ, പ്ലാശുകൾ, പാലമരങ്ങൾ, മാവുകൾ, ഇത്തിക്കണ്ണികൾ എന്നിവയെല്ലാം സൂര്യൻ നിർമ്മിച്ച പന്തലിനുള്ളിലെ പഠിതാക്കളായി മാറുന്നു. പ്രകൃതി തന്നെ ഒരു പാഠശാലയാണെന്ന് കവിത വ്യക്തമാക്കുന്നു.

'പച്ചവെളിച്ചം' എന്ന കവിത കുടമ്പുളിമരത്തെ പ്രമേയമാക്കുന്നു. കുടമ്പുളിയിട്ട മീൻകൂട്ടാനെക്കുറിച്ച് കേട്ടപ്പോഴൊന്നും മരത്തിലെ തൊങ്ങലും പതുപ്പും പച്ചപ്പുമൊന്നും അറിഞ്ഞിരുന്നില്ല.

> "കുടമ്പുളിമരം, അതിന്റെ ചില്ലകൾ
> മിനുങ്ങുംപച്ചപ്പിൻ
> കമാനം തീർക്കുന്നൂ.
> വെയിലിനെ പച്ചവെളിച്ചമാക്കുന്നു" (2011:47)

മരങ്ങളുടെ പച്ചപ്പ് എങ്ങനെ ആസ്വാദകനെ സ്വാധീനിക്കുന്നു എന്ന് കുടമ്പുളളി മരത്തെ മുൻനിർത്തി കവിത വ്യക്തമാക്കുന്നു.

'ആശ്ലേഷം' എന്ന കവിത
"ഭൂമിക്കടിയിൽ
വേരുകൾകൊണ്ട്
കെട്ടിപ്പിടിക്കുന്നു,
ഇലകൾ തമ്മിൽ
തൊടുമെന്നു പേടിച്ച്
നാം
അകറ്റി നട്ട
മരങ്ങൾ" (2016: 153)

എന്നിങ്ങനെ പരസ്പരം തൊടുമെന്നു പേടിച്ച് അകലം വച്ച് മനുഷ്യർ നടുന്ന മരങ്ങൾ ഭൂമിക്കടിയിൽ വേരുകൾ കൊണ്ട് കെട്ടിപ്പിടിക്കും എന്ന് വ്യക്തമാക്കുന്നു. പ്രകൃതിയെ മനുഷ്യർ സ്വയം നിയന്ത്രണത്തിൽ നിർത്താൻ ശ്രമിച്ചാലും അവ അവയുടെ അതിജീവനരീതികളുപയോഗിച്ച് പരസ്പരം ആശ്ലേഷിക്കുന്നു. മരങ്ങളുടെ വേരുകൾ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത് ജൈവികമായ അവസ്ഥയാണ്. "അവശ്യ സന്ദർഭങ്ങളിൽ അയൽവൃക്ഷങ്ങളെ സഹായിക്കുന്നതും പോഷണം കൈമാറ്റം ചെയ്യുന്നതും ഒരു നിയമമാണ്. അതായത് വനങ്ങൾ ഉറുമ്പുകോളനികളെപ്പോലെ, പരസ്പരാശ്രിതരായ, തമ്മിൽ ബന്ധമുള്ള ജീവസമൂഹമാണെന്ന ആശയത്തിലേക്ക് നമുക്കിതിനെ ഉപസംഹരിക്കാം" എന്ന് പീറ്റർ വോലെബെൻ വൃക്ഷങ്ങളുടെ വേരുകൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട് (2018:24). ഇത്തരമൊരു ബന്ധമാണ് 'ആശ്ലേഷം' എന്ന കവിത അവതരിപ്പിക്കുന്നത്.

'ആട്ടം' എന്ന കവിതയിൽ മരത്തിൽ അവസാനം ബാക്കിയായ ഇലയ്ക്കും പ്രകൃതിയിൽ എന്തെങ്കിലും ദൗത്യമുണ്ടാവുമെന്ന കാഴ്ചപ്പാടാണവതരിപ്പിക്കുന്നത്. ഉറുമ്പിന് തണലാവുക എന്നതുപോലും അവയുടെ കടമയായി കാണുന്നതായി കവിത വ്യക്തമാക്കുന്നു. മനുഷ്യരിൽ നിന്നും വ്യത്യസ്തമായി പ്രകൃതിയിലെ മറ്റുഘടകങ്ങളെല്ലാം പരസ്പരസഹകരണത്തോടെ ജീവിക്കുന്നതായും കവിതയിൽ സൂചനയുണ്ട്. മനുഷ്യർ മാത്രമാണ് ഇതരഘടകങ്ങളെ ഉപദ്രവിച്ചുകൊണ്ട് സ്വാർത്ഥത പ്രകടിപ്പിക്കുന്നത്.

'അതിജീവനം' എന്ന വീരാൻകുട്ടിയുടെ കവിത പുല്ലിന്റെ അതിജീവനത്തെ വിഷയമാക്കുന്നു.

"ചെറുതെങ്കിലും
അതും ഉദ്യമിക്കുന്നുണ്ട്.
പച്ചയെ ചുറ്റും ചാറുന്നുണ്ട്.
പൂവിട്ടു കാണിക്കുന്നുണ്ട്
പ്രാർത്ഥിക്കുന്നുണ്ട്" (2016:251)

എന്നിങ്ങനെ ചെറിയ പുൽക്കൊടിപോലും അതിന് പ്രകൃതിയിലുള്ള കടമ കാണിക്കുന്നു. എന്നാൽ വേനലിനെ അതിജീവിക്കാൻ പുല്ലിന് കഴിയുമോ എന്ന് കവിത സംശയിക്കുന്നു. കൊന്നയും ഉങ്ങുമെല്ലാം വേനലിനെ അതിജീവിക്കുന്ന രീതി പുല്ലിനെ പഠിപ്പിക്കണ മെന്നും കവിത വ്യക്തമാക്കുന്നു. പുതിയ പാരിസ്ഥിതികസാഹചര്യങ്ങളെ അതിജീവി ക്കാൻ കഴിയാത്ത സഹജീവികളുടെ പ്രതിനിധിയായാണ് കവിതയിൽ പുല്ലിനെ അവതരിപ്പിക്കുന്നത്. മനുഷ്യർ നിസ്സാരമെന്നു കരുതുന്നതിനെല്ലാം പ്രകൃതിയിൽ കൃത്യമായ ഇടമുണ്ടെന്ന് കവിത സൂചിപ്പിക്കുന്നു. ഉള്ളൂരിന്റെ 'പുല്ലിന്റെ ചൊല്ല്' എന്ന കവിതയും പുല്ലിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നതാണ്.

"എത്രയ്ക്കു താണതാം വസ്തുവും ലോകത്തിൽ
സ്തുത്യത വിട്ടതല്ലെന്നു കാണ്മാൻ
അക്കുശപ്പുല്ലിന്റെയറ്റത്തോടൊക്കുമാ-
റാകട്ടെ നിങ്ങൾക്കു ബുദ്ധിദൈവം" (2006:963)

എന്നിങ്ങനെ പ്രകൃതിയിൽ പുല്ലിന്റെ സ്ഥാനമെന്തെന്ന് ഉള്ളൂർ വ്യക്തമാക്കുന്നു. ഇത്തരത്തിൽ പുല്ലിനു പ്രകൃതിയിലുള്ള സ്ഥാനത്തെയും അതിന്റെ അതിജീവന സാഹചര്യങ്ങളെയും 'അതിജീവനം' എന്ന കവിതയും വ്യക്തമാക്കുന്നു.

മോഹനകൃഷ്ണൻ കാലടിയുടെ 'മഴമരം' എന്ന കവിതയിൽ മരമെന്നപോലെ ഉലയുന്ന മഴയെയും മഴ തുടച്ചിട്ടും മിഴികൾ തോരാതെ നിൽക്കുന്ന മരത്തെയും ആവിഷ്ക്കരിച്ചിരിക്കുന്നു. മരം മുറിവേറ്റ മനസ്സുപോലെ കണ്ണീരൊഴുക്കുന്നു എന്നർത്ഥം. 'തോരാമരം' എന്ന കവിതയിലും മഴകഴിഞ്ഞിട്ടും തോരാത്ത മരത്തെ വിഷയമാക്കുന്നു. വരണ്ടുണങ്ങിയ ചില്ലകൾക്ക് തളിർക്കാനുള്ള തുള്ളികളാണിവിടെ മഴ. മഴയെങ്ങനെ മരത്തിലൂടെ പെയ്തിറങ്ങുന്നു എന്നും കവിത വ്യക്തമാക്കുന്നു. മരത്തിന്റെ നെറുകയിൽ തൊട്ട് പരുത്തനെഞ്ചിലൂടെ ഒലിച്ചിറങ്ങുന്ന മഴയെ അവതരിപ്പിക്കുമ്പോൾ മരം

പുരുഷപ്രതീകമായാണ് പ്രത്യക്ഷപ്പെടുന്നത്. 'തൊടിയിലെ മാവ്' എന്ന കവിത മുത്തച്ഛൻ മാവിനെ പരാമർശിക്കുന്നു. മാവ് പൂക്കുമ്പോൾ ഉറുമ്പും മരഞ്ചാടിയും കാക്കയും അണ്ണാറക്കണ്ണനുമെല്ലാമാകാൻ ആഗ്രഹിക്കുന്ന കുട്ടിയാണ് കവിതയിലുള്ളത്. മാവ് പൂക്കുകയും കായ്ക്കുകയും ചെയ്യുമ്പോഴുള്ള കൊതിനിറഞ്ഞ നോട്ടങ്ങൾ അപ്രത്യക്ഷ മായ ഘട്ടത്തിൽ കടിച്ചും രുചിച്ചും അറിയാനും മാവു പൂക്കുമ്പോൾ ബാല്യത്തിലേക്ക് തിരിച്ചു പോകാനും കവി ആഗ്രഹിക്കുന്നു.

എം.ആർ. രേണുകുമാറിന്റെ 'കെണിനിലങ്ങളിൽ' എന്ന സമാഹാരത്തിലെ 'ഒറ്റമരത്തിന്റെ ഭൂമിശാസ്ത്രം' എന്ന കവിതയിൽ മരത്തെ പരാമർശിക്കുന്നു.വേനൽ ഉണക്കി വീഴ്ത്തിയ ഒറ്റമരത്തെയും അതിന്റെ തണലിനെയും കൊത്തിയെടുക്കുന്ന മരംകൊത്തിയെയും അവതരിപ്പിക്കുന്നതിലൂടെ പച്ചപ്പ് ഇല്ലാതാകുന്നതിനെയാണ് കവിത സൂചിപ്പിക്കുന്നത്.

"പുഴ രചിക്കുന്ന
ശവത്തിനൊപ്പം
ഒഴുക്കിൽ
ആടിയുലഞ്ഞ്
ഒരു സഹശയനം
ഇപ്പോൾ
ഒറ്റമരത്തിനും
എനിക്കും
ഒരേ ഭൂമിശാസ്ത്രം" (2011:32)

എന്നിങ്ങനെ ഒറ്റമരത്തിന്റെ ഭൂമിശാസ്ത്രം തന്നെയാണ് തനിക്കും എന്ന് കവിത വ്യക്തമാക്കുന്നു.പുഴയിൽ ഒഴുകി നീങ്ങുന്ന മരത്തടികളും ശവങ്ങളും സമാന അവസ്ഥ യിലെന്ന് കവിത സൂചിപ്പിക്കുന്നു. പ്രകൃതിയിൽ ജീവജാലങ്ങൾക്കും മനുഷ്യർക്കും തുല്യമായ സ്ഥാനമാണുള്ളതെന്നു വാദിക്കുന്ന ഗഹനപരിസ്ഥിതിവാദം ഈ കവിതയിൽ പ്രവർത്തിക്കുന്നുണ്ട്. മനുഷ്യർക്കും മരങ്ങൾക്കും ഒരേ ഭൂമിശാസ്ത്രമാണുള്ളതെന്നാണ് കവിത വ്യക്തമാക്കുന്നത്.

'മൂന്നു നിഗമനങ്ങൾ' എന്ന കവിതയിൽ ചിതറിയ പക്ഷികൾ തലങ്ങും വിലങ്ങും പറന്നു പോകുന്നത് അടുത്തെവിടെയോ ഒരുമരം കടപുഴകുന്നതുകൊണ്ടാവാം എന്ന് വ്യക്തമാക്കുന്നു. മരം കടപുഴകുമ്പോൾ അതിനെ അഭയമോ ആവാസമോ ആക്കിയ

ജീവികളുടെ ചിതറിയോടലുകളാണിവിടെ വ്യക്തമാക്കപ്പെടുന്നത്.

'ഖേദപൂർവ്വം മരങ്ങൾ' എന്ന രേണുകുമാറിന്റെ കവിതയിൽ വീട്ടമ്മയുടെ മരണത്തിൽ ദുഃഖിക്കുന്ന മരങ്ങളെ കാണാം.

"തെക്കുവശത്തെ
ഞാറയും പുളിയും
മിണ്ടാവ്രതത്തിലാണ്
ഒട്ടി നിന്നിരുന്ന
മാവ് വെട്ടിയാണല്ലോ
നട്ടുനനച്ചുവളർത്തിയോളെ
അടക്കിയത്" (2011:72)

എന്നിങ്ങനെ നട്ടുനനച്ചുവളർത്തിയവളെ അടക്കാൻ അതേ മാവിനെ തന്നെ വെട്ടിയെടുക്കുന്ന രീതിയെ വ്യക്തമാക്കുന്നു. അതുകാണുമ്പോൾ സഹവർത്തികളായ മറ്റു മരങ്ങൾക്ക് വിഷമമുണ്ടാവുന്നു. അതോടൊപ്പം പട്ടട തണുപ്പിക്കാനായി കിഴക്കേദിക്കിലെ ഇല്ലിക്കൂട്ടങ്ങൾ വളരുന്നതായും വടക്കുഭാഗത്തെ മഹാഗണികൾ കണ്ണീരൊഴുക്കുന്നതായും കവിത സൂചിപ്പിക്കുന്നു. ബദാമും ആഞ്ഞിലിയും അരണമരവും മത്സരിച്ച് വളരുന്നുണ്ടെങ്കിലും ഇത്തിക്കണ്ണിക്ക് ഇടം കൊടുത്ത മാവും പനിനീർ ചാമ്പയും വാഴയും നട്ടുവളർത്തിയ വീട്ടമ്മയുടെ മരണത്തോടെ പലവിധരോഗങ്ങൾ ബാധിച്ച് നശിക്കാൻ തുടങ്ങുന്നു. ഇവിടെ സ്ത്രീകൾക്ക് പ്രകൃതിയുമായുള്ള ബന്ധത്തെക്കൂടിയാണ് പ്രതീകവത്ക്കരിക്കുന്നത്. പ്രാചീനകവിതകളിൽ പരാമർശിക്കുന്നതുപോലെ പ്രകൃതി മനുഷ്യന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

'കൊതിയൻ' എന്ന സമാഹാരത്തിലെ 'ഓർമ്മവരുന്നു' എന്ന കവിതയിൽ

"ഇലമുത്തുമ്പോൾ മരത്തെ
മരം തൊടുമ്പോൾ കാടിനെ
കാട് കാണുമ്പോൾ നിന്റെ
കരളിന്റെ കനിവിനെ"(2017:36)

ഓർമ്മ വരുന്നതായി കവിത വ്യക്തമാക്കുന്നു. പ്രണയഭാവമാണ് കവിതയിലുള്ളത്. ഇലയിലൂടെ മരത്തെയും മരത്തിലൂടെ കാടിനെയും കാടിലൂടെ പ്രണയിനിയുടെ കരളിനെയും കവിത അടയാളപ്പെടുത്തുന്നു.

'വിളിക്കലുകൾ' എന്ന കവിതയിൽ മരം ചിത്രം വരയ്ക്കുന്നതാണ് പൂക്കളെന്നും മരം കെട്ടുന്ന വീടാണ് തണലെന്നും വ്യക്തമാക്കുന്നതിലൂടെ ചിത്രം വരയ്ക്കുകയും വീടു നിർമ്മിക്കുകയും ചെയ്യുന്ന മനുഷ്യനായി മരത്തെ കാണുന്നു.[33] മരങ്ങൾ പൂവായും തേനായും തണലായും കാറ്റായും പ്രകൃതിയിൽ പ്രത്യക്ഷപ്പെടുന്നതായും കവിത വ്യക്തമാക്കുന്നു.

'ഒച്ചയനക്കങ്ങൾ' എന്ന കവിതയിൽ

"തനിച്ചാകുന്ന
നേരങ്ങളിൽ
കണ്ണുകളടച്ച്
തുറസ്സിന്റെ നടുക്കായി
ഒറ്റയ്ക്കുനിൽക്കുന്ന
ഒരു മരത്തെ മനസ്സിൽ
നട്ടുനനച്ച് വളർത്തി വലുതാക്കും" (2017:92)

എന്നിങ്ങനെ വീട്ടിൽ ഒറ്റയ്ക്കാവുന്ന കവി ഒറ്റയ്ക്കു നിൽക്കുന്ന മരത്തെ മനസ്സിൽ നട്ടുവളർത്തുന്നു. തുറസ്സായ സ്ഥലത്ത് ഒറ്റയ്ക്കാവുന്ന മരത്തെപ്പോലെയാണ് വീടിനു ള്ളിൽ ഒറ്റയ്ക്കാവുന്ന മനുഷ്യന്റെ സ്ഥിതിയും എന്ന് കവിത വ്യക്തമാക്കുന്നു. ഒറ്റയ്ക്കു നിൽക്കുന്ന മരത്തിന്റെ ഇലകൾ ആകാശത്തും വേരുകൾ ഭൂമിയിലും എഴുതുന്നതായി കവിത സൂചിപ്പിക്കുന്നു.

'എന്റെ വീടുകൾ' എന്ന കവിതയിലും മരങ്ങളെ പരാമർശിക്കുന്നു. ആകാശത്തോ ളമെത്തുന്ന കുന്നിന്റെ ചോട്ടിൽ പനയോലമേഞ്ഞ എന്റെ വീട്

"വീടിന്റെ വടക്കു-
പുറത്തൊരു വാകമരം
വാകമരത്തിന്റെ
ചില്ലയ്ക്ക് ചോപ്പുനിറം" (2017:95)

എന്നിങ്ങനെ വാക, തേക്ക്, കൊന്ന, പാല എന്നീ വൃക്ഷങ്ങളെ കവിത പരാമർശിക്കുന്നു. ഇടിവെട്ടി മഴപെയ്യുന്ന കുന്നിനു ചുവട്ടിൽ പച്ചചില്ലകളുള്ള തേക്കുമരവും വെയിലുള്ള കുന്നിന്റെ ചോട്ടിൽ മഞ്ഞചില്ലകളുള്ള കൊന്നമരവും നിലാവുള്ള കുന്നിൻചോട്ടിൽ കറുത്ത ചില്ലകളുള്ള പാലമരവും ഉള്ളതായി കവിത വ്യക്തമാക്കുന്നു. ഇവിടെ

ആകാശവും വീടും മരങ്ങളും ഓരോ കാലാവസ്ഥകളുടെ പ്രതിഫലനങ്ങൾ കൂടിയാണ് വാകയുടെ ചുവപ്പും തേക്കിന്റെ പച്ചയും കൊന്നയുടെ മഞ്ഞയും പാലയുടെ കറുപ്പും പരാമർശിക്കപ്പെടുന്നു. ചൂടിലും മഴയിലും മഞ്ഞിലുമെല്ലാം പ്രകൃതി തന്നെ പാർപ്പിടമാകുന്നു എന്ന് കവിത വ്യക്തമാക്കുന്നു.

'കെണിനിലങ്ങളിൽ'എന്ന സമാഹാരത്തിലെ 'ദലമർമ്മരകാലം' എന്ന കവിത പ്രകൃതിനിയമത്തിന്റെ കൂടി ആവിഷ്ക്കാരമാകുന്നു. എത്രത്തോളം ഉയർന്നുവളർന്നാലും അവസാനം മണ്ണിലേക്കു മടങ്ങണമെന്നാണ് കവിത ഓർമ്മിപ്പിക്കുന്നത്.

"ഒടുക്കം
ഞെടുമ്പറ്റ്
വീഴേണ്ടിവരും
മുമ്പേയടർന്ന-
വരോടൊപ്പം
കിടന്നഴുകി
മണ്ണെടുത്ത്
പോകേണ്ടിവരും" (2011:40)

എന്നിങ്ങനെ മണ്ണിലേക്ക് ചേരുന്ന പ്രകൃതിയെ അവതരിപ്പിക്കുന്നു. കാറ്റിനൊപ്പം കളിച്ച് മരത്തിന്റെ തടിയിൽ കഴിഞ്ഞ കാലത്തെക്കുറിച്ചും മരം നിറച്ച് വളർന്ന് സൂര്യപ്രകാശത്തെ ചെറുതായി കടത്തിവിട്ട കാലത്തെക്കുറിച്ചും ഇലകൾ ഓർമ്മിക്കുന്നു. പുഴുവിന്റെ കളികൾ കണ്ടും മഞ്ഞുകാലത്തെയും വേനൽക്കാലത്തെയും അതിജീവിച്ചും വളർന്നുവന്ന ഇലകൾ പഴുത്തിലകൾ വീഴുമ്പോൾ ചിരിക്കുകയും ചെയ്തു. ഇത്തരത്തിൽ ആഘോഷത്തോടെ കഴിഞ്ഞെങ്കിലും അവസാനം മണ്ണിലേക്ക് തന്നെ മടങ്ങണമെന്ന പ്രകൃതി സത്യത്തെയാണ് കവിത സൂചിപ്പിക്കുന്നത്.

മാവിന്റെ കൊമ്പിലിരുന്ന് മുടിക്കറുപ്പുമായി പോകുന്നവൾക്ക് മാമ്പഴമിട്ടു കൊടുത്തും ആഞ്ഞിലിക്കൊമ്പത്ത് കുരുവും തുപ്പിയിരുന്നപ്പോൾ അതിലേപോയ കുട്ടിച്ചേട്ടന് ആഞ്ഞിലിപ്പഴങ്ങൾ ഇട്ടുകൊടുത്തുമുള്ള ജീവിതത്തെക്കുറിച്ചാണ് എസ്. ജോസഫിന്റെ 'മരങ്ങളിൽ ജീവിതം' എന്ന കവിത പരാമർശിക്കുന്നത്.

"ചെരിവുകളിലെ കൊച്ചമ്മമാർ വീടുകളിലെ
ഇരുട്ടുതുറന്നു വയ്ക്കുന്നു

ഇരുട്ടെല്ലാം അടിച്ചുകൂട്ടി തീ കാഞ്ഞതിനാൽ
വയറും കാത്തുപോയതുകൊണ്ടാണ്
മരങ്ങൾ എന്നെയെടുത്തു തോളത്തുവച്ചത്" (2005:38)

എന്നിങ്ങനെ വിശന്നവയറിന്റെ കഠിനതയിൽ മരത്തിൽ ജീവിക്കേണ്ടി വരുന്നതായി കവിത വ്യക്തമാക്കുന്നു. മാമ്പഴങ്ങളും ആഞ്ഞിലിപ്പഴങ്ങളും വയറിന്റെ വിശപ്പാറ്റിയിരുന്നു. മരങ്ങളിൽ ജീവിതമുണ്ടായിരുന്ന കാലഘട്ടത്തെക്കൂടിയാണ് കവിത ഓർമ്മിപ്പിക്കുന്നത്. ഇന്നാകട്ടെ ആ മരങ്ങളെ ഇല്ലായ്മ ചെയ്യുകയും അവയുടെ പഴങ്ങൾ ആഹാര ഇടത്തിൽ നിന്ന് ഇല്ലാതാവുകയും ചെയ്തു.

വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, പി.പി. രാമചന്ദ്രൻ, വി.ടി. ജയദേവൻ എന്നിവരുടെ കവിതകളിൽ ചെടികളും മരങ്ങളും വർണ്ണനാപരമായി പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

## 2.3.2. സദൃശകല്പനകൾ

### 2.3.2.1. രൂപപരം

മലയാളകവിതയിലെ ഓരോകലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവികളുടെ തെരഞ്ഞെടുത്ത കവിതകളിൽ ചെടികളെയും മരങ്ങളെയും കുറിച്ചുള്ള രൂപപരമായ കല്പനകൾ പൊതുവെ ശ്രദ്ധയിൽപ്പെട്ടില്ല.

### 2.3.2.2. ഭാവപരം

#### 2.3.2.2.1. പ്രാചീനമധ്യകാലഘട്ടം

'രാമകഥപ്പാട്ടി'ൽ സീതാവിരഹിതനായിരിക്കുന്ന രാമനെ പമ്പാതടത്തിലെ കാഴ്ചകൾ കൂടുതൽ ദുഃഖിപ്പിക്കുന്നു. വണ്ടുകളുടെ പാട്ടിനൊത്ത് ആടുന്ന മയിലുകളും ആ നൃത്തത്തെ കൊണ്ടാടുന്ന കുയിലുകളും അതിൽ തൃപ്തിയോടെ തലയാട്ടുന്ന മരങ്ങളുമുള്ളതായ പരാമർശം കാണാം. അചരങ്ങളായിരിക്കുന്ന മരങ്ങൾ പക്ഷിമൃഗാദികളോടൊത്ത് ചലിക്കുന്നതായി കവി കല്പിക്കുന്നു.

'കണ്ണശ്ശരാമായണ'ത്തിൽ കിഷ്കിന്ധാകാണ്ഡത്തിലെ വസന്തവർണ്ണനയുടെ ഭാഗത്ത് ഇളംകാറ്റേറ്റ് ഉലയുന്ന വൃക്ഷലതാദികളെക്കുറിച്ച് പറയുന്നുണ്ട്. മയിലിന്റെ ആട്ടവും വണ്ടുകളുടെയും കുയിലുകളുടെയും പാട്ടും ആസ്വാദിക്കുന്ന വൃക്ഷലതാദികളെയാണ് ഈ ഭാഗത്ത് കാണുന്നത്. മനുഷ്യന്റെ ആസ്വാദനരീതിയെ വൃക്ഷങ്ങളിൽ

ആരോപിച്ചിരിക്കുന്നു. അയോദ്ധ്യാകാണ്ഡത്തിൽ കാനനയാത്രാരംഭത്തിൽ രാമലക്ഷ്മണന്മാർക്കൊപ്പം യമുനാനദി കടന്നശേഷം സീതാദേവി അരയാലിനെ വന്ദിക്കുന്നു. ആദ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന വൃക്ഷാരാധനയുടെ സൂചനയാണ് ഈ പ്രാർത്ഥന.[34]

കൃഷ്ണനെ അന്വേഷിക്കുന്ന ഗോപികമാർ ഇരഞ്ഞി, അശ്വത്ഥം, അത്തി, പേരാൽ, കുന്ദം, ഞാഴൽ, പിച്ചകം, കാനകനാറി, മുല്ല, മല്ലിക, പിച്ചകം, ചെമ്പകം, മന്ദാരം, കായാവ് തുടങ്ങിയ വൃക്ഷങ്ങളോടും പൂക്കളോടും വള്ളികളോടുമെല്ലാം ഗോകുലനാഥനെ കണ്ടോ എന്നന്വേഷിക്കുന്നു. ഇവിടെ പ്രകൃതിസൗഹൃദപരമാണ് കവിതയിലെ ഈ അന്വേഷണം. മനുഷ്യരും ചരാചരപ്രപഞ്ചവും തമ്മിൽ ആദികാലത്ത് സൗഹൃദപരമായ ബന്ധം നില നിന്നിരുന്നു എന്നതിന്റെ സൂചനകൾ പ്രാചീനകൃതികളിലെ ഇത്തരം പരാമർശങ്ങളിൽ വ്യക്തമാണ്.

കൃഷ്ണന്റെ വേണുഗാനരംഗവും വളരെ മനോഹരമായ പ്രകൃതി വർണ്ണനയു ടേതാണ്. പ്രകൃതി, മനുഷ്യൻ എന്ന ഭേദചിന്ത ഇല്ലാതാകുന്ന രംഗമാണിവിടെയുള്ളത്. വൃക്ഷങ്ങൾ പോലും കൃഷ്ണന്റെ വേണുഗാനം ആസ്വദിക്കുന്നു. പക്ഷികൾ വേണുഗാനം കേട്ട് വൃക്ഷങ്ങളിൽ ചെന്നിരിക്കുന്നതായി പറയുന്നു.

'ചന്ദ്രോത്സവ'ത്തിൽ നായികയായ മേദിനിവെണ്ണിലാവിന്റെ ജനനത്തിനായി അമ്മ അരയാലിനെ പൂജിക്കുന്നതായി പരാമർശമുണ്ട്.[35] പ്രാചീനകാലഘട്ടത്തിൽ നിലനിന്നിരുന്ന വൃക്ഷാരാധനയെയാണ് ഇത് വ്യക്തമാക്കുന്നത്. ഇവിടെയും മനുഷ്യന്റെ ആവശ്യത്തിനായി പ്രകൃതിയെ പൂജിക്കുന്നതായാണ് കാണുന്നത്.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ സീതാപഹരണം നടന്ന സന്ദർഭത്തിൽ രാമൻ വനദേവതമാരോടും വൃക്ഷങ്ങളോടും സീതയെ അന്വേഷിക്കുന്നു. മറ്റു രാമായണ കാവ്യങ്ങളിലും ഇതേ സന്ദർഭമുണ്ട്. 'രാമകഥപ്പാട്ട്' ഉദാഹരണമായി ചൂണ്ടിക്കാണിക്കാം.[36] രാമൻ സീതയെ വനത്തിലുപേക്ഷിച്ച സന്ദർഭത്തിൽ വൃക്ഷങ്ങൾ സീതയുടെ ദുഃഖം ഏറ്റെടുക്കുന്നതായി കാണാം.

> "പുഷ്കരനേത്രയുടെ ദുഃഖം കണ്ടതുമൂലം
> വൃക്ഷങ്ങൾ വല്ലികളുമാഴ്കുന്നു കഷ്ടം! കഷ്ടം!" (2012:508)

എന്നിങ്ങനെ സീതയുടെ ദുഃഖം പ്രകൃതിയുടെ ദുഃഖമാകുന്നു. സീതയും ഭൂമിയും തമ്മിൽ മകൾ- അമ്മ ബന്ധം സൃഷ്ടിക്കപ്പെടുന്നതിലൂടെ ഭൂമിയെ അമ്മയായി (സ്ത്രീയായി)

തുടർന്നും ആരാധിക്കുന്ന സാംസ്കാരിക പശ്ചാത്തലം വ്യക്തമാകുന്നു. ഭൂമിയും സ്ത്രീയും സഹിക്കേണ്ടവളാണ് എന്ന അർത്ഥം കൂടി ഈ ബന്ധം സൃഷ്ടിക്കപ്പെടുന്നതിലൂടെ വെളിപ്പെടുത്തുന്നു. "ഇതുവരെ സ്ത്രീ അബലയും ചപലയുമായി ചിത്രീകരിക്കപ്പെട്ടിരുന്നത് ഗോത്രാധിപത്യബോധത്തിന്റെ ഫലമായിട്ടായിരുന്നു. പുരുഷാധിപത്യസമൂഹം അത് മാർക്സിസമായാലും, മുതലാളിത്തമായാലും, സോഷ്യലിസമായാലും വിവിധ തരത്തിലുള്ള മതദർശനങ്ങളായാലും പൊതുവിൽ സ്ത്രീകൾക്ക് നൽകിയിരുന്ന ഇടം ത്യാഗനിർഭരതയുടെയും ബലിരൂപത്തിന്റേതുമായിരുന്നു. ഈ ബിംബം തകർത്ത് സ്ത്രീയെ മുക്തയാക്കുന്നതിലൂടെ മാത്രമേ പുതിയ ഒരു ലോകം സ്വപ്നം കാണാൻ സ്ത്രീ സമൂഹത്തിന് സാധിക്കൂ. ആ വിമോചനത്തിന്റെ മഹത്തായ പ്രതീക്ഷകൾ പാരിസ്ഥിതികസ്ത്രീവാദത്തിൽ പടർന്നുകിടക്കുന്നുണ്ട്" (പിയേഴ്സൺ. എൻ.എം, 2003:15) എന്ന നൂതനമായ ഇക്കോഫെമിനിസ്റ്റ് കാഴ്ചപ്പാടുകളുടെ രൂപീകരണം ഇത്തരം അടിച്ചമർത്തലുകൾക്കെതിരെ രൂപപ്പെട്ടതാണ്.

തിരുനിഴൽമാല, രാമചരിതം, രാമകഥപ്പാട്ട്, കൃഷ്ണഗാഥ, ഉണ്ണിയാടിചരിതം, ഉണ്ണുനീലിസന്ദേശം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ ചെടികളെയും മരങ്ങളെയും കുറിച്ചുള്ള ഭാവപരമായ സദൃശകല്പനകൾ പൊതുവെ ഇല്ലെന്നു പറയാം.

#### 2.3.2.2.2. കവിത്രയകാലം

ആശാന്റെ 'ചിന്താവിഷ്ടയായ സീത'യിൽ

"വിടപങ്ങളോടൊത്ത കൈകൾ തൻ-
തുടമേൽ വച്ചുമിരുന്നു സുന്ദരി" (1960:518)

എന്നിങ്ങനെ സീതയുടെ കൈകളെ മരക്കൊമ്പിനോട് സാദൃശ്യപ്പെടുത്തുന്നു.

വള്ളത്തോളിന്റെ 'ആൽപ്രദക്ഷിണം' എന്ന കവിത അരയാലിന്റെ മഹത്വത്തെ വ്യക്തമാക്കുന്നു. തെങ്ങിന്റെ പോലെ കായ്ഫലമോ ചെമ്പകത്തിന്റേതുപോലെ മണമുള്ള പൂക്കളോ ഇല്ലെങ്കിലും അരയാലാണ് നമ്മുടെ ആരാധ്യവൃക്ഷം.[37] രാമചരിതത്തിലും (2013:216) ഉണ്ണിയാടിചരിതത്തിലും (2016:37) ആരാധ്യമായൊരു പദവിയിലാണ് അരയാൽ ചിത്രീകരിക്കപ്പെടുന്നത്. മലയാളകവിതയിൽ നവോത്ഥാന കാലത്തും അരയാൽ ആരാധ്യവൃക്ഷമാണെന്ന് ഈ കവിത വ്യക്തമാക്കുന്നു.

'ഒരു ദിനാന്തസഞ്ചാരം' എന്ന വള്ളത്തോൾ കവിതയിൽ പുഴയുടെ വശങ്ങളിൽ ഉങ്ങുമരങ്ങളും കൂരിയാറ്റക്കൂടുകളുള്ള മറ്റുവൃക്ഷങ്ങളുമുള്ളതായി പരാമർശിക്കുന്നുണ്ട്.

'ചിത്രയോഗ'ത്തിൽ താരാവലിയുടെയും ചന്ദ്രസേനന്റെയും ദാമ്പത്യത്തെ പറ്റി

> "നരചന്ദ്ര, നോക്കിടുക, ചന്ദ്രസേനനാം
> ധരണീശപുത്രനുടെ ചിത്രമുത്തമം;
> സരസം രസാലമൊടണയ്ക്ക മുല്ലയെ,
> പ്പരമോദ്യമത്തൊടിടചേർക്ക ശക്തിയെ" (2011:442)

എന്നാണ് പറയുന്നത്. തേന്മാവിനോട് മുല്ല ചേർന്നതു പോലെയാണ് ചന്ദ്രസേനനോട് താരാവലിയുടെ ചേർച്ച എന്നാണ് പറയുന്നത്. തേന്മാവ് പുരുഷനും മുല്ലവള്ളി സ്ത്രീയുമായി കൽപിക്കപ്പെടുന്നു. തേന്മാവിനോട് മുല്ലവള്ളി ചേർന്നതുപോലെ എന്ന പരാമർശം അഭിജ്ഞാനശാകുന്തളത്തിൽ കാണാവുന്നതാണ്.

കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് ചെടികളെയും മരങ്ങളെയും കുറിച്ചുള്ള ഭാവപരമായ കല്പനകൾ പൊതുവെ കാണപ്പെട്ടത്.

**2.3.2.2.3.** കവിത്രയത്തിനുശേഷമുള്ള കാലത്തിലെയും ആധുനികതാഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ മരങ്ങളെക്കുറിച്ചുള്ള ഭാവപരമായ കല്പനകൾ താരതമ്യേന കാണപ്പെടുന്നില്ല.

**2.3.2.2.4. ആധുനികതാനന്തരഘട്ടം**

വീരാൻകുട്ടിയുടെ 'സ്ഥാവരം' എന്ന കവിതയിൽ മരങ്ങളുടെ നില്പിനെ പരാമർശിക്കുന്നുണ്ട്.

> "സ്വപ്നത്തിൽ
> തുടരും
> ഇലക്കിരീടവും
> ഊരിയെറിഞ്ഞ്
> നഗ്നയായി
> പറക്കുന്നതിനുമുമ്പുള്ള
> കടുപ്പമേറിയ
> തറഞ്ഞുനില്പ്പിനെപ്പറ്റി" (2016:35)

എന്നിങ്ങനെ മരത്തിന്റെ സ്ഥിരമായ നില്പിനെ കവിത പ്രതിനിധീകരിക്കുന്നു. ഇവിടെ മരം സ്ത്രീയുടെ പ്രതിനിധിയാകുന്നു. മരത്തെ പുരുഷനായും വള്ളിയെ സ്ത്രീയായും സങ്കല്പിച്ചിരുന്ന മുൻരീതികളിൽ നിന്നു വ്യത്യസ്തമായി ഇവിടെ മരം പെണ്ണാകുന്നു.

നില്പിനെപ്പറ്റി സൂര്യനെക്കാൾ നന്നായി മരം പറയും എന്നാണ് കവിത ആരംഭിക്കുന്നത്. അതായത് ചലനമില്ലായ്മയെ, നില്പിനെ പുരുഷനെക്കാൾ നന്നായി അനുഭവിക്കുന്ന സ്ത്രീയ്ക്കാണ് അതിനെപ്പറ്റി നന്നായി സംസാരിക്കാനും കഴിയുക എന്നർത്ഥം. അസ്വാതന്ത്ര്യത്തിന്റെ സൂചനയാണ് തറഞ്ഞുനിൽപ്. തളിരിലകളുടെ മാർദ്ദവത്തെ കുഞ്ഞിന്റെ ഉള്ളം കാലുമായും മുകളിലേക്കാഞ്ഞിട്ടും എത്താതിരുന്ന ആശ്ലേഷങ്ങളെ ഉണങ്ങുന്ന ചില്ലകളുമായും സാദൃശ്യപ്പെടുത്തുന്നു. വെള്ളമെടുക്കാൻ പോയ തായ് വേരുകളുടെ കിതപ്പിനെ സ്ത്രീജീവിതവുമായി സാദൃശ്യപ്പെടുത്തുന്നു. സ്ഥിരമായ നിൽപ്പിൽ നിന്ന് എഴുന്നേറ്റു പോകാനുള്ള സ്ത്രീകളുടെയും മരങ്ങളുടെയും ആഗ്രഹം എത്ര നിയന്ത്രിച്ചാലും ഉയർന്നു വരുന്നതാണെന്നും കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ സ്ത്രീയുടെ അസ്വാതന്ത്ര്യം മരത്തിന്റെ അസ്വാതന്ത്ര്യത്തിനു തുല്യമെന്നാണ് കവിത വ്യക്തമാക്കുന്നത്.

വീരാൻകുട്ടിയുടെ 'പെൺമരങ്ങൾ' എന്ന കവിതയിൽ മരങ്ങൾക്ക് സ്ത്രീത്വം ആരോപിച്ചിരിക്കുന്നു. 'സ്ഥാവരം' എന്ന കവിതയിലും മരങ്ങൾ സ്ത്രീകളാണ്. മരത്തെ പുരുഷനായി സങ്കല്പിക്കുന്ന പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കുന്നു. മരങ്ങളെപ്പോലെ വളർത്തപ്പെടുകയും മിന്നലുകളാകുന്ന വേദനകൾ സ്വീകരിച്ച് നിൽക്കുകയും ചെയ്യുന്ന സ്ത്രീത്വത്തെയും പ്രകൃതിയെയും കവിത പ്രതീകവൽക്കരിക്കുന്നു.

"നിന്നിടത്തുനിന്ന്
അനങ്ങാൻ വിടാതെ
വളർത്തിയതാണ്
പഠിക്കട്ടെ" (2016:252)

എന്നാണ് കവിതയുടെ മനോഭാവം. മരം പുരുഷനും സ്ത്രീ മരത്തെ ആശ്രയിക്കുന്ന വള്ളിയുമായി സങ്കല്പിച്ചിരുന്ന രീതിയിൽ മാറ്റമുണ്ടായെങ്കിലും സ്ത്രീയുടെ അബലതതന്നെയാണ് ഇവിടെയും ആവിഷ്ക്കരിച്ചിരിക്കുന്നത്. അസ്വാതന്ത്ര്യത്തിലും നിയന്ത്രണങ്ങളിലും ജീവിക്കേണ്ടി വരുന്ന സ്ത്രീയുടെയും മരത്തിന്റെയും അവസ്ഥകൾ ആവിഷ്ക്കരിക്കപ്പെടുന്നതിനാൽ ഇക്കോഫെമിനിസ്റ്റ് ചിന്താഗതി ഉൾക്കൊള്ളുന്ന കവിതയാണിതെന്ന് വിലയിരുത്താവുന്നതാണ്.

സെബാസ്റ്റ്യന്റെ 'അറ്റുപോവാത്തത്' എന്ന സമാഹാരത്തിലെ 'പ്രതിരോധം' എന്ന കവിത

"ഇനി ഈ ഒരു മരമേ ബാക്കിയുള്ളു
സ്വച്ഛശാന്തമായ്
കൈകൾ വിരിച്ച്
മുകളിലേക്കു നോക്കി- അങ്ങനെ" (2017:31)

എന്നിങ്ങനെ മരങ്ങളെല്ലാം ഇല്ലാതായി ഒറ്റമരം മാത്രം അവശേഷിക്കുന്ന ഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. ജാതിയെന്നോ മതമെന്നോ രാജ്യമെന്നോ പേരുള്ള ആ മരത്തിന് വെള്ളമൊഴിക്കുകയോ വളമിടുകയോ തൊട്ടുതലോടുകയോ ചെയ്യേണ്ടതില്ലെന്ന് കവിത വ്യക്തമാക്കുന്നു. സമൂഹത്തിൽ അവശേഷിക്കുന്ന മതപരവും ജാതീയവും ദേശീയവുമായ വേർതിരിവുകളെയാണ് മരം എന്ന പ്രതീകത്തിലൂടെ കവിത അടയാളപ്പെടുത്തുന്നത്. ഭൂമിയിൽ ജാതിയും മതവും മാത്രം അവശേഷിക്കുന്ന ഒരു ഘട്ടത്തിലേക്കാണ് സമൂഹം പരിവർത്തനപ്പെടുന്നത് എന്ന് മരം എന്ന പ്രതീകത്തിലൂടെ സൂചിപ്പിക്കുന്നു. 'മഴയ്ക്ക് തലവച്ച് ഒരു വണ്ടി' എന്ന കവിതയിൽ

"ജാലകത്തെ ഇടത്തട്ടുകാരനാക്കി
ഞാനിറങ്ങുന്നിടത്തോളം
കണ്ണിപ്പെടുന്ന
എല്ലാ മരങ്ങളും വാങ്ങിനിറയ്ക്കുന്നു ഉള്ളിൽ
മടക്കയാത്രയിൽ അവയെ
അവിടങ്ങളിൽത്തന്നെ നട്ടുപിടിപ്പിക്കാൻ" (2013:27)

എന്നിങ്ങനെ യാത്രയിൽ മരങ്ങളെ മനസ്സിലൊതുക്കുകയും തിരിച്ചുള്ള യാത്രയിൽ അതേ സ്ഥലങ്ങളിൽ നടുകയും ചെയ്യുന്ന പാരിസ്ഥിതികാവസ്ഥയാണ് വ്യക്തമാക്കപ്പെടുന്നത്. മരങ്ങളെ കാണുകയും മനസ്സിലൊതുക്കുകയും ചെയ്യുന്ന യാത്രകളോടുള്ള പ്രിയം കൂടി കവിത വ്യക്തമാക്കുന്നു.

സെബാസ്റ്റ്യന്റെ 'പകർച്ച' എന്ന കവിതയിൽ പെൺമരം ആൺമരമായും ആൺമരം പെൺമരമായും പരിവർത്തനപ്പെടുന്നു.[38] ആൺപെൺ പരിവർത്തനങ്ങളെ കവിത അടയാളപ്പെടുത്തുന്നു. പെണ്ണിൽ ഒളിഞ്ഞു കിടക്കുന്ന ആണിനെയും ആണിൽ ഒളിഞ്ഞുകിടക്കുന്ന പെണ്ണിനെയും വെളിപ്പെടുത്തുന്ന രീതിയാണ് പെൺമരം, ആൺമരം എന്നീ പ്രതീകങ്ങളിലൂടെ കവിത അവതരിപ്പിക്കുന്നത്. അതായത് ഭിന്നലിംഗക്കാരെ പരാമർശിക്കുന്നു. മരത്തിന് ആൺ പെൺ എന്നിങ്ങനെയുള്ള ഭേദങ്ങൾ നൽകിക്കൊണ്ട് മാനുഷിക അവസ്ഥകളുമായി സാദൃശ്യപ്പെടുത്തുന്നു.

സെബാസ്റ്റ്യന്റെ 'ചൂളപ്പൊതികൾ' എന്ന സമാഹാരത്തിലെ 'ചിത്രപാഠാവലി' എന്ന കവിത ഉദ്യോഗസ്ഥ അഴിമതികളെ പ്രതിഫലിപ്പിക്കുന്നു. അധികാരികൾക്ക് മുന്നിൽ കാത്തു നിന്ന് മരവിച്ച കർഷകനാണ് വില്ലേജ് ഓഫീസിനു മുന്നിലെ പുളിമരമെന്ന് കവിത കല്പിക്കുന്നു. കാണേണ്ടവരെ കണ്ടിട്ടും കാര്യങ്ങൾ നേരെയാകാത്തവർ പാറകളായും ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടവർ പുല്ലുകളായും മാറിയിരിക്കുന്നു.

"കാത്തു നില്പാണ് ഇപ്പോഴും ആളുകൾ
പുളിമരമോ, പാറയോ, പുല്ലുകളോ ആയി മാറുവാൻ
എല്ലാം ശരിയായെന്നപോലെ
നിറയെ കായ്ച്ചിരിക്കുന്നു പുളിമരം
വീടെത്താനുള്ള ഒരു തിടുക്കമുണ്ട് ആ നില്പിലും" (2013:53)

എന്നിങ്ങനെ സർക്കാർ സ്ഥാപനങ്ങൾക്ക് മുന്നിൽ നിൽക്കുന്ന പുളിമരത്തെയും പുല്ലുകളെയും കവിത അവതരിപ്പിക്കുന്നു. അധികാരത്താൽ അടിച്ചമർത്തപ്പെടുന്നവരുടെ പ്രതിനിധികളായാണ് മരങ്ങളും പുല്ലുകളും കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. താഴെക്കിടയിലുള്ളവരും പ്രകൃതിയും അധികാരികളാൽ അടിച്ചമർത്തപ്പെടുന്നു. ദളിത് പരിസ്ഥിതിവാദ ചിന്തകൾ കവിതയുടെ ഭാഗമാകുന്നു.

'മാമ്പഴം' എന്ന വൈലോപ്പിള്ളിക്കവിതയെ ഓർമ്മിപ്പിക്കുന്നു എസ്. ജോസഫിന്റെ 'മാമ്പഴം' എന്ന കവിത. വൈലോപ്പിള്ളിയുടെ മാമ്പഴത്തെയാണ് ഈ കവിത വിഷയമാക്കുന്നത് ആദ്യമായി പൂവിട്ടമാവിനെയും പൂങ്കുലയൊടിച്ച കുഞ്ഞിനെയും ഓർമ്മയുണ്ടെന്നു വ്യക്തമാക്കുന്ന കവിത വേർപെടാത്ത ചുംബനം പോലെ സുന്ദരമാണ് അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹമെന്ന് അടയാളപ്പെടുത്തുന്നു.

"ഞാനൊരുവെറും മാവാണെങ്കിലുമെനിക്കുമു-
ണ്ടമ്മതൻ ഭാവമെത്രയുണ്ണികൾക്കമ്മ ഞാനും" (2017:60)

എന്നിങ്ങനെ മാവ് താനും അമ്മയാണെന്ന് വ്യക്തമാക്കുന്നു. മാവിലുണ്ടാവുന്ന ഉണ്ണിമാങ്ങകളെ മഴകൾ കരിച്ചുകളയുന്നുണ്ട്. കുട്ടി ഒരു പൂങ്കുലയല്ലേ ഒടിച്ചുള്ളു എന്നും മാവ് ചോദിക്കുന്നു. എങ്ങും അനങ്ങാതെ ദുഃഖിച്ചു കഴിയേണ്ടിവരുന്ന മാവിന്റെ അവസ്ഥ കവിത വ്യക്തമാക്കുന്നു.[39] മനുഷ്യർക്കുണ്ടാകുന്നതുപോലുള്ള ദുഃഖങ്ങൾ മരങ്ങൾക്കുമുണ്ടാകുന്നു. ഇവിടെ മരത്തിൽ മനുഷ്യത്വം ആരോപിക്കപ്പെടുന്നു. ഉള്ളിലെ വേദനകൾ സഹിച്ച് അനങ്ങാതെ നിൽക്കാൻ വിധിക്കപ്പെട്ടവയാണ് സസ്യലോകം എന്നും കവിത

വ്യക്തമാക്കുന്നു. വൈലോപ്പിള്ളിയുടെ 'മാമ്പഴ'ത്തിൽ അമ്മക്കും കുഞ്ഞിനുമാണ് പ്രാധാന്യം എന്നാൽ എസ്. ജോസഫ് അതിലെ മാവിന്റെ മാനസികനില പ്രതിഫലിപ്പിക്കുന്നു. പൂങ്കുലയൊടിച്ച കുഞ്ഞും അതിന് വഴക്കുപറഞ്ഞ അമ്മയ്ക്കുമപ്പുറം മാവിനും പുത്രദുഃഖമാണുണ്ടാവുന്നത്. കരിഞ്ഞുവീണുപോകുന്ന എത്രയെത്രയുണ്ണികൾക്കമ്മയാണ് താനെന്ന് മാവ് സ്വയം ചോദിക്കുന്നു. ഇവിടെ മാവ് അമ്മയുടെയും സ്ത്രീയുടെയും പ്രതിനിധിയാണ്.

എസ്. ജോസഫിന്റെ 'ഒരു മരം അതിൻ തണൽ' എന്ന കവിതയിൽ പൊരിയുന്ന വെയിലത്ത് മരത്തിൽ നിന്നു ലഭിക്കുന്ന തണലെന്ന യാഥാർത്ഥ്യത്തെ വ്യക്തമാക്കുന്നു. വേനലിന്റെ വാത്സല്യത്തിലാണ് മരം വളരുന്നതെന്നും

"അതിൽ താഴെ കുളിരേകു-
മൊരു തണൽ ഇരുളുന്നു" (2017:72)

എന്നും ചെറുമരം നൽകുന്ന തണൽ വേനലിൽ എത്രമാത്രം പ്രിയപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു.

'മൂന്ന് മരങ്ങൾ' എന്ന ജോസഫിന്റെ കവിതയിൽ ഇലഞ്ഞി, ഓട, പുന്ന എന്നീ മരങ്ങളെയാണ് പരാമർശിക്കുന്നത്. കുട്ടിക്കാലത്ത് ഇലഞ്ഞിമരച്ചോട്ടിൽ പൂമണം ആസ്വദിക്കുകയും മാലകോർത്തു കളിക്കുകയും ചെയ്തിരുന്ന കാലത്തെക്കുറിച്ചും ഓടപ്പഴം തിന്നും അതിന്റെ തോടിൽ ചൂളമടിച്ചിരുന്ന പുന്നയെക്കുറിച്ചും കവിത ഓർക്കുന്നു. കുട്ടിക്കാലങ്ങളിലും കൗമാരത്തിലും ജീവിതത്തിന്റെ ഭാഗമായിരുന്ന മരങ്ങൾ പുതിയ ജീവിതസാഹചര്യങ്ങൾ മൂലം അപ്രത്യക്ഷമാകുന്നതിനെ കവിത സൂചിപ്പിക്കുന്നു. വികസനത്തിന്റെ ഭാഗമായും മറ്റു മനുഷ്യാവശ്യങ്ങൾക്കായും മുറിക്കപ്പെടുന്ന മരങ്ങളെക്കുറിച്ചുള്ള സൂചന കൂടിയാണ് കവിത നൽകുന്നത്. ഇവിടെ മരങ്ങളുമായി സഹവസിച്ച കാലത്തിലേക്ക് തിരിച്ചു പോകാൻ മനുഷ്യനാണ് ആഗ്രഹം

"ഒരു ഓടമരത്തിലിരിക്കാൻ കൊതിയാകുന്നു
ഒരു പുന്നമരം കാണാൻ കൊതിയാകുന്നു" (2017:85)

എന്നിങ്ങനെ മനുഷ്യന്റെ ആവശ്യമാണത്. പ്രകൃതി മനുഷ്യന് ആസ്വദിക്കാനുള്ളതാണെന്ന മനോഭാവം ഇവിടെ പ്രകടമാകുന്നുണ്ട്.

## 2.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 2.3.3.1. പ്രാചീനമധ്യകാലഘട്ടം

നാടൻപാട്ടുകളിൽ 'രാമത്തെളമേലെ കുഞ്ഞിച്ചാപ്പൻ' (സമ്പാ. എം.സി. അപ്പുണ്ണി നമ്പ്യാർ) എന്ന പാട്ടാണ് ഉദാഹരണമായി തെരഞ്ഞെടുത്തിട്ടുള്ളത്. രാമത്തെളമേലെ അങ്ങുന്ന് ശങ്കരനാശാരിയുടെ അടുത്തേക്ക് കാര്യക്കാരെ അയച്ച് അമ്പലം പണിയുന്ന തിനായി കുറ്റി തറയ്ക്കാൻ ആവശ്യപ്പെടുന്നു. അമ്പലപണിക്കാവശ്യമുള്ള കാതലുള്ള പ്ലാവ് നിൽക്കുന്ന സ്ഥലം ചാലിയരായ കുഞ്ഞനന്തന് മുമ്പ് തന്നെ ചാർത്തിക്കൊടു ത്തിരുന്നു. ആ പ്ലാവ് കുഞ്ഞനന്തന്റെ എതിർപ്പിനെ വകവയ്ക്കാതെ മുറിക്കുന്നതും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ഈ പാട്ടിന്റെ പ്രമേയം. ജന്മി കുടിയാൻ വ്യവസ്ഥയിൽ ജന്മിയുടെ അധികാരം കുടിയാന്മാരെയും പ്രകൃതിയെയും എങ്ങനെ ബാധിക്കുന്നു എന്നു കൂടി ഈ പാട്ടിൽ വ്യക്തമാക്കപ്പെടുന്നു. "കേരളമാകെ ഇന്ന് നടപ്പിലാക്കപ്പെടുന്ന റിയൽ എസ്റ്റേറ്റ് വികസന മാമാങ്കത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് നോക്കു..... അവിടെയെല്ലാം മുറിവേറ്റിരിക്കുന്നത് രണ്ട് കൂട്ടർക്ക് മാത്രമാണ് ഒന്ന് ദളിതന് രണ്ടാമത്തേത് പരിസ്ഥിതിക്ക്" (കല്ലേൻ പൊക്കുടൻ, 2008 മാർച്ച് 3:11) എന്ന അഭിപ്രായം ഇതിനെ സാധൂകരിക്കുന്നു. കാതലുള്ള പ്ലാവെല്ലാം കുഞ്ഞിച്ചാപ്പന്റെ ഏട്ടൻ അമ്പലം പണിക്ക് ഉപയോഗിച്ചതിനാൽ ചാപ്പൻ കാതലുള്ള പ്ലാവ് തേടി കുഞ്ഞനന്തന് ചാർത്തിക്കൊടുത്ത സ്ഥലത്തെത്തുന്നു. പ്ലാവ് മുറിക്കുവാൻ കുഞ്ഞനന്തനോട് സമ്മതം ചോദിക്കുന്നു. ഈ പ്ലാവ് കുഞ്ഞനന്തനെയും കുടുംബത്തെയും മാത്രമല്ല സമീപ പ്രദേശങ്ങളിലെ കുടുംബത്തെ കൂടി തീറ്റിപോറ്റിയിരുന്നു (1960:281). ആ പ്ലാവിനെ ആശ്രയിച്ചാണ് തങ്ങളുടെ ജീവിതം മുന്നോട്ടു പോകുന്നതെന്നും അതു മുറിച്ചാൽ ഞങ്ങളിവിടെ ഇരുന്നിട്ട് കാര്യമില്ലെന്നും കുഞ്ഞനന്തൻ മറുപടി പറയുന്നു. മരം എങ്ങനെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് വ്യക്തമാക്കുന്നത്. ഇവിടെ പിലാവുമായുള്ള ബന്ധം പ്രയോജനവാദപരം കൂടിയാണ്. മനുഷ്യന് പ്രയോജനമുള്ള വൃക്ഷം. അതു കൊണ്ട് അതുവെട്ടരുതെന്നും പ്ലാവിനു പകരം കാട്ടിൽ കേറി ആയേനി, പുളിന്തേക്ക്, ജാതി, ജാതിചന്ദനം എന്നിങ്ങനെയുള്ള വിവിധ മരങ്ങളിൽ കാതലുള്ളതു നോക്കി എത്തിക്കാമെന്നും കുഞ്ഞനന്തൻ പറയുന്നു. അതു സമ്മതിച്ച് തിരികെപ്പോയ കുഞ്ഞിച്ചാപ്പൻ വീടിനടുത്തെത്തിയപ്പോൾ 'ചാലിയരുടെ വാക്കുകേട്ട് മടങ്ങിപ്പോന്നത് ശരിയായില്ല' എന്ന് വണ്ണത്താൻ അഭിപ്രായപ്പെട്ടതിനാൽ ഉടൻ തന്നെ പ്ലാവ് മുറിക്കാൻ തീയരെ അയക്കുന്നു. മുറിക്കാനാളെത്തിയപ്പോൾ ചാലിയരും ചാലിയത്തികളും കുട്ടികളുമെല്ലാം പ്ലാവ് മുറിക്കരുതെന്ന് നിലവിളിച്ച് മരത്തെ വളഞ്ഞു നിൽക്കുന്നു. മരം

മുറിക്കുന്നത് തടയുന്നതിനുവേണ്ടി മരങ്ങളെ കെട്ടിപ്പിടിച്ചു കൊണ്ട് 1930– കളിൽ നടന്ന ബിഷ്ണോയ് സമരത്തിന്റെയും 1970 കളിൽ നടന്ന പ്രസിദ്ധമായ ചിപ്കോമൂവ്മെന്റി ന്റെയും മറ്റൊരു രൂപമായി ഇതിനെ വിലയിരുത്താം. ഇത്തരം പ്രതിരോധങ്ങളൊന്നും അധികാരികളെ ബാധിക്കുന്നില്ല. ചാലിയർ കുടുംബത്തിന്റെ എതിർപ്പ് വകവയ്ക്കാതെ ചാപ്പന്റെ പണിക്കാർ (അധികാരിയുടെ കൈയാൾ) പ്ലാവ് മുറിച്ചു നീക്കുന്നു. ഭരണ ത്തിന്റെയും ജാതിയുടെയും അധികാരമാണ് ദളിതന്റെയും പരിസ്ഥിതിയുടെയും നിലനിൽപ്പിന് ഭംഗം സൃഷ്ടിച്ചത്.

> "പിലാവ് കുയിച്ചീക്കി കൊത്ത്യാണ്ടാരെ
> കരഞ്ഞ് വിളിച്ചപ്പിലാവും വീണു" (1960:288)

ആയിരം ചുളകൾ ചക്കയുടെ അകത്തും പുറത്തുമായി വീണു. ചാലിയരെല്ലാം കൂടി ചക്കയും ചുളയുമെല്ലാം വാരിയെടുത്ത് ഏട്ടൻ തമ്പുരാനെയും തഹസിൽദാരെയും കാണുന്നതും പരാതിപ്പെടുന്നതുമായ സംഭവങ്ങളാണ് തുടർന്ന് ഈ പാട്ടിൽ വിവരിക്ക പ്പെടുന്നത്. പ്ലാവിൽ മനുഷ്യത്വം ആരോപിക്കപ്പെടുന്നു. മനുഷ്യരെപ്പോലെ കരഞ്ഞു വിളിച്ചാണ് പ്ലാവ് വീണത്. അതിനൊപ്പം ചാലിയാർ കുടുംബവും കരയുന്നു. പ്ലാവിനെ ആശ്രയിച്ചാണ് കുടുംബങ്ങൾ പുലർന്നിരുന്നത് എന്നത് ശ്രദ്ധേയമാണ്. ഇന്ന് നാം യാതൊരു പ്രധാന്യവുമില്ലാതെ നശിപ്പിച്ചുകളയുന്ന ചക്കകൾ പഴയകാലത്ത് ഓരോ കുടുംബങ്ങളുടെയും ജീവിതമായിരുന്നു എന്ന തിരിച്ചറിവുകൂടി 'രാമത്തെളമേലെ കുഞ്ഞച്ചാപ്പൻ' നൽകുന്നു.

രാമായണകഥാപശ്ചാത്തലമുള്ള 'രാമചരിത'ത്തിൽ മരങ്ങൾക്ക് പ്രത്യേകമായ ഒരു ഇടമുണ്ട്. കാട് കൃതിയുടെ പ്രധാനപശ്ചാത്തലമാകുന്നതു കൊണ്ടു തന്നെയാണത്. രാവണനാൽ അപഹരിക്കപ്പെട്ട സീതയെ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി സമുദ്രത്തിൽ ചിറ കെട്ടുന്ന ഭാഗം മരങ്ങളെ നശിപ്പിക്കുന്നതിന്റെ കാഴ്ച കൂടിയാകുന്നു.[40] ചിറ നിർമ്മാണത്തിന്റെ ഭാഗമായി ധാരാളം മരങ്ങൾ നശിപ്പിക്കപ്പെടുന്നു. രാമന്റെ അധികാര ഭാവവും ശക്തിയുമാണ് മരങ്ങളെ ഇത്തരത്തിൽ നശിപ്പിക്കും എന്നു പറയുമ്പോൾ വ്യക്തമാകുന്നത്. അയോദ്ധ്യാരാജാവായ രാമന് പ്രയോജനപ്പെടുന്നില്ലായെങ്കിൽ തന്റെ സാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിലോ താൻ കീഴടക്കിയ പ്രദേശങ്ങളിലോ ഉള്ള ചരാചരങ്ങളെ നശിപ്പിക്കാനുള്ള അധികാരം രാജാവിനുണ്ടെന്ന പ്രഖ്യാപനം കൂടിയാണിത്. വിശ്വാമിത്രന്റെ തപസ്സിന്റെ കാഠിന്യത്താൽ വൃക്ഷങ്ങളിൽ നിന്നും ഇലകൾ കരിഞ്ഞു വീണതായി പറയുന്നു.

'രാമകഥപ്പാട്ടി'ൽ സീതയെ നഷ്ടപ്പെട്ടതായി തിരിച്ചറിയുന്ന രാമൻ പ്രകൃതിയോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുകയും മൃഗങ്ങളോടും പക്ഷികളോടുമെന്ന പോലെ മരങ്ങളോടും സീതയെ അന്വേഷിക്കുന്ന ഭാഗമുണ്ട് (2012:528)· ദുഃഖഘട്ടത്തിൽ രാമന് പ്രകൃതിയുടെ സഹായം ആവശ്യമുണ്ട് എന്നാൽ രാവണന്റെ ആജ്ഞയെ ഭയന്ന് വൃക്ഷങ്ങൾ കണ്ണീർ വാർത്തു കൊണ്ട് ലങ്കയുടെ നേർക്ക് ചാഞ്ഞു നിന്നു എന്നാണ് പറയുന്നത്.[41] സ്വയം നിലനിൽപ് സാധ്യമായ പ്രകൃതിയെ രാജാവ് എന്ന അധികാര ത്തിന്റെ ആജ്ഞാശക്തിയാൽ മൗനിയാക്കാൻ രാവണനു കഴിയുന്നു.

'കണ്ണശ്ശരാമായണ'ത്തിൽ സീതയെ രാവണൻ അപഹരിച്ചു കൊണ്ടുപോയ ഘട്ടത്തിൽ മറ്റു പ്രകൃതിഘടകങ്ങളോടെന്നപോലെ മരങ്ങളോടും വള്ളികളോടുമെല്ലാം സീതയെ അന്വേഷിക്കുന്നുണ്ട്. ഇവിടെ പ്രകൃതിസൗഹൃദപരമായ കാഴ്ചപ്പാടിന്റെ സൂചനകൾ ലഭിക്കുന്നുണ്ട്. എന്നാൽ ഇത്രയും സൗഹൃദപരമായ പെരുമാറ്റത്തിനുശേഷം സീതയെ കാണിച്ചു തന്നില്ലെങ്കിൽ മരങ്ങളുൾപ്പെടെയുള്ള പ്രകൃതിയെ ചുട്ടുവരട്ടുന്നുണ്ട് എന്ന് രാമൻ ഗർജ്ജിക്കുന്നു.[42] തന്റെ ഹിതത്തിനനുസരിച്ച് പ്രവർത്തിക്കാത്തതിനെ നശിപ്പിക്കുക എന്ന മനോഭാവമാണിവിടെ പ്രകടമാകുന്നത്. അധികാരപ്രയോഗമാണി വിടെ വ്യക്തമാക്കപ്പെടുന്നത്. പുരുഷൻ സ്ത്രീയുടെയും പ്രകൃതിയുടെയും മേൽ പ്രയോഗിക്കുന്ന അധികാരമായും സവർണനായ ഭരണാധികാരി അവർണർക്ക് മേൽ പ്രയോഗിക്കുന്ന അധികാരമായും നാട്ടിലുള്ളവർ കാടിനു മേൽ നടത്തുന്ന അധികാര മായും ഇതിനെ വിലയിരുത്താം. അതോടൊപ്പം മനുഷ്യർക്ക് ഹിതകരമെന്ന് കരുതപ്പെടുന്ന വികസനങ്ങൾക്ക് വിഘാതമായി നിൽക്കുന്ന സസ്യജന്തുജാലങ്ങളുൾപ്പെടെയുള്ള മനുഷ്യേതരപ്രകൃതിയെ നശിപ്പിക്കാൻ വെമ്പുന്ന ഏതു ഭരണകർത്താവിന്റെയും അധികാരമനോഭാവം രാമന്റെ ഈ വാക്കുകളിൽ വായിച്ചെടുക്കാം. കൃതിയിലെ യുദ്ധരംഗങ്ങൾ പ്രകൃതിനശീകരണത്തിന്റെ കാഴ്ചയാണ്. മരങ്ങൾ പിഴുതെറിഞ്ഞു കൊണ്ട് എതിരാളിയെ തോൽപ്പിക്കാൻ ശ്രമിക്കുന്ന കാഴ്ചകൾ യുദ്ധരംഗങ്ങളിലുണ്ട്. സവർണ്ണാവർണ്ണ വ്യത്യാസമില്ലാതെ അധികാരികൾ സ്വന്തം വിജയത്തിനുവേണ്ടി സസ്യപ്രകൃതിയെ നശിപ്പിക്കുന്നതായി രാമായണത്തിലെ രാമരാവണയുദ്ധസന്ദർഭം വ്യക്തമാക്കുന്നു.

'കല്യാണസൗഗന്ധിക'ത്തിൽ അദ്രീവനത്തിലൂടെ നടക്കുന്ന സന്ദർഭത്തിൽ സൗഗന്ധികപുഷ്പത്തിന്റെ സൗരഭ്യത്തിൽ മോഹിച്ച പാഞ്ചാലി ഭീമനോട് സൗഗന്ധിക പുഷ്പം പറിച്ചുവരാൻ ആവശ്യപ്പെടുന്നു. ഭീമനത് കഴിയുമെന്നു ബോധിപ്പിക്കുന്നതിന്

മുന്നിൽ കാണുന്ന പർവ്വതങ്ങളും മരങ്ങളും അടിച്ച് തകർത്ത് മുന്നേറാനുള്ള ശക്തി നിനക്കുണ്ടെന്നാണ് പറയുന്നത്.[43] കേവലം ഒരു പുഷ്പല ഭൃതയ്ക്കായി പർവ്വതത്തെയും വൃക്ഷങ്ങളെയുമെല്ലാം തകർത്ത് മുന്നേറുക എന്ന മനുഷ്യകേന്ദ്രിതമനോഭാവമാണിവിടെ പ്രകടമാകുന്നത്. മനുഷ്യന്റെ ആസ്വാദനത്തിനായി പ്രകൃതിയെ നശിപ്പിക്കുന്നു. മഹാവനത്തിലെ വൃക്ഷസമൃദ്ധി കണ്ട് സന്തുഷ്ടനാകുന്ന ഭീമൻ തന്റെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കാത്ത മരങ്ങളെയും വള്ളികളെയുമെല്ലാം അടിച്ചു തകർത്താണ് മുന്നേറുന്നത്. സ്വന്തം ശക്തിയിൽ അഹങ്കരിക്കുന്ന ഭീമന് എല്ലാം നശിപ്പിച്ചുകൊണ്ട് മുന്നേറുന്നതിനായിരുന്നു താല്പര്യം. തന്റെ ശക്തി പ്രകടനത്തിനായി പ്രകൃതിയെ ഒന്നാകെ നശിപ്പിച്ചുകളയുന്ന പ്രവണതയാണ് ഇവിടെ കാണുന്നത്. ഭീമന്റെ മുന്നേറ്റം കണ്ട് അതിനെ വിമർശിച്ചുകൊണ്ട് ഹനുമാൻ ചോദിക്കുന്നു. തനിക്ക് തടസ്സമാകുന്നതിനെയും അല്ലാത്തതിനെയും തകർത്തു മുന്നേറുന്ന ഭീമനോട് സ്വന്തം പരാക്രമത്തിനായി പ്രകൃതിയെ നശിപ്പിക്കുന്നതെന്തിനാണെന്ന് ഹനുമാൻ ചോദിക്കുന്നു. അതായത് പ്രകൃതിയെ നശിപ്പിച്ചുകൊണ്ടാണ് ഭീമൻ മുന്നേറുന്നത്. അധികാരം ഇവിടെയും ഒരു ഘടകമാണ്. കാട്ടിലാണെങ്കിലും ഭീമൻ രാജാവാണ്. തന്റെ കായികശക്തിയിൽ ഊറ്റം കൊണ്ട ഭീമൻ സ്വന്തം പദവികളുടെയും കരുത്തിന്റെയും ഏകപക്ഷീയമായ അധികാരം പ്രകൃതിക്കുമേൽ പ്രയോഗിക്കുന്നതായി കാണാം.

### 2.3.3.2. കവിത്രയകാലം

'ഹൃദയകൗമുദി' എന്ന സമാഹാരത്തിലെ 'പുല്ലിന്റെ ചൊല്ല്' എന്നു കവിത പ്രകൃതിയിൽ പുല്ലിനുള്ള പ്രാധാന്യത്തെ വ്യക്തമാക്കുന്നു. അതോടൊപ്പം പുല്ലുകളെ നശിപ്പിക്കുന്ന മനുഷ്യമനോഭാവവും അവതരിപ്പിക്കുന്നു.

> "നിങ്ങൾക്കും ഞങ്ങൾക്കും വന്ദ്യയായുള്ളൊരു
> മങ്ഗലരൂപിണി മേദിനിയെ
> പച്ചവില്ലീസുടയാടയണിയിച്ചു
> മെച്ചത്തിൽ വാഴുന്നു തുച്ഛർ ഞങ്ങൾ
> പാരക്കോൽ, മൺവെട്ടി, കൂന്താലിയിമ്മട്ടിൽ
> ഘോരമാമായുധ മോരോന്നേന്തി
> കുത്തിയും വെട്ടിയും കീറിയും മാന്തിയും
> നിത്യത നിങ്ങളും നിർവഹിച്ചു" (2006:958)

എന്നിങ്ങനെ പുല്ലുകൾ ഭൂമിക്ക് കഞ്ചുകമാകുമ്പോൾ ആയുധങ്ങളാൽ അതിനെ

വെട്ടിമുറിക്കുന്നു മനുഷ്യർ. കൂടാതെ 'പുല്ലുകൾ പുല്ലുകൾ' എന്ന് പുച്ഛിക്കുന്നതെന്തിനെന്നും പുല്ലുകൾ ചോദിക്കുന്നു. മരുഭൂമിയിലെ കഠിനവെയിലിൽ നട്ടംതിരിയുമ്പോഴേ, നിങ്ങൾ പുല്ലിന്റെ വിലയറിയൂ എന്നും വർണ്ണങ്ങളിൽ ഉത്തമം പച്ചയാണെന്നും പുല്ലുകൾ വ്യക്തമാക്കുന്നു. പശുക്കൾക്ക് തീറ്റയായും വൈദിക കർമ്മങ്ങൾക്കും ആയുർവേദാവശ്യങ്ങൾക്കും പുല്ലുകളെ ആവശ്യമുണ്ടെങ്കിലും അവയെ കാൽച്ചവിട്ടിനാൽ കഷ്ടപ്പെടുത്തുകയും കണ്ഠത്തിൽ കത്തിവയ്ക്കുകയും ചെയ്യുന്നു.

> "സോദരനല്ലീ നാമേവരും? ഒന്നല്ലീ
> താതനും മാതാവും നമ്മൾക്കെല്ലാം?" (2006:962)

എന്ന വിശ്വദർശനമാണ് പുല്ലുകൾ പ്രകടിപ്പിക്കുന്നത്. ആശാന്റെ 'വീണപൂവി'ലും ഇതേ ദർശനം അവതരിപ്പിക്കുന്നുണ്ട്.[44] ഇത്തരത്തിൽ ചരാചരങ്ങൾക്കെല്ലാം തുല്യപദവിയാണുള്ളതെന്ന് പുല്ലുകൾ വ്യക്തമാക്കുന്നു. എല്ലാ സസ്യജന്തുജാലങ്ങളും പ്രകൃതിയിൽ തുല്യരാണെന്ന ബോധമുണ്ടാവുന്നതിന് ദൈവം മനുഷ്യന് ബുദ്ധി നൽകട്ടെ എന്നാണ് പുല്ലുകൾ കരുതുന്നത്. ബുദ്ധിജീവിയെന്നഹങ്കരിക്കുന്ന മനുഷ്യന്റെ ബുദ്ധിശൂന്യതയാണ് കവിത വെളിപ്പെടുത്തുന്നത്. അതോടൊപ്പം പുതിയ പാരിസ്ഥിതിക ചിന്താപദ്ധതികളിലൊന്നായ ഗഹനപരിസ്ഥിതിവാദവുമായി ഈ കവിതയെയും ചേർത്തുവായിക്കാം. നാം നിസ്സാരമെന്നു കരുതുന്ന പുല്ലിനു പോലും പ്രകൃതിയിൽ അതിന്റേതായ ധർമ്മങ്ങളും സ്ഥാനങ്ങളുമുണ്ടെന്ന് കവിത ഓർമ്മിപ്പിക്കുന്നു.

കവിത്രയകാലത്തെ തെരഞ്ഞെടുത്ത കവികളിൽ ഉള്ളൂരിൽ മാത്രമാണ് ചെടികളും മരങ്ങളും പൊതുവെ പ്രകൃതനശീകരണസൂചനകളായി പ്രത്യക്ഷപ്പെടുന്നത്.

### 2.3.3.3. കവിത്രയത്തിനുശേഷമുള്ള കാലം

കാടിന്റെ ഐശ്വര്യമാകുന്ന മരങ്ങളെ മരക്കമ്പനികളിൽ എത്തിക്കുന്നതിനെ പി. കുഞ്ഞിരാമൻനായരുടെ 'കീർത്തിമുദ്ര' എന്ന കവിത പരാമർശിക്കുന്നു.

> "കൊള്ളയിൽക്കൊല്ലപ്പെട്ട മാമരങ്ങൾ തൻശവം
> തള്ളി ദുർഗന്ധംപൊന്തും തടിനീതടങ്ങളിൽ" (2005:960)

എന്നിങ്ങനെ മരങ്ങളെ മനുഷ്യർ കശാപ്പു ചെയ്യുന്നതായി കവിത അടയാളപ്പെടുത്തുന്നു. അണക്കെട്ടിൽ പുഴയെ തളച്ചപ്പോൾ പുഴയോരങ്ങളിലെ മരങ്ങൾക്കുണ്ടാകുന്ന പരിവർത്തനങ്ങളെ 'മാമ്പൂമണം'എന്ന കവിത അവതരിപ്പിക്കുന്നു. കവുങ്ങുകൾ ദുഃഖിച്ചു, പാറപ്പുറത്തുനിൽക്കുന്ന അരയാൽ ചുവപ്പുടുത്തു, കാഞ്ഞിരം ഒറ്റയ്ക്കുനിന്ന് പൊരുതി,

തേന്മാവും ചക്കയും നശിക്കുന്ന അവസ്ഥയിലായി, കൊന്നയ്ക്കാകട്ടെ പുതിയതെന്തൊക്കെയോ കൈവന്നു എന്നിങ്ങനെയുള്ള മാറ്റങ്ങളെയാണ് കവിത സൂചിപ്പിക്കുന്നത്.

സഹ്യപർവ്വതത്തിന്റെ പടിക്കൽ വന്ന് ശങ്കിച്ചു നിൽക്കുന്ന മേഘങ്ങളെയും അതിന്റെ കാരണങ്ങളെയും 'കാലവർഷം' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിത അവതരിപ്പിക്കുന്നു. മനുഷ്യന്റെ ലാഭമോഹങ്ങളാൽ മരങ്ങളുടെ കൊലനിലമായി മാറിയ കാടുകളെ കണ്ടതുമൂലമാണ് കാർമേഘങ്ങൾ ശങ്കിച്ചു നിൽക്കുന്നതെന്ന് കവിത വ്യക്തമാക്കുന്നു. മരം മുറിച്ചത് ബ്രഹ്മഹത്യയ്ക്ക് തുല്യമെന്ന് കവിത വിശ്വസിക്കുന്നു.

> "ചെമ്മേ പൊറുക്കിൻ വൃക്ഷസംഹാരമാം
> ബ്രഹ്മഹത്യയ്ക്കൊത്ത പാതകങ്ങൾ" (2005:343)

എന്നിങ്ങനെ ബ്രഹ്മണരായ മനുഷ്യരെ കൊല്ലുന്നതിനു തുല്യമാണ് മരം മുറിക്കൽ എന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യരാണ് പ്രകൃതിയിലെ ഉന്നതസ്ഥാനീയരെന്നു കരുതുന്ന ചിന്തയ്ക്കു പകരം മനുഷ്യവർഗ്ഗത്തിൽ ശ്രേഷ്ഠരെന്നു വിലയിരുത്തപ്പെട്ട ബ്രാഹ്മണർക്കു തുല്യമാണ് മരങ്ങളുടെ സ്ഥാനമെന്ന് കവിത ബോധ്യപ്പെടുത്തുന്നു. കൂടാതെ കിണറിനും കടലിനുമെല്ലാം ധാരാളം സമ്പത്ത് വാരി നൽകുന്ന മേഘങ്ങളോട് മഴയായി വരാൻ അപേക്ഷിക്കുന്നു. അപ്പോൾ മാത്രമേ മരങ്ങൾക്ക് കാറ്റിനു ചാമരം വീശാനും തോപ്പിനു പച്ചത്തഴകൾ പൊക്കാനും കഴിയുകയുള്ളൂ എന്നും കവിത വ്യക്തമാക്കുന്നു.

ജൈവപാരസ്പര്യത്തിന്റെ അടയാളമായ പുളിമാവ് വെട്ടിക്കളയുന്നതാണ് ഇടശ്ശേരിയുടെ 'പുളിമാവുവെട്ടി' എന്ന കവിതയുടെ പ്രമേയം

> "പുറം പറമ്പിൽപ്പുളിമാവൊന്നു-
> ണ്ടാരാൻ പിള്ളർക്കൊരു പൂരം!
> മുറിച്ചുതള്ളിപ്പലകപിടിപ്പിൻ!
> വാങ്ങീ ഞാനതിനച്ചാരം"(2012:541)

എന്നാണ് കവിത ആരംഭിക്കുന്നത്. ആരാന്റെ പിള്ളർക്ക് ഉതകുന്ന പുളിമാവ് വെട്ടി പലക പിടിക്കാൻ ഉടമസ്ഥൻ താല്പര്യപ്പെടുന്നു. സമീപത്തെ കുടിലുകൾക്കടയാളവും അവരുടെ ജീവിതവുമായി അടുത്ത ബന്ധവുമുള്ള ആ മാവ് വെട്ടിക്കളയുന്നു. തണലില്ലാതാക്കി പറവകളുടെ ഭൂമിയെ കുലുക്കിക്കൊണ്ട് ആ മാവ് നിലം പതിക്കുന്നു. തുച്ഛമായ ലാഭത്തിനുവേണ്ടി ഒരു ജൈവിക ഇടത്തെ ഇല്ലായ്മ ചെയ്യുന്നു. "കേവലമായ വൃക്ഷസ്നേഹത്തിനപ്പുറം തരുലതാദികളെ ഉൾക്കൊള്ളുന്ന പ്രകൃതിയുടെ അസ്തിത്വത്തിന്റെ പൊരുൾ തേടുന്നു പുളിമാവുവെട്ടി എന്ന രചന'' എന്ന പി.പി.കെ.

പൊതുവാളിന്റെ അഭിപ്രായം ശ്രദ്ധേയമാണ് (2007:75). പൂന്തേനിന്റെ രുചിയുള്ള മാമ്പഴങ്ങളുടെ നഷ്ടം കൂടിയാണ് പുളിമാവ് വെട്ടുന്നതിലൂടെ സംഭവിച്ചത്. ഇവിടെ മാവ് പ്രകൃതിയുടെ മുഴുവൻ പ്രതീകമാണ്. തുച്ഛമായ ലാഭത്തിനുവേണ്ടി വലിയ ഒരു ജൈവ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്ന സാഹചര്യമാണ് കവിതയിൽ കാണുന്നത്. 'രാമത്തെളമേലെ കുഞ്ഞിച്ചാപ്പൻ' എന്ന നാടൻപാട്ടിലെ പ്ലാവു മുറിക്കുന്ന സാഹ ചര്യങ്ങളുമായി ഈ കവിതയ്ക്ക് സാദൃശ്യമുണ്ട്. പ്ലാവിന്റെയും മാവിന്റെയുമെല്ലാം നാശം ജൈവവൈവിധ്യത്തിന്റെ തന്നെ നാശമാണ്. പാരിസ്ഥിതികമായ അവബോധത്തിലേക്ക് കവിത വികസിക്കുന്നുണ്ട്.

ഇടശ്ശേരിയുടെ 'മുള്ളൻചീര' എന്ന കവിത ഭൂമിയിലുള്ള മനുഷ്യ അധിനിവേശ ത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഭൂമിയിൽ മനുഷ്യന്റെ അധിനിവേശത്തോടൊപ്പം മനുഷ്യനിർമ്മിതവസ്തുക്കളുടെയും അവന് താല്പര്യമുള്ളവയുടെയും അധിനിവേശം സംഭവിക്കുന്നു. ഇത് 'മുള്ളൻചീര" പോലുള്ള ചെടികൾ തിരോഭവിക്കുന്നതിന് കാരണ മാകുന്നതായി കവിത വെളിപ്പെടുത്തുന്നു. പ്രകൃതിയിലെ ജൈവവൈവിധ്യത്തിന്റെ നഷ്ടത്തെയാണ് ഇവിടെ പരാമർശിക്കുന്നത്.

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ചങ്ങമ്പുഴ, വയലാർ, വൈലോപ്പിള്ളി എന്നിവരിൽ പ്രകൃതിനശീകരണപരമായി ചെടികളെയും മരങ്ങളെയും പരാമർശിച്ചതായി ശ്രദ്ധിക്കപ്പെട്ടില്ല.

### 2.3.3.4. ആധുനികതാഘട്ടം

അയ്യപ്പപ്പണിക്കരുടെ 'പ്രശ്നപരിഹാരം' എന്ന കവിത ഭൂമിയിലെ പ്രശ്നങ്ങൾ ക്കുള്ള പരിഹാരം തേടുന്നു. പ്രശ്നപരിഹാരത്തിന് കവി കണ്ടെത്തുന്ന ഏകമാർഗ്ഗം മരങ്ങളെ വെട്ടിക്കളയുക എന്നതാണ്.

> "ഈ മരങ്ങളെ വെട്ടിക്കളഞ്ഞാൽ
> ഭൂമിതൻ കുളിർനീർച്ചോല വറ്റും
> ഭൂമിതൻ കുളിർ നീർച്ചോല വറ്റിയാൽ
> കാനനങ്ങൾ മരുപ്പറമ്പാകും" (1996:113)

എന്നും മരുപ്പറമ്പായാൽ മനുഷ്യന്റെ മനസ്സ് മുരടിക്കുമെന്നും അപ്പോൾ പക്ഷികൾ പാടാതാവുകയും ജന്തുക്കൾ പരസ്പരം ഹിംസ ചെയ്യുമെന്നും കവിത വെളിപ്പെടു ത്തുന്നു. അപ്പോൾ ജീവിതം പ്രശ്നമല്ലാതാവും എന്നാണ് കവിത പറയുന്നത്. അതായത്

മരംമുറിക്കൽ ജീവിതം മുറിക്കൽ തന്നെയാണ്. മരം മുറിക്കുന്നതിലൂടെ പ്രകൃതിയും ജീവിതവും ഇല്ലാതാവുന്നു. മരം മുറിച്ചാൽ ഭൂമിയിലെ പ്രശ്നങ്ങളെല്ലാം തീരുമെന്ന് ആക്ഷേപഹാസ്യരൂപേണ കവിത വ്യക്തമാക്കുന്നു.'ഒരു മരം വെട്ടുന്നേരം' എന്ന കവിതയും മരം മുറിക്കലിനെയാണ് പ്രശ്നവൽക്കരിക്കുന്നത്. ഒരു മരം വെട്ടുമ്പോൾ മരുഭൂമി ജനിക്കുകയും കൃഷിഭൂമി മരിക്കുകയും ചെയ്യുന്നു. ഒരു മരം വെട്ടുമ്പോൾ മഴ കുറയുകയും പർവ്വതമുലയുകയും കരകടലുകൾ കരിയുകയും നദികൾ വരളുകയും ചെയ്യുന്നു. കൂടാതെ ആനകൾ ഞെട്ടുകയും മയിൽ ആട്ടം നിർത്തുകയും കിളിയുടെ പാട്ടു നിലയ്ക്കുകയും തിണകൾ നശിക്കുകയും ചെയ്യുന്നു. ജീവവംശങ്ങൾ നശിക്കുകയും സഹ്യാദ്രി ഉഴറുകയും ഋതുക്കൾ പരിവർത്തനപ്പെടുകയും ചെയ്യുന്നു എന്നിങ്ങനെയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളെയാണ് കവിത അവതരിപ്പിക്കുന്നത്.

"ഒരു മരം വെട്ടുന്നേരം
മരുഭൂമി ജനിക്കുന്നു
പിതൃഭൂമി മരിക്കുന്നു" (1996:151)

മരമാണ് പ്രകൃതിയുടെ നിലനിൽപ്പിന്നാധാരം അതിനാൽ ഒരു മരം പോലും മുറിക്കരുത് എന്ന ചിന്തയാണ് കവിത മുന്നോട്ടു വയ്ക്കുന്നത്. മരം മുറിക്കുന്നത് തടഞ്ഞു കൊണ്ട് നടത്തപ്പെട്ട ബിഷ്ണോയ് സമരത്തിന്റെയും ചിപ്കോ മൂവ്മെന്റിന്റെയുമെല്ലാം ഉദ്ദേശലക്ഷ്യങ്ങൾ തന്നെയാണ് ഇത്തരത്തിലുള്ള കവിതകളിലൂടെയും സാക്ഷാത്ക്കരി ക്കപ്പെടുന്നത്. 'ആ മരം ഈ മരം' എന്ന കവിതയിലും മരവെട്ടലിനെക്കുറിച്ച് പരാമർശി ക്കുന്നുണ്ട്. മരം മുറിക്കുമ്പോൾ അവസാനത്തെ തളിർകൂടി നശിപ്പിച്ചു കളയരുതെന്നും മരത്തിന്റെ പേരെഴുതാനായി മരം തന്നെ വെട്ടിവീഴ്ത്തി ഇവിടം മരുഭൂമിയാക്കരുതെന്നും വ്യക്തമാക്കുന്ന കവിത മരംമുറിക്കൽ എന്ന പാരിസ്ഥിതികപ്രശ്നത്തെയാണ് സൂചിപ്പിക്കുന്നത്.

മനുഷ്യർക്ക് തണൽ നൽകി പടർന്നു നിൽക്കുന്ന മരത്തെ സ്തുതിക്കുന്നു സുഗതകുമാരിയുടെ 'മരത്തിനുസ്തുതി' എന്ന കവിതയിൽ

"നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ
യിത തൊഴുന്നേൻ" (2011: 502)

എന്നുപരാമർശം. മനുഷ്യർ ഉല്പാദിപ്പിക്കുന്ന വിഷം കുടിച്ച് അതിൽ നിന്നും മനുഷ്യർക്ക് സംരക്ഷണം നൽകുന്നതിനാലാണ് മരത്തിന് സ്തുതി പറയുന്നത്. ഇവിടെ മരത്തിന്റെ പാരിസ്ഥിതികപ്രാധാന്യം വ്യക്തമാക്കപ്പെടുന്നുണ്ട്. പ്രകൃതിയുടെ ആവശ്യം എന്ന നിലയിലല്ല മറിച്ച് മനുഷ്യപ്രകൃതിയുടെ നിലനിൽപ്പിനാണ് മരം ആവശ്യമായി വരുന്നത്. ശുദ്ധവായു നൽകുന്നതിനൊപ്പം പൂക്കളും തേനും കനിയും നൽകി മഴയായും കുളിരായും പഴമായും മരുന്നായും മരം മനുഷ്യനെ സൽക്കരിക്കുന്നു. ഇത്തരത്തിൽ മനുഷ്യന്റെ ബാല്യം മുതൽ വാർദ്ധക്യം വരെ മരം കൂടെയുണ്ടെന്നും തൊട്ടിലായും മണിമഞ്ചമായും മരണശയ്യയായും മാറുന്ന മരത്തിന് നെഞ്ചിൽ മഴുപ്പാട് സമ്മാനിക്കുന്നവനാണ് മനുഷ്യനെന്നും കവിത അടയാളപ്പെടുത്തുന്നു (2011:502). വൻതോതിൽ മരം മുറിച്ചു നീക്കിക്കൊണ്ട് പരിസ്ഥിതിസന്തുലിതാവസ്ഥയെ മനുഷ്യർ തകിടം മറിക്കുന്ന പശ്ചാത്തലത്തിലാണ് കവിത രചിക്കപ്പെട്ടിരിക്കുന്നത്. മരം അടിവേരു മുതൽ ഇലവരെ മനുഷ്യനു നൽകുമ്പോൾ അവർ പകരമായി മഴുപ്പാടും തീയും നൽകുന്നതായും എല്ലാം പൊറുക്കാൻ വിധിക്കപ്പെട്ട മരവും പ്രകൃതിയും അത് പൊറുക്കണമെന്നും കവിത ആവശ്യപ്പെടുന്നു. മരമാണ് പ്രകൃതി സന്തുലിതാവസ്ഥയുടെ അടിസ്ഥാനമെന്ന തിരിച്ചറിവ് കവിത നൽകുന്നുണ്ടെങ്കിലും ആ സന്തുലനാവസ്ഥ മനുഷ്യന്റെ നിലനില്പിനാണെന്ന സ്വാർത്ഥതയാണ് പാരിസ്ഥിതികവിരുദ്ധമായി കവിതയെ മാറ്റുന്നത്. പരിസ്ഥിതി സംരക്ഷിക്കപ്പെടണമെന്ന വാദം പോലും മനുഷ്യന്റെ നിലനിൽപ്പിനെയാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രകൃതി നശിച്ചാൽ മനുഷ്യന് നിലനില്പില്ല എന്ന ബോധ്യത്തിൽ നിന്നാണ് പ്രകൃതി സംരക്ഷിക്കപ്പെടണം എന്ന ചിന്തയുണ്ടാവുന്നത്. അതുകൊണ്ടുതന്നെ പരിസ്ഥിതിവാദങ്ങൾ പലപ്പോഴും മനുഷ്യപക്ഷത്തു നിന്നാണ് ചിന്തിക്കുന്നത്.

മരങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യത്തെയാണ് സുഗതകുമാരിയുടെ ‘മരങ്ങൾ’ എന്ന കവിതയും വിഷയമാക്കുന്നത്. മരങ്ങൾ നട്ട് സന്തോഷിക്കുമ്പോഴും ‘മഹാശാസ്ത്ര യുഗമാണി’ തെന്ന അറിവിൽ കവിത ആശങ്കപ്പെടുന്നു. ചാവുന്ന പുഴകളും ചൂട് വർദ്ധിപ്പിക്കുന്ന സൂര്യനും, അതിൽ ഞെരിയുന്ന ഭൂമിയും വരളുന്ന മണ്ണിന്റെ ഉൾത്തടവും സഹിക്കാനാവാതെ യുഗപുത്രൻ ആർദ്രത തേടിയലയുന്നതായി കവിത വ്യക്തമാക്കുന്നു.

“അവനായ് മരം നട്ടും നനച്ചും
തണൽവെച്ചും
അവനായ് പൂവും
കിളിമുട്ടയും പാട്ടും കാത്തും

ഉഴലുന്നവർ ഞങ്ങൾ" (2011:664)

എന്ന് സുഗതകുമാരി സാക്ഷ്യപ്പെടുത്തുന്നു. മരം മുറിക്കൽ പ്രകൃതിയെ എങ്ങനെ ബാധിക്കുന്നു എന്നും അതിനെ പ്രതിരോധിക്കേണ്ടത് ഓരോരുത്തരുടെയും കർത്തവ്യമാണെന്നുമുള്ള ബോദ്ധ്യപ്പെടുത്തലാണ് ഈ കവിത. ഇവിടെയും പ്രകൃതിയ്ക്കു വേണ്ടിയാണ് മരങ്ങൾ വയ്ക്കുന്നതെങ്കിലും മനുഷ്യന്റെ നിലനില്പ് പ്രധാനപ്രശ്നമായി കടന്നുവരുന്നു. 'തൈവയ്ക്കൽ' എന്ന കവിതയും പാരിസ്ഥിതികമായി പ്രാധാന്യമർഹിക്കുന്നു. ഒരു ചിത്രക്കാഴ്ചയായാണ് ഈ കവിത അവതരിപ്പിക്കപ്പെടുന്നത്. ഒരു ഭാഗത്ത് വിജയം പ്രഖ്യാപിച്ചുകൊണ്ട് നഗരം ഉയരുമ്പോൾ ഒരമ്മ മകന്റെ കൈപിടിച്ച് ഒരു തൈ വയ്ക്കുന്നു. അതാകട്ടെ വളർന്നു വലുതായി പഴവും തണലും പൂക്കളും പച്ചയും മഴയും തന്റെ മകന് നൽകട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ടാണ്. ഈ അമ്മ തന്റെ മകനുവേണ്ടിയാണ് തൈ വയ്ക്കുന്നത്. പാരിസ്ഥിതികമായ വളർച്ചയ്ക്ക് മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടത് അനിവാര്യമെന്ന തിരിച്ചറിവ് നൽകുന്നുവെങ്കിലും തന്റെ മകന് അല്ലെങ്കിൽ മനുഷ്യനുവേണ്ടി എന്ന സ്വാർത്ഥത തന്നെയാണ് ഈ ചിന്തയ്ക്കു പിന്നിലുള്ളത്.

'ഒരു മരപ്പാട്ട്' എന്ന കവിതയും മരങ്ങളുടെ പ്രാധാന്യത്തെയാണ് വ്യക്തമാക്കുന്നത്. കിളികൾക്കും മനുഷ്യർക്കും തുമ്പിക്കും കുഞ്ഞിനും വൃദ്ധനുമെല്ലാം മരം വേണം. പ്രാണനായും കുടിക്കുവാൻ വെള്ളമായും  പഴമായും തണലായും മരം മാറുന്നതായി കവിത വ്യക്തമാക്കുന്നു. കൂടാതെ ആകാശത്തിനും മണ്ണിനും മരം ആവശ്യമാണ്. അതിനാൽ മരം മുറിച്ച് കാശാക്കരുതെന്നും അത് ഞങ്ങൾക്ക് വീടാണെന്നും കവിത മരം മുറിക്കുന്നവരോട് പറയുന്നു.[45] ഇവിടെയൊന്നും മരത്തെ സ്വയം നിലനില്പ് സാധ്യമായ ജീവവസ്തുവായി പരിഗണിക്കുന്നില്ല. മനുഷ്യന്റെയോ മറ്റു ജീവികളുടെയോ നിലനില്പിനെ സഹായിക്കുക മാത്രമാണ് മരങ്ങളുടെ ലക്ഷ്യമെന്നു വരുന്നു. അതിനപ്പുറം സുഗതകുമാരിക്കവിതകളിൽ മരത്തിന് പ്രാധാന്യം ലഭിക്കുന്നില്ല. മരത്തിന്റെ പ്രയോജനപരിധിയിലാണ് കവിതയുടെ ഊന്നൽ.

'മുളയിലകളിൽ....' എന്ന കവിതയിൽ മുളയെ പരാമർശിക്കുന്നു. മുളയിലകളിൽ തീപൊരിയും മഴയും നിലാവും ഉണ്ടാക്കുന്ന വ്യത്യസ്ത അനുഭവങ്ങളാണ് കവിത പരാമർശിക്കുന്നത്. തീപ്പൊരി വീഴുമ്പോൾ പിറുപിറുക്കുകയും മഴ വീഴുമ്പോൾ തുള്ളുകയും, നിലാവ് വീഴുമ്പോൾ മിന്നിപ്പതഞ്ഞൊഴുകുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു.മരത്തിനെ സ്തുതിക്കുന്ന രീതിയാണ് 'ഒരു തൈ വയ്ക്കു' എന്ന കവിത

ഉൾക്കൊള്ളുന്നത്. ഉണ്ണിക്കൈകൊണ്ടു വയ്ക്കുന്ന തൈ കുഞ്ഞിനോടൊത്ത് വളരട്ടെ എന്നും കയ്യുകൾ നീട്ടി ചില്ലകളാടി വളർന്ന് പൂവും മണവും തേനും പഴവും വായുവും തണലും കുളിരും മഴയും മണ്ണിനുയിരും നൽകട്ടെ എന്നും കവിത ആഗ്രഹിക്കുന്നു. മനുഷ്യരെയും ഇതരജീവികളെയും കാക്കുന്ന വന്മരമായി തൈ വളരട്ടെ എന്നു പറയുന്നതിൽ നിന്ന് മരം മനുഷ്യനെയും ജീവജാലങ്ങളെയും സംരക്ഷിക്കാനുള്ള താണെന്ന ബോധമാണ് പ്രകടമാകുന്നത്.

സുഗതകുമാരിയുടെ തന്നെ 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തൂ?' എന്ന കവിതയിൽ

"ഒരു മരത്തിന്റെ മരണത്തിനെന്തു
വില? പ്രകൃതിയാക്കണക്കു നോക്കുന്നു" (2011:542)

എന്നിങ്ങനെ മരത്തിനും കിളിക്കുമെല്ലാം പ്രകൃതിയിൽ പ്രധാന്യമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. മരങ്ങളും കിളികളും കാടും നശിപ്പിക്കപ്പെടുന്ന സമകാലിക പാരിസ്ഥിതികാവസ്ഥയെയാണ് കവിത അടയാളപ്പെടുത്തുന്നത്. ഓരോ പ്രകൃതി ഘടകത്തിന്റെയും നാശത്തിന് പ്രകൃതി മനുഷ്യനോട് കണക്കു ചോദിക്കുമെന്നും കവിത വ്യക്തമാക്കുന്നു.

കടമ്മനിട്ടയുടെ 'നഗരത്തിൽ' എന്ന കവിതയിൽ മനുഷ്യന്റെ ആസ്വാദന താല്പര്യത്തിനനുസരിച്ച് മാറ്റിയെടുത്ത പ്രകൃതിയെ കാണാം.

"കത്രിച്ച തലയാട്ടി നിൽക്കുന്ന തരുക്കളും
കുപ്പിയിൽ വളരുന്ന വനജ്യോത്സനയും കണ്ടു?" (2015:67)

എന്നിങ്ങനെ പടർന്നു പന്തലിക്കാനുള്ള മരങ്ങളുടെ സ്വതന്ത്ര്യത്തെ ഇല്ലായ്മ ചെയ്ത് ബോൺസായ് വൃക്ഷങ്ങളെ വളർത്തുന്ന മാനുഷികരീതിയെ കവിത അടയാളപ്പെടു ത്തുന്നു. പ്രകൃതിഘടകങ്ങളുടെ വളർച്ചയിൽ കൈകടത്തുകയും പ്രകൃതിയുടെ ഓരോ ഭാവത്തിലും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന മനുഷ്യമനോഭാവത്തെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

ജി. കുമാരപിള്ള, എൻ.എൻ. കക്കാട്, ഒ.എൻ.വി, സച്ചിദാനന്ദൻ, വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ മരങ്ങളെ നശിപ്പിക്കുന്നതായുള്ള പരാമർശങ്ങൾ പൊതുവെ ഇല്ലെന്നു പറയാം.

### 2.3.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'നഗരത്തിലെ നാട്ടുമാവ്' എന്ന കവിത സമകാലപാരിസ്ഥിതികാവസ്ഥയുടെ കൃത്യമായ രേഖപ്പെടുത്തലാണ്. നഗരത്തിലെ മാവിലിരുന്ന പക്ഷികൾ പാട്ട് പകുതി നിർത്തി പറന്നു പോകുന്നു.

"ഖേചരങ്ങൾക്കു മാർഗം വിധിക്കെ
ദേവദേവൻ മറന്നുപോയല്ലോ
ഭൂമി പച്ചയായ് മാറ്റിയലക്ഷം
ഭൂരുഹങ്ങൾക്കു പാതയേകീടാൻ" (2013:121)

എന്നിങ്ങനെ പക്ഷികൾക്കു പറന്നുപോകാൻ മാർഗ്ഗം നൽകിയ ദൈവം വൃക്ഷങ്ങൾക്ക് അതിനുള്ള കഴിവ് നൽകിയില്ലെന്ന് നാട്ടുമാവ് വിഷമിക്കുന്നു. മറ്റുജീവികൾ കായയും പൂവും ഇലയുമെല്ലാം തിന്ന് തഴച്ചപ്പോൾ മരങ്ങൾ ക്ഷയിക്കുകയും ജനിച്ചുവീഴുന്ന ദിക്കിൽ തന്നെ ജീവിതാവസാനം വരെ കഴിയേണ്ടി വരികയും ചെയ്യുന്ന അവസ്ഥയിൽ നാട്ടുമാവ് പരിതപിക്കുന്നു. പട്ടണത്തിൽ വേരുറച്ചുപോയതിനാൽ തന്റെ ഭാഗ്യങ്ങൾ നഷ്ടപ്പെട്ടതായി നാട്ടുമാവ് വിലപിക്കുന്നു. വിദേശപഴവർഗ്ഗങ്ങൾ വിഷം കലർന്ന് നഗരത്തിൽ നിരന്നിരിക്കുമ്പോൾ നാട്ടുമാമ്പഴങ്ങളുടെ പ്രാധാന്യം നഷ്ടപ്പെടുന്നു. ആരെങ്കിലുമെടുത്താസ്വദിച്ചാൽ വൃക്ഷജന്മം സഫലമാകുമെന്നും ചിന്തിക്കുന്നു.

പട്ടണവികസനത്തിന്റെ ഭാഗമായി മാവ് മുറിക്കാൻ പോകുന്നുവെന്ന് താഴെ കാറ്റേറ്റിരിക്കുന്നവർ പറയുന്നു. ശക്തൻതമ്പുരാൻ, വിവേകാനന്ദൻ, കെ.പി.കറുപ്പൻ, വെല്ലിംഗ്ടൺ തുടങ്ങി ചരിത്രങ്ങൾക്കു സാക്ഷ്യം വഹിച്ച ആ മാവ് കോടതിയിലേക്കു വരുന്ന വക്കീലന്മാരെയും വാദികളെയും പ്രതികളെയുമെല്ലാം കാണാറുണ്ടെന്നും വ്യക്തമാക്കുന്നു. പകൽച്ചൂട് അവസാനിച്ചുകൊണ്ടെത്തുന്ന വൈദ്യുതവിളക്കുകൾക്കു മുന്നിൽ നിൽക്കുമ്പോൾ അവിടെയുണ്ടായിരുന്ന കാടിനെ മാവ് ഓർക്കുന്നു. ഇവിടെ മരത്തിന് ചിന്താശേഷി കല്പിക്കുന്നു.

"മർത്ത്യരല്ല, മാത്സര്യങ്ങളില്ലി-
മ്മട്ടിലാ വൃക്ഷസോദരൻ തമ്മിൽ.
തോളുരുമ്മിത്തളർച്ചയിൽക്കൂടി-
ത്താണചില്ലകൾ കോർത്തു മെയ്താങ്ങി"(2013:124)

പരസ്പരസഹകരണത്തോടെ കഴിഞ്ഞിരുന്ന കാലം ഗൃഹാതുരമായ ഓർമ്മ മാത്രമായി അവശേഷിക്കുന്നു. ഇന്ന് തന്റെ തളർച്ചയിൽ താങ്ങുവാൻ അടുത്തൊന്നും

മരമില്ലാത്തതിൽ മാവ് ദുഃഖിക്കുന്നു "ഒരു വൃക്ഷത്തിനു സ്വയം സ്ഥിരതയുള്ളൊരു പ്രാദേശിക പരിസ്ഥിതിയുണ്ടാക്കി നിലനിർത്തുവാൻ കഴിയില്ല. അതിനു കാറ്റിന്റെയും കാലാവസ്ഥയുടെയും കരുണയുണ്ടാകണം. എന്നാൽ, അനവധി മരങ്ങൾ ഒരുമിച്ചു നിൽക്കുമ്പോൾ അവയ്ക്കു തീവ്രമായ തണുപ്പിനെയും ചൂടിനെയും ക്രമീകരിക്കുന്ന ഒരു ആവാസവ്യവസ്ഥ ഉണ്ടാക്കിയെടുക്കുന്നതിനും നല്ലയളവിൽ വെള്ളം സംഭരിച്ചു വെക്കുന്നതിനും ഒരു നല്ല പരിധിവരെ ഈർപ്പം ഉണ്ടാക്കിയെടുക്കുന്നതിനും കഴിയും. ഇങ്ങനെ സംരക്ഷിതമായ ഒരു പരിതസ്ഥിതിയിൽ, വൃക്ഷങ്ങൾക്കു വളരെയേറെ പ്രായമാകുന്നതുവരെ ജീവിക്കാനാകും" എന്ന് പീറ്റർ വൊലെബെൻ പറയുന്നുണ്ട് (2018:25). ഇത്തരമൊരു സാഹചര്യം നാട്ടുമാവിന് നഷ്ടമാകുന്നു. ആയിരത്തോളം പ്രാണിവർഗ്ഗങ്ങൾ കഴിയുന്ന വേരും പച്ചമണ്ണിന്റെ ഉറപ്പും തണുപ്പുമായി നിൽക്കുന്നതും പക്ഷികൾ പറന്നു പാടുന്നതും കാറ്റടിച്ച് കാർമേഘങ്ങൾ മഴയായി പെയ്യുമ്പോഴുള്ള കാടിന്റെ ശബ്ദവും ഏതുജന്മത്തിലാണ് തനിക്ക് ലഭിക്കുക എന്ന് നാട്ടുമാവ് ചിന്തിക്കുന്നു. മഞ്ഞുതുള്ളിയേറ്റ് പൂക്കുകയും പിന്നീട് പൂവെല്ലാം കൊഴിയുമ്പോൾ ദുഃഖം മാത്രം ബാക്കിയാവുകയും ചെയ്യുന്നതായി മാവ് വ്യക്തമാക്കുന്നു.

"ദുഃഖമില്ലേ ഭവാന്നു, ഗ്രാമീണ
ഭദ്രജീവിതം വേണമെന്നില്ലേ?
വാഹനങ്ങൾ വിഷപ്പുകയേറ്റി
വാടിവീഴുമയുണ്ണിക്കിടാങ്ങൾ!" (2013:125)

എന്നിങ്ങനെ വഴിപോക്കർ നാട്ടുമാവിനോട് ചോദിക്കുന്നു. ദൈവത്തിന് ഇത്തിരിനേരം കൊണ്ട് തന്നെ ഇല്ലാതാക്കാൻ കഴിയുമെങ്കിലും മനുഷ്യരുടെ കൈയിൽ നിന്നുള്ള ആണവായുധത്തിലാണ് ഭൂമി നശിക്കുന്നതെന്നും ഇത്തരത്തിൽ ഭൂമി മുഴുവൻ നശിക്കുമ്പോഴും എന്തിനാണ് മതമത്സരങ്ങൾ എന്നും മാവ് ചോദിക്കുന്നു. കടലും പാറയും, വേലിയും, തീയും വെള്ളവുമെല്ലാം പങ്കിട്ടെടുത്ത് തിന്നതിനുശേഷം യന്ത്രങ്ങളു ണ്ടാക്കുകയും അന്യഗ്രഹങ്ങളിലേക്കു പോകാൻ ശ്രമിക്കുകയും ചെയ്യുന്ന മനുഷ്യവംശം എപ്പോൾ വേണമെങ്കിലും അവസാനിക്കാമെന്നും അപ്പോഴും അവന്റെ മത്സരചിന്തകൾ വർദ്ധിക്കുന്നു. എന്നും കവിത വ്യക്തമാക്കുന്നു. നഗരത്തിൽ ഒറ്റപ്പെട്ടു പോകുന്ന മാവിന്റെ അവസ്ഥയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

റഫീക്ക് അഹമ്മദിന്റെ 'മരങ്ങൾ പൂക്കുന്നത്' എന്ന കവിത ഏകലോകത്തിലധി ഷ്ഠിതമായ പ്രപഞ്ചതത്ത്വമാണ് ഉൾക്കൊള്ളുന്നത്. ഓരോ ജീവകണികകൾക്കും

വ്യത്യസ്തമായ അസ്തിത്വം ഉണ്ടെങ്കിലും അവ നിലനിൽക്കുന്നതും അനുഭവിക്കുന്നതുമായ പ്രകൃതി ഒന്നു തന്നെയാണ്. വ്യത്യസ്തതകൾക്കിടയിലും അവയെ പരസ്പരം ബന്ധിപ്പിക്കുന്ന ഘടകങ്ങളുണ്ട് എന്നാണ് കവിത വ്യക്തമാക്കുന്നത്. ഇരുമരങ്ങളാണെങ്കിലും അവ നനയുന്ന മഴയും കൊള്ളുന്ന വെയിലും നിലാവുമെല്ലാം ഒന്നാണെന്ന് കവിത വ്യക്തമാക്കുന്നു.[46] ഒരേ നക്ഷത്രങ്ങൾ കണ്ട് ഒരേ മണ്ണിൽത്തന്നെ നില്ക്കുന്ന അവ വെവ്വേറെ മരങ്ങളായാണ് നിൽക്കുന്നത്. എങ്കിലും

> "ഒരുപക്ഷേ മണ്ണിന്നടിയിൽ ഗൂഢമായ്
> അവ തമ്മിൽ വേരാൽ തൊടുന്നുണ്ടാവുമോ?" (2016:130)

എന്ന് കവിത സംശയിക്കുന്നു. "വഴിവക്കിലെ വരമ്പുകൾ ശ്രദ്ധിച്ചാൽ വൃക്ഷങ്ങൾ അവയുടെ വേരുകളുടെ വിന്യാസത്തിലൂടെ എങ്ങനെയാണു പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. ആ ചെരിവുകളിൽ പലഭാഗത്തും മേൽമണ്ണിനെ മഴ ഒലിപ്പിച്ചുകൊണ്ടു പോയിരിക്കും. അതുകൊണ്ടുതന്നെ അവയുടെ ഭൂഗർഭബന്ധങ്ങൾ വെളിപ്പെടുകയും ചെയ്യും. ഇത് പരസ്പരാശ്രയത്തിന്റെ കാര്യമാണെന്നും ഒരേ തലത്തിൽ വളരുന്ന, ഒരേ വർഗ്ഗത്തിൽപ്പെട്ട മരങ്ങൾ അവയുടെ മൂലസംവിധാനത്തിലൂടെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും ജർമനിയിലെ ഹാർസ് മലനിരകളിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്" (പീറ്റർ വൊലേബെൻ, 2018:23). ഇത്തരത്തിലുള്ള സഹകരണവും സ്നേഹവും വൃക്ഷങ്ങൾ വേരുകളിലൂടെ പങ്കുവയ്ക്കുന്നു. ഇത്തരത്തിലുള്ള പരസ്പരബന്ധത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

വെട്ടിയൊതുക്കി ചന്തം വരുത്തി ചട്ടികളിൽ വളർത്തുന്ന ചെടികൾക്ക് താല്പര്യമേറുന്ന കാലത്തിന്റെ ആവിഷ്ക്കാരമാണ് 'വെട്ടി, ഒതുക്കി' എന്ന കവിത. തുമ്പിയും പുലരിപ്പതയും ചിലന്തിയുമെല്ലാമുള്ള തോട്ടങ്ങളോടുള്ള താല്പര്യം ഇല്ലാതാവുകയും ബോൺസായ്പോലുള്ള മനുഷ്യന്റെ അടിച്ചമർത്തലുകൾക്ക് വിധേയമാകുന്ന സസ്യങ്ങളോട് താല്പര്യപ്പെടുകയും ചെയ്യുന്ന ആധുനിക ജനതയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. തോട്ടത്തെയും അതിലെ സസ്യജാലങ്ങളെയും പൂക്കളെയും ഇഷ്ടപ്പെടുമ്പോഴും പുതിയ ജീവിതരീതികൾക്കനുസരിച്ച് പരിവർത്തനപ്പെടേണ്ടിവരുന്ന മനുഷ്യമനസ്സിന്റെ സംഘർഷവും കവിതയുടെ ഭാഗമാണ്.

> "മൂലയ്ക്ക് ഒരു പുത്തൻ ചട്ടിയിൽ
> പൂടയും നഖങ്ങളും കത്രിച്ച് ചന്തത്തിലൊതുക്കിയിരിക്കുന്നു.
> മണ്ണിന്റെ കൊടുംക്രോധം" (2016:211)

മണ്ണിന്റെ ക്രോധമാണ് ഇത്തരത്തിൽ വെട്ടിയൊതുക്കപ്പെടുന്ന മരങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്നത്. മറ്റുവള്ളികളും ചെടികളുമെല്ലാം പാഴ്‌വസ്തുക്കളായി മാറുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മരങ്ങളും വള്ളികളുമടങ്ങുന്ന പ്രകൃതിയെ വെട്ടിയൊതുക്കി സങ്കരയിനങ്ങളും ഫാഷൻ ഇനങ്ങളും നട്ടുപിടിപ്പിച്ച് പ്രകൃതിയെ മുരടിപ്പിക്കുന്ന രീതിയുടെ വിമർശനമാണ് 'വെട്ടി ഒതുക്കി' എന്ന കവിത. മരവും പ്രകൃതിയും മനുഷ്യന്റെ ആസ്വാദനഉപകരണം മാത്രമാണെന്ന കാഴ്ചപ്പാടിനെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

റഫീക്ക് അഹമ്മദിന്റെ 'ബോൺസായ്' എന്ന കവിത ബോൺസായ് വൃക്ഷങ്ങളുടെ പ്രചാരത്തെ സൂചിപ്പിക്കുന്നു. മുളങ്കാടുകളും കരിമ്പനകളും മുരിങ്ങമരങ്ങളും പേരാലും മാവുകളും വരിക്കപ്ലാവുകളും വാകകളും ഇല്ലാതാകുന്ന കാലഘട്ടത്തെക്കുറിച്ചുള്ള ആശങ്കയാണ് കവിത പങ്കുവെയ്ക്കുന്നത്.

> "ഇതൊരു ബോൺസായി- വെറുതെയെന്തിന്നു
> പലമരങ്ങൾ തൻ വിചിത്രനാമങ്ങൾ
> മഹാപുരാണരാം മരങ്ങൾ ഭൂമിയി-
> ലൊടുങ്ങിടാറായി, സമയമേറെയായ്" (2016:63)

എന്നാണ് പറയുന്നത്. വിവിധ പേരുകളിൽ അറിയപ്പെട്ട പുരാണപ്രസിദ്ധങ്ങളായ മരങ്ങൾ ഇല്ലാതാവുകയും അവയുടെ വിചിത്രരൂപത്തിലുള്ള ബോൺസായ് എന്നറിയപ്പെടുന്ന രൂപങ്ങൾ മാത്രം ബാക്കിയാവുകയും ചെയ്യുന്ന കാലഘട്ടമാണ് വരാനിരിക്കുന്നത്. മനുഷ്യന്റെ ആസ്വാദനരീതി പരിവർത്തനപ്പെടുന്നതിനനുസൃതമായി പ്രകൃതിയിൽ അനാരോഗ്യകരമായ പരിവർത്തനങ്ങൾ അവൻ സൃഷ്ടിക്കുന്നു. പലതും തിരിച്ചുപോക്ക് സാധ്യമല്ലാത്ത വിധത്തിലാണ്.

> "നിയോൺ വിളക്കിന്റെ നിലാവിൽ ബോൺസായി-
> ച്ചുവട്ടിൽ ഗൗതമനിരിക്കുന്നു, ചുണ്ടിൽ
> ചതഞ്ഞപ്ലാസ്റ്റിക് ചിരിയുമായ് സ്വസ്ഥം"(2016:64)

എന്ന അവസ്ഥയാണുണ്ടാവുന്നത്. ബോൺസായിയെ വൃക്ഷമായി കണക്കാക്കാനാവി ല്ലെന്നിരിക്കെ ബുദ്ധസന്യാസിമാർക്ക് വൃക്ഷച്ചുവടുകളെക്കാൾ ബോൺസായ്ച്ചുവടുകൾ ആത്മനിർവൃതി നൽകുകയും ചുണ്ടുകളിൽ പ്ലാസ്റ്റിക് ചിരി വിടരുകയും ചെയ്യും എന്ന രീതിയിലേക്കാണ് പുതുകാലം മുന്നോട്ടുപോകുന്നത്. പ്രകൃതിയുടെയും വൃക്ഷങ്ങ ളുടെയും സ്വാഭാവികവളർച്ചയെ മുരടിപ്പിച്ച് മനുഷ്യന്റെ ആസ്വാദനത്തിന് ആവശ്യമായ

രീതിയിൽ പരിവർത്തനപ്പെടുത്തുന്ന മനോഭാവങ്ങളുടെ പ്രതിനിധാനമാണീ കവിത. 'ബോൺസായ്' കൃത്രിമതയുടെ ലോകമാണ് അടയാളപ്പെടുത്തുന്നത്. മനുഷ്യന്റെ പുരാണങ്ങളിലെ മഹാവൃക്ഷങ്ങൾ അപ്രത്യക്ഷമാകുന്നതിനെക്കുറിച്ചാണ് കവിത ആശങ്കപ്പെടുന്നത്.

'തെങ്ങ്'എന്ന കവിതയിൽ തെങ്ങിന്റെ സമകാലികാവസ്ഥ വ്യക്തമാക്കപ്പെടുന്നു. ചൂടുള്ള സന്ധ്യകളിൽ ടെറസ്സിൽ നിന്നുള്ള കാഴ്ചമാത്രമായി മാറിയ തെങ്ങിന്റെ പ്രയോജനങ്ങൾ റഫീക്ക് അഹമ്മദിന്റെ ഈ കവിത വ്യക്തമാക്കുന്നു. തെങ്ങിനെ അമ്മയായും അച്ഛനായും കല്പിക്കുന്നുണ്ട്. അമ്മയായി മക്കളെ മാടിവിളിക്കുകയും അച്ഛനായി തണൽ നൽകുകയും ചെയ്യുന്നു തെങ്ങ്. മരപ്പല്ലിയായും കൊമ്പൻചെല്ലിയായും തളയിട്ടുകേറുന്ന മനുഷ്യനായും തെങ്ങിനെ മരണം വിഴുങ്ങുന്നു. മനുഷ്യരുടെ പുതിയ ജീവിതരീതികളാണ് തെങ്ങിനെ ഇത്തരമൊരവസ്ഥയിലെത്തിക്കുന്നത്. 'ഇരിക്കുംമുമ്പ്' എന്ന കവിതയിൽ മരസ്സാമാനങ്ങളുടെ ഗ്രാമത്തെപ്പറ്റി സൂചിപ്പിക്കുന്നു. ഇരുവശത്തും മരങ്ങളോടുകൂടിയ പാതകൾ നമ്മെ പേടിപ്പിക്കില്ല

> "എന്നാൽ അവ ഇരിപ്പിടങ്ങളും കട്ടിലുകളുമായി
> നിരന്നു കിടക്കുന്നതിൽ ഒരു പേടിയുണ്ട്.
> അവയിൽ സ്വതവേ ഒരു ഇല്ലായ്മയുണ്ടോ?
> അവയുടെ ഭാവം അഭാവമാണോ?" (2016:165)

എന്ന് കവിത സംശയിക്കുന്നു. മരങ്ങളുടെ മരിച്ച ദേഹങ്ങളാണ് ഇരിപ്പിടങ്ങളായി രൂപം മാറിയിരിക്കുന്നത്. അതുകൊണ്ടുതന്നെ മൃതദേഹങ്ങളെ കാണുമ്പോഴുള്ള ഭയമാണ് കവിയിൽ ഉണ്ടാകുന്നത്. 'വിറക്' എന്ന കവിതയിൽ തനിയെ മുളച്ച് വളർന്ന പുളിമാവ് വിറകായി മാറിയതിനെ പരാമർശിക്കുന്നു. മകരക്കാറ്റേറ്റും തുലാമിന്നലേറ്റും മഴത്തുള്ളി കളേറ്റും വളർന്ന പുളിമാവ് അടുത്ത വേനലിൽ തളിർക്കാമെന്നും അതിനടുത്ത വേനലിൽ പൂക്കാമെന്നും അതിനുമടുത്ത വേനലിൽ കായ്ക്കാമെന്നും കരുതിയെങ്കിലും ആ മാവ് മനുഷ്യനുള്ള വിറകായി മാറുന്നു.

> "പച്ച വിടാൻ കൂട്ടാക്കാത്ത
> ഇത്തരം വിറക് ഊതിയൂതിയിട്ടാവണം
> ഇവളുടെ കണ്ണുകൾ എല്ലായ്പോഴും
> ചുവന്നും നനഞ്ഞുമിരിക്കുന്നത്"(2016:152)

എന്നാണ് കവിത വ്യക്തമാക്കുന്നത്. സ്വപ്നങ്ങൾ ബാക്കി വച്ച് മരിക്കാൻ ഇഷ്ടമില്ലാ

ത്തതുകൊണ്ടാണ് വിറകിൽ നിന്ന് പച്ച മാഞ്ഞുപോകാത്തത്. ആ പച്ച കത്തുന്നതുകണ്ട് അതിനെ ഊതിക്കത്തിക്കുന്ന സ്ത്രീയ്ക്ക് വിഷമമുണ്ടാകുന്നു. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ബന്ധമാണിവിടെ വ്യക്തമാകുന്നത്. "വനത്തിലെയും കൃഷിയിലെയും പ്രകൃതിയുടെ ജീവൻ സംരക്ഷിക്കുന്നതും നിലനിർത്തുന്നതും സ്ത്രീകളുടെ തൊഴിലാണെന്നതിനാലും അത്തരം പരിരക്ഷാപ്രവർത്തനങ്ങളിലൂടെ ഭക്ഷണവും ജലവും കണ്ടെത്തി മനുഷ്യജീവിതത്തെ നിലനിർത്തുന്നത് അവരാണെന്നതിനാലും വനപാരിസ്ഥിതികതകളുടെ ഉദ്ഗ്രഥിതാവസ്ഥയുടെ നാശം ഏറ്റവും പ്രകടമായും വ്യക്തമായും അനുഭവിക്കുന്നത് കർഷകസ്ത്രീകളാണ്" എന്ന വന്ദനശിവയുടെ അഭിപ്രായത്തെ ഇതുമായി ചേർത്തു വായിക്കാം (2014:115). ഇടശ്ശേരിയുടെ പുളിമാവിന്റെ തുടർച്ച ഈ കവിതയിൽകാണാം. 'പുളിമാവു വെട്ടി' എന്ന ഇടശ്ശേരിക്കവിതയിൽ

"പുറം പറമ്പിൽ പുളിമാവൊന്നു-
ണ്ടാരാൻ പിള്ളർക്കൊരു പൂരം!
മുറിച്ചു തള്ളിപ്പലക പിടിപ്പിൻ!
വാങ്ങീ ഞാനതിനച്ചാരം!" (2012:541)

എന്നിങ്ങനെ പുളിമാവു വെട്ടി പലകയുണ്ടാക്കുന്നു. ഇടശ്ശേരിയുടെ പുളിമാവ് പലകയായെങ്കിൽ റഫീക്ക് അഹമ്മദിന്റെത് വിറകായി കത്തിയെരിയുന്നു. മരങ്ങൾക്ക് ചിന്താശേഷിയില്ലെന്നു കരുതുന്ന സമൂഹത്തോട് അവയ്ക്കും സ്വപ്നങ്ങളും ജീവിക്കാനുള്ള അഭിവാഞ്ഛയുമുണ്ടെന്ന് കവിത ബോദ്ധ്യപ്പെടുത്തുന്നു. മനുഷ്യരെപ്പോലെ സ്വന്തം പരിസ്ഥിതിയിൽ ജീവിക്കാനുള്ള അവകാശമുണ്ടെന്നു കൂടി കവിതയിൽ സൂചനയുണ്ട്. അതുകൊണ്ടുതന്നെ ഗഹനപരിസ്ഥിതിവാദത്തിന്റെ ചിന്തകൾ കവിത ഉൾക്കൊള്ളുന്നു.

'ചക്രം' എന്ന റഫീക്ക് അഹമ്മദിന്റെ കവിത പ്രകൃതിയുടെ കച്ചവടവത്ക്കരണത്തെ പ്രമേയമാക്കുന്നു. ഭൂമിയിൽ വിത്തുമുളച്ച് ഓരോ ഇലകളിലായി വിരിഞ്ഞ് ആകാശത്തോളം വളർന്ന മഹാവൃക്ഷത്തെ മുറിച്ച് ചെറുതുണ്ടുകളാക്കി ചതച്ചു പുഴുങ്ങി കടലാസായി പരിവർത്തനപ്പെടുത്തുകയും അതിൽ പലമുദ്രകൾ കുത്തി പണമാക്കി മാറ്റുകയും ചെയ്യുന്ന രീതിയെയാണ് കവിത പ്രതിനിധീകരിക്കുന്നത്.

"അതുകൊണ്ടങ്ങനെ ഞാൻ വാങ്ങുന്നു
കാടും കടലും മലയും പുഴയും" (2016:295)

എന്നിങ്ങനെ പ്രകൃതിയിൽ നിന്നു മുറിച്ചെടുത്ത മരം കൊണ്ടു നിർമ്മിച്ച പണമുപയോ

ഗിച്ച് പ്രകൃതിയെ വിലയ്ക്കു വാങ്ങുന്നു മനുഷ്യർ. പ്രകൃതിയെ ഉപയോഗിച്ച് പ്രകൃതിയെ തന്നെ വാങ്ങുന്ന കച്ചവടരീതിയാണ് മനുഷ്യനുള്ളത്. മനുഷ്യരും പ്രകൃതിയും രണ്ടാണെന്നും മനുഷ്യന്റെ വില്പനവസ്തുമാത്രമാണ് പ്രകൃതിയെന്നുമുള്ള രീതിയിലേക്ക് സമൂഹം മാറുന്നതിനെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. "ആകാശത്തെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതെങ്ങനെ? അല്ലെങ്കിൽ മണ്ണിന്റെ ചൂടിനെ? ആ ചിന്ത ഞങ്ങൾക്ക് അപരിചിതമാണ്. അന്തരീക്ഷത്തിന്റെ നവനൈർമ്മല്യവും വെള്ളത്തിന്റെ വെട്ടിത്തിളക്കവും ഞങ്ങളുടേതല്ലാതിരിക്കെ നിങ്ങൾക്ക് അവ എങ്ങനെ വാങ്ങാൻ കഴിയും? എന്നിങ്ങനെ ഭൂമിയെ എങ്ങനെ വില്പന വസ്തുവായി മാത്രം കാണാനാവും" എന്ന സിയാറ്റിൽ മൂപ്പന്റെ ചോദ്യം പ്രസക്തമാകുന്നുണ്ട് (2014:33).

'മുരിക്ക്' എന്ന കവിതയിൽ മുറിച്ചുമാറ്റപ്പെടുന്ന മുരിക്കുമരമാണുള്ളത്. അതിർത്തിത്തർക്കങ്ങളുടെ പേരിൽ ആ വലിയ മരം മുറിച്ചുമാറ്റിയെങ്കിലും അതുണ്ടാക്കിയ ശൂന്യത ഉടമസ്ഥനെ ദുഃഖിപ്പിക്കുന്നു. ഒരുമരത്തിന്റെ നാശം ആ പ്രദേശത്തെ പ്രഭാതത്തിനും സന്ധ്യയ്ക്കും പരിവർത്തനമുണ്ടാക്കുന്നു.[47] മനുഷ്യവീക്ഷണത്തിലാണ് മുരിക്ക് പാഴ്മരമാകുന്നത്. തനിക്ക് ഉപയോഗമില്ലാത്തതിനെയെല്ലാം പാഴ്വസ്തുക്കളായി കാണുന്ന മനുഷ്യബോധത്തെ കവിത വിമർശിക്കുന്നു. പ്രകൃതിക്ക് ഓരോ ചെടിയും മരവും പുല്ലും സാമാനമാണെന്ന പാരിസ്ഥിതികബോധം കൂടി കവിതയുടെ ഭാഗമാണ്. ഗഹനപരിസ്ഥിതിവാദമെന്ന ചിന്താപദ്ധതിയാണ് കവിത പ്രവർത്തിക്കുന്നത്.

റഫീക്ക് അഹമ്മദിന്റെ 'പച്ചക്കറികളുടെ സ്കൂൾ' എന്ന കവിതയിൽ പച്ചക്കറിതോട്ടത്തെ സ്കൂളായി കാണുന്നു. വെള്ളം കുളിപ്പിക്കുകയും സൂര്യൻ തോർത്തുകയും ചെയ്തുകൊണ്ട് അവയെ പരിപാലിക്കുന്നു.

> "പച്ചയൂണിഫോമിട്ട് ആടിയും കുണുങ്ങിയും
> എത്രപെട്ടെന്നാണവ പഠിച്ചു മണ്ണിൻ ഭാഷ" (2016;124)

എന്നിങ്ങനെ മണ്ണിനെ അറിയാൻ അവയ്ക്ക് ഏറെ സമയമെടുത്തില്ല. കാറ്റ് ജീവശാസ്ത്രവും സൂര്യൻ ഗണിതവും മരിച്ച തായ്‌വേരുകൾ ചരിത്രവും മഴ വേദാന്തവും പഠിപ്പിച്ചാണ് അവയെ വളർത്തിയത്. സാമൂഹ്യപാഠവും ധനശാസ്ത്രവും പഠിക്കാനാണ് അവ അങ്ങാടിയിലേക്ക് പോയതെന്നും കവിത വ്യക്തമാക്കുന്നു. പച്ചയൂണിഫോമിട്ടു നിൽക്കുന്ന കുട്ടികളായി ചെടികളെ വിശേഷിപ്പിക്കുന്നു.

'കളപറിക്കൽ' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയിൽ ഇന്ന് കളകളെന്ന് പറിച്ചെറിയുന്ന ചെടികളെ പരാമർശിക്കുന്നു.

"കളകളെന്നു പറിച്ചെറിയുന്നിതാ
കറുക, മുത്തങ്ങ, പൂവാംകുരുന്നില
വയലിലേക്കു രഹസ്യമായ്ച്ചാഞ്ഞ വെ-
ള്ളിലകൾ, കൈതകൾ, പൂവിട്ട തുമ്പകൾ" (2016:100)

എന്നിങ്ങനെ പുതുതലമുറ കളകളെന്നു കരുതുന്ന ഔഷധസസ്യങ്ങളെക്കുറിച്ച് കവിത സൂചിപ്പിക്കുന്നു. എല്ലാ രോഗങ്ങൾക്കുമുള്ള മരുന്ന് പ്രകൃതി നൽകിയിരുന്ന കാലഘട്ട ത്തിൽ നിന്ന് മനുഷ്യർ സ്വയം നിർമ്മിക്കുന്ന രോഗങ്ങളും മരുന്നുകളുമുള്ള ഘട്ടത്തി ലേക്കാണ് സമൂഹം വികസിച്ചത്. അതുകൊണ്ടുതന്നെ പ്രകൃതി നൽകിയ ഔഷധത്തെ കളയെന്നുപറഞ്ഞ് പറിച്ചെറിയുന്നു. മനുഷ്യരും മനുഷ്യർക്കാവശ്യമുള്ളതും മാത്രം നിലനിന്നാൽ മതിയെന്ന ചിന്താഗതിയുടെ അടയാളപ്പെടുത്തലാണീ കവിത. മനുഷ്യനാവശ്യമില്ലാത്തതെല്ലാം കളകളായി മാറുന്നു.

പി.പി. രാമചന്ദ്രന്റെ കവിതകളിൽ പ്രകൃതി നശീകരണസൂചനകൾ കാണ പ്പെടുന്നുണ്ട്. 'വീഴ്ച' എന്ന കവിതയിൽ മാവിന്റെ വീഴ്ചയാണ് ചിത്രീകരിക്കുന്നത്.

"ഒരുമാവു വീഴുന്നു.
അന്തി ചായുന്നപോൽ
ചുണവും പുളിയും തേനും
ചിറകടിച്ചു മറഞ്ഞുപോയ്" (2015:120)

അന്തി ചായുന്നതുപോലെ മാവിന്റെ ചുണയും, പുളിയും തേനുമെല്ലാം മറഞ്ഞു പോകുന്നു. പിറ്റേന്ന് ഇളവെയിലും കാക്കയും മാവിനെ അന്വേഷിക്കുന്നു. ഇത്തരത്തിൽ ഒരു മാവിന്റെ വീഴ്ച ചുണയുടെയും പുളിയുടെയും തേനിന്റെയും തണലിന്റെയും വിരുന്നുകളുടെയും നഷ്ടം കൂടിയാണെന്ന് കവിത വ്യക്തമാക്കുന്നു. മാവ് മനുഷ്യ ജീവിതസാഹചര്യവുമായി ഇണങ്ങിനിൽക്കുന്ന വൃക്ഷമാണ്. അതുകൊണ്ടു തന്നെയാണ് വൈലോപ്പിള്ളിക്കും, ഇടശ്ശേരിക്കും, പി.പി. രാമചന്ദ്രനും, റഫീക്ക് അഹമ്മദിനും, വിജയലക്ഷ്മിക്കും, മോഹകൃഷ്ണൻ കാലടിക്കുമെല്ലാം മാവിന്റെ നഷ്ടം വിവിധരുചികളുടെ നഷ്ടമാകുന്നത്.

കേരളത്തിന്റെ രാഷ്ട്രീയചരിത്രവുമായി ബന്ധിപ്പിച്ചുകൊണ്ട് പി.പി. രാമചന്ദ്രൻ രചിച്ച കവിതയാണ് 'തെങ്ങുമൊഴി'. തെങ്ങിന്റെ ജീവിതകഥ പറയുന്ന രീതിയിൽ കേരളീയ പ്രകൃതിയും കവിതയിൽ വിശദീകരിക്കപ്പെടുന്നു. തോട്ടുവക്കത്ത് ഇടത്തോട്ടു ചാഞ്ഞിരുന്ന തെങ്ങ് വേരുകൊണ്ട് മഹാബലിയെത്തേടുകയും ഓലകൊണ്ട് പുലർവെട്ടം

വീശുകയും ചെയ്ത്ഏറെക്കാലം അവിടെ നിന്നു. തെങ്ങ് തന്റെ കഥ കാക്കയോടും അണ്ണാനോടും പശുവിനോടും പറയുന്നു. ഏതു കൊടുങ്കാറ്റിനെയും നേരിടുന്ന വേരോട്ടവും കീടബാധയെ ചെറുക്കാനുള്ള കഴിവുമുണ്ടായിരുന്നെങ്കിലും ആ കാലമെല്ലാം അവസാനിച്ചതായി തെങ്ങ് വ്യക്തമാക്കുന്നു. കഴുക്കോലിനുപോലും ഉപയോഗിക്കാതാവുകയും കൂരിയാറ്റക്കിളി കൂടൊഴിഞ്ഞുപോവുകയും ചെയ്യുന്ന അവസ്ഥയാണ് തെങ്ങിനുണ്ടാവുന്നത്. ഈ അവസ്ഥയിൽ ചത്തുപോയെങ്കിൽ എന്ന് ചിന്തിക്കുന്ന തെങ്ങ് മറ്റുള്ളവർക്ക് പ്രയോജനമില്ലാത്ത ഒരു ജീവിതം ആവശ്യമില്ലെന്നാണ് കരുതുന്നത്.

പി.പി. രാമചന്ദ്രന്റെ 'ഹരിതാഭരണം' എന്ന കവിത പ്രകൃതി തന്നെയാണ് യഥാർത്ഥധനം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. മകൾക്ക് വാങ്ങിയ കമ്മലുകളിലൊന്ന് കളഞ്ഞുപോയത് തിരയുന്ന ദമ്പതികളെയാണ് കവിതയിൽ കാണുന്നത്. ആഭരണം തിരഞ്ഞു മടുത്ത അവർ രാത്രിയിൽ നിലാവിൽ പുല്ലുനിറഞ്ഞ മുറ്റത്തെ മഞ്ഞുതുള്ളികളാകുന്ന ആഭരണങ്ങൾ കണ്ട് ആഹ്ലാദിക്കുന്നു.

"തൊട്ടതു സർവം പൊന്നാക്കും വിധു-  
രശ്മികളേറ്റു തിളങ്ങുകയത്രേ  
മുറ്റും കാടുപിടിച്ചു വളർന്നൊരു  
പുൽക്കൊടിതോറും ഹിമബിന്ദുക്കൾ"(2015:73)

അതു കാണുന്ന ദമ്പതിമാർ ഇതിൽ കവിഞ്ഞൊരു ധനം നമുക്കെന്തിനെന്ന മനോഭാവത്തിലെത്തുന്നു. അതുകൊണ്ടു തന്നെ പുല്ലിന്റെ പാരിസ്ഥിതികപ്രാധാന്യം മനസ്സിലാക്കി മകളെ 'പുല്ലേ'യെന്നു വിളിക്കാം എന്നും അവർ തീരുമാനിക്കുന്നു. സ്വർണ്ണാഭരണങ്ങളെക്കാൾ വിലപ്പെട്ടതാണ് പ്രകൃതി നൽകുന്ന ഹരിതാഭരണങ്ങൾ എന്ന കാഴ്ചപ്പാടാണ് കവിത മുന്നോട്ടു വയ്ക്കുന്നത്. മരുഭൂമിയായിക്കൊണ്ടിരിക്കുന്ന പ്രകൃതിയെ രക്ഷിക്കാൻ പുൽക്കൊടികൾക്കാണ് കഴിയുക എന്നു വ്യക്തമാക്കുന്നതിലൂടെ പുല്ലിന്റെ പച്ചയെ മനസ്സിന്റെ ആഭരണമാക്കുക എന്നതാണ് പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗമെന്ന് കവിത നിർദ്ദേശിക്കുന്നു[48]. പ്രകൃതിയിൽ വൻമരങ്ങൾക്കു മാത്രമല്ല പുല്ലിനും അതിന്റേതായ പാരിസ്ഥിതിക പ്രാധാന്യമുണ്ട്. മനസ്സിന്റെ കുളിർമ്മയ്ക്കൊപ്പം മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്നതിനും ധാരാളം ചെറുജീവികളുടെയും മൃഗങ്ങളുടെയും ആവാസ ഇടമായും ആഹാരമായും പ്രവർത്തിക്കുന്നതിനും പുല്ല് അത്യാവശ്യമാണ്. ഉള്ളൂരിന്റെ 'പുല്ലിന്റെ ചൊല്ല്,' വീരാൻകുട്ടിയുടെ 'അതിജീവനം' എന്നീ കവിതകളും പുല്ലിനെ വിഷയമാക്കുന്നു.

നാം നിസ്സാരമെന്നു കരുതുന്ന പുല്ലിനുള്ള പാരിസ്ഥിതികപ്രാധാന്യം വ്യക്തമാക്കുന്ന കവിത ഗഹനപരിസ്ഥിതി വാദത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

അനിൽ അഗർവാലിന് സമർപ്പിക്കുന്ന കവിതയാണ് വീരാൻകുട്ടിയുടെ 'മരങ്ങളുടെ ആശുപത്രി'. മരങ്ങൾക്ക് സംഭവിക്കുന്ന അസുഖങ്ങളെ കവിത അവതരിപ്പിക്കുന്നുണ്ട്. വിവിധ അസുഖങ്ങളുമായി നിൽക്കുന്ന മരങ്ങളുടെ നീരു മാറ്റാൻ വെയിലും ധാരപകരാൻ മഴയും മുറിവൊപ്പാൻ കാറ്റും ഉള്ളതായി കവിത വ്യക്തമാക്കുന്നു. പൊട്ടുന്നവയും വരിയുടഞ്ഞു കിടക്കുന്നവയും സ്തനങ്ങൾ വലുതാകുന്ന പപ്പായമരങ്ങളും മുടി മഞ്ഞച്ചു കൊഴിയുന്ന പുന്നാഗയും മരങ്ങളുടെ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയതായി കവിത സൂചിപ്പിക്കുന്നു.

"ധൈര്യമായ് നടക്കാം
ഓർമ്മ തെറ്റിയ ഇരിപ്പിൽ
അവ തിരിച്ചറിയുകയില്ല നമ്മെ
നാം ഊട്ടിയ മലിനം
കുടിപ്പിച്ചത്
കുത്തിവെച്ചത്
തികട്ടുകയില്ല" (2016:127-128)

എന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യർ നൽകിയ മാലിന്യങ്ങൾ കുടിച്ച് ഓർമ്മ തെറ്റിയ അവസ്ഥയിലായതിനാൽ അവ പ്രതികരിക്കുകയില്ല എന്നും കുളിപ്പിക്കുമ്പോഴും ജടമാറ്റുമ്പോഴും അവ അനങ്ങാതെയിരിക്കുമെന്നും അവയുടെ കുഞ്ഞുങ്ങളെ പാർപ്പിച്ച നഴ്സറിയിൽ പോകണമെന്നും കവിത ആവശ്യപ്പെടുന്നു. അവരോടൊപ്പം ചോലയുടെ അരികിലെത്തി മുത്തശ്ശിമരങ്ങളുടെ മടിയിൽ അവരെ വച്ച് മടങ്ങണം എന്നും കവിത പറയുന്നു. ഇത്തരത്തിൽ പ്രകൃതിയെ അതിന്റെ സ്വാഭാവികജീവിതത്തിന് വിട്ടു കൊടുക്കാൻ കവിത ആവശ്യപ്പെടുന്നു. മരങ്ങളുടെ സ്വാഭാവികജീവിതരീതിയെ നശിപ്പിക്കുന്ന മനുഷ്യപ്രവൃത്തികളെ വിമർശിക്കുന്നു കവിത.

മരങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന് ആഹ്വാനം ചെയ്യുന്ന എഴുത്തുകളുടെ വൈരുദ്ധ്യമാണ് 'എഴുതൂ.....' എന്ന കവിതയ്ക്കു വിഷയം.

"എഴുതൂ
മരങ്ങളെ രക്ഷിക്കേണ്ടതിന്റെ
ആവശ്യകതയെപ്പറ്റി

ഈ കടലാസ്സിൽ തന്നെ എഴുതൂ
അറക്കവാൾ വെച്ചു വീഴ്ത്തി
ഇടിച്ചു പരത്തി
മിനുസപ്പെടുത്തിയ
ഇതേ വെള്ളത്താളിൽ തന്നെ" (2016:238)

മരങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച കടലാസ്സിൽ മരങ്ങളെ രക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വാചാലമാകുന്നതിലെ അപഹാസ്യതയാണ് കവിത വ്യക്തമാക്കുന്നത്. പ്രകൃതിയെ പലവിധത്തിൽ ഉപയോഗിക്കുകയും അതിനെതിരെ ശബ്ദിക്കുകയും ചെയ്യുന്ന മനുഷ്യരീതിയെ വിമർശിക്കുന്നു കവിത.

'മിണ്ടാപ്രാണി' എന്ന സമാഹാരത്തിലെ 'അരുതേ' എന്ന കവിത തൊട്ടാവാടിയിലൂടെയുള്ള ഭൂമിയുടെ യാചനയാണ്

"കൈകൂപ്പി
അരുതേ......യെന്ന്
തൊട്ടാവാടി
നിശബ്ദം യാചിച്ചത്
ഈ ഭൂമിക്കു മുഴുവനും വേണ്ടിയായിരുന്നു എന്ന്
അറിഞ്ഞിരുന്നുവോ
പിഴുതുകളയുമ്പോൾ" (2016:23)

എന്നാണ് കവിതയുടെ പൂർണ്ണരൂപം. തൊട്ടാവാടി മുതൽ വൻമരങ്ങൾ വരെ പിഴുതുകളയുന്ന കാലഘട്ടത്തിൽ പാരിസ്ഥിതികപ്രാധാന്യമർഹിക്കുന്ന കവിതയാണിത്. ഭൂമിയെ മുഴുവനായി പിഴുതെറിഞ്ഞ് മറ്റൊരു ലോകം സൃഷ്ടിക്കാനുള്ള മനുഷ്യവർഗ്ഗത്തിന്റെ ആഗ്രഹത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്ന്. ഭൂമി തന്റെ നിലനിൽപ്പിനായി യാചിക്കുന്നത് തൊട്ടാവാടിയുടെ കൈക്കൂപ്പലിലൂടെയാണെന്ന് കവിത കല്പിക്കുന്നു. മനുഷ്യർ നിസ്സാരമായി പിഴുതുകളയുന്ന തൊട്ടാവാടിക്കും പ്രകൃതിയിൽ ഇടമുണ്ടെന്ന യാഥാർത്ഥ്യത്തെക്കൂടി കവിത പ്രതിനിധാനം ചെയ്യുന്നു.

മോഹനകൃഷ്ണൻ കാലടിയുടെ 'പൊന്ന് കായ്ക്കും മരം' എന്ന കവിതയിൽ വീട്ടുവളപ്പിൽ വെള്ളവും വെണ്ണീറും കിട്ടിവളർന്ന തെങ്ങിനെ മുറിച്ചു കളയുന്നതായി പരാമർശിക്കുന്നു. നട്ടുവളർത്തിയ തെങ്ങ് മേൽപ്പുരയിലേക്ക് തേങ്ങാക്കുലകൾ വീഴ്ത്തിയപ്പോൾ അതിനെ മേൽപ്പുരയിൽ നിന്നു വലിച്ചുകെട്ടാനാണ് അമ്മാവൻ

ശ്രമിക്കുന്നത്. എന്നാൽ അമ്മാവൻ വീണു കിടപ്പിലായപ്പോൾ

> "ചാഞ്ഞുനിൽക്കും മരം ആഞ്ഞു വീഴ്ത്തീടുവാൻ
> പാഞ്ഞുവന്നെത്തീ മഴുക്കാർ
> വെട്ടലും കൊത്തലും കട്ടിലിലമ്മാവൻ
> പട്ടടപ്പോലെ വിറച്ചു" (2013:195)

എന്നിങ്ങനെ മരുമകൻ തെങ്ങ് മുറിക്കുന്നു. ഓരോ തലമുറയുടെയും അവസാനത്തോടൊപ്പം അവർ നട്ടുവളർത്തിയ മരങ്ങളും അവസാനിക്കുന്നു. പ്രകൃതിയിൽ മരങ്ങൾക്കുള്ള പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ച് പുതുതലമുറയ്ക്ക് വ്യക്തമായ ധാരണകളുണ്ടെങ്കിലും സ്വന്തംനിലനിൽപ്പിനെയും സൗകര്യങ്ങളെയും മാത്രം പരിഗണിച്ച് പ്രകൃതിയെ നശിപ്പിക്കുന്നു. പഴയ തലമുറയാകട്ടെ സ്വന്തം നിലനിൽപ്പിനെ ബാധിക്കുമ്പോഴും വൃക്ഷങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. ഇത്തരത്തിൽ രണ്ടുതലമുറകൾക്ക് പരിസ്ഥിതിയോടുള്ള വീക്ഷണം വ്യക്തമാക്കുന്നതാണീ കവിത.

'ഭൂതക്കട്ട' എന്ന കവിതയുടെ പത്താമത്തെ ഭാഗം ക്യാമ്പസ്സുകളിലെ വാകമരങ്ങൾ മുറിച്ചുതള്ളുന്നതിനെ വിഷയമാക്കുന്നു. ക്യാമ്പസ്സിലെ പ്രണയങ്ങൾക്കും കലഹങ്ങൾക്കുമെല്ലാം സാക്ഷിയായി നിൽക്കുന്ന വാകമരങ്ങൾ ഇന്ന് മുറിച്ചുമാറ്റപ്പെടുന്നു.

> "അത് അവസാനത്തെ വാകമരമായിരുന്നു.
> അതിനെയും വെട്ടിക്കളയാൻ പോകുകയാണ്
> ഒരു കൂട്ടുകാരൻ അതിനെ കെട്ടിപ്പിടിച്ചു നിൽക്കുന്നു.
> സ്വർണ്ണം കൊണ്ടുതീർത്ത മഴു ആഞ്ഞുപതിച്ച്
> അവൻ പിളർന്നു വീഴുന്നു" (2013:168)

എന്നിങ്ങനെ അവസാനത്തെ വാകമരവും മുറിച്ചുമാറ്റുന്നതിനെ കവിത അവതരിപ്പിക്കുന്നു. ക്യാമ്പസ് ഓർമ്മകൾ കവിതയുടെ ഭാഗമാണ്. എല്ലാമാർച്ചിലും മുടങ്ങാതെ പൂത്തതും പൂക്കൾക്ക് ചുവന്നനിറം കൊടുത്തതുമായിരുന്നോ വാകകൾ ചെയ്ത തെറ്റ് എന്ന് കവിത ചോദിക്കുന്നു. ഇവിടെ വാകചുവപ്പ് കമ്മ്യൂണിസത്തിന്റെ അടയാളമായാണ് പ്രത്യക്ഷപ്പെടുന്നത്. ക്യാമ്പസ്സുകളിൽ നിന്ന് രാഷ്ട്രീയം ഇല്ലായ്മ ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് ഇവിടെ വാകമരങ്ങൾ അവതരിപ്പിക്കപ്പെടുന്നത്.

മരണശയ്യയിൽ കത്തിയെരിയുമ്പോൾ പണ്ട് ചെയ്തതിനൊന്നും പകരം ചെയ്യല്ലേ എന്നഭ്യർത്ഥിക്കുന്നു മോഹനകൃഷ്ണൻ കാലടിയുടെ 'മാവിനോട്' എന്ന കവിതയിൽ.

കുട്ടിക്കാലത്ത് കല്ലെറിഞ്ഞതിനും കണ്ണെറിഞ്ഞതിനും കാക്കകൊത്തി വീണ മാങ്ങ തിന്ന് കുറ്റപ്പെടുത്തിയതിനും പകരം വീട്ടല്ലെ എന്ന് മാവിനോട് പറയുന്നു. കൂടാതെ നിന്റെ കൊമ്പിൽ ഊഞ്ഞാലാടിരസിച്ച ആളെ മറക്കല്ലെ എന്നും പറയുന്നു. പിന്നീട് കല്ലെറിയാനും കയറിട്ട് ഊഞ്ഞാലാടാനും കഴിയാതെ വീണുപോയ അയാൾക്കു ചുറ്റും തീ പടരുമ്പോഴും അയാൾക്കൊപ്പം മാവുണ്ടെന്ന് കവിത വ്യക്തമാക്കുന്നു.[49] മാവ് ജീവിതാവസാനം വരെ അയാളുമായി ചേർന്നു നിൽക്കുന്നു.

'പാഴ്ച്ചെടി' എന്ന കവിതയിലും മാവാണ് വിഷയമാകുന്നത്. പാഴ്ച്ചെടിയായി വില്ലേജാഫീസ്സിനു മുന്നിൽ മുളച്ച മാവ് തേന്മാവായി വളർന്ന് മതിലിനപ്പുറത്തേക്കെത്തി നോക്കി. ഏതുകാലത്തും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന ആ മാവിൻ ചുവട്ടിലേക്ക് അധ്യാപകരെ ഉന്തിവീഴ്ത്തി ബെഞ്ചും ഡെസ്ക്കും ചവിട്ടി മറിച്ച് സ്കൂളിലെ കുട്ടികൾ ഓടിവന്നു. വില്ലേജാഫീസ്സിനും ഓഫീസർക്കുമെല്ലാം കല്ലേറുകൊണ്ടു.

> "മാവ് വഴി പിളർന്നു.
> കുട്ടികൾ അണ്ണാറക്കണ്ണന്മാരായും കാക്കകളായും
> മാവിൽ കയറി മറിഞ്ഞു" (2013:103)

എന്നിങ്ങനെ മാവിലേക്ക് കുട്ടികൾ ഓടിയെത്തുന്നു. ക്ലാസ്സ് മുറികളിൽ നിന്ന് പ്രകൃതി യിലേക്കും വൃക്ഷങ്ങളിലേക്കുമുള്ള കടന്നു വരവാണിവിടെ സംഭവിക്കുന്നത്. എന്നാൽ വില്ലേജോഫീസ്സിന്റെ ഇടപെടൽമൂലം സ്കൂൾ അടച്ചുപൂട്ടുന്നു. അന്നു രാത്രി തന്നെ ആ പാഴ്ച്ചെടി വില്ലേജോഫീസ്സിനു മുകളിൽ വീഴുന്നു. ഇത്തരത്തിൽ പ്രകൃതിയിലേക്കു നോക്കുന്ന കുട്ടികളെ വിലക്കുന്ന പുതിയ സംവിധാനങ്ങളെ കവിത പ്രശ്നവത്ക്ക രിക്കുന്നു.

വി.ടി. ജയദേവന്റെ 'കുറച്ചുകൂടി ഹരിതാഭയമായ ഒരിടം' എന്ന സമാഹാരത്തിലെ 'ജന്മങ്ങളിൽ' എന്ന കവിതയിൽ അടുത്ത ജന്മത്തിൽ മരമാവാൻ ആഗ്രഹിക്കുന്ന പെൺകുട്ടിയാണുള്ളത്. പ്രണയിനിയായ അവളുടെ കാമുകൻ താൻ പക്ഷിയായി നിന്റെ ചില്ലയിൽ കൂടുകൂട്ടുമെന്നു വ്യക്തമാക്കുന്നു. സൂര്യനായും കാറ്റായും മഴയായും നിന്നിലേക്ക് പെയ്തിറങ്ങുമെന്നും വ്യക്തമാക്കുന്ന അയാളോട് മരം വെട്ടുകാരനാവാതി രുന്നാൽ മതിയെന്ന് അവൾ ആവശ്യപ്പെടുന്നു. പ്രണയവും പ്രകൃതിയുമാണ് ഇവിടെ ഒന്നാവുന്നത്. സ്ത്രീയെയും പ്രണയിനിയെയും ചതിക്കുന്നതുപോലെയാണ് മരംവെട്ടു കാരൻ മരത്തെ നശിപ്പിക്കുന്നതെന്ന് കവിത ചിന്തിക്കുന്നു.

'ഹാ, പൊടിമൂടുകയാണാകാശം' എന്ന കവിതയിൽ ആകാശവും കടലും കാടും ഇല്ലാതായതിനെ സൂചിപ്പിക്കുന്നു. എല്ലാം കാഴ്ചവസ്തുക്കൾ മാത്രമായിമാറിയ കാലഘട്ടത്തിൽ

"വൻമരങ്ങളുടെ
വേരുകൾവിടർത്തി
വേറെവേറെയാക്കി
മൺചട്ടികളിൽ....." (2007:38)

എന്നിങ്ങനെ പരിവർത്തനപ്പെടുന്നു. വീടിനലങ്കാരമാക്കി പ്രകൃതിഘടകങ്ങളെ ചില്ലിട്ടുതൂക്കുകയും യഥാർത്ഥപ്രകൃതിയെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

സെബാസ്റ്റ്യന്റെ 'പ്രതിശരീരം' എന്ന സമാഹാരത്തിലെ 'പ്രാണഭയം' എന്ന കവിതയിൽ മരിക്കുവാൻ തയ്യാറായി നിൽക്കുന്ന മരത്തെ അവതരിപ്പിക്കുന്നു. നിറയെ പൂക്കളും കായ്കളുമായി പച്ചപ്പോടെ നിൽക്കുന്ന മരത്തോട് മരിക്കാൻ തയ്യാറായി നിൽക്കുന്നതെന്തിനെന്ന് മനുഷ്യർ ചോദിക്കുന്നു. പ്രതികരണമായി കനികൾ തലയിലേ ക്കെറിഞ്ഞും ഇലകൾ കൂക്കി വിളിച്ചും കിളികളും അണ്ണാന്മാരും ഒച്ചയുണ്ടാക്കിയും പ്രതികരിക്കുന്നു. പ്രകൃതിയിൽ ഇതരവർഗ്ഗങ്ങളെ അപേക്ഷിച്ച് പ്രാണഭയം കൂടുതൽ മനുഷ്യനാണെന്ന് കവിത വ്യക്തമാക്കുന്നു. കുഞ്ഞുപുല്ലുകൾ പോലും അതുകണ്ട് കളിയാക്കുന്നു. മരണമെന്ന സത്യത്തെ ഇതരജീവിവർഗ്ഗങ്ങളെല്ലാം അംഗീകരിക്കു മ്പോഴും മനുഷ്യർ ഭയപ്പെടുകയും രക്ഷനേടാൻ ആഗ്രഹിക്കുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു.

'കണ്ണിലെഴുതാൻ' എന്ന സമാഹാരത്തിലെ 'ജൈവം' എന്ന കവിത മരങ്ങളെ പരാമർശിക്കുന്നു. മരങ്ങളിൽ പാർക്കുന്ന മറ്റു മരങ്ങളെ സൂചിപ്പിക്കുന്ന കവിത പ്രകൃതി യെത്തന്നെ മരമായി കല്പിക്കുന്നു. പക്ഷികളും പ്രാണികളും പൂവുകളും പഴങ്ങളും ചെറുമരങ്ങളുമെല്ലാമുള്ള ജൈവപ്രകൃതിയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത് (2008:55). പ്രകൃതിയിലെ എല്ലാഘടകങ്ങളും ഒരു മരത്തിലെ ജീവിവർഗ്ഗങ്ങളെന്ന പോലെ ജീവിക്കേണ്ടതാണെന്ന് കവിത വ്യക്തമാക്കുന്നു. പ്രകൃതിഘടകങ്ങൾക്കെല്ലാം തുല്യഅവകാശം നൽകണമെന്ന ചിന്ത അവതരിപ്പിക്കുന്ന ഈ കവിതയെ ഗഹന പരിസ്ഥിതിവാദത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താം.

'വൃക്ഷമേ' എന്ന കവിത വൃക്ഷത്തോട് സ്നേഹിക്കാൻ ആവശ്യപ്പെടുന്നു.

"വൃക്ഷമേ,
സ്നേഹിക്കുക,
ഞാൻ അടർത്തിയ ഇലകളെ
തല്ലിയ പൂങ്കുലയെ
ചില്ലകളെ
ചീന്തിയ തൊലിയെ
വാളുവച്ച തടിയെ
കൊത്തിയ വേരുകളെ
മണ്ണിനെ
ചൂടിയ വാനത്തെ" (2011:23)

എന്നിങ്ങനെ നിന്നിൽ നിന്നും ഞാൻ പറിച്ചെടുക്കുന്നതിനെയെല്ലാം നീ സ്നേഹിക്കുക എന്ന് കവിത വ്യക്തമാക്കുന്നു. കൂടാതെ മരത്തെ മുറിക്കാനെത്തുന്ന വാളിനെയും കോടാലിയെയും മരപ്പണിക്കാരനെയും കച്ചവടക്കാരനെയും അതിൽകിടത്തിയ ജഡത്തെയും സ്നേഹിക്കുക എന്ന് കവിത ആവശ്യപ്പെടുന്നു. വൃക്ഷത്തെ മനുഷ്യന്റെ ശവപ്പെട്ടിയാക്കി മാറ്റുമ്പോഴും വൃക്ഷം ആ ജഡത്തെ സ്നേഹിക്കണമെന്നാണ് മനുഷ്യർ ആവശ്യപ്പെടുന്നത്.

സെബാസ്റ്റ്യന്റെ തന്നെ 'അല്പായുസ്സുകൾ' എന്ന കവിത ബോൺസായ് രൂപത്തിൽ പരിവർത്തനപ്പെടുന്ന വൻമരങ്ങളെ വിഷയമാക്കുന്നു. സ്വീകരണമുറിയിൽ വെറും കൗതുകം മാത്രമായി മാറേണ്ടവയല്ല അവ എന്നും കവിത വ്യക്തമാക്കുന്നു. ബോൺസായ് രൂപത്തിൽ പരിവർത്തനപ്പെട്ട വൃക്ഷങ്ങളുടെ പൂർവ്വരൂപത്തെ പൂർവ്വപ്രതാപത്തെ ഓർക്കുന്നു കവിത.

"എത്ര വലുതാണു നീ ....
തുടർന്ന്
വേരുകളാഴ്ത്തി
ഒരു ഭൂഖണ്ഡം മുഴുവൻ വാഴുന്ന
ചക്രവർത്തിപോലെ
മുഴുവനായ് നിറഞ്ഞ്
മറ്റാർക്കും ഇടം നൽകാതെ..." (2011:41)

എന്നിങ്ങനെ ചക്രവർത്തിയെപ്പോലെ കഴിഞ്ഞ പ്രതാപകാലത്തെയോർത്ത് അഭിമാനിക്കാൻ മാത്രമേ ഇപ്പോൾ സാധിക്കൂ എന്ന് കവിത വ്യക്തമാക്കുന്നു. ആയുസ്സു മുഴുവൻ യാത്രചെയ്തിട്ടും നിന്റെ ചില്ലകളെ അളക്കാനാവാത്ത കുഞ്ഞുറുമ്പാണ് ഞാൻ എന്നു പറയുന്നതിലൂടെ വൻമരങ്ങളുടെ പാരിസ്ഥിതികപ്രാധാന്യത്തെ ഇനിയും തിരിച്ചറിയാൻ കഴിയാത്ത മനുഷ്യരെ അവതരിപ്പിക്കുന്നു. ആഗോളവത്ക്കരണ ത്തിന്റെയും ശാസ്ത്രവളർച്ചയുടെയും കാലത്ത് പുതിയ തരം സസ്യജന്തുജാലങ്ങൾ സൃഷ്ടിക്കപ്പെടുന്നുവെന്നും അവയ്ക്ക് അല്പായുസ്സാണെന്നുമുള്ള മുന്നറിയിപ്പുകൂടി കവിതയിലുണ്ട്. നിന്നിലിരുന്ന് ഭൂമിയിലെ മുഴുവൻ അല്പായുസ്സുകളെയും എനിക്ക് കാണാം എന്നും കവിത വ്യക്തമാക്കുന്നു. മരങ്ങൾക്ക് നാശമുണ്ടാവുമ്പോൾ പ്രകൃതി യിലെ മറ്റ് ജീവജാലങ്ങളെല്ലാം അല്പായുസ്സുകളായി മാറും എന്ന മുന്നറിയിപ്പും കവിത നൽകുന്നു. പ്രകൃതിയിലെ ഓരോ വസ്തുവിന്റെ നിലനിൽപ്പും പരസ്പരാശ്രിതത്വ ത്തോടെയാണെന്നാണ് ഇത് വ്യക്തമാക്കുന്നത്.

വി.എം. ഗിരിജ, എം.ആർ. രേണുകുമാർ, എസ്. ജോസഫ് എന്നിവരുടെ കവിത കളിൽ ചെടികളും മരങ്ങളും പൊതുവെ പ്രകൃതിനശീകരണസൂചനകളായി പ്രത്യക്ഷപ്പെടുന്നില്ല.

## 2.4. കാട്

കാട് എന്ന പാരിസ്ഥിതികഘടകം നാടോടിവാങ്മയങ്ങളിലും ഓരോ കാലഘട്ട ത്തിലെയും മലയാളകവിതയിലും പരാമർശിക്കപ്പെടുന്നതെങ്ങനെയെന്ന അന്വേഷണ മാണ് ഈ ഭാഗത്ത് നടത്തുന്നത്.

കാടുമായി ബന്ധപ്പെട്ട കടങ്കഥകൾ പൊതുവെ വിരളമായി കാണുന്നു. കാടുകാണുമ്പോൾ മരം കാണില്ല മരം കാണുമ്പോൾ കാടുകാണില്ല, കാടാണു വീടെങ്കിലാശാരി വേണ്ട, കാടായാലൊരു കടുവ വീടായാലൊരു കാർന്നോർ, കാടാറുമാസം നാടാറുമാസം, കാടുകണ്ട വാല്മീകി നാടുകണ്ട വ്യാസൻ, കാട്ടുകോഴിക്കെന്ത് സംക്രാന്തി, ഒരു മരം കാടാകാ, കാടുപോയി ചൂടുകിട്ടി, കാടുവെട്ടാൻ കോടാലിയുടെ സമ്മതം വേണോ, കാട്ടാനയെ തളയ്ക്കാൻ താപ്പാന, കാടു നശിച്ചാൽ നാടു നശിച്ചു എന്നിങ്ങനെ കാടുമായി ബന്ധപ്പെട്ട നിരവധി പഴഞ്ചൊല്ലുകൾ കാണാം. കാടും നാടും തമ്മിലുള്ള ബന്ധത്തെ പരാമർശിക്കുന്ന പഴഞ്ചൊല്ലുകളുണ്ട്. ഒരു മരം കൊണ്ട് കാടുണ്ടാവില്ല എന്നും കാട്ടിൽ ആശാരിയുടെ ആവശ്യമില്ല എന്നും ഈ ചൊല്ലുകൾ വ്യക്തമാക്കുന്നുണ്ട്. കാടിന്റെ

നഷ്ടമുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ചൊല്ലുകളുണ്ട്. കാടു പോയപ്പോൾ ചൂട് വന്നതായും, കാട് വെട്ടാൻ കോടാലിയുടെ സമ്മതം ആവശ്യമില്ല എന്നും കാടിന്റെ നാശം നാടിന്റെ കൂടി നാശമാണെന്നും ഈ ചൊല്ലുകൾ വെളിപ്പെടുത്തുന്നു. കാടാണ് പരാമർശവിഷയമെങ്കിലും നാടുമായി കൂടി ബന്ധപ്പെട്ടാണ് ഈ ചൊല്ലുകൾ അർത്ഥവത്താകുന്നത്.

## 2.4.1. വർണ്ണനകൾ

### 2.4.1.1. പ്രാചീനമധ്യകാലഘട്ടം

യുദ്ധകാണ്ഡം പ്രമേയമായ 'രാമചരിത'ത്തിൽ പല ഭാഗങ്ങളിലും കാനന യാത്രയുടെ വർണ്ണനയുണ്ട്. രാമലക്ഷ്മണന്മാർ സീതാന്വേഷണത്തിനായി കപിവീരരോടൊപ്പം സമുദ്രതീരത്തെത്തുന്നതിനുമുമ്പുള്ള കാനനയാത്ര വളരെ മനോഹരമായ പ്രകൃതിവർണ്ണന കൂടിയാകുന്നു. പൊഴിയുന്ന പൂക്കളിൽ നിന്ന് കൊഴുത്ത പൂന്തേൻ ഒഴുകിവരുന്ന തോടുകളും ഭൂമിയിൽ നിന്നുയർന്ന് ആകാശത്തിൽ മുട്ടുന്ന കുന്നുകളും പഴയ മുനിമാരുടെ മനസ്സിനെ കനിവോടെ ആശ്വസിപ്പിച്ച് സമുദ്രത്തോടു ചേരുന്നതിനായി ഓടുന്ന ആറുകളും പച്ചിലകൾ നിറഞ്ഞ് പൂത്തു തളിർത്തു നിൽക്കുന്ന മരങ്ങളുമുള്ള പർവ്വതങ്ങൾ കണ്ട് രാമലക്ഷ്മണന്മാർ കുരങ്ങന്മാരോടൊപ്പം സമുദ്ര തീരത്തെത്തി എന്നർത്ഥം (1971:21–22). കാടിന്റെ കാഴ്ചകൾ ഓരോന്നായി ആസ്വദിക്കു ന്നതായാണ് ഈ വർണ്ണന വ്യക്തമാക്കുന്നത്.

'രാമകഥപ്പാട്ടി'ൽ പമ്പാതീരത്ത് രാമലക്ഷ്മണന്മാർ താമസിക്കുന്ന സമയത്തെ കാനനഭംഗി രാമനെ വിരഹത്താൽ ദുഃഖിതനാക്കുന്നതായി പറയുന്നുണ്ട്. കാട്ടിലെ കാഴ്ചകൾ ഇവിടെ വിവരിക്കപ്പെടുന്നുണ്ട്.

പ്രകൃതിമനോഹാരിത വെളിപ്പെടുത്തുന്ന നിരവധി വർണ്ണനകൾ മറ്റു രാമായണ ങ്ങളിലേതുപോലെ 'കണ്ണശ്ശരാമായണ'ത്തിലുമുണ്ട്. വിശ്വാമിത്രന്റെ തപസ്സ് മുടക്കുന്നതിന് ഇന്ദ്രനിർദ്ദേശപ്രകാരം രംഭ എത്തുമ്പോൾ വസന്തത്താൽ വനം പൂത്ത് മനോഹര മായിരിക്കുന്നു.

> "പുഷ്പിതദിവ്യലതാദികൾ തോറും
> പോയ്മധുപാനമഹോത്സവമീടിയ
> ഷഡ്പദകോകിലകോലാഹലമൊടു
> സകലമനോഹരമായിതു വിപിനം" (2013:92)

നാട്ടിലുള്ള ഉദ്യാനവർണ്ണനപോലെയാണ് വനവർണ്ണന ഇവിടെ അനുഭവപ്പെടുന്നത്. വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നതിന് പ്രകൃതിഭാവങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു. വിശ്വാമിത്രന്റെ തപസ്സ് മുടക്കുന്നതിനായി രംഭ വരുമ്പോൾ കാട് മനോഹരമായി അലങ്കരിക്കപ്പെട്ടതായി കാണുന്നു. പ്രകൃതിവർണ്ണനകളാൽ സമൃദ്ധമാണ് ഈ ഭാഗം. സീതയെ നഷ്ടപ്പെട്ട് വിരഹാതുരനായി കാട്ടിലലയുന്ന രാമനെ ദുഃഖിപ്പിക്കുംവിധം കാട് മനോഹരമായിരുന്നു എന്നും പരാമർശമുണ്ട്.

'കൃഷ്ണഗാഥ'യിൽ കൃഷ്ണന്റെ ബാല്യകൗമാരങ്ങൾ പ്രകൃതിയുമായി അടുത്ത ബന്ധം പുലർത്തുന്നു. കണ്ണനും തോഴന്മാരും കാട്ടിൽ കാലിമേയ്ക്കാൻ പോയപ്പോൾ നടത്തിയ കളികൾ ചെറുശ്ശേരി വർണ്ണിക്കുന്നു. കുയിലുകൾക്കൊപ്പം കൂകുകയും പക്ഷികൾ പറക്കുമ്പോൾ അവയുടെ നിഴലിനു പുറകെ ഓടുകയും അരയന്നത്തെപ്പോലെ നടക്കുകയും കുരങ്ങുകളുടെ വാലിൽ പിടിച്ച് വലിക്കുകയും ചെയ്തു കൊണ്ട് കാട്ടിലെ മൃഗപക്ഷികളോടൊപ്പം കളിക്കുന്നതായി പരാമർശമുണ്ട്.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ പതിനാലുവർഷത്തെ വനവാസത്തിനായി കാട്ടിലേക്കുപോകുന്ന സീതാരാമലക്ഷ്മണന്മാർ ചിത്രകൂടപർവ്വതത്തിലെത്തുന്നു. അവിടെ വാല്മീകിയുടെ ആശ്രമപരിസരത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്. മൃഗപക്ഷി കളാലും വൃക്ഷലതാദികളാലും പുഷ്പഫലാദികളാലും സംയുക്തമാണ് ആശ്രമ പരിസരം. ദണ്ഡകാരണ്യത്തിലേക്കു പ്രവേശിക്കുന്ന സന്ദർഭത്തിലെ കാനനവർണ്ണന ഘോരമായ വനാവസ്ഥയുടെ വർണ്ണനയാണ്.

> "ഘോരമായുള്ള മഹാകാനനം പുക്കാർ
> ഝില്ലിഝങ്കാരനാദമണ്ഡിതം സിംഹവ്യാഘ്ര-
> ശല്യംദിമൃഗഗണാകീർണ്ണമാതപഹീനം
> ഘോരരാക്ഷസകുലസേവിതം ഭയാനകം
> ക്രൂരസർപ്പാദിപൂർണ്ണം" (2012:151)

എന്നിങ്ങനെ കാടിന്റെ ഭയാനകാവസ്ഥയെയാണ് വർണ്ണിക്കുന്നത്.

'കല്യാണസൗഗന്ധികം തുള്ളലി'ൽ സൗഗന്ധികപുഷ്പം അന്വേഷിച്ചിറങ്ങിയ ഭീമൻ ഉഗ്രകാനനത്തിൽ പ്രവേശിച്ചതായി പറയുന്നുണ്ട്. കാട്ടിലെ മരങ്ങളുടെയും വള്ളികളുടെയും സസ്യങ്ങളുടെയും സമൃദ്ധി ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. കൂടാതെ പലതരം മാനുകളും കാട്ടാനക്കൂട്ടവും സിംഹഗണങ്ങളും വള്ളിപ്പുലികൾ, വരയൻ പുലികൾ, പുള്ളിപ്പുലികൾ, കരിമ്പുലികൾ എന്നിങ്ങനെ സാധുമൃഗങ്ങളും

ക്രൂരമൃഗങ്ങളും കാട്ടാളന്മാരുമെല്ലാം ചേർന്ന കാടിന്റെ വൈവിധ്യം കവിതയിൽ അവതരിപ്പിക്കപ്പെടുന്നു. കാടിന്റെ ഭീകരതയെ വെളിപ്പെടുത്തുംവിധം രാക്ഷസ വർണ്ണനയും നടത്തുന്നുണ്ട് നമ്പ്യാർ. കേരളീയ സാമൂഹികജീവിതത്തിനൊപ്പം ഗഹനമായ വനപരിസ്ഥിതി കൂടി കല്യാണസൗഗന്ധികത്തിന്റെ ഭാഗമാക്കാൻ നമ്പ്യാർക്ക് കഴിയുന്നു. അപൂർവ്വങ്ങളായ പല വൃക്ഷലതാദികളുടെയും പേരുകൾ വനവർണ്ണന യിലൂടെ നമ്പ്യാർ സൂചിപ്പിക്കുന്നു.

തിരുനിഴൽമാലയിലും മണിപ്രവാളകാവ്യങ്ങളായ ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടിചരിതം, ചന്ദ്രോത്സവം എന്നിവയിലും നളചരിതത്തിലും പൊതുവെ കാട് വർണ്ണനാപരമായി കാണുന്നില്ല.

### 2.4.1.2. കവിത്രയകാലം

കുമാരനാശാന്റെ 'നളിനി'യിൽ കാവ്യത്തിന്റെ ആദ്യഭാഗത്ത് കാടിന്റെ വർണ്ണനയുണ്ട്.

"ഭൂരിജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ,
ദൂരദർശന കൃശങ്ങൾ, കണ്ടുതേ
ചാരുചിത്രപട ഭംഗിപോലവൻ" (2013:59)

ധാരാളം ജന്തുക്കളുടെ ആശ്രയസ്ഥാനമാണ് കാട്. ദൂരക്കാഴ്ചയിൽ പോലും അതിമനോഹ രമാണ് 'നളിനി'യിൽ ദിവാകരൻ കാണുന്ന കാട്. തന്റെ താമസ സ്ഥലത്തെ പൂങ്കാവന ത്തിലെ കുളങ്ങളെക്കാൾ മനോഹരമായ കുളങ്ങളും താമരപ്പൂക്കളുമാണ് ദിവാകരൻ കാട്ടിൽ കണ്ടത്. ആ കാട്ടിലേക്ക് പദമൂന്നിയാണ് ദിവകാരയോഗി പ്രവേശിക്കുന്നത്. ആ വന്യശോഭ അയാൾ ആസ്വദിക്കുന്നു. ദിവാകരയോഗി വനത്തിലേക്ക് പ്രവേശിക്കുന്ന ഘട്ടം മുതൽ കാവ്യാവസാനം വരെ വനമാണ് കവിതയുടെ പശ്ചാത്തലമാകുന്നത്. വനഘടകങ്ങൾ നളിനിയുടെ ഭാവം ഏറ്റെടുക്കുന്നതായും പരാമർശമുണ്ട്.

"ഒന്നു നിർണ്ണയമുദീർണ്ണശോഭയാ
ളിന്നുതാപസകുമാരിയല്ലിവൾ,
കുന്ദവല്ലി വനഭൂവിൽ നിൽക്കിലും
കുന്ദമാണതിനു കാന്തി വേറെയാം" (2013:63)

എന്ന് കവി വ്യക്തമാക്കുന്നു. അതായത് കാട്ടുലതപോലെയല്ല ഉദ്യാനലതപോലെയാണ്

നളിനി കാണപ്പെട്ടത്. വനജീവിതവുമായി പൂർണ്ണമായി താദാത്മ്യം പ്രാപിക്കാൻ നളിനിക്ക് കഴിയുന്നില്ല.

'ലീല'യുടെ കവിതാപശ്ചാത്തലം കാടാണ്. ഭർത്താവിന്റെ മരണശേഷം മദനനെ തേടിയെത്തുന്ന ലീല മാധവിയെന്ന തോഴിയിൽനിന്ന് മദനൻ താമസിക്കുന്ന ഇടം മനസ്സിലാക്കുന്നു. രേവാനദിതടത്തിലുള്ള വനത്തിലാണ് മദനനുള്ളതെന്ന് മാധവി അറിയിക്കുന്നു.

"പരിണാഹമെഴും മഹാവനം
ഹരിതാപം തടവുന്നു സാനുമാൻ
പരപാർശ്വമതിൽ ചരിപ്പുസു-
സ്വരവരേവാളനദി സാഗരോന്മുഖി"(2013:113)

അതായത് മേഘങ്ങളാകുന്ന വസ്ത്രാലങ്കാരത്തോടു കൂടി ആകാശത്തിൽ മുട്ടുന്ന വിന്ധ്യമഹാപർവ്വതത്തിനും ശബ്ദത്തോടുകൂടി ഒഴുകുന്ന രേവ (നർമ്മദ) നദിക്കും മധ്യേ പച്ചനിറമായ മഹാവനത്തെ സൂചിപ്പിക്കുന്നു. മൃഗപക്ഷികളോടൊപ്പമാണ് വനത്തിൽ അയാളുള്ളത്. അതായത് മദനൻ പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ച് പ്രകൃതി തന്നെയായി മാറുന്നു. മെരുക്കപ്പെടാത്ത മനുഷ്യനും മെരുക്കപ്പെടാത്ത വനവും തമ്മി ലുള്ള ബന്ധമാണ് മദനനും കാടും തമ്മിലുള്ളത്. ലീല മദനനെത്തേടി വനത്തിലലയുന്ന ഘട്ടം മുതൽ മനോഹരമായ വനവർണ്ണനകൾ കാവ്യത്തിന്റെ ഭാഗമാകുന്നു.

"കുസുമിതവനകാന്തിയാത്മകാന്ത-
വ്യസനിനി ലീല വിചാരിയാതെ പോയാൾ" (2013:123)

എന്നാണ് പറയുന്നത്. പൂത്ത് മനോഹരമായിരിക്കുന്ന കാടിന്റെ ഭംഗിദുഃഖഭാരത്താൽ പലപ്പോഴും ലീലക്ക് ആസ്വാദിക്കാനാവുന്നില്ലെങ്കിലും

"ഗിരികടകമണഞ്ഞ മഞ്ജുരേവാ
പരിസരമാർന്നവൾ കണ്ടു വിസ്മയിച്ചാൾ
ഉരുകുസുമമുദാരശോഭമാരാ-
ലൊരു വനഭാഗമുഷസ്സുപോൽ മനോജ്ഞം" (2013:124)

എന്നിങ്ങനെയുള്ള രേവാനദിക്കരയിലെ വനഭംഗി കണ്ട് ലീല കരമുയർത്തിത്തൊഴുന്നു. ഇത്തരത്തിൽ കൈകൂപ്പി തൊഴാൻ പ്രേരിപ്പിക്കും വിധം സമൃദ്ധമായ വനപ്രകൃതിയാണ് 'ലീല'യിലുള്ളത്. കൂടാതെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യപ്പെടലെന്നോണം

മനുഷ്യഭാവങ്ങൾ പ്രകൃതിയിൽ ആരോപിക്കപ്പെടുന്നു. ലീല വനത്തിനുള്ളിലേക്ക് പോയതോടെ വനം ലീലയുമായി താദാത്മ്യം പ്രാപിക്കുന്നു. പൂത്തു നിൽക്കുന്ന കാടിന്റെ ശോഭ 'ആത്മകാന്തവ്യസനിനിയായ' ലീലയ്ക്ക് ആസ്വദിക്കാൻ കഴിഞ്ഞില്ല. എന്നാൽ ലീലയുടെ ഭാവഭേദങ്ങൾ കാട് ഏറ്റെടുക്കുന്നതായി കാണുന്നു.[50] 'ലീല'യിലും 'നളിനി'യിലുമെല്ലാം വനം കഥാപശ്ചാത്തലമായാണ് പ്രത്യക്ഷപ്പെടുന്നത്. അവയാകട്ടെ പലപ്പോഴും നായികാനായകന്മാരുടെ വികാരത്തോട് പ്രതികരിക്കുകയും ചെയ്യുന്നു. നാട്ടിലോ വീട്ടിലോ ജീവിക്കാൻ കഴിയാത്ത പ്രണയികൾക്ക് ആശാൻ കവിതയിൽ കാടാണ് അഭയസ്ഥാനം.

രാമായണ കഥയെ ആസ്പദമാക്കി ആശാൻ രചിച്ച കൃതിയാണ് 'ബാലരാമായണം'. രാമായണത്തിലെ വനവർണ്ണന ആശാൻ തന്റേതായ രീതിയിൽ അവതരിപ്പിക്കുന്നു. വിശ്വാമിത്രനൊപ്പം രാമലക്ഷമണന്മാർ വനത്തിലേക്ക് പോകുമ്പോൾ പക്ഷികളും മരങ്ങളും പൂക്കളുമെല്ലാം ചേർന്ന് മനോഹരവും ഒപ്പം ഭയാനകവുമായ കാടിന്റെ ഗഹനമായ അവസ്ഥയാണ് കാണുന്നത്.[51] വനത്തിലേക്ക് പോകുന്ന ഘട്ടത്തിൽ

"നീണ്ട കാടും മലകളും നിർഝരങ്ങൾ നദങ്ങളും
നമുക്ക് നവമായി കാണാം പോകാം സീതേ, വനപ്രിയേ!" (2013:163)

എന്നാണ് രാമൻ സീതയോടു പറയുന്നത്. കാടും മലകളുമെല്ലാമടങ്ങുന്ന കാനനഭംഗി നമുക്ക് കാണാം എന്നർത്ഥം. 'വനപ്രിയേ' എന്നാണ് സീതയെ വിശേഷിപ്പിക്കുന്നത്. കാടിന്റെ ഭംഗികണ്ടാസ്വദിച്ചും കായും കനിയും പൂവും പറിച്ചെടുത്തും സീത പൂമ്പാറ്റ പോലെ വനത്തിൽ കഴിഞ്ഞതായി പരാമർശം. കവിയും കഥാപാത്രങ്ങളും പ്രകൃതിയെ ആസ്വാദിക്കുന്നതായാണ് ചിത്രീകരിക്കപ്പെടുന്നത്. 'ചിന്തവിഷ്ടയായ സീത'യിലും മനോഹരമായ വനവർണ്ണനയുണ്ട്. രാമലക്ഷ്മണന്മാർക്കൊപ്പം പതിനാലുവർഷം കഴിഞ്ഞ കാടിനെ സ്നേഹത്തോടെയാണ് സീത ഓർമ്മിക്കുന്നത്. 'ഒരു സിംഹപ്രസവം' എന്ന കവിതയിൽ സ്വന്തം ആവാസവ്യവസ്ഥയായ കാട്ടിലേക്ക് തിരിച്ചുപോകാനാഗ്രഹിക്കുന്ന സിംഹമാണുള്ളത്.

വള്ളത്തോളിന്റെ 'ശരണമയ്യപ്പാ' എന്ന കവിതയിൽ ശബരിമലയിലെ കാടിന്റെ വർണ്ണനയുണ്ട്

"ബുദ്ധ്യതീതമാം നിന്നനന്തത്വത്തെ-
പ്പത്രമർമ്മരം കൊണ്ടു പതുക്കവേ
വാനിടത്തിനു ചൊല്ലിക്കൊടുക്കുന്ന

പീനശാഖകൾ നാനാതരുക്കളും" (2011:320)

എന്നിങ്ങനെ കാടിനെ വർണ്ണിക്കുന്നു. പൂക്കളില്ലാത്ത വള്ളിക്കുടിലിൽ പൂക്കളെപ്പോലെ ശോഭിക്കുന്ന കിളികളും മഞ്ഞുകാലത്തും മഴവില്ലുപോലെ തോന്നിക്കുന്ന ആൺമയിൽ ക്കൂട്ടവും പട്ടുമേനികളായ മാനുകൾ മേയുന്ന പച്ചപ്പുൽത്തകിടിയും പാറമേൽ തട്ടി മുത്തു വിതറുന്ന ചോലകളുമുള്ള വനപ്രദേശത്തെക്കുറിച്ചും കവിത വർണ്ണിക്കുന്നു.[52]

"ദാനനീർ കവിൾത്തട്ടിലുറന്ന കാ-
ട്ടാനകളുടെ ചിന്നം വിളിയെയോ,
കാനനലക്ഷ്മിയാളുടെ കോമള-
ഗാനമായ്ക്കേൾപ്പിതെങ്ങൾ തൻ കർണ്ണങ്ങൾ" (2011:324)

എന്നിങ്ങനെ കാട്ടാനയുടെ ചിന്നംവിളിയെ കാനനലക്ഷ്മിയുടെ ഗാനമായി കൽപിക്കുന്നു.കാടിനെ ലക്ഷ്മിയായും സ്ത്രീയായും അവതരിപ്പിക്കുന്നു.

'ചിത്രയോഗം' മഹാകാവ്യത്തിൽ വന്യമൃഗങ്ങൾക്കുവേണ്ടി ദൈവം സൃഷ്ടിച്ച ഇടമാണ് കാട് എന്നു പറയുന്നു.[53] സൂര്യരശ്മികൾ ഏല്ക്കാത്തതിനാൽ അതികഠിനമായ ഇരുട്ടിൽ ജന്തുക്കൾ വിഹരിക്കുന്നതായി കവിതയിൽ പരാമർശിക്കുന്നു.[54] ഹനുമാൻ ഔഷധാഹരണത്തിനായി ഹിമാദ്രിയിലേക്കു പോകുന്നതായി 'ഔഷധാഹരണം ആട്ടക്കഥ'യിൽ വർണ്ണനയുണ്ട്. ഹിമാദ്രിയുടെ വനശോഭ വളരെ സൂക്ഷ്മതയോടെ വള്ളത്തോൾ അവതരിപ്പിച്ചിരിക്കുന്നു. മനോഹരമായ കാഴ്ച എന്ന രീതിയിലാണ് കാട് വർണ്ണിക്കപ്പെടുന്നത്.

ഉള്ളൂർ, ബാലാമണിയമ്മ, പള്ളത്ത്രാമൻ എന്നിവരുടെ കവിതകളിൽ കാടിനെ ക്കുറിച്ചുള്ള വർണ്ണനകൾ താരതമ്യേന ഇല്ലെന്നു പറയാം.

### 2.4.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനിൽ' രമണനും മദനനും കാട്ടിലെ മരച്ചോട്ടിൽ ഇരിക്കുന്നതായി പരാമർശമുണ്ട്. കടുത്ത ചൂടിലും മരച്ചോടുകൾ തണുത്തിരിക്കുന്നതായി കവി വർണ്ണിക്കുന്നു. ജീവിതമവസാനിപ്പിക്കാൻ ശ്രമിക്കുന്ന ചന്ദ്രിക പച്ചവിരിച്ച കാടുകളെ ഉപേക്ഷിച്ച് മരണത്തിലേക്ക് പോകാൻ തയ്യാറാവുന്നില്ല. കാട്ടിൽ രമണനെത്തേടി മദനൻ അലയുന്ന ഘട്ടത്തിൽ കാടിന്റെ മനോഹരമായ കാഴ്ചകളും അവതരിപ്പിക്കുന്നുണ്ട്. സൂര്യൻ ഉദിക്കുകയും കാറ്റു വീശുകയും മുല്ലകളാടുകയും കിളികൾ കളകളം പെയ്യുകയും മയിൽ ആടുകയും ചെയ്യുന്നു എന്ന് കാടിനെ വർണ്ണിക്കുന്നു. 'രമണനി' ൽ

ആത്മഹത്യയ്ക്ക് മുമ്പ് രമണൻ പ്രകൃതിയോട് യാത്ര ചോദിക്കുന്നു.[55] കുയിലുകൾ സദാ കൂകുന്ന വനങ്ങളോടും രമണൻ യാത്ര ചോദിക്കുന്നു. പ്രാചീന രാമായണകൃതികളിലും ചിന്താവിഷ്ടയായ സീതയിലുമെല്ലാം സീത പ്രകൃതിയോട് യാത്ര ചോദിക്കുന്ന സന്ദർഭമുണ്ട്. അതുപോലെ രമണനും പ്രകൃതിയോട് യാത്ര ചോദിക്കുന്നു. പ്രകൃതിയെ വിട്ടുപോകാൻ മടിക്കുന്ന രമണനെയാണ് കവിതയിൽ കാണുന്നത്.

മുല്ലകൾ മൊട്ടിട്ടും കുയിലുകൾ പാടിയും ഹേമന്തകാലം ആഗതമായ കാടിനെക്കുറിച്ച് 'നിർവൃതി' എന്ന കവിതയിൽ പരാമർശമുണ്ട്. 'കാല്യകാന്തി' എന്ന കവിതയിൽ

"കാടും മലകളും നിങ്ങളൊന്ന-
ക്കാലടിവച്ചാലൊഴിഞ്ഞുമാറും" (1974:191)

എന്ന് പരാമർശമുണ്ട്. അന്ധകാരത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് ഭാരതത്തെ വിളിച്ചുണർത്താനുള്ള സമരനായകരെയാണ് കവിത അഭിസംബോധന ചെയ്യുന്നത്.

'എനിക്കുവേണ്ടത്' എന്ന കവിതയിൽ പ്രകൃതിയിലെ കാഴ്ചകളിലേക്ക് മടങ്ങിപ്പോകാൻ കവി ആഗ്രഹിക്കുന്നു.

"അകലെ നീന്തിക്കളിച്ചിടും സുന്ദര-
വിഭവറാണിമാർ കാനനദേവിമാർ" (ഭാഗം 2, 1974:53)

എന്നിങ്ങനെ വിഭവങ്ങളാൽ സമ്പന്നമായ കാടിനെ പരാമർശിക്കുന്നുണ്ട്. കാടിനെ ദേവിയായി സങ്കല്പിക്കുന്നു. 'വനദേവത' എന്ന കവിതയിൽ കാടിന്റെ മനോഹരമായ വർണ്ണനയുണ്ട്. പൂക്കുകയും കായ്ക്കുകയും ചെയ്തമരങ്ങളും പാടുന്ന കരിങ്കുയിലുകളുമെല്ലാമുള്ള വസന്തം കൊണ്ടാടുന്ന കാടിനെക്കുറിച്ചാണ് കവിതയിൽ പരാമർശമുള്ളത്.

'അന്നും ഇന്നും' എന്ന കവിതയിൽ കുട്ടിക്കാലത്തെ സുഖജീവിതം ഇനി തിരിച്ചെത്തുമോ എന്നു ചിന്തിച്ച കവി മരതകപ്പച്ചക്കാട്ടിലാണ് തനിക്ക് മരണശയ്യയൊരുക്കേണ്ടതെന്ന് ആഗ്രഹിക്കുന്നു (ഭാഗം 1, 1990:131). പ്രകൃതിയെയും കാടിന്റെ പച്ചപ്പിനെയും അറിയുകയും ആസ്വദിക്കുകയും ചെയ്യുന്ന മനസ്സിനെയാണ് കവിത അടയാളപ്പെടുത്തുന്നത്.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ചങ്ങമ്പുഴയിൽ മാത്രമാണ് കാട് പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 2.4.1.4. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'ഇലകൾ' എന്ന കവിത കാടിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആവിഷ്ക്കാരമാണ്. കാടിന്റെ ജീവൻ ഇലകളിൽ തുടിച്ചു നിൽക്കുന്നു. വേനലിന്റെ കാഠിന്യത്താൽ ഉണങ്ങിച്ചുളിഞ്ഞ് ദ്രവിച്ചിരിക്കുന്ന കാട്ടിൽ മഴത്തുള്ളി വീണപ്പോൾ പുതുജീവൻ ലഭിക്കുന്നു. തളിർപ്പ് വിടർന്ന് ഇളംപച്ചയായും ഇളംപച്ച തളിർപ്പച്ചയായും തളിർപ്പച്ച തനിപ്പച്ചയായും മരപ്പച്ചയായും കരിമ്പച്ചയായും വനപ്പച്ചയായും മാറുന്നതായി കവിത വർണ്ണിക്കുന്നു. ഇത്തരത്തിൽ പലതരം പച്ചകളുടെ മികച്ച ആവിഷ്ക്കാരമായി കാട് മാറുന്നു. പച്ചനിറം മനസ്സിലുണ്ടാക്കുന്ന കുളിർമ്മയാണ് കവിത അവതരിപ്പിക്കുന്നത്. പച്ച നിറത്തിൽ മഞ്ഞ പടരുകയും അത് ചുവപ്പും മഞ്ഞയും ഇടകലർന്ന കാഴ്ചയായി മാറുകയും ചെയ്യുന്നു. പിന്നീട് ചുവപ്പ് നിറം കാട്ടിലാകെ വ്യാപിക്കുന്നതായും ഇത്തരത്തിലുള്ള ആവർത്തനങ്ങൾ നിരന്തരമായി നടക്കുന്നതായും കവിത വ്യക്തമാക്കുന്നു.

> "ചവറ്റിൽ പൊതിഞ്ഞോരെലുമ്പിന്റെ കൂടായ്
> തുരുമ്പിച്ചു നിന്നു മരക്കാലു വീണ്ടും
> ഉണങ്ങിച്ചുളിഞ്ഞും കരിഞ്ഞും മൊരിഞ്ഞും
> മരിക്കാനിരുന്നു' മരക്കാലുവീണ്ടും" (2015:195)

എന്നാണ് കവിത അവസാനിക്കുന്നത്. ഇലകളിലുണ്ടാകുന്ന നിറവ്യത്യാസത്തിലൂടെ കാടിന്റെ ജൈവഗതിയെയാണ് കവിത വിശദീകരിക്കുന്നത്.

പുഴ സമൃദ്ധമായപ്പോൾ സമീപത്ത് കാട് വളർന്നതിനെ സൂചിപ്പിക്കുന്നു എൻ.എൻ. കക്കാടിന്റെ 'ഒരു പുഴയുടെ ഓർമ്മ' എന്ന കവിത. പുഴയുടെ നാശം മരുഭൂമികൾ സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ ഒരു പുഴ വളരുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക സമൃദ്ധിയെ കവിത സൂചിപ്പിക്കുന്നു. വള്ളികൾ പൂക്കുകയും മരങ്ങൾ പടർന്ന് വളരുകയും ചെയ്തു. പുഴയിൽ പൂവുകൾ വിരിയുകയും മുന്തിരിക്കുലകളും കദളിക്കുലകളും വരിനെൽച്ചെടികളും അശോകമരങ്ങളും സമൃദ്ധമായി വളരുകയും മരുഭൂമിയെല്ലാം കാടാവുകയും സമൃദ്ധി നിറയുകയും ചെയ്തു. പിന്നീട്

> "അകിടു കനത്തു കടഞ്ഞു കുഴങ്ങും
> തള്ളപ്പശുവെപ്പോലെ" (2015:268)

കാട് സങ്കടപ്പെടുന്നതായും കവിത വ്യക്തമാക്കുന്നു. തന്റെ വിഭവങ്ങൾ നൽകാൻ ആളില്ലാത്ത വിഷമം തീർക്കാൻ ദൈവം തുമ്പികളെ സൃഷ്ടിച്ചതായും അവ കാട്ടിലെ

തേനും തേൻപഴങ്ങളും കഴിച്ച് തുള്ളിച്ചാടിയതായും അതെല്ലാം ആസ്വദിച്ച് കാട് രോമാഞ്ചം കൊള്ളുന്നതായും കവിത സൂചിപ്പിക്കുന്നു.

അയ്യപ്പപ്പണിക്കരുടെ ആദ്യഘട്ട കവിതകളിൽ പരിസ്ഥിതി പ്രശ്നങ്ങൾ പ്രാധാന്യത്തോടെ കടന്നുവരുന്നില്ല. എങ്കിലും 'കാടിന് കാടിന്റെ ഭംഗി' എന്ന കവിതയിൽ കാടിന്റെ സ്വാഭാവിക സൗന്ദര്യത്തെ എടുത്ത് കാണിക്കുന്നു. കാടിന് കാടിന്റെ ഭംഗിയെന്നും പൂന്തോപ്പിന് കൃഷിക്കാരൻ നൽകുന്ന ഭംഗിയെന്നും കവിത വ്യക്തമാക്കുന്നു. കാടിന് അതിന്റേതായ സ്വാഭാവിക സൗന്ദര്യമാണുള്ളതെന്നാണ് സൂചിതമാകുന്നത്.[56] കാടിന്റെയും പൂന്തോപ്പിന്റെയും സൗന്ദര്യങ്ങൾ തമ്മിലുള്ള അന്തരത്തെ കൂടിയാണ് കവിത വെളിപ്പെടുത്തുന്നത്.

ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ജി.കുമാരപിള്ള, എൻ.എൻ.കക്കാട്, അയ്യപ്പപ്പണിക്കർ എന്നിവരിൽ മാത്രമാണ് കാട് വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 2.4.1.5. ആധുനികതാനന്തരഘട്ടം

വി.എം. ഗിരിജയുടെ 'റാഷൊമോൺ' എന്ന കവിതയിൽ കാടിനെക്കുറിച്ച് പരാമർശമുണ്ട്. വെയിലും തണലും ചോലയുമെല്ലാമുള്ള കാടിന്റെ കാഴ്ചകൾ കവികൾ ക്യാമറപോലെ ഒപ്പിയെടുക്കുന്നതായി കവിത വ്യക്തമാക്കുന്നു. കൂടാതെ മനസ്സിനെ കാടായി കല്പിക്കുന്നു. വസന്തവും മൃഗങ്ങളുടെ ശബ്ദവും എല്ലാം ചേർന്ന കാടിനെയാണ് കവിത അവതരിപ്പിക്കുന്നത്. മനുഷ്യജീവിതത്തിന്റെ നിഗൂഢതകളെയാണ് കാട് എന്നതുകൊണ്ട് ഇവിടെ ആവിഷ്ക്കരിക്കുന്നത്.

'തരുതലത്തിൽ' എന്ന കവിത 'നളിനി'യിലെ കാടുമായി ബന്ധിപ്പിച്ച് രചിച്ചതാണ്. മുളയ്ക്കുകയും തളിർക്കുകയും ഇലകളും പൂവും കായും നിറഞ്ഞ മരങ്ങളുമുള്ള കാടിനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. അവിടെയാണ് ചന്ദ്രികയായ നളിനിയും സൂര്യനായ ദിവാകരനും എത്തിച്ചേരുന്നത്. സൂര്യചന്ദ്രന്മാരാണ് പ്രകൃതിയെ നിയന്ത്രിക്കുന്നതെന്ന ശാസ്ത്രീയതകൂടി കവിത ഉൾക്കൊള്ളുന്നു.

> "പ്രണയചന്ദ്രിക പ്രകൃതി ഞാനില്ലേ മൃതിയെ വെല്ലുവാൻ!
> പച്ചചുരത്തി നീ സൂര്യൻ ഉദിച്ചേ നിൽക്കുക"(2003:32)

എന്നിങ്ങനെ കാടിനെ പച്ചപ്പോടെ നിലനിർത്തുന്ന സൂര്യചന്ദ്രന്മാരെ കവിത അടയാളപ്പെടുത്തുന്നു.

പ്രണയിതാക്കൾ കൊട്ടിൽ അലയുകയും പ്രകൃതിയെ അറിയുകയും ചെയ്തതിനു ശേഷം പിരിഞ്ഞുപോകുന്നതിനെയാണ് 'പിരിയൽ' എന്ന കവിത പ്രതീകവൽക്കരി ക്കുന്നത്. പ്രണയിതാവിനൊപ്പം കാട്ടിലലഞ്ഞ് പക്ഷിയുടെയും ഉറുമ്പിന്റെയും മുളയുടെയും ഭാഷ പഠിച്ചും മഴയത്ത് കൂണിൻ ചോട്ടിൽ നിന്നും കാടിനെയറിഞ്ഞ അവൻ അവളോട് പറയാതെ പിരിഞ്ഞുപോയതായി കവിത വ്യക്തമാക്കുന്നു.

വീരാൻകുട്ടിയുടെ 'വേനൽമരങ്ങൾ' എന്ന കവിതയിൽ കാടിന്റെ വിവിധ ഭാവങ്ങളാണ് ആവിഷ്ക്കരിക്കപ്പെടുന്നത്. മഴക്കാലത്തെ കാട് പബ്ലിക് സ്കൂളിലെ അസംബ്ലിയിൽ യൂണിഫോമിട്ട് അനുസരണയോടെ നിൽക്കുന്ന കുട്ടികളെപ്പോലെയും വേനലിലെ കാട് പലനിറങ്ങളിലുള്ള ഉടുപ്പിട്ട് അനുസരണയില്ലാതെ പൊടിപിടിച്ച കുട്ടികളെപ്പോലെയുമാണെന്ന് കവിത വ്യക്തമാക്കുന്നു.

> "മഴക്കാലത്തെ മരത്തിന്
> വെല്ലുവിളികളൊന്നുമില്ല
> വേനലിലേത് അങ്ങനെയല്ല" (2015:73)

എന്ന് കവിത വ്യക്തമാക്കുന്നു. വേനലിൽ മരങ്ങൾക്ക് വെള്ളം തേടിയും എരിഞ്ഞു പോവാതെയും അതിജീവിക്കേണ്ടതായുണ്ട്. അതിനാൽ തന്നെ മഴക്കാലത്തെ കാടിനെക്കാൾ വേനലിനെ അതിജീവക്കുന്നത് ഉശിരൻ മരങ്ങളാണെന്ന് കവിത സൂചിപ്പിക്കുന്നു. മഴക്കാലത്തെയും വേനലിലെയും കാടവസ്ഥകളിലൂടെ ഓരോ വ്യക്തി യുടെയും പ്രകൃതിയുടെയും അതിജീവനാവസ്ഥകളെക്കൂടിയാണ് കവിത വ്യക്തമാക്കു ന്നത്. ഓരോ കാലാവസ്ഥയെയും ജീവിതസാഹചര്യങ്ങളെയും അതിജീവിക്കേണ്ട തിനെയാണ് പ്രതീകവത്ക്കരിക്കുന്നത്.

ആധുനികതാനന്തരഘട്ടത്തിലെ തെരഞ്ഞെടുത്ത മലയാളകവിതയിൽ വി.എം. ഗിരിജയുടെയും, വീരാൻകുട്ടിയുടെയും കവിതകളിൽ മാത്രമാണ് പൊതുവെ കാടിനെ വർണ്ണനാപരമായി അവതരിപ്പിച്ചുകാണുന്നത്.

## 2.4.2. സദൃശകല്പനകൾ

### 2.4.2.1. രൂപപരം

#### 2.4.2.1.1. പ്രാചീനമധ്യകാലഘട്ടം

'രാമചരിത'ത്തിലെ ഗണപതിവന്ദനത്തിൽ ശിവപാർവ്വതിമാർ ആനയുടെ രൂപത്തിൽ കാട്ടിൽ വച്ച് നടത്തുന്ന സ്വതന്ത്രരതിലീലകളിൽ നിന്ന് ജനിച്ച ഗണപതിയെ

വന്ദിക്കുന്നതാണ്. സ്വതന്ത്രവും സന്തോഷവുമായ രതിവിഹാരത്തിന് ശിവപാർവ്വതിമാർ തെരഞ്ഞെടുത്തത് കാടിനെയാണെന്നാണ് സൂചന. രാമരാവണയുദ്ധം വർണ്ണിക്കുന്ന സന്ദർഭത്തിൽ രാക്ഷസന്മാർ കപികളെ അഗ്നിക്കിരയായ കാനനത്തെപ്പോലെ നശിപ്പിച്ചതായും ശ്രീരാമന്റെ അമ്പുകളേറ്റ് ലങ്കയിലെ മണിമാളികകൾ വെന്തെരിയുന്ന കാടുപോലെ കത്തിയമർന്നതായും 'കാനന ലിചനി നടന്തപോൽ' അതായത് കാനനത്തെ ദാഹകശക്തിയോടെ കീഴ്പെടുത്തുന്ന അഗ്നിപോലെ ഇന്ദ്രജിത്ത് ശത്രുക്കളെ നശിപ്പി ക്കുന്നതായും പറയുന്നുണ്ട്. നശിപ്പിക്കപ്പെടുന്ന കാടിനെപ്പോലെയാണ് ശത്രുക്കളുടെ നാശം എന്നർത്ഥം. ശത്രുക്കളെ നശിപ്പിക്കാവുന്നതുപോലെ നശിപ്പിക്കാവുന്ന ഒന്നാണ് കാട് എന്ന് പഴയ ഭരണാധികാരികളും വിശ്വസിച്ചിരുന്നതായി ഈ പരാമർശത്തിൽ നിന്ന് മനസ്സിലാക്കാം.

രാമചരിതത്തിൽ മാത്രമാണ് രൂപപരമായ സദൃശകല്പനകളായി കാട് പ്രാചീന മധ്യകാലഘട്ടത്തിലെ കൃതികളിൽ താരതമ്യേന കാണപ്പെടുന്നത്.

**2.4.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ കാട് രൂപപരമായ സദൃശകല്പനകളായി പൊതുവെ ഉപയോഗിച്ചു കാണുന്നില്ല.

### 2.4.2.2. ഭാവപരം

### 2.4.2.2.1. പ്രാചീനമധ്യകാലഘട്ടം

'കണ്ണശ്ശരാമായണ'ത്തിൽ സീതയെ രാവണൻ അപഹരിച്ചുകൊണ്ടു പോകുന്ന സന്ദർഭത്തിൽ വനദേവതമാരെ വിളിച്ച് സീത വിലപിക്കുന്നു.[57] ആ വിലാപം പ്രകൃതി കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. വനത്തിന് ഒരു ദേവതയുണ്ട് അല്ലെങ്കിൽ വനമാകുന്ന ദേവതയെന്നും അർത്ഥം കല്പിക്കാം. വനദേവതമാരെ ആരാധിക്കുന്നുണ്ടെ ങ്കിലും സ്വന്തം രക്ഷക്കായാണ് കേഴുന്നത്.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ സീതാപഹരണം നടന്ന സന്ദർഭത്തിൽ വനദേവതമാരേ നിങ്ങൾ സീതയെ കണ്ടോ എന്ന് രാമൻ പ്രകൃതിയോട്; കാടിനോട് അന്വേഷിക്കുന്നു.[58] പ്രകൃതിയോട് ദുഃഖം പങ്കിടുന്ന രാമനെയാണ് ഇവിടെ കാണുന്നത്. രാമൻ സീതയെ വനത്തിലുപേക്ഷിച്ച സന്ദർഭത്തിൽ കാട് സീതയുടെ ദുഃഖം ഏറ്റെടുക്കുന്നതായും കാണാം.[59] സീതയെയും ഭൂമിയെയും അമ്മ – മകൾ എന്നിങ്ങനെ ബന്ധിപ്പിക്കുന്നതിലൂടെ ഭൂമിയിൽ സ്ത്രീത്വവും മാതൃത്വവും ആരോപിക്കുന്നു. ഭൂമിയും

സ്ത്രീയും സഹിക്കേണ്ടവളാണ് എന്ന അർത്ഥം കൂടി ഈ ബന്ധത്തിലൂടെ വ്യക്തമാക്കപ്പെടുന്നു."ഭൂമിയുടെ ബലഹീനത സ്ത്രീയുടേതുമാണ്. സ്ത്രീയുടെ ക്ഷേമവും വികസനവും ഭൂമിയുടേതും, പ്രകൃതി ഇനിമേൽ നമുക്കൊരു കൗതുകമേയല്ല, നമ്മുടെ സത്തയാണത്. മണ്ണും വെള്ളവും സസ്യങ്ങളും ജന്തുജാലങ്ങളും മനുഷ്യരും ചേർന്നതാണ് സമുദായം എന്നൊരു പുത്തനുണർവാണ് നമുക്കുണ്ടാവേണ്ടത്" (മിനി പ്രസാദ്, 2009:60) എന്ന് പ്രകൃതിയോടൊപ്പം സ്ത്രീയും ഉണരണം എന്ന് വ്യക്തമാക്കപ്പെടുന്നുണ്ട്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അവികസിതമായ മുദ്രകൾ ഇവിടെ പ്രകടമാണ്.

കാട് / നാട് ദ്വന്ദ്വം വളരെ പ്രകടമായി കാണുന്ന കൃതിയാണ് 'നളചരിതം ആട്ടക്കഥ'. നളനും ദമയന്തിയും ഒരുമിച്ചും ഒറ്റയ്ക്കൊറ്റയ്ക്കും വനത്തിൽ അലയുന്നതായി നളചരിതത്തിൽ പറയുന്നുണ്ട്. നളൻ വനത്തിലലയുന്ന ഘട്ടത്തിൽ വീടിനേക്കാൾ സുഖം വനം തന്നെയാണന്ന് അഭിപ്രായപ്പെടുന്നു. നാരിമാർ, ശൃംഗാരം, സാമം-ദാനം, നയങ്ങൾ, ജയം, ഭയം, വ്യയം, നാശനഷ്ടങ്ങൾ എന്നിവയെല്ലാം നാട്ടിലുള്ളവരുടെ ജീവിതത്തിന്റെ ഭാഗമാകയാൽ അവർക്ക് ഒരിക്കലും സ്വൈരം കിട്ടില്ലെന്നും സ്വസ്ഥമായ ജീവിതം കാട്ടിലാണെന്നും നളൻ പറയുന്നു. ഭവനമാകുന്ന വനത്തിൽ ഹൃദയമാകുന്ന ഇരുണ്ട മലയിടുക്കുകളുണ്ട്. അവിടെ ദുഷ്ടമൃഗങ്ങളെക്കാൾ അധികം ഭയങ്കരങ്ങളായ ശത്രുക്കളുണ്ട് എന്നാണ് നളൻ പറയുന്നത്.

"സദനങ്ങൾ ശോഭനങ്ങൾ, സാധുസഭാതലങ്ങൾ
സരസങ്ങൾ ഗഹനങ്ങൾ
സജലാ സശിലാ തടിനീജനനീ
രാജാന ഇമേ തരമോ ദൃഢ
മാജാന മനോരമഭൂതികൾ" (1969:128)

എന്നാണ് പറയുന്നത്. അതായത് വനം നഗരത്തെക്കാൾ സുഖവാസയോഗ്യമാണ്. തഴച്ചു പച്ചപിടിച്ച വള്ളിക്കുടിലുകൾ, വെള്ളമുള്ളതും പാറക്കെട്ടുകളുള്ളതുമായ നദി, നഗരത്തിൽ ലഭ്യമാകുന്ന മാതൃലാളനാസുഖം കാട്ടരുവികളിൽ നിന്നു ലഭിക്കുന്നു, പുഷ്പഫലസമൃദ്ധിയോടുകൂടിയ മഹാവൃക്ഷങ്ങൾ സാമന്തരാജാക്കന്മാർ കാഴ്ചകൾ കൊണ്ടുവന്ന് സേവിക്കുന്നതിനേക്കാൾ ശുശ്രൂഷിക്കുന്നു. കാട്ടിലെയും നാട്ടിലെയും ജീവിതാവസ്ഥകളാണിത്. ഇതിൽനിന്നും വനവാസം നളന് ക്ലേശകരമായിരുന്നില്ല എന്നാണ് വ്യക്തമാകുന്നത്. കാനനവാസം ആസ്വദിക്കുമ്പോഴും ദമയന്തീവിയോഗത്താൽ

നളൻ അതീവദുഃഖിതനായിരുന്നു. നഗരത്തെക്കാൾ വനമാണ് സുഖവാസയോഗ്യമെന്നു പറയുന്ന നളൻ വനത്തിൽ ദയമന്തിക്ക് ക്ലേശകരമായ ജീവിതം നയിക്കേണ്ടിവരും എന്ന ഭയത്താൽ അവളെ പാതിവഴിയിൽ ഉപേക്ഷിക്കുന്നു. കൂടാതെ വനവാസിയായി തുടർജീവിതം കഴിക്കാനും നളൻ തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെയാണ് കലിബാധയൊഴിഞ്ഞ നളൻ പുഷ്കരനെ തോല്പിച്ച് രാജ്യം തിരിച്ചെടുക്കുന്നത്. വനജീവിതത്തെക്കുറിച്ച് വളരെയേറെ താല്പര്യത്തോടെ പറയുന്നുണ്ടെങ്കിലും നളന് നാഗരികജീവിതത്തിലേക്കും രാജഭരണത്തിലേക്കും മടങ്ങാനാണ് താല്പര്യം. വനത്തെ ആദർശവത്ക്കരിക്കുന്ന നളൻ നാട്ടിലേക്ക് മടങ്ങാനുള്ള അവസരം കാത്തിരിക്കുകയാണ് എന്നു തന്നെയാണ് കൃതി വ്യക്തമാക്കുന്നത്.

'നളചരിത'ത്തിൽ കാടിനെ പ്രതിനിധീകരിക്കുന്ന കഥാപാത്രമാണ് കാട്ടാളൻ. നളനാൽ ഉപേക്ഷിക്കപ്പെട്ട ദമയന്തി പെരുമ്പാമ്പിന്റെ വായിലകപ്പെടുമ്പോഴുള്ള വിലാപം കേട്ടാണ് കാട്ടാളൻ രംഗപ്രവേശം ചെയ്യുന്നത്. വിലാപം കേൾക്കുന്ന കാട്ടാളൻ ഒറ്റയ്ക്കു പോകാൻ പേടിയുണ്ടെന്ന് വ്യക്തമാക്കുന്നതിനൊപ്പം ഭീരുത വെടിഞ്ഞ് വില്ലും അമ്പു മെടുത്ത് നീചത്വം വിട്ട് ഔചിത്യം സ്വീകരിച്ച് ഇറങ്ങി വരുന്നതായി കവിത പരാമർശിക്കുന്നു. നാടിനെയും കാടിനെയും കുറിച്ചുള്ള ഔചിത്യനീചത്വധാരണകൾ വ്യക്തമാക്കുന്നതാണ് കാട്ടാളന്റെ ഔചിത്യനീചത്വ പരാമർശങ്ങൾ. കാടിനെക്കുറിച്ചും കാട്ടാളരെക്കുറിച്ചുമുള്ള മുൻവിധികൾ തെറ്റിച്ചുകൊണ്ടാണ് നളചരിതം ആട്ടക്കഥയിലെ കാട്ടാളൻ രംഗപ്രവേശം ചെയ്യുന്നത്. ദമയന്തിയെയോ നളനെയോ പോലെ പ്രത്യേക പേര് ഇയാൾക്കില്ല. കാട്ടിൽ ജീവിക്കുന്ന ഒരാളെന്ന പൊതുവായ അർത്ഥത്തിൽ കാട്ടാളൻ എന്നുമാത്രമാണ് ഇയാൾ വിളിക്കപ്പെട്ടിട്ടുള്ളത് എന്നത് ശ്രദ്ധേയം. നാട്ടുവാസിയായ ഒരാൾ ചെയ്യുന്ന പ്രവൃത്തിയാണ് കാട്ടാളൻ ചെയ്യുന്നത്. നാട്ടിലെപ്പോലെ മേൽക്കൂരയും ചുമരും ഉള്ള വീട്ടിലേക്കാണ് കാട്ടാളൻ ദമയന്തിയെ ക്ഷണിക്കുന്നത്.

> "താഴ്ചവരാതേ വാഴ്ക തരുണി! നീ ഇനിയ്ക്കുണ്ടു
> ചോർച്ച കൂടാതെ കെട്ടിച്ചുമരും വെച്ചൊരു വീടും
> വാഴ്ച നമുക്കവിടെ, വനസുഖമാരറിഞ്ഞു" (ഉണ്ണായിവാര്യർ; 1969:106)

എന്നാണ് പറയുന്നത്. ഇവിടെ കാട്ടാളനിൽ നീചത്വമല്ല ഔചിത്യമാണ് പ്രവർത്തിക്കുന്നത്. കാട്ടാളനിലും കാട്ടുമൃഗങ്ങളിലും ഔചിത്യചിന്തകളും സ്നേഹ ഭാവങ്ങളുമുണ്ടെന്നും അത് നാട്ടുസംസ്കാരം മാത്രമല്ല എന്നും നളചരിതം വ്യക്തമാക്കുന്നു.

പ്രാചീനമധ്യകാലഘട്ടത്തിൽ കണ്ണശ്ശരാമായണത്തിലും അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലും നളചരിതത്തിലും മാത്രമാണ് കാട് ഭാവപരമായി താരതമ്യേന അവതരിപ്പിക്കപ്പെടുന്നത്.

### 2.4.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യും കാനനപശ്ചാത്തലത്തിലുള്ളതാണ്. ആശ്രമപരിസരത്തിൽ ചിന്താകുലയായിരിക്കുന്ന സീതയുടെ മാനസിക വ്യാപാരമെന്ന രീതിയിലാണ് രചന. രാജകുമാരിയായിരുന്ന സീതാദേവിക്ക് അനുയോജ്യമായ ഒരുക്കങ്ങൾ കാട്ടിൽ പ്രകൃതി നടത്തിയതായി കവിത കല്പിക്കുന്നു.[60] മനോഹരവും പ്രകൃതിദത്തവുമായ ഇരിപ്പിടമാണ് സീതാദേവിക്കുള്ളത്. പ്രകൃതി പുത്രിയായ സീത പ്രകൃതിയെ ആസ്വദിക്കുകയും ആരാധിക്കുകയും പ്രകൃതിയുടെ മടിത്തട്ടിലേക്ക് അലിഞ്ഞു ചേരാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഭൂമിപുത്രി എന്ന സങ്കല്പത്തെക്കുറിച്ച് ആദ്യഭാഗത്ത് പരാമർശിച്ചിട്ടുണ്ട്. തമസാനദീതീരത്തെ വനത്തിൽ നിലാവ് പരന്നിരിക്കുന്നതുകണ്ടാൽ കാട് മുഴുവൻ വെള്ളികൊണ്ട് വാർത്തതാണെന്നു തോന്നുമെന്ന് കവിതയിൽ പരാമർശമുണ്ട്. മലകളും ഗുഹകളും സിംഹവും പുലിയും പാമ്പുകളും ഭീകരമായ സമുദ്രവുമെല്ലാം ചേർന്ന വനാവസ്ഥയെക്കുറിച്ച് സീത ഓർക്കുന്നുണ്ട്. സീത സന്തോഷത്തിലും ദുഃഖത്തിലും വനത്തിലായിരുന്നു. വനത്തിൽ സന്തോഷിച്ചതിനുകാരണം രാമനെന്ന പുരുഷൻ കൂടെയുണ്ടായിരുന്നു എന്നതാണ്.

> "ഗിരികാനനഭംഗി ഞങ്ങൾക-
> ണ്ടരിയോരുത്സവമായ് കഴിച്ചുനാൾ"(2013:432)

എന്നിങ്ങനെ കാനനജീവിതം ഉത്സവതുല്യം ആഘോഷിച്ചതായും സീത പറയുന്നുണ്ട്. നാട്ടിൽ നിന്നും വീട്ടിൽ നിന്നും കുടുംബവ്യവസ്ഥയിൽ നിന്നും ബഹിഷ്കൃതരായ മനുഷ്യരെ ഏറ്റുവാങ്ങുന്ന മറ്റൊരിടമാണ് ആശാൻ കവിതയിലെ കാട് അംഗീകൃത സാമൂഹ്യഘടനകളിലേക്ക് മെരുക്കപ്പെടാത്ത പ്രണയികൾക്ക് കണ്ടുമുട്ടാനോ മരിക്കാനോ ഉള്ള ഒരിടം കൂടിയാണത്. ഏകനിഷ്ഠ പ്രണയത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും കാട് സ്വീകരിക്കുന്നു.

കവിത്രയകാലത്തെ തെരഞ്ഞെടുത്ത കവികളിൽ ആശാനിൽ മാത്രമാണ് കാട് ഭാവപരമായി അവതരിപ്പിക്കപ്പെടുന്നത്.

### 2.4.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണ'നിൽ രമണനും ചന്ദ്രികയും തമ്മിലുള്ള അന്തരത്തെ വ്യക്തമാക്കുമ്പോൾ പുഴകളും കാടും മലയുമെല്ലാം അധഃകൃതരുടെ ഇടമാണെന്നും പവിഴപ്പൂങ്കാവുകളാണ്. സമ്പന്നരുടെ ഇടമെന്നുമുള്ള ബോധത്തിന്റെ അടയാളപ്പെടുത്ത ലാണ് സംഭവിക്കുന്നത്. സ്വാഭാവിക പ്രകൃതിയിൽ ജീവിക്കുന്നവരെ അധഃകൃത വിഭാഗമായി ചിത്രീകരിക്കുന്നു. തന്റെ അധഃകൃതത്വത്തെയും നായികയുടെ സമ്പന്ന തയെയും പ്രകൃതിയെ ഉപയോഗിച്ചാണ് രമണൻ വെളിപ്പെടുത്തുന്നത്. 'രമണ'നിൽ കാട്ടിൽ ആടുമേയ്ക്കാനും കാടിന്റെ കാഴ്ചകൾ കാണാനും എന്നെയും കൊണ്ടുപോകൂ എന്ന ചന്ദ്രികയുടെ ആവശ്യത്തെ നിരാകരിച്ചുകൊണ്ട്.

"നിൻകഴൽപ്പൂമ്പൊടി പൂശിനിൽക്കാൻ,
ശങ്കയില്ലാവനമർഹമല്ല!
എന്നെപ്പോൽ തുച്ഛരാമാട്ടിടയർ
ചെന്നിടാനുള്ളതാണപ്രദേശം" (1974:131)

എന്നിങ്ങനെ കാട് അധഃസ്ഥിതർക്കുള്ള ഇടമാണെന്ന് കവിത ബോധ്യപ്പെടുത്തുന്നു. അച്ഛനുമമ്മയും കാണിച്ചുതരുന്ന ദാമ്പത്യത്തെ മുൾച്ചെടിക്കാടെന്നാണ് ചന്ദ്രിക വിശേഷിപ്പിക്കുന്നത്. പ്രകൃതിയെ കൂട്ടുപിടിച്ചുകൊണ്ടാണ് ചങ്ങമ്പുഴ എല്ലാ ഭാവ ങ്ങളെയും ആവിഷ്ക്കരിക്കുന്നത്.

ഉത്സവമുറ്റത്ത് തിടമ്പേറ്റി നിൽക്കുന്ന കൊമ്പൻ കേന്ദ്രകഥാപാത്രമാകുന്ന വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' എന്ന കവിത കാടനുഭവങ്ങളുടെ കാഴ്ച യാകുന്നു. ഉത്സവമുറ്റത്തെ കാഴ്ചകളിൽ നിന്നും കൊമ്പന്റെ മനസ്സ് കുട്ടിക്കാലത്ത് വിഹരി ച്ചിരുന്ന കാട്ടിലേക്ക് സഞ്ചരിക്കുന്നു. ഉത്സവമുറ്റത്തെ കാഴ്ചകളും ശബ്ദങ്ങളുമെല്ലാം കാട്ടിലെ ശബ്ദങ്ങളും കാഴ്ചകളുമായി ആനയ്ക്ക് അനുഭവപ്പെടുന്നു. പൂത്തുനിൽക്കുന്ന മലവാകകളും മസ്തകം തലോടുന്ന കാറ്റും ഈന്തൽപട്ടിൻ മുളകളും തെളിനീരുനിറഞ്ഞ പൂഞ്ചോലകളും ചേർന്ന കാടിന്റെ കാഴ്ച കവിതയിലുണ്ട്. ഉത്സവപറമ്പിലൂടെ നടക്കുന്ന കൊമ്പന് കാട്ടുപാതയിലൂടെ നടക്കുന്ന അനുഭവമാണുണ്ടാകുന്നത്. കാട്ടിലെ പാലപ്പൂവിന്റെയും കള്ളിന്റെയും മെരുവിന്റെ മദദ്രവത്തിന്റെയും മണം ആനയ്ക്ക് അനുഭവപ്പെടുന്നു. പൊന്തയിൽ പളുങ്ങുന്ന പുള്ളിപ്പുലികളും വക്കാണമടിച്ചുനടക്കുന്ന കുരങ്ങന്മാരും കാട്ടുപൊയ്കയിൽ കൊമ്പിട്ടിടിക്കുന്ന കാട്ടുപോത്തുകളും കാണ്ടാമൃഗങ്ങളുമെല്ലാം കാടിന്റെ മറ്റൊരു കാഴ്ചയായി കൊമ്പന്റെ ഓർമ്മയിലെത്തുന്നു.

പകൽ അവസാനിച്ച് കാട്ടിൽ ഇരുളെത്തുകയും ആ സമയത്ത് കൂടുതേടി പക്ഷികൾ താഴ്ന്നു പറക്കുകയും ചെയ്യുന്നു. മയിലുകൾ പീലി വിടർത്തുകയും വനമല്ലികകൾ വിരിഞ്ഞ ഗന്ധം പരക്കുകയും വനദേവതമാർ നൃത്തം വയ്ക്കുകയും വേട്ടക്കാരായ മൃഗങ്ങൾ വേട്ട നടത്തുകയും കുറുക്കന്മാർ ഓരിയിടുകയും നൂറായിരം ചീവിടുകളുടെ കരച്ചിൽ കേൾക്കുകയും ചെയ്യുന്നതായി ആനയ്ക്ക് തോന്നുന്നു. ഉത്സവപറമ്പിലെ ഗന്ധങ്ങളും ശബ്ദങ്ങളും കാട്ടിലെ ഗന്ധങ്ങളും ശബ്ദങ്ങളുമായി ആനയ്ക്ക് അനുഭവ പ്പെടുന്നു. ഇത്തരത്തിൽ കാട്ടിലെ രാത്രിയുടെ മനോഹരകാഴ്ചകളും ശബ്ദങ്ങളും ഗന്ധങ്ങളും കവിതയിലുണ്ട്. മഴക്കാലത്ത് കാട്ടിലുണ്ടാവുന്ന തവളക്കരച്ചിലായാണ് ഉത്സവവാദ്യാഘോഷങ്ങൾ കൊമ്പന് അനുഭവപ്പെടുന്നത്. കാട്ടിലെ കൊടുങ്കാറ്റായും മലവെള്ളപ്പൊക്കമായും കാട്ടാളന്മാരുണ്ടാക്കുന്ന ശബ്ദങ്ങളായുമെല്ലാമാണ് ഉത്സവപറമ്പിലെ ശബ്ദങ്ങളെ കൊമ്പൻ തിരിച്ചറിയുന്നത്. ചെടികൾ ചവിട്ടിമെതിച്ചും മരക്കൊമ്പുകളൊടിച്ചും കാട്ടാനക്കൂട്ടം മദിച്ചു. അതോടൊപ്പം പ്രണയരംഗങ്ങളുമുണ്ട്. എതിർകൊമ്പനോടിടഞ്ഞ് കാട് കുലുക്കുന്ന ഓർമ്മകളും ആനയ്ക്കുണ്ടാകുന്നു. ഇവിടെ ശബ്ദങ്ങളും ഗന്ധങ്ങളുമായാണ് കാടനുഭവങ്ങൾ ആവിഷ്ക്കരിക്കപ്പെടുന്നത്. കാടോർമ്മകളിലേക്ക് ആന മാനസികമായി തിരിച്ചു നടക്കുന്നു. മനുഷ്യന്റെ ക്രൂരത പ്രകൃതിയിലെ ഓരോ ജീവിയെയും എത്രമാത്രം അസ്വസ്ഥമാക്കുന്നു എന്ന വെളിപ്പെടു ത്തൽ കൂടിയാണ് ഈ കവിത.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴയിലും വൈലോപ്പിള്ളി യിലും മാത്രമാണ് കാട് പൊതുവെ ഭാവപരമായി അവതരിപ്പിച്ചിരിക്കുന്നത്.

#### 2.4.2.2.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിലെ കവിതകളിൽ കാടിനെക്കുറിച്ചുള്ള ഭാവപരമായ കല്പനകൾ പൊതുവെ കാണപ്പെടുന്നില്ല.

#### 2.4.2.2.5. ആധുനികതാനന്തരഘട്ടം

സ്ത്രീയുടെയും പ്രകൃതിയുടെയും നോട്ടങ്ങളിലൂടെ രാമയണത്തിന് നടത്തുന്ന പുനർവായനയാണ് വി.ടി.ജയദേവന്റെ 'ഹരിതരാമായണം' എന്ന കൃതി. രാമായണത്തിന് ഉത്തരാധുനികമായ പുനർഭാഷ്യം രചിക്കുന്നു. രാമായണത്തിലെ കഥാമുഹൂർത്തങ്ങളെ പുനർവായിക്കുന്ന ഈ സമാഹാരം രാമായണത്തിന്റെ ആദ്യം മുതൽ അവസാനം വരെയുള്ള വായനയാണ്. രാമായണത്തിലെ ഓരോ കാണ്ഡങ്ങളെയും മുൻനിർത്തിയുള്ള വിചാരണങ്ങളാണ് ഇവിടെ പ്രത്യക്ഷമാകുന്നത്. അധികാരമോഹിയായ ദുഷ്ടതയുടെ

പ്രതീകമായാണ് രാമനെ കാട്ടിലയച്ച കൈകേകിയെ രാമായണവും അതിന്റെ പല വ്യാഖ്യാനങ്ങളും വിലയിരുത്തിയിട്ടുള്ളത്. എന്നാൽ ഹരിതരാമായണത്തിലെ കൈകേയി രാമനെ രാജസിംഹാസനമെന്ന തടവറയ്ക്കുള്ളിൽ കാണാൻ ആഗ്രഹിക്കുന്നില്ല. കൈകേയിയുടെ സഹായത്തോടെ കാട്ടിലേക്ക് അതിലൂടെ പ്രകൃതിയിലേക്ക് തിരിച്ചുപോകുന്ന രാമനെയാണ് കവിത അടയാളപ്പെടുത്തുന്നത്.

കവിത ആരംഭിക്കുന്നത്

> "വനം.....
> രണ്ടു കിളികൾ ഒരു കൊമ്പത്ത്
> ഇരിക്കുകയായിരുന്നു.
> അവയുടെ പ്രണയവും നോക്കി രസിച്ച്
> ഞാൻ താഴെ ..." (2010:13)

എന്നിങ്ങനെയാണ്. അമ്പുകൊണ്ട് കിളികളിലൊന്ന് പിടഞ്ഞു വീഴുകയും ലക്ഷ്യ സ്ഥാനത്തെത്തിയ അമ്പ് കവിയുടെ ചിന്തയിലേക്ക് തിരികെ വരികയും ചെയ്യുന്നു. രാമായണരചനയുടെ സൃഷ്ടികാരണം തന്നെ പ്രകൃതിനശീകരണമാണ് എന്ന് ഈ വർണ്ണന വ്യക്തമാക്കുന്നു. വനത്തിൽ അനധികൃതമായി കടന്നുകയറുകയും സ്വന്തം ആവാസ ഇടത്തിൽ പ്രണയസല്ലാപത്തോടെയിരിക്കുന്ന കിളികളിലൊന്നിനെ എയ്തു വീഴ്ത്തുകയും ചെയ്യുന്ന മനുഷ്യപ്രവൃത്തിയുടെ ഫലമാണ് രാമായണകഥ. രാജ മര്യാദയനുസരിച്ചുള്ള ഉടുപ്പുകൾ അഴിച്ചുവച്ച് കണ്ണാടിയിൽ നോക്കുന്ന രാമന് വനയാത്രയ്ക്കിടയിൽ തലയരിഞ്ഞോ നെഞ്ചുപിളർത്തിയോ കൊന്നു വീഴ്ത്തിയ ആയിരക്കണക്കിന് വനപുരുഷന്മാരിലൊരാളെപ്പോലെയാണ് സ്വയം തോന്നിയതെന്നാണ് കവിത വ്യക്തമാക്കുന്നത്.[61] പ്രകൃതിയിൽ നിന്നകന്ന മനുഷ്യനുപകരം പ്രകൃതിയുടെ ഭാഗമായിരുന്ന മനുഷ്യനിലേക്കുള്ള മടക്കമാണ് രാമൻ ആഗ്രഹിച്ചത്. അതുകൊണ്ടു തന്നെയാണ് താൻ കൊന്നൊടുക്കിയ വനവാസികളായ രാക്ഷസരിലൊരാളായി രാമന് സ്വയം തോന്നുന്നത്. പല നിറങ്ങളും സമൃദ്ധമായ അരുവികളുമുള്ള കാട്ടിലാണ് രാജകീയതകളില്ലാതെ സീത പ്രത്യക്ഷപ്പെടുന്നത്. ഇവിടെയും വനത്തിലേക്കുള്ള പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്ക് ആസ്വദിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്.

വിശ്വാമിത്രൻ ശാപഭീഷണി മുഴക്കി രാമലക്ഷ്മണന്മാരെ കാട്ടിലേക്ക് കൊണ്ടു വന്നപ്പോൾ 'കൊല്ലുക! കൊല്ലുക!' (2010:23) എന്നല്ലാതെ മറ്റൊന്നും കേൾക്കാനില്ലാ യിരുന്നു. കിളിയുടെ പാട്ടോ കാട്ടുപൂക്കളുടെ മണമോ ഒന്നും അറിയാനാവാതിരുന്ന

വനയാത്ര രാമന് അസഹ്യമായിരുന്നു. അതുകൊണ്ടാണ് കൈകേയിയോട് രാമൻ

"അമ്മേ,
എനിക്കയോധ്യയുടെ
തിരക്കുപിടിച്ച വാണിഭപ്പുരകളെ
ഇഷ്ടമേയല്ല.
രാമനു കാടാണിഷ്ടം
കാണാൻ കഴിയാതെ പോയ
കിളികളുടെയും
നനഞ്ഞ മണ്ണിന്റെയും
പൂക്കളുടെയും
പയസ്വിനികളായ
നീരൊഴുക്കുകളുടെയും കാട്" (2010:30)

എന്നിങ്ങനെ രാമൻ താൻ ആഗ്രഹിക്കാത്ത നാഗരികതയിൽ നിന്ന് രാജസിംഹാസന ത്തിൽ നിന്ന് കാട്ടിലേക്ക് മോചിപ്പിക്കപ്പെടാൻ ആഗ്രഹിക്കുന്നു.[62] താനതു ചെയ്യുമെന്ന് കൈകേയി വ്യക്തമാക്കുന്നു. തന്നെ അസൂയയുടെ സ്ത്രീരൂപമെന്ന് വിധിച്ചാലും രാമനെ അധികാരത്തിന്റെയും സിംഹാസനത്തിന്റെയും തടവറയിൽ നിന്ന് പ്രകൃതിയിലേക്ക് മോചിപ്പിക്കുമെന്ന് കൈകേയി വ്യക്തമാക്കുന്നു.[63]

പതിനാലുവർഷം വനത്തിൽ വസിക്കണമെന്ന അച്ഛന്റെ വാക്കുകൾ രാമനിലോ സീതയിലോ ഒട്ടും ദുഃഖമുണ്ടാക്കിയില്ല എന്ന് കവിത വ്യക്തമാക്കുന്നു. പ്രകൃതിയിലേക്ക് മടങ്ങേണ്ടതിന്റെ ആവശ്യകതയെന്തെന്ന് അവർ മനസ്സിലാക്കിയിരുന്നു. പ്രകൃതിയിലാണ് യഥാർത്ഥജീവിതമെന്ന രാമന്റെയും കൈകേയിയുടെയും ബോധ്യമാണ് കവിത വെളിപ്പെടുത്തുന്നത്. അധികാരം, നാഗരികത എന്നീ അസ്വാതന്ത്ര്യത്തിലേക്കും വരൾച്ചയിലേക്കും കടന്നുചെല്ലാൻ അവർ ആഗ്രഹിച്ചില്ല. വനജീവിതം ആസ്വദിക്കുന്ന സീതാരാമൻമാരെ അവതരിപ്പിക്കുന്നതിലൂടെ കാട് നൽകുന്ന പ്രത്യേക അനുഭൂതിയുടെ ആവിഷ്ക്കാരമായി കവിത മാറുന്നു. മനുഷ്യന്റെ അത്യാഗ്രഹങ്ങൾ ഇല്ലാതാകുന്നതിന് കാട് സഹായിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

"കാട്
അത് വെറും മണ്ണിനെയെന്നപോലെ
എല്ലാ പഴകിയ ഓർമ്മകളെയും

പച്ചമൂടി മറയ്ക്കുന്നു' (2010:38)

മണ്ണിൽ എല്ലാ വസ്തുക്കളും ദ്രവിച്ചുപോകുന്നതുപോലെ കാട്ടിൽ മനുഷ്യന്റെ അഹന്ത കളെല്ലാം ഇല്ലാതാകുന്നു. ഇതരമൃഗങ്ങളെപ്പോലെ സ്വാഭാവികമായ ജീവിതത്തിലേക്ക് മനുഷ്യർ പരിവർത്തനപ്പെടുന്ന കാഴ്ചയാണിവിടെ അവതരിപ്പിക്കുന്നത്. സീതാ രാമലക്ഷ്മണന്മാർ വനവാസഘട്ടത്തിൽ ഇത്തരമൊരു ജീവിതമാണ് നയിച്ചതെന്നും ജയദേവൻ കവിതയിലൂടെ വ്യക്തമാക്കുന്നു.

കാട്ടിനകത്ത് സീതയ്ക്ക് നഷ്ടപ്പെട്ടതൊക്കെ തിരികെ ലഭിച്ച അനുഭൂതിയാണു ണ്ടായത്. കൊട്ടാരത്തിൽ അലങ്കാരങ്ങളോടെയിരിക്കുന്നതിനെക്കാൾ സീത ജീവിതം ആസ്വദിച്ചത് വനവാസത്തിലാണ്.

"കൊട്ടാരത്തിൽ
സർവ്വാലങ്കാരവിഭൂഷിതയായിരിക്കെയുള്ള
സീതയേയായിരുന്നില്ല
ഒഴുക്കിലേയ്ക്ക്
കാൽ നീട്ടിയിരിക്കെ
ആ പുഴയോരങ്ങളിലെ,
വള്ളിപ്പടർപ്പുകളിലെ" (2010:40)

തുറസ്സായപുൽപ്പരപ്പിലെ, കൊച്ചുകുടിലിലെ, കൂർപ്പൻകല്ലുകളുള്ള വഴികളിലെ, പുല്ലിനോടും പുഴുവിനോടും ചെറുകിളികളോടുമെല്ലാം കൂട്ടുകൂടുന്ന സീത ഇത്തരത്തിൽ കാടിനെ ആസ്വദിക്കുന്ന സീത തന്റെ ഇടത്തിലേക്ക് തിരിച്ചുവന്ന ആനന്ദം അനുഭവി ക്കുന്നു. സീതയുടെയും മനുഷ്യന്റെയും ആവാസഭൂമി പ്രകൃതിയായിരുന്നു. പ്രകൃതി യാകട്ടെ കാടുമായിരുന്നു. ആ കാടത്തത്തിൽ നിന്നുള്ള പലായനമായിരുന്നു മനുഷ്യന്റെ സാമൂഹ്യജീവിതം. അതാകട്ടെ കാട്ടിൽ നിന്നുള്ള അകന്നുപോക്കുമായിരുന്നു. അതുകൊണ്ടുതന്നെയാണ് കാട്ടിൽ തിരിച്ചെത്തുമ്പോൾ

"ഏതോ മണൽവഴിയിലൂടെ
കുറച്ചുനേരമൊഴുകേണ്ടി വന്ന ഒരൊഴുക്ക്
വീണ്ടുമൊരു പുഴയിലേയ്ക്ക്
തിരികെയെത്തുന്ന പോലെ" (2010:40)

യുള്ള അനുഭൂതിയായി മാറുന്നത്. ഭർത്താവിനെയും സഹോദരനെയും കൂട്ടി മാതൃ

ഗൃഹത്തിലേക്ക് തിരിച്ചെത്തിയ നാട്ടുവധുവിനെപ്പോലെയാണ് സീത കാട് ആസ്വദിക്കുന്നത് എന്ന് കവിത സൂചിപ്പിക്കുന്നു.

ശൂർപ്പണഖയുടെ കറുത്ത സൗന്ദര്യം കണ്ട രാമൻ അരനിമിഷം നിൽക്കുന്നുണ്ട്. ശൂർപ്പണഖയിൽ വനത്തിന്റെ വന്യതയാണ് കണ്ടതെന്നും അതാണ് രാമൻ ആസ്വദിച്ചതെന്നും കവിത വ്യക്തമാക്കുന്നു.

"ആ ഇരുണ്ട വനം
സ്ത്രീശരീരം
പൂണ്ടെത്തിയതുപോലെ വെറും ഒരരനിമിഷം...." (2010:47)

സ്ത്രീശരീരത്തിന്റെയും കാടിന്റെയും വന്യമായ സൗന്ദര്യമാണ് ശൂർപ്പണഖയിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നത്.

അശോകമന്ദിരത്തിൽ തടവിലിരിക്കുന്ന സീത ആഗ്രഹിക്കുന്നത് വിളഭൂമികളുടെയും കാടുകളുടെയും വയലുകളുടെയും ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും മോചനമാണ്. പ്രകൃതി മോചിതയാകണം അതോടൊപ്പം സ്ത്രീയും പുരുഷനും മോചിതരാകണം എന്ന പാരിസ്ഥിതികസ്ത്രീവാദകാഴ്ചപ്പാടാണിവിടെ അവതരിപ്പിക്കപ്പെടുന്നത്. അധികാരത്തിന്റെ അടയാളങ്ങൾ ഇല്ലായ്മ ചെയ്യാൻ സീത ആഗ്രഹിക്കുന്നു.

"രാവണന്റെ പത്തുതലകളും
അറുത്തെറിഞ്ഞേടത്തെ
ചോരയിൽ നിന്നും
മറ്റൊരു ലങ്കാധിപതിക്ക് പകരം
ഒരു കാട്
ഉയിർത്തെഴുന്നേറ്റിരുന്നുവെങ്കിൽ!" (2010:57)

എന്നിങ്ങനെ അധികാരകേന്ദ്രങ്ങൾക്ക് പകരം സഹവർത്തിത്വത്തിന്റെ പ്രകൃതി നിലവിൽ വരണമെന്ന ആഗ്രഹമാണ് കവിത പങ്കുവയ്ക്കുന്നത്.

രാവണനും രാമനും സീതയ്ക്കുമേൽ നടത്തുന്നത് രാജാവ്, പുരുഷൻ എന്നീ അധികാരങ്ങളാണ്. നഗരത്തിലാണ് അധികാരം സീതയ്ക്കുമേൽ പ്രയോഗിക്കുന്നത്. എന്റേത് നിന്റേത് എന്ന ഭേദചിന്ത നഗരത്തിലാണുള്ളതെന്നും വനത്തിൽ തുല്യതയ്ക്കാണ് സ്ഥാനമെന്നും കവിത വ്യക്തമാക്കുന്നു.[64] നഗരത്തിൽ അധികാരത്തിനും സ്വന്തമാക്കലിനും യുദ്ധങ്ങൾക്കുമാണ് ഇടമുള്ളത്. കാടാകട്ടെ സഹജീവികളോടുള്ള

സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും ഇടമാണെന്നും കവിത വ്യക്തമാക്കുന്നു.

കാടിനെ ആസ്വദിച്ചെങ്കിലും ലങ്കയിൽ നിന്ന് പഞ്ചവടിയിലേക്കും അയോധ്യയിലേക്കും മടങ്ങാൻ തന്നെയാണ് രാമനെന്ന പുരുഷൻ തീരുമാനിക്കുന്നത്. രാജാധികാരത്തോടുള്ള ആഗ്രഹം രാമനിൽ നിന്ന് വിട്ടുപോകുന്നില്ല. എന്നാൽ സീത കാട്ടിലേക്ക് തിരിച്ചു പോകാനാണാഗ്രഹിക്കുന്നത്. സീത കാടെന്ന പ്രകൃതിയിലേക്ക് രാമനെക്കൂടി കൊണ്ടുപോയെന്നും കവിത വ്യക്തമാക്കുന്നു.

രാമൻ വനത്തിലേക്ക് പ്രവേശിച്ചപ്പോൾ അതൊരു തിരിച്ചുവരവായിരിക്കുമെന്ന് ശംബൂകൻ കരുതുകയും വീടുവിട്ടുപോയ മകനെ തിരിച്ചുകിട്ടിയ അച്ഛനെപ്പോലെ സന്തോഷിക്കുകയും ചെയ്യുന്നു. രാമന്റെ നാഗരികതയെയും അതിന്റെ അധിനിവേശത്തെയും ഉൾക്കൊള്ളാൻ ശംബൂകന് പെട്ടെന്ന് കഴിഞ്ഞു എന്നു വ്യക്തമാക്കുന്നതിലൂടെ കാട്ടുവാസിയെ അപേക്ഷിച്ച് നാഗരികമനുഷ്യനുള്ള അധിനിവേശമനോഭാവത്തെ വ്യക്തമാക്കുന്നു. ശംബൂകന്റെ തപസ്സിനാൽ അയോധ്യയിലെ ഒരു ബാലൻ മരിക്കുകയും ശംബൂകനെ വധിച്ച് രാമൻ ബാലനെ പുനർജീവിപ്പിക്കുകയും ചെയ്ത രാമായണ കഥാഭാഗത്തെ അഹന്തകളെയും രാജകീയ അടയാളങ്ങളെയും അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗമായി അവതരിപ്പിച്ചിരിക്കുന്നു ഈ കൃതിയിൽ. രാമനടക്കമുള്ള എല്ലാ മനുഷ്യരും പെട്ടുകിടക്കുന്ന തടവറയിൽ നിന്നുള്ള മോചനത്തിനാണ് ശംബൂകൻ തപസ്സുചെയ്തതെന്നാണ് കവിത വ്യാഖ്യാനിക്കുന്നത്.[65]

> "രാമാ,
> വനത്തിന്റെ പ്രാർത്ഥനകൾ
> നിന്റെ വംശാഹന്തയ്ക്ക് മുന്നിൽ
> ഒരിക്കൽ കൂടി
> തോറ്റുപോയി" (2010:80)

എന്നിങ്ങനെ മനുഷ്യരുടെ അഹന്തയ്ക്ക് മുന്നിൽ പലപ്പോഴും കാട് തോൽക്കുന്നതായി പറയുന്നു. അതോടൊപ്പം അഹന്തകളെ ഇല്ലായ്മ ചെയ്യുന്ന വനത്തിന്റെയും; പ്രകൃതിയുടെയും പ്രാർത്ഥനകളിലാണ് മനുഷ്യർ നിലനിൽക്കുന്നത് എന്ന് കവിത വ്യക്തമാക്കുന്നു.

രാമനിർദ്ദേശപ്രകാരം സീതയെ ലക്ഷ്മണൻ വനത്തിലുപേക്ഷിക്കുമ്പോൾ കാട് അമ്മ കുഞ്ഞിനെയെന്നപോലെ സീതയെ ആശ്വസിപ്പിക്കുന്നു. തണുപ്പും വള്ളികളും

കിളികളുടെ ശബ്ദങ്ങളുമായി കാട് സീതയെ സാന്ത്വനിപ്പിക്കുന്നു.[66] ആ വന്യശുദ്ധിയിലേക്കാണ് പിന്നീട് സീത എത്തിച്ചേരുന്നത്.

“എന്തിൽ നിന്നോ കുതറിയകലുന്ന
ഒരു വെറും വന്യമൃഗം പോലെ
രാമൻ ഓടി ......”(2010:87)

എന്ന് കവിത വ്യക്തമാക്കുന്നുണ്ട്. മനുഷ്യർ കാട്ടുമൃഗം മാത്രമായി മാറുന്ന അവസ്ഥയെയാണ് കവിത വെളിപ്പെടുത്തുന്നത്. എന്തെല്ലാം ആർഭാടങ്ങൾ കാണിച്ചാലും മറ്റു മൃഗങ്ങളെപ്പോലെ ഒരേ ഇടത്തിലാണ് മനുഷ്യരും എത്തിച്ചേരുന്നത് എന്ന സത്യത്തെയാണ് കവിത വെളിപ്പെടുത്തുന്നത്. സീതയാകട്ടെ കാട്ടിലേക്ക് ലയിച്ചുചേരുകയാണുണ്ടായത്. അവിടേക്ക് സീത രാമനെയും ക്ഷണിക്കുന്നു.[67] സീതയുടെ ക്ഷണം പ്രകൃതിയുടെ ക്ഷണമാണ്. മണ്ണിൽ നിന്ന് രൂപം കൊള്ളുകയും തിരിച്ച് മണ്ണായി അലിഞ്ഞുചേരുകയും ചെയ്യുന്ന പാരിസ്ഥിതികനിയമത്തെ കൂടിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ജീവിതത്തിലുണ്ടാകുന്ന നാട്യങ്ങളും അലങ്കാരങ്ങളും അഹന്തകളും രാജകീയസുഖങ്ങളും സംഘർഷങ്ങളും ഞാനെന്നഭാവവുമെല്ലാം പിന്നിലുപേക്ഷിച്ച്

“ഉടഞ്ഞു ചിതറുന്ന ഒറ്റമേഘം പോലെ
രാമൻ അവളിലേക്ക് പെയ്തു......” (2010:91)

എന്നാണ് വ്യക്തമാക്കപ്പെടുന്നത്. ഇവിടെ രാമൻ ഓരോ മനുഷ്യന്റെയും പ്രതീകമാണ് സീതയാകട്ടെ സ്ത്രീയുടെയും പ്രകൃതിയുടെയും പ്രതീകമാകുന്നു. രാമായണത്തിലെ കാടിനെയും; പ്രകൃതിയെയും ‘ഹരിതരാമായണം’ പുതിയ പാരിസ്ഥിതികാവസ്ഥകൾക്കനുയോജ്യമായി അവതരിപ്പിക്കുന്നു. നാഗരികതയിൽ നിന്നും ഗ്രാമീണതയിൽ നിന്നും കാട്ടിലേക്കും വന്യതയിലേയ്ക്കുമുള്ള തിരിച്ചുപോക്കാണ് കവിത ആഗ്രഹിക്കുന്നത്. മനുഷ്യന്റെ അതൃപ്തമായ ജീവിതത്തിൽ നിന്നുള്ള മോചനമാർഗ്ഗമതാണെന്നും കവിത വിശ്വസിക്കുന്നു. രാമൻ സീതയിലേക്ക് പ്രകൃതിയിലേക്ക് തിരിച്ചുപോകുന്നതുപോലെ ഓരോ മനുഷ്യനും പ്രകൃതിയിലേക്ക് മടങ്ങേണ്ടതുണ്ടെന്ന ആശയമാണ് കവിത വ്യക്തമാക്കുന്നത്. രാമായണത്തിലെ വന്യപ്രകൃതിക്ക് ഉത്തരാധുനികമായ പുനർവായന നടത്തുകയാണ് വി.ടി.ജയദേവൻ ഹരിതരാമായണത്തിലൂടെ ചെയ്യുന്നത്.

‘കുറച്ചുകൂടി ഹരിതാഭമായ ഒരിടം’ എന്ന സമാഹാരത്തിലെ ‘ഹാ, പൊടിമൂടുകയാണാകാശം’ എന്ന കവിതയിൽ കാടിനെ ചെറുമരങ്ങളാക്കി മൺചട്ടികളിൽ കാഴ്ചയ്ക്ക് വച്ചിരിക്കുന്നതിനെ അവതരിപ്പിക്കുന്നു.

"മരിച്ച കാടിന്റെ പ്രേതക്കരച്ചിലിൻ
കണ്ണീർകലർന്ന
അവളുടെ
ഉപ്പേരിക്കിടയ്ക്കിടെ
ഉപ്പു കൂടിപ്പോകും
അത്രമാത്രം" (2007:38)

എന്നിങ്ങനെ കാട് ചട്ടികളിലെക്കൊതുങ്ങുന്ന അവസ്ഥയെ കവിത അനാവരണം ചെയ്യുന്നു. പ്രകൃതിനശീകരണത്തിന്റെ പുതിയമുഖമാണിവിടെ അവതരിപ്പിക്കപ്പെടുന്നത്.

ആധുനികതാനന്തരഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ വി.ടി.ജയദേവനിൽ മാത്രമാണ് കാട് ഭാവപരമായി അവതരിപ്പിക്കപ്പെടുന്നത്.

## 2.4.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 2.4.3.1. പ്രാചീനമധ്യകാലഘട്ടം

പ്രകൃതിക്കുമേൽ സ്വയം പ്രഖ്യാപിത അധികാരം മനുഷ്യർ പ്രയോഗിക്കുന്നതിന്റെ പൂർവ്വരൂപങ്ങൾ 'രാമകഥപ്പാട്ടി'ൽ കാണാം. കാവ്യത്തിന്റെ ആദ്യഭാഗത്ത് വസിഷ്ഠ നിർദ്ദേശപ്രകാരം സുരഭിയെന്ന പശു വിശ്വാമിത്രനെ സൽക്കരിക്കുന്നതായി പറയുന്നുണ്ട്. ആ വിശുദ്ധപശുവിന്റെ പാൽ കാട്ടിൽ വീഴുകയാൽ അവിടം മനോഹരമായ നാട്ടിൻ പ്രദേശമായി മാറുന്നതായി കവി വർണ്ണിക്കുന്നു. ലൗകികജീവിതം ഉപേക്ഷിച്ച് വനവാസികളായി തപസ്സനുഷ്ഠിക്കുന്ന സന്ദർഭത്തിലും നാടിന്റെ ജീവിതരീതികളോ ടാണ് പ്രിയം. കാടിന്റെ ഒരു ഭാഗമാണ് തങ്ങളെന്നു കല്പിച്ച് നാടുപേക്ഷിക്കുന്ന തപസ്വികൾക്കും കാടിന്റെ പൂർണ്ണതയിൽ ഒതുങ്ങിക്കൂടാനാവുന്നില്ല. ഈ മനോഭാവം തന്നെയാണ് കാടിന്റെ നാശത്തിനും നാടിന്റെയും നഗരത്തിന്റെയും ഉൽപത്തിക്കും കാരണം. ആധുനികകാലത്ത് കാടിന്റെ വിസ്തൃതി കുറയുകയും നാടും നഗരവും മാത്രമായി ഭൂമി മാറുകയും ചെയ്യുന്നു. കാട് നാടായും നഗരമായും പെട്ടെന്ന് പരിണമിക്കു ന്നതിന്റെ മാതൃക കൂടിയാണ് രാമകഥപ്പാട്ടിലെ ഈ കഥാസന്ദർഭം. തപശ്ശക്തിയോ മായാശക്തിയോ ഉപയോഗിച്ച് നിമിഷങ്ങൾക്കുള്ളിലാണ് കാടിന് നാടിന്റെ പ്രതീതി കൽപ്പിക്കുന്നത്. താല്ക്കാലികമായ കാരണങ്ങൾക്കുമേൽ കാടിനെ നശിപ്പിക്കുകയും നാടായി പരിവർത്തിപ്പിക്കുകയും ചെയ്യുന്ന വസ്തുതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. പശുവിൻ പാൽ കാട്ടിൽവീഴുമ്പോൾ നാടാകുന്നുയെന്നത് പ്രതീകാത്മകമായ ഒരു

കല്പനയായി കണക്കാക്കാവുന്നതാണ്. കിടാവു കുടിച്ചിരുന്നെങ്കിൽ പശുവിന്റെ പാൽ മണ്ണിൽ വീഴുകയില്ലായിരുന്നു. മനുഷ്യർ കൃഷി ചെയ്യാൻ തുടങ്ങുകയും കൃഷി ആവശ്യങ്ങൾക്കായി പശുവിനെ വളർത്താൻ തുടങ്ങുകയും പശുവിന്റെ പാൽ സ്വയം കറന്നെടുക്കാൻ തുടങ്ങുകയും ചെയ്ത സന്ദർഭത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

വനവാസത്തിനു തയ്യാറെടുക്കുന്ന രാമന് ദശരഥൻ ആഭരണങ്ങളും മറ്റു സമ്പത്തുകളും നൽകിയപ്പോൾ അതെല്ലാം തിരിച്ചുനൽകിക്കൊണ്ട് കാട് തന്നെയാണ് എന്റെ ധനം എന്ന് രാമൻ മറുപടി പറയുന്നു. എന്നാൽ മൃഗങ്ങളെ വേട്ടയാടി വൃക്ഷഛായയിൽ താമസിക്കുന്ന സീതാരാമലക്ഷ്ണന്മാർ കാടിന്റെ ഭാഗമായി സ്വയം മാറാതെ തങ്ങൾക്കനുകൂലമായ അവസ്ഥ കാട്ടിൽ സൃഷ്ടിക്കുകയാണുണ്ടായത്. പിൽക്കാലത്തെ വനനശീകരണം തന്നെയാണിത്. നാട്ടിൽനിന്നും കാട്ടിലെത്തിയ താപസന്മാരെയും സീതയെയും രക്ഷിക്കുന്നതിനായി കാട്ടുവാസികളായ കാട്ടാളന്മാരെ കൊന്നൊടുക്കുന്നു. പതിനാല് വർഷം കാടിനെ ആശ്രയിച്ചു വിനീതനായി ജീവിക്കുന്നതിനുപകരം കാട് വാഴുകയാണ് ചെയ്തത്. അധിനിവേശമാണ് ഇവിടെ സംഭവിക്കുന്നത്. കാടും കാട്ടുവിഭവങ്ങളും നാടിനും നാട്ടുകാർക്കും വേണ്ടിയുള്ളതാണ് / ആകണം എന്ന സങ്കല്പനം. രാമലക്ഷ്മണന്മാരുടെ കാനനപ്രവേശങ്ങൾ കടന്നുകയറ്റമായി വേണം വിലയിരുത്താൻ.

'കണ്ണശ്ശരാമായണത്തി'ൽ കാടിനെ നശിപ്പിക്കുന്നതിന്റെ സൂചനകളുണ്ട്. നാടുവാഴുന്നതിൽനിന്ന് വിലക്കപ്പെട്ട രാമൻ കാട്ടിൽ വാഴാൻ വിധിക്കപ്പെടുന്നു.[68] കാട്ടിൽ വാഴാൻ വിധിക്കപ്പെട്ട രാമൻ കാട് വാഴുകയാണ് ചെയ്തത്. മനുഷ്യന്റെ നിയന്ത്രണത്തിൽ ഭരിക്കപ്പെടേണ്ടതാണ് നാടിനെപ്പോലെ കാടും എന്ന മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്. തനിക്കു കൈകാര്യം ചെയ്യാനുള്ളതാണ് പ്രകൃതി എന്ന ദർശനം മനുഷ്യകേന്ദ്രിതചിന്താഗതിയാണ്. രാമായണവിവർത്തനങ്ങളിൽ കാട്ടിലെത്തിയ സീതാരാമലക്ഷ്ണന്മാർ കാടിന്റെ സൗന്ദര്യം ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിനൊപ്പം തങ്ങൾക്ക് എതിരാവുന്നവയെ നശിപ്പിക്കുകയും ചെയ്യുന്നു.

'കൃഷ്ണഗാഥ'യിലെ ഖാണ്ഡവദാഹം പ്രകൃതിനശീകരണത്തിന്റെ വ്യക്തമായ രേഖപ്പെടുത്തലാകുന്നു. വേനലിലെ കാട്ടുതീയുടെ കാഠിന്യം കാടിന്റെ ജൈവവ്യവസ്ഥയെ തകിടം മറിക്കുന്നു. കാട്ടുതീയുടെ മറ്റൊരു രൂപമാണ് ഖാണ്ഡവദാഹം. അർജ്ജുനന്റെയും കൃഷ്ണന്റെയും സഹായത്തോടെയാണ് അഗ്നി ഖാണ്ഡവവനത്തെ ദഹിപ്പിക്കുന്നത്. ഇന്ദ്രന്റെ ചെറുത്തുനില്പുകൾക്ക് ഫലമില്ലാതാകുന്നു. സിംഹങ്ങളും മാനുകളും

കുരങ്ങുകളും പുലികളും സർപ്പങ്ങളുമെല്ലാം തീയിനെ ഭയന്നോടുന്നതുകാണാം (2003:394). ഇത്തരത്തിൽ കാട്ടുതീ പടരുമ്പോൾ കാട്ടിലെ ജീവികളെല്ലാം നശിച്ചു പോകുന്നതായി കവിത വ്യക്തമാക്കുന്നു (2003:395). ഖാണ്ഡവദാഹം കാടിനെ യൊന്നാകെ നശിപ്പിക്കുന്നു. കാട്ടുതീയുടെ കാഠിന്യത്തെയും ഈ ഭാഗം സൂചിപ്പിക്കുന്നു. ഒരു വനമേഖലയിലെ ജൈവവൈവിധ്യങ്ങളെ കാട്ടുതീ ഒറ്റയടിക്ക് നശിപ്പിക്കുന്നു.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ പ്രകൃതിനശീകരണസൂചനകൾ കാണാം. താടകാവധത്തിനായി വനത്തിലേക്കു പോകുന്നതുമുതൽ കാനനപരാമർശങ്ങൾ രാമായണകഥയുടെ ഭാഗമാകുന്നു. രാമായണകാവ്യങ്ങളിൽ കാടാണ് പ്രകൃതി. കാട്ടിലേക്കുള്ള യാത്രകളാണ് രാമായണത്തിന്റെ ഇതിവൃത്തഘടനയിൽ പ്രധാനമായി വരുന്നത്. ഈ കാനനയാത്രകൾ ഇക്കോടൂറിസത്തിന്റെ പൂർവ്വരൂപമായി പരിഗണിക്കാം. ഇതരജീവികളുടെ ആവാസവ്യവസ്ഥയിൽ കടന്നുകയറി ആ ആവാസവ്യവസ്ഥയെ ത്തന്നെ നശിപ്പിക്കുന്നു. "മനുഷ്യൻ പ്രകൃതിയുടെ അസ്വസ്ഥതയ്ക്ക് കാരണക്കാര നാകുന്നു. അവൻ പദമൂന്നുന്ന ഇടത്തിൽ പ്രകൃതിയുടെ സ്വരചേർച്ച തന്നെ നഷ്ട പ്പെടുന്നു"[69] (Robert Leo Smith, 1992:349).

തപസ്സ് ഇക്കോടൂറിസത്തിന്റെ പൂർവ്വരൂപമാണ്. "തപസ്സിന്റെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതമാകുന്നു കാട്" എന്ന് ആഷാമേനോൻ രേഖപ്പെടുത്തുന്നുണ്ട് (2003:83). എന്നാൽ തപസ്സിന്റെ സാന്നിധ്യം കാടിന് അനുഗ്രഹമായല്ല അനുഭവപ്പെടുന്നത്. പലപ്പോഴും അത് കൈയേറ്റത്തിന്റെ രീതിയിലേക്ക് മാറുന്നു. യാഗരക്ഷയ്ക്ക് രാമലക്ഷ്മണന്മാരെ കാട്ടിലേക്കയക്കുന്നത് കൈയ്യേറ്റം ഉറപ്പിക്കാൻ കൂടിയാണ്. കാട്ടാളന്മാരുടെയും രാക്ഷസന്മാരുടെയും ആവാസസ്ഥാനം കൂടിയായ കാട്ടിലേക്ക് അതിക്രമിച്ചുകടക്കുന്ന താപസശ്രേഷ്ഠന്മാരുടെ പ്രാണയാഗരക്ഷാർത്ഥം കാട്ടാളരെയും കാനനവാസികളെയും കൊന്നൊടുക്കുന്നത് ഈ കയ്യേറ്റത്തിന്റെ ഭാഗമായാണ്. കാനനം ആവാസകേന്ദ്രമായ രാക്ഷസരെ നശിപ്പിച്ചുകൊണ്ട് അവിടെ ആധിപത്യം നേടുകയാണ് രാമലക്ഷ്മണന്മാർ. ആദിവാസികളെയും വന്യജീവികളെയും നശിപ്പിച്ചുകൊണ്ട് നടത്തുന്ന വനം കയ്യേറ്റത്തിന്റെ പൂർവ്വമാതൃക.

പ്രാചീനമധ്യകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കൃതികളിൽ രാമായണ ഭാരത കഥാപരാമർശമുള്ള കൃതികളിൽ മാത്രമാണ് കാട് പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെടുന്നത്.

### 2.4.3.2. കവിത്രയകാലം

കവിത്രയകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ താരതമ്യേന കാട് പ്രകൃതിനശീകരണ രീതിയിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 2.4.3.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരിലേക്കെത്തുമ്പോൾ കാടിന്റെ നശീകരണസൂചനകൾ പല കവിതകളിലും കാണപ്പെടുന്നു. 'പൂമൊട്ടിന്റെ കണി' എന്ന കവിത നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഉള്ളടക്കമാണ്. വനനശീകരണം പക്ഷികളുടെയും മറ്റു ജീവജാല ങ്ങളുടെയും ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നു.

"ഉഷ്ണിച്ചു വാപൊളിക്കുന്നു.
പാടം; നീറുന്നു വന്മല;
സ്വൈരമില്ലാത്ത ഭവനം-
പോലായ് വറ്റും ജലാശയം" (2006:529)

എന്നിങ്ങനെ വേനലിന്റെ കാഠിന്യത്തെയും വെളിപ്പെടുത്തുന്നു. വനനശീകരണമു ണ്ടാക്കിയ പാരിസ്ഥിതികപ്രത്യാഘാതമാണിത്. കൂടാതെ വിഷുപ്പുലരിയിൽ കണികണ്ട കൊന്നപ്പൂ കുറ്റിയറ്റതായും മാവും പിലാവും മുല്ലത്തറയും വാഴപ്പടർപ്പിൽ ചാടി ക്കളിക്കുന്ന അണ്ണാൻകുഞ്ഞുങ്ങളും പൈക്കിടാങ്ങളും തുളസിത്തറയുമെല്ലാം ഓർമ്മകളാ യതായും കവിത വ്യക്തമാക്കുന്നു. കുയിൽ പാടിയ പൂവനവും കണിക്കൊന്ന വിതാനിച്ച പത്തനവുമെല്ലാം ശൂന്യമായിരിക്കുന്ന അവസ്ഥയിലേക്ക് പ്രകൃതി മാറിയിരിക്കുന്നതായി കവിത സൂചിപ്പിക്കുന്നു വനനശീകരണത്തിന്റെ പ്രത്യാഘാതങ്ങളാണ് ഇവിടെ വിവരിക്കപ്പെടുന്നത്.

'കാളരാത്രി' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിതയിൽ പർവ്വതനിരയെ ചുട്ടെരിച്ചതിനാൽ ഉടുവസ്ത്രമില്ലാതെ വനലക്ഷ്മികൾ വലയുന്നതായി വ്യക്തമാക്കുന്നു.

"ക്രോധലോഭങ്ങൾ കൈയേറും
വനം-കൊലനിലങ്ങളായ്,
പൊട്ടിത്തെറിക്കുന്നു തീയിൽ-
കാടിന്റെ തലയോടുകൾ" (2006:620)

എന്നിങ്ങനെ ലാഭത്തിനായി കൈയേറിയ വനം കൊലനിലങ്ങളായി പരിവർത്തന പ്പെടുന്നു. തീയിൽ ചുട്ടെരിക്കപ്പെടുന്നത് കാടാണ്. ഇനിയൊരിക്കലും ഉയിർത്തെഴു

ന്നേൽക്കാനാവാത്ത വിധത്തിൽ കാട് നശിച്ചുപോയതായി കവിത വ്യക്തമാക്കുന്നു. വനനശീകരമെന്ന പ്രധാന പാരിസ്ഥിതികവിപത്തിനെ കവിത അനാവരണം ചെയ്യുന്നുണ്ട്.

"ഹാ, വനവൃക്ഷം വെട്ടി, ത്തേൻകലകൂട്ടുംകൂടും
തീവെച്ചു കരിച്ചു, മൽഗ്രാമത്തെ മതംമാറ്റീ" (2006:181)

എന്നിങ്ങനെ കാടുവെട്ടി ഗ്രാമവും നഗരവും നിർമ്മിക്കുന്ന മാനുഷികരീതികളെ 'മതംമാറ്റീ' എന്ന കവിത അടയാളപ്പെടുത്തുന്നു. 'കീർത്തിമുദ്ര' എന്ന കവിതയിൽ

"മൂകകാനനശ്രീതൻ വാരിയെല്ലുകൾ കക്കി-
ക്കാർന്നുതിന്നലറുന്ന മരക്കമ്പനികളിൽ" (ഭാഗം 2, 2005:961)

എന്നിങ്ങനെ കാടിനെ കാർന്നു തിന്നുന്ന മരക്കമ്പനികളെക്കുറിച്ച് പരാമർശിക്കുന്നു. 'മലമ്പുഴയിൽ' എന്ന കവിതയിൽ കാട് അസ്ഥിമാത്രം അവശേഷിച്ച അവസ്ഥയിലാ യതായി സൂചിപ്പിക്കുന്നു. വടമലച്ചാർത്തുകളിൽ നിന്ന് ഒഴുകിവരുന്ന പുഴയെ അണകെട്ടി നിർത്തിയപ്പോൾ ആ ഭാഗത്തെ കാട് നശിച്ചുപോയി.

"ചിന്നിക്കിടക്കുന്നു സുന്ദരകാനന-
കന്യകമാരുടെ ദഗ്ദ്ധാസ്ഥിപഞ്ജരം!
കാനനയക്ഷി നിൻ കണ്ണിലേത്തീജ്വാല
കണ്ടു നടുങ്ങുന്ന മാനവലോകമേ!"(2005:352)

എന്നിങ്ങനെ കാടിന്റെ നാശത്തെ കവിത അടയാളപ്പെടുത്തുന്നു.

അധികാരികളുടെ സഹായത്തോടെ കാടിനെ നശിപ്പിക്കുന്നതിനെ പി. കുഞ്ഞിരാമൻ നായരുടെ 'നിലാവേ, വരൂ' എന്ന കവിതയിൽ പരാമർശിക്കുന്നുണ്ട്.

"അധികാരിപ്പിൻതുണയാൽ
ക്കാട്ടിൽകോടാലി കേറവെ
മുഴങ്ങി നീങ്ങിപ്പോം വന്യ
മൃഗത്തിൻ ശാപഗർജ്ജനം" (2005:366)

എന്നിങ്ങനെ കാടിനെ നശിപ്പിക്കുമ്പോൾ കാട്ടുമൃഗങ്ങളുടെ ശാപം ഏൽക്കുമെന്ന് കവിത വ്യക്തമാക്കുന്നു. കാടിനെ ദേവതയായി അവതരിപ്പിക്കുന്നു 'വനദേവത'എന്ന കവിത യിൽ. വന്മരങ്ങളും പച്ചക്കുരുവിക്കൂടുകളും വസന്തവും പറവകളും പുതുപൂക്കളുമായി ആറ്റുവക്കിൽ ഇളംതെന്നലിൽ ഊഞ്ഞാലാടിക്കളിച്ച വനകന്യക എവിടെ എന്ന് കവിത

അന്വേഷിക്കുന്നു. കാടിന്റെ നാശത്തെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

വയലാർ രാമവർമ്മയുടെ 'സർപ്പദൈവങ്ങൾ'എന്ന കവിത സർപ്പങ്ങളെ ദൈവമായി ആരാധിച്ചിരുന്ന സർപ്പക്കാടുകൾക്ക് പ്രാധാന്യമുണ്ടായിരുന്ന കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. ഇലക്കാടുകൾക്കുള്ളിൽ വിവിധയിനം പാമ്പുകൾ ഇഴഞ്ഞു നടക്കുന്നതായുള്ള കാടിന്റെ വൈവിധ്യവർണ്ണനകൾ കവിതയിലുണ്ട് (1988:238). "കാവിൽ പാമ്പുകളുണ്ട്, ദൈവങ്ങളുമുണ്ട് എന്ന് ഞങ്ങൾക്കറിയാം. നാഗരാജാവും നാഗ യക്ഷിയുമുണ്ട്. കുഞ്ഞിക്കണ്ണുകൾക്ക് ദേവതകളെ നേരിൽ കാണാനാവും. പിന്നെയുമുണ്ട് കാവിനുള്ളിൽ ഏറെപ്പേർ. നോക്കി നോക്കിയിരുന്നു ചോരവലിച്ചു കുടിക്കുന്ന തടിയനോന്തും പവിഴം പോലെ ചുവന്ന വാലുള്ള അരണയും മണത്തു കുമ്പിട്ട് തിരക്കിട്ടു നടക്കുന്ന കറുമ്പൻ കീരിയും നാലഞ്ചുകൂട്ടം തവളകളും തറയിൽ പതിഞ്ഞിരിക്കുന്ന കല്ലൻ തവളയും മരത്തടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന അതേനിറമുള്ള മരത്തവളയും നനവുള്ളിടത്ത് കണ്ണും മിഴിച്ചിരിക്കുന്ന മാക്കാൻതവളയും എല്ലാരുമുണ്ടവിടെ! ശ്രീ എന്ന് ചുറ്റിച്ചുറ്റി എഴുതി ഇഴയുന്ന ഒച്ചുകൾ ചുമലിലെ വീടും ചുമന്ന് മെല്ലെ നീങ്ങും. തറയിൽ കട്ടുറുമ്പുണ്ട്, കടിയുറുമ്പുണ്ട്, ചോനനുറുമ്പും കരിയുറുമ്പുമുണ്ട്, ചിതൽപ്പുറ്റുകളും ഞാഞ്ഞൂലും നമ്പൂരിയട്ടയും മൺചിലന്തിയുമുണ്ട്" എന്നിങ്ങനെ കാവുതീണ്ടല്ലേ എന്ന കൃതിയിൽ പിൽക്കാലത്ത് സുഗതകുമാരി സർപ്പക്കാടുകളുടെ വൈവിധ്യത്തെക്കുറിച്ച് ഇത്തരമൊരു നിരീക്ഷണം നടത്തിയിട്ടുണ്ട് (2014:11). സസ്യങ്ങളും മൃഗങ്ങളും പക്ഷികളും നിറഞ്ഞ സമ്പന്നമായ ആവാസവ്യവസ്ഥയാണ് സർപ്പക്കാടുകൾ. സർപ്പ ദൈവങ്ങളെ ആരാധിച്ചിരുന്ന രീതിമാറുന്ന ഘട്ടത്തിൽ സർപ്പക്കാടുകൾ ചുട്ടെരിക്ക പ്പെടുന്നു. എന്റെ പ്രാർത്ഥന കേട്ടില്ലെങ്കിൽ എനിക്ക് സന്തതി നൽകിയില്ലെങ്കിൽ എന്തുണ്ടാവുമെന്ന് കിട്ടുവമ്മാവൻ പ്രാർത്ഥനയ്ക്കിടെ വികാരവാനായി പറയുന്നു.

> "ഇപ്പുകിലൊക്കെ മാറുമേ പൂവി–
> ട്ടെപ്പൊഴും ഞാൻ ഭജിക്കില്ല കേട്ടോ!
> നന്ദികേടു തുടങ്ങിയാൽപ്പിന്നെ
> മുന്നുപിന്നൊരു നോട്ടമില്ലെങ്ങും
> കാവുകത്തിച്ചു ചാമ്പലാക്കും ഞാൻ
> ആവലാതികൾ കൈക്കൊള്ളുകില്ലേ?" (1988:239)

എന്നാണ് മനുഷ്യന്റെ മനോഭാവം. തന്റെ ഹിതത്തിനെതിരായി പ്രവർത്തിക്കുന്നതിനെ യെല്ലാം ചുട്ടുചാമ്പലാക്കാനാണ് മനുഷ്യർ ശ്രമിക്കുന്നത്. മനുഷ്യന്റെ ഇത്തരം

മനോഭാവത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

മനുഷ്യന്റെ വികസനപദ്ധതികൾ ഇല്ലാതാകുന്ന പ്രകൃതിവസ്തുക്കളെയാണ് ഇടശ്ശേരിയുടെ 'കാശാവു പൂത്തു' എന്ന കവിത പ്രതിനിധാനം ചെയ്യുന്നത്. നിത്യഹരിത വനങ്ങളിൽ കാണപ്പെടുന്ന ഒരു ഔഷധ സസ്യമാണിത്. മനുഷ്യന്റെ കടന്നുകയറ്റം കാശാവിൻ കാടുകളുടെ നാശത്തിനിടയാക്കി. കാശാവിൻ പൂവിന്റെ നീലനിറത്തെ ഇല്ലാതാക്കിയ മനുഷ്യപ്രവൃത്തികളെ കവിത പരാമർശിക്കുന്നു. കുന്നിൻമുകളിൽ പോലും അണക്കെട്ടു കെട്ടിയും നദിയുടെ സ്വഭാവിക ഒഴുക്കിനുകുറുകെ പാലം പണിതും സ്വഭാവിക പ്രകൃതിയായ കാടിന് പകരം നാടും നഗരവും നിർമ്മിച്ചും ആർത്തിയോടെ വികസനത്തിലേക്ക് കുതിക്കുകയാണ് അതൃപ്തനായ മനുഷ്യൻ.[70] ഔഷധസസ്യമായ കാശാവിനെ നശിപ്പിക്കുന്നതിലൂടെ തനിക്കുതകുന്ന തരത്തിലുള്ള ഔഷധങ്ങളെപോലും നശിപ്പിക്കുന്ന മനുഷ്യമനോഭാവത്തെയാണ് കവിത പ്രശ്നവത്കരിക്കുന്നത്. പ്രകൃതിയുടെ നേത്രാഭിരാമമായ കാഴ്ചകളെയെല്ലാം മനുഷ്യർ നശിപ്പിച്ചിരിക്കുന്നു. കാശാവ് ഇവിടെ ഒരു പ്രതീകം മാത്രമാകുന്നു. ഇത്തരത്തിൽ മനുഷ്യന്റെ അമിത ഇടപെടൽ മൂലം അനേകം പ്രകൃതിഘടകങ്ങൾക്ക് നാശമുണ്ടാകുന്നു.

കാർഷികപ്രകൃതിയുടെ വളർച്ചയോടൊപ്പം കാടിന്റെ നാശം വ്യക്തമാക്കുന്ന കവിതയാണ് വൈലോപ്പിള്ളിയുടെ 'സർപ്പക്കാട്'.

"പണ്ടൊരു സർപ്പക്കാടെൻ വീട്ടിൻ
പിന്നിൽ പകലുമിരുട്ടിൻ വീടായ്" (2001:325)

നിലനിന്നിരുന്നു എന്ന ഭൂതകാല ഓർമ്മകളിലൂടെയാണ് കവിത വികസിക്കുന്നത്. പകലിലും ഇരുട്ടുനിറഞ്ഞുനിൽക്കുന്ന വീടാണ് സർപ്പക്കാട്. വെട്ടിനിരത്തി കൃഷിയിടമാക്കിയ മനുഷ്യപ്രവൃത്തിയെ വാഴ്ത്തുന്നു കവി. കാരണവന്മാർ കാടുകൾക്കും സർപ്പക്കാടിനും ദൃഢവിശ്വാസത്തിൽ തീർത്ത ആരാധന നൽകുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. ആ വിശ്വാസത്തിന്റെ പുറത്താണ് പുതുതലമുറ കോടാലി വയ്ക്കുന്നത്. കാർഷികപ്രകൃതിയുടെ വളർച്ചയിൽ അഭിമാനിക്കുന്ന കവി സർപ്പക്കാടുകളെ വെട്ടിയെരിച്ചത് മനുഷ്യമഹത്വമെന്ന് വാഴ്ത്തുന്നു. സർപ്പക്കാട് കവിക്ക് ഓരോ പ്രായത്തിലും വ്യത്യസ്ത അനുഭവങ്ങളാണ് നൽകിയതെന്നും കവിത വ്യക്തമാക്കുന്നു. കുട്ടിക്കാലത്ത് ഭയവും അത്ഭുതവും ഭക്തിയും ആഹ്ലാദവുമാണ് നൽകിയതെങ്കിൽ കൗമാരം സർപ്പക്കാടിന്റെ രഹസ്യങ്ങൾ തേടി നടന്നു. മരത്തിന്റെ വേരുകളും മരങ്ങളെ ച്ചുറ്റിപ്പടരുന്ന വള്ളികളും വെള്ളിലവള്ളികളും കുളക്കോഴികളും പുള്ളുമെല്ലാം (2001:327)

ചേർന്ന ജൈവവൈവിധ്യക്കലവറയാണ് സർപ്പക്കാട്.'ഒറ്റമരം കാവല്ല' എന്ന ചൊല്ലിനെ സർപ്പക്കാട് ശരിവയ്ക്കുന്നു. കൗമാരത്തിൽ നിന്ന് യൗവനത്തിലെത്തുമ്പോൾ പുതു ചിന്തകൾ മുളയ്ക്കുകയും സർപ്പക്കാടിന്റെ നിലനിൽപ്പ് അനാവശ്യവും കൃഷിയിടങ്ങൾ ആവശ്യവുമെന്ന നിലപാട് രൂപപ്പെടുകയും സർപ്പക്കാടിനെ വെട്ടിയെരിക്കുകയും ചെയ്യുന്നു. ഏവരെയും ഭയപ്പെടുത്തി പത്തിയുയർത്തി വിഹരിച്ചിരുന്ന നാഗകുലം അപ്രത്യക്ഷമാവുകയും പുതുയുഗത്തിലെ നാഗത്താന്മായ ഞാഞ്ഞൂളുകൾ സ്ഥാനം കൈയടക്കുകയും ചെയ്യുന്നു. ഈ പുതുനാഗത്താന്മാർ കർഷകമിത്രങ്ങളാണ്. കാടുവെട്ടി കൃഷിയിടമൊരുക്കിയ ജനതയ്ക്കുള്ള സ്തുതിഗീതമായി കവിത മാറുന്നു.

"ഒട്ടു പേടിക്കേണ്ടെൻ മകനേ,
മണ്ണറ പൂകിയ ഞാഞ്ഞൂളുകൾ തൻ
പുറ്റുകളാ;- ണിവയല്ലോ നമ്മുടെ
പുതിയയുഗത്തിലെ നാഗത്താന്മാർ" (2001:330)

കൃഷി വ്യാപാരം കൂടിയാണ്. കാട്ടിലെ എല്ലാ മരങ്ങളും അതിന്റെതായ ദൗത്യങ്ങൾ നിർവഹിക്കുന്നുണ്ട്. പാരിസ്ഥിതികമായ സന്തുലനത്തിന് അവ സഹായിക്കുന്നുണ്ട്. എന്നാൽ ഫലമായോ മറ്റേതെങ്കിലും വിധത്തിലോ മനുഷ്യർക്കുപയോഗപ്പെടാത്തത് ആവശ്യമില്ല എന്ന തരത്തിലേക്ക് മനുഷ്യ ചിന്തകൾ മാറുന്നു. മനുഷ്യർ തനിക്കുമാത്രം അവകാശപ്പെട്ടതെന്ന് സ്വയം കരുതുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന പ്രകൃതിയുടെ നാശം മനുഷ്യരുടെ നാശത്തിനുള്ള കാരണമായിത്തീരുന്നു."എല്ലാം മുടിക്കുന്നവനേ, ഈ മണ്ണിൽ ജീവിക്കേണ്ടത് നീ മാത്രമല്ലല്ലോ. ഓരോ പുൽനാമ്പും നീർത്തുമ്പിയും പാമ്പും പരുന്തും ഈ ഭൂമിക്ക് വിലപ്പെട്ടതാണ്. ഈ ശൃംഖലയിലൊരു കണ്ണിമാത്രമാണ് വിശ്വജേതാവായ നീ ഓർക്കുക. നശിപ്പിക്കലിന്റെ പാത ചെന്നുമുട്ടുന്നത് സർവ്വനാശ ത്തിലത്രേ!"(2014:14) പിൽക്കാലത്ത് സുഗതകുമാരി ഇങ്ങനെയൊരു ദർശനം മുന്നോട്ടു വച്ചിരുന്നു. ഈ കവിതയുടെ ചിന്താധാരയ്ക്ക് എതിരായാണിത് പ്രവർത്തിക്കുന്നത്. സർപ്പക്കാടിന് പകരം കൃഷിയിടം വളർത്തുന്നതിനെ അനുകൂലിക്കുന്നു വൈലോപ്പിള്ളി യെങ്കിൽ സർപ്പക്കാട് പോലെയുള്ള സ്വാഭാവികജൈവവ്യവസ്ഥയുടെ നാശം സർവ്വനാശമാണെന്ന് പിൽക്കാലത്ത് സുഗതകുമാരി ഓർമ്മിപ്പിക്കുകയുണ്ടായി.

വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകനി'ൽ കൊമ്പനാനയാണ് കേന്ദ്രമെങ്കിൽ 'വളർത്തുമകളി'ൽ പിടിയാന കേന്ദ്രകഥാപാത്രമാകുന്നു. ഫോറസ്റ്റ് ഓഫീസിലെ വളർത്തുമകളായ പിടിയാനയുടെ തുമ്പിക്കൈയിൽ ഉണ്ടാവുന്ന വ്രണം പൊറുക്കാതി

രുന്നതിനാൽ ആനയെ കാട്ടിലേക്ക് തന്നെ തിരിച്ചുവിടാൻ ഉത്തരവുണ്ടാകുന്നു. സഹ്യന്റെ മകനായാണ് കൊമ്പനാനയെ സങ്കല്പിക്കുന്നതെങ്കിൽ കാടിന്റെ മകളായാണ് പിടിയാന സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നത്. കാടിന് കാടിന്റേതായ നിയമങ്ങളും രീതികളുമുണ്ട്. കൂടാതെ കാട്ടിലെ ജീവീകൾക്ക് മുറിവുകളുണ്ടാകുമ്പോഴുള്ള ശുശ്രൂഷാക്രമങ്ങളും കാട് അതിന്റേതായ രീതിയിൽ ചെയ്തു കൊള്ളും എന്നതാണ് കവിതയുടെ സന്ദേശം.[71]

മനുഷ്യർക്ക് നായാടാനുള്ള ഇടമായി മാറിയ വനത്തിന്റെ കരച്ചിലാണ് വൈലോപ്പിള്ളിയുടെ 'വനരോദനം' എന്ന കവിത. കാടിന്റെ കാഴ്ചകൾ കണ്ട് കൂട്ടുകാരോടൊപ്പം മരച്ചോട്ടിൽ വിശ്രമിക്കുമ്പോൾ മനുഷ്യനായാട്ടിന്റെ ഇരയായ പക്ഷിയുടെ കരച്ചിൽ കേൾക്കുന്നു. വനത്തിൽ വന്യമൃഗങ്ങളോട് സഹകരിച്ച് മനുഷ്യരും കഴിഞ്ഞിരുന്ന കാലം കഴിഞ്ഞുപോയതായി കവിത തിരിച്ചറിയുന്നുണ്ട്.

"അക്കാലം കഴിഞ്ഞുപോ, യിപ്പോഴാ മഹാവനം
മുഷ്ക്കാളും മനുഷ്യന്റെ നായാട്ടിന്നിടമായി
പോരുമേ ദുഃഖച്ചതീ, മാനുഷക്കിടാങ്ങളെ
ച്ചാരമാക്കുവാനൊരു കാട്ടുതീയുമില്ലെന്നോ"(വാല്യം 2, 2001:292)

എന്ന് കവി കാടിനോട് പ്രതികരണമാവശ്യപ്പെടുന്നു. മനുഷ്യരുടെ നാടും വീടും കരുണയില്ലാതെ ആക്രമിച്ചുകൊണ്ട് സ്വരക്ഷനേടാൻ കവിത കാടിനോടാവശ്യപ്പെടുന്നു.[72] കിളിയുടെ കരച്ചിലിൽ നിന്ന് കവിത മറ്റൊരു തിരിച്ചറിവിലേക്ക് എത്തിച്ചേരുന്നു. ഇത്രയും കാലം നായാടി നശിപ്പിച്ച മനുഷ്യനെ തിരിച്ചു നായാടാൻ കാടിന് സാധ്യമാകട്ടേയെന്ന് കവിത ആഗ്രഹിക്കുന്നു.

ഔഷധത്തോട്ടം നിർമ്മിക്കാനെന്നപേരിൽ കാട് നശിപ്പിക്കുകയും പിൽക്കാലത്ത് അവിടം ജനങ്ങൾ കൈയേറുകയും പെയ്യുന്ന രാഷ്ട്രീയരീതികളെയാണ് 'ഔഷധ ത്തോട്ടം' എന്ന കവിത പ്രശ്നവത്ക്കരിക്കുന്നത്.

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ചങ്ങമ്പുഴ മാത്രമാണ് പ്രകൃതി നശീകരണപരമായ പരാമർശങ്ങൾ കാടിനെക്കുറിച്ച് നടത്താതിരുന്നത്.

### 2.4.3.4. ആധുനികതാഘട്ടം

എൻ.എൻ. കക്കാടിന്റെ 'ഇതാ ആശ്രമമൃഗം; കൊല്ല്, കൊല്ല്' എന്ന കവിത ആശ്രമജീവിതരീതികളിൽ നിന്ന് വ്യത്യസ്തമായ ജീവിതക്രമത്തെ അവതരിപ്പിക്കുന്നു. സഹജീവിപരിഗണന നൽകിയിരുന്ന ആശ്രമങ്ങൾ അപ്രത്യക്ഷമാവുകയും

സഹജീവികളെ പരിഗണിക്കാത്ത ജീവിതരീതി രൂപപ്പെടുകയും ചെയ്തു. കോൺക്രീറ്റ് കാടുകൾ വളരുകയും കാട്ടുപൊയ്കകൾ നികത്തപ്പെടുകയും ഹോമകുണ്ഡങ്ങളുടെ സ്ഥാനത്ത് സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കപ്പെടുകയും ചെയ്തു.എന്നിങ്ങനെയുള്ള മാറ്റങ്ങളാണ് സമൂഹത്തിൽ ഉണ്ടാകുന്നത്.[73] കാട്ടിലെ വൻമരങ്ങളെല്ലാം മുറിച്ച് മാറ്റപ്പെടുകയും പുന്നയും നീർമരുതും പാലയും മലവാകയും നിന്നിരുന്ന ഇടങ്ങളിലെല്ലാം നഗരങ്ങൾ വളരുകയും ചെയ്തു. പഴയ കാഴ്ചകളും അനുഭവങ്ങളും ഓർമ്മകളിലൊതുങ്ങുന്ന സാഹചര്യമാണിന്നുള്ളത് പൂക്കളുടെ ഗന്ധവും നിറവും കണ്ട് തിരിച്ചറിഞ്ഞിരുന്ന പ്രകൃതിയെ അറിഞ്ഞിരുന്ന തലമുറയുടെ അന്യം നിൽക്കലാണ് സംഭവിച്ചിരിക്കുന്നത്.

'ഒറ്റയാന്റെ മരണം' എന്ന കവിത കാടില്ലാതാക്കുകയും വന്യമൃഗങ്ങളുടെ ആവാസസ്ഥാനം നശിപ്പിക്കുകയും ചെയ്ത മനുഷ്യരീതികളെയാണ് പ്രതിനിധീകരിക്കുന്നത്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ഉപദ്രവിക്കുമ്പോൾ ഉപദ്രവകാരികളെന്ന് മുദ്രകുത്തി അവയെ നശിപ്പിക്കുന്നു. എന്നാൽ വന്യമൃഗങ്ങളുടെ ആവാസ ഇടം കൈയ്യേറിയ മനുഷ്യന് എന്ത് ശിക്ഷ ലഭിച്ചു എന്ന ചോദ്യം പ്രസക്തമാകുന്നു.

"കാട് അടുത്തോ അകലത്തോ?
ഇടതൂർന്ന കാടിന്റെ ഇരുളും ഏകാന്തതയും
അന്തിമേൽ പുരണ്ടുകിടക്കുന്നു; എന്നാൽ
ചുറ്റും പരന്നു കിടക്കുന്നത്
പണിതീരാത്ത മഹാനഗരമാണ്" (2015:236)

എന്ന തിരിച്ചറിവു കൂടിയാണിവിടെ സംഭവിക്കുന്നത്. മനുഷ്യന്റെ അതിക്രമങ്ങൾ മൂലം കാടു കുറയുകയും കാട്ടിലെ ജീവിവർഗ്ഗങ്ങൾക്ക് അതിജീവനത്തിനാവശ്യമായ വിഭവങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്യുന്നു. കാട്ടുജീവികൾ ആഹാരവും വെള്ളവും തേടി നാട്ടിലിറങ്ങുന്നു. എന്നാൽ അതിനനുവദിക്കാത്ത മനുഷ്യർ അവയെ വകവരുത്തുന്നു. അത്തരത്തിൽ ദാരുണാന്ത്യം സംഭവിച്ച ഒരു ആനയുടെ കഥ കൂടിയാണ് കക്കാടിന്റെ 'ഒറ്റയാന്റെ മരണം' എന്ന കവിത.

അയ്യപ്പപ്പണിക്കരെ പാരിസ്ഥിതിക കവി എന്ന പദവിയിലേക്ക് ഉയർത്തിയ കവിതയാണ് 'നാടെവിടെ മക്കളേ'

"കാടെവിടെ മക്കളേ?
മേടെവിടെ മക്കളേ?

കാട്ടുപുൽത്തകിടിയുടെ
വേരെവിടെ മക്കളേ?" (1994:200)

എന്നിങ്ങനെയുള്ള ചോദ്യങ്ങളാൽ നിറഞ്ഞതാണ് ഈ കവിത. മനുഷ്യന്റെ അതിമോഹവും അക്രമവും ഇല്ലാതാക്കിയ പ്രകൃതിയെയാണ് കവിത അന്വേഷിക്കുന്നത്. ആയിരത്തിത്തൊള്ളായിരത്തി എൺപതിൽ രചിക്കപ്പെട്ട ഈ കവിത സമകാലിക പരിസ്ഥിതിപ്രശ്നങ്ങളുടെ പശ്ചാത്തലം ഉൾക്കൊള്ളുന്നു. കവിതയിൽ അന്നത്തെ പ്രധാനപരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് സൂചനയുമുണ്ട്. കരിങ്കുയിൽ കൂവിത്തിമർക്കുന്ന കുട്ടനാടൻ പുഞ്ചപ്പാടങ്ങളും പനന്തത്തകൾ പാറിക്കളിക്കുന്ന പ്ലാവുകളും മാവുകളും കായലുകളും തോടുകളും കടലോരവും എവിടെയെന്ന് കവിത അന്വേഷിക്കുന്നു. ഇവയെല്ലാം വ്യവസായയുഗത്തിന്റെ ഇരകളായി അവസാനിച്ചതായും കവിത വ്യക്തമാക്കുന്നു.

1970 കളിലെ സൈലന്റ്‌വാലി വനസംരക്ഷണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു കൊണ്ട് സുഗതകുമാരി രചിച്ച കവിതയാണ് 'സൈലന്റ്‌വാലി'. കറുത്ത നിറമണിഞ്ഞ് നിശബ്ദയായി നിൽക്കുന്ന കാടിനെ ഞാനൊന്ന് കണ്ടു നിന്നോട്ടെ എന്നാണ് കവി പറയുന്നത്.[74] ശ്യാമയാം നിശബ്ദകാനനമേ എന്നാണ് കാടിനെ അഭിസംബോധന ചെയ്യുന്നത്. ഇവിടെ കാട് പെണ്ണാണ്. പെണ്ണിന്റെയും പ്രകൃതിയുടെയും ഉയിർത്തെഴുന്നേൽപ്പാണ് കവിത ആഗ്രഹിക്കുന്നത്. സൈലന്റ് വാലിയിലെ കുന്തിപ്പുഴയിൽ ഉയരാനിരുന്ന ജലവൈദ്യുതപദ്ധതി പ്രതിരോധസമരങ്ങളിലൂടെ പിൻവലിക്കപ്പെട്ടു. സമരപരിപാടികളുടെ ഭാഗമായിക്കൊണ്ട് സുഗതകുമാരിയും പ്രവർത്തിച്ചു. വനമേഖലയെ അമ്മയായും പുത്രിയായും ആരോമലായും കാണുന്നു സുഗതകുമാരി. അതുകൊണ്ടുതന്നെയാണ്

"പിന്നെക്കാശ്ശാപ്പിന്നു നമ്പർ ചാർത്തിച്ചവർ
നിന്നെത്തെളിക്കവേ, "കൊന്നിടൊല്ലേ, ഇവൾ
കന്യയാമാശ്രമധേനു! അരുതരു-'
തെന്നു വിളിച്ചു വിളിച്ചു തടഞ്ഞിവർ
നിന്നെ നിഴൽപോൽ തുടർന്നതുമെത്രനാൾ!" (2011:531)

എന്നിങ്ങനെ കരുതലോടെ സംരക്ഷണം നൽകുന്നു. ഈ സംരക്ഷണം വിജയിച്ചപ്പോൾ മാനസികമായി ആഹ്ലാദിക്കുകയും ചെയ്യുന്നു. സൈലന്റ്‌വാലിയുടെ ദയനീയതയാണ് കവിതയുടെ പ്രമേയമെങ്കിലും സ്ത്രീകളുടേതിനു തുല്യമായ അവസ്ഥയാണ് കാടിനുണ്ടാവുന്നത്. പ്രകൃതിയെ ഭൂമാതാവായും ദേവിയായും സങ്കല്പിച്ചുകൊണ്ടുതന്നെ

പരമാവധി ചൂഷണം ചെയ്യുന്ന മനുഷ്യനെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. "ഭൂമിയുടെ ഉർവ്വരതയുടെയും സൃഷ്ട്യുന്മുഖതയുടെയും ഏറ്റവും ഉദാത്തമായ പ്രകാശനമെന്ന നിലയിൽ വനത്തെ, ഭൂമാതാവെന്ന സങ്കല്പം പോലെ മറ്റൊരു രൂപത്തിൽ പ്രതീകവത്കരിച്ചിരിക്കുന്നു-വനദുർഗ്ഗയായി-വൃക്ഷദേവതയാണ് വനദുർഗ്ഗ" എന്നിങ്ങനെ വന്ദനശിവ വനത്തെ സ്ത്രീയുമായി സാദൃശ്യപ്പെടുത്തുന്നുണ്ട് (2014:104) . സ്ത്രീയും പ്രകൃതിയും ചൂഷണം ചെയ്യപ്പെടുന്നുവെന്നും അടിച്ചമർത്തലിൽ നിന്ന് സ്ത്രീയെയും പ്രകൃതിയെയും മോചിപ്പിക്കണമെന്നുമുള്ള ഇക്കോഫെമിനിസ്റ്റ് ചിന്താധാരയാണ് ഈ കവിതയിൽ ഉള്ളടങ്ങിയിരിക്കുന്നത്.

മലനാട് കാടുകൾക്ക് കാവലുണ്ടെന്ന പ്രത്യാശയാണ് 'സൈലന്റ് വാലിയിൽ വീണ്ടും' എന്ന കവിത സന്ധ്യയിൽ ആ നിശബ്ദകാനനത്തിലേക്ക് വരുന്നതാരാണെന്ന് കവയിത്രി സംശയിക്കുന്നു. കാട്ടുതീയോ കിരാതനോ മഴുവുമായി വരുന്ന മനുഷ്യനോ യന്ത്രമോ നഗരമോ എന്ന് സംശയിക്കുന്ന കവിത കാടിനെയും പ്രകൃതിയെയും നശിപ്പിക്കാനൊരുങ്ങുന്ന മനുഷ്യരീതികളെയാണ് പ്രതിനിധാനം ചെയ്യുന്നത്.[75] പ്രകൃതി മനുഷ്യനെപ്പേടിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത് എന്നും കവിത സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ മൃഗശാലയിലെ മാനുകൾ തലതല്ലിച്ചത്തതിനെത്തുടർന്ന് രചിച്ച കവിതയാണ് 'വനരോദനം'

"തലതല്ലിച്ചത്തൊരാ മാൻ കൂട്ടമെന്നപോൽ
മലനാടൻ കാടുകൾ ഞെട്ടിടുന്നൂ" (2011:590)

എന്നാണ് കവിത ആരംഭിക്കുന്നത്. മഴുവിന്റെ ശബ്ദവും കാട്ടുതീയും അടുത്തെത്തി കാടുകളെ നശിപ്പിക്കുന്നതായും കാടിനു കാവൽ നിൽക്കുന്നവർ കാട്ടുവിഭവങ്ങളെ ഇല്ലായ്മ ചെയ്യുന്നതായും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ മനുഷ്യന്റെ അത്യാഗ്രഹവും കടന്നുകയറ്റവും മൂലം കാട് ഇല്ലാതാവുന്നു. കാടിന്റെ നിലവിളിക്ക് മറുവിളിയാകുന്നത് ഏതോ കിളിയുടെ വിതുമ്പൽ മാത്രമാണ്. വറ്റിയ ആറ്റിലൂടെ വെട്ടുതടികളൊഴുക്കിയപ്പോൾ ആറ്റിൽ ചോരനാറ്റം അനുഭവപ്പെടുന്നതായും അതുകണ്ട് കാടുകൾ ദുഃഖം സഹിക്കാനാവാതെ ഞെട്ടിത്തെറിച്ച് തലതല്ലിച്ചാകാനൊരുങ്ങുന്നതായും കവിത വ്യക്തമാക്കുന്നു. ഇതരജീവികൾക്ക് തുല്യമാണ് മരമെന്ന് കവിത സൂചിപ്പിക്കുന്നു. മൃഗശാലയിൽ മാനുകൾ തലതല്ലിച്ചത്തതുപോലെ കൂടെയുള്ളവരുടെ മരണത്തിൽ ദുഃഖിച്ച് മറ്റു മരങ്ങളും സ്വയം തലതല്ലിച്ചാവാനൊരുങ്ങുന്നു.

"മലനാടൻ കാടുകൾ ചാവുന്നു!..... ചാവലോ
നിലയറ്റ തീയൊഴുക്കായിടുന്നു" (2011:590)

എന്നിങ്ങനെ കാടുകളുടെ അവസ്ഥ വ്യക്തമാക്കപ്പെടുന്നു. അതിന്റെ ഫലമായി വറുതിയും പ്രളയവും ഉണ്ടാവുന്നു. കടലും കല്പവൃക്ഷവും മണ്ണും കിണറും കുളങ്ങളും വറ്റിച്ചുകൊണ്ട് പ്രകൃതി പ്രതികരിക്കുന്നു. കൂടാതെ ക്ഷയരോഗിയെപ്പോലെ പുഴ ഇഴഞ്ഞെത്തുന്നതായും കാറ്റ് നെടുവീർപ്പിടുന്നതായും വ്യക്തമാക്കുന്നതിലൂടെ കാടിന്റെ നാശം പ്രകൃതിയുടെ നാശമാണെന്ന് കവിത ബോധിപ്പിക്കുന്നു.

'"അരുതെ',ന്നുറക്കെ വിലക്കുന്നു പിന്നെയും
കിളിയും കവിയും പ്രതിദ്ധ്വനിയും" (2011:591)

എന്നിങ്ങനെ പ്രകൃതിയും പ്രകൃതിസംരക്ഷണവാദികളായ കവികളും വനനശീകരണത്തെ വിലക്കുന്നതായി കവിത വ്യക്തമാക്കുന്നു. പ്രകൃതി നശിപ്പിക്കപ്പെടുന്നുവെന്നും അതിനാൽ പ്രകൃതിയുടെയും മനുഷ്യന്റെയും നിലനില്പിന് ഭീഷണി നേരിടുന്നുവെന്നും മനസ്സിലാക്കിയത് മനുഷ്യനാണ്. അവൻതന്നെ ചെയ്യുന്ന ക്രൂരതയുടെ കാരണങ്ങളും പരിണതഫലങ്ങളും മനസ്സിലാക്കി അതിനെതിരെ പ്രവർത്തിക്കാൻ മനുഷ്യൻ തന്നെ തയ്യാറാകുന്നു. മനുഷ്യൻ സമൂഹജീവിയായതിനാലാണ് ഇത്തരത്തിലുള്ള ചിന്താഗതികൾ രൂപപ്പെടുന്നത് അതിനാൽ തന്നെ ഈ കവിതയെ സാമൂഹിക പരിസ്ഥിതിവാദത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താം. അട്ടപ്പാടിയിൽ കൃഷ്ണവനം എന്ന പേരിൽ നട്ടുവളർത്തിയ കാടിനെ 'അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും' എന്ന കവിതയിൽ കാണാം. ഒഴിഞ്ഞ കരിക്കലവുമായി വെള്ളം തിരഞ്ഞുപോകേണ്ട അവസ്ഥയാണ് അട്ടപ്പാടിക്കുണ്ടായത്. ആ അവസ്ഥയിൽ കാടിനെ രക്ഷിക്കാൻ സുഗതകുമാരിയും ഒരു കൂട്ടം ജനങ്ങളും ശ്രമിക്കുകയും അങ്ങനെ രൂപപ്പെടുന്ന വനത്തിന് 'കൃഷ്ണവനം' എന്ന പേരു നൽകുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ പുതിയ വനം രൂപപ്പെട്ടെങ്കിലും ഇനിയും മാറ്റം വരാനായി അട്ടപ്പാടി വനം ബാക്കിയുണ്ടെന്ന ദുഃഖവും കവിത പങ്കുവയ്ക്കുന്നു. ഇവിടെ അട്ടപ്പാടിയെ സ്ത്രീയായാണ് കാണുന്നത്. വനവും സ്ത്രീയും തുല്യദുഃഖിതരായാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. പ്രകൃതിയെയും സ്ത്രീയെയും വീണ്ടെടുക്കണമെന്ന ചിന്താഗതിയാണ് കവിതയിലുള്ളത്. അതായത് ഇക്കോഫെമിനിസചിന്തയുമായാണ് കവിത ബന്ധപ്പെടുന്നത്.

പ്രകൃതിയെയും ആദിവാസിയെയും ചൂഷണം ചെയ്യുന്നതിന് അവയെക്കാൾ മേലെയെന്നഹങ്കരിക്കുന്ന മനുഷ്യന് പെട്ടെന്നു കഴിയുന്നു എന്ന സാക്ഷ്യപ്പെടുത്തലാണ്

'ആദിവാസി സാക്ഷരത' എന്ന കവിത.

> "ആദിവാസിക്കല്ലോ കാടില്ലാത്തൂ
> കാടു മുടിച്ചവർക്കെല്ലാം കാട്" (2011:818)

എന്ന അവസ്ഥയാണുണ്ടാവുന്നത്. കൈയ്യേറിയവർക്ക് കാടും കാട്ടുവിഭവങ്ങളും ലഭിക്കുകയും കാടിന്റെ മക്കൾക്ക് കാട് അന്യമായിത്തീരുകയും ചെയ്യുന്നു. പരിസ്ഥിതിയും ദളിതനും ചൂഷണം ചെയ്യപ്പെടുന്നു. പാരിസ്ഥിതികദളിത്‌വാദവുമായി ബന്ധപ്പെട്ടാണ് ഈ കവിത മുന്നോട്ടു പോകുന്നത്. ആദിവാസികളെ എഴുത്തു പഠിപ്പിക്കാൻ വന്നവർ കാടെല്ലാം കച്ചവടമാക്കിമാറ്റുന്നു. അതിനാൽ ആദിവാസിയെന്നവർഗ്ഗം തന്നെ ഇല്ലാതാകുമെന്ന ആശങ്കയും കവിത പങ്കുവെയ്ക്കുന്നു.[76] ആദിവാസികൾ അവരുടെ പാരമ്പര്യ രീതികളിൽ ജീവിക്കുമ്പോൾ ആധുനികനാഗരിക മനുഷ്യൻ ആദിവാസികളെ അക്ഷരം പഠിപ്പിക്കാനെന്ന വ്യാജേന വനസമ്പത്തുക്കൾ കൊള്ളയടിക്കുന്നു. ആദിവാസികളെയും അവരുടെ ജീവിതവ്യവസ്ഥയെയും തകിടം മറിച്ചുകൊണ്ട് പുരോഗമനത്തിലേക്ക് അവരെ നയിക്കുന്നതിനൊപ്പം പലവിധത്തിലും ചൂഷണവിധേയരാക്കുന്നു. നടീലിനുള്ള മണ്ണും ചത്താൽ അടക്കാനുള്ള പറമ്പും ആദിവാസിക്ക് നഷ്ടപ്പെടുന്നു.

> "തന്തയില്ലാമക്കളൂരെല്ലാം പെരുകീട്ടും
> തലയില്ലാമരമെല്ലാം പേയായിത്തുള്ളീട്ടും
> കാടായ കാടെല്ലാം കച്ചോടമാക്കീട്ടും
> കാര്യങ്ങളിന്നിയുമൊണ്ടുപോലും!" (2011:819)

എന്നിങ്ങനെ വനവിഭവങ്ങളെ മുഴുവനായും നശിപ്പിക്കാനാണ് നാഗരികമനുഷ്യർ ശ്രമിക്കുന്നത്. പ്രാകൃതമനുഷ്യനും ആദിവാസിക്കും പ്രകൃതിയുമായി നിലനിന്നിരുന്ന അടുപ്പം പിൽക്കാലത്ത് നഷ്ടമാകുന്നു. "പ്രാകൃത മനുഷ്യൻ കർഷകനയ മനുഷ്യനിലേക്കും വ്യവസായിയായ മനുഷ്യനിലേക്കും വികസിക്കവേ ആ ഉടമ്പടിയുടെ സ്നേഹകല്പനകൾ ക്രമേണ ലംഘിക്കപ്പെട്ടുകൊണ്ടിരുന്നു. അവൻ ഭൂമിയുടെ മേധാവിയായി അധികാരിയായി സ്വയം പ്രഖ്യാപിച്ചു" (ആഷാമേനോൻ, 2008:11). ഈ രീതിയിൽ നാഗരികനായ മനുഷ്യൻ പ്രാകൃതജീവിതരീതി പിൻതുടരുന്നവരെ ആധുനിക രീതികളിലേയ്ക്ക് എത്തിക്കാൻ ശ്രമിച്ചുകൊണ്ട് അവർക്ക് പ്രകൃതിയുമായുള്ള ബന്ധത്തെ വിച്ഛേദിക്കുന്നു.

കാലിഫോർണിയ കാടുകളുടെ സൗന്ദര്യം 'കാലിഫോർണിയ കാടുകളിൽ' എന്ന കവിതയിൽ കാണാം. അവിടത്തെ മരങ്ങളെ ആലെന്നും ആഞ്ഞിലിയെന്നും ഏഴിലം

പാലയെന്നുമൊക്കെ വിളിക്കാനാണ് സുഗതകുമാരി താല്പര്യപ്പെടുന്നത്. കാടിന്റെ അനുഭവത്തെ പഴയ തറവാട്ടിൽ തിരിച്ചെത്തിയപോലെ എന്നാണ് വ്യക്തമാക്കുന്നത് കാട് തന്റെ തറവാടാണ് എന്ന ചിന്താഗതിയാണിവിടെ പ്രവർത്തിക്കുന്നത്. അതായത് മനുഷ്യന്റെ ആവാസയിടമായിരുന്നുവെന്നും അത് തന്റേതാണ് എന്നുമുള്ള ബോധമാണ് കവിതയിലടങ്ങിയിരിക്കുന്നത്.

'കാടും കടലും' എന്ന കവിത കാടിനെയും കടലിനെയും താരതമ്യപ്പെടുത്തുന്നു.

> "കാടിന്റെ പാട്ടും കടൽപ്പാട്ടുമൊന്നെന്നു
> കാറ്റുപറഞ്ഞാണു ഞാനറിഞ്ഞൂ!
> രണ്ടുമൊരുപോൽ കറമ്പികളാണെന്നു
> വിണ്ടലം ചൊന്നതും ഞാനറിഞ്ഞൂ?" (2011:549)

എന്നിങ്ങനെ കാടും കടലും ഏതെല്ലാം വിധത്തിൽ സാദൃശ്യപ്പെട്ടിരിക്കുന്നു എന്നാണ് കവിത വ്യക്തമാക്കുന്നത്. കാടിന്റെയും കടലിന്റെയും മറ്റുപ്രകൃതിഘടകങ്ങളുടെയും സൗന്ദര്യത്തെയും പ്രാധാന്യത്തെയുമാണ് കവിത ചൂണ്ടിക്കാണിക്കുന്നത്. നഗര ത്തിരക്കിൽ നിന്നും ഇത്തിരിനേരം ഒഴിഞ്ഞു നിൽക്കാൻ കഴിയുമെങ്കിൽ നാടിന്റെ പൊയ്മുഖത്തിൽ നിന്ന് കാടിന്റെ സൗന്ദര്യത്തിലേക്ക് കടന്നുവരണമെന്ന് കവിത വ്യക്തമാക്കുന്നു. ഇവിടെയും മനുഷ്യർക്ക് ആസ്വദിക്കാനുള്ളതാണ് കാട് എന്ന ചിന്താഗതിയാണ് പ്രവർത്തിക്കുന്നത്. കാടിന്റെ സൗന്ദര്യം ആസ്വദിച്ചു കഴിഞ്ഞാൽ ഭൂമിയെ തന്നെ വാരി പുണരാൻ മനുഷ്യർക്ക് തോന്നുമെന്നും കവിത വ്യക്തമാക്കുന്നു. ഇവിടെ കാടിന്റെ ജൈവികതയിലേക്ക് മനുഷ്യനെ കടന്നു ചെല്ലാൻ പ്രേരിപ്പിക്കുന്നു. മനുഷ്യന്റെ ആസ്വാദനത്തിനും അതിജീവനത്തിനുമായി സംരക്ഷിക്കപ്പെടേണ്ട പ്രകൃതിയെക്കുറിച്ച് കവിത വ്യക്തമാക്കുന്നതിനാൽ മനുഷ്യകേന്ദ്രിതമായ ചിന്താഗതിയാണിത്

സുഗതകുമാരിയുടെ 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു' എന്ന കവിതയും പ്രകൃതിനാശത്തെയാണ് പ്രതിനിധീകരിക്കുന്നത്.

> "ഒരുവനത്തിന്റെ പിടഞ്ഞുചാകലിൻ
> വിലയെന്ത്? എന്നു ഞാൻ വിളിച്ചു ചോദിപ്പൂ" (2011:542)

എന്നിങ്ങനെ പ്രകൃതിനശീകരണത്തിന്റെ വിലയെന്ത് എന്ന് കവിത അന്വേഷിക്കുന്നു. വനനശീകരണത്തിലൂടെ നിരവധി ജീവികളുടെ ആവാസസ്ഥാനമാണ് ഇല്ലാതാവുന്നത്.

അതുകൊണ്ടുതന്നെ 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?' എന്ന് ഓരോ ജീവിവർഗ്ഗവും മനുഷ്യരോട് ചോദിക്കുന്നു. വനനശീകരണത്തിന്റെ ബാക്കിപത്രമായി ചോരക്കറ പുരണ്ട മരക്കുറ്റികളും മരിച്ചകാടിന്റെ ശാപച്ചൂടും മാത്രമാണുള്ളത്.[77]

പിച്ചക്കാരിയെപ്പോലെ ആർക്കും വേണ്ടാതെ നഗ്നമായ ശോഷിച്ച നെഞ്ചുമായി വെയിൽ താങ്ങാനാവാതെ ഒരിറ്റുജലമില്ലാതെ കഴിഞ്ഞ അട്ടപ്പാടി ഒരു മഴ കിട്ടിയപ്പോൾ നവവധുവിനെപോലെ പച്ച പട്ടുസാരിയുടുത്ത് ലജ്ജയോടെ നിൽക്കുന്നതായി 'തുലാവർഷപ്പച്ച' എന്ന കവിതയിൽ കാണാം.[78] ഈ കവിതയെയും പാരിസ്ഥിതിക സ്ത്രീവാദവുമായി ചേർത്തുവായിക്കാം. വരണ്ടു കിടക്കുന്ന മണ്ണിന് മഴ ലഭിക്കുമ്പോഴുണ്ടാകുന്ന ആനന്ദം വരൾച്ച ബാധിച്ച സ്ത്രീമനസ്സിന് പ്രേമം ലഭിക്കുന്നതിനു തുല്യമാണെന്ന് കവിത വ്യക്തമാക്കുന്നു. സ്ത്രീയുടെയും പരിസ്ഥിതിയുടെയും സമാനങ്ങളായ മാനസികഭാവങ്ങളെയാണ് കവിത ഉൾക്കൊള്ളുന്നത്. സ്ത്രീക്ക് പ്രേമം ലഭിക്കുന്നതുപോലെയാണ് വരണ്ട കാടിന് മഴ ലഭിക്കുമ്പോഴുണ്ടാകുന്ന അനുഭവമെന്നും കവിത വ്യക്തമാക്കുന്നു.

പശ്ചിമഘട്ടമലനിരകളിലെ കാടിനെപറ്റി വിശദമാക്കുന്നു "പശ്ചിമഘട്ടം' എന്ന കവിതയിൽ. പ്രാചീനദേവാലയങ്ങളിൽ ഉയർന്നു നിൽക്കുന്ന ഗോപുരങ്ങൾ പോലെ നിൽക്കുന്ന മരങ്ങളെക്കുറിച്ച് കവിത വ്യക്തമാക്കുന്നു. അവയിൽ ചുറ്റി വളരുന്ന വള്ളികളെക്കുറിച്ചും പായലുകളെക്കുറിച്ചും പന്നലുകളെക്കുറിച്ചും കവിത സൂചിപ്പിക്കുന്നുണ്ട്. കൂടാതെ കൂണുകൾ, ചെറുസസ്യങ്ങൾ, ചെറുജീവികൾ എന്നിവയും പശ്ചിമഘട്ടമലനിരകളിലെ ജൈവവൈവിധ്യത്തെ അടയാളപ്പെടുത്തുന്നു. ചെറുചോലകളും പുല്ലും പൂക്കളുമായി എന്നും വസന്തമാണിവിടെയെന്നും എല്ലാവിധ ജനിമൃതികളുമുള്ള ജൈവവൈവിധ്യങ്ങളുടെ ഇടമാണിതെന്നും കവിത സൂചിപ്പിക്കുന്നു.

> "ഇതു നമ്മുടേതല്ല, അവരുടേതാണു നാ-
> മിവിടെച്ചവിട്ടോല്ലാ, തീണ്ടിടൊല്ലാ!"(2017:24)

എന്ന് കവിത ഓർമ്മിപ്പിക്കുന്നു. മനുഷ്യസ്പർശമേൽക്കാതെ പവിത്രമായി സംരക്ഷിക്കേണ്ടയിടമാണിതെന്ന് ഓർമ്മിപ്പിക്കുന്നു കവിത. മനുഷ്യന്റെ വികസനം പശ്ചിമഘട്ടത്തിന്റെ നെറുകയിലാണെന്നു കവിത കുറ്റപ്പെടുത്തുന്നു. മലമുഴക്കുന്ന വേഴാമ്പലിന്റെ ശബ്ദവും പാമ്പുകളും മിന്നാമിനുങ്ങുകളും പൂമ്പാറ്റകളും വനം കുലുക്കി വരുന്ന കാട്ടാനക്കൂട്ടങ്ങളും കിളികളും കാട്ടുപോത്തുകളും എല്ലാമുണ്ട് കാട്ടിൽ. അവയുടെയെല്ലാം സാന്നിധ്യത്താൽ സജീവവും അഴകുറ്റതുമായ സഹ്യപർവ്വത

ഹൃദയത്തിലേക്ക് കടന്നുകയറാൻ മനുഷ്യർക്ക് അവകാശമില്ലെന്നും കവിത ഓർമ്മിപ്പിക്കുന്നു. ഈ അന്യഗൃഹത്തിലേക്ക് മനുഷ്യർ കടന്നുകൂടാ എന്നു വ്യക്ത മാക്കുന്ന കവിത പ്രകൃതിപക്ഷസമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നടരാജനൃത്ത ത്തിന്റെ ആരവത്തോടെ വരുന്ന കാട്ടിലെ മഴയെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്.

ഡി. വിനയചന്ദ്രന്റെ കവിതകളിൽ പ്രകൃതിനശീകരണസൂചനകൾ കാണാം. 'മഴ പെയ്യുന്ന പുസ്തകം' എന്ന കവിത കാടും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ഉൾക്കൊള്ളുന്നു. കാടിനെയും പ്രകൃതിയെയുമെല്ലാം മറക്കുകയും വികസനത്തിനും സ്വന്തം താല്പര്യങ്ങൾക്കും മാത്രം പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന മനുഷ്യനെ മറ്റു സസ്യജന്തു വിഭാഗങ്ങൾ നികൃഷ്ടജീവികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു.

> "കാടിന്നകത്തു മയങ്ങിക്കിടന്നു ഞാൻ
> ചൂടേറ്റുണർന്നു, കടുവയോ സിംഹമോ?
> ഏതോ നികൃഷ്ടജന്മത്തിനെയെന്നപോൽ
> പാടേയവഗണിച്ചെന്നയാവന്യത" (1999:60)

എന്നിങ്ങനെ കാട് മനുഷ്യനെ അവഗണിക്കുന്നു. അത്രത്തോളം ക്രൂരതകളാണ് മനുഷ്യർ പ്രകൃതിയിലേൽപ്പിച്ചിരിക്കുന്നത് എന്ന് കവിത വ്യക്തമാക്കുന്നു.

മരക്കവിതകൾ രചിക്കപ്പെട്ട കാലഘട്ടത്തിലുണ്ടായ 'കാട്' എന്ന കവിത കാടിന്റെ വൈവിധ്യത്തെ അടയാളപ്പെടുത്തുന്നു.

> "ഞാനെന്തു പേരിടും
> കാട്ടിലെക്കാരണോന്മാർക്കെന്തു പേരിടും" (1986:211)

എന്നു തുടങ്ങുന്ന കവിത കാട്ടിലെ കൂട്ടുകാർക്കും കുട്ടികൾക്കും ബന്ധുക്കൾക്കും എന്തു പേരിടും എന്ന ചോദ്യങ്ങളിലൂടെ മുന്നോട്ടു നീങ്ങുന്നു. കാടിന് ഞാനെന്റെ പേരിടും എന്ന സ്വയം തീരുമാനത്തിലാണ് കവി പിന്നീട് എത്തുന്നത്. കാടിനോട് കവിക്കുള്ള ഹൃദയബന്ധമാണ് കവിതയിലൂടെ വെളിപ്പെടുന്നത്. കാടിന്റെ വൈവിധ്യം കാട്ടിലെ ഓരോ മൺതരിക്കുമുള്ളതാണ്. കോടാനുകോടി കല്ലുകൾ കാട്ടിലുണ്ട്. കാണും തോറും പ്രണയം വർദ്ധിക്കുന്ന കുന്നും മുടികളും താഴ്വരകളും നിറഞ്ഞതാണ് കാട് എന്നിങ്ങനെ കാട്ടിലെ വർണ്ണങ്ങളുടെയും ശബ്ദങ്ങളുടെയും ഗന്ധങ്ങളുടെയും വൈവിധ്യം കവി വർണ്ണി ക്കുന്നു.[79] അതോടൊപ്പം കാടുകളുടെ നിലനിൽപ്പിന് നേരിടുന്ന ഭീഷണിയും പരാമർ ശിക്കപ്പെടുന്നു. കൊഴിയുകയും തളിർക്കുകയും ചെയ്യുന്ന കാടുകൾ ഇല്ലാതാവുന്നു എന്ന

ബോധ്യമാണ് കവിത അവതരിപ്പിക്കുന്നത്.

> "ഒന്നു തന്നല്ലയോ നിങ്ങളും ഞാനു
> മിക്കാടും കിനാക്കളുമണ്ഡകടാഹവും" (1986:214)

എന്ന വരികൾ ഗഹനപരിസ്ഥിതിവാദചിന്തയുടെ ആവിഷ്ക്കാരമാണ്. പ്രകൃതിക്ക് ചാരചരങ്ങളെല്ലാം തുല്യമാണെന്ന വിശ്വസങ്കല്പമാണിവിടെ പ്രകടമാകുന്നത്. 'കാട്' കാടിന്റെ കാഴ്ചയാണ്. വൈവിധ്യമായ കാടിന്റെ ഗാനമായി കവിത മാറുന്നു.

'കൊല്ലൂരിലെ കുങ്കുമം' എന്ന കവിതയുടെ 'അദ്രി' എന്ന രണ്ടാംഭാഗത്ത് കാടിനെ പരാമർശിക്കുന്നു. കരടികളടങ്ങുന്ന മൃഗങ്ങളും പലവിധഗന്ധങ്ങളുമുള്ള കാട്ടിലെത്തി നദിയിൽ മുങ്ങി കരുത്തനാകാൻ കവിത മനുഷ്യനോട് ആവശ്യപ്പെടുന്നു.[80] 'ആഴ്ചപ്പതിപ്പ്' എന്ന കവിതയിലും കാടിനെപ്പറ്റി പരാമർശമുണ്ട്.

> "കാടിന്റെ സ്നേഹം, ഋഷിത്വം, വന്യശൈശവാ
> നന്ദ, മനാദിനവീന ദുഃഖം, മണം
> ഞാനഴിക്കുള്ളിലെ ജന്തുവിനെപ്പോലെ
> കാണ്മൂ പരാധീനമെൻ കാടുകാഴ്ചയും" (1993:17)

എന്നിങ്ങനെ കാടിന്റെ സ്നേഹത്തെയും ഋഷിത്വത്തെയും ശൈശവത്തെയും ദുഃഖത്തെയും മണത്തെയും അഴിക്കുള്ളിലെ ജന്തുവിനെപ്പോലെയാണ് കാണുന്നത്. സ്വാതന്ത്ര്യമില്ലായ്മയിൽ നിന്നുള്ള അല്ലെങ്കിൽ അകലത്തിൽ നിന്നുള്ള കാഴ്ചമാത്ര മാണുള്ളത്. 'നഗ്നത ഒരു ജലധാര' എന്ന കവിതയിൽ കാടിനും ബുൾഡോസറുകൾക്കും ഇടയിൽ നടന്ന് ഒച്ചവെക്കുന്ന ശവപ്പെട്ടികളെക്കുറിച്ച് പരാമർശമുണ്ട്. കാടിനെ ഇല്ലാതാക്കുന്ന ബുൾഡോസറുകൾക്കെതിരെ ശവപ്പെട്ടികൾ ഒച്ചയുയർത്തുന്നു.

ജി. കുമാരപ്പിള്ള, ഒ.എൻ.വി, കടമ്മനിട്ട, സച്ചിദാനന്ദൻ, ചുള്ളിക്കാട് എന്നിവരിൽ കാട് പൊതുവെ പ്രകൃതിനശീകരണ രീതിയിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 2.4.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' കാട്ടിലേക്ക് തിരിച്ചുപോകാനുള്ള മൃഗത്തിന്റെ ആഗ്രഹത്തിന്റെ ആവിഷ്ക്കാരമാണ്. വൈലോപ്പിള്ളിയുടെ സഹ്യന്റെ മകനു തുല്യം ഈ മൃഗം കാട്ടിലേക്ക് മനസ്സുപായിക്കാൻ വിറയ്ക്കുന്നു. കാടിന്റെ കാഴ്ചയും അനുഭവങ്ങളും കവിതയിലുണ്ട്.

“മുളങ്കാടിൻ പിന്നിൽ, ക്കരിമ്പാറയ്ക്കുമേൽ-
ത്തെളിയും മഞ്ഞയും കറുപ്പും രേഖകൾ
അരുവിയിൽത്താഴേ പ്രതിബിംബം, എന്തൊ-
രപൂർവ സുന്ദരഗഭീരമെൻ മുഖം!” (2013:13)

എന്ന കടുവയുടെ കാടനുഭവം കവിതയിൽ പരാമർശിക്കപ്പെടുന്നുണ്ട്. കൂടാതെ തണുപ്പും നിലാവും നിറഞ്ഞ രാത്രിയിൽ പച്ചിലപ്പടർപ്പിനകത്തേക്ക് പ്രണയത്തോടെ ഓമലാൾ ക്ഷണിക്കുന്നതും കുട്ടികൾ ചാടിക്കളിക്കുന്ന ശബ്ദങ്ങളും മൃഗത്തെ കാടിന്റെ ഓർമ്മകളിലേക്ക് നയിക്കുന്നു. കാടെന്ന ആവാസവ്യവസ്ഥയിൽ കഴിഞ്ഞിരുന്ന മൃഗത്തെ കൂട്ടിലടച്ചപ്പോൾ അതിനു നഷ്ടമാകുന്ന കാടനുഭവങ്ങൾ കവിത ആവിഷ്ക്കരിക്കുന്നുണ്ട്. മനുഷ്യർ അവന്റെ ആസ്വാദനഉപകരണമാക്കി മാറ്റിയ മൃഗത്തിന്റെ മാനസിക ചിന്തയിലൂടെയാണ് കവിതയിൽ കാടനുഭവങ്ങൾ വിവരിക്കപ്പെടുന്നത്.

‘മരണാനന്തരം’ എന്ന കവിതയിൽ സി.കെ. ജാനുവിനെയും ആദിവാസി സമരത്തെയും പരാമർശിക്കുന്നുണ്ട്. ആദിവാസിക്ക് കാടിന്റെ ശബ്ദങ്ങൾ തിരിച്ചു നൽകാൻ കാടിന്റെ ജീവൻ ശക്തിയാർജ്ജിച്ച് വന്നതാണ് ജാനു എന്ന് വിജയലക്ഷ്മി പ്രസ്താവിക്കുന്നു. ഇവിടെ കാടിൽ സ്ത്രീത്വം ആരോപിക്കുന്നു. മണ്ണ്, മരം, കായ്, കിഴങ്ങുകൾ, കാണാത്ത കന്യാവനങ്ങൾ, കറുത്ത പൂമൊട്ടുകൾ എന്നിവയുള്ള മണ്ണ് തിരിച്ചുകിട്ടും വരെ കല്ലായിരിക്കാൻ നാട്ടുദൈവങ്ങളോടപേക്ഷിക്കുന്നു.

“തേഞ്ഞുപോകുന്നൂ
മുറിപ്പെട്ടവാക്കുകൾ
മാഞ്ഞുപോകുന്നു
മറയുന്നു കാടുകൾ” (2013:172)

എന്നിങ്ങനെ കാടുകൾ മാഞ്ഞുപോകുന്നതിനെ കവിത സൂചിപ്പിക്കുന്നു. പ്രകൃതിയെയും ദളിതനെയും നശിപ്പിക്കുന്ന മേലാളരീതികളെ വിമർശിക്കുന്നതുകൊണ്ടുതന്നെ കവിത ദളിത്പരിസ്ഥിതിവാദചിന്തകൾ ഉൾക്കൊള്ളുന്നു.

റഫീക്ക് അഹമ്മദിന്റെ ‘പുലിയിറക്കം’ എന്ന കവിതയിലെ പുലി വനനശീകരണത്തിന്റെ ഇരയാണ്. വനനശീകരണവും കാട്ടുതീയും മൂലം കാടും കാട്ടുവിഭവങ്ങളും നശിക്കുന്നു. അതിന്റെ ഫലമായി വെള്ളവും ആഹാരവും തേടി കാട്ടു മൃഗങ്ങൾ നാട്ടിലിറങ്ങുന്നു. കാടുകത്തിയെരിഞ്ഞതിൽ നിന്ന് രക്ഷനേടി നാട്ടിലെത്തുന്ന പുലിയുടെ

മാനസികചിന്തകളാണ് ഈ കവിത. മനുഷ്യന്റെ ക്രൂരത നിമിത്തം നിമിഷനേരത്തിനുള്ളിൽ കാട് കത്തിയെരിയുകയും കാട്ടിലെ ജീവനുകളെല്ലാം പിടഞ്ഞുമരിക്കുകയും ചെയ്തതായി കവിത സൂചിപ്പിക്കുന്നു. അവിടെ നിന്നും മനുഷ്യന്റെ ആവാസ ഭൂമിയിലേക്കിറങ്ങിയ പുലിക്ക് നഷ്ടപ്പെട്ട ജീവിതത്തിന്റെ ഓർമ്മകളുണ്ട്.

"ഞാനോ നിലാപ്പശു മേയും തടങ്ങളിൽ
കൂരിരുൾച്ചൂളുമടിക്കാട്ടിൽ, തീവെയിൽ
താണിറങ്ങുന്ന കരിമ്പാറകൾക്കുമേൽ
ശാന്തഗംഭീരം നടന്നവനല്ലയോ" (2016:35)

എന്നിങ്ങനെ ഗൃഹാതുരത പുലി പ്രകടമാകുന്നു. മനുഷ്യന്റെ കണ്ണിലെ ക്രൂരതയാണ് കാടുകളെ നശിപ്പിക്കുന്നത്. വന്യജീവികളുടെ ആവാസവ്യവസ്ഥയെ നശിപ്പിക്കുകയും അവ ആഹാരത്തിനോ വെള്ളത്തിനോ വേണ്ടി നാട്ടിലിറങ്ങിയാൽ അതിക്രമമെന്ന് വിളിച്ച് ഉപദ്രവിക്കുകയും ചെയ്യുന്ന മനോഭാവത്തെയും കവിത പ്രതിനിധീകരിക്കുന്നു. മനുഷ്യർക്ക് കേറിയിറങ്ങാനും നശിപ്പിക്കാനുമുള്ളതാണ് പ്രകൃതിയും അതിലെ സസ്യജന്തുജാലങ്ങളും എന്ന മനോഭാവത്തിന്റെ ചിത്രീകരണമായി കവിത മാറുന്നു.

'വനാന്തരം' എന്ന കവിത വനത്തിലേക്കുള്ള തിരിച്ചുപോക്കിന്റെ ചിന്തകൾ ഉൾക്കൊള്ളുന്നു. കാട്ടിലെത്തി കാടിനെയും കാട്ടുവിഭവങ്ങളെയും ആസ്വദിക്കാനുള്ള അഭിനിവേശം കവിതയിൽ കാണാം.

"അതിൻ മദം കൊണ്ടു തുടിക്കുമെൻ സിരാ-
പടലം മൺമണം കുടിച്ചു തുള്ളുവാൻ
പുഴയുടുക്കാൻ, മഴ പുതയ്ക്കുവാൻ
മലകളെകെട്ടിപ്പുണർന്നുറങ്ങുവാൻ" (2016:205)

കാട്ടിലും അതിലൂടെ പ്രകൃതിയിലും അലിഞ്ഞുചേരാനുള്ള ആഗ്രഹമാണിവിടെ പ്രകടമാകുന്നത്. മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിൽ നിന്നും മാനസികമായ വിരസതയിൽ നിന്നുമുള്ള മുക്തി വനയാത്രകൾക്ക് നൽകാനാവും എന്ന ചിന്ത കൂടി കവിതയിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇക്കോടൂറിസം എന്ന വിനോദസഞ്ചാരരീതിയുടെ അടയാളപ്പെടുത്തലായി കവിതയെ വിലയിരുത്താം. മനുഷ്യന്റെ ആസ്വാദനത്തിനുള്ള ഉപകരണമാക്കി പ്രകൃതിയെയും കാടിനെയും ഉപയോഗിക്കുന്നു എന്ന മറ്റൊരു ചിന്ത കവിതയിൽ ആരോപിക്കാം.

"......ണിടയ്ക്കു, ചെല്ലുക

കൊടും കാടിൻ പച്ച നിറച്ചുപോരുക" (2016:205)

എന്നാണ് കവി പറയുന്നത്. മാനിന്റെ ഭയന്ന നോട്ടവും കാട്ടിൽ വിത്തുമുളയ്ക്കുന്ന ഒച്ചയും നിലാവിന്റെ നുറുങ്ങുവെട്ടവുമെല്ലാം ജീവിതത്തിന്റെ അർത്ഥങ്ങളിലേക്കുള്ള തിരിച്ചുവരവിനിടനൽകുന്നു എന്നും കവിത വ്യക്തമാക്കുന്നു. കാട്ടിലേക്കുള്ള യാത്രകൾ തിരിച്ചുപോക്കോ അവസാനയാത്രയോ അല്ല എന്നും കവിത ഓർമ്മിപ്പിക്കുന്നു. ഇതിഹാസപുരാണകഥകളിലെ വനയാത്രകൾ കവിതയിൽ സൂചിപ്പിക്കപ്പെടുന്നു. പുതിയകാലത്തെ ഇക്കോടൂറിസങ്ങൾ തന്നെയായിരുന്നു അവ. കവിതയിൽ മനുഷ്യകാഴ്ചയാണുള്ളത്. മനുഷന്റെ വിരസതയകറ്റാനും ഇടവേളകളിലും മറ്റും ആസ്വദിക്കാനുള്ള ഇടവുമായി കാടും പ്രകൃതിയും മാറുന്നു.

റഫീക്ക് അഹമ്മദിന്റെ 'രണ്ടുവനങ്ങൾ' എന്ന കവിതയിൽ കാടിനെയും നഗരത്തെയുമാണ് പ്രമേയവത്ക്കരിക്കുന്നത്. പച്ചയും നീലയും നിറങ്ങളിൽ പരന്നു കിടക്കുന്ന കാട് പുലരിയിൽ സ്വർണ്ണനൂലിഴ കോർക്കുന്നു. നനവുള്ള പുൽത്തിട്ടുകളും നിറങ്ങളും ഗന്ധങ്ങളുമുള്ള പരിസരമാണെങ്കിലും ഭയപ്പെടുന്നതാണ് കാട്

"പിറകെയമ്പുവരുന്ന പോലെന്തിനോ

കുതിക്കുതിക്കുന്നു പേടിമാൻപറ്റങ്ങൾ

ഞൊടിയിൽ ഞെട്ടിപ്പിടഞ്ഞു പറക്കുന്നു

ചിറകു നീർത്തി ഭയപ്പെട്ട പക്ഷികൾ" (2018;246)

എന്നിങ്ങനെ ഭയപ്പെടുത്തുന്ന പലതും കാട്ടിലുണ്ട്. കടന്നൽക്കൂട്ടവും മുയലുകളും പാമ്പുകളും കുറുക്കന്മാരും ഒറ്റയാനും സിംഹവും കാടിന്റെ കാഴ്ചയിലുണ്ട്. മറ്റൊന്ന് നഗരമാകുന്ന കാടാണ്. ഇരുട്ടില്ലാതെ വെളിച്ചം മാത്രമുള്ള നഗരത്തെയാണ് കവിതയിൽ പരാമർശിക്കുന്നത്.

സെബാസ്റ്റ്യന്റെ 'ചൂളപ്പൊതികൾ' എന്ന സമാഹാരത്തിലെ 'ക്രോസ് കൺട്രി' എന്ന കവിതയിൽ കേരളത്തിൽ നിന്നും പഞ്ചാബിന്റെ അതിർത്തിയിലേക്കുള്ള തീവണ്ടിയെ പരാമർശിക്കുന്നു. യാത്രക്കാർ ക്ഷീണിച്ചെങ്കിലും വണ്ടിക്ക് ക്ഷീണമില്ലെന്ന് കവിത വ്യക്തമാക്കുന്നു. നാട്ടുമ്പുറങ്ങളിലൂടെയും കാട്ടിലൂടെയും കടന്നുപോകുന്ന തീവണ്ടിയാണ് കവിതയിലുള്ളത്. നഗരങ്ങളുടെ പ്രതീകമായ തീവണ്ടിക്ക് പോലും കാടും നാട്ടുപ്രദേശങ്ങളുമാണ് ഇഷ്ടമെന്നും വ്യക്തമാക്കപ്പെടുന്നു. നാഗരികമനുഷ്യന് ഗ്രാമീണതയോടും വന്യതയോടുമുള്ള അഭിനിവേശമാണ് കവിതയ്ക്ക് വിഷയം.

'സെബാസ്റ്റ്യൻ കവിതകൾ' എന്ന സമാഹാരത്തിലെ 'ആരണ്യകം' എന്ന കവിതയിൽ ചന്തയെ കാടായി സങ്കല്പിക്കുന്നു. ചന്തയെ അളന്ന് അതേ വിസ്തീർ ണ്ണത്തിൽ കാട് കൊണ്ടുവന്ന് പിടിപ്പിച്ച് വാണിഭക്കാടെന്നോ അങ്ങാടിവനമെന്നോ വിളിക്കുന്നു. അങ്ങാടിയിലെ ആളുകളെ കുരങ്ങൻ, പുലി, മുയൽ, കരടി, കുറുക്കൻ, പക്ഷി എന്നിങ്ങനെ സങ്കല്പിക്കുകയും സ്വയം മൃഗങ്ങളുടെ രാജാവെന്നു വിചാരി ക്കുകയും ചെയ്തുകൊണ്ട് ജീവിക്കാൻ പ്രയാസമില്ല എന്നാണ് കവിത സൂചിപ്പിക്കുന്നത്. 'എന്നിട്ട്' എന്ന കവിതയിൽ ഒരു കാടുണ്ടായിരുന്നു എന്ന് പറയേണ്ട അവസ്ഥയിലേക്ക് സമൂഹം മാറിയിരിക്കുന്നതായി സൂചിപ്പിക്കുന്നു.[81]

എസ്. ജോസഫിന്റെ 'ആന' എന്ന കവിതയിൽ വെള്ളത്തിൽ നിന്ന് മീൻ പിടിക്കുന്നതുപോലെയാണ് കാട്ടിൽ നിന്ന് ആനയെ പിടിക്കുന്നതെന്ന് വ്യക്തമാക്കുന്നു. മീൻ പിടിക്കുമ്പോൾ വെള്ളത്തെയും ആനയെ പിടിക്കുമ്പോൾ കാടിനെയും അവിടെ ത്തന്നെയിടുന്നുവെങ്കിലും തടി പിടിപ്പിച്ച് ആഘോഷത്തിനിറക്കുന്ന സമയത്ത്

> "ആന ഒളിച്ചുകടത്തിയ കാട്
> പുറത്തു ചാടുന്നു
> ആളുകൾ ഓടുന്നു; നിലവിളിക്കുന്നു
> കാട്ടിലെ ആന വെള്ളത്തിലെ മീനല്ല" (2005:33)

എന്ന് വ്യക്തമാക്കുന്നു. ആന കാടിനെ പൂർണ്ണമായി വിട്ടുകളയാതിരിക്കുകയും കാടോർമ്മകളിൽ അതിന് മദം പൊട്ടുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' മറ്റൊരു രൂപത്തിൽ ഇവിടെ അവതരിപ്പി ക്കപ്പെടുന്നു. സ്വന്തം ആവാസവ്യവസ്ഥയിൽ നിന്ന് മനുഷ്യർ പറിച്ചെടുക്കുന്ന മൃഗങ്ങൾക്ക് തങ്ങളുടെ ആവാസ ഇടങ്ങളെ പൂർണ്ണമായി ഉപേക്ഷിക്കാനാവുന്നില്ല എന്ന് കവിത വ്യക്തമാക്കുന്നു. "നമ്മൾ മനുഷ്യർ ഭൂമിയിലെ സകലചരാചരങ്ങളെയും അടക്കി വാഴാം എന്ന് അഹങ്കരിക്കുന്നവർ. അതിന് നമ്മൾക്ക് എന്തു ന്യായവും പറയാനുണ്ട്. മനുഷ്യരുടെ ദൈവങ്ങളെയോ ദേവാലയങ്ങളെയോ അലങ്കാരങ്ങളെയോ ഒന്നും ആനകൾക്ക് ആവശ്യമില്ല. അത് തിരിച്ചറിയണമെങ്കിൽ കാട്ടിൽ ചതിക്കുഴികൾ തീർത്തും മറ്റും നാട്ടിലേക്ക് പിടിച്ചുകൊണ്ടുവന്ന കാട്ടാനകളുടെ വേരുകൾ തേടി കാട്ടിലേക്ക് ചെല്ലണം. അവയുടെ ആഹ്ലാദവും സ്വാതന്ത്ര്യവും കണ്ടറിയണം. ചോറും ഓലമടലു മൊന്നുമല്ല അവയുടെ ഭക്ഷണം എന്നറിയുക. ആട്ടിൻസൂപ്പും കഷായങ്ങളുമല്ല അവയുടെ വൈദ്യം. കാടാണ് അവയുടെ ദേവാലയവും ദൈവവും അമ്മയുമൊക്കെ" എന്നിങ്ങനെ

ആനകളുടെ മാനസികാവസ്ഥയും ജീവിതരീതിയും മനുഷ്യന്റെ അതിക്രമവും വ്യക്തമാക്കുന്നുണ്ട് എൻ.എ. നസീർ (2017:19). അത്തരമൊരവസ്ഥയുടെ പ്രത്യക്ഷീ കരണം കൂടിയാണീ കവിത.

വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരാണ് ആധുനികതാനന്തരഘട്ടത്തിൽ പ്രധാനമായും പ്രകൃതിനശീകരണസൂചനകളായി പൊതുവെ കാടിനെ കവിതയിൽ ആവിഷ്ക്കരിച്ചത്.

## അടിക്കുറിപ്പ്

1. 'പുകഴെന്ന നൂലർമൊഴി നികഴും മറക്കുരെലെയ്
മുകിലെന്നു കേതകികെൾ മുകിഴ്കൊണ്ടു വിള്ളുമെടം'
(പുരുഷോത്തമൻനായർ എം.എം., വ്യാഖ്യാ. 1987:52)

2. 'തിരെയകത്തു പുനെൽമീതെഴുന്ന തികെഴ്പുണ്ടരീക മുകുളങ്ങെളാം
പുരെയകത്തു തുയിൽകൊണ്ട വണ്ടിത പുറപ്പെടുന്നിതു ചുഴന്നെങ്ങും
പുരിയകത്തു മറനൂലർ വന്തു പുകെഴേറുമാറെൻ മുളയെണ്ണെലേ
വരെയെടുത്തു മഴെയത്തടുത്ത മണിവണ്ണെരെ തുയിലുണർന്തിടേ'
(പുരുഷോത്തമൻനായർ എം.എം., വ്യാഖ്യാ. 1987:89)

3. 'പാരായോയെൻ തുണവാ-പല
പുഷ്പങ്ങൾ കണ്ടതിൽ വണ്ടുചെന്റു
ചേരും സംഗീതങ്കളും-കാമ-
ച്ചെഞ്ചില ഞാണറ്റകമഴിന്തു
താരാർ പൊഴിലൂടെൻ-മനം
ചെന്റുലാകിത്തിശങ്കുവതെ
തീരാവിരഹമിതെ-എന്തൻ
ചെയ്തിഴയാളും മങ്കയാളോ?' (നാരായണപിള്ള .പി.കെ., ഭാഗം 1, 2012:544)

4. 'പുഷ്പിതദിവ്യലതാദികൾ തോറും
പോയ്മധുപാനമഹോത്സവമീടിയ
ഷഡ്പദകോകിലകോലാഹലമൊടു
സകലമനോഹരമായിതു വിപിനം' (രാമചന്ദ്രൻ പുതുശ്ശേരി, 2013:92)

5. 'മലിയും കാന്തിനീരാണ്ടു
നിലയില്ലാതെ നിമ്നഗാം
പുകിലീടിന മാധുര്യ-
മകരന്ദാർദ്രമഞ്ജരീം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:42)

6. 'തീരേഷു കേസരവതീരേഷു പക്ഷവിത
തീരേതി ബന്ധുരപി വായുഃ
തിറമുടയ നളിനികളിലതിബഹളമവകിരതി
മണമുടയ നവനളിനധൂളിം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:90)

7. 'ഇതു മാമാകന്ദമരം
പതത്രിണാംപൂത്തതഖിലമാകന്ദമരം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:94)

8. 'കുളിർപുഞ്ചിരിയും ചൊരിഞ്ഞപൂവേ,
തളിരിൻ ലാളനമേറ്റു നിൽക്കവേ, നീ,
അഴകോർത്തു പറിച്ചെടുക്കുവാൻ മേ
കഴിവില്ലാതെ കരം പരുങ്ങിടുന്നു' (രാമൻപള്ളത്ത്, 1989:51)

9. 'ഇപ്പോളിവിടത്തെ മാമരങ്ങൾ
പുഷ്പങ്ങൾ കൊണ്ടു നിറഞ്ഞിരിക്കും
പുഷ്പനികുഞ്ജങ്ങളാകമാനം
തല്പതലങ്ങൾ വിരിച്ചിരിക്കും' (കൃഷ്ണപിള്ള ചങ്ങമ്പുഴ, ഭാഗം 1. 1990:306)

10. 'നോവിന്റെ മുൾവേലികൾ-
ക്കുള്ളിലുമെൻ ജീവിതം
പൂവിന്റെ മന്ദസ്മിതം
തുന്നുവാൻ തുടിക്കുന്നു' (കുറുപ്പ്. ഒ.എൻ.വി., 2006:47)

11. 'പട്ടുചിറകു ധരിച്ച ശലഭങ്ങളൊന്നും
ആ വേലിപ്പടർപ്പിലേക്ക്
പറന്നിറങ്ങാറുമില്ല' (മോഹനകൃഷ്ണൻ കാലടി, 2013:157)

12. 'കൂട്ടുകാരൊത്തു ഞാൻ
പൂക്കളിറുക്കുമ്പോൾ
പിന്നെയും പൂക്കുന്നു
പൂമരച്ചില്ലകൾ' (രേണുകുമാർ. എം.ആർ, 2017:97)

13ക. '............സിതമന്ദാരം നവകുന്ദമിവറ്റിനെ
നിന്ദിച്ചരുളിന മന്ദസ്മിതരുചി' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:169)

13ഖ. 'മന്ദാരപ്രസവത്തിന്നു
കുന്ദത്തിന്നിന്ദുതേജസഃ
ചിരന്നമന്ദഹാസത്തോ-
ടരന്നാലടയംകിലോ
തവ ചാരുമുഖം കണ്ടാൽ
നവ....' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:176)

14. 'വേണീ മുകിൽക്കുലമൊരിന്ദുകലാലലാടം
നീലോൽപലം മിഴികൾ വാമലർ ബന്ധുജീവം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:144)

15. 'അളികതലമുലാവും കേതകാന്തർദ്ദളാഭാം' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:33)

16. ‘മന്ദാരകുന്ദമകരന്ദസിതാരവിന്ദ-
മന്ദസ്മിതാദിപദമേ ചെവിയിൽ പൊരുന്നു
ഒന്നന്നടുങ്ങുമബലാ പരുഷപ്രയോഗേ
വാതാവധൂതനവകുങ്കുമവല്ലരീവ’ (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:54)

17. ‘സാത്വികഭക്തിയാം തേൻപെറുമീവക
പ്രാർത്ഥന വാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ
ച്ചന്തത്തിൽ കോർത്തൊരു മാലയാക്കി,
വിണ്ണിൻ പെരുമാൾതൻ മുന്നിൽ സമർപ്പിച്ചു
ദണ്ഡനമസ്കാരം ചെയ്തു വീണ്ടും
ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ,
താമരത്താരൊരു ഹംസിപോലെ’ (നാരായണമേനോൻ വള്ളത്തോൾ, 2011:291)

18. ‘നവമവിടെ നിരന്നൂ കർണ്ണികാരപ്രദീപം;
ശ്രവണസുഖമുയർന്നു ഭൃംഗഝങ്കാരവാദ്യം;
പ്രവരതരുവിലാടീ പൂങ്കൊടിച്ചാർത്തി-വണ്ണം
യുവനൃപനണയുമ്പോൾ കാടുമന്നുത്സവാഢ്യം’ (നാരായണമേനോൻ വള്ളത്തോൾ, 2011:412)

19. ‘കേവലം മുനിമാർക്കങ്ങു ദേവപൂജ നടത്തുവാൻ
ആവതോളം സുമൗഘത്തെയാവഹിക്കുന്നു വല്ലികൾ’
(നാരായണമേനോൻ വള്ളത്തോൾ, 2011:556)

20. ‘ലാളിച്ചുപെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ
പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീല പൂണ്ടിളയമൊട്ടുകളോടുചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ (കുമാരനാശാൻ. എൻ, 2013:41)

21. ‘ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹര മന്ത്യഹാരം’ (കുമാരനാശാൻ. എൻ, 2013:45)

22. ‘അവിടെയാകാശം ഹരിതമാകുന്നൂ
പ്രകൃതി പുഞ്ചിരിയടക്കി നിൽക്കുന്നു
അവിടെ ദൈവത്തിൻ മനസ്സുപോൽ തെളി-
ഞ്ഞലിഞ്ഞതാണെന്നുമവർ പറയുന്നു’ (സുഗതകുമാരി, 2011:529)

23. 'പുകയാണല്ലോ ചുറ്റും
യന്ത്രഘോഷത്തിൻ ക്രൂര
സ്വരമാണല്ലോ, പെട്ടെ
ന്നവിടെ കടക്കുവാൻ
തിരക്കിട്ടുഞാൻ പോകെ' (സുഗതകുമാരി, 2011:628)

24. 'പൂമരം കണ്ടില്ല പൂവില്ല,
തേനില്ല പൂമ്പൊടിക്കാറ്റില്ല,
പട്ടണവീഥിയിൽച്ചിങ്ങത്തിൽ വഴി
തെറ്റിവന്നെത്തിയ പൂത്തുമ്പീ' (വിജയലക്ഷ്മി, 2013:106)

25. 'വെറും വെയിലും മഴയും ജപിച്ച്
മണ്ണ് ഉണർത്തിയെടുക്കുന്ന
നിറങ്ങൾ, മണങ്ങൾ, രുചികൾ' (റഫീക്ക് അഹമ്മദ്, 2016:167)

26. 'അറിയില്ലവരെ നിൻ
പട്ടണത്തിലെപ്പാത-
യ്ക്കരികിൽ ക്യൂ നിൽക്കുന്ന
കമ്പിക്കാലുകൾക്കൊന്നും' (രാമചന്ദ്രൻ. പി.പി., 2015:90)

27. 'പുറകിലെത്തിത്തട്ടിയിട്ടു
പഴയൊരോട്ടോറിക്ഷ
കിട്ടിയതെടുത്തു പാഞ്ഞൂ
മണല്വാരും ലോറി
അപ്പപ്പൂളടിച്ചു വാങ്ങി
ആഞ്ഞൂവന്ന ജീപ്പ്
ചെത്തുപൂളിൽ പിടിച്ചുതൂങ്ങി
ചെത്തിവന്ന ബൈക്ക്' (മോഹനകൃഷ്ണൻ കാലടി, 2013:184)

28. 'തദനന്തരമുദയാചലകടകേ തുടമുടയോ ചില
പട, പാടല, ചലപല്ലവ, നവകേസര, പനസാ, സന
ലഘുചന്ദന, ബക, ചംപക, തിലകാ,ർജ്ജുന,
കദളീകുല, സഹകാരക മുഖപാദപപടലൈരുട
നിട ചേർന്നതിശിശിരേ നല ....' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:56)

29. 'താലം തമാലവുംനക്തമാലങ്ങളും
സാലം രസാലവും ഹിന്താലജാലവും
അർജ്ജുനം കേസരം നീലം പലാശവും
സർജ്ജകം ജർജ്ജുരകാരസ്കരങ്ങളും
പൂതം പനസവും ശിംബികാചമ്പകം
മാതുലംഗങ്ങളും മാതംഗവൃന്ദവും' (കുഞ്ചൻനമ്പ്യാർ, 2013:33)

30. 'ഉച്ചമായങ്ങൊരു വന്മരം കാണുന്നു
നിശ്ചലമായ കാർകൊണ്ടൽപോലെ
നീലക്കല്ലൊത്തു മിനുത്തോരിലകൾതൻ-
മേലേ തൂവൈരത്തിൻ കാന്തിവീശും
ചണ്ഡാംശുരശ്മികളാലൊരു വാർവെള്ളി-
മണ്ഡലം ചൂഴുന്നുണ്ടമ്മുകിൽമേൽ
പച്ചിലച്ചില്ലയിൽ ചെപ്പടിപ്പന്തുപോൽ
മെച്ചമായ് പറ്റും ഫലം നിറഞ്ഞും
ഭൂരിശാഖാഗ്രത്താൽ വിണ്ണും, വേടിൻ ചാർത്താൽ
പാരും വ്യാപിച്ചു പടർന്നു നിൽക്കും' (കുമാരനാശാൻ. എൻ, 2013:540)

31. 'നെടിയശാഖകൾ വിണ്ണിൽ നിവർന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി,
നടുവിലങ്ങു നിൽക്കുന്നു വലിയോരശ്വത്ഥം, മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും
ചടുലദലങ്ങളിലും ശൃംഗഭാഗത്തിലും വെയിൽ
തടവിച്ചുവന്നു കാറ്റിളകി മെല്ലെ,
തടിയനരയാലതു തലയിൽത്തീകാളും നെടും-
ചുടലബ്ഭൂതം കണക്കേ ചലിച്ചുനില്പൂ' (കുമാരനാശാൻ. എൻ, 2013:570)

32. 'എന്നൊട്ടുമാവേ, നിൻതാഴത്തെക്കൊമ്പുക-
ളന്യൂനവാസന്തച്ചൂടിലേ
എന്താസ്വാദിക്കുവാനാണീ നിലത്തേക്കു
ചെന്തളിർ നാവുകൾ നീട്ടി നില്പൂ!
മീതേ ശുകാഭമാം പത്രൗഘം; താഴത്തോ,
ചൂതമേ, പാടലപല്ലവൗഘം;
നേർക്കിറയത്തു ചെമ്പട്ടുമറശ്ശീല
തൂക്കിയ പച്ചപ്പൂമേടയായ് നീ' (നാരായണമേനോൻ വള്ളത്തോൾ, 2011:824)

33. 'മരമൊരു
വീട് കെട്ടുന്നു
നാമതിനെ
തണലെന്ന് വിളിക്കുന്നു
തണലൊരു
വിശറി തീർക്കുന്നു
നാമതിനെ
കാറ്റെന്നു വിളിക്കുന്നു' (രേണുകുമാർ എം.ആർ., 2017:55)

34. 'പോയവരാകുലമിന്നീ വനശ്രീ
പൊലിവൊടുകണ്ടു നടന്നതുകാല-
ത്തായതമാമരയാൽ കണ്ടതിനെയു-
മരികു പുകുന്തു വണങ്ങി വിരന്തേ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:216)

35. 'ഒരു രഹസി കുളിച്ചമ്മാറ്റുടുത്താസ്ഥയാ നോ-
റ്റഴകെഴുമരയാലോടാത്മജാമർത്ഥയന്തീ
കലിതരുചി വലം വച്ചീടിനാളർച്ചയിത്വാ
വിവിധ കുസുമമാലാപായസാദ്യൈരനേകഃ?' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:37)

36. 'കാണുകിന്റെ മരങ്കളോടും
കടിയ മിറുകങ്കളോടും
വേണുകിന്റെ കിളികളോടും
പെറുമയുള്ള കുയിലിനോടും
ഏണമുള്ള മയിൽകളോടും
തുണങ്കി മന്നൻ കേട്ടിടുവാൻ
വാണപുകഴ് മൈലാളെ
ന്മാനിനിയെക്കണ്ടീരോ?' (നാരായണപിള്ള. പി.കെ., ഭാഗം 2. 2012:528)

37. 'സുധന്യമാം കേരദ്രുമ, മതിനുടെ
സുധയുൾച്ചേർന്ന പൊന്മയക്കുടങ്ങളെ
സയത്നമായ് സുധാശനപദത്തിലേ-
ക്കുയർത്തിക്കാട്ടിക്കൊണ്ടുപശോഭിക്കട്ടേ;
മലയാദ്രിയുടെ യശഃ പ്രരോഹമാം
മരം നിജ പരിമളസമ്പത്തിനെ
പല ദേശത്തേക്കുമയച്ചുകൊള്ളട്ടേ
പവനനാകിയ വിമാനത്തിലൂടേ;
അലക്ഷ്മിതന്നിരിപ്പിടമരയാലാ-
ണ, ലുബ്ധരാ നമുക്കഭിനന്ദനാർഹം' (നാരായണമേനോൻ വള്ളത്തോൾ, 2011:838)

38. 'ഒരു പെൺമരം
അതിന്റെ ആൺനിഴൽ
നിഴൽ മെല്ലെ
ഇഴഞ്ഞുകയറി
ആൺമരമാക്കി
പെൺമരത്തെ
ഒരാൺമരം
അതിന്റെ പെൺനിഴൽ
നിഴൽമെല്ലെ
ഇഴഞ്ഞുകയറി
പെൺമരമാക്കി
ആൺമരത്തെ' (സെബാസ്റ്റ്യൻ, 2011:58)

39. 'എത്ര സങ്കടങ്ങളെ കരഞ്ഞും പറഞ്ഞുമേ
മറ്റൊരേടത്തുപോയും മനുഷ്യരൊഴിക്കുന്നു
മണ്ണിലോ വേരും താഴ്ത്തി കരയാൻ പറയാനും
എങ്ങുമേ പോകാൻ പോലുമാവില്ല മരത്തിന്' (ജോസഫ്. എസ്, 2017:60)

40. 'പൊഴിഞ്ഞന മരങ്ങളുമചലങ്ങളും
പുണരിയിലിടതുടർന്നവരാൽ,
എഴുന്നിതു തിറമുറുചിറ, നളനാൽ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 1973:37)

41. 'അഴുതിടുവാൻ രാവണനന്തൻ
ആജ്ഞയിനാൽ ചൊല്ലറിയോർ
പഴുതു വന്തുതിനെ നടന്തു
പാർത്ഥിപനുമില്ലിരുന്താൻ' (നാരായണപിള്ള. പി.കെ., ഭാഗം 2. 2012:529)

42. 'കണ്ടാലഴകിയ ജാനകിതന്നെ
ക്കാട്ടായ്കിൽപ്പൊടിയാക്കുവനിപ്പോ-
ഴുണ്ടാക്കിയ വൃക്ഷാദികളോടു
മുടൻ മമ ദിവ്യാസ്ത്രങ്ങളിനാലേ;
പണ്ടേയരുവി വററുവനെന്നെ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:353)

43. 'കണ്ടശൈലങ്ങളും കണ്ടവൃക്ഷങ്ങളും
കണ്ടകക്കൂട്ടവും കണ്ടാലതു ഗദ-
കൊണ്ടു തകർത്തു ഗമിപ്പതിൽ
വേണ്ടും ബലം നിനക്കുണ്ടെന്നു നിർണ്ണയം' (കുഞ്ചൻനമ്പ്യാർ, 2012:31)

44. 'ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം?' (കുമാരനാശാൻ. എൻ, 1960:81)

45. 'വെട്ടല്ലേ വെട്ടല്ലേ ഉടയോരേ
വിറ്റുകാശാക്കല്ലേ പെരിയോരേ
കാടിതു ഞങ്ങൾക്കു വീടാണേ
വീടു മുടിക്കൊല്ലേ വലിയോരേ' (സുഗതകുമാരി, 2011:1002)

46. 'ഒരേ മഴ നന, ഞൊാരേ വെയിൽ കുടി-
ച്ചിരുണ്ട പച്ചിലത്തഴപ്പുമായ് നിൽക്കും
ഒരേ നിലാവു വീണവയുടെ
ഇലത്തലപ്പുകൾ മിന്നും' (റഫീക്ക് അഹമ്മദ്, 2016:130)

47. 'എത്ര പെട്ടെന്നു മാറിപ്പോയ്
പ്രഭാതത്തിന്റെ കൈവഴി
അന്തിതന്നിരുൾ വൈഖരി
പ്രപഞ്ചത്തിന്റെയാകൃതി' (റഫീക്ക് അഹമ്മദ്, 2010:304)

48. 'നിത്യനിദാഘം തീർക്കും മരുവിൽ
മൃത്യുവരിക്കും നമ്മുടെയിളയെ
പുൽക്കൊടിയത്രേ ഇനി രക്ഷിക്കാൻ
അക്കൊടിയിൽ മൃത സഞ്ജീവനിയാം
പച്ചയിരുപ്പുണ്ടതു ചാർത്തിക്കാം
ചിത്തത്തിൽ ഹരിതാഭരണങ്ങൾ' (രാമചന്ദ്രൻ. പി.പി., 2015:73)

49. 'കല്ലെടുക്കാൻ കയറിടാനും
കയ്യുപൊങ്ങാതെ
വീണടിഞ്ഞൊരയാൾക്കു ചുറ്റും
നീ പടരുമ്പോൾ,
'തീ' പടരുമ്പോൾ....' (മോഹനകൃഷ്ണൻ കാലടി, 2013:145)

50. 'ചടുലലതകളാടിടാതെ ചാഞ്ഞാ
വിടപികൾ മേലനുമൂർച്ഛയാർന്നു നിന്നു
അടവിയധികമൗനമാണുമേളം
ഝടിതി നിറുത്തിയ രംഗഭൂമിപോലെ!' (കുമാരനാശാൻ. എൻ, 2013:131)

51. 'അപ്പുറത്തിടവപ്പാതി മേഘം മാനത്തിലെന്നപോൽ
ഭൂമിമേൽ വാച്ചു നീലിച്ച കൊടുങ്കാടവർ കണ്ടിതു
പ്രാന്തങ്ങളിൽ പക്ഷിവൃന്ദം പാടുന്നു തരുവല്ലിമേൽ
ശോഭിക്കുന്നു പൂക്കൾ പുഷ്പഗന്ധം വീശുന്നുകാറ്റുകൾ
എന്നാലുള്ളിൽ സമുദ്രത്തിൻ കയംപോലെ ഭയാനകം
ഇരുട്ടും നിശബ്ദതയുമാർന്നു ഗംഭീരമാ വനം' (കുമാരനാശാൻ. എൻ, 2013:141)

52. 'കണ്ണു കക്കും വിചിത്രച്ചിറകൊളി
ചിന്നുമാറുള്ള പാറിപ്പറക്കലാൽ
പൂക്കളില്ലാത്ത വള്ളിക്കുടിലിനും
പൂക്കളെച്ചേർത്ത കൊച്ചുകിളികളും
നിച്ചിലും മഞ്ഞുപെയ്യുമിക്കാലത്തും
പച്ചിലമരത്തോപ്പാം മുകിൽച്ചാർത്തിൽ
പീലിയാൽ മഴവില്ലണച്ചുദ്ഗീത-
ലീലയോടാടുമാണ്മയിൽക്കൂട്ടവും
പട്ടുമേനികൾ മാനുകൾ മേയുന്ന
പച്ചവർണ്ണമാം ചെമ്പുൽത്തകിടിയും
പാറമേൽത്തട്ടി മുത്തു വിതറിന
പാലൊളിച്ചോല പായുമിടങ്ങളും' (നാരായണമേനോൻ വള്ളത്തോൾ, 2017:320-321)

53. 'കരി, കരടികൾ, ചെന്നായ്, പോത്തു, ഘണ്ടാമൃഗം, വൻ
നരി, കിരി, ഹരി മുമ്പാം ഹിംസ്രജാതിക്കിരിപ്പാൻ
അരിമയോടുചിതം പോലീശ്വരൻ തീർത്തതാണാ
ക്കരിനിറമിടചേർന്നീടുന്ന കാടെന്നു തോന്നും' (നാരായണമേനോൻ വള്ളത്തോൾ, 2011:407)

54. 'പ്രതിദിനമുലകത്തിന്നുൾപ്രബോധം പ്രവർത്തി-
പ്പതിനുതകിന സൂര്യലോകമേശായ്കമൂലം
അതിമലിനതമസ്സാർന്നാലുമന്യൂനസത്ത്വ-
സ്ഥിതി തടവിടുമക്കാടത്ഭുതാകാരമല്ലോ' (നാരായണമേനോൻ വള്ളത്തോൾ, 2011:407)

55. 'പ്രിയകരങ്ങളെ, നീലമലകളേ
കുയിലുകൾ സദാ കൂകും വനങ്ങളെ
അമിതസൗരഭധാരയിൽ മുങ്ങിടും
സുമിതസുന്ദരകുഞ്ജാന്തരങ്ങളേ,
കുതുകദങ്ങളേ, കഷ്ട, മെമ്മട്ടു ഞാൻ
ക്ഷിതിയിൽ വിട്ടേച്ചു പോകുന്നു നിങ്ങളെ?' (കൃഷ്ണപിള്ള ചങ്ങമ്പുഴ, ഭാഗം 1. 1990:346)

56. 'കാടിനു കാടിന്റെ ഭംഗി, പൂന്തോപ്പിനു
നാടൻ കൃഷിക്കാരനേകുന്ന ഭംഗിയും
കാട്ടുമൃഗത്തിനു തോൽക്കട്ടി മേലങ്കി
നാട്ടുപെണ്ണിനോ മൃദുചർമ്മസൗഭഗം' (അയ്യപ്പപണിക്കർ, 1992:97)

57. 'ഭർത്താവോടിയവസ്ഥകൾ ചൊൽവിൻ
പക്ഷികളേ വനദേവതമാരേ;
ശുദ്ധേ ഗോദാവരിനദിയേ നീ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:377)

58. 'വനദേവതമാരേ! നിങ്ങളുമുണ്ടോ കണ്ടൂ
വനജേക്ഷണയായ സീതയെ സത്യം ചൊൽവിൻ
മൃഗസഞ്ചയങ്ങളേ നിങ്ങളുമുണ്ടോ കണ്ടൂ
മൃഗലോചനയായ ജനകപുത്രി തന്നേ?
പക്ഷി സഞ്ചയങ്ങളേ! നിങ്ങളുമുണ്ടോ കണ്ടൂ
പക്ഷ്മളാക്ഷിയെ മമ ചൊല്ലുവിൻ പരമാർത്ഥം
വൃക്ഷവൃന്ദമേ! പറഞ്ഞീടുവിൻ പരമാർത്ഥം
പുഷ്കരാക്ഷിയെ നിങ്ങളെങ്ങാനുമുണ്ടോ കണ്ടൂ?' (തുഞ്ചത്തെഴുത്തച്ഛൻ, 2012:192)

59. 'പുഷ്കരനേത്രയുടെ ദുഃഖം കണ്ടതുമൂലം
വൃക്ഷങ്ങൾ വല്ലികളുമാഴ്കുന്നു കഷ്ടം! കഷ്ടം!
നദിയുമൊഴുകാതെ നിൽക്കുന്നു ദുഃഖത്തോടെ
ക്കതിരോൻതാനുമുഴുന്നങ്ങന്നെ നിന്നീടുന്നു
പവനൻ തനിക്കുമില്ലിളക്കമെന്നേ കഷ്ടം!
പവനാശന്മാരും വിലത്തിൽ പൂക്കീടുന്നു
പക്ഷികൾ വൃക്ഷം തോറും ശബ്ദിക്കുന്നതുമില്ല' (തുഞ്ചത്തെഴുത്തച്ഛൻ, 2012:508)

60. 'അരിയോരണിപന്തലായ് സതി-
ക്കൊരു പൂവാക വിതിർത്ത ശാഖകൾ
ഹരിനീല തൃണങ്ങൾ കീഴിരു-
ന്നരുളും പട്ടുവിരിപ്പുമായിതു' (കുമാരനാശാൻ. എൻ, 2013:423)

61. 'വനയാത്രയിലെവിടെയോ
കുലധർമ്മപ്രകാരം
തലയരിഞ്ഞോ
നെഞ്ചുപിളർത്തിയോ
കൊലചെയ്തുവീഴ്ത്തിയ

മേഘരൂപരായ
ആയിരക്കണക്കിനു
വനപുരുഷന്മാരിലാരെയോ
ഒരാളെപ്പോലെ......' (ജയദേവൻ. വി.ടി, 2010:16)

62. 'കൈകേയിയമ്മേ
രാമനെ ആരാണ്
ഇനി അയോധ്യയിൽ നിന്നും
കാട്ടിലേക്ക് മോചിപ്പിക്കുക? ... ' (ജയദേവൻ. വി.ടി, 2010:30)

63. 'നിനക്കുവേണ്ടി
ഭൂമാതാവിന്റെ
നനഞ്ഞ മടിത്തട്ടിലേയ്ക്ക്,
അവസാനമില്ലാത്ത
ആരണ്യകങ്ങളിലേക്ക്,
ജീവിതത്തിന്റെ
അനന്തവിഹായസ്സിലേയ്ക്ക്,
ഞാനീ സ്വർണ്ണപഞ്ജരത്തിന്റെ
മണിവാതിൽ
ഒരുനാൾ ആരുമറിയാതെ
തുറന്നുവെയ്ക്കും' (ജയദേവൻ. വി.ടി, 2010:31)

64. 'വനത്തിലായിരിക്കെ
എല്ലാം നിന്റേതായിരുന്നുവെങ്കിലും
ഒന്നും നിന്നിലുണ്ടായിരുന്നില്ല
കടന്നുപോകുന്ന കാടുകളൊന്നും
നിന്നെ അധികാരത്താലോ
പ്രിയതയാലോ
തടഞ്ഞുവെക്കുകയുണ്ടായില്ല' (ജയദേവൻ. വി.ടി, 2010:58)

65. 'രാമാ
എന്റെ തപസ്സ്
നിന്റെ നഗരശീർഷങ്ങളിൽ
ഇടിത്തീ വീഴ്ത്തുമെന്നെനി-
ക്കറിയാമായിരുന്നു;
ആയിരം പൈതങ്ങൾ
പിടഞ്ഞുവീഴുമെന്നും
അഹന്തയുടെ ഗോപുരങ്ങളെ
അഗ്നി വിഴുങ്ങുമെന്നും
എല്ലാ അടയാളങ്ങളും
അവസാനിച്ചേയ്ക്കുമെന്നും' (ജയദേവൻ. വി.ടി, 2010:79)

66. 'കാട്
അതിന്റെ സ്നേഹമുള്ള തണുപ്പ്,
വള്ളികളുടെ നീണ്ടവിരലുകൾ,
സാന്ത്വനിപ്പിക്കുന്നതുപോലുള്ള
നേർത്ത വിഹഗസ്വരങ്ങൾ
എന്നെ വിളിക്കുന്നതുപോലെ
ഉറക്കുന്നതുപോലെ' (ജയദേവൻ. വി.ടി, 2010:81)

67. 'ഞാനിതാ ഒരു വെറും മണൽത്തരി
തളിരായും പൂവായും
പരാഗമായും ശലഭമായും
പരിണമിക്കുന്നവൾ
എല്ലാ വേരുകളുടെയും അന്നം
പുല്ലിൻതുമ്പിൽ തുളുമ്പിനിന്ന
ശൈശവശുദ്ധനായ ഒരു ജലബിന്ദു
മണ്ണിലേക്കൂർന്നു വീഴുമ്പോലെ
രാമാ,
എല്ലാം അഴിച്ചുവെച്ച്
നിന്നിൽ നിന്നുതന്നെയും മുക്തനായി,
സ്ഥലവും കാലവും കഴുകിക്കളഞ്ഞ്
നീയെന്നിലേയ്ക്കുവരിക' (ജയദേവൻ. വി.ടി, 2010:88)

68. 'അവതന്നേ വരമിന്നിതിലൊന്നാ-
വതു ഭരതൻ യുവരാജപദം വാ-
ണ്ണിവിടെ മഹീപരിപാലന ചെയ്വതി-
നേകുകവന്നഭിഷേകമിതെന്നേ
ശിവകരമായ തപോധനവേഷം
ചേർത്തു പതിന്നാലാണ്ടടവിയിലേ
തവമൊടു വാഴ്വാനേകുക രാമൻ
തന്നെയുമെന്നപരം വര'മെന്നാൾ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:159)

69. 'George Perkins Marsh back in 1864 wrote in his book Man and Nature, or Physical Geography as modified by human action that the human being is a '. . . disturbing agent. Wherever he plants his foot the harmonies of nature are turned to discord'. Nowhere is this observation more evident than in logging, cultivation, mining and urbanization' (Robert Leo Smith, 1992:349)

70. 'കുന്നിൻ മോളിൽക്കടലലതല്ലും
കൂറ്റൻ കൂറ്റനണക്കെട്ടുകെട്ടി
പാഞ്ഞുപോകും പ്രവാഹങ്ങൾക്കെല്ലാം
പാലം തീർത്തു പഥിക്കാനുകൂലം
കാടുവെട്ടി ഞാൻ കേദാരം നീട്ടി

നാടും മാറ്റി നഗരവും കെട്ടി,
ഭൂതകാലത്തേക്കൊന്നു ഞാൻ സർവ്വ
ഭൂതങ്ങൾക്കും സമൃദ്ധിവിളമ്പി,
എന്നിട്ടും കരൾ നൊന്തു വിളിപ്പ
തേതമൃത ലഹരിയ്ക്കുവേണ്ടി' (ഗോവിന്ദൻനായർ ഇടശ്ശേരി, 1988:428)

71. 'കാടിന്റെ ശിശുവല്ലേ? കാനനപ്രകൃതിക്കു
പാടുള്ളതെല്ലാം ചെയ്കെ, യിഗ്ഗദം ഭേദപ്പെടാം'
(ശ്രീധരമേനോൻ വൈലോപ്പിള്ളി, വാല്യം 2. 2001:922)

72. 'വരുവിൻ വനങ്ങളേ, യിവർ തൻ നാടു വീടും
കരുണ കരുതാതെയാക്രമിക്കുവിൻ നിങ്ങൾ!'
(ശ്രീധരമേനോൻ വൈലോപ്പിള്ളി, വാല്യം 2. 2001:292)

73. 'ഇപ്പോളിതാ, ഇവിടെ,
കോൺക്രീറ്റു കാടുകൾ വളർന്നിരിക്കുന്നു
കാട്ടുപൊയ്കകൾ നികത്തപ്പെട്ടിരിക്കുന്നു
പഴയ ഹോമകുണ്ഡത്തിന്റെ സ്ഥാനം
ഇതാ ഇവിടെത്തന്നെയായിരുന്നു
ഈ സെപ്റ്റിക് ടാങ്കിന്റെ സ്ഥാനത്ത്' (കക്കാട്. എൻ.എൻ, 2015:427)

74. 'ശ്യാമയാം നിശ്ശബ്ദകാനനമേ, നിന്നെ
യാനന്ദബാഷ്പം നിറഞ്ഞ മിഴികളാൽ
ഞാനൊന്നുഴിഞ്ഞുകൊള്ളട്ടേ, കരം കൂപ്പി
ഞാനൊന്നു കണ്ടുനിന്നോട്ടേ മതിവരെ' (സുഗതകുമാരി, 2011:531)

75. 'വരുവതാരോ? കാട്ടുതീയോ? കിരാതനോ?
മഴുവേന്തിടും കടുംകയ്യോ?
മലയിടിച്ചും മരം പിഴുതടിച്ചും നീങ്ങി-
വരുമാ മഹായന്ത്രമാമോ?
പശിയടങ്ങാത്ത വൻനഗരമോ? കാടിന്റെ
മടിയിലൊളിക്കുന്നിതാ കുന്തി!' (സുഗതകുമാരി, 2011:938)

76. 'കണ്ണായ വാക്കിനെ, ക്കാടുപോലെ
സ്ലേറ്റിലെ വെള്ളെഴുത്തെന്നപോലെ
മായ്ച്ചെടുക്കാനിനിയെത്ര നേരം?
ആതിവാസിക്കൊള്ള പേരുപോലും
ചേതം വരാനിനിയെത്ര നേരം? (സുഗതകുമാരി, 2011:819)

77. 'അവിടേശ്ശേഷിപ്പതിതുമാത്രം; ചോര-
ക്കറയുണങ്ങാത്ത മരത്തിൻ കുറ്റികൾ
തിളച്ചു വീഴുന്നകൊടും വെയിൽ, കേണു
മരിച്ച കാടിന്റെ മഹാശാപച്ചൂടും.....' (സുഗതകുമാരി, 2011:542)

78. '............ പച്ച
വില്ലീസുറവുക്കയി
ട്ടിരുണ്ട പച്ചപ്പട്ടു
പുതച്ചു, കരിമ്പിൻപൂ
ങ്കുലകൾ വാരിച്ചൂടി
ച്ചിരിച്ചു നവശ്യാമ
വധുപോൽ ലജ്ജാലോല' (സുഗതകുമാരി, 2011:615)

79. 'കാണുന്നു കാണുന്നു കാണാത്ത വർണ്ണങ്ങൾ
കേൾക്കുന്നു കേൾക്കുന്നു കേൾക്കാത്ത ശബ്ദങ്ങൾ
രാപകലെണ്ണിയടങ്ങാത്ത ഗന്ധങ്ങൾ
മാരിവെയിലെണ്ണി മാറാത്ത കാറ്റുകൾ
പൂർണ്ണവിരക്തമാം ധ്യാനഖണ്ഡങ്ങൾ സ-
മ്പൂർണ്ണമാകാത്ത രതിപ്രകാണ്ഡങ്ങളും' (വിനയചന്ദ്രൻ. ഡി, 1986:212)

80. 'കാടുകാടെന്നു കണ്ണുകത്തുന്ന കരടികൾ
നന്ദ, മനാദിനവീന ദുഃഖം, മണം
ഞാനഴിക്കുള്ളിലെ ജന്തുവിനെപ്പോലെ
കാണ്മൂ പരാധീനമെൻ കാടുകാഴ്ചയും' (വിനയചന്ദ്രൻ. ഡി, 1993:17)

81. 'ഒരു കാടുണ്ടായിരുന്നു
എന്നിട്ട്?
ഒരു നാടുണ്ടായിരുന്നു
എന്നിട്ട്?
തോടും പുഴയും കുളവുമുണ്ടായിരുന്നു
എന്നിട്ട്?
കാടും നാടും കുളവും പുഴയും തോടുമുണ്ടായിരുന്നു
അത്ര തന്നെ' (സെബാസ്റ്റ്യൻ, 2011:29)

# 3. ജന്തുപ്രകൃതി

സസ്യപ്രകൃതിക്കൊപ്പം നിൽക്കുന്നതാണ് ജന്തുപ്രകൃതിയും. ചെറുജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിങ്ങനെ ജന്തുപ്രകൃതിയെ നാലുവിഭാഗങ്ങളായാണ് ഈ അധ്യായത്തിൽ വിഭജിച്ചിരിക്കുന്നത്. സസ്യപ്രകൃതിയെ ആശ്രയിച്ചാണ് ജന്തുപ്രകൃതിയുടെ നിലനിൽപ്പ് പൊതുവെ സാധ്യമാകുന്നത്. വലിപ്പത്തിൽ ചെറുതായ ജീവികളെയാണ് ചെറുജീവികൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.ഉറുമ്പ്, പാറ്റ, തവള, എട്ടുകാലി, വണ്ട് എന്നിങ്ങനെ നിരവധി ചെറുജീവികൾ മലയാളകവിതയുടെ പാരിസ്ഥിതികഭാവുകത്വത്തെ നിർണ്ണയിച്ചിട്ടുണ്ട്. കൂടതെ ഉരഗവർഗ്ഗവും പക്ഷികളും മൃഗങ്ങളുമെല്ലാം മലയാള കവിതയിലെ പ്രധാനപരാമർശവിഷയങ്ങളാകുന്നു. ആശാൻ, ചങ്ങമ്പുഴ തുടങ്ങിയ കവികൾ മനുഷ്യരെ 'ജന്തു' എന്ന ശബ്ദം കൊണ്ട് സൂചിപ്പിക്കുന്നുണ്ട്. എന്നാൽ മനുഷ്യേതരജന്തുക്കളെയാണ് ജന്തുപ്രകൃതി എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

മലയാളസാഹിത്യത്തിൽ മൃഗകഥകൾ എന്നൊരു വിഭാഗം രൂപപ്പെടുകയുണ്ടായി. മൃഗങ്ങൾ കേന്ദ്രമാകുന്ന കവിതകൾ രചിക്കപ്പെട്ടെങ്കിലും മൃഗകവിതകൾ എന്നൊരു വിഭാഗം രൂപപ്പെടുകയുണ്ടായില്ല. കഥകളിൽ മൃഗങ്ങളുടെ മാനസികാവസ്ഥകൾ അവതരിപ്പിക്കപ്പെട്ടതുപോലെ തന്നെ കവിതയും മൃഗങ്ങളുടെ മാനസിക ജീവിതത്തിലേക്ക് സൂക്ഷ്മമായി കടന്നു ചെല്ലുന്നുണ്ട്. ഇത്തരത്തിൽ ചെറുജീവികളും ഉരഗങ്ങളും പക്ഷികളും മൃഗങ്ങളും മലയാളകവിതയുടെ ഭാവുകത്വത്തെ നിർണ്ണയിച്ചതെപ്രകാരമാണെന്നാണ് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നത്. രാമചരിതം മുതൽ എസ്. ജോസഫ് വരെയുള്ള കവിതകളിൽ തെരഞ്ഞെടുത്തവരുടെ തെരഞ്ഞെടുത്ത കവിതകളെയാണ് പഠനവിധേയമാക്കുന്നത്. ചെറുജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിങ്ങനെ നാല് ഭാഗങ്ങളായാണ് ജന്തുപ്രകൃതിയെ പഠിച്ചിരിക്കുന്നത്.

## 3.1. ചെറുജീവികൾ

നാടോടിവാങ്മയങ്ങളിലും ഓരോ കാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിലും പരാമർശിക്കപ്പെടുന്ന ചെറുജീവികളെക്കുറിച്ചാണ് ഇവിടെ വിശദമാക്കുന്നത്.

അട്ടത്തൊരു കുട്ടിച്ചാത്തൻ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു (എലി), അമ്മയ്ക്ക് വാലില്ല മകൾക്ക് വാലുണ്ട്, ഒരമ്മ പെറ്റ മക്കളെല്ലാം ചാടി ചാടി, ഞാൻ പെറ്റ കാലം മീൻ പെറ്റ പോലെ വാലറ്റകാലം ഞാൻ പെറ്റകാലം (തവള), ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി, മുള്ളില്ലാത്ത പുറംകാട്ടിൽ എല്ലില്ലാത്ത ഒരെലിക്കുഞ്ഞ് (പേൻ), നൂട്ടുക്കൽ നുറുക്കരി, കുഴിച്ചിട്ടാൽ മുളയ്ക്കില്ല വേലി മേൽ പടരും, മണ്ണിൽ മുളയ്ക്കാതെ മരത്തിൽ പടർന്നു (ചിതൽ), ആ പോയി ഈ പോയി കാണാനില്ല, ഇരുട്ടിൽ തെളിയും കുഞ്ഞിക്കൂനൻ, വേലിപ്പൊത്തിലൊളിക്കും രത്നം (മിന്നാമിനുങ്ങ്), അടയുടെയുള്ളിൽ പെരുമ്പട, ആയിരം ആളുകൾ ചെത്തിപ്പണിത ചിത്രകൂടക്കല്ല് (തേനീച്ചകൂട്), ആരും കേറാ മരത്തിന്മേൽ ഇത്തിരിയുള്ളോനോടിക്കേറും (പുളിയുറുമ്പ്), ചെപ്പുനിറച്ചു പച്ചയിറച്ചി (കക്ക), കാക്കത്തോട്ടിലെ മീനിന് എല്ലില്ല (അട്ട), കൊമ്പൻ കാള ഇഴഞ്ഞുവരുന്നു പിടിക്കാൻ ചെന്നാൽ കൊമ്പില്ല (ഒച്ച്), വല വീശും ഞാൻ മുക്കുവനല്ല നൂലുനൂൽക്കും ഞാൻ വിൽക്കാറില്ല (ചിലന്തി), ഒരമ്മ പെറ്റതൊക്കെ കറുത്ത പട്ടാളം (കട്ടുറുമ്പ്), കണ്ടാൽ വണ്ടി തൊട്ടാൽ ചക്രം (തേരട്ട) എന്നിങ്ങനെ വിവിധങ്ങളായ ചെറുജീവികൾ കടങ്കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. തവള, പേൻ, ചിതൽ, മിന്നാമിനുങ്ങ്, കൊതുക്, തേനീച്ച എന്നിങ്ങനെ മനുഷ്യ ആവാസ വ്യവസ്ഥയിൽ വളരുന്നവയാണ് കടങ്കഥകളിലെ ചെറുജീവികൾ. ഇവയെ മനുഷ്യപക്ഷത്തുനിന്നു നോക്കിക്കാണുകയാൽ ഇവയിലെല്ലാം മനുഷ്യത്വം ആരോപിക്കപ്പെട്ടിരിക്കുന്നു.

പൂമ്പാറ്റയ്ക്ക് ചായമിടാൻ നോക്കണ്ട, എലിയെ പേടിച്ച് ഇല്ലം ചുടുക, ഒച്ചിന് ഓലത്തുരുമ്പിൽ സുഖം, ഞണ്ടിനുണ്ടോ രണ്ടാം പേര്, ഞണ്ടുണ്ടോ തേനുണ്ടിട്ട്, ഞണ്ടിന് കോൽക്കാരൻ പണി കിട്ടിയപോലെ, ഞണ്ടു മണ്ഡലി പട്ടില് വാഴ കുടപ്പന, അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുമോ, അണ്ണാൻ മൂത്താലും മരം കയറ്റം മറക്കുമോ, അണ്ണാനെ മരം കയറ്റം പഠിപ്പിക്കണോ, ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം എന്നിങ്ങനെയുള്ള പഴഞ്ചൊല്ലുകളിലെ പൂമ്പാറ്റ, എലി, ഒച്ച്, ഞണ്ട്, അട്ട, അണ്ണാൻ, കൊതുക് തുടങ്ങിയ ചെറുപ്രാണികൾ മനുഷ്യരുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ചിത്രീകരിക്കപ്പെട്ടവയാണ്.

## 3.1.1. വർണ്ണനകൾ

### 3.1.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ആറന്മുളഗ്രാമത്തിന്റെ പ്രകൃതി വർണ്ണിക്കുമ്പോൾ പൂക്കളിൽ തേൻ നുകരുന്ന വണ്ടുകളാൽ മനോഹരമായ ഗ്രാമമെന്ന് പറയുന്നു. പ്രഭാതത്തിൽ ആറന്മുളയപ്പനെ തുയിലുണർത്തുമ്പോൾ പൂവിൽനിന്ന് വണ്ടുകൾ പിരിഞ്ഞുപോയതായി പറയുന്നുണ്ട്. അതായത് പ്രഭാതമായി എന്നും പൂവുകളും വണ്ടുകളുമെല്ലാം ഉണർന്നെഴുന്നേറ്റു എന്നും വ്യക്തമാക്കുന്നു.

പൂക്കളിൽ നിന്ന് തേൻ നുകരാനെത്തിയ വണ്ടുകൾ രാമന്റെ വിരഹവേദന വർദ്ധിപ്പിക്കുന്നതായി 'രാമകഥപ്പാട്ടി'ൽ സൂചനയുണ്ട്. വണ്ട് കാമുകന്റെ രൂപകമായി കല്പിക്കുന്ന പരമ്പരാഗതരീതി തന്നെയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. അതു കൊണ്ട് വണ്ടിനെ വർണ്ണിക്കുകയല്ല ചെയ്യുന്നത് പുരുഷകാമുകത്വത്തിന്റെ പ്രതീകമായി വണ്ട് ഉപയോഗിക്കപ്പെടുകയാണ്. കൂടാതെ കാട്ടിൽ വണ്ടുകൾ പാടുന്നതായും അതിനൊത്ത് മയിലുകൾ ആടുന്നതായും അതിനെ കുയിലുകൾ കൊണ്ടാടുന്നതായും വർണ്ണനയുണ്ട്.[1]

'കണ്ണശ്ശരാമായണ'ത്തിലാകട്ടെ രാമന്റെ വിരഹവേദന ഉദ്ദീപിപ്പിക്കുന്ന പ്രകൃതി ദൃശ്യങ്ങൾ വർണ്ണിക്കുമ്പോൾ വേണ്ടുവോളം തേൻകുടിച്ച് മത്തരായ വണ്ടുകൾ പാടുന്നതായി പറയുന്നു.

> "ആമളവും മധുപാനം ചെയ്തനു-
> രാഗവശാൽ വരിവണ്ടുകൾ പാട,
> ത്താമഴകാൽ മയിലാട, മകിഴ്ന്തു
> തഥാകുയില് കൊണ്ടാടിന്റതുകേളായ്" (2013:372)

എന്നാണ് വർണ്ണന. വണ്ടുകളുടെ പാട്ടിനെ മയിലുകളും കുയിലുകളും കൊണ്ടാടുന്ന തായും പരാമർശമുണ്ട്. 'രാമകഥപ്പാട്ടി'ലും ഇതുപോലുള്ള വർണ്ണനയുണ്ട് (ഭാഗം 1, 2012:547). വണ്ടുകളുടെ ഝംകാരത്തെ പാട്ടായും സാദൃശ്യം കൽപ്പിക്കുന്നുണ്ട്.

'കൃഷ്ണഗാഥ'യിൽ വർഷകാലത്ത് കടമ്പുകൾ പൂത്തതുകണ്ട് വണ്ടുകൾ പാഞ്ഞുതുടങ്ങിയതായും, ശരത്കാലത്ത് വണ്ടുകൾ പൊയ്കതോറും മണ്ടിത്തുടങ്ങി യതായും പരാമർശമുണ്ട്. കൂടാതെ ഗോകുലനാഥനെ കണ്ടോ എന്ന് ഗോപികമാർ വണ്ടുകളോടും അന്വേഷിക്കുന്നു.

'ഉണ്ണുനീലിസന്ദേശ'ത്തിൽ വിരഹിയായ നായകന് മരണസമാനമായ ദുഃഖം നൽകുന്ന ശബ്ദമായി വണ്ടുകളുടെ ശബ്ദത്തെ കവിത കല്പിച്ചിരിക്കുന്നു.[2] തേന്മാവിന്മേൽ കുയിൽക്കൂട്ടത്തിനൊപ്പം വണ്ടിൻനിരയുമുണ്ട്. ആദിത്യവർമ്മയെ കണ്ട നായകൻ സന്തോഷം കൊണ്ട് വസന്തകാലത്തെ വണ്ടിൻകൂട്ടം പോലെ സന്തോഷിച്ചു എന്നും പരാമർശം.

ഉണ്ണുനീലിസന്ദേശത്തിലെന്നപോലെ 'ഉണ്ണിയാടിചരിത'ത്തിലെ നായകന്റെ വിരഹതാപത്തെയും വണ്ടുകളുടെ ശബ്ദം വർദ്ധിപ്പിക്കുന്നു. കണ്ടിയൂരിൽ താമരപ്പൊയ്കകളിൽ പാടിനടക്കുന്ന വണ്ടുകളെക്കുറിച്ചും വള്ളികളിലെ പൂവുകൾക്കിടയിലെ വണ്ടുകളെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്. സൗഗന്ധികപ്പൊയ്ക വണ്ടുകൾ നിറഞ്ഞ് മനോഹരമാണെന്ന് 'കല്യാണസൗഗന്ധിക'ത്തിൽ പരാമർശിക്കുന്നു. 'നളചരിത'ത്തിൽ നളദമയന്തിമാരെ പ്രണയപരവശരാക്കുന്ന നഗരോദ്യാനത്തിൽ വസന്തം വന്നതോടെ പാടലപടലിയിൽ വണ്ടുകൾ നിറയുന്നതായി വർണ്ണിക്കുന്നുണ്ട്.

രാമചരിതം, ചന്ദ്രോത്സവം, അദ്ധ്യാത്മരാമായണം എന്നിവയിൽ ചെറുജീവികൾ താരതമ്യേന വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 3.1.1.2. കവിത്രയകാലം

കുമാരനാശാന്റെ 'ലീല'യിൽ ലീല മദനനെ അന്വേഷിച്ച് വനത്തിലലയുമ്പോൾ വണ്ടിൻകൂട്ടത്തിന്റെ ശബ്ദം കാടിനെ മനോഹരമാക്കുന്നതായി വർണ്ണിക്കുന്നു.[3] പള്ളത്ത് രാമന്റെ 'വണ്ട്' എന്ന കവിത കുട്ടികൾക്കുവേണ്ടി രചിക്കപ്പെട്ടതാണ്.

> "വരിക്കെന്നരികേ വരിവണ്ടേ
> വിരിയും പൂവിലിരിക്കണ്ടേ!
> പനിനീർപൂവിത നിൽക്കുന്നു!
> പരിമളമുണ്ടു പരക്കുന്നു!" (1989:27)

എന്നിങ്ങനെ കുട്ടികൾ വണ്ടിനെ പൂവിലിരിക്കാൻ ക്ഷണിക്കുന്നു. പൂവിലെ തേൻകുടിച്ച് ലഹരി പിടിച്ച് കിടക്കുകയാണോ വള്ളിയിലിരുന്ന് ഉറക്കം തൂങ്ങുകയാണോ എന്ന് അന്വേഷിക്കുന്നു. പനിനീർച്ചെടിയിൽ മുള്ളിനാൽ ചിറകുമുറിപ്പെടാതെ ശ്രദ്ധിക്കണമെന്നും പറയുന്നു. അതായത് പ്രകൃതിയിലെ ചെറുജീവിയാണെങ്കിലും വണ്ടിന്റെ ചിറക് മുറിപ്പെടരുതെന്നാഗ്രഹിക്കുന്ന ബാല്യത്തിലാണ് കവിതയുടെ കേന്ദ്രീകരണം. 'മിന്നാമിനുങ്ങി' എന്ന കവിത പ്രകാശത്താൽ പ്രകൃതിയെ മനോഹരമാക്കുന്ന

മിന്നാമിനുങ്ങിനെ സൂക്ഷ്മമായി വർണ്ണിക്കുന്നു. പ്രകാശത്തിന്റെ പ്രതീകമാണ് ആശാന്റെ കവിതയിലെപോലെ പള്ളത്തുരാമന്റെ കവിതയിലെയും മിന്നാമിനുങ്ങ്. 'പർവ്വതവും അണ്ണാനും' എന്ന കവിത കുട്ടികൾക്കുവേണ്ടി രചിക്കപ്പെട്ടതാണെങ്കിലും ചെറുതും വലുതുമായ എല്ലാജീവജാതികളും ഉൾപ്പെട്ടതാണ് പ്രകൃതിയെന്ന സത്യത്തെ ഉൾക്കൊള്ളുന്നു. അണ്ണാനും പർവ്വതവും തമ്മിൽ ശണ്ഠയും ശകാരവുമായപ്പോൾ അണ്ണാൻ തനിക്ക് പ്രകൃതിയിലുള്ള സ്ഥാനമെന്തെന്ന് വ്യക്തമാക്കുന്നു. ചെറുതും വലുതുമായ ഓരോ ജീവിക്കും ഓരോ ധർമ്മമാണ് പ്രകൃതി നൽകിയിരിക്കുന്നതെന്നും അണ്ണാനിലൂടെ കവിത നിലപ്പാടെടുത്തിരിക്കുന്നു.

> "ഓരോന്നിനും ബുദ്ധി കൌശലങ്ങ-
> ളോരോവിധമല്ലൊ നൽകിദൈവം
> കാടും മരങ്ങളുമെൻപുറത്തു
> കൂടുകയില്ല വഹിപ്പാനെങ്കിൽ-
> അണ്ടികടിച്ചു പൊളിക്കാൻ നിന്നെ-
> ക്കൊണ്ടും കഴിവില്ല പർവ്വതമേ!" (1989:27)

എന്നിങ്ങനെ പ്രകൃതിയിലെ ചരാചരങ്ങൾക്ക് വ്യത്യസ്തധർമ്മമാണുള്ളതെന്നും ഒന്നും മറ്റൊന്നിനെ അപേക്ഷിച്ച് പ്രധാനമെന്നൊ അപ്രധാനമെന്നോ പറയാൻ കഴിയില്ല എന്നും കവിത വ്യക്തമാക്കുന്നു.

കവിത്രയകാലത്തെ കവികളിൽ ഉള്ളൂർ, വള്ളത്തോൾ, ബാലാമണിയമ്മ എന്നിവരിൽ ചെറുജീവികളെക്കുറിച്ചുള്ള വർണ്ണനകൾ പൊതുവെ ഇല്ലെന്നുതന്നെ പറയാം.

### 3.1.1.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'നിത്യകന്യക' എന്ന കവിതയിൽ ചെന്താമരക്കുള ത്തിൽ തേനുണ്ട് മുരളുന്ന വണ്ടുകളെക്കുറിച്ച് പരാമർശമുണ്ട്. പ്രഭാതത്തിൽ എട്ടുകാലികൾ നൂൽ നൂൽക്കുന്നതായും വേട്ടാളൻ കൊട്ടാരം നിർമ്മിക്കുന്നതായും 'കീർത്തിമുദ്ര' എന്ന കവിതയിൽ പരാമർശമുണ്ട്. പ്രണയിനിയായ താമരയെ അമ്പേഷി ക്കുന്ന വണ്ടിനെയാണ് 'ആ ചെന്താമരപ്പൂവ്' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്.

> "കാതരഭൃംഗം, പൊൻപൂവിനെക്കുഗ്രാമ
> വീഥികൾ തോറുമലഞ്ഞു തേടി" (2005:388)

എന്നിങ്ങനെ കാമുകിയെ തേടുന്ന കാമുകനായി വണ്ട് പ്രത്യക്ഷപ്പെടുന്നു. ഇവിടെ വണ്ടിലും താമരയിലും മനുഷ്യത്വം ആരോപിക്കുന്നു.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ പി. കുഞ്ഞിരാമൻനായർ മാത്രമാണ് ചെറുജീവികളെ പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചത്.

### 3.1.1.4. ആധുനികതാഘട്ടം

ഒ.എൻ.വി. യുടെ 'അഗ്നിശലഭങ്ങൾ' എന്ന സമാഹാരത്തിലെ 'തുമ്പി' എന്ന കവിത തുമ്പിയെയാണ് പ്രമേയമാക്കുന്നത്. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്ന കുട്ടിക്കാലത്തെയും കവിത പ്രതിനിധാനം ചെയ്യുന്നു. 'എന്താ തുമ്പീ, തുള്ളാത്തു?' എന്ന കവിതയും തുമ്പിയെ ആവിഷ്ക്കരിക്കുന്നു. ഓണക്കാലത്ത് തുമ്പിയോട് എന്തേ തുള്ളാത്തു എന്ന് ചോദിക്കുന്ന രീതിയിലാണ് കവിത ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യന്റെ പ്രതിരൂപമായി കൂനനുറുമ്പ് പ്രത്യക്ഷപ്പെടുന്നു അതേപേരിലുള്ള സുഗതകുമാരിയുടെ കവിതയിൽ. ഏകാന്തമായ വഴിയിൽ, ശൂന്യതയിൽ ചുമടുതാങ്ങി നടക്കുന്ന കൂനനുറുമ്പായി മനുഷ്യരെ സങ്കല്പിക്കുന്നു. ഭൂമിയുടെ പ്രപഞ്ചത്തിന്റെ ഭാരം മുഴുവൻ തന്റെ ചുമലിലാണെന്ന് കരുതുന്നു. കൂനനുറുമ്പിന് പൂക്കളെയൊ കിളികളെയോ കാണാനോ കേൾക്കാനോ കഴിയാതെ ചുമടേന്തി നടക്കേണ്ടി വരുന്നു[4] (2011:326). അതായത് പ്രകൃതിയെ അറിയാതെ; കാണാതെ സഞ്ചരിക്കുന്ന ഉറുമ്പിന് ചെറുകുഴികൾ വൻ കുഴികളായും കന്നിന്റെ കുളമ്പടയാളത്തിൽ കെട്ടി നിൽക്കുന്ന വെള്ളം വലിയ സമുദ്രമായും ചെറുകല്ലുകൾ വലിയ പർവ്വതങ്ങളായും പുല്ലിൻ കൂട്ടം വൻകാടായും അനുഭവപ്പെടുന്നു. ഉറുമ്പിന് ഇതെല്ലാം മറികടക്കാനാവാത്ത വഴിയാണ്. ഭൂമിയിലെ മുഴുവൻ ഭാരവും ഏറ്റേണ്ടതും മറികടക്കേണ്ടതും താനാണെന്ന മനുഷ്യബോധത്തെയാണ് ഉറുമ്പിലൂടെ അവതരിപ്പിക്കുന്നത്. ചിലുചിലു ശബ്ദമുണ്ടാക്കി മാവിൻകൊമ്പിൽ കേറി മാമ്പഴം മോഷ്ടിക്കുന്ന അണ്ണാനെയാണ് 'അണ്ണാൻ' എന്ന കവിത അവതരിപ്പിക്കുന്നത്.

മലയാളകവിതയിൽ പരിസ്ഥിതിദർശനത്തിന്റെ പ്രത്യേകതകളിലൊന്നായി പരിഗണിക്കപ്പെടുന്നതാണ് സൂഷ്മജീവികളോടുള്ള പരിഗണനന. 'കാഴ്ചബംഗ്ലാവ്' എന്ന സച്ചിദാനന്ദന്റെ കവിതയെ സൂഷ്മജീവികളെ പരിഗണിക്കുന്ന കവിതകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്താം. കുഴിയാന, ചിതൽ, ഓന്ത്, ഞാഞ്ഞൂൽ, എട്ടുകാലി എന്നീ ജീവികളാണ് ഈ കവിതയുടെ ഭാഗമാകുന്നത്. ആനയ്ക്ക് തുല്യം പരിഗണിക്കേണ്ട

ജീവിയെന്ന നിലയിൽ കുഴിയാനയെ അവതരിപ്പിച്ചിരിക്കുന്നു. കുഴിയാന മാഹാത്മ്യം ഈ കവിതയുടെ ഭാഗമാകുന്നു. ചിതലിന്റെയും ഓന്തിന്റെയും ഞാഞ്ഞൂളിന്റെയും എട്ടുകാലിയുടെയും പാരിസ്ഥിതികാവസ്ഥ കവിതയിൽ വ്യക്തമാക്കപ്പെടുന്നുണ്ട്. മണ്ണിന്റെ പൊക്കിൾക്കൊടിയായി ഞാഞ്ഞൂളിനെ അവതരിപ്പിച്ചിരിക്കുന്നു. ഇത്തരത്തിൽ മനുഷ്യർ പരിഗണിക്കാതെ പോകുന്ന ജീവികളെ കവിതയുടെ വിഷയമായി സ്വീകരിച്ചിരിക്കുന്നു. ഗഹനപരിസ്ഥിതിവാദചിന്തയുമായി ബന്ധപ്പെടുത്താവുന്ന കവിതയാണിത്. 'തവള' എന്ന കവിതയിൽ തവള ഇങ്ങനെ രൂപം മാറുന്നതിന് മുമ്പ് രാജകുമാരിയായിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമെന്ന് കവി. ആകാശത്ത് മേഘങ്ങൾ നിറയുമ്പോഴും മഴ തകർത്ത് പെയ്യുമ്പോഴും നിലവിളിച്ചിരുന്നു എന്നതുമാത്രമാണ് രാജകുമാരിയും തവളയും തമ്മിലുള്ള സാമ്യം എന്നും കവിത വ്യക്തമാക്കുന്നു.

വിനയചന്ദ്രന്റെ 'മൂട്ട' എന്ന കവിതയിൽ മൂട്ടകളെക്കുറിച്ചാണ് വിശദമാക്കുന്നത്.

"എന്റെ ഉറക്കച്ചടവുകളെക്കുറിച്ച്
എന്നേക്കാളും നന്നായറിയാവുന്നത് നിനക്കാണല്ലോ" (1992:196)

എന്നിങ്ങനെ മൂട്ടയും താനുമായുള്ള ബന്ധം കവിത വ്യക്തമാക്കുന്നു. അനാവശ്യമായ വാക്കുകൾ പറയുന്ന രേവതി (ഭാര്യ), നിരൂപകർ, പത്രാധിപർ, പകർത്തെഴുത്തുകാർ എന്നിവരെക്കാൾ ഭേദം നീ തന്നെയെന്ന് കവി മൂട്ടയോട് പറയുന്നു. രക്തം മാത്രം ആവശ്യമുള്ള മൂട്ടയ്ക്ക് രക്തത്തിന്റെ വിശുദ്ധിയിൽ മാത്രമാണ് താല്പര്യം എന്നും കവിത വ്യക്തമാക്കുന്നു.'നിനക്ക് നീ ആകാതിരിക്കാൻ പറ്റില്ലല്ലോ' (1992:196) എന്നിങ്ങനെ സ്വന്തം അസ്തിത്വം മൂട്ടയെന്ന ചെറുജീവിപോലും നിലനിർത്തുന്നതായി കവിത വ്യക്തമാക്കുന്നു. മറ്റു ജീവിവർഗ്ഗങ്ങളുടെ അസ്തിത്വത്തെ നിരാകരിക്കുകയും സ്വന്തം അസ്തിത്വത്തിനുമാത്രം പ്രാധാന്യം നൽകുകയും ചെയ്യുന്ന മനുഷ്യവർഗ്ഗം അധികാരം കൈയ്യാളുന്ന പ്രകൃതിയിൽ മൂട്ടയ്ക്കും അസ്തിത്വമുണ്ടെന്നു വെളിപ്പെടുത്തുന്ന ഈ കവിത ഗഹനപരിസ്ഥിതിവാദത്തിന്റെ പരിധിയിലാണ് ഉൾപ്പെടുന്നത്.

ജി. കുമാരപിള്ള, എൻ.എൻ. കക്കാട്, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിൽ ചെറുജീവികൾ വർണ്ണനാപരമായി താരതമ്യേന അവതരിപ്പിക്കപ്പെടുന്നില്ല.

### 3.1.1.5. ആധുനികതാനന്തരഘട്ടം

'വെഷക്കായ' എന്ന സമാഹാരത്തിലെ 'ഉറുമ്പുകളുടെ സ്കൂളിൽ' എന്ന കവിത സഹജീവിയുടെ ജീവിതാവിഷ്ക്കാരമാകുന്നു. കുഞ്ഞുജീവികളുടെ ഗണത്തിൽപ്പെടുത്തി

പരിഗണിക്കാതെ പോകുന്ന ഉറുമ്പുകളുടെ ജീവിതത്തിലെ സന്തോഷാവസ്ഥകളെയാണ് കവിത അവതരിപ്പിക്കുന്നത്. കുട്ടിക്കാല കൗതുകത്തിന്റെ രീതിയിലാണ് ഉറുമ്പുകളുടെ ജീവിതം ആവിഷ്ക്കരിച്ചിരിക്കുന്നത്. ഉറുമ്പുകളുടെ ഭംഗി നോക്കലും പുഴ കടക്കലും വെയിലത്തുള്ള കുളിയും എത്തിനോട്ടവും കണ്ണീരും പ്രണയവും പരാമർശിക്കപ്പെടുന്നുണ്ട്.

"പ്രണയം
തലയ്ക്കുപിടിച്ച
രണ്ടുപേർ
കരിയിലകൾ
പൂഴ്ത്തിവെക്കുന്ന
തണുപ്പിലേക്ക്" (2007:15)

ഇത്തരം വികാരങ്ങൾ മനുഷ്യർക്കെന്നപോലെ ഏതൊരു ചെറുജീവിക്കും ഉണ്ടെന്ന ബോധ്യപ്പെടുത്തൽ കൂടിയാണീ കവിത. ഉറുമ്പുകളെപ്പോലെ പ്രകൃതിയെയും ദളിതനെയും ചവിട്ടിയരയ്ക്കുന്ന ആധുനിക മനുഷ്യമനോഭാവത്തെ കവിതയിൽ വായിച്ചെടുക്കാം. മനുഷ്യന് തുല്യം പ്രണയവും ചേലുനോട്ടവും ഇതരജീവികൾക്കുമുണ്ടെന്ന് കവിത ബോധ്യപ്പെടുത്തുന്നു.

'സ്വച്ഛന്ദം' എന്ന സെബാസ്റ്റ്യന്റെ കവിത പുൽത്തുമ്പിലിരുന്ന് ഇണചേരുന്ന മഞ്ഞപൂമ്പാറ്റയെ അവതരിപ്പിക്കുന്നു. ഒരു ചെറുകാറ്റുപോലും ശല്യപ്പെടുത്തുന്നില്ല.

"ഓർക്കാപ്പുറത്ത്
ഒരു മഞ്ഞശലഭമായ്
എന്റെ ഉള്ളിൽ നിന്നവൾ പറന്നു
എന്നെയും പേറിക്കൊണ്ട്" (2015:47)

എന്നിങ്ങനെ മനുഷ്യന്റെ പ്രണയാവസ്ഥ പൂമ്പാറ്റയിലൂടെ അവതരിപ്പിക്കുന്നു. 'നിശബ്ദതയിലെ പ്രകാശങ്ങൾ' എന്ന കവിതയിൽ കുഞ്ഞുറുമ്പിന്റെ ജീവിതവും മഹത്തരമാണെന്ന് വ്യക്തമാകുന്നു. ഓരോ ജീവിയുടെയും ജീവിതത്തിന് അതിന്റേതായ മഹത്വമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. 'പുഴുക്കളുടെ ജീവിതം വായിക്കുന്നത്' എന്ന കവിതയിൽ പച്ചച്ച മണ്ണിനെക്കുറിച്ചും മണ്ണിനടിയിലെ നീല മണ്ണിരകളെക്കുറിച്ചും പൂവുകൾ പറയുന്നുണ്ട്. മണ്ണിരകൾ മണ്ണിനടിയിലേക്ക് കൊണ്ടുപോകുന്ന അഗ്നിനിറമുള്ള

എണ്ണയെക്കുറിച്ച് ഒന്നും പറയാതിരുന്നത് പുഴു മാത്രമാണ്.

“കനിയിലിരുന്ന പുഴുമാത്രം
കരണ്ട്
കരണ്ട്
ഇറങ്ങിപ്പോയി
മണ്ണിലെ
സ്വർഗ്ഗീയമായ
മണങ്ങളിലേക്ക്” (2006:13)

എന്നിങ്ങനെ കനിയിലിരുന്ന പുഴു മണ്ണിന്റെ മണങ്ങളിലേക്ക് ഇറങ്ങിപ്പോയതായി കവി പറയുന്നു.

## 3.1.2. സദൃശകല്പനകൾ

### 3.1.2.1. രൂപപരം

#### 3.1.2.1.1. പ്രാചീനമധ്യകാലഘട്ടം

വണ്ടിന്റെ ശോഭയുള്ള കേശഭാരത്തോടുകൂടിയവളായ ഉണ്ണിയാടിയെക്കുറിച്ചും ‘ഉണ്ണിയാടിചരിത’ത്തിൽ വ്യത്യസ്ത ഭാഗങ്ങളിൽ വർണ്ണനയുണ്ട്. ഉണ്ണിയാടിയുടെ വയറിലെ രോമങ്ങളെ ആലിലയിലെ വണ്ടിൻകൂട്ടമായി സങ്കല്പിക്കുന്നു.[5]

ചന്ദ്രോത്സവത്തിൽ കാമദേവന്റെ ഞാൺ വണ്ടിൻനിരയാണെന്നും പരാമർശമുണ്ട്. മേദിനീവെണ്ണിലാവിന്റെ കടക്കൺ വിലാസത്തെ വണ്ടിനോട് താരതമ്യപ്പെടുത്തുന്നു.

“സ്മമദസുകുമാരേ യൂനി തസ്മിൻ കടക്കൺ
കലിതരസമരങ്ങേറീ കുരംഗായതാക്ഷ്യാഃ
സുരഭിതസുരലോകേ ഹന്ത സന്താനപുഷ്പേ
മധുകരമി; യോഗം കാമിനാമവ്യവസ്ഥം” (2016:25)

കല്പകവൃക്ഷപ്പൂവിൽ വണ്ട് പ്രവേശിക്കുന്നതുപോലെ നായകനിൽ സുന്ദരിയായ നായികയുടെ  കടക്കൺ പ്രേമത്തോടെ പ്രവേശിച്ചു എന്ന് പരാമർശമുണ്ട്. മേദിനീ വെണ്ണിലാവിന്റെ ശബ്ദത്തെ വണ്ടിൻനിരകളുടെ മധുരശബ്ദവുമായും താരതമ്യപ്പെടുത്തുന്നുണ്ട്. സ്ത്രീസൗന്ദര്യവർണ്ണനയ്ക്ക് വണ്ടുകളുടെ നിറവും ശബ്ദവുമെല്ലാം ഉപയോഗപ്പെടുത്തിയിരുന്നു.

ഈ കാലഘട്ടത്തിൽ ഉണ്ണിയാടിചരിതത്തിലും ചന്ദ്രോത്സവത്തിലും നായികയുടെ സൗന്ദര്യത്തെ ചെറുജീവിയായ വണ്ടുമായി രൂപപരമായ സദൃശകല്പന നടത്തുന്നുണ്ട്.

### 3.1.2.1.2. കവിത്രയകാലം

വള്ളത്തോളിന്റെ 'ദണ്ഡകാരണ്യ'ത്തിൽ വസന്തശ്രീ ആസ്വദിച്ചുനിൽക്കുന്ന ദണ്ഡന് ഇളകിപ്പറക്കുന്ന വണ്ടിൻകൂട്ടം കാണുമ്പോൾ വസന്തശ്രീ അഴിച്ചിട്ട തലമുടിയാണെന്നും[6] നായികയെ കാണുമ്പോൾ അവളുടെ മുടി വരിവണ്ടുപോലെ മനോഹരമാണെന്നും പറയുന്നു. ഇവിടെ വണ്ടിൻകൂട്ടത്തെ തലമുടിയായും മുടിയെ വരിവണ്ടായും കല്പിക്കുന്നു. 'ശിഷ്യനും മകനും'എന്ന കവിതയിൽ പരശുരാമനെ

> "സമഹിതമുനിവേഷനാമവൻതൻ
> ഭ്രമരവൃതാംബുജരമ്യമാം മുഖത്തിൽ" (2011:237)

എന്നിങ്ങനെ വണ്ടുകൾ ചുഴന്ന താമരപ്പൂക്കളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. താടിയുടെ സ്ഥാനത്തെയാണ് വണ്ടുകൾ എന്ന് അർത്ഥമാക്കുന്നത്. മുടി, താടി എന്നീ ശരീരഭാഗങ്ങളെ വണ്ടിനോട് താരതമ്യപ്പെടുത്തുന്നു. മനുഷ്യശരീരസൗന്ദര്യവർണ്ണനയ്ക്ക് പ്രകൃതിഘടകങ്ങളെ ഉപയോഗിക്കുന്നു. 'ചിത്രയോഗം' മഹാകാവ്യത്തിൽ പൂക്കൾ നിറഞ്ഞ വള്ളികളെ ഇളക്കി കടന്നുവരുന്ന കാറ്റിന്റെ ശബ്ദത്തെ കാർവണ്ടിന്റെ ശബ്ദവുമായി സാദൃശ്യപ്പെടുത്തുന്നുണ്ട്.

കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് ചെറുജീവികൾ രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടത്.

**3.1.2.1.3.** കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തര ഘട്ടം എന്നിവയിൽ പൊതുവെ രൂപപരമായ സദൃശകല്പനകളായി ചെറുജീവികൾ അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

### 3.1.2.2. ഭാവപരം

### 3.1.2.2.1. പ്രാചീനമധ്യകാലഘട്ടം

പ്രാചീനമധ്യകാലഘട്ടത്തിൽ താരതമ്യേന ഭാവപരമായ സദൃശകല്പനകളായി ചെറുജീവികൾ അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

### 3.1.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'വീണപൂവ്' പൂവിന്റെ കഥയെന്നപോലെ വണ്ടിന്റെ കൂടി

കഥയാണ്. ചിത്രശലഭങ്ങളെ അവഗണിച്ച പൂവ് ഭൃംഗരാജനെയാണ് വരിക്കുന്നത്. അതുകൊണ്ടു തന്നെയാണ് പൂവിന്റെ വീഴ്ചയിൽ ദുഃഖിച്ച് വട്ടമിട്ടുപറന്ന് വണ്ട് നിലവിളിക്കുന്നത്. 'ഭ്രമരവര്യൻ' അതായത് ശ്രേഷ്ഠനായ വണ്ട് എന്നാണ് വണ്ടിനെ വിശേഷിപ്പിക്കുന്നത്. ദുഃഖിതനായ വണ്ട് പൂവിനോട് എന്നെ വെടിഞ്ഞിടല്ലേ എന്നും ഞാനും നിന്നൊടൊത്ത് മരിച്ചു പോകട്ടെ എന്നും ആഗ്രഹിക്കുന്നു. പൂവുമായുള്ള ബന്ധവും പൂവിന്റെ പതനത്തിലുള്ള ദുഃഖവും വണ്ട് പ്രകടിപ്പിക്കുന്നുണ്ട്. കാമുകനായ വണ്ടിൽ 'ലമ്പടത്വം' ആരോപിക്കപ്പെടുന്നുണ്ട്. അതോടൊപ്പം ശ്രേഷ്ഠതയും സഹജീവിസ്നേഹവും വണ്ടിനുണ്ട്. 'ലീല' യിൽ വണ്ടുകളെ ആകർഷിക്കാത്ത ചെമ്പകമാണ് ലീല. 'സ്വന്തമാം മധു കൊതിച്ച വണ്ടാണ്' 'നളിനി'യിലെ ദിവാകരൻ. കാമുകത്വം (ലമ്പടത്വം) ഈ വണ്ടിലും ആരോപിക്കപ്പെടുന്നുണ്ട്. 'വണ്ടിന്റെ പാട്ട്' എന്ന കവിതയിൽ

> "കൊടുമുടിയിൽ കഴുകൻ വസിക്കട്ടെ
> കെടുതാം സിംഹം ഗുഹയിലും വാഴട്ടേ,
> വടിവേലും തങ്കക്കുന്നേ, നിൻപൂത്തൊരീ-
> നെടിയ കാടാർന്ന സാനുവിൽ മേവും ഞാൻ" (2013:474)

എന്നിങ്ങനെ വണ്ട് തന്റെ ആവാസ ഇടത്തെക്കുറിച്ച് പറയുന്നു. അഴകേറും പൂവിലെ തേൻ നുകർന്ന് പൂവിന്റെ പുകൾപാടിപ്പറക്കുമെന്നും പൂവിന്റെ ശോഭ കണ്ടു രസിക്കുമെന്നും വണ്ട് ആത്മഗതം ചെയ്യുന്നു. സൂക്ഷ്മജീവികൾക്കുപോലും പാരിസ്ഥിതിക തലത്തിൽ പ്രാധാന്യം നൽകുന്ന ഗഹനപരിസ്ഥിതിവാദത്തിനു തുല്യമാണ് ആശാന്റെ ഇത്തരം കവിതാപ്രമേയങ്ങൾ. 'വീണപൂവി'ൽ പൂവിന്റെ ശരീരത്തിൽ എട്ടുകാലികൾ വലകെട്ടി ചരമാവരണം ചമച്ചതായി കവി പറയുന്നു.[7] എട്ടുകാലികൾ വെള്ളപ്പട്ടുകൊണ്ട് പൂവിന് മൂടുപടമിട്ടിരിക്കുന്നതായി കവി കല്പന.

'തോട്ടത്തിലെ എട്ടുകാലി' എന്ന കവിതയിലും എട്ടുകാലിയെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നുണ്ട്.

> "തളിർത്തലഞ്ഞു നിന്നിടും തരുക്കൾ തന്റെ ശാഖയിൽ
> കൊളുത്തി നീണ്ട നൂലു രശ്മിപോലെ നാലുഭാഗവും,
> കുളത്തിനുള്ളു കാണുമർക്കബിംബമൊത്തു കാറ്റിലീ-
> വെളുത്ത കണ്ണിവച്ചെഴും വിചിത്രരൂപനാരിവൻ" (2013:470)

എന്നിങ്ങനെ തോട്ടത്തിലെ എട്ടുകാലിയെക്കുറിച്ച് സൂക്ഷ്മമായ വർണ്ണനയുണ്ട്. എട്ടുകാലികൾ വലനെയ്യുന്നത് മനുഷ്യൻ വീടുനിർമ്മിക്കുന്നതുപോലെ ശ്രദ്ധയോടെ

യാണ്. 'മിന്നാമിനുങ്ങ്' എന്ന കവിത മിന്നാമിനുങ്ങിന്റെ സൂക്ഷ്മവർണ്ണനയാണ്. ഇരുട്ടുകീറുന്ന വജ്രസൂചിപോലെയാണ് മിന്നാമിനുങ്ങിന്റെ പ്രകാശമെന്നു പറയുന്നു.[8]

കവിത്രയകാലഘട്ടത്തിൽ ആശാനിൽ മാത്രമാണ് ഭാവപരമായ കല്പനകളായി ചെറുജീവികൾ പൊതുവെ പരാമർശിച്ചുകണ്ടത്.

### 3.1.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

'രമണനിൽ' ചങ്ങമ്പുഴ

"നിസ്സഹായന്മാർ, വെറുംപുഴുക്കൾ, മർത്ത്യന്മാർ നാം
നിഷ്ഠൂരവിധിയോട് മല്ലിടാനശക്തന്മാർ!" (1974:142)

എന്നിങ്ങനെ മനുഷ്യരെ പുഴുക്കളോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. വിധിയെ എതിർത്തു തോല്പിക്കാൻ മനുഷ്യനാവില്ലെന്നാണ് രമണൻ വ്യക്തമാക്കുന്നതെങ്കിലും പ്രകൃതിയിൽ പുഴുക്കൾക്കുള്ള സ്ഥാനം മാത്രമേ മനുഷ്യനുമുള്ളൂ എന്ന പ്രകൃതിബോധം അബോധമായി കവിതയിലുണ്ട്. രമണനെ മറക്കേണ്ടി വരുന്ന ചന്ദ്രിക ആത്മഹത്യയ്ക്ക് ശ്രമിക്കുന്നുവെങ്കിലും ജീവിതമോഹം അവളെ പിൻതിരിപ്പിക്കുന്നു. ചിത്രശലഭങ്ങൾ മൂളുന്ന തൊടികളോടുള്ള ആഗ്രഹം അവൾക്കുണ്ട്.

ഭൂമിയിൽ മനുഷ്യർ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലുമുള്ള മത്സരങ്ങളെ മർത്ത്യപ്പുഴുക്കളുടെ മത്സരമെന്ന് 'പാടുന്ന പിശാചി'ൽ പരാമർശിക്കുന്നുണ്ട്. മനുഷ്യരെ 'പുഴു' വിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ഇവിടെ മാത്സര്യബുദ്ധിയുള്ളവരെ പുഴുവായി കല്പിക്കുന്നതിലൂടെ മനുഷ്യരെ 'പുഴു' എന്ന സ്ഥാനത്തേക്ക് താഴ്ത്തുന്നു. അതിലൂടെ മനുഷ്യരെക്കാൾ താഴ്ന്ന സ്ഥാനമാണ് കവിത പുഴുവിന് നൽകുന്നത്.

'വസന്തോത്സവ' ത്തിൽ

"പൂവിന്റെ ജീവനായിക്കൂടിക്കഴിഞ്ഞൊര
ക്കാർവരിവണ്ടതിന്നെങ്ങു പോയി" (1974:619)

എന്നിങ്ങനെ പൂവിനെ രാധയായും വണ്ടിനെ കൃഷ്ണനായും കൽപിക്കുന്നു. രാധയിൽ നിന്ന് കൃഷ്ണൻ വേർപിരിഞ്ഞതായി സൂചിപ്പിക്കുന്നു. 'ആത്മഖേദം' എന്ന കവിതയിൽ വണ്ടുകൾ പാടുമ്പോൾ പുഞ്ചിരി തൂകുന്നതായി കല്പിക്കുന്നു. 'വണ്ടു പാടീടുംനേരം ചെണ്ടു പുഞ്ചിരിക്കൊള്ളും' (ഭാഗം 2, 1974:386) ഇവിടെ വണ്ടിനെ കാമുകനും പൂവിനെ കാമുകിയുമായാണ് സങ്കല്പിക്കുന്നത്. 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽ മർത്ത്യ ജീവിതത്തെക്കുറിച്ചു പറയുമ്പോൾ

"അബ്ധിയപ്പോ,ഴെറുമ്പുചാൽമാത്രം!

അദ്രികൂടം ചിതൽ പുറ്റുമാത്രം!" (ഭാഗം 2, 1974:558)

എന്നു പരാമർശിക്കുന്നുണ്ട്. 'മനസ്വിനി'യിൽ

"കരിവരിവണ്ടിൻ നിരകൾകണക്കെ

ക്കാണായ്പ്പരിചൊടു കുറുനിരകൾ!" (ഭാഗം 2, 1974:699)

എന്നിങ്ങനെ സ്ത്രീയുടെ കുറുനിരകളെ കരിവണ്ട് നിരന്നിരിക്കുന്നതായി സൂചിപ്പി ക്കുന്നു. കൂടാതെ പ്രതീക്ഷകളൊന്നുമില്ലാത്ത ജീവിതത്തെ സൂചിപ്പിക്കാൻ 'ഇല്ലൊരു തൈജസകീടം കൂടിയും' (ഭാഗം 2, 1974:702) എന്നിങ്ങനെയാണ് പറയുന്നത്.

ഇടശ്ശേരിയുടെ 'കാമുകൻ' എന്ന കവിതയിൽ പൂവിനടുത്തേക്ക് പോകുന്ന വണ്ട് പിച്ചകച്ചില്ലയാൽ തല്ലുകിട്ടിയാലും വീണ്ടും അങ്ങോട്ടുതന്നെ പോകുന്നതായി പരാമർശമുണ്ട്.[9] കാമുകിമാർ അവഗണിച്ചാലും വീണ്ടും പിൻതുടരുന്ന കാമുക ഭാവത്തെയാണ് വണ്ടിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

സൂക്ഷ്മജീവിയായിരിക്കുന്ന എണ്ണപ്പുഴുക്കളെക്കുറിച്ചുള്ളതാണ് അതേ പേരിലുള്ള വൈലോപ്പിള്ളിയുടെ കവിത. മുതിർന്നതിനുശേഷം മറ്റു ജീവികളെ ഉപദ്രവിക്കാൻ കൈപൊങ്ങുമ്പോഴെല്ലാം അമ്മ നൽകിയ 'ദ്രോഹിക്കരുത്' എന്ന പാഠം ഓർമ്മവരുന്നു. 'കണ്ണീർപ്പാട'ത്തിൽ ക്ഷേത്രദർശനത്തിനു പോകുന്ന ദമ്പതിമാരെ വർണ്ണിക്കുമ്പോൾ എട്ടുകാലികളുടെ വലകളിൽ മഞ്ഞുനീർത്തുള്ളികൾ പറ്റിയതായി പരാമർശമുണ്ട് (2001:437) 'പടക്കളത്തിലെ പൂമ്പാറ്റ' എന്ന കവിതയിൽ യുദ്ധഭൂമിയിൽ ചോരയൊഴുകി ക്കിടക്കുന്ന ഭടനെ പൂമ്പാറ്റയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ചീവീടുകളുടെ പാട്ട് എന്ന ഖണ്ഡം 'കുടിയൊഴിക്കൽ' എന്ന കവിതയുടെ ഭാഗമാണ്.

വൈലോപ്പിള്ളിയുടെ 'വെള്ളിലവള്ളി' എന്ന കവിത പൂമ്പാറ്റയുടെ ജീവിതക്രമ മാണ് ആവിഷ്ക്കരിക്കുന്നത് വെള്ളിലവള്ളിയുടെ അതിജീവനകഥയിലൂടെ പൂമ്പാറ്റയുടെ ജീവിതക്രമം കവിത അവതരിപ്പിക്കുന്നു. വെള്ളിലവള്ളിയിൽ പറന്നിരുന്ന പൂമ്പാറ്റ ഇലകൾക്കിടയിൽ മുട്ടയിടുന്നതും മുട്ടവിരിഞ്ഞ് കുഞ്ഞു പുഴുക്കളാവുന്നതും അവ ചൊറിയൻ പുഴുവായി രൂപം മാറുന്നതും പിന്നീട് പ്യൂപ്പകൾക്കുള്ളിൽ നിന്ന് പൂമ്പാറ്റയായ് പുറത്തുവന്ന് പുതുമുട്ടകളിടുന്നതുവരെയുള്ള ജീവിതക്രമം കവിതയിലുണ്ട് (2001:794–795). പാരിസ്ഥിതിക സന്തുലനത്തിന് പരിസ്ഥിതി തയ്യാറാക്കിയ മാർഗ്ഗങ്ങളും കവിതയുടെ വിഷയമാകുന്നു. വെള്ളിലവള്ളിയിൽ പൂമ്പാറ്റപ്പുഴുക്കൾ അധികമാകുന്ന

ഘട്ടത്തിൽ ചെറുകിളികൾ വരികയും പൂമ്പാറ്റപുഴുക്കളെ ആഹാരമാക്കുകയും ചെയ്യുന്നു.

“കൊത്തിവിഴുങ്ങി പുഴുവും കൂടും
ക്ഷുത്തുശമിച്ചീലെന്നിട്ടും
തത്തി നടന്നു ചിലച്ചു തമ്മിൽ
സദ്യ കഴിഞ്ഞൊരു സല്ലാപം” (2001:796)

ഇവിടെ പ്രകൃതിതന്നെ സന്തുലനം സാധിച്ചിരിക്കുന്നു.പ്രകൃതിയുടെ സ്വാഭാവിക കീടനിയന്ത്രണരീതികളാണിത്. സ്വഭാവികമായ കീടനിയന്ത്രണ രീതിയെക്കുറിച്ച് റേച്ചൽ കഴ്സൺ പറഞ്ഞത് ഇവിടെ പ്രസക്തമാണ്.[10]

ഈ ഘട്ടത്തിൽ ചങ്ങമ്പുഴ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരിൽ മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി ചെറുജീവികൾ പൊതുവെ അവതരിപ്പിക്കപ്പെടുന്നത്.

**3.1.2.2.4.** ആധുനികതാഘട്ടത്തിലും ആധുനികതാനന്തരഘട്ടത്തിലും പൊതുവെ ഭാവപരമായ സദൃശകല്പനകളായി ചെറുജീവികൾ അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

## 3.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 3.1.3.1. പ്രാചീനമധ്യകാലഘട്ടം

പ്രാചീനമധ്യകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ പ്രകൃതിനശീകരണ സൂചനകളായി പൊതുവെ ചെറുജീവികൾ പരാമർശിക്കപ്പെട്ടുകാണുന്നില്ല.

### 3.1.3.2. കവിത്രയകാലം

മഴപ്പാറ്റകളെ നശിപ്പിക്കുന്ന മനുഷ്യമനോഭാവത്തെയാണ് ‘പുതുമഴപ്പാറ്റകൾ’ എന്ന വള്ളത്തോൾ കവിത പ്രതിനിധാനം ചെയ്യുന്നത്.

“ഇത്തിരി തീ കത്തിക്ക, കത്തിക്ക മുറ്റത്തെ’ന്നാൻ
സത്വരം പാഴ്പാറ്റകൾ ചുഴന്ന ഗൃഹനാഥൻ
ത്വഗ്രോഗമേതോ, ക്ഷണാൽ പിടിപെട്ടതുപോലായ്
തദ്ഗൃഹപ്പുറംചുവർ, പാറ്റകൾ പതിക്കയാൽ” (2011:853)

എന്നിങ്ങനെ മഴപ്പാറ്റകളെ കണ്ടയുടനെ അതിനെ നശിപ്പിക്കാൻ തീയിടാനൊരുങ്ങുന്നു. മനുഷ്യരെ ദ്രോഹിക്കാനായാണ് മഴവെള്ളം കുടിച്ച് ചിറകുവെച്ച് പാറ്റകൾ പുറത്തേക്ക് വരുന്നതെന്ന് ഗൃഹനാഥൻ പറയുന്നു. അതുകൊണ്ട് അവയെ നശിപ്പിക്കാനാണ് മനുഷ്യർ ശ്രമിക്കുന്നത്.

"ഈച്ചകൾ, കൊതുകുകൾ, പാറ്റകൾപോലും മേന്മ-
വായ്ച നിന്നുടൽക്കാഹാ, ചിറകുള്ളസ്വാസ്ഥ്യങ്ങൾ" (2011:854)

ഈച്ചയും കൊതുകും പാറ്റയുമെല്ലാം മനുഷ്യന് അസ്വാസ്ഥ്യം സൃഷ്ടിക്കുന്നവയായി മാറുന്നു. മറ്റു ജീവിവർഗ്ഗങ്ങളുടെ സാമീപ്യമില്ലാതെ മനുഷ്യർ മാത്രമായ ഒരു ലോകത്തെ വിഭാവനം ചെയ്യുന്ന ചിന്താഗതിയാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. പുതുമഴയിൽ ചിറകുവെച്ച് വിരിഞ്ഞ് മണിക്കൂറുകൾക്കുള്ളിൽ ജീവിതം അവസാനിക്കുന്ന പുതുമഴ പ്പാറ്റകൾക്കു തുല്യം തന്നെയാണ് മനുഷ്യജീവിതമെന്നും കവിത വ്യക്തമാക്കുന്നു. ഭൂമി പെറ്റുണ്ടായ കുഞ്ഞുങ്ങൾ എന്നാണ് പാറ്റകളെക്കുറിച്ച് പറയുന്നത് അവയെ രക്ഷിക്കാൻ കാർമേഘങ്ങൾക്കാവുന്നില്ല എന്നും പറയുന്നു. പാറ്റകളെപോലെ തന്നെയാണ് മനുഷ്യരുടെ ജീവിതവും കുറച്ചുനാൾ അഹങ്കാരത്തോടെ ചാടിത്തുള്ളി നടക്കും പെട്ടെന്നു മരണമാകുന്ന തീയിൽ വീണ് വെന്തെരിയുകയും ചെയ്യും. മനുഷ്യർ പ്രകൃതിയുടെ പുതുമഴയ്ക്ക് മുളച്ചുവന്ന പാറ്റകൾ തന്നെയെന്ന് കവിത ബോധിപ്പി ക്കുന്നു.[11] വർണ്ണനാപരമാണ് പരാമർശങ്ങളെങ്കിലും ഇതരജീവികളെപ്പോലെയാണ് മനുഷ്യർ എന്ന ചിന്ത 'പുതുമഴപ്പാറ്റകൾ' എന്ന കവിതയുടെ അബോധത്തിലുണ്ട്.

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ വള്ളത്തോളിൽ മാത്രമാണ് പൊതുവെ ചെറുജീവികൾ പ്രകൃതിനശീകരണപരമായി പരാമർശിക്കപ്പെടുന്നത്.

### 3.1.3.3. കവിത്രയത്തിനുശേഷമുള്ള കാലം

ഈ ഘട്ടത്തിൽ പൊതുവെ പ്രകൃതിനശീകരണസൂചനകളായി ചെറുജീവികൾ ശ്രദ്ധേയമായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

### 3.1.3.4. ആധുനികതാഘട്ടം

ഒ.എൻ.വി. കുറുപ്പിന്റെ 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന സമാഹാരത്തിലെ 'ഇന്ത്യ 1984: മൂന്നു ഗീതങ്ങൾ' എന്ന കവിതയിൽ 'ഞണ്ട്' എന്ന ഭാഗത്ത് ഞണ്ടിനെ കുറുമണി പോലെയുള്ള മക്കൾ കാർന്നു തിന്നുന്ന കാഴ്ചയാണുള്ളത്. ഞണ്ടിനെ പൊതിഞ്ഞ് ഞെരിച്ച് കാർന്നുതിന്നുന്ന മക്കളെയാണിവിടെ കാണുന്നത്.

"തള്ളയെ മക്കൾ ഞെരിക്കുന്നുവോ, കൂർത്ത
മുള്ളുകൾ വിത്തിനെപ്പോലെ?
കൊള്ളാമക്കൊച്ചുങ്ങൾ, പച്ചയ്ക്കുതന്നെയാ
ത്തള്ളയെക്കാർന്നു തിന്നുന്നു" (2016:79)

അമ്മയെ ഉപദ്രവിക്കുന്ന മക്കളെയെന്നതിലുപരി ഇന്ത്യയെയും പ്രകൃതിയെയുമാണ് കവിത കേന്ദ്രമാക്കിയിരിക്കുന്നത്. അവസാനം ചിതറിക്കിടക്കുന്ന ഞണ്ടിന്റെ തോടുകൾ നോക്കി നിൽക്കെ ഇന്ത്യയുടെ ചിത്രമാണ് കവിക്കുമുന്നിൽ തെളിയുന്നത്.[12] മനുഷ്യരെന്ന മക്കളാൽ ഞെരിക്കപ്പെടുന്ന ഇന്ത്യയുടെയും പ്രകൃതിയുടെയും ദയനീയതയാണ് കവിതയ്ക്കു വിഷയം. ഞണ്ടെന്ന ചെറുജീവിയിലൂടെ പരിസ്ഥിതിധ്വംസനത്തെ അടയാളപ്പെടുത്താൻ കവിതയ്ക്ക് കഴിയുന്നു.

'കടന്നൽ' എന്ന കവിതയിൽ കടന്നലിനെ കേന്ദ്രമാക്കുന്നു. തോട്ടത്തിൽ നിൽക്കുന്ന കവിയെ പിന്നിലൂടെ വന്ന് കുത്തിക്കടന്നുപോയ കടന്നലിനെ കവി ഭീരുവെന്നു വിളിക്കുന്നു. നിന്നോടും നിന്റെ ജാതിയിൽ പിറന്നവരോടും ഞാനൊന്നും ചെയ്തില്ലല്ലോ എന്നും കവി ചോദിക്കുന്നു. പിന്നീട് ആ കടന്നൽ തന്റെ തെച്ചിക്കൊമ്പിൽ കൂടുവച്ചതായി അറിയുന്ന കവി

"അന്യർ തൻ കണ്ണീരല്ലാ
തിന്നോളം കവർന്നിട്ടി
ല്ലെന്റെ വംശജർ; അതും
അമൃതമാക്കാൻ മാത്രം!" (2016:67)

എന്നു വ്യക്തമാക്കിയശേഷം പൂവിനെ ബലാൽക്കാരം നടത്തി തേൻ കവരുകയും തന്നെ കുത്തി വേദനിപ്പിക്കുകയും ചെയ്ത കടന്നലിന്റെ പ്രവർത്തികളെയും കുറ്റപ്പെടുത്തുന്നു. പടർന്നു കയറുന്ന എന്റെ തീപ്പന്തം നിന്നെ ഭസ്മമാക്കുമെന്നുപറഞ്ഞുകൊണ്ട് താല്പര്യപ്പെടുന്നു. മനുഷ്യന്റെ പൂന്തോട്ടത്തിൽ കൂടുവയ്ക്കാൻ കടന്നലിനെ അനുവദിക്കുന്നില്ല. പ്രകൃതി മനുഷ്യർക്ക് സ്വന്തമാണെന്നും അനുവാദമില്ലാതെ അന്യജീവികൾക്ക് പ്രവേശിക്കാനാവില്ലെന്നുമുള്ള മനുഷ്യകേന്ദ്രിതചിന്താഗതിയാണ് ഇവിടെ പ്രവർത്തിക്കുന്നത്. ചെറുജീവികളെ കവിതയുടെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കാൻ ഒ.എൻ.വി. പല കവിതകളിലും ശ്രമിച്ചിട്ടുണ്ട്.

സ്വഗതാഖ്യാനരീതിയിൽ രചിക്കപ്പെട്ട കവിതയാണ് അയ്യപ്പപ്പണിക്കരുടെ 'ഞാഞ്ഞൂൾ'. മനുഷ്യനെ വെല്ലുവിളിക്കുമ്പോഴും മനുഷ്യന്റെ പ്രതിരൂപമായാണ് കവിതയിലെ ഞാഞ്ഞൂൾ പ്രത്യക്ഷപ്പെടുന്നത്. പ്രതീകാത്മകമായി അവതരിപ്പിക്കപ്പെടുന്ന ഈ കവിതയിൽ താനൊരു ഭൂഗർഭശാസ്ത്രജ്ഞനാണ് എന്നാണ് മണ്ണിരയുടെ പക്ഷം.

"മണ്ണിതു മുഴുവനും തിന്നാനെനിക്കൊക്കു-
മെങ്കിലും ഞാനതു ചെയ്യുന്നീല

വൻപരായുള്ള മനുഷ്യരീഭൂഗോള-

മൊന്നായ് വീഴുങ്ങാനും ശക്തരല്ലോ" (1996:90)

എന്ന് മനുഷ്യന്റെ അമിതഭോഗാസക്തിയെ ഞാഞ്ഞൂൾ ചോദ്യം ചെയ്യുന്നു. സ്വന്തം മഹത്വങ്ങളിൽ അഹങ്കരിക്കുന്ന മനുഷ്യനടക്കമുള്ള വർഗ്ഗം അശക്തരായി വീഴുമ്പോഴും ഭൂഗോളം തന്നെ തുരക്കാൻ ശക്തനായി താൻ ഉണ്ടാവുമെന്ന് ഞാഞ്ഞൂൾ തന്റെ അതിജീവനത്തെക്കുറിച്ച് പറയുന്നു. മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളും മണ്ണിന്റെ മക്കളാണെന്നും മനുഷ്യർ നിസ്സാരരെന്നു കരുതുന്ന ഞാഞ്ഞൂൾ അടക്കമുള്ള എല്ലാ ജീവികൾക്കും ഭൂമിയിൽ ഓരോ കർമ്മങ്ങളുണ്ടെന്നും കവിത വെളിപ്പെടുത്തുന്നു. എല്ലാം തന്റെ കീഴിലാണെന്നഹങ്കരിച്ചു കൊണ്ട് മനുഷ്യർ പ്രകൃതിയെ തന്റെ കാൽക്കീഴിലാക്കാൻ ശ്രമിക്കുന്നു. എല്ലാ ജീവിവർഗ്ഗങ്ങൾക്കും അതിന്റേതായ കർമ്മങ്ങളുണ്ടെന്ന് വ്യക്തമാക്കുന്ന ഈ കവിത ഗഹനപരിസ്ഥിതിവാദചിന്ത ഉൾക്കൊള്ളുന്നു.

പരിസ്ഥിതിപ്രശ്നങ്ങളും പരിസ്ഥിതിബോധവും വ്യാപിച്ചുതുടങ്ങിയ 1969 കാലഘട്ടത്തിൽ രചിക്കപ്പെട്ട 'ഉറുമ്പ്' എന്ന കവിത ഉറുമ്പുകളുടെ ജീവിതത്തെ വിഷയമാക്കുന്നു. മനുഷ്യർ പലപ്പോഴും ശ്രദ്ധിക്കാതിരിക്കുകയും ശല്യമെന്നു കരുതുകയും ചെയ്യുന്ന ഉറുമ്പ് എന്ന ചെറുജീവിക്ക് ഈ കവിതയിൽ പ്രാധാന്യമുണ്ട്.

"കുളിമുറിയുടെ നനഞ്ഞ ഭിത്തിമേൽ

ആ കറുത്തവര:

അതു മുഴുവൻ ഉറുമ്പുകൾ ആണ്.

എന്തൊരു വർഗ്ഗബോധം!" (1974:127)

എന്നിങ്ങനെ ഉറുമ്പുകൾക്കുള്ള വർഗ്ഗബോധത്തെ കവിത വ്യക്തമാക്കുന്നു. കൂടാതെ അവർ എന്തു തിന്നുന്നുവെന്നോ അവരെ ആരു തിന്നുന്നുവെന്നോ അറിയില്ലെന്നും കവിത വിശദീകരിക്കുന്നു. ഇത്തരത്തിൽ ഉറുമ്പുകളുടെ ജീവിതത്തെക്കുറിച്ച് ഒന്നുമറിയില്ലെന്ന് വ്യക്തമാക്കുന്നതിലൂടെ മനുഷ്യർ അറിയാത്തതും അവർക്ക് അപ്രാപ്യവുമായ ജീവിതങ്ങളും അവസ്ഥകളും ഭൂമിയിലുണ്ടെന്ന് വെളിപ്പെടുത്തുന്നു.

അയ്യപ്പപ്പണിക്കരുടെ 'പുത്തൻ വീട്ടിൽ മുത്തി' എന്ന കവിതയിൽ പുത്തൻ വീട്ടിൽ പൊറുതി തുടങ്ങാൻ മുറിവാലൻ ഗൗളിയും എട്ടുകാലിയും ചുണ്ടെലിയും ഉറുമ്പുകളും മിശിറും മുടന്തുള്ള പട്ടിയും പൂച്ചയും വേട്ടാളന്മാരും വരുന്നു. ഇതെല്ലാം കണ്ട് ഉലക്കയും ചൂലുമായി മുത്തശ്ശി അവയെ ഓടിക്കാനെത്തുന്നു. മനുഷ്യർ അവർക്ക് പാർക്കാൻ നിർമ്മിച്ച വീട്ടിലെ മറ്റവകാശികളായാണ് ഈ ജീവികളെല്ലാം കടന്നുവരുന്നത്. മനുഷ്യർ

ഉലക്കയും ചൂലുമൊക്കെയുപയോഗിച്ച് അവയെ ഓടിക്കുന്നു. മനുഷ്യന്റെ ഏകാധിപത്യ മനോഭാവമാണിവിടെ പ്രകടമാകുന്നത്.

ഓരോ ജീവിക്കും പ്രകൃതിയിൽ സ്ഥാനമുണ്ടെന്നും അവയെ ഉപദ്രവിക്കരുതെന്നും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'മാനസാന്തരം' എന്ന കവിത വ്യക്തമാക്കുന്നു.

"ഒരുറുമ്പിനെ ഞാൻ ഞെരിക്കുകിൽ-
ക്കൃപയാർന്നമ്മ തടഞ്ഞുചൊല്ലിടും
മകനേ, നരകത്തിലെണ്ണയിൽ
പ്പൊരിയും നീ; പരപീഡചെയ്യൊലാ" (2013:203)

എന്ന വരികളിൽ ഒരുറുമ്പിനെപ്പോലും നോവിക്കരുതെന്ന ഉയർന്ന പാരിസ്ഥിതിക ബോധമാണ് പ്രകടമാകുന്നത്. കുഞ്ഞുറുമ്പിനും പ്രകൃതിയിൽ സ്ഥാനമുണ്ടെന്ന ഗഹന പരിസ്ഥിതിവാദചിന്തയും സമൂഹജീവിയായ മനുഷ്യനാണത് തിരിച്ചറിയാൻ കഴിഞ്ഞത് എന്നതിനാൽ സാമൂഹികപരിസ്ഥിതിവാദവും ഈ വരികളിൽ വ്യക്തമാകുന്നു. വൈലോപ്പിള്ളിയുടെ 'എണ്ണപ്പുഴുക്കൾ' എന്ന കവിതയിലെ അമ്മയെപ്പോലെ മറ്റു ജീവികളെ ഉപദ്രവിക്കരുതെന്ന ബോധ്യമാണ് ഈ കവിതയിലെ അമ്മയും നൽകുന്നത്.

ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ അയ്യപ്പപ്പണിക്കർ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിൽ മാത്രമാണ് ചെറുജീവികൾ പൊതുവെ പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെടുന്നത്.

### 3.1.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'തുമ്പിപ്പാട്ട്' എന്ന കവിത ഓണക്കാലത്ത് തുമ്പികൾ ഇല്ലാതായതിനെ പരാമർശിക്കുന്നു.

"പൂമരം കണ്ടില്ല പൂവില്ല,
തേനില്ല പൂമ്പൊടിക്കാറ്റില്ല,
പട്ടണവീഥിയിൽച്ചിങ്ങത്തിൽ വഴി
തെറ്റിവന്നെത്തിയ പൂത്തുമ്പീ" (2013:106)

എന്നിങ്ങനെ ഓണത്തുമ്പികൾക്ക് വഴിതെറ്റുന്ന ജീവിതസാഹചര്യങ്ങളെ കവിത അനാവരണം ചെയ്യുന്നു. ഓണത്തെ കച്ചവടമാക്കിയ ആധുനിക സമൂഹം ഓണ ക്കാലത്തെ ടൂറിസം വാരാഘോഷമാക്കുകയും ഇക്കോടൂറിസത്തിന്റെ പേരിൽ ഓണത്തെ വികലപ്പെടുത്തുകയും ചെയ്യുന്ന രീതിയെയാണ് ഇവിടെ പരാമർശിക്കുന്നത്.

പ്രകൃതിസൗഹൃദപരമായ ടൂറിസപദ്ധതിയാണ് ഇക്കോടൂറിസമെന്നിരിക്കെ യഥാർത്ഥ ഓണപ്രകൃതിയെ ഇല്ലാതാക്കി കൃത്രിമതയും ആധുനിക ആഡംബരങ്ങളും കൂട്ടിച്ചേർത്ത് ഓണത്തെ വ്യവസായവൽക്കരിക്കുന്നു. മരങ്ങളെയും മണ്ണിനെയും ജലത്തെയും കച്ചവടമാക്കുന്നതിനൊപ്പം ആഗോളവ്യവസായമേഖല ഓണം, വിഷു തുടങ്ങിയ സാംസ്കാരിക ആഘോഷങ്ങളെയും വ്യവസായമാക്കുന്നു. മാവേലിയുടെ ഐതിഹ്യ കഥയിലെ ഒത്തൊരുമയുടെയും സഹജീവിസ്നേഹത്തിന്റെയും പാരമ്പര്യം ഇത്തരമൊരു കാലഘട്ടത്തിൽ പറഞ്ഞു നടക്കുന്നതിന്റെ ഔചിത്യമില്ലായ്മയെക്കൂടി കവിത വിമർശിക്കുന്നു. കാപട്യമില്ലാത്ത ഓണത്തിന്റെ ഭാഗമായി പാറിക്കളിക്കണമെന്നാണ് തുമ്പി ആഗ്രഹിക്കുന്നത്. ഓണത്തിന് പാറിനടക്കാനെത്തിയ തുമ്പി പുതിയ ജീവിതസാഹചര്യങ്ങളെ അതിജീവിക്കാനാവാതെ

“ആരുമേ കാണാതറിയാതെ
ആയിരം പേരുടെ മുമ്പാകെ
ഓടയിലെച്ചെളിക്കൂനയിൽ ജീവിത-
ഭാരമെറിഞ്ഞു പൊലിഞ്ഞേപോയ്” (2013:107)

ഇത്തരത്തിൽ മനുഷ്യന്റെ പ്രകൃതിനശീകരണപ്രവർത്തനങ്ങളും ജീവിതരീതികളും സഹജീവികളുടെ അതിജീവനത്തെ ബാധിക്കുന്നതായി കവിത വ്യക്തമാക്കുന്നു. ഇവിടെ പ്രകൃതിപക്ഷകാഴ്ചയാണുള്ളത്. ഇതരജീവികളുടെ അതിജീവനസാഹചര്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന മനുഷ്യരെ വിമർശിക്കുന്നു കവിത. തുമ്പിയെന്ന ചെറുജീവിയുടെ ജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നതുകൊണ്ടു തന്നെ ഗഹനപരിസ്ഥിതി വാദചിന്തയും കവിതയിൽ ആരോപിക്കാം.

വിജയലക്ഷ്മിയുടെതന്നെ ‘ഭൂമിയുമായി അനുരാഗത്തിലായ ഒരാൾ’ എന്ന കവിത മനുഷ്യർ പ്രകൃതിയുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. ജീവിതത്തിലും മരണത്തിലും പ്രകൃതിയുമായുള്ള ആത്മീയവും ശാരീരികവുമായ കൂടിച്ചേരലാണ് സംഭവിക്കുന്നത്.

“പുഴുവായി, പുൽച്ചാടിയായി
പാമ്പായി, പറവയായി
പച്ചിലകൾക്കിടയിൽനിന്ന്
അയാൾതന്നെ തലനീട്ടി” (2013:318)

എന്നിങ്ങനെ ഭൂമിയിലെ സർവ്വചരാചരങ്ങളുടെയും അസ്തിത്വം ഒന്നുതന്നെയെന്ന കാഴ്ചപ്പാട് കവിത അവതരിപ്പിക്കുന്നു. ഇതര ജീവികളിൽ നിന്നും വ്യത്യസ്തമാണ് മനുഷ്യവർഗ്ഗമെന്ന ചിന്താഗതിയാണ് പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്. സർവ്വചരാചരങ്ങളും തുല്യരാണെന്നും പ്രകൃതിയുടെ തന്നെ അംശമാണെന്നുമുള്ള ഗഹനപരിസ്ഥിതിവാദചിന്തയുടെ ആശയമാണ് കവിത ഉൾക്കൊള്ളുന്നത്. മനുഷ്യർ ബുദ്ധിയെന്ന ആയുധമുപയോഗിച്ച് പ്രകൃതിയെയും പ്രകൃതിഘടകങ്ങളെയും സ്വന്തം നിയന്ത്രണത്തിൽ നിർത്തി അനുസരിപ്പിച്ചുവെങ്കിലും മരണശേഷം പ്രകൃതിയിലേക്ക് തന്നെ വെള്ളമായോ പച്ചപ്പായോ മീൻകറുപ്പായോ ഒക്കെ തിരിച്ചുപോകേണ്ടി വരുന്നു. ഇത്തരത്തിൽ ഇതരജീവികളിൽ നിന്നും വ്യത്യസ്തരെന്ന് അഹങ്കരിക്കുന്ന മനുഷ്യനും പ്രകൃതിയിൽ തന്നെയാണ് അവസാനം ചേരുന്നതെന്ന് കവിത വ്യക്തമാക്കുന്നു.

'അച്ഛന്റെ ചിരി' എന്ന കവിതയിൽ ഒച്ചിനെപ്പറ്റി ചിന്തിക്കുന്ന കുട്ടിക്കാലത്തെ അവതരിപ്പിച്ചിരിക്കുന്നു. പുറത്തുള്ള തോടുമായി പതുക്കെപ്പോകുന്ന ഒച്ചിനെ കണ്ട് കുട്ടി

"അത്രയ്ക്കുഭാരമുണ്ടാവും, പതിഞ്ഞുതാ-
ണൊട്ടുമിത്തോടൊന്നു മാറ്റിക്കൊടുക്കുകിൽ
പെട്ടെന്നു പോകുമോ പാവം? പണിപ്പെട്ടി
തെപ്പോഴെത്തും ചെന്നു ചേരേണ്ടിടങ്ങളിൽ?" (2016:33)

എന്നിങ്ങനെ ബാല്യസഹജമായ ദുഃഖമുണ്ടാവുന്നു. ഒച്ചിന്റെ ശരീരഭാഗമാണ് തോട് എന്നറിവില്ലാത്ത കുട്ടി അതിന്റെ ഭാരം ഇല്ലാതാക്കാനാണാഗ്രഹിക്കുന്നത്. ഇത്തരത്തിൽ കുട്ടിക്കാലത്തുണ്ടാകുന്ന സ്വാഭാവികമായ പ്രകൃതിസ്നേഹത്തെ കവിത അവതരിപ്പിക്കുന്നു.

'വംശം' എന്ന കവിതയിൽ ഉറുമ്പിന്റെ വംശമാണ് പ്രമേയമാകുന്നത്. വിശന്നുനടന്ന ഉറുമ്പിന് അടുപ്പിനടുത്തുള്ള തേങ്ങാത്തരി ലഭിക്കുന്നു. അതെടുത്തുപോകുന്ന ഉറുമ്പിനെയാണ് കവിത അവതരിപ്പിക്കുന്നത്.

"പാരം വിശപ്പാൽ കുഴങ്ങുമുറുമ്പൊന്നു
പ്രാതലിന്നെത്തിയടുപ്പുമുക്കിൽ,
പാതകത്തിന്മേൽത്തെറിച്ചതേങ്ങാത്തരി
പൂവുപോൽക്കൊമ്പിലെടുത്തുയർത്തി

പോവുകയാണാറുകാലുകൾ ചന്തമായ്
ത്താളത്തിൽ വച്ചു തിരക്കുകൂട്ടി" (2016:45)

എന്നിങ്ങനെ തനിക്ക് ലഭിച്ച തേങ്ങാത്തരി സോദരർക്കായി പങ്കുവയ്ക്കാൻ പോകുന്ന ഉറുമ്പാണ് കവിതയിലുള്ളത്. മുഖത്ത് എണ്ണ മിനുപ്പും ഗൗരവവും ശരീരത്തിന് സൗകുമാര്യവുമുണ്ടെന്നും ഇടുപ്പിന് ഭംഗിയുണ്ടെന്നും ഉറുമ്പിന്റെ സൗന്ദര്യത്തെ കവിത വർണ്ണിക്കുന്നു. ഉറുമ്പ് സഞ്ചരിക്കുന്ന വഴികൾ മനുഷ്യർക്ക് നിസ്സാരമായി തോന്നുമെങ്കിലും അവയ്ക്കത് ആയാസമാണെന്നും അതെല്ലാം മറികടന്ന് ചെറുമുറികൾ ചേർത്തൊരുക്കിയ അതിന്റെ ആവാസ ഇടത്തിലേക്കാണ് ഉറുമ്പ് എത്തുന്നതെന്നും കവിത വ്യക്തമാക്കുന്നു. മനുഷ്യർ മാലിന്യങ്ങൾ തള്ളുന്ന ഇടത്തെ റാണിയുടെ കൊട്ടാരമായും കുഞ്ഞുങ്ങൾക്കുള്ള മുറിയായും തീൻമുറിയായും പാചകമുറിയായുമെല്ലാം മാറ്റിയിരിക്കുന്ന ഉറുമ്പുകളുടെ നിർമ്മാണ വൈദഗ്ധ്യം മനുഷ്യർക്ക് അസാധ്യമാണെന്നും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ ഉറുമ്പുകളുടെ ജീവിതപരിസരത്തിലേക്ക് നടത്തുന്ന യാത്രയായാണ് കവിത അവതരിപ്പിക്കപ്പെടുന്നത്. ബുദ്ധിജീവികളെന്ന് സ്വയം വിശ്വസിക്കുന്ന മനുഷ്യർ തമ്മിലടിക്കുന്ന കാലഘട്ടത്തിൽ ഉറുമ്പുകളുടെ പരസ്പര സഹകരണത്തെ അവതരിപ്പിക്കുന്നതിലൂടെ മനുഷ്യർക്കുണ്ടാകുന്ന മാത്സര്യങ്ങൾ അവസാനിപ്പിക്കണമെന്ന ആശയമാണ് കവിത മുന്നോട്ടുവയ്ക്കുന്നത്.

'അല്ലയോ മണ്ണിരേ...' എന്ന റഫീക്ക് അഹമ്മദിന്റെ കവിത മണ്ണിരയ്ക്ക് മണ്ണുമായുള്ള ബന്ധത്തെയും മണ്ണിന്റെ സമകാലിക അവസ്ഥയെയും പ്രതിനിധീകരിക്കുന്നു. മണ്ണിൽ ജീവിക്കുന്ന

"അല്ലയോ മണ്ണിരേ,
നീയെത്ര ഭാഗ്യവാൻ" (2010:105)

എന്നാണ് മണ്ണിരയെക്കുറിച്ച് പറഞ്ഞുതുടങ്ങുന്നത്. മഴ വരുമ്പോൾ മൺവീടിന്റെ വാതിൽ തുറക്കുന്നതും മിന്നൽ ഞെട്ടിക്കുന്നതും കൂണുയർക്കുന്നതും ചെറുവേരുകളിൽനിന്ന് പൂവ് വിരിയുന്നതും അറിഞ്ഞാണ് മണ്ണിര ജീവിക്കുന്നതെന്ന് കവിത വ്യക്തമാക്കുന്നു. പക്ഷിക്ക് ആഹാരമാവുകയും ചൂണ്ടക്കൊളുത്തിൽ കോർക്കപ്പെടുകയും ചെയ്യുമെങ്കിലും ഇതര ജീവികളെക്കാൾ മണ്ണിനെ അറിഞ്ഞുകൊണ്ട് ദുഃഖമില്ലാതെ ജീവിക്കുന്ന ജീവിയാണ് മണ്ണിരയെന്നും കവിത വ്യക്തമാക്കുന്നു.

"നീയറിയുന്നുണ്ട് മണ്ണിന്റെയുണ്മകൾ
മണ്ണേ നിനക്കിര; മണ്ണിര ഞങ്ങളോ?

ഹാ! സ്ഥൂല ജീവിതത്തിൽ സൂക്ഷ്മയാഥാർത്ഥ്യ
മണ്ഡലങ്ങൾ വിപുലങ്ങളാണെത്രമേൽ" (2016:105)

ഇത്തരത്തിൽ മണ്ണിന്റെ പരിശുദ്ധിയിൽ ജീവിച്ച മണ്ണിരയെ മണ്ണിന്റെ മാറ്റങ്ങൾ നശിപ്പിക്കുന്നു. പെട്ടെന്ന് നശിച്ചുപോയതിനാൽ പ്ലാസ്റ്റിക്കിന്റെ പ്രശ്നങ്ങൾ അറിയേണ്ടി വരാത്ത ഭാഗ്യവാനായി മണ്ണിര മാറുന്നു. പ്ലാസ്റ്റിക്കുകൾ വർദ്ധിച്ചപ്പോൾ മണ്ണിന്റെ പാളികൾ ഇല്ലാതാവുകയും ഒട്ടിപ്പിടിക്കുന്നതും, കാറ്റോ മഴയോ വെയിലോ എത്താത്തതുമായി മണ്ണ് മാറുന്നു. പ്ലാസ്റ്റിക്കുകൾ മണ്ണിനും മണ്ണിരയ്ക്കുമുണ്ടാക്കുന്ന നാശമാണ് കവിതയ്ക്ക് വിഷയം. മണ്ണിന്റെ ഇത്തരം മാറ്റങ്ങൾ മണ്ണിരയെയും മറ്റു സൂക്ഷ്മജീവികളെയും ബാധിക്കുന്നു. അത് പ്രകൃതിയുടെ തിരിച്ചെടുക്കാനാവാത്ത വിധത്തിലുള്ള നാശത്തിന് ഇടവരുത്തുന്നു. ഇത്തരത്തിൽ മനുഷ്യപ്രവർത്തികൾ ഇതരജീവികൾക്ക് ദോഷമാകുന്നതിനെ കവിത പ്രതിനിധീകരിക്കുന്നു.

'സന്ദർശകർ' എന്ന കവിതയിൽ സോഫാസെറ്റിയും തീന്മേശയും പൂപ്പാത്രങ്ങളും ഉത്തരാധുനിക വൈദ്യുതസാമഗ്രികളുമെല്ലാം നിറച്ച വീടിനകത്തേക്ക് രാപ്രാണികൾ എത്തിച്ചേരുന്നതിനെ പരാമർശിക്കുന്നു.

"ഇന്നലെ മഴതൊട്ട ഞെട്ടലിൽ റബ്ബർത്തോപ്പി-
നുള്ളിലും തുടിച്ചുപോയ് കാടിന്റെ മൃതനാഡി" (2016: 323)

കാടുകൾക്കുപകരം റബ്ബർത്തോപ്പുകൾ വളർന്നെങ്കിലും മഴയുടെ സ്വപ്നസ്പർശന ത്താൽ മരിച്ചുപോയ കാടിന്റെ നാഡികളിൽ തുടിപ്പുണ്ടാകുന്നതായും അവിടെ നിന്നുണർന്ന പ്രാണികൾ വെളിച്ചം തേടി ഉത്തരാധുനിക സൗകര്യങ്ങളൊരുക്കിയ വീട്ടിലെത്തുന്നതായും കവിത വ്യക്തമാക്കുന്നു. പച്ചത്തുള്ളൻ ഈയാംപാറ്റ, കുമ്പള ക്കൊറ്റൻ, മണ്ണട്ട, കോട്ടെരുമ, മിന്നാമിന്നി, പൊന്നീച്ച, ഇരട്ടവാലൻ, കുഴിയാന, കരിക്കുന്നൻ, എണ്ണപ്പുഴു, പൂച്ചി, ഊറാമ്പുലി എന്നിങ്ങനെ വിവിധങ്ങളായ പ്രാണികൾ പ്രവേശിക്കുന്നു.

"പേരുകളില്ലാത്തവ, കാടുകൾ മറന്നവ,
സുന്ദര, മസുന്ദരമെന്ന സങ്കല്പങ്ങൾതൻ
ബന്ധനങ്ങളിൽ നിന്നു കുതറിത്തെറിച്ചവ
ഓർക്കുകിൽ തലചുറ്റി വീണുപോം നിഗൂഢമാം
സൂക്ഷ്മലോകത്തിന്നാഴം, ഉയരം പേറുന്നവ" (2016:323)

എന്നിങ്ങനെ അവയുടെ സമകാലികാവസ്ഥയും വിവരിക്കുന്നു. അവ അപരിചിതമായ സ്ഥലത്തെത്തിച്ചേർന്നതിന്റെ അപകർഷതാബോധത്തോടെ പതുങ്ങുന്നതായി കവിത വിവരിക്കുന്നു. ഓരോ ജീവിക്കും പ്രകൃതിയിൽ ജീവിക്കാനും അവയ്ക്ക് ആവശ്യമായ വിഭവങ്ങൾ ഉപയോഗിക്കാനും തുല്യ അവകാശമാണുള്ളതെന്നു വാദിക്കുന്ന ഗഹനപരിസ്ഥിതിവാദവുമായി കവിതയെ ചേർത്തുവായിക്കാം. മനുഷ്യന്റെ മാത്രം ഇടമായി ഭൂമിയെ പരിവർത്തനപ്പെടുത്തുകയും സൂക്ഷ്മപ്രാണികൾ ഉൾപ്പെടുന്ന ജീവിവർഗ്ഗത്തിന് ഇവിടം അപരിചിതമായിത്തീരുകയും ചെയ്യുന്ന പുതിയ കാലത്തിന്റെ അടയാളപ്പെടുത്തലാണ് ഈ കവിത. ചുഴലിയിൽ ഈ പ്രാണിവർഗ്ഗങ്ങൾക്കൊപ്പം തെറിക്കാനുള്ള അവകാശം മാത്രമേ മനുഷ്യനുള്ളൂ എന്നുകൂടി കവിത ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ ആധുനികപരിഷ്ക്കാര ജീവിതരീതി പല ജീവികളുടെയും ആവാസസ്ഥാനം നഷ്ടപ്പെടുത്തുന്നതിനിടയാക്കുന്നു. അവയുടെ ജീവിതാപകർഷമാണ് കവിതയ്ക്കു വിഷയമാകുന്നത്. മനുഷ്യന് ഇതരജീവികൾക്കൊപ്പം മാത്രമേ പ്രകൃതിയിൽ സ്ഥാനമുള്ളൂ എന്ന പ്രകൃതികേന്ദ്രിതവും ഗഹനപരിസ്ഥിതിവാദപരവുമായ ചിന്തയാണവതരിപ്പിക്കുന്നത്.

'മത്സ്യം' എന്ന കവിതയിൽ പുഴയിൽ നിന്ന് ചില്ലുകൂട്ടിലേയ്ക്ക് മാറ്റപ്പെട്ട മത്സ്യത്തെ അവതരിപ്പിക്കുന്നു. ചില്ലുകൂട്ടിൽ ജലവും ജലസസ്യവും ചെറുചിപ്പികളും കുമിളപ്പൂക്കളുമെല്ലാമുണ്ടെങ്കിലും സ്ഫടികപാത്രത്തിന്റെ വശങ്ങളിൽ തട്ടി പിന്മാറുന്ന മീനിന് പുതിയ ആവാസ ഇടത്തെക്കുറിച്ച് ഒന്നും അറിയുന്നില്ല. മത്സ്യത്തിന്റെ ശവപ്പെട്ടിയായാണ് ഈ സ്ഫടികപാത്രം മാറുന്നത്. ഇവിടെ മത്സ്യം സ്ത്രീയുടെ പ്രതിനിധി കൂടിയാണ്. വിശാലമായ ജീവിത ഇടത്തിൽ നിന്നും ഭർത്തൃഗൃഹമാകുന്ന അസ്വാതന്ത്ര്യത്തിന്റെ ജീവിത പരിസരത്തിലേക്ക് മാറ്റപ്പെടുന്ന സ്ത്രീയവസ്ഥയെക്കൂടി കവിത വിഷയമാക്കുന്നു. മനുഷ്യന്റെ ആസ്വാദന ഉപകരണമായി മാറുന്ന ജീവികളുടെ പ്രതിനിധിയാണ് കവിതയിൽ മത്സ്യം.

ആവാസവ്യവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ പല ജീവികളുടെയും വംശനാശത്തിനിടയാക്കുന്നു. 'വാലുയർത്തിയൊരോർമ്മ' എന്ന പി.പി. രാമചന്ദ്രന്റെ കവിതയിൽ ആവാസ വ്യവസ്ഥയിലുണ്ടായ പരിവർത്തനങ്ങൾ അതിജീവനത്തിന് തടസ്സമുണ്ടാക്കിയതുമൂലം ദുരവസ്ഥയിലായ അണ്ണാനെ അവതരിപ്പിക്കുന്നു. മരച്ചില്ലകൾക്കുപകരം ടെറസ്സിന്റെ ചൂടിലൂടെ ഓടിക്കളിക്കേണ്ടി വരുന്ന അവസ്ഥയാണതിനുണ്ടാകുന്നത്. ടെറസ്സിന്റെ കൈവരിയിലിരിക്കുന്ന അണ്ണാൻ

> "ചില്ലകളില്ലാത്തതിനാൽ
> ചാട്ടം മറന്ന്
> കൂടോ കൂട്ടോ ഇല്ലാത്തതിനാൽ
> ചിലയ്ക്കാൻ മറന്ന്
> തൊഴുകൈയിൽ
> അവസാനത്തെ മാമ്പഴക്കാലത്തിന്റെ
> മധുരച്ചാറുമണത്തുകൊണ്ട്" (2015: 246)

തന്റെ ജീവിതത്തിന് ദൈവത്തോട് പരിഭവിച്ചുനിന്നതിനുശേഷം വാലുയർത്തിയൊരോർമ്മയായി അവസാനിക്കുന്നു. സ്വാഭാവികമായുണ്ടാകുന്ന വംശനാശങ്ങൾക്കപ്പുറം മനുഷ്യരുടെ അതിരുകടന്ന ആഡംബരജീവിതവും വികസനങ്ങളും സൃഷ്ടിക്കുന്ന വംശനാശങ്ങളിലേക്കാണ് കവിത സൂചന നൽകുന്നത്.

പി.പി. രാമചന്ദ്രന്റെ 'പാഠശാല' എന്ന കവിതയിൽ പ്രകൃതി പാഠശാലയാകുന്നു. മരങ്ങൾ, ചെടികൾ, വള്ളികൾ, പൂവുകൾ തുടങ്ങി

> "അണുജീവി മുതൽ നൃത്തം
> വെക്കും നക്ഷത്രങ്ങൾ വരേക്കും" (2015:37)

പാഠശാലയാകുന്നു. വിശ്വമാനവികതാദർശനമാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. പ്രകൃതിയിൽ സൂക്ഷ്മജീവികൾക്കുവരെയുള്ള പ്രാധാന്യം വ്യക്തമാക്കുന്ന കവിത ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയധാര ഉൾക്കൊള്ളുന്നു.

വി.എം. ഗിരിജയുടെ 'കുന്നിന്റെ പൊടി' എന്ന കവിതയിൽ കുന്നിനെ പൊടിയാക്കുന്ന ജെ.സി.ബി.യുടെ ആക്രമണത്തിൽ ഭയന്ന് പറവകൾ, കീരികൾ, പാമ്പുകൾ, മുയൽ, മാൻ എന്നിവയെല്ലാം ഓടിയൊളിക്കുന്നു. എന്നാൽ മണ്ണിലൂന്നിയ കാലൂരാൻ കഴിയാത്ത മരങ്ങൾ, തോട്, തുമ്പികൾ, പൂമ്പാറ്റ, തേരട്ടകൾ, ഉറുമ്പുകൾ എന്നിവ മണ്ണിനടിയിലകപ്പെടുന്നു.

> "മണ്ണിന്നടിയിലേക്കാണാ-
> ത്താമസക്കാർ, കറുത്തവർ" (2015:37)

എന്നാണ് പരാമർശിക്കപ്പെടുന്നത്. ഇതിലെ കറുത്തവൻ എന്ന പരാമർശം ദളിത് വിഭാഗങ്ങളെക്കുറിച്ചുള്ള സൂചനയാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനൊപ്പം തന്നെ കറുത്തവരെ; ദളിതരെ സ്വന്തം ആവാസസ്ഥാനങ്ങളിൽ നിന്നും ഓടിക്കുന്നു. മനുഷ്യർ

പ്രകൃതിയിലെ ഇതരജീവികളെയെന്നപോലെ ദളിത് വിഭാഗങ്ങളെയും കുടിയിറക്കുന്നു. മണ്ണിനോട് ഏറ്റവും അടുത്തുനിൽക്കുന്ന മണ്ണട്ട, ഉറുമ്പ്, തേരട്ട തുടങ്ങിയ ജീവികളെയും ആദിവാസി ദളിത് വിഭാഗങ്ങളെയും മണ്ണിൽനിന്നും പിഴുതുമാറ്റുന്നു ആധുനിക വികസിത സമൂഹം.

വീരാൻകുട്ടിയുടെ 'കടം' എന്ന കവിതയിൽ പൂമ്പാറ്റകളുടെ ഭംഗിയുള്ള ഉടുപ്പു തുന്നുന്ന സ്ഥലങ്ങളിൽ പോകാനും ഉറുമ്പ് കാണുന്ന ഭൂമിയെ കാണാനും പുഴുവിന്റെ ശരീരവളവുകളിലൂടെ നടക്കാനും കഴിഞ്ഞിട്ടില്ല എന്ന് കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ മനുഷ്യർ കാണുന്ന പ്രകൃതിക്കപ്പുറമുള്ള പ്രകൃതിയെ അറിയാൻ ആഗ്രഹിക്കുന്നു. സ്വന്തം കാഴ്ചക്കപ്പുറത്ത് ഇതരജീവികളുടെ കാഴ്ചകളിലേക്കുകൂടി കടന്നുകയറാനുള്ള ആഗ്രഹം കവിതയിൽ ഉള്ളടങ്ങിയിരിക്കുന്നു. നടക്കാത്തവയെന്ന് അറിയുമ്പോഴും കവിത അതാഗ്രഹിക്കുന്നു. പ്രകൃതിയെ എല്ലാവിധത്തിലും അറിയാനുള്ള ആഗ്രഹമാണിത്. മറ്റൊരർത്ഥത്തിൽ മനുഷ്യന്റെ അമിത ആഗ്രഹത്തിന്റെ പ്രതിഫലനവുമാണിത്. മറ്റു ജീവികളുടെ ആവാസ ഇടങ്ങളെയും ജീവിതത്തെയും പഠന ഉപകരണമോ ആസ്വാദനവസ്തുവോ ആക്കുന്ന മനുഷ്യമനോഭാവമാണ് കവിത അവതരിപ്പിക്കുന്നത്. 'പഠിപ്പ്' എന്ന ചെറുകവിതയിൽ

"മനസ്സിലായതേയില്ല
അവൾക്ക്
പൂമ്പാറ്റയുടെ
ചിത്രം കാണിച്ച്
ചിത്രശലഭം എന്ന്
ടീച്ചർ പഠിപ്പിച്ചുകൊണ്ടിരുന്നത്" (2016:179)

പ്രകൃതിയിൽ നമുക്കു ചുറ്റുമുള്ള പലതിനെയും ശ്രദ്ധിക്കാതിരിക്കുകയും പാഠപുസ്തകങ്ങളിൽ അതിന് മറ്റു പേരുകളും ശാസ്ത്രീയനാമങ്ങളും നൽകി വലിയ പ്രാധാന്യത്തോടെ പഠിക്കുകയും ചെയ്യുന്ന രീതിയുടെ വൈരുദ്ധ്യത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. പ്രകൃതി പഠനവസ്തുമാത്രമായി മാറുന്ന രീതിയാണ് അവതരിപ്പിക്കപ്പെടുന്നത്.

വീരാൻകുട്ടിയുടെതന്നെ 'പ്രാണി' എന്ന കവിതയിൽ എട്ടുകാലിയും വലയിലകപ്പെട്ട പ്രാണിയും വിഷയമാകുന്നു. എട്ടുകാലി വലയുടെ ഭംഗിയെയും കവിത പരാമർശിക്കുന്നു.

"താൻ തന്നെയോ
ഇതു മെനഞ്ഞത്
എന്ന വിസ്മയത്തിൽ
അതു വളരെ നേരം
അവിടെ ഇരുന്നുപോയി" (2015: 263)

എന്നിങ്ങനെ വലയുടെ ഭംഗി സ്വയം ആസ്വദിക്കുന്ന എട്ടുകാലിയെ കവിതയിൽ കാണാം. അതോടൊപ്പം വലയിൽ മരണം ഉറപ്പിച്ചിരിക്കുന്ന പ്രാണിയെയും കാണാം. എട്ടുകാലിയിലൂടെ മരണത്തെ കാത്തിരിക്കുന്ന വിരസമായ നിമിഷങ്ങളെക്കുറിച്ചും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ എട്ടുകാലിയും പ്രാണിയുമാണ് കവിതയുടെ കേന്ദ്രമാകുന്നത്.

തവള കേന്ദ്രസ്ഥാനത്തുവരുന്ന കവിതയാണ് വീരാൻകുട്ടിയുടെ 'അപരിചിതം'. ആവാസസ്ഥാനം നഷ്ടപ്പെടുന്ന തവളയുടെ മാനസികവ്യാപാരമാണ് കവിതയുടെ അന്തർധാര. തവളയുടെ വീക്ഷണമാണ് കവിതയിലുള്ളത്. നികത്തപ്പെടുന്ന നെൽവയലുകൾ അപരിചിതമാക്കുന്നത് തവളകളുടെ ആവാസസ്ഥാനം കൂടിയാണ്. അതോടെ അവ വേരറ്റുപോവുകയും ചെയ്യുന്നു. പ്രകൃതിയിലെ സ്വാഭാവിക വംശനാശങ്ങൾക്കപ്പുറം മനുഷ്യ ഇടപെടലുകളുണ്ടാക്കുന്ന വംശനാശം ഉത്കണ്ഠാജനകമാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണീ കവിത. വെണ്ണക്കല്ലുവിരിച്ച പുതിയ വീടിന്റെ പാലുകാച്ചലിന്റെ അന്നുതന്നെ അകത്തെത്തിയ തവളയെ ശല്യമെന്നു പറഞ്ഞ് ചൂലും വടിയുമായി ഓടിക്കാൻ ശ്രമിക്കുന്ന മക്കളോട് ഇവിടെ പണ്ടു മരിച്ചുപോയ ആരുടെയോ ആത്മാവായിരിക്കുമെന്നും അതിനിവിടം ഇഷ്ടമുള്ള സ്ഥലമായിരിക്കുമെന്നും പറഞ്ഞുനോക്കിയെങ്കിലും ഇതവരുടെ വീടോ മക്കളോ അല്ലെന്ന മറുപടിയാണ് പുതുതലമുറയിൽനിന്നുണ്ടാവുന്നത്.[13] തന്റേതായിരുന്നതൊന്നും തവളയ്ക്ക് അവിടെ ലഭ്യമായില്ല.

"പണ്ടു പറ്റിച്ചേർന്നു കിടന്ന ഈർപ്പം
കുടിച്ച തണുപ്പ്
പങ്കിട്ട ഇഷ്ടങ്ങൾ
കിട്ടിയ കരുതൽ" (2015: 30)

എല്ലാം നഷ്ടമായിരിക്കുന്നു എന്ന തിരിച്ചറിവിൽ തവള അവിടം വിട്ടുപോകുന്നു. ഒരു ജീവിയുടെ സ്വാതന്ത്ര്യത്തിന്റെ ജൈവസ്വഭാവത്തെക്കുറിച്ച് ആനന്ദ് പറയുന്നുണ്ട്. "ഏതെങ്കിലും ജീവിയെ സംബന്ധിച്ചിടത്തോളം അതിന്റെ സ്വാതന്ത്ര്യത്തിന്റെ ജൈവ

സ്വഭാവം എന്നാൽ അതിന്റെ അസ്തിത്വത്തിന്റെ പരിതഃസ്ഥിതിയിൽ അതിന് ഉപയോഗിക്കാൻ കഴിയുന്ന സ്വാതന്ത്ര്യം എന്നാകുന്നു" (2012: 19). ആ സ്വാതന്ത്ര്യമാണ് തവളയ്ക്ക് നഷ്ടമാകുന്നത്.

"വീട് മാറിക്കയറിയ ഒരാളുടെ
അമ്പരപ്പ് മാത്രമായിരിക്കാം
അപ്പോൾ അതിന്റെ മനസ്സിൽ" (2015:31)

എന്ന് തവളയുടെ മാനസികാവസ്ഥ കവിത വ്യക്തമാക്കുന്നു. 'ഹാവൂ പൊയ്ക്കിട്ടിയല്ലോ' എന്ന മനുഷ്യവർഗ്ഗത്തിന്റെ ആശ്വാസം എത്ര നാൾ നിലനിൽക്കും എന്ന ഉത്കണ്ഠ കവിതയിലുണ്ട്. മനുഷ്യ ഇടപെടൽ മൂലം വംശനാശം നേരിടേണ്ടിവരുന്ന തവളയെ അവതരിപ്പിക്കുന്നതിലൂടെ കവിത പാരിസ്ഥിതികമായ ഉത്കണ്ഠയാണ് വ്യക്തമാക്കുന്നത്. സ്വന്തം ആവാസസ്ഥാനങ്ങളിൽ നിന്ന് ജീവികളെ ഇല്ലായ്മ ചെയ്ത് നഗരങ്ങൾ സൃഷ്ടിക്കുകയും വികസനം കൊണ്ടുവരുകയും ചെയ്യുന്ന മനുഷ്യ പ്രവൃത്തികൾ കവിയിലുണ്ടാക്കുന്ന ആശങ്കയാണ് കവിതയുടെ ഉള്ളടക്കം. മനുഷ്യ ഇടപെടൽ മൂലം സ്വന്തം ആവാസം നഷ്ടമായി. ഭൂമി അപരിചിതമായി മാറുന്ന ജീവികളുടെ ഉത്കണ്ഠയുടെ ആവിഷ്കാരമാണീ കവിത. പാരിസ്ഥിതിക അനീതിയുടെ പ്രതിഫലനമാണ് 'അപരിചിതം'. സഹജീവികളുമായുള്ള വൈകാരിക ബന്ധങ്ങൾ ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഇന്ന് വികസിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി സാഹിത്യത്തെക്കുറിച്ച് ജി. മധുസൂദനൻ വിലയിരുത്തുന്നത് "നിലനില്പിന്റെ വലിയ സമസ്യകളുടെ, ഇന്നിന്റെ അരക്ഷിതത്വങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളുടെ, ഉന്നതമായ സാർവ്വലൗകിക പ്രാപഞ്ചിക സമസ്യകളുടെ ആവിഷ്കാരമാണ്" (2015: 141) എന്നാണ്. ഈ കവിതയിൽ തവളയുടെ ജീവിതം ഇത്തരം സമസ്യകളിലൂടെയാണ് കടന്നുപോകുന്നത്. തവളയ്ക്ക് പ്രകൃതിയിലുള്ള അസ്തിത്വത്തെ സ്ഥാപിക്കാൻ ശ്രമിക്കുന്നതിനാൽ ഈ കവിത ഗഹനപരിസ്ഥിതിവാദപരിധിയിൽ ഉൾപ്പെടുന്നു.

'ഇൻസ്റ്റലേഷൻ' എന്ന കവിതയിൽ മനുഷ്യന്റെ അതിക്രമങ്ങൾ അസഹ്യമാകുന്ന അവസരത്തിൽ

"മനുഷ്യനെ ചെറുതാക്കി
വല്ല മൂലയിലും വച്ചാൽ മതി
മണ്ണിരയ്ക്കും പുഴുവിനും ശേഷം
ഇടമുണ്ടെങ്കിൽ മാത്രം" (2015:34)

എന്നിങ്ങനെ എല്ലാ ജീവികൾക്കും ഇടം നൽകിയതിനുശേഷം മാത്രം മനുഷ്യന് ഇടം നൽകിയാൽ മതിയെന്ന് കവിത വ്യക്തമാക്കുന്നു. ഇവിടെ പ്രകൃതിപക്ഷ കാഴ്ചയുണ്ട്. മനുഷ്യൻ ഭൂമിയെ മുഴുവൻ അടക്കി വാഴുന്ന മനോഭാവത്തിനെതിരായാണ് കവിത പ്രവർത്തിക്കുന്നത്.

ജെ.സി.ബി.കൾ ഇല്ലാതാക്കുന്ന ജീവികളുടെ ചിത്രീകരണമാണ് മോഹനകൃഷ്ണൻ കാലടിയുടെ 'ഒറ്റയുറുമ്പൻ' എന്ന കവിത. മൺകൂനകളെ ഇടിച്ചുവീഴ്ത്തുന്ന മണ്ണുമാന്തി യന്ത്രങ്ങളെ കവിത പരാമർശിക്കുന്നു. യന്ത്രത്തിന്റെ വിശ്രമസമയത്ത് അതിലേക്ക് കയറിയ കുഞ്ഞുറുമ്പ് മണ്ണുമാന്തിയുടെ അകത്ത് ചെന്നു നിൽക്കുന്നു. അതിന്റെ കൈയിൽ പുരണ്ട മൺതരികൾ കുഞ്ഞുറുമ്പിന് പരിചിതമായതായിരുന്നു. തന്റെ മൺകൂട് തകർക്കപ്പെട്ടതറിഞ്ഞ്

"മൃദുലദന്തങ്ങളിൽ പ്രതികാരമോർത്തെടുത്ത്
അവനാഞ്ഞ് ചാഞ്ഞ് കടിച്ചുവത്രെ
ഒരുമാത്രയിക്കിളിപ്പെട്ടൊരു യന്ത്രമോ
നിലമറന്നാർത്തു ചിരിച്ചതത്രേ" (2013:188)

എന്നാൽ അതിന്റെ പ്രതികാരനടപടി ഫലം കണ്ടില്ല. മൺകൂനയോടൊപ്പം ഉറുമ്പും ഇല്ലാതാകുന്നു. മനുഷ്യരുടെ വികസന പ്രവർത്തനങ്ങളുടെ ഫലമായി സൂക്ഷ്മജീവി കൾക്ക് സംഭവിക്കുന്ന വംശനാശത്തിന്റെ ചിത്രീകരണമാണ് ഈ കവിത. മനുഷ്യന്റെ യന്ത്രങ്ങളും വികസനങ്ങളും പ്രകൃതിക്കും അവയിലെ സൂക്ഷ്മജീവികൾക്കും വരുത്തുന്ന നാശം പരിസ്ഥിതി സന്തുലനം ഇല്ലാതാക്കുന്നു. പ്രകൃതിയിൽ എല്ലാ ജീവ ജാലങ്ങൾക്കും തുല്യ അവകാശമുണ്ടെന്നു വാദിക്കുന്ന ഗഹനപരിസ്ഥിതിവാദവുമായി ഈ കവിതയെ ബന്ധപ്പെടുത്താം. കുഞ്ഞുറുമ്പുപോലുള്ള ജീവികളുടെ ജീവിക്കാനുള്ള അവകാശത്തെയാണ് ജെ.സി.ബി. പോലുള്ള യന്ത്രങ്ങൽ ഉപയോഗിച്ച് മനുഷ്യർ ഇല്ലായ്മ ചെയ്യുന്നത്. ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കും തുല്യ അവകാശമുണ്ടെന്ന വാദത്തെയും അത് ലംഘിക്കപ്പെടുന്ന അവസ്ഥയെയും 'ഒറ്റയുറുമ്പൻ' എന്ന കവിത വ്യക്തമാക്കുന്നു.

'ഫയർ' എന്ന കവിതയിൽ

"എക്സ്പ്രസ് ഹൈവേയുടെ ഓരത്ത്
ഉങ്ങുമരത്തയ്യ് നടാനൊരുങ്ങിയ
കിഴവനണ്ണാനെ
ജെ.സി.ബി. കയറ്റി ചതയ്ക്കുക" (2013:153)

എന്ന് വ്യക്തമാക്കുന്നു. വികസനത്തിനെതിരായും പരിസ്ഥിതിക്കനുകൂലമായും പ്രവർത്തിക്കുന്നവരെ നശിപ്പിക്കുക എന്ന മനോഭാവത്തെയാണ് കവിത അവതരിപ്പി ക്കുന്നത്. മരം വച്ചു പിടിപ്പിക്കുന്നത് വികസനവിരുദ്ധതയായി കാണുന്ന കാലഘട്ട മാണിത്. അത്തരം മനോഭാവത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

മോഹനകൃഷ്ണൻ കാലടിയുടെ 'മിനുക്കം' എന്ന കവിത മിന്നാമിനുങ്ങിന്റെ മിനുക്കം നഷ്ടപ്പെടുത്തിയ കുട്ടിക്കാലത്തിന്റെ നൊമ്പരമാണ്. കുട്ടിയായിരിക്കുമ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പുസ്തകത്തിൽ വന്നിരുന്ന മിന്നാമിനുങ്ങിനെ കുപ്പിയിലാക്കുമ്പോൾ അമ്മയുടെ സഹജീവി സ്നേഹം അതിനെ വിലക്കുന്നു.

"അമ്മ മാത്രം പറഞ്ഞതാണപ്പോഴും
അപ്പാവത്തിനെ വിട്ടയച്ചീടുവാൻ" (2013:98)

അനുസരിക്കാതെ കൂട്ടുകാർക്ക് കാണിക്കാനായി കുപ്പിയിലടച്ച മിന്നാമിനുങ്ങ് രാവിലെ ചത്തുകിടക്കുന്ന കാഴ്ച കുഞ്ഞുമനസ്സിനെ വേദനിപ്പിക്കുന്നു. ബാല്യ കൗതുകങ്ങൾക്ക് ഇരയാകുന്ന ജീവിയെയാണ് കവിത പ്രതിനിധീകരിക്കുന്നത്. വൈലോപ്പിള്ളിയുടെ 'എണ്ണപ്പുഴുക്ക'ളിലെ അമ്മയെപ്പോലെ സഹജീവിയെ കൊല്ലരുതെന്ന് ഇതിലെ അമ്മയും കുട്ടിയെ വിലക്കുന്നുണ്ട്. അമ്മയുടെ ഈ വാക്കുകളിലൂടെ കവിത ഗഹനപരിസ്ഥിതി വാദത്തിന്റെ ആശയധാര ഉൾക്കൊള്ളുന്നുണ്ട്.

'ഭൂമിയെ പണ്ടേ കേൾക്കേണ്ടിയിരുന്നു' എന്ന രേണുകുമാറിന്റെ കവിത ഭൂമിയെ അറിയാൻ വൈകിപ്പോയി എന്ന സൂചനയാണ് നൽകുന്നത്. മണ്ണിന്റെ ജൈവികത നശിപ്പിക്കുകയും അതിലെ ജീവികളെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന സമകാലിക സന്ദർഭത്തെ കവിത പ്രതിനിധീകരിക്കുന്നു. ചിതലിന്റെയും ഉറുമ്പിന്റെയും പറവക ളുടെയും ആട്ടാംപുഴുവിന്റെയും മണ്ണിരയുടെയും കുരുപ്പകളുടെയും ഉറവകളുടെയും ചെറിയ ശബ്ദങ്ങളെ മനുഷ്യർ കേൾക്കേണ്ടിയിരുന്നെന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യകേന്ദ്രിത ചിന്താഗതിയുടെ ഫലമായി സഹജീവികളെ ഒരു തരത്തിലും പരിഗണിക്കാത്ത വർഗ്ഗമായി മനുഷ്യർ മാറിയിരിക്കുന്നു. എന്നാൽ എല്ലാ ജീവികളും മരണാനന്തരം മണ്ണിലേക്ക് തന്നെയാണ് മടങ്ങുന്നതെന്നും അപ്പോൾ മാത്രമാണ് മനുഷ്യർ ഭൂമിയെ അറിയുന്നത് എന്നും കവിത സൂചിപ്പിക്കുന്നു. ജീവിതകാലത്ത് പ്രകൃതിയെയും മണ്ണിനെയും ഒരു തരത്തിലും മനസ്സിലാക്കാത്ത മനുഷ്യർ മരണശേഷം ഭൂമിയുടെ ഓരോ അണുവിനെയും അറിയുന്നു.

"മരണശേഷമാണ്
എല്ലാവരും ഭൂമിയെ
കേൾക്കാൻ തുടങ്ങുന്നത്
ചെവി മാത്രമല്ല
ഉടലാകെ അതിനോട്
ചേർത്തുവെച്ച്
അപ്പോൾ തോന്നും
ഭൂമിയെ പണ്ടേ
കേൾക്കേണ്ടിയിരുന്നുവെന്ന്" (2007:30)

പ്രകൃതിയിൽ നിന്നും അകന്നുള്ള ജീവിതമാണ് ഇത്തരം പാരിസ്ഥിതിക നാശങ്ങൾക്ക് ഹേതുവാകുന്നത്. ആധുനിക ജീവിതരീതികളെ വിമർശിക്കുന്നു കവിത. ഭൂമിയിലെ ഇതരജീവികളെ തുല്യതയോടെ പരിഗണിക്കണം എന്ന ഗഹനപരിസ്ഥിതി വാദചിന്ത യാണ് കവിതയുടെ കേന്ദ്രം. വീരാൻകുട്ടിയുടെ 'തീരെ ചെറിയ ഇനം ചില ഒച്ചകൾ' എന്ന കവിതയുമായി ഈ കവിതയ്ക്ക് സാദൃശ്യമുണ്ട്. ഇത്തരം പ്രകൃതി ശബ്ദങ്ങൾ കേൾക്കുന്നതിനൊപ്പം നശിപ്പിക്കപ്പെടുന്ന പ്രകൃതിയുടെ ശബ്ദങ്ങളും കേൾക്കണമെ ന്നാണ് വീരാൻകുട്ടി പറയുന്നത്. ഇത്തരത്തിൽ പ്രകൃതിശബ്ദങ്ങൾ കേൾക്കേണ്ടതിന്റെ ആവശ്യത്തക്കുറിച്ച് റെഡ് ഇന്ത്യനായ സിയാറ്റിൽ മൂപ്പൻ പറയുന്നുണ്ട്. "വെളുത്ത മനുഷ്യന്റെ നഗരങ്ങളിൽ സ്വസ്ഥതയുടെ ഇടങ്ങളില്ല. വസന്തകാലത്ത് ഇലകൾ ചുരുളഴിയുന്നത് കേൾക്കാനോ ഷഡ്പദത്തിന്റെ ചിറകുകൾ ഉരസുന്ന മർമ്മരം ചെവിയോർക്കാനോ സാധ്യമല്ല. ഒരുപക്ഷേ, ഞാനൊരു കാട്ടാളനായതുകൊണ്ടും ഒന്നും മനസ്സിലാകാത്തതുകൊണ്ടും തോന്നുന്നതായിരിക്കാം അത്. നഗരങ്ങളുടെ കലപിലാ ശബ്ദങ്ങൾ ചെവികളെ നിന്ദിക്കുന്നതായി തോന്നുന്നു. കതിരുകാണാക്കിളിയുടെ ഏകാന്തരോദനമോ രാത്രിയിൽ കുളക്കരയിൽ തവളകൾ നടത്തുന്ന സംവാദമോ ശ്രവിക്കാൻ സാധ്യമല്ലെങ്കിൽ പിന്നെ ജീവിതമെന്താണ്? ഞാനൊരു ചുവന്ന മനുഷ്യ നാകയാൽ എനിക്ക് മനസ്സിലാവുന്നില്ല. ഇന്ത്യക്കാരൻ ഇഷ്ടപ്പെടുന്നത് കുളത്തിന്റെ മുഖത്തിലൂടെ കാറ്റ് പാറുന്നതിന്റെ ശബ്ദവും ഒരു മധ്യാഹ്ന മഴയിൽ നനഞ്ഞ, അല്ലെങ്കിൽ പൈൻമരങ്ങളുടെ സുഗന്ധം അണിഞ്ഞ, കാറ്റിന്റെ മണവുമാണ്" (2014:36-37) എന്നിങ്ങനെ പ്രകൃതിശബ്ദം കേൾക്കാത്ത ജീവിതം ജീവിതമല്ല എന്ന് സിയാറ്റിൽ മൂപ്പൻ വ്യക്തമാക്കുന്നു. ഇതേ ആശയങ്ങൾ തന്നെയാണ് ഈ കവിതകളും ഉൾക്കൊള്ളുന്നത്.

രേണുകുമാറിന്റെ 'ഈയൽ' മഴയെയും മഴപ്പാറ്റയെയും കുറിച്ചുള്ള അവതരണമാണ്. കരിനീല മാനത്തുനിന്ന് തെങ്ങുകൾക്കിടയിലൂടെ ഒഴുകിവരുന്ന മഴയെ പെണ്ണായി കല്പിച്ചിരിക്കുന്നു. മഴയിൽ പച്ചനിറം പരത്തി നിൽക്കുന്ന പ്രകൃതിയെ കവിതയിൽ കാണാം.

"ഉടൽവിട്ട്
പറന്നുപോകുന്നു
അവളിൽനിന്ന്
നൃത്തച്ചുവടുകൾ
ഈയലുകളായ്" (2011:22)

എന്നിങ്ങനെ ഈയലുകൾ പറക്കുന്നതിനെ ഭൂമിയുടെ നൃത്തചുവടുകളായി കാണുന്നു. ഇവിടെ മഴയും ഈയലുകളും പ്രകൃതിയിലുണ്ടാക്കുന്ന മാറ്റമാണ് കവിത അവതരിപ്പിക്കുന്നത്. 'കളിപ്പള്ളിക്കൂടം' എന്ന കവിതയിൽ കുട്ടിക്കാലത്ത് കളിച്ച കളികളുടെ ഓർമ്മകളാണുള്ളത്. തെങ്ങിൽനിന്ന് കാളിക്കുഞ്ഞിനെയും പാടത്തെ വിള്ളലുകളിൽ നിന്ന് മാക്രിക്കുഞ്ഞുങ്ങളെയും പിടിച്ചപ്പോഴൊന്നും അവയുടെ അമ്മമാരെ ശ്രദ്ധിച്ചില്ല എന്ന കുറ്റബോധമാണ് കവിതയിലുള്ളത്. കാളിക്കുഞ്ഞിനെയും കടിയൻതുമ്പിയെയും വരാലിനെയും പിടിച്ചപ്പോഴൊന്നും തോന്നാത്ത മനോവേദന മൂന്നുവയസ്സുകാരനായ മകനെ പ്ലേസ്കൂളിൽ ടീച്ചറുടെ കൈകളിൽ വച്ചുകൊടുക്കുമ്പോഴാണ് അയാൾ അറിയുന്നത്.

"മാങ്കൊമ്പുകളുടെയും
അമ്മക്കാളിയുടെയും
മാക്രിക്കുഞ്ഞുങ്ങളുടെയും
കടിയൻ തുമ്പികളുടെയും
വരാൽ പാർപ്പുകളുടെയും
പിടിച്ചിലുകൾ
ചുറ്റും ഓടിക്കളിക്കുന്നത്" (2011:33)

എന്നിങ്ങനെ ആ ഘട്ടത്തിൽ അയാൾ താൻ ദ്രോഹിച്ച ജീവികളെയെല്ലാം ഓർമ്മിക്കുന്നു. മനുഷ്യരെപ്പോലെ ഇതരജീവികളിലും ഇണ, പുത്രൻ, മാതാവ്, പിതാവ് തുടങ്ങിയ രീതിയിലുള്ള ബന്ധങ്ങളുണ്ടെന്നും വേർപാട് അവയ്ക്കും ദുഃഖമാണെന്നും കവിത

ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ കളിപ്പാട്ടമായി ഇതരജീവികൾ ഉപയോഗിക്കപ്പെടുന്നു. തന്നെപ്പോലെ തന്നെയാണ് ചെറുജീവികളുടെയും വികാരവിചാരങ്ങൾ എന്ന തിരിച്ചറിവ് കവിതയിലുണ്ട്. അതുകൊണ്ടുതന്നെ ഗഹനപരിസ്ഥിതിവാദചിന്തയുടെ പ്രതിഫലനം കൂടിയാണീ കവിത എന്നു വ്യക്തമാകുന്നു.

'കെണിനിലങ്ങളിൽ' എന്ന സമാഹാരത്തിലെ 'വേരുകളുടെ അയൽപക്കമീവിധം' എന്ന കവിതയിൽ മണ്ണിരയെ അവതരിപ്പിക്കുന്നു. മരത്തിന്റെ ഇരകളെ വാഴ്ത്തുവാൻ എത്രയോ പേരുണ്ടെങ്കിലും വേരുകളെക്കുറിച്ച് പറയാൻ മണ്ണിര മാത്രമേയുള്ളൂ എന്ന് കവിത വ്യക്തമാക്കുന്നു.

> "ഇവൻ മണ്ണിര
> മരത്തുമ്പി-
> ലില ജന്മം
> കൊതിച്ചവൻ
> പുഴുവായ്
> നീ പിറന്നാൽ
> തീറ്റയായ്
> തളിർക്കുമെന്ന്
> വാതുവെച്ചവൻ" (2011:36)

എന്നിങ്ങനെ ഇലയായി തളിർക്കണമെന്ന് ആഗ്രഹിച്ചെങ്കിലും ചീഞ്ഞു നാറുന്ന ചതുപ്പുകളിൽ മണ്ണിരയായാണ് അവൻ മാറുന്നത്. കവിതയിൽ മരത്തിന്റെ വേരുകൾ ക്കാണ് പ്രാധാന്യമെങ്കിലും അതിനെ അറിയുന്നത് മണ്ണിരയ്ക്കാണെന്നും, വേരുകൾ എത്രമാത്രം കഠിനമായ അവസ്ഥയിലാണെന്നറിയണമെങ്കിൽ മണ്ണിരയായ് പിറക്കണ മെന്നും കവിത വ്യക്തമാക്കുന്നു.

ഉറുമ്പുകളുടെ ജീവിതമാണ് 'വ്രണിതലിപി' എന്ന എം.ആർ. രേണുകുമാറിന്റെ കവിത പ്രമേയമാക്കുന്നത്.

> "ഉറുമ്പുകൾ
> ക്കറിയാം
> കാലുകൾ
> പൊള്ളാതെ
> നാവ്

വറ്റാതെ
എങ്ങനെ
ഭൂമി
മുഴുവൻ
പരക്കം
പായാമെന്ന്" (2011:39)

കല്ലുകളിൽ എഴുതുകയും ഗുഹാചിത്രങ്ങളിൽ വിത്തുകൾ ഒളിപ്പിക്കുകയും ചെയ്യുന്ന രീതി ഉറുമ്പുകൾക്കറിയാമെന്ന് വ്യക്തമാക്കുന്നതിലൂടെ ഓരോ ചെറുജീവിക്കും അതിന്റേതായ ജീവിതപരിസരമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു.

രേണുകുമാറിന്റെ 'വീതം' എന്ന കവിത മരണശേഷമുള്ള ശരീരത്തിന്റെ വീതം വയ്പിന്റെ ആവിഷ്ക്കാരമാണ്. പലതും വീതം വച്ച് ജീവിച്ച ശരീരം.

"വീതം
വെക്കുമ്പോൾ
ആരും വന്നില്ല
പുഴുക്കളും മഴയുമല്ലാതെ" (2011:58)

എന്നിങ്ങനെയാണ് കവിത തുടങ്ങുന്നത്. മനുഷ്യരുടെ വീതംവയ്പുപോലെ വാക്കേറ്റമോ തർക്കമോ മഴയ്ക്കും വെയിലിനും പുഴുവിനുമൊന്നും ഉണ്ടായിരുന്നില്ല. മഴയ്ക്ക് തിടുക്കമുണ്ടെങ്കിലും പുഴു വളരെ പതുക്കെയാണ് ശരീരത്തെ പെറുക്കിയെടുത്തത്. പ്രകൃതിയെ വീതം വച്ച് ജീവിച്ച മനുഷ്യന്റെ മരണശേഷം പുഴുക്കളും മഴയും മാത്രമാണ് ശരീരം വീതം വയ്ക്കാൻ എത്തിച്ചേരുന്നതെന്ന യാഥാർത്ഥ്യത്തെ കവിത വ്യക്തമാക്കുന്നു.

യന്ത്രങ്ങളാൽ മാനസികമായും ശാരീരികമായും മുറിവേൽക്കപ്പെടുന്ന ജീവികളുടെ പ്രതിനിധിയായി 'അധികതുംഗ'പഥ'ത്തിൽ എന്ന സെബാസ്റ്റ്യന്റെ കവിതയിലെ പൂമ്പാറ്റ മാറുന്നു. തൊഴിലുറപ്പുപദ്ധതിയിലൂടെയും മറ്റും പാതയോരത്തെ പച്ചപ്പുകൾ വെട്ടിമാറ്റുമ്പോൾ സ്വന്തം ആവാസവ്യവസ്ഥ നഷ്ടപ്പെടുന്ന പൂമ്പാറ്റ പാതമുറിച്ചു കടന്ന് പുൽച്ചെടിയിൽ ചെന്നിരിക്കുന്നു.[14] മറുഭാഗത്ത്

"ഇലകൾക്കിടയിൽ കാത്തുസൂക്ഷിച്ച മക്കളെ
കുടിലയന്ത്രം വിഴുങ്ങി;
എല്ലാം പോയി" (2013:20)

അതുകണ്ട് കണ്ണടച്ച് കരഞ്ഞിരിക്കുമോ ആ ശലഭം എന്ന് കവിത ആശങ്കപ്പെടുന്നുണ്ട്. പൂമ്പാറ്റ മുറിച്ചു കടന്ന അതേ സീബ്രാവരകൾ യന്ത്രവും മുറിച്ചുകടക്കുന്നു. അതുകണ്ട് പേടിയോടെ കുതിച്ചുപൊങ്ങിയ പൂമ്പാറ്റയ്ക്ക് ഇരിക്കാൻ പുൽത്തലപ്പുകളൊന്നും ലഭിക്കാതെ അത് ആകാശത്തേക്ക് പറക്കുന്നു. മനുഷ്യന്റെ ജീവിതരീതികൾ ഇതര ജീവികളുടെ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നു. ഒന്നിരിക്കാൻ പോലും ഇടമില്ലാത്ത വിധം മരുഭൂവൽക്കരണത്തിലേക്കടുത്തു കൊണ്ടിരിക്കുന്ന ഭൂമിയുടെ അവസ്ഥയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. പൂമ്പാറ്റ പ്രതീകം മാത്രമാണ്. മനുഷ്യന്റെ ആർഭാടജീവിതവും അതിരുകവിഞ്ഞ വികസനനയങ്ങളും സ്വവർഗ്ഗപക്ഷപാതവും അനേകം ജീവജാലങ്ങളുടെ നാശത്തിനിടയാകുന്നു. അവയ്ക്ക് കൂടി അവകാശപ്പെട്ട ഇടത്തിൽനിന്നാണ് മനുഷ്യർ അവരെ പുറത്താക്കുന്നത്. അതുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതങ്ങൾ വളരെ വലുതായിരിക്കും. മനുഷ്യനൊപ്പം തന്നെ ഇതരജീവികൾക്കും തങ്ങളുടെ ആവാസവ്യവസ്ഥയിൽ നിലനിൽക്കാൻ അവകാശമുണ്ടെന്ന ഗഹന പരിസ്ഥിതിവാദത്തിന്റെ പരിധിയിൽ ഈ കവിതയെ ഉൾപ്പെടുത്താം. ഭൂമിയിൽ ഇടം നഷ്ടപ്പെട്ട് ആകാശത്ത് നിൽക്കാനിടം തേടുന്ന പൂമ്പാറ്റയുടെ അവസ്ഥയാണ് കവിത ആവിഷ്ക്കരിക്കുന്നത്.

'ചില്ലുതൊലിയുള്ള തവള' എന്ന സമാഹാരത്തിലെ 'സ്വന്തം' എന്ന കവിത പ്രകൃതിയെ സ്വന്തം അധികാരപരിധിയിലാക്കി അന്യജീവികൾക്ക് പ്രവേശനം നിഷേധിക്കുന്ന അവസ്ഥയെ പ്രതിനിധീകരിക്കുന്നു. ഭൂമി അളന്നു തിരിച്ച് വാങ്ങുന്നതുപോലെ സമുദ്രത്തെയും അളന്നുവാങ്ങി കച്ചവടമാക്കുന്ന അവസ്ഥയാണ് കവിത വെളിപ്പെടുത്തുന്നത്. ഇന്ത്യൻ മഹാസമുദ്രത്തിന്റെ വടക്കുപടിഞ്ഞാറായി വാങ്ങിയ ഒരേക്കർ സ്ഥലം സ്വന്തമാക്കി അതിന് അതിരിടുന്നു.

> "വേലികെട്ടിത്തിരിച്ച് ചില ബോർഡുകൾ എഴുതി വെച്ച്;
> 'ഇത് പൊതുവഴിയല്ല,
> ഇതിലൂടെ സഞ്ചാരം നിരോധിച്ചിരിക്കുന്നു'
> ഇപ്പോൾ വഴിമാറിയാണ് ജലജീവികളുടെ പോക്കുവരവ്" (2011:15)

ഇത്തരമൊരവസ്ഥ ഭൂമിയിൽ മനുഷ്യജീവികളുടെ ഒറ്റപ്പെടലിനാണ് ഇടയാക്കുകയെന്ന ബോധ്യമാണ് കവിത ഉന്നയിക്കുന്നത്. ആരെയും പ്രവേശിപ്പിക്കാത്ത ആ സമുദ്രഭാഗത്തിന്റെ അടിത്തട്ടിലെ പാറയിലിരുന്ന് വെള്ളം കുടിക്കുന്ന ചെറുതവളയെ തുരത്തുമ്പോൾ ആ സ്ഥലത്തെ വെള്ളം മുഴുവൻ കുടിച്ചു വറ്റിച്ചാണ് അത് അവിടം വിട്ടുപോകുന്നത്.

"നാലതിരുകളിലും ഭീമാകാരമായ ജലഭിത്തികളുമുള്ള
കാരാഗൃഹത്തിൽ
കിടങ്ങിലായി ഞാൻ" (2011:15)

എന്ന അവസ്ഥയാണ് മനുഷ്യനുണ്ടായത്. മനുഷ്യവർഗ്ഗത്തിന് പ്രകൃതിക്ക് വരാനിരിക്കുന്ന അവസ്ഥയാണിതെന്ന് കവിത ബോധ്യപ്പെടുത്തുന്നു. 'ചില്ലുതൊലിയുള്ള തവള' എന്ന കവിതയിൽ ഭൂമിയിൽ നിന്ന് മറ്റൊരു പ്രപഞ്ചത്തിലേക്ക് മാറാനാഗ്രഹിക്കുന്ന മനുഷ്യനുള്ള പോംവഴിയെന്നോണം ചില്ലുതൊലിയുള്ള തവളയെ അവതരിപ്പിക്കുന്നു.

"പിൻകാലുകൾ ഭൂമിയിൽ ഉറപ്പിച്ച്
മുൻകാലുകൾ നക്ഷത്രങ്ങളിൽ സ്പർശിച്ച്
ഉടനെ അത് ചാടും;
മറ്റൊരു പ്രപഞ്ചത്തിലേക്ക്" (2011:29)

എന്നിങ്ങനെ സ്നേഹിച്ച് മാത്രം ജീവിക്കാനായി മറ്റൊരു ലോകത്തിലേക്ക് പോകേണ്ട അവസ്ഥയിലെത്തിയിരിക്കുന്നു മനുഷ്യർ. എന്നാൽ അവിടെയും മനുഷ്യർ സ്ഥിരമായ സ്നേഹഭാവം പ്രകടിപ്പിക്കില്ല എന്ന് വ്യക്തമാണ്. അതുകൊണ്ടുതന്നെയാണ് മടുക്കുമ്പോൾ തിരിച്ചുകൊണ്ടുവരാൻ തവള അവിടെ കാത്തുനില്ക്കും എന്ന് കവി പറയുന്നു. അതായത് സമകാലിക ജീവിതരീതികളിൽ നിന്നുള്ള തിരിച്ചുപോക്ക് മനുഷ്യന് അസാധ്യമാണെന്ന് കവിത വ്യക്തമാക്കുന്നു.

'ഇരുട്ടുപിഴിഞ്ഞ്' എന്ന സമാഹാരത്തിലെ 'പാവം' എന്ന കവിതയിൽ ചിലന്തിയാണ് പരാമർശിക്കപ്പെടുന്നത്. കൂടാതെ പല്ലി, പാറ്റ തുടങ്ങിയ ചെറുജീവികളും കവിതയുടെ ഭാഗമാകുന്നു. ടോയ്‌ലറ്റിൽ കയറുമ്പോൾ കാണുന്ന ചിലന്തികളെയെല്ലാം ക്ലോസറ്റിലിട്ട് ഫ്ളഷ് ചെയ്യുന്ന ഗൃഹനാഥനെയാണ് കവിതയിൽ കാണുന്നത്. അവയെ തന്റെ കൺമുന്നിൽ നിന്നകറ്റിയെങ്കിലും മുൻകാലങ്ങളിൽ സ്വസ്ഥത നശിപ്പിച്ച ജീവികളെല്ലാം അയാളുടെ ഓർമ്മകളിലേക്ക് തിരിച്ചുവരുന്നു.[15] ചിലന്തിയും പാറ്റയും പല്ലിയുമെല്ലാം സ്വസ്ഥത കളഞ്ഞപ്പോൾ വീട്ടിൽ നിന്നും പുറത്തേക്കിറങ്ങുന്ന അയാളെ മരത്തവള അസ്വസ്ഥനാക്കുന്നു. ഇതരജീവികളുടെ ആവാസ ഇടം കൈയ്യേറി ജീവിക്കുന്ന മനുഷ്യന് അവയെ കാണുമ്പോൾ ഭയവും അറപ്പും ഉണ്ടാവുന്നു. മനുഷ്യജീവിതത്തിൽ നിന്ന് ചെറുജീവികളെയും പ്രകൃതിയെയും അകറ്റി നിർത്തുന്ന പുതിയ മനോഭാവത്തെ യാണ് കവിത അടയാളപ്പെടുത്തുന്നത്. ഇതര ജീവികളെ കാണുന്നത് തന്നെ അസ്വസ്ഥത സൃഷ്ടിക്കുന്ന മാനുഷിക അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

'പുണ്ണ്' എന്ന കവിത ഈച്ചകളെ പരാമർശിക്കുന്നു.

"ഈച്ചകൾ എവിടെ പോകാൻ?
ഈ വ്രണത്തിൽ നിന്നും" (2009:51)

എന്നിങ്ങനെ പുതുവസ്ത്രമണിഞ്ഞും സുഗന്ധം പൂശിയും മനുഷ്യർ വ്രണത്തെ മറയ്ക്കാൻ ശ്രമിക്കുമ്പോൾ ഈച്ചകളുടെ സ്ഥാനത്തെ ഇല്ലാതാക്കുകയാണ്. ശവത്തിലും, മലത്തിലും, ഛർദ്ദിലിലും ആശയുണ്ടെങ്കിലും വ്രണത്തോടാണ് ഈച്ചകൾക്ക് കൂടുതൽ താല്പര്യം. വ്രണത്തിലിരിക്കാനുള്ള ഈച്ചകളുടെ സ്വാതന്ത്ര്യത്തെ സുഗന്ധം പൂശി ഇല്ലാതാക്കുന്നതായി കവിത അടയാളപ്പെടുത്തുന്നു. 'പൈതൃകം' എന്ന കവിതയിൽ പാറ്റയുടെ പൈതൃകമാണ് വിഷയമാകുന്നത്. തങ്ങളുടെ പൂർവ്വികർ പാറ്റകൾ തന്നെയെന്ന് പരസ്പരം സംസാരിക്കുന്ന പാറ്റകളാണ് കവിതയിലുള്ളത്.

"നമ്മുടെ പൂർവ്വികർ
പാറ്റകളെന്ന സത്യം
അങ്ങനെ
തെളിയിച്ചുകൊടുക്കണം
ഈ വെറും മനുഷ്യർക്ക്" (2009:52)

എന്ന് പാറ്റകൾ പറയുന്നു. മനുഷ്യരെപ്പോലെ ചെറുജീവികൾക്കും പൈതൃകങ്ങളുണ്ടെന്ന് വ്യക്തമാക്കുന്നതിനൊപ്പം മനുഷ്യരെ വെറും മനുഷ്യൻ എന്നാണ് പാറ്റകൾ വിശേഷിപ്പിക്കുന്നത്. ഇതരജീവികൾക്കിടയിൽ ഒന്നുമാത്രമാണ് മനുഷ്യരെന്ന സത്യം കവിത ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയം കവിതയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാം.

സെബാസ്റ്റ്യന്റെ 'പഴയ' എന്ന കവിതയിൽ കുളങ്ങളിലും തോടുകളിലും കാണുന്ന ചെറുമീനുകൾ അപ്രത്യക്ഷമാവുകയും കുളങ്ങളുടെ സ്ഥാനത്ത് വീടുകളും വീടിനുള്ളിലെ ശ്വാസംമുട്ടിക്കുന്ന അക്വോറിയത്തിനുള്ളിൽ സ്വർണ്ണമീനുകളും സ്ഥാനം പിടിച്ച പാരിസ്ഥിതികാവസ്ഥയെ കവിത പ്രശ്നവത്ക്കരിക്കുന്നു.[16]

'ഉറുമ്പുകൾ' എന്ന കവിത വീട്ടിലെ ഉറുമ്പുശല്യത്തെക്കുറിച്ചുള്ള വീട്ടുകാരിയുടെ പരാതിയാണ്. ചുവരിലും കിടക്കയിലും സെറ്റിയിലും അടുക്കളയിലും കടന്നുകയറിയ ഉറുമ്പുകൾ അടിച്ചിട്ടും പൊടിയിട്ടിട്ടുമൊന്നും പോകുന്നില്ല.

“ചുവരും
സെറ്റിയും
കിടക്കയും
വീടുതന്നെയും അടിച്ചുകളയുക
ഇവയെല്ലാം
ഇല്ലാതാകുമ്പോൾ
ഉറുമ്പുകളും
ഇല്ലാതാവും” (2011:107)

എന്നിങ്ങനെ വീടിനെ തന്നെ ഇല്ലാതാക്കിയാൽ ഉറുമ്പുശല്യവും ഇല്ലാതാവും എന്ന് കവിത വ്യക്തമാക്കുന്നു. ഉറുമ്പിന്റെ ആവാസഇടങ്ങളാണത്. അതുകൊണ്ട് തന്നെ എത്ര അടിച്ചുകളഞ്ഞാലും അവ പോകില്ല എന്ന് കവിത വ്യക്തമാക്കുന്നു.

‘തച്ചുശാസ്ത്രം’ എന്ന കവിത പുതിയ വീടുകളിലെ ജീവിതസാഹചര്യങ്ങളിൽ ചെറുജീവികൾക്കുണ്ടാവുന്ന അസ്വസ്ഥത വ്യക്തമാക്കുന്നു.

“ടി.വി. കാണുക, മൊബൈൽ ഫോണിൽ
നോക്കിയിരിക്കുക,
എന്നീ ദിനചര്യങ്ങൾ മാത്രമാകട്ടെ
വീടടക്കം ജോലി.
പല്ലികൾ, പാറ്റകൾ, എട്ടുകാലികൾ, കൂറകൾ
തുടങ്ങിയ അന്തേവാസികൾ
ഈ മനുഷ്യരുടെ അവസ്ഥ കണ്ട്.
ഓടിപ്പോകട്ടെ എവിടേക്കെങ്കിലും” (2017:14)

എന്നിങ്ങനെ ടി.വിയിലും, മൊബൈലിലും സമയം കളയുന്ന വീടുകളിൽ നിന്ന് പ്രാണികളടക്കം ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. മനുഷ്യരുടെ പുതിയ ജീവിതരീതികളിൽ ചെറുജീവികൾ പോലും അസ്വസ്ഥരാകുന്നതായി കവിത അടയാളപ്പെടുത്തുന്നു.

മണ്ണിനെ നമിക്കുന്ന പൂമ്പാറ്റയെ അവതരിപ്പിക്കുന്നു ‘അർത്ഥം’ എന്ന കവിത. പൂമ്പാറ്റ വാനിൽ നിന്നിറങ്ങിവന്ന് മണ്ണിനെ മുത്തമിട്ട് നമിക്കുന്നതെന്തിനെന്ന് ഉടുമ്പിനും വേട്ടാളനും ഉറുമ്പിനും മനസ്സിലായില്ല. എന്നാൽ

"പൂക്കളിൽ തേൻ നിറച്ച്
തങ്ങൾക്കു നൽകുന്ന
പൂമരങ്ങളെ പേറുന്ന ഭൂമിയെ നമിച്ച്
ഉമ്മ വെക്കുന്ന
ശലഭമതെന്ന്
ചീവിടുകൾ ഒന്നിച്ചാർത്ത് പാടി" (2017:36)

എന്നിങ്ങനെ തങ്ങളുടെ നിലനില്പ് സാധ്യമാക്കുന്നത് ഭൂമിയാണെന്ന തിരിച്ചറിവ് പൂമ്പാറ്റകൾക്കും മറ്റു ജീവികൾക്കുമുണ്ടെന്നും മനുഷ്യനും അത്തരമൊരു തിരിച്ചറിവിലേക്കെത്തണമെന്നുമാണ് കവിത സൂചിപ്പിക്കുന്നത്.

എസ്. ജോസഫിന്റെ 'ചിത്രശലഭങ്ങൾ' എന്ന കവിതയിൽ പൂമ്പാറ്റയുടെ ചിറകിലെ ചിത്രങ്ങളെ വർണ്ണിക്കുന്നു.

"രണ്ടു കൈയിലും ചിത്രങ്ങൾ പിടിച്ച് പറന്നു നടക്കുന്ന
ചിത്രകാരന്മാരും ചിത്രകാരികളുമാണ് ചിത്രശലഭങ്ങൾ" (2013:29)

എന്നിങ്ങനെ മനുഷ്യരെക്കാൾ മുന്നെ ചിത്രരചനയിൽ പൂമ്പാറ്റകൾ ശോഭിച്ചതായി വ്യക്തമാക്കുന്ന കവിത പൂമ്പാറ്റകളുടെ പിറകെ ചിത്രങ്ങൾ പിടിച്ചു നടന്ന മനുഷ്യരെയും പരാമർശിക്കുന്നു.

'അക്വേറിയം' എന്ന കവിത പ്രപഞ്ചരീതിയുടെ പ്രതിഫലനമാകുന്നു. എല്ലാ ജീവികളും ജീവിക്കുന്ന അനുഭവപരിസരം ഒന്നു തന്നെയെന്ന യാഥാർത്ഥ്യത്തിലാണ് കവിത ഊന്നുന്നത്.

"മീനുകൾ വെള്ളത്തിൽ ജീവിക്കുന്നു
എങ്കിൽ മനുഷ്യരും മൃഗങ്ങളും പക്ഷികളുമെല്ലാം
വായുവിലാണ് ജീവിക്കുന്നത്?"(2013:30)

എന്നിങ്ങനെയുള്ള ജീവിതപരിസരത്തെ മണ്ണ്, ഫ്ളാറ്റ്, മരം, ഗുഹ എന്നിങ്ങനെ വേർതിരിക്കേണ്ട ആവശ്യമില്ലെന്ന് കവിത ബോധ്യപ്പെടുത്തുന്നു. വെള്ളവും, വായുവും രണ്ട് ആവാസവ്യവസ്ഥകളാണ്. എല്ലാജീവികളും അവിടെയാണ് ജീവിക്കുന്നത്. ഗഹനപരിസ്ഥിതിവാദചിന്തയാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്. കടലിനെയും കരയെയും അക്വേറിയമായാണ് കവിത അതരിപ്പിക്കുന്നത്. ജലജീവികൾക്ക് വെള്ളവും കരജീവികൾക്ക് വായുവുമാണ് ജീവന്റെ അടിസ്ഥാനമെന്നും വെള്ളവും വായുവും ഒരേ

ഘടകങ്ങൾ കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത് എന്നുമുള്ള പരാമർശത്തിൽ നിന്ന് എല്ലാ ജീവികളുടെയും പ്രാണന്റെ ആധാരം ഒന്നുതന്നെയെന്ന ശാസ്ത്രീയതയാണ് അവതരിപ്പിക്കപ്പെടുന്നത്. ജലജീവികളും കരജീവികളും എന്ന വേർതിരിവിനുമാത്രമേ അടിസ്ഥാന പ്രാധാന്യമുള്ളൂ. അതിലുപരി മറ്റു ജീവികളെക്കാൾ ഉന്നതമായ ഒരു സ്ഥലത്തിന് മനുഷ്യർക്ക് അവകാശമില്ലെന്ന ചിന്തകൂടി കവിതയുടെ അന്തർധാരയിൽ പ്രവർത്തിക്കുന്നു.

സ്വന്തം കരവിരുതും കലാസൃഷ്ടിയും അഭിമാനത്തോടെ ഉയർത്തിക്കാട്ടുകയും അവയാൽ താൻ ഇതരജീവികളിൽ നിന്നും വ്യത്യസ്തനാണെന്ന് അഭിമാനിക്കുകയും ചെയ്യുന്ന മനുഷ്യധാരണകളെ തിരുത്തുകയാണ് 'പക്ഷികളും മൃഗങ്ങളും' എന്ന കവിതയിലൂടെ എസ്. ജോസഫ്. പക്ഷികളും മൃഗങ്ങളും പ്രാണികളുമെല്ലാം കലാകാരന്മാരും കലാകാരികളുമാണെന്ന് കവിത വ്യക്തമാക്കുന്നു.

"പ്രകൃതിശീലങ്ങളാൽ
അവ ശബ്ദങ്ങളുണ്ടാക്കുന്നു, ചലിക്കുന്നു
വാസസ്ഥലങ്ങൾ ഉണ്ടാക്കുന്നു.
അതിന്റെയെല്ലാം ഭംഗികൾ ഒന്നുവേറെയാണ്
ശലഭപ്പുഴുവിന്റെവീട് നോക്കി നിന്നുപോകേ
ആ വീടിന്റെയുള്ളിലെ സുഖം കൊതിച്ചു പോകും" (2013:31)

എന്നിങ്ങനെ ഓരോ ജീവിക്കും അവയുടെ അതിജീവനത്തിനാവശ്യമായ കലാചാരുതയുണ്ടെന്നും മനുഷ്യരെക്കാൾ ഭംഗിയുള്ള ശബ്ദങ്ങളും ചലനങ്ങളുമാണ് അവയുടേതെന്നും കവിത വ്യക്തമാക്കുന്നു. എലിമാളങ്ങൾ പോലെ ഉൾവഴികൾ തിരിയുന്ന കവിതയെഴുതാൻ സാധിച്ചിരുന്നെങ്കിൽ എന്നും കവിത ആഗ്രഹിക്കുന്നു. ഇതരജീവികളുടെ ജീവിതസൂക്ഷ്മതകൂടി കവിത അവതരിപ്പിക്കുന്നു.

'കോളേജിന്റെ ചുമരിൽ' എന്ന കവിത വംശനാശത്തെ വിഷയമാക്കുന്നു. വംശനാശം വന്നുവെന്ന് കരുതിയ നാട്ടുമീനുകളെക്കുറിച്ചുള്ള വാർത്തയോടൊപ്പം വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവികളിലേക്ക് കവിത ശ്രദ്ധിക്കുന്നു.

"നാളെ ഇതുപോലെ ഒരുവാർത്തയാവില്ലേ
എന്റെ വംശവും
എന്ന ചിന്ത
കടന്നു വരുന്നു" (2013: 39)

മനുഷ്യന്റെ അതിരു കവിഞ്ഞ പാരിസ്ഥിതിക ഇടപെടലുകളാണ് പലജീവികളുടെയും വംശനാശത്തിന് കാരണമായത്. കൃഷിയിടങ്ങളിലുപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും ജലാശയങ്ങളിലെത്തുക വഴി ജലജീവികൾ ഇല്ലാതാകുന്നു. ഇത്തരമൊരവസ്ഥയെക്കുറിച്ച് 'നിശബ്ദവസന്തം' എന്ന കൃതിയിൽ റേച്ചൽ കഴ്സൺ വ്യക്തമാക്കുന്നുണ്ട്. മലീനീകരണവും മണൽവാരലും ജലാശയങ്ങൾ നികത്തലുമെല്ലാം ഇത്തരത്തിലുള്ള വംശനാശങ്ങളുടെ പട്ടിക വർദ്ധിപ്പിക്കുന്നു. ഭൂമിയിൽ സ്വാഭാവികമായി വംശനാശങ്ങൾ സംഭവിക്കാറുണ്ടെങ്കിലും മനുഷ്യഇടപെടൽ മൂലമുണ്ടാകുന്ന വംശനാശങ്ങൾ ആശങ്കാജനകമാണ്. മീനുകളുടെ നാശം കുളങ്ങളുടെയും ആറുകളുടെയും നാശം കൂടിയാണെന്ന് കവിത ബോധ്യപ്പെടുത്തുന്നു. കടുവ, സിംഹം, തുടങ്ങിയ പലജീവികളുടെയും വംശനാശഭീഷണിയെ തിരിച്ചറിഞ്ഞ് മനുഷ്യർ അവയെ സംരക്ഷിക്കുന്നു. മനുഷ്യന്റെ പ്രകൃതിയിന്മേലുള്ള കടന്നുകയറ്റമാണ് അവയുടെ വംശനാശത്തിന് കാരണമാകുന്നതെങ്കിലും മനുഷ്യർ കൃത്രിമ പ്രകൃതിസൃഷ്ടിച്ച് അവയെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. മറ്റു ജീവിവർഗ്ഗങ്ങളുടെ നാശം മനുഷ്യനെന്ന ജീവിയുടെ വംശനാശത്തിലേക്കുള്ള അകലം കുറയ്ക്കുന്നു എന്ന ഭയമാണ് കവിത പങ്കുവെയ്ക്കുന്നത്. പുതിയ ജീവിതസാഹചര്യങ്ങൾ ഇത്തരമൊരു വംശനാശത്തിലേക്കാണ് നമ്മെ നയിക്കുന്നത് എന്ന ബോധ്യം അവതരിപ്പിക്കുന്ന കവിത മനുഷ്യകേന്ദ്രിതമായ കാഴ്ചപ്പാടാണ് മുന്നോട്ടു വയ്ക്കുന്നത്. മറ്റു ജീവികൾ ഇല്ലാതായാൽ മനുഷ്യരും ഇല്ലാതാകും എന്ന ഭയമാണ് കവിതയിൽ പ്രവർത്തിക്കുന്നത്.

'കാരി' എന്ന കവിത ജലാശയങ്ങൾ നികത്തുന്നതിനെ വിമർശിക്കുന്നു. ഒരിനം മത്സ്യമാണ് കാരി. വഴുവഴുപ്പുള്ള ദേഹവും രണ്ടുകൊമ്പുമുള്ള ഈ മത്സ്യം തോടുകളിലും കുളങ്ങളിലും പാടങ്ങളിലുമെല്ലാമുണ്ടായിരുന്നു. വംശനാശഭീഷണി നേരിടുന്ന കാരിയുടെ കുത്തേറ്റാൽ അതിന്റെ ഇഴുക്കൽ (വഴുവഴുപ്പ്) തന്നെ മരുന്നാകുന്നു. ജലാശയങ്ങൾ നികത്തിയതും രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുള്ള കാർഷികരീതികളും മറ്റു മലിനീകരണങ്ങളും 'കാരി'എന്ന മത്സ്യയിനത്തെ നശിപ്പിച്ചു. പ്രകൃതി നല്കുന്ന വേദനകൾക്ക് പ്രകൃതിതന്നെ പ്രതിവിധിയും നൽകുന്നു. അതിനെയെല്ലാം നശിപ്പിക്കുന്ന മനോഭാവമാണ് മനുഷ്യർ സ്വീകരിച്ചിരിക്കുന്നത്.[17] 'വീടുപണിക്കാർ പാടുന്നു' എന്ന കവിതയിൽ കാലവർഷത്തോടൊപ്പം ഇടിഞ്ഞുപോയ വീട്ടിൽ പല്ലിയും പാമ്പും പഴുതാരയും തവളയുമെല്ലാം ഓരോ മൂലയിലെത്തിയതായി പരാമർശിക്കുന്നു. പട്ടിണിയും ദുരിതവും സ്വന്തമായി വീടുകെട്ടാനില്ലാത്ത അവസ്ഥയുമാണ് കവിതയ്ക്കു വിഷയം.

ആധുനികതാനന്തരഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ വി.ടി. ജയദേവനിൽ മാത്രമാണ് ചെറുജീവികൾ പൊതുവെ പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെട്ടുകാണാതിരിക്കുന്നത്.

## 3.2. ഉരഗങ്ങൾ

നാടോടിവാങ്മയങ്ങളിലും ഓരോ കാലഘട്ടത്തിലെയും മലയാള കവിതയിലും പരാമർശിക്കപ്പെടുന്ന ഉരഗങ്ങളെക്കുറിച്ചാണ് ഈ ഭാഗത്ത് വ്യക്തമാക്കുന്നത്.

ഇടവഴിയിലൂടെ കരിവടിയോടി, ദാ കിടന്ന കരിവടി എടുക്കാൻ ചെന്നപ്പോളോടി, പിരിക്കാത്ത കയറേത്, കാലില്ലാത്തവൻ നീന്തി (പാമ്പ്), എന്റച്ഛൻ ഒരു കാളയെ വാങ്ങി കെട്ടാൻ ചെന്നപ്പോൾ തലയില്ല, അടിയും മുകളും തട്ടിട്ടിരിക്കുന്ന തച്ചനാര്, അകത്തിരുന്നു പുറത്തേക്കു തല നീട്ടി, അപ്പം പോലെ ഒരുണ്ട അല്പം മാത്രം തല (ആമ), ആശാരി മൂശാരി തൊടാത്തമരം വെള്ളത്തിലിട്ടാൽ ചീയാമരം(മുതല), നാലു കാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ടോയി (പാമ്പ് തവളയെ പിടിക്കുന്നത്) എന്നിങ്ങനെ ഉരഗങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകളുണ്ട്. മനുഷ്യരുടെ ആവാസ വ്യവസ്ഥയുമായി അടുത്തിടപഴകുന്ന പാമ്പിനെക്കുറിച്ചാണ് കടങ്കഥകൾ കൂടുതലുള്ളത്. മനുഷ്യന്റെ ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നവയാണ് ഇത്തരം കടങ്കഥകൾ.

പാമ്പ് ഉറയൂരുന്നതുപോലെ, പാമ്പും ചേമ്പും ചെറുതുമതി, പാമ്പു ചത്തേടത്ത് പരുന്തെത്തും, പാമ്പിനു പാലുകൊടുത്താലും ഛർദ്ദിക്കുന്നതു വിഷം, അരണ കടിച്ചാൽ ഉടനെ മരണം, അരണയുടെ ബുദ്ധി, ആളു കൂടിയാൽ പാമ്പ് ചാവില്ല, ഊമ ഊരു കെടുത്തും ആമ കിണറു കെടുത്തും, പച്ചോന്ത് തഞ്ചത്തിന് നിറം മാറും, ഓന്തിന് വേലി സാക്ഷി വേലിക്ക് ഓന്ത് സാക്ഷി, ഓന്തോടിയാൽ വേലിയോളം, ഓന്ത് ചോര കുടിക്കുന്നതുപോലെ, ഓന്ത് കൊട്ടപ്പാല് കുടിച്ചപോലെ, ഓന്തിനെക്കൊന്നാലൊഴക്കു പുണ്യം, മുതലക്കുഞ്ഞിനെ നീന്തൽ പഠിപ്പിക്കേണ്ട, മുതലപിടിച്ചാൽ മുതലയെ തഴുകണം, മുതലയുടെ മൂക്കിൽ വെള്ളമില്ലാതിരിക്കില്ല, എന്നിങ്ങനെ ഉരഗങ്ങളുമായി ബന്ധപ്പെട്ട് നിരവധി പഴഞ്ചൊല്ലുകളുണ്ട്. ഇവയിൽ മിക്കതും മനുഷ്യരുടെ സ്വഭാവ രീതികളെയാണ് പ്രതിഫലിപ്പിക്കുന്നത്. മനുഷ്യസ്വഭാവങ്ങളെ ഉരഗസ്വഭാവങ്ങളുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഉരഗങ്ങളുടെ ശാരീരികവും പ്രവർത്തിപരവുമായ സ്വഭാവങ്ങളെക്കൂടി കടങ്കഥകളും പഴഞ്ചൊല്ലുകളും ഉൾക്കൊള്ളുന്നു.

## 3.2.1. വർണ്ണനകൾ

### 3.2.1.1. പ്രാചീനമധ്യകാലഘട്ടം

ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ സമാഹരിച്ച കേരളഭാഷാ ഗാനങ്ങൾ എന്ന കൃതിയിൽ 'നാഗത്തോറ്റ'മുണ്ട്. നാഗങ്ങളെ ആരാധിക്കുന്ന രീതി നിലനിന്നിരുന്ന കാലഘട്ടത്തിൽ പിറവികൊണ്ടതാവാം ഈ പാട്ട്. പാമ്പിന്റെ ഉത്ഭവം തൊട്ടുള്ള കാര്യങ്ങൾ ഈ പാട്ടിൽ വിശദീകരിക്കുന്നുണ്ട്.

"ഒന്നാന്തിങ്കളിലൊരു രൂപമായി
രണ്ടാതിങ്കളിലൊരു രൂപമായി
മൂന്നാം തിങ്കളിൽ മുട്ടവിരിഞ്ഞു
നാലം തിങ്കളിൽ നാഗരസമോതി" (1979:74)

എന്നിങ്ങനെ വളർച്ചയുടെ ഘട്ടങ്ങൾ വിശദമാക്കുന്നു. അതിനുശേഷം പൂവിനലങ്കാര മായും കായും പറമ്പിൽ മേഞ്ഞും ആടിവരാൻ പാമ്പിനെ പ്രാർത്ഥിക്കുന്നു. നാഗാരാധ നയാണിത്. കുട്ടികളുണ്ടാകുന്നതിനായി പാമ്പിനെ പൂജിക്കുന്ന രീതി നിലനിന്നിരുന്നു.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ രാമലക്ഷ്മണന്മാർ ദണ്ഡകാരണ്യവനത്തിൽ പ്രവേശിച്ച സന്ദർഭത്തിൽ മഹാവനത്തിലെ മൃഗസമൃദ്ധി വർണ്ണിക്കുമ്പോൾ ക്രൂരസർപ്പങ്ങൾ നിറഞ്ഞ വനം എന്നാണ് പരാമർശിക്കുന്നത് (2012:151).

പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ അദ്ധ്യാത്മരാമായണത്തിൽ മാത്രമാണ് ഉരഗങ്ങൾ പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**3.2.1.2.** കവിത്രയകാലത്തിലും കവിത്രയത്തിനുശേഷമുള്ള കാലത്തിലും ഉരഗങ്ങൾ പൊതുവെ ശ്രദ്ധേയമായ വർണ്ണനകളായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

### 3.2.1.3. ആധുനികതാഘട്ടം

ഡി. വിനയചന്ദ്രന്റെ 'നാഗസൂക്തം' എന്ന കവിതയിൽ നാഗരാജാവെന്ന സങ്കല്പത്തെയും ഇതിഹാസപുരാണകഥാപാത്രങ്ങളായി പ്രത്യക്ഷപ്പെട്ട നാഗങ്ങളെയും പരാമർശിക്കുന്നു. പിതാമഹന്റെ തൂലികയായി വേദമന്ത്രങ്ങൾ രചിച്ച നാഗവും വസുദേവന്റെ കുഞ്ഞിന് കുടപിടിക്കുകയും ഭൂമിയുടെ ഭാരം ശിരസ്സാവഹിക്കുകയും ചെയ്ത നാഗവുമുണ്ട്. കൂടാതെ ദിഗംബരന് അരഞ്ഞാണമായും ഉണ്ണിഗണപതിക്ക് ഉപനയനസൂത്രമായും ഋതുരാജനായ കുമാരന് അറിവു നൽകുന്ന വടിവേലുവായും രാഹുവായും കേതുവായും അമൃതെടുക്കാനുള്ള വടമായും പാമ്പ് അവതരിപ്പിക്കപ്പെട്ടു.

പുരാണങ്ങളിൽ പരാമർശിക്കപ്പെട്ട പാമ്പുകളെയും കിണറ്റിലെ വള്ളിപ്പടർപ്പിൽ തലകുത്തനെ നിൽക്കുന്ന പാമ്പിനെയും അഹങ്കാരിയായ പരീക്ഷിത്തിന്റെ ആയുസ്സൊടുക്കുന്ന പാമ്പിനെയും പരാമർശിക്കുന്ന കവിത ആദ്യകാലം മുതലുള്ള നാഗചരിത്രങ്ങളെ കവിതയിലൂടെ വ്യക്തമാക്കുന്നു.

ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ വിനയചന്ദ്രനിൽ മാത്രമാണ് ഉരഗങ്ങൾ താരതമ്യേന വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 3.2.1.4. ആധുനികതാനന്തരഘട്ടം

എസ്. ജോസഫിന്റെ 'അറിയാതെ' എന്ന കവിതയിൽ

"പാമ്പെന്ന് സ്വയമറിയാതെ
മണ്ണിനെ മണ്ണെന്നറിയാതെ
പാമ്പിഴഞ്ഞുപോകുന്നു.
കയ്യാലപ്പുറത്തോ പാടവരമ്പത്തോ മരപ്പോടിലോ
പടം പൊഴിച്ചിട്ടുപോകുന്നു" (2013:66)

എന്നിങ്ങനെ പാമ്പിനെക്കുറിച്ച് പരാമർശിക്കുന്നു.

ഈ ഘട്ടത്തിൽ എസ്. ജോസഫിൽ മാത്രമാണ് ഉരഗങ്ങൾ പൊതുവെ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടുകണ്ടത്.

## 3.2.2. സദൃശ്യകല്പനകൾ

#### 3.2.2.1. രൂപപരം

തെരഞ്ഞെടുത്ത മലയാളകവിതയിൽ ഏതുകാലഘട്ടത്തിലും ഉരഗങ്ങളെക്കുറിച്ചുള്ള രൂപപരമായ കല്പനകൾ പൊതുവെ കണ്ടെത്താൻ കഴിഞ്ഞില്ല.

#### 3.2.2.2. ഭാവപരം

#### 3.2.2.2.1. പ്രാചീനമധ്യകാലഘട്ടം

'ചന്ദ്രോത്സവ'ത്തിൽ നായികയായ മേദിനീവെണ്ണിലാവിന്റെ ജനനത്തിനായി അമ്മ സർപ്പങ്ങളെ പൂജിക്കുന്നതായി പറയുന്നു. അക്കാലത്ത് നിലനിന്നിരുന്ന സർപ്പാരാധനയുടെ സൂചനയാണിത്. മനുഷ്യർക്ക് സന്തതിപരമ്പരകൾ ഉണ്ടാവാനായി സർപ്പങ്ങളെ ആരാധിക്കുന്നു.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ രാമൻ സീതയെ വനത്തിലുപേക്ഷിച്ച സന്ദർഭത്തിൽ സീതയുടെ ദുഃഖം കാണാനാവാതെ പാമ്പുകൾ പൊത്തുകളിൽ ഒളിക്കുന്നു എന്നു പരാമർശമുണ്ട് (2012:508).

നളനാൽ ഉപേക്ഷിക്കപ്പെട്ട ദമയന്തി പെരുമ്പാമ്പിന്റെ വായിലകപ്പെടുകയും കാട്ടാളൻ രക്ഷകനായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന സന്ദർഭം 'നളചരിത'ത്തിലുണ്ട്. കാട്ടിൽ അലഞ്ഞുനടക്കുന്ന നളൻ കാർക്കോടകൻ എന്ന സർപ്പത്തെ കാട്ടുതീയിൽ നിന്നും രക്ഷിക്കുന്നതും കാർക്കോടകന്റെ ദംശമേറ്റ് നളൻ വിരൂപനാകുന്നതും അത് കലിബാധയൊഴിയുന്നതിനു വേണ്ടിയാണെന്ന് കാർക്കോടകൻ അറിയിക്കുന്നതുമായ നളചരിതഭാഗങ്ങൾ സർപ്പപരാമർശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. മനുഷ്യരെ പോലെ പേരും സവിശേഷ വ്യക്തിത്വവുമുള്ള കഥാപാത്രമാണ് നളചരിതം ആട്ടക്കഥ യിലെ കാർക്കോടകൻ എന്ന സർപ്പം. മനുഷ്യത്വം ആരോപിക്കപ്പെടുന്ന സർപ്പ സങ്കല്പമാണിത്. മനുഷ്യരെപ്പോലെയാണ് കാർക്കോടകൻ പെരുമാറുന്നത്. സംസാര ശേഷി ഉണ്ട്, പ്രവചനം, അനുഗ്രഹം, വസ്ത്രദാനം എന്നിവയെല്ലാം മനുഷ്യരീതികളാണ്. കാട്ടുതീയിൽ അകപ്പെട്ട സർപ്പത്തിന്റെ നിലവിളിയാണ് നളൻ കേൾക്കുന്നത്. തീയിൽപെട്ട മനുഷ്യനെപ്പോലെയാണ് കാട്ടുതീയിൽ അകപ്പെട്ട കാർക്കോടകൻ നിലവിളിക്കുന്നത്. അനുഗ്രഹശേഷിയുള്ള മഹർഷിമാരെപോലെയാണ് കദ്രുപുത്രനായ കാർക്കോടകൻ പെരുമാറുന്നത്. കാർക്കോടകന്റെ പാദങ്ങളെ കൂപ്പിത്തൊഴുന്നു നളൻ. സർപ്പാരാധാ നാരീതി ഇവിടെയും കാണുന്നു.

പ്രാചീനമധ്യകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കൃതികളിൽ ചന്ദ്രോത്സവത്തിലും അദ്ധ്യാത്മരാമായണത്തിലും നളചരിതത്തിലും മാത്രമാണ് ഉരഗങ്ങളെ താരതമ്യേന ഭാവപരമായ കല്പനകളായി അവതരിപ്പിച്ചു കാണുന്നത്.

### 3.2.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിൽ പ്രണയത്തെ പെരുമ്പാമ്പിനോടു പമിച്ചതായി കാണുന്നു.

> "ക്ഷണമാത്രവിയോഗമുൾത്തടം
> വ്രണമാക്കും പടി വാച്ചതെങ്കിലും
> പ്രണയം, തലപൊക്കിടാതെയി-
> ന്നണലിപ്പാമ്പുകണക്കെ നിദ്രയായ്" (2013:427)

അല്പനേരത്തെ വേർപാടുപോലും മനസ്സിൽ വ്രണമുണ്ടാക്കുന്നതെങ്കിലും പലതരം വികാരങ്ങളാൽ സ്തബ്ധമായിത്തീർന്ന പ്രണയം പെരുമ്പാമ്പുപോലെ നിദ്രയിലായി എന്ന് വിശദമാക്കുന്നു. തീവ്രമായിരുന്ന പ്രണയം അണലിപാമ്പിന്റെ നിദ്രകണക്കെ സുഷുപ്താവസ്ഥയിലായിരിക്കുന്നു. പൂർണ്ണമായും ഇല്ലാതായിട്ടില്ല എന്നും ഉണരാൻ സാധ്യതയുണ്ട് എന്നുമാണ് അണലിപാമ്പിന്റെ നിദ്രാപരാമർശത്തിലൂടെ വ്യക്തമാക്കുന്നത്.

വള്ളത്തോളിന്റെ 'മഗ്ദലനമറിയ'ത്തിൽ മറിയത്തിന്റെ സമ്പത്തിനെ പാമ്പാകുന്ന തലയണയെന്നാണ് കല്പിക്കുന്നത്. ദുർവ്യാപാരത്താൽ ഉണ്ടായധനം തിരിച്ചു കടിക്കുന്ന പാമ്പാണെന്ന് വിവക്ഷ.[18] 'ചിത്രയോഗ'ത്തിൽ താരാവലിയുടെ വിരഹത്തെക്കുറിച്ചു വർണ്ണിക്കുന്നത്.

"വിഷഭൃത്തുകളോടു ചേർച്ചമൂലം
വിഷമുൾപ്പെട്ടിതു ചന്ദനത്തിനെന്നോ!
വിഷഹിക്കരുതാത്തതിൻ വിലേപാൽ
വിഷമിച്ചൂ വിരഹാർത്തയാം കുമാരി" (2011:457)

എന്നിങ്ങനെ വിഷസർപ്പത്തിന്റെ ചേർച്ചമൂലം ചന്ദനമരത്തിനും വിഷം ബാധിച്ചെന്നും അതുപോലെയാണ് കുമാരിയുടെ വിരഹമെന്നും ആരോപിക്കുന്നു. 'തിരൂർ -പൊന്നാനിപ്പുഴ' എന്ന കവിതയിൽ തിരൂർപുഴ പെരുമ്പാമ്പിഴയുന്നതുപോലെ ഇഴഞ്ഞ് പൊന്നാനിപ്പുഴയിൽ ചേരുന്നതായി വർണ്ണിക്കുന്നു.

നവോത്ഥാനകൃതികളിൽ ആശാനിലും വള്ളത്തോളിലും മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി ഉരഗവർഗ്ഗത്തെക്കുറിച്ച് പരാമർശിക്കപ്പെട്ടുകാണുന്നത്. ചെറുജീവികൾക്കും മൃഗങ്ങൾക്കുമുള്ള പ്രാധാന്യം ഈ ഘട്ടത്തിലെ കവിതയിൽ ഉരഗവർഗ്ഗത്തിന് കാണുന്നില്ല.

### 3.2.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ കൃതികളിൽ ഭാവപരമായ സദൃശകല്പനകൾ കാണാം. 'രമണനി'ൽ രമണനും ചന്ദ്രികയും തമ്മിലുള്ള സംഭാഷണത്തിൽ തങ്ങളുടെ പ്രേമബന്ധത്തെക്കുറിച്ച് വ്യക്തമാക്കുമ്പോൾ

"ഉഗ്രഫണവുമായ് ചീറ്റിനില്പൂ
ദുഷ്ട സമുദായകാളസർപ്പം!

ഒന്നതിൻ ദംശനമേറ്റുപോയാൽ-

പ്പിന്നെ, മരിച്ചവരായി നമ്മൾ!" (1974:122)

എന്നിങ്ങനെ സമുദായത്തെ സർപ്പമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

തന്നെ പൂജിക്കില്ലെന്ന സദാഗരന്റെ നിശ്ചയത്തെ മറികടക്കാനായി അയാളുടെ ജീവിതത്തിൽ പലതരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാനസേശ്വരിയെന്ന നാഗദേവിയാണ് 'മാനസേശ്വരി' എന്ന കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. കവിതയുടെ അവസാനഭാഗത്ത് സദാഗരൻ നാഗദേവിയുടെ ഉപാസകനായി മാറുന്നുണ്ട്. 'പാടുന്ന പിശാചി'ൽ

"കാർമുകിലൊത്ത നിൻകൂന്തലിൽ ചീറ്റുന്ന

കാളസർപ്പങ്ങളൊളിച്ചിരിപ്പൂ!" (1974:331)

എന്നിങ്ങനെ സ്ത്രീയുടെ കഠിനഹൃദയത്തെ വിഷസർപ്പവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. മനസ്സലിവില്ലാത്ത മിത്രങ്ങളെ ഉഗ്രസർപ്പങ്ങളെന്ന് കവിതയിൽ കല്പന നടത്തിയിരിക്കുന്നു.

"ഒന്നെങ്ങാൻ കേറിച്ചവിട്ടിടാതങ്ങോട്ടു

ചെന്നുകടിക്കാറില്ലന്യസർപ്പം

എങ്ങാ, നഥവാ, കടിക്കുകിൽപ്പോലുമ-

തൊന്നു കടിച്ചിട്ടിഴഞ്ഞുമാറും" (1974:340)

എന്നിങ്ങനെ ശത്രുക്കളാകുന്ന സർപ്പങ്ങളുടെ സ്വഭാവത്തെ വ്യക്തമാക്കുന്നതിനൊപ്പം മിത്രങ്ങൾ ചുറ്റിപ്പിണഞ്ഞു കടിച്ചുകീറുമെന്നും കവിത വ്യക്തമാക്കുന്നു. മനുഷ്യസ്വഭാവത്തെയാണ് സർപ്പത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

'ഹൃദയമുള്ള സർപ്പം' എന്ന കവിതയിൽ കവി സ്വയമൊരു സർപ്പമെന്ന് വിശേഷിപ്പിക്കുന്നു. വിഷവും ദർപ്പവുമുള്ള സർപ്പമാണ് താനെന്നിരിക്കിലും മനസ്വിനിയായ നിന്നെ കൊത്തുകയില്ലെന്ന് പ്രണയിനിയോട് പറയുന്നു. സർപ്പത്തിന്റെ സൗന്ദര്യം കണ്ടറിഞ്ഞവളാണ് നീയെന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യമനസ്സിലെ ക്രൂരഭാവത്തെക്കൂടിയാണ് സർപ്പമെന്ന പദത്തിലൂടെ അർത്ഥമാക്കുന്നത്.

"സന്ദേഹമില്ലുഗ്രസർപ്പത്തിനും കൂടി

നന്ദികേടില്ലാ മനുഷ്യനോളം!" (ഭാഗം 2, 1974:568)

എന്നിങ്ങനെ സർപ്പങ്ങൾക്ക് മനുഷ്യന്റെയത്രയും ക്രൂരത കല്പിക്കാനാവില്ലെന്നും കവിത വ്യക്തമാക്കുന്നു. 'മനസ്വിനി'യിൽ

"ഒറ്റപ്പത്തിയൊടായിരമുടലുകൾ
ചുറ്റുപിണഞ്ഞൊരു മണിനാഗം
ചന്ദനലതയിലധോമുഖശയനം
ചന്തമൊടിങ്ങനെ ചെയ്യുമ്പോൾ" (ഭാഗം 2, 1974:699)

എന്നിങ്ങനെ നീണ്ടുകിടക്കുന്ന മുടിയെ സർപ്പവുമായി സദൃശ്യകല്പന നടത്തിയിരിക്കുന്നു.

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ചങ്ങമ്പുഴയിൽ മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി ഉരഗങ്ങൾ താരതമ്യേന പരാമർശിക്കപ്പെട്ടു കാണുന്നത്.

#### 3.2.2.2.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ ഭാവപരമായ സദൃശകല്പനകളായി ഉരഗങ്ങൾ താരതമ്യേന പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 3.2.2.2.5. ആധുനികതാനന്തരഘട്ടം

'ഉരഗം' എന്ന പേരിൽ എഴുതിയ സെബാസ്റ്റ്യന്റെ കവിതയിൽ തേടലിന്റെ രീതിയാണുള്ളത്. പ്രണയിനിയെ തേടുന്നത് ഉരഗം നാവുനീട്ടുന്നതുപോലെ നാവുനീട്ടിയാണ്. ഉയരത്തിലുള്ള വൃക്ഷത്തിൽ നിന്ന് നഗരത്തിൽ മുറിയിലിരിക്കുന്നവളുടെ ഹൃദയത്തിലേക്ക് നാവുനീട്ടിത്തൊടുന്ന ഉരഗമാണിവിടെ പരാമർശിക്കപ്പെടുന്നത്.

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ സെബാസ്റ്റ്യനിൽ മാത്രമാണ് ഉരഗങ്ങൾ താരതമ്യേന ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

## 3.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 3.2.3.1. പ്രാചീനമധ്യകാലഘട്ടം

വിഷം ചീറ്റി മറ്റു ജീവജാലങ്ങൾക്ക് അപകടം ഉണ്ടാക്കുന്ന കാളിയനെ കാളിന്ദിയിൽ നിന്ന് ഓടിക്കുകയാണ് 'കൃഷ്ണഗാഥ'യിൽ കൃഷ്ണൻ ചെയ്യുന്നത്. കാളിയനെ കൊല്ലുകയല്ല മറിച്ച് ഗരുഡന് കാണാനാവാത്ത ഇടത്തിലേക്ക് മാറ്റുകയാണുണ്ടായത്. ഖാണ്ഡവദാഹം സസ്യലതാദികളുടെയും പക്ഷിമൃഗാദികളുടെയും നാശത്തിനൊപ്പം

പാമ്പുകൾ ഉൾപ്പെടുന്ന ഉരഗവർഗ്ഗത്തിന്റെ കൂടി നാശത്തിന് കാരണമായി. കാട് കത്തി നശിക്കുന്ന ഘട്ടത്തിൽ

“ദർപ്പം കലർന്നുള്ള സർപ്പങ്ങളെല്ലാം തൻ
മസ്തകം ചാലപ്പരത്തി നിന്നു
വേവുറ്റു മേവുമക്കാനനം കൈകൊണ്ടു
പാവകന്തന്നെ വിലക്കുംപോലെ” (ചെറുശ്ശേരി; 2003:394)

സർപ്പങ്ങൾ പത്തി വിടർത്തി അഗ്നിയോട് അരുതേ എന്നു വിലക്കുന്നപോലെ നിന്നു എന്നാണ് പറയുന്നത്. കാട്ടുതീയുണ്ടാക്കുന്ന വംശനാശത്തെയും ഇത്തരം പരാമർശങ്ങൾ വെളിപ്പെടുത്തുന്നു.

‘ഉണ്ണിയാടി ചരിത’ത്തിലെ തൃശ്ശിവപേരൂർ ശിവക്ഷേത്രത്തിലെ ശിവവർണ്ണനയിൽ സർപ്പങ്ങളെ പരാമർശിക്കുന്നുണ്ട്. സർപ്പ സമൂഹത്തെ ജടയിൽ ചൂടിയിരിക്കുന്നവനും സർപ്പങ്ങളെ കുണ്ഡലങ്ങളാക്കിയവനും ആനത്തോലുടുത്ത് അതിനു മുകളിൽ പാമ്പിനെ ചുറ്റിയിരിക്കുന്നവനും. മറ്റു രണ്ടു പാമ്പുകളാൽ മണിച്ചിലമ്പ് ധരിച്ചിരിക്കുന്ന വനുമായ ശിവനെയാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്. സർപ്പങ്ങളെ ആഭരണങ്ങളായി ഉപയോഗിച്ചിരിക്കുന്നു.[19] അവയുടെ സ്വതന്ത്രസഞ്ചാരത്തിന് വിഘ്നം സംഭവിച്ചിരിക്കുന്നു. മനുഷ്യരുടെയും അവരുടെ ദൈവങ്ങളുടെയും ആഭരണങ്ങളോ അലങ്കാരങ്ങളോ മാത്രമായി സർപ്പത്തെ മാറ്റിയിരിക്കുന്നു.

‘അദ്ധ്യാത്മരാമായണം കിളിപ്പാട്ടി’ൽ സീതയെ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി സമുദ്രത്തെ ഉപാസിക്കുകയും വരുണൻ പ്രത്യക്ഷനാകാതിരിക്കുകയും ചെയ്യുമ്പോൾ കോപിഷ്ടനാകുന്ന രാമൻ അസ്ത്രമയച്ച് സമുദ്രത്തെ നശിപ്പിക്കാനൊരുങ്ങുന്നു. ഈ ഘട്ടത്തിൽ മുതല, തിമിംഗലം, സ്രാവ് തുടങ്ങിയവ ഭയപ്പെടുന്നതായി പരാമർശമുണ്ട്.

പ്രാചീനമധ്യകാലഘട്ടത്തിലെ കൃഷ്ണഗാഥ, അദ്ധ്യാത്മരാമായണം, ഉണ്ണിയാടി ചരിതം എന്നിവയിൽ മാത്രമാണ് സർപ്പങ്ങൾ പൊതുവെ പ്രകൃതിനശീകരണ സൂചനകളായി അവതരിപ്പിക്കപ്പെടുന്നത്.

#### 3.2.3.2. കവിത്രയകാലം

ഈ ഘട്ടത്തിൽ താരതമ്യേന ഉരഗങ്ങൾ പ്രകൃതിനശീകരണ സൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 3.2.3.3. കവിത്രയത്തിനുശേഷമുള്ള കാലം

സർപ്പങ്ങളെ ദൈവമായി ആരാധിച്ചിരുന്ന രീതിയുടെ അടയാളപ്പെടുത്തലാണ് വയലാർ രാമവർമ്മയുടെ 'സർപ്പദൈവങ്ങൾ' എന്ന കവിത. കാടിനാൽ പൊതിയപ്പെട്ട സർപ്പപ്പുറ്റുകൾ നിലനിന്നു പോരുന്നതും

"അഞ്ചിലത്താളിവള്ളികൾക്കുള്ളിൽ
പിഞ്ചുപച്ചിലപ്പാമ്പിഴയുമ്പോൾ
കാട്ടുപാലതൻ കൈകൾക്ക് വെള്ളി
ക്കാപ്പു ചേരപ്പടങ്ങൾ കെട്ടുമ്പോൾ" (1988:238)

എന്നിങ്ങനെ പച്ചിലപ്പാമ്പും ചേരപ്പാമ്പുമെല്ലാമടങ്ങുന്ന ആവാസവ്യവസ്ഥയായി സർപ്പക്കാവുകൾ മാറുന്നു. പ്രാചീനകൃതികളിൽ സർപ്പാരാധനാപരാമർശങ്ങളുണ്ട്. (ചന്ദ്രോത്സവത്തിൽ മേദിനീവെണ്ണിലാവിന്റെ അമ്മ സന്താനലഭ്യതയ്ക്കായി സർപ്പത്തെ ആരാധിക്കുന്നുണ്ട്) ഈ കവിതയിലും സന്താനലഭ്യതയ്ക്കായി സർപ്പത്തെ പൂജിക്കുന്നു. സർപ്പങ്ങളെ ദൈവമായി ആരാധിച്ചതുകൊണ്ടു ദൈവഭയത്താൽ അവയുടെ ആവാസവ്യവസ്ഥയിലേക്ക് അതിക്രമിച്ചു കടക്കാൻ മനുഷ്യർ ശ്രമിച്ചിരുന്നില്ല. അതിനാൽ തന്നെ ജൈവികമായ ആവാസവ്യവസ്ഥ നശിപ്പിക്കപ്പെടാതെ നിലനിന്നിരുന്നു. സർപ്പങ്ങൾ പുതുകാലത്തിലും ദൈവങ്ങളാണെങ്കിലും അവയുടെ ശില്പങ്ങളിൽ മാത്രം ആരാധന ഒതുങ്ങുകയും സർപ്പക്കാടുകൾ നശിപ്പിക്കുകയും ചെയ്തു.

സർപ്പക്കാടുകളുടെ നാശത്തിനൊപ്പം സർപ്പങ്ങളുടെ നാശത്തെ കൂടി പ്രതിനിധാനം ചെയ്യുന്നു വൈലോപ്പിള്ളിയുടെ 'സർപ്പക്കാട്' എന്ന കവിത. കാടിനും സർപ്പത്തിനും ദൃഢവിശ്വാസത്തിൽ തീർത്ത ആരാധനയുടെ ഫലമായി കാടുകളും സർപ്പങ്ങളും സംരക്ഷിക്കപ്പെട്ടിരുന്നു. സർപ്പക്കാടുകളുടെ നാശം അവിടം ആവാസ ഇടമായിരുന്ന സർപ്പങ്ങളുടെ കൂടി നാശമായിരുന്നു. സർപ്പക്കാടിനെ കൃഷിയിടമാക്കി പരിവർത്തന പ്പെടുത്തിയപ്പോൾ പാമ്പുകൾക്കു പകരം ഞാഞ്ഞൂളുകൾ കടന്നുവരുന്നു.

ഈ ഘട്ടത്തിലെ കവികളിൽ ചങ്ങമ്പുഴ, പി. കുഞ്ഞിരാമൻനായർ, ഇടശ്ശേരി എന്നിവരിൽ താരതമ്യേന സർപ്പങ്ങൾ പ്രകൃതിനശീകരണപരമായി അവതരിപ്പിക്ക പ്പെട്ടിട്ടില്ല.

### 3.2.3.4. ആധുനികതാഘട്ടം

കടമ്മനിട്ടയുടെ ‘സ്വർണ്ണനാഗങ്ങൾ’ നാഗങ്ങളുടെ അതിജീവനത്തെ വിഷയമാക്കുന്നു. നാഗങ്ങൾ അസുരവർഗ്ഗത്തോട് നീ മറ്റു ലോകങ്ങളിലേക്ക് പോവുക എന്നും ഈ ഭൂമിയെ ഞങ്ങൾക്ക് തരിക എന്നുമാണ് പറയുന്നത്.

“പോകാം നിനക്കന്യലോകങ്ങളിൽ, കൊച്ചു
ഭൂമിയെ മാത്രം തരിക ഞങ്ങൾക്ക് നീ” (2015:103)

പുല്ലും പുഴുവും പൂവും പുലരിയും കല്ലും മരവും സ്വപ്നങ്ങളും ഇവിടെ പുലർന്നോട്ടെയെന്നും അസുരവർഗ്ഗമായ മനുഷ്യർ അത് വിട്ടുതരണമെന്നും നാഗങ്ങൾ ആവശ്യപ്പെടുന്നു.[20]

ആധുനികതാഘട്ടത്തിലെ കവികളിൽ കടമ്മനിട്ട മാത്രമാണ് നശീകരണപരമായി ഉരഗങ്ങളെ പൊതുവെ അവതരിപ്പിച്ചത്.

### 3.2.3.5. ആധുനികതാനന്തരഘട്ടം

എസ്. ജോസഫിന്റെ ‘പാമ്പുകൾക്ക് ഒരിടം’ എന്ന കവിതയിൽ സർപ്പക്കാവിനെയാണ് പരാമർശിക്കുന്നത്.

“ആൾപ്പാർപ്പില്ലാത്ത ഒരിടം
പുല്ലും മരങ്ങളും കുറ്റിച്ചെടികളും
മൂർഖനും ചേരയും അണലിയും മഞ്ചട്ടിയും
വില്ലൂന്നിയുമൊക്കെ പാർത്തുപോരുന്നു.
ഇണചേർന്നും പടംപൊഴിച്ചും തമ്മിൽ വിഴുങ്ങിയും
അവ അവിടം അടക്കിവാണു” (2013:49)

എന്നിങ്ങനെ പാമ്പുകൾക്ക് സ്വതന്ത്രമായി കഴിയാൻ ഒരിടമുണ്ടായിരുന്നു എന്ന് കവിത വ്യക്തമാക്കുന്നു. വല്ലപ്പോഴും അതിലൂടെ നടക്കുന്നവരെ മുറിവേൽപ്പിക്കുകയും വിറകു പെറുക്കുന്നവൾക്ക് പാമ്പ് നൽകിയ വിഷനീലത്തിന് പുല്ലുവെട്ടുകാരി അരിവാളാൽ പാമ്പിന് മറുകുറി നൽകുകയും ചെയ്തതായി കവിത വ്യക്തമാക്കുന്നു വേനലിൽ പൊടിതിന്ന് മദിക്കുന്ന പാമ്പുകളുള്ളതായും കവിത സൂചിപ്പിക്കുന്നു. പാമ്പുകൾക്കായുണ്ടായിരുന്ന ഇടം ഇന്ന് നാമാവശേഷമായിരിക്കുന്നു.

ഈ ഘട്ടത്തിൽ എസ്. ജോസഫിൽ മാത്രമാണ് നശീകരണപരമായി ഉരഗങ്ങൾ താരതമ്യേന അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

## 3.3. പക്ഷികൾ

ജന്തുപ്രകൃതിയുടെ ഭാഗമായാണ് ഇവിടെ പക്ഷികളെ പരിഗണിച്ചിരിക്കുന്നത്. നാടോടിവാങ്മയങ്ങളിലെയും ഓരോ കാലഘട്ടത്തിലെയും തെരഞ്ഞെടുത്ത മലയാളകവിതകളിലെയും പക്ഷിപരാമർശങ്ങളെയാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

പക്ഷികളുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ കടങ്കഥകൾ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ പഴഞ്ചൊല്ലുകളിൽ പക്ഷികൾ വളരെയേറെ പരാമർശിക്കപ്പെടുന്നു. കാക കോലാഹലത്തിൽ കുയിൽ നാദം വിളങ്ങുമോ?, കാക്ക അരയന്നത്തിന്റെ നട പഠിക്കുക, കാക്ക ഓട്ടക്കലത്തിൽ നോക്കുന്ന പോലെ, കാക്ക കണ്ടറിയും കൊക്ക് കൊണ്ടറിയും, കാക്ക കരഞ്ഞാൽ കന്നാലി ചാവില്ല, കാക്ക കുറുകിയാൽ വിരുന്നുവരും, കാക്ക കുളിച്ചാൽ കൊക്കാകുമോ, കാക്ക കൂടുകൂട്ടും കുയിൽ മുട്ടയിടും, കാക്ക ചേക്കേറിയാൽ മരം കെടുത്തും, കാക്കയിൽ പൂവനില്ല, കാക്കയുടെ വിശപ്പും മാറും കന്നാലിയുടെ കടിയും മാറും, കാക്കയ്ക്ക് ചേക്കയിടം കൊടുത്താൽ ചെകിടുകേട്ടു പൊറുത്തുകൂടാ എന്നിങ്ങനെ കാക്കച്ചൊല്ലുകൾ നിരവധിയുണ്ട്. മനുഷ്യ ആവാസവ്യവസ്ഥയുമായി ഏറെ ബന്ധം പുലർത്തുന്ന പക്ഷിയാണ് കാക്ക. അതുകൊണ്ടുതന്നെയാണ് പഴഞ്ചൊല്ലുകളിൽ കാക്കയ്ക്ക് കൂടുതൽ പ്രാതിനിധ്യം ലഭിച്ചത്.

കുഞ്ഞിപ്പക്ഷിക്ക് കുഞ്ഞിക്കൂട്, കുയിലിന് സൗന്ദര്യം സ്വരം, കുയിൽ പാടുന്നത് കണ്ടിട്ട് കാക്ക കരഞ്ഞിട്ടെന്താ, നിലാവത്തിറങ്ങിയ കോഴിയെപ്പോലെ, പക്ഷിക്ക് കൂടും വേണം കാടും വേണം, പക്ഷിക്ക് കൂട് മക്കൾക്കമ്മ, പക്ഷിക്കറിയാം പക്ഷിയുടെ ഭാഷ, പക്ഷിയെ പിടിക്കാൻ മരം മുറിക്കുക, പാമ്പു ചത്തേടത്ത് പരുന്തെത്തും, മയിലാടുമ്പോലെ ചെമ്പോത്താടുമോ, മയിലിന്റെ അഴകും കുയിലിന്റെ സ്വരവും, മയിലിറച്ചി തിന്നു തേട്ടും പോലെ എന്നിങ്ങനെ മറ്റു പക്ഷികളുമായി ബന്ധപ്പെട്ടുള്ള ചൊല്ലുകളുമുണ്ട്. മനുഷ്യന്റെ ജീവിതസാഹചര്യങ്ങളുമായി ബന്ധമുള്ള പക്ഷികളെയാണ് ഈ ചൊല്ലുകളും പരാമർശിക്കുന്നത്.

### 3.3.1. വർണ്ണനകൾ

#### 3.3.1.1. പ്രാചീനമധ്യകാലഘട്ടം

തത്തമ്മയുടെ ഭംഗി എവിടുന്നു കിട്ടി എന്ന രീതിയിലുള്ള ചോദ്യങ്ങളാണ് 'തത്തമ്മപ്പാട്ട്' എന്ന നാടൻപാട്ടിലുള്ളത്.

"മൊഴിയുക തത്തേയെവ്ടന്ന് കിട്ടീ
മിഴികൾകക്കും പച്ചനെറം?
പറയുക തത്തേയെങ്ങനെകിട്ടീ
പവിഴം വെല്ലും ചെഞ്ചോപ്പ്?"

(ബാലകൃഷ്ണൻനായർ. ടി. ചിറയ്ക്കൽ,1979:64)

എന്നിങ്ങനെയുള്ള ചോദ്യങ്ങളും ഇലകൾക്കു പൂശാൻ വച്ച ചായത്തിൽ വീണതായും പഴമെന്നു കരുതി മുരുക്കിൻപൂവ് കൊത്തിത്തിന്നതായും തത്തമ്മയുടെ നിറത്തെ വ്യക്തമാക്കുന്നു. തത്തമ്മയുടെ നിറവും ഭംഗിയും ഈ പാട്ടിലൂടെ വ്യക്തമാകുന്നു.

'തിരുനിഴൽമാല'യിൽ ആറന്മുളഗ്രാമത്തെക്കുറിച്ച് വർണ്ണിക്കുമ്പോൾ അവിടത്തെ കിളികളുടെ സമൃദ്ധിയെ പരാമർശിക്കുന്നു. കുയിൽക്കിടാങ്ങൾ കൊഴുക്കുന്ന ഇടം പുന്തേൻ കുടിക്കുന്ന ഇടം എന്നിങ്ങനെ കവിതയിൽ രണ്ടുഭാഗത്തായി പരാമർശിക്കുന്നു. വേദോച്ചാരണശബ്ദം കേട്ട് ഇടിമുഴക്കമെന്നു കരുതി മയിലുകൾ നൃത്തമാടുന്ന ഇടവുമാണ് ആറന്മുളഗ്രാമം.

'രാമകഥപ്പാട്ടി'ൽ വസന്തകാലത്തെ മയിലാടുമ്പോൾ കുയിൽ കൂവുന്ന മനോഹരമായ കാലം എന്നാണ് പരാമർശിക്കുന്നത്. പമ്പാസരസ്സിൽ അരയന്നങ്ങളും മയിലുകളും ഇണകളോടൊത്ത് രമിക്കുന്നതും കുയിലുകളും വണ്ടുകളും പാടുന്നതും അതിനോത്ത് മയിലുകൾ ആടുന്നതായ കാഴ്ചയും വിരഹിയായ രാമനെ കൂടുതൽ ദുഃഖിതനാകുന്നു (ഭാഗം 1, 2012:545).

'കണ്ണശ്ശരാമായണ'ത്തിൽ വർഷകാലത്ത് മഴയുടെ കാഠിന്യത്താൽ പക്ഷികൾ കൂടണയുന്നതു കണ്ടാണ് അസ്തമയം അറിയാൻ കഴിയുന്നത് എന്നും ഹേമന്തത്തിൽ നീർപ്പക്ഷികൾ വെള്ളത്തിലിറങ്ങാൻ മടിക്കുന്നു എന്നും പരാമർശമുണ്ട്. രാമകഥപ്പാട്ടിലെ പ്പോലെ വസന്തത്തെ മയിലാടുമ്പോൾ കുയിൽ കൂകുന്ന മനോഹരമായ കാലമെന്നാണ് വർണ്ണിക്കുന്നത്.

'കൃഷ്ണഗാഥ'യിൽ കൃഷ്ണന്റെ ബാലലീലകൾ വർണ്ണിക്കുമ്പോൾ പക്ഷികളുമായി കുട്ടികൾക്കുണ്ടായിരുന്ന അടുപ്പം കൂടി വ്യക്തമാകുന്നു. മയിൽ കൂവുമ്പോൾ അതിനൊപ്പം കൂവുകയും കുയിലിനൊപ്പം പാടുകയും പക്ഷികൾ പാറുമ്പോൾ നിഴലിനു പിന്നാലെ ഓടുകയും ഹംസങ്ങളെപ്പോലെ നടക്കുകയും അരയന്നങ്ങളെപ്പോലെ കരയുകയും ചെയ്ത് പക്ഷികളെ അനുകരിച്ച് കളിക്കുന്ന കൃഷ്ണനെയും തോഴന്മാരെയും

കൃഷ്ണഗാഥയിൽ കാണാം. വർഷകാലത്ത് കടമ്പുകൾ പൂത്തതിനാൽ ചാതകങ്ങൾ വിഷാദമകറ്റി സുഖമോടെ കഴിയുന്നതായി പരാമർശമുണ്ട്.

നായികയിൽ നിന്ന് പിരിഞ്ഞ നായകനെ വസന്തകാലം അതീവദുഃഖിതനാക്കുന്നതായി 'ഉണ്ണുനീലിസന്ദേശ'ത്തിൽ പരാമർശിക്കുന്നു. ആ സന്ദർഭത്തിലെ കുയിൽപാട്ട് വിരഹവേദന വർദ്ധിപ്പിക്കുന്നതിനിടയാക്കുന്നു. തേന്മാവിലുള്ള കുയിൽക്കൂട്ടത്തെക്കുറിച്ചും പരാമർശമുണ്ട്. സുന്ദരികളായ സ്ത്രീകളുടെ പാട്ടുകേട്ട് മുറ്റത്തു വന്നിരിക്കുന്ന കിളികളുള്ള തെക്കെ മറ്റത്തെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്. നായികയായ ഉണ്ണുനീലി ഒരു കിളിയെയും ഒരു മയിലിനെയും വളർത്തുന്നതായി പറയുന്നുണ്ട്. അതായത് മനുഷ്യന്റെ കൗതുകത്തിനായി അവയുടെ സ്വതന്ത്രജീവിതം ഇല്ലാതാകുന്നു.

ഉദയാചലപർവ്വതത്തിന്റെ ഒരു ഭാഗം കുയിലുകൾ കൂകിയും മയിലുകൾ ആടിയും ഹൃദ്യമാണെന്ന് 'ഉണ്ണിയാടിചരിത'ത്തിൽ പരാമർശമുണ്ട്. മധുരശബ്ദത്തിൽ പാടുന്ന കുയിലുകളോടു കൂടിയതും

"ലോലംബകുലമഭ്യേത്യ
ലോലംബകുലമൂച്ചകൈഃ
പാടിന്റെ മയിലേറിക്കൊ
മ്പാടിന്റെ മയിലാൽ വൃതം" (2016: 9293)

ഇലഞ്ഞിമരങ്ങളിൽ വണ്ടിൻകൂട്ടം പാടിക്കൊണ്ടിരിക്കെ കൊമ്പിലിരുന്ന് ആടുന്ന മയിലുകളോടുകൂടിയതുമാണ് കണ്ടിയൂർ എന്ന് വർണ്ണിക്കുന്നു. കൂടാതെ തേന്മാവിലിരുന്ന് മാവിനെ പുകഴ്ത്തിപ്പാടുന്ന കുയിലുകളാലും സമൃദ്ധമാണ് ഈ പട്ടണം.

'ചന്ദ്രോത്സവ'ത്തിൽ വസന്തകാലവർണ്ണനയിൽ പൂങ്കാവിൽ ആൺകുയിലുകൾ കൂവുന്ന വസന്തകാലത്തെ പരാമർശിക്കുന്നു. കഴമനെല്ലിന്റെ കതിർക്കൊത്തിത്തിന്ന് സന്തോഷത്തോടെ മധുരശബ്ദം പുറപ്പെടുവിച്ച് തത്തക്കൂട്ടം എങ്ങും ശോഭിച്ചതായി പറയുന്നു. 'കല്യാണസൗഗന്ധിക'ത്തിൽ അരയന്നങ്ങൾ പറക്കുകയും, ചക്രവാകങ്ങൾ വിശ്രമിക്കുകയും ചെയ്തത് കണ്ടതായി ഭീമസേനൻ പറയുന്നു (2013:61).

രാമചരിതം, അദ്ധ്യാത്മരാമായണം, നളചരിതം എന്നിവയിൽ പൊതുവെ പക്ഷികളെക്കുറിച്ചുള്ള വർണ്ണനാപരമായ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

### 3.3.1.2. കവിത്രയകാലം

കുമാരനാശാന്റെ 'ലീല'യിൽ ലീല മദനനെത്തേടി വനത്തിലലയുമ്പോൾ

"പ്രിയമൊഴി വനദേവരോതിടുംപോൽ
സ്വയമഥ പൊങ്ങി കപോതഹൂതഘോഷം;
പ്രിയനുടെകഥപോൽ പ്രവൃദ്ധരാഗം
കുയിലുകൾ പാടി കുഹൂകുഹൂനിനാദം" (2013:128)

എന്നിങ്ങനെ ലീലയ്ക്ക് ആശ്വാസമെന്നവിധം മാടപ്രാവുകളുടെയും കുയിലുകളുടെയും ശബ്ദം കേൾക്കുന്നു. കുയിലുകളും മയിലുകളും ഇണകളോടൊത്ത് പാടുകയും നൃത്തം ചെയ്യുകയും ചെയ്യുമ്പോൾ ഞാൻ മാത്രം വിരഹിതയായി അലയുന്നുയെന്ന് ലീല വ്യക്തമാക്കുന്നുണ്ട്. 'ചിന്താവിഷ്ടയായ സീത'യിൽ ഭൂമിയിലേക്ക് താണുപോകാനാഗ്രഹിക്കുന്ന സീത തനിക്കു മുകളിൽ കളനാദമാർന്ന കിളികൾ പറന്നു പാടിടും എന്ന് സങ്കല്പിക്കുന്നു. 'കൊച്ചുകിളി' യാവാത്തതിൽ വിഷമിക്കുന്ന കുട്ടിക്കാലത്തെയാണ് 'കൊച്ചുകിളി' എന്ന കവിതയിൽ ആശാൻ അവതരിപ്പിക്കുന്നത്. കൊച്ചുകിളിയുടെ സാഹസികതകൾ ചെയ്യാൻ ആഗ്രഹിക്കുന്ന കുട്ടിയാണ് കവിതയിലുള്ളത്.[21] കൊച്ചുകിളിയെങ്കിലും അതിന്റെ കഴിവുകളെന്തെന്ന് കവി വ്യക്തമാക്കുന്നു. 'കരുണ'യിൽ ക്രൂരതയുള്ള കഴുകന്മാരെയാണ് ആശാൻ അവതരിപ്പിക്കുന്നത്.

"കുറിയോരങ്കുശംപോലെ കൂർത്തു വളഞ്ഞുള്ള കൊക്കു
നിറയെക്കൊത്തി വലിച്ചും നഖമൂന്നിയും
ഇരയെടുക്കുന്നു പെരും കഴുകുകൾ ചിലദിക്കിൽ
പരിഭ്രമിയാതിരുന്നു ഭയങ്കരങ്ങൾ" (2013:570)

എന്നിങ്ങനെ ശ്മശാനഭീകരത ഈ കഴുകന്മാരിലൂടെ വ്യക്തമാക്കപ്പെടുന്നു. പ്രകൃതിയിൽ മനോഹരമായ ചിറകുകളും പാട്ടുകളുമുള്ള പക്ഷികൾ മാത്രമല്ല ഇത്തരത്തിൽ മാംസഭോജികളും മനുഷ്യരെയും പേടിപ്പിക്കുന്നതുമായ പക്ഷികളുമുണ്ടെന്നാണ് ഈ വർണ്ണനകൾ ഓർമ്മിപ്പിക്കുന്നത്. ഭീകരമായ അന്തരീക്ഷം സൃഷ്ടിക്കുന്ന മലങ്കാക്കകളെക്കുറിച്ചും കവിത വ്യക്തമാക്കുന്നു.[22]

'മണിമാല' എന്ന സമാഹാരത്തിലെ 'ഭാരതമയൂരം അഥവാ നമ്മുടെ മയിൽ' എന്ന കവിതയിൽ മയിലിനെ വർണ്ണിക്കുന്നു. യോഗികൾ മയിലിന്റെ പാദത്തിൽ ആസനം ശീലിക്കുന്നതായും ദേവസേനാപതി നിന്നിൽ സവാരി ചെയ്യുന്നതായും മുഗളരാജാവിന്റെ പേരിലും മയിലിന് പ്രശസ്തിയുണ്ട് എന്നും കവിത വ്യക്തമാക്കുന്നു. [23]

വള്ളത്തോളിന്റെ 'ശരണമയ്യപ്പാ' എന്ന കവിതയിൽ കാനനവർണ്ണനയിൽ പൂക്കളില്ലാത്തകാലത്ത് വള്ളിക്കുടിലിന് പൂക്കളാകുന്ന കിളികളെയും മഞ്ഞുകാലത്ത് പീലിയാൽ മഴവില്ലു തീർക്കുന്ന ആൺമയിൽക്കൂട്ടങ്ങളെയും കുറിച്ച് വർണ്ണനയുണ്ട്. 'ചിത്രയോഗ'ത്തിൽ കാടെന്ന വാസസ്ഥാനം തങ്ങൾക്ക് നൽകിയതിന് ദൈവത്തെ വാഴ്ത്തിപ്പാടുന്ന പക്ഷികളെ കാണാം.

"നലമൊടു ഭുവി തങ്ങൾക്കത്ര നല്ലോരു വാസ-
സ്ഥലമരുളിയ ദൈവത്തിന്റെ നാനാമഹത്വം
പല പറവകൾ പാടിപ്പാടി വാഴ്ത്തുന്ന കോലാ-
ഹലമവിടെ മുഴങ്ങീടുന്നു, കർണ്ണാമൃതം"(2011:407)

പള്ളത്ത് രാമന്റെ 'വസന്തകോകിലം' എന്ന കവിത കുയിലിനെ വാഴ്ത്തുന്നതാണ്.

"സഞ്ചരിച്ചീടുന്ന സംഗീതമാണോ നീ!
പഞ്ചമ പാടുന്ന പൈങ്കിളിയേ;"(989:24)

എന്നിങ്ങനെ കുയിലിനോടും കുയിൽപ്പാട്ടിനോടും കുട്ടികൾക്കുള്ള താല്പര്യത്തെ ഈ കവിത വ്യക്തമാക്കുന്നു. കൂടാതെ നന്മയുള്ള മനസ്സും നനുത്ത പൂമ്പട്ടുപോലെ ശരീരവുമുള്ള മാടപ്പിറാവിനെ 'മാടപ്പിറാവ്' എന്ന കവിതയിൽ വർണ്ണിക്കുന്നു. പള്ളത്ത് രാമൻ കുട്ടികൾക്കായി പക്ഷികളെ കൗതുകമുണർത്തുന്ന രീതിയിൽ വർണ്ണിക്കുന്നു. വർണ്ണനാപരം മാത്രമായാണ് ഈ കവിത ഒതുങ്ങുന്നത്.

'ഒരു ദിനാന്തസഞ്ചാരം' എന്ന കവിതയിൽ സഹ്യപർവ്വതത്തെ വർണ്ണിക്കുമ്പോൾ അവിടുത്തെ പക്ഷിക്കൂട്ടങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. വിശ്വകൃത്തിന്റെ നിർമ്മാണചാതുരി പ്രകടമാക്കുംവിധം പലതരം പക്ഷികൾ വൃക്ഷങ്ങളിൽ പാറി നടക്കുന്നു. അവയാകട്ടെ മനോഹരഗാനങ്ങളിൽ കാടിനെ ശബ്ദമുഖരിതമാക്കുന്നു. കൂടാതെ ഈ കുന്നിനെല്ലാം പ്രഭുവെന്ന നിലയിൽ പാറമേലിരിക്കുന്ന കഴുകനും കുന്നിന്റെ കാഴ്ചകളിൽപ്പെടുന്നു. ഇത്തരത്തിൽ പശ്ചാത്തലമായും വർണ്ണനാപരമായും സൂചനകളായും ഉള്ള രൂപകസങ്കല്പത്തിലാണ് വള്ളത്തോൾക്കവിതയിലെ പക്ഷികളുടെ ചിത്രീകരണം പൊതുവെ കാണുന്നത്.

ഉള്ളൂർ, ബാലാമണിയമ്മ എന്നിവരിൽ പൊതുവെ പക്ഷികൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 3.3.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണ'നിൽ വസന്തവർണ്ണനയുടെ ഭാഗത്ത്

"അങ്ങിപ്പോളോമൽക്കുയിലിണകൾ
സംഗീതം പെയ്യുകയായിരിക്കും" (ഭാഗം 1, 1990:306)

എന്നിങ്ങനെ കുയിലുകൾ പാടുന്ന വസന്തത്തെക്കുറിച്ച് വർണ്ണിക്കുന്നു. രമണൻ ആത്മഹത്യചെയ്യുന്നതിനു മുമ്പ് കുയിലുകൾ സദാ കൂകുന്ന വനങ്ങളോടാണ് യാത്ര ചോദിക്കുന്നത്. 'ആരാധകൻ' എന്ന കവിതയിൽ

"മഹിതകാന്തി പൊലിഞ്ഞു! കൊടുമിരുൾ
മരണവസ്ത്രം വിവരിച്ചിതെല്ലാടവും!
തരുശിഖരിയിൽത്താന്തസ്വരങ്ങളിൽ-
ച്ചിറകടിച്ചു കരകയായ് മൂങ്ങകൾ!...." (1974:55)

എന്നിങ്ങനെ മരണത്തിന്റെ സൂചനയായി മൂങ്ങകളെ അവതരിപ്പിച്ചിരിക്കുന്നു. ശബ്ദമുണ്ടാക്കി ഇളകിപ്പറക്കുന്ന പക്ഷികളെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്.

"കളകളം പെയ്തുപെയ്തങ്ങുമിങ്ങു-
മിളകിപ്പറക്കുന്ന പക്ഷികളും" (1974:114)

എന്നിങ്ങനെ കാട്ടിലെ പക്ഷികളെ പരാമർശിക്കുന്നു. നീ മറഞ്ഞാലും നിന്റെ ഗാനം നിലനിൽക്കുമെന്ന് പറയുന്ന സന്ദർഭത്തിൽ 'നീലക്കുയിലേ' എന്നാണ് രമണനെ വിശേഷിപ്പിക്കുന്നത്.

'മാനസേശ്വരി' എന്ന കവിതയിൽ പാടുന്ന പക്ഷികളും മാന്തളിർ തിന്നുന്ന കുയിലുകളും, ആടുന്ന മയിലുകളുമുള്ള പൂന്തോട്ടത്തെക്കുറിച്ച് പരാമർശമുണ്ട്. സന്ധ്യയാകുമ്പോൾ കൂട്ടമായി പറന്ന് ഒരേദിശയിലേക്ക് പറന്നുപോകുന്ന കൊറ്റികളെക്കുറിച്ച് 'നർത്തകി'എന്ന കവിതയിൽ വർണ്ണിക്കുന്നു. ആൺകുയിലും പെൺകുയിലും തമ്മിൽ പ്രപഞ്ചത്തെക്കുറിച്ച് സംസാരിക്കുന്നതായുള്ള വർണ്ണന കവിതയിലുണ്ട്. പ്രപഞ്ചം ആരുടേതാണെന്ന ചോദ്യത്തിന് നമ്മുടെതാണെന്ന് പെൺകിളി മറുപടി പറയുന്നു. നമ്മുടേതു മാത്രമാണോ എന്ന സംശയം ആൺകിളി പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെ പ്രപഞ്ചം എല്ലാ ചരാചരങ്ങളുടേതുമാണെന്ന ആശയമാണ് വ്യക്തമാക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ ഗഹനപരിസ്ഥിതിവാദചിന്തയിലേക്കാണ് ഈ ആശയം വിരൽചൂണ്ടുന്നതെന്നുപറയാം.

ക്ഷേത്രത്തിനു മുന്നിലെ അരയാലിൻ കൊമ്പത്ത് വാവലുകൾ തൂങ്ങിയാടുന്നതായി ചങ്ങമ്പുഴയുടെ 'വയ്യ' എന്ന കവിതയിൽ പരാമർശമുണ്ട്. 'വനദേവത' എന്ന കവിതയിൽ കരിങ്കുയിലിന്റെ പാട്ട് കാടിനെ മനോഹരമാക്കുന്നതായി സൂചിപ്പിക്കുന്നു. ഇടപ്പള്ളി രാഘവൻപിള്ളയെക്കുറിച്ചെഴുതിയ 'തകർന്ന മുരളി'യിൽ ഇടപ്പള്ളിയെ നീലക്കുയിലേ എന്നാണ് വിശേഷിപ്പിക്കുന്നത്. 'സ്പന്ദിക്കുന്ന അസ്ഥിമാടത്തിൽ' മരക്കൊമ്പിൽ ഇണക്കിളികൾ കൊക്കുരുമ്മിയിരിക്കുമ്പോൾ രാക്കിളികൾ തന്റെ അസ്ഥിമാടം നോക്കി വീർപ്പിട്ടു പാടുമെന്ന് കവിത പ്രതീക്ഷിക്കുന്നു.

പി. കുഞ്ഞിരാമൻനായരുടെ 'പുള്ളുവപ്പെൺകൊടി' എന്ന കവിതയിൽ വണ്ണാത്തിപ്പുള്ളുപോലെ എന്ന് പെൺകുട്ടിയെ വിശേഷിപ്പിക്കുന്നു. 'പുലർകാലത്ത് മരം കൊത്തി തച്ചനായി പണിചെയ്യുന്നതായും കൂരിയാറ്റകൾ കൂടുനിർമ്മിക്കുന്നതായും 'കീർത്തിമുദ്ര' എന്ന കവിതയിൽ പറയുന്നുണ്ട്. സന്ധ്യയാകുമ്പോൾ അരയന്നങ്ങൾ താമരനൂൽ കൊത്തി നീന്തിക്കളിക്കുന്നതായി 'നീരാജനം' എന്ന കവിതയിൽ പരാമർശമുണ്ട്.

പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്ന പാരിസ്ഥിതികവാദത്തിന്റെ അടയാളമായി വൈലോപ്പിള്ളിയുടെ 'കാക്ക' എന്ന കവിതയെ വിലയിരുത്താം. പക്ഷികളിൽ അസുന്ദരമെന്നു കരുതി എല്ലാവരും അവഗണിക്കുന്ന കാക്കയുടെ സൗന്ദര്യത്തെയും വൃത്തിബോധത്തെയും വാഴ്ത്തുകയാണ് വൈലോപ്പിള്ളി 'കാക്ക' എന്ന കവിതയിൽ. പുതിയ പാരിസ്ഥിതിക സാഹചര്യങ്ങളിൽ കാക്കയെ ഉപയോഗശൂന്യമായി കണക്കാക്കുന്ന പ്രവണതയുണ്ട്, കാക്കയുടെ പാരിസ്ഥിതിക പ്രാധാന്യവും തിരിച്ചറിയാതെ പോകുന്നു. കാക്കയുടെ നാദത്തെ താരനാദമായും കൂത്താട്ടത്തെ പൂത്തിരുവാതിരപ്പെണ്ണിന്റെ നൃത്തമായും വൈലോപ്പിള്ളി വർണ്ണിക്കുന്നു.

"പാടിക്കളിക്കട്ടെ, നാലുകെട്ടിൽ
മാടത്ത, തത്ത, കുയിൽ, പിറാക്കൾ
ഉൾപ്രിയമെങ്കിലും ഗേഹലക്ഷ്മി-
ക്കെപ്പോഴും കാക്കയോടെന്നു ഞായം!" (2001:66)

എന്നാണ് പറയുന്നത്. കാഴ്ചയ്ക്ക് മനോഹരങ്ങളായ മറ്റുപക്ഷികളെ അപേക്ഷിച്ച് കുടുംബിനിക്ക് പ്രിയം കാക്കയോടാണ് ഓരോ വീട്ടിലും കാരണവത്തിയെപ്പോലെയാണ് കാക്കയുടെ പെരുമാറ്റം. കാക്കയെ ഗൃഹനാഥയുടെ ജീവിതവുമായി സാദൃശ്യപ്പെടുത്തുന്നുണ്ട് കവിതയിൽ. ദളിത് സ്ത്രീസ്വത്വമാണ് 'കാക്ക'യിൽ ആരോപിച്ചിരിക്കുന്നത്.

പ്രകൃതിയും സ്ത്രീയും ദളിതനും അടിച്ചമർത്തപ്പെടുന്ന സമൂഹരീതിയെകൂടിയാണ് കവിത പ്രശ്നവൽക്കരിക്കുന്നത്. പ്രകൃതിയും സ്ത്രീയും അടിച്ചമർത്തപ്പെടുന്നതിനെ തിരെയുള്ള ശബ്ദമായാണ് ഇക്കോഫെമിനിസം രൂപപ്പെട്ടത്.ഇവിടെ മനുഷ്യസ്ത്രീയെ പ്പോലെ തന്നെ കാക്കയും അവഗണിക്കപ്പെടുന്നു. ഇവരുടെ പ്രവൃത്തികൾക്ക് സമൂഹം വിലകല്പിക്കാതിരിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നു. "സ്ത്രീകളും പ്രകൃതിയും ഗാഢമായ ബന്ധം പുലർത്തുന്ന വരാണെന്നു പറയുന്നത്, വിപ്ലവാത്മകമായ എന്തെങ്കിലും പറയലല്ല. കൂടാതെ അത്തരം ഒരു സങ്കല്പമാണ് സ്ത്രീകളുടെയും പ്രകൃതിയുടെയും മേൽ ആധിപത്യം അനുവദിച്ചു കൊടുത്തതും എന്ന വന്ദനശിവയുടെ അഭിപ്രായം ഈ കവിതയുമായി ചേർന്നു പോകുന്നു" (2014:93–94). പലതരത്തിലും സാദൃശ്യമുള്ളതുകൊണ്ടാണ് കുടുംബിനിക്ക് കാക്കയോട് പ്രത്യേക പ്രിയം ഉണ്ടാകുന്നത്. സ്ത്രീക്ക് പുരുഷനെക്കാൾ പ്രകൃതിയുമായി അടുപ്പമുണ്ടാവുന്നു.

വീട്ടുവളപ്പിലെ എച്ചിലുകൾ തിന്നുന്നതിലൂടെ പരിസരശുചീകരണം നടത്തി യിരുന്ന കാക്ക പ്രകൃതിസന്തുലനത്തിൽ പ്രധാന പങ്കുവഹിക്കുന്നു. മറ്റു പക്ഷികളെക്കാൾ മനുഷ്യന് പ്രയോജനപ്രദമായത് കാക്കയാണ്. വളർത്തുമൃഗങ്ങൾ സങ്കരയിനങ്ങളാ വുകയും മനുഷ്യന് താല്പര്യമില്ലാത്ത പക്ഷിമൃഗാദികളെ ശത്രുഗണത്തിൽപ്പെടു ത്തുകയും ചെയ്യുന്ന മനുഷ്യമനോഭാവം പരിസരത്തെ മലിമാക്കുന്നു. കാക്കയും നായയുമെല്ലാം പരിസ്ഥിതിമലിനീകരണത്തിന്റെ അളവ് കുറയ്ക്കാൻ സഹായിച്ചിരുന്നു. ഭക്ഷണാവശിഷ്ടങ്ങൾ തിന്നുകൊണ്ട് മാലിന്യ സംസ്കരണം നടത്തിയിരുന്ന ഈ ജീവികളെ തെരുവുനായ്ശല്യം, കാക്കശല്യം എന്നിവയാരോപിച്ച് നശിപ്പിക്കാൻ ശ്രമിക്കുന്നു. അവ നിർവ്വഹിച്ചിരുന്ന പാരിസ്ഥിതിക സന്തുലനത്തെക്കുറിച്ച് മനുഷ്യർ ബോധവാന്മാരല്ല

ഇന്ത്യയ്ക്കു ലഭിച്ച സ്വാതന്ത്ര്യത്തെ പരുന്തായി സങ്കല്പിക്കുന്നു 'സ്വാതന്ത്ര്യ ദിനത്തിൽ' എന്ന കവിതയിൽ. മേഘപാതയിൽ കൂടി ചിറകടിച്ചു വരുന്ന പരുന്തിനെ പ്പോലെയാണ് സ്വാതന്ത്ര്യം വന്നതെന്ന് കവിത വ്യക്തമാക്കുന്നു. റേഡിയോയുടെ സിഗ്നൽ കമ്പിയിൽ കൂടുവച്ച കിളിയെയാണ് 'കൂടുംകിളിയും' എന്ന കവിത അവതരിപ്പിക്കുന്നത്. ശത്രുക്കളെ ആകർഷിക്കാതിരിക്കാൻ മാറാല തൂക്കിയതുപോലുള്ള കൂടു നിർമ്മിച്ച് മുട്ടയെയും കുഞ്ഞിനെയും കിളി സംരക്ഷിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

വയലാർ, ഇടശ്ശേരി എന്നിവരിൽ പൊതുവെ പക്ഷികൾ വർണ്ണനാപരമായി

അവതരിപ്പിക്കപ്പെടുന്നില്ല.

### 3.3.1.4. ആധുനികതാഘട്ടം

അയ്യപ്പപ്പണിക്കരുടെ 'തത്തമ്മ' എന്ന കവിത തത്തിതത്തി നടക്കുന്ന തത്തമ്മയെക്കുറിച്ചാണ് പറയുന്നത്. നന്മകൾ ചൊല്ലാൻ നാക്കിനും തിന്മകളെ കൊത്തിക്കീറാൻ കൊക്കിനും കഴിയട്ടെയെന്ന് കവിത ആഗ്രഹിക്കുന്നു. തത്തമ്മയുടെ ഭംഗി വർണ്ണിച്ച കവിത അതിനെ പിടിക്കാൻ വല വീശുന്നവരെകുറിച്ചും സൂചന നൽകുന്നു.

ആധുനികതാഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ അയ്യപ്പപ്പണിക്കർ മാത്രമാണ് പക്ഷികളെ താരതമ്യേന വർണ്ണനാപരമായി അവതരിപ്പിച്ചിട്ടുള്ളത്.

### 3.3.1.5. ആധുനികതാനന്തരഘട്ടം

പി.പി. രാമചന്ദ്രന്റെ 'ലളിതം' എന്ന കവിതയിൽ കിളിയുടെ ജീവിതത്തിന്റെ ലളിതമായ ആവിഷ്കാരമാണുള്ളത്.[24] വെറുമൊരു തൂവലിന്റെയും അടയിരുന്ന ചൂടിന്റെയും അടയാളങ്ങളിൽനിന്ന് ഒരു പക്ഷിയുടെ ജീവിതത്തെ ആവിഷ്ക്കരിക്കാമെന്ന് വ്യക്തമാക്കുന്ന കവിത കിളിയിലൂടെ 'കവിത'യുടെ ആവിഷ്ക്കാരത്തെക്കൂടിയാണ് വ്യക്തമാക്കുന്നത്. ഈ കവിതയ്ക്ക് ഒരു മറുവായന നടത്തുകയാണ് 'അടയാളം' എന്ന കവിതയിലൂടെ മ്യൂസ് മേരി. പെണ്ണിന്റെ ആവിഷ്ക്കാരമായി കവിത മാറുന്നു. ഇത്രയും ലളിതമായി ആവിഷ്ക്കരിക്കപ്പെടാമെന്ന് പറയുന്നുണ്ടെങ്കിലും ഒരു സ്ത്രീയുടെയും ജീവിതം നിലനിൽക്കുന്നില്ലെന്നാണ് 'അടയാള'മെന്ന കവിത പറയുന്നത്. പുറത്തുവരാതെ ഒതുക്കപ്പെടുകയും പുറത്തുവരുമ്പോൾ അടിച്ചമർത്തപ്പെടുകയും ചെയ്യുന്നവയാണ് സ്ത്രീയുടെ ശബ്ദങ്ങൾ.

മോഹനകൃഷ്ണൻ കാലടിയുടെ 'കാക്കയായിരുന്നെങ്കിൽ' എന്ന കവിതയിൽ കാക്കയുടെ പ്രവർത്തികളെ വിവരിക്കുന്നു.

"കാക്കയായിരുന്നെങ്കിൽ
എനിക്ക് നിന്റെ
പാട്ടുകളിലും കഥകളിലും
കൂടുകൂട്ടാമായിരുന്നു.
കല്ലെറിഞ്ഞോടിച്ചാലും
കാണാത്ത കൊമ്പിലെ

കേൾക്കാത്ത കനികൾ

കൊത്തിയിട്ടു തരാമായിരുന്നു" (2013: 210)

എന്നിങ്ങനെ കാക്കയായിരുന്നെങ്കിൽ താൻ ചെയ്യുമായിരുന്നതെന്തൊക്ക എന്ന് കവിത വ്യക്തമാക്കുന്നു. വിരുന്നുവിളിച്ചും വഴക്കുപറഞ്ഞും പൊട്ടക്കുടങ്ങളിൽ കല്ലുപെറുക്കിയിട്ടും നാളികേരക്കുലകളെ ആകാശപ്പൂളുകളാക്കിയും മുറ്റത്ത് കലമ്പി നടക്കാനും ആഗ്രഹിക്കുന്നു. നെയ്യപ്പം തരാനും മുത്തശ്ശന്റെയും മുത്തശ്ശിയുടെയും പേരിൽ വിരുന്നൂട്ടാനും വിളിക്കുമായിരുന്നതിന്റെ ഓർമ്മകളും വ്യക്തമാക്കപ്പെടുന്നു. ഇത്തരത്തിൽ കറുത്തതെങ്കിലും കാക്ക മനുഷ്യർക്ക് പ്രയോജനമുള്ളതും മനുഷ്യവാസ മേഖലയുമായി പൊരുത്തപ്പെട്ട് ജീവിക്കുന്നതുമായ പക്ഷിയാണ്. എന്നാൽ വെളുത്തതെങ്കിലും കൊക്കിന് ഈ രീതിയിലുള്ള പ്രാധാന്യം നൽകപ്പെടുന്നില്ല. അതിനാൽ കാക്കയാവാൻ; കറുത്തതാവാൻ ഒറ്റക്കാലിൽ തപസ്സു ചെയ്യുകയാണോ വെണ്ണക്കറുമ്പനായ കൊക്ക് എന്നും കവി സന്ദേഹിക്കുന്നു.

'ദൈവത്തിന്റെ വീട്' എന്ന സെബാസ്റ്റ്യന്റെ കവിതയിൽ സുചിമുഖി സ്വന്തം വീടൊരുക്കുന്നതിനെ പരാമർശിക്കുന്നു. കല്ല്, കമ്പി, സിമന്റ്, തറയോട്, മരം,പണം, എന്നിങ്ങനെ വളരെ പണിപ്പെട്ട് മനുഷ്യർ വീടു നിർമ്മിക്കുന്നു. എന്നാൽ വളരെ സ്വാഭാവികമായും ഭംഗിയായും പക്ഷികൾ കൂടൊരുക്കുന്നതിനെ കവിത വ്യക്തമാക്കുന്നു.[25] മനുഷ്യരെപ്പോലെ പ്രകൃതിയെ നശിപ്പിക്കുന്നതരം ഭവനനിർമ്മാണമല്ല സൂചിമുഖി നടത്തുന്നത്. 'പുറപ്പാട്' എന്ന കവിതയിൽ ദേശാടനപക്ഷികളെയാണ് അവതരിപ്പിച്ചിരിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിൽ എത്തിച്ചേർന്ന പക്ഷികൾ ഋതുവ്യതിയാനം സംഭവിച്ചതോടെ തിരിച്ചുപോകുന്നു. ചിറകൊടിഞ്ഞ കുഞ്ഞിക്കുരുവി മാത്രം ഒറ്റപ്പെടുന്നതായി കവിത വ്യക്തമാക്കുന്നു.

എസ്. ജോസഫിന്റെ 'മരംകൊത്തിയോട്' എന്ന കവിതയിൽ മരംകൊത്തിയുടെ പ്രവർത്തികളെ വർണ്ണിക്കുന്നു. മരംകൊത്തിയുടെ ശാരീരികവും പ്രവൃത്തിപരവുമായ പ്രത്യേകതകളെ വർണ്ണിക്കുക മാത്രമാണീ കവിതയിൽ ചെയ്യുന്നത് (2009:56). 'പക്ഷികളും മൃഗങ്ങളും' എന്ന കവിതയിൽ പക്ഷികളും മൃഗങ്ങളും പ്രാണികളുമെല്ലാം കലാകാരന്മാരും കലാകാരികളുമാണെന്ന് വ്യക്തമാക്കുന്നു (2013:31).

വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, വി.എം. ഗിരിജ, വീരാൻകുട്ടി, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ എന്നിവരിൽ പൊതുവെ പക്ഷികൾ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടിട്ടില്ല.

### 3.3.2. സദൃശകല്പനകൾ

#### 3.3.2.1. രൂപപരം

##### 3.3.2.1.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ പക്ഷികൾ രൂപപരമായ സദൃശകല്പനകളായി പ്രത്യക്ഷപ്പെടുന്നില്ല.

##### 3.3.2.1.2. കവിത്രയകാലം

വള്ളത്തോളിന്റെ 'ഗ്രാമസൗഭാഗ്യ'ത്തിൽ നെൽവയലിൽ തത്തകൾ പറന്നെത്തിയതിനെപ്പറ്റി പരാമർശമുണ്ട്. മരപ്പൊത്തിൽ നിന്ന് തത്തക്കൂട്ടം ഇറങ്ങുന്നതുകണ്ടാൽ ശരത്കാലത്ത് പനിപിടിച്ച വൃക്ഷം രക്തത്തോടുകൂടിയ പിത്തം ഛർദ്ദിക്കുകയാണെന്നു തോന്നും എന്നാണ് കവി കല്പന (2011:61–62).

'മഗ്ദലനമറിയ'ത്തിൽ ശിഷ്യരോടൊത്ത് അത്താഴമുണ്ണുന്ന യേശുദേവനെ

> "തേൻ കുളിർവല്ലീനികുഞ്ജത്തിൽ നിന്നോലും
> പൂങ്കുയിൽക്കൂകലാൽ വാഴ്ത്തിപ്പാടി" (2011:278)

എന്നു പരാമർശിക്കുന്നു. ദുഷ്ടസ്വഭാവങ്ങളിൽനിന്ന് രക്ഷിക്കണമേ എന്നതിന് ദുഷ്ടപ്പരുന്തിന്റെ വായിൽനിന്ന് പെൺപ്രാവിനെ വീണ്ടെടുത്ത് കൂട്ടിലണയ്ക്കണമേ എന്നാണ് സദൃശകല്പന ചെയ്തിരിക്കുന്നത്. മറിയത്തെ പെൺപ്രാവിനോടും ദുഷ്സ്വഭാവത്തെ ദുഷ്ടപ്പരുന്തിനോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കൂടാതെ യേശുദേവന്റെ കൃപയ്ക്കായി കാത്തിരിക്കുന്ന വേഴാമ്പലായും മറിയത്തെ കാണുന്നുണ്ട്.

കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് രൂപപരമായ കല്പനകളായി പക്ഷികൾ പൊതുവെ അവതരിപ്പിക്കപ്പെട്ടുകാണുന്നത്.

**3.3.2.1.3.** കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തര ഘട്ടം എന്നിവയിലും പക്ഷികൾ താരതമ്യേന രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

#### 3.3.2.2. ഭാവപരം

##### 3.3.2.2.1. പ്രാചീനമധ്യകാലഘട്ടം

'രാമകഥപ്പാട്ടി'ൽ സീതയെ നഷ്ടപ്പെട്ടതറിയുന്ന രാമൻ പ്രകൃതിയോട് സീതയെ അന്വേഷിക്കുന്നു. കുയിലുകളോടും മയിലുകളോടുമെല്ലാം അന്വേഷിക്കുന്നുണ്ട്.

പ്രകൃതിസൗഹൃദ കാഴ്ചപ്പാടിന്റെ സൂചനകളാണ് ഇത്തരം സന്ദർഭങ്ങൾ നൽകുന്നതെങ്കിലും മനുഷ്യന്റെ ആവശ്യത്തിനുവേണ്ടിയാണ് സൗഹൃദമനോഭാവം സ്വീകരിക്കുന്നത് എന്ന് വ്യക്തമാകുന്നുണ്ട്.

'കണ്ണശ്ശരാമായണ'ത്തിൽ സീതയെ രാവണൻ അപഹരിച്ചുകൊണ്ടുപോകുന്ന സന്ദർഭത്തിൽ പക്ഷികളെ വിളിച്ച് സീത വിലപിക്കുന്നു (2013:377). ആ വിലാപം കേട്ട് പ്രകൃതിയുടെ പ്രതികരണമെന്നോണം പക്ഷികൾ സീതയുടെ പുറകെ പോകുന്നു. രാമായാണത്തിലെ പ്രധാന കഥാപാത്രമാണ് ജഡായു. ജന്തുക്കളുടെ സൃഷ്ടികഥ രാമന് പറഞ്ഞുകൊടുക്കുന്നത് ജഡായുവാണ്. രാമായണത്തിൽ ഈ പക്ഷിക്ക് പ്രധാന സ്ഥാനമുണ്ട്. അതുകൊണ്ടുതന്നെ രാമകഥപ്പാട്ട് കണ്ണശ്ശരാമായണം, അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവയിലും ജഡായു പ്രത്യേകമായി കടന്നുവരുന്നു.

കൃഷ്ണന്റെ വേണുഗാനം പക്ഷികൾ ആസ്വദിക്കുന്നതായി 'കൃഷ്ണഗാഥ'യിൽ പരാമർശമുണ്ട്.

> "പക്ഷികൾ തങ്ങളിൽ കൂകിവിളിച്ചോരോ
> വൃക്ഷവരങ്ങളിൽ ചെന്നുപൂക്കു
> കോകങ്ങളെല്ലാമേ ഗോപതിമണ്ഡലം
> കോപിച്ചുനോക്കിയിരുന്നുടനെ" (ചെറുശ്ശേരി; 2013:166)

എന്നിങ്ങനെ പക്ഷികളെല്ലാം കണ്ണന്റെ വേണുഗാനം കേട്ട് വൃക്ഷങ്ങളിൽ ചെന്നിരിക്കുന്നു. കൃഷ്ണനെ ഗോപികമാർ കോകങ്ങളോടും കോകിലത്തോടുമെല്ലാം അന്വേഷിക്കുന്നുണ്ട്.

'നളചരിത'ത്തിൽ നളദമയന്തിമാർക്കൊപ്പം സല്ലപിക്കുകയും പ്രണയസന്ദേശങ്ങൾ കൈമാറുന്ന വാഹകനായി പ്രവർത്തിക്കുകയും ചെയ്യുന്നത് ഹംസമെന്ന പക്ഷിയാണ്. മനുഷ്യനെപോലെ സംസാരിക്കുകയും നളദമയന്തിമാർക്കിടയിൽ അനുരാഗത്തെ പോഷിപ്പിക്കുകയും ചെയ്ത് അവരെ പ്രണയസാഫല്യത്തിലെത്തിക്കുന്നു. മനുഷ്യർക്കിടയിൽ പ്രവർത്തിക്കുന്ന മനുഷ്യദൂതനെപ്പോലെയാണ് അരയന്നം കൃതിയിൽ അവതരിപ്പിക്കപ്പെടുന്നത്. തിരുനിഴൽമാല, രാമചരിതം, ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടിചരിതം, ചന്ദ്രോത്സവം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ പൊതുവെ പക്ഷികൾ ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

ഈ ഘട്ടത്തിൽ 'നളചരിത'ത്തിൽ മാത്രമാണ് പക്ഷികൾ പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നത്.

### 3.3.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'നളിനി'യിൽ ദിവാകരൻ മലയുടെ ഉന്നത തടത്തിൽ നിന്ന് താഴ്വാരത്തെ നോക്കുന്നത് പക്ഷി തന്റെ കൂടിരിക്കുന്ന കാടിനെയെന്നപോലെയെന്ന് കല്പിച്ചിരിക്കുന്നു. താഴ്വാരത്തിൽ നളിനിയുള്ളതിനാൽ ആണ് അറിയാതെയെങ്കിലും ദിവാകരനിൽ ആ ഭാവം രൂപപ്പെടുന്നത്. ഇവിടെ ദിവാകരനെ പക്ഷിയായും താഴ്വാരത്തെ കൂടിരിക്കുന്ന കാടായും കല്പിച്ചിരിക്കുന്നു.[26] ദിവാകരനെ കാണുന്ന സമയത്ത് സന്തോഷ ത്താൽ നളിനി കുയിലിനെപ്പോലെ പാടുന്നു. നളിനി തനിക്ക് പറയാനുള്ളതെല്ലാം ദിവാകരനോട് പറഞ്ഞു തീർത്തു എന്നു പരാമർശിക്കുന്നു.

'ചിന്താവിഷ്ടയായ സീത'യിൽ വനവാസകാലത്തെക്കുറിച്ച് സീത ഓർക്കുന്നു. ചിറകില്ലാത്ത പക്ഷികൾ പോലെ വനത്തിൽ സുഖമോടെ പാറിനടന്നതായി സീത ഓർക്കുന്നു. പ്രകൃത്യവബോധത്തിന്റെ തലത്തിലേക്ക് ഈ പരാമർശങ്ങൾ വികസിച്ചിട്ടില്ല. 'ലീല'യിൽ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ മറ്റൊരാളെ വിവാഹം ചെയ്യേണ്ടി വന്നതിനെ പൈങ്കിളിയെ പോലെ മറ്റൊരാൾക്ക് നൽകപ്പെട്ടു എന്നാണ് പരാമർശിക്കുന്നത്. ലീലയുടെ അസ്വാതന്ത്ര്യത്തെയാണിത് വ്യക്തമാക്കുന്നത്. മദനനെ വേർപിരിഞ്ഞ് ഭർത്താവിനൊപ്പം പോകേണ്ടി വരുന്ന ലീലയെ ഇണയെ വേർപിരിഞ്ഞ പ്രാവിനോട് സാദൃശ്യപ്പെടുത്തിയി രിക്കുന്നു. മദനനെ തിരയുന്ന ലീലയോട് മദനനെ കാണുന്നത് നിനക്ക് ദുഃഖമുണ്ടാ ക്കുമെന്ന് മാധവി പറയുന്നു. ചെറുപക്ഷിയെ കാറ്റെന്നതുപോലെ മാത്രമേ അത് തന്നെ ബാധിക്കൂയെന്ന് ലീല വ്യക്തമാക്കുന്നുണ്ട്. 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കവിതയിൽ കുയിൽ പ്രധാന കഥാപാത്രമായി പരാമർശിക്കപ്പെടുന്നുണ്ട്. ഇതിൽ കുയിൽ കുമാരനാശാന്റെ പ്രതീകമായാണ് അവതരിപ്പിക്കപ്പെടുന്നത്. കുയിലിരിക്കുന്ന മാവ് എസ്.എൻ.ഡി.പി.യുടെ പ്രതീകമാണ്.

കവിത്രയകാലഘട്ടത്തിൽ ആശാനിൽ മാത്രമാണ് ഭാവപരമായ സദൃശകല്പന കളായി പൊതുവെ പക്ഷികൾ പരാമർശിക്കപ്പെട്ടുകാണുന്നത്.

### 3.3.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ഈ ഘട്ടത്തിൽ പൊതുവെ പക്ഷികൾ ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 3.3.2.2.4. ആധുനികതാഘട്ടം

ഒ.എൻ.വി. കുറുപ്പിന്റെ 'അഗ്നിശലഭങ്ങൾ' എന്ന സമാഹാരത്തിലെ 'പാടുന്ന പക്ഷികൾ' എന്ന കവിത പക്ഷികളെയാണ് വിഷയമാക്കുന്നത്. പക്ഷിയിരുന്നു പാടുന്ന

പൊന്നരയാൽ ഇവിടെ കാലമാണ്. സന്തോഷവും അത്ഭുതവും ഉത്സാഹവും കുതൂഹലവും വാത്സല്യവുമെല്ലാം ചേർന്ന് മരച്ചില്ലകളെ പുൽകുന്ന മനോഹരമായ ശബ്ദങ്ങളാണ് പക്ഷികളുടേതെന്ന് കവിത വ്യക്തമാക്കുന്നു. പക്ഷികൾ സുപ്രഭാതത്തെ പാടിയുണർത്തിയത് ജീവിതമാകുന്ന പ്രകൃതിയിലാണ് ഇത്തരത്തിൽ പക്ഷികളെ ജീവിതസാഹചര്യങ്ങളുമായി സാദൃശ്യപ്പെടുത്തുന്നു കവിത.

ഒ.എൻ.വി. യുടെ കവിതകളിൽ മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി പൊതുവെ പക്ഷികൾ പരാമർശിക്കപ്പെട്ടുകാണുന്നത്.

#### 3.3.2.2.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിലും പൊതുവെ പക്ഷികൾ ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

## 3.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 3.3.3.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ പക്ഷികൾ പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 3.3.3.2. കവിത്രയകാലം

വള്ളത്തോളിന്റെ 'കിളിക്കൊഞ്ചലി'ൽ കൂട്ടിലകപ്പെട്ട് സഞ്ചാരസ്വാതന്ത്ര്യം നഷ്ടപ്പെടുന്ന പക്ഷിയെ അവതരിപ്പിക്കുന്നു.

### 3.3.3.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'ആകാശം കൈമോശം വന്നപ്പോൾ' എന്ന കവിതയിൽ കൂട്ടിലകപ്പെട്ട പക്ഷിയുടെ അസ്വാതന്ത്ര്യത്തെ വിഷയമാക്കുന്നു. മരക്കൊമ്പിലെ കൂട്ടിൽ പതുങ്ങിയിരുന്നെങ്കിലും അവിടെ നിന്നും പറിച്ചെടുത്ത് കമ്പി വലയ്ക്കുള്ളിലാക്കിയ കറുത്ത കൈകളെക്കുറിച്ച് കവിത പരാമർശിക്കുന്നു. കാടും നാടും വിട്ട് കമ്പോള വസ്തുവായി മാറുന്ന പക്ഷിയ്ക്ക് കിളിയുടെ പാട്ടും മന്ദാരം പൂത്ത വനങ്ങളും രാവിന്റെ നിലാവുകളും ആകാശവും കൈമോശം വന്നതായി കവിത വ്യക്തമാക്കുന്നു.

"എല്ലാം കഴിഞ്ഞു; മരിച്ചുഗാനം
മുള്ളുവലക്കമ്പിക്കൂടായ് ലോകം;
വറ്റി കണ്ണീർ; നെടുവീർപ്പടങ്ങി

ചുറ്റും ചിറകിൻ തുടിപ്പടങ്ങി" (2005:373)

എന്നിങ്ങനെ കൂട്ടിലെ അസ്വാതന്ത്ര്യവുമായി കിളി പതുക്കെ പൊരുത്തപ്പെടുന്നു. കാട്ടുകിളിയെന്ന മേൽവിലാസം വെട്ടിക്കളയണമെന്ന് കിളി ദുഃഖത്തോടെ ആഗ്രഹിക്കുന്നു. ഇത്തരത്തിൽ ആകാശം കൈമോശം വന്ന കിളിയെയാണ് കവിത അവതരിപ്പിക്കുന്നത്. വള്ളത്തോളിന്റെ 'കിളിക്കൊഞ്ച'ലും കൂട്ടിലകപ്പെടുന്ന പക്ഷിയുടെ അസ്വാതന്ത്ര്യത്തെയാണ് വിഷയമാക്കുന്നത്.

### 3.3.3.4. ആധുനികതാഘട്ടം

ഒ.എൻ.വി. കുറുപ്പിന്റെ 'പക്ഷിശാസ്ത്രം' എന്ന കവിത പക്ഷിയെ വേട്ടയാടുന്ന തിനെയാണ് പ്രതിനിധീകരിക്കുന്നത്. പക്ഷിയെ പിടിച്ച് കൂട്ടിലാക്കി പക്ഷിശാസ്ത്രമെന്ന പേരിൽ ഭാവി പ്രവചിക്കുമ്പോൾ പക്ഷികളുടെ സ്വാതന്ത്ര്യം കൂടിയാണ് കൂട്ടിലടയ്ക്ക പ്പെടുന്നത്. പഴത്തിന്റെ നുറുങ്ങുകൾ കൂട്ടിലുണ്ടെങ്കിലും അഴികൾക്കുള്ളിൽനിന്ന് പക്ഷി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. വള്ളത്തോളിന്റെ 'കിളിക്കൊഞ്ചല'ലിലെ പക്ഷിയുടെ അവസ്ഥ തന്നെയാണ് ഇവിടെയും പരാമർശിക്കപ്പെടുന്നത്. സ്വർണ്ണക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെയെന്ന് കവിത സൂചിപ്പിക്കുന്നു.

"അകിടു നിറയവേ
കരയും തള്ളപ്പയ്യി-
ന്നരികിലെത്താൻ കെട്ടു
പൊട്ടിക്കും കിടാവുപോൽ!" (2016:102)

എന്നാണ് പക്ഷിയുടെ കൂടിനു പുറത്തുപോകാനുള്ള ആഗ്രഹത്തെ കവിത വ്യക്തമാ ക്കുന്നത്. ഒരിക്കൽ കൂട്ടിൽ നിന്ന് രക്ഷയ്ക്ക് ശ്രമിച്ചപ്പോൾ ചിറക് മുറിച്ച് വീണ്ടും കൂട്ടിലിടപ്പെട്ട പക്ഷിയുടെ ദയനീയതയാണ് കവിത വ്യക്തമാക്കുന്നത്. ഇനിയൊരിക്കലും തനിക്ക് നീലാകാശത്തിലേക്ക് പറക്കാനാവില്ലെന്ന് പക്ഷി തിരിച്ചറിയുന്നു. മനുഷ്യർ പ്രകൃതിക്കുമേൽ നടത്തുന്ന അടിച്ചമർത്തലിന്റെയും അതിക്രമത്തിന്റെയും ചിത്രം തന്നെയാണ് ഇവിടെയും വ്യക്തമാകുന്നത്.

'കോഴിയും ഒരു പക്ഷിയാണ്' എന്ന സച്ചിദാനന്ദന്റെ കവിത പക്ഷിവർഗ്ഗത്തിൽപ്പെട്ട കോഴിയുടെ ചിന്തകളെന്ന രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

"കോഴിയും ഒരു പക്ഷിയാണ്
ഗരുഡനെപ്പോലെ മേഘങ്ങളിൽ

> പറന്നു നടന്നില്ലെങ്കിലും
> കാക്കയെപ്പോലെ മനുഷ്യസ്പർശമേൽക്കാതെ
> കഴിഞ്ഞുകൂടണമെന്ന് അവനുണ്ട്" (2016:429-430)

എന്നിങ്ങനെ മനുഷ്യരിൽ നിന്ന് അകന്നുജീവിക്കണമെന്ന് കോഴി ആഗ്രഹിക്കുന്നതായി കവിത വ്യക്തമാക്കുന്നു. കോഴിയുടെ പക്ഷിയെന്ന അസ്തിത്വത്തെത്തന്നെ ഇല്ലായ്മ ചെയ്തവരാണ് മനുഷ്യർ. കോഴി രാവിലെ കൂകുന്നത് മനുഷ്യരെ വിളിച്ചുണർത്താനല്ല മറിച്ച് നഷ്ടപ്പെട്ട കാടിന്റെ ഓർമ്മകൾ വെളിപ്പെടുത്താനാണ്. ആ ശബ്ദത്തിലൂടെ തന്റെ പിടയുടെ മുട്ടകൾ കട്ടെടുക്കരുതെന്ന് മനുഷ്യന് താക്കീതു നൽകുന്നു. കോഴിയുടെ വംശത്തിന്റെ പ്രത്യാശകളെയാണ് മനുഷ്യൻ തീയിൽപൊരിക്കുന്നതെന്നും അപ്പോൾ അവയുടെ അകം മുഴുവൻ വേവുകയാണെന്നും മനുഷ്യരോടുള്ള രോഷം കൊണ്ടാണ് അവന്റെ പൂവു ചുകന്നതെന്നും കവിത വ്യക്തമാക്കുന്നു.

> "ഓർത്തു നോക്കു, നിങ്ങളുടെ സ്ഥിതി
> അവനെക്കാൾ അല്പമെങ്കിലും ഭേദമാണോ?" (2016:430)

എന്നിങ്ങനെ മനുഷ്യർക്കുനേരെ ചോദ്യമുന്നയിച്ചുകൊണ്ടാണ് കവിത അവസാനിക്കുന്നത്. ബുദ്ധിമാനെന്നഹങ്കരിക്കുന്ന മനുഷ്യർ പക്ഷികളെയും മൃഗങ്ങളെയും പരിസ്ഥിതിയെയും അടിച്ചമർത്തി ഉപഭോഗവസ്തുവാക്കുന്നു. എന്നാൽ മനുഷ്യരെ അവനെക്കാൾ ബുദ്ധിയും സമ്പത്തുമുള്ള മനുഷ്യർ ഇതേ രീതിയിൽ അടിച്ചമർത്തുന്നു. ഇത്തരത്തിൽ മറ്റു മൃഗപക്ഷികളിൽ നിന്നും മനുഷ്യർക്കും ഭേദമില്ല എന്ന് കവിത വ്യക്തമാക്കുന്നു.

സച്ചിദാനന്ദന്റെ 'രണ്ട് പക്ഷികൾ' എന്ന കവിതയിൽ തത്തയും പ്രാവും കഥാപാത്രങ്ങളാകുന്നു. വെടിയൊച്ച കേട്ടപ്പോൾ തത്ത പതിനാറാം നൂറ്റാണ്ടിലേക്കും പ്രാവ് ആറാം നൂറ്റാണ്ടിലേക്കും പറന്നുപോയി. തത്ത കാടുകളിൽ ഇല്ലാതാവുകയും രാമായണത്തിൽ മാത്രം ശേഷിക്കുകയും ചെയ്തു. പ്രാവാകട്ടെ വൈദ്യുതാഘാതത്താൽ മരിക്കുകയും സമാധാനത്തിന്റെ പ്രതീകമായി വീണ്ടും അവതരിക്കുകയും ചെയ്തു.[27] ഇത്തരത്തിൽ തത്തയും പ്രാവും അപ്രത്യക്ഷമാകുന്നതായി കവിത വ്യക്തമാക്കുന്നു. തത്തയെ തുഞ്ചൻപറമ്പിൽ വിഗ്രഹമായി ആരാധിക്കുകയും വിഷപ്രളയത്തിന് മുകളിലേക്ക് പറത്തിവിട്ട പ്രാവ് ഒലീവിലയുമായി തിരിച്ചുവരികയും ചെയ്യുമെന്ന് മനുഷ്യർ പ്രതീക്ഷിക്കുന്നു.

"അത് കാണാൻ ഞങ്ങൾ

അതിജീവിക്കില്ലെങ്കിലും" (2016:1115)

എന്ന് മനുഷ്യന്റെ അതിജീവനത്തിനും ഭീഷണിയുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. മറ്റു ജീവിവർഗ്ഗങ്ങളുടെ അതിജീവനത്തെ തടസ്സപ്പെടുത്തുന്ന മനുഷ്യന് മറ്റു തരത്തിലുള്ള അതിജീവനപ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നുള്ള ഓർമ്മപ്പെടുത്തൽ കൂടിയായി കവിത മാറുന്നു.

ഒ.എൻ.വി., സച്ചിദാനന്ദൻ എന്നിവരിൽ മാത്രമാണ് ഈ ഘട്ടത്തിൽ പൊതുവെ പക്ഷികൾ പ്രകൃതിനശീകരണരീതിയിൽ അവതരിപ്പിക്കപ്പെടുന്നത്.

### 3.3.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'കാക്ക' എന്ന കവിത ആഗോളവ്യാപാരമേഖലയിൽ കച്ചവടവസ്തുവായി മാറിയ പ്രകൃതിയെ പ്രതിനിധീകരിക്കുന്നു. മണ്ണിനും മരത്തിനും വെള്ളത്തിനും മൃഗങ്ങൾക്കുമൊപ്പം പക്ഷികളും കച്ചവടവസ്തുവാകുന്നു. ബലിച്ചോറുതിന്നുന്നതിനായി മാർക്കറ്റിൽ നിന്നും കാക്കയെ വാങ്ങുന്ന രീതി വരാനിരിക്കുന്നു എന്ന മുന്നറിയിപ്പാണീ കവിത. പ്രകൃതി ഘടകങ്ങളെ മുഴുവൻ വില്പന വസ്തുവായി കാണുന്ന ആധുനികപ്രവണതയാണ് കാക്കയെന്ന പ്രതീകത്തിലൂടെ അവതരിപ്പിക്കപ്പെടുന്നത്. ജനങ്ങളെ ആകർഷിക്കുന്ന വിപണനതന്ത്രമാണ്

"കാക്കയോടൊപ്പമായ്

'ഫ്രീ' ബലിച്ചോറുമോ?" (2013:218)

എന്ന വരികളിൽ വ്യക്തമാകുന്നത്. ബലിയിടാൻ കാക്കയെ വാങ്ങുമ്പോൾ ബലിച്ചോറ് ഫ്രീയായി ലഭിക്കുമോ എന്നു ചിന്തിക്കുന്ന ജനമനസ്സിനെകൂടി കവിത പ്രതിനിധീ കരിക്കുന്നു. ആഗോളസ്ഥാപനങ്ങൾ പ്രകൃതിഘടകങ്ങൾക്കെല്ലാം വില നിശ്ചയി ക്കുകയും പുതിയ ഭരണാധിപന്മാർ ആ വിലകൾ അംഗീകരിക്കുകയോ തർക്കിക്കുകയോ ചെയ്ത് പ്രകൃതിയെ കച്ചവടച്ചരക്കാക്കുന്നു. മണ്ണ്, മണൽ, വെള്ളം, മരങ്ങൾ, പക്ഷിമൃഗാദികൾ, ആകാശം, ഭൂമി, തുടങ്ങി എല്ലാം തന്നെ മനുഷ്യന്റെ കച്ചവട സാമഗ്രി കളാകുന്നു. "അവൻ തന്റെ അമ്മയായ ഭൂമിയെയും സഹോദരനായ ആകാശത്തെയും വിൽക്കുകയും വാങ്ങുകയും കൊള്ളയടിക്കുകയും ചെയ്യുവാനുള്ള ഒരു കച്ചവടച്ചരക്കായി മാറ്റുന്നു അവന്റെ ഒരിക്കലും ഒടുങ്ങാത്ത ദുരാഗ്രഹങ്ങൾ ഭൂമിയെ നശിപ്പിച്ച് ഒരു മരുഭൂമിയാക്കി മാറ്റും" (മിനിപ്രസാദ്, 2012:22). ഇത്തരത്തിലുള്ള അവസ്ഥയാണ് ഭൂമി

നേരിടുന്നതെന്നാണ് കവിത സാക്ഷ്യപ്പെടുത്തുന്നത്. മനുഷ്യൻ സൃഷ്ടിക്കുന്ന മലിനപ്രകൃതിയിൽ ഇതരജീവ ജാലങ്ങളുടെ അതിജീവനത്തിന് സംഭവിക്കുന്ന പ്രശ്നങ്ങളെയാണ് കവിത പ്രമേയ വത്കരിക്കുന്നത്. കാക്ക കച്ചവടവസ്തുവായി എന്നതിനും കാക്കകളെന്ന വംശം ഇല്ലാതായി എന്നതിനുമപ്പുറം മനുഷ്യന്റെ ബലിച്ചോറു തിന്നാനുള്ള കാക്കയെ പണം കൊടുത്തു വാങ്ങേണ്ടി വരുന്ന അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. കാക്കയെ വാങ്ങുമ്പോൾ ഫ്രീയായി ബലിച്ചോറും നൽകുമോ എന്ന ചിന്തയാണ് പിന്നീടുണ്ടാകുന്നത്. മനുഷ്യന് ഉപയോഗിക്കാനുള്ള പ്രകൃതി നഷ്ടപ്പെടുന്നു എന്ന ആകുലതയാണിവിടെയെല്ലാം പ്രകടമാകുന്നത്.

അമേരിക്കയിലെ സിൻസിനാറ്റി മൃഗശാലയിലെ അവസാനത്തെ ദേശാടനപ്പിറ വായിരുന്ന 'മാർത്ത'യെക്കുറിച്ച് വിജയലക്ഷ്മി രചിച്ച കവിതയാണ് 'മാർത്ത'. 1914 സെപ്തംബർ 1 ന് ഏകാന്തവാസത്തിൽ മാർത്ത മരിച്ചു. മാംസത്തിനും തൂവലിനും വേണ്ടി മനുഷ്യർ കൊന്നൊടുക്കിയതിനാൽ വംശനാശം വന്ന ഒരു ജീവിവർഗ്ഗത്തിലെ അവസാനത്തെ കണ്ണിയാണ് മാർത്ത' (2013:75) ഏകാന്തതടവിൽ നിന്നും പിരിഞ്ഞു പോന്ന പ്രാവാണ് ഞാൻ എന്ന മാർത്തയുടെ ചിന്തയാണ് കവിതയിലുള്ളത്.

> "നിയുതങ്ങളായ് കൃഷ്ണമേഘ സഞ്ചയംപോലെ
> നിറവാനത്തിൻ നെഞ്ചിൽ സഞ്ചരിച്ചവർ ഞങ്ങൾ
> കുറ്റിയറ്റല്ലോ ദയാഹീനരേ, നിങ്ങൾക്കായി-
> ട്ടപ്പവും കിടക്കയും തീർക്കുവാനൊരു വംശം!" (2013:75)

എന്ന വിധത്തിൽ അറ്റുപോകുന്നു അവയുടെ വംശം. മൃഗശാലയിൽ നിന്ന് പരലോക ത്തേക്ക് രക്ഷപ്പെട്ടപ്പോൾ ഭൂമിയിലെ ജീവിതത്തെയോർത്ത് ഭയക്കുന്ന പക്ഷിയാണ് മാർത്ത. മരണഘട്ടത്തിനെക്കാൾ ഭയം മനുഷ്യരുള്ള പ്രകൃതിയിൽ ജീവിച്ചപ്പോഴായിരുന്നു എന്ന് മാർത്ത വ്യക്തമാക്കുന്നു. ഓരോ ജീവികളുടെയും ആവാസയിടത്തെ നശിപ്പിക്കുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്തുകൊണ്ട് അവയുടെ നിലനിലപിന് മനുഷ്യർ ഭീഷണിയുണ്ടാക്കുന്നു. പിന്നീട് വംശനാശ ഭീഷണി നേരിടുന്ന ജീവിയെന്ന് മുദ്രകുത്തി കൂട്ടിലടച്ച് കൂടുതൽ ദുസ്സഹമാക്കുന്നു അവയുടെ ജീവിതം ഇത്തരമൊരവസ്ഥയെയാണ് കവിത പ്രതിനിധീകരിക്കുന്നത്.

'മരംകൊത്തി ചോദിച്ചത്' എന്ന പി.പി. രാമചന്ദ്രന്റെ കവിതയിൽ കൊത്തിയ മരമെല്ലാം ശില്പങ്ങളായും ഇരയെല്ലാം പൂക്കളായും മാറിയതായി വ്യക്തമാക്കുന്ന മരംകൊത്തി താനൊരു വെറും പക്ഷിയായതിനാൽ തനിക്ക് വിശക്കുന്നു എന്ന്

വ്യക്തമാക്കുന്നു. അതുകൊണ്ട് പുതുകവികളേ, വനദേവതമാരേ,

"ദൂരദൂരത്തിൽ നീണ്ടു-
കിടക്കുന്നൊരീ എംജീ
റോഡിനെ ഒരു കരിം-
പുഴുവായ് തന്നീടുമോ?" (2015:184)

എന്ന് മരംകൊത്തി ചോദിക്കുന്നു. തിന്നാൻ ഒന്നുമില്ലാത്ത സാഹചര്യത്തിൽ മരങ്ങളും കാടുകളും ഇല്ലായ്മ ചെയ്ത് റോഡുകൾ നിർമ്മിക്കുന്ന മനുഷ്യരോട് എം.ജി. റോഡിനെ ഒരു പുഴുവായ് മാറ്റിത്തരാമോ എന്ന് മരംകൊത്തി ചോദിക്കുന്നു. വികസനത്തിന്റെ പേരിൽ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ആവാസയിടവും ആഹാരവും നഷ്ടപ്പെടുന്ന പക്ഷികളുടെ പ്രതിനിധിയാണീ കവിതയിലെ മരംകൊത്തി.

വി.എം. ഗിരിജയുടെ 'കടലോരവീട്' എന്ന സമാഹാരത്തിലെ 'ഇരുമ്പായ് മാറിയവ' എന്ന കവിതയിൽ ഇരുമ്പുയുഗത്തിൽ ഇരുമ്പുകൊണ്ടുള്ള പറവകൾ രൂപപ്പെടുകയും ജീവനുള്ളവ അപ്രത്യക്ഷമാവുകയും ചെയ്ത പ്രവണതയെ പ്രശ്നവത്ക്കരിക്കുന്നു. പക്ഷികളെക്കാൾ വേഗത്തിൽ പറക്കുന്ന വിമാനങ്ങളെന്ന ഇരുമ്പുപക്ഷികളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. സ്വാഭാവികമായ പ്രകൃതിയെ നശിപ്പിച്ച് കൃത്രിമഘടകങ്ങൾ സൃഷ്ടിക്കുന്ന മനുഷ്യരീതിയെക്കൂടി കവിത വ്യക്തമാക്കുന്നു.

"തൂണില്ലാത്ത തോരണങ്ങൾ വിരചിച്ച
പഴയ പക്ഷിക്കൂട്ടങ്ങൾ
ദൂതുപോയ മേഘം, ഹംസം
പരാഗങ്ങൾ പകർത്തിയ ശലഭങ്ങൾ
ഓണവെയിൽ ചുവപ്പിച്ച തുമ്പിക്കൂട്ടം
അവയെല്ലാം തീരും, പെയ്യും, കൊഴിയും,
തന്നെ കൊഴിച്ചിടും" (2015:12)

എന്നിങ്ങനെ പക്ഷികളും തുമ്പികളും പൂമ്പാറ്റകളുമടങ്ങുന്ന പക്ഷിവർഗ്ഗം കൊഴിഞ്ഞു പോകുന്നതായി കവിത സൂചിപ്പിക്കുന്നു.

വീരാൻകുട്ടിയുടെ 'നാട്ടിൽ നിന്നും മടങ്ങുമ്പോൾ' എന്ന കവിതയിൽ വയൽത്തത്ത മൊബൈലിൽ ഫോട്ടോയെടുക്കാനും കുയിൽ തന്റെ പാട്ട് റിങ്ടോണാക്കാനും ആവശ്യപ്പെടുന്നു.

"ഇനിയത്തെ തവണ വരുമ്പോൾ
കാണാൻ പറ്റിയില്ലെങ്കിലോ
എന്നൊരു കരച്ചിൽ
അതിലുണ്ടായിരുന്നതുമാത്രം
ഒരു ഫോണിലും പതിഞ്ഞില്ല" (2016: 293)

എന്നാണ് കവിതയവസാനിക്കുന്നത്. നാടുകളുടെ സ്ഥാനം നഗരങ്ങൾ കൈയടക്കുമ്പോൾ വയലുകളും വയൽത്തത്തകളും കുയിലുകളുമടങ്ങുന്ന ജീവജാതികൾ അന്യം നിന്നുപോകുന്നു. നാട്ടിൻപുറങ്ങൾ ഇല്ലാതാകുന്ന, നാടിന്റെ ശബ്ദങ്ങൾ ഇല്ലാതാകുന്ന കാലത്തിലേക്കാണ് നമ്മുടെ പോക്കെന്ന് ഈ കവിതയും സാക്ഷ്യപ്പെടുത്തുന്നു. പ്രകൃതിയുടെ നിശബ്ദമായ കരച്ചിൽ വീരാൻകുട്ടിയുടെ പലകവിതകളുടെയും പ്രമേയ മാകുന്നു. പുതുതലമുറയുടെ ജീവിതത്തിലും ആസ്വാദനത്തിലുമുള്ള വ്യത്യാസത്തെ ക്കൂടി കവിത അടയാളപ്പെടുത്തുന്നു. പ്രകൃതിയിലെ ഓരോ കാഴ്ചകളെയും മൊബൈലിൽ പകർത്തുമ്പോൾ അടുത്തതവണ പകർത്താൻ അത് ബാക്കിയുണ്ടാവുമോ എന്ന ചിന്ത പുതുതലമുറയ്ക്കില്ല എന്നും കവിത സാക്ഷ്യപ്പെടുത്തുന്നു.

പറവകൾ വിത്തിട്ടുമുളച്ചുണ്ടായ പറമ്പിലെ പഴങ്ങളിൽ മനുഷ്യർ അധികാരി യാവുകയും കിളികളെ അവ തിന്നുന്നതിൽ നിന്നും വിലക്കുകയും ചെയ്യുന്ന അനീതി യുടെ രീതിയാണ് വീരാൻകുട്ടിയുടെ 'ജാഗ്രത' എന്ന കവിത അവതരിപ്പിക്കുന്നത്.[28] മൃഗങ്ങളും പക്ഷികളും ചേർന്ന് നിർമ്മിച്ച പ്രകൃതിയെ മനുഷ്യർ തന്റേതുമാത്രമാക്കി അതിരുകൾ നിശ്ചയിച്ച് പങ്കിട്ടെടുക്കുന്നു. മനുഷ്യന്റെ വളർന്നുവരുന്ന അത്യാഗ്രഹ ങ്ങളുടെ സൂചനയാണ് കവിത നൽകുന്നത്. 'കാക്കച്ചി' എന്ന കവിതയിലാകട്ടെ

"ഒരുരുള ചോറുമായി
കരഞ്ഞുവിളിച്ചു പിറകേ വരരുതേ
ഒരു മണി വറ്റിനു മുറ്റത്തു വന്നതിന്
തെറ്റാലിയിൽ കല്ലുവെച്ചെറിഞ്ഞതിന്റെ പാട്
നെഞ്ചിലിപ്പോഴുമുണ്ട് ഉണങ്ങാതെ" (2016: 237)

എന്നതാണ്. മനുഷ്യർ അവന്റെ ആവശ്യങ്ങൾക്ക് പ്രകൃതിയെ അന്വേഷിക്കുകയും മറ്റുഘട്ടങ്ങളിൽ അവയെ നശിപ്പിക്കുകയും ചെയ്യുന്നു. കാക്ക മുറ്റത്തു വന്നാൽ കല്ലുവെച്ച് ഓടിക്കുകയും പിന്നീട് വാവിന് കൈകൊട്ടി വിളിക്കുകയും ചെയ്യുന്ന മനുഷ്യരീതിയെ യാണ് കവിത അവതരിപ്പിക്കുന്നത്.

റഫീക്ക് അഹമ്മദ്, മോഹനകൃഷ്ണൻ കാലടി, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരുടെ കവിതകളിൽ പൊതുവെ നശീകരണസൂചനകളായി പക്ഷികൾ അവതരിപ്പിക്കപ്പെടുന്നില്ല.

## 3.4. മൃഗങ്ങൾ

പുരാണകാലഘട്ടം മുതൽ തന്നെ മനുഷ്യരുടെ ജീവിതത്തിലും സാഹിത്യത്തിലും ഇടമുണ്ടായിരുന്ന മൃഗങ്ങളെ നാടോടിവാങ്മയങ്ങളും മലയാളകവിതയും അടയാളപ്പെടുത്തിയിരിക്കുന്നതെപ്രകാരമെന്ന് ഈ ഭാഗത്ത് അന്വേഷിക്കുന്നു.

ആയിരത്തിലുണ്ട് മൂന്നിലില്ല, പനയിലുണ്ട് പറയിലില്ല, കറുത്ത മതിലിന് നാല് കാല് (ആന) എന്നീ കടങ്കഥകളും പശു തിന്നാൽ പുല്ല്, പാല്, പശു പലനിറം പാൽ ഒരു നിറം, നായ കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ, അടി തെറ്റിയാൽ ആനയും വീഴും, ആടറിയുമോ അങ്ങാടി വാണിഭം, മിണ്ടാപ്പൂച്ച കലമുടയ്ക്കും, വേലിചാടുന്ന പശുവിന് കോല് കൊണ്ട് മരണം എന്നിങ്ങനെയുള്ള പഴഞ്ചൊല്ലുകളും മൃഗപരാമർശ മുള്ളവയാണ്. മൃഗങ്ങളുടെ ചേഷ്ടകളും സ്വഭാവരീതികളും വ്യക്തമാക്കുന്ന ഈ ചൊല്ലുകൾ മനുഷ്യസ്വഭാവങ്ങളുടെ പ്രതിഫലനം കൂടിയാണ്. മനുഷ്യർ മെരുക്കി വളർത്തുന്ന മൃഗങ്ങളാണ് പലപ്പോഴും കടങ്കഥകൾക്കും പഴഞ്ചൊല്ലുകൾക്കും വിഷയമാകുന്നത്.

### 3.4.1. വർണ്ണനകൾ

#### 3.4.1.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണിയാടിചരിത'ത്തിലെ വർണ്ണനാപ്രധാനമായ സന്ദർഭങ്ങളിലൊന്നാണ് ഉദയഗിരിയിലെ മാനുകളുടെ വർണ്ണന. സന്ധ്യാസമയത്ത് ചന്ദ്രബിംബത്തിലെ മാനിനെ അടുത്തുകണ്ട ഉദയപർവ്വതത്തിലെ മാനുകൾ വർഗ്ഗപ്രേമത്താൽ ചന്ദ്രനെനോക്കി ശബ്ദമുണ്ടാക്കുകയും താഴ്വരയിലേക്കിറങ്ങുകയും ചെയ്യുന്നു. ഉദയപർവ്വതശിഖരം വിട്ട് ആകാശത്തിലേക്കുയരുന്ന ചന്ദ്രബിംബത്തിലെ മാനിനെ നോക്കി ഉദയപർവ്വതത്തിലെ മാനുകൾ ഭയന്നു നിൽക്കുന്നു. ഇത്തരം മാനുകളുടെ കൂട്ടത്താൽ നിറഞ്ഞതാണ് ഉദയപർവ്വതം എന്ന് കവിത വ്യക്തമാക്കുന്നു. മണിപ്രവാള കാവ്യങ്ങളിലെ പ്രകൃതി വർണ്ണനകൾ പ്രകൃതിയെ കൃത്യമായും സൂക്ഷ്മമായും അറിഞ്ഞു കൊണ്ടുള്ളതാണ് എന്നതിന് ഉദാഹരണമാണിത്. പ്രകൃതിയും കവിമനസ്സും ഒന്നായിത്തീരുന്നതിന്റെ

ഫലമായാണ് ഇത്തരം പ്രകൃതിവർണ്ണനകൾ രൂപപ്പെടുന്നത്. ഉദയപർവ്വതത്തിലെ മാനും ചന്ദ്രബിംബത്തിലെ മാനും തമ്മിലുള്ള സമന്വയമാണിവിടെ സംഭവിക്കുന്നത്.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ രാമലക്ഷ്മണന്മാർ ദണ്ഡകാരണ്യം എന്ന മഹാവനത്തിലെത്തിയതായി പറയുന്ന സന്ദർഭത്തിൽ അവിടത്തെ മൃഗസമൃദ്ധിയെ ക്കുറിച്ച് പറയുന്നുണ്ട് (2012:151). കൂടാതെ വാല്മീകിയുടെ ആശ്രമപരിസരമായ ചിത്രകൂടപർവ്വതവും വിവിധതരം മൃഗങ്ങളാൽ നിറഞ്ഞിരിക്കുന്നു (2012:114) എന്നാണ് വർണ്ണിക്കുന്നത്. പമ്പാസരസ്സിന്റെ തീരത്തെ പ്രകൃതിമനോഹാരിതയെക്കുറിച്ചു പറയുമ്പോൾ സർപ്പം, പുലി, സിംഹം, പന്നി (2012:205) എന്നിങ്ങനെ അവിടത്തെ മൃഗ സമൃദ്ധിയെയും പരാമർശിക്കുന്നു.

'കല്യാണസൗഗന്ധികം തുള്ളലി'ൽ സൗഗന്ധികപുഷ്പാഹരണത്തിനായി യാത്രതിരിച്ച ഭീമൻ മഹാവനത്തിലെത്തുന്ന സന്ദർഭത്തിൽ വനത്തിന്റെ വന്യതയെ വ്യക്തമാക്കുന്നതിനായി അവിടത്തെ മൃഗസമൃദ്ധിയെ വർണ്ണിക്കുന്നുണ്ട്. വായുവേഗ ത്തിൽ ഓടുന്ന മാനുകളും കലമാനുകളും ആനക്കൂട്ടവും സിംഹങ്ങളും വള്ളിപ്പുലികളും വരയൻ പുലികളും പുള്ളിപ്പുലികളും കരിമ്പുലികളും നിറഞ്ഞ കാട്ടിലെ മൃഗസമൃദ്ധിയെ വ്യക്തമാക്കുന്നു.

പ്രാചീനമധ്യകാലഘട്ടത്തിൽ ഉണ്ണിയാടിചരിതം, അദ്ധ്യാത്മരാമായണം, കല്യാണസൗഗന്ധികം എന്നിവയിൽ വർണ്ണനാരീതിയിലുള്ള മൃഗപരാമർശങ്ങൾ കാണാം. തെരഞ്ഞെടുക്കപ്പെട്ട മറ്റു കൃതികളിൽ ഇത്തരം പരാമർശങ്ങൾ പൊതുവെ ഇല്ലെന്നുതന്നെ കാണാം.

### 3.4.1.2. കവിത്രയകാലം

കുമാരനാശാന്റെ 'നളിനി'യിൽ 'ഭൂരിജന്തുഗമനങ്ങൾ' നടക്കുന്ന കാടിനെക്കുറിച്ച് പരാമർശമുണ്ട്. പലമാതിരി ജന്തുക്കൾ കാട്ടിലുണ്ടെന്ന് പറയുന്നു.'ചിന്താവിഷ്ടയായ സീത'യിൽ വന്യമൃഗങ്ങളുടെ സങ്കേതമായ വനത്തിലാണ് സീത ഉപേക്ഷിക്കപ്പെടുന്നത്.

> "ഗിരിഗഹ്വരമുഗ്രമാം വനം
> ഹരിശാർദ്ദൂലഗണങ്ങൾ പാമ്പുകൾ
> പരിഭീകരസിന്ധുരാക്ഷസ-
> പ്പരിഷയ്ക്കുള്ള നികേതമാദിയായ്" (2013:443)

എന്നിങ്ങനെ സിംഹം, പുലി, പാമ്പ് തുടങ്ങി ക്രൂരമൃഗങ്ങളുടെ ആവാസയിടമാണ് കാട്.

'ഒരു സിംഹപ്രസവം' എന്ന കവിതയിൽ മനുഷ്യന്റെ അതിക്രമത്തിലൂടെ അവന്റെ ആസ്വാദനവസ്തു മാത്രമായി മാറിയ സിംഹിണിയെയും കുഞ്ഞുങ്ങളെയുമാണ് അവതരിപ്പിക്കുന്നത്.

വള്ളത്തോളിന്റെ 'ബധിരവിലാപ'ത്തിൽ സിംഹം മുതൽ പേൻ വരെയുള്ളവയ്ക്ക് നൽകിയ കേൾവിസുഖം തനിക്കില്ലാതെ പോയല്ലോ എന്ന് കവി ദുഃഖിക്കുന്നു. 'ശരണമയ്യപ്പാ' എന്ന കവിതയിൽ പട്ടുമേനികളായ മാനുകൾ മേയുന്ന കാടിനെക്കുറിച്ച് പരാമർശമുണ്ട്. ക്രൂരമൃഗങ്ങളുടെ മുരൾച്ചകൾപോലും മലയിലേക്ക് സ്വാഗതമരുളുന്ന ശബ്ദമായി ഭക്തർക്ക് അനുഭവപ്പെടുന്നു. പുലിയുടെ മുരൾച്ച സ്വാഗതമായും സിംഹ ത്തിന്റെ അലർച്ച മദ്ദളനാദമായും അനുഭവപ്പെടുന്നതായി പരാമർശം. കാട്ടാനകളുടെ ചിന്നംവിളി കാടിന്റെ സംഗീതമായും അനുഭവപ്പെടുന്നു (2011:323). കാട് ലക്ഷ്മിയായ സ്ത്രീയാണെന്ന് കല്പന. മനുഷ്യന്റെ ചിന്തകൾക്കനുസരിച്ച് മൃഗങ്ങളുടെ പ്രതികരണ ത്തിൽ പരിവർത്തനം സംഭവിക്കുന്നതായി പ്രാചീനകൃതികൾ മുതൽ പരാമർശിക്കപ്പെട്ടു കാണുന്നു.

'സിംഹം' എന്ന പേരിൽ കുട്ടികൾക്ക് വേണ്ടിയെഴുതിയതാണ് പള്ളത്തുരാമന്റെ മൃഗപരാമർശമുള്ള കവിത. ആനയെ കൊമ്പുകുത്തിക്കുന്ന ധീര നോട്ടവും ചിത്ത ശക്തിയുമുള്ള മൃഗമാണ് സിംഹമെന്നും

> "കാടും മലകളും നിന്റെ
> നീടുറ്റുള്ളൊരലർച്ചയാൽ
> പാടേ മാറ്റൊലി കൊള്ളുമ്പോൾ,
> പേടിപ്പൂ സർവ്വ ജീവിയും" (1989:22)

അതായത് കാട്ടിലെ സർവ്വജീവിയെയും ഭയപ്പെടുത്തുകയും തിളങ്ങുന്ന ജടകളോടെ വനരാജാവായി വാഴുകയും ചെയ്യുന്ന സിംഹത്തിന്റെ വർണ്ണനമാത്രമാണ് കവിത യിലുള്ളത്.

ഉള്ളൂർ, ബാലാമണിയമ്മ എന്നിവരിൽ പൊതുവെ വർണ്ണനാപരമായി മൃഗങ്ങൾ പരാമർശിക്കപ്പെടുന്നില്ല.

### 3.4.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ഈ ഘട്ടത്തിൽ പൊതുവെ മൃഗങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 3.4.1.4. ആധുനികതാഘട്ടം

സുഗതകുമാരിയുടെ 'ആന' എന്ന കുട്ടിക്കവിതയിൽ ആനയെ വർണ്ണിക്കുന്നുണ്ട്. കറുത്ത കരിമ്പാറ പോലെയും കർക്കിടകമേഘം പോലെയും ചങ്ങലകുലുക്കി ഭൂമിയിളക്കി ചെവിയാട്ടി തുമ്പികൈയ്യാട്ടി വരുന്ന ആനയെയാണ് കവിത അവതരിപ്പി ക്കുന്നത്. ഇവിടെ ആനയുടെ വർണ്ണന മാത്രമാണുള്ളത്.

ഈ ഘട്ടത്തിൽ സുഗതകുമാരിയിൽ മാത്രമാണ് മൃഗങ്ങൾ വർണ്ണനാപരമായി താരതമ്യേന അവതരിപ്പിക്കപ്പെട്ടത്.

#### 3.4.1.5. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ മൃഗങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

## 3.4.2. സദൃശകല്പനകൾ

### 3.4.2.1. രൂപപരം

#### 3.4.2.1.1. പ്രാചീനമധ്യകാലഘട്ടം

അഗസ്ത്യൻ തപസ്സുചെയ്ത മലമുകളിൽനിന്ന് പമ്പാനദി താഴേക്ക് പതിക്കു ന്നതിനെ ആനക്കുട്ടി വീഴുന്നതുപോലെ എന്നാണ് 'തിരുനിഴൽമാല'യിൽ പരാമർശി ക്കുന്നത്. പർവ്വതത്തിൽ നിന്ന് താഴേക്ക് വീണ ആനക്കുട്ടി തിരയെന്ന കരമുയർത്തി തിരിഞ്ഞ് വീടുകളെയെല്ലാം തകർത്ത് ഭൂമിയിൽ സ്വച്ഛന്ദമായി വിഹരിക്കുന്നു. തോണിയാകുന്ന പാപ്പാന്മാരെ അനുസരിക്കാതെ പായുന്നു. കാറ്റാകുന്ന ചെവിയാട്ടി ചേറണിഞ്ഞ് കളിക്കുന്ന ആനക്കുട്ടിയായി പമ്പാനദിയെ വർണ്ണിക്കുന്നു.[29] മണ്ണിളക്കി മേലെല്ലാം ചളി പുരട്ടി കുസൃതികാട്ടുന്ന ആനക്കുട്ടിയാണിവിടെ പമ്പാനദി. കൃതിയിലെ മൂന്നാംഭാഗത്ത് കിഴക്കേദിക്കിലെ ബലിവർണ്ണനയിൽ സന്ധ്യയെ പുലിയായി കൽപ്പിക്കുന്നു.

> "മുകിലാന മുൻചുകപ്പും മുകിൾമുല്ലനകം കയെറ്റി
> തികെൾ നീഴ്മീൻപ്പുള്ളി പൊംകതിചെയെന്നും വാപിളന്തു
> പുകെഴ്ക്കോമന്തിയെന്നും പുലിവന്തു കുറുകക്കണ്ടു
> പകെലോനാം മാൻകിടാവു പരവെയിൽ പായക്കാണീർ" (1981:82)

എന്നിങ്ങനെ സന്ധ്യയെ പുലിയായും സൂര്യനെ മാൻകിടാവായും വർണ്ണിച്ചിരിക്കുന്നു. സന്ധ്യ എന്ന പുലി വെളിയിൽ കാട്ടിയ നഖങ്ങളായി മുല്ലമൊട്ടുകളെയും പുലിയുടെ

ശരീരത്തിലെ പുള്ളികളായി നക്ഷത്രങ്ങളെയും വർണ്ണിക്കുന്നു. സന്ധ്യയാകുന്ന പുലി വാപിളർന്ന് അടുക്കുന്നത് കണ്ട് സായന്തന സൂര്യനാകുന്ന മാൻകിടാവ് സമുദ്രത്തിലേക്ക് പായുന്നതായുള്ള പ്രകൃതിവർണ്ണന മനോഹരമാണ്.

'രാമചരിതം' ആരംഭിക്കുന്നത് ഗണപതിവന്ദനത്തോടെയാണ്. കാട്ടിൽ ശിവൻ കൊമ്പനാനയായും പാർവ്വതി പിടിയാനയായും വിഹരിച്ചു നടന്ന കാലഘട്ടത്തിൽ ആനയുടെ ആകൃതിയിൽ പിറന്ന ഗണപതിയെ വന്ദിക്കുന്നു.

'ഉണ്ണിയാടിചരിത'ത്തിൽ ഉണ്ണിയാടിയുടെ സൗന്ദര്യം വർണ്ണിക്കുമ്പോൾ പിടിയാനയുടെ നടയ്ക്കുതുല്യമായ നട എന്നാണ് പരാമർശിക്കുന്നത്.

പ്രാചീനമധ്യകാലഘട്ടത്തിൽ തിരുനിഴൽമാല, രാമചരിതം, ഉണ്ണിയാടിചരിതം എന്നിവയിൽ മാത്രമാണ് മൃഗങ്ങൾ രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടത്.

**3.4.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ ഇത്തരം പരാമർശങ്ങൾ പൊതുവെ ഇല്ലെന്നുതന്നെ പറയാം.

### 3.4.2.2. ഭാവപരം

### 3.4.2.2.1. പ്രാചീനമധ്യകാലഘട്ടം

'രാമകഥപ്പാട്ടി'ൽ രാവണൻ സീതയെ അപഹരിച്ചതറിഞ്ഞ് വനത്തിൽ ദുഃഖിതനായി അലയുന്ന രാമൻ പ്രകൃതിഘടകങ്ങളോടെല്ലാം സീതയെ അന്വേഷിക്കുന്ന ഘട്ടത്തിൽ മരങ്ങളോടെന്നപോലെ ക്രൂരമൃഗങ്ങളോടും രാമൻ സീതയെ അന്വേഷിക്കുന്നുണ്ട്.

> "കാണുകിന്റ മരങ്കളോടും
> കടിയ മിറുകങ്കളോടും" (ഭാഗം 1, 2012: 528)

അവയോടും സൗഹൃദപരമായ പെരുമാറ്റമാണ് ഈ ഘട്ടത്തിൽ രാമൻ പ്രകടിപ്പിക്കുന്നത്.

'കണ്ണശ്ശരാമായണ'ത്തിൽ ജടായു ജന്തുക്കളുടെ സൃഷ്ടികഥ രാമന് പറഞ്ഞു കൊടുക്കുന്നു. അദിതി ദേവന്മാരെയും ദിതി അസുരന്മാരെയും ദനു ദാനവരെയും മുനി അപ്സരസ്സുകളെയും സുരഭി ഗോക്കളെയും ദിഗ്ഗജങ്ങളെയും, തിമി ജലജന്തുക്കളെയും പ്രസവിച്ചു.[30] ഇള വൃക്ഷലതാദികളെയും ക്രോധവശ ആമ മുതൽ ഗുഹാവാസികളെയും

സുരസ അസുരരെയും അരിഷ്ടഗന്ധർവ്വരെയും സരമ മൃഗങ്ങളെയും പ്രസവിച്ചതായി ജടായു പറയുന്നു. മനുഷ്യസ്രഷ്ടമാണ് പ്രകൃതി എന്ന സങ്കല്പനമാണിത്. മനുഷ്യർക്ക് തുല്യമായ പെൺനാമങ്ങൾ ഉപയോഗിച്ച് അവയിൽ നിന്നാണ് പ്രകൃതിഘടകങ്ങളുടെ ഉൽപ്പത്തി എന്ന് ഈ കഥ വ്യക്തമാക്കുന്നു. ഇവിടെ മനുഷ്യൻ പ്രകൃതിയുടെ അധികാരിയാവുന്നു. സ്രഷ്ടാവിന് സൃഷ്ടിയുടെ മേലുള്ള അധികാരപ്രയോഗം കൂടിയാണ് മനുഷ്യർ നടത്തുന്നത്. അതാകട്ടെ നാശോന്മുഖവുമാണ്.

'കൃഷ്ണഗാഥ'യിൽ ഗോപന്മാർ ഇന്ദ്രപൂജ ചെയ്യുന്ന സന്ദർഭത്തിൽ കൃഷ്ണനെത്തുകയും ഇന്ദ്രനെയല്ല ഗോക്കളെയും ഗോവർദ്ധനത്തെയുമാണ് പൂജിക്കേണ്ടതെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ഇന്ദ്രൻ എന്നത് മനുഷ്യർക്ക് കാണാൻ കഴിയാത്ത ദേവനാണ്. കാണാൻ കഴിയുന്നതും ഉപകാരപ്രദവുമായ ഗോക്കളും ഗോവർദ്ധനവുമാണ് പൂജിക്കപ്പെടേണ്ടത് എന്ന് കവിത വ്യക്തമാക്കുന്നു. എല്ലാ മൃഗങ്ങളെയും പൂജിക്കുന്നതിനുപകരം ഗോപന്മാർക്ക് പാൽ നൽകുന്ന പശുക്കളെയാണ് പൂജിക്കുന്നത്. മനുഷ്യന് ഉപകാരപ്രദമായതിനെ പൂജിക്കുക എന്ന കാഴ്ചപ്പാടാണ് ഇവിടെ പ്രവർത്തിക്കുന്നത്. മൃഗാരാധനയുടെ സൂചനയായും ഈ ഭാഗത്തെ വിലയിരുത്താം.

കൃഷ്ണന്റെ ബാലലീലകളിൽ കുരങ്ങന്മാരെക്കുറിച്ച് പരാമർശമുണ്ട്. കുരങ്ങുകൾ മരങ്ങളിൽ കയറുമ്പോൾ വാലിൽ പിടിച്ചു വലിച്ച് കളിക്കുന്നതായി പറയുന്നു. അതായത് കുട്ടികൾ മൃഗങ്ങളോടും മനുഷ്യരോടും ഒരുപോലെ കളിക്കുന്നതായി വർണ്ണിച്ചിരിക്കുന്നു. കൃഷ്ണന്റെ വേണുഗാനരംഗം വളരെ മനോഹരമായ പ്രകൃതിവർണ്ണനയുടേതാണ്. മൃഗങ്ങളെല്ലാം കൃഷ്ണന്റെ വേണുഗാനത്തിൽ ലയിച്ചു നിൽക്കുന്നതായി വർണ്ണിക്കുന്നു. ആ സമയത്ത് അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റവും ചെറുശ്ശേരി വർണ്ണനാപരമായി അവതരിപ്പിച്ചിരിക്കുന്നു. കൂടാതെ മാൻകുലത്തോടും മറ്റു മൃഗങ്ങളോടും ഗോപികമാർ കൃഷ്ണനെ അന്വേഷിക്കുന്ന രംഗവും കൃഷ്ണഗാഥയിലുണ്ട്.

'ഉണ്ണിയാടിചരിത'ത്തിൽ കണ്ടിയൂരിനെക്കുറിച്ച് വർണ്ണിക്കുന്ന ഭാഗത്ത് മഴക്കാലത്തെ പശുവുമായി താരതമ്യപ്പെടുത്തുന്നുണ്ട്. മൂന്നുലോകങ്ങളുടെയും സാരമായിട്ടുള്ള ഭൂമിയെ മഴക്കാലമാകുന്ന പശു അവശ്യസന്ദർഭങ്ങളിൽ ഇടിനാദത്താൽ ഒച്ചവച്ച് കരഞ്ഞതിനുശേഷം മിന്നലാകുന്ന നാക്കുകൊണ്ട് നക്കി കരിമുകിലുകളാകുന്ന മുലകൾ ചുരത്തി കുഞ്ഞിനെയെന്നപോലെ ഭൂമിയെ തൃപ്തിപ്പെടുത്താറുണ്ട്. അതായത് മഴയെ മുലപ്പാലായും മഴക്കാലത്തെ അമ്മയായും സങ്കല്പിക്കുന്നു (2016:77, 78) പ്രകൃതിയെ സ്ത്രീയായും അമ്മയായും കാണുന്ന രീതിയാണിവിടെ പ്രതിഫലിക്കുന്നത്.

'അദ്ധ്യാത്മരാമായണം' കിളിപ്പാട്ടിൽ സീതാപഹരണം നടന്നതിനുശേഷം രാമൻ സീതയെ പ്രകൃതിഘടകങ്ങളോടന്വേഷിക്കുന്ന ഘട്ടത്തിൽ മൃഗകുലത്തോടും അന്വേഷിക്കുന്നുണ്ട്.

"മൃഗസഞ്ചയങ്ങളേ നിങ്ങളുമുണ്ടോ കണ്ടൂ
മൃഗലോചനമായ ജനകപുത്രി തന്നേ" (തുഞ്ചത്തെഴുത്തച്ഛൻ; 2012:192)

എന്നിങ്ങനെ മാൻകണ്ണിയായ സീതയെയാണന്വേഷിക്കുന്നത്. ബാലിവധത്തിനു ശേഷം രാമലക്ഷ്മണന്മാർ പ്രഹർഷണം എന്ന പർവ്വതത്തിലെ ഗുഹയിൽ വർഷകാലം കഴിച്ചു കൂട്ടുന്നു. ആ കാലത്ത് വായുവിൽ ചലിക്കുന്ന കാർമേഘങ്ങളെ കണ്ട് രാമന് മിന്നൽപ്പിണരിന്റെ വെളിച്ചത്തിൽ സ്വർണ്ണ ഊഞ്ഞാലിലാടുന്ന ആനക്കൂട്ടത്തെപോലെയാണ് തോന്നുന്നത്. മേഘകൂട്ടത്തെ ആനക്കൂട്ടവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇളംപുല്ലു തിന്ന് കൊഴുത്തു തടിച്ച മാനുകൾ ചാടിത്തുള്ളി രാമനെ നോക്കുന്നതായും പറയുന്നുണ്ട്.

രാമചരിതം, രാമകഥപ്പാട്ട്, ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ പൊതുവെ ഭാവപരമായ സദൃശകല്പനകളായി മൃഗങ്ങൾ പരാമർശിക്കപ്പെടുന്നില്ല.

### 3.4.2.2. കവിത്രയകാലം

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിൽ

"അഴലിന്നു മൃഗാദിജന്തുവിൽ
പഴുതേറീടിലു, മെത്തിയാൽദ്രുതം
കഴിയായതു-മാനഹേതുവാ-
ലൊഴിയാത്താർത്തി മനുഷ്യനേവരൂ!" (2013:426)

എന്നിങ്ങനെ മനുഷ്യന്റെ സ്വഭാവവുമായി താരതമ്യപ്പെടുത്തിയാണ് കാട്ടിലെ ജന്തുക്കളുടെ രൂപകത്തെ കവിതയിൽ ഉപയോഗിക്കുന്നത്. 'ലീല'യിൽ വിധി മറികടക്കാൻ ജന്തുവിന് കഴിയില്ല എന്ന് വ്യക്തമാക്കുന്നുണ്ട് (1960: 148) ഇവിടെ മനുഷ്യനെയാണ് ജന്തു എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ലീലയുടെ ഭർത്താവിന്റെ മരണത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ

"യുവതയെവിടെ?-ജന്തുവിന്നു ഹാ!
വിവൃതകവാടയനാരതം മൃതി" (1960:151)

എന്നിങ്ങനെ ഇവിടെയും ലീലയെ; മനുഷ്യനെ ജന്തു എന്നാണ് വിശേഷിപ്പിക്കുന്നത്. ഭർത്താവിന്റെ മരണശേഷമുള്ള ലീലയുടെ അവസ്ഥയെക്കുറിച്ച് കിരാതനിൽ നിന്ന് രക്ഷപ്പെട്ട മൃഗയുവതി ചെന്നായ്ക്കൂട്ടത്തിൽ ചെന്നുപെട്ട അവസ്ഥയിലായി എന്ന് പരാമർശിക്കുന്നു. അശുഭങ്ങളെയും അപവാദങ്ങളെയുമാണ് ചെന്നായ്ക്കൂട്ടമായി കല്പിച്ചിരിക്കുന്നത്. പല ജന്തുക്കളോടൊപ്പമാണ് മദനൻ കാട്ടിൽ കഴിയുന്നതെന്നും വ്യക്തമാക്കുന്നുണ്ട്. മനുഷ്യത്വത്തിൽ നിന്ന് മദനൻ ജന്തുത്വത്തിലേക്ക് ഉയർന്നതിന്റെ സൂചനയാണിത്. കാട്ടിൽ മറ്റൊരു മൃഗമായാണ് മദനൻ കഴിയുന്നത്. മരുഭൂമിയിൽ ജലമന്വേഷിച്ച് നടക്കുന്ന മാനിനെ പോലെയാണ് മദനൻ ലീലയെ അന്വേഷിച്ച് നടക്കുന്നതെന്നും പരാമർശമുണ്ട് (1960:171). ഇത്തരത്തിൽ കവിത്രയകാലത്തിൽ ആശാനിൽ മാത്രമാണ് മൃഗങ്ങൾ പൊതുവെ ഭാവപരമായി പരാമർശിക്കപ്പെടുന്നത്.

### 3.4.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനിൽ' രമണന്റെ സങ്കടത്തിനു പരിഹാരം കാണാൻ നിസ്സാരജീവിയായ തനിക്കു കഴിയുന്നില്ലെന്ന് മദനൻ വ്യക്തമാക്കുന്നു (1974:154). ഇവിടെ മനുഷ്യൻ നിസ്സാരജീവിയാണെന്ന് കവിക്ക് ബോധ്യമുണ്ട്. മരണത്തിലേക്ക് പോകാൻ തീരുമാനിച്ച രമണൻ ഇവിടെ ഈ ഭൂമിയിൽ അവശജീവിയായ ഞാനിനി എന്തു ചെയ്യാൻ എന്നു സന്ദേഹിക്കുന്നു. ഇവിടെയും മനുഷ്യരെ ജീവി എന്ന പദം ഉപയോഗിച്ച് അടയാളപ്പെടുത്തിയിരിക്കുന്നു. കാണ്ടാമൃഗത്തിന്റെ ചർമ്മം പോലെ എന്ന് മനുഷ്യന്റെ കഠിനമായ മനസ്സിനെ 'പാടുന്ന പിശാചി'ൽ സാദൃശ്യപ്പെടുത്തിയിരിക്കുന്നു. (1974:328) കൂടാതെ

> "മർക്കടം ഭേദം; അതിങ്കൽ നിന്നുള്ളൊരീ
> മർത്ത്യപ്രയാണമിന്നെങ്ങുചെല്ലും?" (1974:333)

എന്നിങ്ങനെ കുരങ്ങനിൽനിന്നു പരിണമിച്ച മനുഷ്യന്റെ ചെയ്തികളെക്കാൾ കുരങ്ങനാണ് ഭേദമെന്നു വ്യക്തമാക്കുന്നതിനൊപ്പം മനുഷ്യന്റെ ഈ രീതിയിലുള്ള മുന്നേറ്റം എങ്ങോട്ടാണെന്നുള്ള ആശങ്കയും കവിതയിലുണ്ട്. കുരങ്ങനിൽ നിന്നു മനുഷ്യനുണ്ടായോ മനുഷ്യനിൽ നിന്ന് കുരങ്ങനുണ്ടായോ എന്ന സംശയം കവിത പ്രകടിപ്പിക്കുന്നുണ്ട്.

> "വാലുവന്നപ്പോൾ നരൻ പരിഷ്ക്കാരിയായ്
> വാ (ൽ) നരനായിച്ചമഞ്ഞതല്ലേ?" (1974:355)

എന്നിങ്ങനെ മനുഷ്യനെക്കാൾ പുരോഗമനം കുരങ്ങനാണെന്നും കവിത വ്യക്ത മാക്കുന്നു. കാട്ടുമൃഗങ്ങൾ ആഹാരത്തിനായി അന്യജീവികളെ കൊല്ലാറുണ്ട്. അതവയുടെ നിലനിൽപ്പിനാണെന്നും മനുഷ്യനെന്ന ജന്തു പഠിപ്പും സംസ്കാരവുമെന്ന ദോഷ മുപയോഗിച്ചുകൊണ്ടു തന്നെ അനാവശ്യമായി അന്യജന്തുക്കളെയും മനുഷ്യരെ ത്തന്നെയും കൊല്ലുന്നു. മറ്റുജന്തുക്കളിൽ നിന്നു വ്യത്യസ്തമായി മനുഷ്യർ ചെയ്യുന്ന ക്രൂരതകളെ കവിത വെളിപ്പെടുത്തുന്നു. മനുഷ്യനൊപ്പമെത്താൻ മൃഗങ്ങൾ എന്തെല്ലാം ചെയ്യണമെന്ന് കവിത വിശദമാക്കുന്നുണ്ട് (1974:356–361). മനുഷ്യർ പ്രകൃതിയിന്മേൽ പുരോഗമനമെന്നപേരിൽ നടത്തുന്ന അതിക്രമങ്ങളെ അടയാളപ്പെടുത്തുന്നു കവിത. തുടർന്ന്

“കാട്ടുമൃഗങ്ങളേ, കാലം കളയാതെ
നാട്ടിലേക്കെത്തൂ പടയിളക്കൂ!
എത്രയോ കാലമായ് സാധുക്കൾ നിങ്ങളെ
മർത്ത്യൻ കുതിരകയറിടുന്നു?” (1974:361)

എന്നിങ്ങനെ മനുഷ്യന്റെ അതിക്രമങ്ങളോട് പ്രതികരിക്കാൻ കവിത മൃഗങ്ങളോട് ആവശ്യപ്പെടുന്നു. മനുഷ്യന്റെ ക്രൂരതകൾക്ക് മൃഗങ്ങൾ തിരിച്ചടി നൽകണമെന്നാണ് കവിത ആവശ്യപ്പെടുന്നത്. കൂടാതെ

‘ഈ വിശ്വരംഗമിതൊന്നുപോൽ, ഹാ, സർവ്വ–
ജീവജാലങ്ങൾക്കുമുള്ളതല്ലേ?’ (1974:361)

എന്നിങ്ങനെ പ്രകൃതി സർവ്വചരാചരങ്ങൾക്കുമുള്ളതാണെന്ന് കവിത വ്യക്തമാക്കുന്നു. പുതിയ പാരിസ്ഥിതികചിന്തയായ ഗഹനപരിസ്ഥിതിവാദത്തിന്റെ കാഴ്ചപ്പാടു തന്നെ യാണിത്. പ്രകൃതിവർണ്ണനകൾക്കാണ് ചങ്ങമ്പുഴ പ്രാധാന്യം നൽകിയതെങ്കിലും ഈ രീതിയിലുള്ള പ്രകൃതി അവബോധം ചില കവിതകളുടെയെങ്കിലും ഭാഗമാകുന്നു.

ദുഃഖിച്ചു കഴിയുന്ന നിസ്സാരജീവിയാണ് താനെന്ന് ‘ഇരുളിൽ’ എന്ന കവിതയിൽ വ്യക്തമാക്കുന്നുണ്ട്. ഇവിടെയും മനുഷ്യനെ ജീവി എന്ന പദത്താൽ അടയാള പ്പെടുത്തുന്നു. കൂടാതെ വെറും പാഴ്മണൽ മാത്രമായ മനുഷ്യന്റെ അഹങ്കാരത്തെയും ശത്രുതയെയും കവിത സൂചിപ്പിക്കുന്നു. നിരാലംബരായ ജീവികൾ മാത്രമാണ് മനുഷ്യരെന്നും വിധിയുടെ ഒഴുക്കിനെതിരെ നീന്താൻ മനുഷ്യർക്കാവില്ലെന്നും കവിത അടയാളപ്പെടുത്തുന്നു.

"നീ ഹത, നീയും, മീ ഞാനു, മവനു, മി-
ന്നൊരുപോ, ലാലംബശൂന്യരാം ജീവികൾ!-
വിധിവിഹിതപ്രവാഹത്തി, ലൊന്നുപോ-
ലൊഴുകിടും വെറുമോലത്തുരുമ്പുകൾ!-
കഴികയില്ല നമുക്കാർക്കുമായതി-
ന്നടിയൊഴുക്കിന്നെതിരിട്ടു നീന്തുവാൻ!" (ഭാഗം 2, 1974:56)

എന്നിങ്ങനെ മനുഷ്യന്റെ അപര്യാപ്തതയെ കവിത ആവിഷ്ക്കരിക്കുന്നു.

"വിദയനിയതി, ദുസ്തരൗഘ, -യാ
നദിയെയെതീർത്തൊരു ജന്തു നീന്തുമോ?" (1960:148)

എന്ന് കുമാരനാശാൻ 'ലീല' യിൽ ഇതേ ആശയം തന്നെയാണ് ആവിഷ്ക്കരി ച്ചിരിക്കുന്നത്.

ചങ്ങമ്പുഴ 'പരാജയം' എന്ന കവിതയിൽ മനുഷ്യരെ 'നശ്വരജീവികൾ' എന്നാണ് വിശേഷിപ്പിക്കുന്നത്. നശ്വരജീവികളായ മനുഷ്യർക്കും മേലെയായി പ്രകൃതിയിൽ ഒരു സത്യമുണ്ടെന്ന് കവിത ബോധ്യപ്പെടുത്തുന്നു. മനുഷ്യരാണ് പ്രകൃതിയുടെ നിയന്ത്രിതാവ് എന്ന ചിന്താഗതിയെ മാറ്റിത്തീർക്കുന്നു കവിതയിലെ ആശയം.'ഇന്നത്തെ നില' എന്ന കവിതയിൽ

"ഒന്നിനൊന്നായ് സമസൃഷ്ടികളെത്തന്നെ
കൊന്നുതിന്നും വെറും കാട്ടുമൃഗങ്ങൾ നാം!" (ഭാഗം 2, 1974:367)

എന്നിങ്ങനെ സഹജീവികളെ കൊന്നുതിന്നുന്ന കാട്ടുമൃഗങ്ങളാണ് മനുഷ്യരെന്ന് വ്യക്തമാക്കുന്നുണ്ട്.

മനുഷ്യജന്മത്തെക്കുറിച്ച് വിശദമാക്കുന്നതാണ് 'മനുഷ്യൻ' എന്ന ചങ്ങമ്പുഴയുടെ കവിത. ഈശ്വരൻ തന്റെ പ്രതിരൂപമായി സൃഷ്ടിച്ച മനുഷ്യൻ ഇത്രയും ദുഷ്ടരാണെങ്കിൽ ദൈവത്തിന്റെ ദുഷ്ടതയെന്തായിരിക്കും എന്ന് കവിത സംശയിക്കുന്നു. മണ്ണട്ട തൊട്ട് പലജീവികൾക്കും ജന്മം നൽകിയതിനുശേഷമാണ് മനുഷ്യനു ജന്മം നൽകിയതെങ്കിലും മറ്റൊരു ജീവിയും ചെയ്യാത്ത കാര്യങ്ങളാണ് മനുഷ്യൻ ചെയ്തുകൊണ്ടിരിക്കുന്നത്. ചെന്നായ, ചീറ്റപ്പുലി, ചീങ്കണ്ണി, പോത്ത്, പന്നി, പാമ്പ് തുടങ്ങി എല്ലാമൃഗങ്ങളുടെയും ദുഷ്ടത ഒന്നിച്ചുചേർന്നതാണ് മനുഷ്യരെന്നും സ്വന്തം വർഗ്ഗത്തെക്കൂടിയും തിന്നുന്ന വനാണെന്നും കവിത വ്യക്തമാക്കുന്നു.

"എല്ലാമവന്റെയാണീശ്വരൻകൂടിയും

പുല്ലാണവ, നവനെന്തു കേമൻ!

ആകാശദേശത്തു, മാഴിക്കടിയിലു-

മാകുമവന്നു പോയ് വേട്ടയാടാൻ!" (ഭാഗം 2, 1974:411)

എന്നിങ്ങനെ മനുഷ്യന്റെ ക്രൂരമായ നായാട്ടുബുദ്ധി ആകാശത്തും ആഴിയിലും വരെ എത്തുന്നതായും കവിത അടയാളപ്പെടുത്തുന്നു. ചങ്ങമ്പുഴ മനുഷ്യനെ മൃഗമെന്ന ഗണത്തിൽത്തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യന് മറ്റൊരസ്തിത്വമില്ല എന്ന പ്രകൃതിതത്ത്വമാണ് ഇത്തരം ബോധ്യങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നത്.

'ഒരുപിടിനെല്ലിയ്ക്ക' എന്ന കവിതയിൽ ഇടശ്ശേരി

"മൃഗത്തെയും മനുഷ്യനെയുമിണക്കും കണ്ണിയാമർദ്ധ-

മൃഗത്തെത്തേടുന്നിതെന്നേ ഗവേഷകന്മാർ" (2012:575)

എന്നിങ്ങനെ മനുഷ്യമൃഗഭേദങ്ങൾ ഇല്ലാതാക്കുന്ന ആശയത്തിന്റെ പ്രതിഫലനമായി കവിതയെ വിലയിരുത്താം. സമൂഹപരിണാമം മൃഗത്തെ മനുഷ്യനാക്കി എന്നാണ് കവിത വ്യക്തമാക്കുന്നത്. മനുഷ്യർ മൃഗങ്ങളിലൊന്നുതന്നെയെന്ന ചിന്തയാണ് കവിത അവതരിപ്പിക്കുന്നത്. ഗഹനപരിസ്ഥിതിവാദചിന്തയുടെ കാഴ്ചപ്പാടാണ് ഇവിടെ കാണാനാവുന്നത്. ദളിതനെ; ദരിദ്രനെ 'ജന്തു' എന്ന് പരാമർശിക്കുന്നുണ്ട് 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' യിൽ

"...................................................................... സ്സാധു-

ജന്തുവിൻ കണ്ണീരിന്നു കാരണം മറ്റൊന്നത്രേ" (2012:394)

എന്നാണ് പരാമർശം. ഇവിടെ ജന്തു എന്ന പരാമർശം പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കല്ല മറിച്ച് ദളിതനെ; ദരിദ്രനെ സൂചിപ്പിക്കുന്നതിനുള്ള അധഃസ്ഥിത സൂചനയുള്ള പദം മാത്രമാണ്. 'കറുമ്പിപ്പയ്യ്' എന്നകവിതയിൽ പശുവിനെയാണ് കേന്ദ്രമാക്കുന്നത്. കുഞ്ഞിനെ പാലൂട്ടാനോടിയെത്തുന്ന പശുവിന്റെ കിതപ്പാണ് പ്രപഞ്ചത്തിന്റെ താളമെന്ന് കവിത വ്യക്തമാക്കുന്നു.[31]

വൈലോപ്പിള്ളിയുടെ 'വളർത്തുമകൾ' എന്ന കവിതയിൽ പിടിയാനയാണ് കേന്ദ്രകഥാപാത്രം വാരിക്കുഴിയിൽ വീണ പിടിയാനയെ ഫോറസ്റ്റ് ഓഫീസ്സിലെ വളർത്തുമകളായി പരിചരിക്കുന്നു. അതിന്റെ തുമ്പിക്കൈയിൽ ഉണ്ടാകുന്ന വ്രണം

ചികിത്സകൾകൊണ്ട് ഭേദപ്പെടുന്നില്ല. പിന്നീട് വ്രണം കീറിയെടുത്ത് ഭേദപ്പെടുന്നുണ്ടെങ്കിലും

"കാടിന്റെ ശിശുവല്ലേ?കാനനപ്രകൃതിക്കു
പാടുള്ളതെല്ലാം ചെയ്കെ, യിഗ്ഗദം ഭേദപ്പെടാം" (2001:922)

എന്ന ബോധ്യത്തിൽ ആനയെ കാട്ടിലേക്കുവിടുന്നു. അമ്പലങ്ങളിലുള്ള ഉത്സവപറമ്പിലെ ആളുകൾക്ക് ആനയും കാടും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിയില്ല. എന്നാൽ വനം വകുപ്പിന് അതറിയാം. അതുകൊണ്ടാണ് ആനയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് അതിനെ തിരിച്ചയക്കുന്നത്.

കവിത്രയത്തിനുശേഷമുള്ള ഘട്ടത്തിൽ ചങ്ങമ്പുഴയും ഇടശ്ശേരിയും വൈലോപ്പിള്ളിയും മൃഗങ്ങളെ ഭാവപരമായ സദൃശകല്പനകളായി അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ പി. കുഞ്ഞിരാമൻനായർ, വയലാർ, വൈലോപ്പിള്ളി എന്നിവർ പൊതുവെ ഈ രീതിയിൽ മൃഗങ്ങളെ പരാമർശിച്ചിട്ടില്ല.

### 3.4.2.2.4. ആധുനികതാഘട്ടം

കറവവറ്റിയതും മഴപ്പാടത്തിൽ ഇറങ്ങുന്നതുമായ എരുമയെയാണ് സുഗതകുമാരിയുടെ 'എരുമ' എന്ന കവിത അവതരിപ്പിക്കുന്നത്. ചളിയിൽ പൂന്തിയും ഉയർന്നും പിന്നെയും പുതഞ്ഞും അലസമായ് കിടക്കുന്ന എരുമയ്ക്ക് തുല്യമായി കവി തന്റെ മനസ്സിനെ അടയാളപ്പെടുത്തുന്നു. എരുമയെപ്പോലെ കറുത്ത ദുഃഖങ്ങളും ചതികളും നിരാശകളും അനാസ്ഥയുമെല്ലാം ചേർന്ന ചളിയിൽ പുതഞ്ഞുപൊങ്ങി രസിക്കുന്നു മനസ്സെന്ന് സങ്കല്പം. മനുഷ്യമനസ്സിനെ എരുമയോട് സാദൃശ്യപ്പെടുത്തുക മാത്രമാണിവിടെ ചെയ്തിരിക്കുന്നത്.

ഈ ഘട്ടത്തിൽ സുഗതകുമാരി മാത്രമാണ് മൃഗങ്ങളെ ഭാവപരമായ സദൃശകല്പനകളായി അവതരിപ്പിച്ചത്.

### 3.4.2.2.5. ആധുനികതാനന്തരഘട്ടം

മോഹനകൃഷ്ണൻ കാലടിയുടെ 'കാവൽ' എന്ന കവിതയിൽ മാമ്പഴത്തിന് കാവൽ നിൽക്കുന്ന കുരങ്ങനെ കാണാം. ഇവിടെ മനുഷ്യരല്ല കുരങ്ങനാണ് മരത്തിന്റെയും മാമ്പഴത്തിന്റെയും അധികാരിയായി മാറിയിരിക്കുന്നത്.

സെബാസ്റ്റ്യന്റെ 'കവിയുത്തരം' എന്ന സമാഹാരത്തിലെ 'തന്ത്രം' എന്ന കവിതയിൽ ഇച്ഛയെ അല്ലെങ്കിൽ ആഗ്രഹത്തെ മൃഗമെന്ന് കല്പിച്ചിരിക്കുന്നു.

എസ്. ജോസഫിന്റെ 'നിഷ്കളങ്കത' എന്ന കവിതയിൽ

"നിഷ്കളങ്കത കൊടുങ്കാട്ടിലെ മരക്കൊമ്പിൽ
വിശ്രമിക്കുന്ന കരിമ്പുലിതൻ കണ്ണിലുണ്ട്" (2009: 59)

എന്നിങ്ങനെ കരിമ്പുലിയുടെ കണ്ണിലും നിഷ്കളങ്കതയുണ്ട് എന്ന് വ്യക്തമാക്കുന്നു. കണ്ണിൽ തെളിയുന്ന മാനായും കാലിലുരസുന്ന പുല്ലായും കാട്ടുതീയായും പുലിയുടെ കണ്ണിൽ നിഷ്കളങ്കത പ്രതിഫലിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

കാട്ടിൽ നിന്നും മാനസികമായി പുറത്തുവരാൻ ആനയ്ക്ക് കഴിയില്ല എന്ന് 'ആന' എന്ന കവിത അടയാളപ്പെടുത്തുന്നു. മീൻ പിടിക്കുമ്പോൾ മീന് വെള്ളത്തെ ഉപേക്ഷിക്കുന്നതുപോലെ ആനയ്ക്ക് കാട് ഉപേക്ഷിക്കാൻ കഴിയില്ലെന്ന് കവിത സൂചിപ്പിക്കുന്നു.

"ആന ഒളിച്ചു കടത്തിയ കാട്
പുറത്തു ചാടുന്നു
ആളുകൾ ഓടുന്നു; നിലവിളിക്കുന്നു" (2005:33)

എന്നിങ്ങനെ ആനയുടെ കാടോർമ്മകൾ മദമിളക്കമായി പുറത്തുവരുന്നു. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' എന്ന കവിതയുടെ പിൻതുടർച്ചയായി ഈ കവിതയെ വിലയിരുത്താം.

മനുഷ്യർ ഇതരജീവികളെ മൃഗമെന്നു പുച്ഛിക്കുകയും മൃഗങ്ങൾ മനുഷ്യരെന്നു ഭയക്കുകയും ചെയ്യുന്ന അവസ്ഥയെയാണ് 'കീരി' എന്ന കവിത അടയാളപ്പെടുത്തുന്നത്. പകുതി മനുഷ്യനായി കഴിയുന്നതിന് പകരം മനുഷ്യത്വം വെടിഞ്ഞ് മൃഗമാകാൻ കവി ആഗ്രഹിക്കുന്നു. മൃഗവും മനുഷ്യനും തമ്മിലുള്ള അന്തരത്തെ വ്യക്തമാക്കിക്കൊണ്ട് പാതി മനുഷ്യനും പാതി മൃഗവുമായ അവസ്ഥയിൽ നിന്ന് മുഴുമൃഗമെന്ന അവസ്ഥയിലേക്ക് പരിണമിക്കാനാഗ്രഹിക്കുന്ന ആഖ്യാതാവിനെയാണ് കവിതയിൽ കാണുന്നത്. മനുഷ്യരുടെ ലോകവും ഭാഷയുമെല്ലാം ഉപേക്ഷിച്ച് സ്വയം മൃഗമാകുന്നു. മനുഷ്യർക്ക് മൃഗത്തിൽ നിന്ന് വേറിട്ട ഒരസ്തിത്വമില്ലെന്ന് കവിത ബോധ്യപ്പെടു ത്തുന്നുണ്ട്. അതുകൊണ്ടു തന്നെ ഗഹനപരിസ്ഥിതിവാദവുമായി ബന്ധപ്പെട്ട ആശയധാര കവിതയിൽ പ്രകടമാണ്.

ആധുനികതാനന്തരഘട്ടത്തിൽ മോഹനകൃഷ്ണൻ കാലടിയും സെബാസ്റ്റ്യനും എസ്. ജോസഫും മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി മൃഗങ്ങളെ പരാമർശിച്ചത്.

### 3.4.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 3.4.3.1. പ്രാചീനമധ്യകാലഘട്ടം

"തെയ്യാട്ടത്തിനും തിറയാട്ടത്തിനും പാടുന്ന അനുഷ്ഠാനഗാനങ്ങളെയാണ് തോറ്റം പാട്ടുകൾ എന്ന് പറയാറുള്ളത്" (എം.വി. വിഷ്ണുനമ്പൂതിരി, 2005: 16). ആപത്മോചനം, ഉദിഷ്ടകാര്യവിജയം, കാർഷികസമൃദ്ധി എന്നിവയ്ക്കായി ദേവതകളെ കെട്ടിയാടുകയാണ് തോറ്റംപാട്ടുകളുടെ രീതി. 'മുത്തപ്പൻ ദൈവത്തിന്റെ തോറ്റ'ത്തിന് അയ്യൻതോറ്റ എന്നു കൂടി പേരുണ്ട്. അയ്യൻതോറ്റം എന്നു പറയുന്നതിൽ നിന്നാണ് മുത്തപ്പനും അയ്യനും ഒന്നാണ് എന്ന് സങ്കല്പ്പിക്കുന്നത്. നായാട്ടുധർമ്മമുള്ള ദേവതയാണിത് നായാട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ തോറ്റത്തിലുള്ളത്.

പാട്ട് തുടങ്ങുന്നത് നായാട്ടിന് അഭയം അതായത് അനുഗ്രഹം നൽകണം എന്ന് പ്രാർത്ഥിച്ചു കൊണ്ടാണ് ആദ്യം തന്നെ നായാട്ടിന് അനുയോജ്യമായ മൃഗസമൃദ്ധി കാട്ടിലുണ്ടെന്നു പറയുന്നു.[32] ഇത്തരത്തിൽ മാൻ തുടങ്ങിയ മൃഗങ്ങൾ കാട്ടിലുണ്ടെ ന്നറിഞ്ഞ് വിവിധതരം നായാട്ടുനായ്ക്കളുമായി കാട്ടിലേക്ക് പോകുന്ന വേടർ കാട് പിടിച്ചടക്കിക്കൊണ്ട് മൃഗങ്ങളെ നായാടുന്നു. ആദ്യകാലങ്ങളിൽ വിനോദത്തിനായും ആഹാരത്തിനായും മൃഗങ്ങളെ ധാരാളമായി കൊന്നൊടുക്കിയിരുന്നു എന്നതിന്റെ സൂചനകളാണ് ഈ തോറ്റംപാട്ടിൽ നിന്ന് ലഭിക്കുന്നത്. ആഹാരാവശ്യത്തിന് മാത്രമല്ല മാനസികവും ശാരീരികവുമായ ആഹ്ലാദത്തിനുവേണ്ടിയും നടത്തുന്ന നായാട്ട് മൃഗജാതികൾക്കുമേൽ നടത്തുന്ന കടന്നുകയറ്റമാണ്. മാൻ, മീന്, ഉടുമ്പ്, പന്നി, നരി, പുള്ള്, പ്രാവ് എന്നിങ്ങനെ എല്ലാതരം (2005:119) മൃഗങ്ങളെയും വേട്ടയാടുന്നതിന്റെ ചിത്രം കാണാം. തമ്പുരാൻ വേട്ടനായ്ക്കളോടൊപ്പം വേട്ടയ്ക്ക് പോകുന്നതിന് മുമ്പ് നായാടികളോട്

> "നീ പോയ കാട്ടകത്ത് എന്തെല്ലാം മെരുവം
> തകർക്കക്കണ്ടുവെടാ?" (എം.വി. വിഷ്ണുനമ്പൂതിരി, 2005: 127)

എന്നിങ്ങനെ ഓരോരുത്തരോടും ചോദിക്കുന്നു. അതിനു മറുപടിയായി നീലക്കരിമ്പുണ്ട്, ഓടുന്നോരുടുമ്പുണ്ട്, പാറുന്നൊര് മയിലിനെക്കണ്ടു രണ്ടിളമാൻ കൂട്ടം കണ്ടു. ആക്കമുള്ള പന്നിയുണ്ട് എന്നിങ്ങനെ ഓരോരുത്തരും കണ്ട കാടിനെയും മൃഗങ്ങളെയും കുറിച്ച് പറയുന്നു. നായാട്ട് ഒരു വിനോദമായി നിലനിന്നിരുന്നു. എന്നാൽ മനുഷ്യർ നായാട്ടി നിറങ്ങുമ്പോൾ കാട്ടിലുള്ള മൃഗങ്ങളുടെ അവസ്ഥ വളരെ ഭീതികരമാണ്. പ്രാണരക്ഷാ ർത്ഥം അവ ഓടുന്ന കാഴ്ച കൂടി മുത്തപ്പൻ തോറ്റത്തിൽ കാണാം. നായാട്ട് എത്രത്തോളം

വിജയപ്രദമാകുന്നുവോ കാട്ടിലെ മൃഗങ്ങളുടെ ജീവനും ജീവിതവും അത്രത്തോളം അരക്ഷിതവുമാകുന്നു.[33] മൃഗങ്ങളുടെ പ്രാണസങ്കടം കൂടി പാട്ടിൽ കാണാം. നായാട്ട് പാരിസ്ഥിതികമായി മൃഗജാതിയുടെ നാശത്തിനിടയാകുന്നു. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അതിക്രമമാണ് നായാട്ട്.

'രാമകഥപ്പാട്ടി'ൽ കാട് ധനമാണ്, ജീവിക്കാനാവശ്യമായതെല്ലാം കാട്ടിലുണ്ടെന്നു പറഞ്ഞ് വനവാസത്തിന് പോയ രാമലക്ഷ്മണന്മാർ മൃഗങ്ങളെ വേട്ടയാടി ആഹരിച്ചു കൊണ്ട് വൃക്ഷഛായയിൽ താമസമുറപ്പിച്ചതായി പറയുന്നു. ആഹാരത്തിനായി അവർ വന്യമൃഗങ്ങളെ കൊല്ലുന്നതിന്റെ സൂചനകളാണ് ഈ ഭാഗം വ്യക്തമാക്കുന്നത്. കാവ്യത്തിന്റെ ആദ്യഭാഗത്ത് സുരഭിയെന്ന പശു വസിഷ്ഠന്റെ നിർദ്ദേശപ്രകാരം വിശ്വാമിത്രനെ സൽക്കരിക്കുന്നതായി പറയുന്നുണ്ട്. മനുഷ്യന്റെ നിർദ്ദേശം അനുസരിക്കാൻ വിധിക്കപ്പെട്ടവരാണ് മൃഗങ്ങൾ എന്ന മനോഭാവം ഇവിടെ പ്രകടമാണ്. പശുക്കളെ മനുഷ്യന്റെ ആവശ്യങ്ങൾക്കായി മെരുക്കി വളർത്തുന്ന രീതി അന്നുണ്ടായിരുന്നു. പശുവിൻപാൽ മനുഷ്യൻ കറന്നെടുക്കുന്നതിലൂടെ പശുവിന്റെയും കുഞ്ഞിന്റെയും മുലയൂട്ടാനും മുല കുടിക്കാനുമുള്ള അവസരങ്ങളും അവകാശങ്ങളും കൂടിയാണ് നഷ്ടപ്പെടുന്നത്.

'കണ്ണശ്ശരാമായണ'ത്തിൽ സീതയെ രാവണൻ അപഹരിച്ചുകൊണ്ടുപോകുന്ന സന്ദർഭത്തിൽ സീതയുടെ വിലാപം കേട്ട് മൃഗങ്ങൾ പുറകെ പോകുന്നുണ്ട്. രാമൻ മാൻകുലത്തോടും മറ്റു മൃഗജാതികളോടുമെല്ലാം സീതയെ അന്വേഷിക്കുന്നുമുണ്ട്. ഇതെല്ലാം പ്രകൃതി സൗഹൃദകാഴ്ചപ്പാടിന്റെ സൂചനകളാണ്. മൃഗജാതികൾ ദക്ഷിണ ദിക്കു നോക്കി കണ്ണീരൊഴുക്കിക്കൊണ്ട് രാമലഷ്മണന്മാർക്ക് ദിക്സൂചന നൽകുന്നു. പ്രകൃതിയും മനുഷ്യനും പരസ്പരവർത്തിത്തത്തോടെ ജീവിച്ചിരുന്നു എന്നാണ് ഇത്തരം പരാമർശങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ അധികാരിയായ രാമന് ഇഷ്ടമില്ലാത്തത് ചെയ്യുമ്പോൾ രാമൻ പരസ്പരവർത്തിത്വമനോഭാവം ഉപേക്ഷിക്കുന്നതും കൃതിയിൽ കാണാം. സീതയെ രാവണൻ അപഹരിച്ചതറിഞ്ഞ് മരങ്ങൾ ചെടികൾ പുഴകൾ മുതലായ പ്രകൃതി ഘടകങ്ങളോട് സൗഹൃതമനോഭാവത്തോടെ അവയെ അന്വേഷിക്കുന്ന രാമൻ സീതയെ കാണിച്ച് തന്നില്ലെങ്കിൽ എല്ലാത്തിനെയും ചുട്ടുവരട്ടും എന്ന് കോപിക്കുന്നുണ്ട്.

'കൃഷ്ണഗാഥ'യിലെ ഖാണ്ഡവദാഹം കാടിന്റെ നാശത്തിനൊപ്പം മൃഗകുലത്തിന്റെ കൂടി നാശമാണ്. കാട്ടുതീ വ്യാപിച്ച കാനനത്തിലെ ഘോരസിംഹങ്ങളെല്ലാം കരഞ്ഞു തുടങ്ങി, ചൂടേറ്റ് മാൻ കൂട്ടങ്ങൾ നാലുപാടും ചാടിയോടി, കത്തുന്ന മരത്തെ വിട്ട്

കുരങ്ങുകൾ മരങ്ങളിൽ നിന്ന് മറ്റൊന്നിലേക്കെന്നപോലെ ചാടിക്കൊണ്ടിരുന്നു. ഓടി വരുന്ന തീയെ ഭയന്ന് പുലികൾ രക്ഷതേടി പാഞ്ഞു എന്നും ഗോക്കളെ ഓടിക്കുമ്പോൾ അവയുടെ വേദനയെന്തെന്ന് പുലികൾ ആ സന്ദർഭത്തിൽ അറിഞ്ഞുയെന്നും കവിത വ്യക്തമാക്കുന്നു.[34] ഇത്തരത്തിൽ പുലികളും സർപ്പങ്ങളുമെല്ലാം തീയിനെ ഭയന്നോടി എന്നിങ്ങനെ കാട്ടുതീ കാട്ടിലെ സസ്യകുലത്തെ ഭസ്മമാക്കുന്നതുപോലെ മൃഗകുലത്തെ കൂടി നശിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു.

രാമചരിതം, ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടിചരിതം, ചന്ദ്രോത്സവം, അദ്ധ്യാത്മ രാമായണം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ പ്രകൃതി നശീകരണ സൂചനകളായി മൃഗങ്ങൾ താരതമ്യേന പരാമർശിക്കപ്പെടുന്നില്ല.

### 3.4.3.2 കവിത്രയകാലം

മനുഷ്യരെയും ഇതരജീവികളെയും ഒരേ തലത്തിൽ പ്രതിഷ്ഠിക്കുന്ന കവിതയാണ് കുമാരനാശാന്റെ 'ഒരു സിംഹപ്രസവം'. മൃഗശാലയിലെ സിംഹിണിയുടെ പ്രസവമാണ് കവിതാരചനയ്ക്ക് പ്രചോദനമായത്. കൂട്ടിലകപ്പെട്ട സിംഹത്തിന്റെ പ്രസവമാണ് ഇവിടെ പ്രമേയമാകുന്നത്. അസ്വതന്ത്രമായൊരു നാട്ടിൽ പ്രസവിക്കേണ്ടിവരുന്ന അമ്മയെക്കൂടി യാണ് കവിത അടയാളപ്പെടുത്തുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിക്കൂടി ഈ അവസ്ഥയെ വിലയിരുത്താം. വന്യജീവികളെ മനുഷ്യന്റെ ആവശ്യങ്ങൾക്കും ആസ്വാദനത്തിനുമുള്ള ഉപകരണമാക്കി മാറ്റുമ്പോൾ അവയുടെ മാനസികാവസ്ഥയെ ക്കുറിച്ച് മനുഷ്യർ ചിന്തിക്കുന്നില്ല. സ്വന്തം ആവാസവ്യവസ്ഥയിൽ നിന്ന് പറിച്ചുമാറ്റപ്പെട്ട മൃഗത്തിന്റെ ഗൃഹാതുരചിന്തകളാണ് കവിതയുടെ പ്രമേയമാകുന്നത്. കാട്ടിലേക്ക് തിരിച്ചുപോകാൻ സിംഹം ആഗ്രഹിക്കുന്നു. ഭൂതകാലത്തെ സ്വതന്ത്രജീവിതം അമ്മ കുഞ്ഞിന് പറഞ്ഞു കൊടുക്കുന്നു.[35] അത് ഇന്ന് നഷ്ടസ്വപ്നമാണ്. ദേശീയ പ്രസ്ഥാന ത്തിന്റെ കാലത്തിലാണ് കവിത രചിക്കപ്പെട്ടത് എന്നത് കവിതയെ പ്രസക്തമാക്കുന്നു. മനുഷ്യന്റെ കാഴ്ചവസ്തുവായി സിംഹത്തിന്റെ ജീവിതം മാറിയ ഘട്ടമാണ് ഈ കവിതയുടെ പശ്ചാത്തലം. അതിൽ ഒരേ സമയം അസ്വാതന്ത്ര്യവും വസ്തുവത്ക്ക രണവും സംഭവിക്കുന്നു. ഘോരമായ മഹാവനത്തിൽ പർവ്വതസമൂഹത്തെയും മൃഗകുലത്തെയും അടക്കിവാണ കാലത്തെക്കുറിച്ചാണ് കുഞ്ഞുങ്ങൾക്ക് അമ്മ വിശദീകരിക്കുന്നത്. കാട്ടിലെ പ്രതാപിയായ രാജ്ഞി നാട്ടിലെ കൂട്ടിൽ ബന്ധനസ്ഥയാണ്. കൂട്ടിലകപ്പെടുമ്പോഴും സിംഹത്തിന്റെ സ്വതന്ത്രവിഹാര ഇടം കാടാണ്. സിംഹത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും സ്ഥലങ്ങളായാണ് കാട്/നാട് ദ്വന്ദ്വം

കവിതയിൽ പ്രവർത്തിക്കുന്നത്.

"മനുഷ്യരെ പോലെ തന്നെ ഈ പ്രകൃതിയിലെ എല്ലാ സത്തകൾക്കും തനതായ മൂല്യവും, നിലനിൽപിനു സ്വയം കണ്ടെത്താനുള്ള അവകാശവുമുണ്ട്. ഒന്നും മനുഷ്യന് വേണ്ടി നിലനിൽക്കുന്നില്ല. മനുഷ്യനു പ്രയോജനപ്പെടുമോ എന്നുള്ളതനുസരിച്ചല്ല ഒന്നിന്റെയും മൂല്യം നിർണ്ണയിക്കേണ്ടത്. അതിനാൽ തന്നെ മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടലുകൾ സ്വന്തം നിലനിൽപ്പിനാവശ്യമായ അടിസ്ഥാനാവശ്യങ്ങൾക്ക് വേണ്ടത്ര-വിഭവങ്ങൾ ശേഖരിക്കുന്നതിനപ്പുറം പോകാൻ പാടില്ല" (മധുസൂദനൻ .ജി, 2011:338) എന്നിങ്ങനെയുള്ള ഗഹനപരിസ്ഥിതിവാദ ചിന്തകൾ നൂതനമായ ഒരു ചിന്താപദ്ധതി യാണെങ്കിലും അത്തരമൊരു ചിന്തയുടെ രൂപപ്പെടലിനിടയാക്കിയ ജീവിത സാഹചര്യങ്ങൾ കൂടി അപഗ്രഥിച്ചെടുക്കാൻ സാധ്യമാകുന്ന വിധത്തിലാണ് കവിതയുടെ ഇതിവൃത്തം രൂപപ്പെട്ടിട്ടുള്ളത്. സിംഹത്തെ കൂട്ടിലടച്ച് കാഴ്ചവസ്തുവാക്കുന്നതിലൂടെ ഒരു ജീവിയുടെ സ്വയം നിലനിൽക്കാനുള്ള അവകാശത്തെയാണ് മനുഷ്യർ ഹനിക്കു ന്നത്. പരിസ്ഥിതിബോധം സമൂഹത്തിൽ വ്യാപിക്കുന്നതിന് വർഷങ്ങൾക്കു മുമ്പു തന്നെ പരിസ്ഥിതിസൗന്ദര്യശാസ്ത്രചിന്തകൾ ഉൾക്കൊള്ളിക്കാവുന്ന വിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കവിതയിലവതരിപ്പിക്കാൻ ആശാന് കഴിഞ്ഞു. ആശാൻ കവിതകളിൽ മനുഷ്യരാണ് പൊതുവെ കഥാപാത്രമാകുന്നത്. ഈ കവിതയിൽ മാത്രമാണ് ഒരു കാട്ടുമൃഗം കവിതയുടെ പരാമർശ വിഷയമാകുന്നത്. അതിനാലാണത് സവിശേഷ പരാമർശമർഹിക്കുന്നത്.

ഉള്ളൂരിന്റെ 'കീശസന്ദേശം' എന്ന കവിത കുരങ്ങുവർഗ്ഗം സംസാരിക്കുന്ന രീതിയിലാണ് രചിച്ചിരിക്കുന്നത്. കുരങ്ങന്മാരെ അപേക്ഷിച്ച് കുറേക്കൂടി വിശിഷ്ടമായ ജീവിവർഗ്ഗം എന്ന പ്രതീക്ഷയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ആദ്യം കുരങ്ങുവർഗ്ഗത്തെ സൃഷ്ടിച്ച ഭൂമിദേവി അവയാൽ ഭൂമിക്ക് ഉയർച്ച ലഭിക്കില്ലെന്ന ബോധ്യത്താൽ മറ്റൊരു വിശിഷ്ടജീവിയെ സൃഷ്ടിച്ചു.

"അതാണു മാനുഷർ; അവന്റെ സൃഷ്ടിയാൽ
കൃതാർത്ഥമാനിയായ്ച്ചമഞ്ഞ ലോകേശൻ
കിരീടവും സിംഹാസനവും ചെങ്കോലും
ധരിത്രി വാഴുവാനവന്നു നൽകിനാൻ" (2006:854)

അങ്ങനെ ധരിത്രിയുടെ അവകാശം ലോകേശൻ മനുഷ്യനു നൽകിയപ്പോൾ അവിടെ നിന്ന് പലായനം ചെയ്ത് കാട്ടിൽ ചെന്നുകൂടിയതാണ് ഞങ്ങൾ കുരങ്ങുവർഗ്ഗം എന്നും

നിങ്ങളുടെ സൃഷ്ടികളിലേക്ക് ഞങ്ങൾ ചുഴിഞ്ഞുനോക്കുന്നു എന്നും കുരങ്ങുവർഗ്ഗം പറയുന്നു. മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായി വിശേഷബുദ്ധിയും, വിചാര ശക്തിയും വിചിത്രസിദ്ധികൾ പലതും നൽകിയതിന്റെ ഫലമായി മനുഷ്യവർഗ്ഗം

"പുകക്കപ്പലിന്നു കടലെറുമ്പുചാൽ;
ഗഗനവീഥിക്ക് ഗരുഡനെയ്റോപ്ലേൻ;
വയർലെസ്സർപ്പിക്കും ശ്രുതി മഹാത്ഭുതം;
'സയൻസി' നാൽ മർത്ത്യൻ സമഗ്രവീര്യവാൻ" (2006:854)

എന്ന വിധത്തിൽ ബൗദ്ധികവികസനത്തിലേക്ക് കുതിക്കുന്നു. ഉണ്ടായതിനെക്കാൾ മെച്ചപ്പെട്ടവയുണ്ടാക്കാൻ എപ്പോഴും മനുഷ്യർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ മെച്ചപ്പെട്ടതിനുവേണ്ടിയുള്ള ഈ കുതിപ്പ് പ്രകൃതിക്കും മറ്റു ചരാചരങ്ങൾക്കും നാശമുണ്ടാക്കാൻ പര്യാപ്തമായിരുന്നു. സ്വാർത്ഥരായ മനുഷ്യർ തങ്ങൾക്കുവേണ്ടി മാത്രമാണ് പ്രകൃതി എന്നിടത്തോളം എത്തുമ്പോൾ കവിതയിലെ കുരങ്ങുകൾ തിരിച്ചറിയുന്നത് ഭൂമി എല്ലാവരുടെയും പെറ്റമ്മയാണെന്നും സർവചരാചരങ്ങൾക്കും തുല്യാവകാശമാണെന്നുമാണ്.[36] ഭൂമി എല്ലാവരുടെയും പെറ്റമ്മയാണെന്നും ഇതര ജീവികൾക്കും ഇവിടെ സ്ഥാനമുണ്ടെന്നും മനുഷ്യഹൃദയങ്ങൾ തമ്മിലും ഇതരജീവികൾ തമ്മിലും പരസ്പരം ഇണങ്ങട്ടെ എന്നും കുരങ്ങന്മാർ ആശംസിക്കുന്നു. നവോത്ഥാന കാലഘട്ടത്തിലെ മാനവികതാ സങ്കല്പവുമായി ബന്ധപ്പെട്ട വായന ഈ കവിതയ്ക്ക് സാധ്യമാണ്. എന്നാൽ മനുഷ്യേതരജീവിവർഗ്ഗങ്ങളും സസ്യജാലങ്ങളും തങ്ങളുടെ ആവശ്യങ്ങൾക്കുള്ളതുമാത്രമായി കാണുന്ന ആധുനികവികസന സങ്കല്പത്തെ ഈ കവിത പ്രശ്നവത്ക്കരിക്കുന്നു. ഭൂമിയിൽ സർവ്വചരാചരങ്ങൾക്കും അവകാശമുണ്ടെന്ന സൂക്ഷ്മാർത്ഥത്തിലേക്ക് ഈ കവിത വികസിക്കുമ്പോൾ വ്യക്തമായും പിൽക്കാലത്തു വികസിച്ചുവന്ന ഗഹനപരിസ്ഥിതിവാദത്തിന്റെ സാധ്യതകളിലേക്ക് കൂടിയാണ് ഇത് വികസിക്കുന്നത്.

വള്ളത്തോളിന്റെ 'ചിത്രയോഗം' മഹാകാവ്യത്തിൽ നായാട്ടിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. നായാട്ട് പ്രകൃതിനശീകരണത്തിന്റെ മറ്റൊരു രൂപമാണ്. വലകെട്ടിയും ഓടിച്ചും മരത്തിലേറി തക്കംപാർത്തിരുന്നും ജന്തുക്കളെ പിടിക്കാൻ ശ്രമിക്കുന്നു. കുറുനരികളും ചെന്നായ്ക്കളും മാനുകളും നായാട്ടിന്റെ സന്ദർഭത്തിൽ മനുഷ്യനെ ഭയന്നോടുന്നതായി പറയുന്നു.[37] നായാട്ട് കാട്ടിലെ വന്യമൃഗങ്ങളെ എങ്ങനെ ഭയപ്പെടുത്തുന്നു എന്ന് ഈ കവിത വ്യക്തമാക്കുന്നു. ഈ പേടിപ്പിക്കൽ വിനോദമായി

കൊണ്ടുനടക്കുന്ന (മൃഗയാവിനോദം) അവസ്ഥയെ കവിത പ്രശ്നവൽക്കരിക്കുന്നു. വന്യമൃഗങ്ങൾക്കുവേണ്ടിയാണ് ദൈവം കാട് സൃഷ്ടിച്ചതെന്നും കാവ്യത്തിൽ പരാമർശമുണ്ട് (2011:407).

ബാലാമണിയമ്മ, പള്ളത്ത് രാമൻ എന്നിവരിൽ പ്രകൃതിനശീകരണപരമായി മൃഗങ്ങൾ പരാമർശിക്കപ്പെടുന്നില്ല.

### 3.4.3.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'മലമ്പുഴയിൽ' എന്ന കവിതയിൽ വാരിക്കുഴിയിലകപ്പെട്ട കാട്ടാനയോടാണ് അണക്കെട്ടിലകപ്പെട്ട പുഴയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. കാലിലെ ചങ്ങലയിൽ നീരൊലിച്ച് സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ആനകൾ നിൽക്കുന്നതായി കവിത കല്പിക്കുന്നു. സൗന്ദര്യം നിറഞ്ഞ പൂരങ്ങളിൽ എഴുന്നള്ളിച്ച ആനകളെ മരങ്ങൾ വലിക്കാനുള്ള കൂലിപ്പണിക്കാരായും കാണുന്നു.

> "വിശ്വസൗന്ദര്യപൂരത്തി-
> നെഴുന്നള്ളിച്ചൊരാ ഗജം
> കൂലിപ്പണിക്കാരനായി
> വലിക്കുന്നു മരങ്ങളെ!" (2005:369)

ഉത്സവങ്ങൾക്കെഴുന്നള്ളിക്കുന്നത് അവയുടെ പ്രതാപമാണെന്നും അവിടെ നിന്നും മനുഷ്യന്റെ കൂലിപ്പണിക്കാരനാക്കിയെന്നുമുള്ള ചിന്തയാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. ഉത്സവത്തിനെഴുന്നള്ളിക്കുന്ന ആനയുടെ മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ കവിത തിരിച്ചറിയുന്നില്ല. ആരാധ്യഭാവത്തോടെ എഴുന്നള്ളിക്കുന്ന ആനകളുടെ ശാരീരികവും മാനസികവുമായ അവസ്ഥയെ വൈലോപ്പിള്ളിയുടെ' സഹ്യന്റെ മകൻ' എന്ന കവിത പില്ക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ ആജ്ഞക്കൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള മൃഗമായി ആനയെ കാണുന്ന ചിന്താഗതിയാണ് ഈ രീതിയിലുള്ള അടിച്ചമർത്തലിലേക്ക് മനുഷ്യരെ നയിച്ചത്.

പി. കുഞ്ഞിരാമൻനായരുടെ 'മഴവില്ല്' എന്ന കവിതയിൽ പശു കേന്ദ്രമാകുന്നു. പ്രകൃതിയെ കാമധേനുവായി കാണുന്ന മനുഷ്യമനോഭാവത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്. പശുവിന്റെ കാലുകൾ കെട്ടി ചുരത്താനാജ്ഞാപിക്കുന്ന കറവക്കാരനോട് കെട്ടിയിട്ട കുട്ടിയെ അഴിച്ചു വിടാനും അതിന്റെ സ്പർശനമേറ്റാൽ അകിടുചുരത്തിക്കോളും എന്നും കാഴ്ചക്കാർ പറയുന്നു. എന്നാൽ

"കറവക്കാരൻ ശാസ്ത്രം– വത്സനോ കലാകാരൻ
തിറമൊത്തെഴും കാമധേനുവീ പ്രകൃതിയും" (2005:409)

എന്നിങ്ങനെ പീഡിതയായ പശുവിനെ പോലെയാണ് ഭൂമിയുടെയും അവസ്ഥയെന്ന് കവിത വ്യക്തമാക്കുന്നു.

വയലാറിന്റെ 'അശ്വമേധം' എന്ന കവിതയിൽ മനുഷ്യപുരോഗതിയുടെ രൂപകമാണ് കുതിര. അപ്രതിരോധ്യമായ പ്രയാണമാണ് മനുഷ്യപുരോഗതിയുടേത് എന്നാണ് കവിത നൽകുന്ന സൂചന മനുഷ്യരുടെ സാമ്രാജ്യവിസ്തൃതി നടത്തുന്ന യാഗാശ്വത്തിന് എതിരില്ല എന്നാണ് കവിത വ്യക്തമാക്കുന്നത്. ദൈവകേന്ദ്രീകൃതമായ പ്രപഞ്ചത്തിലേക്കുള്ള സങ്കല്പനപരമായ മാറ്റം കൂടിയാണ് ഈ കവിതയിലുള്ളത്. അപ്പോൾ സ്വാഭാവികമായും പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും മനുഷ്യന്റെ കാൽക്കീഴിലാകും

"വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റിനേടിയതാണതിൻ സിദ്ധികൾ" (1988:388)

പ്രകൃതിയോട് മല്ലിട്ടും പ്രകൃതിയെ ചൂഷണം ചെയ്തും നേടിയതാണ് മനുഷ്യന്റെ ഇന്നത്തെ പലനേട്ടങ്ങളും ഈ മനുഷ്യൻ പ്രകൃതിക്കുമേൽ വിജയം നേടിയവനാണ്. പ്രകൃതിയിലെ ഇതരചരാചരങ്ങളെയും കാടിനെയും നശിപ്പിച്ച് നഗരങ്ങളാക്കുന്ന മനുഷ്യർ അതാണ് പുരോഗമനമെന്നു കരുതുന്നു. പിന്നീടുള്ള വളർച്ചയിൽ കാടുതന്നെ ആവശ്യമില്ല എന്ന ചിന്തയിലേക്ക് മനുഷ്യർ എത്തുന്നു. ഇവിടെ യാഗാശ്വം മനുഷ്യന്റെ പുരോഗമന കുതിപ്പിനെയാണ് പ്രത്യക്ഷവൽക്കരിക്കുന്നത്.

ഉത്സവമുറ്റത്ത് തിടമ്പേറ്റി നിൽക്കുന്ന കൊമ്പനാനയാണ് വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകനി'ലെ കേന്ദ്രകഥാപാത്രം. ഉത്സവമുറ്റത്തെ കാഴ്ചകളെല്ലാം കാടിന്റെ കാഴ്ചകളായി അനുഭവപ്പെടുന്ന ആനയ്ക്ക് തന്റെ ജന്മസ്ഥലത്തേക്ക് തിരിച്ചു പോകാനുള്ള ആഗ്രഹമുണ്ടാകുന്നു. മദം പൊട്ടിയ കൊമ്പന്റെ മാനസികനിലയുമായി മനുഷ്യമനസ്സിനെ ബന്ധപ്പെടുത്തി എം.എൻ. വിജയൻ നടത്തിയ മനഃശാസ്ത്രപഠനം ശ്രദ്ധേയമാണ്. ഇവിടെ ആനയുടെ മാനസികവ്യാപാരത്തെ മനുഷ്യമനസ്സുമായി ബന്ധപ്പെടുത്തുന്നു. മനുഷ്യനെ പറയാൻ ആനയെ ഉപയോഗിക്കുന്നുവെങ്കിലും ആനയെക്കുറിച്ചുള്ളതുമാണ് ഈ കവിത. നാട്ടിലെ ഉത്സവാഘോഷങ്ങൾക്കും മനുഷ്യന്റെ ആസ്വാദനത്തിനുമായി വേട്ടയാടപ്പെട്ട് മാനസികമായി അസന്തുലിതമാകുന്ന മൃഗങ്ങളുടെ പ്രതിനിധിയാണ് കവിതയിലെ കൊമ്പൻ.

തൃശ്ശൂർ മൃഗശാലയിലെ മാനുകൾ നായയുടെ ആക്രമണത്തിൽ മരിച്ച പത്രവാർത്ത കണ്ട് എഴുതിയതാണ് വൈലോപ്പിള്ളിയുടെ 'കൃഷ്ണമൃഗങ്ങൾ' എന്ന കവിത നാലെണ്ണത്തിനെ നായ കടിക്കുകയും അതിൽ മനംനൊന്ത് രണ്ടെണ്ണം തലതല്ലിച്ചാവുകയും ചെയ്യുന്നു. എന്നാൽ തോലിനും ഇറച്ചിക്കും കൊമ്പിനുമായി ആളുകൾ കൊന്നതാണോ എന്ന സംശയം കവിത പ്രകടിപ്പിക്കുന്നു.

"ഓമൽ ശിശുക്കളെപ്പോലെയീ മാനുകൾ,
ആ മനശുദ്ധിയെയാരു കൊല്ലും?
ആവോ, മനുഷ്യന്റെ ദുഷ്ടത തന്നാഴ-
മാമോ പിശാചിനും നിർണ്ണയിപ്പാൻ?" (വാല്യം 2, 2001:237)

എന്നിങ്ങനെ മൃഗങ്ങളെ ആസ്വാദനത്തിനും അലങ്കാരത്തിനും ആഹാരത്തിനുമായി കൊന്നൊടുക്കുന്ന മനുഷ്യന്റെ ക്രൂരതയും കവിത വ്യക്തമാക്കുന്നു. കൂട്ടിലകപ്പെട്ട മൃഗങ്ങളുടെ അവസ്ഥ കൂടിയാണിത്.

ചങ്ങമ്പുഴ, ഇടശ്ശേരി എന്നിവരുടെ കവിതകളിൽ മൃഗങ്ങൾ പൊതുവെ പ്രകൃതി നശീകരണപരമല്ല.

### 3.4.3.4. ആധുനികതാഘട്ടം

എൻ.എൻ. കക്കാടിന്റെ 'ഒറ്റയാന്റെ മരണം' എന്ന കവിത കാടില്ലാതാക്കി വന്യജീവികളുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച മനുഷ്യരീതികളെ പ്രതിനിധീകരിക്കുന്നു. വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയിൽ അധികാരം സ്ഥാപിക്കുകയും അവയെ കൂട്ടത്തോടെ നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ട് മനുഷ്യർ മൃഗങ്ങൾക്കുമേൽ നടത്തുന്ന ക്രൂരതയാണ് കവിതയ്ക്ക് വിഷയം. അതിനുശേഷം അനധികൃതമായി നാട്ടിലിറങ്ങുന്നെന്നും മനുഷ്യജീവിതത്തിന് ഭീഷണിയെന്നും മുദ്രകുത്തി അവയെ കൊന്നൊടുക്കുന്നു. ഇത്തരത്തിൽ കാടിറങ്ങിയ ആനയുടെ ദാരുണാന്ത്യമാണ് കവിതയ്ക്ക് വിഷയം.

സുഗതകുമാരിയുടെ 'ഏറ്റേ നായ' സഹജീവി സ്നേഹത്തിന്റെ അടയാളപ്പെടുത്തലാണ്. തനിക്കാവശ്യമില്ലാത്തവയെ നശിപ്പിക്കുകയും നോവിക്കുകയും ചെയ്യുന്ന മനുഷ്യമനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്. 'തെരുവുനായ് ശല്യം' എന്ന പുതിയ ബോധ്യത്തിൽ ജീവിക്കുന്ന നാഗരിക പരിഷ്കൃതസമൂഹത്തിന് ഒരിക്കലും മനസ്സിലാക്കാനാവാത്ത മാനസികഭാവത്തിന്റെ അടയാളപ്പെടുത്തലായും കവിത മാറുന്നു. ഏറ്റേ

നായ്കളുടെ എണ്ണം വർദ്ധിക്കുന്ന സമകാലികസാഹചര്യത്തിൽ ഈ കവിതയ്ക്ക് പ്രാധാന്യമുണ്ട്.

“എന്തിനു നോവിച്ചെന്നൊ-
രന്ധമാം ചോദ്യത്തിന്റെ-
യമ്പര,പ്പൊഴുകാത്ത
പാടകെട്ടിയ കണ്ണീർ” (2011:344)

ആണ് നായയുടെ നോട്ടത്തിലുള്ളത്. എറിഞ്ഞവർക്കെതിരെ ദീനമായ നോട്ടമെറിയുന്ന നായകൾ ഇന്ന് നിരവധിയുണ്ട്. സങ്കരയിനം നായകളുടെ കടന്നുവരവ് നാടൻ നായ്ക്കളെ ‘ഏറേറ്റ നായ്കളുടെ’ പട്ടികയിലേക്ക് ചുരുക്കിയിരിക്കുന്നു. ഓരോ ജീവിക്കും പ്രകൃതിയിലുള്ള സ്ഥാനത്തെ അടയാളപ്പെടുത്തുന്ന ഗഹനപരിസ്ഥിതിവാദ ചിന്തയുടെ സ്വാധീനം ഈ കവിതയിൽ കാണാം. ‘നായ’ എന്ന കവിതയിലും നായയാണ് കഥാപാത്രം. പകരമൊന്നും ചോദിക്കാതെ മനുഷ്യനെ സ്നേഹിക്കുന്ന ഒരു പിടി ചോറു കൊടുത്താൽ മരണംവരെ നന്ദികാണിക്കുന്ന മൃഗമായി നായയെ അവതരിപ്പിച്ചിരിക്കുന്നു.[38] നായയുടെ സഹജീവിസ്നേഹം വ്യക്തമാക്കുന്നതിലൂടെ അതൊട്ടുമില്ലാതെ ഇതരജീവികളെ ദ്രോഹിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ സ്വഭാവവൈകല്യത്തെ കവിത വെളിപ്പെടുത്തുന്നു.

ഗുരുവായൂർ വേണു, തൃശ്ശൂർ അർജ്ജുനൻ, കൊച്ചി ബാലാജി, ഗുരുവായൂർ രവിപ്രദൻ എന്നിങ്ങനെ മനുഷ്യരുടെ അടിമയായി ജീവിക്കേണ്ടി വരികയും കഷ്ടതകളോടെ മരിക്കേണ്ടി വരികയും ചെയ്ത നാട്ടാനകളുടെ ഓർമ്മയ്ക്കായി സുഗതകുമാരി രചിച്ച കവിതയാണ് ‘ആന’. തടിയെടുക്കാനും ഉത്സവത്തിനുമൊക്കെയായി ഉപയോഗിക്കപ്പെടുന്ന ആനയുടെ ദയനീയാവസ്ഥയാണ് കവിതയിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. പുലരി, ഉച്ച, രാത്രി എന്നിങ്ങനെ മൂന്നു സമയക്രമങ്ങളായാണ് കവിത വികസിക്കുന്നത്. പുലരിയിൽ നഗ്നമായ കുന്നിൻപള്ളയിൽ ചുറ്റിലും ആളുകളുടെ തെറിവാക്കുകൾകേട്ട് അവരുടെ ആജ്ഞകൾക്കനുസരിച്ച് കൊലചെയ്യപ്പെട്ട വൃക്ഷത്തിന്റെ ജഡം വലിക്കാൻ നിയോഗിക്കപ്പെട്ടവനാണ് ഈ ആന. കുന്നിൻ ചെരിവിൽ ഇത്രയും വലിയ ഭാരം ചുമന്ന് എങ്ങനെ ഇറങ്ങും എന്ന് ആന ആശങ്കപ്പെടുന്നു.[39] തോട്ടിമുനയുടെ കൊളുത്തേറ്റ് പിടയുകയും ഭാരം താങ്ങാനാവാതെ തളരുകയും ചെയ്യുന്ന ആനയോട്

“കുഞ്ഞേ, നീയും
ചത്തിരുന്നെങ്കിൽ; കാണാൻ

വയ്യേ നിൻ മഹാദുഃഖം!" (2011:665)

എന്നിങ്ങനെ മരിച്ച മരത്തിനുപോലും അനുകമ്പയുണ്ടാകുന്നു. ആനയെക്കൊണ്ട് മരത്തടി വലിച്ച് ലോറിയിൽ കയറ്റിയ ക്രൂരതയാണ് ഈ ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. 'ഉച്ച' എന്ന ഭാഗത്താകട്ടെ പുലരിയിലെ തടിയെടുപ്പ് കഴിഞ്ഞ് ചൂടുള്ള ടാർറോഡിലൂടെ അമ്പലത്തിലേക്കുള്ള യാത്രയുടെ കഠിനതയാണ് വ്യക്തമാക്കപ്പെടുന്നത്. ചൂടേറ്റ് തളരുന്ന ശരീരവും കുത്തുകളേറ്റ് വേദനിക്കുന്ന കാലുകളുമായി ചുട്ടുപൊള്ളുന്ന പാതയിൽ പരിഭ്രാന്തമായി നിന്നുപോകുന്നു കൊമ്പൻ.

"നടയാനേ, നീ നിന്നു കൊഞ്ചുന്നോ?
വൈകീ നേരം!" (2011:666)

എന്നിങ്ങനെ മരനീരിൽ മുങ്ങി വടിയും കത്തിയുമായി നടക്കുന്ന യജമാനൻ അലറുന്നു വിശക്കുന്ന വയറുമായി റോഡിലൂടെ നീങ്ങുന്ന ആനയുടെ അവസ്ഥ കവിത പ്രശ്നവത്ക്കരിക്കുന്നു. 'രാത്രി'യിലാകട്ടെ അമ്പലമുറ്റത്തെ ആൾത്തിരക്കിൽ തെറ്റിപ്പട്ടം ചാർത്തി മനുഷ്യന്റെ ദൈവത്തെയും ഒപ്പം മനുഷ്യനെയും എഴുന്നള്ളിച്ച് നിൽക്കേണ്ടി വരുന്നു. ചുറ്റുമുള്ള കൊടികളും, കുത്തുവിളക്കും തീവെട്ടിയും പഞ്ചവാദ്യവും പൂക്കളും കൊമ്പന് അസഹ്യമായിത്തീരുന്നു. കാട്ടിൽ കഴിയേണ്ടിയിരുന്ന തന്നെ ചതിക്കുഴിയിൽ വീഴ്ത്തി ഉപദ്രവിച്ച് ഇണക്കിയെടുത്തതെന്തിനെന്ന് ആന ചിന്തിക്കുന്നു. കാടിന്റെ ജീവിതാവസ്ഥകൾ മറന്നുപോവുകയും സങ്കടവും വേദനയും ഭയവും മാത്രം ഓർമ്മയിൽ ശേഷിക്കുകയും ചെയ്യുന്ന ആനയ്ക്ക് ഇടയ്ക്ക് മധുരം നൽകുന്നതെന്തിനെന്നും കവിത അന്വേഷിക്കുന്നു. ആനയെ അതിന്റെ ആവാസവ്യവസ്ഥയിൽനിന്ന് നാട്ടിലെത്തിച്ച് മനുഷ്യന്റെ ആവശ്യങ്ങൾക്കും ആഹ്ലാദങ്ങൾക്കുമായി ഉപയോഗിക്കുന്ന രീതിയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. മൃഗസംരക്ഷണനിയമങ്ങളും ചട്ടങ്ങളുമെല്ലാം നിലവിലുണ്ടെങ്കിലും മനുഷ്യന്റെ ആവശ്യങ്ങൾക്കനുസരിച്ച് അവയെ അവഗണിക്കുന്നു. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകന്റെ' പിൻതുടർച്ച ഈ കവിതയിൽ കാണാം. ആനയ്ക്ക് ഏൽക്കേണ്ടിവരുന്ന മാനസികവും ശാരീരികവുമായ പീഡനമാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. മുഴുവൻ നാട്ടാനകളുടെയും അവസ്ഥയാണിത്. 'ഗജേന്ദ്രമോക്ഷം' എന്ന കവിതയിൽ ആനക്കൂട്ടത്തെ നയിച്ച് താമരകൾപൂത്തുനിന്ന തടാകത്തിൻ കരയിലെത്തുന്ന ആന മുതലയുടെ വായിലകപ്പെടുന്നതാണ് പ്രമേയമാകുന്നത്. തന്റെ സമീപത്തു വിരിഞ്ഞ താമരപൂവിനെ പറിച്ചെടുത്ത് കൃഷ്ണനർപ്പിക്കുന്ന ആനയുടെ നിസ്സഹായത ഈ കവിതയിൽ വ്യക്തമാക്കപ്പെടുന്നു.

"തണ്ടോടോമൽ താമരപിഴുതു

പിടിക്കു കൊടുത്തും തുമ്പിയിൽ നിറയു

ന്നംഭസ്സിൻ പൂക്കുറ്റികൾ ചീറ്റി

ച്ചിതറിയുമങ്ങനെയിവർ വിഹരിക്കെ" (2011:756)

കൊമ്പന് കാലിൽ തീ വന്നു പിടിച്ചതായി അനുഭവപ്പെടുന്നു.[40] അതോ മരണമാണോ എന്നും ആനയ്ക്ക് തോന്നുന്നു. പിൻകാലിൽ പല്ലുകളാഴ്ത്തി വലിക്കുന്ന ശക്തിക്കെതിരെ പോരാടാൻ ആനയ്ക്ക് കഴിയുന്നില്ല. കൂട്ടുകാരെല്ലാം ശ്രമിച്ചിട്ടും രക്ഷപ്പെടാനാവാതെ കാലുകൾ കുഴഞ്ഞും വഴുതിയും കൃഷ്ണനെ വിളിച്ചും ആന ജലാശയത്തിലേക്ക് താഴ്ന്നു പോകുന്നു.

ധർമ്മവും പശുവും കൊലചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് സുഗതകുമാരിയുടെ 'ധർമ്മം എന്ന പശു' എന്ന കവിത വ്യക്തമാക്കുന്നു. കാലുകൾ മൂന്നും കെട്ടപ്പെട്ട് ഒറ്റക്കാലിൽ നിൽക്കുന്ന പശുവായാണ് ധർമ്മത്തെ കവിത രേഖപ്പെടുത്തിയിരിക്കുന്നത്. ധർമ്മത്തിന് പ്രാധാന്യം കൊടുത്തിരുന്ന കാലം അവസാനിക്കുകയും അധർമ്മം പുലരുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. ഗോവധനിരോധനം പ്രാബല്യത്തിൽ വന്ന ഈ കാലഘട്ടത്തിനു വർഷങ്ങൾക്കു മുമ്പ് 1974–ൽ തന്നെ ആ വിഷയത്തെ ആസ്പദമാക്കി സുഗതകുമാരി കവിത രചിച്ചു. ധർമ്മത്തിന്റെയും തറവാടിത്ത മഹിമയുടെയും നാശത്തെയാണ് കവിത അവതരിപ്പിക്കുന്നത്. കറുകപ്പുല്ലും ഗംഗാജലവും നൽകി തൊഴുതു ശുശ്രൂഷിച്ച പിതാമഹന്മാരെക്കുറിച്ചും കവിത ഓർമ്മിക്കുന്നു. തറവാട്ടുഭരണം പുതുതലമുറയിലേക്കു വരികയും ചാകാനായ പശുവിനെ തീറ്റുവാൻ വയ്യെന്നവർ പറയുകയും ചെയ്യുമ്പോൾ പശുവധം ചെയ്യരുതെന്ന് അമ്മ ഉപദേശിക്കുന്നു. വീടിന് അലങ്കാരമായും അനുഗ്രഹ മായും പശുവിനെ കരുതിയിരുന്ന കാലം പരിവർത്തനപ്പെടുന്നു. പശു ഇവിടെ മനുഷ്യസ്ത്രീയുടെ പ്രതിരൂപമായാണ് അവതരിപ്പിക്കപ്പെടുന്നത്[41] ഭൂമിക്കമ്മയായി, സർവ്വാരാധ്യയായിവാണ പശുവിനെയാണ് കവിത ഓർമ്മിക്കുന്നത്. അതേ പശു തന്നെയാണ് ഒറ്റക്കാലിൽ കണ്ണീരൊഴുക്കിക്കൊണ്ട് നിൽക്കുന്നത്. പ്രകൃതിയെ ആരാധിച്ചിരുന്ന ഘട്ടത്തിൽ നിന്നും പ്രകൃതിയെ ഉപദ്രവിക്കുന്ന ഘട്ടത്തിലേക്കുള്ള പരിവർത്തനത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്.

'മുറിവേറ്റ സിംഹം' എന്ന സുഗതകുമാരിയുടെ കവിതയിൽ വെടിയേറ്റു കിടക്കുന്ന സിംഹമാണുള്ളത്. മനുഷ്യന്റെ ക്രൂരത വെടിവെച്ചിട്ട സിംഹം ഹൃദയം തുളയുന്ന മട്ടിൽ

വെടിവെയ്ക്കാൻ നീ കനിയാത്തതെന്തെന്ന് ദയനീയമായി ചോദിക്കുന്നു.

"ഒറ്റവെടിയാൽ തകർക്കാത്തതെന്തിനി
യെത്രമേലെത്രമേൽ നേരം?
കരയാതെ, മൂളാതെ തലപൊക്കി നിൽക്കുവാ-
നിനിയെത്രയിനിയെത്ര നേരം!?" (2011:426)

എന്നിങ്ങനെ മരിക്കുവാൻ എത്രനേരം കാത്തു നിൽക്കണമെന്ന ചിന്തയാണ് സിംഹത്തിനുണ്ടാകുന്നത്. മനുഷ്യരാൽ മുറിവേൽക്കപ്പെടുന്ന മൃഗങ്ങളുടെ പ്രതിനിധിയായാണ് സിംഹം കവിതയിൽ അടയാളപ്പെടുന്നത്. ചുമടു താങ്ങി നടക്കുന്ന കാളയെ പ്രമേയമാക്കുന്നു 'കാരുണ്യം' എന്ന കവിതയിൽ. പുറത്തുചാട്ടയടിയേറ്റ് ഭാരം ചുമന്ന് കിതച്ചു നടക്കുന്ന കാളയ്ക്ക് പച്ചപ്പുൽ നിറഞ്ഞ മൈതാനത്ത് വിശ്രമിക്കാൻ ആഗ്രഹമുണ്ട്.[42] എന്നാൽ നടക്കാൻ ഏറെവഴിയും ചുമക്കാൻ ചുമടും കൊടും വെയിലും വിശപ്പും ചാട്ടയടിയുടെ വേദനയും മുറിവും ക്ഷീണവും ദാഹവുമാണ് കാളയ്ക്കുണ്ടാവുന്നത്. പോകാനിടമുണ്ടെന്ന സൂചനയാണ് കശാപ്പുകട നൽകുന്നത്. തുറുക്കണ്ണുകളോടെ തലകൾ രക്തമുറ്റി തൂങ്ങിക്കിടക്കുന്നു, കാക്കകൾ അലച്ചു പറക്കുന്നു, കാരുണ്യത്തോടെ ഒരാൾ കത്തി തേച്ചുമിനുക്കുന്നു. എന്നിങ്ങനെയുള്ള കശാപ്പുകടയിലെ കാഴ്ചകളും വിവരിക്കപ്പെടുന്നു.

"എന്തൊരാശ്വാസം! ചുമടിറക്കിത്തലനീട്ടി
മിണ്ടാതെ കിടക്കുക മിണ്ടാതെ കിടക്കുക?" (2012:59)

ചുമടിൻ ഭാരം താങ്ങി നടക്കുന്നതിനേക്കാൾ ചുമടിറക്കി തലനീട്ടി കിടക്കുന്നതാണ് ആശ്വാസമെന്ന് കാള വ്യക്തമാക്കുന്നു. മനുഷ്യന്റെ ചാട്ടയ്ക്കനുസരിച്ച് ചലിക്കാൻ വിധിക്കപ്പെട്ട കാളയുടെ ചിന്തകളാണ് കവിതയിൽ വ്യക്തമാക്കപ്പെടുന്നത്.

സച്ചിദാനന്ദന്റെ 'നഗരത്തിൽ പുലി' എന്ന കവിത വികസനത്തിന്റെ ഇരയായ പുലിയുടെ ജീവിതമാണ് പ്രശ്നവത്ക്കരിക്കുന്നത്. നഗരങ്ങളുടെ വളർച്ചമൂലം കാട് ഇല്ലാതാവുകയും വന്യമൃഗങ്ങൾ നാട്ടിലിറങ്ങുകയും ചെയ്യുന്നു. പുലിയുടെ മാനസിക സംഘർഷങ്ങളും കവിതയുടെ ഭാഗമാകുന്നു

"വഴിതെറ്റി  നഗരത്തിലകപ്പെട്ട പുലി
ഇലകളില്ലാത്ത ഇലക്ട്രിക് പോസ്റ്റുകൾക്കു പിറകിൽ
വെറുതെ അഭയം തേടുന്നു.

ദാഹം വലയ്ക്കുമ്പോൾ അവൾ കാണുന്നത്.

നിലയ്ക്കാത്ത ജനപ്രവാഹങ്ങൾമാത്രം" (2016:689)

എന്നിങ്ങനെ നഗരം പുലിക്ക് ഭയം സൃഷ്ടിക്കുന്നു. പുലി സ്ത്രീയുടെ പ്രതിനിധി കൂടിയാകുന്നു. കാട്ടിൽ നിന്നും നഗരത്തിലെത്തപ്പെട്ട പുലി മരങ്ങൾക്കു പകരം ജനപ്രവാഹത്തിന്റെ ഇടയിലാണകപ്പെടുന്നത്. കാടിന്റെ ഓർമ്മകളിൽ കരയുകയും ഇരുകാലികളുടെ (മനുഷ്യരുടെ) വിരുന്നുമുറിയിൽ തോലാവാനോ അവരുടെ അടിമയാകാനോ കാടിന്റെ ഓർമ്മ പുലിയെ അനുവദിക്കുന്നില്ല. പാതിരായ്ക്കുപോലും ഇരുളും തണുപ്പുമെത്താത്ത നഗരം അവളെ ഭയപ്പെടുത്തുന്നു. കാറ്റുവീശുമ്പോഴും കിളികളെ കാണുമ്പോഴും പുലി നിശബ്ദയായി കരയുന്നു.

"അവളുടെ കണ്ണുനീർ ഒരു തടാകമാകുന്നു.

അതിൽ ഒരു ചന്ദ്രനുദിക്കുന്നു.

അതിൽ ഒരു പക്ഷി കുളിക്കുന്നു.

അതിൽ ഒരു സ്ത്രീ

തന്നെത്തന്നെ കാണുന്നു" (2016:689)

എന്നാണ് കവിത അവസാനിക്കുന്നത്. ഒറ്റപ്പെട്ട പുലിയുടെയും സ്ത്രീയുടെയും അവസ്ഥകളിലെ സാജാത്യമാണ് കവിത അടയാളപ്പെടുത്തുന്നത്. ഇരുകാലികളായ മനുഷ്യമൃഗങ്ങളുടെ ഇടയിലകപ്പെട്ട പുലിയുടെയും സ്ത്രീയുടെയും അവസ്ഥ സമാനമാണ്. പരിസ്ഥിതിയുടെയും സ്ത്രീയുടെയും അവസ്ഥകളുടെ സമന്വയമായ തിനാൽ തന്നെ കവിത പാരിസ്ഥിതിക സ്ത്രീവാദദർശനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

'കുറുക്കൻ' എന്ന കവിത മനുഷ്യനെ കുറുക്കനോട് സാമ്യപ്പെടുത്തുന്നു.

"എന്റെ പേര് കുറുക്കൻ

അതിബുദ്ധിയാൽ

മരിച്ചുകൊണ്ടിരിക്കുന്നവൻ

സ്വന്തം കൗശലങ്ങളുടെ

കെണിയിൽ വീണവൻ" (2016:433)

മനുഷ്യന്റെ അതിബുദ്ധി അവന്റെ തന്നെ മരണത്തിനു കാരണമാകുന്നു. കാടിനും നാടിനും വേണ്ടാത്തവനായി അവൻ പരിണമിക്കുന്നു. വെയിൽ തൊട്ടു നിലാവുവരെ

വേട്ടയാടപ്പെടുന്നവൻ മനുഷ്യന്റെ ആദ്യകാലകണ്ടുപിടിത്തങ്ങളിൽ തുടങ്ങുന്നു അവൻ പ്രകൃതിയിലേൽപിച്ച ആഘാതങ്ങളുടെ പരമ്പര. ജീവിതസൗകര്യം വർദ്ധിപ്പിക്കാൻ സ്വാർത്ഥശാലിയായ അവൻ കണ്ടുപിടിച്ച കൗശലങ്ങളെല്ലാം അവന്റെ തന്നെ നാശത്തി നായിരുന്നു. തീയും ചക്രവും പീരങ്കിയും വിമാനവുമെല്ലാം അവന്റെ കണ്ടുപിടുത്ത ങ്ങളായിരുന്നു.[43] ഇത്തരത്തിൽ മനുഷ്യർ നേട്ടങ്ങളെന്നവകാശപ്പെടുന്ന പലതും പ്രകൃതിയെ നശിപ്പിക്കുകയാണുണ്ടായത്. ഈ കണ്ടുപിടുത്തങ്ങളെല്ലാം പ്രകൃതിയിൽ പരിവർത്തനങ്ങളുണ്ടാക്കിയതായി മനുഷ്യർ തിരിച്ചറിയുന്നു.

> "ഇപ്പോൾ പൊന്തകൾ എന്നെ മറച്ചു നിർത്തുന്നില്ല.
> താഴ്വരകൾ എനിക്കഭയം നൽകുന്നില്ല.
> അരുവികൾ എനിക്കു ജലം തരുന്നില്ല
> കുരുവികൾ എന്നെമേടി പറന്നുപോകുന്നു" (2016:433)

ഇത്തരത്തിൽ പ്രകൃതി അവനെതിരെ തിരിഞ്ഞു കഴിഞ്ഞു. തന്റെ അധികാരം അന്യരെ ശിക്ഷിക്കുന്നതിൽ നിന്നും സ്വയം ശിക്ഷിക്കാൻ മാത്രമായി ചുരുങ്ങിയിരിക്കുന്നു. അതിനാൽ സ്വയം അതിജീവിക്കാൻ പഠിപ്പിക്കണമെന്ന് ബോധിസത്വനോട് കുറുക്കൻ ആവശ്യപ്പെടുന്നു. തന്റെ കൈയിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുകയും പ്രകൃതിയിലെ ഓരോ ഘടകങ്ങളും മനുഷ്യനെതിരെ തിരിയുകയും ചെയ്ത സമകാലികാവസ്ഥയിൽ മനുഷ്യന് സ്വയം അതിജീവനത്തിനുള്ള വഴി തേടേണ്ടി വരുന്നു.

സച്ചിദാനന്ദന്റെ 'ചെന്നായ്' എന്ന കവിത

> "ഞാനാണു പ്രസിദ്ധനായ ചെന്നായ്,
> മൂന്നു ലോകത്തിന്റെയും ഉടമ
> എന്റെ ഭാഷ, മരണം" (2016:434)

എന്നിങ്ങനെയാണ് ആരംഭിക്കുന്നത്. ചെന്നായ് ചില ഘട്ടങ്ങളിൽ മനുഷ്യരുടെ പ്രതിനിധി കൂടിയാണ്. തനിക്കുള്ള ഇരകൾ ഓടി നടക്കുന്ന തളികയായി ഭൂമിയെ സങ്കല്പിക്കുന്ന ചെന്നായ് തന്റെ കണ്ണുകളിൽ നിന്ന് ഒരാട്ടിൻ കുട്ടിക്കും രക്ഷപ്പെടാനാവില്ലെന്നും നായ്ക്കളെപ്പോലെ ഉച്ഛിഷ്ടം ഭക്ഷിക്കില്ലെന്നും കരടികളെപ്പോലെ തേൻ തേടി നടക്കാറില്ലെന്നും കഴുകന്മാരെയും കുറുനരികളെയും പോലെ ശവങ്ങൾ തിന്നാറില്ലെന്നും വ്യക്തമാക്കുന്നു. മനുഷ്യന്റെ പ്രതിനിധിയായ ചെന്നായ തന്റെ കാൽക്കീഴിലാണ് ലോകമെന്നും തന്റെ നിയന്ത്രണത്തിൻ കീഴിലാണ് പ്രകൃതി എന്നും അഹങ്കരിക്കുന്നു.[44]

സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും സംഹരിക്കുന്നതും താൻ തന്നെയെന്ന മനുഷ്യന്റെ അഹന്തയെയാണ് ചെന്നായ പ്രതീകവൽക്കരിക്കുന്നത്.

'ഓർമ്മയിൽ കാടുള്ള മൃഗം' എന്ന സച്ചിദാനന്ദന്റെ കവിതയിൽ മൃഗത്തിന്റെ കാടനുഭവങ്ങൾ കൂടിയാണ് വ്യക്തമാക്കപ്പെടുന്നത്.

"ഓർമ്മയിൽ കാടുള്ള മൃഗം
ഏളുപ്പം മെരുങ്ങുകയില്ല
അവന്റെ തൊലിയിൽ
കാട്ടുചതുപ്പുകളുടെ തണുപ്പുണ്ട്
അവന്റെ രോമകൂപങ്ങളിൽ
വനപുഷ്പങ്ങളുടെ ഗാഢഗന്ധം" (2016:435)

എന്നിങ്ങനെ കാടിന്റെ തണുപ്പും ഗന്ധവും ഉൾക്കൊള്ളുന്നു കാട്ടുമൃഗം. പാറകളിൽ വീഴുന്ന കാട്ടുസൂര്യൻ അവന്റെ കൃഷ്ണമണികളിലും കാട്ടാറുകൾ വായിലും കാട്ടുതേൻ നാവിലും കാട്ടുമേഘങ്ങൾ ചെവികളിലും കാട്ടാനകൾ രക്തത്തിലും വനജ്യോത്സനകൾ ഹൃദയത്തിലും വിചാരങ്ങൾ കാട്ടുപാതയിലും തുടിക്കുന്നുണ്ട്. ഇത്തരം ഓർമ്മകളുള്ള മൃഗം എളുപ്പം മെരുങ്ങുകയില്ല എന്ന് കവിത വ്യക്തമാക്കുന്നു. ഇവിടെ മെരുങ്ങാത്ത മൃഗം കവിയുടെ പ്രതിനിധിയുമാണ്. ആശാന്റെ 'ഒരു സിംഹപ്രസവം', വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ', സുഗതകുമാരിയുടെ 'ആന' എന്നിങ്ങനെ കാടിന്റെ ഓർമ്മകളിൽ വ്യാപരിക്കുന്ന മൃഗങ്ങൾ നവോത്ഥാനകാലത്തും ആധുനികകാലത്തും കവിതയിലുണ്ടായിട്ടുണ്ട്. മൃഗങ്ങൾക്ക് സ്വന്തം ആവാസവ്യവസ്ഥയോടുള്ള ഗാഢവും വേർപ്പെടുത്താനാവാത്തതുമായ ബന്ധമാണ് ഇവിടെയെല്ലാം വ്യക്തമാക്കപ്പെടുന്നത്.

ഇന്ത്യയിൽ പ്രചാരമുള്ള ഒരു കഥയുടെ അനുവർത്തനമാണ് 'പശുവും പുലിയും' എന്ന കവിത. വടമലയ്ക്കും തെന്മലയ്ക്കും ഇടയിലെ മലയിൽ താമസിക്കുന്ന മുരുകയ്യന്റെ പശുവാണ് കാവേരി. പേരു വിളിച്ചാലുടനെ ഓടിയെത്തുന്നവളും ധാരാളം പാൽ ചുരത്തുന്നവളുമായിരുന്നു കാവേരിയെന്ന് കവിത വ്യക്തമാക്കുന്നുണ്ട്. കിടാവിനു പാൽ നൽകാനായി ഓടിയെത്തുന്ന കാവേരിക്കു മുന്നിൽ വിശപ്പോടെ എത്തുന്ന 'ഗംഗയ്യൻ' എന്ന പുലി ഇതിലെ പ്രധാന കഥാപാത്രമാണ്. കിടാവിന്റെ വിശപ്പാറ്റിയതിനു ശേഷം നിന്റെ വിശപ്പാറ്റാം എന്ന് വാക്കു നൽകി കിടാവിനടുത്തേക്കു പോകുകയും കിടാവിന് പാൽ നൽകി തിരികെയെത്തുകയും ചെയ്യുന്നു കാവേരി.

"നീയെന്റെ നേർപെങ്ങൾ കാവേരീ!

നീയമ്മ നീ നേര്, കാവേരീ!

നീ നെടുവീർപ്പിട്ടാൽ വറ്റിപ്പോ-

മീയാറ് ചൂടിനാൽ കാവേരീ!" (2016:512)

എന്നിങ്ങനെ കാവേരിയെ പ്രശംസിച്ചുകൊണ്ട് മലയുടെ നെറുകയിൽ നിന്ന് ഗംഗയ്യൻ ചാടുന്നു. അവിടെ നിന്നാണ് ഗംഗയുടെ ഉത്ഭവമെന്നും കഥ വ്യക്തമാക്കുന്നു. വെറുമൊരു മൃഗകഥ എന്നതിനപ്പുറം പ്രകൃതിയിലേക്കു കൂടി കവിത വിരൽചൂണ്ടുന്നു. കാവേരി, ഗംഗ എന്നീ നദികളെയും അവ പ്രകൃതിയിലുണ്ടാക്കുന്ന സമ്പത്തിനെയും കവിത വ്യക്തമാക്കുന്നു.

'ആട് കശാപ്പുകാരനോട്' എന്ന കവിത ആടിന്റെ ആത്മഗതരൂപത്തിൽ രചിക്കപ്പെട്ടതാണ്.

"ഞാൻ മുടന്തിയപ്പോൾ

എന്നെ ചുമലിലേറ്റി നടന്നത്

ഇതിനായിരുന്നോ?

ഇതിനായിരുന്നോ

യാഗശാലയിൽ

ധർമ്മപ്രഭാഷണം നടത്തി

എന്നെ നീ അഗ്നിയിലും

മന്ത്രത്തിലും നിന്നു രക്ഷിച്ചത്!" (2016:851)

എന്നിങ്ങനെയാണ് കവിത ആരംഭിക്കുന്നത്. മുടന്തിയപ്പോൾ ചുമലിലേറ്റിയതും രക്ഷിച്ചതുമെല്ലാം തന്റെ രക്തത്തിനുവേണ്ടിയാണല്ലേ എന്ന ചോദ്യമാണ് ആട് മനുഷ്യരോട് ഉന്നയിക്കുന്നത്. നിന്നെ ആരും അരുതെന്ന് വിലക്കില്ലെങ്കിലും ഒറ്റവെട്ടിന് കൊല്ലാനും തന്റെ കുട്ടിയെത്തേടി പോകാതിരിക്കാനും ആട് അപേക്ഷിക്കുന്നു. മനുഷ്യനെക്കാൾ വിവേകവും സ്നേഹവും മരണപ്പെടാൻ പോകുന്ന സന്ദർഭത്തിലും മൃഗത്തിനുണ്ടെന്ന ബോധ്യപ്പെടുത്തൽ കൂടിയാണ് ഈ കവിത.

'മനുഷ്യനും മുമ്പ്' എന്ന സച്ചിദാനന്ദന്റെ കവിത പ്രകൃതിയിലുള്ള ഓരോ ഘടകത്തിനും മേലെ മനുഷ്യശബ്ദം ഉയർന്നതിനെ പരാമർശിക്കുന്നു. മനുഷ്യർ സംസാരിക്കാൻ തുടങ്ങിയതോടെ മൃഗങ്ങളും പക്ഷികളുമെല്ലാം സംസാരം നിർത്തിയതായി കവിത വ്യക്തമാക്കുന്നു. മനുഷ്യർ പ്രകൃതിക്കുമേൽ നടത്തിയ അനിധിവേശമാണ് കവിത

ഉൾക്കൊള്ളുന്നത്. 'ആന കുളിക്കുമ്പോൾ' എന്ന കവിതയിൽ ആനയുടെ ഗൃഹാതുരമായ ഓർമ്മകളെക്കൂടിയാണ് പ്രതിപാദിക്കുന്നത്.

"അവന്റെ മെലിഞ്ഞ കണ്ണുകളിൽ
ഒരു കാടും കാട്ടിലെ പുലികളും
ചെന്നായ്ക്കളും കാട്ടുമൈനകളും
വന്നു നിറയുകയാണ്?" (2016:1026)

എന്നിങ്ങനെ ആനയുടെ കാടോർമ്മകൾ അവതരിപ്പിക്കപ്പെടുന്നു. പായൽക്കുളം കാട്ടരുവിയായി ആനയ്ക്ക് അനുഭവപ്പെടുന്നു. ആന കുളിക്കുന്നതിനെക്കാൾ വലിയ ഉത്സവമില്ലെന്നാണ് കവിയുടെ പക്ഷം. അതുകൊണ്ടുതന്നെ നമ്മുടെ ഉത്സവങ്ങളുടെ നിസ്സാരത ആന കുളിക്കുമ്പോൾ വ്യക്തമാക്കപ്പെടുന്നു. എഴുന്നള്ളിപ്പിൽ ആന കണ്ണീർവാർക്കുന്നത് ആനകളെയോർത്തും മനുഷ്യരെയോർത്തുമാണ് എന്നിങ്ങനെ കവിത ആനയുടെ കാടോർമ്മകൾ പങ്കുവയ്ക്കുന്നു. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകന്റെ' പിൻതുടർച്ചയായി ഈ കവിതയെ വിലയിരുത്താം.

'മുതലയുടെ ആത്മഗതരീതിയിൽ രചിക്കപ്പെട്ടിരിക്കുന്നു സച്ചിദാനന്ദന്റെ 'മുതലക്കണ്ണീർ' എന്ന കവിത. മുതലക്കണ്ണീരിന്റെ കാരണം മനുഷ്യരാണെന്ന് മുതല വ്യക്തമാക്കുന്നു. കാട്ടുപുഴകളിൽ അല്ലലില്ലാതെ കഴിഞ്ഞിരുന്നപ്പോഴൊന്നും മുതലകൾ കരഞ്ഞിരുന്നില്ല.

"നിങ്ങൾ മനുഷ്യർ ഞങ്ങളെ
വേട്ടയാടിത്തുടങ്ങിയപ്പോഴാണ്
ഞങ്ങൾക്കു ചിരി നഷ്ടപ്പെട്ടത്!" (2016:1031)

എന്ന് മുതലക്കണ്ണീരിന് മനുഷ്യരുടെ പങ്ക് വ്യക്തമാക്കുന്നു. മൃഗശാലകളിൽ കൂട്ടിലടയ്ക്കുകയും കുട്ടികൾ കല്ലെറിഞ്ഞു രസിക്കുകയും മുതലത്തോലുപയോഗിച്ച് കൈസഞ്ചികളും ആഭരണപ്പെട്ടികളും നിർമ്മിക്കാൻ തുടങ്ങുകയും ചെയ്തതിനെ കവിത വ്യക്തമാക്കുന്നു. കുരങ്ങന്റെ കഥയിലൂടെ മുതലകളെ വിഡ്ഢികളാക്കിയതും ഗജേന്ദ്രമോക്ഷം കഥയിലൂടെ ക്രൂരതയുടെ പരിവേഷം നൽകിയതും മനുഷ്യനാണ്. ഇത്തരത്തിൽ മനുഷ്യർ തന്റെ വർഗ്ഗത്തിനേൽപ്പിക്കുന്ന ദുരിതങ്ങളെ വ്യക്തമാക്കുന്നതിലൂടെ മനുഷ്യർ പ്രകൃതിയിലേൽപിക്കുന്ന ആഘാതങ്ങളെക്കൂടിയാണ് കവിത പ്രശ്നവൽക്കരിക്കുന്നത്.

സച്ചിദാനന്ദന്റെ 'കാണ്ടാമൃഗം' എന്ന കവിതയും മനുഷ്യന്റെ കളിപ്പാട്ടമായി ത്തീരേണ്ടിവന്ന മൃഗത്തിന്റെ വേദനയുടെ ആവിഷ്ക്കാരമാണ്. തൊലിക്കട്ടിയുള്ള മൃഗമെന്ന് കാണ്ടാമൃഗത്തെ വിലയിരുത്തുന്നു മനുഷ്യർ എന്നാൽ

"നിങ്ങൾക്കറിയില്ല ഞങ്ങൾ
എത്രത്തോളം വികാരജീവികളാണെന്ന്,
മനുഷ്യരെ കണ്ടാൽ പനി പിടിക്കുന്നവർ,
വേദന അടരടരായി സൂക്ഷിക്കുന്നവർ" (2016:1042 –1043)

എന്നിങ്ങനെ മനുഷ്യരെ പേടിക്കുന്ന കാണ്ടാമൃഗത്തെയാണ് കവിതയിൽ കാണുന്നത്. എലിയും പുലിയും മയിലും പോത്തുമെല്ലാം ദൈവങ്ങൾക്കു വാഹനമായപ്പോഴും ഒറ്റക്കൊമ്പുകൊണ്ട് ചെറുത്തു നിന്ന കാണ്ടാമൃഗത്തെ മനുഷ്യരാണ് കളിപ്പാട്ടമാക്കി മാറ്റിയത്. എങ്കിലും മനുഷ്യനോട് തങ്ങൾ വിദ്വേഷം പ്രകടിപ്പിക്കുന്നില്ലെന്ന് കാണ്ടാമൃഗം സാക്ഷ്യപ്പെടുത്തുന്നു. പൊതുവെ കവിതയുടെ വിഷയസ്വീകരണത്തിൽ കടന്നുവരാത്ത കാണ്ടാമൃഗം പോലുള്ള ജീവികൾ സച്ചിദാനന്ദന്റെ കവിതയുടെ ഭാഗമാകുന്നു.

ജി. കുമാരപിള്ള, ഒ.എൻ.വി. കുറുപ്പ്, അയ്യപ്പപ്പണിക്കർ, വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ പൊതുവെ മൃഗങ്ങൾ പ്രകൃതിനശീകരണ പരമായി കടന്നുവരുന്നില്ല.

### 3.4.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' വന്യതയിലേക്ക് തിരിച്ചുപോകാനുള്ള മൃഗത്തിന്റെ ആഗ്രഹമാണ് പെണ്ണിന്റെ സ്വാഭാവികമായ ജൈവപ്രകൃതി കൂടിയാണ് ഇവിടെ മൃഗം. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകനെ'പ്പോലെ പൂർവ്വവാസസ്ഥാനമായ കാട്ടിലേക്കു പോകാൻ ആഗ്രഹിക്കുന്ന മൃഗത്തെയാണ് കവിത അവതരിപ്പിക്കുന്നത്. മുളങ്കാടിന് പിന്നിലെ കരിമ്പാറയിൽ തെളിയുന്ന മഞ്ഞയും കറുപ്പും വരകളെന്ന പരാമർശത്തിൽ നിന്നാണ് മൃഗം കടുവയാണ് എന്ന് വായനക്കാർ തിരിച്ചറിയുന്നത്. പ്രണയിനിയോടും മക്കളോടുമൊപ്പമുള്ള ഓർമ്മകൾ മൃഗത്തെ ഗൃഹാതുരമായ പഴയ കാലത്തിലേക്ക് നയിക്കുന്നു. എന്നാൽ ഉടനെതന്നെയുണ്ടാവുന്ന ചാട്ടയുടെ ഉയർച്ച താഴ്ചകളിൽ ആ ഓർമ്മകൾ അപ്രത്യക്ഷമാവുകയും വേദനമാത്രം ബാക്കിയാവുകയും ചെയ്യുന്നു.

"പറയു, പാവയോ മൃഗം? മെരുങ്ങിയാ–

ലടിമ കണക്കൊതുങ്ങുമെങ്കിലും
ഇടയ്ക്കിടയ്ക്കെന്റെ വനചേതസ്സിലാ–
മൃഗപൗരാണികൻ കുടഞ്ഞെണീക്കുന്നു" (2013: 14)

എന്നിങ്ങനെ അടിച്ചമർത്തപ്പെടുമ്പോഴും ഇടയ്ക്കിടെ തലപൊക്കുന്ന സഹജവാസന കളെയും കവിത അവതരിപ്പിക്കുന്നു. മൂർച്ചയുള്ള വാക്കും പുളയുന്ന ചാട്ടയുമായെത്തുന്ന ശിക്ഷകനെ മൃഗത്തിന് ഭയമാണ്. ചുവന്ന തീച്ചക്രത്തിനുള്ളിലൂടെ എടുത്തു ചാടാൻ ശീലിക്കപ്പെട്ട മൃഗമാണിതെങ്കിലും ഇടയ്ക്കിടെ തൃഷ്ണകൾ കുതറിച്ചാടുന്നു. മൃഗമാണെങ്കിലും ഇനിയും അസ്വാതന്ത്ര്യത്തോടെ കൂട്ടിൽ കുടുങ്ങിക്കിടക്കാൻ ആവില്ലെന്ന് മൃഗത്തിന്റെ മനസ്സ് വിലപിക്കുന്നു. കാട്ടിലെ പോലെ ഇരകളെ പല്ലിൽ കോർക്കാൻ ആഗ്രഹിക്കുന്നുവെങ്കിലും ചാട്ട നൽകുന്ന വേദനയിൽ എല്ലാം അവസാനിക്കുന്നു.

"അതിനും വയ്യല്ലോ! ഭയം, ഭയം മാത്ര
മടിമ ഞാൻ, തോറ്റു, കുനിഞ്ഞിരിക്കുന്നു
മുതുകിൽ നിന്ന് ചാട്ടയുലച്ചുകൊള്ളുക
വലയത്തിൽച്ചാടാനുണർന്നിരിപ്പൂ ഞാൻ" (2013: 14)

എന്നിങ്ങനെ നിസ്സഹായനായിരിക്കുന്ന മൃഗത്തെയാണ് കവിത അവതരിപ്പിക്കുന്നത്. ഇവിടെ മൃഗമാണ് കേന്ദ്രമെങ്കിലും പ്രകൃതിയെയും സ്ത്രീയെയും ദളിതനെയും അവയേക്കാൾ ബലവും അധികാരവുമുള്ളവർ അടിച്ചമർത്തുന്നു. അതുകൊണ്ട് തന്നെ ദളിത്പരിസ്ഥിതിസ്ത്രീവാദങ്ങൾ കവിതയിൽ സമന്വയിക്കുന്നു. മൃഗങ്ങൾ മനുഷ്യ രെക്കാൾ താണനിലയിലുള്ളവരാണെന്നു ചിന്തിക്കുകയും മനുഷ്യന്റെ സന്തോഷ ങ്ങൾക്കും താല്പര്യങ്ങൾക്കുമായി മൃഗങ്ങളെയും പ്രകൃതിയെയും ഉപയോഗിക്കുകയോ ദുരുപയോഗിക്കുകയോ ചെയ്യുന്ന മാനസികനിലയുടെ പ്രകടനമാണീ കവിത.

'കാള' എന്ന കവിതയിൽ നുകത്തിൽ ബന്ധിക്കപ്പെട്ട കാളയുടെ ആത്മഗതമാ ണുള്ളത്. നുകവും വലിച്ച് നടക്കുമ്പോഴും കഴുത്തിൽ ചരടുരയുമ്പോഴും വേദനകൊണ്ട് പുളയുന്ന കാളയുടെ ദയനീയത ഈ ചെറുകവിത വ്യക്തമാക്കുന്നു.

"നടക്കെന്നു കയർപ്പോനേ,
നയിക്കാൻ പിന്നിൽ നിൽപ്പോനേ,
മരിച്ചാണീ നടപ്പും ഞാൻ
മടുത്താലെന്തു ചെയ്യേണ്ടു?" (2013;356)

എന്നിങ്ങനെ മനുഷ്യന്റെ നിയന്ത്രണത്തിൻ കീഴിൽ അടിമയായി ജീവിക്കേണ്ടി വരുന്ന അവസ്ഥയെ കാള വ്യക്തമാക്കുന്നു. മൃഗങ്ങളെ മെരുക്കി സ്വന്തം ആവശ്യങ്ങൾക്കു പയോഗിക്കുമ്പോൾ മനുഷ്യർ അവയുടെ മാനസികാവസ്ഥയെ പരിഗണിക്കുന്നില്ല.

റഫീക്ക് അഹമ്മദിന്റെ 'പുലിയിറക്കം' എന്ന കവിതയിലെ പുലി നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളുടെ പ്രതിനിധിയാണ്. വേട്ടയാടലും വനനശീകരണവും മൃഗങ്ങൾ നാട്ടിലിറങ്ങുന്നതിനിടയാക്കുന്നു. വൈലോപ്പിള്ളിയുടെ സഹ്യന്റെ മകനിലും വിജയലക്ഷ്മിയുടെ മൃഗശിക്ഷകനിലും സച്ചിദാനന്ദന്റെ 'നഗരത്തിൽ പുലി'യിലുമെല്ലാം വേട്ടയാടപ്പെടുന്ന മൃഗങ്ങളെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. മറ്റൊരു തരത്തിലുള്ള വേട്ടയാടലാണ് ഈ കവിതയുടെയും വിഷയം. വനനശീകരണവും കാട്ടുതീയും മൂലം വനവിഭവങ്ങൾ നശിക്കുന്നു. അതിന്റെ ഫലമായി വെള്ളവും ആഹാരവും തേടി വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നു. കണ്ണടച്ചിരുന്ന നിമിഷനേരത്തിനുള്ളിൽ കാടു കത്തിയെരിയുന്ന കാഴ്ചയാണ് പുലി കാണുന്നത്.

> "നീറുന്നൊരാർത്തനാദത്തിൽ ശമിക്കുന്നു
> മാറിടം പൊട്ടിപ്പിളരും മുളകളോ
> പായുന്ന തീമലയാം കരിവീരനോ
> ആരറിയുന്നു തീയുണ്ടകൾ; അല്ലിവ
> മാൺപെഴും വെൺമുയൽക്കുഞ്ഞുങ്ങളല്ലയോ" (2016: 35)

എന്നിങ്ങനെ തീയിലകപ്പെട്ട മൃഗങ്ങളുടെ പരക്കംപാച്ചിൽ കാണാം. മൃഗങ്ങളുടെയും ഇതരജീവികളുടെയും പ്രാണന്റെയും കാടിന്റെ പച്ചപ്പിന്റെയും മേൽ മരണം താണ്ഡവമാടുന്നതായി കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ കത്തിയെരിഞ്ഞ കാട്ടിൽ നിന്നും മനുഷ്യന്റെ ആവാസഭൂമിയിലേക്കിറങ്ങിയ പുലിക്ക് നഷ്ടപ്പെട്ട വിഹാര കേന്ദ്രങ്ങളുടെ ഓർമ്മകളുണ്ട്.[45] കാടിന്റെ കാഴ്ചകളും കോമ്പല്ലിൽ ഇരയെകോർത്തെടു ക്കുന്നതും ചന്ദ്രികയിൽ ഇണയോടുത്തുള്ള പ്രണയകേളികളുമെല്ലാം പരിചിതമായ അനുഭവങ്ങളാണെങ്കിലും

> "നിങ്ങൾതൻ കണ്ണിലൊളിച്ചുകളിക്കുമീ
> മങ്ങതം മാത്രമെനിക്കേറെ ദുർഗ്രഹം" (2016: 36)

എന്ന് പുലി വെളിപ്പെടുത്തുന്നു. മനുഷ്യനിലെ ക്രൂരത ദുർഗ്രഹമാണെന്ന് വ്യക്തമാക്കുന്ന കവിത നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ ഉപദ്രവിക്കുന്ന മനുഷ്യമനോഭാവത്തെ ചോദ്യം ചെയ്യുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥയിൽ അതിക്രമിച്ചു കയറി അവയെ

നശിപ്പിക്കുന്ന മനുഷ്യൻ പുലിയോ ആനയോ പന്നിയോ മയിലോ നാട്ടിലിറങ്ങിയാൽ അതിനെ അതിക്രമമായി വിലയിരുത്തുന്നു. പ്രതികാരത്തിനോ ഇരതേടിയോ അല്ല ഇത്തിരി വെള്ളത്തിനായാണ് താൻ നാട്ടിലെത്തിയതെന്നും ആയുധങ്ങളുപയോഗിച്ച് എന്നെ ഓടിക്കുന്നതെന്തിനെന്നും പുലി സംശയിക്കുന്നു.

> "നീ നരൻ, ഞാൻ നരിയെന്നതിന്നപ്പുറം
> നേരുകളില്ലയോ നമ്മെ ബന്ധിപ്പതായ്" (2006: 36)

എന്ന് പുലി ചോദിക്കുന്നു. ഭൂമിയിലെ വ്യത്യസ്ത ജീവിവർഗ്ഗങ്ങൾ എന്നതിലുപരി നമ്മെ ബന്ധിപ്പിക്കുന്നതിന് മറ്റൊന്നും ഇല്ലയോ എന്ന സംശയമാണ് പുലി ഉന്നയിക്കുന്നത്. നരനായും നരിയായും മാനായും മയിലായുമെല്ലാം ജീവിക്കുമ്പോഴും അവയ്ക്ക് തമ്മിലുള്ള സാജാത്യത്തിലാണ് നാം ഊന്നേണ്ടത്. വനനശീകരണത്തിലൂടെ സ്വന്തം ആവാസ ഇടം നഷ്ടമാകുന്ന മൃഗങ്ങളുടെ അവസ്ഥയാണ് കവിത വ്യക്തമാക്കുന്നത്. നരനും നരിയും എന്ന വ്യത്യാസത്തിനപ്പുറമുള്ള സാമ്യതകൾ ഗഹനപരിസ്ഥിതി വാദചിന്തയുമായി ബന്ധപ്പെട്ടതാണ്. ആനയും പുലിയും മയിലും മറ്റു വന്യമൃഗങ്ങളും കാടിറങ്ങി ജനവാസമേഖലകളിൽ പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്നത് അവയുടെ ആവാസയിടത്തിന്റെ നഷ്ടത്തിന്റെ ഓർമ്മകളിൽ കൂടിയാണ്.

'ആന, മയിൽ, ഒട്ടകം എന്നീ മൃഗങ്ങളുടെ മാനസികാവസ്ഥയെയും സ്വാഭാവ രീതികളെയും അവതരിപ്പിക്കുന്നു 'ആനമയിലൊട്ടകം' എന്ന കവിത. ഉത്സവപറമ്പിലെ ചിത്രക്കളിച്ചതുരത്തിൽ മൂന്ന് ജീവികളും കളിയിൽ മടുത്ത് പുറത്തിറങ്ങി നിൽക്കുന്നു. ആനക്ക് പഴയ ഓർമ്മകളുണ്ടാകുന്നു. കരിമ്പിൻ തണ്ടുകളാടുന്ന മലഞ്ചെരിവുകളിൽ നന്മണം തിരഞ്ഞുനടന്ന കൊമ്പന്റെ ശബ്ദം മുഴങ്ങുന്നു.

> "....... അറിയുമോയെന്നെ?
> കൊടുങ്കാറ്റിൽ പുത്രൻ, മരങ്ങളേക്കാളും
> മുതിർച്ചയുള്ളവൻ, ഇറങ്ങുമ്പോൾ പുഴ
> കലങ്ങുമാറുള്ളോൻ
> ചിരമാം ശൈശവമെനിക്ക് ലക്ഷണം
> മനസ്സൊരുന്മദ നടനമണ്ഡപം" (2016: 91)

എന്നിങ്ങനെ കാട്ടിലെ കളികളുടെ ഓർമ്മ ആനയിലുണ്ടാവുന്നു. മയിലാകട്ടെ പകലിലും മായാനിറങ്ങളാൽ രാത്രിയുടെ രഹസ്യമാർന്നവളാണ്. ഇണക്കമാർന്ന പെണ്മയും

നിത്യയൗവനവും ലക്ഷണമായുള്ളവളുമാണ്. ഗോപുരരൂപിയും നിത്യമായ വാർദ്ധക്യം പേറുന്ന ജീവിയുമാണ് ഒട്ടകം. പച്ചപ്പു തേടുന്ന ജീവിതമാണതിന്റേത്.

"നടപ്പുകാലത്തിന്നടയാളങ്ങളീ
നരർക്ക് നാ, മതിൽക്കവിഞ്ഞൊരർത്ഥമോ?" (2016: 92)

എന്നിങ്ങനെ മനുഷ്യർക്ക് അടയാളങ്ങൾ മാത്രമായ മൃഗങ്ങളുടെ ആത്മഗതരീതിയാണ് കവിതയ്ക്കുള്ളത്. ആന ശൈശവത്തെയും മയിൽ യൗവനത്തെയും ഒട്ടകം വാർദ്ധക്യത്തെയും പ്രതിനിധാനം ചെയ്യുന്നു.

റഫീക്ക് അഹമ്മദിന്റെ 'ആ പശു' എന്ന കവിതയിൽ പശുവിനെയും പശുവുമായി ബന്ധപ്പെട്ട മറ്റു ഘടകങ്ങളെയും പരാമർശിക്കുന്നു.

"ആ പശു നിന്നേടത്തെ കറുകവരമ്പുകൾ
മാഞ്ഞുപോയ്, കാണാതായി പുള്ളിന്റെ ചുറ്റിക്കളി
അതിന്റെ കുളമ്പുകൾക്കിടയിൽ നിന്നും പിണർ
കണക്കെപ്പുളഞ്ഞോടി തിളച്ച വെയിൽപ്പാത" (2016: 219)

മേയുന്ന പശുവിന്റെ ചുറ്റുമുള്ള കറുകവരമ്പുകളും, പുള്ളും പശു നിന്ന പാടവും, അതിനടുത്ത കളവും കാണാതാവുന്ന അവസ്ഥയെ കവിത അടയാളപ്പെടുത്തുന്നു. അയവെട്ടാനൊന്നുമില്ലാതെ വാലാട്ടാൻ കഴിയാതെ സിനിമാപോസ്റ്റർ തിന്നുവാനാവാതെ മകളുടെ പാഠപുസ്തകത്തിൽ ഒതുങ്ങി നിൽക്കേണ്ടിവന്ന പശുവിന്റെ അവസ്ഥയാണിവിടെ ചിത്രീകരിക്കപ്പെടുന്നത്. വയൽ നികത്തൽ ഒരു പശുവിന്റെ ജീവിതത്തിലുണ്ടാക്കുന്ന വ്യതിയാനങ്ങളെ കവിത അടയാളപ്പെടുത്തുന്നു.

പി.പി. രാമചന്ദ്രന്റെയും, വി.എം. ഗിരിജയുടെയും വീരാൻകുട്ടിയുടെയും മോഹനകൃഷ്ണൻ കാലടിയുടെയും കവിതകളിൽ മൃഗപരാമർശങ്ങൾ പൊതുവെ ഇല്ലെന്ന് തന്നെ പറയാം.

## അടിക്കുറിപ്പ്

1 'വിപി-
നങ്കളിൽ വണ്ടിനിശൽപാട
ചേന്തേ മയിലാട - കുയിൽ
ചിന്ത മകിഴ്ന്തതെ കൊണ്ടാട

വന്താങ്കളാന മരം – വലു –
താനതുപോലെ തരയശപ്പാർ
ഏന്തിടെ മാരുതനാർ – ഇതു
നന്റല്ല (നാരായണപിള്ള. പി.കെ., ഭാഗം 1. 2012:547)

2. ‘എന്റെല്ലാം കേട്ടവനൊരു നറുങ്ങാശ്വസിക്കിന്റെ നേരം
കുന്റിച്ചെങ്ങും കുയിൽ നിനദവും കൂവുമക്കാവുതോറും
ഒന്റിച്ചുച്ചൈരയുഗശരനോടാർത്തു വണ്ടിൻമിനാദൈ–
രെന്റല്ലപ്പോഴൊരു പടുകുലക്കാരി വന്നാൽ വസന്തൻ’
(കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:46)

3. ‘അളിപടലികൾ മൂളി; രന്ധ്രമേലും
മുളകൾ മരുത്തിലുലഞ്ഞു മെല്ലെയൂതി;
തളിർനിര മൃദുതാളമേകി;യേവം
കളകളമായതിമോഹനം വനത്തിൽ’ (കുമാരനാശാൻ. എൻ, 2013:129)

4. ‘ഈ വഴിയിൽ,
ഏകാന്തതയിൽ
വേലിയിൽ നിറയെ–
പ്പൂത്തുലയും ചെറു
പൂവുകൾ കാണാൻ കണ്ണില്ലാതെ–
യതേ ചില്ലത്തുമ്പൊന്നിൽ
പാടിയിരിക്കും കിളിയുടെ
കളമൊഴി കേൾക്കാൻ കാതില്ലാതെ
ഞാനൊരു കൂനനുറുമ്പല്ലോ ചുമ–
ടേന്തി വലിഞ്ഞേ നീങ്ങുമ്പോൾ’ (സുഗതകുമാരി, 2011:326)

5. ‘അരയാലിലമേൽക്കൂടി
വരിവണ്ടിണ്ട പോന്റുതോ?
വ്യാമുഢാത്മാസ്മി സത്യം തേ
രോമാവലി മൃദുദരേ (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:171)

6. ‘തുരുതുരെ, മുനിഹോമധൂമഭാസ്സായ്–
പ്പുരുമദമാർന്നിളകും ദ്വിരേഫജാലം
സുരുചിരമധുലക്ഷ്മിയാളഴിച്ചി–
ട്ടൊരു കരിവാർകുഴലെന്നു തന്നെ തോന്നി’ (നാരായണമേനോൻ വള്ളത്തോൾ, 2011:139)

7. ‘ആഹാ! രചിച്ചുചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം’ (കുമാരനാശാൻ. എൻ, 2013:45)

8. ‘പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാപൂമ്പട്ടിനു പാവു നെയ്കയോ?’ (കുമാരനാശാൻ. എൻ, 2013 :472)

9. 'പിച്ചകച്ചില്ലകൊണ്ടു തല്ലേറ്റാൽ പോലും ഭൃംഗം
പിച്ചഭിനയിച്ചങ്ങു തങ്ങുന്നതെന്തിനെന്നും' (ഗോവിന്ദൻനായർ ഇടശ്ശേരി, 2012:80)

10. 'രാസവസ്തുവിൽ കുതിർന്ന ആധുനികലോകത്തിൽ പ്രകൃതിയിൽ സ്വാഭാവികമായി സംഭവിക്കുന്നതൊന്നും അനുവദനീയമല്ല. അവിടെ മരുന്നുതളി നശിപ്പിക്കുന്നത് കീടങ്ങളെ മാത്രമല്ല അവയുടെ ശത്രുക്കളായ പക്ഷികളെക്കൂടിയാണ്. പിന്നീട് കീടവർഗ്ഗത്തിന്റെ പെരുക്കലിന് ഉണർവ്വുണ്ടാകുമ്പോൾ എണ്ണം നിയന്ത്രിക്കാൻ പക്ഷികളവിടെ ഉണ്ടാകില്ല' (റേച്ചൽ കഴ്സൺ, 2013:117)

11. 'മേലെയേ 'ശതായുസ്സാം' മനുഷ്യനിവയെക്കാൾ?
കാലമാം കടലിൻകൊച്ചലകൾ ശതാബ്ദങ്ങൾ
ഒട്ടുനാളഹംഭാവച്ചിറകാൽപ്പാറിത്തുള്ളും;
പെട്ടെന്നു മൃതിത്തിയ്യിൽ വീണു വെന്തടിഞ്ഞീടും;
അല്പജീവികൾ നാമും മർത്ത്യരെ, പ്രകൃതിതൻ
തൃപ്പുതുമഴയ്ക്കുണ്ടായ് വന്ന പാറ്റകളത്രേ!' (നാരായണമേനോൻ വള്ളത്തോൾ, 2011:856)

12. 'കണ്ടു ഞാൻ; ചേറിക്കിടക്കുന്നൊരാപ്പെരും-
ഞണ്ടിന്റെ തോടുകൾ മാത്രം!
എന്തിനോ ഞാനതുനോക്കിനിൽക്കെ, യതൊ-
രിന്ത്യതൻ ചിത്രമാവുന്നു!' (കുറുപ്പ്, ഒ.എൻ.വി, 2016:80)

13. 'അതിന് അവർ ജീവിച്ച വീടല്ല ഇത്-
അവർ ഓമനിച്ച മക്കളുമല്ല' (വീരാൻകുട്ടി, 2015:30)

14. 'പുല്ലുവെട്ടുന്ന യന്ത്രം
ആർത്തിയിൽ മുരണ്ട്
കടിച്ചുതുപ്പി തെറിപ്പിക്കുന്നു
റോഡുവക്കിലെ പച്ചകൾ;
കൂമ്പുകൾ, ഇലകൾ, ചെറുശിഖരങ്ങൾ' (സെബാസ്റ്റ്യൻ, 2013:20)

15. 'ഒരു ഒഴിവുകാലരാത്രിയിൽ
അടുക്കളയിൽ കണ്ട പാറ്റകളും
സ്വീകരണമുറിയിൽ കണ്ട പല്ലികളും
വെറുതെ ഓർമ്മയിലേക്ക് വന്നുകൊണ്ടിരിക്കുന്നു' (സെബാസ്റ്റ്യൻ, 2009:28)

16. 'തുപ്പിയിട്ടത് വിഴുങ്ങാൻ
മുകളിലേക്ക് പൊങ്ങിവരുമായിരുന്നു
പരൽമീനുകൾ
കുളം വറ്റിയതും
ചത്തുപോയതും
അവ മറന്നു
അതുകൊണ്ടാവാം
അവ ഇപ്പോഴും
എല്ലാം ഓർക്കുന്നത്?' (സെബാസ്റ്റ്യൻ, 2006:14)

17. 'ചെറുവെള്ളക്കെട്ടിൽ ഒരു കാരി തുടിക്കുന്നുണ്ട്
അതിന്റെ കുത്തേറ്റാൽ കട്ടുകഴപ്പെടുത്ത് തളർന്നുവീഴും
അതിനുള്ള ഒറ്റമൂലി അതിന്റെതന്നെ ഇഴുക്കൽ
ആ വെള്ളക്കെട്ടിനുമീതെ വീശുവാൻ
ഒരുത്തൻ ഒരുലോറി മണ്ണുമായി പുറപ്പെട്ടിരിക്കുന്നു' (ജോസഫ്. എസ്, 2013:61)

18. 'ഏവമസ്സമ്പത്തിൻ സർപ്പോപധാനത്തിൽ-
ക്കാൽവെച്ചുറങ്ങുമിക്കാമിനിയെ
മെല്ലവേ മെയ്തൊട്ടുണർത്തി യാദൃച്ഛയാ,
നല്ലകാലത്തിന്റെ നിശ്വാസങ്ങൾ' (നാരായണമേനോൻ വള്ളത്തോൾ, 2011:283)

19. 'തിംകൾക്കല വളർകെങ്കക്കുളുർപുനൽ
വമ്പിറ്റൊഴികിന തുമ്പപ്പൂതുമലർ
മുണ്ഡപ്രവരം കുണ്ഡലിനിവഹം
......................................
കുണ്ഡലിവിരചിത കുണ്ഡല കൃത്യോ
....................................
........................................
കരിയുരിയുമുടുത്തരവം ചുറ്റി,
ഫണിയുഗളത്താൽ മണിനൂപുരമി
ട്ടുലകേഴിന്നും തിലകക്കുറിയായ്' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:80–82)

20. 'പുല്ലും പുഴുക്കളും പൂവും പുലരിയും
എല്ലാം പുലർന്നോട്ടിവിടെയീ മണ്ണിലെ
കല്ലും മരവും കടയുന്ന സ്വപ്നങ്ങ-
ളെല്ലാം വിടർന്നോട്ടിവിടെ, നീ പോവുക' (രാമകൃഷ്ണൻ കടമ്മനിട്ട, 2015:103)

21. 'കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?' (കുമാരനാശാൻ. എൻ, 2013:468)

22. 'മരത്തിൻപിന്നിൽ കൊക്കുകൾ പിളർത്തിപ്പറന്നുവീണും
വിരവിൽ വാങ്ങിയും വീണ്ടുമോങ്ങിയുമിതാ,
കാട്ടിടുന്നെന്തോ ശല്യങ്ങൾ കണ്ടകോലാഹലത്തോടും
കാട്ടെലിവേട്ടയിൽപ്പോലെ മലങ്കാക്കകൾ' (കുമാരനാശാൻ. എൻ, 2013:571)

23. 'കൊണ്ടൽപോയ് താരങ്ങൾ മിന്നും കുവലയ-
നീലമാം വിൺപരപ്പോ
വണ്ടൊളിവാർവനം പൂത്തുവിലസും വ-
സുമതീമണ്ഡലമോ
തിണ്ടാടിപട്ടത്തിൽത്തൂവർണ്ണധോരണി
തൂവുന്നു നീയിതുകൾ

രണ്ടിനുമുള്ളിൽ മഴവില്ലോ രണ്ടുമോ
മൂന്നുമോ പൂമ്മയിലേ! (കുമാരനാശാൻ. എൻ, 2013:611)

24. 'ഇവിടെയുണ്ടു ഞാൻ
എന്നറിയിക്കുവാൻ
മധുരമാമൊരു
കൂവൽ മാത്രം മതി' (രാമചന്ദ്രൻ. പി.പി., 2015:132)

25. 'മുറ്റത്തെ മന്ദാരത്തിൽ
സൂചിമുഖി വീടൊരുക്കുന്നു
പ്ലാനോ എസ്റ്റിമേറ്റോ ഇല്ലാതെ
തിടുക്കത്തിൽ
ദൈവം സ്വകാര്യമായ്
പറഞ്ഞുകൊടുക്കുന്നതുപോലെ
കൃത്യമായ്' (സെബാസ്റ്റ്യൻ, 2017:25)

26. 'വാനിൽ നിന്നു നിജനീഡമാർന്നെഴും
കാനനം ഖഗയുവാവുപോലവെ' (കുമാരനാശാൻ. എൻ, 2013:59)

27. 'തത്തകാടുകളിൽനിന്ന് അപ്രത്യക്ഷയായി
രാമായണത്തിൽ മാത്രം അവശേഷിച്ചു
ഗൗതമൻ മുറിവുണ്ടാക്കി വീണ്ടെടുത്ത പ്രാവോ,
വൈദ്യുതാഘാതത്താൽ മരിച്ച്
സമാധാനപ്രതീകമായി പുനരവതരിച്ചു' (സച്ചിദാനന്ദൻ, 2016:1115)

28. 'പറവകൾ വിത്തിട്ടുമുളച്ചുണ്ടായതാണ്
എന്റെ വളപ്പിലെ
മരങ്ങളേറെയും (എന്നതു രഹസ്യം)
ഇന്നവ വിളഞ്ഞ പഴങ്ങളുമായി നിൽക്കുന്നു
കിളിയെ ആട്ടാനുള്ള ഈ തെറ്റാലി
പക്ഷേ എന്റെ സ്വന്തമാണ്' (വീരാൻകുട്ടി, 2016:217)

29. 'അരുൾമിന്നും തവം പൊലിന്തോരകത്തിയെൻ കുടിയിരിക്കും
മരതന്നിൽ നിന്നു വീഴ്ന്തു മറിന്തുടെൻ കരന്തുപോരും
തിരെയെന്നും കയമുയെർത്തു തിരിന്തിരി പുറത്തുമുള്ള
പുരെയെല്ലാമടർത്തിളക്കിപ്പുവെനിയിൽ തളപറിച്ചു
തോണിയാം പാവാൻമാരച്ചുഴന്നുടെൻ പുരട്ടിയിട്ടു
കോണെഴും മരംകെളാന കൊംപുകൊണ്ടെടുത്തു നാട്ടി
തെന്നെലാം ചെവിയുമാട്ടിച്ചിലെയെന്നും മനം വിളെയ്ന്തു
മന്നിലൊട്ടിളക്കം ചെയ്തു വരിവണ്ടാം മണിയറന്തു
മൺ പുരെണ്ടൂയെലാട്ടി മരുംകിനിൽ കുടിയിരുപ്പോർ
കൺപൊരുന്താതവണ്ണം കരുത്തൊടു പേടികാട്ടി
മതമെന്നി വയെറും താഴ്ത്തു വാപ്പിളന്തിനിയ പംപ

നതിയെന്നുമാനക്കിന്നു നടുക്കി വന്നടുക്കുമേടം'
(പുരുഷോത്തമൻനായർ. എം.എം, വ്യാഖ്യാ. 1981:51)

30. 'പെറ്റാളദിതി സുരന്മാർ തമ്മെ;
പ്പെരുബലമോടേ ദിതി ദൈത്വരെയു;
മുറ്റം ദനു ദാനവരെ പ്പെറ്റാൾ; മുനിയാമവളവ്
സരസാം ഗണവും
പെറ്റാൾ, സുരഭിയുമീന്റാൾഗോക്കളെ,
നാനാദിഗിഭ കുലങ്ങളെ മാറ്റും
മറ്റാജലധിയിൽ പാഴ്ജന്തൂനാം
വർഗ്ഗത്തിനു മാതാ 'തിമി' യല്ലോ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 213:279)

31. 'കനത്തോരകിടുമായി
കടന്നുവരുമതിന്റെ
കിതപ്പാണി പ്രപഞ്ചത്തിൻ
പ്രസക്തതാളം' (ഗോവിന്ദൻനായർ ഇടശ്ശേരി, 2012:656)

32. 'എരിപൊരി ചൂടിനാ വനത്തകത്തോ
തേടിച്ചെന്നരിങ്കൊടി തേൻ കണ്ടാരേ ...
തേനാലോ ഒഴുകിയതോ തിരുമാർവിലോ
മാനാലേ അഴകിയതോ വളർപുള്ളയോ
കുന്നത്തൂരാകുന്ന മാമലമ്മേൽ
മുറുകിന മാൻകുലം കളിപ്പതുണ്ടോ
മുപ്പത്തൊരഞ്ചുമെയൊരഞ്ചുമുണ്ടോ
തങ്ങളിലെയിണങ്ങിന കലയഞ്ചുണ്ടോ
നിച്ചലും വന്നിവിട കളിക്കും മാനും
അമ്മാനയെയ്തുടനാണ ചൊൽവോർ' (വിഷ്ണുനമ്പൂതിരി .എം.വി, 2005:117)

33. 'തണ്ടിട്ടും തടിയാലും നായാടുമ്പോൾ
ഇളകുന്നല്ലോ അമ്മലമ്മിലെ പന്നി, മാൻകൂട്ടമെല്ലാം
പെരുമ്പന്നിയപ്പോൾ കിഴക്കുദയകുലപർവ്വതത്തിന്മേൽ
നിന്നിളകിതോരു പന്നി, മാൻകൂട്ടമെല്ലാം
പടിഞ്ഞാറസ്തകുല പർവ്വതം നോക്കിപായുന്നു
പടിഞ്ഞാറസ്തകുല പർവ്വതത്തുമ്മന്നിളകിതോരു
പന്നി, മാൻകൂട്ടമെല്ലാം
ഉദയകുലപർവ്വതം നോക്കി പായുന്നു' (വിഷ്ണുനമ്പൂതിരി .എം.വി, 2005:128)

34. 'ഓടിവരുന്നൊരു വെന്തീയെ ക്കണ്ടിട്ടു
പേടിച്ചു പായുന്ന വമ്പുലികൾ
തങ്ങളെക്കണ്ടുള്ള ഗോക്കൾതൻ വേദന
യിങ്ങനെയെന്നതറിഞ്ഞിതപ്പോൾ' (ഭാസ്കരൻ. ടി, വ്യാഖ്യാ. 2003:394)

35. 'കരിവാർമുകിൽ മൂളിവാനിൽ വൻ-
വരിയായ് പൊങ്ങിവരുന്ന കണ്ടിവൾ
ഹരിഗർജ്ജിത കന്ദരങ്ങളാം
ഗിരിവൃന്ദങ്ങളെ മോടികാട്ടിടാം
കുലയാനകൾ തന്നെ ബാല്യമാം
നിലയിൽ താൻചിലർ തച്ചുകൊന്നതും
വലഭിത്തി രണോഗ്രനാദമാ-
റ്റൊലിയേറ്റാശു തകർന്നുവീണതും
മലയും ഗുഹയും മൃഗങ്ങൾ തൻ-
കുലവും കാടുമടക്കിവാണതും
പലതമ്മ പറഞ്ഞു കേട്ടിടാം
കുലകൂടസ്ഥപരാക്രമക്രമം' (കുമാരനാശാൻ. എൻ, 2013:52-53)

36. 'അവനി നമ്മൾക്കു പൊതുവിൽ പെറ്റമ്മ;
അവൾ തൻ സേവ താൻ നമുക്കു സൽക്കർമ്മം
ഇതരജീവികൾ കിടക്കട്ടേ; മർത്യ-
ഹൃദയങ്ങളാദ്യമിണങ്ങട്ടേ തമ്മിൽ' (പരമേശ്വരയ്യർ ഉള്ളൂർ, 2006:855)

37. 'പൊററുതി മടയിലില്ലെന്നാകയാ, ലങ്ങുമിങ്ങും
കുറുനരികൾ കുതിച്ചൂ; കുക്കുരൗഘം കുരച്ചൂ;
മറുദിശി മറിമാൻകൂട്ടമാഹന്ത, പേടി-
ച്ചിറുകി മിഴികളാലങ്ങുൽപ്പലപ്പൂക്കൾ ചിന്നീ' (നാരായണമേനോൻ വള്ളത്തോൾ, 2011:414)

38. 'ഇവൻ സ്നേഹിക്കുന്നൂ,
പകരം ചോദിക്കാ-
നറിവീലാ, പൂർണ്ണസമർപ്പണം മാത്രം
ഒരു പിടിയന്നം കൊടുക്കുക
പിന്നെ
മൃതിയോളം നീളും കൃതജ്ഞത മാത്രം' (സുഗതകുമാരി, 2011:925)

39. 'അടി, കല്പന, താങ്ങി
യിറക്കൽ, വീണ്ടും വീണ്ടു
മടി! അമ്പരന്നൊന്നു
നിന്നുപോകുന്നൂ, പേടി
ച്ചരളും കണ്ണാലാന
നോക്കുന്നൂചുറ്റും, തെന്നി
മറിയാതിതും വലിച്ചെങ്ങനെ
യിറങ്ങേണ്ടു?' (സുഗതകുമാരി, 2011:665)

40. 'തീയോ വന്നു പിടിച്ചു കാലിൽ?
ക്രൂരം മൃതിയോ? താഴെത്താഴേ
ക്കാഴുന്നോ ഞാൻ? അലറിക്കൊണ്ടു
കുടഞ്ഞേൻ കാടു നടങ്ങുംവണ്ണം' (സുഗതകുമാരി, 2011:756)

41. 'ഇവളെപ്പോറ്റീ ദണ്ഡ-
പാണികൾ ഭൂപാലന്മാ-
രിവളെ പുണ്യാശ്രമ-
വേദികൾ കുടിവെച്ചൂ
ഇവൾതൻ പിൻപേ വില്ലു-
മേന്തിപ്പോയ് പുത്രാർത്ഥികൾ
ഇവൾ സിംഹമായ് തിരി
ഞ്ഞലറീ, നടുങ്ങാതെ-
യിവൾക്കായുടൽ നേദി-
ച്ചീടിന മഹത്തുക്കൾ-
ക്കിവൾ നന്ദിനിയായി,
പ്പൂകളായി, കുലശ്രീയായ്' (സുഗതകുമാരി, 2011:349)

42. '...... സ്വപ്നം കാണാ-
ണെനിക്കുമിടമുണ്ട്, പച്ചപ്പുൽ നിറഞ്ഞതായ്
ഓളമാർന്നൊരു കുളം തുളുമ്പുന്നതായ്, നീല
നീലമാം വാനം മേലെ, യൊരു മൈതാനം താഴെ
കുളിർ പച്ചിലക്കുട ചൂഴ്ന്നൊരു മരത്തിന്റെ
തണലുണ്ടതിൻ കീഴേചാഞ്ഞയവിറക്കി, ക്കൊ
ണ്ടടഞ്ഞ കണ്ണോടെ ഞാൻ കിടപ്പൂ' (സുഗതകുമാരി, 2012:59)

43. 'ഞാൻ ആദ്യം തീ കണ്ടുപിടിച്ചു
അതു കാട്ടുതീയായി വനം മുഴുവൻ കത്തിനശിച്ചു
പിന്നെ ഞാൻ ചക്രം കണ്ടുപിടിച്ചു
അതു പീരങ്കികളായി ഭൂമി മുഴുവൻ മരണം വിതച്ചു' (സച്ചിദാനന്ദൻ, 2016:433)

44. 'മൂന്നു കാലത്തിന്റെയും ഉടമ
ഒരൊറ്റ ഓരികൊണ്ട്
ഞാൻ പർവ്വതങ്ങളെ പിളരുന്നു
ഒരൊറ്റ കാൽവെപ്പാൽ ഭൂമി കുലുക്കുന്നു
ഒരൊറ്റ നോട്ടത്താൽ വസന്തങ്ങളെ ചുട്ടെരിക്കുന്നു
ഒഴുകുന്നവയെ ഞാൻ പാട്ടുനിർത്തുന്നു
ഋതുക്കൾ എന്റെ നഖങ്ങൾക്കു കീഴിലാണ്
ഭൂഖണ്ഡങ്ങൾ എന്റെ വാലിൽ തൂങ്ങിയാടുന്നു' (സച്ചിദാനന്ദൻ, 2016:435)

45. 'ഞാനോ നിലാപ്പശുമേയും തടങ്ങളിൽ
കൂരിരുൾ ചൂളുമടിക്കാട്ടിൽ, തീവെയിൽ
താണിറങ്ങുന്ന കരിമ്പാറകൾക്കുമേൽ
ശാന്തഗംഭീരം നടന്നവനല്ലയോ' (റഫീക്ക് അഹമ്മദ്, 2016:35)

# 4. പ്രപഞ്ചദർശനം

പഞ്ചഭൂതങ്ങൾ, സമയകാലങ്ങൾ, ദ്വന്ദ്വചിത്രീകരണം, പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ എന്നിങ്ങനെ നാലുഭാഗങ്ങളായാണ് ഈ അദ്ധ്യായത്തെ പഠിക്കുന്നത്. സസ്യപ്രകൃതിയും, ജന്തുപ്രകൃതിയും നിലനിൽക്കുന്ന ഇടത്തിലെ പ്രകൃതിഘടകങ്ങളെയും രീതികളെയുമാണ് പ്രപഞ്ചദർശനം എന്നതുകൊണ്ട് ഈ അദ്ധ്യായത്തിൽ അർത്ഥമാക്കുന്നത്. പഞ്ചഭൂതങ്ങളിൽ ഭൂമി, വെള്ളം, അഗ്നി, വായു ആകാശം എന്നിവയെ പ്രത്യേകം പഠനവിധേയമാക്കുന്നു. അവയിൽ ഭൂമിയെ മണ്ണ്, പർവ്വതം/കുന്ന് എന്നും വെള്ളത്തെ ചെറിയജലാശയം, പുഴ, കടൽ എന്നും ആകാശത്തെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം, എന്നും വിഭജിച്ചിരിക്കുന്നു. ഓരോ ഋതുവിനെയും പ്രത്യേകം പരാമർശിക്കുകയും സമയത്തെ ഉഷസന്ധ്യ, സായംസന്ധ്യ എന്നിങ്ങനെ വിഭജിച്ചു പഠിക്കുകയും ചെയ്യുന്നു. ദ്വന്ദ്വചിത്രീകരണമെന്ന മൂന്നാം ഖണ്ഡത്തെ കാട്/നാട്, നാട്/നഗരം, കൃഷി/വ്യവസായം എന്നിങ്ങനെ മൂന്നുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ എന്ന ഭാഗത്ത് പ്രകൃതിയെ ഒരു സമഗ്രതയായി അവതരിപ്പിച്ച കവിതകളെ വിശകലനം ചെയ്യുന്നു. ഇത്തരത്തിൽ വിവിധപ്രകൃതിഘടകങ്ങളെയും അവസ്ഥകളെയും മലയാളകവിത ആവിഷ്ക്കരിച്ചതെങ്ങനെയെന്ന് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു.

ഇത്തരത്തിൽ സസ്യജന്തുജാലങ്ങൾക്ക് ജീവിക്കാനാവശ്യമായ എല്ലാ ഘടകങ്ങളെയും പ്രപഞ്ചദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മേൽപറഞ്ഞ ഓരോ ഘടകവും മനുഷ്യർ മുതൽ ഇതരജീവികളുടെയെല്ലാം നിലനില്പിനെ സഹായിക്കുന്നതാണ്. അതുകൊണ്ടു തന്നെ അവയുടെ നാശം എല്ലാജീവികളുടെയും അതിജീവനത്തെ ബാധിക്കാൻ കാരണമാകും. അങ്ങനെയൊരു ബോധ്യമുള്ള സമൂഹജീവിയായ മനുഷ്യൻ തന്നെയാണ് പലവിധത്തിലും അവയെ നശിപ്പിക്കുന്നതും ഇത്തരമൊരവസ്ഥയിൽ ഈ

പ്രകൃതിഘടകങ്ങൾ മലയാളകവിതയിൽ ആവിഷ്ക്കരിക്കപ്പെട്ടതെങ്ങനയെന്ന് ഓരോ കാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവികളുടെ തെരഞ്ഞെടുത്ത കവിതകളിലൂടെ അന്വേഷിക്കുന്നു.

## 4.1. പഞ്ചഭൂതങ്ങൾ

ഭൂമി, ജലം, വായു, അഗ്നി, ആകാശം എന്നിവയാണ് പഞ്ചഭൂതങ്ങൾ എന്നറിയപ്പെടുന്നത്. ഇവയുടെ സന്തുലനാവസ്ഥയിലാണ് പ്രകൃതിയുടെ നിലനിൽപ്. ഇതിലേതെങ്കിലും ഒന്നിന് കോട്ടം സംഭവിക്കുകയാണെങ്കിൽ പ്രകൃതിയുടെ സന്തുലനാവസ്ഥ തകർക്കപ്പെടും. പഞ്ചഭൂതങ്ങൾ എങ്ങനെ നാടോടിവാങ്മയങ്ങളിലും മലയാളകവിതയിലും പരാമർശിക്കപ്പെടുന്നു എന്നതാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

### 4.1.1. ഭൂമി

സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളിൽ ഒന്നായ ഭൂമി മനുഷ്യരടക്കമുള്ള ജീവികളുടെ ആവാസസ്ഥാനമാണ്. ഭൂമിയെ പൊതുവായും ഭൂമിയിലെ മണ്ണ്, പർവ്വതം എന്നിവയെ ഘടകങ്ങളായും നാടോടി വാങ്മയങ്ങളും മലയാളകവിതയും അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

#### 4.1.1.1. ഭൂമിയെ സമഗ്രമായി അവതരിപ്പിക്കുന്നവ

#### 4.1.1.1.1. വർണ്ണനകൾ

**4.1.1.1.1.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം എന്നീ ഘട്ടങ്ങളിൽ ഭൂമിയെ സമഗ്രമായി അവതരിപ്പിക്കുന്ന വർണ്ണനകൾ താരതമ്യേന ഇല്ലെന്നു പറയാം.

#### 4.1.1.1.1.2. ആധുനികതാഘട്ടം

ഒ.എൻ.വി.യുടെ 'ഭൂമി' എന്ന കവിത ഭൂമിയുടെ താരുണ്യത്തിന്റെ വർണ്ണനയാകുന്നു.

> "കാണെക്കാണെ വയസ്സാവുന്നൂ
> മക്കൾക്കെല്ലാ; മെന്നാലമ്മേ!
> വീണക്കമ്പികൾ മീട്ടുകയല്ലീ
> നവതാരുണ്യം നിൻതിരുവുടലിൽ?" (2013:107)

എന്നിങ്ങനെ മക്കൾക്കെല്ലാം വയസ്സായാലും ഭൂമിയുടെ താരുണ്യം നഷ്ടപ്പെടുന്നില്ലെന്ന്

കവിത വ്യക്തമാക്കുന്നു. ഈ മണ്ണിൽ കളിച്ചുവളർന്നവർ ജീവിതമാകുന്ന ചുമടേറ്റി നടക്കാനാകാതെ തളരുന്നതായും ഓണക്കാലമായാൽ ഭൂമി പുതുയൗവ്വനത്തോടെ നിൽക്കുന്നതായും കവിത വ്യക്തമാക്കുന്നു. പുതുനാമ്പുകളുണരുന്നതിനൊപ്പം ജീർണ്ണതയും പടരുന്നതായി കവിത വ്യക്തമാക്കുന്നു.

അയ്യപ്പപ്പണിക്കരുടെ 'ഭൂമി' എന്ന കവിതയിൽ ഭൂമിയുടെ ഭംഗിയെ വർണ്ണിക്കുന്നു. മന്ദാരവും ചെമ്പരത്തിയും ആകാശവും ഇളംകാറ്റും ചേർന്ന് ഭൂമിയെ മനോഹരമാക്കുന്നു. പുലർക്കാലമനോഹാരിതയും ഗംഗാതടത്തിലെ കാഴ്ചകളും വർണ്ണിക്കപ്പെടുന്നുണ്ട്. ഇത്തരത്തിൽ മനോഹരമാണ് ഭൂമി.

സച്ചിദാനന്ദന്റെ 'ചീവീടുകളുടെ ഉദ്യാനം' പ്രകൃതിയുടെ ആരും കേൾക്കാത്ത ശബ്ദങ്ങളുടെ കാഴ്ചയാണ്.

> "കാട്ടിൽ പൂക്കൾ വിരിയുന്ന ശബ്ദം
> കാറ്റിൽ പൂമ്പൊടി പറക്കുന്ന ശബ്ദം
> കിഴക്ക് സൂര്യൻ ഉദിക്കുന്ന ശബ്ദം
> അച്ചുതണ്ടിൽ ഭൂമി തിരിയുന്ന ശബ്ദം" (2016:1252)

എന്നിങ്ങനെ മനുഷ്യന് കേൾക്കാനാവാത്ത നിരവധി ശബ്ദങ്ങളുടെ ഇടമാണ് ഭൂമി. ചന്ദ്രൻ ഭൂമിയെ ചുറ്റുന്നതിന്റെ വാൽനക്ഷത്രങ്ങൾ പറക്കുന്നതിന്റെ മഴ മണ്ണിലാണ്ടുപോകുന്നതിന്റെ വെയിൽ ചായുന്നതിന്റെ ഇരുളിൽ വെളിച്ചം ചിലയ്ക്കുന്നതിന്റെ ചെടികളിൽ രസം നീന്തുന്നതിന്റെയൊന്നും ശബ്ദം കേൾക്കാനാവില്ല. ഇതുപോലുള്ള അനേകം ശബ്ദങ്ങളുണ്ടെന്നും ഇത്തരത്തിൽ ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും ശബ്ദങ്ങളുടെ പ്രപഞ്ചമായി ഭൂമി മാറുന്നു എന്നും കവിത വ്യക്തമാക്കുന്നു.

> "ചീവീട് നിശ്ശബ്ദതകളുടെ ശബ്ദമാണ്
> അത് എന്നെ എന്റെ ദൗത്യം ഓർമ്മിപ്പിക്കുന്നു.
> ശൂന്യതയ്ക്ക് ഉണ്മ നൽകുന്നു
> ഭൂമിയെ ഭൂമിയാക്കുന്നു
> വീടിനെ വീടും" (2016:1252)

എന്നിങ്ങനെ നിശബ്ദതകളുടെ ശബ്ദമായ ചീവീടിന്റെ ശബ്ദം ഭൂമിയുടെ ശബ്ദമായി മാറുന്നു. മനുഷ്യർ കേൾക്കുകയോ ശ്രദ്ധിക്കുകയോ പരിഗണിക്കുകയോ ചെയ്തിട്ടില്ലാത്ത

പ്രകൃതിശബ്ദങ്ങൾക്ക് കവിത പ്രാധാന്യം നൽകുന്നതിനാൽ ഗഹനപരിസ്ഥിതിവാദ ചിന്തയുടെ സ്വാധീനം കവിതയിൽ ഉണ്ടെന്ന് വ്യക്തമാകുന്നു.

സച്ചിദാനന്ദന്റെ 'ഭൂമിയുടെ ചടങ്ങുകൾ' എന്ന കവിതയും ഭൂമിയിലെ ശബ്ദങ്ങളെ പ്രതിനിധീകരിക്കുന്നു.

"തത്തകൾ ഭൂമിയിലെങ്ങും ഒരേ ഭാഷ സംസാരിക്കുന്നു
ഇന്ത്യയിലെ കാക്കയുടെ കരച്ചിലിന്റെ സൂചന
ചൈനയിലെ കാക്കപോലും പെട്ടെന്നു തിരിച്ചറിയുന്നു
ഗംഗയും വോൾഗയും ഒരേ വാദ്യങ്ങൾ വായിക്കുന്നു" (2016:320)

എന്നിങ്ങനെ പ്രകൃതിയിലെ ഓരോ വർഗ്ഗത്തിനും എല്ലാദേശത്തും ഒരേ ശബ്ദമാണെന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യരും പിറന്നുവീഴുമ്പോൾ നിലവിളിക്കുന്നത് ഒരേ ഭാഷയിലാണെങ്കിലും പിന്നെപ്പിന്നെ പഴുതാര പച്ചക്കുതിരയെ മനസ്സിലാക്കുന്നത്ര പോലും അവർക്ക് പരസ്പരം മനസ്സിലാക്കാനാവുന്നില്ല.

"ഇരുമ്പിൻ കറയും ഈർച്ചപ്പൊടിയും
യന്ത്രക്കൊഴുപ്പു തുടച്ചെറിഞ്ഞ നൂലിൻകെട്ടുകളും
കീടനാശിനികളും വെടിമരുന്നും
ഭാഷയിൽ കയറിക്കൂടുന്നു" (2016:320)

ഇങ്ങനെ മനുഷ്യർ പരസ്പരം മനസ്സിലാക്കാനാവാത്ത അവസ്ഥയിലേക്ക് എത്തിപ്പെടുന്നതായും കവിത വ്യക്തമാക്കുന്നു. മനുഷ്യരുടെ പരസ്പരമുള്ള അകൽച്ചയോടൊപ്പം മനുഷ്യർ പ്രകൃതിയിൽ നിന്നകലുന്നതിനെയും കവിത സൂചിപ്പിക്കുന്നു.

ഭൂമിക്കടിയിലെ കാര്യങ്ങളെക്കുറിച്ച് ഭാവനാരൂപത്തിലുള്ള അവതരണമാണ് സച്ചിദാനന്ദന്റെ 'ഭൂമിക്കടിയിൽ' എന്ന കവിത. ഭൂമിക്കടിയിൽ മണികളുണ്ടെന്ന് നീ വിശ്വസിച്ചില്ലെങ്കിലും ഇപ്പോൾ നീ അവ കേൾക്കുന്നു എന്നാണ് കവി പറയുന്നത്.

"വൃക്ഷങ്ങളുടെ ഭൂമിക്കടിയിൽ
കാടുകളുണ്ട്, നദികൾ, ഒരു സമുദ്രം, മുഴുവൻ" (2016:742)

എന്നിങ്ങനെ മൃഗങ്ങൾ, പർവ്വതങ്ങൾ, പുലിമടകൾ, തീമടകൾ, ഭൂകമ്പമടകൾ, മഞ്ഞ്, കാറ്റ് എന്നിങ്ങനെ ഭൂമിയുടെ ഉപരിതലത്തിലുള്ളതെല്ലാം ഭൂമിക്കടിയിലുമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. ഭൂമിയിൽ അനുഭവിച്ച അതേ പാരിസ്ഥിതികാവസ്ഥ തന്നെ ഭൂമിക്കടിയിലും (മരണശേഷവും) അനുഭവിക്കണമെന്ന് ആഗ്രഹിക്കുന്ന കവിയെയാണ് ഈ

കവിതയിൽ കാണുന്നത്.

'പഞ്ചഭൂതങ്ങൾ എന്നെ പഠിപ്പിച്ചത്'എന്ന കവിതയിലും ഭൂമി പരാമർശിക്കപ്പെടുന്നു.

> "ഭൂമി എന്നെ പഠിപ്പിച്ചു
> എല്ലാം സ്വീകരിക്കാൻ,
> എല്ലാറ്റിനെയും അതിജീവിക്കാൻ
> സ്ഥിരത മരണമെന്നറിഞ്ഞ്
> ഋതുവിൽനിന്നു ഋതുവിലേക്ക് പരിണമിക്കാൻ
> അകത്തും പുറത്തും ചലിച്ചുകൊണ്ടിരിക്കാൻ" (2016:614)

എന്നിങ്ങനെ ഭൂമി പഠിപ്പിച്ചതെന്തെല്ലാമെന്ന് കവിത വ്യക്തമാക്കുന്നു. ഓരോ ജീവിക്കും പ്രകൃതിയിലെ കാലഭേദങ്ങളെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഭൂമിതന്നെ പഠിപ്പിച്ചിട്ടുണ്ടെന്നാണ് കവിത സൂചിപ്പിക്കുന്നത്. ഇവിടെ മനുഷ്യന്റെ അതിജീവനത്തെ യാണ് വിഷയമാക്കുന്നത്.

ഒ.എൻ.വി.യുടെയും അയ്യപ്പപ്പണിക്കരുടെയും സച്ചിദാനന്ദന്റെയും കവിതകളിൽ മാത്രമാണ് പൊതുവെ ഭൂമി വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

### 4.1.1.1.1.3. ആധുനികതാനന്തരഘട്ടം

'ഭൂമിയുമായി അനുരാഗത്തിലായ ഒരാൾ' എന്ന വിജയലക്ഷ്മിയുടെ കവിതയിൽ ഭൂമിയുമായി അനുരാഗത്തിലായ ആളെയാണ് അവതരിപ്പിക്കുന്നത്. അയാൾ സ്വയം പുഴുവോ പുൽച്ചാടിയോ പാമ്പോ പറവയോ ആയി മാറുന്ന അവസ്ഥയാണ് കവിത ചിത്രീകരിച്ചിരിക്കുന്നത്.

> "അയാളുടെ കൈയിൽ
> ഒരു മാന്ത്രികദണ്ഡ് ഉണ്ടായിരുന്നു.
> ഓരോ തുണ്ടുഭൂമിയും അയാളെ അനുസരിച്ചു" (2013: 318)

എന്നിങ്ങനെ അയാൾ ഭൂമിയെ നിയന്ത്രണത്തിൽ നിർത്തിയെങ്കിലും തന്നെത്തന്നെ ഊരിവച്ച് ചതുപ്പിലേക്ക് തിരിച്ചു പോകേണ്ടി വരുന്നു അയാൾക്ക്. ജലമോ പച്ചപ്പോ, ഒതളമരങ്ങളിലെ മരണമോ പൊടിമീനിന്റെ കറുപ്പോ പൈക്കുട്ടിയോ ആമ്പൽപ്പൂവോ ആയി അയാൾ ഭൂമിയിലേക്ക് തന്നെ തിരിച്ചുപോകുന്നു. മനുഷ്യർ എന്ന പരിധിയിൽ നിന്ന് മോചിപ്പിക്കപ്പെട്ട് പ്രപഞ്ചത്തിലേക്ക് സ്വയം വ്യാപിക്കാനുള്ള അഭിവാഞ്ജയും അയാളിലുണ്ട്.

ഭൂമിയുടെ കുഞ്ഞുങ്ങളായി കൂണുകളെ സങ്കല്പിക്കുന്നു വീരാൻകുട്ടിയുടെ 'കൂണുകൾ' എന്ന കവിതയിൽ. മേഘങ്ങളുടെ പരസ്പരമുള്ള ചുംബനത്തിന്റെ ഫലമായി ജനിച്ച ഭൂമിയുടെ കുഞ്ഞുങ്ങളാണിവിടെ കൂണുകൾ.

ഓരോ നിമിഷത്തിലും വ്യക്തികളും, ഭൂമിയും മാറുന്നു എന്ന് സെബാസ്റ്റ്യന്റെ 'സമയമാം രഥത്തിൽ' എന്ന കവിതയിൽ വ്യക്തമാക്കുന്നു. ഈ നിമിഷത്തിലെ ഭൂമിയല്ല അടുത്ത നിമിഷത്തിലുള്ളത് (2013:29). 'നിശബ്ദതയിലെ പ്രകാശങ്ങൾ' എന്ന കവിതയിൽ ഭൂമിയിൽ വിരിഞ്ഞ പൂവിതളായി പുരികങ്ങളെ പരാമർശിക്കുന്നു (2014:65).

ഈ ഘട്ടത്തിലെ കവികളിൽ വിജയലക്ഷ്മി, വീരാൻകുട്ടി, സെബാസ്റ്റ്യൻ എന്നിവരാണ് ഭൂമിയെ പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചത്.

### 4.1.1.1.2. സദൃശകല്പനകൾ

ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ഭൂമിയെക്കുറിച്ചുള്ള രൂപപരമോ ഭാവപരമോ ആയ സദൃശകല്പനകൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

### 4.1.1.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.1.1.1.3.1.** പ്രാചീനമധ്യകാലഘട്ടത്തിലും കവിത്രയകാലത്തിലും കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലും പ്രകൃതിനശീകരണസൂചനകളായി ഭൂമി താരതമ്യേന പരാമർശിക്കപ്പെട്ടുകാണുന്നില്ല.

### 4.1.1.1.3.2. ആധുനികതാഘട്ടം

'ഭൂമിക്ക് ഒരു ചരമഗീതം' എന്ന ഒ.എൻ.വി. കവിത ഭൂമിയുടെ സമകാലികാവസ്ഥയെക്കുറിച്ചുള്ള ഉത്കണ്ഠ വ്യക്തമാക്കുന്നു. ഇതുവരെ മരിച്ചിട്ടില്ലെങ്കിലും വളരെ പെട്ടെന്ന് സംഭവിക്കാനിരിക്കുന്ന ഭൂമിയുടെ മരണത്തിനായി ചരമഗീതം കുറിക്കുകയാണ് കവി. ഭൂമിയുടെ മരണമെന്നത് തന്റെയും മനുഷ്യവർഗ്ഗത്തിന്റെയും മരണമാണെന്ന് കവി തിരിച്ചറിയുന്നുണ്ട്. നിന്റെ മരണശേഷം ചരമഗീതം കുറിക്കാൻ ഇവിടെ ആരും അവശേഷിക്കില്ല. അതിനാൽ ആസന്നമായ മരണത്തിനായി ഗീതമാലപിക്കാൻ കവി ശ്രമിക്കുന്നു. ചരാചരങ്ങളുടെയെല്ലാം അമ്മയായ ഭൂമിയുടെ മൃതാവസ്ഥയ്ക്ക് മനുഷ്യനാണ് കാരണമെന്ന് കവിത വ്യക്തമാക്കുന്നുണ്ട്. ഭൂമിയുടെ വിഭവങ്ങളാകുന്ന മുലപ്പാൽ കുടിച്ച് വളർന്ന മക്കൾ പരസ്പരം ശത്രുക്കളാവുകയും അമ്മയായ ഭൂമിയെ നശിപ്പിക്കുകയും ചെയ്യുന്നു. ഭൂമിയെ അമ്മയായും വധുവായുമാണ് കവിത അടയാളപ്പെടുത്തുന്നത്. സൂര്യന്റെ ഇഷ്ടവധുവാണ് കവിതയിൽ ഭൂമി. സ്ത്രീയെ പീഡിതയാക്കു

ന്നതിനുതുല്യം ഭൂമിയെ പീഡിതയാക്കുന്ന മനുഷ്യവർഗ്ഗത്തെ കവിത പ്രതിനിധാനം ചെയ്യുന്നു. അമ്മയെ പരിണയിച്ച ഈഡിപ്പസിന്റെ കഥ വളരെ പഴകിയതാണെന്നും അതിനേക്കാൾ ഉയർന്ന തലത്തിൽ ഭൂമിയെ വിപണികളിൽ കച്ചവടമാക്കുന്ന തലമുറയാണ് ഇന്നുള്ളതെന്നും കവിത സൂചിപ്പിക്കുന്നു. സ്ത്രീയെയും പ്രകൃതിയെയും വില്പനച്ചരക്കാക്കുന്ന മാനുഷികനിലപാടിനെക്കൂടി കവിത പ്രശ്നവത്ക്കരിക്കുന്നു. വേനലിൽ ചൂട് വർദ്ധിക്കുകയും ആതിരകളിൽ തണുപ്പില്ലാതിരിക്കുകയും പുഴകൾ ഒഴുകാതിരിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യപ്രവർത്തികളോട് ഭൂമി പ്രതികരണ മറിയിക്കുന്നു. മനുഷ്യന്റെയും ഇതരജീവികളുടെയും എല്ലാവിധ ആവശ്യങ്ങളും നിറവേറ്റുകയും ജനനം മുതൽ മരണംവരെ അവന്റെ അനുഭവങ്ങളായി കൂടെ നിന്നതുമായ അമ്മയാണ് ഭൂമി. തൊട്ടിലായും താരാട്ടായും ഊഞ്ഞാലായുമെല്ലാം ഭൂമി മനുഷ്യനെ പോറ്റി.

> "ആയിരം പുഴകളുടെയോളങ്ങളായെന്റെ
> ആത്മഹർഷങ്ങൾക്കുതാളം പിടിപ്പതും
> പൂവാകയായ് പൂത്തിലഞ്ഞിയായ് കൊന്നയായ്
> പുത്തനാം വർണ്ണക്കുടകൾ മാറുന്നതും" (2013:379)

എങ്ങനെയെല്ലാം മക്കളെ പരിചരിച്ചെങ്കിലും അവരുടെ തന്നെ പ്രവൃത്തികൾ ഭൂമിയെ അനാഥയായി അലയാൻ ഇടയാക്കുന്നു. മാനഭംഗവും സന്താനങ്ങളുടെ പാപവിഴുപ്പു മാണ് ഭൂമിദേവിക്ക് കിട്ടിയത്. മക്കളാൽ ഉപദ്രവിക്കപ്പെടുന്ന അമ്മയുടെ പ്രതിനിധികൂടിയായി കൃതിയിലെ ഭൂമി മാറുന്നു.

ഭൂമിയുടെ മരണത്തിന് ചരമഗീതം കുറിക്കുന്ന കവി മനുഷ്യവർഗ്ഗത്തിനുള്ള ചരമഗീതം കൂടിയാണ് കുറിക്കുന്നത്. പുതിയ വികസനനയങ്ങളും കച്ചവട താല്പര്യ ങ്ങളും ഭൂമിയെ മരണാസന്നയാക്കുന്നതായി കവിത വ്യക്തമാക്കുന്നു. പ്രകൃതിയെ സ്ത്രീയുടെ പ്രതിരൂപമായി കവിത അവതരിപ്പിക്കുന്നു. സ്ത്രീയുടെയും പ്രകൃതിയുടെയും ദുരിതങ്ങളെ സമന്വയിപ്പിക്കുന്നതിനാൽ പാരിസ്ഥിതികസ്ത്രീവാദ ചിന്തയുമായി കവിതയ്ക്ക് സാദൃശ്യം കൽപിക്കാം കൂടാതെ ഭൂമിയുടെ മരണം മനുഷ്യന്റെ മരണ മാണെന്ന ആശങ്ക അവതരിപ്പിക്കുന്നതിലൂടെ കവിത മനുഷ്യകേന്ദ്രിതത്വത്തിലാണ് ഊന്നുന്നതെന്നും പറയാം.

ഭൂമിക്ക് വിലയിടുന്ന കാലത്തെ പ്രതിനിധാനം ചെയ്യുന്നു അയ്യപ്പപ്പണിക്കരുടെ 'ഈ ഭൂമിക്ക് വിലയെന്ത്?' എന്ന കവിത. ഭൂമിക്കും സൂര്യനും ചന്ദ്രനും വിലയിടുന്ന

പരിഷ്കൃതസമൂഹത്തിന്റെ കാലമാണിത്. ഇവിടെ ഭൂമിയെ സ്ത്രീപ്രതിനിധിയായാണ് കല്പിക്കുന്നത്. സൂര്യനും ചന്ദ്രനും പ്രകൃതിപ്പച്ചത്തഴപ്പിനും പുഴകൾക്കും ആകാശത്തിനും നക്ഷത്രത്തിനും മണ്ണിന്റെ നനവിനും പ്രത്യേകം വിലയിടുകയും പിന്നീട് ഇതിനെയെല്ലാം ചേർത്ത് ഭൂമിക്ക് മൊത്ത വിലയിടുകയും ചെയ്യുന്ന സമൂഹബോധത്തെയാണ് കവിത ആക്ഷേപിക്കുന്നത്.

"വരൾച്ച ചുറ്റും വാണാലും മുല
ചുരത്തിയെത്തും പ്രകൃതിപ്പച്ച
ത്തഴപ്പിന് വിലയെന്ത്?
പുഴകൾ വറ്റിവരണ്ടാലും നീർ
നനവുകൾ കാത്തുകിടക്കും മണ്ണിൻ
നിനവിനു വിലയെന്ത്?" (1996:149)

എന്നിങ്ങനെ പ്രകൃതിയുടെ ഓരോ ഘടകത്തെയും പണത്തിന്റെ മൂല്യംവെച്ചളക്കുന്ന മനുഷ്യമനോഭാവത്തെയാണ് കവിത ഉൾക്കൊള്ളുന്നത്. അതോടൊപ്പം പ്രകൃതിയെ ചൂഷണം ചെയ്യുന്ന പുതിയ സാമൂഹികബോധവും കവിതയുടെ അന്തർധാരയായി പ്രവർത്തിക്കുന്നുണ്ട്.

അയ്യപ്പപ്പണിക്കരുടെ 'ഗായത്രം' എന്ന കവിത ഭൂമിയുടെ ശാസ്ത്രീയതയുടെ രേഖപ്പെടുത്തൽ കൂടിയാകുന്നു. ഭൂമിയും സൂര്യനും കടലും ഈ കവിതയുടെ ഭാഗമാണ്.

"നിന്റെ തീരാവ്യഥയിലെനിക്കൊരു പങ്കുതരു
നിന്റെ തോരാക്കണ്ണീരെനിക്ക് പകുത്തുതരു" (1996:33)

എന്ന് സൂര്യൻ ഭൂമിയോട് പറയുന്നു. ഭൂമിയെ ചുറ്റുകയും പൂമാതെന്നു വിളിക്കുകയും തഴുകുകയും രസിപ്പിക്കുകയും ചെയ്തുകൊണ്ട് സൂര്യൻ ഭൂമിയോട് വാത്സല്യം നിറഞ്ഞ പ്രണയം വെളിപ്പെടുത്തുന്നു. ഇത്തരത്തിൽ സൂര്യനും കടലും ഭൂമിയും തമ്മിലുള്ള ബന്ധമാണ് കവിതയിൽ വിഷയമാക്കുന്നത്. സൂര്യനെ പുരുഷനായും ഭൂമിയെ സ്ത്രീയായും സങ്കല്പിക്കുന്നു.

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഭൂമിയെത്തന്നെ നശിപ്പിക്കുന്നതിനെയാണ് കടമ്മനിട്ടയുടെ 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിത വിശദമാക്കുന്നത്. എല്ലാ സന്ദർഭങ്ങളിലും മനുഷ്യന് അഭയം നൽകിയവളാണ് ഭൂമി.

"അവളുണ്ട് നമ്മുടെ രക്ഷയായെപ്പോഴും

അവളാണ് നമ്മുടെയമ്മ" (2015:227)

എന്ന് കവിത ഓർമ്മിപ്പിക്കുന്നു. മനുഷ്യരുടെ രക്ഷയായി നിൽക്കുന്ന ഭൂമിയെ രക്ഷിക്കണമെന്ന് വ്യക്തമാക്കുന്നതിലൂടെ കവിത സാമൂഹികപരിസ്ഥിതിവാദചിന്തയാണ് അവതരിപ്പിക്കുന്നത്. കണ്ണീരും പൂവുമെല്ലാം മലിനമായിരിക്കുന്ന പുതിയ കാലത്തിൽ മരമായും മനുഷ്യനായും മഴയായും പൂവായും പുഴയായും സൂര്യനായുമെല്ലാം വന്ന് ഭൂമിയെ രക്ഷിക്കണമെന്ന് കുഞ്ഞിനോട് കവിത ബോധിപ്പിക്കുന്നു. ഭൂമിയെ കളിപ്പാട്ടമായി കരുതുന്ന വികസനവാദികളോട് ഭൂമി തിരിച്ചടിക്കും എന്നും കവിത ഓർമ്മിപ്പിക്കുന്നു. വികസനം എങ്ങനെയാണ് ഭൂമിയെ ഞെരിക്കുന്നതെന്നും അതിൽ നിന്നും എങ്ങനെ പുതിയതലമുറയെ രക്ഷിക്കാമെന്നുമുള്ള ഉപദേശമായും ഈ കവിത പ്രവർത്തിക്കുന്നു. മനുഷ്യന്റെ തലമുറയ്ക്കാണിവിടെ പ്രാധാന്യമെന്നതിനാൽ മനുഷ്യകേന്ദ്രിതത്വം തന്നെയാണ് കവിതയുടെ കേന്ദ്രം.

'പ്രളയമുഖം' എന്ന ഡി. വിനയചന്ദ്രന്റെ കവിത പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആശയധാരയിൽ പിറന്നതാണ്.

"ശനിയിൽ നിന്നു നോക്കുന്നവർക്ക്
ഉയർന്നുപൊങ്ങുന്ന ഒരു സ്ത്രീയെ
സൂര്യൻ താങ്ങിപ്പിടിക്കുന്നതു കാണാനാകും" (2009:108)

ഇവിടെ ഭൂമിയുടെ അവസാനം കുറിക്കുന്ന പ്രളയമാണ് സൂചിതമായിരിക്കുന്നത്. ഭൂമിയിൽ പ്രളയം വരുമ്പോൾ മനുഷ്യർ അന്യഗ്രഹങ്ങളിൽ കുടിപാർക്കുകയും ഭൂമിയുടെ ദയനീയത നേരമ്പോക്കിനായി പകർത്തുകയും ചെയ്യും എന്നാണ് കവിത പറയുന്നത്. ഭൂമിയുടെ അവസ്ഥ കണ്ട്

"ഈവിധി ഞങ്ങൾക്കും വരുമല്ലോ എന്ന്
ഗ്രഹങ്ങൾ കരയാൻ തുടങ്ങും" (2016:108)

മനുഷ്യർ ഓരോ ഗ്രഹങ്ങളിൽ കുടിയേറിപ്പാർത്ത് അവിടമെല്ലാം നശിപ്പിക്കുന്ന രീതിയെ വിമർശിക്കുന്നു. ബഹിരാകാശയാത്രകളും ഭൂമിക്കുമേലുള്ള കുടിയേറ്റങ്ങളും കവിതയ്ക്ക് വിഷയമാകുന്നു.

"എനിക്ക് തോന്നുന്നു മനുഷ്യൻ
ഭൂമിയിൽ കുടിയേറിപ്പാർത്തതാണെന്ന്" (1992:199)

എന്നിങ്ങനെയാണ് 'കുടിയേറ്റം' എന്ന കവിത ആരംഭിക്കുന്നത്. മനുഷ്യൻ ഭൂമിയോട്

അടുത്തുനിൽക്കുന്ന ഒരു ജീവിവർഗ്ഗമല്ലെന്നും അവൻ എപ്പോഴും ഭൂമിയിൽ നിന്ന് അകന്നു നിൽക്കുകയും വിഭവങ്ങൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ ധൂർത്തടിക്കുകയും ചെയ്യുന്നു എന്നും കവിത വ്യക്തമാക്കുന്നു. മനുഷ്യർ ഭൂമിയിൽ നിന്ന് അകന്നു നിന്ന് കുടിയേറിപ്പാർപ്പുകാരന്റെ മനോഭാവത്തിലാണ് പ്രവർത്തിക്കുന്നത്. 'കുമുദപ്രിയ' എന്ന കവിതയിൽ

"ഇപ്പോൾ മഴ പെയ്തുതോർന്നു; പകലൊരു
ഭക്തമീരാകീർത്തനം മെല്ലെ മൂളുന്നു
ഭൂമിക്ക് ജീവനുണ്ടെന്നവളീനെയ്ത
ലാമ്പലിൻ ചിത്രഭേദങ്ങളാൽ" (1993:15)

എന്നിങ്ങനെ ഭൂമിയെ പരാമർശിക്കുന്നു.

'വഴിയമ്പലത്തിലെ വരികൾ' എന്ന കവിതയിൽ ഭൂമിയും താനും ഒന്നാണെന്ന റിയുന്നതിനായി എറുമ്പുകളുടെയും ശലഭങ്ങളുടെയുമൊപ്പം ശയിക്കുന്ന മനുഷ്യനെ ക്കാണാം.[1] പ്രകൃതിയിലെ ചെറുജീവികളോടൊപ്പം നിൽക്കുകയും അവയെ അറിയുകയും ചെയ്താൽ മാത്രമേ ഭൂമിയെ അറിയാൻ കഴിയൂ എന്ന് കവിത വ്യക്തമാക്കുന്നു. എല്ലാ ജീവിവർഗ്ഗങ്ങൾക്കും തുല്യപരിഗണന നൽകണമെന്ന ഗഹനപരിസ്ഥിതിവാദചിന്ത കവിതയിലുണ്ട്.

ജി. കുമാരപിള്ള, എൻ.എൻ. കക്കാട്, സുഗതകുമാരി, സച്ചിദാനന്ദൻ, ചുള്ളിക്കാട് എന്നിവരിൽ പൊതുവെ പ്രകൃതിനശീകരണസൂചനകളായി ഭൂമി അവതരിപ്പിക്ക പ്പെടുന്നില്ല.

#### 4.1.1.1.3.3. ആധുനികതാനന്തരഘട്ടം

റഫീക്ക് അഹമ്മദിന്റെ 'കടി' എന്ന കവിതയിൽ

"ചപ്പിയമുലപോലെ ഭൂമി, വേരുകളാഴ്ത്തി
ചോര നീരുകളൂറ്റും പുൽ, ചെടി മരക്കൂട്ടം" (2016;128)

എന്നിങ്ങനെ ഭൂമിയെ ചപ്പിയ മുലപോലെ എന്നാണ് പരാമർശിക്കുന്നത്. പുല്ലും ചെടിയും മരക്കൂട്ടവും മറ്റു ജീവിവർഗ്ഗങ്ങളും വിശപ്പും ദാഹവും മാറ്റാൻ ഭൂമിയുടെ വിഭവങ്ങൾ ഉപയോഗിക്കുന്നു. എന്നാൽ മനുഷ്യർ അമിതലാഭത്തിനുവേണ്ടി ഭൂമിയെ കറന്നെടുത്ത് ചപ്പിയമുലപോലെ ശുഷ്കിച്ച അവസ്ഥയിലേക്ക് മാറ്റുന്നു.

'ചെരുപ്പിനടിയിലെ മണ്ണ്' എന്ന കവിത ചെരിപ്പിനടിയിൽ പറ്റിയ മണ്ണിന്റെ ആത്മഗതമാണ്. ചെരുപ്പിനടിയിൽ പറ്റി പടി വരെ വന്ന തന്നെ തട്ടിക്കുടയരുതേ എന്നും കഥയിൽ കവിതയിൽ പാരിസ്ഥിതികവിചാരം പോലെ താൻ അവിടെയിരുന്നോട്ടെ എന്നും മണ്ണ് പറയുന്നു. മക്കൾ ഉപേക്ഷിച്ചാലും പിന്നെയും മക്കൾക്കായി നിലകൊള്ളുന്ന അമ്മമാർക്ക് തുല്യയാണ് ഭൂമി.[2] ഭൂമിപ്പെണ്ണ് എന്നാണ് പരാമർശം. അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തെയും മാതൃത്വത്തെയും പ്രകൃതിയെയും കവിത അടയാളപ്പെടുത്തുന്നു.

പി.പി. രാമചന്ദ്രന്റെ 'ഭാരം' എന്ന കവിതയിൽ മക്കളെ കാത്തിരിക്കുന്ന അമ്മ ഭൂമിതന്നെയാണ്. മക്കൾക്കായി വാതിൽ തുറക്കാനെത്തി കോണിപ്പടിയിൽ നിന്നു വീഴുന്ന അമ്മയാണിതിലെ കേന്ദ്ര കഥാപാത്രം. ഓടിയെത്തി അമ്മയെ കൈയ്യിൽ കോരിയെടുക്കുമ്പോൾ

"ഭൂമിതൻഭാരമറിഞ്ഞു; മക്കൾ
ഭൂമിക്ക് ഭാരമാണെന്നറിഞ്ഞു" (2015: 78)

എന്നിങ്ങനെ ഭൂമിയുടെ ഭാരമറിഞ്ഞ മക്കൾ അമ്മയ്ക്ക് മക്കളേൽപ്പിക്കുന്ന ഭാരത്തെയും തിരിച്ചറിയുന്നു. മനുഷ്യരെന്ന മക്കൾ ഭൂമിക്ക് ഭാരമായി മാറുന്നതിനെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

ഭൂമിയുടെ ചലനങ്ങളിലുള്ള താളം തെറ്റലിനെക്കുറിച്ചുള്ള വീരാൻകുട്ടിയുടെ കവിതയാണ് മേധാപട്കർക്ക് സമർപ്പിച്ചിരിക്കുന്ന 'തീരെ ചെറിയ ഇനം ചില ഒച്ചകൾ'. പ്രകൃതിയിലെ സൂക്ഷ്മചലനങ്ങളും ഒച്ചകളും കവി കേൾക്കുന്നു. പ്രകൃതിയിലെ മനോഹരമായ ശബ്ദങ്ങൾക്കൊപ്പം നാം കേൾക്കേണ്ടതായ മറ്റു ശബ്ദങ്ങളുമുണ്ടെന്ന് കവിത സൂചിപ്പിക്കുന്നു.

"നദി മായും മുമ്പ്
പൂമീനുകൾക്ക്
പ്രാർത്ഥിക്കാനുള്ളത്
മരം ചായും മുമ്പ് മഞ്ഞക്കിളിക്കു
പാടാനുള്ളത്
മണ്ണുകായും മുമ്പ്
മണ്ണട്ടകൾക്ക്
കയർക്കാനുള്ളത്" (2016: 95)

എന്നിങ്ങനെ ഭൂമിയുടെ എല്ലാവിധ ചലനങ്ങളും കേൾക്കേണ്ടതുണ്ടെന്നും അതിലൂടെ ഭൂമിയുടെ താളത്തകർച്ച പരിഹരിക്കാൻ നാം ശ്രമിക്കേണ്ടതുണ്ടെന്നും കവിത പ്രഖ്യാപിക്കുന്നു. മനുഷ്യർ പരിസ്ഥിതിസന്തുലനത്തിന് ശ്രമിക്കേണ്ടതുണ്ടെന്ന ചിന്ത സാമൂഹികപരിസ്ഥിതിവാദവുമായി ബന്ധപ്പെട്ടതാണ്. ശബ്ദങ്ങൾക്കിടയിലെ നിശബ്ദത അന്വേഷിക്കുന്ന ചെറിയ ഇനം ഒച്ചകൾക്ക് കാതോർക്കുന്ന കവിതകൾ വീരാൻകുട്ടിയുടെ കാവ്യലോകത്ത് ധാരാളമുണ്ട്. ഒ.എൻ.വി.യുടെ 'തീരെ ചെറിയ ശബ്ദങ്ങൾ' എന്ന കവിതയുമായി വീരാൻകുട്ടിയുടെ കവിതയ്ക്ക് സാദൃശ്യമുണ്ട്. പ്രകൃതിയിൽ ഉച്ചത്തിൽ കേൾക്കുന്ന ശബ്ദങ്ങളോട് ഇഷ്ടമുണ്ടെങ്കിലും തീരെച്ചെറിയ ശബ്ദങ്ങളോടാണ് തനിക്ക് പ്രിയമെന്ന് ഒ.എൻ.വി.ക്കവിത വ്യക്തമാക്കുന്നു.

"ഇലകളിൽ നിന്നു
ഹിമകണികകൾ
തെരുതെരെയിറ്റി-
റ്റുതിരും നിസ്വനം!" (ഒ.എൻ.വി. കുറുപ്പ്, 2013:491)

എന്നിങ്ങനെ പ്രകൃതിയിലെ കുഞ്ഞുശബ്ദങ്ങളെ ഒ.എൻ.വി.യുടെ കവിത ഇഷ്ടപ്പെടുന്നെങ്കിൽ വീരാൻകുട്ടിയുടെ കവിത ഇത്തരം ശബ്ദങ്ങൾക്ക് പ്രിയത്തോടെ കാതോർക്കുമ്പോഴും അവയുടെ നഷ്ടപ്പെടലിൽ ആശങ്കപ്പെടുകയും ചെയ്യുന്നു.

വീരാൻകുട്ടിയുടെ 'കേൾക്കാൻ വേണ്ടി അല്ലാത്തവ' എന്ന കവിതയിലും പ്രകൃതിശബ്ദങ്ങളുടെ ചെവിയോർക്കലാണുള്ളത്. ഭൂമിയുടെ ചെറുചലനങ്ങൾ വരെ ശ്രദ്ധിക്കുന്ന കവിയെയാണ് ഈ കവിതയിലും കാണുന്നത്. ഭൂമിയുടെ സ്വാഭാവിക ചലനങ്ങളിലുണ്ടായ വ്യതിയാനങ്ങളെക്കുറിച്ച് കവിതയ്ക്ക് ബോധ്യമുണ്ട്. മനുഷ്യരുടെ പ്രകൃതിയിലുള്ള അമിതഇടപെടൽ മൂലമുണ്ടായ ശബ്ദവ്യതിയാന ങ്ങളാണവ. സ്വാഭാവികമായ പ്രകൃതിശബ്ദങ്ങൾ ഇല്ലാതാവുകയും മഴയളക്കുന്നതിനും ഭൂകമ്പമളക്കുന്നതിനുമുള്ള യന്ത്രങ്ങളുടെ ശബ്ദങ്ങൾ കേൾക്കുകയും ചെയ്യുന്നു. അവയാകട്ടെ പ്രകൃതിയുടെ തിരിച്ചടികളെയാണ് അടയാളപ്പെടുത്തുന്നത്. പ്രകൃതിയെ കീഴടക്കിയെന്നഹങ്കരിക്കുന്ന മനുഷ്യർ ഇത്തരം അളവുകോൽ കൊണ്ട് വിജയം വരിച്ചതായി അഹങ്കരിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ നേരിയ ഭാവപ്പകർച്ചപോലും മനസ്സിലാക്കിയ ആദിമസമൂഹത്തിൽ നിന്ന് വ്യത്യസ്തമായി യന്ത്രമുപയോഗിച്ച് ഭൂമിയെ അറിയാൻ മനുഷ്യർ ശ്രമിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

"ഭൂമിക്കടിയിൽ
മണ്ണിനോട്
ചെവി
എത്ര ചേർത്തുവച്ചാണ്
കിടപ്പെങ്കിലും
നാമപ്പോൾ
അതെങ്ങനെ കേൾക്കും" (2016: 110)

എന്ന യാഥാർത്ഥ്യത്തിലേക്കാണ് കവിത വിരൽ ചൂണ്ടുന്നത്. പ്രകൃതിയുടെ സ്വാഭാവികചലനങ്ങളും ദൃശ്യങ്ങളും നശിപ്പിച്ചുകൊണ്ട് അതിന്റെ പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് ശാസ്ത്രീയമാർഗ്ഗങ്ങൾ കണ്ടെത്തുന്ന മനുഷ്യർ ആ ശബ്ദങ്ങളെല്ലാം കേൾക്കാനായി അതിജീവിക്കുമോ എന്ന സംശയമാണ് കവിത ഉന്നയിക്കുന്നത്.

ഭൂമിയുടെ സമകാലികവികാരമെന്തെന്ന് ചില അടയാളങ്ങളിലൂടെ വെളിപ്പെടുത്തുകയാണ് വീരാൻകുട്ടിയുടെ 'അടയാളങ്ങൾ' എന്ന കവിത. പൂവിടലിലൂടെ പ്രണയത്തെയും ഇലകൊഴിയുന്നതിലൂടെ ദുഃഖങ്ങളെയും കൊടുങ്കാറ്റിൽ നിന്ന് ഭൂമിയുടെ ഉന്മാദത്തെയും അറിയാൻ സാധിക്കുമെങ്കിലും ഭൂമിയുടെ ഉള്ളിലെ ക്ഷോഭത്തെയറിയാൻ

"അടുത്ത ഭൂമികുലുക്കം വരെ
കാത്തിരിക്കുന്നോ?" (2016: 181)

എന്നതാണ് 'അടയാളങ്ങൾ' എന്ന കവിത ഉന്നയിക്കുന്ന ചോദ്യം. ഭൂമികുലുക്കത്തിലൂടെ വെളിപ്പെടുത്തുന്ന ക്ഷോഭത്തിന്റെ കാരണങ്ങളിലാണ് കവിത ഊന്നുന്നത്. ഭൂമിയുടെ ക്ഷോഭത്തിന് കാരണം പ്രകൃതിയിൽ മനുഷ്യന്റെ വിവേകമില്ലാത്ത ഇടപെടലാണെന്ന യാഥാർത്ഥ്യത്തിലേക്കാണ് 'അടയാളങ്ങൾ' വിരൽചൂണ്ടുന്നത്.

'ഭൂമിയോടു ചോദിച്ചാൽ' എന്ന കവിത 'മണ്ണ്' അഥവാ 'ഭൂമിയിലുള്ള' മനുഷ്യന്റെ ഇടപെടൽ ഏതുവിധമായിരിക്കണമെന്ന ഭൂമിയുടെ കാഴ്ചപ്പാടാണ്. മണ്ണിനോട് മാനസികമായ അടുപ്പമുള്ളവരെയാണ് ഭൂമി ഓർമ്മിക്കുക.[3] മണ്ണിന്റെ മണമറിഞ്ഞ് ജീവിക്കുന്നവരെയാണ് മണ്ണിന് പ്രിയമെന്ന് കവിത വ്യക്തമാക്കുന്നു. കാർഷികജീവിതം കൂടിയാണിവിടെ പരാമർശിക്കുന്നത്. പ്രകൃതിയിൽ നിന്ന് അകന്നു കൊണ്ടിരിക്കുന്ന മനുഷ്യജീവിതരീതികളെക്കുറിച്ചും കവിതയിൽ സൂചനയുണ്ട്. കോട്ടും സൂട്ടുമായി കടന്നുപോയവരെയൊന്നും മണ്ണ് ഓർക്കുകയില്ല എന്നും മണ്ണിനെ പൊന്നായി കരുതുന്നവരെ മണ്ണ് മറക്കുകയില്ല എന്നും കവിത വ്യക്തമാക്കുന്നു.

ഭൂമിയെ വിരിപ്പായും ആകാശത്തെ പുതപ്പായുമാണ് ദൈവം നല്കിയതെങ്കിൽ ഭൂമിയെ വട്ടളമായും ആകാശത്തെ അടപ്പായും കേട്ട മനുഷ്യർ

"അതുപ്രകാരം
ഭൂമിയെ എടുത്ത്
അവൻ
അടുപ്പത്തു വച്ചു കഴിഞ്ഞു
തീയും പൂട്ടിക്കഴിഞ്ഞു" (2016: 276)

എന്നാണ് 'വട്ടളം' എന്ന കവിതയിൽ പറയുന്നത്. മനുഷ്യൻ അടുപ്പത്ത് വച്ച് തീ പൂട്ടിയതിന്റെ ഫലമായാണ് ഭൂമിയുടെ താപനില ഉയർന്നിരിക്കുന്നത്. ഭൂമിയുടെ അടിയിൽ തീപൂട്ടുന്നതിനു തുല്യമാണ് ഭൂമിക്കുമേലുള്ള അവന്റെ കൈകടത്തൽ എന്നാണ് കവിത ധ്വനിപ്പിക്കുന്നത്. അടിയിൽ തീ കത്തിക്കുമ്പോഴുണ്ടാകുന്നതുപോലെ കഠിനമായ താപമാണിന്ന് ഭൂമി അനുഭവിക്കുന്നത്. ഇത്തരത്തിൽ മനുഷ്യരുടെ ഉപയോഗത്തിനുള്ള ഒരു ഉപകരണം മാത്രമായി ഭൂമി മാറുന്ന അവസ്ഥയെ കവിത പ്രശ്നവത്ക്കരിക്കുന്നു.

വീരാൻകുട്ടിയുടെ 'ഇൻസ്റ്റലേഷൻ' എന്ന കവിതയിൽ

"ഭൂമിയെ അവിടെത്തന്നെ വച്ചേക്കണേ
തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ
തിന്നാനുള്ള മണ്ണാണതിൽ" (2015: 34)

എന്ന് വ്യക്തമാക്കുന്നുണ്ട്. ഭൂമിയെ അവിടെത്തന്നെ വച്ചേക്കണെ എന്ന ചിന്ത ഭൂമിയുടെ നിലനില്പ്പിന് പ്രാധാന്യം കൊടുക്കുന്നതല്ല. മനുഷ്യന്റെ നിലനിൽപ്പിനാണിവിടെ പ്രാധാന്യം മനുഷ്യനു തിന്നാനായാണ് ഭൂമിയെ അവശേഷിപ്പിക്കേണ്ടത്

'മൺവീറ്' എന്ന വീരാൻകുട്ടിയുടെ കവിത പുതിയ സാമൂഹികസാഹചര്യത്തെ ഉൾക്കൊള്ളുന്നു. സ്വന്തം ഭൂമിയിൽ നിന്ന് കുടിയിറക്കപ്പെടുന്നവരുടെ മാനസിക സംഘർഷമാണീ കവിത. ഭൂമിക്ക് ഉടമസ്ഥത നിശ്ചയിച്ചതാരാണ് എന്നത് മറ്റൊരു ചോദ്യമായി നിലനിൽക്കുന്നു. നില്ക്കുന്ന മണ്ണെല്ലാം ഒലിച്ചുപോകുന്ന സമകാലിക ഭരണനീതിയെ ചോദ്യം ചെയ്തുകൊണ്ട് വികസനത്തിന്റെയും കടക്കെണിയുടെയും പേരിൽ സ്വന്തം ഭൂമിയിൽനിന്നും കുടിയിറക്കപ്പെടുന്ന ജനതയെ കവിത പ്രതിനിധീകരിക്കുന്നു. ഭൂമി വിട്ടുകൊടുക്കില്ലെന്നു പറഞ്ഞ് ഭൂമിയുമായി ഓടുന്നവളെയും മനുഷ്യരിൽ നിന്ന് രക്ഷനേടുന്നതിനായി ഭൂമിയും ആകാശവും സൂര്യനും നക്ഷത്രവുമെല്ലാം

എങ്ങോട്ടോ ഓടുന്നതായും കവിത സൂചിപ്പിക്കുന്നു. പുതിയ കാലഘട്ടത്തിലെ ഭൂസമരങ്ങളും കുടിയിറക്കലുമെല്ലാം ഈ കവിതയിൽ ഉള്ളടങ്ങിയിരിക്കുന്നു. വെടിയുണ്ടകൾ പാറിവന്നിട്ടും വിട്ടുകൊടുക്കാതെ കാത്തുസൂക്ഷിച്ച മണ്ണിനെ മറ്റുള്ളവർ തട്ടിയെടുക്കാൻ ശ്രമിക്കുമ്പോൾ

"ആ മണ്ണിനെ എടുത്ത്
കണ്ണെത്താത്ത ഒരിടത്ത്
കൊണ്ടുപോയി വയ്ക്കാനുള്ള
ഓട്ടത്തിലാവണം അവൾ" (2016: 258)

എന്നാണ് കവിതയിൽ ആ അവസ്ഥ വിലയിരുത്തപ്പെടുന്നത്. സമൂഹം വളർന്ന് ഭൂമിക്ക് ഉടസ്ഥാവകാശം നിശ്ചയിച്ച് പരസ്പരം തല്ലുകൂടുമ്പോൾ ഭൂമി മനുഷ്യന്റെ കണ്ണെത്താത്തിടത്തേക്ക് ഓടിയൊളിക്കുന്നു. പാരിസ്ഥിതികസ്ത്രീവാദചിന്ത പ്രതിഫലിക്കുന്ന കവിതയാണിത്. പ്രകൃതിയും സ്ത്രീയും അടിച്ചമർത്തലുകളിൽ നിന്നും രക്ഷ നേടാനായി എങ്ങോട്ടെന്നില്ലാതെ ഓടിയൊളിക്കുന്ന അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. 'ആദ്യത്തെ മഴയിൽ' എന്ന കവിതയിൽ ആകാശം മഴയാൽ ഭൂമിയെ കോരിത്തരിപ്പിക്കുന്നു എന്ന മനോഹര കല്പനയാണുള്ളത്.[4]

മോഹനകൃഷ്ണൻ കാലടിയുടെ 'വറ്റിയഭൂമി' എന്ന കവിതയിൽ ഭൂമിയിലെ ജലാശയങ്ങളെല്ലാം വറ്റിയ അവസ്ഥയെ വ്യക്തമാക്കുന്നു.

എം.ആർ. രേണുകുമാറിന്റെ 'വെഷക്കായ' എന്ന സമാഹാരത്തിലെ ഭൂമിയെ പണ്ടേ കേൾക്കേണ്ടിയിരുന്നു' എന്ന കവിത ഭൂമിയെ അറിയാൻ വൈകിയ മനുഷ്യർക്കുള്ള മുന്നറിയിപ്പുകൂടിയാണ് ഭൂമിയിലെ ചെറുചലനങ്ങളെയൊന്നും കേൾക്കാനാവാത്ത മനുഷ്യർ മരണശേഷം ഭൂമിയിലേക്കു മടങ്ങുകയും ഭൂമിയെ അറിയുകയും ചെയ്യുമെന്ന് കവിത വ്യക്തമാക്കുന്നു. എന്നാൽ ആദ്യമേ തന്നെ മനുഷ്യർ അറിയേണ്ടിയിരുന്നതാണ് ഭൂമിയുടെ ശബ്ദങ്ങളെന്നു വ്യക്തമാക്കുന്ന കവിത പ്രകൃതിയിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന സമൂഹത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

സെബാസ്റ്റ്യന്റെ 'ഇരുട്ടുപിഴിഞ്ഞ്' എന്ന സമാഹാരത്തിലെ 'കരതലാമലകം' എന്ന കവിത വെള്ളം നിറഞ്ഞ് ഭൂഗോളം തന്നെ ഇല്ലാതാകുന്നതിനെ സൂചിപ്പിക്കുന്നു. പുതിയ സാങ്കേതികവിദ്യകളിലൊന്നായ നാനോവിദ്യയുപയോഗിച്ച് ഭൂമിയെ നെല്ലിക്കപോലെ ചെറുതാക്കി കൈയിൽവെച്ച് പരിശോധിക്കുമ്പോൾ കുന്നുകളും കാടും പുഴയുമെല്ലാം

ഉണ്ടായിരുന്നതിന്റെ അടയാളങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. അതിനെ പഴയതു പോലെയാക്കാൻ ശ്രമിക്കുമ്പോൾ വെള്ളം നിറഞ്ഞു വന്ന് പരാജയപ്പെടുന്നതായി കവിത സൂചിപ്പിക്കുന്നു.

"നാനോടെക്നോളജിയുടെ വിരുതുകൊണ്ടുലോപിച്ച
പൂർവ്വരൂപത്തിലാക്കാനാകാത്ത
ഒരു കൊച്ചു ഭൂമിയിലാണ് ഇപ്പോൾ നമ്മൾ" (2009:30)

എന്ന് കവിത ബോധ്യപ്പെടുത്തുന്നു. മനുഷ്യന്റെ നൂതനസാങ്കേതികവിദ്യകളെല്ലാം ഭൂമിയെ അതിലൂടെ മനുഷ്യരെത്തന്നെ തിരിഞ്ഞാക്രമിക്കുന്ന അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. മനുഷ്യരെ ആക്രമിക്കുന്നു എന്നതിനാൽ തന്നെ മനുഷ്യകേന്ദ്രിതത്വത്തിലാണ് കവിത ഊന്നുന്നത്.

'ഒടുവിൽ ഭൂമി അതുപറയും' എന്ന കവിതയിലും ഭൂമി തന്നോടു ചെയ്തതെല്ലാം വെളിപ്പെടുത്തുമെന്നാണ് വ്യക്തമാക്കുന്നത്. 'പ്രതിശരീരം' എന്ന സമാഹാരത്തിലെ 'ധ്യാനം' എന്ന കവിത ഭൂമിയും ആകാശവും ഉള്ളിടത്ത് ഒറ്റയ്ക്കിരിക്കുന്ന മനുഷ്യനെ അവതരിപ്പിക്കുന്നു. പക്ഷികളും പുല്ലുകളും മരങ്ങളുമുള്ള അവ പരസ്പരം സംസാരിക്കുന്ന ഇടത്തിൽ മനുഷ്യന്റെ രൂപമെന്തെന്ന് കവിത സംശയിക്കുന്നു. പുല്ലുകളുടെ ആഹ്ലാദം കണ്ട് സ്വയം അലിഞ്ഞുപോയതാണെന്നും കവിത സൂചിപ്പിക്കുന്നു. ശാസ്ത്രലോകത്തിന്റെ കണ്ടുപിടുത്തങ്ങൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമാണ് ഭൂമിയുടെ അവസ്ഥ എന്ന് 'കഴുകിക്കമഴ്ത്തിയത്' എന്ന കവിത വ്യക്തമാക്കുന്നു. ഈ ഭൂമി നശിച്ചാലും വേറെ ഭൂമികളുണ്ടെന്ന് സ്വപ്നം കാണുന്ന ശാസ്ത്രജ്ഞനെയാണ് കവിത അവതരിപ്പിക്കുന്നത്. അന്യഗ്രഹങ്ങളിലേക്ക് കുടിയേറിപ്പാർക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ചകൾ നടക്കുന്ന സമകാലിക സന്ദർഭങ്ങളുടെ വൈരുദ്ധ്യത്തെ കവിത വെളിപ്പെടുത്തുന്നു. അന്യഗ്രഹ സാധ്യതകളെ മുന്നിൽക്കണ്ട് ഭൂമിയിലെ മണ്ണും പച്ചപ്പും ഈർപ്പവുമെല്ലാം പാടേ നശിപ്പിച്ചു കളയുന്ന കണ്ടുപിടിത്തങ്ങൾ നടത്തുന്ന ശാസ്ത്രജ്ഞൻ കുടിക്കാൻ തുള്ളിവെള്ളമില്ലാത്ത അടുക്കളയും റോഡിലെ ചത്ത പൈപ്പിൻ ചോട്ടിൽ ഇരിക്കുന്ന ഭാര്യയെയുമാണ് കാണുന്നത്.[5] അന്യഗ്രഹകുടിയേറ്റങ്ങളെല്ലാം ഇത്തരത്തിലുള്ള സ്വപ്നം മാത്രമാണെന്നും കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ഭൂമി വാസയോഗ്യമല്ലാതാകുമെന്നും കവിത പറയുന്നുണ്ട്. മനുഷ്യന് കുടിക്കാൻ വെള്ളമില്ലാതാകും എന്നു പറയുന്നതിലൂടെ മനുഷ്യപക്ഷചിന്താഗതിയാണ് കവിതയിൽ ഉള്ളടങ്ങിയിരിക്കുന്നതെന്നു പറയാം. ഇതര ജീവികളുടെ ജീവിതം

കവിതയുടെ വിഷയപരിധിയിൽ വരുന്നില്ല.

സെബാസ്റ്റ്യന്റെ 'ഉണ്ണിറിതു കാണുന്ന ഭൂമി' എന്ന കവിത ഭൂമിയുടെ രീതികളെയും വെറും കുപ്പയിടമായി മാറിയ അവസ്ഥയെയും അവതരിപ്പിച്ചിരിക്കുന്നു. വീട്ടിൽ നിന്നും കുന്നിൽ നിന്നും പാടത്തുനിന്നും നോക്കാവുന്ന ഒന്നായി മാത്രമാണ് ഭൂമിയെ കണ്ടത്.

"എത്രയോ ഭൂമി കിളച്ചു.
കണ്ണികൂട്ടി
ഈ മുറുക്കാൻചെല്ലം
നല്ല ഭൂമി തന്നതാണ്.
ഇന്നു നല്ലഭൂമി ഇല്ല
കുപ്പയായി പറമ്പുകൾ" (2006:29)

എന്നിങ്ങനെ കുപ്പയിടം മാത്രമായി മാറിയ ഭൂമിയെ അവതരിപ്പിക്കുന്നു. അച്ചുതണ്ടി ലിരിക്കുന്ന ഭൂമിയെപ്പോലെ ചെറുതാണ് നമ്മുടെ ഭൂമി എന്ന് കവിത വ്യക്തമാക്കുന്നു.

'പ്രണയനിശൂന്യമായമനസ്സിന്റെ ഓർമ്മയ്ക്ക്' എന്ന കവിതയിൽ പ്ലാസ്റ്റിക് മൂലം ഭൂമിക്കുണ്ടാവുന്ന പാരിസ്ഥിതിക അവസ്ഥയെ വെളിപ്പെടുത്തുന്നു.[6] ഭൂമി മുഴുവൻ പ്ലാസ്റ്റിക് മൂടിയ പാറയാകും എന്ന് കവിത സൂചിപ്പിക്കുന്നു. 'റിയൽ എസ്റ്റേറ്റ്' എന്ന സെബാസ്റ്റ്യന്റെ കവിത ഭൂമി വില്പനവസ്തു മാത്രമായി മാറിയതിനെ അടയാളപ്പെടു ത്തുന്നു. വില്പനയും വാങ്ങലും കഴിഞ്ഞ് തീർന്നുപോയ ഭൂമിയുടെ ഇടപാടുകാരോട് ആകാശത്തെയും പുഴയെയും കണ്ണുവയ്ക്കല്ലേ എന്ന് കവിത പറയുന്നു. റിയൽ എസ്റ്റേറ്റ് മാഫിയകൾ വളർന്ന ഒരു സാഹചര്യത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്. ഭൂമിയെ സ്വന്തമാക്കിക്കൊണ്ട് വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന അവസ്ഥയെയാണ് ഇത് വെളിപ്പെടുത്തുന്നത്.

'അറ്റുപോവാത്തത്' എന്ന കവിതയിൽ ഭൂമി തന്റെ അവസ്ഥയെ വ്യക്തമാക്കുന്നു. മുന്നൂറ്റി അറുപത്തഞ്ചു ദിവസത്തിനുള്ളിൽ കറങ്ങിത്തീർക്കേണ്ടി വരുന്ന ഭൂമിയ്ക്ക് പറത്തി വിട്ട പട്ടവും പേടകങ്ങളും തടസ്സമുണ്ടാക്കുന്നതായി വ്യക്തമാക്കുന്നു.[7] ഇത്ത രത്തിൽ മനുഷ്യന്റെ ബഹിരാകാശദൗത്യങ്ങൾ ഭൂമിയെയും ഭൂമിയുടെ കറക്കങ്ങളെയും ബാധിക്കുന്നുവെന്ന് കവിത സൂചിപ്പിക്കുന്നു. സമകാലികമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കൂടിയാണ് കവിത വെളിപ്പെടുത്തുന്നത്. തന്റെ മേൽ അനധികൃതമായി കെട്ടിപ്പൊക്കിയതെല്ലാം അഴിച്ചുകളയുമെന്ന് 'ഭ്രമണം' എന്ന കവിതയിൽ ഭൂമി വ്യക്തമാക്കുന്നു.

"മനുഷ്യൻ കെട്ടിപ്പൊക്കിയതും
വെട്ടിപ്പിടിച്ചതും
ഉണ്ടായിരുന്നതും
ഉണ്ടാക്കിയതും
എല്ലാം
പാമ്പ് ഉറയൂരുന്നതുപോലെ ഉപേക്ഷിക്കപ്പെടും" (2017: 27)

എന്നിങ്ങനെ മനുഷ്യർ കെട്ടിപ്പൊക്കിയതെല്ലാം പാമ്പുറപോലെ താല്ക്കാലികമാണെന്ന് കവിത സൂചിപ്പിക്കുന്നു. ഭൂമി പടം പൊഴിച്ചാൽ ഭൂമിയുടെ ചലനം നിലയ്ക്കുകയും രാത്രിയും പകലും ഋതുക്കളും അവസാനിക്കുകയും ചെയ്യുമെന്നും പിന്നീട് മനുഷ്യന്റെ അഹങ്കാരമെല്ലാം അവസാനിക്കുമ്പോൾ തന്നിൽ പുതിയ ജീവൻ തുടിക്കുമെന്ന് ഭൂമി ആഗ്രഹിക്കുന്നതായും കവിത വ്യക്തമാക്കുന്നു. മനുഷ്യപ്രവർത്തികൾ ഭൂമിയെ ഇല്ലാതാക്കുമെന്ന മുന്നറിയിപ്പാണ് കവിത നൽകുന്നത്.

പൂമ്പാറ്റ ഭൂമിയെ ഉമ്മ വയ്ക്കുന്നതാണ് 'ഭ്രമണം' എന്ന കവിതയുടെ പ്രമേയം. പൂമ്പാറ്റ ഭൂമിയെ ഉമ്മ വയ്ക്കുന്നതെന്തിനെന്ന് വേട്ടാളനും ഉറുമ്പിനുമൊന്നും മനസ്സിലായില്ലെങ്കിലും തങ്ങൾക്കാവശ്യമുള്ള തേൻ പൂക്കളിൽ നിറയ്ക്കുന്ന മരങ്ങളെ താങ്ങി നിൽക്കുന്നതിനാലാണ് പൂമ്പാറ്റ ഭൂമിയെ ഉമ്മ വയ്ക്കുന്നതെന്ന് ചീവീടുകൾ പാടുന്നതായി കവിത വ്യക്തമാക്കുന്നു. തനിക്ക് ആഹാരം നൽകുന്ന ഭൂമിയോടുള്ള സ്നേഹമാണ് പൂമ്പാറ്റ പ്രകടമാക്കുന്നത്. മനുഷ്യനില്ലാത്ത സ്വഭാവമാണതെന്ന ആന്തരികാർത്ഥം കൂടി കവിതയിൽ വായിച്ചെടുക്കാം.

'എത്ര ഉദാരം' എന്ന സെബാസ്റ്റ്യന്റെ കവിതയിൽ ഭൂമിയുടെ രക്ഷാകവചമായി അങ്ങോട്ടും ഇങ്ങോട്ടും വലിച്ചു കെട്ടിയ മൊബൈൽ സിഗ്നലുകളെ അവതരിപ്പിക്കുന്നു. സിഗ്നലുകളു ണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കുമപ്പുറം അത് ഭൂമിയുടെ രക്ഷയാണെന്ന് കവിത പറയുന്നു.കൂടാതെ മരിച്ച് ശവപ്പെട്ടിയിൽ കിടക്കുന്നയാൾ മെസേജയക്കുന്നതും സെൽഫിയെടുക്കുന്നതും കവിത ആക്ഷേപ ഹാസ്യരൂപത്തിൽ അവതരിപ്പിക്കുന്നുണ്ട്. 'നന്മകളുടെ പുസ്തകം' എന്ന കവിത ഭൂമിയുടെ സമകാലികാവസ്ഥയെ വ്യക്തമാക്കുന്നു. വരണ്ട പാടവും മൊട്ടയായ കുന്നുകളും ഉണങ്ങിയ മരങ്ങളും മാത്രമവശേഷിക്കുന്ന ഭൂമിയെക്കുറിച്ച് കവിത വ്യക്തമാക്കുന്നു.

"ഇനി എന്റെ ഉണ്ണികൾക്ക് കാണാൻ

നിഷാദനും കുടിയും അടവിയുമൊന്നു വേണം" (1985: 16)

എന്നിങ്ങനെ തന്റെ കുഞ്ഞുങ്ങൾക്കായി കാടും അരുവിയും കാടത്തിയുമെല്ലാം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മനുഷ്യനെയാണ് കവിത അവതരിപ്പിക്കുന്നത്. മനുഷ്യകേന്ദ്രിതമായ ചിന്താഗതിയാണിത്. തന്റെ തലമുറയ്ക്കായി പ്രകൃതി നിലനിൽ ക്കണമെന്ന ആഗ്രഹമാണിവിടെയുള്ളത്. ഇതരജീവികളെയോ പ്രകൃതിയുടെ അസ്തിത്വത്തെയോ ഇവിടെ പരിഗണിക്കുന്നില്ല.

വിജയലക്ഷ്മി, വി.ടി. ജയദേവൻ, എസ്. ജോസഫ് എന്നിവരിൽ പൊതുവെ ഭൂമിയുമായി ബന്ധപ്പെട്ട ഇത്തരം പരാമർശങ്ങൾ കാണുന്നില്ല.

**4.1.1.2. മണ്ണ്**

ഭൗമോപരിതലത്തിലെ ഏറ്റവും മുകളിലത്തെ പാളിയായ മണ്ണ് അനേകം സൂക്ഷ്മജീവികളുടെ ആവാസ ഇടം കൂടിയാണ്. മണ്ണ് എന്ന പാരിസ്ഥിതികഘടകം എങ്ങനെയാണ് നാടോടിവാങ്മയങ്ങളിലും മലയാളകവിതയിലും അടയാളപ്പെടുന്നത് എന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

'ഒട്ടും വിലയില്ലാത്തതൊട്ടേറെ, വിലയുള്ളതെല്ലാർക്കും ചത്താലും വേണ്ടതത്രെ' (മണ്ണ്) എന്ന കടങ്കഥ മണ്ണിന് പ്രാധാന്യം കൽപിക്കാത്ത വില്പനച്ചരക്കാക്കുന്ന മാനുഷികചിന്തയെക്കൂടിയാണ് പ്രതിനിധാനം ചെയ്യുന്നത്. മരണത്തിലൂടെ നാം മണ്ണിലേക്ക് തന്നെയാണ് പോകുന്നതെന്ന സത്യവും ഇത് ബോധ്യപ്പെടുത്തുന്നു. പ്രകൃതി മാറുന്നതിനനുസരിച്ച് കടങ്കഥകളിലെ അർത്ഥത്തിനും പരിവർത്തനം സംഭവിക്കുന്നു.

മണ്ണുമായി ബന്ധപ്പെട്ട് നിരവധി പഴഞ്ചൊല്ലുകളുണ്ട്. ഇവയെല്ലാം മണ്ണിന്റെ പ്രധാന്യത്തോടൊപ്പം മണ്ണിന്റെ സ്വഭാവത്തെയും മണ്ണിന് മനുഷ്യർ കല്പിക്കുന്ന പ്രാധാന്യത്തെയും വെളിപ്പെടുത്തുന്നു. മണ്ണച്ചിക്കു മരനായര്, പണിയെടുത്താൽ മണ്ണും പെണ്ണണിഞ്ഞാൽ പൊന്നും പൊലിക്കും, മണ്ണും പെണ്ണും കണ്ടേ കൊള്ളാവു, മണ്ണും പെണ്ണും നന്നാക്കിയേടത്തോളം നന്നാവും, മണ്ണുണ്ടെങ്കിൽ പെണ്ണുണ്ട്, മണ്ണു മൂത്താൽ വെട്ടിവാഴും പെണ്ണു മൂത്താൽ കെട്ടിവാഴും, മണ്ണാലെ ചത്തു പെണ്ണാലെ ചത്തു എന്നീ ചൊല്ലുകൾ മണ്ണിനെയും പെണ്ണിനെയും സാദൃശ്യപ്പെടുത്തുന്നു. മണ്ണും പെണ്ണും എല്ലാം സഹിക്കേണ്ടവളാണെന്ന ചിന്താഗതിയാണ് ഈ ചൊല്ലുകളുടെയെല്ലാം പിറവിക്ക് പിന്നിലുള്ളത്. അതോടൊപ്പം മണ്ണും പെണ്ണും അധികാരിക്ക്/പുരുഷന് അടക്കി

വാഴാനുള്ളതാണെന്നും നല്ലതുനോക്കി തിരഞ്ഞെടുത്ത് ഉപയോഗിക്കേണ്ടതാണെന്നുമുള്ള മനോഭാവം കൂടി ഈ ചൊല്ലുകളിൽ ഉള്ളടങ്ങിയിരിക്കുന്നു. അലങ്കാരവസ്തുക്കളുമായി പുരുഷന്റെ ഉപഭോഗവസ്തുവായി മാത്രം മണ്ണിനും പെണ്ണിനും പ്രാധാന്യം കൽപിക്കുന്ന ആശയങ്ങളാണ് ഈ ചൊല്ലുകൾ ഉൾക്കൊള്ളുന്നത്. പുരുഷന്റെ നിയന്ത്രണത്തിൽ മാത്രമേ മണ്ണിനും പെണ്ണിനും നിലനിൽപ്പും കീർത്തിയും ലഭ്യമാവു എന്ന പുരുഷാധിപത്യ ബോധം കൂടി ഈ ചൊല്ലുകളുടെ പിറവിക്കാധാരമാണ്. "പ്രകൃതിക്കും പെണ്ണിനും മേൽ പുരുഷാധിപത്യം ചെലുത്തുന്ന അധീശാധികാരം അവസാനിപ്പിക്കാനുള്ള ചെറുത്തു നില്പ് സൈദ്ധാന്തികമെന്നപോലെ രാഷ്ട്രീയവുമാണ്. അങ്ങനെ സ്വഭാവികമായും ഈ അധികാരഘടനകളെ ചെറുത്തു തോല്പ്പിക്കാനുള്ള സമരത്തിൽ ഇക്കോഫെമിനിസ്റ്റുകളും പാരിസ്ഥിതികാവബോധമുള്ളവരും ഒന്നിക്കേണ്ടിയിരിക്കുന്നു, ഇക്കോ-ഫെമിനിസത്തിന്റെ പ്രസക്തിയും അതാണ്" (മധുസൂദനൻ. ജി., 2011:373 –374) എന്നിങ്ങനെയുള്ള ചിന്താപദ്ധതികൾ സ്ത്രീയെയും പ്രകൃതിയെയും അടിച്ചമർത്തുന്നതിനെതിരെ രൂപം കൊണ്ടതാണ്. മണ്ണിലിട്ടാൽ പൊന്ന്, മണ്ണുവിറ്റ് പൊന്നു വാങ്ങരുത്, മണ്ണു തന്നെ പൊന്ന്, മണ്ണു തിന്നെങ്കിലും മണ്ണിൽ കിടക്കണം, മണ്ണു വിറ്റ് ഉണ്ണരുത് എന്നീ ചൊല്ലുകൾ മണ്ണിന്റെ മൂല്യത്തെ ബോധ്യപ്പെടുത്തുന്നു. മണ്ണോളം വിലപിടിച്ചതൊന്നുമില്ല എന്ന ആശയമാണ് ഈ ചൊല്ലുകൾ ഉൾക്കൊള്ളുന്നത്. വില്പനച്ചരക്ക് മാത്രമായി മാറിയ മണ്ണിന്റെ പ്രാധാന്യം ഈ ചൊല്ലുകൾ വെളിപ്പെടുത്തുന്നുണ്ട്. മണ്ണറിഞ്ഞും വിത്തറിഞ്ഞും കൃഷിചെയ്യണം, മണ്ണറിഞ്ഞ് വിത്ത് എന്നിവ കൃഷിയും മണ്ണുമായുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്, മണ്ണിനു മരം കനമോ, മണ്ണിലിട്ടാൽ കിടക്കുകയും തിക്കിക്കിടക്കുകയും കൂടിയെന്തിന്, മണ്ണു തിന്നുകയാണെങ്കിലും മറഞ്ഞിരുന്നു തിന്നണം എന്നിവയും മണ്ണുമായി ബന്ധപ്പെട്ട ചൊല്ലുകളാണ്.

#### 4.1.1.2.1. വർണ്ണനകൾ

#### 4.1.1.2.1.1. പ്രാചീനമധ്യകാലഘട്ടം

കണ്ണശ്ശരാമായാണത്തിൽ സുഗ്രീവന്റെ ആജ്ഞയനുസരിച്ച് സേനകൾ നിരന്നപ്പോൾ ഭൂമിയിൽനിന്ന് പൊടി ഇളകിപരന്നതായി പരാമർശമുണ്ട്.[8] രാക്ഷസരും വാനരരും തമ്മിലുള്ള യുദ്ധരംഗത്തിൽ പൊടിപടലത്താൽ ആകാശം മൂടിയതിനാൽ പരസ്പരം തിരിച്ചറിയാനായില്ലായെന്നും വ്യക്തമാക്കുന്നു.[9] ഇത്തരത്തിൽ രാമായണകൃതികളിൽ യുദ്ധാവസരത്തിൽ പൊടിയായി പാറുന്ന മണ്ണിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

### 4.1.1.2.1.2. കവിത്രയകാലം

കവിത്രയകാലത്തിൽ മണ്ണുമായി ബന്ധപ്പെട്ടുള്ള വർണ്ണനകൾ പൊതുവെ ഇല്ലെന്നു പറയാം.

### 4.1.1.2.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'മദിരോത്സവം' എന്ന കവിതയിൽ

"അടിമയുമരചനും, മണ്ണുതന്നെ രണ്ടും, പോയ്ച്ചെ -
ന്നടിവതുമൊടുവിലാ മണ്ണിൽത്താൻ രണ്ടും!" (1974:587)

ജീവിതത്തിൽ ഏതവസ്ഥയിലായിരുന്നവനും പിന്നീട് മണ്ണിലേക്കു തന്നെയാണ് പോകുന്നത് എന്ന പ്രപഞ്ചസത്യത്തെ ഈ വരികൾ അടയാളപ്പെടുത്തുന്നു.

ഈ ഘട്ടത്തിൽ ചങ്ങമ്പുഴ മാത്രമാണ് മണ്ണിനെ പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചിട്ടുള്ളത്.

### 4.1.1.2.1.4. ആധുനികതാഘട്ടം

വിത്തിന്റെയും ചെടിയുടെയും ഗുണത്തിനപ്പുറം മണ്ണിന്റെ ഗുണമാണ് ചെടിയുടെ വളർച്ചയ്ക്ക് പ്രധാനമെന്ന് എൻ.എൻ. കക്കാടിന്റെ 'മണ്ണിന്റെ ഗുണം' എന്ന കവിത വ്യക്തമാക്കുന്നു. ഡി. വിനയചന്ദ്രന്റെ 'പത്താമുദയം' എന്ന കവിതയുടെ ഒരു ഖണ്ഡം 'മണ്ണ്' എന്ന പേരിലാണ് രചിക്കപ്പെട്ടിരിക്കുന്നത്.

ആധുനികതാഘട്ടത്തിൽ എൻ.എൻ. കക്കാടിന്റെയും വിനയചന്ദ്രന്റെയും കവിതകളിൽ മാത്രമാണ് പൊതുവെ മണ്ണ് വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

### 4.1.1.2.1.5. ആധുനികതാന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ മണ്ണുമായി ബന്ധപ്പെട്ട വർണ്ണനാപരമായ പരാമർശങ്ങൾ കാണുന്നില്ല.

### 4.1.1.2.2. സദൃശകല്പനകൾ

### 4.1.1.2.2.1. രൂപപരം

ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ മണ്ണിനെ ക്കുറിച്ചുള്ള രൂപപരമായ പരാമർശങ്ങൾ കാണുന്നില്ല.

#### 4.1.1.2.2.2. ഭാവപരം

**4.1.1.2.2.2.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷ മുള്ള കാലം, ആധുനികതാഘട്ടം എന്നിവയിൽ താരതമ്യേന ഭാവപരമായ സദൃശകല്പന കളായി മണ്ണ് അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.1.1.2.2.2.2. ആധുനികതാനന്തരഘട്ടം

വി.എം. ഗിരിജയുടെ 'ഉത്സവങ്ങൾ' എന്ന കവിതയിൽ ഉത്സവപ്പറമ്പിലെ പൊടിമണ്ണിനെ പരാമർശിക്കുന്നു. പുരുഷാരം മണ്ണിന്റെ ആഴത്തിൽ മറയുന്നതായും മണ്ണ് ഓരോ മനുഷ്യരെയും വിഴുങ്ങുന്നതായും കവിത പരാമർശിക്കുന്നു. 'പളുങ്കേ' എന്ന കവിത മഴത്തുള്ളി മണ്ണിൽ വീഴുന്നതിനെ പരാമർശിക്കുന്നു. പളുങ്കുപോലുള്ള തുള്ളി മണ്ണിൽ വീഴുമ്പോഴുള്ള മണത്തെയും കവിത പരാമർശിക്കുന്നുണ്ട്.

വി.ടി. ജയദേവന്റെ 'കുറച്ചുകൂടി ഹരിതാഭമായ ഒരിടം' എന്ന സമാഹാരത്തിലെ 'പ്രണയം' എന്ന കവിതയിൽ ചാറ്റൽമഴയിൽ മണ്ണ് നനയാത്ത അവസ്ഥയെ അടയാളപ്പെ ടുത്തിയിരിക്കുന്നു. വളരെ താല്പര്യത്തോടെ തുടങ്ങുന്ന പ്രണയം പതുക്കെ ഇല്ലാതാവുന്നതിനെയും അത് മനസ്സിനെ സ്പർശിക്കാത്ത അവസ്ഥയെയും സൂചിപ്പി ക്കുന്നു. പേമാരി പോലെ തോന്നുകയും ചാറ്റൽ മാത്രമായി മാറുകയും ചെയ്യുന്ന മഴയെ പ്രണയമായും അതേൽക്കുന്ന മണ്ണിനെ മനസ്സായും കവിതയിൽ കല്പിച്ചിരിക്കുന്നു.

#### 4.1.1.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.1.1.2.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം എന്നിവയിൽ താരതമ്യേന പ്രകൃതിനശീകരണസൂചനകളായി മണ്ണ് അവതരിപ്പി ക്കപ്പെടുന്നില്ല.

#### 4.1.1.2.3.2. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'ഈ നല്ല മണ്ണിലല്ലോ' എന്ന കവിത മനുഷ്യന്റെ അതിക്രമത്താൽ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന മണ്ണിനെക്കുറിച്ചു പറയുന്നു. ഇവിടത്തെ പുഷ്ടിയുള്ള മണ്ണിൽ പൂക്കളും ചെടികളും അവയെ വീശിക്കടന്നുപോകുന്ന കാറ്റുമുണ്ടായിരുന്നതായി കവിത പറയുന്നു. എന്നാൽ മണ്ണിന്റെ രീതികൾക്ക് പരിവർത്തനം ഉണ്ടാകുന്നു. നീരിന്റെ തുള്ളിയില്ലാതെ വരണ്ടുണങ്ങിയ മണ്ണിലെ മൺതരികളെല്ലാം ചൂടിനാൽ നീറുന്നതായും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന മണ്ണിനെ പുഷ്ടിയുള്ളതാക്കിമാറ്റേണ്ടതുണ്ടെന്ന് കവിത

സൂചിപ്പിക്കുന്നു.

"നാമൊന്നിച്ചാണയിട്ടാൽ
പൂമുല്ല പൂക്കുകയില്ലേ?
ഈ നല്ല നാട്ടിലെന്നും
പൂമുല്ല പൂക്കുകില്ലേ?" (2015:106)

എന്ന് മനുഷ്യർ ആലോചിക്കുന്ന ഘട്ടത്തിലാണ് കവിത നിൽക്കുന്നത്. മനുഷ്യർ വിചാരിച്ചാൽ ഇത്തരമൊരവസ്ഥയിൽ നിന്ന് മണ്ണിനും പ്രകൃതിക്കും മോചനം ലഭിക്കുമെന്ന ആശയമാണ് കവിത നൽകുന്നത്. മനുഷ്യൻ സമൂഹജീവിയാണെന്നും അതിനാൽ തന്നെ പ്രകൃതിയെ അറിയാനും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും മനുഷ്യന് സാധിക്കുമെന്നുമുള്ള സാമൂഹികപരിസ്ഥിതിവാദസങ്കല്പവുമായി ഈ കവിതയെ ചേർത്തുവായിക്കാം.

സച്ചിദാനന്ദന്റെ 'മണ്ണില്ലാത്തവരുടെ പാട്ട്' മണ്ണിനായി സമരം ചെയ്യുന്നവർക്കു വേണ്ടിയുള്ള പാട്ടാണ്. മണ്ണില്ലാത്തവർ മഴയെപ്പോലെ അനാഥരായും പൂക്കാലം പോലെ തിങ്ങിയുമാണ് വരുന്നത്. കൂടാതെ വയലായും വനമായുമെല്ലാം അവരെത്തുന്നു.

"കൊട്ടിയടച്ചൊരു വാതിലുതോറും
മുട്ടിവിളിക്കും പുലരികളായി
ഞങ്ങൾ വരുന്നൂ മണ്ണില്ലാത്തൊരു
മന്നിന്നുടമകൾ ഭ്രഷ്ട, രവർണ്ണർ!" (2016:1071)

എന്നിങ്ങനെ മണ്ണ് നഷ്ടപ്പെട്ട അവർണർ മണ്ണ് തിരിച്ചു പിടിക്കുന്നു. ഇവിടെയും ദളിതരായ മനുഷ്യർക്കാണ് മണ്ണിൽ അവകാശമുള്ളതെന്നു പറയുന്നു. അവർ തിരിച്ചു പിടിച്ച മണ്ണിന്റെ വിജയക്കൊടിയിലാകട്ടെ ഭൂഗോളവും മാനവും മരവുമുണ്ട്. അവയോടൊപ്പം തന്നെ മനുഷ്യരും പറവകളും നക്ഷത്രങ്ങളും പുഴയും കാടിന്റെ കനിവും പൂവുമുണ്ട്. അതായത് പ്രകൃതിയിലെ എല്ലാ ഘടകങ്ങളും ഈ വിജയത്തിന്റെ ഭാഗമാണ്. അവിടെ കിരീടവും തോക്കും ചാട്ടയുമില്ല എന്നും കവിത വ്യക്തമാക്കുന്നു. അതായത് ഭരിക്കുന്നവൻ, ഭരിക്കപ്പെടുന്നവൻ എന്നിങ്ങനെയുള്ള ഭേദചിന്തകൾ ഇല്ല എന്നർത്ഥം പ്രകൃതിയിലെ ഇതരജീവജാലങ്ങൾക്കൊപ്പം മാത്രം മനുഷ്യന് സ്ഥാനം നൽകുകയും ഓരോ ജീവിയുടെയും അസ്തിത്വത്തിന് പ്രാധാന്യം കല്പിക്കുകയും ചെയ്യുന്ന ഗഹനപരിസ്ഥിതിവാദചിന്തയാണ് കവിത ഉൾക്കൊള്ളുന്നത്. ഈഘട്ടത്തിൽ ജി.കുമാരപിള്ളയുടെയും സച്ചിദാനന്ദന്റെയും കവിതകളിൽ മാത്രമാണ് മണ്ണ്

നശീകരണസൂചനകളോടെ അവതരിപ്പിക്കപ്പെട്ടത്.

#### 4.1.1.2.3.3. ആധുനികതാനന്തരഘട്ടം

മുത്തങ്ങസമരത്തിലെ ആദിവാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'കറുത്ത മണ്ണ്'. പുതിയ വികസന രീതികൾ വന്നപ്പോൾ മണ്ണിനെ മറക്കുന്നതിനോടുള്ള മണ്ണിന്റെ പ്രതികാരമെന്ന രീതിയിലാണ് കവിത അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. വൈദ്യുതിവെളിച്ചവും ഫാനും ഷവറുമെല്ലാം ചേർന്ന് മാളികയിൽ നിന്ന് മുറ്റത്തിറങ്ങുമ്പോൾ മണ്ണ് കാലിൽ വിഷപ്പല്ലമർത്തുന്നതായി കവിക്ക് അനുഭവപ്പെടുന്നു.

"ആദിവാസി തൻ ചോരയാടിയ മണ്ണ്
കറുപ്പാണു ഞാൻ,
വിഷപ്പല്ല്-
കരുതിയിരുന്നോളൂ" (2013: 245)

എന്നിങ്ങനെ ആദിവാസിയിൽ നിന്ന് പിടിച്ചെടുത്ത മണ്ണ് തിരിഞ്ഞ് കൊത്തുമെന്ന സൂചന കവിത നൽകുന്നു. ഇവിടെ ആദിവാസിയുടെ മണ്ണ് തട്ടിയെടുക്കുന്ന നാഗരികനെയാണ് വിമർശിക്കുന്നത്. പ്രകൃതിയെയും ദളിതനെയും അടിച്ചമർത്തുന്നതിനെതിരെയുള്ള ശബ്ദമായി കവിത മാറുന്നു. അതുകൊണ്ടുതന്നെ പാരിസ്ഥിതികദളിത്വാദങ്ങൾ കവിതയുടെ ഭാഗമാണ്. എന്നാൽ ഇവിടെ മണ്ണ് മനുഷ്യർക്ക് അവകാശപ്പെട്ടതാണെന്ന ചിന്താഗതി തന്നെയാണുള്ളത്. ആദിവാസിസമൂഹത്തിൽ നിന്നും ഭൂമി നാഗരികരായ മനുഷ്യർ പിടിച്ചെടുത്തതാണ് മുത്തങ്ങസമരത്തിന്റെ കാരണം. ആദിവാസിയായാലും നാഗരികനായാലും അവർ മനുഷ്യരാണ്. അതുകൊണ്ടു തന്നെ മനുഷ്യന്റേതാണ് മണ്ണ് എന്ന ചിന്തയാണ് കവിത ഉൾക്കൊള്ളുന്നത് എല്ലാ ജീവജാലങ്ങളുടെതുമാണ് മണ്ണും ഭൂമിയും എന്ന പാരിസ്ഥിതികചിന്ത കവിതയിൽ കടന്നുവരുന്നില്ല.

റഫീക്ക് അഹമ്മദിന്റെ 'അല്ലയോ മണ്ണിരേ...' എന്ന കവിതയിൽ സമകാല ജീവിതപരിസരത്തിൽ മണ്ണിനുണ്ടായ മാറ്റങ്ങളെ അവതരിപ്പിക്കുന്നു. മണ്ണിരയെന്ന ജീവിയുടെ ജൈവികസവിശേഷതകളെ വ്യക്തമാക്കുന്ന കവിത മണ്ണിന്റെ നേരുകൾ നന്നായറിയുന്നത് മണ്ണിരയ്ക്കാണെന്ന് വ്യക്തമാക്കുന്നു. വിപുലവും ജൈവികവുമായ മണ്ണിന് മാറ്റമുണ്ടാവുകയും പ്ലാസ്റ്റിക്കുകൾ മണ്ണിന്റെ ഘടനയെ നശിപ്പിക്കുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു.[10] ഇത്തരത്തിൽ മനുഷ്യന്റെ വികസനരീതി കളിൽ പ്ലാസ്റ്റിക് കടന്നുവന്നപ്പോൾ അവ മണ്ണിന്റെ ജൈവാംശത്തെയും സൂഷ്മ

ജീവികളെയും നശിപ്പിച്ചതായി കവിത അടയാളപ്പെടുത്തുന്നു.

റഫീക്ക് അഹമ്മദിന്റെ 'ചെരുപ്പിനടിയിലെ മണ്ണ്' എന്ന കവിത ചെരുപ്പിനടിയിൽ പറ്റിയ മണ്ണ് ചെരുപ്പിന്റെ ഉടമസ്ഥനൊപ്പം വീട്ടുപടിവരെ എത്തുകയും തട്ടിക്കുടയരുതെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. സാഹിത്യത്തിലെ പാരിസ്ഥിതികവിചാരം പോലെ അവിടെ തന്നെ നിലനിൽക്കാനാണ് മണ്ണ് ആഗ്രഹിക്കുന്നത്.

'മണ്ണ്' എന്ന പി.പി. രാമചന്ദ്രന്റെ കവിത പ്രവാസ ജീവിതത്തിനൊരുങ്ങുന്നവർ ഒരു പിടി മണ്ണ് കടലാസിൽ പൊതിഞ്ഞുകൊണ്ടുപോകുന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ വർഷങ്ങൾ പ്രവാസികളായി കഴിയുമ്പോൾ പലർക്കും ഒരു തിരിച്ചുപോക്ക് ഉൾക്കൊള്ളാൻ കഴിയാതെവരികയും സ്വദേശത്തോടുള്ള മമത നഷ്ടപ്പെടുകയും ചെയ്യുന്നു. പെട്ടിക്കടയിൽ ഭദ്രമായി സൂക്ഷിച്ച മണ്ണ് കണ്ട് സ്വയം പൊട്ടിച്ചിരിക്കുന്ന അവസ്ഥയാണ് പിന്നീടുണ്ടാവുന്നത്.

"അറിഞ്ഞിട്ടുണ്ടാകുമോ, പക്ഷേ
അന്റലാന്റിക് സമുദ്രമിപ്പോൾ
അങ്ങനെയൊന്നു
തന്നിൽ വീണലിഞ്ഞത്?" (2015: 196)

എന്നാണ് കവിത അവസാനിക്കുന്നത്. ആ പൊതി സമുദ്രത്തിൽ എറിഞ്ഞു കളയാനുള്ള മനോഭാവത്തിലേക്ക് അവർ എത്തുന്നു. മണ്ണിന്റെ പാരിസ്ഥിതിക പ്രാധാന്യം നഷ്ടപ്പെട്ടു എന്നതിന്റെയും വിദേശരാജ്യങ്ങളിലേതുപോലെ മണ്ണിൽ നിന്ന് അകന്നു ജീവിക്കാനുള്ള ആവേശം കേരളീയരിലും വന്നു കഴിഞ്ഞു എന്നതിന്റെയും സൂചനയായി കവിതയിലെ സാഹചര്യങ്ങളെ വിലയിരുത്താം. മണ്ണിനെ ആത്മാവായി കണ്ടിരുന്ന ഒരു തലമുറയിൽ നിന്ന് ഇത്തരമൊരു പരിഷ്കൃതസമൂഹത്തിലേക്കുള്ള ജനങ്ങളുടെ വളർച്ചയാണ് കവിത അടയാളപ്പെടുത്തുന്നത്.

വീരാൻകുട്ടിയുടെ 'വീടുപണി' എന്ന കവിതയിൽ സിമന്റ്, കമ്പി, മണൽ എന്നിങ്ങനെ കൂട്ടിയും കുഴച്ചും വീടുപണിയുന്നതിനിടയിൽ മരണപ്പെടുന്ന ഗൃഹനാഥൻ മണ്ണിനടിയിലേക്ക് പോകുന്നതിനെ സൂചിപ്പിക്കുന്നു.

"അന്നുതൊട്ട്
വേരുകൾക്കിടയിൽ മണ്ണുകൊണ്ടു പണിത
ഒറ്റ മുറി
അയാൾക്ക് വീട്" (2016: 194)

എന്നിങ്ങനെ എത്ര വലിയ വീടുപണിതാലും എല്ലാവരും അവസാനം മണ്ണിലേക്ക് തന്നെയാണ് പോകുന്നതെന്ന കാഴ്ചപ്പാട് കവിത അവതരിപ്പിക്കുന്നു. തീ, വെള്ളം, മണ്ണ് എന്നിവയിലേക്കുള്ള ലയനമാണ് മനുഷ്യനടക്കമുള്ള ഓരോ ജീവിയുടേതും എന്ന സാക്ഷ്യപ്പെടുത്തലായി കവിത മാറുന്നു. സ്വാഭാവിക പ്രകൃതിയെ നശിപ്പിച്ച് എത്രമാത്രം കൃത്രിമത സൃഷ്ടിച്ചാലും മനുഷ്യന്റെ മടക്കം ജൈവപ്രകൃതിയിലേക്കു തന്നെയാണെന്ന യാഥാർത്ഥ്യത്തെ 'വീടുപണി' എന്ന രൂപകത്തിലൂടെ കവിത വ്യക്തമാക്കുന്നു.

വീരാൻകുട്ടിയുടെ 'ഭൂമിയോടു ചോദിച്ചാൽ' എന്ന കവിതയിലും മണ്ണ് പ്രമേയമാകുന്നു.

> "മണ്ണിന്റെ അയവുള്ള തൊലിയിൽ
> കാൽവെള്ള തൊട്ട് എഴുതിയവരെ
> മറക്കുകയില്ല ഭൂമി ഒരിക്കലും" (2016: 260)

ചെരിപ്പുകൾ വരുന്നതിനുമുമ്പ് കാല്പാദങ്ങൾ കൊണ്ട് മണ്ണിലണിഞ്ഞ പാടുകളെയാണ് മണ്ണ് ഓർക്കുക എന്നും ചെരുപ്പുകൾ വിടവ് സൃഷ്ടിക്കുന്നു എന്നും കവിത വ്യക്തമാക്കുന്നു. കൂടാതെ ചവിട്ടിക്കുഴച്ച് വിതയ്ക്കുന്നവരെയും മണ്ണിൽ ഉറങ്ങുന്നവരെയും കാലിനടിയിലെ മണ്ണ് ഊർന്നുപോകാതെ കെട്ടിപ്പിടിക്കുന്നവരെയും മണ്ണ് മറക്കുകയില്ല എന്നും കവിത സൂചിപ്പിക്കുന്നു. മണ്ണും മനുഷ്യനും തമ്മിലുള്ള അടുപ്പം അവസാനിക്കുന്ന ഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. ഈ കവിതയിലും മണ്ണും മനുഷ്യനും മാത്രമാണുള്ളത്. അതിലപ്പുറം മറ്റ് ജീവിവർഗ്ഗങ്ങൾക്ക് മണ്ണുമായുള്ള ബന്ധത്തെ കവിത അവഗണിക്കുന്നു.

'പെങ്ങൾ' എന്ന എസ്. ജോസഫിന്റെ കവിതയിൽ മണ്ണും മണ്ണുമാന്തിയന്ത്രവും വിഷയമാകുന്നു. കുന്നിൻ മുകളിൽ പ്ലാവിന്റെയും മാവിന്റെയും തണുപ്പുള്ളിടത്ത് സ്ഥലം വാങ്ങി വീടുവച്ച പെങ്ങളുടെ മണ്ണ് മണ്ണുമാന്തിയന്ത്രങ്ങൾ കവർന്നെടുക്കുകയും പെങ്ങളും വീടും ഇല്ലാതാവുകയും ചെയ്തതായി കവിത വ്യക്തമാക്കുന്നു.

> "മണ്ണുവിറ്റുനേടിയവ
> ഒരുപിടി മണ്ണാകണം" (2013: 48)

എന്നിങ്ങനെ മണ്ണ് കച്ചവടമായതിനെയും അതിനാൽ നഷ്ടപ്പെട്ട ജീവിതത്തെയും കവിത വെളിപ്പെടുത്തുന്നു. മണ്ണുമാന്തി യന്ത്രങ്ങൾ പെങ്ങളുടെ ജീവിതത്തെ ഇല്ലായ്മ ചെയ്തതാണ് കവിതയ്ക്ക് വിഷയം. ഇതരജീവജാലങ്ങളെയും പ്രകൃതിയെയും

അതെങ്ങനെ ബാധിക്കുന്നു എന്നത് കവിതയ്ക്ക് വിഷയമല്ല. അതു കൊണ്ടുതന്നെ മനുഷ്യകേന്ദ്രിത ചിന്താഗതിയാണ് കവിത അവതരിപ്പിക്കുന്നതെന്ന് വ്യക്തമാകുന്നു.

പന്നി കുത്തിയിടുന്ന മണ്ണുമായി ബന്ധപ്പെട്ടാണ് 'കാട്ടുപന്നി' എന്ന എസ്. ജോസഫിന്റെ കവിത രചിക്കപ്പെട്ടത്. കുത്തിയിട്ട മണ്ണിന്റെ ചുവപ്പിൽ നോക്കുകയും അതിന്റെ രുചി കലർന്ന പഴങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ഓർമ്മ മാത്രമായി മാറുകയും ചെയ്യുന്നതായി കവിത സൂചിപ്പിക്കുന്നു. മണ്ണില്ലാതാകുന്ന കാലഘട്ടത്തിന്റെ പ്രതിനിധാന മായി കവിത മാറുന്നു. 'വീടു പണിക്കാർ പാടുന്നു' എന്ന കവിതയിൽ മണ്ണുകൊണ്ട് കളിവീടുണ്ടാക്കി കളിക്കുന്ന കുട്ടിക്കാലത്തെ പരാമർശിക്കുന്നു.

വി.എം. ഗിരിജ, മോഹനകൃഷ്ണൻ കാലടി, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ, സെബാസ്റ്റ്യൻ എന്നിവരുടെ കവിതകളിൽ പൊതുവെ പ്രകൃതി നശീകരണപരമായി മണ്ണ് അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.1.3. പർവ്വതം / കുന്ന്

നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതകളിലും പർവ്വത ത്തെയും കുന്നിനെയുംകുറിച്ചുള്ള പരാമർശങ്ങൾ ഏതുവിധത്തിലാണെന്ന അന്വേഷണ മാണ് ഈ ഭാഗത്ത് നടത്തുന്നത്.

കുന്നിന് കുന്നും കുഴിക്ക് കുഴിയും, കടല് കുന്നാകും കുന്ന് കടലാകും, കുന്നാ ണെങ്കിലും കുഴിച്ചാൽ കുഴിയും, കുന്നില്ലാത്ത കുഴിയില്ല, കുന്നോളം പൊന്നുകൊടു ത്താലും കുന്നിയോളം സ്ഥാനം കിട്ടില്ല, കുന്നു കുലുങ്ങിയാലും കുഞ്ഞാപ്പു കുലുങ്ങില്ല, കുന്നത്തുവച്ച വിളക്കുപോലെ എന്നിങ്ങനെ കുന്നിനെ കേന്ദ്രീകരിച്ച് പരാമർശിക്കുന്ന ചൊല്ലുകളും പ്രയോഗങ്ങളും കാണാം. മനുഷ്യജീവിതവുമായി ബന്ധപ്പെട്ടതാണ് ഈ ചൊല്ലുകളുടെയെല്ലാം ആശയം.

#### 4.1.1.3.1. വർണ്ണനകൾ

##### 4.1.1.3.1.1. പ്രാചീനമധ്യകാലഘട്ടം

രാമലക്ഷ്മണന്മാർ കപിവീരരോടൊപ്പം ലങ്കാനഗരത്തിലേക്ക് യാത്ര ചെയ്യുമ്പോൾ പച്ചിലകൾ നിറഞ്ഞ് പൂത്തുതളിർത്തുനിൽക്കുന്ന വൃക്ഷങ്ങളുള്ള പർവ്വതങ്ങളും ഭൂമിയിൽ നിന്ന് ഉയർന്നുപോയി വളർന്നു വാനിൽ മുട്ടുന്ന കുന്നുകളും കാണുന്നതായി 'രാമചരിത'ത്തിൽ പരാമർശമുണ്ട്.

'ഉണ്ണിയാടിചരിത'ത്തിന്റെ പ്രധാനകഥാപശ്ചാത്തലം ഉദയപർവ്വതമാണ്. ഉണ്ണിയാടിയുടെ പൂർവ്വജന്മമായ പ്രാവൃട്ടിൽ കുടുംബം ഉദയപർവ്വതത്തിൽ താമസിച്ച വരായതിനാലാണ് ഇത്രയും പ്രാധാന്യത്തോടെ പർവ്വതത്തെ വർണ്ണിക്കുന്നത്.

"എങ്ങും പരന്ന മഹസാ ദിവസാധിപേന
ശൃംഗശ്രിതോ മകുടവാനിവ വാസരാദൌ
പാർശ്വേന ചാമരവ്യതേന വിരാജമാനോ
ഭൂഭൃൽ പതിത്വമധിഷ്ഠതി യശ്ചിരായ" (2016:44)

സൂര്യൻ തേജസ്സോടെ പ്രഭാതത്തിൽ ഉദിച്ചുയരുന്നത് കാണുമ്പോൾ പർവ്വതം കിരീടം ധരിച്ചിരിക്കുകയാണെന്നുതോന്നും. കൂടാതെ മരങ്ങളാകുന്ന ചാമരം വീശി നിൽക്കുന്ന ചക്രവർത്തിയെപോലെയാണ് പർവ്വതം നിലനിൽക്കുന്നതെന്നും കവിത വർണ്ണിക്കുന്നു. പർവ്വതങ്ങളെ പർവ്വതശ്രേഷ്ഠൻ, പർവ്വതരാജൻ എന്നെല്ലാം വിശേഷിപ്പിക്കാറുണ്ട്. പർവ്വതത്തിന്റെ തലയെടുപ്പും ജൈവവൈവിധ്യവും ഈ വിശേഷണത്തെ സാധൂകരിക്കുന്നു. ഭൂമിയെ ഭരിക്കുന്നവനായാണ് ഉദയപർവ്വതത്തെ കല്പിച്ചിരിക്കുന്നത്. മുഴുപ്പുള്ള പേരാൽ, പാതിരി, അരയാൽ, മരുത്, പുന്ന, പ്ലാവ്, വേങ്ങ, ചെമ്പകം, ചെറുചന്ദനം, മഞ്ചാടിമരം, തേന്മാവ് തുടങ്ങിയ വൃക്ഷസമൂഹങ്ങളാൽ സമ്പന്നമാണ് ഉദയാചലപർവ്വതം. വനങ്ങളും വനവിഭവങ്ങളും ധൂർത്തടിക്കുന്ന പുതിയകാലഘട്ടത്തിൽ സമൃദ്ധമായ ഇത്തരം പ്രകൃതികാഴ്ചകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പശ്ചിമഘട്ടമലനിരകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി ചർച്ചകളും പഠനങ്ങളും ഇന്ന് നടക്കുന്നുണ്ട്. ജൈവവൈവിധ്യ സമ്പന്നമായ പശ്ചിമഘട്ടമലനിരകൾ സംരക്ഷിക്കുന്നതിനായി ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെ ട്ടെങ്കിലും അവ നടപ്പിൽ വരുത്തിയിട്ടില്ല. ഇത്തരം മലനിരകളുടെ സമൃദ്ധിയാണ് നാടിന്റെ സമൃദ്ധിയെന്ന തിരിച്ചറിവാണ് ആവശ്യം.

രാമചരിതം തുടങ്ങിയ രാമായണകൃതികളിലും ഉണ്ണിയാടിചരിതം എന്നിവയിൽ മാത്രമാണ് പൊതുവെ പർവ്വതവും കുന്നും വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.1.1.3.1.2. കവിത്രയകാലം

കുമാരനാശാന്റെ 'ഒരു സിംഹപ്രസവം' എന്ന കവിതയിൽ സിംഹത്തിന്റെ കാടോർമ്മകളുമായി ബന്ധപ്പെട്ട് സിംഹം അടക്കിവാണ പർവ്വത സമൂഹങ്ങളെക്കുറിച്ച് പരാമർശമുണ്ട്.

"കരിവാർമുകിൽ മൂളി വാനിൽ വൻ-
വരിയായ് പൊങ്ങിവരുന്ന കണ്ടിവൾ
ഹരിഗർജ്ജിതകന്ദരങ്ങളാം
ഗിരിവൃന്ദങ്ങടെ മോടി കാട്ടിടാം"(2013:52)

എന്നിങ്ങനെ സിംഹം അലറുന്ന ഗുഹകളോടു കൂടിയ പർവ്വതത്തെക്കുറിച്ച് ആശാൻ വർണ്ണിക്കുന്നുണ്ട്. 'നളിനി'യിൽ ദിവാകരനെ പർവ്വതമുകളിൽ നിന്ന് ഉദിച്ചുയരുന്ന സൂര്യനായി കല്പിക്കുന്നു (2013:57). 'ലീല'യിൽ മദനനെത്തേടിയലയുന്ന ലീല കാട്ടിലെത്തുമ്പോഴുള്ള വനപ്രദേശത്തിന്റെ വർണ്ണനയിൽ വിന്ധ്യമഹാപർവ്വതത്തെ ക്കുറിച്ച് പരാമർശമുണ്ട്.[11] മേഘങ്ങളാകുന്ന വസ്ത്രം ധരിച്ച് ആകാശത്തിൽ മുട്ടുന്ന പർവ്വതത്തെയാണ് ഇവിടെ വർണ്ണിക്കുന്നത്. കൂടാതെ ലീലാവിരഹിതനായി കാട്ടിലലയുന്ന മദനനെ കാട്ടുതീ തകർത്ത പർവ്വതത്തോടാണ് സാദൃശ്യപ്പെടുത്തിയിരി ക്കുന്നത്. 'ചിന്താവിഷ്ടയായ സീത'യിൽ കാനനവാസത്തെ ക്കുറിച്ച്

"ഗിരികാനനഭംഗി ഞങ്ങൾക
ണ്ടരിയോരുത്സവമായ് കഴിച്ചു നാൾ" (2013:432)

എന്നിങ്ങനെ പർവ്വതത്തിലെ കാടിന്റെ ഭംഗിയാണ് കാനനവാസത്തിനിടയ്ക്ക് അവർ ആസ്വദിക്കുന്നത്. അത് കാടിന്റെ മാത്രമല്ല പർവ്വതത്തിന്റെ കൂടി ഭംഗിയാണ്.

വള്ളത്തോളിന്റെ 'മാതൃവന്ദനം' എന്ന കവിത കേരളത്തിന്റെ രമണീയതയെ പ്രതിനിധീകരിക്കുന്നതിനൊപ്പം സഹ്യപർവ്വതത്തിന്റെ കാഴ്ചകൂടിയാണ്. പച്ചവിരിപ്പിട്ട സഹ്യപർവ്വതത്തിൽ തലവച്ചുകൊണ്ട് വിശ്രമിക്കുന്ന കേരളത്തിന്റെ പ്രകൃതിരമണീയത ഈ കാവ്യം ഉൾക്കൊള്ളുന്നു. 'ഋതുവിലാസ'ത്തിൽ ചൂട് സഹിക്കാനാവാതെ സൂര്യൻ പർവ്വതമാകുന്ന കാട്ടിൽ കേറി മറയട്ടെ എന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. 'ചിത്രയോഗ'ത്തിൽ വിന്ധ്യ-ശൈവല-പർവ്വതങ്ങളുടെ ഇടയിലുണ്ടായിരുന്ന ഘോരരാജ്യമാണ് ദണ്ഡൻ ഭരിച്ചിരിന്നത് എന്ന് പരാമർശിക്കുന്നു(2011:137).'ഒരു ദിനാന്തസഞ്ചാരം' എന്ന കവിതയും കുന്നിനെ വിഷയമാക്കുന്നു. കിഴക്കുഭാഗത്ത് അകലെ പരന്നുകിടക്കുന്ന കുന്ന് സഹ്യപർവ്വതമാണ്. പർവ്വതത്തിലെ ജൈവ വൈവിധ്യത്തിന്റെ സൂചന കവിതയിലുണ്ട്.[12] ഇലകളുടെ പച്ചപ്പും ഇടയ്ക്ക് കാണുന്ന മണ്ണിന്റെ ചുവപ്പും ചേർന്ന് നിറപ്പകിട്ടുള്ള പർവ്വതത്തെയാണ് അവതരിപ്പിക്കുന്നത്.

'എവറസ്റ്റ് കൊടുമുടിമേൽ' എന്ന പള്ളത്ത്‌രാമന്റെ കവിത എവറസ്റ്റിന്റെ വർണ്ണനയാണ്. മരക്കൂട്ടവും ചന്ദ്രക്കലയും നദിയുമെല്ലാം ചേർന്ന പർവ്വതത്തെയാണ്

വർണ്ണിക്കുന്നത്. വൈമാനികൻ എവറസ്റ്റിനുമുകളിലൂടെ യാത്ര ചെയ്യുന്നതിനെപ്പറ്റിയും കവിത പരാമർശിക്കുന്നു.

"വരിക! വൈമാനിക! വരികെൻ തലയ്ക്കുമേൽ
ചരിച്ചോരില്ലിന്നോളമിച്ചരാചരങ്ങളിൽ!" (1989:7)

എന്നിങ്ങനെ പ്രകൃതിയിലെ മറ്റൊരു ജീവിയും തന്റെ മുകളിൽ പറന്നിട്ടില്ലെന്നും മനുഷ്യനാണത് ചെയ്തതെന്നും കവിത വെളിപ്പെടുത്തുന്നു. ഏറ്റവും ഉയരമുള്ള കൊടുമുടിയായ എവറസ്റ്റിനെ കീഴടക്കാൻ മനുഷ്യർ ശ്രമിക്കുന്നു. പ്രകൃതിയെ കീഴടക്കി നേടുന്ന വിജയമാണ് ആത്യന്തികവികസനമെന്ന സങ്കല്പനമാണ് പ്രകൃതിനശീകരണ ത്വരയിലേക്ക് ആധുനികഘട്ടത്തിലെ മനുഷ്യരെ നയിച്ച ഒരു ഘടകം.

'പർവ്വതവും അണ്ണാനും' എന്ന കവിത പർവ്വതവും അണ്ണാനും തമ്മിലുള്ള തർക്കമാണ്. പ്രകൃതിയിലെ ഓരോ വസ്തുവിനും അതിന്റേതായ ധർമ്മങ്ങളുണ്ടെന്ന സത്യമാണ് കവിത വെളിപ്പെടുത്തുന്നത്. അണ്ണാനെക്കാൾ വലിപ്പമുണ്ടെങ്കിലും ഉത്സാഹവും അണ്ടികടിച്ചു പൊളിക്കാനുള്ള കഴിവും പർവ്വതത്തിനില്ല എന്ന് അണ്ണാൻ വ്യക്തമാക്കുന്നു. എന്നാൽ കാടും മരങ്ങളും പുറത്തുവഹിക്കാൻ പർവ്വതത്തിന് കഴിയുന്നുണ്ട്. അത് അണ്ണാന് കഴിയാത്തതാണ്. വ്യത്യസ്ത ജീവിവർഗ്ഗങ്ങൾക്കും പ്രകൃതി പ്രതിഭാസങ്ങൾക്കും ഉള്ള ശേഷികൾ വ്യത്യസ്തമാണ്. ഒന്ന് മറ്റൊന്നിനെക്കാൾ നിസ്സാരമെന്നോ വിലകുറഞ്ഞതെന്നോ കരുതാനാവില്ല. ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയവുമായി ഈ കവിതക്ക് ബന്ധമുണ്ട്.

ഉള്ളൂരിന്റെയും ബാലാമണിയമ്മയുടെയും കവിതകളിൽ പർവ്വതത്തെക്കുറിച്ചുള്ള വർണ്ണനാപരമായ പരാമർശങ്ങൾ പൊതുവെ കാണുന്നില്ല.

### 4.1.1.3.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനി'ൽ

"ഒരു നല്ല ചിത്രം വരച്ചപോലെ
വരി വരി നില്ക്കുന്ന കുന്നുകളും" (1974:113)

എന്നിങ്ങനെ കുന്നിനെ വർണ്ണിക്കുന്നുണ്ട്. കൂടാതെ രമണനും ചന്ദ്രികയും തമ്മിലുള്ള അന്തരം വ്യക്തമാക്കുമ്പോൾ പുഴകളും കാടും മലയുമെല്ലാം അധഃകൃതരുടെ ഇടമാണെന്ന് രമണൻ കരുതുന്നു. ആത്മഹത്യയ്ക്കൊരുങ്ങുന്നതിനു മുമ്പ് പ്രകൃതിയോട് യാത്ര ചോദിക്കുന്ന ഘട്ടത്തിൽ നീലമലകളോടും യാത്രചോദിക്കുന്നുണ്ട്.

വിശ്വകർമ്മാവെന്ന ശില്പി വെൺകല്ലുകളാൽ നിർമ്മിച്ചതാണ് ഹിമാലയമെന്ന് അതേപേരിലുള്ള വൈലോപ്പിള്ളിയുടെ കവിതയിൽ വ്യക്തമാക്കുന്നു. മേഘക്കൂട്ടങ്ങളും ഗംഗാനദിയും പർവ്വതത്തിന്റെ സവിശേഷതകളായി നിലകൊള്ളുന്നുണ്ട്. കാളിദാസകൃതികളിലെ ഹിമാലയപരാമർശങ്ങളെ പറ്റിയും കവിത സൂചന നൽകുന്നു. വിപ്ലവാവേശത്താൽ ഇരമ്പുന്ന അഗ്നിപർവ്വതമായിരുന്നു വിലങ്ങൻകുന്നെന്ന് 'വിലങ്ങൻ കുന്നിനോട്' എന്ന കവിത വ്യക്തമാക്കുന്നു. ആദ്യകാലത്ത് പ്രതിഷേധങ്ങളുടെ ലാവയൊഴുകിയെങ്കിലും പിന്നീട് മൊട്ടക്കുന്നായി മാറിയ വിലങ്ങൻകുന്ന് പുരോഗമന ങ്ങൾക്ക് വിലങ്ങായി നിൽക്കുന്നതായുള്ള സൂചനയും കവിതയിലുണ്ട്.

ഈ ഘട്ടത്തിൽ ചങ്ങമ്പുഴയിലും വൈലോപ്പിള്ളിയിലും മാത്രമാണ് പൊതുവെ വർണ്ണനാപരമായി പർവ്വതം പരാമർശിക്കപ്പെട്ട് കാണുന്നത്.

#### 4.1.1.3.1.4. ആധുനികതാഘട്ടം

'ഒരു സഹ്യവർണ്ണനം' എന്ന എൻ.എൻ. കക്കാടിന്റെ കവിതയിൽ സഹ്യപർവ്വത ത്തിന്റെ വർണ്ണനയാണുള്ളത്. കാർമേഘമണിഞ്ഞ ശിരസ്സുപൊക്കി നിൽക്കുന്ന സഹ്യനെയാണ് കവിത അവതരിപ്പിക്കുന്നത്. മനോഹരമായ വനങ്ങളാലും വള്ളികൾ ക്കിടയിലൂടെ നുണഞ്ഞ് പാറകൾക്കിടയിലൂടെ പതിയെ ഒഴുകിയെത്തുന്ന നദികളാലും മനോഹരമാണ് സഹ്യപർവ്വതം

"ചാഞ്ഞും ചരിഞ്ഞും ഗജയൂഥഭംഗി
തേടുന്ന കുന്നിൻ നിരകൾക്കിടയ്ക്ക്
ദിനേതാരാധിപർ വന്നു നിന്നു
കണ്ണാടി നോക്കും തെളിനീർക്കുളങ്ങൾ" (2002:317)

എന്നിങ്ങനെ പർവ്വതത്തിൽ പാറക്കൂട്ടങ്ങളും തെളിനീർക്കുളങ്ങളും വിവിധമൃഗങ്ങളും പക്ഷികളും ഉണ്ടെന്ന് കവിത വ്യക്തമാക്കുന്നു.

ഈ ഘട്ടത്തിൽ കക്കാടിന്റെ കവിതയിൽ മാത്രമാണ് പർവ്വതങ്ങൾ പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.1.3.1.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ പർവ്വതങ്ങൾ വർണ്ണനാപരമായി സൂചിപ്പിക്കപ്പെട്ടിട്ടില്ല.

### 4.1.1.3.2. സദൃശകല്പനകൾ

#### 4.1.1.3.2.1. രൂപപരം

തെരഞ്ഞെടുത്ത മലയാളകവിതയിൽ ഏതുഘട്ടത്തിലും പർവ്വതങ്ങൾ പൊതുവെ വർണ്ണനാപരമല്ല.

#### 4.1.1.3.2.2. ഭാവപരം

#### 4.1.1.3.2.2.1. പ്രാചീനമധ്യകാലഘട്ടം

'കൃഷ്ണഗാഥ'യിൽ ഋതുവർണ്ണനയാണ് പ്രധാന പ്രകൃതിപരാമർശമെങ്കിലും മറ്റു ഭാഗങ്ങളിൽ പ്രകൃതിയെ വർണ്ണിക്കുകയും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഗോവർദ്ധനോദ്ധാരണം കൃഷ്ണഗാഥയിലെ പ്രധാനഭാഗമാണ്. മഴ പെയ്യിക്കുന്നതിനുവേണ്ടി ഗോപന്മാർ ഇന്ദ്രപൂജ ചെയ്യുമ്പോൾ ഇന്ദ്രനെയല്ല ഗോവർദ്ധനത്തെയും ഗോക്കളെയുമാണ് പൂജിക്കേണ്ടതെന്ന് കൃഷ്ണൻ വ്യക്തമാക്കുന്നു. കൃഷ്ണനിർദ്ദേശമനുസരിച്ച് ഇന്ദ്രപൂജ ഉപേക്ഷിച്ച് ഗോവർദ്ധന ത്തെയും ഗോക്കളെയും ഗോപന്മാർ പൂജിക്കാൻ തുടങ്ങുന്നു. പരിസ്ഥിതിയുടെ നിലനിൽപ്പാണ് മനുഷ്യരുടെയും ഇതരജീവജാലങ്ങളുടെയും നിലനിൽപ്പിനാധാരം എന്ന മനുഷ്യകേന്ദ്രിതപരിസ്ഥിതിബോധം തന്നെയാണ് ഈ പ്രകൃതിപൂജയുടെ അടിസ്ഥാനം. മഴ പെയ്യിക്കുന്നതിൽ പർവ്വതങ്ങൾക്കുള്ള പങ്കെന്തെന്ന തിരിച്ചറിവുകൂടി ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു. മനുഷ്യരെകൊണ്ട് അസാധ്യമായത് നൽകുന്നതിനെ പൂജിക്കുന്നു.

#### 4.1.1.3.2.2.2. കവിത്രയകാലം

ഉള്ളൂരിന്റെ 'ചിത്രോദയം' എന്ന കവിതയിൽ പർവ്വതങ്ങളിലെ ചക്രവർത്തിയായി ഹിമവാനെ വിശേഷിപ്പിക്കുന്നു. തിരുവിതാംകൂറിന്റെ പ്രശസ്തി ഹിമവാനോളം എത്തുന്നതായി കവിത പരാമർശിക്കുന്നു. തിരുവിതാംകൂറിന്റെ ഭൂപ്രകൃതി ഒരുഭാഗം സമുദ്രവും മറ്റേഭാഗം പർവ്വതവുമാണ്.

കവിത്രയകാലഘട്ടത്തിൽ ഉള്ളൂരിൽ മാത്രമാണ് ഭാവപരമായ കല്പനകളായി പൊതുവെ പർവ്വതങ്ങൾ അവതരിപ്പിക്കപ്പെട്ടത്.

#### 4.1.1.3.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'ഉത്രാടരാത്രി' എന്ന കവിതയിൽ

"വ്യോമക്കറുമ്പിപ്പശുവിൻ-മുല-

മാമലമുട്ടിക്കുടിച്ചു" (2005:52)

എന്നിങ്ങനെ ആകാശമെന്ന പശുവിന്റെ മുലകുടിക്കുന്നവരായി മലകളെ വർണ്ണിക്കുന്നു. തെന്മലയുടെ പച്ചമടിത്തട്ടിൽ തലവെച്ച് അനന്തശയനം കിടക്കുന്നതായി വിലൃ ശൈലത്തെ വിശേഷിപ്പിക്കുന്നു. 'മാമ്പൂമണം' എന്ന കവിതയിൽ തളർന്നു കിടക്കുന്ന ഭൂമിയുടെ കിനാവായാണ് മലകൾ നില്ക്കുന്നതെന്ന് സങ്കല്പിക്കുന്നു.

പി.കുഞ്ഞിരാമൻനായർ മാത്രമാണ് ഭാവപരമായ കല്പനകളായി പർവ്വതത്തെ അവതരിപ്പിച്ചത്.

### 4.1.1.3.2.2.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഭാവപരമായ കല്പനകളായി പർവ്വതം അവതരിപ്പി ക്കപ്പെട്ടിട്ടില്ല.

### 4.1.1.3.2.2.5. ആധുനികതാനന്തരഘട്ടം

എസ്. ജോസഫിന്റെ 'എവറസ്റ്റ്' എന്ന കവിതയിൽ എവറസ്റ്റ് കയറുന്ന ഒരാളെ അടയാളപ്പെടുത്തുന്നു. മലമുകളിൽ നിന്ന് കാലുതെറ്റി തെന്നി താഴേക്കു വീഴുന്ന അയാളെ മഞ്ഞ് അലിവും കടുപ്പവും നൽകി വർഷങ്ങളോളം അങ്ങനെതന്നെ കിടത്തു മെന്നും കവിത വ്യക്തമാക്കുന്നു. 'ചിലർമാത്രം' എന്ന കവിതയിൽ പാറകളെക്കുറിച്ച് ദുഃഖിക്കുകയും കുന്നുകളെ സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ചിലരെക്കുറിച്ചാണ് പരാമർശിക്കുന്നത്.

ഈ ഘട്ടത്തിൽ എസ്. ജോസഫിൽ മാത്രമാണ് ഭാവപരമായ കല്പനകളായി പർവ്വതങ്ങൾ അവതരിപ്പിക്കപ്പെട്ടത്.

### 4.1.1.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

### 4.1.1.3.3.1 പ്രാചീനമധ്യകാലഘട്ടം

സീതയെ വീണ്ടെടുക്കുന്നതിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി സമുദ്രത്തിനു കുറുകെ ചിറപണിയുന്നതിനായി പർവ്വതങ്ങൾ സമുദ്രത്തിൽ ചൊരിഞ്ഞതായി 'രാമചരിത'ത്തിൽ പരാമർശമുണ്ട് (1973:37). ചിറ നിർമ്മാണത്തിനായി ധാരാളം പർവ്വതങ്ങൾ നശിപ്പിക്കപ്പെടുന്നു. വികസനപ്രവർത്തനങ്ങളുടെ ഭാഗമായി മലകളും പർവ്വതങ്ങളും ഇടിച്ചു നിരത്തുന്നതിന്റെ പൂർവ്വമാതൃക തന്നെയാണിത്.

'കണ്ണശ്ശരാമായണ'ത്തിൽ രാമരാവണയുദ്ധാവസരത്തിൽ രാക്ഷസവാനരന്മാർ പർവ്വതങ്ങൾ പിഴുതെറിഞ്ഞ് എതിരാളിയെ വധിക്കാൻ ശ്രമിക്കുന്നതായി കാണാം. രാമായണകഥയിൽ വിജയമുറപ്പിക്കുന്നതിനുള്ള ആയുധമായി കുന്നിനെ ഉപയോഗിച്ചു. രാമരാവണയുദ്ധാവസരത്തിൽ മൃതസഞ്ജീവനിയെന്ന ഔഷധത്തിന്റെ ആവശ്യത്തിനായി ആ ചെടി വളരുന്ന പർവ്വതത്തെ മുഴുവനായും പിഴുതെടുക്കുന്ന ഹനുമാനെ കാണാം. ഔഷധത്തിനു പകരം ഒരു വലിയ ആവാസവ്യവസ്ഥയെത്തന്നെ ഇല്ലാതാക്കുന്നു. മനുഷ്യർ പ്രകൃതിയെ ദുരുപയോഗം ചെയ്യുന്നതിന്റെ സൂചനകളാണ് ഇത്തരം സന്ദർഭങ്ങളെല്ലാം വ്യക്തമാക്കുന്നത്.

'ഉണ്ണിയാടിചരിത'ത്തിൽ സൂര്യന്റെ ഗതി തടയുകയും അങ്ങനെ ബ്രാഹ്മണരുടെ ദിനചര്യകൾ മുടക്കുകയും ചെയ്ത വിന്ധ്യപർവ്വതത്തിന്റെ അഹങ്കാരം ശമിപ്പിക്കാൻ അഗസ്ത്യമുനി തെക്കോട്ട് യാത്ര ചെയ്ത കഥ കവിതയിൽ സൂചിപ്പിക്കുന്നുണ്ട്. പ്രകൃതിയെ വരുതിക്കു നിർത്തുന്ന മനുഷ്യരീതിയുടെ പ്രതിഫലനമാണിത്.

'കല്ല്യാണസൗഗന്ധികം തുള്ള'ലിൽ സൗഗന്ധികപുഷ്പം പറിച്ചുവരാൻ ഭീമന് കഴിയുമെന്ന് ബോധിപ്പിക്കുന്ന സന്ദർഭത്തിൽ പർവ്വതങ്ങളും വൃക്ഷങ്ങളുമടക്കം മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നവയെ തകർത്തു മുന്നേറാനുള്ള കഴിവുണ്ടെന്നാണ് ആത്മവിശ്വാസം നൽകുന്നത്. ഈ രീതിയിൽ മുന്നോട്ടുപോയ ഭീമനോട് വള്ളികളെയും പർവ്വതങ്ങളെയും ആവശ്യമില്ലാതെ നശിപ്പിക്കുന്നതെന്തിനെന്ന് എന്ന് ഹനുമാൻ ചോദിക്കുന്നു.[13] അനാവശ്യമായ പ്രകൃതിനശീകരണ ത്തെയാണ് ഹനുമാൻ ചോദ്യം ചെയ്യുന്നത്. കുരങ്ങുവർഗ്ഗമായ ഹനുമാൻ മനുഷ്യന്റെ പ്രകൃതിനശീകരണത്തെ എതിർക്കുന്നു. ഇവിടെ പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യനും അതിനെ വിലക്കുന്ന കുരങ്ങനും വായുവിന്റെ പുത്രന്മാരാണ് ഭൂമിയുടെ രണ്ട് സൃഷ്ടികളുടെ പ്രകൃതിയോടുള്ള സമീപനവ്യത്യാസം കൂടിയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. ഈ ഘട്ടത്തിൽ രാമചരിതം, കണ്ണശ്ശരാമായണം തുടങ്ങിയ രാമായണകൃതികളിലും, ഉണ്ണിയാടിചരിതം, കല്യാണസൗഗന്ധികം എന്നീ കൃതികളിലും മാത്രമാണ് പ്രകൃതിനശീകരണപരമായി പൊതുവെ പർവ്വതങ്ങൾ പരാമർശിക്കപ്പെട്ടു കാണുന്നത്

#### 4.1.1.3.3.2. കവിത്രകാലം

ഈ ഘട്ടത്തിൽ പൊതുവെ പർവ്വതങ്ങൾ നശീകരണരീതിയിൽ അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

#### 4.1.1.3.3.3. കവിത്രയത്തിനുശേഷമുള്ള കാലം

കാനനദേവതയുടെ അരമനവാതിലായി വടമലകളെ അവതരിപ്പിക്കുന്നു പി. കുഞ്ഞിരാമൻനായരുടെ 'മലമ്പുഴയിൽ' എന്ന കവിത. വെള്ളിക്കാശിനായി അവിടം നശിപ്പിച്ച് പുതിയ കെട്ടിടങ്ങൾ പണിയുന്നതായും കേരളത്തിന്റെ സൗന്ദര്യത്തിനു മാറ്റുകൂട്ടിയിരുന്ന മലനിരകളെ അറുകൊല ചെയ്യുന്നതായും കവിത വ്യക്തമാക്കുന്നു. 'നാവാമണൽപ്പുറത്ത്' എന്ന കവിതയിൽ

"പാരിടമിട്ടു കുലുക്കീ, വെടിവെച്ചു
കൂരിരുൾപ്പാറ തകർക്കുന്നൊരൊച്ചകൾ"(2005: 207)

എന്നിങ്ങനെ മനുഷ്യർ പാറകൾ തകർക്കുന്ന ഒച്ചകൾ കേൾക്കുന്നതായി കവിത വ്യക്തമാക്കുന്നു.

മനുഷ്യയത്നം ഭൂമിയെ വെല്ലും എന്ന ബോധമാണ് വൈലോപ്പിള്ളിയുടെ 'മലതുരക്കൽ' എന്ന കവിത ഉൾക്കൊള്ളുന്നത്. അച്ഛനും മകനുമാണ് കവിതയുടെ കേന്ദ്രത്തിൽ വരുന്നത്. പക്ഷികൾക്കുപോലും മുറിച്ചു പറക്കാൻ കഴിയാത്തത്രയും വലിയ പർവ്വതത്തെ തുരന്ന് ആവിവണ്ടികൾക്ക് ഊളിയിട്ടുപായാനുള്ള മാർഗ്ഗമുണ്ടാക്കുക എന്നതായിരുന്നു അവരുടെ ജോലി.

"നാടു നാകമാക്കീടുവാൻ വെമ്പും
നാഥരേൽപിച്ചൊരീപ്പണി കൊള്ളാം!" (2001: 145)

എന്ന ബോധം അച്ഛനുണ്ട്. ഇത്തരം പ്രവർത്തികൾ നാടിനെ നരകമാക്കുമെന്ന ബോധം പണിക്കാർക്കുണ്ടെങ്കിലും ആജ്ഞാനുവർത്തികൾ മാത്രമായ അവർക്ക് അതിനെതിരെ പ്രവർത്തിക്കാനാവുന്നില്ല. മലതുരക്കുന്നതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് അച്ഛൻ ആശങ്കപ്പെടുമ്പോൾ മനുഷ്യന്റെ ദൃഢനിശ്ചയവും അദ്ധ്വാനവും പ്രകൃതിയെ ജയിക്കാൻ സഹായിക്കും എന്ന ബോധമാണ് പുതുതലമുറയിലെ മകനുള്ളത്.

"മർത്ത്യനാഗ്രഹം പർവ്വതം നീല-
മുത്തുപോലെ തുളച്ചു നൂൽപാവാൻ;
നൽ പ്രകൃതിയെ, യീശനെ, നേർക്കും
തൽ പ്രയത്നമോ തൻകുഴിവെട്ടൽ" (2001:146)

എന്ന ബോധമാണ് ഇത്തരം ആശങ്കകൾക്കടിസ്ഥാനം പർവ്വതങ്ങളും മലകളും തുരന്ന് പാതകൾ നിർമ്മിക്കുന്ന മനുഷ്യപ്രവർത്തിയെ മഹത്വവൽക്കരിക്കുന്ന കവിത

അതുണ്ടാക്കുന്ന പാരിസ്ഥിതികാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കയും പ്രകടമാക്കുന്നു.

ചങ്ങമ്പുഴ, വയലാർ, ഇടശ്ശേരി എന്നിവരിൽ പ്രകൃതിനശീകരണസൂചനകളായി പർവ്വതങ്ങൾ ശ്രദ്ധേയമായ രീതിയിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.1.3.3.4. ആധുനികതാഘട്ടം

'സഹ്യന്റെ കാൽക്കൽ' എന്ന എൻ.എൻ. കക്കാടിന്റെ കവിതയിൽ സഹ്യനെ മുത്തച്ഛനായി കാണുന്നു. വഴിതോറും ചുവന്ന പൂവുകൾ വിരിയിച്ച് മുത്തച്ഛനെ കാണാൻ വരുന്നതായാണ് കവിത വ്യക്തമാക്കുന്നത്. കണ്ട്, യാത്രചോദിച്ച്, പ്രദക്ഷിണം വച്ച്, വന്ദിച്ച് പിന്നെക്കലമുടച്ച് പിന്തിരിഞ്ഞുനോക്കാതെ സഹ്യന് ഉദക്രിയചെയ്യാനാണ് തനിക്ക് ഒരുകാലത്ത് ആശ്രയമായിരുന്ന സഹ്യന്റെ കാൽക്കൽ മനുഷ്യർ എത്തുന്നത്. പൂർവ്വകാലങ്ങളിലെ അനുഭവങ്ങളിലേക്കാണ് പിന്നീട് ആഖ്യാതാവ് പ്രവേശിക്കുന്നത്. പണ്ട് കരിഞ്ഞമുഖവുമായ് ഒരു പെൺകിടാവിന്റെ കൈപിടിച്ച് എരിയുന്ന വയറുമായ് വന്ന മനുഷ്യനെ കവിത കാണുന്നു. നളകഥയാണ് ഇവിടെ പ്രസ്താവ്യം.[14] പിന്നീട് ധർമ്മപുത്രനായും രാമനായും വനത്തെയും സഹ്യപർവ്വതത്തെയും ആശ്രയിച്ചിരുന്ന വനാണ് മനുഷ്യൻ എന്ന് കവിത ബോധിപ്പിക്കുന്നു. അതുകൊണ്ടു തന്നെ തന്റെ വേരിതെന്ന് കവിത തിരിച്ചറിയുന്നു.

> "ഞാനിതു പിച്ചിപ്പറിച്ചെടുത്തേൻ,
> നോക്കൂ, പാതിയുമെലികടിച്ചിരിപ്പൂ
> ഇതു നോവുതാൻ നമ്മൾക്ക്
> ഇരുപേർക്കുമീ നോവു താങ്ങുക.
> തുമ്പിൽത്തലകീഴായിത്തൂങ്ങി-
> ക്കരയും പിതൃക്കൾ വീഴായ്വാൻ പോട്ടേ, വിട-
> "മാസ്തു പുനർദ്ദർശനായ" (2002:338)

എന്നാണ് കവിത അവസാനിക്കുന്നത്. നളനായും ധർമ്മപുത്രരായും രാമനായും കാടിനെയും സഹ്യനെയും ആശ്രയിച്ച മനുഷ്യർ അതിനെ പറിച്ചെടുക്കുന്ന രീതിയിലേക്ക് പരിവർത്തനപ്പെടുന്നു. പാതിയും എലി കടിച്ച് വേദനിച്ചിരിക്കുന്ന സഹ്യനെയാണ് കവിത അവതരിപ്പിക്കുന്നത്. സഹ്യന്റെ കാൽക്കീഴിൽ അഭയം തേടിയ മനുഷ്യർ തന്നെയാണ് പിൽക്കാലത്ത് എലിയായി പർവ്വതത്തെ പൊടിച്ചെടുക്കുന്നത്. 1972-ൽ രചിക്കപ്പെട്ട ഈ കവിത സൈലന്റ്‌വാലി സമരം നടക്കുന്ന സമയത്ത് രചിക്കപ്പെട്ടതാണ്.

കക്കാടിന്റെ 'മലയിടിച്ചിൽ' എന്ന കവിതയും പുതിയ പാരിസ്ഥിതിക സാഹചര്യങ്ങളെയാണ് പ്രതിപാദിക്കുന്നത്. പുതിയ വികസനസംരംഭങ്ങൾ പ്രകൃതിയെ ദുഷിപ്പിക്കുന്നതെങ്ങനെയെന്ന് കവിതയിൽ ചിത്രീകരിക്കുന്നു.

"ഈ തലയോടുകൂനകൾ കണ്ടു പേടിയാവുന്നുവോ?
പേടിക്കേണ്ട, ഇവ നിങ്ങളുടേതു തന്നെയാണ്" (2002:346)

എന്നാണ് കവിത ആരംഭിക്കുന്നത്. അതിരുകടന്ന വികസനനയങ്ങൾ മനുഷ്യന്റെ തന്നെ നാശത്തിലേക്കുള്ളതാണെന്ന സൂചനയാണ് ഈ വരികൾ നൽകുന്നത്. മലകളെയും കുന്നുകളെയും മനുഷ്യരുടെ സുഖസൗകര്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നതിനെ കവിത സൂചിപ്പിക്കുന്നു. കൂറ്റൻ ബംഗ്ലാവുകൾ പൂന്തോപ്പുകൾ, സ്വിമ്മിങ് പൂളുകൾ, എയർകണ്ടീഷണറുകൾ, ഫ്രിഡ്ജുകൾ എന്നിങ്ങനെ ആധുനിക സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് പ്രകൃതിയുടെയും അതിനൊപ്പം മനുഷ്യന്റെയും നാശത്തിനുള്ള സാധ്യത വർദ്ധിക്കുന്നു എന്നും കവിത വ്യക്തമാക്കുന്നു. പ്രകൃതിയുടെ നാശം മനുഷ്യന്റെ കൂടി നാശമാണെന്ന് ആശങ്ക പ്രകടിപ്പിക്കുന്നതിലൂടെ കവിത മനുഷ്യകേന്ദ്രിതത്വത്തിലാണ് ഊന്നുന്നത്. തങ്ങളുടെ അനുവാദത്തോടെ പർവ്വതങ്ങളെ തകർക്കുമ്പോഴും പുഴകളെ വിഷമയമാക്കുമ്പോഴും അതിനെയെല്ലാം വികസനത്തിന്റെ ലക്ഷണങ്ങളായി കരുതുകയും അതിൽ ആഹ്ലാദിക്കുകയും ചെയ്യുന്ന ജനങ്ങളും ജനപ്രതിനിധികളും പരിസ്ഥിതിനാശത്തിന്റെ ആക്കം കൂട്ടി.[15]

'കാടുകൾ പുതുതായി നഗരമാക്കപ്പെടുകയും
കുന്നുകൾ പുതിയ കുടീരകോടീരങ്ങൾ
അണിയുകയും ചെയ്യുന്നുണ്ടായിരുന്നു' (2002:348)

ഇത്തരം മാറ്റങ്ങളുടെ ഫലമായി പ്രകൃതി പലതരത്തിലും തിരിച്ചടി നൽകാൻ തുടങ്ങി. കുന്നുകൾ വിള്ളുകയും ഉരുൾപൊട്ടലുണ്ടാവുകയും ചെയ്തു. പാരിസ്ഥിതികമായ അസന്തുലിതാവസ്ഥയുടെ കാരണങ്ങൾ ബോധ്യമായെങ്കിലും അതിനെ പ്രതിരോധിക്കാൻ മനുഷ്യർ ഒന്നും ചെയ്തില്ലെന്നും കവിത അടയാളപ്പെടുത്തുന്നു. എന്നാൽ ശക്തിയായി ഒരു മഴ പെയ്താൽ ഉരുൾപൊട്ടലുണ്ടാകുന്ന അവസ്ഥയിലേക്ക് പ്രകൃതി പരിവർത്തനപ്പെട്ടതായും കവിത വ്യക്തമാക്കുന്നു.[16]

".... മഴ എപ്പോൾ പെയ്യും?
എപ്പോഴെങ്കിലും പെയ്യുമോ?

അതിനു ബുദ്ധിയില്ലല്ലേ'

വേണ്ടപ്പോൾ പെയ്യില്ല" (2002:349)

എന്നിങ്ങനെ പ്രകൃതിയെത്തന്നെ കുറ്റാരോപിതനാക്കി മനുഷ്യവർഗ്ഗം പിൻമാറി. മനുഷ്യന്റെ തലയോടുകളുടെ എണ്ണമാണ് വർദ്ധിച്ചുകൊണ്ടിരുന്നത് എന്നു ബോധിപ്പിക്കുന്നതിലൂടെ പാരിസ്ഥിതികപ്രതിസന്ധികളുടെ യഥാർത്ഥചിത്രമാണ് കവിത വെളിപ്പെടുത്തുന്നതെങ്കിലും മനുഷ്യകേന്ദ്രിതമായ പ്രകൃതിയുടെ അപചയത്തിലാണ് കവിത ഊന്നുന്നത്.

സമകാലപ്രാധാന്യം അർഹിക്കുന്ന 'പശ്ചിമഘട്ടം' എന്ന സുഗതകുമാരിയുടെ കവിത വൃക്ഷങ്ങളും പക്ഷിമൃഗാദികളും ചോലകളും പുല്ലും പൂക്കളുമെല്ലാം ചേർന്ന സമൃദ്ധമായ പശ്ചിമഘട്ടമലനിരകൾ മേഘങ്ങളെ തടഞ്ഞു നിർത്തി മഴപെയ്യിക്കുമെന്ന് വ്യക്തമാക്കുന്നു.[17]

"ഇതു സഹ്യപർവ്വതഹൃദന്തം! വസന്തമാ-

ണിവിടെയെന്നും മഴ പെയ്യുന്നു, നനയുന്നു,

കുളിരുന്നു ജീവസഹസ്രങ്ങൾതൻ സർഗ്ഗ

ചലനങ്ങൾ, ജനിമൃതികൾ, കേളി"(2017:23)

എന്നിങ്ങനെ ജൈവവൈവിധ്യ ഇടമായ പശ്ചിമഘട്ടമലനിരകൾ കരിമരുന്നുപയോഗിച്ച് മനുഷ്യർ പൊട്ടിച്ചു തകർക്കുന്നതായി സൂചിപ്പിക്കുന്നു. അതിന്റെ ഫലമായി ഉറവകൾ വറ്റുകയും മലകൾ മുറിപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ മുറിവേറ്റ മലനിരകൾ മനുഷ്യന് ദാരിദ്ര്യവും മരണവും ദാഹവും പ്രളയവും വിധിക്കുമെന്ന് കവിത ഓർമ്മിപ്പി ക്കുന്നു.[18] പർവ്വതത്തെ ചൂഷണം ചെയ്യുന്നതിനെയും പ്രത്യാഘാതങ്ങളെയും ശക്തമായി അവതരിപ്പിച്ച കവിത അവസാനഭാഗത്ത് അറിവില്ലാത്ത മക്കളോട് പൊറുക്കേണമേ എന്നു പറയുന്നതിലൂടെ മനുഷ്യപക്ഷത്ത് നിലയുറപ്പിക്കുകയും പരിസ്ഥിതിപ്രശ്നത്തെ നിസ്സാരവത്ക്കരിക്കുകയും ചെയ്യുന്നു. അറിവില്ലാത്ത കുഞ്ഞുങ്ങൾ ചെയ്യുന്ന വികൃതികളായി മാത്രം കവിത പരിസ്ഥിതിചൂഷണത്തെ കാണുന്നു.

മലകളെ നശിപ്പിക്കുന്നതിനെയും അതിന്റെ പ്രത്യാഘാതമായ വരൾച്ചയെയും 'ചൂട്ട്' എന്ന സുഗതകുമാരിയുടെ കവിത അവതരിപ്പിക്കുന്നു.

"ലോറിയിൽ തിക്കിയേറ്റുന്ന

കന്നുകാലികളെന്നപോൽ

ആരീ മലകളെക്കൊന്നു

കൊണ്ടുപോകുന്നു ചന്തയിൽ?" (2017:31)

എന്നിങ്ങനെ മലകളെ കൊന്ന് ലോറിയിൽ കയറ്റി വില്പനയ്ക്ക് കൊണ്ടുപോകുന്നതിനെ സൂചിപ്പിക്കുന്ന കവിത മലകളും കുന്നുകളുമെല്ലാം വില്പനച്ചരക്കുമാത്രമായ കാല ഘട്ടത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. കുന്നിന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചതാരാണെന്ന് ആശങ്കപ്പെടുന്ന കവിത (2017:31) കുന്നുകളുടെ നാശമുണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളെയും അടയാളപ്പെടുത്തുന്നു. 'മലമുകളിലിരിക്കെ' എന്ന കവിത മലമുകളിൽ നിന്ന് കാണുന്ന കാഴ്ചകളുടെയും അനുഭവങ്ങളുടെയും ആവിഷ്ക്കാരമാണ്. കിളികളും കാറ്റും മഞ്ഞുപുതച്ച ഇളവെയിലും പൂക്കളും മഴക്കാർ മൂടിയ മലനിരയും പരന്നു കിടക്കുന്ന പച്ചയും പുഴയുടെ ശബ്ദവും നിറഞ്ഞ കാഴ്ചയാണ് മലമുകളിൽ നിന്ന് കാണുന്നത്. ഇത്തരത്തിൽ മനോഹരമായ പ്രകൃതികാഴ്ചയ്ക്കു മുമ്പിൽ നഗരത്തിലെ പുകയും ചൂടും തിരക്കും പൊയ്മുഖവും ദൂരേക്ക് എറിഞ്ഞു കളയുന്നു കവയിത്രി. മലമുകളിലിരുന്ന് പ്രകൃതിയെ ആസ്വദിക്കുമ്പോഴും മഴപെയ്യാതെ വരണ്ട് കിടക്കുന്ന പ്രകൃതിയുടെ അവസ്ഥ കവിത അടയാളപ്പെടുത്തുന്നുണ്ട്.

വിലങ്ങൻ കുന്ന് വില്ക്കുന്നതിനെതിരായ കവി സമ്മേളനത്തിൽ പങ്കെടുക്കാനായി പോയപ്പോൾ വിലങ്ങൻ കുന്നിൽനിന്നു രചിച്ച കവിതയാണ് സച്ചിദാനന്ദന്റെ 'വിലങ്ങനിൽ' പെരിങ്കാങ്കുന്ന്, ചെട്ടിക്കുന്ന്, കോവിൽക്കുന്ന് (2016:400) എന്നീ കുന്നുകളെക്കുറിച്ചും ബാല്യത്തിൽ പൂവ് തേടി നടന്നതിനെക്കുറിച്ചും കവിത വിശദമാക്കുന്നു. കുന്നുകളിൽച്ചെന്ന് കാരപ്പഴവും പാണൽപ്പഴവും കടിച്ചുതിന്നതിന്റെ ഓർമ്മകളും കവിത പങ്കുവയ്ക്കുന്നു. പിന്നീട് നഗരത്തിൽ താമസമാക്കിയ കവിക്ക് കാരമുള്ളും പാണലിലയുടെ കയ്പും മാത്രമാണ് ബാക്കിയുണ്ടാവുന്നത്. അവർ തന്നെയാണ് പിന്നീട് സഹ്യപർവ്വതത്തിന് വിലയിടാനെത്തുന്നതെന്നും കവിത വ്യക്തമാക്കുന്നു.[19] നാഗരികജീവിതം പ്രപഞ്ചത്തിന് വില പറയുന്നു. കുയിലിന്റെ പാട്ടിനും നിലാവിനും ഇടവപ്പാതിക്കും വെയിലിനും പുഴയ്ക്കും കടലിനും പൂത്താങ്കീരിക്കും ഓലേഞ്ഞാലിക്കും അണ്ണാറക്കണ്ണനും വില പറയുന്ന ലോകമാണിതെന്നും കവിത ബോധിപ്പിക്കുന്നു. "ഭൂമിയെയും സഹോദരനായ ആകാശത്തെയും അയാൾ കാണുന്നത് വാങ്ങാനും കൊള്ളയടിക്കാനും കന്നുകാലികളെപ്പോലെയോ നിറംപിടിപ്പിച്ച മണിമാലകളെപ്പോലെയോ വിൽക്കാനുള്ള വസ്തുക്കളായി മാത്രമാണ്. അയാളുടെ ആർത്തി ഭൂമിയെ വിഴുങ്ങുകയും മരുഭൂമിയെ മാത്രം അവശേഷിപ്പിക്കുകയും ചെയ്യും" എന്നിങ്ങനെ

സിയാറ്റിൽമൂപ്പൻ ഭൂമി വില്പനച്ചരക്കാകുന്നതിന്റെ പ്രത്യാഘാതങ്ങളെ വിശദമാക്കുന്നുണ്ട് (2014:36). ഇത്തരത്തിൽ ഭൂമിയെ വില്പനവസ്തുവാക്കുന്ന മനുഷ്യമനോഭാവത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. 'വിലങ്ങൻ' കുന്നിന്റെ വില്പനയ്ക്കെതിരായി രൂപപ്പെട്ട ഈ കവിത പുതിയകാലത്തിന്റെ വില്പനരീതികളിലേക്കുകൂടിയാണ് വിരൽചൂണ്ടുന്നത്.

> "കുന്നുകൾ പുഷ്പിക്കട്ടേ
> കാടുകൾ പാടിക്കോട്ടേ
> വെള്ളമാകട്ടേ വെള്ളം
> നാടിതെൻ നാടാകട്ടെ" (2016:406)

എന്ന് ശുഭ പ്രതീക്ഷയും കവിത പുലർത്തുന്നു. പാരിസ്ഥിതികാവബോധത്തിന്റെ ഫലമായി രൂപപ്പെട്ട കവിതയാണിത്. സൈലന്റ്‌വാലി സമരത്തിന്റെയും മറ്റു പരിസ്ഥിതി സമരങ്ങളുടെയും പശ്ചാത്തലമുൾക്കൊള്ളുന്നു കവിത.

ഏഴിമലയിലെ കർഷകരെ കുടിയിറക്കി നേവൽ അക്കാദമി സ്ഥാപിക്കുന്നതിനെതിരെ രചിക്കപ്പെട്ട കവിതയാണ് സച്ചിദാനന്ദന്റെ 'ഏഴിമല'. ലക്ഷ്മണനെ പുനരുജ്ജീവിപ്പിക്കാനുള്ള ഔഷധത്തിനായി ഹനുമാൻ പർവ്വതമെടുത്ത് പറക്കുമ്പോൾ വിരലുകൾക്കിടയിലൂടെ പൊട്ടിച്ചിതറി രൂപപ്പെട്ടതാണ് ഏഴിമല. ആകാശത്ത് നിറഞ്ഞു നിൽക്കുന്ന മേഘങ്ങളെയും നക്ഷത്രങ്ങളെയും ഏഴിമലയുടെ മേൽക്കൂരയായി കല്പിക്കുന്നതിലൂടെ ഏഴിമല മഹാഗോപുരമാണെന്ന് കവിത വിശദമാക്കുന്നു. കുറിഞ്ഞിയുടെയും തഴുതാമയുടെയും പൊന്മയുടെയുമെല്ലാം ഇടമായിരുന്ന ആ മലയിലേക്ക് സവർണ്ണനും അധികാരിയുമായ മനുഷ്യൻ കടന്നു വരികയും ദളിതനെയും മറ്റു ജീവാലങ്ങളെയും അവിടെ നിന്ന് പുറത്താക്കുകയും വികസനത്തിന്റെ മാതൃകയായ നേവൽ അക്കാദമി സ്ഥാപിക്കുകയും ചെയ്യുന്നു.[20] ഇവിടെ അധിനിവേശം സംഭവിക്കുന്നത് ദളിതനും പരിസ്ഥിതിക്കും മേലാണ് കർഷകനും മുക്കുവനും പാണനും പുലവനും കൂത്തനമായ മനുഷ്യരെയാണ് ഇവിടെ ദളിതൻ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഏഴിമലരാജാവായിരുന്ന നന്നനെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്. അക്കാലത്തുണ്ടായിരുന്ന വൈവിധ്യമായ പ്രകൃതിയെ ഇല്ലായ്മ ചെയ്തുകൊണ്ടാണ് ഏഴിമലയിൽ നേവൽ അക്കാദമി സ്ഥാപിതമായതെന്ന് കവിത വ്യക്തമാക്കുന്നു.

ജി.കുമാരപിള്ള, ഒ.എൻ.വി, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവർ പർവ്വതത്തെ പൊതുവെ പ്രകൃതിനശീകരണ

സൂചനയായി പരാമർശിച്ചിട്ടില്ല.

**4.1.1.3.3.5. ആധുനികതാനന്തരഘട്ടം**

പി.പി. രാമചന്ദ്രന്റെ 'ജലസ്തംഭം' പാരിസ്ഥിതികവിനോദസഞ്ചാരത്തെ പ്രമേയമാക്കുന്ന കവിതയാണ്. പഠനയാത്രയ്ക്കായി മലകയറുന്ന പ്രണയിതാക്കളെയാണ് കവിത അവതരിപ്പിക്കുന്നത്. ഇടുക്കിയിലെ കുറവൻമലയും കുറത്തിമലയും ഇവിടെ പരാമർശിക്കപ്പെടുന്നു. ഈ മലകളിലാണ് പഠനയാത്രയ്ക്കായി അവർ എത്തിച്ചേരുന്നത്.

> "കഥ തുടങ്ങീ വഴികാട്ടി, 'പണ്ടൊരു
> കുറവനും തൻ കുറത്തിയും കൂടി ഈ ...'
> കഥയറിയാതെ നാം വന്മലകളായ്
> കുറവനായ് ഞാൻ, കുറത്തിയായ് നിന്നു നീ" (2015: 43)

എന്നിങ്ങനെ പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്ന വിനോദസഞ്ചാരരീതിയാണ് ഇവിട പരാമർശിക്കപ്പെടുന്നത്. ഇത്തരം യാത്രകൾ താല്ക്കാലികം മാത്രമാണ്. യാത്ര അവസാനിക്കുമ്പോൾ നഗരകോലാഹലങ്ങളിലേക്ക് വീണ്ടും അവർ എത്തപ്പെടുന്നു. നഗരജീവിതത്തിന്റെ മടുപ്പാണ് പലപ്പോഴും പാരിസ്ഥിതികവിനോദസഞ്ചാരത്തിന് പ്രേരണ നൽകുന്നത്. സ്വയം മലകളുടെ പ്രതിരൂപമായി മാറുന്ന പ്രണയിതാക്കളാണ് കവിതയിലുള്ളത്. പ്രകൃതിഭാവങ്ങളും മനുഷ്യഭാവങ്ങളും ഒന്നാകുന്നതായി കവിത സൂചിപ്പിക്കുന്നു.

വികസനപ്രവർത്തനങ്ങളുടെ ഫലമായി കുന്നും മലകളും ഇല്ലാതാകുന്ന സമകാലിക പാരിസ്ഥിതികപ്രശ്നത്തെ പി.പി. രാമചന്ദ്രന്റെ 'കാറ്റേ കടലേ' എന്ന കവിത പ്രതിനിധീകരിക്കുന്നു. അധികാരകേന്ദ്രങ്ങളുടെയും അധീശവർഗ്ഗത്തിന്റെയും താല്പര്യങ്ങൾ അധഃകൃതവർഗ്ഗത്തിനുമേൽ സ്ഥാപിക്കപ്പെടുന്നതിന്റെ സൂചനയും കവിതയിലുണ്ട്. അതുകൊണ്ടു തന്നെ പാരിസ്ഥിതികദളിത്‌വാദചിന്തകൾ കവിതയുടെ ഭാഗമാകുന്നു. കുന്നുകളെല്ലാം പേരുവിളിക്കുമ്പോൾ വരിവരിയായി ലോറിയിൽ കയറി നാലുവരിപ്പാതയായി മാറുന്ന അവസ്ഥയെ കവിത പ്രതിനിധാനം ചെയ്യുന്നു. പ്രകൃതിയുടെ മേൽ നടത്തുന്ന അധികാരപ്രയോഗങ്ങളുടെ സൂചനയാണിത് നല്കുന്നത്. പുതിയതലമുറയുടെ പ്രകൃതിവിരുദ്ധവും മനുഷ്യമാത്രപക്ഷവുമായ ചിന്താഗതികൾ വ്യക്തമാക്കുന്നതിന് കവിത ശ്രമിക്കുന്നുണ്ട്. കുന്നുകൾ ഇടിച്ചുനിരത്തി റോഡുകൾ നിർമ്മിക്കുന്ന പുതിയ വികസനരീതികളെയും കവിത അടയാളപ്പെടുത്തുന്നു. ജെ.സി.ബി ഉപയോഗിച്ച് മലകളും കുന്നുകളും മരങ്ങളും ഇടിച്ചു നിരത്തി നിർമ്മിക്കുന്ന

നാലുവരിപ്പാതകളാണ് വികസനം എന്ന ധാരണയെ പൊളിച്ചെഴുതുന്നു ഈ കവിത. മനുഷ്യന്റെ വികസനപ്രവർത്തനങ്ങൾ പ്രകൃതിയെ ബാധിക്കുന്നു എന്നു വ്യക്തമാക്കുന്ന കവിത പ്രകൃതിപക്ഷത്താണ് നിലകൊള്ളുന്നത്. 'സഹ്യനും അസഹ്യനും' എന്ന കവിത സഹ്യപർവ്വതത്തെ പ്രമേയവൽക്കരിക്കുന്നു.

2015-ലെ കലാപൂർണ്ണ ഓണപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതാണ് വി.എം. ഗിരിജയുടെ 'കുന്നിന്റെ പൊടി' എന്ന കവിത. കൃഷ്ണകഥയുമായി ബന്ധപ്പെടുത്തിയാണ് ഈ കവിത ആരംഭിക്കുന്നത്.

"കുടയായൊരു കുന്നെങ്കിൽ
കുളമാക്കാനുമായിടും
കുഴിക്കയാണ് ജെ.സി.ബി
കുഴയാക്കൈകൾ കൊണ്ടൊരാൾ" (2015:37)

ഗോവർദ്ധനഗിരിയെടുത്തുയർത്തി അതിനുകീഴിൽ സംരക്ഷണം നേടിയ കാലത്തിൽ നിന്നും ജെ.സി.ബി. കുന്നിനെ മാന്തിയെടുക്കുന്ന കാലത്തിലേക്കെത്തി നിൽക്കുന്നു മനുഷ്യർ. അതായത് പ്രകൃതിക്കുകീഴിൽ അഭയം തേടിയിരുന്ന നാം ജെ.സി.ബിയാൽ എല്ലാം തച്ചുടയ്ക്കുന്നു. സമസ്തജീവജാലങ്ങളും ഒന്നിനു കീഴിൽ കഴിഞ്ഞ അവസ്ഥയ്ക്കും പരിവർത്തനം സംഭവിക്കുന്നു. ജെ.സി.ബി. യുടെ ആക്രമണത്തിൽ ഭയന്ന് പറവകൾ, കീരികൾ, പാമ്പുകൾ, മുയൽ, മാൻ എന്നിവയെല്ലാം ഓടിയൊളിക്കുന്നു. എന്നാൽ മണ്ണിലൂന്നിയ കാലൂരാൻ കഴിയാത്ത മരങ്ങൾ, തോട്, തുമ്പികൾ, പൂമ്പാറ്റ, തേരട്ടകൾ, ഉറുമ്പുകൾ എന്നിവയാകട്ടെ

"മണ്ണിന്നടിയിലാക്കേണാ-
ത്താമസക്കാർ, കറുത്തവർ" (2015:37)

എന്നാണ് പരാമർശിക്കപ്പെടുന്നത് ഇതിലെ കറുത്തവർ എന്ന പരാമർശം ദളിത് വിഭാഗങ്ങളെ സൂചിപ്പിക്കുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനൊപ്പം കറുത്തവരെ (ദളിതരെ) സ്വന്തം ആവാസസ്ഥാനങ്ങളിൽ നിന്ന് ഓടിക്കുന്നു. പ്രകൃതിയിലെ ഇതരജീവികളെയെന്നപോലെ ദളിത്വിഭാഗങ്ങളെയും സ്വന്തം ആവാസയിടങ്ങളിൽ നിന്നും കുടിയിറക്കുന്നു. മണ്ണിനോട് ഏറ്റവും അടുത്തു നിൽക്കുന്ന ആദിവാസിദളിത് വിഭാഗങ്ങളെ മണ്ണിൽ നിന്നും പിഴുതുമാറ്റുന്നു ആധുനികവികസിതസമൂഹം.

കുന്നിന്റെ ഉറവകളെ മുലപ്പാലിനോടാണ് കവിത സാദൃശ്യപ്പെടുത്തുന്നത്. ആ

മുലപ്പാൽ നൊട്ടിനുണച്ചാണ് വയലുകളും തോടുകളും പുലർന്നത്. ഇവിടെ കുന്നിനെ സ്ത്രീരൂപമായി പരിഗണിക്കുന്നു. മക്കൾക്ക് മുലപ്പാൽ നൽകാനുള്ള സ്ത്രീയുടെ അഭിലാഷം പ്രകൃതിയിൽ ആരോപിച്ചിരിക്കുന്നു. ആ മുലപ്പാലിന്നുറവ വറ്റിവരളുന്ന അവസ്ഥയിലേക്കാണ് പ്രകൃതി മാറുന്നത്. കുന്നുകളെ പൊടിച്ച് പറത്തുകയും അവയുടെ വേരുപോലും ബാക്കിയാവാത്ത വിധത്തിൽ കുഴിച്ച് വില്ക്കുകയും ലേലം വിളിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കുന്നുകൾ പുഴക്കിയും പുഴ മോന്തിക്കുടിച്ചും തിമർക്കുന്ന അസുരന്മാരുടെ ഇടമായിരിക്കുന്നു കേരളം.

> "കടൽ കുന്നാക്കിയും കുന്ന്
> പുഴയാക്കിയൊഴുക്കിയും
> കളിച്ചകാലമേ, വേഗം
> നിന്നെക്കാളും പണത്തിനാം!?" (2015:37)

എന്ന സത്യത്തിലേക്കു കൂടി കവിത വിരൽ ചൂണ്ടുന്നു. പണത്തിന് മൂല്യം കല്പിക്കുന്ന പുതുതലമുറ പ്രകൃതിയെ പണം കൊണ്ടളക്കുന്നു. ഇവിടെ പ്രകൃതിയും സ്ത്രീയും അടിച്ചമർത്തപ്പെടുന്ന അവസ്ഥ ആവിഷ്ക്കരിക്കുന്നു. പ്രകൃതിയും സ്ത്രീയും ദളിതനും അടിച്ചമർത്തപ്പെടുന്നതിന്റെ ആവിഷ്ക്കാരമായതിനാൽ കവിതയിൽ പാരിസ്ഥിതിക സ്ത്രീവാദവും ദളിത്‌വാദവും സമന്വയിച്ചിരിക്കുന്നതായി പറയാവുന്നതാണ്.

വീരാൻകുട്ടിയുടെ 'വിളി' എന്ന കവിത മലമുകളിൽ നിന്നു കടലോരത്തേക്കു മാലയിട്ടു കൊണ്ടു വന്നവളെക്കുറിച്ചാണ്. തന്റെ ജീവിതപരിസരത്തിൽ നിന്നും മാറിയ അവൾക്ക് അവിടേക്കുതന്നെ തിരിച്ചുപോകാനുള്ള ആഗ്രഹമുണ്ടാകുന്നു. കടലിനെയും പരിസരങ്ങളെയും മലയായി സങ്കല്പിക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിയാതെ വന്ന അവൾ താഴ്‌വാരത്തിന്റെ വിളിക്കായി കാത്തിരിക്കുന്നു. മാറിടം തടവി മലകളാണെന്ന് സങ്കല്പിക്കുന്ന ഉറക്കത്തിൽ അവൾ ഓടി അടിവാരത്തുചെന്നു നിൽക്കുന്നതായി കവിത സങ്കല്പിക്കുന്നു.

> "മകളെ കയ്യേൽക്കാൻ
> എവിടെയും പൊയ്ക്കളയാതെ
> അവിടെത്തന്നെ ഉണ്ടാവണേ
> മലകളേ! മലകളേ!?" (2016: 308-309)

എന്ന ചിന്തയാണുണ്ടാവുന്നത്. ഇവിടെ പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ആത്മീയ ബന്ധം ആവിഷ്ക്കരിക്കുന്നതിനൊപ്പം സ്ത്രൈണകാമനയുടെ പ്രത്യക്ഷീകരണവും

നടത്തുന്നു. കൂടാതെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മലകളെക്കുറിച്ചും കവിത സൂചിപ്പിക്കുന്നു. ഭൂമി സീതയെ കയ്യേറ്റതുപോലെ മകളെ കയ്യേൽക്കാൻ അവിടെത്തന്നെ ഉണ്ടാവണേ എന്ന് മലകളോട് ആവശ്യപ്പെടുന്നു. സ്വന്തം ശരീരത്തിൽ പ്രകൃതിയെ ദർശിക്കുന്നു

വീരാൻകുട്ടിയുടെ 'ഇക്കോ-ടൂറിസം' എന്ന കവിതയിൽ നീലഗിരി, ഏഴിമല എന്നിവയെക്കുറിച്ച് പരാമർശമുണ്ട്. മനോഹരമായ നീലഗിരി മലകൾ ടൂറിസ്റ്റ് കേന്ദ്രമായതിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

"നീലഗിരി
ഇന്ന്
അവന്റെ
കുളമ്പിനു ചേർന്ന
ലാടംതന്നെ നീ
കുതിച്ചു പായുമ്പോൾ
ഉടൽജലം
തിളച്ചുതൂവുന്നതിനു
ഒത്തചുവട്ടിലെ
മിനുസം" (2016:51)

എന്നിങ്ങനെ നീലഗിരിയിലെ തീവണ്ടിപ്പാതയെ പരാമർശിക്കുന്നു. നീരാവിയാൽ ഓടിയിരുന്ന തീവണ്ടിയായിരുന്നു ഇവിടെയുണ്ടായിരുന്നത്. അപ്രകാരം ഓടുന്ന തീവണ്ടിയിൽ നിന്ന് ജലം തൂവുന്നതിനെ പരാമർശിക്കുന്നു. തീവണ്ടിയുടെ കുളമ്പിനു ചേർന്ന ലാടമായി നീലഗിരിമലകൾ മാറുന്നു. ഇക്കോടൂറിസമെന്നപേരിൽ അവിടവും പിടിച്ചടക്കുന്ന വികസനങ്ങളെ കവിത സൂചിപ്പിക്കുന്നു. ഏഴിമലയെക്കുറിച്ചും കവിതയിൽ പരാമർശമുണ്ട്. 'ഇൻസ്റ്റലേഷൻ' എന്ന കവിതയിൽ

"അവശേഷിക്കുന്ന കുന്നുകളെ
ഉരുക്കിൽ വാർത്തുവെയ്ക്കാമോ
യന്ത്രപ്പല്ലുകൾക്ക് തൊടാൻ പറ്റരുത്?" (2015: 34)

എന്നിങ്ങനെ യന്ത്രങ്ങൾക്ക് തൊടാൻ പറ്റാത്തവിധം അവശേഷിക്കുന്ന കുന്നുകളെ ഉരുക്കിൽ വാർത്തുവയ്ക്കാൻ ആവശ്യപ്പെടുന്നു. മനുഷ്യന്റെ പുരോഗമനം യന്ത്രങ്ങളുടെ രൂപത്തിൽ പ്രകൃതിയെ കീഴടക്കുന്നതിന്റെ ചിത്രമാണ് കവിതയിലുള്ളത്.

'പന്തുകായ്ക്കും കുന്ന്' എന്ന മോഹനകൃഷ്ണൻ കാലടിയുടെ കവിതയിൽ ജെ.സി.ബി തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് കുന്നിടിച്ച് മണ്ണുമാന്തുന്ന പരിസ്ഥിതി വിരുദ്ധപ്രവർത്തനത്തെ പരാമർശിക്കുന്നു. പരിസ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുന്ന വിഷയത്തെയും കുട്ടികവിതയുടെ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ബുൾഡോസറുകൾ മരങ്ങളെയും മലകളെയും കോരിയെടുത്ത് മാറ്റിയിടുന്നത് കണ്ട് ആനന്ദിക്കുകയും കൗതുകം കൊള്ളുകയും ചെയ്യുന്ന ബാല്യസഹജമായ പ്രതികരണ രീതിയാണ് മനുഷ്യവംശം പലപ്പോഴും പുലർത്തുന്നത്. അതാകട്ടെ വരാനിരിക്കുന്ന പ്രത്യാഘാതങ്ങളുടെ സൂചന കൂടിയാകുന്നു. മരങ്ങളും മലകളുമില്ലാത്ത സമനിരപ്പായ മരുഭൂമിയിലേക്കുള്ള വളർച്ചയാണ് സംഭവിക്കുന്നത്.

മോഹകൃഷ്ണൻ കാലടിയുടെ 'ഒന്നാനാംകുന്ന്' എന്ന കവിത കുന്നുകളുടെ പരിവർത്തനത്തെക്കുറിക്കുന്നു. കോളേജിനു പിന്നിലുണ്ടാവുന്ന കുന്നിൽ ഉച്ചയൊഴിവുകളിൽ നിറയാത്ത വയറുമായി കയറിയ ഓർമ്മകൾ വർഷങ്ങൾക്കിപ്പുറം കവിക്കുണ്ടാകുന്നു. മഴക്കാലത്ത് വഴുക്കലും വേനൽക്കാലത്ത് മുൾച്ചെടികളും ഉണ്ടാവും. അങ്ങോട്ട് കയറുമ്പോൾ ഇങ്ങോട്ട് ഉന്തിയിടുന്ന കാറ്റുണ്ടാവും. മേഘങ്ങൾ പാറി നടന്നിരുന്ന ആ കുന്നിൻ മുകളിൽ മുരുക്കിൻചോട്ടിൽ മയങ്ങിക്കിടന്നതും ഓർമ്മകളാണ്. കുന്നിൻ മുകളിൽ നിന്നും നോക്കുമ്പോൾ സോപ്പുപെട്ടിപോലെ തോന്നിയിരുന്ന ബസ്സുകളെക്കുറിച്ച് കവിത സൂചിപ്പിക്കുന്നുണ്ട്.

"ആ കുന്ന് ഞങ്ങൾക്ക്
മൈനാകവും എവറസ്റ്റും
ആൽപ്സും വിന്ധ്യനുമൊക്കെയായിരുന്നു.
കുന്നിന് ഞങ്ങൾ
ഹനുമാനും ടെൻസിങ്ങും
അഗസ്ത്യനുമെല്ലാമായിരുന്നു"(2013: 66)

ഇത്തരത്തിൽ കോളേജ് പഠനകാലത്ത് ഏറെ സ്വാധീനിച്ചതായിരുന്നു ആ കുന്ന്. ബെല്ലടി കേൾക്കുമ്പോൾ കുന്നിൽ നിന്ന് ഓടിയിറങ്ങിയിരുന്ന കാലത്തെയും കവി ഓർമ്മിക്കുന്നു. ഏറെക്കാലത്തിനുശേഷം ചെല്ലുമ്പോൾ കുന്നിനു മുകളിൽ മറ്റൊരു കോളേജ് വന്നതായും കയറിപ്പോകാൻ പടികളും വണ്ടികൾ കയറാൻ കറുത്ത പാതകളും വന്നതായും പരാമർശിക്കുന്നു. ഇപ്പോൾ പഴയ സന്തോഷമില്ലാതാവുകയും ചുറ്റും നോക്കുമ്പോൾ ഒന്നും കാണാതാവുകയും ചെയ്ത അവസ്ഥയുണ്ടാകുന്നു. കുന്നിന്റെ സ്വാഭാവികത

നഷ്ടപ്പെടുത്തിക്കൊണ്ട് മനുഷ്യവാസപ്രദേശമായി മാറുന്നതിനെ കവിത പരാമർശിക്കുന്നു. കവിതയിൽ മനുഷ്യന്റെ വിഹാരസ്ഥലത്തിന്റെ നഷ്ടമാണ് പരാമർശിക്കപ്പെടുന്നത്. കുന്നിന്റെ പരിണാമത്തെ വിഷയമാക്കുന്നെങ്കിലും പ്രകൃതി കേന്ദ്രിത വീക്ഷണത്തിലല്ല കവിത ഊന്നുന്നത്.

മണ്ണുമാന്തിയന്ത്രങ്ങൾ നശിപ്പിച്ച കുന്നുകളെയാണ് എസ്. ജോസഫിന്റെ 'പെങ്ങൾ' എന്ന കവിത ആവിഷ്ക്കരിച്ചിരിക്കുന്നത്. പെങ്ങളുമളിയനും വീടുവച്ച കുന്നിനെ മണ്ണുമാന്തിയെടുത്തപ്പോൾ പെങ്ങളുടെ വീടും പെങ്ങളുമെല്ലാം ഇല്ലാതാവുന്നു. അവർക്കു വേണ്ടിയാണ് കുന്നു പൊടിച്ചവനെ അയാൾ ശപിക്കുന്നത്.

> "കുന്നെടുത്തവൻ ഒരു
> കുഴിയായി വെന്തുരുകണം" (2013:48)

എന്നിങ്ങനെ മനുഷ്യനുണ്ടാക്കിയ നാശത്തിനോടുള്ള ദേഷ്യം പ്രകടമാക്കുന്നു. പരിസ്ഥിതി നശിക്കുന്നു എന്നതിനപ്പുറം തന്റെ ആളുകളെ നശിപ്പിച്ചതിനോടാണ് കവിത പ്രതികരിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യകേന്ദ്രിതമായ കാഴ്ചപ്പാടാണ് കവിത അവതരിപ്പിക്കുന്നത്.

വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ, സെബാസ്റ്റ്യൻ എന്നിവരുടെ കവിതകളിൽ താരതമ്യേന പർവ്വതങ്ങൾ പ്രകൃതി നശീകരണരീതിയിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

## 4.1.2. വെള്ളം

ജീവന്റെ അടിസ്ഥാനഘടങ്ങളിലൊന്നാണ് വെള്ളം. തടാകങ്ങൾ, കുളങ്ങൾ, കിണറുകൾ, തോടുകൾ, പുഴകൾ, സമുദ്രം എന്നിവയിൽ വെള്ളം നിറഞ്ഞിരിക്കുന്നു. ഭൂമിയിൽ കരയെക്കാൾ അധികം ജലമാണെങ്കിലും ജലക്ഷാമം നേരിടുന്ന അവസ്ഥയിലേക്കാണ് പ്രകൃതി പരിവർത്തനപ്പെട്ടിരിക്കുന്നത്. ചെറിയ ജലാശയങ്ങൾ, പുഴകൾ, സമുദ്രം എന്നിങ്ങനെ മൂന്നു വിഭാഗമായാണ് ഈ പ്രബന്ധത്തിൽ വെള്ളത്തെക്കുറിച്ച് പഠിക്കുന്നത്.

### 4.1.2.1. വെള്ളം പൊതുവായി

#### 4.1.2.1.1. വർണ്ണനകൾ

ഓരോ ഘട്ടത്തിലെയും തെരഞ്ഞെടുത്ത മലയാളകവിതകളിൽ വെള്ളത്തെക്കുറിച്ചുള്ള വർണ്ണനകൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

### 4.1.2.1.2. സദൃശകല്പനകൾ

#### 4.1.2.1.2.1. രൂപപരം

വെള്ളത്തെക്കുറിച്ചുള്ള രൂപപരമായ കല്പനകൾ ഏതുകാലഘട്ടത്തി ലെയും തെരഞ്ഞെടുത്ത മലയാളകവിതയിൽ പൊതുവെ ഇല്ലെന്നുതന്നെ പറയാം.

#### 4.1.2.1.2.2. ഭാവപരം

#### 4.1.2.1.2.2.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിലെ രണ്ടാം ഭാഗത്തെ തുവലുഴിയലും നാവൂറും ആരംഭിക്കു മ്പോൾ കവി ഇഷ്ടദേവതാവന്ദനം നടത്തുന്നു. ഇഷ്ടദേവതകളിൽ ജലത്തെയും.[21] വന്ദിക്കുന്നുണ്ട് ജലത്തെ ആരാധിക്കുന്ന മനോഭാവമാണ് ഇവിടെ കാണുന്നത്.

**4.1.2.1.2.2.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം എന്നിവയിൽ വെള്ളത്തക്കുറിച്ചുള്ള ഭാവപരമായ കല്പനകൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

#### 4.1.2.1.2.2.3. ആധുനികതാനന്തരഘട്ടം

വെള്ളം ജീവന്റെ ആധാരമാണെന്ന സത്യത്തെ വെളിപ്പെടുത്തുന്നു വി.എം. ഗിരിജയുടെ 'ജീവജലം' എന്ന കവിത. ജലം ജീവനാണ് എന്ന് കവിതയുടെ പേരുതന്നെ സൂചിപ്പിക്കുന്നു. വെള്ളം ഭൂമിയിലെത്തുമ്പോൾ പ്രകൃതിയിലെ ഓരോ ജീവനുമു ണ്ടാകുന്ന വ്യത്യാസങ്ങളെ കവിത അവതരിപ്പിക്കുന്നു. വെള്ളം പ്രകൃതിയിലെ ഓരോ വസ്തുവിനെയും പരിവർത്തനപ്പെടുത്തുകയും ജീവനാക്കി മാറ്റുകയും ചെയ്യുന്നു. കുടങ്ങളിലും ചെറിയ പാത്രങ്ങളിലും വരെ നിറയുന്ന ജീവനായി വെള്ളത്തെ അവതരിപ്പിച്ചിരിക്കുന്നു.

### 4.1.2.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.1.2.1.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ളകാലം എന്നിവയിൽ വെള്ളം പൊതുവെ നശീകരണപരമായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല

#### 4.1.2.1.3.2. ആധുനികതാഘട്ടം

ദമ്പതികൾക്കിടയിലെ സല്ലാപരീതിയിൽ രചിക്കപ്പെട്ട കവിതയാണ് കടമ്മനിട്ടയുടെ 'ശാന്ത'. ആ സല്ലാപങ്ങളിലൂടെ പാരിസ്ഥിതികമായ അരാജകത്വത്തെ കവിത വെളിപ്പെടു ത്തുന്നു. ഭാര്യയുമായുള്ള ഹൃദയബന്ധം വെളിപ്പെടുത്തിയതിനുശേഷം

"എന്ത്?

കുളിക്കാൻ വെള്ളമില്ലെന്നോ? കുടിക്കാൻപോലും?

വെള്ളമില്ലാഞ്ഞിട്ടു കുട്ടികളെ കുളിപ്പിച്ചില്ലെന്നോ?" (2015:185)

എന്നിങ്ങനെ കിണറും കുളവും കൈത്തോടും പുഴയും വരണ്ടുണങ്ങിയ പാരിസ്ഥിതികാവസ്ഥ വിവരിക്കപ്പെടുന്നു. പ്രകൃതിക്കുമേലുള്ള ഇടപെടലിന്റെ ഫലമായാണ് ഇത്തരം അനുഭവങ്ങൾ ഉണ്ടാവുന്നത്. അമിതമായ ജലഉപയോഗവും മലിനീകരണവും മരംമുറിക്കലും മഴയുടെ അളവ് കുറയ്ക്കുന്നതിനും അതിലൂടെ ജലക്ഷാമത്തിനും ഇടയാക്കുന്നു. വയലുകൾ വറ്റിവരണ്ട് തവളക്കരച്ചിലുകൾ കേൾക്കാനില്ലാത്ത അവസ്ഥയിൽ പരിസ്ഥിതി എത്തി നിൽക്കുന്നു. ജലക്ഷാമത്തിന്റെ രൂക്ഷമായ അവസ്ഥയിൽ

"കാഞ്ഞിരപ്പാറയിലെ നിലച്ച നീരുറയ്ക്കൽ

പാളയും പാത്രങ്ങളുമായി ആളുകൾ തിങ്ങിക്കൂടിയിരിക്കുന്നു.

അന്യോന്യം പുലഭ്യം പറയുകയും പുലയാട്ടുകയും ചെയ്യുന്നു?"(2015:186)

ഇങ്ങനെയുള്ള അവസ്ഥയിലേക്ക് ജനം മാറിയിരിക്കുന്നു. "പട്ടണങ്ങൾ ജലദൗർബല്യ അക്രമങ്ങൾക്കു കാരണമായിത്തീരുന്നു. 1985 മെയ്മാസത്തിൽ ജബൽപൂരിൽ ജലത്തിന്റെ പേരിൽ നടന്ന സംഘർഷങ്ങളിൽ പോലീസുകാരുൾപ്പെടെ നൂറുകണക്കിനാൾക്കാർക്ക് പരിക്കേൽക്കുകയുണ്ടായി. സാഗർ ജലരഹിതമായി കാരണം, 1985-ൽ ആദ്യമായി അവിടേക്ക് കുടിവെള്ളം പ്രധാനം ചെയ്തിരുന്ന ദേബസ നദി വരണ്ടുണങ്ങി ഒരു തൊട്ടി വെള്ളത്തിനു പത്തുരൂപ എന്ന തോതിൽ ജലം വില്ക്കപ്പെട്ടു. വിതരണം ചെയ്യപ്പെട്ട കുടിവെള്ളം ജനങ്ങൾ സൂക്ഷിക്കുന്നത് പോലീസ് സംരക്ഷണയിലും താഴിട്ടുപൂട്ടിയുമാണ്. പോലീസ് മേധാവി ഇതേക്കുറിച്ചു പറയുന്നതിപ്രകാരമാണ്. ഓരോ ടാങ്കറിനും ലോറിക്കുമൊപ്പം പോലീസുകാരെ നിറുത്തേണ്ട അവസ്ഥയാണ്. കാരണം വഴക്കുകളും ഡ്രൈവർമാർക്കു നേരെയുള്ള കൈയേറ്റങ്ങളും ജലം തട്ടിയെടുക്കാനുള്ള ശ്രമങ്ങളും അടിക്കടി ഉണ്ടാവുന്നു" എന്നിങ്ങനെ ജലക്ഷാമം അക്രമങ്ങൾക്കിടയായ സംഭവം ജീവന്റെ നിലനില്പ് എന്ന ഗ്രന്ഥത്തിൽ വന്ദനശിവ രേഖപ്പെടുത്തിയിട്ടുണ്ട് (2014:258). ഇത്തരത്തിലുള്ള ജലഅക്രമങ്ങളിലേക്ക് ലോകം പരിവർത്തനപ്പെടുന്നതിന്റെ ചിത്രം 'ശാന്ത' യിലും കാണാം ജലത്തിനായി അന്യോന്യം പുലഭ്യം പറയുകയും പുലയാട്ടുകയും ചെയ്യുന്ന ജനങ്ങളാണ് ശാന്തയിലുള്ളത്. പാരിസ്ഥിതിക അസന്തുലിതാവസ്ഥ ഗൃഹസംഭാഷണരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. 'ശാന്ത'സ്ത്രീപക്ഷവും

പരിസ്ഥിതിപക്ഷവുമാണ്. അതുകൊണ്ടു തന്നെ ഇക്കോഫെമിനിസത്തിന്റെ ചിന്താ ധാരയാണ് ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു പറയാം

വെള്ളം അമൃതിനുതുല്യം വിലപ്പെട്ടതായി മാറുന്ന കാലഘട്ടത്തിന്റെ പ്രതിനി ധാനമായി 'അമൃതം' എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയെ വിലയിരുത്താം. ഭൂമിയിൽ വെള്ളത്തിന്റെ അളവ് കുറയുകയും അമൃതുപോലെ അമൂല്യമായ ഘടകമായി മാറുകയും ചെയ്യുന്നു.

"തോടുകൾ വരണ്ടുപോയ്,
ഇന്നുണങ്ങിയ ചളി-
പ്പാടുകൾ മാത്രം, പണ്ടു
തെളിനീരൊഴുക്കുകൾ" (2016:126)

എന്ന വിധത്തിൽ തെളിനീരൊഴുകിയിരുന്ന തോടുകൾ ചളിപ്പാടുകൾ മാത്രമായി അവശേഷിച്ചിരിക്കുന്നു. "നദികളിലെയും മണ്ണിലെയും ജലചക്രങ്ങളെ തകിടം മറിക്കുന്ന വികസനരൂപങ്ങളുടെയും ന്യൂനീകരണവാദജ്ഞാനത്തിന്റെയും പരിണതഫലമാണ് വരൾച്ചയും മരുവത്ക്കരണവും. വൃഷ്ടിപ്രദേശത്ത് ഖനനം ആരംഭിക്കുകയോ വരുമാനവും ലാഭവും ഉണ്ടാക്കുന്നതിന് അവിടങ്ങളിലെ വനം നശിപ്പിക്കുകയോ വൻതോതിൽ കൃഷിയിറക്കുകയോ ചെയ്തതിനാലാവണം നദികൾ വരണ്ടുപോയത് " എന്ന് ജീവന്റെ നിലനിൽപ് എന്ന ഗ്രന്ഥത്തിൽ വന്ദനശിവ പറയുന്നുണ്ട് (2014:256). പാരിസ്ഥിതികമായ കൈയ്യേറ്റത്തിന്റെ ഫലമായി ജലസ്രോതസ്സുകൾ വരണ്ടുണങ്ങുന്ന അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. കന്നുകാലികളും ഒപ്പം മനുഷ്യരും ഒരു പച്ചപ്പുൽക്കൊടി തേടി നടക്കുന്ന കാലം വിദൂരമല്ല എന്ന ഓർമ്മപ്പെടുത്തലാണ് ഈ കവിത.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സ്നാനം' എന്ന കവിത ഷവർവെള്ളത്തെയാണ് വിഷയമാക്കുന്നത്.

"ഷവർ തുറക്കുമ്പോൾ
ഷവറിനു താഴെ
പിറന്ന രൂപത്തിൽ
നനഞ്ഞൊലിക്കുമ്പോൾ" (2016:206)

എന്നിങ്ങനെ ഷവർവെള്ളത്തെ പരാമർശിക്കുന്നു. വെള്ളത്തിൽ ആദ്യമായ് കുരുത്ത ജീവന്റെ തുടർച്ചയായാണ് ഈ നില്പിനെ കവിത വിലയിരുത്തുന്നത്. ആകാശവിടവി

ലൂടെ ശിവന്റെ തലയിൽ വീണ ഗംഗയും യോഹന്നാൻ യേശുവിൽ തളിച്ച തീർത്ഥവും നബി മരുഭൂമിയിൽപ്പെയ്ത തീർത്ഥവും ഒന്നു തന്നെയാണോ എന്ന് കവിത ചിന്തിക്കുന്നു. ജലം നീരാവിയായ് പോയാലും തിരിച്ചെത്തുന്നതുപോലെ മനുഷ്യരും മരിച്ചാലും വീണ്ടും മനുഷ്യരായ്ത്തന്നെ തിരിച്ചെത്തുമെന്നും കവിതയിൽ വ്യക്തമാക്കുന്നു. നദീജലത്തിൽ നിന്നും ഷവർജലത്തിലേക്കുള്ള പരിവർത്തനത്തെ കവിത അടയാളപ്പെടുത്തുന്നു. സാമ്പത്തികസാമൂഹികമേഖലകളുടെ പരിവർത്തനം ജലസ്രോതസ്സുകളിൽ വരുത്തിയ മാറ്റം കൂടിയാണ് കവിതയ്ക്കു വിഷയം.

കടമ്മനിട്ടയുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും കവിതയിൽ മാത്രമാണ് വെള്ളം പൊതുവെ പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.2.1.3.3. ആധുനികതാനന്തരഘട്ടം

വെള്ളം വില്പനവസ്തുവായി മാറിയത് സാധാരണ ജീവിതത്തെ ബാധിക്കുന്ന തായി തോന്നിയതിന്റെ ഫലമാണ് വിജയലക്ഷ്മിയുടെ 'ഇനിയെന്തു വിൽക്കും?' എന്ന കവിത. പ്രകൃതിഘടകങ്ങൾ വില്പനച്ചരക്കായി മാറിയതിനെ കവിത പ്രതിനിധാനം ചെയ്യുന്നു. പ്ലാച്ചിമടജലസംരക്ഷണസമരത്തിന്റെ ഭാഗമായി കോളക്കമ്പനിക്കനുകൂല മായുണ്ടായ വിധിയെ പരാമർശിച്ചുകൊണ്ട് രചിച്ച കവിതയാണ് 'അന്ധകന്യക'. ജലത്തെ അന്ധകന്യകയായും കോളക്കമ്പനിയെ ജലാസുരനായും കവിതയിൽ പരാമർശിക്കുന്നു. ജലാസുരനായ കോളക്കമ്പനിക്കെതിരെ ജനങ്ങൾ പ്രതിഷേധിച്ചെങ്കിലും നാടുവാഴുന്നവർ കമ്പനിക്ക് കൊടുത്ത അവകാശങ്ങളുടെ ഫലമായി കമ്പനി പ്ലാച്ചിമടയെ ധൂർത്തടിക്കുന്നു. ഭൂമിയിലും ആകാശത്തിലും എല്ലാ ദിക്കുകളിലും ഭൂഗർഭജലത്തിലും വിഷം കലർന്ന അവസ്ഥയുണ്ടാവുകയും ഭരണകൂടം കമ്പനിക്കൊപ്പം നിൽക്കുകയും ചെയ്യുന്നു.

> "അമൃതം, വിഷംചേർത്തു
>
> ക്രയവിക്രയം ചെയ്യാ-
>
> നധികാരി ഈ ജല-
>
> രാക്ഷസൻ, എന്നെന്നേക്കും" (2013: 303)

പ്ലാച്ചിമടയിലെ വെള്ളത്തിന്റെ ഉപയോഗം പിന്നീട് കമ്പനിയുടെ നിയന്ത്രണത്തിലാകുന്നു. കമ്പനിയുടെ ദയയിൽ ജനങ്ങൾക്ക് തങ്ങളുടെ അവകാശമായ ജലം ഉപയോഗിക്കേണ്ട അവസ്ഥയാണുണ്ടായത്. അറവുമൃഗങ്ങൾക്കുപോലും ദാഹജലം കൊടുക്കാത്ത കമ്പനിയുടെ ക്രൂരതയാണ് കവിതയ്ക്കു വിഷയം.

"കുടിച്ചു വറ്റിച്ചല്ലോ

നേർത്ത നീരുറവിന്റെ

പൊടിപ്പും! നൂറ്റാണ്ടൊന്നു

കഴിഞ്ഞില്ലതിൽ മുൻപേ" (2013: 304)

വളരെ വേഗത്തിലാണ് ആ പ്രദേശം മുഴുവൻ വരൾച്ച ബാധിച്ചത്. പ്ലാച്ചിമടയെന്ന ഗ്രാമം കോളക്കമ്പനിയുടെ വരവോടെ നേരിട്ട പാരിസ്ഥിതിക പ്രതിസന്ധിയെയാണ് 'അന്ധകന്യക' ചിത്രീകരിക്കുന്നത്. പ്ലാച്ചിമടയെന്ന ഗ്രാമത്തിന്റെ ജലചൂഷണ പ്രശ്നങ്ങളും ജനങ്ങളുടെ പ്രതിരോധവുമെല്ലാം കവിതയുടെ പരാമർശവിഷയങ്ങളാകുന്നു. ഇവിടെ ജലത്തിന് സ്ത്രീരൂപമാണ് കല്പിച്ചിരിക്കുന്നത്. ജലമിവിടെ അന്ധകന്യകയാണ്. അവളെ സ്വന്തം അധികാരത്തിനു കീഴിൽ നിർത്തുന്നു. സ്ത്രീയും പ്രകൃതിയും അടിച്ചമർത്തപ്പെടുന്നു. അതുകൊണ്ടുതന്നെ പാരിസ്ഥിതിക സ്ത്രീവാദ പശ്ചാത്തലം ഈ കവിതയിൽ കാണാം.

'ജലത്തോളം' എന്ന കവിത 'Have you given made love with water?' (2013: 286) എന്ന പരസ്യവാക്യത്തോടെയാണ് ആരംഭിക്കുന്നത്. ഏകാന്തത്തിൽ താൻ ജലത്തെ പ്രണയിച്ചിട്ടുണ്ടെന്ന് കവയിത്രി വ്യക്തമാക്കുന്നു. മഴക്കാലത്തിന്റെ സംഗീതം ആസ്വദിക്കുകയും ഈ വെള്ളത്തിൽ തോണിയൊഴുക്കി കളിക്കുകയും ചെയ്തുകൊണ്ട് വെള്ളത്തെ പ്രണയിച്ച ഓർമ്മകൾ വ്യക്തമാക്കുന്നു.

"എന്നാലടഞ്ഞ വാതിൽ സാക്ഷി,

അത്രമേൽ സ്വകാര്യമായ് ജലധാരയിൽ നിൽക്കെ" (2013: 286)

ജലത്തോടുള്ള സാമീപ്യത്തിന് പരിവർത്തനം സംഭവിക്കുകയും. മഴയിലും പുഴയിലും ഉള്ള വെള്ളത്തിനപ്പുറം കുളിമുറിയിലെ ജലധാരയിലേക്ക് മനുഷ്യർ ഒതുക്കപ്പെട്ടിരിക്കുകയും ചെയ്തു.

"പ്രണയിച്ചു ഞാൻ

ജലരാശിയെ

ജലത്തോളം" (2013: 286)

എന്നാണ് കവിത അവസാനിക്കുന്നത്. ജലസ്രോതസ്സുകളിൽ ഉണ്ടാവുന്ന പരിവർത്തനവും കവിതയിൽ സൂചിപ്പിക്കപ്പെടുന്നു.

'ജ്ഞാനമഗ്ദലന' എന്ന സമാഹാരത്തിലെ 'ജലവന്ദനം' എന്ന കവിത

ജലത്തിനുള്ള വന്ദനയാണ്. (2013: 67) 'മഴയ്ക്കപ്പുറം' എന്ന കവിത വീട്ടുമുറ്റത്തെ കിണറ്റുവെള്ളത്തെയാണ് പ്രമേയമാക്കുന്നത്. വീട്ടമ്മയായി ഒതുങ്ങിക്കഴിയേണ്ടിവരുന്ന ഒരു സ്ത്രീയുടെ അസ്വാതന്ത്ര്യത്തെയും മാനസികസംഘർഷങ്ങളെയും വീട്ടുമുറ്റത്തെ കിണറ്റുവെള്ളത്തിലൂടെ അവതരിപ്പിക്കുന്നു.

"വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
ഞാറ്റുവേലപ്പെയ്ത്തിലാർത്തുപൊങ്ങി
ആകാശം കാണുവാനെത്തിനോക്കി
ആവാതെയപ്പോഴേ താണിറങ്ങി" (2013:328)

എന്നിങ്ങനെ കിണറ്റിലെ വെള്ളം ആകാശം കാണാൻ താല്പര്യപ്പെടുന്നു. മറ്റു ജലാശയങ്ങളിലെ ജലത്തിനുള്ള സ്വാതന്ത്ര്യം ഒരിക്കലും കിണറ്റുവെള്ളത്തിന് ലഭിക്കുന്നില്ല. പുഴയിലേക്കോ കടലിലേക്കോ പോകാനാവാതെ കറുത്ത നിറത്തെ മാത്രം ഉള്ളിലൊതുക്കി തിരകളോ കയങ്ങളോ ഇല്ലാതെ കഴിയുന്നവളാണ് കിണറ്റിലെ വെള്ളം. പുഴയിലെ പോലെ വെള്ളാരങ്കല്ലും പരൽമീനും മുങ്ങിക്കുളിക്കുന്ന കൊമ്പനും സന്ധ്യയുടെ ചുവപ്പും അന്യമായ അവസ്ഥയാണ് കിണറ്റുവെള്ളത്തിനുള്ളത്.

"വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
വീർപ്പടക്കിക്കൊണ്ടൊതുങ്ങിനിന്നു
ആർദ്രമൗനത്തിന്നകത്തനന്തം
ദീപ്തനക്ഷത്രങ്ങൾ വിൺതുറന്നു" (2013:329)

ഇത്തരത്തിൽ അസ്വാതന്ത്ര്യത്തിന്റെ കിണറ്റിലകപ്പെട്ട വീട്ടമ്മമാരെ കവിത പ്രതിനിധാനം ചെയ്യുന്നു. സ്ത്രീയുടെ അടിച്ചമർത്തപ്പെട്ട ജീവിതത്തെ വെള്ളമെന്ന പാരിസ്ഥിതിക ഘടകത്തിലൂടെ പ്രതീകവത്കരിക്കുന്നു. വീട്ടുമുറ്റത്തുള്ള കിണറും വീട്ടമ്മമാരും തമ്മിലുള്ള അടുപ്പത്തിന്റെ കൂടി തിരിച്ചറിവാണ് കവിതയിൽ സംഭവിക്കുന്നത്. പുഴ, കടൽ, കുളം തുടങ്ങിയ ജലാശയങ്ങളിലെ വെള്ളവുമായി താരതമ്യപ്പെടുത്തുമ്പോൾ കിണറ്റിലെ വെള്ളത്തിനുള്ള അസ്വാതന്ത്ര്യം തന്നെയാണ് വീട്ടിലൊതുങ്ങുന്ന സ്ത്രീക്കുമുള്ളത്.

സമകാലിക പരിസ്ഥിതി പ്രശ്നങ്ങളുടെ ആഴത്തിലുള്ള വിലയിരുത്തലാണ് വീരാൻകുട്ടിയുടെ 'വാട്ടർ അതോറിറ്റി'. ഇന്നത്തെ ജല ഉപയോഗത്തിന്റെ രീതികളെയാണ് കവിത അടയാളപ്പെടുത്തുന്നത്. ആധുനികീകരണം കുളത്തെയും കിണറിനെയും മറ്റു

ജലസ്രോതസ്സുകളെയുമെല്ലാം പുതിയ രൂപത്തിലേക്ക് മാറ്റുന്നു. കുളങ്ങൾക്കു പകരം ബാത്ത് ടബ്ബുണ്ടാവുകയും കിണറിന് പകരം കുഴൽകിണറാവുകയും മുറ്റം മുഴുവൻ കോൺക്രീറ്റുമൂടി മഴവെള്ളത്തിന്റെ സഞ്ചാരപാത അതിലൂടെയാക്കുകയും ഉറവിനെ ഇരുട്ടിന്റെ തുരങ്കത്തിലാക്കുകയും ചെയ്യുന്ന കൈകടത്തലിന്റെ രാഷ്ട്രീയമാണ് ഇവിടെ പ്രവർത്തിക്കുന്നത്. പ്രകൃതിയിലെ സ്വാഭാവിക ജലസ്രോതസ്സിനെ മനുഷ്യന്റെ സൗന്ദര്യ സങ്കല്പത്തിനും സൗകര്യത്തിനുമനുസരിച്ച് പരിവർത്തനപ്പെടുത്തുന്നു. വെള്ളത്തെ ക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ മാറുന്ന കാലഘട്ടത്തെയാണ് 'വാട്ടർ അതോറിറ്റി' പ്രതിനിധാനം ചെയ്യുന്നത്.

"സിറിഞ്ചിലൂടെ
തുള്ളിതുള്ളിയായി
നനയാം
തുഷാരഗിരി
മിനറൽ വാട്ടറിൽ
ജലസമാധി" (2016:38)

അതിരുകടന്ന വികസനനയങ്ങൾ മൂലം സ്വാഭാവിക ജലധാരകൾ അന്യം നിന്നപ്പോൾ സിറിഞ്ചിലൂടെ അതിനെ പുനഃസൃഷ്ടിക്കുന്ന രീതിയാണ് പുതിയ തലമുറയുടേത്. പ്രകൃതിയുടെ തനിമയ്ക്കു പകരമായി കൃത്രിമത ആസ്വദിക്കുന്നതിലാണ് ഇന്ന് ജനത്തിന് താല്പര്യം. കുടിക്കുന്നതിനും കുളിക്കുന്നതിനും പണം കൊടുത്ത് കുപ്പിവെള്ളം വാങ്ങുന്ന പുതിയ നാഗരികത സംസ്കാരത്തെയാണ് കവിത അവതരിപ്പിക്കുന്നത്. സാമ്പത്തിക രാഷ്ട്രീയ മേഖലകളിലുള്ള സമൂഹത്തിന്റെ പുരോഗതി ജല ഉപയോഗത്തിലും മാറ്റമുണ്ടാക്കുന്നു. സാമ്പത്തിക പുരോഗതിയില്ലാതിരുന്ന ഘട്ടത്തിൽ ജലം സമൃദ്ധമായിരുന്നു. പുതിയ കാലഘട്ടത്തിൽ സമ്പത്ത് വർദ്ധിക്കുകയും ജലം വില്പനച്ചരക്ക് മാത്രമായി മാറുകയും വെള്ളത്തിന് സ്വകാര്യകുത്തകാവകാശങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. പ്രകൃതിയെ വില്പനച്ചരക്കാക്കുന്ന സമകാലിക ജീവിതാവസ്ഥയെയാണ് 'വാട്ടർ അതോറിറ്റി' പ്രതിനിധാനം ചെയ്യുന്നത്.

ജലരാഷ്ട്രീയത്തിന്റെ വെളിപ്പെടുത്തലുള്ള കവിതയാണ് വീരാൻകുട്ടിയുടെ 'കുടിവെപ്പുകൾ' ആരോഗ്യകരമായ പാനീയങ്ങളുടെ സ്ഥാനം വിഷപാനീയങ്ങൾ ഏറ്റെടുത്ത സമകാലിക അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. മോരുവെള്ളവും കോളയും തമ്മിലുള്ള വ്യത്യാസങ്ങളെ സൂചിപ്പിക്കുന്ന കവിത

പ്ലാച്ചിമടയിൽ സ്ഥാപിതമായ കോളക്കമ്പനിക്കെതിരെയുള്ള ശബ്ദം കൂടിയായി മാറുന്നു. മോരുവെള്ളത്തിന്റെ ശുദ്ധിയും സ്നേഹഭാവവും പാരമ്പര്യവും ഇല്ലാത്ത പാനീയമാണ് കോള. മോരുവെള്ളത്തിന് ഓർമ്മയിലൂടെ ഒരകിടിലേക്കും അമ്മയിലേക്കും അതിലൂടെ പുല്ലിന്റെ പച്ചയിലേക്കും വഴികളുണ്ട്. പുല്ലിന്റെ പച്ചയിലേക്കുള്ള വഴി പ്രകൃതിയിലേ ക്കുള്ള വഴി തന്നെയാണ്. അതായത് പ്രകൃതിയുടെ ആരോഗ്യപൂർണ്ണമായ ജലരൂപമാണ് മോരുവെള്ളം. ദളിതരുടെയും ദരിദ്രരുടെയും രുചിയായും കണ്ണന്റെ വായിലെ വെള്ളമായും അതിന് സ്ഥാനമുണ്ട്.

> "കോളേ....
> നീ
> അവന്റെ ദാഹത്തിൽ
> അമ്ലമഴ ചാറ്റി
> ഉദരത്തിൽ
> അജീർണ്ണിച്ചു" (2016:71)

എന്നിങ്ങനെ രസങ്ങളിൽ സ്ഥാനമില്ലാത്ത കോളയുണ്ടാക്കുന്ന ആരോഗ്യപ്രശ്ന ങ്ങളെയും കവിത അവതരിപ്പിക്കുന്നു. കോളയുടെ പ്രതാപമൊന്നും മോരുവെള്ളത്തിന്റെ പ്രതാപത്തെ ബാധിക്കില്ല എന്ന് കവിത വ്യക്തമാക്കുന്നു. പാരമ്പര്യമായ പാനീയങ്ങളും ഭക്ഷണങ്ങളും ഇല്ലാതാവുകയും പകരം വിഷലിപ്തമായ ഭക്ഷണങ്ങൾക്ക് പ്രാധാന്യ മേറുകയും ചെയ്യുന്ന സമകാലിക അവസ്ഥയെക്കൂടിയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. ഏറ്റവും സമൃദ്ധമായിരുന്ന ജലം കമ്പോളവത്ക്കരിക്കപ്പെടുകയും കുത്തകക്കമ്പനികൾ വിഷാംശങ്ങൾ കലർത്തി നിറംവരുത്തി കുപ്പികളിൽ വിറ്റഴിക്കുകയും അതുവാങ്ങി ഉപയോഗിക്കുകയും ചെയ്യുന്ന സമൂഹത്തെയും കവിത പ്രതിനിധീകരി ക്കുന്നു. 'വെള്ളം വെള്ളം' എന്ന കവിതയിൽ മരണം അടുത്തെത്തിയ ആളുടെ വെള്ളം വെള്ളം എന്ന ശബ്ദത്തെ ആവിഷ്ക്കരിക്കുന്നു. ആ ശബ്ദം ദാഹത്തെയല്ല ഉപേക്ഷിച്ചു പോകാൻ മടിയുള്ള വസ്തുവിന്റെ ഓർത്തെടുക്കലിനെയാണ് സൂചിപ്പിക്കുന്നത് (2016:177).

മോഹനകൃഷ്ണൻ കാലടിയുടെ 'വെടിവെച്ചുകൊല്ലുംമുമ്പ്' എന്ന കവിതയിൽ വെള്ളത്തിന്റെ അപര്യാപ്തത വിഷയമാകുന്നു. വെടിവെച്ചുകൊല്ലും മുമ്പേ ഒരു തുള്ളി വെള്ളമെങ്കിലും തരണമെന്ന ആവശ്യം നിരാകരിക്കപ്പെടുന്നു.

> "വെള്ളമെന്നുള്ളത് നിന്റെ സാമ്രാജ്യത്തി-
> ലില്ലാത്ത വസ്തുവാണെന്നോ" (2013:152)

എന്ന് ചോദിക്കേണ്ടിവരുന്നു. മരണഘട്ടത്തിൽ കുടിക്കാനുള്ള ഒരു തുള്ളിക്കു വേണ്ടിയുള്ള ദാഹമാണിത്. അതുപോലും അസാധ്യമായവിധം ഭൂമിയുടെ വരൾച്ച സംഭവിക്കും എന്ന മുന്നറിയിപ്പുകൂടിയായി കവിത മാറുന്നു.

അദ്ദേഹത്തിന്റെ 'വറ്റിയ ഭൂമി' എന്ന കവിതയും സമാനമായ അവസ്ഥയാണ് വ്യക്തമാക്കുന്നത്. പുഴയും തോണിയും നിലാവും മരപ്പാവയുടെ ഉമിനീരും കുളവും പടവിലെ പകൽക്കിനാക്കളും പരൽമീനും മരത്തിന്റെ ചിറകും കിണറും ചോരയും ചിരിയും കരച്ചിലും എല്ലാം വറ്റിയ അവസ്ഥയെയാണ് കവിത ചിത്രീകരിക്കുന്നത്.

"ഒടുക്കത്തെ കുടത്തിന്മേൽ പറന്നുവന്നിരിക്കുമ്പോൾ
പിതൃക്കൾക്ക് മിഴിയിലെച്ചരലും വറ്റി" (2013:143)

എന്നിങ്ങനെ പ്രകൃതി മുഴുവൻ വറ്റിയ അവസ്ഥയെ കവിത ചിത്രീകരിക്കുന്നു.

സെബാസ്റ്റ്യന്റെ 'നിശബ്ദതയിലെ പ്രകാശങ്ങൾ' എന്ന സമാഹാരത്തിലെ 'വെള്ളത്തോട്' എന്ന ഭാഗത്ത് വെള്ളത്തിനുവേണ്ടിയുള്ള യുദ്ധത്തെ പരാമർശിക്കുന്നു. 2025 നുശേഷം ശുദ്ധജലത്തിനായി ചേരിതിരിവുകളും യുദ്ധങ്ങളുമുണ്ടാകുമെന്ന മുന്നറിയിപ്പ് കൂടിയായി കവിത മാറുന്നു. വെറും വില്പനവസ്തു മാത്രമായി മാറിക്കൊണ്ടിരിക്കുന്ന വെള്ളം കാശു കൊടുത്താലും കിട്ടാത്ത വിധത്തിൽ അപ്രത്യക്ഷമാകുന്ന ആഗോളീകരണകാലത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്.

റഫീക്ക് അഹമ്മദ്, പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ, എസ്. ജോസഫ് എന്നിവരുടെ കവിതകളിൽ പൊതുവെ വെള്ളം നശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.2.2. ചെറിയ ജലാശയങ്ങൾ

തോടുകൾ, തടാകങ്ങൾ, കുളങ്ങൾ, കിണറുകൾ എന്നിവയെ ചെറിയ ജലാശയങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജലാശയങ്ങൾ എങ്ങനെ നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്തകവിതകളിലും അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

മുറ്റത്തെ ചെപ്പിനടപ്പില്ല, നൂറാന വന്നാലും എടുത്തു മാറ്റാൻ പറ്റാത്ത വട്ടചെമ്പ് (കിണർ), ഇപ്പൊക്കുത്തിയ കിണറിൽ പത്തഞ്ഞൂറ് കളപ്പരല് (അരി തിളയ്ക്കുന്നത്) എന്നിങ്ങനെ ചെറിയ ജലാശയങ്ങളിൽ കിണറുമായി ബന്ധപ്പെട്ട ചൊല്ലുകളാണുള്ളത്, തോട്, തടാകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കടങ്കഥകൾ അപൂർവ്വമാണ്.

കടല് ചാടാനാവതുണ്ട് തോട് ചാടാനാവതില്ല, പലതോട് ആറായിപ്പെരുകും, പുര കത്തുമ്പോൾ കിണർ കുഴിക്കുക, കടലു കടന്നു വന്ന കന്നാലി കുളത്തിൽ മുങ്ങിച്ചത്തു, കൊക്കെത്രകുളം കണ്ടതാ, മഞ്ഞു പെയ്താൽ കുളം നിറയുമോ, കുളിച്ചകുളം മറക്കുക, വലയിൽ നിന്നു പോയാൽ കുളത്തിൽ കുളത്തിൽ നിന്നു പോയാൽ വലയിൽ എന്നിങ്ങനെ കിണറും കുളവും തോടുകളുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളുണ്ട്.

#### 4.1.2.2.1. വർണ്ണനകൾ

##### 4.1.2.2.1.1. പ്രാചീനമധ്യകാലഘട്ടം

'രാമചരിത'ത്തിൽ രാമലക്ഷ്മണന്മാർ ലങ്കാനഗരത്തിലേക്ക് യാത്ര ചെയ്യുന്ന സന്ദർഭത്തിൽ കാനനയാത്രയെക്കുറിച്ച് പറയുമ്പോൾ "പൊഴിയും മലർച്ചെഴും തെളിചാടിയോടിവരിന്റെ തോടും" (1971:22) എന്ന പരാമർശമുണ്ട്. അതായത് പൊഴിയുന്ന പൂക്കളിൽ നിന്ന് കൊഴുത്ത പൂന്തേൻ ഒഴുകി വരുന്ന തോടുകളുള്ളതായി പറയുന്നു.

സീതാവിരഹം അനുഭവിക്കുന്ന ഘട്ടത്തിൽ പമ്പാതീരത്തെ പ്രകൃതിമനോഹാരിത രാമനെ ദുഃഖിതനാക്കുന്നതായി 'രാമകഥപ്പാട്ടിൽ' പറയുന്നു. (2012:544) പുതുപൂക്കൾ വിരിഞ്ഞുനിൽക്കുന്ന മനോഹരമായ തടാകത്തെക്കുറിച്ചാണ് അവിടെ പരാമർശിക്കുന്നത്. ഇത്തരത്തിൽ രാമായണകൃതികൾ തടാകങ്ങളെ മനോഹരമായി പല സന്ദർഭങ്ങളിലും വർണ്ണിക്കുന്നുണ്ട്.

'കൃഷ്ണഗാഥ'യിൽ ശരത്കാലവർണ്ണനയിൽ ദേഷ്യത്തോടെ കലങ്ങി മറിഞ്ഞിരുന്ന വർഷകാലജലത്തിന്റെ രീതിമാറി ജലാശയങ്ങൾ തെളിഞ്ഞു നിന്നതായി പറയുന്നു.

> "വേഗത്തിൽ പായുന്ന തോയങ്ങളെല്ലാമേ
> വേഗം കുറഞ്ഞു ചമഞ്ഞുതപ്പോൾ
> പ്രേമം കുറഞ്ഞുള്ള കാമുകന്മാരെല്ലാം
> കാമിനിമാർ വീട്ടിൽ പോകുമ്പോലെ" (2003:139)

എന്നാണ് കവിവർണ്ണന വർഷകാലം കഴിഞ്ഞതോടെ ജലാശയങ്ങളിലെ നീരൊഴുക്ക് കുറഞ്ഞ് പതുക്കെയായി എന്നർത്ഥം. മഴക്കാലത്ത് ജലാശയങ്ങൾ ശക്തമായി ഒഴുകുന്നത് ശക്തമായ പ്രേമത്തെയും ശരത്കാലത്ത് വേഗം കുറയുന്നത് പ്രേമത്തിന്റെ ശക്തി കുറയുന്നതിനെയും സൂചിപ്പിക്കുന്നു.

'ഉണ്ണുനീലിസന്ദേശ'ത്തിൽ അങ്ങാടി വർണ്ണന കഴിഞ്ഞ് കരിപ്പൂങ്കുളം കൊട്ടാരത്തി ലെത്തുമ്പോൾ ചന്ദ്രൻ അഷ്ടമുടിക്കായലിൽ ഉദിച്ചുയരുന്നതായി വർണ്ണിക്കുന്നു. അവിടെ

നിന്ന് പുതിയപൊഴി (നീണ്ടകരപ്പൊഴി) കടന്നുപോവുക എന്നാണ് പറയുന്നത്. അഷ്ടമുടിക്കായലും കടലും ചേരുന്നിടം അഴിയായിരുന്നെന്നും അത് പിന്നീട് പൊഴിയായെന്ന് സങ്കല്പിക്കാമെന്നും വ്യാഖ്യാതാവ് അഭിപ്രായപ്പെടുന്നു.

'ഉണ്ണിയാടിചരിത'ത്തിൽ

"കമലപ്പൊടി (ക?കൊ)ണ്ടു പുഞ്ചിരിക്കൊ
ണ്ടിതമുണ്ടായി മധുപാരവൈ: പറഞ്ഞ്,
വളർപൊയ്കകളൊത്തു യത്ര തണ്ണീർ
പഥി പാതും പഥികാ(ൻ) നിമന്ത്രയന്തി" (2016:87)

എന്നിങ്ങനെ ഓടിനാടിന്റെ ഭംഗി വർണ്ണിക്കുന്നു. അവിടുത്തെ താമരപ്പൊയ്കകൾ താമരപ്പൂമ്പൊടികൊണ്ട് പുഞ്ചിരിതൂകുകയും വണ്ടിന്റെ ശബ്ദത്തിൽ വഴിയാത്രക്കാരോടു സംസാരിച്ചും യാത്രക്കാരെ കുളിർത്തവെള്ളം കുടിക്കാൻ ക്ഷണിക്കുന്നു. ഓടനാട്ടിലെ താമരപ്പൊയ്കകളുടെ മനോഹാരിതയും ശുദ്ധിയുമാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. ചുറ്റുമുള്ള മലമുകളിൽനിന്ന് ഉയർന്നുപരന്നൊഴുകുന്ന അരുവികളിലെ വെള്ളം പാറക്കൂട്ടങ്ങളിൽ തട്ടി നിരന്തരം വീണുകൊണ്ടിരിക്കുന്നതിനെ തല കുനിക്കാതെ കുടിച്ച് വളരുന്ന പുല്ലുകളുള്ള സ്ഥലം എന്ന് മഹോദയപുരത്തെ വിശേഷിപ്പിക്കുന്നു.

'കല്യാണസൗഗന്ധിക'ത്തിൽ സൗഗന്ധികപുഷ്പാഹരണത്തിനായി ഭീമൻ സൗഗന്ധികപ്പൊയ്കയിലെത്തുന്നു. ധനേശ്വരന്റെ കാവൽക്കാരാൽ സുരക്ഷിതമായി നിലക്കൊള്ളുന്ന ഈ പൊയ്ക വണ്ടുകൾ, ചക്രവാകങ്ങൾ, വിവിധതരം പൂക്കൾ, വിരിഞ്ഞുനിൽക്കുന്ന സൗഗന്ധികപ്പൂവ് എന്നിവയാൽ മനോഹരമാണെന്ന് കവി വ്യക്തമാക്കുന്നു.

തിരുനിഴൽമാല, ചന്ദ്രോത്സവം, നളചരിതം, എന്നിവയിൽ പൊതുവെ ചെറിയ ജലാശയങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല.

#### 4.1.2.2.1.2. കവിത്രയകാലം

കുമാരനാശാന്റെ 'നളിനി'യിൽ കാട്ടിലുള്ള താമരപൊയ്കയെക്കുറിച്ച് പരാമർശ മുണ്ട്. നാട്ടിലെ പൂങ്കാവനത്തിലെ കുളങ്ങളെക്കാൾ മനോഹരമായ പൊയ്ക കാട്ടിലുള്ള തായും അവിടെ മനോഹരമായ താമരപൂക്കൾ വിരിയുന്നതായും പരാമർശമുണ്ട് (2013:59). നവോത്ഥാനകാലത്തെ ജാതിലഹള പ്രമേയമാകുന്ന കൃതിയാണ് 'ദുരവസ്ഥ'. താമരപൊയ്ക കണ്ട് ആസ്വദിച്ച് നിന്ന് വീട്ടിലെത്താൻ വൈകിയ ചാത്തനെക്കുറിച്ച്

ദുരവസ്ഥയിൽ സൂചനയുണ്ട്. താമരപ്പൊയ്കയെ വർണ്ണനാപരമായാണ് കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഘട്ടത്തിൽ ആശാനിൽ മാത്രമാണ് ചെറിയ ജലാശയങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.1.2.2.1.3. കവിത്രയത്തിനുശേഷമുള്ള കാലം**

വണ്ടുകൾ തേനുണ്ട് മുരളുന്ന ചെന്താമരക്കുളത്തെക്കുറിച്ച് പി. കുഞ്ഞിരാമൻ നായരുടെ 'നിത്യകന്യക'യിൽ പരാമർശമുണ്ട്. കുഞ്ഞിരാമൻ നായർക്ക് എന്നും താമരപ്പൊയ്ക വർണ്ണനാവിഷയമായിരുന്നു. ദുഃഖങ്ങളുടെ പൂപ്പൽ മൂടിയതുപോലെ പായൽ മൂടിയ പച്ചക്കുളം ഇടശ്ശേരിയുടെ 'വിവാഹസമ്മാനം' എന്ന കവിതയിലുണ്ട്. ചേച്ചിയുടെ മാനസിക ഇടമായി കുളം കവിതയിൽ നിലനിൽക്കുന്നു. ഈ ഘട്ടത്തിൽ കുഞ്ഞിരാമൻനായർ, ഇടശ്ശേരി എന്നിവരിൽ മാത്രമാണ് ചെറിയ ജലാശയങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.1.2.2.1.4.** ആധുനികതാഘട്ടം ആധുനികതാനന്തരഘട്ടം എന്നിവയിൽ ചെറിയ ജലാശയങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയമായ പരാമർശങ്ങൾ കാണുന്നില്ല.

**4.1.2.2.2. സദൃശകല്പനകൾ**

**4.1.2.2.2.1.രൂപപരം**

ചെറിയജലാശയങ്ങളെക്കുറിച്ചുള്ള രൂപപരമായ കല്പനകൾ പൊതുവെ ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പരാമർശിക്കപ്പെട്ടതായി കാണുന്നില്ല.

**4.1.2.2.2.2. ഭാവപരം**

**4.1.2.2.2.2.1. പ്രാചീനമധ്യകാലഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ ചെറിയജലാശയങ്ങൾ ഭാവപരമായി അവതരിപ്പി ക്കപ്പെട്ടു കാണുന്നില്ല.

**4.1.2.2.2.2.2. കവിത്രയകാലം**

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിൽ കാട്ടുകിണറുകളിൽ പടർന്നു കിടക്കുന്ന പൂവള്ളികൾ പോലെയാണ് നഗരവാസിനികളായ സ്ത്രീകളുടെ പട്ടു വസ്ത്രങ്ങളും ആഭരണങ്ങളും എന്ന് വ്യക്തമാക്കുന്നു.[22] 'ചണ്ഡാലഭിക്ഷുകി'യിൽ കിണറിന് കവിതയുമായി അഭേദ്യമായ ബന്ധമുണ്ട്.

"മുട്ടുവഴികൾ തൻ വക്കിലങ്ങുണ്ടൊരു
കട്ടിക്കരിങ്കൽച്ചുമടുതാങ്ങി;
ഒട്ടടുത്തായ്ക്കാണുന്നുണ്ടൊരു വായ്ക്കലു
പൊട്ടിവീണുള്ള പഴം കിണറും" (2013:541)

എന്നിങ്ങനെ ചുറ്റുമതിൽ പൊളിഞ്ഞ പഴയകിണറിനെക്കുറിച്ച് കവിത പരാമർശിക്കുന്നു. ആ കിണറ്റിലെ കുളിർതണ്ണീരാണ് ഭിക്ഷു യുവതിയോട് ആവശ്യപ്പെടുന്നത്.

വള്ളത്തോളിന്റെ 'കൊച്ചുസീത'യിൽ

"ആ വിബാധമാം മാതൃസംലാളന-
ത്താഴ്‌വരയിൽ നിന്നിക്കൊച്ചരുവിയെ
ദൂരഗയാക്കിവിട്ടിതു, ദുർദ്ദിന-
കാരി യൗവനക്കാറിൻ സമാക്രമം" (2011:308)

എന്നിങ്ങനെ ചമ്പകവല്ലി യൗവ്വനയുക്തയായതിനെപ്പറ്റി പരാമർശിക്കുന്നു. മലയുടെ താഴ്‌വാരത്തിലുള്ള കൊച്ചരുവി മഴ തുടങ്ങിയാൽ അവിടെ വിട്ടു ദൂരത്തേക്കൊഴുകുന്നതു പോലെയാണ് യൗവ്വനയുക്തയായ സ്ത്രീ സ്വന്തം വീട്ടിൽ നിന്ന് പോകുന്നതെന്ന് കവിത വ്യക്തമാക്കുന്നു. സ്ത്രീയുടെ ജീവിതവുമായുള്ള സദൃശകല്പനയ്ക്കുവേണ്ടിയാണ് ജലാശയത്തെ ഉപയോഗിച്ചിരിക്കുന്നത്. ആശാനിലും വള്ളത്തോളിലും മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി ഈ ഘട്ടത്തിൽ ചെറിയജലാശയങ്ങളെ പരാമർശിച്ചുകണ്ടത്.

### 4.1.2.2.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

പാടത്തിന്റെ സീമന്തരേഖയായി കാണുന്ന കൈത്തോട് വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാട'ത്തിൽ പ്രധാനപരാമർശമായി കടന്നു വരുന്നുണ്ട്. മഴയുടെ കുത്തൊഴുക്കിൽ പാലം ഒലിച്ചു പോവുകയും കവിയും ഭാര്യയും തോടിറങ്ങിക്കടന്ന് നനയുകയും ചെയ്യുന്നു. ഇവിടെ മുറിച്ചു കടക്കുന്നത് തോടിനെ മാത്രമല്ല ജീവിതത്തെക്കൂടിയാണ്. ഇത്തരത്തിൽ വൈലോപ്പിള്ളിയിൽ മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി ചെറിയ ജലാശയങ്ങൾ അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

**4.1.2.2.2.2.4.** ആധുനികതാഘട്ടം, ആധുനികതാന്തരഘട്ടം എന്നിവയിൽ ചെറിയ ജലാശയങ്ങളെക്കുറിച്ചുള്ള ഭാവപരമായ കല്പനകൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

### 4.1.2.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.1.2.2.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം എന്നിവയിൽ ചെറിയ ജലാശയങ്ങളെക്കുറിച്ചുള്ള നശീകരണപരമായ പരാമർശങ്ങൾ പൊതുവെ കാണപ്പെടുന്നില്ല.

### 4.1.2.2.3.2. ആധുനികതാനന്തരഘട്ടം

വി.എം. ഗിരിജയുടെ 'ജീവജലം' എന്ന സമാഹാരത്തിലെ 'തടാകം' എന്ന കവിതയിൽ തടാകത്തെ പരാമർശിക്കുന്നു. പളുങ്കുനിറത്തിലുള്ള മേൽപ്പാളിയും വരാലുകളും നിലാവും പൊടിമീനുകളും ചെറുതിരകൾക്കിടയിലെ ചന്ദ്രബിംബവും അടിയിലെ ഉറവകളും എല്ലാം ചേർന്ന തടാകത്തെക്കുറിച്ച് കവിത വിശദമാക്കുന്നു. അതോടൊപ്പം എല്ലാം ചിതറി വിഷപാത്രം മാത്രമായി മാറിയ തടാകത്തെക്കുറിച്ച് കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ തടാകങ്ങളുടെ വിഷലിപ്തതയെ അടയാളപ്പെടുത്തുന്നു.

എസ്. ജോസഫിന്റെ 'വെള്ളം' എന്ന കവിത കിണറുകളെ പരാമർശിക്കുന്നു. ഓരോ വീട്ടിലും കിണറില്ലാതിരുന്ന കാലഘട്ടത്തിൽ ഉള്ള കിണറിലെല്ലാം വെള്ളമുണ്ടായിരുന്നതായും പിന്നീട് സമൂഹപുരോഗതിക്കൊപ്പം ഓരോ വീട്ടിലും കിണറുകൾ രൂപപ്പെട്ടപ്പോൾ കിണറുകളിൽ വെള്ളമില്ലാത്ത അവസ്ഥയുണ്ടാവുകയും ചെയ്ത സാമൂഹിക സാഹചര്യത്തെ കവിത അടയാളപ്പെടുത്തുന്നു. ഇന്ന് കിണറുണ്ടെങ്കിലും കിണറിലൊന്നും വെള്ളമില്ലാത്ത അവസ്ഥയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. ആദ്യകാലങ്ങളിൽ വളരെ ദൂരത്ത് നിന്ന് വെള്ളം കൊണ്ടുവന്നതിനെയും കവിത സൂചിപ്പിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായി പുരോഗമിച്ച സമൂഹം പാരിസ്ഥിതികമായി അരക്ഷിതമായതിനെ കവിത പ്രശ്നവത്ക്കരിക്കുന്നു.

'മഞ്ഞപറന്നാൽ' എന്ന എസ്. ജോസഫിന്റെ സമാഹാരത്തിലെ 'തടാകം' എന്ന കവിതയിൽ തടാകം സ്വപ്നത്തിലുള്ള ഒരു കാഴ്ചയാണ്. ചുട്ടുപഴുത്ത ഭൂമിയിൽ അല്പം തണുത്തിരിക്കുന്ന ഇടമാണ് തോടെന്ന് 'എന്റെ തോട്' എന്ന കവിതയിൽ പരാമർശിക്കുന്നു. മണ്ണ് കേറ്റിപ്പോകുന്ന ലോറികളുടെയും അതു പറത്തുന്ന പൊടിയുടെയും ഇടയിൽ വരണ്ടു പോകുന്ന തോടിനെയാണ് കവിത പരാമർശിക്കുന്നത്. പ്രകൃതിയെ വില്പന വസ്തുവാക്കുന്ന സമകാലിക സന്ദർഭത്തെയാണ് കവിത അടയാളപ്പെടുത്തുന്നത് (2017:35).

വി.എം. ഗിരിജയുടെയും, എസ്. ജോസഫിന്റെയും കവിതകളിൽ മാത്രമാണ് ഈ ഘട്ടത്തിൽ പൊതുവെ ചെറിയ ജലാശയങ്ങൾ പ്രകൃതിനശീകരണപരമായി

അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.1.2.3. പുഴകൾ

ഭൂമിയിലെ ജലാശയങ്ങളാണ് പുഴകൾ മലകളിൽ നിന്നുള്ള നീരുറവകളിലൂടെയും മഴവെള്ളം മുഖേനയും തോടുകളും അരുവികളും ചേർന്നും പുഴ എന്ന ആവാസ വ്യവസ്ഥ രൂപപ്പെടുന്നു. പുഴ പരാമർശിക്കപ്പെടുന്ന നാടോടിവാങ്മയങ്ങളും തെരഞ്ഞെടുത്ത മലയാളകവിതകളുമാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

നിന്നവനെ വന്നവൻ കൊണ്ടുപോയി (പുഴ) എന്നത് പുഴ ഉത്തരമാകുന്ന കടങ്കഥയാണ്. പുഴയുമായി ബന്ധപ്പെട്ട കടങ്കഥകൾ മലയാളത്തിൽ പൊതുവെ കുറവായാണ് കാണുന്നത്. നിന്നവനെ വന്നവൻ കൊണ്ടുപോയി എന്നത് പുഴയുടെ സ്വഭാവത്തെ വ്യക്തമാക്കുന്നു. പുഴയുടെ ഒഴുക്കാണ് പരാമർശിക്കപ്പെടുന്നത്.

പുഴ പഴയത് വെള്ളം പുതിയത്, പുഴയിലെ തോണിയും വായിലെ വാക്കും, പുഴയൊഴുകിയാലാഴിയോളം, പലതോടൊരുപുഴ, പലതോട് ആറായിപ്പെരുകും, പുഴ കഴിഞ്ഞാൽ തുഴകളയാം, നദി പാഞ്ഞാൽ കടലോളം എന്നിങ്ങനെ പുഴയുമായി ബന്ധപ്പെട്ട നിരവധി പഴഞ്ചൊല്ലുകളുണ്ട്. ഇവയെല്ലാം ആന്തരികാർത്ഥത്തിൽ പ്രകൃതിയുമായി ബന്ധമില്ലാത്തവയാണ്. എന്നാൽ ഈ പഴഞ്ചൊല്ലുകൾ പുഴയുടെ സ്വഭാവരീതികളെ വ്യക്തമാക്കുന്നു. പുഴ പഴയതാണെങ്കിലും വെള്ളം പുതിയത് എന്നത് പുഴ പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന പാരിസ്ഥികസത്യത്തെ വെളിപ്പെടുത്തുന്നു. പലതോടുകൾ ചേർന്നാണ് പുഴയെന്നും പുഴ എത്ര ഒഴുകിയാലും ആഴിയോളം മാത്രമേ ഒഴുകൂ എന്നുമുള്ള പ്രകൃതിനിയമങ്ങളെയും ഈ ചൊല്ലുകൾ വ്യക്തമാക്കുന്നു.

##### 4.1.2.3.1. വർണ്ണനകൾ

###### 4.1.2.3.1.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണിയാടിചരിത'ത്തിലെ ശിവവർണ്ണനയിൽ മഹത്തായ ഗംഗയുടെ കുളിർ ജലപ്രവാഹം മുടിയിൽ ചൂടിയവൻ എന്ന് പരാമർശിക്കുന്നുണ്ട്. ഹസ്തിനപുരത്തിനടുത്ത് സ്വർഗ്ഗംഗയെന്ന പോലെ പെരിയാർ സ്ഥിതി ചെയ്യുന്ന ഇടമെന്ന് മഹോദയപുരത്തെയും വർണ്ണിക്കുന്നു. നദിയിൽ കളിച്ചുനിൽക്കുന്ന ആനക്കൂട്ടത്തിന്റെ കാഴ്ച ഓടനാടിനെക്കുറിച്ചുള്ള വർണ്ണനയിൽ കാണാം. നീണ്ടതും സുന്ദരവുമായ കരകളുള്ളതും തെളിജലം നിറഞ്ഞുനിൽക്കുന്നതുമായ നദിയിൽ ആനക്കൂട്ടം കളിച്ചുനിൽക്കുന്നു (2016:115). അച്ചൻകോവിലാറിന്റെ തീരത്താണ് രാജധാനി സ്ഥിതി ചെയ്യുന്നത്.

അന്നുണ്ടായിരുന്ന വിശാലമായ മണൽപ്പരമ്പ് ഇന്ന് കാണാനില്ലെന്ന് വ്യാഖ്യാതാവ് വ്യക്തമാക്കുന്നുണ്ട്. പുഴയുടെ സൗന്ദര്യകാഴ്ചകൾ അവസാനിച്ച കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ലെ കിഷ്കിന്ധാകാണ്ഡത്തിലെ പമ്പാസരസ്തട വർണ്ണന മനോഹരമായ പ്രകൃതി കാഴ്ചയാണ്. സസ്യലതാദികളാലും പക്ഷിമൃഗാദി കളാലും സമൃദ്ധമായ പ്രദേശമെന്ന് പമ്പാതീരത്തെ കുറിച്ച് വർണ്ണിക്കുന്നു. ഉത്തരകാണ്ഡത്തിൽ കൈലാസോദ്ധരണഭാഗത്ത് ദശാനനൻ അനുചരന്മാരോ ടൊപ്പം പുഷ്പകവിമാനത്തിൽ സഞ്ചരിക്കുന്ന നേരം

"നിർമ്മലവാരി നിറഞ്ഞൊഴുകീടുന്ന
നർമ്മദയാകുന്ന പുണ്യനദികണ്ടു" (2012:472)

എന്നുപറയുന്നു. നിറഞ്ഞൊഴുകുന്ന നദീ കാഴ്ചയാണിത്. കൂടാതെ നർമ്മദയെ പുണ്യനദിയായും വിശേഷിപ്പിക്കുന്നു.

പ്രാചീനമധ്യകാലഘട്ടത്തിൽ ഉണ്ണിയാടിചരിതം, അദ്ധ്യാത്മരാമായണം എന്നിവയിലാണ് പൊതുവെ പുഴകൾ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടു കാണുന്നത്.

**4.1.2.3.1.2. കവിത്രയകാലം**

കുമാരനാശാന്റെ 'ലീല'യിൽ കഥാപശ്ചാത്തലമായി വരുന്ന നദിയാണ് രേവ (നർമ്മദ) നദി. രേവാനദിക്കരയിലെ പ്രകൃതിഭംഗികണ്ട് ലീല കരമുയർത്തി തൊഴുന്നതായി പരാമർശമുണ്ട്. ലീലയുടെ മദനനെ തേടിയുള്ള യാത്രയിൽ സുസ്വരയായ രേവാനദിയുടെ തീരത്തെത്തിയതായി പറയുന്നുണ്ട്. മദനനിൽ ലയിക്കാനെത്തുന്ന ലീല പ്രകൃതി തന്നെയായി മാറാനാണ് ശ്രമിക്കുന്നത്. മദനൻ പ്രകൃതിയും ലീല പ്രകൃതിയിൽ നിന്ന് വേറിട്ടവളുമാണ്. മദനനിലൂടെ പ്രകൃതിയിൽ ചേരാനാണ് ലീല ആഗ്രഹിക്കുന്നത് ലീലയുടെയും മദനന്റെയും സമാഗമത്തിനുശേഷം ഓടിമറഞ്ഞ മദനൻ നദിക്കരയിലെ പാറക്കൂട്ടത്തിൽ നിന്ന് മേഘരേഖപോലെ നദിയിലേക്ക് എടുത്തു ചാടുന്നതായി കവിതയിൽ പരാമർശിക്കുന്നു (2013:133). 'കരുണ'യിൽ വാസവദത്തയുടെ നിർവ്വാണ ഘട്ടത്തിൽ യമുനയിൽ ഇളംകാറ്റ് തിരതല്ലിയതായി പരാമർശമുണ്ട്. മനുഷ്യഭാവങ്ങളാ ണിവിടെയും പ്രതിഫലിക്കുന്നത്.

'പെരിയാറ്റിനോട്' എന്ന ഉള്ളൂർക്കവിത പെരിയാറിന്റെ വർണ്ണനയാണ്. ആരാധനാ ഭാവത്തിൽ പെരിയാറിനെ കാണുന്നു. പെരിയാറിന്റെ സാംസ്കാരികവും ജൈവികവുമായ

പ്രാധാന്യവും കവിത വെളിപ്പെടുത്തുന്നു. പെരിയാറിന്റെ ഉത്ഭവം മുതൽ അവസാനം വരെയുള്ള എല്ലാഭാഗങ്ങളും മനുഷ്യോപയോഗപ്രദമാണ്. 'കർണ്ണഭൂഷണം' എന്ന ഖണ്ഡകാവ്യത്തിൽ പ്രകൃതിവർണ്ണനകൾ കാണാം. കർണ്ണൻ പേടകത്തിൽ ഒഴുകി നടക്കുന്നതിനെ

"ചർമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറിമാറി
വെൺനുര വൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലക്കൈകളാൽത്താങ്ങിത്താങ്ങി" (2006:643)

എന്നിങ്ങനെ വർണ്ണിക്കുന്നുണ്ട്. ആശാൻ രേവാനദിയടെ അലകളെ കൈകളായി സങ്കല്പിച്ചതുപോലെ ഉള്ളൂർ ചർമ്മണ്വതിയുടെയും യമുനയുടെയും ഗംഗയുടെയും അലകളെ കൈകളായി കല്പിക്കുന്നു.

ഉള്ളൂരിന്റെ 'പുഴമൊഴി' എന്ന കവിതയും പേരുസൂചിപ്പിക്കുന്നതുപോലെ പുഴയെക്കുറിച്ചുള്ളതാണ്. പുഴകൾ കടലിന്റെ ഭാര്യയെന്നും കടലിലലിയാനവൾ പലവഴികളിലൂടെ ഓടിയെത്തുന്നുവെന്നും പല കവികളും വാഴ്ത്താറുണ്ട്. പുഴയും സമുദ്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഭാര്യ/ ഭർത്താവ്, കാമുകി/കാമുകൻ, ജീവാത്മാവ്/പരമാത്മാവ് എന്നിങ്ങനെയുള്ള പൊതുകാവ്യസങ്കല്പങ്ങളിൽ നിന്നു വ്യത്യസ്തമാണ് ഈ കവിത. പുഴയെന്തിനാണ് കടലിന്റെ പത്നിയാകുന്നത്. പുഴയുടെ പത്നിയാകാനുള്ള യോഗ്യത കടലിനില്ല എന്നാണ് കവിത സൂചിപ്പിക്കുന്നത്.[23] ഈ ചോദ്യങ്ങൾക്കുത്തരം പുഴ നൽകുന്നു. മുനികൾ മുക്തിതേടി തന്റെ ജനകന്റെ മേനിയാശ്രയിക്കുന്നു. അവരാകട്ടെ ഗുഹയ്ക്കുള്ളിൽ മറ്റൊരു പാറയായി ഇരിക്കുന്നു. അവരുടെ ജീവിതം കൊണ്ട് മറ്റാർക്കും ഒരു ഗുണവും സിദ്ധിക്കുന്നില്ല. അതെല്ലാം കണ്ട് നിരാശയിലാകുന്ന എന്റെ ഭൃഗുപതനം (പാറയിൽ നിന്നു താഴേക്കു ചാടുന്നത്) അവിടെ നിന്നും ദാഹിക്കുന്നവരുടെയും കർഷകരുടെയും വണിജരുടെയും ആവശ്യങ്ങൾ നിറവേറ്റി എല്ലാതരത്തിലും മനുഷ്യനെയും മറ്റുജീവജാലങ്ങളെയും തൃപ്തിപ്പെടുത്തി തടസ്സങ്ങളെല്ലാം മറികടന്നുകൊണ്ട് സമുദ്രത്തിൽ എത്തിച്ചേരും എന്നാണ് പുഴ പറയുന്നത്. പുഴയുടെ പാരിസ്ഥികവും സാമൂഹികവുമായ പ്രാധാന്യത്തെയാണ് കവിത വെളിപ്പെടുത്തുന്നത്. പ്രകൃതിയിലെ ഓരോ ഘടകവും ഇതരജീവജാലങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ ഉപയോഗയോഗ്യമാകുന്നു. മനുഷ്യർ അതിൽ നിന്നും വ്യത്യസ്തമായി സ്വന്തം മോക്ഷമന്വേഷിക്കുന്നു. ഇത്തരമൊരു കാഴ്ച കണ്ടുമടുത്ത പുഴയ്ക്ക് പാറയിൽ നിന്ന് ഭൂമിയിലേക്ക് പതിച്ച്

കടലിലേക്ക് ഒഴുകിപ്പോവുകമാത്രമാണ് ഗതി.

> "അവനനുകനാവതെൻ ലക്ഷ്യമെന്നായ്
> വിവരമറിയാത്തോർക്കു തോന്നിയേക്കാം" (2006:1254)

എന്നാണ് പുഴ പിന്നീട് വെളിപ്പെടുത്തുന്നത്. കടലിനെ ഭർത്താവായി കണ്ടുകൊണ്ടല്ല പുഴയുടെ ആ യാത്ര. കടലിൽ സ്ഥിതി ചെയ്യുന്ന വിഷ്ണുവിന്റെ പാദത്തിൽ ലയിക്കുന്നതിന് വേണ്ടിയാണത്.

കടലിനെ നായകനായും നദിയെ നായികയായും കാണുന്ന രീതി പ്രാചീന സാഹിത്യത്തിലും ദൃശ്യമാണ്. കോകസന്ദേശത്തിൽ കടലിൽ നായകത്വവും പെരിയാറിൽ നായികത്വവുമാരോപിച്ചിരിക്കുന്നു (2007: 77). കടലിനെ നായകനായാണ് കൃതികളിൽ പരാമർശിച്ചു കാണുന്നത്. എന്നാൽ കടലിനെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവർക്ക് കടൽ അമ്മയാണ്. കടലമ്മയെന്ന സങ്കല്പം നിലനിൽക്കുമ്പോൾ തന്നെ കാവ്യങ്ങളിൽ കടൽ പുരുഷനാകുന്നു. നദിയെ സ്ത്രീയാക്കുമ്പോൾ പുരുഷനാകാൻ അതിനേക്കാൾ ഗാംഭീര്യമുള്ള ഒന്നിനെ തിരഞ്ഞെടുക്കുന്നു.നദിയെ ശാന്തസ്വരൂപിണിയും അപലയും ചപലയുമായ സ്ത്രീയായും കടലിനെ രോഷവും പൗരുഷവും കലർന്ന പുരുഷനായും കാവ്യങ്ങളിൽ കല്പന നടത്തുന്നു. 'ഇക്കോഫെമിനിസം, ഇക്കോടൂറിസം, മാർക്സിസം' എന്ന ഗ്രന്ഥത്തിൽ മാർക്സിയൻ ചിന്താഗതികളെക്കുറിച്ച് എൻ.എം. പിയേഴ്സൺ വിശദമാക്കുന്നുണ്ട്. "ചരിത്രത്തിൽ പ്രകൃതിയുടെ ആത്മനിഷ്ഠഭാവങ്ങളെയും കഴിവുകൾ പ്രകടമാക്കാനുള്ള സിദ്ധികളെയും ഇല്ലാതാക്കുക വഴി പ്രകൃതിയെ പരിഗണിക്കാതെ പോവുകയാണ് ചെയ്യുന്നത്. പ്രകൃതിയിലുള്ള മനുഷ്യന്റെ അധിനിവേശത്തെ അംഗീകരിക്കുകയും സ്ത്രീയെ  പ്രകൃതിയോട് താരതമ്യം ചെയ്യുകയും ചെയ്തപ്പോൾ സ്ത്രീയുടെ അവസ്ഥ വളരെ പരിതാപകരമായി. ഇവിടെ വളരെ ശക്തമായിത്തന്നെ ഇക്കോഫെമിനിസ്റ്റുകൾ മാർക്സിനോട് കലഹിക്കുന്നു" (2003:122). ഇത്തരത്തിൽ പ്രകൃതിഘടകങ്ങളോട് സ്ത്രീകളെ താരതമ്യം ചെയ്യുമ്പോൾ പവിത്രതയും സഹനശക്തിയുമുള്ളവയുമായും പുരുഷനെ ഗാംഭീര്യമുള്ളവയുമായും സാദൃശ്യപ്പെടുത്തുന്ന പ്രവണതയാണ് കൂടുതലായി കണ്ടുവരുന്നത്. ഇവിടെയും കടലിന്റെ സ്ഥിതി ഉയർന്നതു തന്നെയാണ്. കടലെന്ന ഭർത്താവിലേക്കല്ല കടലെന്ന ദൈവസന്നിദ്ധ്യത്തിലേക്കാണ് പുഴ എത്തിച്ചേരുന്നത്.

വള്ളത്തോളിന്റെ 'ഋതുവിലാസത്തിൽ' പുഴകളുടെ മഴക്കാലാവസ്ഥ സൂചിപ്പിക്കുന്നു. മഴവെള്ളം കയറി വലിയനുരകളോടെ കുത്തിയൊഴുകുന്ന പുഴ തീരത്തെ

മരങ്ങളെയെല്ലാം പുഴക്കി ശക്തമായി ഒഴുകുന്നതായി പരാമർശിക്കുന്നു (2011:99). 'ഒരു ദിനാന്തസഞ്ചാരം' എന്ന കവിതയിൽ സഹ്യപർവ്വതത്തിനുതാഴെ നീണ്ടുവളഞ്ഞൊഴുകുന്ന പുഴയെ പരാമർശിക്കുന്നുണ്ട്. പുഴയുടെ വശങ്ങളിൽ ഉങ്ങുമരങ്ങളും. കൂരിയാറ്റക്കൂടുകൾ തൂങ്ങുന്ന വിവിധ വൃക്ഷങ്ങളുമുള്ളതായും വെള്ളം പാറയിൽ വീണ് പളുങ്കുപോലെ ചിതറുന്നതായും സൂചിപ്പിക്കുന്നുണ്ട്.

> "കാശങ്ങൾ കാറ്റേറ്റിളകിക്കളിക്കും
> വെൺപൂങ്കുലച്ചാമരപംക്തിയാലേ,
> ഹാ, രണ്ടു വക്കത്തുമിണങ്ങി നിന്നി–
> ത്തരംഗിണീറാണിയെ വീശിടുന്നു" (2003:39)

എന്നിങ്ങനെ പുഴ റാണിയെപ്പോലെ പരിലസിക്കുന്നു.പുഴയെ റാണിയായി സങ്കല്പിക്കുന്നു.

വള്ളത്തോളിന്റെ 'ഭാരതപ്പുഴ' എന്ന കവിത കേരളീയ ഗ്രാമീണപ്രകൃതിയിൽ പുഴയുടെ സ്ഥാനമെന്തെന്ന അടയാളപ്പെടുത്തലാണ്.

> "ഉലകിൻപ്പുകളാർന്ന സഹ്യശൈല–
> ത്തലവന്നുള്ളൊരു തുംഗശൃംഗമായി
> വിലസീടുമൊ'രാന'യെന്നു പേരാം
> മലതൻ നിർമ്മലദാനധാരയായും" (2003:56)

നദികളെല്ലാം കടലിന്റെ പത്നിമാരെന്ന സങ്കല്പനം തന്നെയാണ് ഈ കവിതയിലുള്ളത്. സമുദ്രപത്നിമാരിൽ ശ്രേഷ്ഠയായിക്കഴിയുന്നവളാണ് ഭാരതപ്പുഴ എന്നും കവിത വ്യക്തമാക്കുന്നു. ഭർത്തൃഗൃഹത്തിൽ പെൺകുട്ടി എത്തിച്ചേരുന്നതു പോലെയാണ് പുഴ കടലിലെത്തിച്ചേരുന്നത്. പുഴവെള്ളത്തെളിമയെക്കുറിച്ചും പുഴ ഒഴുകുന്ന ശബ്ദത്തെക്കുറിച്ചുമുള്ള സൂചനകൾ കവിതയിലുണ്ട് (2003:57). ഭാരതപ്പുഴയുടെ ജൈവികവും സാംസ്കാരികവുമായ പ്രാധാന്യത്തെയും കവിത വ്യക്തമാക്കുന്നു.

ഒഴുകുന്ന സ്ഥലങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടാണ് പുഴ അറിയപ്പെടുന്നത്. അതുകൊണ്ട് തിരൂരിൽ പുഴ തിരൂർപുഴയും പൊന്നാനിയിൽ പൊന്നാനിപ്പുഴയുമാകുന്നു. തിരൂർപ്പുഴ പൊന്നാനിപ്പുഴയിലേക്ക് ഒഴുകിയെത്തുന്നതിനെയാണ് വള്ളത്തോളിന്റെ 'തിരൂർ–പൊന്നാനിപ്പുഴ' എന്ന കവിത സൂചിപ്പിക്കുന്നത്. തിരൂർപുഴ പെരുമ്പാമ്പിഴയുന്നതുപോലെ ഇഴഞ്ഞാണ് പൊന്നാനിപ്പുഴയിലെത്തുന്നത്. തിരൂർപുഴ പൊന്നാനിപ്പുഴ

യിലൂടെ കടലിലെത്തുന്നതായി പറയുന്നു (2003:148). പരിസരപ്രദേശത്തെ സമൃദ്ധിയെയും ജീവിതരീതികളെയും സംസ്കാരങ്ങളെയും കവിത പരാമർശിക്കുന്നുണ്ട്.

'ബാപ്പുജി' എന്ന കവിതയിൽ ഗാന്ധിജിയുടെ ചിതാഭസ്മത്താൽ നദികൾ പരിശുദ്ധകളാകുന്നതായി പരാമർശിക്കുന്നു. യമുന, ഗംഗ, സരസ്വതി, ഗോമതി, സരയു, നർമദ, ഗോദാവരി, കാവേരി, നിള, ചൂർണി, പമ്പ എന്നിങ്ങനെ ഓരോ നദിയും ശുദ്ധീകരിക്കപ്പെടുന്നതായി കവിത വ്യക്തമാക്കുന്നു. നദികൾക്കെല്ലാം സ്ത്രീനാമ ങ്ങളാണ് എന്നതും ശ്രദ്ധേയമാണ്. ബാലാമണിയമ്മ, പള്ളത്ത്രാമൻ എന്നിവരിൽ പൊതുവെ ഈ രീതിയിലുള്ള പരാമർശങ്ങൾ കാണുന്നില്ല.

### 4.1.2.3.1.3. കവിത്രയത്തിനുശേഷമുള്ള കാലം

നിളാനദിയെ സ്ത്രീയായി കല്പിക്കുന്നു പി. കുഞ്ഞിരാമൻനായരുടെ 'അവളുടെ ഹൃദയത്തിൽ' എന്ന കവിതയിൽ. കാൽച്ചിലമ്പുകളുടെ ശബ്ദത്തോടെ ഇരുഭാഗത്തെ ഗ്രാമങ്ങളെ കോൾമയിർകൊള്ളിച്ചും വെൺമനിറഞ്ഞും അന്തിച്ചുകപ്പാകുന്ന പനിനീർപ്പൂവു ചൂടിയും എത്തുന്ന ഗ്രാമകന്യകയാണിവിടെ നിളാനദി. ഈ ഗ്രാമ കന്യകയിൽ താൻ അനുരക്തനായെന്ന് കവി വ്യക്തമാക്കുന്നു. ' പൂമൊട്ടിന്റെ കണി' എന്ന കവിതയിൽ

"കടലിൻ വീടു തേടിപ്പോം
പുഴ തൻ പുളിനത്തിലും" (2005:330)

എന്നിങ്ങനെ പുഴ കടലിന്റെ വീടുതേടിപ്പോവുകയാണെന്ന് വ്യക്തമാക്കുന്നു. പുഴയുടെ ഒഴുക്ക് കടലിലേക്കെത്താനുള്ളതാണെന്ന പൊതു കാവ്യസങ്കല്പം തന്നെയാണ് ഇവിടെയുമുള്ളത്.

നദികളുടെ വർണ്ണനയാണ് 'ഓടക്കുഴൽ ഗർജ്ജിച്ചു' എന്ന വയലാറിന്റെ കവിത. പൊട്ടിച്ചിരികളുയർത്തി മദാലസയായും വളകൾ കിലുക്കിയും തലമുടിചികിയും പുളിനത്തിൽ മെയ്തഴുകിയും ചൂളമടിച്ചും ഇളംകാറ്റിനെ ചുംബിച്ചും എത്തുന്ന വനഗംഗയായ ഗംഗാനദിയെ വർണ്ണിക്കുന്നു. സ്ത്രീസഹജമായ വികാരങ്ങളും ചലനങ്ങ ളുമാണ് കവി ഗംഗയിൽ ആരോപിച്ചിരിക്കുന്നത്. ഇവിടെ നദിയുടെ കാഴ്ചമാത്രമാണ് കവി അവതരിപ്പിക്കുന്നത് (1988:67).

ഈ ഘട്ടത്തിൽ പി.കുഞ്ഞിരാമൻനായർ, വയലാർ എന്നിവരിൽ മാത്രമാണ് പൊതുവെ പുഴകൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടുകാണുന്നത്.

### 4.1.2.3.1.4. ആധുനികതാഘട്ടം

ഡി. വിനയചന്ദ്രന്റെ 'പുഴയുടെ ജാതകം' എന്ന കവിതയിൽ,

"പുഴയുടെ ജാതകം
വരമായി ലഭിച്ചിരുന്നെങ്കിൽ
നിനക്കു പിന്നെയും മുങ്ങിനിവരാൻ
ഞാൻ ഭാരതമാകുമായിരുന്നു"(1999:42)

എന്നിങ്ങനെ പ്രകൃതിയും പ്രണയവും ഒന്നു ചേർന്ന ഘട്ടമാണ് അവതരിപ്പിക്കപ്പെടുന്നത്. നിനക്കു മുങ്ങിനിവരാൻ ഞാൻ ഭാരതമാകുമെന്നാണ് കവി പ്രണയിനിയോട് പറയുന്നത്. 'പട്ടാമ്പി' എന്ന കവിതയിലും പ്രകൃതിയും പ്രണയവും സമന്വയിക്കുന്നു. കവി ഭൂമിയെയും ഭാരതപ്പുഴയെയും പ്രകൃതിയിലെ ഓരോ ഘടകത്തെയും പ്രണയിക്കുന്നു.

"ഞാനിതാ നക്ഷത്രമണം പൂശി
ആകാശത്തോളം പുരുഷനാകുന്നു.
രാഗവിഹ്വലയായ വസുന്ധരയെ
വാരിപ്പുണർന്നാശ്വസിപ്പിക്കുന്നു" (1992:118)

എന്നിങ്ങനെ ആകാശം ഭൂമിയെ പ്രണയിക്കുന്നതുപോലെ കവിയും പ്രണിയിക്കുന്നു. പട്ടാമ്പി പുഴയ്ക്കു കുറുകെയുള്ള പാലം പൂക്കളുടെ തേരാണെന്നും പുഴ എന്നും പ്രണയത്തിന്റേതായിരിക്കണമെന്നും കവിത ആഗ്രഹിക്കുന്നു.

"പ്രണയമേ,
നീ എന്നെയും നിന്റെ ഒഴുക്കിൽ
വിലയിപ്പിക്കൂ" (1992:118)

എന്നാണ് കവിത ചിന്തിക്കുന്നത്. ഇവിടെ പ്രണയം പുഴയും  പുഴ പ്രണയവുമാകുന്നു. പുഴപോലെ ഒഴുകുന്ന പ്രണയം അല്ലെങ്കിൽ പ്രണയം പോലൊഴുകുന്ന പുഴ എന്ന കല്പനകൾക്ക് ഈ കവിതയിൽ സാധ്യതയേറുന്നു.

ആധുനികതാഘട്ടത്തിലെ കവിതകളിൽ ഡി.വിനയചന്ദ്രനിൽ മാത്രമാണ് പുഴകൾ പൊതുവെ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടത്.

### 4.1.2.3.1.5. ആധുനികതാനന്തരഘട്ടം

ഗംഭീരയായ ഗംഗാനദി മുതൽ പല നദികളെയും വിജയലക്ഷ്മിയുടെ 'തീർത്ഥാടനം' എന്ന കവിതയിൽ പരാമർശിക്കുന്നു. ഗോദാവരീനദിയും ശാലീനതയോടെ

ഒഴുകുന്ന ചൂർണ്ണിനദിയും, ഒരിക്കലും കോപിക്കാത്ത കടലിലെത്താൻ ആഗ്രഹമില്ലാത്ത പെരിയാറും നീണ്ടുമെലിഞ്ഞ് കണ്ണീർ പോലെയൊഴുകുന്ന സ്വപ്നാടനക്കാരിയായ നിളയും കവിതയിൽ പരാമർശിക്കപ്പെടുന്നു. നിളയുടെ അടയാളം പോലും ഇല്ലാതായ അവസ്ഥയെയും കവിത പ്രശ്നവത്ക്കരിക്കുന്നു. ഇവിടെ പുഴകൾക്ക് സ്ത്രീഭാവമാണ് കല്പിക്കുന്നത്. സ്ഥിരചിത്തയായ സീതയെപ്പോലെയും ശ്രീരാമനിൽ ചേർന്ന സീതയെപ്പോലെയും പുഴയെ അടയാളപ്പെടുത്തുന്നതിലൂടെ പുരുഷനിൽ എത്തിച്ചേരേണ്ടവളാണ് സ്ത്രീ എന്നു വ്യക്തമാക്കുന്നു. ഇത്തരത്തിൽ മണ്ണിൽച്ചേർന്ന പുഴയ്ക്കും കടലിലെത്തുകയല്ലാതെ മറ്റു ഗതിയില്ലെന്ന് കവിത സൂചിപ്പിക്കുന്നു.[24] ഇത്തരത്തിൽ പുഴയെയും സ്ത്രീയെയും സാദൃശ്യപ്പെടുത്തുന്ന കവിത സ്ത്രീയും പ്രകൃതിയും പുരുഷന്റെയും അധികാരിയുടെയും കീഴിൽ എത്തേണ്ടവളാണെന്ന് വ്യക്തമാക്കുന്നു.

റഫീക്ക് അഹമ്മദിന്റെ 'പുഴക്കരയിൽ' എന്ന കവിതയിൽ ഏറെ വർഷങ്ങൾക്കു ശേഷം പുഴക്കരയിലിരിക്കുന്ന ദമ്പതികളെയും പുത്രനെയും കാണാം. പുഴയുടെ അടിയിലുള്ള രക്ഷസ്സ് വെള്ളം കുടിച്ചുവറ്റിക്കയാണെന്നവർ കുട്ടിയോട് പറയുന്നു. പുഴയിൽ തെളിയുന്നതാകട്ടെ പുഴക്കരയിലിരിക്കുന്ന പുരുഷന്റെ മുഖമാണ്. ദാമ്പത്യ ജീവിതത്തിൽ സ്ത്രീയുടെ ജീവിതാവേഗങ്ങളെ കുടിച്ചുവറ്റിക്കുന്ന രക്ഷസ്സായി മാറുന്ന പുരുഷനെ കവിത പ്രതിനിധാനം ചെയ്യുന്നു. പുഴ സ്ത്രീയും രക്ഷസ്സ് പുരുഷനുമാകുന്നു. സ്ത്രീയവസ്ഥയെ പുഴയുമായി ചേർത്തുവച്ച് അവതരിപ്പിച്ചിരിക്കുന്നു. ഇവിടെ പുഴയ്ക്ക് സ്ത്രീയവസ്ഥയുമായുള്ള സാദൃശ്യമാണ് വ്യക്തമാക്കുന്നത്. സ്ത്രീയുടെയും പ്രകൃതിയുടെയും അനുഭവങ്ങൾ പലപ്പോഴും സമാനമാകുന്നു.

സ്നേഹവും സഹനവുമെല്ലാമുള്ള അമ്മയായി നദിയെ കല്പിക്കുന്നു 'അമ്മ'എന്ന കവിതയിൽ

"നദിയമ്മയാകുന്നു; കണ്മുന്നിലവൾ വറ്റി-
വരളുന്നേരം തിരിച്ചറിയുന്നു ഞാ, നതേ-
വദനം, വിളർമാറിൽ നീലിച്ച ഞരമ്പുകൾ
ദുരിതം ഞൊറിഞ്ഞിട്ടൊരുദരം, സഹനത്തിൻ
പടികളിറങ്ങിപ്പോം കണ്ണുകൾ, അതേ മൗനം" (2016:60)

എന്നിങ്ങനെ നദിയെ സഹനശക്തിയുടെ പ്രതീകമായ അമ്മയായി കല്പിക്കുന്നു. പർവ്വതങ്ങൾക്കിടയിലൂടെ ഓടിക്കിതച്ചെത്തി തന്റെ കിടാങ്ങൾക്ക് കുടിവെള്ളമാകുന്ന പുഴയ്ക്ക് വിശ്രമിക്കാൻ നേരമില്ലെന്നും പ്രളയം നൽകിയതൊന്നും സൂക്ഷിക്കാതെ

പൊടിമീനുകളെ പരിപാലിക്കുകയാണ് നദിയെന്ന അമ്മയെന്നും കവിത സൂചിപ്പിക്കുന്നു. താലിയും മാനവും ബന്ധങ്ങളും കെട്ടിയിട്ട കലങ്ങിയ സ്ത്രീജീവിതത്തിനുതുല്യമാണ് നദിയെന്ന് കവിത വ്യക്തമാക്കുന്നു. നദിയെ അമ്മയെന്നു ചൊല്ലിയതിന്റെ സൂക്ഷ്മത യെയാണ് കവിത അവതരിപ്പിക്കുന്നത്.[25] സ്ത്രീയും പ്രകൃതിയും തുല്യമായ സഹനജീവിതമാണ് നയിക്കുന്നത്. സ്ത്രീയുടെയും പ്രകൃതിയുടെയും അടിച്ചമർത്തപ്പെട്ട ജീവിതത്തിന്റെ സമാനതയിലൂന്നുന്നതിനാൽ കവിതയെ പാരിസ്ഥിതിക സ്ത്രീവാദചിന്തയുള്ള കവിതയായി വിലയിരുത്താം.

#### 4.1.2.3.2. സദൃശകല്പനകൾ

#### 4.1.2.3.2.1. രൂപപരം

#### 4.1.2.3.2.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ആറന്മുള ഗ്രാമത്തിന്റെ അഴകുവർണ്ണിക്കുമ്പോൾ പമ്പാനദിയെ ആനക്കുട്ടിയുമായി സാദൃശ്യപ്പെടുത്തുന്നു (1981:51). അഗസ്ത്യൻ തപസ്സുചെയ്ത മലമുകളിൽ നിന്ന് ആനക്കുട്ടി വീഴും പോലെയാണ് നദി താഴേക്ക് പതിക്കുന്നത്. പർവ്വതത്തിൽ നിന്ന് താഴേക്ക് വീണ ആനക്കുട്ടി തുമ്പിക്കൈയുയർത്തി വീടുകളെയെല്ലാം തകർത്ത് കളിക്കുന്നതുപോലെയാണ് നദി വിഹരിക്കുന്നത്. തോണിയാകുന്ന പാപ്പാൻമാരെ അനുസരിക്കാതെ പായുന്നതായും കാറ്റാകുന്ന ചെവിയാട്ടി ചേറണിഞ്ഞ് കളിക്കുന്നതായും കവിത വ്യക്തമാക്കുന്നു. പമ്പാനദിയെ കുസൃതിനിറഞ്ഞ ആനക്കുട്ടിയായി സാദൃശ്യപ്പെടുത്തിയിരിക്കുകയാണ് കവി. നദിയുടെ നിയന്ത്രണാതീതമായ അവസ്ഥയെയാണ് ഈ രൂപകത്തിലൂടെ വ്യക്തമാക്കപ്പെടുന്നത്. പ്രാചീനമധ്യകാലഘട്ടത്തിൽ തിരുനിഴൽമാലയിൽ മാത്രമാണ് പുഴ രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെടുന്നത്.

**4.1.2.3.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാധുനിക താനന്തരഘട്ടങ്ങൾ എന്നിവയിൽ പുഴ പൊതുവെ രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്

#### 4.1.2.3.2.2. ഭാവപരം

#### 4.1.2.3.2.2.1. പ്രാചീനമധ്യകാലഘട്ടം

'കണ്ണശ്ശരാമായണ' ത്തിൽ അയോദ്ധ്യാകാണ്ഡത്തിൽ കാനന യാത്രാരംഭത്തിൽ രാമലക്ഷ്മണന്മാർക്കൊപ്പം യമുനാനദി കടക്കുമ്പോൾ സീതാദേവി സൂര്യപുത്രിയായ

യമുനേ ഞങ്ങളെ രക്ഷിക്കണേ എന്നു പ്രാർത്ഥിക്കുന്നു. ആദ്യഘട്ടത്തിൽ നിലനിന്നിരുന്ന പ്രകൃത്യാരാധനയുടെ സൂചനയാണിത്. സീതയെ രാവണൻ അപഹരിച്ചു കൊണ്ടു പോകുന്ന സന്ദർഭത്തിൽ പക്ഷികളെയും വനദേവതമാരെയും വിളിക്കുന്നതിനൊപ്പം ഗോദാവരി നദിയെയും വിളിച്ച് സീത കരയുന്നു (2013:377). 'ശുദ്ധേ, ഗോദാവരിനദിയേ' എന്നാണ് സീത പറയുന്നത്. രാമൻ മറ്റു ചരാചരങ്ങളോടെന്ന പോലെ ഗോദാവരി നദിയോടും സീതയെ അന്വേഷിക്കുന്നുണ്ട്. ഗോദാവരിനദിയോട് സീതയെ അന്വേഷിച്ച പ്പോൾ രാവണനെ പേടിച്ച് അവൾ മറുപടിയൊന്നും പറഞ്ഞില്ല എന്നു പരാമർശം. ഗോദാവരിയെ/നദികളെ സ്ത്രീയാണെന്ന് സങ്കല്പിക്കുന്നത്. അധികാരിയായ പുരുഷനെ പേടിച്ച് നിശബ്ദയായിരിക്കേണ്ടി വരുന്ന സ്ത്രീയുടെയും പ്രകൃതിയുടെയും പ്രതീകമാണിവിടെ ഗോദാവരിനദി. ഗംഗ ഭൂമിയിലേക്ക് വരുന്നതായുള്ള പരാമർശവും കൃതിയിലുണ്ട് (2013:59).

നിറഞ്ഞു കവിഞ്ഞൊഴുകുന്ന സൗന്ദര്യമാകുന്ന ജലം കൊണ്ട് നിലയില്ലാത്ത നദിയായിട്ടുള്ളവളെന്ന് 'ഉണ്ണിയാടിചരിത'ത്തിൽ ഉണ്ണിയാടിയുടെ സൗന്ദര്യത്തെ വർണ്ണിക്കുന്നു.[26] 'ചന്ദ്രോത്സവ'ത്തിൽ ഗംഗാവീചികളാൽ ഇളക്കിമറിക്കപ്പെട്ട ജടാഭാര മുള്ളവൻ എന്ന് ശിവനെ വിശേഷിപ്പിക്കുന്നു.

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ പതിനാലുവർഷത്തെ വനവാസത്തിനായി യാത്രാരംഭത്തിൽ ഗംഗാനദി കടക്കുമ്പോൾ ഗംഗാദേവിയെ പ്രാർത്ഥിക്കുന്നു.[27] ഗംഗ ഇവിടെ ഭഗവതിയാണ്. ഗംഗാദേവിയെയും സ്ത്രീയെയും ആരാധിക്കുന്നു. പ്രകൃതിയോട് തങ്ങളെ രക്ഷിക്കാൻ അപേക്ഷിക്കുന്നതിനാൽ പ്രകൃതി പൂജയാണിത്. വനവാസ ഘട്ടത്തിൽ ആപത്തൊന്നും കൂടാതെ തങ്ങളെ രക്ഷിച്ചാൽ തിരിച്ചുവന്ന് ബലിപൂജകൾ ചെയ്യാമെന്നാണ് സീതയുടെ പ്രാർത്ഥന. രാമൻ സീതയെ വനത്തിലുപേക്ഷിച്ച ഘട്ടത്തിൽ പ്രകൃതിഘടകങ്ങളായ വൃക്ഷലതാദികൾക്കൊപ്പം നദിയും സീതയുടെ ദുഃഖം ഏറ്റെടുക്കുന്നതായി കാണാം. സീതയുടെ ദുഃഖം നദിയുടെ ദുഃഖമായി മാറുകയും നദി ഒഴുകാതെ ദുഃഖത്തോടെ നിൽക്കുകയും ചെയ്യുന്നു (2012:508). 'കല്യാണസൗഗന്ധിക' ത്തിൽ പൂർവ്വകവികൾ ചെയ്ത കഥ തന്നെ താനും ചെയ്തതിൽ അപാകമില്ലെന്നു ബോധിപ്പിക്കുന്നതിന് ഭഗീരഥൻ ഗംഗാജലത്തെ ആകാശത്തു നിന്ന് ഭൂമിയിലെത്തിച്ച കഥ സൂചിപ്പിക്കുന്നു. പിതൃക്കൾക്ക് ഗംഗാജലത്താൽ തർപ്പണം ചെയ്ത് അവരെ സ്വർഗ്ഗത്തിലാക്കി അതേ ഗംഗാജലം തന്നെയാണ് തുടർന്നും ഉപയോഗിക്കപ്പെടുന്നത്. ഗംഗാജലത്തെ ആദ്യംകാലം മുതൽ തന്നെ പവിത്രയായി കരുതിയിരുന്നു.

പാപനാശത്തിന് ഗംഗാജലത്തിന് പ്രാപ്തിയുണ്ടെന്ന വിശ്വാസവും കവിതയിൽ സൂചിപ്പിക്കുന്നുണ്ട്.

ഉണ്ണിയാടിചരിതം, ചന്ദ്രോത്സവം, അദ്ധ്യാത്മരാമായണം, കല്യാണസൗഗന്ധികം എന്നിവയിലാണ് പൊതുവെ പുഴ ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.1.2.3.2.2.2. കവിത്രയകാലം

ആശാന്റെ 'ലീല'യിൽ മദനൻ നദിയിലേക്കു ചാടിയ സന്ദർഭത്തിൽ വെള്ളത്തിന്റെ ഇളക്കമുണ്ടാവുകയും ഒഴുക്കിന്റെ ശബ്ദം യമപുരിയിൽ ചെന്നടിച്ച ഭേരിപോലെ തോന്നിക്കുകയും ചെയ്തതായി കവിത കല്പിക്കുന്നു.[28] മനുഷ്യാവസ്ഥ പ്രകൃതിയിൽ പ്രതിഫലിക്കുന്നു. മദനനെ നഷ്ടപ്പെട്ട ലീലയുടെ മാനസികാവസ്ഥയാണ് പ്രകൃതിയിൽ കാണുന്നത്. മദനനെ പിൻതുടർന്ന ലീല സ്വാഭാവികമായും രേവാനദിയുടെ കൈകളിലേക്ക് സ്വയം എറിഞ്ഞുകൊടുത്തു. ഓളത്തെ കൈകളായി സങ്കല്പിക്കുന്നതിലൂടെ ശരീരമുള്ള മനുഷ്യനായി രേവാനദിയെ അവതരിപ്പിക്കുന്നു.

"ജവമവിടെയണഞ്ഞു, 'രേവ' നീട്ടും
ധവളതരംഗകരങ്ങളിൽ സതോഷം
അവളുടനെ കുതിച്ചു കൊള്ളിമീൻപോ-
ലവനതയാവതു ഹന്ത! തോഴി കണ്ടാൾ" (2013:134)

മദനനിൽ നിന്നു മനസ്സുമാറ്റാനാവാത്ത ലീലയുടെ മനസ്സിനെ പുഴയൊഴുകുന്ന വഴി വേറെയാക്കാം, എന്നാൽ ശുദ്ധ സ്ത്രീകളുടെ മനസ്സ് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പറിച്ചെടുക്കാനാവില്ലെന്ന് വ്യക്തമാക്കുന്നു. കൂടാതെ വിധി മറികടക്കാൻ മനുഷ്യനാവില്ലെന്ന് സൂചിപ്പിക്കുന്നതിനായി നദിയെ എതിർത്ത് ജന്തുവിന് നീന്താനാവില്ല എന്ന് കല്പിക്കുന്നു.

"നദി വഴിയുദധിക്കുമേകുമി-
ങ്ങുദകസമൃദ്ധി ഘനാഢ്യനാം ഗിരി" (1960: 149)

എന്നിങ്ങനെ നദി വഴി സമുദ്രത്തിന് പർവ്വതം വെള്ളം നൽകുന്നതുപോലെ ലീലവഴി ഭർത്താവിന്റെ ധനം പിതാവിന് ലഭിക്കുന്നു എന്ന് വ്യക്തമാക്കുന്നതിലൂടെ ലീലയെ നദിയായി കല്പിക്കുന്നു. കൂടാതെ പതിയുടെ മരണവും മദനന്റെ തിരോധാനവും ലീലയുടെ ജീവിതത്തെ തകർന്ന നദിപോലെയാക്കിയെന്നും പരാമർശമുണ്ട്. 'ചിന്താവിഷ്ടയായ സീത'യിൽ വാല്മീകിമഹർഷിയുടെ പർണ്ണശാലയിലിരിക്കുന്ന

സീതാദേവിയുടെ പരിസരവർണ്ണനയിൽ തമസാനദിയെ പറ്റി പരാമർശമുണ്ട്. രാത്രിയിൽ നദിയിൽ ഇളംകാറ്റിൽ ആമ്പൽപ്പൂക്കൾ വിടരുന്നതിനെ കോൾമയിൽ കൊള്ളലായി കവിത ആരോപിക്കുന്നു.

ഉള്ളൂരിന്റെ 'ചിത്രോദയം' എന്ന കവിതയിൽ പുഴവെള്ളത്തെ കാഴ്ചദ്രവ്യമായി സങ്കല്പിക്കുന്നു. സഹ്യൻ സമുദ്രത്തിനയക്കുന്ന ഉരുക്കിയ വെള്ളിക്കാശാകുന്ന കാഴ്ചദ്രവ്യമാണ് പുഴവെള്ളം. സമുദ്രരാജാവിന്റെ ആജ്ഞയനുസരിച്ച് അദ്ദേഹത്തിന്റെ മരുമക്കളായ കായലുകൾ സമുദ്രത്തിൽ നിന്ന് അല്പം മുന്നോട്ടുവന്ന് പുഴയെ എതിരേല്ക്കുന്നതായും കവിതയിൽ വർണ്ണനയുണ്ട് (1977:133). പുഴ കായലിലും കായൽ കടലിലും ലയിച്ചുചേരുന്ന പ്രക്രിയയെ മനുഷ്യരുടെ കുടുംബബന്ധ സങ്കല്പങ്ങൾക്കു ള്ളിൽ വച്ചാണ് കവിത പരിചരിക്കുന്നത്. പുഴയെ കടലിലേക്കെതിരേൽക്കാൻ വരുന്ന മരുമക്കളാണ് ഇവിടെ കായൽ. 'കർണ്ണഭൂഷണ'ത്തിൽ കർണ്ണനെ ചർമ്മണ്വതിയും ഗംഗയും യമുനയും അലകൈകളാൽ താങ്ങി ചമ്പാപുരിവരെ എത്തിച്ചതായി പരാമർശമുണ്ട്. മനുഷ്യ ശരീരഘടനയോട് നദിയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

ലക്ഷ്യസ്ഥാനത്തേക്ക് സഞ്ചരിക്കുക എന്ന സന്ദേശമാണ് വള്ളത്തോളിന്റെ 'വിജയിപ്പൂതാക' എന്ന കവിത നൽകുന്നത്. പുഴ പ്രാപ്യസ്ഥാനമായ കടലിലെക്കൊഴുകു ന്നതുപോലെ പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്തുകൊണ്ട് മുന്നേറുക എന്നർത്ഥം. അതിനായി പുഴയുടെ ഗതിയെ വിശദീകരിക്കുന്ന കവി പുഴയുടെ കാഴ്ചകളെയും വർണ്ണിക്കുന്നു. ലക്ഷ്യസ്ഥാനത്തേക്കുള്ള മനുഷ്യപ്രയാണത്തെ കടലിലേക്കുള്ള പുഴയുടെ യാത്രയായാണ് കവിത നിരീക്ഷിക്കുന്നത്. ദേശീയ പ്രസ്ഥാനകാലത്തുണ്ടായ ഈ കവിത മനുഷ്യയാത്രയായി കാണുന്നത് സ്വാതന്ത്ര്യസമരത്തെയാണ്. എല്ലാ പ്രതി ബന്ധങ്ങളും തട്ടി നീക്കി സ്വാതന്ത്ര്യം നേടുക എന്ന ആഹ്വാനമാണ് ഈ കവിതയുടെ പ്രത്യക്ഷ ലക്ഷ്യങ്ങളിലൊന്ന്. 'പുലർകാലം എപ്പൊഴോ?' എന്ന കവിതയിൽ 'ഗംഗ' നദിയെ പരാമർശിക്കുന്നുണ്ട്.

> "മുമ്പ് ഞാൻ കണ്ടേനല്ലോ, ശംഭുവിൻ ശിരസ്സിന്നു
> തുമ്പത്തൂമലർമാലയാകുമിത്തടിനിയെ" (2011:880)

എന്നിങ്ങനെ ശിവന്റെ ശിരസ്സിലെ തുമ്പപ്പൂമാലയായി ഗംഗയെ കല്പിക്കുന്നു. ഗംഗയുടെ പവിത്രതയും ശുദ്ധിയുമാണ് തുമ്പപ്പൂ എന്ന കല്പനയിലൂടെ സാധിക്കുന്നത്. 'മഗ്ദലനമറിയ'ത്തിൽ യേശുദേവന്റെ താടിയെ കാളിന്ദിനദിയുടെ കറുപ്പുനിറവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു (2011:228).

പള്ളത്ത് രാമന്റെ 'തൂലികാചലനം' എന്ന കവിതയിൽ

"സൗമ്യയാം പ്രകൃതിതൻ സീമന്തരേഖപോലെ
രമ്യയായ് പ്രവഹിപ്പൂ ഭാരതകല്ലോലിനി" (1989:20)

എന്നിങ്ങനെ പ്രകൃതിയുടെ സീമന്തരേഖയായി ഭാരതപ്പുഴയെ കാണുന്നു.

ഈ ഘട്ടത്തിൽ ബാലാമണിയമ്മയിൽ മാത്രമാണ് പുഴ ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടാതിരുന്നത്.

### 4.1.2.3.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനി'ൽ ഗ്രാമവർണ്ണനയിൽ ഇടയന്റെ പാട്ട് ആസ്വദിക്കുന്ന പുഴയെക്കുറിച്ച് പരാമർശമുണ്ട്. കൊച്ചോളങ്ങളുണ്ടാക്കുന്ന പുഴകളെ മറന്ന് ജീവിതമവസാനിപ്പിക്കാൻ ചന്ദ്രിക തയ്യാറാവുന്നില്ല. ഇവിടെ പുഴയിലൂടെ ചന്ദ്രികയുടെ ജീവിക്കാനുള്ള ആഗ്രഹമാണ് വ്യക്തമാക്കപ്പെടുന്നത്. രമണൻ ആത്മഹത്യയ്ക്കുമുമ്പ് പുഴകളോട് യാത്ര ചോദിക്കുന്നുണ്ട്. മറ്റൊരുഭാഗത്ത് രമണന് ചന്ദ്രികയുമായുള്ള അന്തരം വ്യക്തമാക്കുമ്പോൾ പുഴകളടങ്ങിയ സ്വാഭാവിക പ്രകൃതിയെ അധഃകൃതവിഭാഗമായി കല്പിക്കുന്നു.

'കാല്യകാന്തി' എന്ന കവിതയിൽ കർമ്മധീരരോട് മുന്നേറാനാഹ്വാനം ചെയ്യുമ്പോൾ

"തോടും പുഴകളും നിങ്ങൾ ചെന്നാൽ
പാടേ പിൻവാങ്ങിയകന്നുപോകും" (1974:292)

എന്നു വ്യക്തമാക്കുന്നുണ്ട്. 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽ കണ്ണീരൊഴുക്കിനെ കണ്ണീർപ്പുഴ എന്ന് പരാമർശിക്കുന്നു. ഈ ഘട്ടത്തിൽ ചങ്ങമ്പുഴ മാത്രമാണ് പുഴയെ പൊതുവെ ഭാവപരമായി അവതരിപ്പിച്ചത്

### 4.1.2.3.2.2.4. ആധുനികതാഘട്ടം

ഒ.എൻ.വി. കുറുപ്പിന്റെ 'പുഴ' എന്ന കവിത പുഴയുടെ വർണ്ണനയാണ്. വേനലിന്റെ ദുഃഖമായും പുലരിയിലെ നിർവൃതിയായും കണ്ണീരുപോലെയും നിളയെ പരാമർശിക്കുന്നു. പുഴയുടെ ജീവിതത്തെ തന്റെ ജീവിതത്തോട് സാദൃശ്യപ്പെടുത്തുന്നു.[29] ഒ.എൻ.വി. കുറുപ്പ് മാത്രമാണ് പുഴയെ ഭാവപരമായി താരതമ്യേന ഈ ഘട്ടത്തിൽ അവതരിപ്പിച്ചു കാണുന്നത്.

### 4.1.2.3.2.2.5. ആധുനികതാനന്തരഘട്ടം

മനസ്സിലുള്ളത് വെളിപ്പെടുത്താതിരിക്കാനാവില്ല എന്ന സത്യത്തെയാണ് വീരാൻകുട്ടിയുടെ 'മനസ്സിലുള്ളത്' എന്ന കവിത പ്രതിനിധീകരിക്കുന്നത്.

> "വെള്ളച്ചാട്ടം വരെമാത്രമേ
> ഉള്ളിലെ പ്രണയത്തെ
> നദിക്ക്
> രഹസ്യമാക്കി വയ്ക്കാനാവൂ" (2016: 166)

എന്നിങ്ങനെ പ്രകൃതിയിൽ പ്രണയം ആരോപിക്കുന്നു.

എം.ആർ. രേണുകുമാറിന്റെ 'പച്ചക്കുപ്പി' എന്ന സമാഹാരത്തിലെ 'മനക്കോട്ട' എന്ന കവിതയിൽ മീനുകളുടെ വീട് പുഴയും തന്റെ വീട് പുഴക്കരയുമാണെന്ന് വ്യക്തമാക്കുന്നു. പുഴയുടെ അക്കരെ പുതിയ ഒരു വീടുണ്ടാക്കണമെന്ന വിചാരം തോന്നൽ മാത്രമാക്കി മീനുകളുടെ വീട്ടിൽ വിരുന്നുപോകുന്ന കവിയെ കവിതയിൽ കാണാം. 'കെണിനിലങ്ങളിൽ' എന്ന സമാഹാരത്തിലെ 'രണ്ടുകവിതകൾ' എന്ന കവിതയിൽ ആഴമുള്ള പുഴയാകാൻ ആഗ്രഹിക്കുന്ന കവിയെ കാണാം. മഴ വരുമ്പോൾ പുഴയെയും പുഴകടക്കുമ്പോൾ കടലിനെയും ഓർമ്മ വരുന്നതായി 'ഓർമ്മ വരുന്നു' എന്ന കവിത വ്യക്തമാക്കുന്നു. കടവുകാണുമ്പോഴാകട്ടെ പ്രണയിനിയുടെ കണ്ണുകളെ യാണോർക്കുന്നത്.

'ആമുഖലീലകൾ' പ്രണയലീലകളുടെ ആവിഷ്ക്കാരമാണ്. ഇവിടെ പ്രണയിതാവിന് പുഴയുടെ രൂപമാണ്. പുഴയെ അറിയുക പ്രകൃതിയെ അറിയലാണ്. പ്രണയിതാവ് പ്രകൃതിയാകുന്ന കവിതയിൽ പ്രകൃതിയിലുള്ള അലിഞ്ഞു ചേരലായി പ്രണയവും രതിയും മാറുന്നു.

> "ഒപ്പമൊട്ടിക്കിടന്ന്
> പുഴയുടെ ഞൊറിവുകളെ
> ഉടലാകെപ്പടർത്തിയിട്ട്" (2011:73)

എന്നിങ്ങനെയുള്ള വരികൾ അതാണ് സാക്ഷ്യപ്പെടുത്തുന്നത്. കൺപീലികളെ മേഘങ്ങളിൽ മുട്ടിക്കുകയും ഉടലിനെ ചന്ദ്രക്കലയുടെ കടലാക്കുകയും ചെയ്യുന്നതിലൂടെ അനന്തമായ ആകാശത്തിലേക്കുള്ള സഞ്ചാരമാകുന്നു പ്രണയം. ഇവിടെ പ്രണയം പ്രകൃതിയോടുള്ളതാണ്. അല്ലെങ്കിൽ മനുഷ്യപ്രണയത്തെ പുഴയെന്ന പ്രതീകത്തിലൂടെ ആവിഷ്ക്കരിക്കുന്നു.

### 4.1.2.3.3. പ്രകൃതിനശീകരണസൂചനകളുംമനോഭാവവും

#### 4.1.2.3.3.1. പ്രാചീനമധ്യകാലഘട്ടം

നദികളെ ആരാധിക്കുന്ന മനോഭാവത്തിനൊപ്പം തന്നെ അവയെ അടിമയാക്കുന്ന പ്രവർത്തനങ്ങൾക്കും 'കണ്ണശ്ശരാമായണ'ത്തിൽ സ്ഥാനമുണ്ട്. സ്വന്തം താല്പര്യങ്ങൾക്കായി പ്രകൃതിയെ മാറ്റിയെടുക്കുന്നു. രാമനെത്തേടി വനത്തിലെത്തുന്ന ഭരതനെയും സൈന്യത്തെയും ഭരദ്വാജമഹർഷി സ്വീകരിക്കുന്ന രീതി പ്രകൃതിയെ ആസ്വാദന ഉപകരണമായി കാണുന്ന മനോഭാവത്തെയാണ് പ്രകടിപ്പിക്കുന്നത്. ഭരതാദികളെ ആഹ്ലാദിപ്പിക്കുന്നതിന് ഗംഗാദികളായ നദികളോട് നിറഞ്ഞൊഴുകി ആശ്രമത്തിലേക്ക് വരാൻ ഭരദ്വാജമഹർഷി കല്പിക്കുന്നു. നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തി തങ്ങൾക്കാവശ്യമുള്ളിടത്തേക്ക് ഒഴുകാനാണ് ആജ്ഞ. സാങ്കല്പികമായി ഇവയെ കരുതാമെങ്കിലും ആ സങ്കല്പങ്ങളുടെ യഥാർത്ഥ അനുഭവങ്ങളാണ് ഇന്ന് നാം കാണുന്നത്. നദികൾക്കു കുറുകെ അണകെട്ടുകയും ദിശമാറ്റി വിടുകയും മാലിന്യങ്ങൾ നിക്ഷേപിക്കുകയും ചെയ്തുകൊണ്ട് ഇന്ന് നദികളുടെ സ്വാഭാവികത നശിപ്പിക്കുന്നു. സീത അപഹരിക്കപ്പെട്ടതറിഞ്ഞ് രാമൻ ഗോദാവരിനദിയോട് സീതയെ അന്വേഷിക്കുകയും സീതയെ കാണിച്ചുതന്നില്ലെങ്കിൽ പുഴകളെല്ലാം ചുട്ടുവരട്ടുന്നുണ്ട് എന്ന് ദേഷ്യപ്പെടുകയും ചെയ്യുന്നു. (2013:353) തന്റെ ഹിതത്തിനനുസരിച്ച് പ്രവർത്തിക്കാത്തതിനെ നശിപ്പിക്കുക എന്ന അധികാരമനോഭാവമാണിവിടെ പ്രകടമാകുന്നത്. രാജാവിന്റെ അധികാരമാണ് രാമൻ പ്രകൃതിക്കുമേൽ പ്രയോഗിക്കുന്നത്.

'കൃഷ്ണഗാഥ'യിൽ പരാമർശിക്കപ്പെടുന്ന നദി കാളിന്ദിയാണ്. കാലിമേക്കാൻ പോയ ബാലന്മാർ ചൂടിനാൽ ദാഹിച്ചപ്പോൾ കാളിയന്റെ വിഷാംശമേറ്റ വെള്ളമാണ് കുടിക്കുന്നത്. വിഷബാധയേറ്റ് കുട്ടികളും കാലികളും ബോധമറ്റു വീഴുന്നു. നദിയെ മുഴുവൻ വിഷമയമാക്കാൻ കാളിയനു കഴിയുന്നു. സമകാലജീവിതരീതികളിൽ രാസകീടനാശിനികളും മറ്റു രാസപദാർത്ഥങ്ങളും നദികളെ വിഷമയമാക്കുന്നു. കാളിയന്റെ വേഷപ്പകർച്ചകളായി ഫാക്ടറികളും മറ്റു രാസപദാർത്ഥങ്ങളും മാറുന്നു.

'ഉണ്ണുനീലിസന്ദേശ'ത്തിലെ വടമതിരയിലെ യമുനാനദിയെക്കുറിച്ച്

> "മുന്നിൽക്കാണാം തദനു യമുനാഖണ്ഡമെന്ന കണക്കേ,
> സീരാകൃഷ്ടം വടമതിരയിൽ പണ്ടു സീരദ്ധ്വജേന,
> നീലസ്വച്ഛം മലിചിറ നിറന്നുല്ലസദ്വാരിപൂരം
> പാരാവാരം പരിഹസദിവ പ്രൗഢകല്ലോലജാലൈഃ" (2016:130)

എന്നാണ് പറയുന്നത്. ബലരാമൻ മദ്യപിച്ചു മത്തനായി യമുനയെ വിളിച്ചിട്ട് വരാത്തതിനാൽ കലപ്പ കൊണ്ടു ചാലുണ്ടാക്കി അദ്ദേഹത്തിന്റെ പിറകെ ഒഴുകിച്ച കഥയാണിവിടെ സൂചിപ്പിക്കുന്നത്. മനുഷ്യന്റെ ആജ്ഞാനുവർത്തികളായി ഇരിക്കേണ്ടവയാണ് പ്രകൃതിഘടകങ്ങൾ എന്ന മനോഭാവമാണിവിടെ പ്രകടമാകുന്നത്. അവന്റെ അധീനതയിലേക്ക് പ്രകൃതിയെ കൊണ്ടുവരുന്നു. പിൽക്കാലത്ത് ഈ കഥാസന്ദർഭത്തെയാണ് വൈലോപ്പിള്ളി 'ജലസേചനം' എന്ന കവിതയിൽ ഉപയോഗിച്ചത്.

### 4.1.2.3.3.2. കവിത്രയകാലം

ആധുനികയുഗത്തിന്റെ വികസനസങ്കല്പങ്ങൾ മൂലം മനുഷ്യർ പുഴയെ മറന്നതിന് മാപ്പു ചോദിച്ചുകൊണ്ടാണ് വള്ളത്തോളിന്റെ 'സുദിനം' എന്ന കവിത തുടങ്ങുന്നത്.

> "അംബികേ, ഗോദാവരി, കൈതൊഴാം: തവ രമ്യ
> നിർമ്മല ജലത്തിലൊന്നിറങ്ങി മുഴുകാതെ,
> ഇമ്മട്ടിപ്പുകവണ്ടി യാത്രയിൽ പാലം കേറി
> നിന്മീതേ കടന്നുപോമെൻകുറ്റം പൊറുത്താലും" (2003:349)

വികസനത്തിന്റെ ഭാഗമായി വന്ന പാലത്തിലൂടെ തീവണ്ടിയിൽ പുഴ കടക്കുമ്പോൾ കുറ്റബോധത്തോടെയാണ് കവി ഇറങ്ങിക്കടന്നിരുന്ന കാലത്തെ ഓർക്കുന്നത്. വികസനം പരിസ്ഥിതിയിൽ നിന്ന് മനുഷ്യരെ എത്രമാത്രം അകറ്റുന്നു എന്നുള്ള ബോധ്യം ഈ കവിത പങ്കുവയ്ക്കുന്നു.

വള്ളത്തോളിന്റെ 'കർമ്മഭൂമിയുടെ പിഞ്ചുകാൽ' സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടെഴുതിയ കവിതയാണ്. ബ്രിട്ടനെ അപേക്ഷിച്ച് പരിമിതവിഭവരാണ് ഇന്ത്യക്കാരെങ്കിലും ഈ സമരത്തിൽ ഇന്ത്യ തന്നെയാണ് വിജയിക്കേണ്ടതെന്നും ഇന്ത്യയ്ക്കതിന് കഴിയുമെന്നുമുള്ള ശുഭാപ്തി വിശ്വാസമാണ് ഈ കവിത. കാളിയമർദ്ദനം പോലുള്ള പൗരാണികമിത്തിലൂടെയാണ് സമകാലികരാഷ്ട്രീയ സന്ദർഭത്തെ കവി നേരിടുന്നത്. ജീവജലമായി തീരേണ്ടുന്ന പുഴയെ വിഷമാക്കി മാറ്റുന്ന കാളിയൻ ബ്രിട്ടീഷ് സാമ്രാജ്യത്വം എന്ന അർത്ഥത്തിന് പുറമെ പ്രകൃതിയെയും പുഴയെയും മലിനമാക്കുന്ന ഏത് അധികാരപ്രയോഗവുമാകാം.

കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് പുഴ നശീകരണരീതിയിൽ പൊതുവെ പരാമർശിക്കപ്പെട്ടത്.

### 4.1.2.3.3.3. കവിത്രയത്തിനുശേഷമുള്ള കാലം

വെള്ളസാരിയുടുത്ത നിളാനദിക്കൊപ്പം അകലേക്ക് നീളുന്ന റെയിൽപ്പാളത്തെക്കുറിച്ച് പി. കുഞ്ഞിരാമൻനായരുടെ 'നെടുവീർപ്പ്' എന്ന കവിതയിൽ പരാമർശമുണ്ട്. 'നാവാമണൽപ്പുറത്ത്' എന്ന കവിതയിൽ നിളാനദിയുടെ വർണ്ണനയുണ്ട്. ചരിത്രകഥകൾ ഓർത്ത് നെടുവീർപ്പിടുന്ന നദിയാണതെന്ന് കവിത വ്യക്തമാക്കുന്നു. മരങ്ങൾ മുറിച്ചതിനാൽ നാടിന്റെ ഞരമ്പുകളായ നദികൾ വരണ്ടുപോയതായി 'കാലവർഷം' എന്ന കവിത സൂചിപ്പിക്കുന്നു.

"തീരേ മരവിച്ചു പോയ്പോയി നാടിന്റെ
ചോര ഞരമ്പുകൾ വൻനദങ്ങൾ" (2005: 343)

എന്നിങ്ങനെ നദികൾ മരവിച്ചതായി കവിത വ്യക്തമാക്കുന്നു. 'ദേവകന്യക' എന്ന കവിതയിൽ പുഴയെ ചങ്ങലയ്ക്കകത്താക്കുന്ന മനുഷ്യരീതിയെ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യരുടെ ഇത്തരം പ്രവൃത്തികൾ മഴയില്ലാത്ത അവസ്ഥയിലേക്ക് പ്രകൃതിയെ പരിവർത്തപ്പെടുത്തുന്നു. അണക്കെട്ടുകളാൽ പുഴയെ വീർപ്പുമുട്ടിക്കുന്നതായി 'നിലാവേ, വരൂ!' എന്ന കവിതയിലും പരാമർശമുണ്ട്.

"അണക്കെട്ടുകളാൽ വീർപ്പു
മുട്ടിച്ചു ദേവഗംഗയെ
തുറക്കൂ വാതിൽ കേഴുന്നു.
വരണ്ട കൃഷിഭൂമികൾ" (2005:365)

എന്നിങ്ങനെ ഗംഗയെ തടഞ്ഞു നിർത്തിയതിനെക്കുറിച്ച് പറയുന്നുണ്ട്. മക്കൾക്ക് മുല നൽകാനായി പോകണമെന്ന് നദി ആഗ്രഹിക്കുന്നു. എന്നാൽ അണക്കെട്ടുകൾ അതിന് വിഘാതം സൃഷ്ടിക്കുന്നു. നദിയുടെ സ്വാതന്ത്ര്യത്തെയാണ് അണക്കെട്ടുകൾ ഇല്ലാതാക്കിയത്.

പി.കുഞ്ഞിരാമൻനായരുടെ 'നിളാതടത്തിലെ രാത്രി' എന്ന കവിതയിൽ രാത്രിയെ സ്ത്രീയായി കല്പിക്കുന്നു. നീളാതടത്തിലെ രാത്രിയെ മനോഹരമായി അവതരിപ്പിച്ച കവി നിളയുടെ സമകാലികാവസ്ഥ വ്യക്തമാക്കുന്നു. വനനശീകരണം, വയൽ നികത്തൽ, വ്യവസായികവളർച്ച, മരംമുറിക്കൽ, കാവിന്റെയും പക്ഷിവർഗ്ഗങ്ങളുടെയും നാശം തുടങ്ങിയ പാരിസ്ഥിതികവിഷയങ്ങളെ കവിത പ്രശ്നവത്ക്കരിക്കുന്നു. പ്രകൃതിസൗന്ദര്യ ആസ്വാദനത്തിനൊപ്പം സമകാലികമായ പരിസ്ഥിതിപ്രശ്നങ്ങളെയും

അടയാളപ്പെടുത്തുന്ന കവിത നിളാതടത്തിലെ ഹേമന്തരാത്രിയെ സ്ത്രീയായി, നാഗകന്യകയായി കല്പിക്കുന്നു.

"ദ്രോഹിയായി, വികൃതിയായി മാറിയ മനുഷ്യമനസ്സ് ചങ്ങലയിൽ തളച്ചിട്ടപുഴ- കെട്ടിൽപ്പെട്ട എണ്ണമെലിപ്പശു- ആകൃതിമാറി-പ്രകൃതി മാറി- വയ്യ; ഇത് പുഴയല്ല; വെറും നീർക്കെട്ട്- ഇതിനെ കെട്ടഴിച്ചു വിടുക!" (2006: 478) എന്ന മുഖവുരയോടെയാണ് 'മലമ്പുഴയിൽ' എന്ന കവിത ആരംഭിക്കുന്നത്. പുഴയെ അണകെട്ടി നിർത്തി അവയുടെ സ്വതന്ത്രസഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന വികസന രീതിയെയാണിത് അടയാള പ്പെടുത്തുന്നത്. അണക്കെട്ടുകളും ജലവൈദ്യുതപദ്ധതികളും ഉണ്ടാക്കുന്ന പാരിസ്ഥിതാകാഘാതത്തെക്കുറിച്ച് കവിതയ്ക്ക് ബോധ്യമുണ്ട്. വടമലച്ചാർത്തുകളിൽ നിന്നുത്ഭവിക്കുന്ന പുഴയെ അണകെട്ടി നിർത്തിയതാണ് മലമ്പുഴ അണക്കെട്ട്

> "പ്രാണനും പ്രാണനാമിസ്ഥലം; കാനന-
> റാണിയാൾ തൻ പൊന്നരമനവാതിലാം
> രാജഗേഹത്തിൽ പിറന്നവളെങ്കിലും
> രാജകുമാരി നിരന്തരദുഃഖിത" (2006: 478)

കാനനറാണിയായ പുഴയെയാണ് അറുകൊല ചെയ്യുന്നത് പ്രകൃതിഘടകങ്ങളിൽ അടിച്ചമർത്തപ്പെടുന്നവയ്ക്ക് സ്ത്രീസാദൃശ്യം കല്പിക്കുന്നു. "പ്രകൃതിക്കെതിരായ അതിക്രമങ്ങളോടൊപ്പം രൂപപ്പെടുന്നതാണ് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും പ്രാന്തവത്ക്കരണങ്ങളും" എന്ന വന്ദനശിവയുടെ അഭിപ്രായം ഈ കവിതയുമായി ചേർന്നു പോകുന്നു(2014:87). ഇത്തരത്തിൽ സ്ത്രീയും പ്രകൃതിയും പുരുഷനാൽ അടിച്ചമർത്തപ്പെടേണ്ടവയാണെന്ന ബോധം സമൂഹത്തിൽ വ്യാപിച്ചിരിക്കുന്നു. അത്തരമൊരു ബോധത്തെ വിമർശനാത്മകമായി നോക്കിക്കാണാൻ കുഞ്ഞിരാമൻ നായർക്കു കഴിയുന്നു. "ജലപരിപാലനത്തിന്റെ പുരുഷാധിപത്യവും പടിഞ്ഞാറൻ സ്വഭാവമുള്ളതുമായ പ്രരൂപങ്ങളാൽ പരിശീലിപ്പിക്കപ്പെട്ട സാങ്കേതികവിദഗ്ദ്ധരാൽ പണികഴിപ്പിക്കപ്പെട്ടതും നിയന്ത്രിക്കപ്പെട്ടതുമായ ക്ഷേത്രങ്ങൾ, ജലപരിപാലന പ്രക്രിയയിൽ യഥാർത്ഥത്തിൽ അതിൽ പങ്കെടുക്കുന്നവരെ - പ്രത്യേകിച്ചും സ്ത്രീകളെ - പുറത്താക്കുന്നു. അവരെ ഉൾക്കൊള്ളുന്ന ഉദ്ഗ്രഥിതസ്വഭാവമുള്ള ജലചക്രമെന്ന പരിപാലനഭാവത്തിൽ നിന്നും ജലപരിപാലനം മാറ്റത്തിനു വിധേയമായിരിക്കുന്നു. അണക്കെട്ടുകളും തണ്ണീർക്കെട്ടുകളും ചാലുകളും നിറഞ്ഞ വിദഗ്ധരും സാങ്കേതിക പ്രവർത്തകരും പ്രവർത്തിക്കുന്ന; വിദൂരപ്രദേശങ്ങളിൽ പൗരുഷമനസ്സുകളാൽ നടത്തുന്ന

ചൂഷണവ്യവസ്ഥയായി ജലപരിപാലനം മാറിയിരിക്കുന്നു" എന്നിങ്ങനെ ജലസംരക്ഷണ ത്തിൽ നിന്നും സ്ത്രീകളുടെ പങ്കാളിത്തം ഇല്ലാതാക്കുന്നതിനെക്കുറിച്ച് വന്ദനശിവ അഭിപ്രായപ്പെടുന്നുണ്ട് (2014:263). പരിസ്ഥിതിസൗന്ദര്യശാസ്ത്രം വികസിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ ഇക്കോഫെമിനിസത്തിന്റെ ചിന്താരീതി കവിതയിലവതരിപ്പിക്കാൻ കുഞ്ഞിരാമൻനായർക്കു കഴിഞ്ഞു.

"കൺമുന്നിൽവെച്ചു നടക്കുമറുകൊല
കണ്ടു മുഖം പൊത്തിനിൽക്കുന്നു വിണ്ടലം
ചിന്നിക്കിടക്കുന്നു സുന്ദരകാനന-
കന്യകമാരുടെ ദഗ്ദ്ധാസ്ഥിപഞ്ജരം" (2006:478)

എന്നാണ് കവി പറയുന്നത്. പ്രകൃതിയുടെ മേൽ നടത്തുന്ന ക്രൂരതകളുടെ തെളിവുകൾ കന്യകമാരുടെ കത്തിക്കരിഞ്ഞ അസ്ഥിപഞ്ജരം പോലെ കിടക്കുന്നു. ഇവിടെയെല്ലാം പുഴയും സ്ത്രീയും അടിച്ചമർത്തപ്പെടുന്നതായുള്ള ചിത്രീകരണങ്ങളാണുള്ളത്. അണക്കെട്ടുകളെ കൃത്രിമജീവിതമേടകൾ എന്നാണ് കവി വിശേഷിപ്പിക്കുന്നത്. അണക്കെട്ടുകളിൽ അകപ്പെട്ട പുഴയുടെ അവസ്ഥ വാരിക്കുഴിയിൽ അകപ്പെട്ട കാട്ടാന യുടേതാണ്. ഇത്തരത്തിൽ പുഴയുടെയും പ്രകൃതിഘടകങ്ങളുടെയും സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് മനുഷ്യന്റെ ആവശ്യങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നവിധത്തിൽ കൃത്രിമപ്രകൃതിയെ ചമയ്ക്കുന്നു. ഇത്തരം പ്രകൃതിധ്വംസനങ്ങൾക്കെതിരെ ശബ്ദ മുയർത്തുകയാണ് പി.കുഞ്ഞിരാമൻനായർ. പാരിസ്ഥിതികഅവബോധത്തിന്റെയും പരിസ്ഥിതിവിജ്ഞാനത്തിന്റെയും വലിയതത്ത്വങ്ങൾ 'മലമ്പുഴയിൽ' എന്ന കവിത ഉൾക്കൊള്ളുന്നു.

"അണക്കെട്ടിൻ ചങ്ങലയിൽ
കുടുങ്ങിപ്പോയ പാൽപ്പുഴ
പൊയ്പ്പോയ നല്ലകാലത്തി-
ന്നോർമ്മയിൽ തങ്ങിനില്ക്കയാം" (2006: 623)

എന്നിങ്ങനെയാണ് 'മാമ്പൂമണം' എന്ന കവിത തുടങ്ങുന്നത്. നിളാനദിയുടെ സമ്പത് സമൃദ്ധമായ കാഴ്ചകളിലേക്ക് ഓർമ്മയിലൂടെ സഞ്ചരിക്കുന്നു കവിത. അണക്കെട്ടെന്ന ചങ്ങലയ്ക്കുള്ളിലായ നദിയുടെ പൂർവ്വജീവിതത്തിന്റെ കാഴ്ചയാണ് കവിതയിലുള്ളത്.

പുഴകൾ കുഞ്ഞിരാൻനായരെ എന്നും സ്വാധീനിച്ചിരുന്നു. അതുകൊണ്ടുതന്നെ അവയുടെ നാശം കവിയെ ദുഃഖിതനാക്കുന്നു. വെള്ളമില്ലാതെ മണൽത്തിട്ടുമായി

നിവർന്നുകിടക്കുന്ന ഭാരതപ്പുഴയുടെ അസഹനീമായ കാഴ്ചയാണ് 'തോണിപ്പുരയിൽ' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്.

"ഐശ്വര്യം കത്തി നിന്നോരു
കാല;മോർക്കുന്നു പൂമല,
വാരിക്കോരിക്കൊടുത്തോരു
തറവാടിന്നു ശൂന്യമായ്!" (2006:649)

ഐശ്വര്യത്തോടെ ഒഴുകിയിരുന്ന ഭാരതപ്പുഴ മണൽത്തിട്ടകളായി രൂപം മാറിയതോടെ തോണിക്കാരന് തോണിപ്പുരയിൽ ചിന്തകളില്ലാതെ തലതാഴ്ത്തിയിരിക്കേണ്ടി വരുന്നു.

"ഒരു പെണ്ണുണ്ടെന്റെ കൂട്ടു –
കാരിയായ്, ക്കൊന്നപൂത്തനാൾ
ഇടിഞ്ഞുപോയ്, വീണ്ടുമവൾ
തരുമോ നവയൗവ്വനം" (2006: 653)

എന്ന് കവിത ആശിക്കുന്നു. ഭാരതപ്പുഴയെ സ്ത്രീയായി കല്പിക്കുന്നു. മണൽവാരലും മാലിന്യവും നിളയെ നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ നിന്നും മുക്തയായി അവൾ യൗവ്വനം വീണ്ടെടുക്കണമെന്ന് കവിത ആഗ്രഹിക്കുന്നു. സ്ത്രീയുടെ ഉയിർത്തെ ഴുന്നേൽപ്പുകൂടിയാണ് കവിത ആഗ്രഹിക്കുന്നത്.

പി. കുഞ്ഞിരാമൻനായരുടെ 'ഗംഗയലകളുടെ പാട്ട്' എന്ന കവിതയും പാരിസ്ഥിതികമായ തകർച്ചയെയാണ് വിഷയമാക്കിയിരിക്കുന്നത്. തീരങ്ങൾതോറും തളിരണിയിച്ച് ഗംഗ മുന്നേറുമ്പോൾ അതിന് വിഘ്നം സൃഷ്ടിക്കുന്ന മാറ്റങ്ങൾ സമൂഹ ത്തിലുണ്ടാകുന്നു. നദിയോരങ്ങളെ വ്യവസായശാലകൾ പിടിച്ചെടുക്കുകയും കുടിവെള്ളം നൽകിയിരുന്ന നദിയിലേക്ക് യന്ത്രക്കുഴലുകൾ വിഷം തുപ്പുകയും നാടിന്റെ പച്ചപ്പ് തുടച്ചുനീക്കി ആഗതമായ നഗരം വൈദ്യുതദീപങ്ങളാൽ ചിരിക്കുകയും ചെയ്തുകൊണ്ട് നാടിനെ നശിപ്പിക്കുന്നതായി കവിത വ്യക്തമാക്കുന്നു.[30] ഇത്തരം ശോചനീയാവസ്ഥയിൽ ഗ്രാമത്തിന്റെ നിലവിളികൾ മുഴങ്ങുന്നു.

"എഴുന്നേല്ക്കുക നീ ധാത്രീ, ചരാചര
ധാത്രീ, ജനയിത്രീ,
കണ്ണീരൊപ്പാൻ, എണ്ണകാണാൻ,
കഞ്ഞിവെള്ളം പകരാൻ,

വരുന്നു ഭാരതഗംഗാനദിതൻ
തിരമാലകൾ ഞങ്ങൾ" (2006:759)

എന്ന് ഗംഗാനദി ഗ്രാമീണതയുടെ രക്ഷകനായി അവതരിക്കുമെന്ന് കവിത പ്രത്യാശിക്കുന്നു. ഗ്രാമീണപ്രകൃതി തിരിച്ചുവരുമെന്ന് നഷ്ടസ്മൃതികളുടെ കവിക്ക് പ്രത്യാശയുണ്ട്.

പൊന്നാനിപ്പുഴയെ സ്ത്രീയായി കല്പിച്ചുകൊണ്ട് രചിച്ച കവിതകൂടിയാണ് ഇടശ്ശേരിയുടെ 'കുടം നിറയ്ക്കൂ കൂടെ വരൂ'. ജന്മിത്തം കൊടികുത്തിവാണിരുന്ന ഒരു കാലഘട്ടത്തെയാണ് ഈ കവിത പ്രതിനിധാനം ചെയ്യുന്നത്. സമൂഹത്തിൽ പലമാറ്റങ്ങളും സംഭവിക്കുമ്പോഴും.

"അപ്പൊഴുമൊഴുകീ പൊന്നാനിപ്പുഴ
ഉപ്പലമാലയിലിടചേരാൻ" (2012:491)

എന്നിങ്ങനെ സ്ത്രീക്കും പ്രകൃതിക്കും അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ചില്ല എന്ന് കവിത വ്യക്തമാക്കുന്നു. കടലിനെ പുരുഷനായും നദിയെ സ്ത്രീയായും കല്പിക്കുന്ന കവിസങ്കേതം തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. പുഴയെ വരുതിക്കു നിർത്താനുള്ള ശ്രമത്തെയാണ് ഈ കവിത അടയാളപ്പെടുത്തുന്നത്. വയലുകളുടെ ചോരകുടിച്ചും കണ്ണുചുവപ്പിച്ചും കുതിച്ചൊഴുകി വരുന്ന പുഴയോട്

"കുടിലൻ ജന്മിയുമിത്തരത്തിൽ
കുനിയിച്ചില്ലാ ഞങ്ങളെ
നിന്നെക്കെട്ടാനൊരുക്കമുണ്ടേ
ക്കാണും നീയാണുങ്ങളെ!" (2012:492)

എന്നാണ് പറയുന്നത്. ഈ വരികൾ പ്രകൃതിയുടെയും സ്ത്രീയുടെയും മേൽ നടത്തപ്പെടുന്ന പുരുഷാധിപത്യത്തിന്റെ രീതിയാണ് പ്രകടമാക്കുന്നത്. 'കാണും നീയാണുങ്ങളെ!' എന്നതിൽ ആണുങ്ങളാൽ നീ ഒതുക്കപ്പെടും എന്ന ഭയപ്പെടുത്തലിന്റെ/ ആജ്ഞാശക്തിയുടെ പ്രകടനമുണ്ട്. "പ്രകൃതിക്കകത്തും പ്രകൃതിയും മനുഷ്യരും തമ്മിലും ഉള്ള ഈ വിഭജനം നിലനിർത്തുന്ന ഒരു ജൈവചോദന എന്ന നിലയിൽ നിന്നും ചൂഷണം ചെയ്യപ്പെടാവുന്ന ഒരു വിഭവം എന്ന നിലയിൽ പ്രകൃതിയുടെ സ്ഥാനത്തിനുണ്ടാകുന്ന പരിണാമവും കാർട്ടീഷ്യൻ വീക്ഷണത്തിന്റെ സ്വഭാവസവിശേഷതകളെ അടയാളപ്പെടുത്തുന്നു. ഈ വീക്ഷണമാണ് പാരിസ്ഥിതികലോക ബോധങ്ങളെ തിരസ്ക്കരിക്കുകയും പ്രകൃതിയെയും സ്ത്രീയെയും ഒരുപോലെ ഞെരിച്ചൊതുക്കുന്ന

തരത്തിലുള്ള വികസനമാതൃകയ്ക്ക് രൂപം കൊടുക്കുകയും ചെയ്തത്" എന്ന വന്ദനശിവയുടെ വാക്കുകൾ സ്ത്രീയെയും പ്രകൃതിയെയും അടിച്ചമർത്തുന്നതിനു പിന്നിലെ പുരുഷവീക്ഷണത്തെയാണ് വ്യക്തമാക്കുന്നത് (2014:85). നദികൾ സ്വന്തം ഇഷ്ടപ്രകാരം ഒഴുകി കടലിൽ ചേർന്നിരുന്ന കാലം അവസാനിച്ചെന്നും പുതുകാലം അതിനനുവദിക്കില്ലെന്നും കവിത വ്യക്തമാക്കുന്നു.[31] കല്പനകൾ തോളിലേറ്റി നടക്കുന്ന മനുഷ്യർ അവനാവശ്യമുള്ള ഇടത്തേക്ക് നദിയെ നയിക്കും. രാമായണത്തിൽ ഭരത സൽക്കാരത്തിനായി നദിയെ ആശ്രമത്തിലെത്താൻ ആജ്ഞാപിക്കുന്ന മഹർഷിയുടെ പാതയുടെ പിൻതുടർച്ചയാണിത്. അന്ന് തപസ്സാണ് ശക്തികേന്ദ്രമെങ്കിൽ പുതുകാലത്ത് യന്ത്രങ്ങളും മറ്റു സാങ്കേതികതകളും ഇതിനുപയോഗിക്കുന്നു.

'ഭാരതപ്പുഴ' എന്ന ഇടശ്ശേരിക്കവിത പുഴയുടെ രീതികളെയാണ് പരാമർശിക്കുന്ന തെങ്കിലും ഭാരതപ്പുഴയെപ്പോലെ വഴിയിലെ തടസ്സങ്ങളെല്ലാം നീക്കിക്കൊണ്ട് ഭാരതീയ ജനത സ്വാതന്ത്ര്യത്തിലേക്ക് മുന്നേറണമെന്ന ദേശീയകാഴ്ചപ്പാട് അവതരിപ്പിക്കുന്നു (2012:133). പുഴയെ ഇവിടെ ലക്ഷ്യസ്ഥാനത്തേക്കുള്ള പ്രയാണത്തിന്റെ പ്രതീകമായി അവതരിപ്പിച്ചിരിക്കുന്നു.

പുഴയ്ക്കുകുറുകെ ഉയർന്ന പാലവുമായി ബന്ധപ്പെട്ട ചിന്തകളാണ് ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം' എന്ന കവിത. ഭാരതപ്പുഴയ്ക്കുമേൽ ഉയർന്ന പാലത്തിനുമുകളിൽ കേറി നിന്നു കൊണ്ട് അഭിമാനത്തോടെയും ആശങ്കയോടെയും കവി പുഴയെ കാണുന്നു. പാലത്തിലൂടെ ഗ്രാമത്തിലെത്തിയ വികസനങ്ങളെ പ്രകീർത്തിക്കുന്നതിനൊപ്പം ദിവസം തോറും മങ്ങുന്ന ഗ്രാമീണതയെ ഓർത്ത് ദുഃഖിക്കുകയും ചെയ്യുന്നു കവി. മർത്ത്യ വിജയത്തിൽ ആഹ്ലാദിക്കുമ്പോഴും പുഴയുടെയും പ്രകൃതിയുടെയും പരാജയത്തിലുള്ള വേദന കവിതയിൽ പ്രകടമാണ്. പുഴയിലെ കളികളും കുളിർമ്മകളും ഇനിയൊരിക്കലും തിരികെവരില്ല എന്ന സത്യമാണ് ഈ ഓർമ്മപുതുക്കലിലൂടെ നടത്തുന്നത്. പുതിയ സാമൂഹികപാരിസ്ഥിതികസാഹചര്യങ്ങളെ മുൻകൂട്ടിക്കാണാൻ ഇടശ്ശേരിക്ക് കഴിഞ്ഞു. വികസനത്തെയും അതിന്റെ ഫലമായ പ്രകൃതിനാശത്തെയും ഈ കവിത പ്രശ്ന വൽക്കരിക്കുന്നുണ്ട്. "പാലം അടയാളപ്പെടുത്തുന്ന മനുഷ്യനേട്ടത്തെ അംഗീകരിക്കുന്നതി നോടൊപ്പം പിറവിതൊട്ടു തന്റെ കൂട്ടുകാരിയായ ഗ്രാമലക്ഷ്മി അകലേക്കകലേക്ക് മാഞ്ഞുപോകുന്നത് അകക്കണ്ണുകളിൽ കണ്ട് കവിയുടെ മനസ്സ് അസ്വസ്ഥമാകുന്നു. അന്ധവും ആസുരവും ജനവിരുദ്ധവുമായ പുരോഗതിക്കെതിരെ നമ്മുടെ മനസ്സുകളിൽ പ്രതിരോധം തീർക്കുന്നത് ഇത്തരം ദാർശനികവ്യഥകളത്രേ 'കുറ്റിപ്പുറം പാലം' എന്ന

ഇടശ്ശേരി കവിത ദാർശികമായ ഒരുൾക്കാഴ്ചയും പ്രവാചകസിദ്ധമായ ദൂരക്കാഴ്ചയും കൊണ്ട് ഇക്കോളജീയമായ വികസനസങ്കല്പത്തിന്റെ മുഖദർശമാകുന്നത് ഈ സാഹചര്യത്തിലാണ്." എന്ന് പി.പി.കെ പൊതുവാൾ വ്യക്തമാക്കുന്നു(2007:72). ഗംഭീര മായി ഉയർന്നു നിൽക്കുന്ന കുന്നുകൾ പോലും മനുഷ്യന്റെ യന്ത്രവത്കൃതജീവിതത്തിനു മുന്നിൽ മനുഷ്യന്റെ ഇഷ്ടത്തിന് കറങ്ങുന്ന പമ്പരങ്ങൾ പോലെ പരിവർത്തനപ്പെടുന്നു. ഇത്തരം യന്ത്രവൽകൃതാവസ്ഥയിൽ

"കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ,
അംബ, പേരാറേ, നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?" (2012:390)

എന്ന ആശങ്ക കവിക്കുണ്ടാകുന്നു. പാരിസ്ഥിതികമായ അവബോധം ഈ കവിതയിൽ പ്രകടമാണ്. മനുഷ്യവിജയത്തിൽ അഭിമാനിക്കുകയും പരിസ്ഥിതിനാശത്തെക്കുറിച്ച് ആകുലപ്പെടുകയും ചെയ്യുന്നു കവിത.

ബലരാമൻ കേന്ദ്രകഥാപാത്രമാകുന്ന വൈലോപ്പിള്ളിയുടെ 'ജലസേചന'ത്തിൽ പ്രകൃതിയെ വരുതിക്കുനിർത്തുന്ന മനുഷ്യനാണുള്ളത്. മനുഷ്യർ അവരുടെ സുഖ സൗകര്യങ്ങൾക്കായി പ്രകൃതിയെയും പ്രകൃതിഘടകങ്ങളെയും പരിവർത്തനവിധേയ മാക്കുന്നു. മനുഷ്യന്റെ ബുദ്ധിവികാസത്തിന്റെ ഫലമാണിതെന്നും മറ്റു ജീവിവർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തരാണ് മനുഷ്യരെന്നും അഹങ്കരിച്ചുകൊണ്ട് പ്രകൃതിയെ സ്വന്തം നിയന്ത്രണത്തിലാക്കുന്നു. മഴയില്ലാതെ ഭൂമി വരണ്ട് ജീവജാലങ്ങളുടെ കണ്ണുനീർമാത്രം ബാക്കിയാവുന്ന ഘട്ടത്തിൽ ഗോപന്മാർ ബലരാമനോട് പരാതിപ്പെടുന്നു. അതിന് ബലരാമൻ കണ്ടെത്തിയ പോംവഴി കാളിന്ദിയെ ഗോകുലത്തിലേക്കൊഴുക്കുക എന്നതാണ് അതിനായി കാളിന്ദിയോട്

"അക്ഷീണമംഭസ്സു ചോർത്തിയഭിഷേചി-
ച്ചുജ്ജീവിപ്പിച്ചാലുമൂഴിയേ നീ
വൃന്ദാവനക്കരിംകൂവള മാലികേ,
തന്നാലും നിൻ ദാനത്തൂമരന്ദം" (2001:105)

എന്ന് അപേക്ഷിക്കുന്നു. അതു ശ്രദ്ധിക്കാതെ കാട്ടിലെ സുന്ദരി പാഞ്ഞുപോയി. നദിയെ സ്ത്രീയായി സങ്കല്പിക്കുന്ന കാവ്യരീതിയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. സ്ത്രീയും പ്രകൃതിയും ഭരിക്കപ്പെടേണ്ടവയാണെന്ന കാഴ്ചപ്പാട് കവിതയിലുണ്ട്.

“പുരുഷനെ ശ്രേഷ്ഠനായും സ്ത്രീയെയും പ്രകൃതിയെയും താണപദവിയിലും കുടിയിരുത്താനുള്ള ശ്രമം വെങ്കലയുഗം മുതൽ നടത്തി വരുന്നു. പുരുഷനെ യുക്തിയുടെ തലത്തിൽ പ്രതിഷ്ഠിച്ചപ്പോൾ സ്ത്രീയെ വികാരവുമായി കൂട്ടിയിണക്കി. പുരുഷനെ സ്വയം പര്യാപ്തനായി കണ്ടപ്പോൾ സ്ത്രീയെയും പ്രകൃതിയെയും അസ്തിത്വവുമായി ബന്ധപ്പെടുത്തി. പുരുഷൻ മേൽത്തട്ടിന്റെയും സ്ത്രീയും പ്രകൃതിയും കീഴ്ത്തട്ടിന്റെയും പ്രാതിനിധ്യം വഹിച്ചു. പുരുഷന്റെ അധീശത്വമനോഭാവം അത്തരത്തിൽ പ്രതിഷ്ഠിക്കപ്പെടുകയായിരുന്നു” എന്ന് ആശാലത .വി. അഭിപ്രായപ്പെടുന്നുണ്ട് (2013:11). ഇത്തരത്തിൽ പുരുഷന്റെ അധീശത്വം സ്ത്രീയെയും പരിസ്ഥിതിയെയും ഏതുരീതിയിലാണ് അടിച്ചമർത്തുന്നത് എന്നതിന്റെ സൂചനകളാണ് കവിത നൽകുന്നത്. ബലരാമന്റെ അപേക്ഷ സ്വീകരിക്കാതിരുന്ന കാളിന്ദിയെ കലപ്പയാൽ താൻ നിർദ്ദേശിച്ച ഇടത്തിലേക്ക് ബലപ്രയോഗത്തിലൂടെ എത്തിക്കുന്നു. പിന്നീട് പശുവിനെയെന്നപോലെ കാളിന്ദിയെ കറന്നെടുക്കുന്നു മനുഷ്യർ.

“അപ്പുഴതാനുമൊതുങ്ങി നമിച്ചുകൊ-
ണ്ടപ്പുതു കല്യകൾക്കുള്ളിലൂടേ
രാമന്റെ വേർപിറ്റു വീഴും വഴിക്കുതൃ-
ക്കാൽ മൺപൊടികൾ മുകർന്നു ചെന്നാൾ” (2001:108)

എന്ന അവസ്ഥയാണ് കാളിന്ദിക്കുണ്ടാകുന്നത്. പുരുഷമേൽക്കോയ്മയ്ക്കും അധികാരത്തിനും മുന്നിൽ താഴ്ന്നു കൊടുക്കേണ്ടിവരുന്ന സ്ത്രീയുടെയും പ്രകൃതിയുടെയും അവസ്ഥയെയാണ് കവിത അനാവരണം ചെയ്യുന്നത്.

‘വാഴാനിയിൽ’ എന്ന പേരിലെഴുതപ്പെട്ട വൈലോപ്പിള്ളിയുടെ കവിതയിൽ കവി പുഴകൾക്കു കുറുകെ വന്ന അണക്കെട്ടുകളെ പ്രശംസിക്കുന്നു. കുന്നുകളിൽ നിന്നൊഴുകുന്ന വെള്ളം കടലുപ്പിൽച്ചേരാതെ അണകെട്ടി സംരക്ഷിച്ച് കവുങ്ങും വാഴയും നെൽപ്പാടവും വളർത്തി ജീവിതത്തെ പച്ചപ്പുള്ളതാക്കാൻ ശ്രമിക്കുന്നതിലുള്ള അഭിമാനമാണ് കവിത വ്യക്തമാക്കുന്നത്. ഇവിടെ കാർഷികപ്രകൃതിയെ പ്രോത്സാഹിപ്പിക്കുന്ന കവിയെയാണ് കാണുന്നത്. അതുകൊണ്ടു തന്നെ സ്വാഭാവിക പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് കവിത ചിന്തിക്കുന്നില്ല എന്നു വ്യക്തമാകുന്നു. അതുകൊണ്ട് തന്നെ മനുഷ്യകേന്ദ്രിതമായ ചിന്തയ്ക്കാണിവിടെ പ്രാധാന്യം.

ചങ്ങമ്പുഴ, വയലാർ എന്നിവരുടെ കവിതകളിൽ പൊതുവെ പുഴകൾ പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.2.3.3.4. ആധുനികതാഘട്ടം

1970 കളിൽ സൈലന്റ്വാലി സംരക്ഷണസമരം ആരംഭിക്കുന്നതിനുമുമ്പ് 1956 ൽ രചിച്ച കവിതയാണ് എൻ.എൻ. കക്കാടിന്റെ 'ഒരു പുഴയുടെ ഓർമ്മ'. പുഴയുടെ ഉത്ഭവചരിത്രമാണ് കവിതയുടെ ആദ്യഭാഗത്ത് പരാമർശിക്കുന്നത്. അരുവിയായി രൂപപ്പെട്ട് നദിയായ് വളർന്ന പ്രവാഹമായിരുന്നു അതെന്ന് കവിത വ്യക്തമാക്കുന്നു.[32] ഇത്തരത്തിൽ നദി ഒഴുകിയപ്പോൾ ചൂട് കുറയുകയും വള്ളികൾ പൂക്കുകയും അതിനു മീതെ മരങ്ങൾ വളരുകയും ചെയ്തു. പുഴയിൽ പൂവുകൾ ചന്തത്തോടെ വിരിയുകയും മുന്തിരിക്കുലകളും കദളിക്കുലകളും വരിനെൽച്ചെടികളും അശോകമരങ്ങളും സമൃദ്ധമായി വളരുകയും മരുഭൂമിയെല്ലാം കാടാവുകയും സമൃദ്ധി നിറയുകയും ചെയ്തു. പിന്നീട്

"അകിടു കനത്തു കടഞ്ഞു കുഴങ്ങും
തള്ളപ്പശുവെപ്പോലെ"(2002: 268)

കാടിന്റെ ഹൃദയം സങ്കപ്പെടുന്നതു കണ്ട ദൈവം കാടിന്റെ മക്കളായി തുമ്പികളെ സൃഷ്ടിച്ചതായും അവ കാട്ടിലെ തേനും തേൻപഴങ്ങളും കഴിച്ച് തുള്ളിച്ചാടിയതായും കാടെന്ന അമ്മ അതിൽ രോമാഞ്ചം കൊള്ളുന്നതായും വെളിപ്പെടുത്തുന്നു. എന്നാൽ കവിതയുടെ അടുത്തഭാഗത്ത് മൊട്ടക്കുന്നുകളും ചുട്ടുപഴുക്കുന്ന പാറകളും കാട്ടുകള്ളിച്ചെടികളും നിറഞ്ഞ അവസ്ഥയാണ് വർണ്ണിക്കപ്പെടുന്നത്.

"അതിൻ നടുക്കായൊഴുകീ ചപ്പും
ചവറുമടിഞ്ഞു കലങ്ങി
കാളിമയാർന്നൊരു പുഴ" (2002:271)

ചപ്പും ചവറും നിറഞ്ഞൊഴുകുന്ന പുഴക്കരയിൽ പുല്ലും വൃക്ഷങ്ങളും കരിഞ്ഞ കാടും മാത്രം അവശേഷിച്ചതായി കവിത വ്യക്തമാക്കുന്നു. പിന്നീട് കവിതയിൽ കൃഷ്ണന്റെ കാളിയമർദ്ദനം കഥ ആരോപിക്കുന്നു. കാളിന്ദിയിൽ നിന്ന് കാളിയവിഷം ഒഴിഞ്ഞു പോയതുപോലെ പുഴയിലെ മാലിന്യങ്ങൾ ഒലിച്ചു പോവുകും പുഴ പുതുമയോടെ ഒഴുകുകയും ചെയ്തതായി കവിത വ്യക്തമാക്കുന്നു.[33] അതോടെ പച്ചപ്പുനിറഞ്ഞ പ്രകൃതി മനോഹരമാകുന്നു. 1970 കളിലാണ് കേരളത്തിൽ പരിസ്ഥിതിബോധവും പ്രവർത്തനങ്ങളും വിപുലമായതെങ്കിലും 1956-ൽ രചിക്കപ്പെട്ട ഈ കവിതയിലും കൃത്യമായ പരിസ്ഥിതിബോധം പ്രകടമാണ്. വിഷ്ണുവിനെയും കൃഷ്ണനെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന കവിത നദിയുടെ പാരിസ്ഥിതിക പ്രാധാന്യത്തെയും വെളിപ്പെടുത്തു

ന്നുണ്ട്. ജലസ്ത്രോതസ്സുകളാണ് പ്രകൃതിയുടെ ഊഷ്മളമായ നിലനില്പിനാധാരം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിനൊപ്പം നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെയും നദിയെയും പുനരുജ്ജീവിപ്പിക്കാൻ മനുഷ്യപ്രവർത്തനങ്ങൾക്കു കഴിയും എന്ന ശുഭവിശ്വാസവും കവിതയിലുണ്ട്. മറ്റു ജീവിവർഗ്ഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് പരിസ്ഥിതിപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം കാണുന്നതിനും കഴിയുമെന്ന സാമൂഹികപരിസ്ഥിതിവാദത്തിന്റെ പരിധിയിൽ ഈ കവിതയെ ഉൾപ്പെടുത്താം. പുഴയുമായി ബന്ധപ്പെട്ട ജൈവആവാസവ്യവസ്ഥയെ കൂടിയാണ് കവിത അവതരിപ്പിക്കുന്നത്.

മനുഷ്യനാൽ അപഹരിക്കപ്പെട്ട പുഴയെയാണ് ഒ.എൻ.വി.യുടെ 'കൃഷ്ണപക്ഷ ത്തിലെപാട്ട്' എന്ന കവിത അവതരിപ്പിക്കുന്നത്.

"ഞങ്ങളുടെ യമുനയുടെ തെളിമയും ശുദ്ധിയും
നിങ്ങളുടെ കൈയാൽ നശിച്ചൂ!" ( 2013:396)

എന്നിങ്ങനെ നശിപ്പിക്കപ്പെടുന്ന പുഴയെ കവിത പ്രതിനിധീകരിക്കുന്നു. 'വേനൽക്കുറിപ്പുകൾ' എന്ന കവിതയിൽ മരിച്ചുപോയ പേരാറിനെ പരാമർശിക്കുന്നു.

"ആരേ മറവ് ചെയ്തൂ
ജഡം?- എന്റെ പേ-
രാറിൻ ജഡം?മണ്ണി-
ലാഴത്തിൽ മൂടിയോ?
ഇത്തിരിത്തുണ്ടുകൾ
മാന്തിപ്പുറത്തിട്ട
മട്ടിലങ്ങിങ്ങു ചീ-
വെള്ളം കുഴികളിൽ" (2013:683)

എന്നിങ്ങനെ പേരാറിന്റെ അവസ്ഥ വ്യക്തമാക്കപ്പെടുന്നു. പെരിയാർത്തടത്തിലെ സത്രത്തിൽ നിന്നുള്ള കാഴ്ചയിൽ പെരിയാർ മുഴുവനും മരിച്ചില്ലായെന്ന് കവിത ആശ്വസിക്കുന്നു. എങ്കിലും ആറ്റിലേയ്ക്ക് ചാടല്ലേയെന്ന് വിലക്കുകൾ വരുന്നു. പുഴയിലൂടെ വരുന്ന കാറ്റ് നാറ്റവുമായാണ് കടന്നു പോകുന്നത്. തച്ചുകൊന്നിട്ട പെരുമ്പാമ്പിനെപ്പോലെയാണ് പെരിയാർ കിടക്കുന്നത്. പെരിയാറിന് ആരാണ് അന്തിമസംസ്കാരമേകുന്നതെന്ന് കവിത ആശങ്കപ്പെടുന്നു. പിതൃബലിക്കായി പെരിയാർ തീരത്തെത്തിയവർ പുണ്യജലത്തിനായി മണലിൽ കുഴിക്കുന്നു. മണൽപ്പറമ്പ് മാത്രമായി

മാറിയ പെരിയാറിന്റെ അവസ്ഥയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. ഇത്തരത്തിൽ മനുഷ്യന്റെ നഗരസൃഷ്ടിയും മറ്റ് മലിനീകരണങ്ങളും നദികളെ ഇല്ലാതാക്കുന്നു.

ഒഴുകാത്ത പുഴയെ ഒഴുക്കാനുള്ള പ്രയത്നങ്ങളുടെ കവിതയാണ് അയ്യപ്പപ്പണിക്കരുടെ 'കണ്ണാടിപ്പുഴയിലെ വെള്ളം' കണ്ണാടിപ്പുഴ ഒഴുകാതിരിക്കുമ്പോൾ കളക്ടറും തഹസിൽദാറും പഞ്ചായത്ത് പ്രസിഡന്റും പുഴയെ അധികാരിയുടെ ആജ്ഞാശക്തിയുപയോഗിച്ച് ഒഴുക്കാൻ ശ്രമിച്ചെങ്കിലും പുഴ അനുസരിച്ചില്ല. നാടിന്റെ നിലനില്പിനെ മുൻനിർത്തി കുട്ടികൾ വന്ന് പുഴയെ പൂവിട്ട് പൂജിക്കുകയും പുഴയിലഴുക്കിടില്ലെന്ന് ഉറപ്പുകൊടുക്കുകയും വേണമെന്ന് ആവശ്യപ്പെടുന്നു.

"നാട്ടിലുള്ള കുട്ടികളെല്ലാം പുഴക്കരയിലെത്തി
പുഴവെള്ളത്തിൽ പൂവിട്ടുപാട്ടുപാടി നൃത്തം വെച്ചു.
പുഴയെ പ്രീതിപ്പെടുത്തി ഇനി പുഴയിലഴുക്കിടില്ലെന്ന്
ഉറപ്പുകൊടുത്താൽ, പുഴ പിന്നെയും ഒഴുകി എന്നുവരാം
അപ്പോഴേ അതു സാക്ഷാൽ കണ്ണാടിപ്പുഴയാകൂ"(2006:36)

നദികളുടെ മലിനീകരണം അവയുടെ നാശത്തിനിടയാക്കുന്നു എന്ന വലിയ പാരിസ്ഥിതികപ്രശ്നത്തെയാണ് വളരെ ലളിതമായി ഹാസ്യാത്മകരീതിയിൽ അയ്യപ്പപ്പണിക്കർ അവതരിപ്പിച്ചിരിക്കുന്നത്. മലിനമാക്കപ്പെടുന്ന പുഴകളെയും അതിനോടുള്ള ഭരണാധികാരികളുടെ സമീപനത്തെയുമാണ് കവിതയിൽ അവതരിപ്പിക്കുന്നത്.

അയ്യപ്പപ്പണിക്കരുടെ 'നദികൾ' എന്ന കവിതയിൽ ഭാരതപ്പുഴയെക്കുറിച്ച് പരാമർശമുണ്ട്. രാമകഥയുമായി ബന്ധപ്പെടുത്തി നദിയെ വിവരിക്കുന്നു. രാമനാമം പാടിയ ഭാരതപ്പുഴ രാമനാൽ പരിത്യക്തയായ സീതയുടെ മനസ്സുപോലെ വരണ്ടുപോകുന്നു.[34] വരണ്ടുണങ്ങിയ ഭാരതപ്പുഴയെ കുത്തിയൊലിപ്പിക്കാൻ എത്തുന്ന ഇടവപ്പാതിയെയും ഉരുൾപൊട്ടലാകുന്ന പഞ്ചാരിമേളത്തോടെ കൊമ്പനാന കണക്കെ വയലുകളിലേക്ക് എക്കലുമായെത്തുന്ന വെള്ളപ്പൊക്കത്തെയും കവിത പ്രതീക്ഷിക്കുന്നു. 1924(1099)ലെ വെള്ളപൊക്കത്തെപ്പറ്റി സൂചിപ്പിക്കുകയും.[35] അതുപോലൊരു വെള്ളപ്പൊക്കത്തെ പ്രതീക്ഷിക്കുകയും ഭൂമി ഭയത്തോടെ ഓടുന്നതായി വ്യക്തമാക്കുകയും ചെയ്യുന്ന കവിത വളരെക്കാലം അടിച്ചമർത്തപ്പെട്ട സ്ത്രീയുടെയും പ്രകൃതിയുടെയും പ്രതികാരമാണ് വെള്ളപ്പൊക്കങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് വ്യക്തമാക്കുന്നു. തന്നോടു ചെയ്തതിനെല്ലാം പ്രതികാരം ചെയ്യുന്ന പ്രകൃതിയെയാണ് നാം കാണുന്നത്. ഇത്തരത്തിൽ പ്രകൃതിയും സ്ത്രീയും അടിച്ചമർത്തലുകളിൽ നിന്നും മോചനം

നേടണമെന്ന് കവിത ആഗ്രഹിക്കുന്നു. ഇക്കോഫെമിനിസത്തിന്റെ രീതിയിലാണ് കവിതയുടെ രചന. 'സാബർമതി' എന്ന കവിതയിലും നദികളെയാണ് വിഷയമാക്കുന്നത്. സാബർമതി = സാഭ്രമതി = അവൾ ഒഴുകുന്നു എന്നു നിരുക്തം എന്നാൽ ഇന്ന് നദികളെല്ലാം ഒഴുക്കു നിലച്ച അവസ്ഥയിലാണെന്ന് കവിത വ്യക്തമാക്കുന്നു.

"എങ്ങുപോയ്, സാബർമതീ, നിന്റെ നീരുറവകൾ?
എങ്ങുനിൻ കൂന്തൽത്തിരച്ചാർത്തടിയേൽക്കും തെന്നൽ?" (1994:151)

എന്നിങ്ങനെ ഒഴുക്കുകൾ നിലച്ച നദിയെ പരാമർശിക്കുന്നു. ഗംഗയും യമുനയും സിന്ധുവും കാവേരിയും ബ്രഹ്മപുത്രയും തുംഗഭദ്രയും പെരിയാറും ഓരോ നാടിന്റെയും സിരാചക്രങ്ങളായിരുന്നു എന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യന്റെ അഹങ്കാരത്തിന്റെയും പരസ്പരമുള്ള മത്സരങ്ങളുടെയും ഫലമായുയർന്ന മില്ലുകൾ കൂകി വിളിക്കുമ്പോൾ സാബർമതി ഉണരുന്നുണ്ടെങ്കിലും കുറച്ചു കാലത്തിനകം മെലിഞ്ഞ് ചുണ്ടുകൾ വരണ്ട് നീലകണ്ണുകളിലെ നിഴൽപ്പാടും നിലാവും നഷ്ടപ്പെട്ടവളായി മാറുന്നു. ആകാശം കാണാനാവാത്തവിധം മണ്ണിന്റെ ആഴങ്ങളിലേക്ക് രക്ഷപ്പെട്ടു പോകുന്ന പുഴ ഭൂമിയെ തരിശാക്കാനും പുല്ലിന്റെ ഗന്ധത്തെപ്പോലും നശിപ്പിക്കുന്നതിനും ഇടയാക്കുന്നു. ഇത്തരത്തിൽ ഭൂമി വന്ധ്യതയുള്ളവളായി പരിവർത്തനപ്പെടുന്നു. പ്രകൃതിയെ പരിവർത്തനപ്പെടുത്തിയ മനുഷ്യന്റെ തന്ത്രങ്ങൾ മനുഷ്യരെ പിശാചിനു സമാനരാക്കിയിരിക്കുന്നു എന്ന് കവിത ആരോപിക്കുന്നു.

"ഇനി വരും കാലത്തു പുകമാറി വിണ്ണിന്റെ
നിറഭംഗി നിറമാർന്നു നീരുറവ വറ്റാതെ
കരയൊക്കെ ഹരിതകച്ഛവി ചേർന്നു ജീവന-
രതിപോലെയൊഴുക നീ, സാബർമതീ, നദീ" (1994:153)

എന്നിങ്ങനെ പുഴ മലിനതയൊഴിഞ്ഞ് ശുദ്ധിയാകും എന്ന പ്രതീക്ഷ കവിത പുലർത്തുന്നുണ്ട് .

സുഗതകുമാരിയുടെ 'തൈവയ്ക്കൽ' എന്ന കവിത മരംവച്ചു പിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നതിനൊപ്പം നഗരമധ്യത്തിലൂടെയൊഴുകുന്ന പുഴയുടെ ദയനീയതയും അവതരിപ്പിക്കുന്നു. നഗരത്തിലെ നദി ചത്തുകറുത്തിട്ടാണൊഴുകുന്നതെന്ന് കവിത വ്യക്തമാക്കുന്നു. അതിന്റെ ഇരുഭാഗങ്ങളിലും നഗരം വളരുകയും നദി ഇല്ലാതാവുകയും ചെയ്യുന്ന പാരിസ്ഥിതിക വിപത്തിനെ കവിത

പ്രശ്നവത്ക്കരിക്കുന്നു.[36]

'ചൂട്' എന്ന സുഗതകുമാരിയുടെ കവിതയിൽ വരണ്ടുണങ്ങിയ പ്രകൃതിയെ അവതരിപ്പിക്കുന്നു. ഭൂമിയാകുന്ന അമ്മ മക്കൾക്കായി കാത്തുസൂക്ഷിച്ച അടിവെള്ളമെന്ന മഹാനിധി ഊറ്റിക്കുടിച്ചതാരാണെന്ന് കവിത ആരായുന്നു. തെങ്ങുകളും പക്ഷികളും മൃഗങ്ങളും പർവ്വതങ്ങളുമെല്ലാം മനുഷ്യന്റെ ഈ അതിക്രമത്തിന് സാക്ഷികളാണെന്നും കവിത വ്യക്തമാക്കുന്നുണ്ട്.

"അംബ, നിന്റെ മുലപ്പാല
ല്ലിവരൂറ്റുന്നു നിത്യവും
നിന്റെ രക്തം, നിന്റെ മാംസം
നീ ഞങ്ങൾക്കൊരു പെണ്ണിര!" (2017:32)

എന്നിങ്ങനെ മുലപ്പാലിനൊപ്പം രക്തവും മാംസവുമെല്ലാം ഊറ്റിക്കുടിക്കുന്ന മനുഷ്യന് പ്രകൃതി ഒരു 'പെണ്ണിര' മാത്രമാണ്. ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയും പെണ്ണും സമാനരാണ് എന്ന പുതിയ പാരിസ്ഥിതികചിന്തയായ ഇക്കോഫെമിനിസമാണ് കവിത ഉൾക്കൊള്ളുന്ന സൈദ്ധാന്തികതലം. സ്ത്രീയും പ്രകൃതിയും മനുഷ്യന്റെയും പുരുഷന്റെയും മേലാളന്റെയും ഇരകൾ മാത്രമാകുന്ന അവസ്ഥയാണിവിടെ വ്യക്തമാക്കപ്പെടുന്നത്.

'സൈലന്റ്‌വാലിയിൽ വീണ്ടും' എന്ന കവിതയിലും നശിപ്പിക്കപ്പെടുന്ന പുഴയുടെ പരാമർശങ്ങൾ കാണാം. മനുഷ്യരുടെ വിവിധ നശീകരണരീതികൾ കാട്ടിലൂടെയൊഴുകുന്ന പുഴകളെ ഭയപ്പെടുത്തുകയും ഇല്ലാതാക്കുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. കാട്ടുതീയായും കിരാതനായും മരംവെട്ടുകാരനായും മഹായന്ത്രമായും നഗരമായും എത്തുന്ന മനുഷ്യപ്രവൃത്തികളെ ഭയന്ന് പുഴകൾ കാട്ടിൽ ഒളിച്ചിരിക്കുന്നതായി കവിത ആശങ്കപ്പെടുന്നു.[37] സൈലന്റ്‌വാലി മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന ഭവാനി, കുന്തി എന്നീ പുഴകളെയാണ് കവിതയിൽ പരാമർശിക്കുന്നത്. അവ മനുഷ്യരെയും വികസനത്തെയും ഭയക്കുന്നു. സ്ത്രീയും പ്രകൃതിയും ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയമാകുന്നു എന്ന ഇക്കോഫെമിനിസ ചിന്തയാണ് ഈ കവിതയുടെയും അന്തർധാരമായി പ്രവർത്തിച്ചിട്ടുള്ളത്.

വ്യവസായവിപ്ലവവും നഗരവത്ക്കരണവും നശിപ്പിച്ച തെംസ്നദിയെ ശുചീകരണ പ്രവർത്തനങ്ങളിലൂടെ തിരിച്ചുപിടിച്ചതാണ് സുഗതകുമാരിയുടെ 'തെംസ്നദിയോട്' എന്ന കവിതയുടെ വിഷയം. നദിയെ അമ്മയായും സ്ത്രീയായും കല്പിക്കുന്നതിലൂടെ

ഇക്കോഫെമിനിസചിന്തയിലേക്കാണ് കവിത വിരൽചൂണ്ടുന്നത്. കൂടാതെ മനുഷ്യരുടെ അതിരുകടന്ന വികസനലക്ഷ്യങ്ങളും പ്രകൃതിയിലുള്ള കടന്നുകയറ്റവും നദികളെ നശിപ്പിക്കുന്നതായും മനുഷ്യരുടെ ആത്മാർത്ഥമായ ഇടപെടലിലൂടെ നദികളെ വീണ്ടെടുക്കാൻ സാധിക്കുമെന്നും കവിത ആഗ്രഹിക്കുന്നു. സമൂഹജീവിയായ മനുഷ്യന് അത് കഴിയുമെന്ന് വ്യക്തമാക്കുന്നതിലൂടെ സാമൂഹിക പരിസ്ഥിതിവാദചിന്തകൂടിയാണ് കവിത മുന്നോട്ടുവയ്ക്കുന്നത്. മനുഷ്യപ്രവർത്തനങ്ങൾ നശിപ്പിച്ച തെംസ്നദിയുടെ അവസ്ഥ വിവരിക്കുന്നുണ്ട് കവിത. നദിയിലെ മീനുകൾ ഇല്ലാതാവുകയും പക്ഷികൾ വരാതാവുകയും ചെയ്യുന്നു. ഇത്തരത്തിൽ മനുഷ്യന്റെ ദുഷ്പ്രവൃത്തികളാൽ മലിനയായി ജലജീവികളെ ഇല്ലാതാക്കി ഒഴുകിയിരുന്ന നദിയെ സ്നേഹിക്കാനായി ഒരാൾ എത്തുകയും പുഴയെ വീണ്ടെടുക്കുകയും ചെയ്തതായി കവിത വ്യക്തമാക്കുന്നു. അതിലൂടെ തെംസ്നദി പുനർജീവിച്ചെങ്കിലും ഗംഗയും യമുനയും നിളയുമെല്ലാം വിഷലിപ്തമായി തന്നെ തുടരുന്നതായി കവിത സൂചിപ്പിക്കുന്നു.

> "കണ്ണന്റെയോമൽ യമുന വീണ്ടും വിഷ-
> ഖിന്നയാം കാളിന്ദിയായുഴലുന്നിതേ
> പുണ്യനിളാനദി കേഴുന്നിതേ! സഹ്യ-
> കന്യകൾ വൻവിഷം തീണ്ടി മരിപ്പിതേ!" (2011:505)

എന്ന അവസ്ഥയാണ് കേരളത്തിലെ നദികൾക്കുള്ളത്. "നമ്മുടെ ജലമാർഗ്ഗങ്ങളിൽ രാസവസ്തുക്കൾ പ്രവേശിക്കുന്നുണ്ടെന്ന കാര്യം സംശയരഹിതമാണെന്നിരിക്കേ അവ ഇപ്പോൾ കനത്തഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. കൂടുതൽ മാരകമായ കീടനാശിനികൾ വികസിപ്പിച്ചെടുക്കാൻ നാം ചെലവാക്കുന്ന തുകയുടെ ഒരു ചെറിയ ഭാഗമെങ്കിലും ക്രിയാത്മകമായ ഗവേഷണത്തിന് തിരിച്ചുവിട്ടാൽ അപകടം കുറഞ്ഞ വസ്തുക്കൾ ഉപയോഗിക്കാനും നമ്മുടെ ജലമാർഗ്ഗങ്ങളിൽ നിന്നു വിഷങ്ങളെ അകറ്റിനിർത്താനും നമുക്ക് കഴിയും" എന്ന റേച്ചൽ കഴ്സന്റെ അഭിപ്രായത്തെ ഇവിടെ ചേർത്തുവായിക്കാം (2013:153). കീടനാശിനികൾ മാത്രമല്ല മറ്റു വിഷമാലിന്യങ്ങളിൽ നിന്നും നദികളെ തിരിച്ചുപിടിക്കേണ്ടതുണ്ട്. തെംസ്നദിയെപ്പോലെ കേരളത്തിലെ നദികളെയും പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടുവരണമെന്ന് കവിത ആഗ്രഹിക്കുന്നു.

നദിയുടെ സാംസ്കാരികവും പാരിസ്ഥിതികവുമായ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു കടമ്മനിട്ടയുടെ 'നദിയൊഴുകുന്നു' എന്ന കവിത. മനുഷ്യമനസ്സിലും

പ്രകൃതിയിലും ആഹ്ലാദം നിലനിൽക്കുമെന്നും മരവും കാടും വളരുമെന്നും പച്ച പിടിച്ച ഇടങ്ങളിൽ മാനുകൾ കളിക്കുമെന്നും കവിത വ്യക്തമാക്കുന്നു. ഇത്തരം മനോഹര കാഴ്ചകൾക്കപ്പുറം ആഗോളവത്ക്കരണവും മറ്റു വികസനനയങ്ങളും മൂലം നദി കലങ്ങുന്നു എന്നും കവിത അടയാളപ്പെടുത്തുന്നു. അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചും കവിതയ്ക്കു ബോധ്യമുണ്ട്.

> "സ്വാർത്ഥകാളിയ ദർപ്പവേഗം
> തിരയിളക്കുന്നു
> കാട്ടുപൂവിൻ കരൾ പിഴിഞ്ഞു കുടിച്ചു
> ചോരച്ചുഴലിയായൊരു നദി കലങ്ങുന്നു.
> കാലചക്രഗതിക്രമങ്ങൾ
> കലഹകലുഷിതക്രൂരരീതികൾ
> കാലവാഹിനി നദി കലങ്ങുന്നു" (2015:230)

എന്നിങ്ങനെ നദിയിലുണ്ടാകുന്ന അതിക്രമങ്ങളെ കവിത വിവരിക്കുന്നു. ഇവിടെ നദി പ്രതീകം മാത്രമാകുന്നു. ഭൂമിയുടെ മുഴുവൻ അവസ്ഥയാണിവിടെ ചിത്രീകരിക്കുന്നത്.

കടമ്മനിട്ടയുടെ 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' എന്ന കവിതയിൽ വിഷലിപ്ത മായ നദികളെക്കുറിച്ച് പരാമർശിക്കുന്നു. ജലത്തിന്റെയും വായുവിന്റെയും വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്ന സമകാലികാവസ്ഥയെ കാളിയന്റെ കോപം ഇന്നും നദികളെ മലിനമാക്കുന്നു എന്ന് പറയുന്നതിലൂടെ വ്യക്തമാക്കുന്നു. ഫാക്ടറികളാണ് കാളിയന്റെ രൂപത്തിൽ നദികളെ മലിനപ്പെടുത്തുന്നത്. ഭൂമിയുടെ രക്തക്കുഴലുകളായ പുഴകൾ ഇന്ന് വിഷമാണ് വഹിക്കുന്നതെന്നും പുഴയിൽ നിന്നും ചുരത്തിയെടുക്കുന്ന വൈദ്യുതി വെളിച്ചത്തിൽ മയങ്ങരുതെന്നും അണക്കെട്ടുകൾ വൻനാശമാണ് പ്രകൃതിക്കുണ്ടാക്കുന്നതെന്നുമുള്ള മുന്നറിയിപ്പ് കൂടി കവിത നൽകുന്നു.

> "അരുതരുത് നിന്നെ മയക്കരുത്, മാന്ത്രികൻ
> വടിയുമായ് പിന്നിൽ നിൽക്കുന്നു" (2015:226)

വികസനം എന്ന ചതിക്കുഴിയിലൂടെ നമ്മെ നയിക്കുന്ന മാന്ത്രികനെ സൂക്ഷിക്കണമെന്നും കവിത മുന്നറിയിപ്പ് നൽകുന്നു.

സച്ചിദാനന്ദന്റെ 'ഒറ്റപ്പാലം' എന്ന കവിത വരൾച്ചയുടെ പ്രതീകാത്മകമായ ആവിഷ്ക്കാരമാണ്.

"വരണ്ട നിളയുടെ മണലിൽ
വെള്ളം തേടി കുഴിച്ചുപോകുന്ന കുട്ടികൾ കാണുന്നു
അധോലോകത്തേക്ക് അന്തർദ്ധാനം ചെയ്ത മഴയുടെ
മണ്ണിൽ കുരുങ്ങിയ മുടിയിഴ" (2016:338)

മഴയില്ലാതായ പ്രകൃതിയുടെ അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. നിള വറ്റി വരളുകയും മീനുകളുടെ വംശം ഇല്ലാതാവുകയും കാട്ടിൽ വസന്തങ്ങൾ വരാതാവുകയും ചെയ്തതായി കവിത പറയുന്നു. മുത്തശ്ശിയുടെ വരണ്ടമാറിൽ കിടന്നുറങ്ങുന്ന പേരക്കിടാവിന്റെ അവസ്ഥയാണ് നിളയുടെ മാറിൽ കിടക്കുന്ന മനുഷ്യന്റേതെന്ന് കവിത വ്യക്തമാക്കുന്നു. പിന്നീട് ഗാർഗി, അഭിമന്യൂ, ഏകലവ്യൻ എന്നീ പുരാണകഥാപാത്രങ്ങളിലേക്കുള്ള സൂചനയാണ് കവിത നൽകുന്നത്. അധികാരത്താൽ അടിച്ചമർത്തപ്പെട്ടവരുടെ പ്രതിനിധികളാണിവർ. ബ്രഹ്മസങ്കല്പത്തിന്റെ അടിത്തറയിൽ തൊടുന്ന ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഗാർഗിയെ ഭയപ്പെടുത്തി മൗനിയാക്കുകയും അധികാരികൾക്ക് ഭീഷണിയായപ്പോൾ അഭിമന്യൂ ചതിയിൽ കൊല്ലപ്പെടുകയും ദളിതനായതിനാൽ ഏകലവ്യൻ അധികാരത്തിന്റെയും മേലാളവർഗ്ഗത്തിന്റെയും അടിച്ചമർത്തലിനിരയാകുകയും ചെയ്യുന്നതായി കവിത അടയാളപ്പെടുത്തുന്നു.

"കടുകിൻ ചെടിയിൽ ഇടിമിന്നൽ പൊടിഞ്ഞെറിക്കുന്ന
രാത്രിയുടെ ചാരത്തിൽ നിന്ന് ഏകലവ്യൻ
അഗ്നിയെ അതിജീവിച്ച
കറുത്ത കുഞ്ഞിന്റെ നിലവിളി കേൾക്കുന്നു
നിലവിളി പെരുമഴയായി
ആർത്തിരമ്പി വീഴുന്നു" (2016:340)

എന്നിങ്ങനെ പ്രകൃതിയിൽ നിന്നുള്ള മഴയ്ക്കുപകരം കറുത്തവന്റെ അടിച്ചമർത്തപ്പെടുന്നവന്റെ കണ്ണിൽ നിന്നാണ് പെരുമഴ വീഴുന്നതെന്ന് കവിത വ്യക്തമാക്കുന്നു. മണലെടുപ്പും മലിനീകരണവും ഇല്ലാതാക്കിയ നദിയുടെ തീരങ്ങളിൽ മഴ തേടി, വെള്ളം തേടി കുഴിക്കുമ്പോൾ അന്തർദ്ദാനം ചെയ്ത മഴയുടെ മുടിയിഴ മാത്രമാണ് ലഭിക്കുന്നത്. ഭൂമിയിൽ പതിക്കുമ്പോഴുള്ള അഗ്നിപരീക്ഷണങ്ങളെയോർത്ത് മഴ സീതാദേവിയെപ്പോലെ ഭൂമിയിലേക്ക് അന്തർദ്ദാനം ചെയ്തതായും അതുമൂലം ജലദേവതമാരും മത്സ്യരാജകുമാരിമാരും വനവസന്തങ്ങളും ഇല്ലാതായതായും കവിത വ്യക്തമാക്കുന്നു. ദളിത്പരിസ്ഥിതിസ്ത്രീവാദചിന്തകൾ കവിതയുടെ ഭാഗമാകുന്നുണ്ട്. ദളിതനും

പരിസ്ഥിതിയും സ്ത്രീയും അടിച്ചമർത്തപ്പെടുന്നതിനെയാണ് കവിത പ്രശ്നവത്ക്ക രിക്കുന്നത്.

ഗംഗാ മലിനീകരണത്തിനെതിരെ ഗംഗാ ആക്ഷൻപ്ലാൻ രൂപപ്പെട്ട കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കവിതയാണ് സച്ചിദാനന്ദന്റെ 'ഗംഗ'.

> "ഒഴുകിനടക്കുന്ന ശവങ്ങളെ തട്ടിമാറ്റി
> ഞാൻ നിന്നിൽ ആണ്ടുമുങ്ങുന്നു
> അടിത്തട്ടിലെ ജലത്തിൽക്കുതിർന്ന്
> മുങ്ങി നിവരുന്നു" (2016:869)

എന്നിങ്ങനെ ശവസംസ്കാരചടങ്ങുകൾ ഗംഗയെ മലിനപ്പെടുത്തുന്നതായി കവിത വ്യക്തമാക്കുന്നു. ശവങ്ങൾ ഗംഗയിലൊഴുക്കുന്നത് ആത്മാവിന് ശാന്തി നൽകുമെന്ന വിശ്വാസം നദിയുടെ മലിനീകരണവും വർദ്ധിപ്പിച്ചു. നദിയുടെ സ്പർശം മനുഷ്യന്റെ ഓരോ അംശത്തിനും മോക്ഷം നൽകുന്നതാണെന്നും കവിത വ്യക്തമാക്കുന്നു. ആ വിശ്വാസത്താൽ തന്നെയാണ് ഒരു മീനായി ഗംഗയിൽ ജനിക്കണമെന്ന് കവി ആഗ്രഹി ക്കുന്നത്. അതോടൊപ്പം ഗംഗയെ മലിനീകരിക്കാനെത്തുന്ന എല്ലാ കൈകളെയും നശിപ്പിക്കാം എന്നു കൂടി കവിത വ്യക്തമാക്കുന്നു.[38] 'ശവം' എന്ന കവിതയും ഗംഗയിൽ കുന്നുകൂടുന്ന ശവങ്ങളെക്കുറിച്ച് എഴുതിയതാണ്.

> "മുത്തച്ഛന്റെ അലമാരയിൽ
> ഗംഗാജലം നിറച്ച
> ഒരു കുപ്പിയുണ്ടായിരുന്നു
> അതിൽ ഒരു ശവവും" (2016:1101)

എന്ന വരികൾ ഗംഗാനദിയിലെ ശവമലിനീകരണത്തിന്റെ ഭീമമായ അവസ്ഥയെ വെളിപ്പെടുത്തുന്നു. ജനങ്ങളുടെ അന്ധവിശ്വാസങ്ങളുടെ ഫലമായി നദി മലിനമാക്കുന്ന അവസ്ഥയാണുള്ളത്. വികസനം പ്രധാന അജണ്ടയായി സ്വീകരിക്കുന്ന പുതിയ മനുഷ്യർക്ക് നദീമലിനീകരണങ്ങൾ വലിയ പ്രശ്നമായി തോന്നുന്നില്ല എന്നും കവിത വ്യക്തമാക്കുന്നു. 'കാളീഘട്ടം' എന്ന കവിതയിലും ഗംഗയിലെ ശവങ്ങൾ പരാമർശിക്ക പ്പെടുന്നുണ്ട്.

> "ലോറിയൊന്നിന്നടിയിൽ ഞെരിഞ്ഞു
> ചോദിക്കുന്നൊരാൾ, 'ഞാൻ മതിയാമോ?

മറ്റൊരു ശവം ഗംഗയിലൂടെ–
യെത്തുന്നൂ തുഴ, ഞാർക്കുന്നു; 'ഞാനോ'?" (2016:395)

ഗംഗയിലെ ശവങ്ങളുടെ വർദ്ധനവിനെ വ്യക്തമാക്കുന്നു. മണൽകയറ്റുന്ന ലോറിയിലും തോണിയുടെ തുഴയിലും ശവങ്ങളുണ്ടെന്ന് കവിത ബോധ്യപ്പെടുത്തുന്നു.

'ആത്മഹത്യചെയ്ത കർഷകൻ വെള്ളത്തെക്കുറിച്ചു സംസാരിക്കുന്നു' എന്ന കവിതയും വെള്ളത്തെ പ്രമേയമാക്കുന്നു.

"വെള്ളം സ്വർഗ്ഗത്തിലെ മഞ്ഞായിരുന്നു
കാരണവന്മാരുടെ പ്രാർത്ഥനയിലലിഞ്ഞ്
അത് ഉറവുകളുടെ സൂര്യകാന്തികളായി
ഭൂമിയിൽ വിരിഞ്ഞിറങ്ങി" (2016:952)

എന്നിങ്ങനെ വെള്ളം ഭൂമിയിലെത്തിയതിനെക്കുറിച്ച് കവിത പറയുന്നുണ്ട്. പുഴകളുടെ നാട്ടിൽ തേനും വയമ്പും മുലപ്പാലും തൊട്ടിലും താരാട്ടും നൽകി കുഞ്ഞുങ്ങളെ പരിപാലിക്കുന്ന അമ്മമാരെപ്പോലെ പുഴ മനുഷ്യരെ പരിചരിക്കുന്നു. പെരിയാറ്, പേരാറ്, കബനി, പമ്പ എന്നിങ്ങനെ നിരവധി പേരുകളിലാണ് പുഴ അറിയപ്പെട്ടത്. പുഴയുടെ പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവും സാഹിത്യപരവുമായ പ്രാധാന്യത്തെയും കവിത വ്യക്തമാക്കുന്നുണ്ട്. ഈ പ്രദേശത്തിന്റെ അതിരുകൾ നിശ്ചയിച്ചതും ഉദയമായും അസ്തമയമായും കാലമായും മാറിയ പുഴകളെ കാടുകൾ വെട്ടിവെളുപ്പിച്ചതിനൊപ്പം ഇല്ലായ്മ ചെയ്തിരിക്കുന്നതായും കവിത വ്യക്തമാക്കുന്നു. പുഴയോടൊപ്പം മീനുകളും നീർക്കോലികളും മണലും പക്ഷികളുടെ പാട്ടും മനുഷ്യന്റെ വികസനത്തോടെ അപ്രത്യക്ഷമായി.[39]

"അവമാനിതയായ പുഴയുടെ പാട്ട്
അമ്മയെ വിളിച്ച് പാതാളത്തിൽ മറഞ്ഞു" (2016:954)

എന്നിങ്ങനെ സീതയുടെ ഭൂമിയിലേക്കുള്ള തീരോധാനത്തെപ്പോലെ അപമാനിതയായ പുഴ ഭൂമിയിൽ മറയുന്നതായി കവിത ഓർമ്മിപ്പിക്കുന്നു. 'ഒറ്റപ്പാലം' എന്ന കവിതയിലും ഇത്തരത്തിൽ മഴ തിരോഭവിക്കുന്നതായി പരാമർശമുണ്ട്.[40] പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൂചന ഈ ഭാഗത്തുണ്ട്. സ്ത്രീകളെ പോലെ പ്രകൃതിയും അപമാനിക്കപ്പെടുന്നു. അതിനോട് എതിർത്തു നിൽക്കാനാവാതെ മറയുന്ന സ്ത്രീയെയും പ്രകൃതിയെയുമാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. ഭൂമിയിൽ നിന്നു പാതാളത്തിലേക്കു

മറഞ്ഞ പുഴയെത്തേടി മനുഷ്യനെന്ന കാളിയസർപ്പം പാതാളത്തിലുമെത്തിയതായും കവിത ബോധിപ്പിക്കുന്നു. ചുകന്നവന്റെയും കറുത്തവന്റെയും ചോരയൂറ്റി മതിവരാത്ത പിള്ളതീനി മറുതയായും മനുഷ്യരെ കാണുന്നു. ഇത്തരത്തിൽ ജലക്ഷാമത്തിലേക്ക് പ്രകൃതിനശീകരണത്തിലേക്ക് വഴിവെച്ച മനുഷ്യപ്രവൃത്തികൾക്ക് പ്രകൃതിയോട് മാപ്പു ചോദിക്കുന്നു കവിതയിലെ കർഷകൻ. തുടർന്ന് തട്ടകത്തിന്റെ ദേവിയെയും ഒഴിഞ്ഞ നെല്ലറകളെയും ശോകനാശിനിയെയും സൂര്യനെയും ആകാശത്തെയും വെള്ളവും പ്രതീക്ഷകളുമില്ലാതായ കുഞ്ഞുങ്ങളെയും സാക്ഷിനിർത്തി നാടിന്റെ മുഴുവൻ പാപവുമേന്തി കർഷകൻ ആത്മഹത്യ ചെയ്യുന്നു. ഇത്തരത്തിൽ നശിപ്പിക്കപ്പെട്ട പ്രകൃതിയുടെ താളം വീണ്ടെടുക്കുന്നതുവരെ തന്റെ ആത്മാവിനു ശാന്തികിട്ടില്ലെന്ന് കർഷകൻ വ്യക്തമാക്കുന്നുണ്ട്.[41] പ്രകൃതിനശീകരണത്തെയും അതുമൂലമുണ്ടാകുന്ന ജലമലിനീകരണത്തെയും പ്രശ്നവത്ക്കരിക്കുന്നുണ്ടെങ്കിലും പ്രകൃതിപക്ഷത്തല്ല മനുഷ്യപക്ഷത്താണ് കവിതയുടെ നില. കർഷകനായ മനുഷ്യന് നേരിടേണ്ടി വരുന്ന ദുരന്തമാണ് കവിതയ്ക്ക് വിഷയം. പ്രകൃതിയിൽ ഇതരജീവികൾക്കും ഇടമുണ്ടെന്ന വിശാലമായ പരിസ്ഥിതിബോധം കവിത ഉൾക്കൊള്ളുന്നില്ല. ജലക്ഷാമം കർഷകനായ മനുഷ്യന്റെ ജീവിതത്തെമാത്രമാണ് കഠിനമായി ബാധിക്കുന്നതെന്ന ബോധമാണ് കവിതയിൽ പ്രവർത്തിക്കുന്നത്.

നദികളുടെ നാശത്തെയാണ് സച്ചിദാനന്ദന്റെ 'അവസാനത്തെ നദി' എന്ന കവിതയും വിഷയമാക്കുന്നത്.

> "അവസാനത്തെ നദിയിൽ
> വെള്ളമല്ലായിരുന്നു, രക്തമായിരുന്നു
> ലാവയുടെ പ്രവാഹം പോലെ
> അതു ചുട്ടുതിളച്ചുകൊണ്ടിരുന്നു" (2016:436)

എന്നിങ്ങനെ ഭൂമിയിലെ നദികളെല്ലാം വരണ്ടിരിക്കുന്ന സമകാലികാവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. നദിയിൽ വെള്ളം കുടിക്കാനെത്തിയ ആട്ടിൻകുട്ടികൾ ബോധമറ്റു വീഴുന്നതായും പുഴയ്ക്ക് കുറുകെ പറന്ന പക്ഷികൾ പിടഞ്ഞു വീഴുന്നതായും പറയുന്നതിലൂടെ പുഴയിലെ വിഷാംശം പ്രകൃതിയെ മുഴുവൻ ബാധിക്കുന്നതായി കവിത സൂചിപ്പിക്കുന്നു. അവസാനത്തെ നദിയിൽ ഒരമ്മയുടെ അസ്ഥികൂടമുണ്ടായിരുന്നതായും അതിലൂടെ തുഴഞ്ഞ് ഒരു കുട്ടി മറുകര തേടിയതായും കവിതയിൽ പറയുന്നുണ്ട്. പുഴകളെ അമ്മയായി കരുതിയിരുന്ന കാലത്തിന്റെ സൂചന കൂടിയാണവിടെ പ്രകടമാകുന്നത്.

"ഇല്ല. മരിച്ചുപോയ നദികളുടെ ആത്മാക്കൾ
എന്റെ കൂടെയുണ്ട്. സരയൂവും സരസ്വതിയും
ഗംഗയും കാവേരിയും നൈലും നിളയും
ഞാൻ അവയോടു സംസാരിച്ചിട്ടുണ്ട്" (2016:437)

എന്നിങ്ങനെ മരിച്ചുപോയ നദികളുടെ ആത്മാക്കൾ അമ്മയുടെ ആത്മാവെന്ന പോലെ കൂടെ നിൽക്കുന്നുവെന്നും അവരുടെ ചോരയും ശാപവുമാണ് അവസാനത്തെ നദിയിൽ തിളയ്ക്കുന്നതെന്നും കവിത വ്യക്തമാക്കുന്നു. പുഴയെ മറിക്കടക്കുന്ന കുട്ടി നദിയോട് സ്നേഹത്തോടെ പെരുമാറിയപ്പോൾ നദി അതിന്റെ സമൃദ്ധാവസ്ഥയിലേക്ക് തിരിച്ചു വരികയും അവിടെ നിന്നും മനുഷ്യചരിത്രം ആരംഭിക്കുകയും ചെയ്തു എന്ന് കവിത സൂചിപ്പിക്കുന്നു. സ്നേഹത്തോടെ സമീപിച്ചാൽ പുഴകളെ മലിനീകരണത്തിൽ നിന്നും രക്ഷിക്കാം എന്നു വ്യക്തമാക്കുന്നതിലൂടെ സാമൂഹികപരിസ്ഥിതിവാദമാണ് കവിത മുന്നോട്ടു വയ്ക്കുന്നത്.

വറ്റിയ പുഴയുടെ ഓർമ്മകളെയാണ് 'വറ്റിയ പുഴയുടെ തോണിക്കാരൻ' എന്ന സച്ചിദാനന്ദന്റെ കവിത പ്രതിനിധീകരിക്കുന്നത്. പുഴയിൽ കുളിക്കുന്നവരും മണലിനെ വില്പനച്ചരക്കാക്കുന്നവരും പുഴയുടെ ഓർമ്മയിലുണ്ട്. കൂടാതെ ആകാശവും സൂര്യനും വാഴയും മാവും പുഞ്ചവയലും കരിമ്പിൻ തോട്ടവും മീനും കക്കയും ശംഖും പായലുമെല്ലാമുള്ള സമൃദ്ധകാലവും വറ്റിയ പുഴയുടെ ഓർമ്മയിലുണ്ട്.

"വറ്റിയ പുഴയുടെപാലം
അതാ എന്നെ തുറിച്ചു നോക്കുന്നു,
ഒരു വ്യർത്ഥഭഗീരഥനെപ്പോലെ" (2016:1044)

എന്നാണ് കവിത അവസാനിക്കുന്നത്. ഗംഗയെ ആകാശത്തുനിന്നും ഭൂമിയിലേക്കൊ ഴുക്കിയ ഭഗീരഥനെപ്പോലെയാണ് പാലം നിൽക്കുന്നത്. ഭൂമിയുടെ സമൃദ്ധിയ്ക്കായി ഒഴുക്കിയ പുഴ മനുഷ്യപ്രവർത്തനങ്ങൾ മൂലം ഇല്ലാതാവുന്നത് നോക്കി നിൽക്കുന്ന ഭഗീരഥനുമായി പുഴയ്ക്കു കുറുകെ നിൽക്കുന്ന പാലത്തെ താരതമ്യപ്പെടുത്തി യിരിക്കുന്നു.

'പശുവും പുലിയും' എന്ന കവിതയിൽ കാവേരിയെന്ന പശുവും ഗംഗയ്യനെന്ന പുലിയുമാണ് കഥാപാത്രങ്ങളാകുന്നതെങ്കിലും അവ നദികളുടെ പ്രതീകമാണ്. കാവേരി മുലചുരത്തിയാൽ

"കലവും കുടവും നിറഞ്ഞു പൈമ്പാൽ
പുഴയിലും പാട്ടിലുമൊഴുകി വീഴും
മലയും വനവും കഴിഞ്ഞു പൈമ്പാൽ
തെരുവിൽ വെയിലായിച്ചാഞ്ഞുപോവും
നഗരവും നാടും കവിഞ്ഞു പൈമ്പാൽ
നിനവിൽ നിലാവായ്ത്തുളുമ്പി നീളും" (2016:510)

അതായത് കാവേരി നദിയിലെ ജലം പുഴയിലും മലയിലും വനത്തിലും നാട്ടിലും നഗരത്തിലുമെല്ലാം സമൃദ്ധി നൽകുന്നു എന്നർത്ഥം. കറമ്പിയായ കാവേരിയുടെ മുന്നിലേക്ക് വെളുമ്പനായ ഗംഗയ്യൻ വിശപ്പോടെ വന്നു നിൽക്കുന്നു. കിടാവിന് പാൽ നൽകി തിരിച്ചു വരാമെന്നേറ്റ കാവേരിയുടെ നന്മയും സത്യവും കണ്ട് ഗംഗയ്യൻ നീയമ്മ, നീ നേര് എന്നും നീ നെടുവീർപ്പിട്ടാൽ ആറെല്ലാം വറ്റിപ്പോകുമെന്നും നിന്റെ കണ്ണീർ വീണാൽ കാടെല്ലാം വെണ്ണീറാകുമെന്നും നിന്റെ ചോരവീണാൽ മലയെല്ലാം ഒലിച്ചുപോകുമെന്നും ഇതെല്ലാം കാക്കാൻ നീ വേണമെന്നും പറഞ്ഞുകൊണ്ട് മലയിൽ നിന്നും ചാടി ശരീരം വെടിയുന്നു.

"അവിടെത്തിലുറവ പൊടിഞ്ഞത്രേ-
അതുപാപം കഴുകുമാറായത്രെ" (2016:513)

എന്നിങ്ങനെ പാപനാശിനിയായ ഗംഗയുടെ ഉത്ഭവത്തെക്കുറിച്ചു വ്യക്തമാക്കുന്നു. പാപനാശിനിയായ ഗംഗപോലും കാവേരിയിൽ മുങ്ങി ശുദ്ധി വരുത്തുന്നുവെന്ന ഐതിഹ്യകഥകൂടി ഈ കവിതയുമായി ചേർത്തുവായിക്കാം.

'അതിരപ്പിള്ളി' എന്ന കവിത അതിരപ്പിള്ളി പദ്ധതിയെ വിഷയമാക്കുന്നു. ചാലക്കുടി പ്പുഴയിലാണ് അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി. വെള്ളച്ചാട്ടത്തിന്റെ ശബ്ദത്തെ ഒപ്പനയിലെ വളകിലുക്കമായും വെളുത്തനിറത്തിൽ നുരഞ്ഞൊഴുകുന്ന വെള്ളത്തെ പാഞ്ചാലിയുടെ വെള്ളവസ്ത്രമായും ഇരുകരയും സമൃദ്ധമായ പുഴയെ കൃഷിക്കാര നായും സാദൃശ്യപ്പെടുത്തുന്നു.

"വനസാന്ദ്രതയ്ക്കകം
കനലിൽ നൃത്തം ചെയ്യു-
മാദിവാസികളെപ്പോൽ
ഹൃദയം വാളാൽ കീറും

സ്മൃതികൾ:
ആരേ വന്നൂ
കഴുത്തു ഞെരിക്കുവാൻ
നിങ്ങളെ? അരുംകൊല-
യ്ക്കെതിരേ ചേർക്കട്ടെയെ-
ന്നിടറും സ്വരവും ഞാൻ" (2016:1066).

എന്നിങ്ങനെ ആദിവാസികളെയും കാടിനെയും നശിപ്പിക്കുന്നതിനെതിരെയുള്ള പ്രതികരണമായി കവിത മാറുന്നു. പാരിസ്ഥിതികവും ദളിതവുമായ അടിച്ചമർത്തലുകൾക്കെതിരെയുള്ള ശബ്ദമാണെന്നതിനാൽ പാരിസ്ഥിതികദളിത് വാദങ്ങൾ കവിതയിലുണ്ടെന്ന് വ്യക്തമാകുന്നു.

രാമായണകഥാഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ട് രചിച്ച കവിതയാണ് ഡി. വിനയചന്ദ്രന്റെ 'സരയൂ താരാട്ടുന്നു'. ഹനുമാൻ ലങ്ക ദഹിപ്പിച്ചതുപോലെ അണുപ്രസരത കാടുകളെയും നഗരങ്ങളെയും നദികളെയും ദഹിപ്പിക്കുന്ന സമകാലികാവസ്ഥയെയാണ് കവിത അവതരിപ്പിക്കുന്നത്.

"ഗതി മാറുന്ന നദി,
വിഷാദം അതിന്റെ പുതിയ തീരങ്ങൾ
നനച്ചുനീങ്ങുന്നു" (1992: 148)

എന്നിങ്ങനെയുള്ള പരാമർശങ്ങളും കവിതയിലുണ്ട്. 'മേധാപട്കർക്ക്' എന്ന കവിത

"മന്ത്രം; ഗംഗേച യമുനേ ചൈവ
ഗോദാവരി സരസ്വതി
നർമ്മദേസിന്ധുകാവേരി
ജലേസ്മിൻ സന്നിധിംകുരു" (2009:34)

എന്നാണാരംഭിക്കുന്നത്. നർമ്മദയ്ക്ക് കുറുകെ ഉയർന്നു വരുന്ന അണക്കെട്ടുകൾക്കെതിരെ പ്രവർത്തിക്കുകയും അതിനായി നർമ്മദാ ബചാവോ ആന്ദോളൻ എന്ന സംഘടന രൂപീകരിക്കുകയും ചെയ്ത മേധാപട്കർക്ക് സമർപ്പിക്കുന്ന കവിതയാണിത്. പരിസ്ഥിതിപ്രവർത്തനങ്ങളിൽ സജീവമായ മേധാപട്കറുടെ പ്രവർത്തനസന്നദ്ധത പ്രകൃതിഘടകങ്ങളുടെ പ്രതീകങ്ങളിലൂടെ തന്നെ വിനയചന്ദ്രൻ അവതരിപ്പിക്കുന്നു. പാരിസ്ഥിതികപോരാട്ടങ്ങളെ പ്രകൃതിയും പ്രകൃതി സ്നേഹികളും പിൻതുടരുമെന്നും

അതിനാൽ പ്രകൃതിയുടെ മോചനത്തിനായി പോരാടൂ എന്നും കവിത മേധാപട്കറോട് ആവശ്യപ്പെടുന്നു.

"നമുക്കു മണ്ണിന്റെ മാതൃത്വവും
നദികളുടെ സാഹോദര്യവും
നഗരങ്ങളുടെ സമതയും
നാനാലോകവ്യവസ്ഥകളുടെ സൗഹൃദവും
വീണ്ടെടുക്കേണ്ടതുണ്ട്" (2009:35)

എന്നും അതിനൊപ്പം സ്ത്രീയുടെ മോചനവും അനിവാര്യമാണെന്നും വ്യക്തമാക്കുന്നതിലൂടെ കവിത പാരിസ്ഥിതികസ്ത്രീവാദത്തിന്റെയും മനുഷ്യന്റെ പോരാട്ടങ്ങളും കരച്ചിലും പ്രതിജ്ഞയും എതിർപ്പുകളും വിളംബരങ്ങളും പ്രകൃതിയെ രക്ഷിക്കുന്നതിനു വേണ്ടിയാവണമെന്നും അതിന്റെ നേതൃസ്ഥാനത്ത് നിൽക്കുന്നവരെ സമൂഹം പിന്തുണയ്ക്കണമെന്നുമുള്ള കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിലൂടെ കവിത സാമൂഹിക പരിസ്ഥിതിവാദത്തിന്റെയും ആശയങ്ങൾ ഉൾക്കൊള്ളുന്നു.

"നീ നർമ്മദയാണ്.
വേദനയിലും ചിരിക്കുന്നവൾ
വേവലാതികളെ വ്രതബലികൊണ്ട്
പവിത്രയാക്കുന്നവൾ" (2009:36)

എന്നിങ്ങനെ മേധാപട്കറെക്കുറിച്ച് പറയുന്നു. നർമ്മദയടക്കമുള്ള നദികളുടെയും മേധാപട്കർ എന്ന പരിസ്ഥിതിപ്രവർത്തകയുൾപ്പെടുന്ന സ്ത്രീസമൂഹത്തിന്റെയും അവസ്ഥയാണിത്. അതുകൊണ്ടു തന്നെ പരിസ്ഥിതിയുടെയും സ്ത്രീയുടെയും മോചനത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ മോചനം സാധ്യമാക്കണം എന്ന പാരിസ്ഥിതിക സ്ത്രീവാദചിന്തയാണ് കവിത അവതരിപ്പിക്കുന്നത്.

വിനയചന്ദ്രന്റെ 'വീട്ടിലേക്കുള്ള വഴി' എന്ന സമാഹാരത്തിലെ 'കൊല്ലൂരിലെ കുങ്കുമം' എന്ന കവിത നദി, അദ്രി എന്നിങ്ങനെ രണ്ട് ഭാഗങ്ങളായാണ് രചിച്ചിരിക്കുന്നത്. കുടജാദ്രിമലകളിൽ നിന്നൊഴുകിയെത്തുന്ന സൗപർണ്ണികനദിയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. പുണ്യനദിയായ സൗപർണ്ണിക പാപമോചിതയാണെന്ന് വിശ്വാസമുണ്ട്.

"വീണ്ടുമീ സൗപർണ്ണിക
കുളിർവെട്ടത്തിൽ

ജീവൻ മൃതിയെവെടിഞ്ഞുത്സവം തുള്ളും

ജീവനയാത്ര" (1992:27)

എന്നിങ്ങനെ കവിത ആരംഭിക്കുന്നു. പുസ്തകമല്ല നദിയെന്നും അസ്തമിക്കാത്ത നേരിന്റെ രസഭേദങ്ങളാണെന്നും കവിത വ്യക്തമാക്കുന്നു.

"കുഞ്ഞിനെ പൂവിനെ കവിതയെ

കൊന്നു പുലയാട്ടുന്ന

പൗരസഭാനീതികൾ

അമ്മിഞ്ഞയിൽ വിഷം നിറയുന്ന പകലുകൾ" (1992:29)

എന്നിവയെല്ലാം മാറ്റിയെടുക്കേണ്ട തോറ്റമാണ് ആവശ്യം. സമകാലികമായ പരിസ്ഥിതി പ്രശ്നങ്ങളിലേക്കും കവിത വിരൽചൂണ്ടുന്നു. "രാസവസ്തുക്കൾ പ്രായഭേദമെന്യേ ഭൂരിഭാഗം മനുഷ്യരുടെ ശരീരത്തിലും അടിഞ്ഞുകൂടിയിരിക്കുകയാണ്. അമ്മയുടെ മുലപ്പാലിലും ജനിച്ചിട്ടില്ലാത്ത കുഞ്ഞിന്റെ കോശങ്ങളിൽ പോലും അവ കണ്ടു കിട്ടുന്നു". എന്ന് റേച്ചൽ കഴ്സൺ നിശബ്ദവസന്തത്തിൽ വ്യക്തമാക്കുന്നുണ്ട്. (2013:33)

ജി. കുമാരപിള്ള, ബാലചന്ദ്രൻചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ മാത്രമാണ് നശീകരണസൂചനകളായി പൊതുവെ പുഴകൾ അവതരിപ്പിക്കപ്പെടാതിരുന്നത്.

#### 4.1.2.3.3.5. ആധുനികതാനന്തരഘട്ടം

ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം' എന്ന പാരിസ്ഥിതികകവിതയ്ക്ക് അനുബന്ധമായി രചിച്ചതാണ് പി.പി. രാമചന്ദ്രന്റെ 'ഇടശ്ശേരിപ്പാലം' എന്ന കവിത. ഇടശ്ശേരിയുടെ കുറ്റിപ്പുറംപാലം വികസനമാതൃകകളായ എല്ലാ പാലങ്ങളുടെയും പ്രതീകമായി മലയാളകവിതയിൽ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ പാലത്തിനും കവിതയ്ക്കും ഇടശ്ശേരിപ്പാലം എന്ന അനുയോജ്യമായ പേരാണ് പി.പി. രാമചന്ദ്രൻ നൽകുന്നത്. ഇടശ്ശേരി കുറ്റിപ്പുറം പാലത്തിനുമേൽ കയറിനിന്ന് ചിരിച്ച ചിരിയിൽ വാമനന്റെ ജയച്ചിരിയും മഹാബലിയുടെ നടുക്കവും പ്രകടമാണെന്ന് കവിത ബോധിപ്പിക്കുന്നു. നദിക്കു കുറുകെ പാലം പണിത് അതിനെ തളച്ചതിലുള്ള ആഹ്ലാദമാണ് വാമനപരാമർശത്തിലൂടെ സാധ്യമാകുന്നത്. എന്നാൽ ഇത്തരം വികസനപ്രവർത്തനങ്ങൾ, പരിവർത്തനങ്ങൾ നാടിന്റെ നാശത്തിനാണെന്ന നടുക്കമാണ് മാബലിയെന്ന പ്രതീകത്തിലൂടെ വ്യക്തമാക്കപ്പെടുന്നത്.

“അവന്റെ ചിരി; ഉത്തുംഗ-
ഗിരിയിൽ നിന്നു നിർഝരി
അതിൻ പതനശക്തിയിൽ-
നിന്നു വൈദ്യുതിഫാക്ടറി
ഗതിവേഗങ്ങൾ കോൺക്രീറ്റു
നഗരജീവിതപ്പുക” (2015:40)

എന്നിങ്ങനെ വാമനന്റെ ചിരിയുടെ അർത്ഥതലങ്ങൾ വിവരിക്കപ്പെടുന്നു. വരാനിരിക്കുന്ന പുതിയ വികസനസംരംഭങ്ങളും പ്രകൃതിയെ കീഴടക്കിയെന്ന അഭിമാനബോധവുമാണ് ഇടശ്ശേരിയിൽ വാമന്റെ ചിരിയായി പടരുന്നത്. എന്നാൽ

“അവന്റെയുത്കണ്ഠം; അത്യാ-
സന്നയായ് മണൽശയ്യയിൽ
നീരുമൈശ്വര്യവും വറ്റി-
ക്കിടപ്പൊരു നിളാനദി” (2015: 40)

എന്നിങ്ങനെ മാബലിയുടെ ഉത്കണ്ഠയും പ്രകടമാകുന്നു. വൈദ്യുതി, ഫാക്ടറി തുടങ്ങിയ വികസനങ്ങളുടെ അവസാനം നിളാനദിയുടെയും ഒപ്പം പ്രകൃതിയുടെയും ഐശ്വര്യനാശമാണെന്ന മുന്നറിയിപ്പാണ് പിന്നീടുണ്ടാവുന്നത്. ‘കുറ്റിപ്പുറംപാല’ത്തിന്റെ കാവ്യാത്മക വിശകലനമാണ് ഈ കവിത. കുറ്റിപ്പുറം പാലത്തിലെ ചിരിയെയും ഉത്കണ്ഠയെയും വാമനമാബലി കഥയിലൂടെ പുനർരചിച്ച് ആധുനിക പാരിസ്ഥിതിക പ്രശ്നത്തെ അവതരിപ്പിക്കുകയാണ് ‘ഇടശ്ശേരിപ്പാല’ ത്തിലൂടെ പി.പി. രാമചന്ദ്രൻ ചെയ്യുന്നത്.

പി.പി. രാമചന്ദ്രന്റെ ‘ഗജഗോവിന്ദം’ നിളാനദിയുടെ അധഃസ്ഥിതാവസ്ഥയെ ചിത്രീകരിക്കുന്നു. മദം പൊട്ടിയ ആനയെപ്പോലെ ആർക്കും പിടിതരാതെ ഒഴുകുന്ന നിളയെ തളയ്ക്കാൻ പലവട്ടം ശ്രമിച്ചിട്ടും കഴിയുന്നില്ല. എന്നാൽ ഒടുക്കം അവൻ (മനുഷ്യവർഗ്ഗം) പുഴയെ തളയ്ക്കുന്നു. നിളയുടെ സമൃദ്ധകാലം ആനയുടെ മദം പൊട്ടലിനു തുല്യം ഒതുക്കമില്ലാത്തതും മദിച്ചുവാഴുന്നതുമായ കാലമായിരുന്നു. ഇടഞ്ഞുനിൽക്കുന്ന പുഴയെ ആനയോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.[42] പ്രാചീന പാട്ടുകൃതിയായ തിരുനിഴൽമാലയിൽ പമ്പാനദിയെ കുസൃതികാട്ടുന്ന ആനക്കുട്ടിയായി കല്പിക്കുന്നുണ്ട്. കാവ്യസങ്കല്പമനുസരിച്ച് പുഴകളെയും നദികളെയും സ്ത്രീകളായാണ് കല്പിക്കാറുള്ളത്. എന്നാൽ ഈ കവിതയിൽ നിള പുരുഷനാണ്. ആരെയും

അനുസരിക്കാതെ തകർത്തൊഴുകിയ പുഴയെ തളച്ചതിലൂടെ പൂക്കാലത്തെയും നാടിന്റെ സമൃദ്ധിയെയും നശിപ്പിച്ച് പുഴക്കാലത്തിനു പകരം മണൽക്കാലത്തെ സ്വാഗതം ചെയ്തതായി കവിത വ്യക്തമാക്കുന്നു.

“എന്നിട്ടുമാവോളവും
നീണ്ടുനോക്കുന്നു നിള
തുമ്പിക്കൈവണ്ണം, പിന്നെ
വാലോളം, രോമത്തോളം” (2015:67)

എന്നിങ്ങനെ നീരൊഴുക്ക് കുറഞ്ഞ നിളയെയാണ് കവിത അവതരിപ്പിക്കുന്നത്. മണൽവാരൽ, മലിനീകരണം, അണക്കെട്ടുനിർമ്മാണം എന്നിങ്ങനെ പുഴകളുടെ നിലനില്പിനെ ബാധിക്കുന്ന സമകാലിക പാരിസ്ഥിതികാവസ്ഥയെയാണ് കവിത അവതരിപ്പിക്കുന്നത്.

‘ഭാഷ, കണക്ക്’ എന്ന പി.പി. രാമചന്ദ്രന്റെ കവിത പ്രകൃതിയെ ഘടകങ്ങളാക്കി മൂല്യമളക്കുന്ന രീതിയെ പ്രതിനിധാനം ചെയ്യുന്നു.

“മണലിത്ര ജലമിത്ര
എന്നളക്കുമ്പൊഴീ
പുഴയെത്ര ലഘുവാം
മനക്കണക്ക്” (2015:119)

എന്നിങ്ങനെ മണലിന്റെയും ജലത്തിന്റെയും അടിസ്ഥാനത്തിൽ പുഴയെ അളക്കുന്ന രീതിയെ അവതരിപ്പിക്കുന്നു. മണലിന്റെയും ജലത്തിന്റെയും അളവല്ല പുഴ. ജൈവ വൈവിധ്യങ്ങളുടെ ഇടമാണത്. പുഴയെ ആശ്രയിച്ച് പുലരുന്ന അനേകം ജീവജാല ങ്ങളുണ്ട്. അവയോരോന്നിന്റെയും പാരിസ്ഥിതികപ്രാധാന്യം തിരിച്ചറിയപ്പെടുന്നതിനു പകരം മണലിന്റെയും ജലത്തിന്റെയും മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് പുഴയുടെയും മറ്റു ജലസ്രോതസ്സുകളുടെയും പ്രകൃതിയുടെയും മൂല്യമളക്കുന്നത്. പ്രകൃതിയിലെ ഓരോ ഘടകത്തിന്റെയും പാരിസ്ഥിതികമായ പ്രാധാന്യം തിരിച്ചറിയ പ്പെടേണ്ടതുണ്ടെന്ന് സൂചിപ്പിക്കുന്ന കവിത ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയം ഉൾക്കൊള്ളുന്നു.

‘പട്ടാമ്പിപ്പുഴമണലിൽ’ നിളാനദിയിലെ വൻതോതിലുള്ള മണൽവാരലിനെ സൂചിപ്പിക്കുന്നു. പട്ടാമ്പിപ്പുഴയുടെ പാട്ടും കേട്ട് ഒരു സന്ധ്യയ്ക്ക് മണലിൽ വിശ്രമിക്കുന്ന

കവി മണലിനടിയിൽ കിടക്കുന്ന സുന്ദരിയെ കാണുന്നു. അവളുടെ “നിറമാറിൽ ചെവി ചേർക്കേ, ഹൃദയമിടിപ്പറിയുന്നു” (2015:140). അതായത് ജീവൻ തുടിക്കുന്ന ശരീരവുമായാണ് അവൾ അവിടെ മയങ്ങുന്നത്. ഉണരുന്ന അവളെ കാത്തിരുന്ന കവിക്ക് നിലയില്ലാത്ത വെള്ളത്തിലേക്കിറങ്ങിപ്പോകുന്നതായാണ് പിന്നീടവളെ കാണാൻ കഴിഞ്ഞത് തുടർന്ന് ആ മണൽസുന്ദരി പുഴയിൽ അലിയുന്നു.

“പൊളിയല്ലിത് പിറ്റേന്നാ-
പ്പുഴയിൽ നിന്നൊരു പെണ്ണിൻ-
ജഡവും കൊണ്ടൊരു ലോറി-
കയറിപ്പോയതുകണ്ടൂ” (2015:142)

ജീവൻ തുടിക്കുന്ന മണലിനെ ജഡമാക്കി ലോറിയിൽ കടത്തുന്ന പുതിയ രീതികളുടെ വിമർശനമാണീ കവിത. നാം നേരിടുന്ന വലിയൊരു പാരിസ്ഥിതിക പ്രശ്നമാണ് മണൽവാരൽ. പട്ടാമ്പിയിൽ നിളാനദിയിൽ ലോറികൾ നിരയായി പോകുന്ന കാഴ്ചയിൽ നിന്ന് രൂപം കൊണ്ടതാണ് ഈ കവിത. ഇവിടെ പുഴയിലലിയുന്ന മണൽ വിഗ്രഹത്തിന് സ്ത്രീരൂപമാണുള്ളത്. പുഴയുടെ ശരീരമാകുന്ന മണൽ ജഡമായി ലോറികളിൽ കയറിപ്പോകുമ്പോൾ ശരീരം നഷ്ടപ്പെട്ടവളായി പുഴ മാറുന്നു. പുഴകളുടെ മരണാവസ്ഥയെ പ്രതിനിധാനം ചെയ്യുന്ന കവിത സ്ത്രീയുടെ വ്യക്തിത്വനഷ്ടത്തെക്കൂടി സൂചിപ്പിക്കുന്നു.

‘തൂക്ക്’ എന്ന പി.പി.രാമചന്ദ്രന്റെ കവിതയിൽ പത്തായം നിറയെ നെല്ലും പച്ചക്കറികളും ഉണ്ടായിരുന്ന സമൃദ്ധമായ കാലത്തെ ഓർക്കുന്നു.

“പൊലിഞ്ഞൂ പിന്നെപ്പിന്നെ
നെല്പാടം, പുഴ, പത്തായം” (2015:247)

എന്നിങ്ങനെ പുഴയോരക്കണ്ടങ്ങളും പുഴയും ഇല്ലാതായതിനെ സൂചിപ്പിക്കുന്നു.

വി.എം. ഗിരിജയുടെ ‘വാഴാനിയിൽ’ എന്നപോലല്ലിത്’ എന്ന കവിത അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരാമർശിക്കുന്നു. വൈദ്യുതിക്ക് മാത്രം പ്രാധാന്യം നൽകുകയും പരിസ്ഥിതിക്ക് പ്രാധാന്യമില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയെ കവിത പ്രതിനിധീകരിക്കുന്നു. പുഴ, വനം, വന്യജീവികൾ, സൂക്ഷ്മജീവികൾ തുടങ്ങിയവയെല്ലാം നശിക്കുമ്പോഴും വൈദ്യുതിയെന്ന മഹത്തായ ലക്ഷ്യത്തെ മുൻനിർത്തി ഇവയെ നിസ്സാരവൽക്കരിക്കുന്നു. വൈലോപ്പിള്ളിയുടെ ‘വാഴാനിയിൽ’ എന്ന കവിതയുമായി ബന്ധപ്പെടുത്തിയാണ് ഈ കവിത രചിക്കപ്പെട്ടിരിക്കുന്നത്.

അണക്കെട്ട് മനുഷ്യജീവിതത്തെ പച്ച ചൂടിക്കുമെന്നാണ് വൈലോപ്പിള്ളി പറയുന്നത്. എന്നാൽ

> "ഇനിയുണ്ടാവുമോ തെളിനീരിങ്ങനെ,
> നോക്കെത്താത്തിടം മലകൾതൻ
> കരിമ്പച്ച,
> തണുപ്പാർന്ന കാറ്റ്?
> അതിരപ്പിള്ളിയിൽ പുഴയുണ്ടാകുമോ?" (2011:45)

എന്ന ആശങ്കയാണ് പുതുകവിത പ്രകടമാക്കുന്നത്. പല പുഴകളും ഇന്ന് 'പുഴയിരുന്നിടം' എന്നു പറയേണ്ട അവസ്ഥയിൽ എത്തിയിരിക്കുന്നു.[43] അതിരപ്പിള്ളി ഒരു പ്രതീകം മാത്രമാണ്. എല്ലാ ജലവൈദ്യുത പദ്ധതികളുടെയും വികസനങ്ങളുടെയും അനന്തര ഫലത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്.

'കടലോരവീട്' എന്ന സമാഹാരത്തിലെ 'അടച്ചിട്ട മുറിയിലെ പുഴ' എന്ന കവിത അടച്ചിട്ട മുറിയിലിരുന്ന് പുഴയെയും മറ്റ് പ്രകൃതിഘടകങ്ങളെയും കുറിച്ചെഴുതുന്നതിന്റെ അപര്യാപ്തതയെ വ്യക്തമാക്കുന്നു. പുഴയെയും പരിസരങ്ങളെയും പുറത്താക്കി അടച്ചിട്ട മുറിയിലിരുന്ന് പുഴയെക്കുറിച്ച് വാചാലമാകുന്നു.[44] പുറത്തേക്ക് വാതിലുകളില്ലാത്ത ഒരാൾ പുറംലോകത്തെക്കുറിച്ച് സംസാരിക്കുന്നു. പ്രകൃതിയുമായി യാതൊരു ബന്ധവുമില്ലാത്തവർ പ്രകൃതിയെക്കുറിച്ച് വാചാലമാകുന്നതിലെ വൈരുദ്ധ്യത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്.

'മണ്ണാങ്കട്ടയും കരിയിലയും' എന്ന കഥയെ പാരിസ്ഥിതികമായി പുനർ നിർമ്മിക്കുന്നു വി.എം.ഗിരിജ 'മണ്ണാങ്കട്ടയും കരിയിലയും' എന്ന കവിതയിൽ. പുഴയുടെ കടൽയാത്ര ആരംഭിക്കുന്നതിനു മുമ്പ് മണ്ണാങ്കട്ടയും കരിയിലയും യാത്ര തുടങ്ങുന്നു. ദളിത്സ്ത്രീവാദസങ്കല്പങ്ങൾ കവിതയുടെ ഭാഗമാണ്. മണ്ണാങ്കട്ടയും കരിയിലയും ദളിത് സ്ത്രീപ്രതിനിധികളായി കവിതയിൽ പ്രത്യക്ഷപ്പെടുന്നു. കടൽ വരേണ്യതയുടെ പ്രതീകമാണ് പുഴ കടലിനോടു ചേരുന്ന പ്രകൃതിസ്വഭാവത്തെ കവിതയുടെ പ്രമേയാവതരണത്തിന് ഉപയോഗിക്കുന്നു. യുവതിയായ നൃത്തക്കാരിയാണിവിടെ കടൽ. ചെറുപുഴകളെ ഉപ്പുകല്ലാക്കി മാറ്റുന്ന കടലെന്ന യുവതിയായ നൃത്തക്കാരി തൊടുമ്പോൾ കരിയില സ്വർണ്ണനിറമുള്ളവളായും അവളുടെ നിശ്വാസം മണ്ണുകട്ടയെ വെണ്ണയുരുള യായും മാറ്റുമെന്ന വിശ്വാസമാണ് ഇവിടെയുള്ളത്. കടൽ കാണാൻ പോയ മണ്ണാങ്കട്ടയും കരിയിലയും അവിടെ ഇല്ലാതാകുന്നു.

“കടലിന്റെ തീരത്ത് ഒരു ചെറു
മൺകട്ടയ്ക്കലിയാനും
കാറ്റിന് കരിയിലയെ
തിരികെപ്പറപ്പിക്കുമൂത്താവാൻ മാറാനും
ഒരു നിമിഷം മാത്രം വേണ്ടി വന്നു...” (2015: 33)

എന്നിങ്ങനെ പുഴയും മണ്ണാങ്കട്ടയും കരിയിലയുമെല്ലാം കടലിലലിയുന്നു. പുഴ സ്ത്രീയും കടൽ പുരുഷനുമാകുന്ന കാവ്യരീതിയിൽ നിന്നു വ്യത്യസ്തമായി ഇവിടെ പുഴകളെ തരിയുപ്പുകല്ലാക്കി മാറ്റുന്നത് കടലെന്ന യുവതിയായ നൃത്തക്കാരിയാണ്.

ചാലിയാർ സമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കെ. എ. അബ്ദുറഹ്മാൻ എന്ന വ്യക്തിയെ പരാമർശിക്കുന്നു വീരാൻകുട്ടിയുടെ ‘അദ്ദുറൈ’ എന്ന കവിത. മാവൂർ ഗ്വോളിയോർ റയോൺസിൽ നിന്നുള്ള വിഷജലത്താൽ ചാലിയാർപുഴ മലിനമാവുകയും മാരകരോഗങ്ങൾ പടരുകയും ചെയ്ത സാഹചര്യത്തിലാണ് ഗ്വോളിയോർ റയോൺസിനെതിരെ സമരം നടന്നത്. അത്തരം സാഹചര്യങ്ങളാണ് കവിതയിൽ പരാമർശിക്കപ്പെടുന്നത്.

“പുഴഞരമ്പിലേ-
ക്കുരുകും കാകോളം
തിളച്ചുപെയ്യുമ്പോ-
ളതുകവിൾക്കൊണ്ടി-
ട്ടവൻ പിശാചിനെ
എറിയുവാൻ ജീവൻ
മിനുക്കി വെച്ചവൻ” (2016: 76)

എന്നിങ്ങനെ പുഴയുടെ ഞരമ്പിലേക്ക് വിഷം തിളച്ചുവീഴുന്നതിനെ കവിൾകൊണ്ട് ഫാക്ടറിയാകുന്ന പിശാചിനെതിരെ നിലനിന്നവനാണ് അദ്ദുറൈ. അവൻ (അദ്ദുറൈ) വരുമ്പോൾ നൽകുവാൻ അവൾ(പുഴ) എടുത്തുവച്ച സൂര്യൻ പഴുത്തുപൊട്ടുകയും അവളിലെ മീനുകൾ വിഷം കുടിച്ച് മയക്കത്തിലായി അവനെ അന്വേഷിക്കുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. സ്വന്തം ശരീരത്തിൽ അർബുദം വളരുമ്പോഴും നാടിന്റെ പച്ചപ്പ് കാക്കാൻ അദ്ദുറൈ വിളിച്ചെങ്കിലും ആരും ശ്രദ്ധിച്ചില്ല എന്ന് കവിത സമൂഹത്തെ കുറ്റപ്പെടുത്തുന്നു. പുഴയും വായുവും ശുദ്ധമാകുന്നതുവരെ അവനുറങ്ങാനാവില്ലെന്ന് കവിത വ്യക്തമാക്കുന്നു.[45] ചാലിയാർ പുഴയുടെ മലിനീകരണമാണ് കവിത

വിഷയമാക്കുന്നത്.

മോഹനകൃഷ്ണൻ കാലടിയുടെ 'കുരങ്ങുണ്ണിരാമൻ' എന്ന കവിതയിൽ പുഴയാണ് പരാമർശിക്കപ്പെടുന്നത്. നിള മുഴുവൻ കുരങ്ങുണ്ണിരാമൻ കുടിച്ചുവറ്റിച്ച ഘട്ടത്തിൽ രാമന്റെ പള്ളതകരും മുമ്പെ നിള കടക്കാൻ അവർ ശ്രമിക്കുന്നു. തോണിയിൽ തിരക്കാതെ കാലുറകൾ തെറുത്തു കേറ്റാതെ, കാലിലെ ചെരുപ്പുകൈയിൽ പിടിക്കാതെ, കടലിനെ പ്പേടിയില്ലാതെയെല്ലാം പുഴ കടക്കാമെന്നവർ കരുതുന്നു.

> "വെറുതേകിടക്കുന്ന തോണിയിൽ ശൂദ്ര-
> നൊരു ബീഡിയായിപ്പുകഞ്ഞുപൊയ്ക്കോട്ടെ
> പിന്നാലെയെത്തുന്ന വാര്യേത്തെ ലോറി
> വല്ലതും വാരിത്തിരിച്ചു പൊയ്ക്കോട്ടെ" (2013: 28)

എന്നവർ ചിന്തിക്കുന്നു. നമുക്ക്  പുഴ കടന്ന് അമ്മാത്തെത്തി സദ്യയുണ്ണുക മാത്രമേ വേണ്ടു എന്നാണ് ചിന്തിക്കുന്നത്. അതായത് പ്രകൃതിക്കോ സഹജീവികൾക്കോ എന്തു സംഭവിച്ചാലും സ്വന്തം കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നു ചിന്തിക്കുന്ന മനോഭാവ ത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

'പുഴയുടെ കണ്ണുകൾ' എന്ന മോഹനകൃഷ്ണൻ കാലടിയുടെ കവിത പുഴയുടെ മരണത്തെ പ്രതിനിധീകരിക്കുന്നു. നിലാവിനും കാറ്റിനും കണ്ണുകൾ നൽകണമെന്ന് എഴുതി ഏൽപ്പിച്ച് ജീവിതത്തെ പ്രണയിച്ചു തീരാതെ പുഴ യാത്രയായതായും ആ കണ്ണുകൾ കാത്തുവെച്ച പഴയ ലോറിയിൽ നിന്ന് അത് കൊത്തിപ്പറന്നതായും മണൽനക്കിത്തുടച്ച ശേഖരം കണ്ട് ആർത്ത് ചിരിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

> "കാറ്റ് കാത്ത്, നിലാവിനെക്കാത്ത്
> കാത്തിരിക്കും വെയിലിന്റെ കണ്ണിൽ
> ഏതു പൊത്തിൽ കൊടും തപസ്സോ ജല-
> രേഖപോലെ ഇഴഞ്ഞുകൊത്തുന്നു" (2013: 113)

എന്നിങ്ങനെ പുഴയുടെ നാശത്തെ കവിത പ്രതിനിധീകരിക്കുന്നു.

സെബാസ്റ്റ്യന്റെ 'ഒഴുക്ക്' എന്ന കവിതയിൽ കുപ്പികളിലടക്കപ്പെട്ട പുഴയെ പരാമർശി ക്കുന്നു. കേരളത്തിലെ നാൽപ്പത്തിനാല് നദികളും മിനറൽവാട്ടർ കുപ്പികളിലടയ്ക്ക പ്പെടുകയും അവയെല്ലാം കാലിയാവുകയും ചെയ്യുന്ന അവസ്ഥയാണ് വിവരിക്കപ്പെടു ന്നത്. കേരളഭൂപടത്തിൽ പുഴകളുടെ സ്ഥാനത്തെല്ലാം കാലിക്കുപ്പികൾ കാണുന്നതായും

കവിത അടയാളപ്പെടുത്തുന്നു. ഒരു കുപ്പിയിൽ കയറിയ പുഴയെ അടച്ച് ഫ്രിഡ്ജിൽ വച്ചയാൾ

> "പാവം പുഴകളേ
> ഇനി നിങ്ങൾ
> എന്റെ സ്വന്തം" (2011: 19)

എന്ന് വ്യക്തമാകുന്നു. കുപ്പികളിൽ വിൽപ്പനവസ്തു മാത്രമായിത്തീരുന്ന പുഴയെയും പുഴകളിൽ നിറയുന്ന മിനറൽ വാട്ടർ കുപ്പികളെയും അതിലൂടെ പുഴമലിനീ കരണ ത്തെയും മറ്റു ഭൂഭാഗങ്ങൾ പോലെ പുഴയെ സ്വകാര്യസ്വത്താക്കുന്ന പ്രവണതയെയും കവിത പ്രശ്നവത്ക്കരിക്കുന്നു. പുഴയെ വില്പനവസ്തുവാക്കുന്ന രീതിയെയാണ് 'റിയൽ എസ്റ്റേറ്റ്' എന്ന കവിതയും പ്രതിനിധീകരിക്കുന്നത്. ആകാശത്തെയും പുഴയെയും പരസ്പരം വേർപിരിയാത്ത മട്ടിൽ ഒട്ടിച്ചുചേർക്കണമെന്നും ഭൂമിയുടെ കച്ചവടം കഴിഞ്ഞാൽ റിയൽ എസ്റ്റേറ്റ് ഇടപാടുകാർ കണ്ണുവയ്ക്കാതെ നോക്കണമെന്നും കവിത വ്യക്തമാക്കുന്നു.[46] ഭൂമിയെപ്പോലെ അളന്നു മുറിച്ചു വിൽക്കാവുന്ന വസ്തുമാത്രമായി മാറാൻ പുഴകളെ അനുവദിക്കില്ലെന്ന പാരിസ്ഥിതികബോധമാണ് കവിതയിലുള്ളത്.

'മലയാളം' എന്ന സെബാസ്റ്റ്യന്റെ കവിതയിൽ പ്രവാസിയായ ഒരാൾ ഓർക്കുന്ന കേരളത്തെ അടയാളപ്പെടുത്തുന്നു. അയാളുടെ ഓർമ്മയിൽ തെളിയുന്നത് വറ്റിയപുഴയാണ് (2013:41). പുഴകളുടെ സമൃദ്ധി നഷ്ടമായിരിക്കുന്ന അവസ്ഥ കവിതയിൽ സൂചിപ്പിക്കപ്പെടുന്നു. 'അറ്റുപോവാത്തത്' എന്ന സമാഹാരത്തിലെ 'കരുവാട്' എന്ന കവിത മീൻ പിടിച്ച് വിൽക്കുന്ന ലാഘവത്തോടെ പുഴയെ വിൽക്കുന്ന അവസ്ഥയെ പ്രതിനിധീകരിക്കുന്നു. ജീവന്റെ തുടിപ്പുകളുണ്ടെങ്കിലും കുട്ടയിലാക്കി ചന്തയിലേക്ക് പുഴയെ കൊണ്ടുപോകുന്നതായി കവിത വിശദീകരിക്കുന്നു. പുഴ വിൽപന വസ്തു വാകുന്ന അവസ്ഥയെയാണ് കവിത പ്രശ്നവൽക്കരിക്കുന്നത്. ഫോണിൽ ഒപ്പിയെ ടുക്കുന്ന അതിൽ ബന്ധിക്കപ്പെടുന്ന പുഴയെയാണ് 'തടവ്' എന്ന കവിത പ്രതിനിധാനം ചെയ്യുന്നത്. 'ഫോസിൽ' എന്ന കവിത മൊബൈൽ ഫോട്ടോയിൽ ഒതുങ്ങുന്ന പുഴയെ പ്രതിനിധീകരിക്കുന്നു. വരണ്ടുകിടക്കുന്ന നിളയുടെ അവസ്ഥകണ്ട് മൊബൈലിൽ എടുത്തു കൊണ്ടുവന്ന് ഫ്രെയ്മിട്ട് ചുമരിൽ തൂക്കിയതായി കവിത പരാമർശിക്കുന്നു. നിളയുടെ സഹനാവസ്ഥയെ കവിത അടയാളപ്പെടുത്തുന്നു. സ്വഭാവികപ്രകൃതി നഷ്ടപ്പെടുകയും ഫോട്ടോകളിലെ പ്രകൃതി വളരുകയും ചെയ്യുന്ന സമകാലിക അവസ്ഥയാണ് വെളിപ്പെടുന്നത്.

പരന്നൊഴുകിയ പുഴ വെട്ടിക്കുറയ്ക്കപ്പെട്ട അവസ്ഥയെ എസ്. ജോസഫിന്റെ 'പുഴ' എന്ന കവിത അടയാളപ്പെടുത്തുന്നു. പിന്നീട് പുഴ വറ്റുകയും കുട്ടികൾക്ക് മൈതാനമായും കവികൾക്ക് കടലാസായും മാറിയതായും കവിത വ്യക്തമാക്കുന്നു.

"മണലുവാരുന്നവരും ഉത്സാഹത്തിലാണ്
മുമ്പവർ വെള്ളത്തിൽ നിന്ന് മണലുവാരി
ഇന്നവർ മണലിൽ നിന്ന് മണലുവാരുന്നു" (2009: 43)

എന്നിങ്ങനെ മണൽ മാത്രമായിത്തീർന്ന പുഴയെ കവിത അടയാളപ്പെടുത്തുന്നു. പുഴയിൽ നിന്ന് മണലുവാരുമ്പോൾ അടിയിൽ വെള്ളമുണ്ടെന്നവർ കരുതുന്നുണ്ടെങ്കിലും അത് അടിയിലേക്ക് വലിഞ്ഞുകൊണ്ടിരിക്കുന്നതായി കവിത വെളിപ്പെടുത്തുന്നു.

'കുന്തിപ്പുഴയിൽ' എന്ന എസ്.ജോസഫിന്റെ കവിതയിൽ തൂക്കുപാലത്തിൽ നിന്ന് പുഴയെ കാണുന്ന രീതിയാണുള്ളത്. പുഴയോരങ്ങളിലെ പൂമ്പാറ്റകൾ അപ്രത്യക്ഷ മായതും കവിത അടയാളപ്പെടുത്തുന്നു. കുന്തുപ്പുഴയിലുണ്ടായ വികസനപ്രവർത്തന ങ്ങളുടെ പതർച്ച പുഴയിലും പ്രകടമാണെന്ന് കവിത വ്യക്തമാക്കുന്നു. 'അപ്പുവും അമ്മുവും' എന്ന കവിതയിൽ നിളയെ പരാമർശിക്കുന്നു. മനുഷ്യരുടെ പ്രവൃത്തികളും ഭൂമിയുടെ മാറ്റങ്ങളും പുഴയെ വരൾച്ചയിലെത്തിക്കുമെങ്കിലും എന്നും പുഴക്കരയിൽ വരണമെന്നും പുഴയിൽ കുളിക്കണമെന്നും കവിത കുട്ടികളോട് പറയുന്നു. പുഴയുമായി സൗഹൃദപരമായ ബന്ധം വേണമെന്നാണ് കവിത ആവശ്യപ്പെടുന്നത്. അത് പുഴയുടെ നിലനില്പിനെ സഹായിക്കും എന്ന് കവിത ആഗ്രഹിക്കുന്നു. പുഴയിൽ വെള്ളമെടുക്കാൻ പോയ ആൾ മണലിൽ വീണുണങ്ങുന്ന അവസ്ഥയെ 'വെള്ളമെടുക്കാൻ പുറപ്പെട്ട.......' എന്ന കവിത അടയാളപ്പെടുത്തുന്നു. പുഴയുടെ വരൾച്ചയാണ് കവിത പ്രതിനിധീ കരിക്കുന്നത്.

വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ എന്നിവരുടെ കവിതകളിൽ പൊതുവെ പുഴ നശീകരണരീതിയിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.2.4. കടൽ

ജല ആവാസവ്യവസ്ഥയായ കടൽ നാടോടിവാങ്മയങ്ങളിലും ഓരോ കാലഘട്ട ത്തിലെയും തെരഞ്ഞെടുത്ത മലയാളകവിതയിലും പരാമർശിക്കപ്പെടുന്നതെങ്ങ നെയെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

കടപ്പുറം കിടക്കുമ്പോൾ കാക്കൂട്ടിൽ കിടക്കണോ?, കടലമ്മ പെണ്ണാണെങ്കിൽ ചരുവെങ്കിലും പെറും, കടലിന് സമമോ കുശവൻ മണ്ണെടുത്ത കുഴി?, കടലിലെ തിരയടങ്ങി യാലും വായിലെ നാക്കടങ്ങില്ല, കടലിലെ തിരയൊഴിഞ്ഞിട്ട് കുളിക്കാനൊക്കുമോ?, കടലിലെ മത്തിക്ക് നാട്ടിലെ നെല്ലിക്ക, കടലിലെ മീനിന് മുക്കോനിട്ടപേര്, കടലിൽ നിന്ന് മുക്കിയാലും കുടത്തിൽ കൊള്ളുന്നതേ കിട്ടൂ, കടലിൽ കൊണ്ടു പോയി കായം കലക്കരുത്, കടൽ പെരുകിയാൽ കര പെരുകുമോ, കടല് വറ്റി കക്കപെറുക്കാൻ കാത്താൽ കുടല് വറ്റിചാകും, കടല് കുന്നാകും കുന്ന് കടലാകും എന്നിങ്ങനെ കടലിനെ പരാമർശിക്കുന്ന നിരവധി പഴഞ്ചൊല്ലുകളുണ്ട്. കടലിന്റെ സ്വഭാവത്തെയും സമ്പത്തിനെയും സൂചിപ്പിക്കുന്നതിനൊപ്പം മറ്റാശയങ്ങൾക്കും ഇവിടെ സ്ഥാനമുണ്ട്. കടലമ്മയെന്ന സങ്കല്പത്തെയും ഈ ചൊല്ലുകളിൽ പരാമർശിക്കുന്നുണ്ട്.

#### 4.1.2.4.1. വർണ്ണനകൾ

##### 4.1.2.4.1.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണുനീലിസന്ദേശ'ത്തിൽ ഉണ്ണുനീലിയുടെ അടുത്തേക്കുള്ള വഴിവിവരണം നടത്തുമ്പോൾ പാൽക്കുളങ്ങര കഴിഞ്ഞു തൃപ്പാപ്പൂർ എത്തുന്നതിനടിയിൽ സമുദ്രം കാണാം എന്ന് പരാമർശമുണ്ട്. 'ഉണ്ണിയാടിചരിത'ത്തിൽ പ്രഭാതത്തിൽ നിർമ്മലമായ സമുദ്രത്തിൽ കുളിച്ച് സൂര്യൻ ഉയർന്നു വരുന്നതായി പരാമർശിക്കുന്നു. ഇത്തരത്തിൽ ഉണ്ണുനീലിസന്ദേശത്തിലും ഉണ്ണിയാടിചരിതത്തിലും മാത്രമാണ് കടൽ വർണ്ണനാപരമായി പൊതുവെ പരാമർശിക്കപ്പെട്ടത്.

##### 4.1.2.4.1.2. കവിത്രയകാലം

ഉള്ളൂരിന്റെ 'സമുദ്രോക്തി' എന്ന കവിത കടലിന് ഭൂമിയോടുള്ള മനോഭാവം വ്യക്തമാക്കുന്ന രീതിയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്.

> "ദൈവത്തിൽ വരംനേടി മേന്മപൂണ്ടിരിക്കുന്ന
> ഭൂവിനോടങ്ങേയ്ക്കീർഷ്യ ഭൂഷയോ പയോനിധേ?" (1977:274)

എന്ന് സമുദ്രത്തോടു ചോദിക്കുന്നു. സമുദ്രത്തിൽ നിന്നുയരുന്ന തിരകൾ ഭൂമിയെ ജയിക്കുന്നതിനാണ് ഉയർന്നു വരുന്നത്. ജീവിതത്തിൽ ഉയരത്തിലെത്തിപ്പെടാൻ പരാജയത്തിൽ തളരാതെ നിരന്തരമായി ശ്രമിക്കണമെന്ന ആശയമാണ് കവിത നൽകുന്നത്.

കവിത്രയകാലഘട്ടത്തിൽ ഉള്ളൂരിൽ മാത്രമാണ് കടൽ പൊതുവെ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടു കാണുന്നത്.

### 4.1.2.4.1.3. കവിത്രയത്തിനുശേഷമുള്ള കാലം

വൈദ്യുതിയും പുരോഗമനങ്ങളും വന്ന നഗരജീവിതത്തെ ആർത്തിരമ്പുന്ന സമുദ്രമെന്ന് പി. കുഞ്ഞിരാമൻനായരുടെ 'കാളിദാസന്റെ പെറ്റമ്മ' എന്ന കവിതയിൽ കല്പന നടത്തുന്നു. 'കടലിനോട്' എന്ന കവിത കടലിനെ പ്രമേയമാക്കുന്നു. കടലിന് മനുഷ്യഭാവങ്ങൾ കവി കല്പിക്കുന്നു. ആത്മപ്രശംസ ചെയ്യുകയും മുറുക്കി ചുവപ്പിച്ചു തുപ്പൽ തെറിപ്പിക്കുകയും ചെയ്യുന്നു സമുദ്രം. രാഷ്ട്രീയനേതാക്കന്മാരെയാവാം കവി സമുദ്രമെന്ന പ്രതീകത്തിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ചുറ്റും പ്രശംസകൾ പറയാൻ ആളുണ്ടെന്നും എന്നാൽ അവരുടെ അധികാരസമ്പത്തുകൊണ്ട് ജനങ്ങൾക്ക് പ്രയോജനമുണ്ടാകുന്നില്ലെന്നുമുള്ള ആശയങ്ങൾ കവിതയുടെ ആന്തരികാർത്ഥമാണ്. കടലിനെ സംബന്ധിച്ചാണെങ്കിൽ മേഘങ്ങൾ കടലിന് സേവകരാവുന്നുണ്ടെങ്കിലും അഭിമാനികളായ നക്ഷത്രങ്ങൾ താഴുന്നില്ല. സൂര്യനെ ദിവസവും വിഴുങ്ങുന്നുണ്ടെങ്കിലും വിശപ്പടങ്ങാതെ കടൽ കരയെയും വിഴുങ്ങുവാൻ അടുക്കുന്നു. കാഴ്ചയിൽ പാൽത്തിരയാണെങ്കിലും അതിന്റെ മറുപുറം ഭീകരമാണെന്ന് കവിത വ്യക്തമാക്കുന്നു.

> "നിർണ്ണയിക്കാവതല്ലാർക്കും സമുദ്രമേ
> നിൻപക്കലുള്ളോരു കെട്ടിയിരുപ്പുകൾ
> എണ്ണമില്ലാതെ നിൻ മുമ്പിൽ പലവഴി
> വന്നു വീഴുന്നുണ്ടു വാരിസമ്പത്തുകൾ" (2005:450)

എന്നിങ്ങനെ സമുദ്രസമ്പത്തിനെയും കവിത സൂചിപ്പിക്കുന്നു. എന്നാൽ ദാഹിക്കുന്ന വർക്ക് അത് ഉപയോഗപ്പെടുന്നില്ലെന്നും പ്രസ്താവിക്കുന്നു. അത്തരത്തിൽ തന്നെയാണ് രാജ്യസമ്പത്ത് ജനപ്രതിനിധികൾ ഉപയോഗിക്കുകയും ജനങ്ങൾക്ക് ലഭ്യമാകാതിരി ക്കുകയും ചെയ്യുന്നത്. ദാഹിക്കുന്ന മനുഷ്യന് ഉപയോഗപ്പെടാത്ത ജലമാണ് സമുദ്രത്തിലുള്ളത് എന്ന് പറയുന്നതിലൂടെ മനുഷ്യപക്ഷത്തുതന്നെയാണ് കവിത നിൽക്കുന്നത്. മനുഷ്യനുപയോഗിക്കാൻ കഴിയാത്തതിനെ മോശമെന്ന് പറയുന്ന മനോഭാവമാണ് കവിത പ്രകടിപ്പിക്കുന്നത്.

'പശ്ചിമസമുദ്രം' എന്ന വൈലോപ്പിള്ളിക്കവിത സമുദ്രപരാമർശമുള്ളതാണ് നാടിന്റെ ഗാംഭീര്യത്തിന്റെ അടയാളമാണിവിടെ സമുദ്രം. കടലിനെപ്പോലെ വിസ്തൃതമായ

മനസ്സ് കടൽകാക്കയെപോലെ പാറുകയും കക്കയെപ്പോലെ ഒതുങ്ങുകയും ചെയ്യുന്ന തായി കവിത വ്യക്തമാക്കുന്നു. പ്രകൃതി നീലക്കടലിനടിയിൽ നൃത്തം വയ്ക്കുന്നതായും കടൽവഴിവന്ന് മാതൃഭൂമിയെ വിദേശികൾ കീഴടക്കിയതായും നാടിന്റെ സമ്പത്ത് കടൽ വഴി മറയുന്നതായും കവിത സൂചിപ്പിക്കുന്നു.

"തന്റേതാം കൊടി ചൂടി,-
തന്റേതാം സമുദ്രത്തിൽ
തന്റേടത്തോടെ പായും
ഞങ്ങൾ തൻ തരണികൾ" (2001:95)

എന്നിങ്ങനെ കടൽ വരുംകാലത്ത് നാടിന്റെ അഭിമാനമാകുമെന്നും കവിത പ്രത്യാശിക്കുന്നു.

കടലും കരയും തമ്മിൽ വിവാഹിതരായി എന്ന സങ്കല്പമാണ് വൈലോപ്പിള്ളി യുടെ 'കടലും കരയും' എന്ന കവിതയിലുള്ളത്. സൂര്യനെന്ന അഗ്നിയെ സാക്ഷിയാക്കി കടൽ കരയെ വിവാഹം ചെയ്ത് പട്ടുവസ്ത്രം നൽകിയതായും കവിതയിൽ പരാമർശ മുണ്ട്. എന്നാൽ കടലിന് ഭൂമിയിലെത്തിച്ചേരാനാവുന്നില്ല. അതിനാൽ വേഷം മാറി ഭൂമിയും കടലും പ്രണയസല്ലാപം നടത്തുന്നതായി കവിത വർണ്ണിക്കുന്നു.

"വന്നതുപോലെയിറങ്ങിപ്പോയ്
വൻകട, ലൂഴിയുറങ്ങിപ്പോയ്" (2001:600)

എന്നിങ്ങനെ മഴ കടലായി ഇറങ്ങിപ്പോകുന്നു. ആ ഘട്ടത്തിൽ അമ്മാവനായ മാവേലി യെത്തുന്നതായും മാവേലിയെ സൽക്കരിക്കുന്ന ഭൂമിയുടെ പുഞ്ചിരിയാണ് തുമ്പപ്പൂക്കളെന്നും കവിത പരാമർശിക്കുന്നു.

ചങ്ങമ്പുഴ, ഇടശ്ശേരി എന്നിവരുടെ കവിതകളിൽ കടൽ പൊതുവെ വർണ്ണനാപരമല്ല.

#### 4.1.2.4.1.4. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'കടലിലെപാട്ട്' എന്ന കവിത കടലിൽ പോയ മുക്കുവരുടെ പാട്ടാണ്. കടലിന്റെ ഭീകരമായ തിരമാലകളിലൂടെ പൊട്ടുന്ന മേഘങ്ങളുടെ ശബ്ദങ്ങൾക്കു മീതെ ശക്തമായ കാറ്റിനുമീതെ തോണിയിൽ സഞ്ചരിക്കുന്ന മുക്കുവരുടെ ഗാനങ്ങളാണ് കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. കടലിൻ നടുവിൽ കഷ്ടപ്പെടുന്ന ഒരു വിഭാഗമുണ്ടാവുമ്പോൾ മറ്റൊരു വിഭാഗം മണിമാളികയിൽ സുഖിക്കുന്നു എന്നും കവിത വ്യക്തമാക്കുന്നു.

'ഒരേ കടൽ' എന്ന ഒ.എൻ.വി.യുടെ കവിതയിൽ കടൽ മനുഷ്യനുമായി ഏതു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്. സാംസ്കാരികവും പാരിസ്ഥിതികവുമായ വശങ്ങൾ കവിതയിൽ വിവരിക്കുന്നുണ്ട്. കടലിൽ നിന്നും കര വേർപിരിഞ്ഞപ്പോൾ കൈനീട്ടിപ്പുണർന്നത് കടലാണ് എന്നും ശാന്തസമുദ്രമായും ഇന്ത്യൻ മഹാസമുദ്രമായും അറബിക്കടലായും കാണുന്നത് ഒരേ കടലാണെന്നും കവിത വെളിപ്പെടുത്തുന്നു.

സുഗതകുമാരിയുടെ 'കാടും കടലും' എന്ന കവിത കാടിനെയും കടലിനെയും താരതമ്യപ്പെടുത്തുന്നു.

> "കാടിന്റെ പാട്ടും കടൽപ്പാട്ടുമൊന്നെന്നു
> കാറ്റു പറഞ്ഞാണു ഞാനറിഞ്ഞൂ!
> രണ്ടുമൊരുപോൽ കറമ്പികളാണെന്നു
> വിണ്ടലം ചൊന്നതും ഞാനറിഞ്ഞൂ" (2011:549)

എന്നിങ്ങനെ കാടും കടലും ഏതെല്ലാം വിധത്തിൽ സാദൃശ്യപ്പെട്ടിരിക്കുന്നു എന്നാണ് വ്യക്തമാക്കുന്നത്. കാടിന്റെയും കടലിന്റെയും മറ്റു പ്രകൃതിഘടകങ്ങളുടെയും സൗന്ദര്യത്തെയും പ്രാധാന്യത്തെയുമാണ് കവിത ചൂണ്ടിക്കാണിക്കുന്നത്. കാടിന്റെയും കടലിന്റെയും ശബ്ദങ്ങളും നിശബ്ദതയും സമാനമാണെന്നും അവ ഒരുപോലെ പേടിപ്പിക്കുന്നതാണെന്നും കവിത വ്യക്തമാക്കുന്നു. കാട്ടിൽ കാട്ടുതീയെങ്കിൽ കടലിൽ കടൽത്തീയുണ്ടെന്നും കാടിന് ചീവിടിന്റെ ശബ്ദമെങ്കിൽ കടലിന് കോളിരമ്പത്തിന്റെ ശബ്ദമെന്നും കവിത സൂചിപ്പിക്കുന്നു. മനുഷ്യന്റെ കാഴ്ചയിലാണ് കാടും കടലും സാദൃശ്യപ്പെടുന്നത്.

'കടലിനോട്' എന്ന സുഗതകുമാരിയുടെ കവിതയിൽ കടലിനെ പ്രണയിക്കുന്ന കവയിത്രിയെയാണ് കാണുന്നത്. കറുപ്പും പച്ചയും കരിനീലയുമെല്ലാം കലർന്ന് വെൺനുരപ്പൂക്കൾ വാരിവിതറുന്ന കടലിൽ അനുരക്തയാകുന്നു.[47] ബാല്യത്തിലും യൗവനത്തിലും വാർദ്ധക്യത്തിലും കടൽ പലവിധത്തിലുള്ള സ്വാധീനമാണുണ്ടാക്കുന്ന തെന്നും കവിത സൂചിപ്പിക്കുന്നു. 'കടലു കാണാൻ പോയവർ' എന്ന കവിതയിൽ കടൽ കാണാൻ പോകുന്ന അന്ധരായ കുഞ്ഞുങ്ങളെയാണ് പരാമർശിക്കുന്നത്. ഇവരെങ്ങനെ കടൽ കാണുമെന്ന് ആശങ്കപ്പെടുന്നുണ്ടെങ്കിലും കടൽക്കരയിലെ കാറ്റും തണുപ്പും മണവും കൊണ്ട് അവർ കടലിനെ അറിയുന്നു. കടലിന്റെ വലിപ്പത്തെയും നിറത്തെയും കുറിച്ചറിയാൻ താല്പര്യപ്പെടുന്ന കുട്ടികൾക്ക് മറുപടി നൽകാനാവാതെ കവയിത്രി

നിൽക്കുന്നുണ്ട്.

'കടലിന്നടിയിലെ ജീവികൾ' എന്ന സച്ചിദാനന്ദന്റെ കവിതയിൽ കടൽ ജീവികളെക്കുറിച്ചാണ് വിശദമാക്കുന്നത്.

> "കടലിന്നടിയിൽ ജീവികളുണ്ട്.
> നിഴൽപോലെ കനംകുറഞ്ഞ ശരീരവുമായി
> പായലുകൾക്കിടയിൽ പറ്റിക്കിടക്കുന്നവ,
> കരയിലെ പൂക്കൾപോലെ പവിഴപ്പുറ്റുകൾക്കിടയിൽ'
> നീലക്കണ്ണുമായി വിടരുന്നവ" (2016:604)

എന്നിങ്ങനെ കടൽജീവികളെക്കുറിച്ച് പറയുന്നു. ശംഖുകളെ വിവാഹംകഴിച്ച് ശബ്ദമുണ്ടാക്കി ജീവിക്കുന്നവയും കക്കകളെ വാഹനമാക്കി ദൂരങ്ങൾ താണ്ടുന്നതുമായ ജീവികളുണ്ട്. മുങ്ങൽക്കാരെ വിമർശിക്കുന്ന നിരൂപകരായ സ്രാവുകളും ആവിക്കപ്പലിനെ തടയുന്ന തിമിംഗലവും പ്രത്യയശാസ്ത്രങ്ങളെ വിഴുങ്ങാനിഷ്ടപ്പെടുന്ന നീർക്കുതിരയും വികസനത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് സസ്യഭുക്കും പരിസ്ഥിതിവാദിയുമായി മാറിയ കടലാനയും കാല്പനികരായ കടൽമത്സ്യങ്ങളെ വിഴുങ്ങുന്ന യുക്തിവാദികളായ കടൽപ്പാമ്പുകളും പുരാവൃത്തപഠനത്തിൽ ആണ്ടുകിടക്കുന്ന കടലാമയും രസതന്ത്രജ്ഞനായ കടൽക്കുറുക്കനും കടലിലുണ്ടെന്ന് കവിത വിവരിക്കുന്നു. ബുദ്ധിജീവികളയ മനുഷ്യന്റെ പദവികളുമായി കടൽജീവികളെ ബന്ധപ്പെടുത്തുന്നു. 'കടലിൽ കുളി' എന്ന കവിതയിലും കടൽ വിഷയമാകുന്നു.

> "കടലിൽ കുളിക്കാൻ പരിചയം വേണം
> കിണറ്റിൽ നിന്ന് തൊട്ടിയിൽ കുളിരുമുക്കിയെടുത്ത്
> ചെറിയൊരാഴത്തിൽ കുളിക്കുംപോലെയല്ല അത്" (2016:675)

എന്നിങ്ങനെ കടലിന്റെ വ്യാപ്തി വ്യക്തമാക്കുന്നു. കുളത്തിലെയോ പൈപ്പിലെയോ വെള്ളം പോലെയല്ല കടൽവെള്ളമെന്നും സൂചിപ്പിക്കുന്നുണ്ട്. കടലിൽ ആമ്പലുകളില്ലാത്തതുപോലെ നഗരത്തിൽ കടലുമില്ല എന്നു പറയുന്നതിൽ നിന്ന് കടലിനെയും നഗരത്തെയും സാദൃശ്യപ്പെടുത്തുന്നു. കടലിൽ കുളിക്കാൻ ഉള്ളതെല്ലാം കരയിലുപേക്ഷിച്ചുപോകണം എന്നും വ്യക്തമാക്കുന്നുണ്ട്. ഇവിടെ കടൽ നഗരം കൂടിയാണ്. ഗ്രാമത്തിൽ നിന്നും നഗരത്തിലെത്തുമ്പോൾ ഉപേക്ഷിക്കേണ്ടവയെ കൂടിയാണിത് വ്യക്തമാക്കുന്നത്.

'ലവണപാഠം' എന്ന വിനയചന്ദ്രന്റെ കവിത കടലിനെ വിഷയമാക്കുന്നു. സൂര്യൻ മാറുന്നതിനനുസരിച്ച് മാറുന്ന കടലിന്റെ നിറവ്യത്യാസങ്ങളെ സൂചിപ്പിച്ചുകൊണ്ട് കവിത ആരംഭിക്കുന്നു. ഇരുളിൽ കരിങ്കടലായും നിലാവിൽ പാൽക്കടലായും കടൽ മാറുന്നു. സമുദ്രസഞ്ചാരം, വിദൂരവാണിജ്യം, സംസ്കാരസംക്രമം, കപ്പൽച്ചേതം, നാവികയുദ്ധം എന്നിങ്ങനെ ചരിത്രപരമായി ഏറെ പ്രാധാന്യമുണ്ട് കടലിനെങ്കിലും പണ്ഡിതന്മാർക്ക് അർത്ഥസഞ്ചാരവും ആഴക്കടലിൽ മീൻപിടിക്കുന്ന മുക്കുവന്മാർക്ക് നഷ്ടവും മാത്രമാണുണ്ടാകുന്നത് എന്നും കവിത വ്യക്തമാക്കുന്നു. സാഹിത്യത്തിലും കടലുണ്ട്

"എങ്കിലും ആഴത്തെ സ്നേഹിച്ച്
അടിത്തട്ടു കാണും മുമ്പേ മുങ്ങിമരിച്ചവന്
കടലെന്നാൽ
അവസാനിക്കാത്ത ഉപ്പുരസം മാത്രം" (2016:265)

എന്നാണ് കവിത അവസാനിക്കുന്നത്. കടൽ എങ്ങനെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യജീവിതത്തിന്റെ ചരിത്രവും സംസ്കാരവുമായി കടൽ ബന്ധപ്പെട്ടിരിക്കുന്നു.

എൻ.എൻ.കക്കാട്, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട എന്നിവരിൽ പൊതുവെ കടൽ വർണ്ണനാപരമായി പരാമർശിക്കപ്പെടുന്നില്ല.

#### 4.1.2.4.1.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'സീതാദർശനം' എന്ന സമാഹാരത്തിലെ 'പസഫിക്' എന്ന കവിത കടലിനെയാണ് പരാമർശിക്കുന്നത്.

"പല നാട്ടിലായ്പ്പെട്ട ദിക്കുകൾ ഭരിപ്പോളേ,
പല ജീവനെപ്പെറ്റുപോറ്റി സംഹരിപ്പോളേ" (2016:93)

എന്നിങ്ങനെയാണ് പസഫിക്കിനെക്കുറിച്ച് പറഞ്ഞു തുടങ്ങുന്നത്. പസഫിക് ഇവിടെ സ്ത്രീയാണ്. വലിവാൽ സ്വയം താഴേക്ക് പോകുമ്പോൾ കാലിടറുന്ന ശാന്തസാഗരമെന്ന പസഫിക്കിനെ കവിത അടയാളപ്പെടുത്തുന്നു. ആദ്യകാലം മുതൽ ഊറിയ ലാവ പർവ്വതശിശുക്കൾക്ക് ഊട്ടുവാൻ ആഗ്രഹിച്ച് എരിഞ്ഞ കടലിൽ മാതൃത്വവും ആരോപിക്കുന്നു. ശാലീനയും ശാന്തസ്വരൂപിണിയും അമ്മയുമായ സ്ത്രീയാണിവിടെ കടൽ. പസഫിക് സമുദ്രത്തിൽ ഹവായ് ദ്വീപിൽ കാണുന്ന മൗനാ കേയാ എന്ന അഗ്നി പർവ്വതത്തെക്കുറിച്ചും കവിതയിൽ സൂചനയുണ്ട്. ഹിമപാളിയാൽ തണുപ്പിച്ചും

കുളിരുന്ന താഴ്വാരത്തിൽ കാട് മുളപ്പിച്ചും അത് കായാന്തരീകരണം നടത്തുന്നു. അടിത്തട്ടിലെ കിടങ്ങുകളും തീനാളവും ഏറ്റുവാങ്ങി തിരകളുയർത്തുമ്പോൾ അതിന്റെ ചൂടിന്റെ കാരണങ്ങളെക്കുറിച്ച് ആരും അറിയുന്നില്ല. എന്നാൽ വൻകരകൾക്കെല്ലാം കളിപ്പാട്ടമായാണ് സമുദ്രം നിലകൊള്ളുന്നത്.

> "കാന്തിയെ വിളിച്ചോതുംമംഗലനാമം, നീയോ
> ശാന്തസാഗരം? ധർമ്മസങ്കടം മാത്രം നീറും
> താന്തവത്സരം കോടിതാണ്ടിയ തപസ്സേ, നീ
> ഭ്രാന്തസാഗരം? സ്നേഹാലങ്ങനെ വിളിച്ചോട്ടേ?" (2016: 95)

എന്നിങ്ങനെ നീ ശാന്തസാഗരമല്ല ഭ്രാന്തസാഗരമാണെന്ന് കവയിത്രി വ്യക്തമാക്കുന്നു. സ്നേഹത്തോടെയാണ് ഭ്രാന്തസാഗരം എന്നു വിശേഷിപ്പിക്കുന്നത്. ഇവിടെ സ്ത്രീയുടെ അവസ്ഥകളെ കടലവസ്ഥകളുമായി താരതമ്യപ്പെടുത്തുന്നു. പലതരം മാനസിക സംഘർഷങ്ങൾ അനുഭവിക്കുമ്പോഴും മറ്റുള്ളവരുടെ കളിപ്പാട്ടമായി സഹനശക്തിയുടെ പ്രതീകമായി വാഴുന്ന സ്ത്രീകളെക്കൂടിയാണ് കവിത അടയാളപ്പെടുത്തുന്നത്.

വിജയലക്ഷ്മിയുടെ കവിതയിൽ മാത്രമാണ് പൊതുവെ ഈ ഘട്ടത്തിൽ വർണ്ണനാപരമായി കടൽ അവതരിപ്പിക്കപ്പെട്ടത്.

### 4.1.2.4.2. സദൃശകല്പനകൾ

#### 4.1.2.4.2.1. രൂപപരം

കടൽ താരതമ്യേന രൂപപരമായ കല്പനകളായി ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.2.4.2.2. ഭാവപരം

##### 4.1.2.4.2.2.1. പ്രാചീനമധ്യകാലഘട്ടം

പരശുരാമൻ സമുദ്രത്തിൽ മണിമുറമെറിഞ്ഞാണ് കേരളം സൃഷ്ടിച്ചതെന്ന കേരളോല്പത്തിക്കഥ 'തിരുനിഴൽമാല'യിലുണ്ട്. വരുണനോട് അപേക്ഷിച്ച് മണി മുറമെറിഞ്ഞ് സമുദ്രത്തെ കരയാക്കി മാറ്റി എന്നാണ് ഈ ഉത്പത്തിക്കഥ വ്യക്ത മാക്കുന്നത്.[48]

'കണ്ണശ്ശരാമായണ'ത്തിൽ സീതാദേവി ലങ്കയിലിരിക്കുന്ന സമയത്തെ ദുഃഖാവ സ്ഥയെ സമുദ്രവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. സീതയുടെ ദുഃഖത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനാണ് സമുദ്രവുമായി സീതയുടെ ദുഃഖത്തെ താരതമ്യപ്പെ

ടുത്തിയിരിക്കുന്നത്. കൂടാതെ സൂര്യകുലോദ്ഭവരായ സഗരപുത്രന്മാർ കുഴിച്ചുണ്ടാക്കിയതാണ് സമുദ്രമെന്നും കൃതിയിൽ പരാമർശമുണ്ട് (2003:509)

'ഉണ്ണിയാടിചരിത'ത്തിൽ പരശുരാമൻ സമുദ്രത്തിൽ നിന്ന് ഇരന്നു വാങ്ങിയതാണ് കേരളം എന്ന് കഥാസൂചന. ഇവിടെ സമുദ്രത്തോട് ഇരന്ന്/അപേക്ഷിച്ചാണ് കേരളത്തെ സൃഷ്ടിച്ചത് എന്നാണ് പരാമർശം.[49] 'തിരുനിഴൽമാല'യിലും ഇതേ പരാമർശമുണ്ട് (1981:35).

പ്രാചീനമധ്യകാലഘട്ടത്തിൽ തിരുനിഴൽമാലയിലും കണ്ണശ്ശരാമായണത്തിലും ഉണ്ണിയാടിചരിതത്തിലും മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി കടൽ പൊതുവെ ശ്രദ്ധേയമായ പരാമർശം കാണുന്നത്.

#### 4.1.2.4.2.2.2. കവിത്രയകാലം

വള്ളത്തോളിന്റെ 'മഗ്ദലനമറിയ'ത്തിൽ മറിയത്തിന്റെ ദുഃഖത്തെക്കുറിച്ചു പരാമർശിക്കുന്നത് ഇപ്രകാരമാണ്

"അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയിൽ
തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ!
ഏഴയാമെന്നെക്കരേറ്റുവാൻ മറ്റാരു
ണ്ടാ, ഴിക്കുമീതേ നടന്നവനേ?" (2011:290)

എന്നിങ്ങനെ ദുഃഖമാകുന്ന കടൽത്തിരമാലകൾ എന്ന് അഭേദകൽപന നടത്തിയിരിക്കുന്നു. ഒന്നിനു പുറകെ ഒന്നെന്ന രീതിയിൽ തിരമാലകൾ പോലെ ദുഃഖം വരുന്ന തന്നെ രക്ഷിക്കണമെന്ന് ആഴിക്ക് മീതെ നടന്ന യേശുദേവനോടപേക്ഷിക്കുന്നു. മറിയത്തിന്റെ അവസാനിക്കാത്ത ദുഃഖത്തെ തിരമാലകളോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് കടൽ താരതമ്യേന ഭാവപരമായി പരാമർശിക്കപ്പെട്ടുകാണുന്നത്.

#### 4.1.2.4.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണ'നിൽ

"വറ്റി വരണ്ടു പോയേക്കാം സ്വയമതി-
രറ്റു കിടക്കും സമുദ്രമെല്ലാം;
എന്നാലുമിപ്രേമമെന്നുമിതുവിധം
മിന്നിത്തിളങ്ങും തിരയടിക്കും!" (1974: 139)

എന്നിങ്ങനെ രമണനോടുള്ള തന്റെ പ്രണയം എന്നും നിലനിൽക്കുമെന്ന് ചന്ദ്രിക പറയുന്നു. സമുദ്രമെല്ലാം വറ്റിയാലും തന്റെ പ്രണയത്തിന് മാറ്റമുണ്ടാവില്ല എന്നാണ് ചന്ദ്രിക വ്യക്തമാക്കുന്നത്. ഈ ഘട്ടത്തിൽ ചങ്ങമ്പുഴയിൽ മാത്രമാണ് കടൽ താരതമ്യേന ഭാവപരമായി പരാമർശിക്കപ്പെട്ടുകാണുന്നത്.

### 4.1.2.4.2.2.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ കടൽ പൊതുവെ തെരഞ്ഞെടുക്കപ്പെട്ട കവികളിൽ ഭാവപരമായി പരാമർശിച്ചു കാണുന്നില്ല.

### 4.1.2.4.2.2.5. ആധുനികതാനന്തരഘട്ടം

റഫീക്ക് അഹമ്മദിന്റെ 'കടൽ തുടങ്ങുന്നത്' കടലിന്റെ തുടക്കമെവിടെയന്ന കാവ്യാത്മകമായ വർണ്ണനയാണ്. സന്ധ്യയുടെ കുങ്കുമം കുതിർന്നിടുന്നിടത്തിൽ നിന്ന്, ചെറുതോണിയുടെ തലപ്പ് അലിയുന്നിടത്ത് നിന്ന്, വലിയ തിരകൾ പരക്കുന്ന ഇടത്തു നിന്ന്, മണൽപ്പരപ്പുള്ള ഇടത്തുനിന്ന്, നിറവും കാറ്റുമുള്ള ഇടത്തുനിന്ന് എന്നിങ്ങനെ നെഞ്ചിൽ മിടിക്കുന്ന കടൽ തുടങ്ങുന്ന ഇടത്തെക്കുറിച്ച് കവിത വ്യക്തമാക്കുന്നു.

"കടൽ തുടങ്ങുന്നതെവിടെ, കണ്ണിമ-
യടച്ചതിനുള്ളിൽ, ഞരമ്പിൽ, പ്രജ്ഞയിൽ?
തുടങ്ങുന്നിടത്തൊടുങ്ങുന്നു കടൽ
നടുക്കമായുള്ളിൽ അറിവിരമ്പുന്നു" (2016: 65)

എന്നിങ്ങനെ മനുഷ്യന്റെ പ്രജ്ഞയിലുള്ള കടലിനെക്കുറിച്ച് കവിത വ്യക്തമാക്കുന്നു. ഇവിടെ കടലിനെ മനുഷ്യമനസ്സുമായി താരതമ്യപ്പെടുത്തുന്നു.

വി.എം. ഗിരിജയെ ഏറെ സ്വാധീനിക്കുന്ന ഒരു പരിസ്ഥിതി ഘടകമാണ് കടൽ. 'കടലോരവീട്' എന്ന സമാഹാരത്തിലെ വീണ തൂവൽ പോലെ, കടലോരവീട്, മണ്ണാങ്കട്ടയും കരിയിലയും തുടങ്ങി നിരവധി കവിതകൾ കടലിനെ പ്രമേയമാക്കുന്നു. കടൽ കൂടുതൽ ആഴങ്ങളിലേക്ക് അറിയാനുള്ള ആവേശമാണ്. എന്നാൽ കാൽമുട്ടോളം നനയ്ക്കാത്തവയായി കടലുകൾ തുടരുന്നു. 'വീണ തൂവൽപോലെ' എന്ന കവിതയിൽ

"ഒരിക്കലും കാണാത്ത മുഴുത്തിങ്കൾ,
ഒരിക്കലും കാൽമുട്ടോളം നനയ്ക്കാത്ത കടലുകൾ
ഒരിക്കലും കടക്കാത്ത കൊടുങ്കാട്ടിന്നിരുട്ടിലെ
മൃദുമണ്ണിൻ നനവാർന്ന കൊതി" (2015:13)

എന്നിങ്ങനെ പ്രകൃതിയെ അറിയാനുള്ള ആഗ്രഹം വി.എം. ഗിരിജയുടെ കവിതകളിൽ കാണാം. "മണ്ണിന്റെ കറുപ്പിലും തുടുപ്പിലും വേരൂന്നി നിന്ന് ഹരിതാന്തരീക്ഷത്തെ പുൽകുന്ന കവിതകളാണ് വി.എം. ഗിരിജയുടേത്. ഈ കവിതകളുടെ മർമ്മമായ അന്വേഷണം പ്രകൃതിയിലാണ് നടക്കുന്നത്" എന്ന് ഡോ. എ. അരവിന്ദാക്ഷൻ അഭിപ്രായപ്പെടുന്നുണ്ട് (2005:57)

'മണ്ണാങ്കട്ടയും കരിയിലയും' എന്ന കഥയെ പാരിസ്ഥിതികമായി പുനർ നിർമ്മിക്കുന്ന അതേ പേരിലുള്ള കവിതയിൽ വരേണ്യതയുടെ പ്രതീകമായി കടൽ പ്രത്യേക്ഷപ്പെടുന്നുണ്ട്. ഒഴുകിയെത്തുന്ന പുഴകളെയെല്ലാം ഉപ്പുകല്ലാക്കുന്ന യുവതിയായ നൃത്തക്കാരി എന്നാണ് കടലിനെ വിശേഷിപ്പിക്കുന്നത്. ഇവിടെ കടൽ യുവതിയാണ്. അവളുടെ നിശ്വാസത്താൽ കരിയില തങ്കവർണ്ണമായും മണ്ണാങ്കട്ട വെണ്ണയുരുളയായും മാറ്റുമെന്ന വിശ്വാസമാണുള്ളത്.

'കടലിനോട്' എന്ന വി.എം. ഗിരിജയുടെ കവിതയിൽ കടൽ പ്രണയമാണ്. പ്രണയം തേടുന്നയാൾക്ക് കടലിന്റെ ഭാവങ്ങൾ പ്രണയമായനുഭവപ്പെടുന്നു. 'കടൽ കടക്കുമ്പോൾ' എന്ന കവിതയിലും പ്രണയത്താൽ ഏതു കടലും മറികടക്കാമെന്ന് വ്യക്തമാക്കുന്നു. കടലിൽ നിന്നുയരുന്നവനെ സ്വപ്നം കാണുന്നു 'കടലിൻ ജ്ഞാനസ്നാനം' എന്ന കവിതയിൽ. കടൽ ഇവിടെ സ്ത്രീയ്ക്കുണ്ടാവുന്ന അസ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുന്നു. കടലിനെപ്പോലെ കരുത്തനും കടലിൽനിന്ന് ഉയിർക്കുന്നവനുമായ പുരുഷനുമുന്നിൽ നിൽക്കാനാവുമോ എന്ന ആശങ്ക കവിത വ്യക്തമാക്കുന്നു. അടുക്കള, തീൻമേശ, അലക്ക്, കടനിരക്കം എന്നിവ കഴിഞ്ഞ് കടൽ കടക്കാൻ തനിക്കാവുമോ എന്ന് കവയിത്രി സന്ദേഹിക്കുന്നു. കുടുംബത്തിനുള്ളിൽ തളച്ചിടപ്പെട്ട സ്ത്രീയ്ക്ക് ആഗ്രഹങ്ങളുടെ പ്രതീക്ഷകളുടെ കടൽ നീന്തിക്കടക്കാൻ വളരെ പണിപ്പെടേണ്ടി വരുമെന്ന് കവിത വ്യക്തമാക്കുന്നു (2003: 29)

റഫീക്ക് അഹമ്മദിലും വി.എം. ഗിരിജയിലും മാത്രമാണ് കടൽ പൊതുവെ ഈ ഘട്ടത്തിൽ ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.2.4.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 4.1.2.4.3.1. പ്രചീനമധ്യകാലഘട്ടം

'രാമചരിത'ത്തിൽ ഇളകി മറിയുന്ന കടൽ കടക്കാനുള്ള വഴിയെന്തെന്ന് രാമൻ എല്ലാവരോടും അന്വേഷിക്കുന്നു. അവരുടെ നിർദ്ദേശപ്രകാരം വരുണനെ തൊഴുത്

വഴികാണിക്കാൻ അപേക്ഷിക്കുന്നു. പ്രകൃതിയോട് അപേക്ഷാഭാവമാണ് രാമൻ ആദ്യം പ്രകടിപ്പിക്കുന്നത്. സൂര്യനെയും വരുണനെയുമെല്ലാം ദൈവതുല്യം ആരാധിക്കുന്നു ണ്ടെങ്കിലും മൂന്ന് ദിവസത്തിനുശേഷവും വരുണൻ പ്രത്യക്ഷനാകാതിരുന്നപ്പോൾ രാമൻ കോപാകുലനാവുകയും സമുദ്രത്തെ നാമാവശേഷമാക്കുന്നതിനായി അസ്ത്രമയക്കു കയും ചെയ്യുന്നു. ഇവിടെ ഒരു കടൽ ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ അവശേഷിക്കാത്ത രീതിയിൽ ചുട്ടുവരട്ടുന്നുണ്ട് എന്നാണ് രാമൻ പറയുന്നത്.[50] ആദ്യഘട്ടത്തിൽ പ്രകൃതിയോട് കാണിച്ച അപേക്ഷാഭാവം ആധിപത്യമനോഭാവത്തിന് വഴിമാറുന്നു. തന്റെ മുന്നേറ്റത്തിന് വിഘ്നമാകുന്നതിനെ നശിപ്പിക്കുക എന്ന മനുഷ്യ മനോഭാവമാണിവിടെ പ്രകടമാകുന്നത്. പ്രകൃതിയെത്തന്നെ നശിപ്പിച്ചുകൊണ്ടുള്ള മുന്നേറ്റം ശാശ്വതമല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നിടത്താണ് പരിസ്ഥിതിബോധത്തിന് സ്ഥാനമുള്ളത്. ഇവിടെ അത്തരമൊരു ബോധത്തിന് പ്രാധാന്യമില്ല. മനുഷ്യർ പ്രകൃതിയെ ആരാധിക്കുന്നതിനൊപ്പം തന്നെ പ്രകൃതിയുടെ ഉടമസ്ഥനാകാൻ സ്വയം ശ്രമിക്കുകയും ചെയ്യുന്നു.അസ്ത്രവർഷത്താൽ ജലചരങ്ങൾക്ക് നാശമുണ്ടായപ്പോൾ വരുണൻ പ്രത്യക്ഷപ്പെടുകയും സമുദ്രത്തെ മറികടക്കുന്നതിന് വലിയ ചിറ അതായത് പാലം പണിയാൻ നിർദ്ദേശിക്കുകയും അതിനായി നളനെ ഏർപ്പെടുത്തുകയും ചെയ്യുന്നു. ആധുനികയുഗത്തിലെ പാലത്തിന്റെ പൂർവ്വരൂപമാണ് ചിറ സ്വാഭാവിക പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് വന്ന പുരോഗമനത്തിന്റെ ചിഹ്നങ്ങളിലൊന്നാണത്. മനുഷ്യന്റെ സൗകര്യാർത്ഥം പ്രകൃതിയെ മാറ്റിത്തീർക്കുന്നതിന്റെ മാതൃകകൂടിയാണിത്.

മരങ്ങളും പർവ്വതങ്ങളും സമുദ്രത്തിൽ ചൊരിഞ്ഞാണ് ചിറ കെട്ടിയുയർത്തിയത് (1973:37) സമുദ്രത്തിന്റെ സ്വതന്ത്രമായ നില്പിന് തടസ്സം സൃഷ്ടിക്കുകയാണ് ഈ പ്രവർത്തിയിലൂടെ ചെയ്യുന്നത്. ദൂതനായിപ്പോയ ഹനുമാന് ഒറ്റയ്ക്കുതന്നെ രാക്ഷസ കുലത്തെ നശിപ്പിച്ച് സീതയെ സമുദ്രം കടത്തി കൊണ്ടുവരാനുള്ള കഴിവുണ്ടെന്നിരിക്കെ താനാണ് രാവണനെ ജയിക്കേണ്ടതെന്ന രാമന്റെ രാജാവെന്ന (സംരക്ഷക) അഭിമാന ബോധത്തെ ആദരിച്ചുകൊണ്ട് ഹനുമാൻ സീതയ്ക്ക് അടയാളം നൽകി തിരിച്ചുപോരുന്നു. പിന്നീട് യുദ്ധാവസരത്തിൽ ബ്രഹ്മാസ്ത്രം പ്രയോഗിക്കുമ്പോൾ ആഴി ഇളകിയതായി പരാമർശമുണ്ട്. രാമൻ രാവണവധത്തിനു തയ്യാറെടുക്കുന്ന ഘട്ടത്തിലും അതിന്റെ പ്രതിഫലനമാണെന്നോണം ആഴി ഇളകിയതായി കവി സൂചിപ്പിക്കുന്നു. യുദ്ധസന്നാഹ ങ്ങളോടെ രാമൻ സീതയെ വീണ്ടെടുക്കാൻ തയ്യാറാവുന്നു. രാമന്റെ അഭിമാനസംരക്ഷണ ത്തിന്റെയും കീർത്തിമോഹത്തിന്റെയും പേരിലാണ് അനവധി പ്രകൃതിവിഭവങ്ങളും രാക്ഷസവാനരന്മാരും നശിക്കാനിടയായ യുദ്ധമുണ്ടാകുന്നത്. ഇന്നും മനുഷ്യന്റെ

അതിരുകടന്ന അഭിമാനബോധവും കീർത്തിമോഹവും പ്രകൃതിയുടെയും ബന്ധങ്ങളുടെയും നാശത്തിന് കാരണമാകുന്നു. ഇന്നത്തെ പ്രകൃതി നശീകരണത്തിന്റെയും വികസനത്തിന്റെയും പൂർവ്വമാതൃകകൾ രാമചരിതത്തിൽ വായിച്ചെടുക്കാം.

'രാമകഥപ്പാട്ടി'ൽ സീതയെ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി സമുദ്രത്തിൽ ചിറ കെട്ടുന്നു. ക്ഷോഭിച്ച സമുദ്രത്തിൽ നൂറുയോജന നീളവും പത്തുയോജന വീതിയുമുള്ള ചിറ കെട്ടിത്തീർന്നപ്പോൾ ദേവന്മാർ, യക്ഷകിന്നരന്മാർ, ചാരണന്മാർ, പിതൃക്കൾ, സൂര്യൻ, ചന്ദ്രൻ, അരുന്ധതി, ഋഷിമാർ, വൈശ്രവണൻ എന്നിവരെല്ലാം രാമനെ വാഴ്ത്തി എന്നാണ് പറയുന്നത് (ഭാഗം 2, 2012:99). പ്രകൃതിയുടെ സ്വാഭാവികത തകർത്തുകൊണ്ട് സ്വന്തം ആവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്ന മനുഷ്യന്റെ ബുദ്ധികൂർമ്മത പ്രാചീനകാലം മുതൽ തന്നെ നിലനിന്നിരുന്നു. കൂടാതെ ചിറ നിർമ്മാണത്തെ വിജ്ഞന്മാർ പ്രശംസിച്ചു എന്നും വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയിൽ കൈകടത്തി നാശോന്മുഖമാക്കുന്നതിനെ പ്രശംസിക്കുന്ന രീതി അന്നുമുണ്ടായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രകൃതിയെ ജയിക്കുന്നത് പ്രശംസാർഹമാണ് എന്ന ചിന്താഗതി ആധുനികകാലത്ത് മറ്റൊരുവിധത്തിൽ വികസിച്ചതായി കാണാം.

ഹനുമാന്റെ സമുദ്രലംഘനഭാഗത്ത് താൻ വേഗത്തിൽ സമുദ്രം ചാടിക്കടക്കുമെന്ന് 'കണ്ണശ്ശരാമായാണ'ത്തിൽ ഹനുമാൻ പ്രസ്താവിക്കുന്നുണ്ട്. ഹനുമാൻ സമുദ്രം ചാടിയതിന്റെ ശക്തിയിൽ ആകാശത്തിലെ മേഘങ്ങളും സമുദ്രത്തിലെ വെള്ളവും രണ്ടായി വിഭജിക്കപ്പെട്ടതായി പറയുന്നു.

"വായുസുതൻ കരുത്തൊരു പോമിരപ്പിരുകൂറുപെട്ടേ,
പോന മുകിൽക്കുലങ്ങളുമീടെഴും തീരെയാഴിനീരും" (2003:508)

രാമനും വാനരന്മാരുമടങ്ങുന്ന സംഘം സീതയെ മോചിപ്പിക്കുന്നതിനായി ലങ്കയിലേക്ക് പോകുമ്പോൾ സമുദ്രത്തെ മറികടക്കുന്നതിനായി ആദ്യം സമുദ്രത്തെ ഉപാസിക്കുന്നു. എന്നാൽ മൂന്നുദിവസം ഉപാസിച്ചിട്ടും പ്രതികരണമില്ലാതിരുന്നപ്പോൾ കോപിഷ്ഠനായ രാമൻ അരനാഴികകൊണ്ട് സമുദ്രത്തെ ഇല്ലാതാക്കും എന്നും പറയുന്നു. അമ്പെയ്ത് സമുദ്രത്തെ വറ്റിക്കുമെന്നും തന്റെ പൂർവ്വികരായ സഗരപുത്രന്മാരാണ് സമുദ്രം ഉണ്ടാക്കിയതെന്നും അതിനാൽ സമുദ്രത്തിന്റെ അഹങ്കാരം ഇനിയും സഹിക്കാനാവില്ലെന്നും രാമൻ വ്യക്തമാക്കുന്നുണ്ട്. മനുഷ്യസ്രഷ്ടമാണ് സമുദ്രം എന്ന മനോഭാവമാണിവിടെ പ്രകടമാകുന്നത്. രാമൻ സമുദ്രത്തിലേക്ക് അസ്ത്രമയച്ചപ്പോൾ സമുദ്രത്തിലെ ആനകളും അസുരന്മാരും നാഗങ്ങളും ദേവകളും ആകാശവാസികളും തീപ്പൊള്ളലേറ്റ് ദുഃഖിക്കുന്നു.

ആ സന്ദർഭത്തിൽ വരുണൻ പ്രത്യക്ഷപ്പെടുകയും അഹങ്കാരത്താൽ ചെയ്തതാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. പിന്നീട് വരുണൻ നളനെ ചിറനിർമ്മാണത്തിനായി ഏല്പിക്കുകയും ചെയ്തു. ധാരാളം മരങ്ങളും കുന്നുകളും പിഴുത് സമുദ്രത്തിൽ ചൊരിഞ്ഞുകൊണ്ട് സമുദ്രത്തെ ബന്ധനത്തിലാക്കുന്നു. മറ്റു രാമായണകാവ്യങ്ങളിലും ഈ സന്ദർഭങ്ങളുണ്ട്. ഇവയെല്ലാം ആധുനികയുഗത്തിലെ പാലത്തിന്റെ പൂർവ്വരൂപങ്ങളാണ്. സമുദ്രം എന്ന സ്വാഭാവിക പ്രകൃതിയെ മനുഷ്യനാവശ്യമായ രീതിയിലേക്ക് പരിവർത്തനപ്പെടുത്തുന്നു.

'അദ്ധ്യാത്മരാമായാണം കിളിപ്പാട്ടി'ൽ സീതയെ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി സമുദ്രത്തെ മറികടക്കുന്നതെങ്ങനെയെന്ന് കപിവീരരോടും മറ്റംഗങ്ങളോടും രാമൻ അന്വേഷിക്കുന്നു. അവരുടെ നിർദ്ദേശപ്രകാരം മൂന്നു ദിവസം ഉപാസിച്ചതിനുശേഷവും വരുണൻ പ്രത്യക്ഷനാകാതിരുന്നപ്പോൾ എനിക്ക് വഴി തന്നില്ലെങ്കിൽ സമുദ്രത്തെ ഭസ്മമാക്കുമെന്നും വെള്ളം മുഴുവൻ വറ്റിച്ചു കളയുമെന്നും രാമൻ കോപിക്കുന്നു. ഇത്തരത്തിൽ സമുദ്രത്തെ നശിപ്പിച്ചുകളയുമെന്നാക്രോശിക്കുന്ന രാമൻ താൻ സമുദ്രത്തെ ഭസ്മമാക്കുന്നത് എല്ലാവരും വിസ്മയത്തോടെ കണ്ടു നിൽക്കണമെന്നും പറയുന്നു (2012:332). അതുകേട്ട് വൃക്ഷങ്ങളും കാടുകളും ഭൂമിയും വിറച്ചു. സമുദ്രം ക്ഷോഭിച്ച് തിരമാലകളോടെ വന്നു. മുതല, തിമിംഗലം, സ്രാവ് മുതലായവ ഭയപ്പെട്ടു. പിന്നീട് വരുണൻ പ്രത്യക്ഷപ്പെടുകയും നളനാൽ സേതുബന്ധിക്കപ്പെടും എന്നറിയിച്ച് പിൻമടങ്ങുകയും ചെയ്തു. നളൻ പിന്നീട് ശതയോജനയിൽ സമുദ്രത്തെ ബന്ധിച്ചു. സമുദ്രത്തിന്മേൽ നടത്തുന്ന കടന്നുകയറ്റമാണിത്. സമുദ്രത്തിന്റെ സ്വതന്ത്രമായ നിലനിൽപിനെ മനുഷ്യന്റെ ആവശ്യത്തിനു വേണ്ടി ഇല്ലാതാക്കുന്നു. തന്നെ അനുസരിക്കാത്ത സമുദ്രത്തെ/പ്രകൃതിയെ നശിപ്പിച്ചുകളയും എന്ന മനുഷ്യ മനോഭാവവും ഈ ഭാഗത്ത് പ്രകടമാകുന്നു. പ്രാചീനകൃതികൾ മുതൽ തന്നെ ഈ മനോഭാവം പ്രകൃതിയുടെമേൽ പുലർത്തുന്നതായി കാണാൻ സാധിക്കും. തന്റെ വഴിക്ക് തടസ്സമാകുന്നതിനെയെല്ലാം നശിപ്പിക്കുക എന്ന സ്വാർത്ഥതാല്പര്യം കൂടിയാണ് ഇത്തരം പ്രവർത്തികളിലേക്ക് മനുഷ്യരെ നയിക്കുന്നത്. രാമായണകഥാപരാമർശമുള്ള കൃതികളിൽ മാത്രമാണ് കടൽ പൊതുവെ നശീകരണപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.2.4.3.2. കവിത്രയകാലം

ഈ ഘട്ടത്തിൽ പൊതുവെ കടൽ പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.1.2.4.3.3. കവിത്രയത്തിനുശേഷമുള്ള കാലം

ആകാശത്തെയും ഭൂമിയെയും വിഷമയമാക്കുന്നതിനൊപ്പം ആഴ്കടലിനെയും നശിപ്പിക്കുന്ന മനുഷ്യമനോഭാവത്തെ സൂചിപ്പിക്കുന്നു 'ആകാശവാണി' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിത.

കടലിന്റെ സമ്പത്ത് മനുഷ്യവർഗ്ഗത്തെ പുലർത്തുന്നതെങ്ങനെയെന്നാണ് ഇടശ്ശേരിയുടെ 'സാഗരസ്തുതി' എന്ന കവിതയിൽ വ്യക്തമാക്കുന്നത്. കാർഷികവിഭവങ്ങളെല്ലാം പണമിടപാടുകൾക്ക് മാത്രമായി ചുരുങ്ങി കരിഞ്ചന്തയിൽ പൂഴ്ത്തപ്പെടുകയും പുഴകൾ തള്ളുന്ന മാലിന്യങ്ങൾ പഴയമുണ്ടിന്റെ കസവുകൾക്ക് തുല്യം കടലിലെത്തിച്ചേരുകയും ചെയ്യുന്നു. അവയെ സമുദ്രം കറകളഞ്ഞ് ഉരുക്കിയെടുത്തോയെന്ന് കവിത സംശയിക്കുന്നു. മറ്റു ജീവികൾക്കും കൂടിയുള്ളതാണെന്ന ബോധ്യമില്ലാതെ കടലിന്റെ സമ്പത്ത് മനുഷ്യർ ഉപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായി കവിത അടയാളപ്പെടുത്തുന്നു. പി.യും ഇടശ്ശേരിയും മാത്രമാണ് പ്രകൃതിനശീകരണരീതിയിൽ പൊതുവെ കടൽ പരാമർശിച്ചത്.

### 4.1.2.4.3.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ ശ്രദ്ധേയമായ രീതിയിൽ കടൽ പ്രകൃതിനശീകരണസൂചനയായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.1.2.4.3.5. ആധുനികതാനന്തരഘട്ടം

വി.എം. ഗിരിജയുടെ 'കാണുംവരെ' എന്ന കവിത കടലിന്റെ വിശദീകരമാകുന്നു. കാണുന്നതിനു മുമ്പുള്ള പുറംകാഴ്ചകളിൽകൂടിയുള്ള അറിവുമാത്രമാണ് ഇവിടെയുള്ളത്. ഇത് പാരിസ്ഥിതികസ്ത്രീവാദവുമായും ബന്ധപ്പെടുത്താവുന്ന കവിതയാണ്. പുറം കാഴ്ചകളിൽ സുന്ദരവും ശാന്തവുമായി അനുഭവപ്പെടുന്ന സ്ത്രീയുടെയും കടലിന്റെയും അകം പൊള്ളുന്ന കാഴ്ചകളും അനുഭവങ്ങളും നിറഞ്ഞതാണ്. കര പറ്റി താണു കിടക്കുന്ന കടൽ നീലവെള്ളം നിറഞ്ഞ തടാകം പോലെയും തുടച്ച തറ പോലെയും പട്ടുവസ്ത്രം പോലെയും ഇരുട്ടുപോലെയുമാണെന്ന് കവിത വ്യക്തമാക്കുന്നു.

> "കണ്ടതും കണ്ണുകൾ ശംഖുപുഷ്പങ്ങളായ്
> കണ്ണീരും തേനും കിനിഞ്ഞിടുന്നു" (2011: 25)

എന്നാണ് കവയിത്രി പറയുന്നത്. സ്ത്രീയുടെയും കടലിന്റെയും കണ്ണീരും സ്നേഹവുമാണ് ഇവിടെ സൂചിതമാകുന്നത്. നിശബ്ദമായി അടിമത്തത്തിനും അടിച്ചമർത്തലിനും

വിധേയമാകുന്ന സ്ത്രീയുടെയും പ്രകൃതിയുടെയും അവസ്ഥകൾ കവിത അനാവരണം ചെയ്യുന്നു.

വി.ടി. ജയദേവന്റെ 'ഹാ, പൊടിമൂടുകയാണാകാശം' എന്ന കവിതയിൽ ചെപ്പിലടച്ചുവച്ച കടലിനെ അടയാളപ്പെടുത്തുന്നു. മണിച്ചെപ്പിൽനിന്ന് കണ്ണാടിപാത്ര ത്തിലേക്ക് മറ്റുള്ളവർക്ക് കാണാനായി പകർന്നുവച്ച കടൽ തിരമാലകളൊന്നുമില്ലാതെ കിടക്കുന്നതായി കവിത വ്യക്തമാക്കുന്നു. അലങ്കാരവസ്തു മാത്രമായി മാറുന്ന പ്രകൃതിയെയാണ് കവിത വെളിപ്പെടുത്തുന്നത്.

ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥലം വാങ്ങിയതായി സെബാസ്റ്റ്യന്റെ 'സ്വന്തം' എന്ന കവിത അടയാളപ്പെടുത്തുന്നു. നല്ല ആഴവും സമൃദ്ധമായ തിരമാലകളും കപ്പലിന്റെ ശല്യവുമില്ലാതെ ഒരേക്കർ സ്ഥലം വാങ്ങി വേലികെട്ടിത്തിരിച്ച് പൊതുവഴിയല്ല എന്നെഴുതി വെയ്ക്കുന്ന അവസ്ഥയെ കവിത അടയാളപ്പെടുത്തുന്നു. ഭൂമിയും പുഴയും സ്വന്തമാക്കിയതിനുശേഷം കടലിനെയും സ്വകാര്യസ്വത്താക്കി മാറ്റുന്ന അവസ്ഥയെയാണ് കവിത സൂചിപ്പിക്കുന്നത്. "പാരിസ്ഥിതികപ്രശ്നം പുതിയൊരു സംഭവമല്ല അത് തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. എന്നിരുന്നാലും ഭൂമിയിലെ ജനസാന്ദ്രത മുൻകാലങ്ങളെ അപേക്ഷിച്ച് വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് മനുഷ്യന്റെ ഉപയോഗത്തിനാവശ്യമായ ഭൂമിയുടെ അളവിൽ വർദ്ധനവുണ്ടാകുന്നില്ല. നൂറ്റാണ്ടിന്റെ അവസാനത്തെ കാൽഭാഗത്തിലാണ് ഈ അവസ്ഥ കൂടുതലായി വർദ്ധിച്ചു കാണുന്നത്".[51] എന്ന് ഷൂമാഖർ സ്മാൾ ഈസ് ബ്യൂട്ടിഫുൾ എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട് (1993:82) ഇത്തരമൊരുവസ്ഥയെയാണ് ഈ കവിതയും പ്രതിനിധീകരിക്കുന്നത്. ജലജീവികളുടെ സഞ്ചാരസ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്ന മനുഷ്യപ്രവർത്തിയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

വി.എം. ഗിരിജ, വി.ടി. ജയദേവൻ, സെബാസ്റ്റ്യൻ എന്നിവരിൽ മാത്രമാണ് താരതമ്യേന കടൽ നശീകരണസൂചനകളായി അവതരിപ്പിക്കപ്പെട്ടത്

### 4.1.3. അഗ്നി

പഞ്ചഭൂതങ്ങളിൽ ഒന്നായ അഗ്നിയെ ദേവനായാണ് കണക്കാക്കുന്നത്. അഷ്ടദിക്പാലകരിൽ ഒരാളാണ് അഗ്നി. അഗ്നി നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതകളിലും പരാമർശിക്കപ്പെടുന്നതെങ്ങനെ എന്നാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

കിട്ടുന്നതൊക്കെ തിന്നും തിന്നുന്നതൊക്കെ ദഹിക്കും, ചോപ്പൻ കുളിച്ചാൽ കരിമ്പനാകും, കണ്ടാൽ സുന്ദരൻ തൊട്ടാൽ ഭയങ്കരൻ, തട്ടിയാൽ ചീറ്റും, മുട്ടിയാൽ ചീറ്റും ഊക്കിലൊന്നൂതിയാൽ ആളുമല്ലോ, എല്ലാം തിന്നും എല്ലാം ദഹിക്കും, വെള്ളം തൊട്ടാൽ പത്തി താഴും, ആരോടും മല്ലടിക്കും വെള്ളത്തോട് മാത്രമില്ല എന്നിങ്ങനെ അഗ്നിയുടെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന നിരവധി കടങ്കഥകളുണ്ട്. ഈ കടങ്കഥകൾ അഗ്നിയുടെ സ്വഭാവത്തെയാണ് വ്യക്തമാക്കുന്നത്.

അഗ്നി തിന്നു തികട്ടുന്നവനോ അല്ലിത്തണ്ട് തിന്നാൻ പാട്, അകത്തു കെട്ട തീ പുറത്തൂതിയാൽ കത്തുമോ, തീയിൽ കുരുത്തത് കുരുത്തത് വെയിലത്ത് വാടുമോ, കിണറ്റിൽ ചാടാൻ പോകുന്നവൻ കുളിരിന് തീ കായുമോ എന്നിങ്ങനെ അഗ്നി വിഷയ മാകുന്ന പഴഞ്ചൊല്ലുകളുണ്ട്. ഇവയെല്ലാം മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

### 4.1.3.1. വർണ്ണനകൾ

**4.1.3.1.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം എന്നിവയിൽ പൊതുവെ അഗ്നി വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.1.3.1.2. ആധുനികതാഘട്ടം

ഒ.എൻ.വി.യുടെ 'അഗ്നി' എന്ന കവിതയിൽ അഗ്നിയെ എല്ലായിടത്തും വ്യാപിച്ചിരി ക്കുന്ന ഒന്നായാണ് കല്പിച്ചിരിക്കുന്നത്.

> "അഗ്നിയുണ്ടെൻ നെഞ്ചി, ലെൻ
> അസ്ഥിയിൽ, ജഠരത്തിൽ,
> നാഭിയിൽ, സിരകളിൽ,
> അണുമാത്രമാം ജീവ-
> കോശത്തിൽപ്പോലും" (2013:307)

എന്നിങ്ങനെ നെഞ്ചിലും അസ്ഥിയിലും വയറിലും നാഭിയിലും സിരകളിലും ജീവകോശ ത്തിൽപ്പോലും അഗ്നിയുടെ സാന്നിധ്യമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. അഗ്നിയുടെ പ്രസാദമാണ് ജീവിതമെന്നും അത് അഗ്നിയിൽ തന്നെ അവസാനിക്കുന്നുവെന്നും കവിത സൂചിപ്പിക്കുന്നു. ആത്മാവിലും ഖനികൾക്കുള്ളിൽ വഴികാട്ടുന്നതിനും ഇരുമ്പുരുക്കു ന്നതിനും കൽക്കരിയിൽ സൂര്യനെ ജ്വലിപ്പിക്കുന്നതിനും അഗ്നിയുണ്ടെന്ന് വ്യക്തമാക്കുന്ന കവിത ഇരുമ്പുകൊണ്ട് ഉരുക്കുകൂടം  നിർമ്മിക്കുന്നതും വീണക്കമ്പി നിർമ്മിക്കുന്നതും

അഗ്നിയാണെന്ന് സൂചിപ്പിക്കുന്നുണ്ട്. പ്രകൃതിയിൽ അഗ്നിയുടെ പ്രാധാന്യത്തെയാണ് കവിത എടുത്തുകാണിക്കുന്നത്.

അഗ്നിയുടെ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു അയ്യപ്പപ്പണിക്കരുടെ 'അഗ്നിപൂജ' എന്ന കവിത

"ആദിരാവിന്റെയനാദി പ്രകൃതിയി-
ലാരംഭമിട്ടോരസംസ്കൃതചിന്തയിൽ
നീറിയുറഞ്ഞുമുടഞ്ഞുമുരുകിയും
ഭൂതപ്രപഞ്ചമൊരുക്കും സനാതന
കാലമതിന്റെ ചെതുമ്പലെരിഞ്ഞൊരു
നാളമുയർന്നു തെളിഞ്ഞതാണഗ്നി നീ" (1974:83)

എന്നാരംഭിക്കുന്ന കവിത അഗ്നിയുടെ ചരിത്രത്തെയും പ്രാപഞ്ചികപ്രാധാന്യത്തെയും വ്യക്തമാക്കുന്നുണ്ട്. ഭൂമിയിലെ ജലാംശത്തെ നീരാവിയായി ആകാശത്തിലെത്തിക്കുകയും മഴയായ് പെയ്ത് മരങ്ങൾക്ക് പച്ചപ്പുനൽകുകയും ഗ്രീഷ്മത്തിലും മഞ്ഞുകാലത്തിലുമെല്ലാം പ്രകൃതിക്ക് നിലനില്പ് സാധ്യമാക്കുകയും ചെയ്യുന്നത് അഗ്നിയാണെന്ന് കവിത വ്യക്തമാക്കുന്നു. പടിപ്പുരവിളക്കിലെ തിരിയുടെ തുമ്പത്തെ പുഞ്ചിരിയായും ഭൂമിയെ മുഴുവൻ ചുട്ടെരിക്കുന്ന അണുസ്ഫോടനമായും അഗ്നി മാറുന്നുണ്ട്. ഭൂമിയിൽ സമാധാനത്തിന്റെ പ്രതീകമായും നശീകരണത്തിനുള്ള ആയുധമായും അഗ്നി മാറുന്നുണ്ട്.[52] അഗ്നി അണുസ്ഫോടനമാകുമ്പോൾ മനുഷ്യജീവിതത്തെ നശിപ്പിക്കുന്നു എന്നു വ്യക്തമാക്കുന്ന കവിത അവ പ്രകൃതിയിലെ സൂക്ഷ്മജീവികളെപ്പോലും ബാധിക്കുന്നതാണെന്നുള്ള അവബോധം പ്രകടിപ്പിക്കുന്നില്ല. മറിച്ച് മനുഷ്യവർഗ്ഗത്തിനു നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ മാത്രമാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. ഖാണ്ഡവവനത്തെയും കൗരവപാണ്ഡവരാജ്യങ്ങളെയും ദഹിപ്പിക്കുന്ന അഗ്നി പ്രണയവും ഓജസ്സും കവിത്വവും നൽകുന്നതായി കവിത വ്യക്തമാക്കുന്നു.

"ആദിരേതസ്സാ, യനാദ്യന്തവീചിയായ്
പ്രാചിപ്രതീചിപ്രണയ പ്രതീകമായ്
ഈറ്ററതൊട്ടു ചുടലക്കളം വരെ-
കൂട്ടുമറക്കാതെയെന്നിഷ്ട തോഴനായ്
എന്നെയും  നിന്നെയുമൊപ്പം ഭരിക്കുന്ന
ദിവ്യപ്രപഞ്ചവിധാനമാണഗ്നി നീ" (1994:85)

എന്നിങ്ങനെ മനുഷ്യജീവിതവുമായി അഗ്നിയെ ബന്ധപ്പെടുത്തുന്നു.

ഈ ഘട്ടത്തിൽ ഒ.എൻ.വി, അയ്യപ്പപ്പണിക്കർ എന്നിവരിൽ മാത്രമാണ് പൊതുവെ അഗ്നി വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടുകണ്ടത്

### 4.1.3.2. സദൃശകല്പനകൾ

#### 4.1.3.2.1. രൂപപരം

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ താരതമ്യേന അഗ്നി രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.1.3.2.2. ഭാവപരം

##### 4.1.3.2.2.1. പ്രാചീനമധ്യകാലഘട്ടം

യാഗാഗ്നിയിൽ ഹോമിക്കുന്ന ഹവിസ്സ് അഗ്നിദേവനുള്ളതാണെന്ന സങ്കല്പനം 'തിരുനിഴൽമാല'യിൽ അവതരിപ്പിക്കുന്നുണ്ട്.[53] 'രാമചരിത'ത്തിൽ പ്രകൃതിഘടകങ്ങളെ യുദ്ധവർണ്ണനയിൽ ഉപയോഗിക്കുന്ന കവി രാക്ഷസന്മാർ അഗ്നിക്കിരയായ കാടിനെപ്പോലെ കുരങ്ങന്മാരെ നശിപ്പിച്ചതായും ശ്രീരാമന്റെ അമ്പുകളേറ്റ് ലങ്കയിലെ മണിമാളികകൾ കാടുപോലെ കത്തിയമർന്നതായും അഗ്നി കാടിനെയെന്നപോലെ ഇന്ദ്രജിത്ത് ശത്രുക്കളെ നശിപ്പിക്കുന്നതായും യുദ്ധവിജയത്തെ അഗ്നിയുടെ ദാഹകശക്തിയുമായി ബന്ധപ്പെടുത്തുന്നുണ്ട്. തിരുനിഴൽമാലയിലും, രാമചരിതത്തിലും മാത്രമാണ് അഗ്നി പൊതുവെ ഭാവപരമായ സദൃശകല്പനയായി അവതരിപ്പിക്കപ്പെട്ടത്.

##### 4.1.3.2.2.2. കവിത്രയകാലം

ഈ ഘട്ടത്തിൽ അഗ്നി പൊതുവെ ഭാവപരമായ സദൃശകല്പനകളായി പരാമർശിക്കപ്പെടുന്നില്ല.

##### 4.1.3.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണനിൽ' ചന്ദ്രികയെ നഷ്ടപ്പെട്ട രമണൻ തന്റെ അവസ്ഥയെ വ്യക്തമാക്കുന്നത് ചുറ്റും തീയാണെന്ന കല്പനയിലൂടെയാണ് തീയിൽ തന്റെ ജീവിതം ദഹിച്ചുപോകുമെന്നും രമണൻ വ്യക്തമാക്കുന്നു. ഇവിടെ മനുഷ്യന്റെ മാനസികാവസ്ഥയെയാണ് തീയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

ഈ ഘട്ടത്തിൽ ചങ്ങമ്പുഴയിൽ മാത്രമാണ് താരതമ്യേന അഗ്നി ഭാവപരമായി പരാമർശിക്കപ്പെട്ടത്.

**4.1.3.2.2.4.** ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിലും അഗ്നി ഭാവപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 4.1.3.3.1. പ്രാചീനമധ്യകാലഘട്ടം

'രാമചരിത'ത്തിൽ രാമരാവണയുദ്ധത്തിനിടയിൽ ബ്രഹ്മാസ്ത്രം പ്രയോഗിക്കുമ്പോൾ പ്രകൃതിയൊന്നാകെ ദഹിച്ചു പോകുന്നതായി പറയുന്നു. ബ്രഹ്മാസ്ത്രം തൊടുത്തപ്പോൾ ആകാശം എരിയുകയും, ദിക്കുകൾ ചുവക്കുകയും, സമുദ്രം കലങ്ങുകയും മലകൾ ചലിക്കുകയും, ഭൂമി ഇളകുകയും ചെയ്തതായി പരാമർശമുണ്ട്.[54]

'രാമകഥപ്പാട്ടിൽ വസിഷ്ഠതുല്യം ബ്രഹ്മർഷിയാവുക എന്ന ലക്ഷ്യത്തോടെ വിശ്വാമിത്രൻ കഠിനതപസ്സനുഷ്ഠിക്കുന്നു. തപസ്സിന്റെ കാഠിന്യത്താൽ വിശ്വാമിത്രന്റെ ശിരസ്സിൽ നിന്നും ഉയർന്ന പുക നിമിത്തം ഭൂമി വരളുകയും ലോകം തപിക്കുകയും മനുഷ്യർ ദുഃഖിക്കുകയും പക്ഷിമൃഗാദികൾ ദഹിച്ചു വീഴുകയും വൃക്ഷങ്ങളിലെ ഇലകൾ കരിഞ്ഞു വീഴുകയും ചെയ്തു.

> 'പുകയെഴുന്തു പുകു വറണ്ടു
> പുരമടങ്കമനലെഴ
> ഭൂതലങ്കൾ താനമന്ത
> മാനിടങ്കൾ മാഴ്കവൈ
> പകയെഴുന്തു പറവയാദി
> പുകകിളന്തു മികവിഴ
> പല മരങ്കളിലവരണ്ടു
> വനമടങ്കമുതിരവേ' (ഭാഗം 1, 2012: 197)

ഇന്ന് മനുഷ്യചെയ്തികൾ ഈ അവസ്ഥതന്നെയാണ് പ്രകൃതിക്കുണ്ടാകുന്നത്. കഠിനവിഷമുള്ള പുക വമിക്കുന്ന വിശ്വാമിത്രശിരസ്സുകളായി ഫാക്ടറികൾ ഉയർന്നു നിൽക്കുന്നു. വർദ്ധിച്ച ലാഭം, സാമ്പത്തിക ഉന്നതി എന്നീ ലക്ഷ്യങ്ങളിലെത്തുന്നതിനായി രാസവസ്തുക്കൾ ഉപയോഗിക്കുന്നു. പ്രകൃതിയുടെ സ്വയംപര്യാപ്തതയിലേക്കും സ്വയം നിർണയാധികാരത്തിലേക്കുമുള്ള ഏകപക്ഷീയമായ കടന്നു കയറ്റമാകുന്നു ഇത്തരം പ്രവർത്തനങ്ങൾ.

കാടിന്റെ ജൈവവ്യവസ്ഥയെ നശിപ്പിക്കുന്ന കാട്ടുതീയെന്ന പ്രകൃതി

ദുരന്തത്തെയാണ് 'കൃഷ്ണഗാഥ'യിൽ ഖാണ്ഡവദാഹത്തിലൂടെ കവി അവതരിപ്പിക്കുന്നത്. അർജ്ജുനന്റെയും കൃഷ്ണന്റെയും സഹായത്തോടെ അഗ്നി ഖാണ്ഡവവനത്തെ ദഹിപ്പിക്കുന്നു. ഇന്ദ്രന്റെ ചെറുത്തുനിൽപ്പുകൾക്ക് ഫലമില്ലാതാകുന്നു. ഖാണ്ഡവ വനത്തിൽ തീ പടരുമ്പോൾ സിംഹങ്ങളും മാനുകളും വാനരങ്ങളും പുലികളും സർപ്പങ്ങളുമെല്ലാം തീയിനെ ഭയന്നോടുന്നതായി കവിതയിൽ വർണ്ണിക്കുന്നുണ്ട്. കൂടാതെ കാട്ടിലെ ജീവജാലങ്ങൾക്കെല്ലാം നാശം സംഭവിക്കുന്നു. ഒരു വനമേഖലയിലെ ജൈവവ്യവസ്ഥയെ ഒന്നാകെ കാട്ടുതീ ബാധിക്കുന്നു. ഇത്തരത്തിൽ രാമചരിതത്തിലും രാമകഥപ്പാട്ടിലും കൃഷ്ണഗാഥയിലും അഗ്നി നശീകരണസൂചനയായി അവതരിപ്പിക്കപ്പെടുന്നു.

**4.1.3.3.2.** കവിത്രകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ അഗ്നി പൊതുവെ നശീകരണസൂചനകളോടെ പ്രത്യക്ഷപ്പെടുന്നില്ല.

## 4.1.4. വായു

പഞ്ചഭൂതങ്ങളിലൊന്ന് എന്നറിയപ്പെടുന്ന കാറ്റ് ഭൗമോപരിതലത്തിലുള്ള അന്തരീക്ഷവായുവിന്റെ തിരശ്ചീനചലനമാണ്. ഇതിഹാസപുരാണങ്ങളിൽ കാറ്റിന് പ്രധാന്യമുണ്ട്. അതോടൊപ്പം ഓരോ കാലഘട്ടത്തിലെയും മലയാളകവിത കാറ്റിനെ അടയാളപ്പെടുത്തിയിരിക്കുന്നതെപ്രകാരമെന്ന് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നു.

ആരും കാണാതെ വരും ആരും കാണാതെ പോകും, എങ്ങും തിങ്ങിനടക്കും ആർക്കും പിടികൊടുക്കില്ല, അതാപോകുന്നു ഒന്നിങ്ങു പിടിച്ചാൽ ആയിരം പൊൻപണം, കാലില്ല ജീവനില്ലഞാനില്ലെങ്കിൽ നിങ്ങളില്ല, അളന്നു വാങ്ങാനാവില്ല തൂക്കി വാങ്ങാനാവില്ല എല്ലാവർക്കും വേണമിതൊരുപോലെ, കണ്ടാലറിയില്ല കൊണ്ടാലറിയും എന്നിവയെല്ലാം കാറ്റിനെ ഉത്തരമാക്കുന്ന കടങ്കഥകളാണ്. കാറ്റിന്റെ അദൃശ്യതയെയും പിടികിട്ടായ്മയെയും വ്യക്തമാക്കുന്നതിനൊപ്പം എല്ലാ ജീവനുകളുടെയും അടിസ്ഥാന മാണ് വായു എന്ന സത്യത്തെയും ഈ കടങ്കഥകൾ വെളിപ്പെടുത്തുന്നു.

കാറ്റിനെ വിചാരിക്കുന്നവൻ വിതയ്ക്കില്ല, കാറ്ററിയാതെ തുപ്പിയാൽ ചെകിടറിയാതെ കൊള്ളും, കാറ്റില്ലാതെ ഇലയനങ്ങില്ല, കാറ്റില്ലാതെ പഞ്ഞിയും പറക്കില്ല, കാറ്റിൽപെട്ട കരിയിലപോലെ, കാറ്റിൽപെട്ട പഞ്ഞിപോലെ, കാറ്റ് നോക്കി തൂറ്റണം, കാറ്റിനെ പിടിച്ചു കെട്ടാനൊക്കമോ എന്നിങ്ങനെയുള്ള ചൊല്ലുകൾ കാറ്റിന്റെ

അദൃശ്യതയെയും ശക്തിയെയും പ്രകൃതിയിൽ ഓരോ വസ്തുവിന്റെയും ചലനത്തിന് കാരണം കാറ്റാണെന്ന സത്യത്തെയും വെളിപ്പെടുത്തുന്നു.

### 4.1.4.1. വർണ്ണനകൾ

#### 4.1.4.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ആറന്മുളഗ്രാമത്തിന്റെ അഴകു വർണ്ണിക്കുമ്പോൾ

"ഇരിണ്ട പൂഞ്ചോലയുടെയിളന്തെന്നൽ കൂത്താടുംപോൾ
തിരണ്ടപൊൽ തെരുവിലെംകും തേന്മഴ പൊഴിയുമേടം" (1981: 51)

എന്നാണ് പറയുന്നത്. അതായത് പൂഞ്ചോലകളിലൂടെ ഇളംതെന്നൽ പറക്കുമ്പോൾ പൂക്കളിൽ നിന്നുള്ള തേൻ മഴപോലെ പൊഴിയുന്നു എന്നർത്ഥം. തെക്കേദിക്കിലെ ബലിയർപ്പിക്കൽ ഭാഗത്ത് സന്ധ്യാസമയത്തെ ഇളംകാറ്റിനെക്കുറിച്ച് പറയുന്നുണ്ട്.

'രാമകഥപ്പാട്ടി'ൽ ഇളംകാറ്റ് വീശുന്ന ഘട്ടത്തിൽ കുയിലിന്റെ ശബ്ദവും ചിലമ്പൊലിയുമായി രംഭ എത്തിച്ചേർന്നു എന്നും അവളുടെ വരവോടെ മണവും ഇളംകാറ്റും വീശി എന്നും പരാമർശമുണ്ട്. രാമൻ വിരഹാതുരനായി കാട്ടിലലയുന്ന ഘട്ടത്തിൽ കാഴ്ചകളെല്ലാം ദുഃഖം വർദ്ധിപ്പിക്കുന്നവയാണ്. കാമന്റെ വാഹനമായ മാരുതൻ സുഖമായിരിക്കുന്നില്ല എന്നാണ് പറയുന്നത്. ഈ രീതിയിൽ വിരഹവർണ്ണനയിലും മറ്റു പ്രകൃതിപരാമർശങ്ങളിലും ഇളംകാറ്റിനെപ്പറ്റിയുള്ള സൂചനകളുണ്ട്.

'കണ്ണശ്ശരാമായണ'ത്തിൽ കിഷ്കിന്ധാകാണ്ഡത്തിലെ വസന്തവർണ്ണയിൽ തേൻകുടിച്ച് പാടുന്ന വണ്ടുകളും ആടുന്ന മയിലുകളും അതിനെപ്പുകഴ്ത്തിപ്പാടുന്ന കുയിലുകളുമുള്ളതായും ഇളംകാറ്റേറ്റ് ഉലയുന്ന വൃക്ഷലതാദികൾ ഇതെല്ലാം ആസ്വദിക്കുന്നതായും കവിത കൽപ്പിക്കുന്നു. കൂടാതെ കാറ്റാകുന്ന നെടുവീർപ്പിട്ട് ആകാശം വിലപിക്കുന്നതായി പറയുന്നു.[55] കാമുകിമാരുടെ നെടുവീർപ്പായി തിരുനിഴൽ മാലയിലും കാറ്റിനെ സദൃശകല്പന ചെയ്യുന്നുണ്ട്.

'കൃഷ്ണഗാഥ'യിൽ ഗ്രീഷ്മകാല സന്ധ്യയിലെ ഇളംകാറ്റിനെ കവിതയിൽ പരാമർശിക്കുന്നുണ്ട്. ഗ്രീഷ്മത്തിലെ ഇളംകാറ്റ് അന്തിനേരത്ത് അത്രയും നേരത്തെ ചൂടിനെ വീശിത്തണുപ്പിക്കുന്നു എന്നർത്ഥം.

ഉണ്ണിയാടിയുടെ പൂർവ്വജന്മമായ പ്രാവ്യടിനൊപ്പം നായകൻ രമിക്കുന്നത് ഇളംകാറ്റിനാൽ ഇളക്കപ്പെട്ട ഇളംതളിരുകളോടുകൂടിയതായ കാട്ടിലാണെന്ന് 'ഉണ്ണിയാടി ചരിത'ത്തിൽ പരാമർശിക്കുന്നു. മഹോദയപുരത്തെക്കുറിച്ചു വർണ്ണിക്കുമ്പോൾ

അവിടത്തെ മാനുകൾ അരുവിയിലെ വെള്ളം കുടിച്ച് തടങ്ങളിലെ പുല്ലുതിന്ന് സ്നേഹത്തോടെ നിൽക്കുകയും കാട്ടിൽനിന്ന് വീശുന്ന കാറ്റേറ്റ് സന്തോഷിക്കുകയും ചെയ്യുന്നതായി പറയുന്നു.[56]

'ചന്ദ്രോത്സവ'ത്തിൽ കാമദേവന്റെ തേരായി കാറ്റിനെ വർണ്ണിക്കുന്നുണ്ട്. അതായത് തൊട്ടാൽ ഉറക്കുന്നതാണ് ഇളംകാറ്റാകുന്ന തേര് എന്നു പരാമർശം. മേദിനിവെണ്ണിലാവ് കാമുകനോടൊപ്പം ഏകാന്തമായി ഇരിക്കുന്നത് ഇളംകാറ്റേറ്റുകൊണ്ടാണ്.

രാമചരിതം, ഉണ്ണിനീലിസന്ദേശം, അദ്ധ്യാത്മരാമായണം, ചന്ദ്രോത്സവം എന്നിവയിൽ വായു പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.4.1.2. കവിത്രയകാലം

കുമാരനാശാന്റെ 'വീണപൂവി'ൽ പൂവിനെ താരാട്ടുന്ന കാറ്റിനെക്കുറിച്ച് പരാമർശമുണ്ട്. ആലോലവായു തൊട്ടിലാട്ടി ഉറക്കുന്ന പൂവിനെയാണ് കവിത അവതരിപ്പിക്കുന്നത് (2013:41). 'നളിനി'യിൽ താമരപൊയ്കയിൽ വീശുന്ന കാറ്റിനെക്കുറിച്ച് പരാമർശിക്കുന്നു. നാട്ടിലെ പൂങ്കാവനത്തിലെ കുളങ്ങളെക്കാൾ മനോഹരമായ കാട്ടുപൊയ്കയിൽ ഇളംകാറ്റിനാൽ തണ്ടുലഞ്ഞു വിടരുന്ന താമരകളുള്ളതായി കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ മണമുള്ള കാറ്റിന്റെ ഗതിയിലേക്കാണ് ദിവാകരൻ നടക്കുന്നത്. വനമുല്ലയിൽ നിന്ന് കാറ്റിന്റെ ഗതിയിൽ പാറിവരുന്ന പൂക്കൾ പോലെ മിന്നാമിനുങ്ങുകൾ സീതയുടെ മുടിയെ അലങ്കരിച്ചു എന്ന് 'ചിന്താവിഷ്ടയായ സീത'യിൽ പറയുന്നു. 'ലീല'യിൽ മദനനെ അന്വേഷിച്ച് വനത്തിലെത്തുന്ന ലീല ചമ്പകപ്പൂവിന്റെ ഗന്ധമുള്ള ഇളംകാറ്റ് വീശിയതായി പറയുന്നു.

'സന്ധിഗീതം' കിളിപ്പാട്ടിൽ ആശാൻ കൊടുങ്കാറ്റിനെ പരാമർശിക്കുന്നു.

> "ഹന്ത! ഭൂമിയുമദ്രിനിരയുമടവിയു–
> മന്തരീക്ഷവുമംബുരാശിയും കീഴ്മേലാക്കി,
> അക്ഷദണ്ഡത്തിൽ നിന്നു മേദിനീചക്രം തന്നെ
> തൽക്ഷണം തെറ്റിത്തകർന്നീടുമാറത്യുഗ്രമായ്
> അടിച്ച കൊടുങ്കാറ്റ് ......" (2011:604)

ശമിച്ച് ഇളംകാറ്റ് എത്തിയതായി കവിത പരാമർശിക്കുന്നു. ഭൂമിയും കടലും കാടും അന്തരീക്ഷവും പർവ്വതവുമെല്ലാം കീഴ്മേലാക്കിക്കൊണ്ട് വീശുന്ന കൊടുങ്കാറ്റിന്റെ ശക്തിയെക്കുറിച്ച് കവിത വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയെ ഒന്നാകെ നശിപ്പിക്കാൻ

കൊടുങ്കാറ്റിന് കഴിയുമെന്നും സൂചിപ്പിക്കുന്നു.

വള്ളത്തോളിന്റെ 'മഗ്ദലനമറിയ'ത്തിൽ താഴ്വരയിൽ നിൽക്കുന്ന വൃക്ഷങ്ങളിലെ ഇലകളാൽ കാറ്റ് യേശുദേവനെ വീശുന്നതായി വർണ്ണനയുണ്ട് (2011:278). അദ്ദേഹത്തിന്റെ 'ചിത്രയോഗം' മഹാകാവ്യത്തിൽ പ്രഭാതത്തിലെ കാറ്റിനെക്കുറിച്ച് പരാമർശമുണ്ട്.[57] കൂടാതെ കാട്ടിലെ കാറ്റിനെക്കുറിച്ചും സന്ധ്യാസമയത്തെ കാറ്റിനെക്കുറിച്ചും കടൽക്കാറ്റിനെക്കുറിച്ചുമുള്ള വർണ്ണനകൾ കൃതിയിൽ കാണാം. കുളിർത്ത കാറ്റിൽ നദിയിലെ ശുദ്ധജലം ഇളകുന്നതായി വർണ്ണിക്കുന്നു. സന്ധ്യാസമയത്തെ കാറ്റിനെയും വർണ്ണിക്കുന്നുണ്ട്.[58] വള്ളത്തോളിന്റെ 'മാതൃവന്ദനം' എന്ന കവിത കേരളത്തിന്റെ പ്രകൃതിഭംഗിയെ വർണ്ണിക്കുന്നതാണ് (2003:4). സഹ്യപർവ്വതത്തിൽ വീശുന്ന ഇളംകാറ്റിനെക്കുറിച്ചു പരാമർശമുണ്ട്. ഇതെല്ലാം പ്രകൃതിവർണ്ണനകൾ എന്നതിൽ ക്കവിഞ്ഞ് പ്രകൃതിബോധമായി വികസിച്ചിട്ടില്ല.

'പ്രകൃതിയുടെ പ്രക്ഷോഭണം' എന്ന പള്ളത്ത് രാമന്റെ കവിതയിൽ പ്രകൃതിയുടെ ഭീഷണ നൃത്തോത്സവമായാണ് കൊടുങ്കാറ്റിനെ സൂചിപ്പിക്കുന്നത്.[59] കാറ്റിന്റെ ശക്തിയിൽ തെങ്ങുകളും വാഴകളുമെല്ലാം വീഴുന്നു എന്നാൽ ഭാരമില്ലാത്ത പുൽച്ചെടി കൾക്ക് ഒന്നും സംഭവിക്കുന്നുമില്ല. വാഴകൾ പാശ്ചാത്യരുടെ പ്രതീകമായാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. കൊടുങ്കാറ്റാകുന്ന ദേശശക്തി വിദേശാധിപത്യത്തെ നിലംപതിപ്പിക്കും എന്ന ആശയം കവിത ഉൾക്കൊള്ളുന്നു. പാശ്ചാത്യർ നാട് കീഴടക്കിയതുപോലെയാണ് മനുഷ്യർ പ്രകൃതിയെ കീഴടക്കിയത്.

"ആഴിയു, മാകാശവും, മൂഴിയുമൊപ്പം മർത്ത്യൻ,
വാഴുമേ,വെട്ടിപ്പിച്ചത്ഭുത ശാസ്ത്രകെല്പാൽ
കമ്പിതകരവു, മച്ചഞ്ചലചരണവും
വമ്പുറ്റ ശാസ്ത്രത്തിന്റെ പുതുചൈതന്യം ചിന്നി" (1989:94)

എന്നിങ്ങനെ പ്രകൃതിയിലെ ഓരോ ഘടകത്തിലും ശാസ്ത്രത്തിന്റെ കൈകടത്തലുണ്ടാവുന്നു. മനുഷ്യർ പ്രകൃതിയെ കീഴക്കിയെങ്കിലും പ്രകൃതിയുടെ തിരിച്ചടി നേരിടാൻ മനുഷ്യനാവില്ല എന്ന് കവിത ഓർമ്മിപ്പിക്കുന്നു. ദേശീയ പ്രസ്ഥാന കാലഘട്ടത്തിൽ രചിക്കപ്പെട്ട ഈ കവിത സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടും പ്രകൃതിനശീകരണവുമായി ബന്ധപ്പെട്ടും ശ്രദ്ധേയമാകുന്നു. ഉള്ളൂർ, ബാലാമണിയമ്മ എന്നിവരുടെ കവിതകളിൽ പൊതുവെ കാറ്റ് വർണ്ണനാപരമല്ല.

### 4.1.4.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ ‘രമണനി’ൽ രമണനും മദനനും കാട്ടിലിരിക്കുന്ന സമയത്ത്

“പരിമൃദുചന്ദനപല്ലവങ്ങൾ
പരിചിൽ പുണർന്നു വരുന്നതെന്നൽ” (1974:114).

എന്നിങ്ങനെ ചന്ദനത്തെ തലോടി വരുന്ന കാറ്റ് അവരെ തലോടിയുറക്കുമെന്ന് പരാമർശിക്കുന്നു. ചന്ദനത്തിന്റെ സുഗന്ധമുള്ള ഇളംകാറ്റ് വീശുന്നതായി ഭാനുമതി ചന്ദ്രികയോടു പറയുന്നതായ സന്ദർഭവുമുണ്ട്.

അറ്റമില്ലാതെ നീങ്ങുന്ന ചെമ്മരിയാടിൻ കൂട്ടത്തെ തെളിച്ചുകൊണ്ട് കാറ്റു നീങ്ങുന്നതായി പി. കുഞ്ഞിരാമൻനായരുടെ ‘താമരക്കോഴി’ എന്ന കവിതയിൽ പരാമർശ മുണ്ട്. ‘മീനമാസക്കാറ്റ്’ എന്ന കവിതയിൽ മീനമാസത്തിലെ കാറ്റിന്റെ പ്രത്യേകതകൾ അവതരിപ്പിക്കുന്നു. കടലിൽ മുത്തുവാരുകും കാവുചുറ്റുകയും മാവിൻ പൂങ്കുല തേടുകയും കൊന്നപൂക്കൾക്ക് താലിചാർത്തുകയും ചെയ്യുന്ന കാറ്റിനെ ഇവിടെ പരാമർശിക്കുന്നു. ഇത്തരത്തിൽ മനുഷ്യപ്രവർത്തികൾ കാറ്റിൽ ആരോപിച്ചിരിക്കുന്നു. ‘ഉത്രാടരാത്രി’ എന്ന കവിതയിൽ ഔഷധഗുണമുള്ള കാറ്റ് ശ്രീവില്വാമലയിൽ വീശുന്നതായി പരാമർശമുണ്ട്.

ഒരിക്കലും കുലുങ്ങാത്ത കുന്നുകളോട് പരാതിപറയുന്ന കാറ്റിനെയാണ് വൈലോപ്പിള്ളിയുടെ ‘നന്നു വൃശ്ചികക്കാറ്റേ!’ എന്ന കവിത അവതരിപ്പിക്കുന്നത്. വൃശ്ചികത്തിലെ കാറ്റ് പ്രകൃതിയിലുണ്ടാക്കുന്ന ചലനങ്ങൾ കവിതയിൽ ആവിഷ്ക്കരി ക്കപ്പെടുന്നു. വയലാർ, ഇടശ്ശേരി എന്നിവരിൽ കാറ്റ് പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.4.1.4. ആധുനികതാഘട്ടം

ഒ.എൻ.വി.യുടെ ‘തുളസി’ എന്ന കവിതയിൽ തുളസിച്ചെടിയുടെ മണമാസ്വദിക്കാൻ കവി കാറ്റിനെ ക്ഷണിക്കുന്നു. മറ്റുപൂക്കളുടെ മണം നുകർന്നു വരുന്ന കാറ്റിനോട് തന്റെ മുറ്റത്തെ തുളസിച്ചെടിയുടെ മണം ആസ്വദിക്കണമെന്നപേക്ഷിക്കുന്നു. ‘കാറ്റ്’ എന്ന കവിതയിൽ കാറ്റിനെ കാണാൻ കൊതിച്ച കുട്ടിയെകാണാം.

“കാറ്റിനെക്കാണാൻ കൊതിച്ചോരു കുട്ടിയ-
ന്നാറ്റിറമ്പിൽ കാറ്റുകൊണ്ടിരുന്നൂ!

ആരോടു ചോദിച്ചറിയുവാൻ കാറ്റിനെ

ന്താകൃതി?- കാറ്റൊരശരീരി?- എങ്കിലും" (2013:401)

എന്നിങ്ങനെ കാറ്റെന്തെന്നറിയാൻ കുട്ടി ആഗ്രഹിക്കുന്നു. കാറ്റിനും മക്കളുണ്ടെന്ന് അമ്മൂമ്മക്കഥയിൽ നിന്നും കുട്ടി അറിയുന്നു. ഹനുമാൻ, ഭീമൻ എന്നീ അതിശക്തരും ധീരരുമായ മക്കളുണ്ടെങ്കിലും എന്തിനാണ് കാറ്റ് ഒളിച്ചിരിക്കുന്നതെന്നാണ് കവിതയിലെ കുട്ടി ചിന്തിക്കുന്നത്. വെള്ളത്തുള്ളി കോരിയൊഴിച്ചിട്ടും പൂമണം മുഖത്തു കുടഞ്ഞിട്ടും കദളീവനം തകർത്ത് അലറിവിളിച്ചിട്ടും കാറ്റിനെ കണ്ടില്ലെന്നും മുളംകാട്ടിൽ കുറുംകുഴലൂതിയിട്ടും വള്ളിയൂഞ്ഞാലിലാടിയിട്ടും മാമ്പൂവൊടിച്ചോടിയിട്ടും കാറ്റിനെ കാണുന്നില്ല എന്നും കുട്ടി പരിഭവിക്കുന്നു. കുട്ടി വളർന്ന് യൗവനത്തിലും വാർദ്ധക്യ ത്തിലും എത്തുമ്പോഴും കാറ്റിനെ പ്രതീക്ഷിച്ചും കാണാൻ കൊതിച്ചും ആറ്റിൻകര യിലിരിക്കുന്നു. ഇത്തരത്തിൽ കാറ്റിന്റെ അദൃശ്യതയെ കവിത പരാമർശിക്കുന്നു. മനുഷ്യന്റെ ആസ്വാദനഘടകമെന്നനിലയിലാണിവിടെ കാറ്റ് വർണ്ണിക്കപ്പെടുന്നത്. പാരിസ്ഥിതികമായ അവബോധത്തിന്റെ തലത്തിലേക്ക് കവിത വികസിച്ചിട്ടില്ല.

'കൊടുങ്കാറ്റിനുമുമ്പ്' എന്ന ഒ.എൻ.വി.യുടെ കവിതയിൽ കൊടുങ്കാറ്റ് വരുന്നതിനുമുമ്പുള്ള പ്രകൃതിയെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. കാടുകരിഞ്ഞ കാര്യമറിയിച്ചും പൂങ്കുയിലിന്റെ ഗാനമെത്തിച്ചും ചുറ്റുന്ന കാറ്റിനെക്കുറിച്ചാണ് ആദ്യഘട്ടത്തിൽ പരാമർശിക്കുന്നത്. പിന്നീട് കൊടുങ്കാറ്റിന്റെ വരവിനെ പ്രതീക്ഷിക്കുന്ന കടൽപ്പക്ഷികളെക്കുറിച്ചും കവിത സൂചിപ്പിക്കുന്നുണ്ട്.

സുഗതകുമാരി 'കാറ്റ്' എന്ന പേരിൽ രചിച്ച കുട്ടിക്കവിതയിൽ കാറ്റിനെ തന്നടൊപ്പം കളിക്കാൻ ക്ഷണിക്കുന്ന കുട്ടിയാണുള്ളത് 'കാറ്റ്' എന്ന പേരിൽത്തന്നെ രചിച്ച മറ്റൊരു കവിതയിൽ സ്വയം ഒരു കാറ്റായി പ്രത്യക്ഷപ്പെടുന്ന കവയിത്രിയെ കാണാം. മഴയത്ത് നനഞ്ഞും ചിരിച്ചും ഒളിച്ചുകളിക്കുന്ന ഇളംകാറ്റിനെയാണിവിടെ പരാമർശിക്കുന്നത്. കാട്ടുവള്ളിയുടെ കതിരുകളെ പുണർന്നും മാവിൻചില്ലകളിലൂടെ ഒഴുകിയും മുല്ലച്ചെടിയിൽ തൊട്ടും കാറ്റ് നീങ്ങുന്നു. കൂടാതെ ചെമ്പരത്തിപ്പൂവിതളുകളെയും തെങ്ങോലകളെയുമെല്ലാം കാറ്റ് പാറിക്കുന്നു.

"എന്റെയരുമകൾ

ക്കായ് തരുന്നേൻ, എന്റെ-

യന്തമില്ലാത്ത

വസന്ത സുഗന്ധവും ......!" (2001:384)

എന്നിങ്ങനെ തന്റെ മക്കൾക്ക് വസന്തവും സുഗന്ധവുമെല്ലാം നൽകുന്നു കാറ്റ്. പ്രകൃതിയിലെ ഓരോ ഘടകത്തെയും സ്വന്തം കുഞ്ഞിനെയെന്നപോലെ പരിചരിക്കുന്ന കാറ്റിനെയാണ് കവിത അവതരിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം കാറ്റിന്റെ അദൃശ്യത യെയും കാറ്റെന്ന അനുഭവത്തെയും കവിത വ്യക്തമാക്കുന്നു.

'കൊടുങ്കാറ്റിനോട്' എന്ന കവിതയിൽ

> "ഉഗ്രമാം രോഷത്തോടെ, യുച്ചണ്ഡഹാസത്തോടെ
> യുക്തടോന്മാദത്തോടെയണയും കൊടുങ്കാറ്റേ" (2011:190)

എന്നിങ്ങനെയാണ് കൊടുങ്കാറ്റിനെക്കുറിച്ച് പറയുന്നത്. കൊടുങ്കാറ്റിന്റെ വരവറിഞ്ഞ് ക്ഷുദ്രജീവിയായ മനുഷ്യർ തന്റെ സ്വപ്നങ്ങളെയോർത്ത് ദുഃഖിക്കുന്നു.മേഘങ്ങൾ ചിതറിച്ചും പരത്തിയും വൻമരങ്ങളെ പിഴുതെറിഞ്ഞും പുല്ലുകളെ സ്പർശിച്ചും വരുന്ന കൊടുങ്കാറ്റിനെക്കുറിച്ച് കവിത സൂചിപ്പിക്കുന്നുണ്ട്.

> "അലറും കൊടുങ്കാറ്റേ! വിശ്വമണ്ഡലത്തിന്റെ
> യതിരും തകർത്തെത്തുമുൻമത്തപ്രതാപമേ,
> നിർഭരക്ഷോഭത്തിന്റെ യദ്ഭുതപ്രതീകമാ-
> യഗ്നി പർവ്വതത്തിന്റെ തോഴനായ് പിറന്നോനേ!" (2011:190)

എന്നിങ്ങനെയാണ് കൊടുങ്കാറ്റിനെ വിശേഷിപ്പിക്കുന്നത്. ചുറ്റും നാശവും ഭീതിയും പരത്തിക്കൊണ്ട് പകലിനെയും ഇരുട്ടാക്കി ദിക്കുകൾ വിറപ്പിച്ചുകൊണ്ടെത്തുന്ന കൊടുങ്കാറ്റിനെക്കുറിച്ച് കവിത പറയുന്നു.ഇതെല്ലാം സംഭവിക്കുമ്പോൾ ഒരു നക്ഷത്രം മാത്രം ആകാശത്തിൽ ശേഷിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

കാറ്റിന്റെ വിവിധ ഭാവങ്ങളെ വ്യക്തമാക്കുന്നു സച്ചിദാനന്ദന്റെ 'കാറ്റായി മാറുവാൻ' എന്ന കവിത. കുന്നിനുമുകളിൽ കയറി നിന്ന് ചിന്തകളെ ഉപേക്ഷിച്ചു കൊണ്ട് കാറ്റിനെ ധ്യാനിക്കുമെന്ന് കവിത വ്യക്തമാക്കുന്നു. വസന്തകാലത്തെ സുന്ധമുള്ള കാറ്റ് ശിശിരകാലത്തെ കാമുകനായ കാറ്റ്, ഗ്രീഷ്മത്തിലെയും ഹേമന്തത്തിലെയും കാറ്റ് എന്നിങ്ങനെ കാലത്തിനനുസരിച്ച് കാറ്റ് വ്യത്യാസപ്പെടുന്നു. കൂടാതെ കടൽകാറ്റ്, മലങ്കാറ്റ്, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ് എന്നിങ്ങനെ കാറ്റിന് സ്ഥലവ്യത്യാസമനുസരിച്ചുള്ള ഭേദങ്ങളും കല്പിക്കുന്നു.[60] മനസ്സിലെ കാറ്റിനെ അടക്കിപ്പിടിച്ച് പ്രകൃതിയിലുള്ള ഈ കാറ്റുകളെ ധ്യാനിച്ച് സ്വയം കാറ്റായി മാറുവാൻ കവിത ആവശ്യപ്പെടുന്നു. കാറ്റായി മാറുക, എന്നതിന് പ്രകൃതിയിൽ ലയിച്ചു ചേരുക എന്നുകൂടി അർത്ഥമുണ്ട്.

ഒ.എൻ.വി, സുഗതകുമാരി, സച്ചിദാനന്ദൻ എന്നിവരിൽ മാത്രമാണ് കാറ്റ് താരതമ്യേന വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

### 4.1.4.1.5. ആധുനികതാനന്തരഘട്ടം

'കാറ്റ് അറിയുന്നു' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയിൽ കാറ്റ് വിഷയമാകുന്നു.

"ആരോരുമറിവീല കാറ്റിന്റെയേകാന്തത
ഇല്ലതിന്നിരിപ്പിടം ഭൂമിയിലാകാശത്തിൽ" (2016: 241)

എന്നിങ്ങനെ ഭൂമിയിലും ആകാശത്തിലും ഇരിപ്പിടമില്ലാത്ത കാറ്റിന്റെ ഏകാന്തതയാണ് പരാമർശിക്കപ്പെടുന്നത്. ഇത്തരം ഏകാന്തതയിലാണ് ചെറുകാറ്റ് ചുഴലിക്കാറ്റായി മാറുന്നതെന്നും കവിത വ്യക്തമാക്കുന്നു. നിലാവിന് ചുറ്റും നൃത്തം വെയ്ക്കുകയും വെയിലിനൊപ്പം താണുയരുകയും പച്ചിലപൊന്തകളിൽച്ചെന്ന് കലപില കൂട്ടുകയും തിരമാലകളിൽ ചേരാനാവാതെ ദുഃഖിക്കുകയും ചെയ്യുന്ന ഏകാന്തമായ കാറ്റിനെ കവിത അവതരിപ്പിക്കുന്നു. ഇത്തരത്തിൽ പ്രകൃതിയിൽ എല്ലായിടത്തും നിലനിൽക്കുന്ന തെങ്കിലും കാറ്റിന്റെ ഏകാന്തമായ അവസ്ഥയാണ് കവിത അവതരിപ്പിക്കുന്നത്.[61]

വീരാൻകുട്ടിയുടെ 'മഴ, കാറ്റ്' എന്ന കവിതയിൽ കാറ്റിനെ പരാമർശിക്കുന്നു.

"ഈതറിൽ മുക്കിയശേഷം
ദൈവം താഴേക്കിടുന്ന
പഞ്ഞിയാണ്
കാറ്റ്.
മുറിവുകളിൽനിന്ന്
വേദന എടുത്ത്
അതിനു മടങ്ങുവാൻ
വഴികൾ ശേഷിക്കുമോ?" (2013: 148)

എന്ന് കവി സന്ദേഹിക്കുന്നു. മുറിവുകളിൽ കാറ്റു തട്ടുമ്പോൾ വേദന കുറയുന്നതിനെ ക്കൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു കവിത രചിച്ചിരിക്കുന്നത്.

കാറ്റിന്റെ മനസ്സലിവിനെക്കുറിച്ചാണ് മോഹനകൃഷ്ണൻ കാലടിയുടെ 'ഒരു കാറ്റായ്' എന്ന കവിത പറയുന്നത്. കാറ്റിന്റെ പാരിസ്ഥിതികപ്രാധാന്യത്തെയും കവിത എടുത്തു കാണിക്കുന്നു. കാലു പൊള്ളുന്നവരെയും അസുഖബാധിതമായ മരത്തിനെയും ഈച്ചയിരിക്കുന്ന പശുക്കുട്ടിയുടെ കണ്ണിലും ടാറുപുഴുങ്ങുന്ന അമ്മയിലും പാതിവെന്ത

കുഞ്ഞിലും എത്തിച്ചേരുന്നു കാറ്റ്. എന്നാൽ വെടിമരുന്നാലയിൽ തീ കെടുത്തുമ്പോൾ കാറ്റ് കരിയുന്നു. അങ്ങാടിയിൽ കാക്കകളും പൂച്ചകളും കൂടി പങ്കിട്ടെടുക്കുന്ന കാറ്റിനെക്കുറിച്ചും കവിത വ്യക്തമാക്കുന്നു.

"ഞാനൊരു കാറ്റായിരുന്നെങ്കിൽ,
നീയൊരു കാറ്റായിരുന്നെങ്കിൽ,
നമുക്കാക്കാറ്റിന്റെ
വിയർപ്പൊപ്പാമായിരുന്നു" (2013: 18)

എന്നിങ്ങനെ നമ്മൾ കാറ്റായിരുന്നെങ്കിൽ നമുക്കതിന്റെ വിയർപ്പൊപ്പാമായിരുന്നു എന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യർക്കും ഇതരജീവജാലങ്ങൾക്കും ആഹ്ലാദം നൽകുന്ന കാറ്റിനെ മനുഷ്യരുടെ ദുഷ്ടതകൾ ബാധിച്ചിരിക്കുന്നു. സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും മറ്റൊരു തരത്തിൽ മലിനപ്പെടുത്തുകയും ചെയ്യുന്ന പ്രകൃതി ഘടകങ്ങളുടെ പ്രതിനിധികൂടിയാണിവിടെ കാറ്റ്.

### 4.1.4.2. സദൃശകല്പനകൾ

#### 4.1.4.2.1. രൂപപരം

##### 4.1.4.2.1.1. പ്രാചീനമധ്യകാലഘട്ടം

മഹാഭാരതം ആരണ്യപർവ്വത്തിലെ സൗഗന്ധികാഹരണം കഥയെ ആസ്പദമാക്കി നമ്പ്യാർ രചിച്ച 'കല്യാണസൗഗന്ധികം' തുള്ളലിലെ കേന്ദ്രകഥാപാത്രം വായുപുത്രനായ ഭീമനാണ്. ഭീമന്റെ എതിരാളിയായി പ്രത്യക്ഷപ്പെടുകയും പിന്നീട് ജ്യേഷ്ഠനാണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്ന ഹനുമാനും വായുപുത്രനാണ്. കാറ്റിന്റെ/വായുവിന്റെ പുത്രന്മാരായതിനാൽ ഹനുമാനും ഭീമനും അതിശക്തരുമാണ്. കാറ്റിന്റെ ശക്തിയെക്കൂടിയാണ് ഇത് വെളിപ്പെടുത്തുന്നത്.

പ്രാചീനമധ്യകാലഘട്ടത്തിൽ കല്യാണസൗഗന്ധികത്തിൽ മാത്രമാണ് വായു രൂപപരമായി അവതരിപ്പിക്കപ്പെട്ടു കണ്ടത്.

**4.1.4.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിലെ തെരഞ്ഞെടുത്ത കവിതകളിലൊന്നും താരതമ്യേന കാറ്റ് രൂപപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.4.2.2. ഭാവപരം

##### 4.1.4.2.2.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ സന്ധ്യയെ കൃഷിക്കാരനായും നക്ഷത്രങ്ങളെ വിത്തായും ഇളംകാറ്റിനെ കലപ്പയായും മേഘങ്ങളെ ഉഴുതു മാറ്റുന്ന കരടായും കല്പിക്കുന്നു. കൂടാതെ സന്ധ്യാസമയത്തെ ഇളംകാറ്റ് അമരാവതിയിലെ സുന്ദരികളായ സ്ത്രീകളുടെ നീലനിറത്തിലുള്ള മുടിയാകുന്ന കാടിനെ ഇളക്കി വാടിയ പൂക്കളെ വീഴ്ത്തുന്നതു പോലെ കാട്ടിലെ പൂക്കളെ വീഴ്ത്തുകയും ചന്ദനവനത്തിലും മുല്ലപന്തലിലും താമരപ്പൊയ്കയിലും എത്തുകയും ചെയ്യുന്നതായി പരാമർശിക്കുന്നു. സന്ധ്യയ്ക്ക് കാമുകന്മാരെ പിരിയേണ്ടി വരുന്ന കാമുകിമാരുടെ നെടുവീർപ്പായും സന്ധ്യാസമയത്തെ ഇളംകാറ്റിനെ കല്പിക്കുന്നു. സന്ധ്യയാകുന്നതോടെ ആമ്പൽമൊട്ടിനെ വിരിയിക്കുകയും മദയാനയിൽ മദം കയറ്റുകയും തുളസി, പാരിജാതം, പവിഴമല്ലി, കൂവളം തുടങ്ങിയ പൂവുകളെയെല്ലാം സ്പർശിച്ച് വിളങ്ങുന്ന ഇളംകാറ്റിനെക്കുറിച്ച് തിരുനിഴൽമാലയിൽ പരാമർശമുണ്ട് (1981:93-94).

'ഉണ്ണുനീലിസന്ദേശ'ത്തിൽ വസന്തത്തിനൊപ്പം ഇളംകാറ്റും നായകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു എന്നു പരാമർശം. ചക്രവാകങ്ങളുടെ വിരഹദുഃഖത്താലുണ്ടാകുന്ന തീക്കനൽ പോലെ മഞ്ഞുതുള്ളികൾ തൂവുകയും അവയാൽ നിറഞ്ഞ പൂങ്കാവിലെ താമരപ്പൂക്കളിലെ തേനാകുന്ന വിഷവെള്ളം കോരിയൊഴിച്ച് ഇളംകാറ്റ് നായകന്റെ വിരഹദുഃഖം വർദ്ധിപ്പിക്കുന്നതായും കവികല്പന.[62] നായകൻ യക്ഷിയുടെ കൈയിൽ നിന്ന് പരിക്കുകളൊന്നുമില്ലാതെ താഴെ എത്തിപ്പെട്ടത് ഇളംകാറ്റിന്റെ സഹായത്താലാണെന്നു കൽപന.

> "താങ്ങിത്താങ്ങിത്തദനു മൃദുനാ മാരുതേനാനുയാതോ
> മന്ദംമന്ദം പുനരഹമിഹൈകത്ര ദൈവാനുഗുണ്യാൽ" (2016:59)

മൃദുവായ കാറ്റിനാൽ മെല്ലമെല്ല താങ്ങപ്പെട്ട് താഴെയെത്തിച്ചേർന്നു എന്നർത്ഥം. അവിടത്തെ മുല്ലപ്പൂവിന്റെ ഗന്ധമുള്ള കാറ്റ് നായകന്റെ വിരഹവേദന വർദ്ധിപ്പിക്കുന്നതായി പരാമർശമുണ്ട്. കാറ്റ് തീയെന്നപോലെയാണ് നായകന് അനുഭവപ്പെടുന്നത്.

'ഉണ്ണിയാടിചരിത'ത്തിൽ ഓടനാടിനെക്കുറിച്ച് വർണ്ണിക്കുമ്പോൾ ഇലഞ്ഞിമരങ്ങൾ നിറയെയുള്ള ഇവിടത്തെ പൊയ്കകളുടെ തീരങ്ങളിൽ കാറ്റ് സദാ ചലിച്ചു കൊണ്ടിരിക്കുന്നതായി പറയുന്നു.[63] കവിതയിൽ കാറ്റിനെ 'വിടനായി' കൽപിക്കുന്നുണ്ട്.

മൃദുവായ വൃക്ഷങ്ങത്തളിരുകളിൽ തട്ടിയും ഇലഞ്ഞിപ്പൂക്കളിലെ സുഗന്ധത്തോടു കൂടിയ തേൻകുടിച്ചും വയലുകളിലെ സമൃദ്ധമായ നെൽക്കതിരിന്റെ നിരകളെ കലപില ശബ്ദത്തോടെ ഉലച്ചും കാറ്റ് വരുന്നതായി വർണ്ണിക്കുന്നു. ആമ്പൽപ്പൂക്കളിലും കരിങ്കൂവളക്കാടുകളിലും താമരപ്പൂക്കളിലും മറ്റു പൂക്കളിലും സ്വതന്ത്രമായി സഞ്ചരിച്ചും അതിർവഴികളിൽ ഇല്ലാതായും, വാഴകളെയും കൊടികളെയും ഇളക്കിയും യുവതികളുടെ മുടിക്കെട്ടുകൾ ഉലച്ചും രാജകൊട്ടാരങ്ങളിലെ മദയാനകളുടെ മദജലം പൊട്ടിയൊഴുകുന്ന കവിൾത്തടങ്ങളിൽ തട്ടിയും കാറ്റ് ശോഭിക്കുന്നതായി വ്യക്തമാക്കുന്നു (2016:90–91). കാറ്റിന് ഗന്ധവാഹനൻ എന്ന പേര് ലഭിച്ചതിനെക്കുറിച്ച് കവിതയിൽ പരാമർശമുണ്ട്.

“അയി, കുളിരത്തൊടു വായോ!
നമ്മെക്കുസുമായുധൻ വരത്തൊടു വായോ
അസ്മിന്നാ മോദയതി
പ്രസവൈസ്തവ ഗന്ധവാഹനാമോദയതി” (2016:96)

കാറ്റിനോട് കുളിരെത്തൊടുകയെന്നും കാമദേവന്റെ വരപ്രസാദവുമായി വരികയെന്നും ക്ഷണിക്കുന്നു. മാമ്പൂക്കളുടെ സുഗന്ധമുള്ളതിനാലാണ് കാറ്റിന് ഗന്ധവാഹനൻ എന്ന പേരു ലഭിച്ചതെന്നും പരാമർശം.

മേദിനിവെണ്ണിലാവ് ചന്ദ്രോത്സവം നടത്താൻ തീരുമാനിക്കുന്ന സന്ദർഭത്തിൽ വാത്സല്യമാകുന്ന കാറ്റേൽക്കുന്നു എന്നാണ് ‘ചന്ദ്രോത്സവ’ത്തിൽ പറയുന്നത്. കാറ്റിൽ വാത്സല്യഭാവം ആരോപിച്ചിരിക്കുന്നു. ഭാഗ്യത്തെ അമ്പായും മോഹത്തെ പായ്കപ്പലായും ഉത്സാഹത്തെ കാറ്റായും വിവേകത്തെ കപ്പലായും കാര്യത്തെ സമുദ്രമായും കവിതയിൽ സാദൃശ്യപ്പെടുത്തുന്നു. ഒരു പ്രവർത്തനവിജയത്തിനുള്ള ഉത്സാഹമായാണ് ഇവിടെ കാറ്റിനെ അവതരിപ്പിച്ചിരിക്കുന്നത്. ഇളംകാറ്റിനെ മദയാനയുമായി സാദൃശ്യപ്പെടുത്തുന്നുണ്ട്. കാമികളുടെ മനസ്സ് പിളർക്കുന്ന ശക്തനായ മദയാനയായാണ് കാറ്റ് അനുഭവപ്പെടുന്നത്. ചന്ദ്രനെ പൂജിക്കുന്നത് വർണ്ണിക്കുന്ന സന്ദർഭത്തിൽ ചന്ദ്രന്റെ പാദങ്ങളിൽ നമിക്കുന്ന അബലയായ സ്ത്രീക്കും കാറ്റിനാൽ അടിച്ചു വീഴ്ത്തപ്പെട്ട് ചുവട്ടിലേക്ക് നമിക്കുന്ന കല്പവല്ലിക്കും സാദൃശ്യം കൽപ്പിക്കുന്നു.

“സൽക്കർമ്മകല്പദ്രുമമംഗഭാജാം
ദുഷ്കർമ്മ ചണ്ഡാനില സംപ്രഭഗ്നം
മറിത്തുപോം ഭാഗ്യവിപര്യയംകൊ
ണ്ടറിഞ്ഞിരിക്കേണമതുള്ളിൽ മുമ്പേ” (2016: 90)

പ്രാണികളുടെ സൽക്കർമ്മങ്ങൾ ദുഷ്ക്കർമ്മമാകുന്ന കൊടുങ്കാറ്റിനാൽ അടിച്ചൊടിക്കപ്പെടാമെന്ന് അർത്ഥം കൽപിക്കുന്നു. ചന്ദ്രപൂജയെ സംബന്ധിച്ച പരാമർശങ്ങളിലാണ് ഇത്തരമൊരു സാദൃശ്യകല്പനയുള്ളത്.

'നളചരിത'ത്തിൽ ദമയന്തിയെക്കുറിച്ച് കേട്ടറിഞ്ഞ് വിരഹാതുരനായി നളൻ പൂവാടിയിൽ ചെന്നു താമസിക്കുന്നു. മദനന്റെ പടവീടായ പൂവാടിയിലെ ഇളംകാറ്റിനെ പടയാളികളുടെ ഉലാത്തലായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ കാഴ്ച നളനെ ദുഃഖിതനാക്കുന്നു.

ഉണ്ണിനീലിസന്ദേശം, ഉണ്ണിയാടിചരിതം, ചന്ദ്രോത്സവം, നളചരിതം എന്നിവയിൽ മാത്രമാണ് പൊതുവെ കാറ്റ് ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.4.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിൽ സീതയുടെ ചിന്തകളെക്കുറിച്ച്

"അഹഹ! സ്മൃതിവായുഹൃത്തിലെ
ദ്രഹനജ്വാല വളർത്തി വീണ്ടുമേ
സഹസാ പുടപാകരീതിയായ്
നിഹനിപ്പു ഹതമെന്റെ ജീവിതം" (2013:439)

എന്നിങ്ങനെ കാറ്റിനെ ഓർമ്മയുമായി (സ്മൃതിവായു) അഭേദകല്പന ചെയ്തിരിക്കുന്നു. വാല്മീകിയുടെ ആശ്രമപരിസരത്തുള്ള തമസാനദിയിൽ ഇളംകാറ്റേറ്റ് ആമ്പൽപൂക്കൾ വിടരുന്നതിനെ നദി കോൾമയിർകൊള്ളുകയാണെന്നു കല്പിച്ചിരിക്കുന്നു. 'ലീല' യിൽ ഇളംകാറ്റ് ചമ്പകത്തിലണഞ്ഞതുപോലെ നീ എന്നിലണയുക എന്നും ലീല വിലപിക്കുന്നുണ്ട് (1960: 183). മദനൻ നദിയിൽ ചാടിയതിനെ കാറ്റ് ചമ്പകത്തെ വിട്ടു പോയി എന്നാണ് പരാമർശിക്കുന്നത് (1960:188).

ഉള്ളൂരിന്റെ 'ചിത്രോദയം' എന്ന കവിതയിൽ കാമദേവന്റെ രഥമായി കാറ്റിനെ കല്പിക്കുന്നു (1977:132). സഹ്യപർവ്വതം നൽകുന്ന ഇളംകാറ്റാണ് കാമദേവന്റെ രഥം എന്ന് സങ്കല്പനം വള്ളത്തോളിന്റെ 'ചിത്രയോഗം' മഹാകാവ്യത്തിൽ പൂക്കൾ നിറഞ്ഞ വള്ളികളെ മെല്ലയിളക്കി വരുന്ന കാട്ടിലെ കാറ്റിന്റെ ശബ്ദത്തെ കാർവണ്ടിന്റെ ശബ്ദവുമായി സാദൃശ്യപ്പെടുത്തുന്നുണ്ട്.

'പടിഞ്ഞാറൻ കാറ്റ്' എന്ന പള്ളത്ത് രാമന്റെ കവിത പടിഞ്ഞാറൻ കാറ്റിന്റെ വർണ്ണനയാണ്.

"ഈടേറും പൂമണം പൂണ്ടൊരിളം കാറ്റു
പാടേപടിഞ്ഞാറ്റു നിന്നുവീശി
അമുഗ്ദ്ധ വല്ലിയെക്കോൾമയിർക്കൊള്ളിച്ചു
കാർമുകിൽക്കൂട്ടത്തെത്തട്ടിനീക്കി" (1989:2)

എന്നിങ്ങനെ പൂമണവുമായി വരുന്ന പടിഞ്ഞാറൻ കാറ്റിനെക്കുറിച്ച് കവിത വ്യക്ത മാക്കുന്നു. പാശ്ചാത്യക്കാറ്റ് എന്ന വിദേശാധിപത്യത്തെക്കുറിച്ചാണ് ഇവിടെ പരാമർശി ക്കുന്നത് കാറ്റ് ഒരു രൂപകം മാത്രമാണിവിടെ.

ബാലാമണിയമ്മയിൽ കാറ്റ് പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**4.1.4.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം**

ചങ്ങമ്പുഴയുടെ 'നഷ്ടഭാഗ്യസ്മൃതി' എന്ന കവിതയിൽ

"മന്ദസമീരൻ മദാലസനായ്
മന്ദിരവാടിയിൽ സഞ്ചരിച്ചു" (ഭാഗം 2, 1974:31)

എന്നിങ്ങനെ പൂന്തോട്ടത്തിൽ ഉലാത്തുന്നവനായി ഇളംകാറ്റിനെ കല്പിച്ചിരിക്കുന്നു. പ്രണയിതാവിനെ തേടി തോപ്പുകളിൽ അലയുന്ന ഇളംകാറ്റിനെക്കുറിച്ച് 'ആത്മഖേദം' എന്ന കവിതയിൽ പരാമർശമുണ്ട്.

"പ്രേമപാത്രത്തെത്തേടിയങ്ങിങ്ങായലഞ്ഞിതാ
മാമരക്കാവുതോറും മന്ദനാംമണിത്തെന്നൽ" (ഭാഗം 2, 1974:386)

എന്നിങ്ങനെ ഇളംകാറ്റിനെ കാമുകനായി കല്പിക്കുന്നു.

'കാറ്റും വെളിച്ചവും' എന്ന ഇടശ്ശേരിയുടെ കവിതയിൽ ആന വരുന്നതുപോലെ ചിഹ്നം വിളിച്ചുകൊണ്ട് വരുന്ന കാറ്റിനെ വർണ്ണിക്കുന്നുണ്ട്. പേരാറിന്റെ കരയിലൂടെയും കവുങ്ങിൻ തോപ്പിലൂടെയും കരിമ്പനകളെയും മരങ്ങളെയും ഉലച്ചു പൂക്കൾ വീഴ്ത്തി ക്കൊണ്ടും വരുന്ന ആനകളെ പോലെയാണ് കാറ്റ് വരുന്നത്.

"എല്ലാമെല്ലാം പൊക്കിയെടുത്തു
പറന്നണയുന്ന കൊടുങ്കാറ്റേ, നീ
ഫുല്ലമലർക്കുലകൾക്കു സരാഗ-
പരാഗമണച്ചിടുമെന്നാരോർത്തൂ!" (2012:475-476)

എന്നിങ്ങനെ കൊടുങ്കാറ്റ് പരാഗണത്തിന് സഹായിക്കുന്നതായി കവിത വ്യക്തമാക്കുന്നു. ചങ്ങമ്പുഴയും ഇടശ്ശേരിയും മാത്രമാണ് ഭാവപരമായി പൊതുവെ കാറ്റിനെ അവതരിപ്പിച്ചത്.

#### 4.1.4.2.2.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ കാറ്റ് ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.4.2.2.5. ആധുനികതാനന്തരഘട്ടം

വി.ടി. ജയദേവന്റെ 'കുറച്ചുകൂടി ഹരിതാഭമായ ഒരിടം' എന്ന സമാഹാരത്തിലെ 'കാറ്റ്' എന്ന കവിതയിൽ കാറ്റിനെ തന്റെ അടുത്തേയ്ക്ക് വരുന്നതിൽനിന്ന് വിലക്കുന്ന യുവതിയായ വിധവയെ കാണാം. പൂക്കളുടെ മണവുമായി എത്തിച്ചേരുന്ന കാറ്റിനോ ടാണവൾ അത് പറയുന്നത്. വിധവയായ സ്ത്രീയ്ക്ക് സമൂഹം ഏല്പിച്ച വിലക്കുകളെ ക്കുറിച്ചുള്ള സൂചന കവിതയിലുണ്ട്. സുഗന്ധങ്ങളും മറ്റലങ്കാരങ്ങളും അണിയാൻ ആഗ്രഹിക്കുന്നവളെങ്കിലും സമൂഹത്തെ ഭയന്ന് സ്വയം ഒതുങ്ങുന്ന യുവതിയുടെ മാനസികഭാവമാണിവിടെ കാറ്റ്. ചെറുപ്പക്കാരിയായ യുവതിയുടെ നിയന്ത്രണത്തിൽ നിന്നും വഴുതിപ്പോകുന്ന മനസ്സിന്റെ പ്രതീകമായും കവിതയിലെ കാറ്റിനെ വിലയിരുത്താം. വി.ടി.ജയദേവനിൽ മാത്രമാണ് ആധുനികതാനന്തരഘട്ടത്തിൽ കാറ്റ് പൊതുവെ ഭാവപരമായി പരാമർശിക്കപ്പെട്ടത്.

#### 4.1.4.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

തെരഞ്ഞെടുത്ത മലയാളകവിതയിൽ ഏതുഘട്ടത്തിലും ശ്രദ്ധേയമായ രീതിയിൽ കാറ്റ് നശീകരണസൂചനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല

### 4.1.5. ആകാശം

പഞ്ചഭൂതങ്ങളിൽ ഒന്നാണ് ആകാശം. ഭൂമിയിലെ സസ്യലതാദികളെയും പക്ഷിമൃഗാദികളെയും പോലെ ആകാശവും പ്രകൃതി തന്നെയാണ്. ആകാശം എങ്ങനെ നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതയിലും പരാമർശിക്കപ്പെടുന്നു എന്നാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിങ്ങനെ ആകാശത്തെ വിഭജിച്ചിരിക്കുന്നു.

കിടന്നാൽ മീതെ നടന്നാൽ തലയ്ക്കുമുകളിൽ, അകലത്തെ മുറ്റം അടിക്കാറില്ല, ആരാലും അടിക്കാത്ത മുറ്റം, അച്ഛനൊരു പട്ട് തന്നിനി ഉടുത്തിട്ടും ഉടുത്തിട്ടും തീരുന്നില്ല,

വിരിച്ചിട്ട പായി മടക്കിക്കൂടാ, എന്റെ പുരയിൽ ഇരുന്നാൽ വെയിലും മഴയും കൊള്ളാം എന്നീ കടങ്കഥകൾക്ക് 'ആകാശം' ഉത്തരമാകുന്നു. ആകാശത്തിന്റെ വലിപ്പത്തെയും ആകാശത്തേയ്ക്കുള്ള ദൂരത്തെയും ഇവ വ്യക്തമാക്കുന്നു. ഭൂമിയെ വീടായും ആകാശത്തെ അതിന്റെ മേൽപുരയായും കാണുന്നു. മഴയെയും വെയിലിനെയും പുറത്തു നിർത്തുന്ന പുതിയ ഭവനസങ്കല്പങ്ങൾക്ക് പകരം വെയിലും മഴയുമുള്ള വലിയ പുരയായി ഭൂമിയെ കണക്കാക്കുന്നു, ആകാശവാണം പോലെ പൊങ്ങിയാൽ വാണ ക്കുറ്റിപോലെ കിഴോട്ട്, ആകാശം വീഴുമെന്ന് പേടിച്ച് ആരാനും മുട്ടുകൊടുക്കാറുണ്ടോ, ഗരുഡൻ ആകാശത്തിൽ പറക്കും ഈച്ച അങ്കണത്തിൽ പറക്കും, അംശത്തിലധികം എടുത്താൽ ആകാശം പൊളിഞ്ഞു തലയിൽ വീഴും എന്നീ പഴഞ്ചൊല്ലുകളിലും ആകാശത്തെ പരാമർശിക്കുണ്ട്.

### 4.1.5.1. ആകാശം പൊതുവായി

#### 4.1.5.1.1. വർണ്ണനകൾ

**4.1.5.1.1.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, എന്നിവയിൽ പൊതുവെ ആകാശം വർണ്ണനാപരമല്ലെന്നു പറയാം.

**4.1.5.1.1.2. ആധുനികതാഘട്ടം**

സച്ചിദാനന്ദന്റെ 'ഹേ ആകാശമേ' എന്ന പേരിൽ രചിക്കപ്പെട്ട കവിതയിൽ ആകാശത്തെ ദൈവമാണോ ചെകുത്താനാണോ എന്ന് സംശയിക്കുന്നു. ആരുടെ വിശപ്പാണ് ആകാശത്തെ നീലയാക്കുന്നതെന്നും കവിത സംശയിക്കുന്നു.

> "ഇത്രയേറെ കുട്ടികളെ ഭക്ഷിക്കുകയും
> സ്ത്രീകളെ വിധവകളാക്കുകയും
> യുദ്ധവും ക്ഷാമവും പ്രളയവും കൊടുങ്കാറ്റും
> മഹാമാരിയും മാറിമാറി അയച്ച്
> ലോകത്തെ നിരന്തരം വേട്ടയാടുകയും" (2016:873)

ചെയ്യുന്ന ആകാശത്തെക്കുറിച്ചാണ് കവിത പരാമർശിക്കുന്നത്. ദൈവവും ചെകുത്താനുമല്ലാത്ത ഒന്നാണോ ആകാശത്തിരുന്ന് ഇടിമുഴക്കത്തിന്റെ രൂപത്തിൽ പൊട്ടിച്ചിരിക്കുന്നതെന്നും കവിത സംശയിക്കുന്നുണ്ട്. ഇവിടെ മനുഷ്യരെ വേട്ടയാടുന്ന ഘടകമായാണ് ആകാശത്തെ അവതരിപ്പിച്ചിരിക്കുന്നത്. സച്ചിദാനന്ദനിൽ മാത്രമാണ് പൊതുവെ ആകാശം വർണ്ണനാപരമായി പരാമർശിക്കപ്പെട്ടു കണ്ടത്.

#### 4.1.5.1.1.3. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിൽ ആകാശത്തെക്കുറിച്ചുള്ള വർണ്ണനാപരമായ ശ്രദ്ധേയ പരാമർശങ്ങൾ കാണുന്നില്ല.

#### 4.1.5.1.2. സദൃശകല്പനകൾ

#### 4.1.5.1.2.1. രൂപപരം

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളെ പൊതുവെ ശ്രദ്ധേയമായ രീതിയിൽ രൂപപരമായ സദൃശകല്പനകൾ ആകാശവുമായി ബന്ധപ്പെട്ട് പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.1.2.2. ഭാവപരം

#### 4.1.5.1.2.2.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ആകാശത്തെ കൃഷിനിലവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇളംകാറ്റാകുന്ന കലപ്പകൊണ്ടുഴുത് മേഘമാകുന്ന കരടുനീക്കി ആകാശമാകുന്ന നിലത്തിൽ സന്ധ്യയാകുന്ന കർഷകൻ നക്ഷത്രമാകുന്ന വിത്തുവിതയ്ക്കുന്നു എന്ന് കല്പന.[64] ഈ ഘട്ടത്തിൽ തിരുനിഴൽമാലയിൽ മാത്രമാണ് ആകാശം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.1.5.1.2.2.2. കവിത്രയകാലം

ഈ ഘട്ടത്തിൽ പൊതുവെ ഭാവപരമായ കല്പനകളായി ആകാശം അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.1.2.2.3. കവിത്രയത്തിനുശേഷമുള്ളകാലം

ഇടശ്ശേരിയുടെ 'പുലരെപ്പുലരെപ്പാന്നോണം' എന്ന കവിത ആകാശത്തെ അമ്മയായും ഭൂമിയെ കുഞ്ഞായും കല്പിക്കുന്നു.

> "നിത്യനിർമ്മലമാം മഹിയെ
> നീരാടിച്ചും തോർത്തിച്ചും
> കനത്ത വിണ്ടലമരുളുന്നൂതൽ-
> സ്തനന്ധക്കായ് സർവ്വസ്വം"(2012:488)

മഴയാൽ കളിപ്പിച്ചും വെയിലാൽ തോർത്തിച്ചും ആകാശം ഭൂമിയെ പാലിക്കുന്നു. പ്രകൃതിയെ മാതൃപുത്രഭാവങ്ങളിൽ ദർശിക്കുന്ന കവി പ്രകൃതിയിൽ സ്ത്രീഭാവമാണ്

ആരോപിക്കുന്നത്. ആകാശത്തെ അമ്മയായും ഭൂമിയെ പുത്രിയായുമാണ് കവിത അവതരിപ്പിക്കുന്നത്. ഇടശ്ശേരിയിൽ മാത്രമാണ് ഈ ഘട്ടത്തിൽ ആകാശം ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.1.5.1.2.2.4.** ആധുനികതാആധുനികതാനന്തരഘട്ടങ്ങളിൽ ആകാശം പൊതുവെ ഭാവപരമായി പരാമർശിക്കപ്പെടുന്നില്ല.

### 4.1.5.1.3. പ്രകൃതിനശീകരണസൂചനകളുംമനോഭാവവും

**4.1.5.1.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ ആകാശം താരതമ്യേന നശീകരണപരമല്ല.

### 4.1.5.1.3.2. കവിത്രയത്തിനുശേഷമുള്ളകാലം

പി. കുഞ്ഞിരാമൻനായരുടെ 'നിലാവേ, വരൂ!' എന്ന കവിതയിൽ ഭൂമിയിലും കടലിലും കാറ്റിലുമെല്ലാം കൈകടത്തിയ മനുഷ്യൻ ആകാശത്തിലുമെത്തിയതായും പുള്ളിമാനിനെപ്പോലെ ആകാശം വീർപ്പുമുട്ടുന്നതായും വ്യക്തമാക്കുന്നുണ്ട് (2005:366). 'ആകാശവാണി' എന്ന കവിത ആകാശത്തെ വിഷമയമാക്കുകയും നാശത്തിലേക്കടുപ്പി ക്കുകയും ചെയ്യുന്ന മനുഷ്യപ്രവൃത്തികളെയാണ് വിഷയമാക്കുന്നത്. പി. കുഞ്ഞിരാമൻ നായരിൽ മാത്രമാണ് ഈ ഘട്ടത്തിൽ ആകാശം പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെട്ടത്.

### 4.1.5.1.3.3. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ നശീകരണപരമായി ആകാശത്തെ അവതരിപ്പിച്ചു കാണുന്നില്ല.

### 4.1.5.1.3.4. ആധുനികതാനന്തരഘട്ടം

മേഘങ്ങൾക്ക് സമകാലിക പാരിസ്ഥിതികാവസ്ഥയിലുണ്ടായ പരിവർത്തനങ്ങളെ യാണ് മോഹനകൃഷ്ണൻ കാലടിയുടെ 'മേഘമാർഗ്ഗം' എന്ന കവിത സൂചിപ്പിക്കുന്നത്. മനുഷ്യന്റെ അതിരുകടന്ന വികസനഭ്രമവും വ്യവസായങ്ങളും വനം കയ്യേറ്റവും പ്രകൃതിയിലെ ഓരോ ഘടകത്തിനെയുമെന്നപോലെ മേഘങ്ങളെയും നശിപ്പിക്കുന്നു. പഴയ പ്രതാപകാലങ്ങൾ മേഘത്തിന് ഓർമ്മ മാത്രമായി മാറുന്നതായി കവിത സൂചിപ്പിക്കുന്നു.

> "അധികം പറക്കുവാൻ കഴിയാത്തൊരു മേഘം,
> ചിറക് തളർന്നത്, ചുണ്ടകം വരണ്ടത്
> കൂട്ടം തെറ്റിയും കാലം തെറ്റിയും കുഴഞ്ഞത്" (2013: 206)

എന്നിങ്ങനെ തളർന്ന മേഘത്തെയാണ് ഇപ്പോൾ കാണുന്നത്. കടൽത്തീയും മഞ്ഞുമെല്ലാം മുറിച്ചുകടന്നതും പർവ്വതങ്ങളുടെ ബീജം കൊത്തിപ്പറന്ന് വൻകയങ്ങളുടെ ചേറ്റിൽ നിക്ഷേപിച്ചതുമായ പ്രതാപകാലം മേഘത്തിന് ഓർമ്മമാത്രമാകുന്നു. മേഘത്തിന്റെ പ്രതാപം ഭൂമിയുടെ പ്രതാപം കൂടിയായിരുന്നു. മേഘത്തിന്റെ തളർച്ച ഭൂമിയെ ബാധിക്കുന്നു. അതുകണ്ട് മേഘത്തിന് നെഞ്ച് വിറയ്ക്കുന്നതായി കവിത വ്യക്തമാക്കുന്നു.[65] ഇത്തിരി ദൂരം കുതിക്കുമ്പോഴും കിതയ്ക്കുകയും അതിവൃഷ്ടിയാൽ പ്രകൃതിയെ മുഷിപ്പിക്കാനുള്ള കരുത്ത് നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നതായി കവിത സൂചിപ്പിക്കുന്നു. മനുഷ്യരുടെ ആഗോളസ്വപ്നങ്ങൾ അവരുടെ തന്നെ നിലനില്പിനെ ബാധിക്കുന്ന തരത്തിലുള്ള പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഫാക്ടറികൾ പുറത്തുവിടുന്ന വിഷവാതകങ്ങൾ, പ്ലാസ്റ്റിക് മുതലായവ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷപ്പുക, വാഹനങ്ങൾ പുറത്തുവിടുന്ന കാർബൺ മോണോക്സൈഡ്, റഫ്രിജറേറ്റർ തുടങ്ങിയ വൈദ്യുത ഉപകരണങ്ങളിൽ നിന്നുള്ള വാതകങ്ങൾ എന്നിവയെല്ലാം ആകാശമാർഗ്ഗത്തിലുള്ള മേഘങ്ങൾക്ക് ക്ഷയമുണ്ടാക്കുന്നു. ആകാശവും ഭൂമിയും ക്ഷയിപ്പിക്കാൻ പോന്ന അനാരോഗ്യകരമായ പദ്ധതികളാണ് ഇന്നും നാം തുടർന്നു കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ മനുഷ്യപ്രവൃത്തികൾ ആകാശമേഘങ്ങളെക്കൂടി നശിപ്പിക്കുന്നതായി കവിത അടയാളപ്പെടുത്തുന്നു.

'ഹാ, പൊടിമൂടുകയാണാകാശം' എന്ന വി.ടി. ജയദേവന്റെ കവിതയിൽ ചെപ്പിലടച്ച ആകാശത്തെ ചില്ലിട്ട് ചുമരിൽ തൂക്കി കാഴ്ചവസ്തുവാക്കി മാറ്റിയ അവസ്ഥയെ അടയാളപ്പെടുത്തുന്നു. പൊടിമൂടിയ ആകാശത്തിലേക്ക് ഇപ്പോൾ നോക്കാറില്ലെങ്കിലും ചില്ലിട്ട് ചുമരിൽ തൂക്കിയ ആകാശം അവിടെതന്നെയിരിപ്പുണ്ടെന്നും കവിത വ്യക്ത മാക്കുന്നുണ്ട്. പൊടിമൂടി ഇല്ലാതാകുന്ന ആകാശത്തെയാണ് കവിത പ്രതിനിധീ കരിക്കുന്നത്.

സെബാസ്റ്റ്യന്റെ 'റിയൽ എസ്റ്റേറ്റ്' എന്ന കവിതയിൽ ആകാശത്തെ വില്പന വസ്തുവാക്കാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ബോധിപ്പിക്കുന്നു. ഭൂമി കച്ചവടമാക്കിക്കഴിഞ്ഞ റിയൽ എസ്റ്റേറ്റ് മാഫിയക്കാർ ആകാശത്തിൽ കണ്ണുവയ്ക്കാതെ സൂക്ഷിക്കണമെന്ന മുന്നറിയിപ്പായി കവിത മാറുന്നു. മോഹനകൃഷ്ണൻ കാലടി, വി.ടി.ജയദേവൻ, സെബാസ്റ്റ്യൻ എന്നിവരിൽ മാത്രമാണ് പ്രകൃതിനശീകരണസൂചന യായി ആകാശം താരതമ്യേന പരാമർശിക്കപ്പെട്ടത്.

### 4.1.5.2. സൂര്യൻ

പ്രകൃതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഘടകമാണ് സൂര്യൻ. സൂര്യന്റെ ചൂടേറ്റാണ് ജീവജാലങ്ങൾ നിലനിൽക്കുന്നത്. സൂര്യപ്രകാശത്തിന്റെ അഭാവം ഭൂമിയിലെ ജീവിവർഗ്ഗത്തെയാകെ ഇല്ലാതാക്കും. ജീവജലവും ജീവവായുവും കൂടിയായി സൂര്യപ്രകാശം മാറുന്നു. ശുദ്ധീകരണഘടകവുമാണ് സൂര്യൻ.

കണ്ടാലോ പൂത്തളിക തളികയിലോ തീ, എത്ര കത്തിയാലും കെടാത്ത വിളക്ക്, നിത്യവും കാണുന്നു നിങ്ങളെന്നെ നിത്യവും വണങ്ങുന്നു നിങ്ങളെന്നെ എന്നെ പ്രദക്ഷിണം വച്ചിടുന്നു നിങ്ങൾ നിവസിക്കും ഭൂമി പോലും, പകൽ വെളുപ്പും രാത്രി കറുപ്പും, കണ്ണില്ലാത്തവൻ എല്ലാം നോക്കിക്കാണുന്നു, കടലിൽ താണു പൊന്നിൻ കിണ്ണം, കടലൊടു കടൽ ചുറ്റിവരുന്ന ചെങ്കുപ്പായക്കാരൻ, എല്ലാർക്കും ആവശ്യമാണ് ആരും പിടിക്കാൻ നോക്കുന്നില്ല, ആയിരം തിരിയിട്ടു കത്തിച്ച പൊൻവിളക്ക് അന്തിയായ പ്പോളണഞ്ഞു പോയി, കത്തിയാലും കത്തിയാലും കെടാത്ത വിളക്ക്, അന്തിക്കകക്കരെ യക്കരെ പാടത്തു സ്വർണ്ണം കൊണ്ടൊരു പൂത്തളിക കണ്ടാലാരും കൊതിക്കും പൂത്തളിക, വന്നാല് ചൂട് പോയാലിരുട്ട്, വൻപുരയിൽ കുഞ്ഞിക്കയ്യാല, കിഴക്കിന്ന് വരവ് പടിഞ്ഞാട്ട് പോക്ക് എന്നിങ്ങനെ സൂര്യൻ ഉത്തരമായി വരുന്ന കുറെയേറെ കടങ്കഥകളുണ്ട്. സൂര്യനെ പൂജിച്ചിരുന്നു എന്നതിനൊപ്പം ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നു എന്ന ശാസ്ത്രീയ വശം കൂടി ഈ കടങ്കഥകൾ ഉൾക്കൊള്ളുന്നു. അതുപോലെ സൂര്യൻ പൊൻതളികപോലെ പ്രകാശമാനമെന്നാണ് കടങ്കഥകളിൽ സൂചിപ്പിക്കുന്നത്. കടലിൽ താഴുന്ന പൊൻകിണ്ണമായും സൂര്യനെ സങ്കല്പിച്ചിരിക്കുന്നു. സൂര്യാസ്തമയസൂചനയാണ് ഇവിടെ ലഭിക്കുന്നത്.

സൂര്യന് മെഴുകുതിരി കത്തിച്ച് കാണിച്ചപോലെ, തലയ്ക്കുമീതെ സൂര്യൻ നിൽക്കെ നിലാവുദിക്കാൻ ബദ്ധപ്പാട് എന്നിങ്ങനെയുള്ള ചൊല്ലുകളുണ്ട്. സൂര്യപ്രകാശത്തിന് മുമ്പിൽ മെഴുകുതിരി നിഷ്പ്രഭമാണ് എന്നും സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് നിലാവുദിക്കണമെന്ന് ചിന്തിക്കുന്നതിനെയും ഇവ അടയാളപ്പെടുത്തുന്നു. പ്രത്യ ക്ഷത്തിൽ സൂര്യനെയാണ് വിഷയമാക്കുന്നതെങ്കിലും മനുഷ്യജീവിതാവസ്ഥകളെയാണ് ഈ ചൊല്ലുകൾ അടയാളപ്പെടുത്തുന്നത്.

### 4.1.5.2.1. വർണ്ണനകൾ

#### 4.1.5.2.1.1. പ്രാചീനമധ്യകാലഘട്ടം

'രാമകഥപ്പാട്ടി'ലെ ശിശിരകാലവർണ്ണനയിൽ മഞ്ഞുവർദ്ധിച്ച് സൂര്യൻ മയങ്ങുന്നതായി പറയുന്നു.

"കാലമതിൽ പനി പെരുകി

കതിരവൻ മഞ്ചിടും കാലം" (ഭാഗം 1, 2012:430)

എന്നാണ് പറയുന്നത്. ഈ രീതിയിൽ സമയപരാമർശങ്ങളിൽ സൂര്യനെ സൂചിപ്പിക്കുന്നുണ്ട്.

**4.1.5.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ളകാലം എന്നീ ഘട്ടങ്ങളിൽ പൊതുവെ സൂര്യൻ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.1.5.2.1.3. ആധുനികതാഘട്ടം

എൻ.എൻ. കക്കാടിന്റെ 'ഒഴുകിപ്പോയ നദീജലം' എന്ന കവിതയിൽ പടിഞ്ഞാറുദിക്കിൽ പാതിവിരിഞ്ഞ കൈതപ്പൂവുപോലെ നിൽക്കുന്ന സൂര്യനെ വർണ്ണിക്കുന്നു. 'പാതാളത്തിന്റെ മുഴക്കം' എന്ന കവിത ആരംഭിക്കുന്നത്.

"ഇവിടെ ജനിപ്പീലാദിത്യൻ,

ഇവിടെ മരപ്പീലാദിത്യൻ,

ഉച്ചതകൊൾവീലുച്ചണ്ഡൻ" (2011:133)

എന്നിങ്ങനെയാണ്. നഗരത്തിലെ വൈദ്യുതവെട്ടത്തിന്റെ ദീപ്തിയാൽ സൂര്യനുദിക്കുന്നതും അസ്തമിക്കുന്നതുമൊന്നും അറിയില്ലെന്നർത്ഥം

ഡി. വിനയചന്ദ്രന്റെ 'സൂര്യന്റെ കണ്ണുനീർ' സൂര്യൻ പ്രകൃതിയിലുണ്ടാക്കുന്ന മാറ്റങ്ങളെ പ്രതിപാദിക്കുന്നു.

"നീയുറങ്ങുമ്പോളുറങ്ങുന്നു കാടുകൾ

നീയുണരുമ്പോഴുണരുന്നു കാറ്റുകൾ

കൂരിരുട്ടിന്റെ മുല നീ നുകരുമ്പോൾ

കൂനിവിളിക്കുന്നു താരങ്ങൾ പൂക്കളെ" (1992:199)

എന്നിങ്ങനെ കാടുകളും കാറ്റുകളും നക്ഷത്രങ്ങളുമെല്ലാം സൂര്യനെ ആശ്രയിച്ചാണിരിക്കുന്നത് എന്ന ആശയമാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. കക്കാടിന്റെയും

വിനയചന്ദ്രന്റെയും കവിതകളിൽ മാത്രമാണ് പൊതുവെ സൂര്യൻ വർണ്ണനാപരമായി ഈ ഘട്ടത്തിൽ പരാമർശിക്കപ്പെടുന്നത്.

#### 4.1.5.2.1.4. ആധുനികതാനന്തരഘട്ടം

വീരാൻകുട്ടിയുടെ 'പിടച്ചിൽ' എന്ന കവിതയിൽ മഞ്ഞുകട്ടയിൽ നിന്ന് മീൻ കുഞ്ഞിനെ രക്ഷിച്ച സൂര്യൻ വെള്ളത്തെയും തന്നോടൊപ്പം കൊണ്ടുപോകുന്നതായി വ്യക്തമാക്കുന്നു. ഇത്തരത്തിൽ തണുത്തു കട്ടിയായതിനെ അലിയിക്കുകയും വെള്ളത്തെ നീരാവിയാക്കി വറ്റിക്കുകയും ചെയ്യുന്ന സൂര്യനെയാണ് കവിതയിൽ പരാമർശിക്കുന്നത് (2016:246).

സെബാസ്റ്റ്യന്റെ 'അഭയം' എന്ന കവിത സൂര്യനെയാണ് ആവിഷ്ക്കരിക്കുന്നത്. മഞ്ഞുകാലത്തെ ഭയന്ന് രാത്രിയിൽ ഒളിക്കാനിടം തേടുന്ന ഒന്നായാണ് സൂര്യനെ അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരത്തിൽ മഞ്ഞിൽനിന്ന് രക്ഷതേടുമെങ്കിലും പ്രഭാത മാകുമ്പോൾ ചുവന്നു തുടുത്ത് ഉയർന്നു വരുന്ന സൂര്യനെ കവിത അവതരിപ്പിക്കുന്നു.[66]

സൂര്യൻ ഓരോ സമയങ്ങളിലും പ്രകൃതിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെയാണ് എസ്. ജോസഫിന്റെ 'സൂര്യൻ' എന്ന കവിത അവതരിപ്പിക്കുന്നത്. പ്രഭാതത്തിൽ പുല്ലുകളിൽ മഞ്ഞയടിക്കുകയും മാവിനും മാമ്പഴത്തിനും നിഴലുണ്ടാക്കുകയും ചെയ്യുന്നതായി കവിത സൂചിപ്പിക്കുന്നു.

വീരാൻകുട്ടി, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരൊഴികെ മറ്റ് കവികളിൽ താരതമ്യേന സൂര്യൻ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.2.2. സദൃശകല്പനകൾ

#### 4.1.5.2.2.1. രൂപപരം

ഏതുഘട്ടത്തിലും ആകാശം രൂപപരമായ സദൃശകല്പനകളായി താരതമ്യേന അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.1.5.2.2.2. ഭാവപരം

#### 4.1.5.2.2.2.1. പ്രചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ രണ്ടാംഭാഗത്തിൽ കാവ്യരചനയ്ക്ക് തുണയരുളാൻ ഇഷ്ടദേവതകളോട് അപേക്ഷിക്കുന്ന കൂട്ടത്തിൽ സൂര്യനോടും പ്രാർത്ഥിക്കുന്നുണ്ട് (1981:59). മേരുപർവ്വതത്തിന്റെ താഴ്വാരത്തിലൂടെ സൂര്യൻ സഞ്ചരിക്കുന്നതായി

പുരാണത്തിൽ പറയുന്നു. സാരഥിയായ അരുണനോടൊപ്പം മേരുപർവ്വതത്തെ വലംവച്ചുകൊണ്ട് സൂര്യൻ ആറന്മുളയപ്പനെ തൊഴുന്നു എന്നാണ് പരാമർശം. തിരുനിഴൽമാലയിലെ മൂന്നാംഭാഗത്തിലുള്ള കിഴക്കെ ദിക്കിലെ ബലിവർണ്ണന സന്ധ്യാവർണ്ണന കൂടിയാണ്. സന്ധ്യയെ പുലിയായും സൂര്യനെ മാൻകിടാവായും കാണുന്നു. സന്ധ്യയാകുന്ന പുലിയെ ഭയന്ന് സായന്തനസൂര്യനാകുന്ന മാൻകിടാവ് സമുദ്രത്തിലേക്ക് രക്ഷപ്പെടുന്നതായി പറയുന്നു. അസ്തമയസൂര്യനെ മാൻകിടാവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

'രാമചരിത'ത്തിൽ രാമൻ രാവണവധത്തിനു തയ്യാറെടുക്കുന്ന അവസരത്തിൽ സൂര്യൻ കറുപ്പുനിറമണിഞ്ഞ് ആപത്സൂചന നൽകുന്നു. പ്രകൃതിയുടെ ഗ്രാഹകശക്തി യാണിവിടെ പരാമർശം. സൂര്യനെ പ്രത്യേകമായി പൂജിക്കുന്ന സന്ദർഭവും കൃതിയി ലുണ്ട്.[67] ആദിത്യസ്തുതിയെന്നാൽ പ്രകൃതിസ്തുതിതന്നെയാണ്. പ്രകൃതിയെ ആരാധനാഭാവത്തോടെ സമീപിച്ചിരുന്ന ഒരു കാലഘട്ടത്തെക്കൂടിയാണ് രാമചരിതം പ്രതിനിധാനം ചെയ്യുന്നത്. ശരപ്രവാഹത്തെ സൂര്യകിരണങ്ങളുമായി സാദൃശ്യപ്പെടു ത്തിയിട്ടുണ്ട്.

'കണ്ണശ്ശരാമായാണ'ത്തിൽ സൂര്യപൂജയ്ക്കായി ആകാശത്തേക്കു കയറാനുള്ള കല്പടവുകളാണ് മേഘങ്ങളെന്നും സൂര്യപൂജയ്ക്കാവശ്യമായ പുഷ്പത്തിനുവേണ്ടി യാണ് മരുതുകളും പാലകളും പൂത്തതെന്നും കവികല്പന. സൂര്യനെ പൂജിക്കുന്ന രീതിയുടെ പ്രതിഫലനം തന്നെയാണിത്. പ്രകൃതിയിലെ ഓരോ ഘടകത്തിന്റെയും നിലനില്പിന് സൂര്യപ്രകാശം ആവശ്യമാണ്. അതുകൊണ്ടുതന്നെ പ്രകൃതി സൂര്യനെ പൂജിക്കുന്നു. സൂര്യനിൽ നിന്നു ലഭിക്കുന്ന ഊർജ്ജത്തിന്റെ സഹായത്താലാണ് പ്രകൃതി നിലനിൽക്കുന്നത്. "ഊർജ്ജം പുതുതായി സൃഷ്ടിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിലും ജീവന്റെ നിലനില്പ് ഊർജ്ജമാറ്റത്തെ അടിസ്ഥാനമാക്കിയാണ്. ഭൗമോപരിതലത്തിലെത്തുന്ന പ്രകാശരൂപത്തിലുള്ള ഊർജ്ജം താപോർജ്ജമായി പരിവർത്തനപ്പെടുന്നു. ഊർജ്ജത്തിന്റെ സഹായത്താലുള്ള പദാർത്ഥങ്ങളുടെ വളർച്ച, ഇരട്ടിക്കൽ, സംശ്ലേഷണം തുടങ്ങിയ മാറ്റങ്ങളുടെ പുരോഗതിയാണ് ജീവന്റെ സത്ത. ഊർജ്ജത്തിന്റെ ഇത്തരത്തിലുള്ള പരിണാമങ്ങളില്ലാതെ ജീവനും പ്രകൃതിക്കും നിലനില്പില്ല"[68] (E.P. Odum & Cray .W. Barrett, 2015:78) എന്നിങ്ങനെ പ്രകൃതിയടെ നിലനില്പ് സൂര്യനെ അടിസ്ഥാനമാക്കിയാണെന്നത് ശാസ്ത്രസത്യം കൂടിയാണ്. അബോധമായെങ്കിലും ഇക്കാര്യം കവിത വ്യക്തമാക്കുന്നുണ്ട്.

'കൃഷ്ണഗാഥ'യിലെ വർഷകാല വർണ്ണനയിൽ മേഘത്തിനകത്തകപ്പെട്ട സൂര്യനെക്കുറിച്ച് പരാമർശിക്കുന്നു. മഴക്കാലത്ത് മേഘത്തിനകത്തകപ്പെട്ട് സൂര്യബിംബം മറഞ്ഞുപോകുന്നതിനെ മായകൊണ്ട് മൂടിയ മനസ്സിലെ ജ്ഞാനം മറഞ്ഞു പോകുന്നതുപോലെ എന്നാണ് പറയുന്നത് (2003:136).

പ്രഭാതവർണ്ണനയിൽ പ്രഭാതദേവതയുടെ പൂജയ്ക്കായി സൂര്യചന്ദ്രന്മാർ ഇരുവശങ്ങളിലും വളർത്തുളാകൃതിയിൽ സ്വർണ്ണനിറത്തിലുള്ള എലത്താളം പോലെ വന്നതായി 'ഉണ്ണുനീലിസന്ദേശ'ത്തിൽ പരാമർശമുണ്ട്. സൂര്യചന്ദ്രന്മാർ പ്രഭാതദേവതയെ ആരാധിക്കുന്നു. നീലമലയുടെ മുകളിൽ രത്നകിരീടമെന്നപോലെ സൂര്യബിംബം കാണപ്പെടുന്നതായും മനോഹരമായ ചന്ദ്രബിംബം കടലിൽ താണതായും പറയുന്നു.[69]

'ഉണ്ണിയാടിചരിത'ത്തിൽ ഉദയപർവ്വതവർണ്ണനയിൽ സൂര്യനെ പർവ്വതത്തിന്റെ കിരീടമായി കല്പിക്കുന്നുണ്ട് (2016:45). രാത്രിയിൽ മറഞ്ഞിരിക്കുകയും പ്രഭാതത്തിൽ കുളിച്ച് കുങ്കുമപ്പൂവണിഞ്ഞ് ഉദയപർവ്വതമാകുന്ന ഇരിപ്പിടത്തിൽ ഇരിക്കുകയും ചെയ്യുന്ന സൂര്യദേവനെ വർണ്ണിക്കുന്നു. പ്രഭാതത്തിൽ ചുവപ്പുനിറത്തോടെ എത്തുന്ന സൂര്യനെ സൂചിപ്പിക്കുന്നു.[70] താമരപ്പൂക്കളിലെ പൂമ്പൊടിയെ സൂര്യന്റെ കാലിലെ പൊടിയായി കല്പിച്ചിരിക്കുന്നു. പ്രഭാതമായപ്പോൾ വണ്ടുകളുടെ വിരഹത്താൽ ദുഃഖിച്ചിരിക്കുന്ന താമരപ്പൂക്കളുടെ കണ്ണുനീരിനെയും പ്രഭാതസൂര്യൻ തുടച്ചു നീക്കുന്നു എന്ന് കവി വർണ്ണന. ചിത്രാവലിയെ വിഭാതന് വിവാഹം ചെയ്തുകൊടുത്ത ദേവേന്ദ്രൻ ഉദയ പർവ്വതത്തിൽ ചന്ദ്രസൂര്യന്മാരെ ആരാധിച്ചുകൊണ്ട് താമസിക്കാനാണ് നിർദ്ദേശിക്കുന്നത്. അവർക്ക് ഉഷ, പ്രഭ എന്നീ കന്യകമാർ ജനിക്കുകയും അവരെ മരാളന് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. പ്രഭയിൽ നിന്നു ജനിച്ച ഗന്ധർവ്വവംശം പിന്നീട് നൃത്തം, ഗീതം, വാദ്യം മുതലായ ആരാധനങ്ങളാൽ ദിവസവും സൂര്യനെ ആരാധിച്ചതായി പറയുന്നു. അതായത് ഒരു വംശത്തിന്റെ മുഴുവൻ ആരാധ്യദൈവമായി സൂര്യൻ മാറുന്നു.

രാമകഥപ്പാട്ട്, ചന്ദ്രോത്സവം, അദ്ധ്യാത്മരാമായണം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ പൊതുവെ സൂര്യൻ ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.1.5.2.2.2.2. കവിത്രയകാലം

ആശാന്റെ 'നളിനി'യിൽ ഉദിച്ചുവരുന്ന പ്രഭാതസൂര്യനെപ്പോലെ കാന്തിയുള്ളവൻ എന്ന് ദിവാകരനെ വിശേഷിപ്പിക്കുന്നു (2011:57). കൂടാതെ

"സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ, തരളവായുവേറ്റു നീ
ആമയം തടവിടായ്ക, തല്കര-
സ്തോമമുണ്ടു തിരിയുന്നദിക്കിലും" (1960:106)

എന്നിങ്ങനെ നളിനി തനിയെ പുലമ്പുന്നതായ സന്ദർഭവുമുണ്ട്. സൂര്യനെ നോക്കി നില്ക്കാൻ എല്ലായ്പോഴും താമരയ്ക്ക് കഴിയുന്നുണ്ട് എന്നർത്ഥം. 'ചിന്താവിഷ്ടയായ സീത'യിൽ സീത സൂര്യൻ അസ്തമിച്ചതറിയാതെ ആശ്രമത്തിന് പുറത്ത് ചിന്താവിഷ്ട യായി ഇരിക്കുന്നതായി പരാമർശമുണ്ട്. കൂടാതെ സീത ഭൂമിയിൽ മറയുന്നതിന് മുമ്പായി പ്രകൃതിഘടകങ്ങളോട് യാത്ര ചോദിക്കുമ്പോൾ കർമ്മസാക്ഷിയായ സൂര്യനോടും യാത്ര പറയുന്നു.

ഉള്ളൂരിന്റെ 'ദിവ്യദർശനം' എന്ന കവിതയിൽ കടലിൽ പഴം വീഴുന്നതുപോലെ സൂര്യൻ അസ്തമിക്കുന്നു എന്നു പരാമർശം (1977:149)

'ശിഷ്യനും മകനും' എന്ന വള്ളത്തോൾക്കവിത ആരംഭിക്കുന്നത് സൂര്യരശ്മികളെ ക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ്.

"മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങൾ
പകൽ പകുതി കടന്ന ഭാസ്കരൻതൻ
പ്രകടമരീചികളാൽത്തിളങ്ങിമിന്നീ" (2011:237)

എന്നിങ്ങനെ സൂര്യനെ പരാമർശിക്കുന്നു. 'ബാപ്പുജി' എന്ന കവിതയിൽ പ്രഭാതസൂര്യൻ ഗാന്ധിജിയുടെ മൃതദേഹം കണ്ട് പൂക്കളർപ്പിക്കുന്നതായി പരാമർശമുണ്ട്. 'ചിത്രയോഗ' ത്തിൽ ചന്ദ്രസേനന്റെ ഭടന്മാർ സിംഹങ്ങളെ വേട്ടയാടുന്നതുകണ്ട ആകാശത്തിലെ സിംഹം പടിഞ്ഞാറേദിക്കിൽ പോയൊളിക്കാനൊരുങ്ങുന്നു എന്ന് വ്യക്തമാക്കുന്നു. ആകാശത്തിലെ സിംഹമാണ് സൂര്യൻ എന്നാണ് കവിത കല്പിക്കുന്നത്. കൂടാതെ രവിപ്രഭ (സൂര്യനൊത്ത കാന്തിയുള്ളവൾ) എന്ന് താരാവലിയെ വിശേഷിപ്പിക്കുന്നുമുണ്ട്. ഇവയെല്ലാം പ്രകൃതിവർണ്ണനമാത്രമാണ്.

'ഓണസ്സദ്യ' എന്ന കവിതയിൽ സൂര്യനെ വൃദ്ധനായി കല്പിച്ചിരിക്കുന്നു.

"അസ്ത്രാദ്രിതടത്തോപ്പിലുൾ പൂകി വൃദ്ധാദിത്യൻ;
രിക്തയാം ദ്യോവും വെളുപ്പിച്ചിതു തൻ വസ്ത്രത്തെ" (2011:810)

എന്നിങ്ങനെ പച്ചക്കറിത്തോപ്പിലേക്ക് ഓണത്തിനാവശ്യമായ പച്ചക്കറി ലഭിക്കുമോ എന്നന്വേഷിക്കാൻ തോപ്പിലിറങ്ങിയ കാരണവരായി സൂര്യനെ കൽപ്പിക്കുന്നു. വള്ളത്തോളിന്റെ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന കവിതയിൽ നക്ഷത്രത്തിന്റെ ഭർത്താവായി സൂര്യനെ കല്പിക്കുന്നുണ്ട്. ഇത്തരത്തിൽ വള്ളത്തോൾക്കവിതയിൽ സൂര്യൻ ഭാവപരമായ കല്പനയായി കടന്നുവരുന്നുണ്ട്. ബാലാമണിയമ്മ, പള്ളത്ത് രാമൻ എന്നിവരിൽ പൊതുവെ സൂര്യൻ ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.2.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'പാടുന്ന പിശാചിൽ' പ്രകൃതിനിയമത്തെക്കുറിച്ച്

"വീണടിയേണമൊരിക്കലതിങ്കലീ-
ക്കാണുന്ന സർവ്വചരാചരവും!
ആദി മധ്യാന്തമറ്റുള്ളോരതിലണ-
ഞ്ഞാദിത്യൻ പോലും പൊലിഞ്ഞുപോകും!" (ഭാഗം 1, 1974:332)

എന്ന് കവിത വ്യക്തമാക്കുന്നു. മരണമെന്ന നിയമം സർവ്വചരാചരങ്ങൾക്കും തുല്യമാണെന്നും സൂര്യനും അതു തന്നെ ഗതിയെന്നുമുള്ള പ്രകൃതിസത്യത്തെ ഈ വരികൾ അടയാളപ്പെടുത്തുന്നു. പ്രകൃതിവർണ്ണനകൾക്ക് പ്രാധാന്യമുള്ള ചങ്ങമ്പുഴക്കവിതയുടെ ഈ ആശയത്തെ പുതിയ പാരിസ്ഥിതികബോധവുമായി ചേർത്തുവായിക്കാൻ കഴിയും. 'നഷ്ടസൗഭാഗ്യസ്മൃതി' എന്ന കവിതയിൽ ജീവിതത്തിൽ എന്തെല്ലാം നഷ്ടങ്ങളുണ്ടായാലും ആനന്ദം വീണ്ടുമെത്തിച്ചേരുമെന്ന സൂചനയ്ക്കായി സൂര്യൻ നാളെയും ഉദിക്കും എന്ന് സൂചിപ്പിക്കുന്നു. സൂര്യൻ പതിവുപോലെ കിഴക്കുദിക്കുമെന്ന് 'ചരിതാർത്ഥതന്നെ ഞാൻ' എന്ന കവിതയിൽ പരാമർശമുണ്ട്. 'ആനന്ദരംഗം' എന്ന കവിതയിൽ ദുഃഖമസാനിച്ച് ആനന്ദം ഉണ്ടാവുന്നതിനെ കാർമുകിൽ നീങ്ങി സൂര്യൻ തെളിഞ്ഞതായി പരാമർശിക്കുന്നു. 'ആദിത്യാരാധന' എന്ന കവിത ആദിത്യസ്തുതിയാണ്. അന്ധകാരത്തിൽ നിന്നും ലോകത്തെ മുക്തമാക്കുകയും പ്രകൃതിയിൽ ജീവൻ നിലനിർത്തുകയും ചെയ്യുന്ന സൂര്യനെ നമസ്ക്കരിക്കുന്നു. സൂര്യൻ പ്രകൃതിയെ ഏതെല്ലാം വിധത്തിൽ നിലനിർത്തുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു എന്ന് വ്യക്തമാക്കുന്ന കവിത കർമ്മസാക്ഷിയായ സൂര്യനെ നമസ്ക്കരിക്കുന്നു.

'തുഞ്ചൻ പെരുമാളുടെ പഞ്ചവർണ്ണക്കിളിയോട്' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിതയിൽ പുലരിയെ താലിചാർത്തിച്ചവനെന്ന് സൂര്യനെ വിശേഷിപ്പിക്കുന്നു.

"ആദിപുലരിയെത്താലി ചാർത്തിച്ചതാം
ജ്യോതിഃസ്വരൂപനെ കൈവണങ്ങി" (2005:173)

എന്നിങ്ങനെയാണ് സൂര്യനെ അവതരിപ്പിക്കുന്നത്.

ഇടശ്ശേരിയുടെ 'അവരുടെ ദാമ്പത്യം' എന്ന കവിതയിൽ പുലരിയാകുന്ന പെൺകൊടി സൂര്യനെ ഉറക്കത്തിൽ നിന്ന് ഉണർത്തുന്നതായി പരാമർശമുണ്ട്. ഭർത്താവിനെ ഭാര്യ വിളിച്ചുണർത്തുന്നതുപോലെയാണ് സൂര്യനെ പുലരി വന്ന് ഉണർത്തുന്നതെന്നു പരാമർശം 'അന്തിത്തിരി' എന്ന കവിതയിലും സൂര്യദേവനെ പരാമർശിക്കുന്നു. സൂര്യൻ സന്ധ്യാനേരത്ത് ഒരു വീട്ടിൽക്കയറിച്ചെന്ന് തനിക്കവിടെ വിശ്രമിക്കാനിടം തരണമെന്ന് മുത്തശ്ശിയോടും യുവതിയോടും ആവശ്യപ്പെടുന്നെങ്കിലും സൂര്യനില്ലാതെ പ്രകൃതി ഇരുട്ടടയുമെന്ന് പറഞ്ഞ് സൂര്യനെ തിരിച്ചയക്കുന്നു. എന്നാൽ ഒരു പെൺകുട്ടി.

"അന്തിത്തിരിത്തുമ്പു പിടിച്ചു നടത്തിനാൻ
മാർത്താണ്ഡദേവനെപ്പിന്നെ" (2012:680)

എന്നിങ്ങനെ അന്തിത്തിരിയിലിരുത്തി കൈപിടിച്ച് നടത്തി തുളസിത്തറയിലിരുത്തി അവൾ സൂര്യദേവനെ പൂജിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

ഈ ഘട്ടത്തിൽ വയലാർ, വൈലോപ്പിള്ളി എന്നിവരിൽ താരതമ്യേന ഭാവപരമായ കല്പനകളായി സൂര്യൻ പരാമർശിക്കപ്പെടുന്നില്ല.

**4.1.5.2.2.2.4. ആധുനികതാഘട്ടം**

ഈ ഘട്ടത്തിൽ ഭാവപരമായ കല്പനകളായി സൂര്യൻ പൊതുവെ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

**4.1.5.2.2.2.5. ആധുനികതാനന്തരഘട്ടം**

വി.എം. ഗിരിജയുടെ 'കാട്ടിൽ തളിർപോൽ' എന്ന കവിതയിൽ മഴ നനയുന്ന സൂര്യനായി പ്രണയിതാവിന്റെ മുഖത്തെ സാദൃശ്യപ്പെടുത്തുന്നു. 'തരുതലത്തിൽ' എന്ന കവിതയിലും നായകനെ സൂര്യനായി കല്പിക്കുന്നുണ്ട്. 'നളിനി'യെന്ന ആശാൻ കവിതയിൽ നിന്നുള്ള പ്രമേയമാണിവിടെ സ്വീകരിച്ചിരിക്കുന്നത്. കാവിയുടുത്ത സൂര്യനായി ദിവാകരനെ കല്പിച്ചിരിക്കുന്നു.

ആകാശത്തു നിന്ന്  രൂക്ഷതയോടെ നോക്കുന്ന കാമുകനാണിവിടെ സൂര്യൻ 'പുകയുന്ന പ്രണയം' എന്ന വി.ടി. ജയദേവന്റെ കവിതയിൽ വാടിത്തളർന്ന മഞ്ഞപ്പൂവാണ്

പ്രണയിനി. സ്ഥിരചിത്തമായ പ്രണയത്തിന്റെ അടയാളപ്പെടുത്തലാണ് സ്ത്രീരൂപത്തിലുള്ള പൂവിനുള്ളത്. എന്നാൽ അവളെക്കാൾ ഉയർന്ന പദവിയിലിരിക്കുന്ന പുരുഷൻ അവളെ രൂക്ഷമായി നോക്കുകയും ചെയ്യുന്നു. ഇവിടെ ഉയർന്ന സ്ഥാനത്തിരിക്കുന്ന അധികാരിയായ പുരുഷന്റെ പ്രതീകമായാണ് സൂര്യൻ കല്പിക്കപ്പെടുന്നത്. വി.എം. ഗിരിജയുടെയും, വി.ടി. ജയദേവന്റെയും കവിതകളിൽ മാത്രമാണ് സൂര്യൻ ഭാവപരമായി പൊതുവെ അവതരിപ്പിക്കപ്പെടുന്നത്.

### 4.1.5.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.1.5.2.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം എന്നിവയിൽ സൂര്യൻ നശീകരണസൂചനയോ മനോഭാവമോ ആയി താരതമ്യേന അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.1.5.2.3.2. ആധുനികതാഘട്ടം

'സൂര്യഗീതം' എന്ന ഒ.എൻ.വി കുറുപ്പിന്റെ കവിത സൂര്യനെ പ്രമേയവത്ക്കരിക്കുന്നു.

> "സ്വസ്തി, ഹേ സൂര്യ! തേ സ്വസ്തി!
> മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
> സുസ്നേഹമൂർത്തിയാം സൂര്യ!" (2013:371)

എന്നിങ്ങനെ സൂര്യനെ സ്തുതിക്കുന്നു. ഒരിക്കലും വറ്റാത്ത സൂര്യന്റെ പ്രകാശമാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് എന്ന് കവിത വ്യക്തമാക്കുന്നു. പൂവും പുഴയും കിളികളുമെല്ലാമടങ്ങുന്ന പ്രകൃതി നിലനിൽക്കുന്നതിന്റെ അടിസ്ഥാനം സൂര്യനാണെന്നും കവിത വ്യക്തമാക്കുന്നു. വിത്തിനെ മഹാവൃക്ഷമാക്കുന്നതും വൃക്ഷത്തിൽ വിത്തുകൾ നിറയ്ക്കുന്നതും സൂര്യപ്രകാശം തന്നെയാണ്. പ്രാവുകൾ, കരിഞ്ചേര, മണ്ണട്ട എന്നിങ്ങനെ പ്രകൃതിയിലെ വിവിധ വർഗ്ഗത്തിൽപ്പെട്ട ജീവികൾ ഈ പ്രകാശത്തിന്റെ ഫലമായാണ് ജീവൻ നിലനിർത്തുന്നതെന്നും കവിത വ്യക്തമാക്കുന്നു. കൃഷി ചെയ്ത തിന നന്നായി വിളഞ്ഞതിന് ബൈബിളിലെ കായീൻ അനുജനായ ഹാബീലിനെ സൂര്യന് ബലി കൊടുത്ത കഥ കവിതയിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ സ്വന്തം ലാഭത്തിനും ഉന്നതിക്കും വേണ്ടി സഹജീവികളെ ഇല്ലായ്മ ചെയ്യുന്നതുമൂലം സൂര്യന്റെ നെഞ്ചിൽ വിള്ളലുണ്ടായതായി കവിത കല്പിക്കുന്നു. സൂര്യനിൽ വിള്ളലുണ്ടെന്ന ശാസ്ത്ര വീക്ഷണം കൂടിയാണിവിടെ അവതരിപ്പിക്കപ്പെടുന്നത്. ഇത്തരത്തിൽ മനുഷ്യന്റെ

അതിക്രമങ്ങൾക്കു സാക്ഷിയെങ്കിലും ഇന്നും അന്യർക്കുവേണ്ടിയാണ് സൂര്യൻ എരിയുന്നത്. മനുഷ്യരുടെ അത്യാഗ്രഹത്തിന്റെയും അഹന്തയുടെയും കാഴ്ചകൾ കാണുന്ന സൂര്യനെയാണ് കവിത അവതരിപ്പിക്കുന്നത്.

"സർഗ്ഗപരിണാമങ്ങ-
ളെത്രയോ കണ്ടുകൺ-
നിറവാർന്ന ഹേ, സൂര്യ!
നീ മുഖമിടയ്ക്കിടെ
പ്പൊത്തുന്നു" (2013:373)

അതായത് മനുഷ്യവർഗ്ഗത്തിന്റെ പരിണാമങ്ങൾ പ്രകൃതിക്കും സഹജീവികൾക്കുമെതിരെ തിരിയുന്ന ഘട്ടത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ചന്ദ്രനിലെത്തിയ മനുഷ്യർ അവിടെ നിന്നും ശേഖരിച്ച ചന്ദ്രശിലകൾ ഭൂമിയിൽ പ്രദർശിപ്പിച്ചതിനെയും കവിത സൂചിപ്പിക്കുന്നു. സൂര്യന്റെ ഉണ്ണികളെന്നു വിളിച്ച് ചന്ദ്രൻ തന്റെ നെഞ്ചിൽ പദമൂന്നി നിന്ന മനുഷ്യനെ സ്വീകരിക്കുന്നു. എന്നാൽ ചന്ദ്രന്റെ ശിലകളുമായാണ് അവർ വന്നത്. ഇത്തരത്തിൽ തന്നെ പരിചരിക്കുന്ന പ്രകൃതിയെ നശിപ്പിക്കുന്ന മനോഭാവമാണ് മനുഷ്യർ പ്രകടിപ്പിക്കുന്നത്. മൺചെരാതിലും മിന്നാമിനുങ്ങിലും സൂര്യൻ ഉയിർക്കുന്നതായി കവിത കരുതുന്നുണ്ട്. കൂടാതെ മണ്ണിൽ, വിണ്ണിൽ, കണ്ണിൽ, ജീവനിൽ, സ്വപ്നങ്ങളിൽ, അങ്കണത്തിൽ, അടുപ്പിൽ, അയൽവീട്ടിൽ, പുന്നെല്ലു കൊതിക്കുന്ന കളങ്ങളിൽ,ദാഹം തുടിക്കുന്ന ഇലകളിൽ തുടങ്ങി പ്രകൃതിയിലെ ഓരോ ഘടകത്തിലും സൂര്യനുണ്ട്. ഇത്തരത്തിൽ പ്രകൃതിയിലെ സൂര്യസാന്നിധ്യം വ്യക്തമാക്കുന്ന കവിത.

"മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
സുസ്നേഹമൂർത്തിയാം സൂര്യ!
സ്വസ്തി ഹേ സൂര്യ! തേ സ്വസ്തി" (2013:376)

എന്ന വന്ദനത്തോടെയാണ് അവസാനിക്കുന്നത്. പ്രകൃതിയിൽ സൂര്യനെപ്പോലെ തന്നെ മറ്റു ഘടകങ്ങളും മറ്റുള്ളവർക്കായി നിലകൊള്ളുമ്പോൾ മനുഷ്യർ മാത്രം അതിൽ നിന്ന് വ്യത്യസ്തനാവുന്നു. മനുഷ്യനാൽ അടിച്ചമർത്തപ്പെടുന്ന പ്രകൃതിയെയും ദളിതനെയും കവിതയിൽ സൂചിപ്പിക്കുന്നുണ്ട്. ദളിത്പരിസ്ഥിതിവാദങ്ങളുടെ സമന്വയമാണീ ഭാഗത്ത് സംഭവിക്കുന്നത്. പ്രകൃതിയിലെ ഓരോ ഘടകത്തിനുമായി ചൂടും ഊർജ്ജവും പകർന്നു നൽകുന്ന സൂര്യൻ മനുഷ്യന്റെ സഹജീവിപരിഗണനയില്ലായ്മയിൽ ദുഃഖിക്കുന്നു. സൂര്യൻ മനുഷ്യനുവേണ്ടി മാത്രമല്ല മറ്റു ജീവികൾക്കും കൂടിയാണെന്ന ചിന്തയും കവിത

ഉൾക്കൊള്ളുന്നു.

ഒ.എൻ.വി.യുടെ 'മരുഭൂമിയിലെ സൂര്യൻ' എന്ന കവിതയിൽ യുദ്ധാനന്തരം പ്രകൃതിക്കുണ്ടാകുന്ന മാറ്റത്തെയാണ് പ്രമേയവത്ക്കരിക്കുന്നത്.

> "പകലിന്റെ നിശബ്ദയാത്രാമൊഴി പോക്കു
> വെയിലൊഴുകി വന്നില്ല.
> അതിനു മുമ്പെവിടെയോ സൂര്യൻ മറഞ്ഞുപോയ്,
> പഥികർ നാമുഴറി നോക്കുമ്പോൾ
> മുകളിലാകാശമിരുണ്ടൂ പൊടുന്നനെ
> പകലിനിയും ബാക്കി നില്ക്കേ!" (2013:711)

എന്നിങ്ങനെ സൂര്യനെ മറച്ച കറുത്ത പുകയെ പരാമർശിക്കുന്നു. കടലും ആകാശവും ചേരുന്ന രേഖ മാഞ്ഞുപോവുകയും ഭൂമി തന്റെ സൂര്യനെ തിരയുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു. ഭൂമിയും സൂര്യനും തമ്മിൽ കാമുകീകാമുകഭാവം ആരോപിക്കപ്പെടുന്നു. മരുഭൂമിയിൽ മറഞ്ഞു നിൽക്കുന്ന സൂര്യനെയാണ് ഇവിടെ പരാമർശിക്കുന്നത്. യുദ്ധാനന്തരം സൂര്യൻ അപ്രത്യക്ഷമാവുകയും കരിയാത്ത ഈന്തൽപ്പനയും കിഴവനായ ഒട്ടകവും മാത്രം അവശേഷിക്കുന്നതായും കവിത സൂചിപ്പിക്കുന്നു. മരുഭൂമിയുടെ സൗന്ദര്യമായിരുന്ന സൂര്യനെപ്പോലും ഇല്ലായ്മ ചെയ്യുന്ന വിധത്തിലുള്ള മനുഷ്യപ്രവർത്തികൾ ഇവിടെ പരാമർശിക്കപ്പെടുന്നു.

'സൂര്യനെക്കാത്ത്' എന്ന ഒ.എൻ.വി.ക്കവിത കന്യാകുമാരിയിൽ സൂര്യോദയം കാണാൻ കാത്തിരുന്ന് നിരാശപ്പെടുന്ന അച്ഛനെയും മകനെയുമാണ് അവതരിപ്പിക്കുന്നത്.

> "എവിടെ സൂര്യൻ ചോര-
> ക്കുഞ്ഞായിപ്പിറക്കുന്നു,
> എവിടെ സൂര്യൻ സ്വന്തം
> ചോരയിൽപ്പിടയുന്നു" (2013:622)

എന്നിങ്ങനെ സൂര്യന്റെ ജനനത്തിന് അതായത് ഉദയത്തിനാണ് കവിത പ്രാധാന്യം നൽക്കുന്നത്. സൂര്യോദയം കാണാൻ കാത്തിരിക്കുന്ന കുഞ്ഞും അച്ഛനും നിരാശരായി മടങ്ങുന്ന കാഴ്ചയാണ് കവിതയിലുള്ളത്. പ്രകൃതിയുടെ പിതാവായും സ്വാതന്ത്ര്യമായും ഭൂമിയുടെ കാമുകനായും കനിവുള്ളവനായുമാണ് കവിതയിലെ അച്ഛൻ സൂര്യനെ കാണുന്നത്. എന്നാൽ

"കറുത്ത ശവക്കച്ച
പുതപ്പിച്ചാരോ താഴെ-
യിറക്കിക്കിടത്തിയ
ജഡം പോൽ ദിശാമുഖം!" (2013:625)

എന്ന അവസ്ഥയിലാണ് ഇപ്പോൾ കടലുള്ളത്. സൂര്യനുദിക്കാത്ത അവസ്ഥയിലാണ് പ്രകൃതി എത്തിനിൽക്കുന്നത്. മനുഷ്യന്റെ പ്രകൃതിക്കുമേലുള്ള അതിക്രമം സൂര്യനെവരെ അപ്രത്യക്ഷമാകുന്നു എന്നുകൂടി ഈ കവിതയ്ക്ക് അർത്ഥം കൽപ്പിക്കാം. ആധുനികതാ ഘട്ടത്തിൽ ഒ.എൻ.വി.യുടെ കവിതയിൽ മാത്രമാണ് സൂര്യൻ നശീകരണരീതിയിൽ പൊതുവെ അവതരിപ്പിക്കപ്പെട്ടത്.

#### 4.1.5.2.3.3. ആധുനികതാനന്തരഘട്ടം

ആധുനികതാനന്തരഘട്ടത്തിൽ സൂര്യൻ നശീകരണപരമായി താരതമ്യേന അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.3. ചന്ദ്രൻ

ഭൂമിയുടെ പ്രകൃത്യാ ഉള്ള ഉപഗ്രഹമാണ് ചന്ദ്രൻ. മറ്റു ഗ്രഹങ്ങളെ അപേക്ഷിച്ച് സാഹിത്യമേഖലയെ സ്വാധീനിച്ച ഗ്രഹം കൂടിയാണ് ചന്ദ്രൻ. ചന്ദ്രനെ ദേവനായും ആരാധിച്ചിരുന്നു. നാടോടിവാങ്മയങ്ങളിലും മലയാളകവിതയിലും എങ്ങനെയാണ് ചന്ദ്രനെ അടയാളപ്പെടുത്തിയിരിക്കുന്നത് എന്നന്വേഷിക്കുന്നു ഈ ഖണ്ഡത്തിൽ.

എന്റെ അച്ഛനൊരു കണ്ണാടിവാങ്ങി അതു തുടച്ചാലും തുടച്ചാലും കറ പോകില്ല, ആറ്റിലൂടെ ഒരു വെള്ളിക്കിണ്ണം ഒഴുകിയൊഴുകി, ആറ്റിലുണ്ടൊരു വെള്ളിക്കിണ്ണം പൊങ്ങിത്താണു കളിക്കുന്നു, ഇന്നാൾ കണ്ടൊരു തേങ്ങാപ്പൂള് ഇന്നേക്കൊരു വട്ടക്കിണ്ണം, രാത്രിരാജനെ പകൽമന്നൻ വിഴുങ്ങി, കരയില്ലാക്കടലിലെ കൊച്ചോടം തുഴയില്ലാതോടുന്ന കൊച്ചോടം, ഒരു മുറം മലരിലൊരു തേങ്ങാക്കൊത്ത്, തേങ്ങാപ്പൂളൊരു തേങ്ങാമുറിയായ് കണ്ണാടി, വെള്ളിക്കിണ്ണം, വട്ടക്കിണ്ണം, രാത്രിരാജൻ എന്നിങ്ങനെ പൂർണ്ണ ചന്ദ്രനെയും തേങ്ങാപ്പൂള്, കൊച്ചോടം എന്നിങ്ങനെ ചന്ദ്രക്കലയെയും വിശേഷിപ്പിക്കുന്നു. മനുഷ്യ ജീവിതത്തിലെ പരിചിത വസ്തുക്കളുമായാണ് ചന്ദ്രബിംബത്തെ സാദൃശ്യപ്പെടുത്തി യിരിക്കുന്നത്.

ചന്ദ്രനുമുണ്ട് കളങ്കം, ചന്ദ്രനെക്കണ്ട് പട്ടി കുരയ്ക്കും പോലെ, ചന്ദ്രനെപിടിക്കാൻ കൈപൊക്കുകയോ, ചന്ദ്രന്റെ നേരെ നായ കുരച്ചിട്ടെന്താ? എന്നിവ ചന്ദ്രനുമായി

ബന്ധപ്പെട്ട പഴഞ്ചൊല്ലുകളാണ്. ചന്ദ്രബിംബത്തിലെ അടയാളത്തെയും ചന്ദ്രനെ കണ്ടിട്ട് പട്ടി കുരച്ചിട്ട് കാര്യമില്ലെന്നും ഈ ചൊല്ലുകൾ വ്യക്തമാക്കുന്നു.

#### 4.1.5.3.1. വർണ്ണനകൾ

##### 4.1.5.3.1.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണുനീലിസന്ദേശ'ത്തിൽ ശിവസ്തുതിയോടെ ആരംഭിക്കുന്ന കൃതിയിൽ ചന്ദ്രനെ മുടിയിൽ ചൂടിയവൻ എന്നാണ് ശിവനെക്കുറിച്ച് പറയുന്നത്. പ്രഭാതവർണ്ണനയിൽ പ്രഭാതദേവതയുടെ ഇരുവശങ്ങളിലായി സൂര്യനോടൊപ്പം ചന്ദ്രനും എലത്താളം പോലെ ആഗതനായതായി വർണ്ണിക്കുന്നു.

'ഉണ്ണിയാടിചരിത'ത്തിൽ ദേവേന്ദ്രൻ ചിത്രാവലിയെ വിഭാതനു വിവാഹം കഴിച്ചുകൊടുക്കുകയും അവരെ ഉദയപർവ്വതത്തിൽ താമസിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. അവർക്കുണ്ടായ ഉഷ, പ്രഭ എന്നീ കന്യകകളെ മരാളന് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. അവരിൽ ഉഷയുടെ പിൻഗാമികൾ ചന്ദ്രനെ പൂജിച്ച് ദീർഘകാലം വസിച്ചതായും പറയുന്നു.

ഉണ്ണുനീലിസന്ദേശത്തിലും, ഉണ്ണിയാടിചരിതത്തിലും മാത്രമാണ് ചന്ദ്രൻ പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

##### 4.1.5.3.1.2. കവിത്രയകാലം

ബാലാമണിയമ്മയുടെ 'ചന്ദ്രോദയം' എന്ന കവിത ശാസ്ത്രത്തെയും സാഹിത്യ ത്തെയും പരാമർശിക്കുന്ന തിനൊപ്പം പ്രപഞ്ചവീക്ഷണം കൂടി ഉൾക്കൊള്ളുന്നു. ചന്ദ്രനെ ക്കാൾ അഴകും ജീവസാധ്യതയും ഭൂമിക്കാണെന്ന അറിവാണ് ഉപഗ്രഹചിത്രങ്ങളിൽ നിന്ന് ലഭിക്കുന്നത്. ഭൂമിയിലെപ്പോലെ അമൃതതുല്യമായ ജലമല്ല വിഷകണങ്ങളാണ് ചന്ദ്രനിലുള്ളത് എന്ന് തിരിച്ചറിയുന്നുണ്ടെങ്കിലും ചന്ദ്രനോടുള്ള ആകർഷണം മനുഷ്യവംശത്തിന് നഷ്ടപ്പെടുന്നില്ല എന്ന് കവിത വ്യക്തമാക്കുന്നു. വള്ളത്തോളിന്റെ ഘട്ടംവരെയുള്ള കവിതകളിൽ ചന്ദ്രൻ വർണ്ണനാപ്രധാനമാണ്. എന്നാൽ ബാലാമണിയമ്മ ചന്ദ്രനെ ഗ്രഹത്തിന്റെ തലത്തിലേക്കുയർത്തിക്കൊണ്ട് ശാസ്ത്രീയമാനം നൽകുന്നു. ഈ ഘട്ടത്തിൽ ബാലാമണിയമ്മ മാത്രമാണ് ചന്ദ്രനെ താരതമ്യേന വർണ്ണനാപരമായി പരാമർശിച്ചത്.

**4.1.5.3.1.3.** കവിത്രയത്തിനുശേഷമുള്ളകാലത്തിലെയും ആധുനികതാഘട്ടത്തിലെയും തെരഞ്ഞെടുത്ത കവികളിൽ പൊതുവെ ചന്ദ്രൻ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടു

കാണുന്നില്ല.

#### 4.1.5.3.1.4. ആധുനികതാനന്തരഘട്ടം

'ചന്ദ്രനോടൊപ്പം' എന്ന എസ്. ജോസഫിന്റെ കവിതയിൽ തീവണ്ടിയിലും ബസ്സിലും കാൽനടയിലുമെല്ലാം തന്നോടൊപ്പം വരുന്ന ചന്ദ്രനെ പരാമർശിക്കുന്നു. വീട്ടിൽ കയറി വാതിലിന്റെ സാക്ഷിയിട്ടതിനുശേഷവും ചന്ദ്രൻ അവിടെയുണ്ടെന്ന് കവിത സാക്ഷ്യപ്പെടുത്തുന്നു. ജനലിൽ തെളിയുന്ന ചന്ദ്രബിംബമോ വീടിനകത്തുള്ള ഭാര്യയോ ആണ് ഇവിടെ മുറിക്കുള്ളിലെ ചന്ദ്രൻ.

ആധുനികതാനന്തരഘട്ടത്തിൽ എസ്. ജോസഫ് മാത്രമാണ് ചന്ദ്രനെ പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചത്.

#### 4.1.5.3.2. സദൃശകല്പനകൾ

#### 4.1.5.3.2.1. രൂപപരം

#### 4.1.5.3.2.1.1. പ്രചീനമധ്യകാലഘട്ടം

'രാമചരിത'ത്തിൽ ശരങ്ങളുടെ വരവിനെ സൂര്യകിരണങ്ങളോടെന്നപോലെ ചന്ദ്രകിരണങ്ങളുമായും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ചന്ദ്രനെ കാണുന്നത് രാമന് വിരഹദുഃഖമുണ്ടാക്കുന്നതായും പ്രിയതമയുടെ മുഖചന്ദ്രന്റെ വിയോഗം വേദന വർദ്ധിപ്പിക്കുന്നതായും 'കണ്ണശ്ശരാമായണ'ത്തിൽ പറയുന്നു. പ്രാചീനമധ്യകാലഘട്ടത്തിൽ ചന്ദ്രൻ ഈ രീതിയിൽ മാത്രമേ താരതമ്യേന രൂപപരമായി അവതരിപ്പിക്കപ്പെടുന്നുള്ളു.

**4.1.5.3.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ ശ്രദ്ധേയമായ വിധം ചന്ദ്രൻ രൂപപരമായി പരാമർശിക്കപ്പെട്ടുകാണുന്നില്ല.

#### 4.1.5.3.2.2. ഭാവപരം

#### 4.1.5.3.2.2.1. പ്രചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ഇഷ്ടദേവതാവന്ദനത്തിൽ സൂര്യനെയും ജലത്തെയും ആരാധിക്കുന്നതിനൊപ്പം ചന്ദ്രനെയും ആരാധിക്കുന്നു (1981:59). മേരുപർവ്വതത്തിന്റെ താഴ്‌വാരത്തിലൂടെ സഞ്ചരിച്ച് ചന്ദ്രൻ ആറന്മുളയപ്പനെ പൂജിക്കുന്നതായി 'തിരുനിഴൽമാല'യിൽ പരാമർശമുണ്ട്.

'ഉണ്ണിയാടിചരിത'ത്തിൽ സൂര്യൻ ചരാചരപ്രപഞ്ചത്തിനു മുഴുവൻ ചൂടിനാൽ ദുഃഖമുണ്ടാക്കുമ്പോൾ നിലാവുകൊണ്ട് ആ ചൂടിനെ ചന്ദ്രൻ ഇല്ലാതാക്കുന്നതായി കവിത വ്യക്തമാക്കുന്നു. ആകാശത്തെ സ്ത്രീയായും നക്ഷത്രങ്ങളെ പട്ടുവസ്ത്രങ്ങളിലെ പുള്ളിയായും കല്പിക്കുന്നു. നക്ഷത്രങ്ങൾക്കു നടുവിൽ വിളങ്ങുന്നവൻ എന്നാണ് ചന്ദ്രനെ വിശേഷിപ്പിച്ചിരിക്കുന്നത്. പകൽച്ചൂടിന്റെ കാഠിന്യത്തെ നിലാവിനാൽ തണുപ്പിക്കുന്നവനാണ് ചന്ദ്രൻ (2016:67–68). ഉദയപർവ്വതവർണ്ണനയിൽ ചന്ദ്രബിംബ ത്തിലെ കറുത്ത അടയാളത്തെ മാനായി കല്പിക്കുന്നു. ആ മാനിനെ കണ്ട് ഉദയപർവ്വതത്തിലെ മാനുകൾ വർഗ്ഗപ്രേമത്താൽ ശബ്ദമുണ്ടാക്കുകയും നാവു പുറത്തേക്കിട്ട് നക്കുകയും ചെയ്തതിനുശേഷം താഴ്‌വാരത്തേക്കു ചാടിയിറങ്ങിയതായി വർണ്ണിക്കുന്നു. ചന്ദ്രൻ ഉദയപർവ്വതശിഖരത്തിൽ നിന്ന് ആകാശത്തിലേക്കുകയറിയപ്പോൾ ഉദയപർവ്വതത്തിലെ മനുകൾ ചന്ദ്രമണ്ഡലത്തിലെ കളങ്കമാകുന്ന മാനിനെ ഇഷ്ടത്തോടെയും സംഭ്രമത്തോടെയും നോക്കി നിന്നു എന്നും കവിതയിൽ കല്പന നടത്തുന്നു. ഉണ്ണിയാടിയുടെ അമ്മയായ ഉണ്ണിക്കുട്ടത്തിയെ വർണ്ണിക്കുമ്പോൾ ചന്ദ്രനെപ്പോലുള്ള നെറ്റിത്തടം എന്നു കല്പിക്കുന്നു (2016:144).

ചന്ദ്രനെ പ്രാർത്ഥിച്ചുകൊണ്ടാണ് 'ചന്ദ്രോത്സവം' ആരംഭിക്കുന്നത്. ശിവന്റെ അഴകുള്ള മുടിക്കെട്ടിൽ സ്ഥിതി ചെയ്യുന്നവനായ ചന്ദ്രനെയാണ് പ്രാർത്ഥിക്കുന്നത്[71] 'ചന്ദ്രോത്സവം' ചന്ദ്രപൂജയാണ്, അതോടൊപ്പം പ്രകൃതിപൂജയുമാണ്. പ്രകൃതി ഘടകങ്ങളെ പൂജിക്കുന്ന രീതി നിലനിന്നിരുന്ന കാലഘട്ടത്തിലെ ആരാധ്യഘടകങ്ങളിൽ വേശ്യാകുലപ്രധാനമായ ചന്ദ്രനെയാണ് ഈ കൃതിയിൽ പൂജിക്കുന്നത്. രാത്രിയും നിലാവുമാണ് വേശ്യകൾക്ക് അനുകൂലമായത്. അതിനാലാണ് ചന്ദ്രോത്സവം കൊണ്ടാടുന്നത്. നായികയായ മേദിനിവെണ്ണിലാവിന്റെ ജനനത്തിനായി അമ്മ ചന്ദ്രനെ വ്രതാനുഷ്ഠാനങ്ങളോടെ പൂജിക്കുന്നതായും കൃതിയിൽ പരാമർശമുണ്ട്. 'ചന്ദ്രോത്സവം' എന്ന കൃതി ചന്ദ്രനെ പൂജിക്കുന്നതിനുള്ള ഉത്സവമാണ്. ചന്ദ്രപൂജ വേശ്യാകുലത്തിന് പ്രധാനമാണ്. നിലാവിന്റെ പ്രാധാന്യമാണ് ചന്ദ്രപൂജയിലൂടെ വ്യക്തമാക്കപ്പെടുന്നത്. മേദിനിവെണ്ണിലാവ് എന്ന നായികയുടെ നാമത്തിലും നിലാവുമായുള്ള ബന്ധം വ്യക്തമാണ്.

തിരുനിഴൽമാലയിലും മണിപ്രവാളകൃതികളിലും മാത്രമാണ് ഭാവപരമായ സദൃശകല്പനകളായി പൊതുവെ ചന്ദ്രൻ പരാമർശിക്കപ്പെട്ടത്.

### 4.1.5.3.2.2.2. കവിത്രയകാലം

ആശാന്റെ 'നളിനി'യിൽ നളിനിയെ കാണുന്ന സന്ദർഭത്തിൽ വൃക്ഷച്ചുവട്ടിൽ ചന്ദ്രന്റെ ഏകരശ്മി ഇരിക്കുന്നതായാണ് ദിവാകരന് തോന്നുന്നത്.[72] എന്നാൽ നളിനിക്കാകട്ടെ ദിവാകരദർശനത്തിൽ

> "അപ്പൊഴാശു തനിയേ വിടർന്നവൾ-
> ക്കുല്പലങ്ങളൊടിടഞ്ഞ കണ്ണുകൾ
> ഉൾപ്രമോദമഥ വേലിയേറ്റമാർ-
> ന്നത്ഭുതാംഗിയുടെ ചന്ദ്രനോ യതി!" (2013:69)

എന്നിങ്ങനെ നളിനിയുടെ ചന്ദ്രനായി ദിവാകരനെ കല്പിച്ചിരിക്കുന്നു. ദിവാകരനെ കണ്ടപ്പോൾ നളിനിയുടെ കരിങ്കൂവളപ്പൂപോലുള്ള കണ്ണുകൾ താനേ വിടർന്നതിനെ ചന്ദ്രനെ കണ്ടപ്പോഴുള്ള വേലിയേറ്റമായി കവി കല്പിക്കുന്നു. 'ലീല'യിൽ മദനനെ ചന്ദ്രനായി കൽപിക്കുന്നു. ചന്ദ്രനെ പിന്തുടരുന്ന നക്ഷത്രം പോലെ മദനനു പിറകെ മരണത്തിലേക്ക് ലീല നടന്നടുത്തതായാണ് കവിത വ്യക്തമാക്കുന്നത്. ലീലയെ ആകർഷിക്കാനെത്തിയ യുവാക്കളാകുന്ന നക്ഷത്രങ്ങളുടെ ആകർഷണത്തലകപ്പെടാതെ ചന്ദ്രനസ്തമിച്ച രാത്രിപോലെ ലീല കഴിയുന്നതായി പരാമർശിക്കുന്നു. ഭർത്താവിന്റെയും മദനന്റെയും വേർപാടാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. 'ചിന്താവിഷ്ടയായ സീത'യിൽ സീത ചന്ദ്രനോട് യാത്ര പറയുന്ന സന്ദർഭമുണ്ട് (2013:458)

വള്ളത്തോളിന്റെ 'ദണ്ഡകാരണ്യ'ത്തിൽ ഗുരുപുത്രിയെ മതിമുഖിയെന്നാണ് കവി വിശേഷിപ്പിക്കുന്നത്. ചന്ദ്രനെപ്പോലുള്ള മുഖത്തോടുകൂടിയവൾ എന്നർത്ഥം. പ്രകൃതിയുമായി മനുഷ്യനെ സാദൃശ്യപ്പെടുത്തുന്നു.'ബാപ്പുജി' എന്ന കവിതയിൽ

> "യുദ്ധചന്ദ്രന്റെ ചില വെൺകതിർകഷ്ണങ്ങളെ
> ശ്രദ്ധയാ പെറുക്കുന്ന പുലർകാലത്തോടൊപ്പം" (2011:372)

എന്നിങ്ങനെ പുലർകാലത്തെ മഞ്ഞുതുള്ളികളെ ചന്ദ്രന്റെ കഷ്ണങ്ങളാണെന്ന് പരാമർശിക്കുന്നു. 'ഗ്രാമസൗഭാഗ്യ'ത്തിൽ ചന്ദ്രനാൽ കൂമ്പിക്കപ്പെടാത്ത പത്മം എന്ന് സ്ത്രീ സൗന്ദര്യത്തെ വിശേഷിപ്പിക്കുന്നു. ഇത്തരത്തിൽ ചന്ദ്രനും വർണ്ണനാപരമായി മാത്രമാണ് വള്ളത്തോൾ കൃതികളിൽ പരാമർശിക്കപ്പെടുന്നത്. ഉള്ളൂർ, ബാലാമണിയമ്മ, പള്ളത്ത് രാമൻ എന്നിവരിൽ ചന്ദ്രൻ പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെട്ടിട്ടില്ല.

**4.1.5.3.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം**

കേരളീയതയെ വർണ്ണിക്കുന്ന 'എഴുന്നള്ളത്ത്' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിതയിൽ കരിങ്കാറുകെട്ടിയ കോട്ടയിൽ അകപ്പെട്ട ചന്ദ്രബിംബമെന്ന് കവി മനസ്സിനെ കല്പിച്ചിരിക്കുന്നു. ഇടശ്ശേരിയുടെ 'കാവിലെ പാട്ടിൽ' ചന്ദ്രൻ ദേവിക്കുള്ള അർച്ചനപ്പൂവാണ്.

ഇത്തരത്തിൽ പി.കുഞ്ഞിരാമൻനായരിലും ഇടശ്ശേരിയിലും മാത്രമാണ് ചന്ദ്രൻ താരതമ്യേന ഭാവപരമായി കല്പിക്കപ്പെട്ടത്.

**4.1.5.3.2.2.4.** ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ ഇത്തരം പരാമർശങ്ങൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം.

**4.1.5.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും**

**4.1.5.3.3.1. പ്രാചീനമധ്യകാലഘട്ടം**

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ പൊതുവെ നശീകരണ സൂചനകളായി ചന്ദ്രൻ പരാമർശിക്കപ്പെടുന്നില്ല.

**4.1.5.3.3.2. കവിത്രയകാലം**

ഭൂമിയിലെ വിഭവങ്ങളെ ധൂർത്തടിക്കുന്ന മനുഷ്യർ ബഹിരാകാശത്തിലും തന്റെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതായി ബാലാമണിയമ്മയുടെ 'ശൂന്യാന്തരീക്ഷ ത്തിൽ' എന്ന കവിത വ്യക്തമാക്കുന്നു.

> "സർഗ്ഗധൂളികൾ പാറുമീയപാരതയുടെ
> യഗ്ര്യസൗന്ദര്യത്തിലും വെമ്പുകയല്ലോ കരൾ" (2012:505)

എന്നിങ്ങനെ ചന്ദ്രൻ, ഭൂമി, ശുക്രൻ, ബുധൻ എന്നീ പ്രകൃതിപ്രതിഭാസങ്ങളെ തന്റെ അല്പമായ അറിവുകൊണ്ട് അളന്നെടുക്കാൻ മനുഷ്യർ ആഗ്രഹിക്കുന്നു. മനുഷ്യന്റെ അതിമോഹങ്ങളുടെ പട്ടികനിരത്തുന്ന കവയിത്രി ഭൂമിയെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന മനുഷ്യർ മറ്റ് ഗ്രഹങ്ങളിൽ കടന്നുകൂടാൻ ശ്രമിക്കുന്നതായി വ്യക്തമാക്കുന്നു.[73] പുതുയുഗത്തിന്റെ ശാസ്ത്രസത്യങ്ങളെയാണ് കവിത ഉൾക്കൊള്ളുന്നത്. സൗരയൂഥത്തെ സൗന്ദര്യാത്മകമായി കാണുന്നതിൽ നിന്ന് ശാസ്ത്രബോധം മാറ്റങ്ങൾ വരുത്തുന്നു. ദൂരെ നിന്ന് ആസ്വദിക്കുന്നതിന് പകരം അവയെ അന്വേഷിക്കുകയും കീഴടക്കുകയും ചെയ്യുന്ന വിശ്വവിജയത്തിന്റെ വക്കിലാണ് ശാസ്ത്രജ്ഞാനം വികസിച്ച ആധുനിക മനുഷ്യൻ ചെന്നെത്തി നിന്നത്. വിദൂരങ്ങളിൽ മനുഷ്യൻ ആസ്വദിച്ച അവ്യാഖ്യേയ

സൗന്ദര്യങ്ങൾ ഉള്ളംകൈയിലമർത്താനുള്ള വെമ്പൽ ഈ കീഴടക്കൽ ത്വരയിൽ വ്യക്തമാണ്. സൗന്ദര്യാനുഭവത്തെ ശാസ്ത്രജ്ഞാനത്തിന്റെ വിപരീതദിശയിലാണ് പ്രതിഷ്ഠിക്കുന്നത്. കാല്പനികതയിൽനിന്നും യാഥാർത്ഥ്യത്തിലേക്കുള്ള പുരോഗമന പരമായ കുതിപ്പായി ഇതിന് വ്യാഖ്യാനം സാധ്യമാണ്. ഈ പുരോഗതിയെ ഉത്കണ്ഠ യോടുകൂടിയാണ് കവിത സമീപിക്കുന്നത്. പരിസ്ഥിതിബോധം വികസിച്ചിട്ടില്ലാത്ത കാലഘട്ടത്തിലാണ് ബാലാമണിയമ്മ കവിതകളെഴുതിയതെങ്കിലും പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യമനോഭാവത്തെ കണ്ടറിയാനും കവിതയിലവതരിപ്പിക്കാനും ബാലാമണിയമ്മക്ക് കഴിഞ്ഞു.

ചന്ദ്രൻ നശീകരണസൂചനയായി കവിത്രയകാലഘട്ടത്തിൽ ബാലാമണി യമ്മയിൽ മാത്രമാണ് പൊതുവെ അവതരിപ്പിക്കപ്പെട്ടത്.

**4.1.5.3.3.3.** കവിത്രയത്തിനുശേഷമുളള കാലം ആധുനികതാനന്തരഘട്ടങ്ങൾ എന്നിവയിൽ ഇത്തരം പരാമർശങ്ങൾ പൊതുവെ കാണപ്പെടുന്നില്ല.

### 4.1.5.4. നക്ഷത്രങ്ങൾ

നക്ഷത്രങ്ങൾ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. മതപരമായ ചിഹ്നമായും അത് പ്രത്യക്ഷപ്പെടുന്നുണ്ട്. നാടോടിവാങ്മയങ്ങളിലും മലയാളകവിതയിലും നക്ഷത്രങ്ങൾ പരാമർശിക്കപ്പെടുന്നതെപ്രകാരമെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

അച്ഛന്റെ പണം എണ്ണിയാൽ തീരില്ല, ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി, ആകാശത്ത് ചുള്ളി പൂത്തിരിക്കും, മുറ്റത്ത് വിത്ത് പെറുക്കിക്കൂടാ, ആയിരം കുറിയരി അതിലൊരു നെടിയരി, അതിരില്ലാത്ത വയലിലെ എണ്ണമില്ലാത്ത ആടുകൾ, കാവലില്ലാ കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുകൾ, കറുത്ത കടലിൽ വെളുത്ത കൊക്ക്, അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽത്തരികൾ എന്നിവയെല്ലാം നക്ഷത്രം ഉത്തരമാകുന്ന കടങ്കഥകളാണ്. ഉത്തരവും ചോദ്യവുമെല്ലാം പ്രകൃതിയുമായി ബന്ധപ്പെട്ടവയാകുന്നുണ്ട്. ആകാശത്ത് പൂ വിരിഞ്ഞതുപോലെ എന്നും കാന്താരി പൂത്തിറങ്ങി എന്നും കല്പന. നക്ഷത്രത്തെ പൂവായും വിത്തായും അരിമണി കളായും കണക്കാക്കുന്നു. എന്റച്ഛന്റെ പണം എണ്ണിയാൽ തീരില്ല എന്നുപറയുമ്പോൾ നക്ഷത്രങ്ങളുടെ എണ്ണത്തിന്റെ അനന്തതയും സമൃദ്ധിയുമാണ് സൂചിതമാകുന്നത്. നക്ഷത്രം നോക്കാൻ പുളിഞ്ചോട്ടിൽ പോണോ, നച്ചത്രം നച്ചത്രംന്നല്ല, നക്കത്രം നക്കത്രംന്ന് എന്നിങ്ങനെ നക്ഷത്രങ്ങളുമായി ബന്ധപ്പെട്ട ചൊല്ലുകളുണ്ട്.

### 4.1.5.4.1. വർണ്ണനകൾ

#### 4.1.5.4.1.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ നക്ഷത്രങ്ങൾ വർണ്ണനാപരമായി പരാമർശിക്കപ്പെടുന്നില്ല.

#### 4.1.5.4.1.2. കവിത്രയകാലം

ഉള്ളൂരിന്റെ 'കല്പശാഖി' എന്ന സമാഹാരത്തിലെ 'നക്ഷത്രങ്ങൾ' എന്ന കവിതയിൽ

"നിത്യവും താരങ്ങളേ!
　　നിങ്ങൾക്കെൻ നമസ്ക്കാരം;
തത്ത്വോപദേശം ചെയ്യു
　　മാചാര്യരല്ലീ നിങ്ങൾ" (1977:540)

എന്നിങ്ങനെ നക്ഷത്രങ്ങളെ തത്ത്വോപദേശികളായി കൽപിക്കുന്നു. ഭൂമി ഇരുട്ടിൽ മൂടുമ്പോൾ വന്നുദിക്കുകയും പ്രഭാതത്തിൽ സൂര്യനെക്കാണുമ്പോൾ അസ്തമിക്കുകയും ചെയ്തുകൊണ്ട് ലോകത്തിന് ഉണർച്ച നൽകുന്നവയാണ് നക്ഷത്രങ്ങൾ എന്ന് കവിത വ്യക്തമാക്കുന്നു.

കുട്ടികൾക്കുവേണ്ടി രചിച്ച പള്ളത്ത് രാമന്റെ 'നക്ഷത്രം' എന്ന കവിത നക്ഷത്രത്തിന്റെ വർണ്ണന മാത്രമാണ്.

**4.1.5.4.1.3.** കവിത്രയത്തിനുശേഷമുള്ളകാലം, ആധുനികതാഘട്ടം എന്നിവയിൽ പൊതുവെ നക്ഷത്രങ്ങൾ വർണ്ണനാപരമായി പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.4.1.4. ആധുനികതാനന്തരഘട്ടം

വീരാൻകുട്ടിയുടെ 'നക്ഷത്രങ്ങൾക്കു വേണമെങ്കിൽ.........' എന്ന കവിത

"നക്ഷത്രങ്ങൾക്കു വേണമെങ്കിൽ
പകലത്തെ സൂര്യന്മാർ
ആകാമായിരുന്നു
എന്നിട്ടും അവ രാത്രിയെ സ്വീകരിച്ചു" (2016: 306)

എന്നിങ്ങനെയാണ് ആരംഭിക്കുന്നത്. പ്രഭാതങ്ങളെ സൗമ്യമാക്കാനും ചൂടിനെ കുളിരാക്കാനും വെളിച്ചത്തെ നേരിയതാക്കാനും നക്ഷത്രങ്ങൾ ശ്രമിക്കുന്നതുകൊണ്ടാണ്

പൂവുകൾ നടുക്കമില്ലാതെ വിടരുകയും പുഴകളും കുഞ്ഞുങ്ങളും മയങ്ങുന്നതും എന്ന് കവിത വ്യക്തമാക്കുന്നു. ഈ നക്ഷത്രങ്ങളെ ഭൂതക്കണ്ണാടിയിൽ ഗന്ധകപ്പൂരയായും തോന്നുന്നുണ്ട്.

### 4.1.5.4.2. സദൃശകല്പനകൾ

#### 4.1.5.4.2.1. രൂപപരം

##### 4.1.5.4.2.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ സന്ധ്യയെ പുലിയായി വർണ്ണിച്ചപ്പോൾ പുലിയുടെ ശരീരത്തിലെ പുള്ളികളായി നക്ഷത്രങ്ങളെ വർണ്ണിക്കുന്നു. തിരുനിഴൽമാലയിലെ ഈ പരാമർശമാണ് എടുത്ത് പറയാനുള്ളത്.

**4.1.5.4.2.1.2.** കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ നക്ഷത്രങ്ങൾ താരതമ്യേന രൂപപരമായി പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.1.5.4.2.2. ഭാവപരം

##### 4.1.5.4.2.2.1. പ്രാചീനമധ്യകാലഘട്ടം

'ചന്ദ്രോത്സവ'ത്തിൽ മേദിനിവെണ്ണിലാവിന്റെ അമ്മയുടെ ഗർഭവൈവശ്യത്തെ പ്രഭാതസന്ധ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ സന്ധ്യാദേവിയുടെ മുടിയിലെ നക്ഷത്രങ്ങളായി പൂക്കളെ പരാമർശിക്കുന്നു. രാത്രിയാകുന്ന നായികയുടെ ശരീരത്തിലെ ആഭരണങ്ങളെന്നു തോന്നും വിധത്തിലും ഇരുട്ടാകുന്ന മദയാനയുടെ മസ്തകത്തിലെ പുള്ളികളെന്നു തോന്നുംവിധത്തിലും നക്ഷത്രങ്ങൾ വിളങ്ങി എന്നും പരാമർശമുണ്ട്.[74]

പ്രാചീനമധ്യകാലഘട്ടത്തിൽ ചന്ദ്രോത്സവത്തിൽ മാത്രമാണ് നക്ഷത്രങ്ങൾ ഭാവപരമായി അവതരിപ്പിച്ചിരിക്കുന്നത്.

##### 4.1.5.4.2.2.2. കവിത്രയകാലം

ആശാന്റെ 'ലീല'യിൽ മദനനാകുന്ന ചന്ദ്രനെ അനുഗമിച്ച നക്ഷത്രമായി ലീലയെ കൽപിച്ചിരിക്കുന്നു. ഭർത്താവിന്റെ മരണം അറിയാതെ ലീലയുടെ മനം കവരാനെത്തിയ യുവാക്കളെ നക്ഷത്രക്കൂട്ടമായി കല്പിക്കുന്നുണ്ട്. കൂടാതെ കാട്ടിൽ പാറപ്പുറത്തിരിക്കുന്ന ലീലയെ സന്ധ്യാസമയത്ത് കൊടുമുടിയിൽ ഇരിക്കുന്ന നക്ഷത്രത്തോട് സാദൃശ്യ പ്പെടുത്തിയിരിക്കുന്നു.

"മടുമലർ ശിലതന്നിലന്തിമേഘ-

ക്കൊടുമുടിപറ്റിയ താരപോൽ വിളങ്ങി"(1960:180)

'ചിന്താവിഷ്ടയായ സീത' യിൽ ഇരുട്ടിനെ കീറി വരുന്ന നക്ഷത്രങ്ങളോട് സീത യാത്ര ചോദിക്കുന്നു. (2013:458)

"അന്തിക്കുപൊങ്ങി വിലസീടിന താരജാലം

പന്തിക്കു പശ്ചിമപയോധിയണഞ്ഞു മുങ്ങി

പൊന്തിത്തുടങ്ങിയിതരോഡുഗണങ്ങൾ, സീതേ

എന്തിങ്ങിതെന്നൊരു തപസ്വനിയോടിവന്നാൾ"(2013:462)

എന്നിങ്ങനെ സന്ധ്യയ്ക്ക് നക്ഷത്രങ്ങൾ ആകാശത്ത് പ്രകാശിക്കുകയും സന്ധ്യയ്ക്ക് ഉദിക്കാത്തവ പശ്ചിമസമുദ്രത്തിൽ മുങ്ങിത്തുടങ്ങുകയും മറ്റ് നക്ഷത്രങ്ങൾ പൊങ്ങിവരികയും ചെയ്തിട്ടും സീത ആശ്രമത്തിന് പുറത്തിരുന്ന് ചിന്തിക്കുന്നതായി കവിത സൂചിപ്പിക്കുന്നുണ്ട്. സമയത്തിന്റെ സൂചന കൂടിയാണ് നക്ഷത്രങ്ങൾ. ആശാൻ കവിത പ്രകൃതിഘടകങ്ങളെ വളരെ സൂക്ഷ്മതയോടെ അവതരിപ്പിക്കുന്നതായാണ് ഈ കവിതഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നത്.

വള്ളത്തോളിന്റെ 'മഗദലനമറിയ'ത്തിൽ മറിയം ഭൂമിയിൽ നിൽക്കുന്നതു കണ്ട് ആകാശത്തിലെ നക്ഷത്രം താഴത്തേക്ക് വീണതാണോ എന്ന് സംശയിക്കുന്നു. സ്ത്രീയെ നക്ഷത്രവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. നക്ഷത്രശോഭയുള്ളവളായിട്ടാണ് മറിയത്തെ കവിത കല്പിക്കുന്നത്. മറിയത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യത്തെ അവതരിപ്പിക്കുന്നതിനുള്ള രൂപകമാണ് നക്ഷത്രങ്ങൾ. 'മിന്നുന്നതൊക്കെ പൊന്നല്ല' എന്ന കവിത നക്ഷത്രങ്ങളെക്കുറിച്ചുള്ളതാണ്. പഞ്ചിമസമുദ്രത്തിൽ ആണ്ടുപോയ സൂര്യനെന്ന ഭർത്താവിനൊപ്പമെത്താൻ ഓടിപ്പോകുന്നവളെന്ന് നക്ഷത്രത്തെ വിശേഷിപ്പിക്കുന്നു. നക്ഷത്രത്തെ സ്ത്രീയായും സൂര്യനെ പുരുഷനായും കല്പിക്കുന്നു. ഇവിടെ നക്ഷത്രങ്ങൾ സൂര്യനെക്കാൾ താഴ്ന്ന പദവിയിലാണ്. പുരുഷനെക്കാൾ താഴ്ന്നതാണ് സ്ത്രീയുടെ നില എന്നുതന്നെയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. കുമാരനാശാൻ 'ലീല'യിൽ മദനനാകുന്ന ചന്ദ്രനെ പിൻതുടരുന്ന നക്ഷത്രമായി ലീലയെ വിശേഷിപ്പിക്കുന്നുണ്ട്. ഇവിടെയും ചന്ദ്രനെക്കാൾ താഴ്ന്ന പദവിയാണ് നക്ഷത്രത്തിന് കല്പിക്കുന്നത്. ആകാശത്തിന്റെ സമ്പത്തായാണ് നക്ഷത്രത്തെ കാണുന്നത്. ഭൂമി മുഴുവൻ കൈവശമാക്കിയ മനുഷ്യവർഗ്ഗത്തിന്റെ നോട്ടം മേലോട്ടാണെന്നും അതിനാൽ സമ്പത്തെല്ലാം സംരക്ഷിച്ചുകൊള്ളാനും കവിത ആകാശത്തിന് മുന്നറിയിപ്പു

നൽകുന്നു.[75] ഭൂമിയിലെ നൈതൽപ്പൂവിനോടുള്ള പ്രേമം കൊണ്ടുമാവാം അത് താഴേക്ക് പതിച്ചതെന്ന് കവിത വ്യക്തമാക്കുന്നു. വാൽനക്ഷത്രം താഴേക്ക് പതിക്കുന്നതിനെയാവാം കവി ഇങ്ങനെയൊരു അലങ്കാര കല്പനയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. കൂടാതെ മനുഷ്യനുള്ള താക്കീതായും കവിത മാറുന്നു. ആകാശത്തു നിൽക്കുന്ന നക്ഷത്രങ്ങൾ പോലും കരിക്കട്ടയായി അസ്തമിച്ചിരിക്കുന്നു. എത്ര ഉയരത്തിലെത്തിയാലും താഴേക്ക് അല്ലെങ്കിൽ ഭൂമിയിലേക്ക് തിരിച്ചിറങ്ങേണ്ടി വരുമെന്ന പ്രകൃതിസത്യത്തെക്കൂടി കവിത അടയാളപ്പെടുത്തുന്നു.

ഉള്ളൂർ, ബാലാമണിയമ്മ, പള്ളത്ത് രാമൻ എന്നിവരിൽ പൊതുവെ നക്ഷത്രങ്ങൾ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.1.5.4.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ഭൂമിയിൽ മാത്രമല്ല ആകാശത്തിലുമുള്ള നക്ഷത്രങ്ങളെക്കാൾ മനോഹരിയായ നക്ഷത്രമെന്ന് ചങ്ങമ്പുഴയുടെ 'മോഹിനി'യിൽ നായികയെ വിശേഷിപ്പിച്ചിരിക്കുന്നു. 'രമണനി'ൽ ചന്ദ്രികയെയും നക്ഷത്രമെന്ന് കല്പന നടത്തുന്നുണ്ട്. ആകാശത്തെ വെള്ളിനക്ഷത്രം പുൽക്കൊടിയിൽ അനുരക്തയായതായി പരാമർശം. മദനനും ചന്ദ്രികയും തന്റെ ജീവിതമാകുന്ന ആകാശത്തിലെ നക്ഷത്രങ്ങളാണെന്ന് രമണൻ പറയുന്നുണ്ട്.

> "മാമകജീവിതാകാശത്തിലുണ്ടു, ര-
> ണ്ടോമനത്താരങ്ങൾ നിർമ്മലങ്ങൾ" (1974: 129)

ചന്ദ്രികയെ കാവ്യത്തിന്റെ പലഭാഗങ്ങളിലും വെള്ളിനക്ഷത്രമെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ചങ്ങമ്പുഴയുടെ 'ദേവത'യെന്ന കവിതയിൽ തേവിടിശ്ശിയെന്നു പറഞ്ഞ് അച്ഛൻ പുറത്താക്കിയ യുവതി ചോരക്കുഞ്ഞിനെയുമെടുത്ത് ഒരു മരച്ചുവട്ടിലിരിക്കുന്നു. ചോരക്കുഞ്ഞിനെ നോക്കി നക്ഷത്രങ്ങൾ ചിരിക്കുന്നതായി കവി വ്യക്തമാക്കുന്നു. കൃഷ്ണന്റെ മനസ്സിൽ ഒരു വെള്ളിനക്ഷത്രമായി താൻ മിന്നിനിൽക്കുന്നുവെന്ന് 'വസന്തോത്സവത്തിൽ' രാധ വ്യക്തമാക്കുന്നുണ്ട്. 'ആശ' എന്ന കവിതയിൽ

> "ഒരു വെൺമുകിൽമാലയായിരുന്നെങ്കിൽ, ചെന്ന-
> ച്ചെറുതാരകയെ ഞാനിക്ഷണം ചുംബിച്ചേനെ" (ഭാഗം 2, 1974:89)

എന്നിങ്ങനെ നക്ഷത്രത്തെ ചുംബിക്കാനാഗ്രഹിക്കുന്നതായി കവിത വ്യക്തമാക്കുന്നു. 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽ

"താരകകളേ, കാണ്മിതോനിങ്ങൾ
താഴെയുള്ളൊരീപ്രേതകുടീരം?
ഹന്ത, യിന്നതിൻ ചിത്തരഹസ്യ-
മെന്തറിഞ്ഞൂ, ഹാ, ദൂരസ്ഥർ നിങ്ങൾ?" (ഭാഗം 2, 1974:558)

എന്നിങ്ങനെ നക്ഷത്രങ്ങളോട് തന്റെ കല്ലറയ്ക്കുള്ളിലെ പാട്ടുകേൾക്കണമെന്ന് കവി ആവശ്യപ്പെടുന്നു.

പി. കുഞ്ഞിരാമൻനായരുടെ 'സൗന്ദര്യപൂജ'യിൽ ചളിപ്പാടത്ത് നക്ഷത്രങ്ങൾ താളു പെറുക്കുന്നതായി കല്പിക്കുന്നു. കൂടാതെ

"രാക്കരിക്കിൻ കണ്ണുകുത്തി-
ത്തള്ളും വെള്ളം തെറിക്കവേ;
ചിരിച്ചുകൊണ്ടൊന്നു കണ്ണു
ചിമ്മിപ്പോയ് പുലർതാരക" (1974:27)

എന്നിങ്ങനെ പ്രഭാതമായപ്പോൾ നക്ഷത്രങ്ങൾ കണ്ണുചിമ്മിയെന്ന മനോഹരമായ സദൃശകല്പന നടത്തിയിരിക്കുന്നു. അന്തിയാവുന്ന സമയത്ത് വെള്ളിനക്ഷത്രം ഉദിച്ചതായി 'വെള്ളിനക്ഷത്രം' എന്ന കവിത പരാമർശിക്കുന്നു. ആദ്യത്തെ ഓമൽപല്ലിന്റെ പുഞ്ചിരി പോലെയെന്നും പാതിവിടർന്ന ആമ്പൽ മൊട്ടുപോലെയെന്നും അപ്സ്സരസ്സിന്റെ വൈരക്കൽ മൂക്കുത്തിപോലെയെന്നും നക്ഷത്രത്തെ വിശേഷിപ്പിക്കുന്നു. 'നക്ഷത്രഭാഷ' എന്ന കവിതയിൽ ആകാശമാകുന്ന താളിലെ അക്ഷരങ്ങളായി നക്ഷത്രത്തെ കണക്കാക്കുന്നു. ആകാശഅക്ഷരങ്ങളെ കൂട്ടിവായിക്കാൻ സാധിക്കാതെ വരുന്നതിനെയും കവിത അടയാളപ്പെടുത്തുന്നു. പണ്ഡിതരെന്ന് സ്വയം പ്രാഖ്യാപിക്കുന്ന മനുഷ്യന് അപ്രാപ്യമായത് പലതും ഇനിയും പ്രകൃതിയിലുണ്ടെന്ന് കവിത ബോധ്യപ്പെടുത്തുന്നു. ഇടശ്ശേരിയുടെ 'കാവിലെപാട്ടി'ൽ ദേവിക്കുള്ള അർച്ചനപ്പൂവായി നക്ഷത്രത്തെ കല്പിച്ചിരിക്കുന്നു (2012:487). ഈ ഘട്ടത്തിൽ വയലാർ, വൈലോപ്പിള്ളി എന്നിവരിൽ നക്ഷത്രങ്ങൾ പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

**4.1.5.4.2.2.4.** ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിലും നക്ഷത്രപരാമർശങ്ങൾ പൊതുവെ ഭാവപരമല്ല.

### 4.1.5.4.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 4.1.5.4.3.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ നക്ഷത്രങ്ങൾ താരതമ്യേന നശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.1.5.4.3.2. കവിത്രയകാലം

'താരകോപദേശം' എന്ന ഉള്ളൂരിന്റെ കവിത ഭൂമിയെ ദയനീയമായവിധം ക്രൂശിക്കുന്ന മനുഷ്യനെ നക്ഷത്രങ്ങൾ ഉപദേശിക്കുന്ന രീതിയിൽ രചിക്കപ്പെട്ടതാണ്.

'താഴത്തു നിൽക്കുന്നോരെയാട്ടൊല്ലേ പെറ്റമ്മയാ-
മൂഴിയെക്കണ്ണീരാറ്റിൽ മുക്കൊല്ലേ; മനുഷ്യരേ!' (2006:888)

എന്നാണ് നക്ഷത്രങ്ങൾക്ക് മനുഷ്യരോട് പറയാനുള്ളത്. സ്വന്തം നിലയിൽ നിന്ന് താഴെ നിൽക്കുന്നവരെ നശിപ്പിക്കുന്ന മനോഭാവം ഉപേക്ഷിക്കാനാണ് നക്ഷത്രങ്ങൾ മനുഷ്യരോട് ആവശ്യപ്പെടുന്നത്. പെറ്റമ്മയായ ഭൂമിയെ കണ്ണീരിലാഴ്ത്തല്ലെ എന്നും നക്ഷത്രങ്ങൾ മനുഷ്യരോട് പറയുന്നു. നക്ഷത്രങ്ങൾ ഇവിടെ പ്രകൃതി സ്നേഹിയായ മനുഷ്യന്റെ പ്രതിനിധികൂടിയാണ്. ഈ ഘട്ടത്തിൽ ഉള്ളൂർ കവിത മാത്രമാണ് നക്ഷത്രത്തെ പ്രകൃതിനശീകരണസൂചനയുടെ പ്രതീകമായി അവതരിപ്പിച്ചത്.

#### 4.1.5.4.3.3. കവിത്രയത്തിനുശേഷമുള്ള കാലം

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ നക്ഷത്രങ്ങൾ താരതമ്യേന നശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.1.5.4.3.4. ആധുനികതാഘട്ടം

കുട്ടിക്കാലത്തെ കൗതുകമായി എല്ലാവരിലുമുള്ള നക്ഷത്രത്തെയും ബുദ്ധനെയും ഓർത്തുള്ള ദുഃഖമാണ് ഡി.വിനയചന്ദ്രന്റെ 'നക്ഷത്രം' എന്ന കവിത. മലകളുടെയും സമുദ്രങ്ങളുടെയും നദികളുടെയും മരണാസന്നമായ നിലയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.[76] ഈ കവിത ഇക്കോഫെമിനിസത്തിന്റെ രീതിശാസ്ത്രം ഉൾക്കൊള്ളുന്നു.

'നിലാവിന്റെ തണുത്ത കൈയിൽ
തളർന്നു കിടക്കുന്ന ഭൂമിയുടെ തേങ്ങൽ
എനിക്കു തിരിച്ചറിയാം' (1992:51)

എന്നാണ് കവി പറയുന്നത്. തളർന്നുകിടന്നുതേങ്ങുക കുഞ്ഞുങ്ങളുടെയും

സ്ത്രീകളുടെയും രീതിയാണ്. ഇത്തരത്തിൽ സ്ത്രീയുമായും കുഞ്ഞുമായും ഭൂമിയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

ഡി. വിനയചന്ദ്രനിൽ മാത്രമാണ് നക്ഷത്രങ്ങൾ പൊതുവെ നശീകരണ സൂചനകളായി ഈ ഘട്ടത്തിൽ പരാമർശിക്കപ്പെട്ടത്.

#### 4.1.5.4.3.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ നക്ഷത്രങ്ങൾ താരതമ്യേന നശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

## 4.2. സമയകാലങ്ങൾ

### 4.2.1. ഋതുക്കൾ

വർഷം, ശരത്, ഹേമന്തം, ശിശിരം, വസന്തം, ഗ്രീഷ്മം എന്നിങ്ങനെ ആറ് ഋതുക്കളാണ് ഭാരതീയ ദർശനപ്രകാരമുള്ളത്. മലയാളസാഹിത്യത്തിൽ ആദ്യകാലം മുതൽ തന്നെ ഋതുവർണ്ണനയ്ക്ക് പ്രത്യേകസ്ഥാനമുണ്ട്. ഋതുക്കൾ പ്രകൃതി വർണ്ണനയുടെ പ്രധാനഭാഗമായി കവിതയിൽ കടന്നുവരുന്നുണ്ട്.

#### 4.2.1.1. വർഷം

വർഷകാലമെന്നാൽ മഴക്കാലം. വർഷപരാമർശങ്ങൾ നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതയിലും പരാമർശിക്കപ്പെട്ടത് എപ്രകാരമെന്ന് ഈ ഭാഗത്ത് അന്വേഷിക്കുന്നു.

കണ്ണില്ലെങ്കിലും കരയും, കാലില്ലാത്തവൻ കണ്ണില്ലാത്തവൻ പറന്നുപറന്ന് നാടാകെ ഓടി, ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും, നാരില്ല നീരുണ്ട്, കാറ്റടിച്ചാൽ നീങ്ങും, നന്നായ് പഴുത്ത പഴമേത് എന്നിവയുടെ ഉത്തരം മേഘമാണ്. മഴമേഘങ്ങളിൽ നിന്ന് മഴ പൊഴിയുന്നതിനെ കൂടി ഈ ചൊല്ലുകൾ സൂചിപ്പിക്കുന്നു. മാമലതൊട്ട് മാമരം തൊട്ട് മാളികതൊട്ട് മണ്ണിലിറങ്ങും, മരത്തിലുണ്ട് വരത്തിലില്ല, ആഴത്തിലുണ്ട് ആനയിലില്ല (മഴ), ആരു നടക്കാൻ ആർക്കു കടക്കാൻ ആകാശത്തൊരു പാലം കാലുകളില്ല കൈകളുമില്ല കാണുക എന്തൊരുജാലം, നിറമേഴുള്ളൊരു പൂമൊട്ട്, നീളമെഴുന്നൊരു പൂമൊട്ട്, കൈയിലിരിക്കും പൂമൊട്ട്, ഞെട്ടു തിളങ്ങും പൂമൊട്ട്, മാനത്തെങ്ങാൻ മഴകണ്ടാൽ താനെ വിടരും പൂമൊട്ട് (മഴവില്ല്) എന്നിവ മഴയെയും മഴവില്ലിനെയും പരാമർശിക്കുന്നു.

കാവിലെ കൊച്ചു മിണ്ടിയാൽ മതി ലോകം വിറയ്ക്കും (ഇടിവെട്ട്), അവിടെക്കണ്ടു, ഇവിടെക്കണ്ടു പിന്നെ കണ്ടില്ല (മിന്നൽ), മലയരികെ പോകുന്ന കുട്ടിച്ചാത്തന്റെ അട്ടഹാസം കേട്ട് ഭൂമിദേവി ഗർഭിണിയായി (ഇടിവെട്ടി കൂൺ മുളച്ചു), മാനത്തു നിൽക്കുന്ന മണികണ്ഠൻ കാളയുടെ മണിനാദം കേട്ടപ്പോൾ വെള്ളമ്മപ്പശുവിനു ഗർഭം തോന്നി (ഇടിനാദം കേട്ട് കൂൺ മുളയ്ക്കുക) എന്നിങ്ങനെ മഴയുമായി ബന്ധപ്പെട്ട നിരവധി കടങ്കഥകളുണ്ട്. മഴക്കാറിനെ പഴുത്ത പഴമായും മഴവില്ലിനെ പൂമൊട്ട് വിരിഞ്ഞ് പൂവാകുന്നതായും കല്പിക്കുന്നു. ഇടിവെട്ടുമ്പോൾ കൂൺ മുളയ്ക്കുന്ന പ്രതിഭാസത്തെ ഭൂമിദേവി ഗർഭിണിയായി എന്ന പ്രതീകത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. ഇത്തരത്തിൽ മഴയും അനുബന്ധവസ്തുക്കളുമായി ബന്ധപ്പെട്ട നിരവധി കടങ്കഥകളുണ്ട്.

ചിങ്ങമാസത്തിലെ മഴ ചിരിച്ചും കരഞ്ഞും, ചിങ്ങമാദ്യം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല എന്നിവ ചിങ്ങമഴയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളാണ്. ചിങ്ങത്തിൽ തുടർച്ചയായല്ല ഇടവിട്ടിടവിട്ടാണ് മഴ പെയ്യുന്നതെന്നും ചിങ്ങമാസത്തിന്റെ ആദ്യദിനങ്ങളിൽ മഴയില്ലെങ്കിൽ പിന്നെ ആ മാസത്തിൽ മഴയുണ്ടാവില്ല എന്നുമുള്ള കാലാവസ്ഥാസ്വഭാവം കൂടി ഈ പഴഞ്ചൊല്ല് ഉൾക്കൊള്ളുന്നു. തിരുവാതിര ഞാറ്റുവേലയ്ക്കു തിരിമറിഞ്ഞൊഴുകണം, തിരുവാതിര ഞാറ്റുവേലയ്ക്കു തിരുമുറ്റത്തും തുപ്പാം, തിരുവാതിര ഞാറ്റുവേലയ്ക്കുവെള്ളം വന്നാൽ തിരുവോണം വന്നേ പോകൂ, തിരുവാതിരയിൽ നൂറുമഴയും നൂറുവെയിലും എന്നീ ചൊല്ലുകൾ തിരുവാതിര ഞാറ്റുവേലയിലെ സമൃദ്ധി വ്യക്തമാക്കുന്നു. തിരുമുറിയാതെ മഴപെയ്ത് എങ്ങും വെള്ളം നിറഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് തിരുവാതിര ഞാറ്റുവേലയിൽ ഉള്ളത്. തിരുവാതിര ഞാറ്റുവേലയുമായും മറ്റു ഞാറ്റുവേലകളുമായും ബന്ധപ്പെട്ട് നിരവധി പഴഞ്ചൊല്ലുകളുണ്ട്.

കർക്കിടമാസത്തിൽ പത്ത് ഉണക്കുണ്ട് എന്ന ചൊല്ല് മഴയൊഴിയാത്ത കർക്കിടകമാസത്തിലും കാണും വെയിലുള്ള പത്തുദിവസങ്ങൾ എന്ന് സൂചിപ്പിക്കുന്നു. 'കർക്കിടകത്തിൽ ഇടിവെട്ടിയാൽ കരിങ്കല്ലിനും ദോഷം എന്ന ചൊല്ല് ആ മാസത്തെ ഇടിയുടെ കാഠിന്യത്തെ വ്യക്തമാക്കുന്നു. കാറെടുത്തു വടക്കോട്ടെങ്കിൽ കൂടെടുത്തു കുന്നത്ത്, കാറെടുത്തു തെക്കോട്ടെങ്കിൽ കൂടെടുത്തു കുണ്ടില് എന്ന ചൊല്ല് മഴക്കാറിന്റെ സ്ഥാനവും മഴയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന പ്രകൃതിതത്ത്വം ഉൾക്കൊള്ളുന്നു. ഉത്തരഭാഗം ഉയർന്നും ദക്ഷിണഭാഗം താഴ്ന്നുമുള്ള സഹ്യപർവ്വതത്തിന്റെ കിടപ്പുകാരണം വടക്കോട്ടു കാറുപോയാലേ മഴ പെയ്യുകയുള്ളൂ എന്നാണ് ഈ

പഴഞ്ചൊല്ലുകൾ വ്യക്തമാക്കുന്നത്. തുലാവർഷം കണ്ട് ഓടിയവനുമില്ല കാലവർഷം കണ്ട് ഇരുന്നവനുമില്ല എന്ന ചൊല്ല് തുലാവർഷത്തെയും കാലവർഷത്തെയും മഴയുടെ രീതി വെളിപ്പെടുത്തുന്നു. തുലാവർഷകാലത്ത് മഴക്കാറ് കണ്ടാലും മഴ പെയ്യാൻ താമസമെടുക്കുമെന്നും കാലവർഷത്തിൽ പെട്ടെന്നു തന്നെ മഴയുണ്ടാവുമെന്നും സൂചന. ചെമ്മാനം കണ്ടാൽ അമ്മാനത്തു മഴയില്ല, ചെമ്മാനം കണ്ടാൽ അന്നു മഴ പെയ്തില്ലെങ്കിൽ പിന്നക്കൊല്ലം മഴയില്ല, മീനത്തിൽ മഴ പെയ്താൽ മീനും എരയില്ല, മാനം ചെമ്മാനമായാൽ മഴ അന്നുണ്ട്, മിന്നലിനു പിന്നെ മഴ, മിന്നിയാൽ മഴ പെയ്യുമോ, അന്തിക്കുവന്ന മഴയും അമ്യാരെ പിടിച്ച പിശാചും വിടുകയില്ല, അത്തം ഞാറ്റുവേലയിൽ അകലെക്കൊണ്ടു വടിച്ചുനട്ടാൽ മതി എന്നിങ്ങനെ മഴയുമായി ബന്ധപ്പെട്ട് ധാരാളം പഴഞ്ചൊല്ലുകളുണ്ട്. ഇവയെല്ലാം ഓരോ കാലത്തെ മഴയുടെ രീതിയും ഫലങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നു. പ്രകൃതി കൃത്യതയോടെ പ്രവർത്തിച്ചിരുന്ന കാലഘട്ട ങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരം പഴഞ്ചൊല്ലുകളുടെ പിറവി. എന്നാൽ മഴയും ഋതുവുമെല്ലാം തകിടം മറിഞ്ഞിരിക്കുന്ന സമകാലിക സന്ദർഭത്തിൽ ഇത്തരം പഴഞ്ചൊല്ലുകളുടെ ആശയങ്ങൾ തന്നെ ചോദ്യചിഹ്നങ്ങളായി മാറുന്നു. ഇവയിൽ സൂചിതമാകുന്നതുപോലുള്ള മഴകൾ ഇന്നില്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞു കഴിഞ്ഞു. ആ കാലഘട്ടത്തിലെ മഴയുടെ സ്വഭാവങ്ങളെയും സമൃദ്ധിയെയും തിരിച്ചറിയുന്നതിന് ഈ പഴഞ്ചൊല്ലുകൾ സഹായകമാകും. പ്രകൃതിയിലുണ്ടാവുന്ന മാറ്റത്തിനനുസരിച്ച് പഴഞ്ചൊല്ലുകളിലും മാറ്റമുണ്ടാകുന്നു.

#### 4.2.1.1.1. വർണ്ണനകൾ

#### 4.2.1.1.1.1. പ്രാചീനമധ്യകാലഘട്ടം

'രാമചരിത'ത്തിൽ രാമൻ രാവണവധത്തിന് തയ്യാറെടുക്കുന്ന അവസരത്തിൽ മേഘങ്ങൾ പേമാരി പൊഴിഞ്ഞ് വരാൻ പോകുന്ന രാവണവധത്തിന്റെ സൂചന നൽകുന്നു. പ്രകൃതി തന്റെ ഗ്രാഹകശക്തിയാൽ വരാൻ പോകുന്ന ദുരന്തങ്ങളെയും സന്തോഷ ങ്ങളെയും അറിയിക്കുന്നു എന്ന വിശ്വാസമാണിവിടെ പ്രേരണ. മഴ അലങ്കാരകല്പന കളായും രാമചരിതത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സീതയെ മോഷ്ടിച്ച നിന്റെ പിമ്പേ വരാൻ ആടിമാസങ്ങൾ മഴക്കാലം വന്നടുത്തതു കൊണ്ട് സാധിച്ചില്ല എന്ന് രാമൻ രാവണനോടു പറയുന്നുണ്ട്.

'രാമകഥപ്പാട്ടി'ൽ വനത്തിൽ സീതാരാമലക്ഷ്മണന്മാർ താമസിക്കുന്ന സന്ദർഭ ത്തിൽ ശക്തിയേറിയ വർഷം കാമപീഡ ഉളവാക്കി അവസാനിപ്പിച്ചപ്പോൾ തളിരുകൾ

പൊടുക്കുന്ന വസന്തം വന്നു എന്നു പരാമർശമുണ്ട്. മഴ കൂടിയതിനാൽ ഏഴു സമുദ്രവും മഹാമേരുവിൽ വിരുന്നുപോവാൻ തയ്യാറാകുന്ന മധുരമായ വർഷകാലരാത്രിയിൽ മേദിനീവെണ്ണിലാവ് കാമോത്സവങ്ങളിൽ മുഴുകി എന്നു 'ചന്ദ്രോത്സവ'ത്തിൽ പരാമർശം. മഴയുടെ വർദ്ധനവിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത് (2016:77)

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ൽ ബാലിവധത്തിനു ശേഷം രാമലക്ഷ്മണന്മാർ പ്രഹർഷണം എന്ന പർവ്വതത്തിലെ ഗുഹയിൽ വർഷകാലം കഴിച്ചു കൂട്ടിയതായി പറയുന്നുണ്ട്. വായുവിൽ ചലിക്കുന്ന മേഘങ്ങളെക്കണ്ട രാമന് മിന്നൽപ്പിണരിന്റെ വെളിച്ചത്തിൽ ഊഞ്ഞാലിലാടുന്ന ആനക്കൂട്ടത്തെപ്പോലെ തോന്നി എന്നും ഇളംപുല്ലു തിന്ന് കൊഴുത്തു തടിച്ച മാനുകളും അതുപോലെ പക്ഷികളും ചാടിത്തുള്ളി രാമനെ നോക്കി എന്നും പറയുന്നുണ്ട്.

ഇത്തരത്തിൽ പ്രാചീനമധ്യകാലഘട്ടത്തിലെ രാമായണകൃതികളിൽ മാത്രമാണ് വർഷകാലം പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.1.1.1.2. കവിത്രയകാലം**

ഋതുവർണ്ണയ്ക്ക് പ്രധാന്യം കൊടുത്ത കവിയാണ് വള്ളത്തോൾ. 'ഋതുവിലാസം' എന്ന കാവ്യത്തിൽ ആറ് ഋതുക്കളെയും കവി വർണ്ണിക്കുന്നുണ്ട്. ഓരോ ഋതുവിന്റെയും പ്രത്യേകതകൾ കൃത്യമായി ഈ കാവ്യം ഉൾക്കൊള്ളുന്നുണ്ട്. 'ഋതുവിലാസം' കാളിദാസകൃതിയുടെ വിവർത്തനമാകയാൽ വിശദപഠനത്തിന് സ്വീകരിക്കുന്നില്ല. 'ഗ്രാമസൗഭാഗ്യ'ത്തിൽ പലഭാഗങ്ങളിലായി വർഷകാലവർണ്ണന നടത്തുന്നുണ്ട് കവി.

"ഹരിദന്തങ്ങളിലിളകി-
ച്ചെരിവുകളിൽച്ചേർന്നുകൂടി, യന്യോന്യം
പിരിയുന്ന കാറിനത്താൽ
മരവുരിയെയഴിച്ചിതോ, വിന്ധ്യൻ!" (2011:675)

എന്നിങ്ങനെ മഴക്കാലം തുടങ്ങിയതായി കവിത വ്യക്തമാക്കുന്നു. കാർമുകിലുയർന്നതു കണ്ട നായിക വർഷകാലം ഭർതൃവിരഹിയായ തന്നെ കൊന്നുകളയും എന്ന് വിലപിക്കുന്നതായി ഗ്രാമസൗഭാഗ്യത്തിൽ പരാമർശമുണ്ട്. വർഷകാലത്ത് പകലുകൾ രാത്രിയായി അനുഭവപ്പെടുന്നതിനെയും മയിലുകൾ നൃത്തം ചെയ്യുന്നതിനെയും കവിതയിൽ പരാമർശിക്കുന്നുണ്ട്. മറ്റൊരുഭാഗത്ത് വർഷകാലത്ത് പുതുതായ് മുളച്ച പുല്ലാകുന്ന പുളകത്തെ വിന്ധ്യൻ അണിഞ്ഞിരിക്കുന്നതായി വർണ്ണിക്കുന്നു.

പൂത്തിടചേർന്ന കടമ്പുകളും കഴുകിയ പാറപ്പുറങ്ങളും നൃത്തമാടുന്ന മയിലുകളും ഒഴുകുന്ന ചോലകളും ചേർന്ന മഴക്കാലവർണ്ണനയും ഗ്രാമസൗഭാഗ്യത്തിൽ കാണാം. ഇത്തരത്തിൽ ഗ്രാമസൗഭാഗ്യമെന്ന വള്ളത്തോൾക്കൃതി വർഷകാലത്തിന്റെ വിവിധ വർണ്ണനകൾ ഉൾക്കൊള്ളുന്നു. ഇവയെല്ലാം വർണ്ണനയ്ക്കപ്പുറം പ്രകൃതിബോധത്തിലേക്ക് വളരുന്നില്ല. ഇവിടെ സൗന്ദര്യാത്മകമായ വർണ്ണനയാണുള്ളത്.

'കാറുകണ്ട കർഷകൻ' എന്ന വള്ളത്തോൾക്കവിത വേനൽച്ചൂടിനുശേഷം മഴക്കാറ് കാണുന്നതിനെയാണ് പ്രമേയമാക്കുന്നത്.

"നിദാഘസന്ധ്യാർക്കമയൂഖമായ
നീർമിക്കതും വറ്റിയതോടുകൂടി,
ആകാശമാം വാപിയിലംബുവാഹ-
മങ്ങിങ്ങു പൊങ്ങി ചളിയെന്നപോലെ" (2003:143)

കടുത്ത വേനലിനുശേഷം ലഭിച്ച മഴയിൽ ആഹ്ലാദിക്കുന്ന കാഴ്ചകൂടിയാണിവിടെ പരാമർശിക്കപ്പെടുന്നത്. ഭർത്തൃസമാഗമത്താൽ സ്ത്രീകളുടെ കവിൾ തുടുക്കുന്നതു പോലെ ആകാശത്ത് മഴക്കാറുകണ്ട് തുടുത്തുപോയ ഭൂമിയെ കവിത പരാമർശിക്കുന്നു. മഴക്കാറിനെ പുരുഷനായും താഴെ നിൽക്കുന്ന ഭൂമിയെ സ്ത്രീയായും കല്പന നടത്തുന്നു. ഇവിടെയും ഉയർന്ന നില പുരുഷനും താഴ്ന്നത് സ്ത്രീയ്ക്കുമാണ്.

ബാലാമണിയമ്മയുടെ 'മഴവെള്ള'ത്തിൽ എന്ന കവിത മഴക്കാലത്തിന്റെ വർണ്ണനയാണ്.

"അമ്മേ, വരൂ വരൂ വെക്കം വെളിയിലേ; -
യ്ക്കല്ലെങ്കിലീമഴ തോർന്നുപോമേ;
എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽത്തത്തിച്ചാടാൻ" (2012:132)

എന്ന് മഴവെള്ളത്തിൽ കളിക്കാൻ അമ്മയെക്കൂടി ക്ഷണിക്കുന്ന കുഞ്ഞു മനസ്സാണീ ക്കവിതയിൽ വ്യക്തമാകുന്നത്. മഴ നനയുന്നതിലൂടെ പ്രകൃതി കുഞ്ഞിനെ മഴയെന്ന അനുഭവത്തിലേക്ക് വിളിക്കുന്നു.

'പ്രകൃതിയുടെ പ്രക്ഷോഭണം' എന്ന പള്ളത്ത് രാമന്റെ കവിത എടവപ്പാതിയിലെ കനത്തമഴയെ സൂചിപ്പിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്.

"കോപപ്പാഴ്ക്കലികൊണ്ടു ചീറുമീപ്രകൃതിതൻ
രൂപമോ രൂക്ഷം! കാറ്റിനൂറ്റവും കരാളമേ!
പ്രകൃതീശ്വരി നിജ ഭീഷണനൃത്തോത്സവം
തകൃതി കുലുക്കവേ, കൂടവേ കൂത്താടുന്നു" (1989:92)

എന്നിങ്ങനെ ഇടവപ്പാതിയിലെ ശക്തമായ മഴയെയും കൊടുങ്കാറ്റിനെയും വിശദമാക്കുന്നു. കുട്ടികൾക്കായി പള്ളത്ത് രാമൻ എഴുതിയ കവിതയാണ് 'വർഷകാലം'. നട്ടുച്ചയ്ക്ക് ചുട്ടുപഴുത്തു നിൽക്കുന്ന സൂര്യന്റെ രീതി മാറുകയും കാർമേഘവും മിന്നലും മഴയും ആരംഭിച്ചതായും കവിത വ്യക്തമാക്കുന്നു (1989:106). മഴക്കാലാരംഭത്തോടെ വഴിയോരത്തെ ചെടികൾ പച്ചപിടിക്കുന്നതിനെക്കുറിച്ചും മഴയത്ത് കുട്ടികൾ സ്ക്കൂളിൽ പോകുന്നതിനെക്കുറിച്ചും കവിത പരാമർശിക്കുന്നു.

"പാടേതവളകൾ താളവും മേളവും
പാടത്തുകൂടിത്തകർത്തീടുന്നു
മേനിമെലിഞ്ഞൊരു തോടും പുഴകളും
മേന്മലേ വൃഷ്ടിയാൽ പുഷ്ടി തേടി" (1989:106)

എന്നിങ്ങനെ മഴക്കാലത്ത് പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ കവിത വർണ്ണിക്കുന്നു. ഇവിടെയെല്ലാം മഴക്കാലത്തിന്റെ വർണ്ണന മാത്രമാണുള്ളത്. മഴ നനയാതെ മാറി നിന്ന് മഴക്കാലത്തെ വർണ്ണിക്കുന്നു.

ആശാൻ, ഉള്ളൂർ എന്നിവരിൽ പൊതുവെ മഴക്കാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.2.1.1.1.3. കവിത്രയത്തിനുശേഷമുള്ള കാലം

'കൃതാർത്ഥൻ ഞാൻ' എന്ന ചങ്ങമ്പുഴയുടെ കവിതയിൽ

"ഇന്നിപ്പോളിഷ്ടം പോലെ വേതാളനൃത്തം ചെയ്തു.
നിന്നു കൊള്ളട്ടേ കാലവർഷം, നീ കുലുങ്ങൊല്ലേ
മിന്നലും കൊടുങ്കാറ്റുമിരുളും കാറും കോളു
മൊന്നു ചേർന്നിടിവെട്ടിപ്പേമാരി വർഷിച്ചോട്ടെ!" (ഭാഗം 1, 1990:138)

എന്നിങ്ങനെ കാലവർഷത്തെ പരാമർശിക്കുന്നു. വർഷകാലത്തുണ്ടാകുന്ന മിന്നൽ, കൊടുങ്കാറ്റ്, കാർമേഘം ഇടിവെട്ട്, പേമാരി എന്നിവയെ രണ്ടുവരികളിലൊതുക്കുന്നു ചങ്ങമ്പുഴ. 'എന്നിട്ടും വന്നില്ല' എന്ന കവിതയിൽ വർഷകാലപരാമർശമുണ്ട്.

വർഷകാലമെത്തിയിട്ടും ആത്മനായകൻ തന്റെ അടുത്തെത്തിയില്ലെന്ന് നായിക തോഴിയോട് പറയുന്നു. ആകാശത്ത് കാർമുകിൽ മൂടിയതായും

"രാവും പകലും തിരിച്ചറിഞ്ഞീടുവാ-
നാവാതെ വർഷവുമെത്തി.
കത്തിയെരിഞ്ഞ ജഗത്തു, പേമാരിയിൽ-
തത്തിക്കുളിർത്തു നീരാടി" (ഭാഗം 2, 1974:599)

എന്നിങ്ങനെ രാത്രിയും പകലും തിരിച്ചറിയാനാവാത്ത വിധത്തിലുള്ള മഴക്കാലത്തെ ക്കുറിച്ചു പരാമർശിക്കുന്നു. അതിനൊപ്പം കണ്ണുനീരൊഴുകിയതായും വർണ്ണനയുണ്ട്.

പൊള്ളുന്ന വേനലിനുശേഷം വർഷം വന്നതായി ഇടശ്ശേരിയുടെ 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ പരാമർശിക്കുന്നുണ്ട്. മഴ വന്നപ്പോൾ പാടത്ത് നെൽക്കതിരുകൾ തിടംവച്ചു വളർന്നതായി പറയുന്നു. അത് കർഷകന്റെ മനസ്സിൽ ആഹ്ലാദമുണ്ടാക്കുന്നതായും കവിത വ്യക്തമാക്കുന്നു.

ദാമ്പത്യജീവിതം പ്രമേയമാക്കുന്ന വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാടം' വർഷകാലവർണ്ണനയിലൂടെയാണ് വികസിക്കുന്നത്. വർഷകാലത്തിലെ ജലപ്രകൃതിയാണ് കവിതയുടെ പഞ്ചാത്തലം. കവിയും ഭാര്യയും അമ്പലത്തിലേക്കുള്ള യാത്രയിൽ ജീവിതമാകുന്ന പാടമാണ് മുറിച്ചുകടക്കുന്നതെങ്കിലും കവിതയുടെ പുറം കാഴ്ചയിൽ അത് 'വർഷപ്പാടമാണ്'. ഞാറിന്റെ പച്ചത്തലപ്പും വരമ്പിന്റെ ചില ഭാഗങ്ങളും മാത്രം കാണുകയും ബാക്കിയെല്ലാം വെള്ളത്തിനടിയിലാവുകയും ചെയ്ത വർഷകാലപാടമാണ് കവിത അവതരിപ്പിക്കുന്നത്. കൊറ്റികൾ പറക്കുന്നില്ല എന്നും കൈതകൾ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു എന്നും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ മഴക്കാലത്ത് പരന്നുകിടക്കുന്ന വെള്ളമാണ് വർണ്ണിക്കപ്പെടുന്നത്.

"കണ്ടു നാം, വരമ്പായ
വരമ്പിൻ ദ്വാരം തോറും
ഞണ്ടുകൾ വരിഷത്തെ
സ്വാഗതം ചെയ്തേ നില്പൂ" (2001:438)

വർഷകാലത്തുണ്ടാവുന്ന ഞണ്ടിൻപോടുകളെയാണ് ഇവിടെ പരാമർശിക്കുന്നത്. വയലിന്റെ സീമന്തരേഖയായി കൈത്തോടിനെ പരാമർശിക്കുന്നു.

വൈലോപ്പിള്ളിയുടെ 'വർഷാഗമം' എന്ന കവിതയും വർഷത്തിന്റെ മനോഹരമായ

വർണ്ണനയാണ് ഉൾക്കൊള്ളുന്നത്. മീനമാസപ്രഭാതത്തിലെ മഴയെയാണ് 'മീനപ്പുലരിയിലെ മഴ' എന്ന കവിത അർത്ഥമാക്കുന്നത്. തേക്കുപാട്ടിനൊപ്പം പ്രഭാതം വരുമ്പോൾ ആരും നിനയ്ക്കാതെ തന്നെ വെള്ളിനൂൽപോലുള്ള മഴ വന്നതായി കവിത വ്യക്തമാക്കുന്നു. മഴയിൽ മണ്ണും മനസ്സും നിറയുകയും ചെടികളുടെ വരണ്ട തൊണ്ട നനയുകയും ചെയ്തു.

"നന്മഴയ്ക്കൂഴിയോ, ടെന്നോ പിരിഞ്ഞൊരു
നന്ദിനിയ്ക്കമ്മയോടുള്ള കഥാരസം" (2001:547)

എന്നിങ്ങനെ മകളും അമ്മയും എന്ന ബന്ധമാണ് മഴയ്ക്ക് ഭൂമിയോട് കല്പിക്കപ്പെടുന്നത്. 'വേനൽക്കൊരു മഴ' വേനലിലെ മഴയെ വർണ്ണിക്കുന്നു. മേഘമാകുന്ന പശുക്കളുടെ അകിടുചുരന്നതാണ് മഴ എന്ന് വർണ്ണിക്കുന്നു. പ്രകൃതിമാതാവ് ചരാചരങ്ങളെ വിളിച്ച് പാലൂട്ടുന്നതായും കവിത വ്യക്തമാക്കുന്നു. മഴയേറ്റ് മരങ്ങളുടെ കവിൾ മിന്നുകയും തൈച്ചക്കകളുടെ വയർ വീർക്കുകയും വെള്ളില ചിരിക്കുകയും മുല്ലയ്ക്ക് കുളിരുകയും ചെയ്യുന്നതായും പരാമർശിക്കുന്നു. ഇത്തരത്തിൽ വേനലിൽ തപിച്ചിരിക്കുന്ന പ്രകൃതി മഴയെ വരവേൽക്കുന്നതെങ്ങനെയെന്ന് കവിത വ്യക്തമാക്കുന്നു.

രാത്രിയിലെ പേമാരിയെയാണ് 'വർഷവും വസന്തവും' എന്ന കവിത അവതരിപ്പിക്കുന്നത്. മന്ത്രവാദിനി മൺചട്ടിയിൽ കഷായമുണ്ടാക്കുന്നതുപോലെ പേമാരിയും കാറ്റും തിളച്ച് മറിഞ്ഞ് ഭൂമിയെ നശിപ്പിക്കുമെന്ന് കവിത സൂചിപ്പിക്കുന്നു. പുഴകളെല്ലാം കവിഞ്ഞൊഴുകി മനുഷ്യർക്കെല്ലാം ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും "പിന്നെയും മുടിയഴിച്ചിട്ടു തുള്ളുന്നൂ മാരി" (2001:906) എന്നിങ്ങനെ നിർത്താതെ പെയ്യുന്ന മഴ ഇവിടെ അവതരിപ്പിക്കപ്പെടുന്നു. വർഷത്തിൽ നിന്നു കരകേറാൻ വസന്തമായി സോവ്യറ്റ്നാട് വന്നതായി കവിത പറയുന്നു. യുദ്ധമാകുന്ന വർഷത്തെ അതിജീവിക്കാൻ സോവ്യറ്റ് യൂണിയൻ കൈപിടിച്ചതിനെയാണ് കവിത അടയാളപ്പെടുത്തുന്നത്. ഇവിടെ യുദ്ധത്തെ വർഷമായും സോവ്യയറ്റ് യൂണിയന്റെ സഹായത്തെ വസന്തമായും വർണ്ണിക്കുന്നു.

പി. കുഞ്ഞിരാമൻനായർ, വയലാർ എന്നിവരുടെ കൃതികളിൽ പൊതുവെ വർഷകാലം വർണ്ണനാപരമല്ല.

### 4.2.1.1.1.4. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'മഴക്കാലം' എന്ന കവിതയിൽ മഴക്കാലത്തിന്റെ കൃത്യമായ വർണ്ണനയുണ്ട്. മഴമേഘത്തെ ആനയായും മഴയെ തുമ്പിക്കൈയിൽ നിന്നു ചീറ്റുന്ന

വെള്ളമായും കാണുന്നു.

"മദിച്ചു ചിന്നംവിളി-
ച്ചിളകി കൂട്ടംകുത്തി-
ത്തിമിർക്കും കൊലകൊമ്പൻ
പൊങ്ങിയോ വാനത്തോളം?" (2015:264)

എന്നിങ്ങനെ കുറുമ്പന്മാരായ ആനക്കൂട്ടമായി മഴമേഘങ്ങളെ കല്പിക്കുന്നു. ക്രുദ്ധരായ പാമ്പുകൾ ഫണംവിടർത്തി കൊത്തുന്നതായാണ് കർക്കിടകത്തിലെ മഴയെക്കുറിച്ച് പറയുന്നത്. വികൃതിക്കുട്ടന്മാർക്ക് പൂരമായും കൂരയിൽക്കഴിയുന്നവർക്ക് ദുഃസ്വപ്നമായും മാറുന്ന മഴക്കാലത്തിന്റെ വ്യതസ്ത അനുഭവങ്ങൾ കവിത വ്യക്തമാക്കുന്നു. 'മഴ' എന്ന കവിതയിൽ മഴയുടെ താളത്തിൽ മഴയെ വർണ്ണിക്കുന്നു. മഴയുടെ വർണ്ണന മാത്രമാണിവിടെയുള്ളത്.

'കാലവർഷത്തിന്റെ ചിറകുകളിൽ' എന്ന എൻ.എൻ. കക്കാടിന്റെ കവിത കാലവർഷ ത്തിന്റെ വർണ്ണനയാണ്. ദിക്കുകളും ആകാശവും ഇരുണ്ട് വരുന്ന മഴക്കാലത്തെ കവിത അവതരിപ്പിക്കുന്നു.

അയ്യപ്പപ്പണിക്കരുടെ 'ഒരു മഴ പെയ്തു' എന്ന കവിതയിൽ മഴ പെയ്തപ്പോൾ ഭൂമിക്കുണ്ടായ മാറ്റങ്ങളെ വ്യക്തമാക്കുന്നു. മഴ പെയ്തപ്പോൾ ഭൂമിയിൽ കതിരുകൾ നിറഞ്ഞ് തളിർത്തതായി പറയുന്നു. വാദ്യങ്ങളോടെ ഇടിപടഹങ്ങൾ മുഴക്കി പൊടിപടല ങ്ങളുയർത്തി, കൊടിതോരണങ്ങൾ വീശി വരുന്ന ഉത്സവമായി മഴയെ വർണ്ണിക്കുന്നു.

'വർഷമയൂരം' എന്ന സുഗതകുമാരിയുടെ കവിതയിൽ മഴയെ മയിലായി കാണുന്നു. നൃത്തം ചെയ്യുന്ന സുന്ദരിയായ മഴയുടെ കാമുകനായി മാറുന്നു ആഖ്യാതാവ്. മഴക്കാറും കുട്ടിക്കളിമാറാത്ത കാറ്റും നീലക്കടലിന്റെ ദുഃഖവും തന്റേതെന്ന് കവിത വ്യക്തമാ ക്കുന്നുണ്ട്.

"കാറിരമ്പുന്നൂ, കടൽ-
ത്തിരകൾ കുതിച്ചുയർ-
ന്നാടുന്നൂ, വാരിക്കോരി-
പ്പേമാരി ചൊരിയുന്നൂ,
തെന്നലെൻ തലമുടി
ചിന്നുന്നൂ, നനഞ്ഞുംകൊ-

ണ്ടിങ്ങനെ നിന്നീ നിന്റെ

നർത്തനം കാണുന്നൂ ഞാൻ” (2011:29)

എന്നിങ്ങനെ മഴയുടെ നൃത്തം അവതരിപ്പിക്കുന്നു. മഴയെ നർത്തകിയായ സ്ത്രീയായി കല്പിക്കുന്നു. തെളിമഞ്ഞവെയിലാകുന്ന പട്ടുവസ്ത്രവും ശരീരത്തിൽ തളിരും താരും ചാർത്തിയും വരുന്നു മഴ.നെറ്റിയിൽ കുറുനിരയും ചന്ദനക്കുറിയുമണിഞ്ഞ് ഓമന മുഖവും വെളുത്ത ശരീരവും മുല്ലപ്പൂവിന്റെ നിറമുള്ള വസ്ത്രം അണിഞ്ഞുമാണ് മഴ എത്തുന്നത്. ഇത്തരത്തിൽ മനോഹരമായി നൃത്തം ചെയ്യുന്ന കന്യകയായി മഴയെ കാണുന്നു. അവളെ പ്രണയിക്കുന്നവനായി ആഖ്യാതാവ് മാറുന്നു. കൂടാതെ കോപിക്കുമ്പോൾ കൊടുങ്കാറ്റും ഇടിമിന്നലുമായി ശക്തമായി നൃത്തം ചെയ്യുന്നവളായി മഴ മാറുന്നു. ആ മഴയോടൊപ്പം ചേരാൻ കവയിത്രി ആഗ്രഹിക്കുന്നു. ഇത്തരത്തിൽ പുല്ലായി, നാമ്പായി, പുതുപൂക്കളായി, നെല്ലായി, മരങ്ങളായ്, തണലായ്, കനിയായി, ചോലകളായി, കായലായ്, കടലായി പ്രകൃതിയോടൊപ്പം അലിഞ്ഞുചേരാൻ ആഗ്രഹിക്കുന്നു. പ്രകൃതിയിലെ ഓരോ ഘടകത്തെയും പുൽകാനും തളിർപ്പിക്കാനും കഴിവുള്ള വെള്ളമായി പ്രകൃതിയിലേക്ക് ലയിക്കാനുള്ള ആഗ്രഹമാണത്. കൊടുങ്കാറ്റിനൊപ്പം പെയ്യുന്ന മഴയെയാണ് ‘തുലാവർഷത്തിൽ’ എന്ന കവിത പരാമർശിക്കുന്നത്. മാനസികമായി തളർന്നിരിക്കുമ്പോൾ തുള്ളിമുറിയാതെ പശ്ചാത്തലമായി പെയ്യുന്ന മഴയാണ് കവിതയിലുള്ളത്.

“മഴയും കൊടുങ്കാറ്റും

മാമരച്ചാർത്തിൻ നൃത്ത-

ച്ഛവിയും കണ്ടും കേട്ടും

മൂകരായിരിക്കുമ്പോൾ

നമ്മളാരചിക്കുമീ

ദീനമാം ദൃശ്യം നിന-

ച്ചൊന്നു ഞാൻ വിഷാദത്താൽ

വിളറിച്ചിരിക്കുന്നൂ” (2011:61)

ഇത്തരത്തിൽ ദമ്പതികളുടെ അല്ലെങ്കിൽ പ്രണയിതാക്കളുടെ വിഷാദത്തിന്റെ പശ്ചാത്തലമാകുന്നു കവിതയിലെ മഴപരാമർശങ്ങൾ. ഇവിടെ പ്രകൃതിപരാമർശങ്ങൾ പരിസ്ഥിതിബോധത്തിന്റെ തലത്തിലേക്ക് വികസിച്ചിട്ടില്ല മറിച്ച് പശ്ചാത്തലം മാത്രമാണ്. ‘മഴ’ എന്ന കവിത തരിമണിപോലെ പാറി മുടിയിഴകളിലിരിക്കുന്ന മഴയെ അവതരപ്പിച്ചു

കൊണ്ടാണ് ആരംഭിക്കുന്നത്. മുകളിലാകട്ടെ കാറുനിറഞ്ഞ മഹാസമുദ്രവുമുണ്ട്. ഇത്തരത്തിൽ ഈ കവിതയിലും മഴയെ വർണ്ണിക്കുന്നു.

രാത്രിയിൽ പെയ്യുന്ന മഴയെ സ്ത്രീയായി കല്പിക്കുന്നു സുഗതകുമാരിയുടെ 'രാത്രിമഴ' എന്ന കവിതയിൽ. യുവതിയായ ഭ്രാന്തിയെപ്പോലെ എന്നാണ് കവി രാത്രിമഴയെക്കുറിച്ച് പറയുന്നത്. രോഗശയ്യയിൽ ദുഃഖിതയായി കഴിയുന്ന യുവതിക്ക് തുല്യയാണ് രാത്രിമഴ. കറുത്തവളായ രാത്രിയുടെ പുത്രിയായ രാത്രിമഴ രോഗശയ്യയിൽ ആശ്വാസവാക്കുമായെത്തുന്ന സുഹൃത്തിനെപ്പോലെയും പ്രേമസാക്ഷിപോലെയും ദുഃഖസാക്ഷി പോലെയും എത്തുന്നു. രാത്രിയിൽ തേങ്ങിക്കരയുകയും രാവിലെ മുഖം തുടച്ച് സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്ന കുടുംബിനിയായും മഴയെ കല്പിക്കുന്നു.

> "അറിയുന്നതെന്തുകൊ
> ണ്ടെന്നോ? സഖീ, ഞാനു
> മിതുപോലെ,
> രാത്രിമഴപോലെ!" (2011:321)

എന്നും വ്യക്തമാക്കുന്നു. ഭ്രാന്തിയായ യുവതിയും രാത്രിമഴയും സമാനരാണെന്ന് സൂചിപ്പിക്കുന്നതിലൂടെ സ്ത്രീയുടെയും പ്രകൃതിയുടെയും ഭാവങ്ങളിൽ സമാനത ആരോപിക്കുന്നു.

'മഴ വിളിച്ചപ്പോൾ' എന്ന സുഗതകുമാരിയുടെ കവിതയിൽ വാർദ്ധകൃത്തിൽ മാനസികമായും ശാരീരികമായും അവശതയനുഭവിക്കുന്ന സ്ത്രീയും മഴയുമാണ് കഥാപാത്രങ്ങളാകുന്നത്. മഴയാകുന്ന തേരിൽ വന്ന് പുരയുടെ വാതിലിൽ മുട്ടിവിളിക്കുന്ന വ്യക്തിയായി മഴയെ കാണുന്നു.

> "മഴ ചൂടുവോൻ, മഴ-
>         ക്കാർനിറമാർന്നോൻ, മഴ
> നിഴൽ ചൂഴുവോൻ, കാളും
>         മിന്നൽ മോതിരവിര-
> ലുയർത്തി വാതിൽ മുട്ടി
>         വിളിപ്പൂ, തുറക്കുക!" (2011:933)

എന്നിങ്ങനെ മഴയെ മഹാകായനായി കല്പിക്കുന്നു. സ്നേഹത്തോടെ വിളിച്ചവളുടെ അടുത്തേക്ക് സ്നേഹത്തോടെ എത്തുന്നുണ്ടെങ്കിലും ഇടിവെട്ടും മിന്നലും

കാറ്റുമായെത്തുന്ന മഴയെക്കണ്ട് പേടിച്ച് വാതിൽ മറഞ്ഞു നിൽക്കുന്ന അവൾ മനസ്സിലെ ചൂട് സഹിക്കാനാവാതെ വിളിച്ചതാണെന്നും ഇത്രപെട്ടെന്നെത്തുമെന്ന് കരുതിയില്ലെന്നും പൊറുക്കണമെന്നും പറയുന്നുണ്ട്. എന്നാൽ ശക്തമായ കാറ്റായും മിന്നലായും ഇടിമുഴക്കമായും മഴ തന്റെ അക്ഷമ വെളിപ്പെടുത്തുന്നു. ഇത്തരത്തിൽ ഇടിയും മിന്നലും കാറ്റുമുള്ള മഴയാവുകയും പിന്നീട് ചെറിയ കാറ്റിനാൽ അവളെ കെട്ടിപ്പിടിച്ച് ആശ്വാസിപ്പിക്കുന്ന രക്ഷകനാവുകയും ചെയ്യുന്നു മഴ.

"നീയുള്ളം വരണ്ടവൾ തളർന്നോൾ
വാർദ്ധകൃത്തിൻ
പാഴ്മഞ്ഞ മിഴികളിൽ
പുരണ്ടോൾ, എന്നാലെന്തേ
സഖി, നീ സ്നേഹിക്കയാ-
ലെന്റേതായവൾ, നിന്റെ
മുഖമൊന്നുയർത്തുക, കാൺക
ഞാനിതാ, മുന്നിൽ!" (2011:934)

എന്നിങ്ങനെ ആശ്വസിപ്പിക്കുന്നതിനായി മഴ ഭൂമിയിൽ പല വഴികളിലായി ഒഴുകിയെത്തുന്നതായും കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ മഴയിൽ കുളിച്ച് ദുഃഖമെല്ലാമകറ്റി മുടിത്തുമ്പിൽ മഴത്തുള്ളിയാകുന്ന മുത്തു ചൂടി നെറ്റിയിൽ മിന്നലാകുന്ന കുറിയണിഞ്ഞ് മാറിൽ മഴവില്ലും മേഘങ്ങളാകുന്ന പുടവയും മിന്നലുകൊണ്ടുള്ള കൊലുസും അണിയിച്ച് മഴ ഭൂമിയെ ഒരുക്കുന്നു. പിന്നെയും പേടിയോടെ ഒഴിയാൻ ശ്രമിക്കുമ്പോൾ കൊടുങ്കാറ്റായി മാറി ജിവിതത്തെ അതിജീവിക്കാൻ ധൈര്യം നൽകുന്നു. ഇത്തരത്തിൽ ഭൂമിയെ അണിയിച്ചൊരുക്കുകയും ജീവിതം പഠിപ്പിക്കുകയും ചെയ്യുന്ന കാമുകനായി മഴ മാറുന്നു. ഇവിടെ ഭൂമി സ്ത്രീയുടെ വാർദ്ധക്യാവസ്ഥയെക്കൂടി  വ്യക്തമാക്കുന്നു. മഴയുമായി സ്ത്രീകൾക്കുള്ള മാനസികമായ അടുപ്പത്തെ കവിത വെളിപ്പെടുത്തുന്നു. പുരുഷന്മാരെക്കാൾ സ്ത്രീകൾ പ്രകൃതിയുമായി ചേർന്നിരിക്കുന്നു എന്ന ആശയത്തിന്റെ അടയാളപ്പെടുത്തലായും കവിത മാറുന്നു.

മഴക്കാലമായതോടെ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ വ്യക്തമാക്കുന്നു 'മഴക്കാലത്തിന് നന്ദി' എന്ന കവിതയിൽ. ഭഗവതി ഓരോ വീട്ടിലുമെത്തി പറയെടുത്ത് വരം നൽകുന്നതുപോലെ ഓരോ വീടും തൊട്ടു നനച്ചു മടങ്ങുന്നു മഴ. വരലഭ്യതയാൽ

"വറ്റിയ നിള വീണ്ടും നിറഞ്ഞു തെളിഞ്ഞത്രേ!
മുറ്റത്തു കുതിച്ചെത്തിപ്പമ്പയാർ ചിരിച്ചത്രേ
അട്ടപ്പാടി തൻ പണ്ടേ ചത്തൊരിപ്പുഴയെല്ലാ-
മൊത്തുയിർത്താടിപ്പാടിയാലേലം കളിച്ചത്രേ!" (2011:950)

എന്നിങ്ങനെ മഴ പുഴയിലുണ്ടാക്കുന്ന സമൃദ്ധിയെ വ്യക്തമാക്കുന്നു. അതോടൊപ്പം തന്റെ വരണ്ട കരളിന് കുളിർമ്മ പകർന്നതായും കവയിത്രി വ്യക്തമാക്കുന്നു. ഇവിടെ സമൃദ്ധി നൽകുന്ന ശ്രീഭഗവതിയായി മഴയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

മഴയെ സ്ത്രീബിംബമായാണ് സച്ചിദാനന്ദന്റെ 'മഴയുടെ നാനാർത്ഥം' എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

"പുഴയിൽ വീണൊഴുകുന്ന മഴ
മാന്തോപ്പിലോടിക്കളിക്കുന്ന എന്റെ കൊച്ചുമകളാണ്
പളുങ്കുകാലുമായി അവൾ തുള്ളിച്ചാടുന്നു" (2016:136)

കൊച്ചുമകളായും ഗ്രാമീണവധുവായും തുടുത്ത മുഖമുള്ള കൊച്ചുപെൺകുട്ടിയായും അസൂയക്കാരിയായ അയൽക്കാരിയായും കോയമ്പത്തൂരിലെ ചെട്ടിച്ചിയായും മഴയെ ചിത്രീകരിച്ചിരിക്കുന്നു. ചുവപ്പു പാവാടയുടുത്ത കന്യാമഴകൾ, പ്രേമഭംഗത്താൽ കേഴുന്ന കാമിനിമഴകൾ, തലതല്ലുന്ന തള്ളമഴകൾ, മുത്തശ്ശിമഴകൾ എന്നിങ്ങനെ മഴകൾക്ക് പലതരം സ്ത്രീഭാവങ്ങൾ കവിത ആരോപിക്കുന്നു. മഴയുടെ ഭാവങ്ങളിലെന്നപോലെ പതനസ്ഥലങ്ങളിലും വൈവിധ്യം കൽപ്പിക്കുന്നു. പുഴയിൽ, വേനൽക്കൂരയിൽ, പാറപ്പുറത്ത്, ഇളവെയിലിൽ, സന്ധ്യയിൽ, നിലാവിൽ, പനയോലപ്പുറത്ത് എന്നിങ്ങനെ ഓരോ മഴയ്ക്കും വിവിധഭാവങ്ങളും ചലനങ്ങളും കവിത ആരോപിക്കുന്നു. പെയ്യുന്ന സ്ഥലകാലങ്ങൾക്കനുസരിച്ച് മഴയുടെ ഭാവത്തിൽ വ്യതിയാനം സംഭവിക്കുന്നു. പുഴയിൽ വീഴുന്ന മഴയെ കൊച്ചുമകളായും മേൽക്കൂരയിലെ മഴയെ കടന്നൽക്കൂടായും പാറപ്പുറത്തെ മഴയെ പ്രവാചകനായും ഇളവെയിലിലെ മഴയെ ഗ്രാമീണവധുവായും കല്പിക്കുന്നു. കൂടാതെ വവ്വാലിനെപ്പോലെ തൂങ്ങിയാടുന്ന മഴകളും വെള്ളത്തിൽ ചിതറുന്ന മഴകളും തലചുറ്റിവീഴുകയും ഓരിയിടുകയും ചെയ്യുന്ന കൃസൃതിമഴകളും കൊഞ്ചിപ്പറയുന്നതും ഉണക്കച്ചിരിചിരിക്കുന്നതും ഭയപ്പെടുത്തുന്നതുമായ മഴകളുമുള്ളതായി കവിത വർണ്ണിക്കുന്നു. മാൻകിടാവിനെപ്പോലെ തുള്ളിക്കളിക്കുന്നതും പച്ചത്തുള്ളനെപ്പോലെ ചാടിത്തെറിക്കുന്നതും കരടിക്കുട്ടനെപ്പോലെ കുട്ടിക്കരണം മറിയുന്നതുമായ മഴകളുണ്ട്. ഊഞ്ഞാലാടുകയും തേങ്ങുകയും തലതല്ലുകയും ചെയ്യുന്ന

മഴകളുണ്ട് എന്നിങ്ങനെ കവി മഴയുടെ വിവിധഭാവങ്ങൾ കവിതയിൽ അവതരിപ്പിക്കുന്നു. ഇതൊക്കെയാണെങ്കിലും

"എങ്കിലും എനിക്കേറ്റവുമിഷ്ടം
ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന ഈ പുതുമഴയെയാണ്
കാരണം, ഈ പുതുമഴയ്ക്ക് മാത്രമേ
വെളുത്ത തുള്ളിയെയും ഇലഞ്ഞിപൂക്കളെയും
ഇരട്ടിമധുരത്തെയും
യൂക്കാലിപ്റ്റസ്സുമരങ്ങളെയും പോലെ
നാഡിയുടെ വേരുകളെ മൂന്നു നാഴികവട്ടത്തിൽ
കിരുകിരുപ്പിച്ചു തുളച്ചുകയറുന്ന
ആ നിഗൂഢമായ ഗന്ധമുള്ളു" (2016:138)

എന്നാണ് കവിത പറയുന്നത്. കൂടാതെ

"പുതുമഴ,
മേഘങ്ങളുടെ വിളരുന്ന പളുങ്കുമേൽക്കൂരയ്ക്കു കീഴിൽ
വയലിനുകളുടെ ഒരു താഴ്വരയാണ്" (2016:138)

എന്ന് കവിത വ്യക്തമാക്കുന്നു. 'മഴയുടെ നാനാർത്ഥങ്ങൾ' എന്ന ഈ കവിത മഴയുടെ എല്ലാതലങ്ങളെയും സ്പർശിക്കുന്നു. മഴയ്ക്ക് സ്ത്രീഭാവം ആരോപിക്കുന്നതിലൂടെ സ്ത്രീയുടെ വിവിധ കാലഘട്ടങ്ങളിലെ സ്വഭാവരീതികളെക്കുറിച്ചു കൂടിയാണ് കവിത വാചാലമാകുന്നത്. മഴയുടെയും ഒപ്പം സ്ത്രീയുടെയും യാഥാർത്ഥ്യങ്ങളിലാണ് കവിത ഊന്നുന്നത്.

'ഋതുസംഹാരം' എന്ന കവിതയിൽ മഴക്കാലത്തെക്കുറിച്ച് പരാമർശമുണ്ട്. മഴക്കാലത്ത് മരണം അവനെ കൊണ്ടുപോകാൻ വരുന്നു.[77] എന്നാൽ മഴക്കാലത്തെ ഉപേക്ഷിക്കാൻ അവൻ തയ്യാറാകുന്നില്ല. ഇവിടെ മഴക്കാലത്തോടുള്ള അഭിനിവേശം വ്യക്തമാക്കപ്പെടുന്നു. 'ഒരു വേനൽ കിനാവ്' എന്ന കവിതയിൽ കടുത്ത വേനലിനു ശേഷം വരുന്ന മഴയെ പരാമർശിക്കുന്നു. മണിമുടിയും പൂവും ചൂടി വാളെടുത്ത് പനമ്പൂമാലയിട്ട് എത്തുന്ന ദേവിയാണിവിടെ മഴ.

"നിറയുന്നൂ കുളം
വഴിയുന്നൂ കിണർ

പെരുകുന്നൂ നീരു

പുഴയിൽ, കായലിൽ" (2016:588)

ഇത്തരത്തിൽ മഴ കൊടുങ്കാറ്റായി മാറുമ്പോൾ ഭൂമിദേവി മഴയോട് മതിയെന്നാവശ്യപ്പെടുന്നു. മഴയെ ചെണ്ടവാദ്യവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. പതുക്കെ തുടങ്ങി വാദ്യം മുറുകി കലാശിക്കുന്ന ചെണ്ടമേളം പോലെയാണ് മഴയുടെ വരവും കലാശവും അവതരിപ്പിച്ചിരിക്കുന്നത്. മഴ നിലയ്ക്കുന്നതോടെ പ്രകൃതി പച്ചത്തളിരാൽ, പൂക്കളാൽ, കിളികളാൽ മനോഹരമാകുന്നതായും പറയുന്നു. അസുരവാദ്യത്താൽ സ്വർഗ്ഗലോകം തീർക്കുന്ന മഹാവിദഗ്ദ്ധനായി മഴയെ കാണുന്നു.

ഡി. വിനയചന്ദ്രന്റെ 'മഴ നനയുമ്പോൾ' എന്ന കവിത മഴ നനയുന്ന അനുഭവത്തിന്റെ ആവിഷ്ക്കാരമാണ്.

"ഒരു മഴ നനയുമ്പോൾ

പുതുമഴ നനയുന്നു

ഇരുമ്പഴി തുറക്കുന്നു

മകനുണ്ണി പിറക്കുന്നു

അനന്തൻ പാമ്പകമ്പടി

ക്കുടയായി പിടിക്കുന്നു" (1992:58)

എന്നിങ്ങനെ പ്രത്യേകതാളത്തിലാണ് കവിത രചിക്കപ്പെട്ടിരിക്കുന്നത്. കൃഷ്ണന്റെ ജനനവും അനന്തൻ മഴയേൽക്കാതെ സഹായിച്ചതുമായ കഥയാണ് ഈ ഘട്ടത്തിൽ ഓർമ്മിക്കപ്പെടുന്നത്. പുരാണങ്ങൾ മുതൽ മഴയുടെ വ്യത്യസ്തഭാവങ്ങൾ സാഹിത്യത്തിൽ പ്രതിപാദിതമായിരുന്നു. ഇത്തരത്തിൽ മഴയെ ഒരാഘോഷത്തിന്റെ രീതിയിൽ അവതരിപ്പിക്കുന്നു. മഴ നനഞ്ഞാൽ പനിപിടിക്കുമെന്ന പേടിയില്ലാതെ ആഘോഷത്തോടെ തുള്ളിക്കളിച്ച കാലങ്ങളുടെ ഓർമ്മ കൂടിയാണീ കവിത. പെരുമഴയും പുതുമഴയും ഭൂമിയിലുണ്ടാക്കുന്ന മാറ്റങ്ങളെ കവിത പരാമർശിക്കുന്നുണ്ട്. മഴ നനയുമ്പോൾ ഭൂമി ഒരു പിടി നനഞ്ഞ മണ്ണായി മാറുന്നതായും പ്രകൃതിയിൽ പരിവർത്തനങ്ങളുണ്ടാകുന്നതായും കവിത വ്യക്തമാക്കുന്നു.

'വർഷബിന്ദുക്കൾ' എന്ന ഡി. വിനയചന്ദ്രന്റെ കവിതയിൽ മഴയുടെ ഭാവങ്ങളിലൂടെ പ്രണയത്തെ അവതരിപ്പിക്കുന്നു.

"നമുക്ക് മഴയത്ത്

ഒരിക്കൽ

ഇടിയും മിന്നലുമാകാം
ഭൂഗർഭമാത്രകളെ
വിളിച്ചുണർത്താം
ഭൂതഭാവികളെ
ഒരുമിച്ചുനടത്താം" (1992:151)

എന്നിങ്ങനെ ഇടിയും മിന്നലുമാകാൻ ആഗ്രഹിക്കുന്ന പ്രണയിതാക്കളെയാണ് കവിത അവതരിപ്പിക്കുന്നത്. മഴകൊണ്ടാൽ മങ്ങാത്ത മാലപോലെയാണ് പ്രണയിതാവിന്റെ മനസ്സെന്ന് കവിത വ്യക്തമാക്കുന്നു. മണ്ണാങ്കട്ടകളായി നമുക്ക് കാശിക്കുപോകാമെന്നും അപ്പോൾ വരുന്ന മഴയിൽ കാശി രുദ്രമഴയാവട്ടെ എന്നും കവിത ആഗ്രഹിക്കുന്നു. മഴ പ്രകൃതിയിലും പ്രണയത്തിലുമുണ്ടാക്കുന്ന സ്വാധീനങ്ങളെ കവിത വ്യക്തമാക്കുന്നു. 'എഴുന്നള്ളത്ത്' എന്ന കവിതയിൽ മരിച്ചവരുടെ ജാഥയായി മഴയെ അവതരിപ്പിച്ചിരിക്കുന്നു. ജീവിതം തിരിച്ചു വേണമെന്നാവശ്യപ്പെടുന്നവരുടെ ജാഥയാണത്.[78]

ഒ.എൻ.വി, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ പൊതുവെ വർഷകാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.2.1.1.1.5. ആധുനികതാനന്തരഘട്ടം

'മഴ കൊണ്ടു മാത്രം' എന്ന റഫീക്ക് അഹമ്മദിന്റെ കവിത മഴ ഭൂമിയിൽ ഉണ്ടാക്കുന്ന ഉർവ്വരതയെ വ്യക്തമാക്കുന്നു.

"മഴകൊണ്ടുമാത്രം മുളയ്ക്കുന്ന വിത്തുകൾ
ചിലതുണ്ട് പൊടികൊണ്ടുമൂടി
പ്രണയത്തിനാൽ മാത്രമെരിയുന്ന നെഞ്ചിലെ
തിരികൾപോൽ മണ്ണിന്റെയുള്ളിൽ" (2016: 190)

എന്നിങ്ങനെ ആരംഭിക്കുന്നു കവിത. മനുഷ്യന്റെ തുച്ഛമായ ആയുസ്സിൽ മഴകൊണ്ടു മാത്രം തളിർക്കുന്ന ചില്ലകളുണ്ടെന്നു വ്യക്തമാക്കുന്ന കവിത നിഗൂഢമായ വാക്കുകൾ പറയുകയും വിരലിൽ കൊത്തുകയും നൃത്തമാടുകയും വെയിലിനെ കഴുകുകയും ചെയ്യുന്ന മഴയെയാണ് അവതരിപ്പിക്കുന്നത്. മഴ കാത്തിരിക്കുന്ന വിത്തിനെപ്പോലെയാണ് വരണ്ടഹൃദയം പ്രണയം കാത്തിരിക്കുന്നത്. മഴകൊണ്ടു മാത്രമുണ്ടാകുന്ന ക്ഷതങ്ങളിൽ രക്തം പൊടിഞ്ഞ് ഞാൻ നില്ക്കും.

"തനിയെ ഞാൻ കൊള്ളുമീ മഴ, ഇന്നു ഞാൻ നിന്റെ

പനിയിൽ വിറച്ചുകിടക്കും" (2016: 191)

എന്നിങ്ങനെ കവിത വ്യക്തമാക്കുന്നു. ഇവിടെ മഴ പ്രണയമാകുന്നു. മഴ മണ്ണിലുണ്ടാക്കുന്നതും മനസ്സിലുണ്ടാക്കുന്നതുമായ പരിവർത്തനങ്ങൾ പോലെയാണ് പ്രണയവും മനസ്സിനെ ബാധിക്കുന്നത്. ഇത്തരത്തിൽ പ്രണയത്തിന്റെ അഗാധതലങ്ങളെ മഴയിലൂടെ ആവിഷ്ക്കരിക്കുന്നു കവിത.

റഫീക്ക് അഹമ്മദിന്റെ 'മഴതോരുന്നു' എന്ന കവിതയിലും മഴ പ്രമേയമാകുന്നു. മഴ പെയ്തു തോരുമ്പോഴുണ്ടാകുന്ന പ്രകൃതികാഴ്ചകളാണ് ഇവിടെ വർണ്ണിക്കപ്പെടുന്നത്. മേഘങ്ങളുടെ നൃത്തമായും മഴയെ അവതരിപ്പിച്ചിരിക്കുന്നു. 'മഴ' എന്ന കവിതയിലും മഴ പ്രമേയമാകുന്നു. പുറത്ത് മഴ പെയ്യുമ്പോൾ അകത്തടച്ചിരിക്കുന്ന വ്യക്തിയെയാണ് കവിതയുടെ ആദ്യഭാഗത്തിൽ കാണുന്നത്. ഇടിയും മിന്നലുമായി പുറത്ത് മഴ പെയ്യുമ്പോൾ മരണത്തിനല്ലാതെ മറ്റൊരതിഥിക്കും വാതിൽ തുറന്നു കൊടുക്കില്ലെന്ന് കതകടച്ചിരിക്കുന്നയാളെ കവിത അവതരിപ്പിക്കുന്നു.

"പരശ്ശതങ്ങളാം കരങ്ങളോനിറ
ഞ്ഞൊഴിഞ്ഞുലഞ്ഞൊരു ചികുരഭാരമോ
വരമോ, വാത്സല്യപ്രവാഹതാളമോ
വിരാൾസ്വരൂപമായ് വിളങ്ങിനിൽക്കുന്നു" (2016: 47)

എന്നിങ്ങനെ ഭഗവതിയായ സ്ത്രീരൂപത്തിലാണ് മഴ പ്രത്യക്ഷപ്പെടുന്നത്. പുരാതനമായ മഴയുടെ അടയാളപ്പെടുത്തലുകളും കവിതയിലുണ്ട്. രക്തവും അമലരസവും മഴയിൽ നുരഞ്ഞു പൊങ്ങുമ്പോൾ കൂത്തരങ്ങുകൾ മരുപ്പറമ്പിൽ ഉയർന്നു പൊങ്ങുമ്പോൾ മഴ അമ്മയെപ്പോലെ പുരയ്ക്ക് ചുറ്റും പുലമ്പിയോടുന്നു. ഇവിടെ മക്കളുടെ ദാഹമകറ്റുന്ന അമ്മയായി മഴ പ്രത്യക്ഷയാവുന്നു. എന്നാൽ ചില ഘട്ടങ്ങളിൽ മഴ അഴികൾ പാകിയ തടവറക്കൂടായും ദുഷ്ടരുടെ കൈകൾ കീറിയ വലയായും ആകാശമൊരുക്കിയ കിടക്കയായും മാറുന്നു. ഭൂമിയുടെ അഴുക്കുകൾ മായ്ക്കുവാൻ ഭൂമിക്ക് എളുപ്പമാണെന്ന് വ്യക്തമാക്കുന്ന കവിത മഴയെ രതിയായും കല്പിക്കുന്നു. രതി കുപിതയായി ഉറഞ്ഞുതുള്ളുമ്പോൾ മൃതിയും ജീവനും ഒരേ കൈകളാൽ ഉണ്ടാവുന്നു.

"മഴയിൽ നിന്നു നീ
ശ്രവിക്കു, വായിക്കു, അറിവിനപ്പുറം
വഴിയുമീ മഹാകരുണതൻ സ്വരം
നിലീനമാനന്ദം തിരിച്ചറിഞ്ഞിടും

വിനീതമിപ്പുല്ലും പുഴുവുമെന്നപ്പോൽ
നനഞ്ഞിടാൻ വരൂ വെളിച്ചം വെള്ളമായ്
പ്പകർന്നതിൽ സ്നാനവിവേകമാളുവാൻ” (2016: 49)

എന്നിങ്ങനെ മഴയെ വിശേഷിപ്പിക്കുന്നു. ഈ കവിതയിൽ മഴ അമ്മയായി സ്ത്രീയായി, ദേവിയായി, രതിയായെല്ലാം പ്രത്യക്ഷപ്പെടുന്നു. പ്രകൃതിയുടെ ജീവരഹസ്യത്തിൽ മഴയ്ക്കുള്ള സ്ഥാനവും കവിത വ്യക്തമാക്കുന്നു. ഇരുണ്ട മനസ്സിലേക്ക് പ്രകാശമായാണ് മഴ വരുന്നത്.

‘പൊട്ടിപൊളിഞ്ഞ തിണ്ണയിൽ ഒരാൾ’ എന്ന കവിതയിൽ മരണത്തിനുമുമ്പുള്ള നിമിഷങ്ങളിൽ ഒരാൾ ആദിപെരുമഴ സ്വപ്നം കാണുന്നു. നാഗരികതയുടെ കാഴ്ചകളെ കഴുകിക്കളയാൻ ഇത്തരമൊരു മഴ അനിവാര്യമാണ്. സ്വപ്നദർശനമായതിനാൽ നഗരപ്പൊലിമകൾ ഒലിച്ചുപോകുന്നതിന് തടസ്സമൊന്നുമുണ്ടാകുന്നില്ല. മഴയുണ്ടാക്കുന്ന പാരിസ്ഥിതികവ്യതിയാനങ്ങൾ കവിതയിലുണ്ട്. ആദിപെരുമഴയിൽ നഗരത്തിന്റെ തിരക്കുകളും യുഗങ്ങളുമെല്ലാം ഒലിച്ചു പോവുകയും പുതിയയുഗത്തിന്റെ പ്രകൃതിയുടെ സൃഷ്ടി സംഭവിക്കുകയും ചെയ്യുന്നു.

“ഒന്നാം തുള്ളി തിടംവച്ചങ്ങനെ
മണ്ണിലടർന്നു പതിക്കെ
ആദിമഭൂമിയിൽ സൂര്യവിയർപ്പിൻ ഗന്ധമുയർന്നു
തപ്തമഹാശിലനിരകൾ തണുത്തു” (2016: 79)

കാറ്റിൽ പറന്ന വിത്ത് മുളച്ച് വളർന്ന് വൃക്ഷങ്ങളും കാടുകളും രൂപപ്പെടുകയും ചെയ്തു. കടലുകൾ തുളുമ്പുകയും അവയിൽ ആദിമഹാകൂർമ്മങ്ങളും മീനുകളും രൂപം കൊള്ളുകയും ആകാശത്തിൽ പറവകൾ പറക്കുകയും ചെയ്തു. കരയിൽ ദിനോസറുകൾ ഇഴഞ്ഞു നടക്കുകയും മനുഷ്യരും സംസ്കാരങ്ങളും സ്വപ്നങ്ങളും വികസിക്കുകയും ചെയ്തു. അങ്ങനെ പുതിയൊരു ലോകസൃഷ്ടിയാണ് സ്വപ്നത്തിൽ സംഭവിക്കുന്നത്.

‘ബാലവേലക്കാരി’ എന്ന വീരാൻകുട്ടിയുടെ കവിതയിൽ മഴയെ ബാലികയായ വേലക്കാരിയായി കല്പിക്കുന്നു. ധാരാളം പണിയുള്ള ആദ്യം പെയ്യുന്ന മഴയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

“ഇന്ത്യൻ റെയിൽവേയ്ക്ക് വേണ്ടി
മുഴുവൻ ബ്രോഡ്ഗേജ്, മീറ്റർഗേജ്

> പാളങ്ങളിലും ചെന്ന്
>
> തോട്ടിപ്പണിയെടുക്കണം" (2016: 267)

പാളത്തിൽ നിന്ന് മുടിയും മാംസവും കഴുകിക്കളയണം. നഗരസഭയുടെ റോഡ് ആശുപത്രിയുടെ പിൻവശം, തെരുവ് എന്നിവയെല്ലാം വൃത്തിയാക്കണം. കുളങ്ങൾ നിറച്ചുവയ്ക്കണം. കുഞ്ഞനുജത്തിക്കെന്ന പോലെ വിത്തുകളിൽ കിനിവും നൽകണം. എന്നിങ്ങനെ ഒരു സ്ത്രീയുടെ അല്ലെങ്കിൽ വേലക്കാരിയുടെ പണികൾ പുതുമഴയ്ക്ക് ചെയ്യേണ്ടി വരുന്നു. മഴയെ ബാലികയായ വേലക്കാരിയായാണ് കവി കല്പിക്കുന്നത്. ബാലികയ്ക്ക് തുല്യം ചുറുചുറുക്കോടെയാണ് മഴ തന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നത്. കഴുകലും തുടയ്ക്കലുമെല്ലാം വളരെ പെട്ടെന്ന് ബാലവേലക്കാരി നിർവ്വഹിക്കുന്നു.

വീരാൻകുട്ടിയുടെ 'മഴ, കാറ്റ്' എന്ന കവിതയിൽ മഴയെന്നത് ചരിച്ചുവച്ച കടലാണെന്നും ഭൂമിയിൽ എത്താറാകുമ്പോൾ ആരോ അതിനെ വരട്ടിക്കളയുന്നു എന്നും കവിത വ്യക്തമാക്കുന്നു.[79] 'ഒരേ മഴയിൽ' എന്ന കവിതയിൽ രണ്ടിടങ്ങളിൽ രണ്ടുപിറവി കളാണെങ്കിലും നനയുന്നത് ഒരേ മഴയാണെന്ന് വ്യക്തമാക്കുന്നു. ഒരേ മഴയും കാറ്റും മിന്നലും അനുഭവിക്കുന്ന നമ്മെ ചെറിയ മരണത്തിന് എങ്ങനെ ഇല്ലാതാക്കാൻ കഴിയും എന്ന് കവിത സംശയിക്കുന്നു. പലതരം ജീവിവർഗ്ഗങ്ങളെങ്കിലും അവ ഒരേ പ്രകൃതി യിലാണ് ജീവിക്കുന്നതെന്ന ഗഹനപരിസ്ഥിതിവാദചിന്ത കവിതയിലുണ്ട്. പ്രകൃതിയിൽ ജീവിവർഗ്ഗങ്ങളിലും സ്ഥലകാലങ്ങളിലും വ്യത്യാസമുണ്ടെങ്കിലും വെയിലും മഴയും കാറ്റും മിന്നലും എല്ലാ ജീവിവർഗ്ഗത്തിനും ഒന്നു തന്നെയെന്ന പ്രകൃതിസത്യത്തെ കൂടി കവിത അവതരിപ്പിക്കുന്നു. 'ആദ്യത്തെ മഴയിൽ' എന്ന കവിത

> "ആകാശം
>
> നൂലിനാൽ
>
> ഭൂമിയുടെ
>
> ചുഴികളിൽ തൊട്ടതിന്റെ
>
> കോരിത്തരിപ്പ്
>
> മാഞ്ഞിട്ടില്ല
>
> പുൽത്തലപ്പുകളിൽ" (2016: 241)

എന്നാണ്. ഇവിടെ ആകാശവും ഭൂമിയും തമ്മിലുള്ള പ്രണയമായാണ് മഴയെ അവതരിപ്പിക്കുന്നത്. ആദ്യത്തെ മഴയുടെ കോരിത്തരിപ്പ് പുൽത്തലപ്പുകളിൽ മായാതെ നിൽക്കുന്നു.

മോഹനകൃഷ്ണൻ കാലടിയുടെ 'ഒരു മഴ കൂടി' എന്ന കവിതയിൽ ഒരു മഴ പെയ്തു തീരുമ്പോൾ മറ്റൊരു മഴ ആകാശത്ത് ഒരുങ്ങി നിൽക്കുന്നതിനെയും കുരുന്നിലകളിൽ തട്ടി ഉടഞ്ഞു ചിന്നുവാൻ കാത്തിരിക്കുന്നതിനെയും വ്യക്തമാക്കുന്നു. മഴയുടെ ഭാവങ്ങളുടെയും പ്രവൃത്തികളുടെയും വർണ്ണനയാണീ കവിത.

വി.ടി. ജയദേവന്റെ 'ഉള്ളിൽപെയ്യുന്ന മഴ' എന്ന കവിത മഴക്കാലത്തിന്റെയും മഴയുടെയും ഓർമ്മകളാണ്. കൂട്ടുകാരെല്ലാം പിരിഞ്ഞ് ഒറ്റയ്ക്കാവുമ്പോൾ വന്ന് നനയ്ക്കുന്ന മഴയെ പ്രണയിതാവായാണ് കല്പിക്കുന്നത്. ഗന്ധർവ്വനെപ്പോലെ വന്ന് കെട്ടിപ്പിടിച്ച് ഉമ്മ വയ്ക്കുന്ന മഴയെ കവിത അവതരിപ്പിക്കുന്നു. എത്ര നനഞ്ഞിട്ടും കുടിച്ചിട്ടും മതിവന്നിട്ടില്ലാത്ത മഴയെ ജനൽപാളിയിലൂടെ ക്ഷണിക്കുന്ന കവിയെയാണ് പിന്നീട് കാണുന്നത്. അനുഭവങ്ങളിൽ നിന്നും മഴ അകലുന്നു.

'മഴക്കൂട്ടം' എന്ന എം.ആർ. രേണുകുമാറിന്റെ കവിതയിൽ സ്കൂൾ കുട്ടികളോടൊപ്പം സ്കൂളിലും വീട്ടിലും ഉറക്കപ്പായയിലും വരുന്ന മഴയെ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് പനിവരുമ്പോൾ മാത്രം മഴ കണ്ണുതുടച്ച് മൂക്കു പിഴിയുന്നു. മഴ പരസ്പരം കാഴ്ചയ്ക്കുള്ള മറയായി മാറുന്നതായി 'മഴമറ' എന്ന കവിത അടയാളപ്പെടുത്തുന്നു. യഥാർത്ഥ്യത്തെ മറച്ചുപിടിക്കുകയും മായ്ച്ചുകളയുകയും ചെയ്യുന്ന പ്രകൃതിയാണിവിടെ വെളിപ്പെടുന്നത്. വിശക്കുന്ന കുട്ടിയുടെ മഴക്കാലമാണ് 'അലച്ചുവീണുപെയ്ത്' എന്ന കവിത അടയാളപ്പെടുത്തുന്നത്. പനയോലയിലൂടെ വീണ് ഉറക്കം കെടുത്തുകയും ചട്ടയടർന്ന പുസ്തകവും പഴങ്കുടയും കേടുവരുത്തുകും ചെയ്യുന്ന മഴയെയാണ് കുട്ടിക്കറിയുന്നത്. എന്നാൽ വയറുനിറഞ്ഞ കുട്ടികൾക്ക് മഴ ആഹ്ലാദമാണ് നൽകുന്നത്.

> "വിശപ്പിന്റെ
> ഉച്ചയിലേക്ക്
> പെയ്യാതിരുന്ന്
> കായുന്ന വയറിനെ
> ആളിക്കത്തിച്ച്
> മഴയെന്നെ
> അടിമുടി കുത്തുന്നു" (2011: 65)

എന്നിങ്ങനെ മഴ വേദനയായനുഭവപ്പെടുന്ന ദാരിദ്ര്യാവസ്ഥയെ കവിത അവതരിപ്പി ക്കുന്നു. ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് പ്രകൃതിഭാവങ്ങളുടെ അനുഭവത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു. രേണുകുമാറിന്റെ 'വെള്ളപൊക്കം' എന്ന

കവിതയിൽ മഴ നിർത്താതെ പെയ്യുമ്പോൾ മാതാപിതാക്കൾക്കുള്ള ആധിയും കുട്ടികൾക്കുള്ള സന്തോഷങ്ങളും അവതരിപ്പിക്കുന്നു. വെള്ളപ്പൊക്കത്തെയോർത്ത് മുതിർന്നവർ ഭയപ്പെടുമ്പോൾ കുട്ടികളതിനെ കൗതുകത്തോടെ കാണുന്നു. 'ഓണപ്പൂമഴ യിൽ' എന്ന കവിതയും മഴയെ പരാമർശിക്കുന്നു. ഇവിടെ വർണ്ണന മാത്രമാണുള്ളത്.

സെബാസ്റ്റ്യന്റെ 'കണ്ണിലെഴുതാൻ' എന്ന കവിതയിൽ മഴത്തുള്ളിയെയാണ് കണ്ണിലെഴുതുന്നത്. തള്ളമഴയുടെ പക്കൽ കൊടുത്തുവിടുന്ന മഴത്തുള്ളിയെ നീയും കണ്ണിലെഴുതണമെന്ന് ആവശ്യപ്പെടുന്നു കവിത. മഴത്തുള്ളി കണ്ണിലെഴുതിയാൽ മഴ വിത്തു വിതയ്ക്കുകയും മുളച്ച് വളരുകയും മരവും പൂവും കായുമാവുകയും ചെയ്യുന്ന ആകാശനിലങ്ങൾ കാണാൻ കഴിയുമെന്ന് കവിത വ്യക്തമാക്കുന്നു.

എസ്. ജോസഫിന്റെ 'പ്രതീക്ഷ' മഴയത്തു നിൽക്കുന്ന പശുവിന്റെയും കുട്ടി യുടെയും പ്രതീക്ഷയാണ്. മരങ്ങളും കിളികളുമെല്ലാം നനയുന്നുണ്ട്. മഴ നനഞ്ഞ് വീട്ടിൽ നിന്നും ആരെങ്കിലും വരുമെന്ന് കാത്തിരിക്കുന്നു പശുവും കുട്ടിയും. 'രണ്ടറ്റത്തും വെയിലുള്ള മഴ' എന്ന കവിതയിൽ അവധിക്കാലത്ത് നാട്ടിലെത്തിയപ്പോൾ ഭാര്യയെയും മക്കളെയും വീട്ടിൽ വിട്ട് അമ്മയോടും സഹോദരിയോടുമൊപ്പം കഴിയുമ്പോൾ കുട്ടിക്കാലത്തെപ്പോലെ മഴ നനയുകയും പനി വരുമെന്ന് അമ്മ ശാസിക്കുകയും ചെയ്യുന്നതായി പരാമർശിക്കുന്നു. മഴയത്ത് സ്വയം കുട്ടിയായി മാറുന്നയാളെയാണ് കവിത അവതരിപ്പിക്കുന്നത്.

വിജയലക്ഷ്മി, പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ എന്നിവരിൽ പൊതുവെ വർഷകാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.2.1.1.2. സദൃശകല്പനകൾ

#### 4.2.1.1.2.1. രൂപപരം

ഏതുകാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ വർഷക്കാലം രൂപപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.2.1.1.2.2. ഭാവപരം

#### 4.2.1.1.2.2.1. പ്രാചീനമധ്യകാലഘട്ടം

ഒരു കൂടിയാട്ടമായാണ് 'കണ്ണശ്ശരാമായണ'ത്തിൽ രാമപ്പണിക്കർ വർഷകാലത്തെ വർണ്ണിക്കുന്നത്. മഴയുടെ കാഠിന്യത്താൽ അസ്തമയം അറിയാൻ കഴിയുന്നില്ല. താമര ഇതളുകൾ കൂമ്പുന്നതും ആമ്പൽപ്പൂക്കൾ വിരിയുന്നതും പക്ഷികൾ കൂടണയുന്നതും

പിച്ചകം മണം പരത്തുന്നതും കാണുമ്പോഴാണ് അസ്തമയം അറിയാൻ കഴിയുന്നത്.[80] മഴക്കാലത്തിന്റെ സമൃദ്ധാവസ്ഥയെയാണ് ഈ വർണ്ണന വ്യക്തമാക്കുന്നത്. സൂര്യപൂജയ്ക്കായി ആകാശത്തേക്ക് കയറാനുള്ള കല്പടവുകളായി മേഘങ്ങളെയും സൂര്യപൂജയ്ക്കുള്ള പൂക്കളായി മരുതുകളിലെയും പാലകളിലെയും പൂക്കളെയും കാണുന്നു.

മനുഷ്യഭാവങ്ങളെ പ്രകൃതിയിൽ ആരോപിക്കുകയാണ് കവി. മഴയാകുന്ന കണ്ണീർ വാർത്ത്, കാറ്റാകുന്ന നെടുവീർപ്പിട്ട്, വൈവർണ്യം പൂണ്ട്, ഇടിയാകുന്ന നിലവിളിയോടു കൂടി വികാരാധീനനായി ആകാശം വിലപിക്കുന്നതായി തോന്നും എന്നിങ്ങനെ ഭാവാരോപം കൃത്യമായി കണ്ണശ്ശൻ നിർവ്വഹിക്കുന്നുണ്ട്. പ്രകൃതിയിലെ കാഴ്ചകൾ വെറുതെ വർണ്ണിച്ചുപോവുക എന്നതിനപ്പുറം മനുഷ്യന്റെ മാനസികാവസ്ഥയുമായി ചേർത്തുവയ്ക്കാൻ കണ്ണശ്ശനു കഴിയുന്നു.

'കൃഷ്ണഗാഥ'യിൽ പ്രാവൃഡ്വർണ്ണനയെന്ന പേരിൽ വർഷകാലത്തെ വർണ്ണിക്കുന്നു. കാർമേഘങ്ങൾ ആകാശത്ത് നിരന്നു നിൽക്കുന്ന കാലത്തെക്കുറിച്ചാണ് കവി പരാമർശിക്കുന്നത്. കോലാഹലത്തോടെ ഇടിമുഴങ്ങി ആകാശത്ത് മേഘകൂട്ടങ്ങൾ പടർന്ന് പേമഴ ഭൂമിയിലെങ്ങും മൂടിയപ്പോൾ കർഷകർക്ക് സന്തോഷമാകുന്നു.

മഴക്കാലത്ത് കാർമേഘത്തിനകത്തകപ്പെട്ട് സൂര്യബിംബം മറഞ്ഞു പോകുന്നതിനെ മായകൊണ്ടു മൂടിയ മനസ്സിലെ ജ്ഞാനം മറഞ്ഞു പോകുന്നതുപോലെ എന്നാണ് പറയുന്നത്.

കടമ്പുകൾ പൂത്തതുകണ്ട് വണ്ടുകൾ പാഞ്ഞു തുടങ്ങിയതായും ഗ്രീഷ്മത്തിൽ സമൃദ്ധമായി പൂത്തുനിന്ന നെന്മേനി പുഷ്പങ്ങൾ മഴക്കാലമായതോടെ കുറഞ്ഞുവരുന്ന തായും പറയുന്നു. ജലാശയങ്ങളെല്ലാം സമൃദ്ധമാവുകയും ചാതകങ്ങൾ സുഖമോടെ കഴിയുകയും കൈതപ്പൂവിന്റെ മണം എങ്ങും പരക്കുകയും ചെയ്തതായി വർണ്ണിക്കുന്നു. കാർമുകിലാകുന്ന വിതാനത്തിൽ മേഘമാലകൾ കൊണ്ടുള്ള പൂക്കൾ കോർത്ത് മിന്നലാകുന്ന ദീപവും ഇടിയാകുന്ന ഭേരിയും മുഴക്കി ആകാശം ആഘോഷിക്കുന്നതായി വർണ്ണിക്കുന്നു. മഴകാലത്തിൽ ഇടിമുഴങ്ങുമ്പോൾ ഉണ്ടാകുന്ന കൂണുകളെ വെള്ളരിയായി കവി കല്പിക്കുന്നു. ഇത്തരത്തിൽ വർഷകാലത്ത് പ്രകൃതിയിലുണ്ടാകുന്ന പരിണാമത്തെക്കുറിച്ച് വർണ്ണിക്കുന്ന കവി

"ലോകങ്ങൾക്കീടുന്ന താപങ്ങൾതീർത്തു നൻ
മേഘങ്ങളെല്ലാം തളർന്നു നിന്നു." (ചെറുശ്ശേരി; 2003:138)

എന്നു പറഞ്ഞുകൊണ്ടാണ് പ്രാവൃഡ്വർണ്ണന അവസാനിപ്പിക്കുന്നത്.

ഈ ഘട്ടത്തിൽ കണ്ണശ്ശരാമായണത്തിലും കൃഷ്ണഗാഥയിലും മാത്രമാണ് വർഷകാലം പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.1.1.2.2.2. കവിത്രയകാലം**

ഈ ഘട്ടത്തിൽ പൊതുവെ വർഷകാലം ഭാവപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

**4.2.1.1.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം**

വർഷകാലത്തെ പൂരമായി കരുതുന്നു 'ഞങ്ങൾ വരുന്നു' എന്ന പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ. കതിനയും കരിയും നിരക്കുന്ന പൂരമാണത്. പറമ്പിലും കുന്നിലുമെല്ലാം പച്ചപ്പ് പരക്കുകയും കുന്നിൻചെരിവിൽ കൂണുകൾ മുളയ്ക്കുകയും ചെയ്തുകൊണ്ട് വർഷകാലം ആരംഭിച്ചതായി കവിത വ്യക്തമാക്കുന്നു.

**4.2.1.1.2.2.4. ആധുനികതാഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ ശ്രദ്ധേയമായ രീതിയിൽ വർഷകാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**4.2.1.1.2.2.5. ആധുനികതാനന്തരഘട്ടം**

വിജയലക്ഷ്മിയുടെ 'മഴ തൻ മറ്റേതോ മുഖം' മഴയുടെ ഭാവപ്പകർച്ചകളുടെ ആവിഷ്ക്കാരമാണ് മഹാനഗരത്തെ കഴുകിവൃത്തിയാക്കുന്ന അടിച്ചുതളിക്കാരിയായി മഴയെ ചിത്രീകരിക്കുന്നു.

"കുളിക്കാത്ത
        മഹാനഗരത്തെ-
ക്കഴുകിത്തീരുമ്പോൾ
        അഴുക്കുചാലുകൾ-
ക്കടിയിലജ്ഞാത
        ജഡത്തെക്കണ്ടെടു-
ത്തണച്ചു തേങ്ങുമ്പോൾ" (2013:84)

എന്നിങ്ങനെ മഴ ശുചീകരണം നടത്തുന്നു. അറവുശാലകളിൽനിന്നു വരുന്ന മാലിന്യത്തെയും പെരിയാറ്റിലെ രാസവിഷങ്ങളടങ്ങിയ മാലിന്യങ്ങളെയും കുടിച്ചിറക്കുന്ന മഴ തൂപ്പുകാരിക്കുതുല്യയാകുന്നു. തകർന്നു പോകുന്ന കൗമാരങ്ങളുടെ കൂടെയും

കൃഷിക്കാരുടെ കൂടെയുമാണ് മഴ നില്ക്കുന്നതെന്നും കവിത വ്യക്തമാക്കുന്നു. ഇടവമഴ, മൂവന്തിയിലെ മഴ, മരണമായ് പെയ്യുന്ന മഴ, വൃദ്ധസദനത്തിൽ ഇരുമ്പഴികളെണ്ണുന്ന അനാഥയായ മഴ, പുളിയിലക്കരയണിഞ്ഞ അമ്മമഴ എന്നിങ്ങനെ വിവിധഭാവങ്ങളോടെ പ്രത്യക്ഷപ്പെടുന്ന മഴയെ കവിത അവതരിപ്പിക്കുന്നു. സ്ത്രീഭാവങ്ങളുമായി സാദൃശ്യം കല്പിക്കാവുന്ന രീതിയിലാണ് മഴയുടെ ഭാവാരോപം നടത്തിയിരിക്കുന്നത്. സാഹചര്യങ്ങൾക്കനുസരിച്ച് ഭാവമാറ്റം വരുത്തേണ്ട സ്ത്രീയവസ്ഥതന്നെയാണ് 'മഴ തൻ മറ്റേതോ മുഖം' എന്ന കവിത ആവിഷ്ക്കരിക്കുന്നത്. പാരിസ്ഥിതികസ്ത്രീവാദ സിദ്ധാന്തത്തിന്റെ രീതി അനുവർത്തിക്കുന്ന കവിതയാണ് 'മഴയ്ക്കപ്പുറം' മഴയ്ക്കുശേഷം വീട്ടുമുറ്റത്തെ കിണറ്റിൽ വീണ വെള്ളത്തെയാണ് കവിത അവതരിപ്പിക്കുന്നത്. വീട്ടമ്മയായ സ്ത്രീയുടെ ജീവിതസാഹചര്യങ്ങളെ കിണറ്റുവെള്ളവുമായി സാദൃശ്യപ്പെടുത്തുന്നു. പുഴയിലെയോ സമുദ്രത്തിലെയോ വെള്ളംപോലെ വിശാലമായ സ്ഥലവും ഒഴുക്കുമൊന്നും ലഭിക്കാതെ ആകാശം പോലും കാണാനാവാതെയാണ് കിണറ്റിലകപ്പെട്ട മഴവെള്ളം കഴിയുന്നത്. വീടിനു പുറത്തേക്ക് സ്വാതന്ത്ര്യമില്ലാത്ത വീട്ടമ്മമാരുടെ അവസ്ഥ കൂടിയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്.

"ആറ്റിലെക്കെത്താനറിഞ്ഞുകൂടാ,
ആഴിത്തിരയോളം പോകവയ്യ.
ആടിമാസക്കറുപ്പൊന്നുമാത്രം
ആഴക്കടൽ പോലകത്തൊതുക്കാം" (2013: 328)

എന്ന അവസ്ഥയാണുള്ളത്. ആകാശത്തു നിന്നും അടർന്നു വീണ് കിണറ്റിൽ പതിച്ച മഴവെള്ളത്തിന് എല്ലാവിധ സ്വാതന്ത്ര്യങ്ങളും നഷ്ടമാകുന്നു. മഴ, വെള്ളം എന്നീ പാരിസ്ഥിതികഘടകങ്ങളിലൂടെ സ്ത്രീയുടെ അസ്വാതന്ത്ര്യത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്.

പുതിയ കാലത്തെ വീടുകൾ പുറത്തുനിർത്തുന്ന മഴയെയാണ് വി.എം. ഗിരിജയുടെ 'കൽവീട്' എന്ന കവിത പരാമർശിക്കുന്നത്. മഴയുടെ മുരൾച്ചയും ആട്ടവും പാട്ടും പുതുമണ്ണിന്റെ മണവും നിറങ്ങളുമൊന്നും കടന്നുചെല്ലാത്ത വീടാണത്. എന്നാൽ നിലാവും ഇരുട്ടും കൊണ്ട് നിർമ്മിച്ച വീട്ടിൽ

"ഞാനോ മണ്ണിലൊലിക്കുന്നൂ
വെയിലൂറമ്പോൾ തങ്കത്തളിരായ്
ചെടിയിലുയിർക്കുന്നൂ" (2003: 40)

ഇത്തരത്തിൽ മഴയെ അറിയുകയും മഴയോടൊപ്പം തളിർക്കുകയും ചെയ്യുന്ന പ്രകൃതിയിലേക്ക് വാതിലുകളുള്ള വീടിനോടാണ് കവിത ആഭിമുഖ്യം പ്രകടിപ്പിക്കുന്നത്. പ്രകൃതിയിൽ നിന്നും മഴയിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന മനുഷ്യ മനോഭാവത്തെ യാണ് കവിത പ്രതിനിധീകരിക്കുന്നത്.

മോഹനകൃഷ്ണൻ കാലടിയുടെ 'മഴപ്പൊട്ടൻ' എന്ന കവിതയിൽ മഴയെ തുള്ളി ക്കളിക്കുന്ന ചെക്കനോട് സാദൃശ്യപ്പെടുത്തുന്നു. പുത്തനുടുപ്പും ചെരുപ്പുമില്ലെങ്കിലും ഉത്സാഹത്തോടെ സ്ക്കൂളിലെത്തുന്ന ചെക്കനാണിവിടെ മഴ.

> "ചീകിയാൽ കേൾക്കാത്ത കോലൻതലമുടി
> മാടിയൊതുക്കാൻ പണിപെട്ടും
> അങ്ങനെ മാടിയൊതുക്കുമ്പോൾ കൈതട
> ഞ്ഞമ്മ തൊടുന്ന കുറി മാഞ്ഞും" (2013: 70)

കൺമഷി വെള്ളത്തിൽ കലങ്ങിയും മാവുകളിൽ കേറി മറിഞ്ഞും ഊഞ്ഞാലാടി മതിയാവാതെ സങ്കടപ്പെട്ടും കൊഞ്ഞനംകുത്തിയും വേലിക്കിടയിലൂടെ കടന്നും പന്തുകളിച്ചുമെല്ലാമെത്തുന്ന വേലപ്പൻ, കോരപ്പൻ, കോവാലൻ എന്നിങ്ങനെ തോന്നിയ പേരു വിളിച്ച് നടക്കുന്ന പിള്ളേർക്കൊപ്പം പണ്ട് സ്ക്കൂളിൽ പോയത് മഴച്ചെക്കൻ ഓർക്കുന്നു. എന്നാൽ അത്തരം കളികാലങ്ങൾ അസ്തമിച്ചിരിക്കുന്നു. ഇപ്പോൾ കുട്ടികൾ തമ്മിൽ പരിചയമില്ലാത്തവരും മിണ്ടാത്തവരും മുന്നോട്ടുമാത്രം വരിവരിയായി നടക്കുന്നവരുമാണെന്ന് കവിത കുറ്റപ്പെടുത്തുന്നു. കീറിയ കുപ്പായവും നാറിയ നിക്കറുമിട്ട് മൂക്കുമൊലിപ്പിച്ച് നടക്കുന്നവനെ കൂട്ടില്ലെന്ന് പുതിയ കുട്ടികൾ മഴയോട് പറയുന്നു. എങ്ങനെയെല്ലാം ശ്രമിച്ചിട്ടും സ്കൂളിന്റെ വാതിൽപ്പടിവരെ എത്താനെ മഴയ്ക്ക് കഴിഞ്ഞുള്ളു. മുറ്റത്തേക്കുന്തി കാവൽക്കാർ കൈയടിച്ചു ചിരിക്കുന്നതായും കവിത കല്പിക്കുന്നു. ഇങ്ങനെ ഒറ്റയ്ക്കായിപ്പോകുന്ന മഴച്ചെക്കനെ കവിത അവതരിപ്പിക്കുന്നു. കളിച്ചുല്ലസിച്ച് സ്കൂളിൽ പോയിരുന്ന കുട്ടിക്കാലങ്ങൾ മാറുകയും വരിവരിയായി ബസ്സിലും ജീപ്പിലും കയറിപ്പോവുകയും ചെയ്യുന്ന കാലമാണിണുള്ളത്. ഇത്തരത്തിൽ മഴയ്ക്ക് കുട്ടികളോടൊപ്പം കൂട്ടുകൂടാൻ കഴിയാതെ വരുന്നു. മഴയും കുട്ടികളും തമ്മിലുള്ള ബന്ധം ഇല്ലാതായ സാഹചര്യത്തെക്കൂടിയാണ് കവിത പ്രതിനിധീകരിക്കുന്നത്.

റഫീക്ക് അഹമ്മദ്, പി.പി. രാമചന്ദ്രൻ, വീരാൻകുട്ടി, വി.ടി. ജയദവേൻ, എം.ആർ. രേണുകുമാർ, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരിൽ പൊതുവെ വർഷക്കാലം ഭാവപരമല്ല.

### 4.2.1.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.2.1.1.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ പൊതുവെ വർഷകാലം നശീകരണപരമായി പരാമർശിക്കപ്പെട്ടു കാണുന്നില്ല.

### 4.2.1.1.3.2. കവിത്രയത്തിനുശേഷമുള്ള കാലം

പി. കുഞ്ഞിരാമൻനായരുടെ 'കാലവർഷമേ നന്ദി!' എന്ന കവിതയിൽ ആരും വിളിക്കാതെയെത്തിയ കാലവർഷത്തെയാണ് പ്രമേയമാക്കുന്നത്. പാവങ്ങൾക്ക് നല്ല വിളവു നൽകുന്നതിനായി കാർഷവർഷം എത്തിച്ചേരുന്നു. മലകളും കാടുകളും പാടങ്ങളും കാട്ടുമുല്ലകളും വാഴത്തോട്ടങ്ങളും കുളങ്ങളും പുഴകളും കാലവർഷത്തെ എത്തിരേറ്റതായും അതിന്റെ ഭാഗമായുള്ള മാറ്റങ്ങൾക്ക് വിധേയമായതായും കവിത വ്യക്തമാക്കുന്നു. അണക്കെട്ടുകൾ നിറഞ്ഞതിനാൽ തുറന്നുവിടുകയും കനാലുകൾ തടിക്കുകയും ചെയ്തതായും കവിതയിൽ പരാമർശമുണ്ട്.

"ഇക്കൊടുംവറുതിച്ചൂടി-
ലിന്നീ- മിഥുനരാത്രിയിൽ
നീതന്ന മുത്തുമാലയ്ക്കു.
കൂപ്പുകൈ കാലവർഷമേ!" (2005:349)

എന്നിങ്ങനെ കാലവർഷത്തെ നമസ്ക്കരിക്കുന്നു.

'ദേവകന്യക' എന്ന പി.യുടെ കവിതയിൽ മഴയെയാണ് ദേവകന്യകയായി കല്പിക്കുന്നത്. മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടൽമൂലം വരാതായ മഴയെ അന്വേഷിക്കുന്നു. ചിനയുള്ള പശുവിനെന്നപോലെ ഭൂമിക്ക് തീറ്റ നൽകുന്നവളും കുന്നുകളെ എണ്ണതേച്ചു കുളിപ്പിക്കുന്നവളും കൊന്നപ്പൂവുപോലെയുള്ളവളും ഭൂമിക്ക് പച്ച നൽകുന്നവളുമായ മഴയോട് നീ എങ്ങുപോയി എന്നു ചോദിക്കുന്നു. കാനന ദേവതയുടെ ചിതയിൽ ചാടിയോ എന്നും കവി സംശയിക്കുന്നു. കാടിനെ നശിപ്പിച്ചപ്പോൾ അതിനൊപ്പം മഴയും ഇല്ലാതായി എന്ന പ്രകൃതിസത്യത്തെ കവിത പ്രശ്നവൽക്കരി ക്കുന്നു. ആകാശത്തു നിന്ന് അമൃതാകുന്ന ജലം ചുരത്തിത്തരുന്നവളാണ് മഴയാകുന്ന ദേവകന്യകയെന്നും കവിത വ്യക്തമാക്കുന്നു. ഇവിടെ മഴയെ കന്യകയായാണ് കല്പിച്ചിരിക്കുന്നത്.

പി. കുഞ്ഞിരാമൻനായരുടെ കവിതയിൽ മാത്രമാണ് വർഷകാലത്തെ പ്രകൃതിനശീകരണസൂചനയായി ഈ ഘട്ടത്തിൽ പൊതുവെ അവതരിപ്പിച്ചിരിക്കുന്നത്.

#### 4.2.1.1.3.3. ആധുനികതാഘട്ടം

വർഷകാലം നശീകരണപരമായി പൊതുവെ ഈ ഘട്ടത്തിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല.

#### 4.2.1.1.3.4. ആധുനികതാനന്തരഘട്ടം

മഴക്കാലത്തെ വാങ്ങാൻ പോകുന്ന കാക്കയെയും അണ്ണാനെയും സെബാസ്റ്റ്യന്റെ 'സംഭരണി' എന്ന കവിത അടയാളപ്പെടുത്തുന്നു. ഏഴുകടലിനും കരയ്ക്കുമപ്പുറം പലതരം മഴകൾ വില്ക്കുന്ന കടകളുള്ളതായി കവിത വ്യക്തമാക്കുന്നു. കാക്കയും അണ്ണാനും വാങ്ങിയ മഴകളുമായി തിരിച്ചുവന്നപ്പോൾ മഞ്ഞുകാലം മഴയെ പെയ്യാനനുവദിച്ചില്ല. മഴയെ സൂക്ഷിക്കാൻ ഇടമില്ലാതെ വിഷമിച്ചവരോട് നഗരത്തിലെയും ഗ്രാമങ്ങളിലെയും മാലിന്യങ്ങൾ ഞങ്ങൾ സൂക്ഷിക്കാമെന്ന് പറയുന്നതായും കവിത വ്യക്തമാക്കുന്നു (2017:20). മഴ ഇല്ലാതാവുകയും വില്പനവസ്തുവായി മഴയെ വാങ്ങേണ്ടി വരികയും ചെയ്യുന്ന അവസ്ഥയാണിവിടെ വ്യക്തമാക്കപ്പെടുന്നത്.

'ഉടൽ കത്തും മണം' എന്ന കവിതയിൽ വേനൽമഴയെ കാണുകയോ ആസ്വദിക്കുകയോ ചെയ്യാത്ത പുതുതലമുറയെ അവതരിപ്പിക്കുന്നു. രാത്രിയിൽ പെയ്ത മഴയിൽ നനഞ്ഞ മണ്ണിനെയോ മരത്തെയോ ശ്രദ്ധിക്കാൻ നേരമില്ലാത്ത ആളുകളോട് മേഘം പിണങ്ങുന്നതായും അതൊന്നും ശ്രദ്ധിക്കാതെ സമയമില്ലാത്ത മനുഷ്യർ തിടുക്കം കാണിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

> "പിണങ്ങിയ മേഘത്തിന് മുഖം കൊടുക്കാതെ
> തിടുക്കത്തിൽ നടന്നു.
> ദൂരെ വെയിലിൽ ഭൂമിയുടെ തൊലി പൊള്ളി
> വീർത്ത് പൊട്ടാറായതുപോലെ"(2015:32)

എന്നിങ്ങനെ മഴയില്ലാതായി ഭൂമി വരളുന്നതിനെ കവിത അവതരിപ്പിക്കുന്നു. പ്രകൃതിയിലേക്ക് നോക്കാൻ പോലും സമയമില്ലാത്ത ജനങ്ങളുടെ കാലമാണിത്.

എസ്. ജോസഫിന്റെ 'കുട' എന്ന കവിത മഴയെയാണ് വിഷയമാക്കുന്നത്. മഴ എന്നത് ഒറ്റക്കുടതന്നെയാണെന്ന് കവിത സൂചിപ്പിക്കുന്നു. ഇന്ന് മഴ കൊണ്ടാൽ പനി വരുമെന്നാണ് എല്ലാവരും കരുതുന്നത്. എന്നാൽ മഴകൊണ്ട് ശീലിച്ചാൽ പനി വരില്ല എന്നത് പ്രകൃതി തന്നെ കാണിച്ചു തരുന്നുണ്ട്.

> "അതിനുള്ള പാഠങ്ങൾ
> മൃഗങ്ങളും പക്ഷികളും മരങ്ങളും പാറകളും
> പ്രാണികളുമൊക്കെ പറഞ്ഞുതരും" (2013:56)

എന്നിങ്ങനെ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും മഴ നനയുമ്പോൾ മനുഷ്യർ മാത്രം മഴയിൽനിന്ന് ഓടിയൊളിക്കുന്നതിനെ കവിത അടയാളപ്പെടുത്തുന്നു. പ്രകൃതിയിൽ നിന്നുള്ള മനുഷ്യന്റെ പിൻവാങ്ങലിന്റെ സൂചന കൂടി കവിതയിലുണ്ട്. സെബാസ്റ്റ്യൻ, എസ്.ജോസഫ് എന്നിവരിൽ മാത്രമാണ് ഈ ഘട്ടത്തിൽ നശീകരണസൂചനയായി വർഷകാലത്തെ അവതരിപ്പിച്ചിരിക്കുന്നത്.

### 4.2.1.2. ശരത്കാലം

ശരത്കാല പരാമർശങ്ങൾ എങ്ങിനെ നാടോടി വാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതകളിലും ഉൾപ്പെടുന്നു എന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

കന്നിക്കാറ്റ് പൊന്നുരുക്കും, കന്നിക്കോഴി കളം നിറച്ചും, കന്നിക്കോഴി കൈയിൽ കുംഭക്കോഴി കൊമ്പത്ത്, കന്നിമാസത്തിലെ വെയിലും കന്യകയുടെ മനവും, കന്നിവെയിൽ കള്ളനും കൊള്ളില്ല, കന്നിവെയിലിൽ കടലും വറ്റും എന്നിവ കന്നിമാസ കാലാവസ്ഥയെന്തെന്ന് വ്യക്തമാക്കുന്നു. കന്നിമാസത്തിലെ വെയിലിന്റെ കാഠിന്യത്തെക്കൂടി ഈ ചൊല്ലുകൾ ഉൾക്കൊള്ളുന്നു. തുലാവർഷം കണ്ട് ഓടിയവനുമില്ല കാലവർഷം കണ്ട് നിന്നവനുമില്ല, തുലാപ്പത്തു കഴിഞ്ഞാൽ പിലാപ്പൊത്തിലും പാർക്കാം, തുലാവർഷക്കാലത്ത് മഴക്കാറുകണ്ടാൽ ഉടനെ മഴ പെയ്യില്ല എന്നും തുലാം പത്തു കഴിഞ്ഞാൽ മരപ്പൊത്തിലും കഴിയാം എന്നും ഈ ചൊല്ലുകൾ വ്യക്തമാക്കുന്നു.

#### 4.2.1.2.1. വർണ്ണനകൾ

##### 4.2.1.2.1.1. പ്രാചീനമധ്യകാലഘട്ടം

'കൃഷ്ണഗാഥ'യിൽ ശരത്കാലത്ത് ആകാശം കാർമുകിൽ ഒഴിഞ്ഞ് വെളുത്തു ചമഞ്ഞതായും ചൂട് വർദ്ധിച്ച് വെള്ളത്തിന്റെ അളവ് കുറഞ്ഞത് മീനുകൾ അറിഞ്ഞില്ല എന്നും പറയുന്നു. ശക്തിയോടെ കലങ്ങി മറിഞ്ഞിരുന്ന വർഷകാലജലാശയങ്ങളുടെ രീതി മാറി അവ തെളിഞ്ഞു നിന്നു എന്നർത്ഥം. കൂടാതെ പ്രേമത്തിൽ കുറവ് സംഭവിച്ച കാമുകന്മാർ കാമിനിമാരുടെ വീട്ടിലേക്കു പോകുന്നതുപോലെ വർഷകാലം കഴിഞ്ഞപ്പോൾ ജലാശയങ്ങളിലെ നീരൊഴുക്ക് പതുക്കെയായി കൂടാതെ നക്ഷത്രങ്ങളാൽ ചുറ്റി ചന്ദ്രൻ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. വണ്ടുകൾ പൊയ്കതോറും സഞ്ചരിക്കുകയും

ചന്ദ്രനെക്കണ്ട് വെണ്ണിലാവുണ്ട് ചകോരങ്ങൾ തെളിഞ്ഞു നില്ക്കുകയും ചെയ്തു എന്നിങ്ങനെ മനോഹരമായി ശരത്കാലത്തെ വർണ്ണിക്കുന്നു. ഇത്തരത്തിൽ മനോഹരമായ ശരത്കാലത്ത് കണ്ണന്റെ വേണുഗാനം കൂടിയായപ്പോൾ ഗോപികമാർ മതിമറന്നു പോയി എന്നും കവിതയിൽ പരാമർശിക്കുന്നു.

'ചന്ദ്രോത്സവ'ത്തിൽ നിലാവുള്ള ശരത്ക്കാല രാത്രികളിൽ നായിക കാമലീലകളിൽ ഏർപ്പെട്ട് ഉറങ്ങിയതായി പരാമർശം. കൃഷ്ണഗാഥയിലും, ചന്ദ്രോത്സവത്തിലും മാത്രമാണ് ശരത്കാലം പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.2.1.2.1.2. കവിത്രയകാലം

പൂക്കളുടെ സുഗന്ധമുള്ള ശുദ്ധമായ വെള്ളമായിരുന്നു ശരത്കാലത്തെ പൊയ്ക കളിലുണ്ടായിരുന്നതെന്ന് വള്ളത്തോളിന്റെ 'ഗ്രാമസൗഭാഗ്യത്തിൽ' വ്യക്തമാക്കുന്നുണ്ട്.[81] മറ്റൊരു ഭാഗത്ത് ശരത്കാലമടുത്തതായി നായികയെ സഖി ആശ്വസിപ്പിക്കുന്നു. പാറിയ പഞ്ഞിക്കൂമ്പാരം പോലെയും ഉപ്പുമലപോലെയുമുള്ള ശരത്ക്കാലമേഘത്തെക്കുറിച്ച് വർണ്ണനയുണ്ട് (2017:795). വള്ളത്തോൾ മാത്രമാണ് ഈ ഘട്ടത്തിൽ ശരത്കാലം വർണ്ണനാപരമായി പരാമർശിച്ചത്.

#### 4.2.1.2.1.3. കവിത്രയത്തിനുശേഷമുള്ളകാലം

ഈ ഘട്ടത്തിൽ പൊതുവെ ശരത്കാലത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ പരാമർശങ്ങൾ കാണുന്നില്ല.

#### 4.2.1.2.1.4. ആധുനികതാഘട്ടം

സച്ചിദാനന്ദന്റെ 'ഋതുസംഹാരം' എന്ന കവിതയിൽ ശരത്കാലപരാമർശമുണ്ട്. ഓരോ ഋതുവിലും മരണം കൂട്ടിക്കൊണ്ടുപോകാൻ വന്നെങ്കിലും വേനലിലും മഴക്കാലത്തും മഞ്ഞുകാലത്തും പൂക്കാലത്തുമെല്ലാം ഋതുക്കളുടെ പ്രത്യേകതകൾ ആസ്വാദിച്ചിരുന്ന് മരണത്തിലേക്ക് പോകാൻ തയ്യാറാവാതിരുന്നയാളെ മരണം ശരത്കാലത്ത് കൊണ്ടുപോകാൻ വരുന്നു.

> "ഓരോ തവണയും മരണം
> അവന്റെ ജീവിതാസക്തി കണ്ട് തിരിച്ചുപോയി
> എങ്കിലും ശരത്കാലത്ത് പൊടിഞ്ഞുകിടക്കുന്ന
> ഇലകൾക്ക് മുകളിലൂടെ കാറ്റായി ഇഴഞ്ഞുവന്ന്
> അതവനെ ഊതി" (2016:739)

അത് സ്വന്തം മരണമാണെന്നറിഞ്ഞ അവൻ ഇലകളിലൊന്നായി വീണുകിടന്നു എന്നാണ് കവിത സൂചിപ്പിക്കുന്നത്. വെയിലും മഴയും മഞ്ഞുമെല്ലാം ഇഷ്ടമുള്ള അനുഭവങ്ങളായിരുന്ന ജീവിതരീതിയെ കൂടിയാണ് കവിത പരാമർശിക്കുന്നത്. സച്ചിദാനന്ദനിൽ മാത്രമാണ് ഈ ഘട്ടത്തിൽ വർണ്ണനാപരമായ ശരത്കാലപരാമർശം കാണാൻ കഴിഞ്ഞത്.

#### 4.2.1.2.1.5. ആധുനികതാന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഏതുകവികളിലും ശരത്കാലം വർണ്ണനാപരമല്ല.

#### 4.2.1.2.2. സദൃശകല്പനകൾ

#### 4.2.1.2.2.1. രൂപപരം

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ശരത്കാലം രൂപപരമായ കല്പനകളായി താരതമ്യേന അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.2.1.2.2.2. ഭാവപരം

#### 4.2.1.2.2.2.1. പ്രാചീനമധ്യകാലഘട്ടം

നിലാവണിഞ്ഞ് വെളുത്ത ആകാശത്തോടുകൂടി താമരപ്പൂക്കളാകുന്ന കാഴ്ചദ്രവ്യത്തെ വഹിക്കുന്നവളായ ശരത്കാലം മേദിനിവെണ്ണിലാവിനെ സേവിച്ചതായി 'ചന്ദ്രോത്സവ'ത്തിൽ വർണ്ണിക്കുന്നു. ശരത്കാലത്തെ പെൺകൊടിയായി കാണുന്നു. വെളുത്ത മേഘങ്ങളുടെ ഭംഗിയും മധുരമുള്ള പുഞ്ചിരിയാകുന്ന നിലാവും ചേർന്ന് ശരത്പെൺകൊടി ആകാശമാകുന്ന മുറ്റത്ത് ശോഭിച്ചു എന്നു പരാമർശം[82.] മേഘകൂട്ടവും നക്ഷത്രവും ചേർന്ന് ശരത്കാലത്തെ ആകാശം സുന്ദരമായിരുന്നു. അതായത് അപ്പോൾ ഉദിച്ച നക്ഷത്രകൂട്ടത്താൽ ഉജ്ജ്വലവും സുന്ദരവുമാണ് ആകാശം നവരത്നങ്ങളാൽ സമുദ്രവും മനോഹരമാണ്. ശരത് ഉറ്റതോഴിയെ എന്നപോലെ ജലപക്ഷികളുടെ ശബ്ദത്തിൽ മേദിനീവെണ്ണിലാവാകുന്ന താമരയെ വിളിച്ചതായും അവൾ താമരയാകുന്ന മുഖം ഉയർത്തി പ്രതിസൽക്കാരം ചെയ്തതായും പരാമർശമുണ്ട്. ചന്ദ്രോത്സവത്തിൽ മാത്രമാണ് ഈ ഘട്ടത്തിൽ ഭാവപരമായി ശരത്കാലം അവതരിപ്പിക്കപ്പെട്ടത്.

#### 4.2.1.2.2.2.2. കവിത്രയകാലം

സ്ത്രീയുടെ ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട് ശരത്കാലത്തെ വർണ്ണിക്കുന്ന കവിതാ പരാമർശങ്ങൾ ആശാൻ കവിതകളിൽ കാണാം. ഉദാഹരണമായി 'നളിനി'യിൽ നളിനിയെ

"എന്നുമല്ലസുലഭാംഗഭംഗിയാ-

ളിന്നുമിത്തരുണി പൗരിമാരിലും,

മിന്നുകില്ലി ശരദഭ്രശാതയായ്,

ഖിന്നയാകിലുമഹോ! തടില്ലത?" (2013:63)

എന്നിങ്ങനെ ക്ഷീണിച്ച അവസ്ഥയിലും പ്രകാശിക്കുന്ന ശരത്കാലമേഘത്തോട് നളിനിയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

വള്ളത്തോളിന്റെ 'നിർവ്വാണമണ്ഡലം' എന്ന കവിതയിൽ കാലദേവന്റെ അന്തഃപുര സ്ത്രീകളായി ഋതുക്കളെ വിശേഷിപ്പിക്കുന്നു.

"കാലേ പുറപ്പെട്ട ശാരദലക്ഷ്മിതൻ

പീലിക്കൂടാരമാം ശൈലാരണ്യം,

പോക്കുവെയിലിനാൽ പൊൻകസവിട്ടതു

നേർക്കതാ, കാണ്മൂ കിഴക്കകലേ;" (2011:845)

ശരത്കാലത്തു പച്ചപിടിച്ച മലങ്കാടുകൾ പോക്കുവെയിലിനാൽ പൊൻകസവിട്ടതു പോലെ തോന്നുന്നതായി കവിതയിൽ വർണ്ണിക്കുന്നു. ഇവിടെയെല്ലാം പ്രകൃതിവർണ്ണന മാത്രമാണുള്ളത്. ഇവ പ്രകൃതിബോധമായി വികസിച്ചിട്ടില്ല.

'വിഷുക്കണി' എന്ന വള്ളത്തോൾക്കവിതയിൽ ശരത്കാലത്തെ വിഷുവിനെക്കുറിച്ച് പരാമർശമുണ്ട്. പച്ചപ്പുടവകൾ ധരിച്ച സ്ത്രീകളായി ദിക്കുകളെയും വെള്ളിൽ പക്ഷി കളുടെയും അരയന്നങ്ങളുടെയും ശബ്ദത്തിൽ അവർ പാടുന്നതായും കവിതയിൽ വർണ്ണിക്കുന്നുണ്ട്.പാലപ്പൂവിന്റെ സുഗന്ധമുള്ള കാറ്റും, തേൻ നിറഞ്ഞ ചെന്താമര പൂക്കളും കാശപ്പുല്ലിന്റെ പൂങ്കുലകളും നിറഞ്ഞ ശരത്കാലത്തെയാണ് കവിത വർണ്ണിക്കുന്നത്. ഇവിടെയും പ്രകൃതിവർണ്ണനയാണുള്ളത്.

"അശ്ശരൽകാലത്തിലുണ്ടാം വിഷുവത്തെ

യുത്സവമാക്കുമാറില്ല ഞങ്ങൾ" (2011:872)

എന്നിങ്ങനെ ശരത്കാലത്തെ ഉത്സവമാക്കി തിമർക്കാറില്ലെന്നും കവിത വ്യക്തമാക്കുന്നു.

ആശാനും വള്ളത്തോളും മാത്രമാണ് ശരത്കാലത്തെ പൊതുവെ ഈ ഘട്ടത്തിൽ ഭാവപരമായി പരാമർശിച്ചത്.

### 4.2.1.2.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണ'നിൽ ചന്ദ്രികയുടെ സമ്പന്നാവസ്ഥയെ ശരത്കാല ആകാശത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

"ശരദഭ്രവീഥിയിലുല്ലസിക്കു-
മൊരു വെള്ളിനക്ഷത്രമെന്തുകൊണ്ടോ," (1974:115)

എന്നാണ് പരാമർശം. 'ബാഷ്പാഞ്ജാലി' എന്ന സമാഹാരത്തിലെ 'നിരാശ' എന്ന കവിതയിൽ ശരത്കാല ആകാശം നിലാവിൽ മുഴുകിയിരിക്കുന്നതായി വർണ്ണിക്കുന്നു.

'സൗന്ദര്യപൂജ'യിൽ പി. കുഞ്ഞിരാമൻനായർ ശരതിനെ കന്യകയായി കല്പിക്കുന്നുണ്ട്. യൗവനം വന്നവളും മുടി അഴിച്ചിട്ടവളും കവിളിൽ അഴക് ചിന്നിയും കണ്ണിൽ നീലരത്നശോഭ പരന്നും നിശ്വാസത്തിൽ സുഗന്ധം പരത്തിയും പൂനിലാവിൽ മുങ്ങിയ ആമ്പൽ പൂ പോലെയും മലഞ്ചെരുവിലെ മാൻകിടാവിനെപ്പോലെയും മനോഹരിയായ ശാരദകന്യക ഓരോ കാൽവെപ്പിലൂടെയും വരമ്പിൽ പൂവിരിക്കുന്നതായി കവിത വർണ്ണിക്കുന്നു. 'ശാരദാപൂജ' എന്ന കവിതയിൽ കേരളമാകുന്ന കാവിൽ തൊഴാൻ ശാരദകന്യക വന്നതായി പരാമർശിക്കുന്നു. ഇവിടെയും ശരതിനെ കന്യകയായി കണക്കാക്കുന്നു. ആറുഋതുക്കളെയും വർണ്ണിക്കുന്ന 'ഞങ്ങൾ വരുന്നു' എന്ന കവിതയിൽ ശരത്കാലത്തെയും പരാമർശിക്കുന്നുണ്ട്. നിലാവിന്റെയും പൂക്കളുടെയും ആധിക്യത്തെയും പുന്നെൽക്കതിരുകൊത്തി പറക്കുന്ന കിളികളെയും കുറിച്ചുള്ള സൂചനകളാണുള്ളത്. ഈ ഘട്ടത്തിൽ ചങ്ങമ്പുഴയുടെയും, പി. കുഞ്ഞിരാമൻനായ രുടെയും കവിതകളിൽ മാത്രമാണ് ശരത്കാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.1.2.2.2.4.** ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ ശരത്കാലം പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.2.1.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ശരത്കാലം താരതമ്യേന പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.2.1.3. ഹേമന്തകാലം

തെരഞ്ഞെടുത്ത മലയാളകവിതയിൽ ഹേമന്തകാലത്തെക്കുറിച്ചു പരാമർശിക്കുന്ന തെപ്രകാരമെന്ന് ഈ ഭാഗത്ത് അന്വേഷിക്കുന്നു.

### 4.2.1.3.1. വർണ്ണനകൾ

#### 4.2.1.3.1.1. പ്രാചീനമധ്യകാലഘട്ടം

ഹേമന്തത്തിൽ തണുപ്പ് വർദ്ധിച്ചപ്പോൾ ചൂട് സുന്ദരികളുടെ മുഴുത്ത മുലകളാകുന്ന മലകളിൽ പോയി ഇടം തേടിയതായും ജലത്തിലിറങ്ങാൻ കഴിയാതെയും തീ കായാതിരിക്കാൻ സാധിക്കാതെയും ഹേമന്തത്തിൽ രാമൻ വിരഹാതുരനായതായി 'കണ്ണശ്ശരാമായണ'ത്തിൽ പരാമർശമുണ്ട്. ഹേമന്തത്തിലെ തണുപ്പും മഞ്ഞും കാരണം വെയിൽ മങ്ങുകയും നീർപ്പക്ഷികൾ വെള്ളത്തിലിറങ്ങാൻ മടിക്കുകയും ചെയ്തു. ഉദയസമയത്തും പൂക്കൾ കാണാൻ പറ്റാത്തവിധം പുകമഞ്ഞ് മൂടിയിരിക്കുന്നതായും കവിത വർണ്ണിക്കുന്നു (2013:281). കൂടാതെ ചന്ദ്രാതപസേവാദികളിൽ താല്പര്യമില്ലാതാവുകയും കട്ടിയുള്ള പുതപ്പുകളും സുന്ദരികളും ഇല്ലാത്തവർക്ക് ഹേമന്തം ദുഃഖമുണ്ടാക്കിയതായും കവിത പരാമർശിക്കുന്നു.[83]

'കൃഷ്ണഗാഥ'യിൽ എങ്ങും മഞ്ഞ് മൂടിനിൽക്കുന്ന ഹേമന്തത്തിലെ തണുപ്പിൽ നിന്ന് രക്ഷനേടാൻ സൂര്യനെയും തീയിനെയും ജനങ്ങൾ ആശ്രയിക്കാൻ തുടങ്ങിയതായി പരാമർശമുണ്ട്. മഞ്ഞ് വീഴുന്നതിനെ പാലാഴിത്തൂവെള്ളം തൂകുന്നതുപോലെയെന്നാണ് വിശേഷിപ്പിക്കുന്നത്. കൂടാതെ തണുപ്പിന്റെ കാഠിന്യത്താൽ സന്ധ്യാവന്ദനം ചെയ്യുന്നവരുടെ പല്ലുകൾ കൂട്ടിമുട്ടി താളം പിടിച്ചതായും കവിത വ്യക്തമാക്കുന്നു.[84] 'ചന്ദ്രോത്സവ'ത്തിൽ മഞ്ഞുകാലത്തെ ആശ്രയിച്ച് മേദിനിവെണ്ണിലാവ് കാമലീലകളാടി എന്നു പരാമർശം. ഇത്തരത്തിൽ കണ്ണശ്ശരാമായണത്തിലും കൃഷ്ണഗാഥയിലും ചന്ദ്രോത്സവത്തിലും മാത്രമാണ് പൊതുവെ ഹേമന്തകാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.2.1.3.1.2. കവിത്രയകാലം

ഉൾനാട്ടിലെ ഹേമന്തകാല വിശേഷത്തെ വർണ്ണിക്കുന്നതാണ് വള്ളത്തോളിന്റെ 'ഉൾനാട്ടിലെ മഞ്ഞുകാലം' എന്ന കവിത.

> "ഹാ, ഹന്ത, ഹേമന്ത മഹോത്സവത്തിൻ
> ക്രൗഞ്ചങ്ങളാം പക്ഷികൾ പാടിടുമ്പോൾ
> തണുത്തു തുള്ളും നരർ താടികൊണ്ടു
> താളം പിടിക്കുന്നു തരത്തിനൊപ്പം" (2003:8)

മഞ്ഞുകാലത്തെ കഠിനമായ തണുപ്പാണ് വ്യക്തമാക്കപ്പെടുന്നത്. ഹേമന്തത്തിലെ തണുപ്പിൽ പ്രകൃതി തണുത്തുറഞ്ഞിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു. അതു കൊണ്ട് തന്നെ വെള്ളത്തിൽ നിന്ന് മീൻ പിടിക്കാനാവാതെ പൊന്മാന് നിരാശയുണ്ടാവുന്നു. വള്ളത്തോൾ മാത്രമാണ് ഈ ഘട്ടത്തിൽ ഹേമന്തകാലത്തെ വർണ്ണനാപരമായി അവതരിപ്പിച്ചത്.

### 4.2.1.3.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'ഹേമന്തചന്ദ്രിക' എന്ന കവിത ഹേമന്തഋതുവിന്റെ വർണ്ണനയാണ്.

"പ്രേമാനുഭൂതിക്ക് മാറ്റുകൂട്ടും
ഹേമന്തചന്ദ്രിക വന്നുപോയി" (ഭാഗം 1, 1990:201)

എന്നിങ്ങനെ പ്രേമം വർദ്ധിപ്പിക്കുന്നതിനായി ഹേമന്തമെത്തിയതായി പരാമർശിക്കുന്നു. നിലാവും മണമുള്ള കാറ്റും മാന്തോപ്പിലെ കുയിലിന്റെ പാട്ടുമെല്ലാം ചേർന്ന് ലോകം ഹേമന്തകാലം ആസ്വദിക്കുന്നു. സൂര്യനസ്തമിച്ച് നിലാവുപരക്കുകയും പൂക്കൾ വിരിഞ്ഞ് മണം പരക്കുകയും വായു അലഞ്ഞു നടക്കുകയും ചെയ്യുന്ന ഹേമന്തരാത്രി വന്നു ചേർന്നതായി 'മാദകാലാപം' എന്ന കവിതയിൽ പരാമർശമുണ്ട്. (ഭാഗം 1, 1990:576). 'നിർവൃതി' എന്ന കവിതയിൽ കുയിൽപ്പാട്ടുകളും മുല്ലമൊട്ടുകളും കൊണ്ട് കാട്ടിൽ ഹേമന്തം അനുഭവപ്പെടുന്നതായി പരാമർശിക്കുന്നു. ഹേമന്തരാത്രിയിൽ കുളിരുള്ള നിലാവിൽ കുളിക്കണമെന്ന് 'എനിക്കുവേണ്ടത്' എന്ന കവിതയിൽ കവി ആഗ്രഹിക്കുന്നു. 'ചരിതാർത്ഥതന്നെ ഞാൻ' എന്ന കവിതയിൽ ഹേമന്തയാമിനിയെന്ന് ഹേമന്തത്തെ വിശേഷിപ്പിക്കുന്നു. 'വിലാസലഹരി' യിൽ

"പുഴവക്കിൽ നിന്നെയും കാത്തുകാത്തി
പ്പുളകദ ഹേമന്ത ചന്ദ്രികയിൽ" (ഭാഗം 1, 1990:598)

എന്ന് ഹേമന്തത്തെ വർണ്ണിക്കുന്നു. ഹേമന്തം കാമുകീകാമുകസമാഗമത്തിന് അനുയോജ്യമായ അന്തരീക്ഷമായി കൃതിയിൽ പരാമർശിക്കുന്നു. ഇത്തരത്തിൽ കവിതയുടെ പ്രമേയവുമായി യോജിക്കുന്നവിധത്തിൽ പ്രകൃതിഭാവങ്ങളെ ചങ്ങമ്പുഴ ഉപയോഗിക്കുന്നു. വാസന്തലക്ഷ്മിയും ഹേമന്തദേവിയും വന്നു പോയിട്ടും പ്രേമത്തിനായി ഞാൻ നില്പുതുടരുന്നു എന്ന് 'ഒരു പുൽക്കൊടിയുടെ പ്രേമഗാനം' എന്ന കവിതയിലെ പുൽക്കൊടി വ്യക്തമാക്കുന്നു. പുൽക്കൊടിയിൽ പ്രേമവും പ്രകൃതിയും കാണുന്നു ചങ്ങമ്പുഴ

പുന്നെൽ മണമുള്ള കാറ്റും നക്ഷത്രങ്ങൾ തെളിയുന്ന രാത്രിയും മഞ്ഞണിഞ്ഞ പുലരികളുമുള്ള ഹേമന്തകാലത്തെ പി. കുഞ്ഞിരാമൻനായരുടെ 'ഞങ്ങൾ വരുന്നു' എന്ന കവിത അവതരപ്പിക്കുന്നു.

വയലാർ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരിൽ പൊതുവെ ഹേമന്തവർണ്ണനയില്ല എന്നു പറയാം.

**4.2.1.3.1.4. ആധുനികതാഘട്ടം**

സച്ചിദാനന്ദന്റെ 'ഋതുസംഹാരം' എന്ന കവിതയിലും ഹേമന്തകാലത്തെ പരാമർശിക്കുന്നുണ്ട്. വേനൽക്കാലത്തും മഴക്കാലത്തും മരണം വന്നുവിളിച്ചിട്ടും പോയില്ല. പിന്നീട് മഞ്ഞുകാലത്തെത്തിയ മരണത്തോട് മരണത്തിലേക്ക്, ബോധം മാത്രമുള്ള ലോകത്തിലേക്ക് ഞാൻ വരുന്നില്ലെന്നാണാവൻ പറയുന്നത്. മഞ്ഞുകാലത്തെ ഭൂമിയുടെ അബോധമായ ഉറക്കത്തെക്കൂടിയാണ് ഈ കവിതാഭാഗം വ്യക്തമാക്കുന്നത്. ആധുനികതാഘട്ടത്തിൽ സച്ചിദാനന്ദനിൽ മാത്രമാണ് ഹേമന്തം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.1.3.1.5. ആധുനികതാനന്തരഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ ഹേമന്തകാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**4.2.1.3.2. സദൃശകല്പനകൾ**

**4.2.1.3.2.1. രൂപപരം**

ഹേമന്തകാലം ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ രൂപപരമായി അവതരിപ്പിക്കപ്പെട്ടിട്ടില്ല.

**4.2.1.3.2.2. ഭാവപരം**

**4.2.1.3.2.2.1. പ്രാചീനമധ്യകാലഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ ഹേമന്തകാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടിട്ടില്ല.

**4.2.1.3.2.2.2. കവിത്രയകാലം**

ആശാന്റെ 'നളിനി'യിൽ ദിവാകരനാൽ ഉപേക്ഷിക്കപ്പെട്ട നളിനിയുടെ അവസ്ഥ ഹേമന്തത്തിലെ താമരപ്പൂവ് പോലെയെന്ന് കവിത വ്യക്തമാക്കുന്നു.

"നൊന്ത ചിത്തമൊടു നിന്നു കണ്ണുനീർ
ചിന്തി ഹൈമനസരോജമൊത്തവൾ" (2013:66)

എന്നിങ്ങനെ കണ്ണുനീരോടെ നിൽക്കുന്ന നളിനിയുടെ മുഖത്തെ ഹേമന്തകാലത്തെ താമരപ്പൂവുപോലെയെന്നാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ആശാനിൽ മാത്രമാണ് ഹേമന്തകാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.2.1.3.2.2.3. കവിത്രയത്തിനുശേഷമുള്ളകാലം

'നിളാതടത്തിലെ രാത്രി' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിതയിൽ സ്വർണ്ണ പുള്ളിയുള്ള ഇളംനീലസാരിയുടുത്തവളും ആമ്പൽപ്പൂവുകൊണ്ട് കാറ്റിന്റെ കവിളു തലോടിയവളും പൂവിരിമെത്തയിൽ കണ്ണുനീർത്തുള്ളിയുതിർക്കുന്നവളും വീർപ്പിട്ടു നിൽക്കുന്നവളുമായ ഹേമന്തരാത്രിയെ വർണ്ണിക്കുന്നുണ്ട്. ഇവിടെ ഹേമന്തം സുന്ദരിയായ സ്ത്രീയാണ്.

#### 4.2.1.3.2.2.4. ആധുനികതാഘട്ടം

സച്ചിദാനന്ദന്റെ 'ഹേമന്തം: ഡൽഹി' എന്ന കവിതയിൽ ഹേമന്തകാലത്തെയാണ് പരാമർശിക്കുന്നത്. ഡൽഹിയിലെ ഹേമന്തകാല തണുപ്പ് കേരളത്തിൽ വളർന്ന ശരീരത്തിന് അസഹ്യമാക്കുന്നു.

"ചൂടിനെക്കാൾ ദയാലു നീയെങ്കിലും
കോടമഞ്ഞേ, കടിക്കാതെ ചുണ്ടുകൾ
രോമകൂപങ്ങൾ നോവുന്ന മട്ടിൽ നീ
ദേഹമാകെപ്പൊതിയാതെ, ഉമ്മയാൽ" (2016:860)

എന്നിങ്ങനെ തണുപ്പ് ശരീരത്തെ പൊതിയുന്നതിനെ പ്രണയിതാക്കൾ തമ്മിലുള്ള അടുപ്പവുമായി സാദൃശ്യപ്പെടുത്തുന്നു. തണുപ്പുകൊണ്ട് ചുണ്ടുകൾ കടിക്കുകയും കുളിരാകുന്ന ഉമ്മകൾ കൊണ്ട് ദേഹമാകെ മൂടുകയും ചെയ്യുന്നു. കാതിൽ വീഴുന്ന കുളിർകാറ്റിനെ മധുരസല്ലാപമായും കാൽമുട്ടുവേദനിക്കുന്നത് പ്രണയിനികേറിയിരിക്കുന്നതിനാലാണെന്നും കവിത വ്യക്തമാക്കുന്നു. സൂര്യനുദിക്കുമ്പോൾ ആവിയായി അപ്രത്യക്ഷമാകുന്നവളാണിതിലെ പ്രണയിനി. ഇവിടെ മഞ്ഞ് സ്ത്രീയുടെ പ്രതീകമായി പ്രത്യക്ഷപ്പെടുന്നു. അവളുടെ പുരുഷനാണിതിലെ മറ്റൊരു കഥാപാത്രം.

#### 4.2.1.3.2.2.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഹേമന്തകാലം ഭാവപരമായി പരാമർശിക്കപ്പെടുന്നില്ല.

#### 4.2.1.3.3. പ്രകൃതിനശീകരണസൂചനകളുംമനോഭാവവും

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കൃതികളിൽ ഹേമന്തകാലം താരതമ്യേന പ്രകൃതിനശീകരണരീതിയിൽ അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.2.1.4. ശിശിരം

ശിശിരവർണ്ണന നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതയിലും പരാമർശിക്കപ്പെടുന്നതെങ്ങനെയെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

മകരത്തിൽ മഴ പെയ്താൽ മരുന്നു കൂടി ഇല്ല, മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും എന്നിങ്ങനെ മകരമഴയെക്കുറിച്ച് ചൊല്ലുകളുണ്ട്. മകരമഴ പ്രകൃതിയുടെ നാശത്തിനാണ്. മകരമഴയിൽ വിത്തുകളെല്ലാം മുളയ്ക്കുകയും തുടർന്നു വരുന്ന വേനലിൽ മുളകൾ വളർച്ചയെത്താതെ കരിയുകയും ചെയ്യും. അടുത്ത മഴക്കാലത്ത് മുളയ്ക്കാൻ വിത്തുകൾ ബാക്കിയില്ലാതെ മരുന്നിനു കൂടി ഒരു ചെടിയില്ലാത്ത അവസ്ഥയുണ്ടാകും. കാലം തെറ്റി പെയ്യുന്ന മഴ നാശത്തിനാണെന്ന സൂചനയാണിവിടെ ലഭിക്കുന്നത്.

പൂയത്തിൽ മഴ പെയ്താൽ പുല്ലും നെല്ല്, കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്, കുംഭത്തിലായാൽ കുടത്തോളം മീനത്തിലായാൽ മീൻകണ്ണിനോളം എന്നീ പഴഞ്ചൊല്ലുകൾ ആ മാസങ്ങളിലെ മഴ പ്രകൃതിയിലുണ്ടാകുന്ന കാർഷിക സമൃദ്ധിയെയാണ് വ്യക്തമാക്കുന്നത്. മകീരത്തിൽ മതിമറന്നു പെയ്യും എന്ന ചൊല്ല് മകീരം ഞാറ്റുവേലയിലെ മഴയുടെ സമൃദ്ധിയാണുൾക്കൊള്ളുന്നത്.

#### 4.2.1.4.1. വർണ്ണനകൾ

#### 4.2.1.4.1.1. പ്രാചീനമധ്യകാലഘട്ടം

ശിശിരത്തെക്കുറിച്ച് മനോഹരമായ വർണന 'രാമകഥപ്പാട്ടി'ൽ കാണാം. മഞ്ഞിന്റെ ആധിക്യത്താൽ സൂര്യൻ മയങ്ങുന്നതായും ഭൂമിയിൽ സമുദ്രത്തിന്റെ ശബ്ദം മുഴങ്ങുന്നതായും ആകാശത്ത് ചുവന്ന കിരണങ്ങൾ പ്രത്യക്ഷപ്പെടുന്നതായും കവി പറയുന്നു.[85]

"എഴുന്തുവളർ താമരമേൽ

ഇരതമയമെഴും കാലം

ചുഴന്നുവരും പോരഴികൾ

തുടന്തു വരുകിറകാലം" (ഭാഗം 1, 2012:431)

എന്നിങ്ങനെ മനോഹരമായി ശിശിരത്തെ വർണ്ണിക്കുന്നു. ലോകം മുഴുവൻ മഞ്ഞിനാൽ നിറയുന്ന ശിശിരകാലത്ത് മേദിനിവെണ്ണിലാവ് കാമോത്സവങ്ങളിൽ മുഴുകുന്നതായി 'ചന്ദ്രോത്സവ'ത്തിൽ പറയുന്നു. രാമകഥപ്പാട്ടിലും ചന്ദ്രോത്സവത്തിലും മാത്രമാണ് പൊതുവെ ശിശിരം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.2.1.4.1.2. കവിത്രയകാലം

നനഞ്ഞ് തണുക്കുമ്പോൾ തീ കായാൻ ഇത്തിരി വിറകുപോലും കിട്ടാത്ത ശിശിരകാലത്തെക്കുറിച്ച് വള്ളത്തോളിന്റെ 'ഗ്രാമസൗഭാഗ്യ'ത്തിൽ വർണ്ണനയുണ്ട്. ഈ ഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് ഇത്തരം പരാമർശമുള്ളത്.

#### 4.2.1.4.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'ദേവയാനി' എന്ന കൃതിയിൽ

"ചന്ദനശീതളസുന്ദരചന്ദ്രിക ചിന്നിയ ശിശിരനിശീഥം

ചഞ്ചല രജതവലാഹകചുംബിതബിംബിതതാരുയൂഥം" (ഭാഗം 2, 1990:337)

എന്നിങ്ങനെ ശിശിരകാലവർണ്ണനയുണ്ട്. പൂക്കൾ കൊഴിയുന്നതും ആതിരവരുന്നതുമായ ശിശിരകാലത്തെ പി. കുഞ്ഞിരാമൻനായരുടെ 'ഞങ്ങൾ വരുന്നു' എന്ന കവിതയിൽ സൂചിപ്പിക്കുന്നുണ്ട്. ചങ്ങമ്പുഴയും പി.കുഞ്ഞിരാമൻനായരും മാത്രമാണ് ശിശിരത്തെ പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചത്

#### 4.2.1.4.1.4. ആധുനികതാഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ശിശിരപരാമർശങ്ങൾ വർണ്ണനാപരമല്ല.

#### 4.2.1.4.1.5. ആധുനികതാനന്തരഘട്ടം

"മഞ്ഞുകാലം

തുള്ളികളെ

ഇലകൾക്കുമീതേ വിതയ്ക്കുകയാൽ

മരങ്ങളിൽ പുളകങ്ങളായ് അവ

ഇന്നലേയും മുളച്ചു" (2016:292)

എന്നിങ്ങനെ മഞ്ഞുതിരുന്നതിനെ വീരാൻകുട്ടിയുടെ 'മഞ്ഞുകാലം' എന്ന കവിത വ്യക്തമാക്കുന്നു. കുഞ്ഞുങ്ങളും കിളികളും തണുപ്പ് അനുഭവിക്കുന്നതായി കവിത സൂചിപ്പിക്കുന്നു. വെയിൽക്കാലത്തെക്കുറിച്ചുള്ള തർക്കങ്ങളിൽ ഏർപ്പെട്ടിരുന്ന സ്ഥാവരങ്ങളെ മറവിയായ് വന്ന് മഞ്ഞ് നനച്ചു മഞ്ഞുതുള്ളികളിൽ സൂര്യപ്രകാശം വീണ വെളിച്ചം കണ്ട് പളുങ്കുവിളക്കുകളെന്ന് ചിന്തിക്കുന്നതായുള്ള മഞ്ഞുകാലവർണ്ണന യാണീ കവിത.

സെബാസ്റ്റ്യന്റെ 'അഭയം' എന്ന കവിതയിൽ ശിശിരകാലത്തെ തണുപ്പിൽ ഒളിക്കാനിടം തേടുന്ന സൂര്യനെ അവതരിപ്പിച്ചിരിക്കുന്നു. മലയിലോ മരത്തിലോ ഇലയിലോ പൂവിലോ പുല്ലിലോ ഇടം കിട്ടാതെ തണുപ്പിൽ നിന്ന് രക്ഷതേടുന്ന ശിശിര കാല തണുപ്പിനെ കവിത സൂചിപ്പിക്കുന്നു. എന്നാൽ പ്രഭാതത്തിൽ അതിനെയെല്ലാം അതിജീവിച്ച് സൂര്യൻ ഉദിച്ചു വരുന്നതായും കവിത വ്യക്തമാക്കുന്നു.

വീരാൻകുട്ടി, സെബാസ്റ്റ്യൻ എന്നിവരിൽ മാത്രമാണ് പൊതുവെ ശിശിരകാലം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

#### 4.2.1.4.2. സദൃശകല്പനകൾ

#### 4.2.1.4.2.3. രൂപപരം

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പൊതുവെ ശിശിരകാലം രൂപപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.2.1.4.2.2. ഭാവപരം

#### 4.2.1.4.2.2.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ശിശിരകാലം ഭാവപരമായി പരാമർശിക്കപ്പെട്ടിട്ടില്ല.

#### 4.2.1.4.2.2.2. കവിത്രയകാലം

കുമാരനാശാന്റെ 'ലീല'യിൽ വിരഹിതനായ മദനന്റെ അവസ്ഥയെ വർണ്ണിക്കുന്നതിപ്രകാരമാണ്.

> "ശിശിരാർദ്രിതമാ ദലം സഖീ,
> ഭൃശമിത്തെലിൽ വീണടിഞ്ഞുപോം" (2013:116)

ശിശിരത്തിൽ കാറ്റിൽ കൊഴിയുന്ന ഇലപോലെ സ്വാഭാവികമായ മരണത്തിലേക്ക് മദനൻ പൊയ്ക്കൊണ്ടിരിക്കുന്നതായി മാധവി പറയുന്നു. ഈ ഘട്ടത്തിൽ ചങ്ങമ്പുഴയിൽ

മാത്രമാണ് ശിശിരകാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.1.4.2.2.3.** കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനിക താനന്തരഘട്ടം എന്നിവയിൽ ശ്രദ്ധേയമായ രീതിയിലുള്ള ശിശിരപരാമർശങ്ങൾ കാണുന്നില്ല.

### 4.2.1.4.3 പ്രകൃതിനശീകരണസൂചനകളും മനോഭാവവും

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ശിശിരകാലം പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.2.1.5. വസന്തം

നാടോടിവാങ്മയങ്ങളിലും മലയാളകവിതയിലും ഉൾപ്പെടുന്ന വസന്ത പരാമർശങ്ങളെ ഈ ഭാഗത്ത് അന്വേഷിക്കുന്നു.

മീനമാസത്തിലെ ഇടിമീൻകണ്ണിലും വെട്ടും, കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിലായാൽ മീൻകണ്ണിനോളം, മേടം പത്തിനു മുമ്പെ പൊടിവിത കഴിയണം എന്നീ ചൊല്ലുകൾ ഈ മാസങ്ങളിലെ കാലാവസ്ഥ കാർഷികവ്യവസ്ഥയെ ഏതു വിധത്തിൽ സ്വാധീനിക്കുന്നു എന്ന് വ്യക്തമാക്കുന്നു.

### 4.2.1.5.1. വർണ്ണനകൾ

### 4.2.1.5.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ ആറന്മുളഗ്രാമത്തിന്റെ അഴകു വർണ്ണിക്കുമ്പോൾ

> "ഇരിണ്ട പൂഞ്ചോലയുടെയിളന്തെന്നൽ കൂത്താടുംപോൾ
> തിരണ്ടപൊൽ തെരുവിലെംകും തേന്മഴ പൊഴിയുമേടം" (1981:51)

എന്നാണ് പറയുന്നത്. അതായത് പൂഞ്ചോലകളിലൂടെ ഇളംകാറ്റ് പരക്കുമ്പോൾ പൂക്കളിൽ നിന്ന് തേൻ പൊഴിയുന്നു. അത്രമേൽ സമൃദ്ധമായ പൂന്തോട്ടമുള്ള നാടാണ് ആറന്മുള. അവിടത്തെ വസന്തത്തിന്റെ മനോഹാരിതയെ കൂടിയാണ് ഈ വർണ്ണന വ്യക്തമാക്കുന്നത്.

ഗോദാവരീതീരത്തുള്ള വനത്തിൽ സീതാരാമലക്ഷ്മണന്മാർ താമസിക്കുന്ന സന്ദർഭത്തിൽ വർഷം അവസാനിച്ച് വസന്തം എത്തിച്ചേർന്നതായി 'രാമകഥപ്പാട്ടി'ൽ പറയുന്നു.

"കുളിരതിനാലനൽ തോന്റി
കൊങ്കകളിൽ പോയൊളിക്കെ
കളികാലം കൊന്റ മുല്ലൈ
കനിന്തമലർ ചൊരികാലം
അളിയാനതും നിറവാൽ
അമൃതമുണ്ണവരുംകാലം
നളിയാകത്താമരകൾ
നാതമലർച്ചൊരികാലം" (ഭാഗം 1, 2012:429)

എന്നിങ്ങനെ വസന്തകാലത്തെ വർണ്ണിക്കുന്നു. തണുപ്പുമൂലം ചൂട് കാമിനിമാരുടെ മുലകളിൽ ഒളിക്കുന്നതായി കവി വർണ്ണിക്കുന്നു. വസന്തത്തിൽ കൊന്നയും മുല്ലയും താമരപ്പൂക്കളും വിരിഞ്ഞു പൊഴിയുകയും വണ്ടുകൾ തേൻകുടിക്കാൻ വരികയും ചെയ്യുന്നതായും കവി വിശദമാക്കുന്നു (ഭാഗം 1, 2012:430) മയിലാടുമ്പോൾ കുയിൽ കൂകുന്ന മനോഹരമായ കാലം എന്നാണ് വസന്തകാലത്തെക്കുറിച്ച് കവി പറയുന്നത്.

'കണ്ണശ്ശരാമായാണ'ത്തിൽ രാമലക്ഷ്മണന്മാർ പമ്പാതീരത്തെത്തുമ്പോൾ വസന്തത്താൽ കാടുമുഴുവൻ പൂത്തിരിക്കുന്നതായി കാണുന്നു. കൂടാതെ മഹാവൃക്ഷ ങ്ങളിൽ പൂത്തുമനോഹരമായ വള്ളികൾ ചുറ്റിപിണഞ്ഞിരിക്കുന്നതും താമരപൊയ്ക യിൽ തട്ടി കാറ്റുവരുന്നതും രാമന്റെ വിരഹദുഃഖം വർദ്ധിപ്പിക്കുന്നതായി പറയുന്നു.[86] സാരസപക്ഷികളും ഹംസങ്ങളും താമരപ്പൂക്കളും പൊയ്കയിൽ നില്ക്കുന്നതു കാണുമ്പോൾ രാമന്റെ വിരഹദുഃഖം വർദ്ധിക്കുന്നു. അരയന്നങ്ങളും വണ്ടുകളുമെല്ലാം പ്രയാസഹിതരായി വാഴുന്ന വസന്തകാലത്ത് ഞാൻ മാത്രം സീതയോടു പിരിഞ്ഞിരി ക്കുന്നു എന്നു രാമൻ വിലപിക്കുന്നു. ആവശ്യത്തിനു തേൻകുടിച്ച് പാടുന്ന വണ്ടുകളും ആടുന്ന മയിലുകളും പാടുന്ന കുയിലുകളുമുള്ള വസന്തകാലവനത്തെ അവതരിപ്പി ക്കുന്നു. ഇളം കാറ്റേറ്റ് ഉലയുന്ന വൃക്ഷലതാദികൾ ഈ സംഗീതനൃത്താഭ്യാസങ്ങൾ ആസ്വദിക്കുന്നതായാണ് കവി സങ്കല്പിക്കുന്നത് (2013:372). സംഗീതനൃത്തസദസ്സിനു തുല്യമായി വസന്തകാല പ്രകൃതിയെ വർണ്ണിക്കുന്നു. മനുഷ്യന്റെ ജീവിതരീതികളുമായി പ്രകൃതിയെ സമന്വയിപ്പിക്കാനുള്ള ശ്രമമാണ് കവി നടത്തുന്നത്.

നായികയിൽ നിന്നും വേർപിരിഞ്ഞ നായകനെ കൂടുതൽ ദുഃഖിപ്പിക്കാനായി ആരാച്ചാർ എന്ന പോലെ വസന്തം എത്തുന്നു എന്ന 'ഉണ്ണുനീലിസന്ദേശ'ത്തിലെ പരാമർശത്തിൽ നിന്ന് വസന്തകാലത്താണ് വിരഹമുണ്ടാകുന്നതും സന്ദേശമയക്കുന്നതും

എന്ന് മനസ്സിലാക്കാം. വസന്തമായതിനാൽ വിരഹവേദന വർദ്ധിക്കുന്നതായി പറയുന്നു. പ്രകൃതിയിലെ ഓരോ കാഴ്ചകളും നായകനിൽ ദുഃഖമുണ്ടാക്കുന്നു. വസന്തകാലത്ത് പ്രകൃതി പൂക്കളാൽ നിറയുന്നതും വസന്തം ചുറ്റും മനോഹരമായി വിളങ്ങുന്നതും വർണ്ണിച്ചിട്ടുണ്ട്. തേന്മാവിലിരിക്കുന്ന കുയിലുകളും പ്ലാശിൻ പൂക്കളിരിക്കുന്ന വണ്ടുകളും ചെമ്പകാവുകളിൽ പൂത്തുനിൽക്കുന്ന പൂക്കളുമെല്ലാം ചേർന്ന മനോഹരമായ വസന്തത്തെ കവിതയിൽ വർണ്ണിച്ചിട്ടുണ്ട്. താമരപൊയ്കയിലാവട്ടെ എല്ലാഭാഗവും നായകന്റെ വിരഹദുഃഖം വർദ്ധിപ്പിക്കുന്നതുമാണ്.

> "തേന്മാവിന്മേൽപ്പരഭൃതകുലം, ഭൃംഗമാലാപലാശേ
> മാരൻ കൂരമ്പുള ചുഴലവും ചെമ്പകക്കാവു തോറും
> തെന്റൽ കന്റുണ്ടിനിയ ബകുളേ, കിംശുകേ കിംശുകാളീ
> നാളീകത്താർ നളിനിയി, ലവന്നെങ്ങുനോക്കാവുതന്റ്" (2016:47)

ഇത്തരത്തിൽ മനോഹരവും മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്നതുമായ കാഴ്ചകളാണ് ചുറ്റും. വിരഹിയായതിനാൽ ഇതെല്ലാം ശത്രുപക്ഷമായാണ് നായകന് അനുഭവപ്പെ ടുന്നത്. രാത്രി മുഴുവൻ വേർപിരിഞ്ഞിരിക്കുന്ന ചക്രവാകങ്ങളുടെ വിരഹത്തിൽ നിന്നുണ്ടായ തീക്കനൽക്കഷ്ണങ്ങളാണ് മഞ്ഞുതുള്ളികൾ എന്നും അതിലൂടെ വീശുന്ന ഇളംകാറ്റ് താമരപ്പൂക്കളിലെ തേൻ നായകന്റെ മേലെ കോരിയൊഴിച്ച് വിരഹദുഃഖം വർദ്ധിപ്പിച്ചതായും വർണ്ണിക്കുന്നു (2016:47). വസന്തത്തിന്റെ സഹായത്താൽ സഹകാരി യായ ഇളംകാറ്റ് നായകനെ വിരഹിതനാക്കുന്നു.

കണ്ടിയൂരിലെ വസന്തകാലത്തെപ്പറ്റി 'ഉണ്ണിയാടിചരിത'ത്തിൽ വർണ്ണിക്കുന്നുണ്ട്. വേരുവരെ പൂത്തിരിക്കുന്ന വലിയ മാവിൽനിന്ന് മൊട്ടുകൾ പൊഴിയുന്നതിനെ കാമന്റെ കൂരമ്പ് വീഴുന്നതായും തേന്മാവിൽ നിന്ന് തേൻ ലഭിക്കാൻ വേണ്ടി കുയിൽ തേന്മാവിനെ പുകഴ്ത്തുന്നതായും കവി കല്പന നടത്തുന്നു. തേനിന്റെ സമൃദ്ധിയും സൽക്കാര മനോഭാവവും ഇവിടെ വ്യക്തമാകുന്നുണ്ട്. താമരയിൽ നിന്ന് തേൻകുടിച്ച വണ്ടുകൾ സ്വന്തം ശബ്ദം കൊണ്ട് ഇളംതേൻ ഉണ്ടാക്കുന്നതായും അത് കുടിച്ച് നിന്റെ മനോഹരശബ്ദത്തെ നഷ്ടപ്പെടുത്തരുതെന്നും നായകൻ പറയുന്നു. കൂടാതെ കാറ്റിനോട് തന്നെ വന്ന് തൊട്ട് കാമം വർദ്ധിപ്പിക്കാനും ആവശ്യപ്പെടുന്നു. വസന്തത്തിന്റെ ഇത്തരം അനുഭവങ്ങൾ നായകനിൽ പ്രണയഭാവങ്ങൾ ഉണ്ടാക്കാൻ സഹായിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

> "ആശ്രീമാനിക്കാമോ

മറ്റാരെയുമേവമിന്റു മാനിക്കാമോ

ആർത്തവസന്താനേന

ത്വയാപിയസ്സേവ്യതേ വസന്താനേന" (2016:96)

ഗന്ധവാഹനൻ എന്ന് വസന്തകാലത്തെ കാറ്റിനെയും പരാമർശിക്കുന്നുണ്ട്. ഈ പേര് അഭിമാനിയായ ഒരാൾക്ക് ചേരുന്നതല്ലെന്ന് വ്യക്തമാക്കുന്ന നായകൻ ആ കാറ്റ് തന്നെ വിരഹിതനാക്കുന്നതായും പറയുന്നു. അതോടൊപ്പം വണ്ട് പ്രിയയോടൊത്ത് പൂക്കളിൽ തേൻ നുകരാനെത്തുന്നതും നായകനെ ദുഃഖിപ്പിക്കുന്നു. ഇത്തരത്തിൽ വസന്തം പ്രണയിതാക്കൾക്കും വിരഹികൾക്കും ദുഃഖമുണ്ടാക്കുന്നതാണെന്ന് ഈ വർണ്ണനകൾ വ്യക്തമാക്കുന്നു.

പൂങ്കാവിൽ ആൺകുയിലുകൾ കൂകുന്ന വസന്തകാലത്തും മേദനിവെണ്ണിലാവ് കാമോത്സവങ്ങളിൽ മുഴുകിയതായി 'ചന്ദ്രോത്സവ'ത്തിൽ പറയുന്നു.

'നളചരിത'ത്തിൽ നളദമയമന്തിമാർ വിവാഹശേഷം നഗരോദ്യാനത്തിൽ രമിക്കുമ്പോൾ അശോകവും ചമ്പകവും പൂത്തുകൊണ്ട് വസന്തം വന്നതായി പറയുന്നു. ചെടികളിൽ വണ്ടുകൾ നിറയുകയും കൈതപ്പൂവുകളിൽ ചന്ദ്രനുദിക്കുകയും ചെയ്തതായി വർണ്ണിക്കുന്നു. പൂത്തു തളിർത്തും നിൽക്കുന്ന വൃക്ഷങ്ങൾ മാത്രമാണ് ഉദ്യാനത്തിലുള്ളതെന്നും കാമദേവനെ വാഴ്ത്തുന്ന വണ്ടുകളും കുയിൽകൂട്ടവുമുണ്ടെന്നും വ്യക്തമാക്കികൊണ്ട് വസന്തം എത്തിച്ചേർന്നതായി പരാമർശിക്കുന്നു. മേൽപറഞ്ഞ കൃതികളിലെല്ലാം വിരഹവും പ്രേമവും വർദ്ധിപ്പിക്കുന്നതിനുള്ള ഘടകമാണ് വസന്തം.

#### 4.2.1.5.1.2. കവിത്രയകാലം

വള്ളത്തോളിന്റെ 'ദണ്ഡകാരണ്യ'ത്തിന്റെ വിവിധ ഭാഗങ്ങളിൽ വസന്തവർണ്ണനയുണ്ട്. ദണ്ഡൻ എന്ന രാജാവ് ഗുരുവിന്റെ തപോവനത്തിൽ വസന്തമനോഹാരിത കണ്ട് ഉലാത്തുന്നതായി കവിതയിൽ പരാമർശമുണ്ട്. വസന്തകാലത്തെ പൂക്കളുടെ സമൃദ്ധി മനുഷ്യഭോഗത്തിനുള്ളതാണ് എന്ന സങ്കല്പനമാണ് ഈ കവിത പങ്കുവയ്ക്കുന്നത്.[87] കാമദേവന്റെ കുഴലൊച്ചപോലെയാണ് വസന്തത്തിലെ കുയിൽനാദം.

പൂക്കളെ വീഴ്ത്തുന്ന ഇളംകാറ്റും പാടുന്ന കുയിലുകളും വണ്ടിന്റെ വാദ്യങ്ങളും ചേർന്ന് വസന്തം ആഗതമായതായി വള്ളത്തോളിന്റെ 'വിലാസലതിക' യിൽ വർണ്ണിക്കുന്നുണ്ട്. 'വിഷുക്കണി' എന്ന കവിതയിൽ പൂത്ത ചമ്പകങ്ങളും മാവുകളിലെ

കുയിൽനാദവും വസന്താഗമത്തെ സൂചിപ്പിക്കുന്നതാണെന്ന് കവിത വ്യക്തമാക്കുന്നു. “മുല്ലപ്പൂകൊണ്ടു ചിരിപ്പതെന്താര്യേ” (2011:873) എന്ന് വസന്തത്തോട് കവി ചോദിക്കുന്നുണ്ട്. ഇവിടെയും വസന്തം സുന്ദരിയായ ഒരു സ്ത്രീയാണ്. കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് വസന്തവർണ്ണന താരതമ്യേന കാണപ്പെടുന്നത്.

#### 4.2.1.5.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണ'നിൽ വസന്തകാലത്തിന്റെ കാഴ്ചകൾ കണ്ട് കാട്ടിലൂടെ നടക്കണമെന്ന് ചന്ദ്രിക താല്പര്യപ്പെടുന്നു. അതുകൊണ്ടാണ് കാട്ടിൽ ആടുമേയ്ക്കാൻ ഞാനും വരട്ടെയോ എന്ന് രമണനോട് ചോദിക്കുന്നത്. മരങ്ങളിൽ പൂക്കൾ നിറയുകയും കുയിലുകൾ പാടുകയും പൂക്കൾ തല്പം വിരിക്കുകയും പൂഞ്ചോലകൾ പൊട്ടിച്ചിരിക്കുകയും ചെയ്തുകൊണ്ട് വസന്തം വന്നതായി കവിതയിൽ വർണ്ണനയുണ്ട്. രമണനും ചന്ദ്രികയും തമ്മിലുള്ള പ്രണയത്തിന് മാറ്റുകൂട്ടാനായി വസന്തം എത്തിചേർന്നതായും പരാമർശമുണ്ട്. (1974:127) കൂടാതെ

> “വനതലമിതിലണഞ്ഞധിവസിക്കും
> വാസന്തദേവതയെന്നപോലെ” (1974:135)

എന്നിങ്ങനെ ചന്ദ്രികയെ വസന്തദേവതയായി കൽപിക്കുന്നു.

അദ്ദേഹത്തിന്റെതന്നെ ‘ആ വസന്തം’ എന്ന കവിതയിൽ

> “ആ വസന്താഗമമന്നൊരു നൂനത
> ജീവൻ വസുധയ്ക്കണച്ചിരുന്നു.
> ആ നറും സൗവർണ്ണകാലമെനിക്കുമൊ
> ട്ടാനന്ദദായകമായിരുന്നു” (ഭാഗം 1, 1990:142)

എന്നിങ്ങനെ പൂമണമുള്ള കാറ്റും ആടുന്ന പൂവല്ലികളുമുള്ള പൂന്തോപ്പിൽ കങ്കേളി പൂക്കളുടെ മാല കോർത്തും താമരക്കുമ്പിളിൽ വെള്ളം നിറച്ചും രസിച്ചിരുന്ന വസന്തകാലം എന്നും കണ്ണും കരളും കവർന്നിരുന്നതായി കവി വ്യക്തമാക്കുന്നു. ‘ആരാധകൻ’ എന്ന കവിതയിൽ മുല്ലകൾ മൊട്ടിട്ടും ഇളംകാറ്റ് വീശിയും വസന്തകാലം ആരംഭിച്ചതായി സൂചനയുണ്ട്. പക്ഷികൾ പാടിയും, പൂക്കൾ വിരിഞ്ഞും വാസന്തദേവി വന്നണഞ്ഞതായി ‘മാസസേശ്വരി’ എന്ന കവിതയിലും പരാമർശിക്കുന്നു. കൂടാതെ

> “ആരു നീ, മോഹിനി, വാസന്തചാരിമ
> പാരിലുടലാർന്നു വന്നതുമാതിരി” (1974:258)

എന്നിങ്ങനെ വേഷം മാറിവന്ന മാനസാദേവിയോട് സദാഗരൻ ചോദിക്കുന്നുണ്ട്. ഇവിടെ സ്ത്രീയെ വസന്തവുമായി സാദൃശ്യപ്പെടുത്തുന്നു.

'യവനിക' എന്ന കവിതയിൽ വസന്തം വന്നു ചേർന്നതായി പരാമർശമുണ്ട്. വനശ്രീയെന്നാണ് വസന്തത്തെ വിശേഷിപ്പിക്കുന്നത്. കാറ്റ് പരത്തുന്ന സുഗന്ധവും വണ്ട് വലം വയ്ക്കുന്ന താമരപ്പൂക്കളും പാടുന്ന കരിങ്കുയിലുകളും പാറുന്ന പൂമ്പാറ്റകളുമെല്ലാം ചേർന്ന വസന്തം വന്നതായി പരാമർശിക്കുന്നു (1974:517). വസന്തവർണ്ണനയാണ് 'വസന്തോത്സവം' എന്ന കവിത. രാധയോട് മാലിനി വൃന്ദാവനത്തിൽ വസന്തമെത്തിയ തായി പറയുന്നുണ്ട്. മുല്ലകൾ മൊട്ടിട്ടും, കടമ്പുകൾ പൂത്തും മരങ്ങൾ പൂവണിഞ്ഞും സമൃദ്ധമായ വസന്തം എത്തിചേർന്നതായി പരാമർശിക്കുന്നു (1974:618). ഭൂമിയുടെ യൗവ്വനം വസന്തം വരുന്ന സന്ദർഭത്തിൽ നൂതനമായിത്തീരുമെന്ന് 'ആത്മഖേദം' എന്ന കവിതയിൽ വ്യക്തമാക്കുന്നു. 'ആരാധിക' എന്ന കവിതയിൽ ജീവിതത്തിൽ വസന്തം വന്നാൽ നായകൻ തന്നെ മറക്കുമെന്ന് നായിക പറയുന്നതായ സന്ദർഭമുണ്ട്. ജീവിതത്തിലെ നല്ലകാലത്തെയാണ് 'വസന്തം' എന്ന വാക്കുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. മുല്ലയും താമരയും പൂത്തും ഇളംകാറ്റു തലോടിയും കുയിലുകൾ പാടിയും വസന്തം വന്നതായി 'വസന്താഗമം' എന്ന കവിതയിൽ പരാമർശമുണ്ട്. 'വസന്തത്തിനോട്' എന്ന കവിതയും വസന്തകാലം വിഷയമാകുന്നതാണ്.

പി. കുഞ്ഞിരാമൻനായരുടെ 'വസന്തം' എന്ന കവിതയിൽ വസന്തപരാമർശമുണ്ട്. ഹൃദയത്തിൽ പ്രേമമെന്നപോലെയും പൊട്ടക്കവിതയിൽ നല്ല വരിപോലെയും ശ്രേഷ്ഠ സ്ത്രീയുടെ ഹൃദയത്തിൽ ആശയെന്നപോലെയും കുട്ടികളിൽ ആശയമെന്നപോലെ യുമാണ് പ്രകൃതിയിൽ വസന്തം വന്നതെന്നാണ് കവിത കല്പിക്കുന്നത്. വസന്തകാലത്ത് മാവിൽ തളിരുപൊടുക്കുന്നതായും മറ്റുമുള്ള വസന്തകാലപരാമർശങ്ങൾ കവിതയിലുണ്ട്. 'ഞങ്ങൾ വരുന്നു' എന്ന കവിതയിൽ കുയിൽപാട്ടും പൂമണവും മാമ്പൂമണവുമായി വസന്തം ആഗതമായതായി പരാമർശമുണ്ട്.

കുയിൽപ്പാട്ടുമായി മനോഹരമായ വസന്തം വന്നതായി ഇടശ്ശേരിയുടെ 'വസന്തം' എന്ന കവിതയിൽ പരാമർശമുണ്ട്. പൂത്തുനിൽക്കുന്ന മാമ്പൊക്കൊമ്പിൽ കുയിലുകൾ പാടുന്നു. പൂക്കളെ തലോടിയോടുന്ന കാറ്റും ഇളവെയിലും പൂങ്കിളികളും എല്ലാം ചേർന്ന മനോഹരമായ വസന്തത്തെ കവിത വർണ്ണിക്കുന്നു. 'അതേ പ്രാർത്ഥന' എന്ന കവിതയിൽ വസന്തത്തോട് അർത്ഥിച്ചതിന്റെ ഫലമായി തേന്മാവ് നിറയെ പൂവണിയുകയും പൂവുകൾ കൊഴിയാതെ നിറയെ മാങ്ങകളുണ്ടാവുകയും ചെയ്തതായി പരാമർശമുണ്ട്. (2012:632)

'വസന്തം' എന്ന പേരിൽ വൈലോപ്പിള്ളി രചിച്ച കവിതയിൽ വസന്തത്തിന്റെ മനോഹരദൃശ്യങ്ങൾ ചിത്രീകരിക്കുന്നു.

"വന്നൂ വസന്തം പ്രപഞ്ചരംഗത്തിലും
വന്നൂവസന്തം മദന്തരംഗത്തിലും" (2001:38)

എന്നാണ് കവിത വർണ്ണിക്കുന്നത്. കണ്ണാടിപോലെ തിളങ്ങുന്ന ആകാശവും സ്വപ്ന രാജ്യത്തിന്റെ അതിർത്തിപോലുള്ള സഹ്യപർവ്വതവും നീണ്ടു കിടക്കുന്നതായി കവി വർണ്ണിക്കുന്നു. തേന്മാവിലെ പൂന്തേൻ കുടിച്ച് ശൃംഗാരരസത്തിൽ ആടുന്ന വണ്ടുകളും കസ്തൂരിഗന്ധം നിറഞ്ഞ പാറകളും ഭൂമിയിലെ ജീവിതം മനോഹരമാക്കുന്നതായി കവിത വ്യക്തമാക്കുന്നു.

ഈ ഘട്ടത്തിൽ വയലാറിൽ മാത്രമാണ് പൊതുവെ ശ്രദ്ധേയമായ വസന്തവർണ്ണന കാണപ്പെടാതിരുന്നത്.

**4.2.1.5.1.4. ആധുനികതാഘട്ടം**

അയ്യപ്പപ്പണിക്കരുടെ 'വസന്തം' എന്ന കവിതയിൽ വസന്തകാലത്തിന്റെ വർണ്ണനയാണുള്ളത്.

"വരവായി വസന്തം മലർ
വനിയിൽ തേന്മണമായ്" (1974:44)

വസന്തത്തിൽ പൂവെന്നപോലെ ചില്ലകളിൽ കവിത വിരിയട്ടെ എന്ന് കവി പറയുന്നു. വണ്ടുകൾ മൂളുന്ന വള്ളക്കുടിലുകളും വരിവരിയായ് വിരിയുന്ന പൂക്കളും ഇടയ്ക്കിടക്ക് കാണുന്ന ഇളവെയിലും നിലാവും കാറ്റും പൂഞ്ചില്ലകളും വസന്തത്തിന്റെ കാഴ്ചകളാണ്. മലയോരത്തെ ചുവന്ന വാകപ്പൂക്കൾ മഞ്ഞനിറത്തിലുള്ള കൊന്നപ്പൂക്കൾ നുരിവിതറുന്ന മുല്ലപ്പൂക്കൾ, വഴിവക്കിൽ മിന്നുന്ന വാടാമല്ലികൾ എന്നിങ്ങനെ എല്ലാ പൂക്കളും പ്രകൃതിയിലെന്നപോലെ കവിതയിലും വിടരും എന്നു കല്പിക്കുന്നതിലൂടെ വസന്തം പ്രകൃതിയിലെന്നപോലെ കവിതയിലും ഉണ്ടാവുന്നു എന്ന് വ്യക്തമാക്കുന്നു.

'മരുഭൂമിയുടെ വസന്തം' എന്ന സുഗതകുമാരിയുടെ കവിതയിൽ മരുഭൂമിയിൽ മഴയ്ക്കുശേഷം വന്ന വസന്തത്തെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ ഭാരം ചുമന്ന് തളർന്ന വരണ്ട മണ്ണിലേക്ക് പെയ്യുന്ന മഴയെ കവിത പരാമർശിക്കുന്നു.

"ആയിരം പൂക്കൾ! ഹാ കണ്ണിമയ്ക്കുമ്പൊഴേ
ക്കായിരം പൂക്കൾ വിരിഞ്ഞുവല്ലോ!
ഒറ്റക്കുതിപ്പിൽ വന്നെത്തിക്കഴിഞ്ഞിതേ
നൃത്തം ചവിട്ടും വസന്തകാലം!" (2011:107)

എന്നിങ്ങനെ ധാരാളം പൂക്കൾ വിരിഞ്ഞുകൊണ്ട് വസന്തം എത്തിച്ചേർന്നതായി കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ പൂക്കളുടെ നിറവും മണവും തേനും കാറ്റും തണുത്ത വെണ്മണലുമുള്ള വസന്തകാലം അവസാനിപ്പിച്ചുകൊണ്ട് സൂര്യൻ വരുന്നതായി കവിത പരാമർശിക്കുന്നു. അതോടെ വസന്തകാല അവസ്ഥ വരണ്ടുണങ്ങുന്നതായും കവിത വ്യക്തമാക്കുന്നു.

സച്ചിദാനന്ദന്റെ 'ഋതുസംഹാരം' എന്ന കവിതയിൽ വേനലിലും, മഴയിലും, മഞ്ഞിലും വന്ന് തിരിച്ചുപോയ മരണം പൂക്കാലത്തും എത്തുന്നു. അപ്പോൾ അവൻ പറയുന്നത് പുല്ലുകൾപോലും ഉണരുകയും കാക്കക്കരച്ചിലിലും പാമ്പുകളിലും പ്രണയവും തേനും നിറയുകയും ചെയ്യുന്ന ഋതുവിൽ നരകത്തിലേക്ക് ഞാൻ വരില്ലെന്നാണ്. വസന്തമെന്ന ഋതുവിൽ നിന്ന് അകന്നു പോകാനാവാതെ നിൽക്കുന്ന വ്യക്തിയാണ് കവിതയിലുള്ളത്. പ്രകൃതിയിലെ എല്ലാഘടകങ്ങളിലും പ്രണയവും സുഗന്ധവും സ്നേഹവും നിറയുന്ന ഋതുവായി വസന്തത്തെ കാണുന്നു.

ഈ ഘട്ടത്തിൽ അയ്യപ്പപ്പണിക്കർ, സുഗതകുമാരി, സച്ചിദാനന്ദൻ എന്നിവരിൽ മാത്രമാണ് വർണ്ണനാപരമായി വസന്തപരാമർശമുള്ളത്.

#### 4.2.1.5.1.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഏതുകവികളിലും വർണ്ണനാപരമായി വസന്തം പരാമർശിക്കപ്പെടുന്നില്ല.

#### 4.2.1.5.2. സദൃശകല്പനകൾ

#### 4.2.1.5.2.1. രൂപപരം

ഏതുഘട്ടത്തിലും പൊതുവെ വസന്തം രൂപപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.2.1.5.2.2.ഭാവപരം

##### 4.2.1.5.2.2.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ വസന്തം താരതമ്യേന ഭാവപരമായി പരാമർശിച്ചു കാണുന്നില്ല.

##### 4.2.1.5.2.2.2. കവിത്രയകാലം

ആശാന്റെ 'നളിനി'യിൽ ദിവാകരനോട് സംസാരിക്കാൻ തുടങ്ങിയ നളിനിയെ വസന്തകാലത്തെ കുയിലിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

> "ആടലൊട്ടവൾ വെടിഞ്ഞു സത്വരം
> തേടി ധൈര്യമഥ, പൂവനത്തിലും
> കാടുതൻ നടുവിലും സുമർത്തുവിൽ
> പാടിടും കുയിലുപോലെ ചൊല്ലിനാൾ" (2013:77)

നായികാനായക സംഗമത്തെയാണ് വസന്തകാലസംഗമമായി സങ്കല്പിച്ചിട്ടുള്ളത്. 'ലീല'യിൽ ലീലയെ വസന്തകാലത്തോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട് (2013:128). പൂക്കൾ ചൂടിയ ലീല വസന്തകാലത്തിനു തുല്യയായി ശോഭിച്ചു എന്നു പരാമർശം.

വള്ളത്തോളിന്റെ 'ദണ്ഡകാരണ്യ'ത്തെ

> "തുരുതുരെ, മുനിഹോമധൂമഭാസ്സായ്-
> പുരുമദമാർന്നിളകും ദ്വിരേഫജാലം
> സുരുചിരമധുലക്ഷ്മിയാളഴിച്ചി-
> ട്ടൊരു കരിവാർകുഴലെന്നു തന്നെ തോന്നി" (2011:139)

എന്നിങ്ങനെ വസന്തത്തിൽ ഇളകിപ്പറക്കുന്ന വണ്ടിൻകൂട്ടത്ത വസന്തശ്രീ അഴിച്ചിട്ട തലമുടിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇവിടെ വസന്തത്തെ സ്ത്രീയായി സങ്കല്പിക്കുന്നു. പ്രകൃതിഘടകങ്ങളെ സ്ത്രീകളോട് സാമ്യപ്പെടുത്തുന്ന രീതി പ്രാചീനകൃതികളിൽ നിന്നുതന്നെ ആരംഭിക്കുന്നുണ്ട്. നവോത്ഥാനകാലത്തിലും അതു തുടരുന്നു. പൂങ്കാവനത്തിൽ കണ്ട നായികയെ വസന്തശ്രീയാണെന്നു കരുതുന്നതിലൂടെ ചില ഘട്ടങ്ങളിൽ സ്ത്രീയെ വസന്തമായും മറ്റു ചില ഘട്ടങ്ങളിൽ വസന്തത്തെ സ്ത്രീയായും പരസ്പരം സാദൃശ്യപ്പെടുത്തുന്നു (2011:139). സ്വാഭാവികമായ പ്രകൃതി പ്രതിഭാസം എന്ന നിലയ്ക്കല്ല സ്ത്രീകളെ വർണ്ണിക്കാനാണ് വസന്തം ഈ കാലഘട്ടത്തിലെ കവിതകളിൽ അനുഭവപ്പെടുന്നത്.

**4.2.1.5.2.2.3.** കവിത്രയത്തിനുശേഷമുള്ളകാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ വസന്തം പൊതുവെ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

**4.2.1.5.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും**

ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ വസന്തപരാമർശം നശീകരണസൂചനകളായി കാണപ്പെടുന്നില്ല.

**4.2.1.6. ഗ്രീഷ്മം**

നാടോടിവാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതകളിലും എങ്ങനെ ഗ്രീഷ്മകാലത്തെ അവതരിപ്പിച്ചിരിക്കുന്നു എന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

**4.2.1.6.1. വർണ്ണനകൾ**

**4.2.1.6.1.1. പ്രാചീനമധ്യകാലഘട്ടം**

'രാമകഥപ്പാട്ടി'ൽ വായുവിൽ പൂക്കളുടെ ഗന്ധം നിറയുകയും തണുപ്പ് പോയി ചൂട് വരികയും ജലപ്രവാഹത്തിന്റെ ശബ്ദം കുറയുകയും ചെയ്തതായി ഗ്രീഷ്മത്തെ വർണ്ണിക്കുന്നു.

'വന്തമലർവാടകളാൽ
വായാൽ തെണ്ടലെഴുംകാലം
അന്തമെഴും ശീതളമായ്
അനൽകൾ വളന്തിടും കാലം
വന്ത ജലങ്കളിലരവം
വേന്തർപുകഴ് ശ്രീരാമൻ
മേദിനി തൻ മകളോടും' (ഭാഗം 1, 2012:431)

ഗ്രീഷ്മകാലത്തെ ചൂടിന്റെ കാഠിന്യം കവി 'കൃഷ്ണഗാഥ'യിൽ എടുത്തു പറയുന്നുണ്ട്. ഈ കൊടും ചൂടിലും കാമുകീകാമുകന്മാർ നടത്തുന്ന ക്രീഡകളെയും വെള്ളം കിട്ടാതുള്ള വേഴാമ്പലുകളുടെ ദീനതയെയും തുറന്നു കാണിക്കുന്നു. ഗ്രീഷ്മകാലസന്ധ്യയിലെ ഇളംകാറ്റിന്റെ വർണ്ണനയുമുണ്ട്. ഗ്രീഷ്മകാലചൂടിനെ അകറ്റാൻ ഞാനുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് കാറ്റ് ഓരോ വീടും സന്ദർശിക്കുന്നതെന്നും കവി കല്പന നടത്തുന്നു (2003:134). ഗ്രീഷ്മത്തിലെ ഇളംകാറ്റ് അന്തിനേരത്ത് അത്രയും നേരത്തെ

ചൂടിനെ വീശിത്തണുപ്പിക്കുന്നു എന്നർത്ഥം. ഗ്രീഷ്മനിലാവിനെക്കുറിച്ചും കവിത പരാമർശിക്കുന്നു. സുന്ദരമായ ഭൂതലത്തിൽ സുന്ദരിമാരും കാന്തന്മാരും നിലാവും കാറ്റുമേറ്റു കിടക്കുന്നതായും കൃഷ്ണനോടൊത്തുള്ള ഗ്രീഷ്മകാലം വസന്തകാലമായി ഗോപികമാർക്ക് അനുഭവപ്പെടുന്നതായും കവിത വ്യക്തമാക്കുന്നു. വലിയ ചൂടിനെ ഇല്ലാതാക്കുന്നതിന് കാർവർണന്റെ സാമീപ്യത്തിന് കഴിയുന്നു എന്ന് വ്യക്തമാക്കു ന്നതിനായി ഗ്രീഷ്മകാലത്തിന്റെ അവസ്ഥ കൃത്യമായി വിവരിക്കുന്നു.

'ഉണ്ണുനീലിസന്ദേശ'ത്തിൽ കടുന്തുരുത്തിയെക്കുറിച്ച് പരാമർശിക്കുമ്പോൾ വേനൽക്കാലത്തുപോലും സമൃദ്ധമായ ഇടമെന്ന് വ്യക്തമാക്കുന്നു. വണ്ടിൻകൂട്ടം തിങ്ങിക്കൂടി പൂങ്കാവുകളിൽ തേൻ പൊഴിക്കുമ്പോൾ മഴക്കാലത്തെ വെയിലത്ത് പെയ്യുന്ന മഴയാണെന്ന് കരുതി വേനൽക്കാലത്തും മയിലുകൾ നൃത്തമാടുന്ന ഇടമാണ്. കനത്തിൽ ചേർന്ന് നിൽക്കുന്ന വണ്ടുകളെ മേഘമായും ഇരുളടയാതുള്ള തേൻവർഷത്തെ വർഷാ രംഭത്തിലെ വെയിൽമഴയായും മയിലുകൾ തെറ്റിദ്ധരിക്കുന്നു. ഉണ്ണിനീലിസന്ദേശത്തിൽ മാത്രമാണ് ഭാവപരമായ കല്പനകളായി ഗ്രീഷ്മം അവതരിപ്പിക്കപ്പെട്ടത്.

വൻചൂടാർന്ന വേനലിൽ ശിശിപോരചാരങ്ങളോടുകൂടിയ മാളികമുകളിലെ ശീതമണിമണ്ഡപത്തിൽ മേദിനീവെണ്ണിലാവ് കാമലീലകളാടി എന്നു 'ചന്ദ്രോത്സവ'ത്തിൽ പരാമർശം.

ഈ ഘട്ടത്തിൽ രാമകഥപ്പാട്ടിലും കൃഷ്ണഗാഥയിലും ഉണ്ണുനീലിസന്ദേശത്തിലും ചന്ദ്രോത്സവത്തിലും മാത്രമാണ് പൊതുവെ ഗ്രീഷ്മവർണ്ണന കാണുന്നത്.

### 4.2.1.6.1.2. കവിത്രയകാലം

ഗ്രീഷ്മാരംഭത്തിൽ ലീല മദനനെത്തേടി നടക്കുന്നതായി ആശാന്റെ 'ലീല' യിൽ പരാമർശമുണ്ട്. വസന്തം അവസാനിക്കുകയും ഗ്രീഷ്മം ആരംഭിക്കുകയും ചെയ്യുന്ന കാലത്തെക്കുറിച്ചാണ് കവിത വിശദമാക്കുന്നത് (2013:128). കഠിനമായ ഗ്രീഷ്മകാലത്തെ വർണ്ണിച്ചുകൊണ്ടാണ് 'ചണ്ഡാലഭിഷുകി' ആരംഭിക്കുന്നത്. വെയിലിന്റെ കാഠിന്യത്താൽ എങ്ങും വാകകൾ പൂക്കുന്നതായി കവി വ്യക്തമാക്കുന്നു. ഭൂമിയിലാകെ കഠിനമായ ചൂട് അനുഭവപ്പെടുന്നതായും ബുദ്ധഭിക്ഷു സഞ്ചരിക്കുന്ന വഴി ചൂടിനാൽ നീറിക്കിടക്കുന്ന തായും കവിതയിൽ പരാമർശമുണ്ട്. ചൂട് സഹിക്കാനാവാതെ പേരാൽമരത്തിന്റെ കൊമ്പിലിരിക്കുന്ന പക്ഷികളെക്കുറിച്ച് സൂചിപ്പിക്കുന്നു. ചൂട് സഹിക്കാനാവാതെ തൊണ്ട വരണ്ട അവസ്ഥയിലാണ് അവയുള്ളത്. പരുന്തും കുരുവിയും ഒരേ മരത്തിലിരിക്കു മ്പോഴും ചൂടിന്റെ കാഠിന്യത്താൽ പരുന്ത് ഇരതേടുകയോ കുരുവികൾ പരുന്തിനെ

പേടിക്കുകയോ ചെയ്യുന്നില്ല (2013: 540–541). ഈ വിധം കഠിനമായ വേനലാണ് ചണ്ഡാലഭിഷുകിയിൽ അവതരിപ്പിക്കപ്പെടുന്നത്. 'കർഷകന്റെ കരച്ചിൽ' എന്ന കവിത മഴയില്ലാതെ വിഷമിക്കുന്ന കർഷകന്റെ ഗതികേട് വ്യക്തമാക്കുന്നു.

വള്ളത്തോളിന്റെ 'ചിത്രയോഗം' മഹാകാവ്യത്തിൽ

"പെരുത്ത ഹോമപ്പുകകൊണ്ടു കാർകൊ–
ണ്ടിരുണ്ട വാനൊത്തിടുമപ്പുരത്തിൽ
പുരുപ്രമോദേന സദാപി പീലി–
വിരുത്തിയാടി ഗൃഹബർഹിണങ്ങൾ" (2011:382)

ഹോമപ്പുകയാൽ ആകാശം നിറഞ്ഞതുകണ്ട് കാർമേഘമെന്നു ധരിച്ച് ഗ്രീഷ്മകാലത്ത് മയിലുകൾ നൃത്തമാടുന്നതായി കവി വർണ്ണിക്കുന്നു.

കാലവർഷം വരാത്തതിനാൽ പാരിടമെല്ലാം വരണ്ടിരിക്കുന്ന അവസ്ഥയെയാണ് വള്ളത്തോളിന്റെ 'കാലവർഷം' എന്ന കവിത പ്രമേയമാക്കുന്നത്.

"യാതമിടവം, മഴച്ചാറലേല്ക്കാതെ
പാതിയിലേറെക്കഴിഞ്ഞു മിഥുനവും;
ശ്വേതമായ്ത്തന്നെയിരുന്നു മരുൽപഥം
ഹാ തപ്തഭൂമിതൻ നേർക്കിതിൽ പുഞ്ചിരി" (2003:494)

എന്നിങ്ങനെ കവി വ്യക്തമാക്കുന്നു. ഇടവവും പാതിയിലേറെ മിഥുനമാസവും കഴിഞ്ഞിട്ടും മഴ ഭൂമിയിൽ എത്തിയിട്ടില്ല. കേരളത്തിനുമേൽ മനോഹരമായ നീലമേലാപ്പു കെട്ടിക്കുവാൻ പ്രകൃതീശ്വരിക്കും തുണികിട്ടീലയോ എന്ന് കവിത ആശങ്കപ്പെടുന്നു. മഴയില്ലായ്മയ്ക്കൊപ്പം ചൂട് വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

"വേണ്ടുന്ന നേരത്തൊരിറ്റും തുളിക്കില്ല
വേണ്ടാത്ത നേരത്തു കോരിച്ചൊരിഞ്ഞിടും" (2003:496)

എന്നിങ്ങനെ കാലം തെറ്റിവരുന്ന കാലവർഷത്തെ കവിത പരാമർശിക്കുന്നു.

"തീണ്ടിയോ ദിവ്യനാം നിന്നെയും, സമ്പത്തി
ലാണ്ട മനുഷ്യന്റെ ദുർവ്യയപ്രക്രമം"(2003:496)

എന്നിങ്ങനെ മനുഷ്യന്റെ സ്വഭാവരീതികൾ നിന്നെയും ബാധിച്ചോ എന്ന് കവി കാലവർഷത്തോട് ചോദിക്കുന്നു. അമിതോപയോഗം മൂലം വെള്ളമില്ലാതാവുകയും

പ്രകൃതിയിൽ മഴ കുറയുകയും ചെയ്യുമ്പോൾ വെള്ളത്തെ ആഴിയിലേക്കൊഴുക്കാതെ മനുഷ്യൻ സൂക്ഷിച്ചുവയ്ക്കും എന്ന അവസ്ഥയാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. ഇന്നും പ്രസക്തമായ ജലസംഭരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഈ കവിതയിലുണ്ട്.[88]

ഇത്തരത്തിൽ ആശാനിലും വള്ളത്തോളിലും മാത്രമാണ് പൊതുവെ ഈ ഘട്ടത്തിൽ ഗ്രീഷ്മ വർണ്ണനയുള്ളത്.

### 4.2.1.6.1.3. കവിത്രയത്തിനുശേഷമുള്ള കാലം

കനത്തവേനലിന്റെ ആധിക്യം വ്യക്തമാക്കുന്ന കവിതയാണ് പി. കുഞ്ഞിരാമൻ നായരുടെ 'പൂമഴ'.

"എരിപൊരികൊള്ളും ചരാചരത്തെത്തൻ
നെരിപ്പോടിലിട്ടു വറുത്തിതു വേനൽ;
തുടർന്നു യത്നമക്കുടില, നൂഴിയാം
പടത്തിലെപ്പച്ച നിറങ്ങൾ മായ്ക്കുവാൻ" (2006:448)

എന്നിങ്ങനെ വേനൽച്ചൂട് പ്രകൃതിയെ കഠിനമായി ബാധിക്കുന്നതായി വ്യക്തമാക്കുന്നു. നദിയുടെ കപോലത്തിൽ നിന്നൊലിച്ച കണ്ണുനീരുപോലും നക്കിക്കുടിക്കുന്ന ഭീകരനായാണ് കവിതയിൽ വേനലിനെ കാണുന്നത്. എന്നാൽ ചരാചരങ്ങളുടെ മനംനിറഞ്ഞ പ്രാർത്ഥന പ്രകൃതി കൈക്കൊള്ളുകയും മഴയിലൂടെ പ്രകൃതിയെ തണുപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിമാതാവ് ചരാചരങ്ങളെ പൂർണ്ണമായി ഉപേക്ഷിക്കില്ല എന്ന ബോധ്യം കൂടിയാണ് കവിത നൽകുന്നത്.

'പൂമൊട്ടിന്റെ കണി' എന്ന കവിതയിൽ ചൂടിനാൽ വിണ്ടുകീറുന്ന പാടത്തെയും നീറുന്ന മലയെയും വറ്റുന്ന ജലാശയത്തെയും കുറിച്ച് സൂചനയുണ്ട്.

'ഞങ്ങൾ വരുന്നു' എന്ന കവിതയിൽ ഗ്രീഷ്മകാലത്തെ പരാമർശിക്കുന്നുണ്ട്. ചെമ്പിൻപലകകൾ പോലെ വെയിലുള്ള ഗ്രീഷ്മകാലമാണുള്ളത്. മലകൾ എരിയുകയും കരിയിലകൾ കാറ്റിൽ പാറി നടക്കുകയും കൊന്നപ്പൂക്കൾ വിരിഞ്ഞു നിൽക്കുകയും പുഴമണലിൽ മിഴിനീർ മാത്രം ബാക്കിയാവുകയും ചെയ്യുന്ന ഗ്രീഷ്മാവസ്ഥയെയാണ് കവിത അവതരിപ്പിക്കുന്നത്.

കഠിനമായ ഗ്രീഷ്മത്തെ അവതരിപ്പിക്കുന്നു വൈലോപ്പിള്ളിയുടെ 'ഗ്രീഷ്മത്തിൽ' എന്ന കവിത. കൃത്രിമവളങ്ങൾ നൽകി കർഷകർ പരിപാലിക്കുന്നുണ്ടെങ്കിലും മഴക്കാലമാകുന്ന ലക്ഷ്മിയുടെ മുല നുകരാതെ തളർന്നുപോകുന്ന നെല്പാടങ്ങളെ

കവിത പ്രശ്നവത്കരിക്കുന്നു. ചങ്ങമ്പുഴ, വയലാർ, ഇടശ്ശേരി എന്നിവരിൽ പൊതുവെ ഈ ഘട്ടത്തിൽ ഗ്രീഷ്മവർണ്ണന കാണുന്നില്ല.

#### 4.2.1.6.1.4. ആധുനികതാഘട്ടം

വേനൽക്കാലഉദ്യാനത്തിന്റെ വർണ്ണനയാണ് ജി. കുമാരപിള്ളയുടെ 'ഉദ്യാന പാലകൻ' എന്ന കവിത. മനുഷ്യനിർമ്മിതമായ പ്രകൃതിയാണ് കവിതയിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. ഇഷ്ടത്തോടെ നട്ട പൂച്ചെടികൾ പൂവിട്ടതു കണ്ട് സന്തോഷിക്കുമ്പോൾ വന്നെത്തിയ ഗ്രീഷ്മകാലത്തെയാണ് കവിത അവതരിപ്പിക്കുന്നത്.

"പൂവില്ല, പൂന്തളിർത്തൊത്തില്ല, സൗരഭം
താവുന്ന തൈമണിത്തെന്നലും നിന്നുപോയ്
കത്തിപ്പിടിക്കുന്നൊരുഗ്രമാം വേനലിൽ
ദഗ്ധമായ് പാരിടം ശൂന്യമായ് സർവ്വവും" (2015:35)

എന്നിങ്ങനെ വേനലിന്റെ കാഠിന്യത്തെ വർണ്ണിക്കുന്നു.

ജി.കുമാരപിള്ളയുടെ 'ഊഷരം' എന്ന കവിതയിലും ചൂടിനെയാണ് വർണ്ണിക്കുന്നത് (2015:349). വരണ്ടിരിക്കുന്ന കാലാവസ്ഥയെയാണ് കവിത അവതരിപ്പിക്കുന്നത്. കുളിർകാറ്റും കൂടുകളും കിളികളുടെ കളകളവും പുലരികളും പുലർവെട്ടക്കതിരുകളും പെരുമീനും ഇല്ലാത്ത വരൾച്ചയുടെ അവസ്ഥയാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. പകലും സന്ധ്യയുമൊന്നും ഇല്ലാതായിരിക്കുന്ന ഈ അവസ്ഥയിൽ വരാനിരിക്കുന്നത് ലാവയോ മഞ്ഞുമലയോ അതോ ജഢമായ ആകാശം തന്നെയോ എന്നും കവിത സന്ദേഹിക്കുന്നു. പ്രകൃതിയുടെ അവസാനത്തെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. 'വരൂ നീ, വരൂ നീ മഴ മുകിലേ' എന്ന കവിതയും വരൾച്ചയുടെ ആവിഷ്ക്കാരമാണ്. മഴയില്ലാതെ കൃഷിയെല്ലാം നശിക്കുന്ന ഘട്ടത്തിൽ മഴമേഘങ്ങളോട് ഉണങ്ങിയ വയലുകളെ ഉണർത്താൻ ആവശ്യപ്പെടുന്നു. ഗ്രീഷ്മകാല ചൂടിൽ നിന്നും രക്ഷ നൽകാൻ മഴമേഘത്തോടപേക്ഷിക്കുന്നു. പ്രകൃതിയെ ആരാധിക്കുന്ന രീതിയുടെ തുടർച്ചയായി ഈ കവിതാപ്രമേയത്തെ വിലയിരുത്താവുന്നതാണ്. മാത്രമല്ല ഇവിടെയും മനുഷ്യന്റെ ജീവിത പുരോഗതിയുടെ അടിസ്ഥാനമായ കൃഷിക്ക് വേണ്ടിയാണ് മേഘത്തെ വിളിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യകേന്ദ്രിതമായ ചിന്താഗതിയാണ് ഇവിടെ പ്രകടമാകുന്നത്.

വേനലിന്റെ പ്രത്യേകതകളെ അവതരിപ്പിക്കുന്നു ഒ.എൻ.വി.യുടെ 'വേനൽ' എന്ന കവിത (2013:162). വയൽവരമ്പിലെ കൂനൻചെടിയിലെ കുരുന്നുപൂവായും മലർവാകകളിലെ പൂക്കളായും കൊന്നപ്പൂക്കളായും വേനലിനെ അടയാളപ്പെടുത്തുന്നു. കൂടാതെ മുളംപന്തലിലെ വെള്ളരിയായും എൾപ്പൂവായും ചോലയുടെ വെള്ളത്തിൽ പതിയുന്ന വെയിലായും ചിരിച്ചു നിൽക്കുന്ന വേനലിനെയാണ് കവിത അവതരിപ്പിക്കുന്നത്.

സുഗതകുമാരിയുടെ 'വെയിൽ' എന്ന കവിതയിൽ വെയിലിന്റെ കാഠിന്യത്തെ വിഷയമാക്കിയിരിക്കുന്നു. വഴിയാത്രയ്ക്കിടെ കണ്ണുമങ്ങിയും കിതച്ചും വരളുന്ന കണ്ണുമായ് ആൽവൃക്ഷത്തിന് ചുവട്ടിലിരിക്കുന്ന വൃദ്ധനായ വഴിപോക്കന്റെ അവസ്ഥ യാണ് കവിതയിൽ വ്യക്തമാക്കപ്പെടുന്നത്. ദാഹിച്ചുവലഞ്ഞ് പൊളിഞ്ഞുകിടക്കുന്ന ആൽത്തറമേലിരിക്കുമ്പോൾ

"മുമ്പിലായ് കാണായ് പൊളി
ഞ്ഞിടഞ്ഞു തറപറ്റും
പണ്ടത്തെയേതോ തണ്ണീർ
പ്പന്തലിന്നെല്ലിൻ കൂട്ടം" (2011:291)

എന്നിങ്ങനെ ആദ്യകാലങ്ങളിൽ വഴിയോരങ്ങളിൽ ഉണ്ടായിരുന്ന തണ്ണീർപ്പന്തലുകളെ ക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്. ദാഹിക്കുന്നവർക്ക് മുളകും ഉപ്പും പുളിയും ചേർന്ന മോരുവെള്ളം നൽകുന്ന തണ്ണീർപ്പന്തലിനെ കുടുംബിനി യെന്നാണ് കവിത വിശേഷി പ്പിക്കുന്നത്. അതിന്ന് അപ്രത്യക്ഷമായിരിക്കുന്നു. അതിനാൽ ദാഹിച്ചു വലഞ്ഞിരിക്കുന്ന വഴിപോക്കനെയാണ് കവിത പരാമർശിക്കുന്നത്. തണ്ണീർപ്പന്തലുകൾക്കും ശുദ്ധമായ മോരുവെള്ളത്തിനും പകരം ഇന്ന് വിഷം കലർന്ന പാനീയങ്ങളും കുപ്പിവെള്ളവുമാണ് ലഭ്യമാകുന്നത്. അതാകട്ടെ വില്പനവസ്തുവുമാണ്. വേനൽക്കാലത്തെ തണ്ണീർപ്പന്തലു കളുടെ നഷ്ടത്തെയാണ് കവിത വിഷയമാക്കുന്നത്.

സുഗതകുമാരി 'ചൂട്' എന്ന കവിതയിൽ ഗ്രീഷ്മത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നു.

"ഉച്ചം താപം കനത്തൂ, ശിരസി
കനലു വർഷിപ്പു ധർഷിപ്പൂകാലം
പച്ചപ്പാകെക്കറുത്തൂ മരുമണൽ
തിളകൊള്ളുന്നു പൊള്ളുന്നിതാകെ" (2012:78)

എന്നിങ്ങനെ സൂര്യൻ ചൂട് വർദ്ധിപ്പിക്കുന്നു. കണ്ണീരും ചിരിയും തൊണ്ട നനയ്ക്കാൻ കരുതിയ തുള്ളിവെള്ളം പോലും കനലായി മാറുന്ന വേനലിനെയാണ് കവിത അവതരിപ്പിക്കുന്നത്. ഇത്തരമൊരവസ്ഥയിൽ നിന്ന് രക്ഷ കിട്ടുന്നതിനായി ശിവനോട് അപേക്ഷിക്കുന്നു. നെറ്റിയിൽ തീയുള്ളവനായ ശിവനോട് ഗംഗയെ ഒഴുക്കാൻ ആവശ്യപ്പെടുന്നു. ശിവാനന്ദലഹരിയിലെ ശ്ലോകത്തിന്റെ ആശയാനുവാദമാണ് കവിത. ഗംഗയെയൊഴുക്കി ഭൂമിയിലെ ചൂട് തീർക്കണമെന്ന് പ്രാർത്ഥിക്കുന്നു. മനസ്സിന്റെ ചൂടിനുള്ള പരിഹാരം കൂടിയാണ് ആവശ്യം. എങ്കിലും കവിത കഠിനമായ ഗ്രീഷ്മാവസ്ഥയെ വ്യക്തമാക്കുന്നു.

സച്ചിദാനന്ദന്റെ 'ഒരു വേനൽക്കിനാവ്' എന്ന കവിതയിൽ മീനമാസത്തിലെ സൂര്യന്റെ ചൂടിനെയും പ്രകൃതിയിലുണ്ടാകുന്ന മാറ്റത്തെയും അടയാളപ്പെടുത്തുന്നു. വേനൽ വനത്തിലും പുഴയിലും മണ്ണിലുമെല്ലാമുണ്ടാക്കുന്ന വ്യത്യാസത്തെ കവിത വ്യക്തമാക്കുന്നുണ്ട് . കരിഞ്ഞ് കൂട്ടമായ് പറന്നുപോകുന്ന കരിയിലകളും ഉയരത്തിലേക്ക് മറയുന്ന മരങ്ങളിലെ പച്ചയും വേനലിന്റെ കാഴ്ചയാണ്. അനുജന്റെ രക്തമുപയോഗിച്ച് ദാഹമകറ്റുന്ന ജ്യേഷ്ഠൻ, മഴവില്ലിന്റെ സ്ഥാനത്തിരിക്കുന്ന കഴുകന്മാർ, വയലിന്റെ വിള്ളലിലൂടെ മറഞ്ഞ പച്ചയിൽ ദ്രവിച്ചിരിക്കുന്ന വാല്മീകി, ഇലകൾക്കിടയിൽ വിത്തുകൾ തിരയുന്ന വ്യാസൻ, പഴുത്ത പാറയുടെ അടിയിൽ ഗംഗയ്ക്കായി കുഴിക്കുന്ന ഭഗീരഥൻ എന്നിങ്ങനെയുള്ള പ്രതീകങ്ങളിലൂടെയാണ് ഗ്രീഷ്മത്തെ കവിത അവതരിപ്പിക്കുന്നത്. ഇത്തരം ചൂടാർന്ന അവസ്ഥയിലും ഉത്സവങ്ങളിൽ ചെണ്ടമേളം നടത്തുന്ന ചെണ്ട വിദഗ്ധർക്കാണ് കവി കവിത സമർപ്പിച്ചിരിക്കുന്നത്. ചെണ്ടക്കാരും ആനയും പൊരിവെയിലത്ത് ആളുകളെ ആഹ്ലാദിപ്പിക്കുന്നു. ഇവിടെ വേനൽ മനുഷ്യനുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കാണ് കവിത പ്രാധാന്യം കൊടുത്തിരിക്കുന്നത്. 'ഋതുസംഹാരം' എന്ന കവിതയിൽ വേനലിനെക്കുറിച്ച് പറയുന്നുണ്ട്. മഞ്ഞത്തുമ്പികൾ പറക്കുകയും വെള്ളി മത്സ്യങ്ങൾ പോലെ കായൽവെള്ളം തിളയ്ക്കുകയും ചെയ്യുന്ന വേനൽവെളിച്ചത്തെയാണ് കവിത അവതരിപ്പിക്കുന്നത് (2016:738). ഇത്തരത്തിൽ വേനൽവെളിച്ചത്തെ ആസ്വദിക്കുകയും മരണമെന്ന ഇരുട്ടിലേക്ക് പ്രവേശിക്കാൻ മടിക്കുകയും ചെയ്യുന്ന വ്യക്തയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

ഡി. വിനയചന്ദ്രന്റെ 'മിഥുനം' എന്ന കവിത പ്രണയാവിഷ്കാരമാണെങ്കിലും പ്രകൃതി പ്രതീകങ്ങൾ കവിതയിൽ ഉപയോഗിക്കുന്നുണ്ട്.

'തളിർ ചുവക്കുന്നോരു ഗ്രീഷ്മവനശാഖി
തളരനാം ഞാൻ നീ പൊഴിയും ഹിമഭീതി' (1999:17)

എന്നിങ്ങനെ പ്രണയിനികളെയും പ്രണയത്തെയും പ്രകൃതിഭാവമായ ഗ്രീഷ്മാവസ്ഥ യുമായി ചേർത്ത് അവതരിപ്പിക്കുന്നു.

എൻ.എൻ.കക്കാട്, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിൽ പൊതുവെ വേനൽ പൊതുവെ വർണ്ണനാപരമല്ല.

**4.2.1.6.1.5. ആധുനികതാനന്തരഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ ശ്രദ്ധേയമായ ഗ്രീഷ്മ വർണ്ണനകൾ കാണപ്പെടുന്നില്ല.

**4.2.1.6.2. സദൃശകല്പനകൾ**

**4.2.1.6.2.1. രൂപപരം**

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ രൂപപരമായ സദൃശകല്പന കളായി ഗ്രീഷ്മകാലം പരാമർശിക്കപ്പെട്ടു കാണുന്നില്ല.

**4.2.1.6.2.2. ഭാവപരം**

**4.2.1.6.2.2.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം ആധുനികതാഘട്ടം എന്നിവയിൽ പൊതുവെ ഗ്രീഷ്മം ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**4.2.1.6.2.2.3. ആധുനികതാനന്തരഘട്ടം**

സെബാസ്റ്റ്യന്റെ 'രണ്ടു വേനൽചിന്തകൾ' എന്ന കവിതയിൽ വേനലിനെ പരാമർശിക്കുന്നു. എല്ലാ ഗ്രീഷ്മകാലത്തും ലോകത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും ഓരോ സൂര്യനെ കിട്ടുമെന്നും അതവർ പലരീതികളിൽ സൂക്ഷിച്ചുവയ്ക്കുമെന്നും കവിത സൂചിപ്പിക്കുന്നു. കറുത്തകുഞ്ഞിന് അണഞ്ഞതും വെളുത്ത കുഞ്ഞിന് പ്രകാശിക്കുന്നതും അടിമക്കുഞ്ഞിന് ചങ്ങലയിൽ ബന്ധിച്ചതുമായ സൂര്യനെ കിട്ടുമെന്നാണ് കവിത വ്യക്തമാക്കുന്നത്. ജീവിതത്തിന്റെ വരണ്ടതും പ്രകാശമാനമായതുമായ അവസ്ഥകളെ കവിത അടയാളപ്പെടുത്തുന്നുണ്ട്. ഓരോ കുഞ്ഞിന്റെയും ജീവിതാവസ്ഥകളെയാണി വിടെ സൂചിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ സെബാസ്റ്റ്യനിൽ മാത്രമാണ് ഗ്രീഷ്മം ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 4.2.1.6.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.2.1.6.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ പൊതുവെ പ്രകൃതിനശീകരണപരമായി ഗ്രീഷ്മപരാമർശം കടന്ന് വരുന്നില്ല.

### 4.2.1.6.3.2. കവിത്രയത്തിനുശേഷമുള്ള കാലം

ഇടവം കഴിഞ്ഞിട്ടും എത്താത്ത മഴയെ പ്രതിനിധാനം ചെയ്യുന്നു പി. കുഞ്ഞിരാമൻ നായരുടെ 'കാലവർഷം' എന്ന കവിത. സഹ്യപർവ്വതത്തിന്റെ പടിക്കൽ വന്ന് ശങ്കിച്ചു നിൽക്കുന്നതെന്തിനെന്ന് കവിത മേഘങ്ങളോട് ചോദിക്കുന്നു.

"പൊന്മണിച്ചുണ്ട് വരണ്ടിളം പൈതങ്ങ -
ളമ്മിഞ്ഞയുണ്ണാൻ കരയും പോലെ
കൊച്ചുചെടികളാൽ പിഞ്ചുകൈകാലുക-
ളിട്ടടിക്കുന്നു കൃഷീനിലങ്ങൾ!" (2006:191)

കൃഷിയിടങ്ങളെ കുഞ്ഞിനോടും ഭൂമിയെ അമ്മയോടും മഴയെ മുലപ്പാലിനോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കാലവർഷത്തോട് മനുഷ്യകുലത്തിന് മാപ്പു കൊടുക്കാനും കവി ആവശ്യപ്പെടുന്നുണ്ട്. മനുഷ്യന്റെ സംഹാരാത്മകപ്രവർത്തിയാണ് ഇത്തരമൊരു വരൾച്ച പ്രകൃതിയിലുണ്ടാക്കിയത്. പാരിസ്ഥിതികവിജ്ഞാനത്തിന്റെ ചിന്തകൾ ഈ കവിതയിൽ കാണാം. എന്നാൽ മനുഷ്യർക്ക് മാപ്പുകൊടുക്കണമെന്നാണ് കവിത പ്രകൃതിയോട് ആവശ്യപ്പെടുന്നത്. മനുഷ്യനു ജീവിക്കാനുള്ള പ്രകൃതിയുടെ വരൾച്ചയാണ് വിഷയം എന്നതുകൊണ്ട് തന്നെ മനുഷ്യകേന്ദ്രിതമായ ചിന്തയാണ് കവിത ഉൾകൊള്ളുന്നത്.

പുഴകളെ ചങ്ങലയിലിട്ട മനുഷ്യക്രൂരതയെ അവതരിപ്പിക്കുന്ന പി. കുഞ്ഞിരാമൻ നായരുടെ 'ദേവകന്യക' എന്ന കവിതയിൽ മഴയില്ലാതായ അവസ്ഥയെ വ്യക്തമാക്കുന്നുണ്ട്. ചൂട് സഹിക്കാനാവാതെ പക്ഷികൾ മരം ഉപേക്ഷിച്ചു പോവുകയും കരിമലകൾ വരണ്ടിരിക്കുകയും ചെയ്യുന്നതായി കവിത വ്യക്തമാക്കുന്നു.

### 4.2.1.6.3.3. ആധുനികതാഘട്ടം

'വേനൽക്കുറിപ്പുകൾ' എന്ന ഒ.എൻ.വി. കുറുപ്പിന്റെ കവിതയിൽ വേനലിൽ മരിച്ചുപോയ പേരാറിനെയാണ് അവതരിപ്പിക്കുന്നത്. ഗ്രീഷ്മകാലത്ത് നദികളും മറ്റു ജലാശയങ്ങളും വരണ്ടുപോകുന്ന അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. വേനൽ പൊതുവെ വരൾച്ചയുടെ കാലഘട്ടമാണെങ്കിലും പ്രകൃതിയിലുള്ള

മനുഷ്യഇടപെടലുകളുടെ ഫലമായി വരൾച്ചയുടെ തോത് വർദ്ധിപ്പിക്കുന്നു. പെരിയാറിൽ വെള്ളമില്ലാതെ മണൽപ്പരപ്പ് മാത്രമായി ശേഷിച്ചിരിക്കുന്നതായി കവിത സൂചിപ്പിക്കുന്നു. വേനൽക്കാലത്ത് ജലാശയങ്ങൾക്കുണ്ടാകുന്ന പരിവർത്തനങ്ങളെ സൂചിപ്പിക്കുന്നതിനൊപ്പം മനുഷ്യഇടപെടൽ അതിന്റെ തോത് വർദ്ധിപ്പിക്കുന്നതായും കവിത വ്യക്തമാക്കുന്നു. 'വേനലിനൊരു സ്നേഹക്കുറിപ്പ്' എന്ന ഒ.എൻ.വിയുടെ കവിതയിൽ വേനലിനെ വർണ്ണിക്കുന്നു.

"വേനലായ് ! മലർവാക മേലാകെ
ശോണിതവുമണിഞ്ഞു ചായുന്നു.
പൊന്നുരുക്കുന്നു പൂക്കൊന്നയേതോ
പെൺകിടാവിനു പണ്ടങ്ങൾ തീർക്കാൻ" (2013:1001)

എന്നിങ്ങനെ വാകയും കൊന്നയും പൂക്കുന്ന കാലമാണത്. കുട്ടികൾ കാക്കയോടും അണ്ണാറക്കണ്ണനോടും കൊതിപറയുമ്പോൾ കാറ്റ് വന്ന് മാമ്പഴം വീഴ്ത്തി കൊടുക്കുന്ന വേനൽ കാലത്തെയാണ് കവിത പരാമർശിക്കുന്നത്. ഒരു തുള്ളിമഴ പെയ്യാതെ കഷ്ടപ്പെടുത്തുന്ന കാലമാണ് വേനലെങ്കിലും ഇത്തരം മാമ്പഴരുചികൾ ലഭിക്കുന്നത് വേനൽകാലത്താണെന്ന് കവിത വ്യക്തമാക്കുന്നു. 'ചൂട്' എന്ന പേരിൽ സുഗതകുമാരി എഴുതിയ മറ്റൊരു കവിതയിൽ മനുഷ്യരുടെ അതിക്രമങ്ങൾ മൂലം കിണറുകളും ജലാശയങ്ങളും വറ്റി ചൂടുവർദ്ധിച്ചതിനെ പരാമർശിക്കുന്നു. കുഞ്ഞിനായി ചുരത്തേണ്ട നെഞ്ചും താരാട്ടും കൊഞ്ചലും വറ്റിയിരിക്കുന്നു. പാടത്തിന്റെ പച്ചപ്പിനെ കത്തിക്കുകയും മലകളും മരങ്ങളും വില്പനച്ചരക്കാക്കുകയും ചെയ്തതിന്റെ ഫലമാണ് കിണറുകളും കാട്ടുപൊയ്കകളും വറ്റിവരളാനിടയാക്കിയത്. വരൾച്ചയും ദാഹവും സഹിക്കാനാവാതെ മഴയ്ക്കായി ആകാശത്തിലേക്കുറ്റുനോക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും അവസ്ഥ കവിതയിൽ വ്യക്തമാക്കപ്പെടുന്നു. ഗ്രീഷ്മം നശീകരണസൂചനയോടെ ഈ ഘട്ടത്തിൽ ഒ.എൻ.വിയിൽ മാത്രമാണ് പൊതുവെ അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

#### 4.2.1.6.3.4. ആധുനികതാനന്തരഘട്ടം

വേനലിന്റെ ആവിഷ്ക്കാരമാണ് വിജയലക്ഷ്മിയുടെ 'പലായനം' എന്ന കവിത കിണറുകൾ വറ്റിയ ഇടത്തിൽനിന്ന് മണൽക്കാട്ടിലേക്ക് പലായനം ചെയ്യുന്ന അന്ധനെ കവിത അവതരിപ്പിക്കുന്നു. ഉച്ചവെയിലിൽ അരയാൽച്ചുവട്ടിൽ വിശ്രമിക്കുമ്പോൾ അലിവോടെ ആശ്വാസവുമായെത്തുന്ന ഋതുക്കളും മേഘങ്ങളും അപ്രത്യക്ഷമായതായി കവിത വ്യക്തമാക്കുന്നു. ഋതുക്കളോ മേഘങ്ങളോ ഇപ്പോൾ എത്തുന്നില്ല.

"ആരുമില്ലിങ്ങൊരിരുമ്പുപാളം കൂറ്റ-
നാവിയന്ത്രങ്ങൾക്കിടയ്ക്കരയുന്നുണ്ട്.
ആരുമില്ലാത്ത വഴിത്താവളങ്ങളിൽ
കാലൊച്ചമാത്രം തുണയ്ക്കുപോരുന്നുണ്ട്"(2013:24)

എന്നിങ്ങനെ ഒറ്റപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. ഒറ്റപ്പരുന്തിന്റെ കരച്ചിലും കാനലും കഴിഞ്ഞ കാലങ്ങളും മാത്രമാണ് കൂട്ടിനുള്ളത്. വിയർക്കുമ്പോൾ വീശിത്തണുപ്പിക്കാനെത്തുന്ന കാറ്റും മേഘങ്ങളുമൊന്നും ഇല്ലാതായ വരണ്ട കാലാവസ്ഥയെ കവിത പ്രതിനിധാനം ചെയ്യുന്നു. പാറകൾ വാടിത്തളർന്നും നീർക്കുഴികൾ കരിഞ്ഞും ചോലമരങ്ങൾ ക്ഷീണിച്ചുമെല്ലാം വേനൽ പ്രത്യക്ഷപ്പെടുന്നു. മഴക്കാറു കാണുമ്പോൾ മഴവെള്ളം സൂക്ഷിച്ചുവയ്ക്കാൻ ആറും കിണറും ഒരുക്കിവയ്ക്കുകയും പിന്നീടുണ്ടാകുന്ന പച്ചപ്പോർത്ത് കൊതിക്കുകയും ചെയ്തെങ്കിലും ഒരു തുള്ളിപോലും പെയ്തില്ല. ഇത്തരത്തിൽ പൊള്ളിയ കാലും വലിച്ച് മണൽക്കാട്ടിലേക്ക് പാലായനം ചെയ്യുന്ന അന്ധനെ കവിത അടയാളപ്പെടുത്തുന്നു. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണയാൾ. വിയർപ്പാറ്റാൻ പോലും മഴയോ കാറ്റോ ഇല്ലാത്ത കാലത്തിലേക്കുള്ള പരിവർത്തനത്തിന്റെ സൂചന കൂടിയാണീ കവിത.

വി.എം. ഗിരിജയുടെ 'നഗരവിഷു' എന്ന കവിതയിൽ വേനൽ ചൂടിനെ അവതരിപ്പിക്കുന്നുണ്ട്. നഗരത്തിൽ ഫ്ളാറ്റിനു പുറത്തെ ചൂടിനെ പരാമർശിക്കുന്ന കവിത മീനച്ചൂടിലും ഗ്രാമത്തിലുണ്ടാവുന്ന തണുപ്പിനെയും മാമ്പഴക്കാലങ്ങളെയും ഓർക്കുന്നു. മരങ്ങളിൽ പലനിറങ്ങൾ കാണുന്ന വേനലിന്റെ ഭംഗിയെയും അവതരിപ്പിക്കുന്നു. ഗ്രാമത്തിലെയും നഗരത്തിലെയും വേനൽച്ചൂടിന്റെയും കാഴ്ചകളുടെയും വ്യത്യാസത്തിലാണ് കവിത ഊന്നുന്നത്. കാടും നാടും മാറ്റി നഗരങ്ങൾ നിർമ്മിക്കുമ്പോൾ വർദ്ധിക്കുന്ന വേനൽക്കാലചൂടിനെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത് (2003:12).

വിജയലക്ഷ്മിയുടെയും വി.എം. ഗിരിജയുടെയും കവിതകളിൽ മാത്രമാണ് പൊതുവെ ഗ്രീഷ്മാവസ്ഥ നശീകരണസൂചനയായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്.

### 4.2.2. സമയചിത്രീകരണങ്ങൾ

ഉഷഃസന്ധ്യ, സായം സന്ധ്യ എന്നിങ്ങനെയാണ് പ്രകൃതിയിലുള്ള സമയത്തെ ഈ പ്രബന്ധത്തിൽ തിരിക്കുന്നത്. സന്ധിക്കുന്നത് എന്ന അർത്ഥത്തിലാണ് സന്ധ്യ എന്നുപയോഗിക്കുന്നത്. ദിവസത്തിന്റെ തുടർച്ചയായ രണ്ടു ഘട്ടങ്ങൾ കൂടിച്ചേരുന്ന സമയമാണിത്.

#### 4.2.2.1. ഉഷഃസന്ധ്യ

പ്രഭാതത്തെയാണ് ഉഷഃസന്ധ്യ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നാടോടി വാങ്മയങ്ങളിലും തെരഞ്ഞെടുത്ത മലയാളകവിതയിലും പരാമർശിച്ചിട്ടുള്ള പ്രഭാതം അഥവാ ഉഷഃസന്ധ്യയെക്കുറിച്ചാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

#### 4.2.2.1.1. വർണ്ണനകൾ

#### 4.2.2.1.1.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ പ്രഭാതത്തിൽ ആറന്മുളയപ്പനെ തുയിലുണർത്തുന്ന ഭാഗം പ്രഭാതത്തിന്റെ മനോഹരമായ വർണ്ണനയുമാണ്. കിഴക്കുദിക്കാകുന്ന മധുരഭാഷിണിയായ സ്ത്രീ സൂര്യനാകുന്ന കുട്ടിയെ പ്രസവിച്ചതായി പ്രഭാതത്തെ വർണ്ണിച്ചിരിക്കുന്നു[89]. കൂടാതെ സന്ധ്യയ്ക്ക് തേൻനുകർന്നു കൊണ്ടിരിക്കെ കൂമ്പിപ്പോയ താമരയ്ക്കുള്ളില കപ്പെട്ട വണ്ടുകൾ പ്രഭാതമായപ്പോൾ പുറത്തേക്കു പോയി, ഉദ്യാനത്തിൽ കിളികൾ കൂകി, കള്ളന്മാർക്ക് വിഷമമായി, കാലികൾ മേച്ചിൽ സ്ഥലത്തേയ്ക്കു പോയി, കാമന്റെ വില്ലുതാണു തുടങ്ങിയ പ്രഭാതസൂചനകൾ നൽകി ആറന്മുളയപ്പനെ തുയിലുണർത്തുന്നു (1981:79). ഇവിടെ പ്രഭാതത്തിന്റെ കാഴ്ചകൾ അവതരിപ്പിക്കപ്പെടുന്നു.

'കണ്ണശ്ശരാമായണ'ത്തിൽ ഹേമന്തവർണ്ണനയിൽ മഞ്ഞും തണുപ്പും കാരണം വെയിലിന് ശക്തിയില്ലാതാവുകയും പ്രഭാതത്തിൽ പൂക്കൾ കാണാനാവാത്ത വിധം പുകമഞ്ഞ് മൂടിയിരിക്കുന്നതായും പറയുന്നുണ്ട് (2013:281).

'ഉണ്ണിയാടിചരിത'ത്തിൽ ഉദയപർവ്വതമെന്ന രാജാവിന്റെ കിരീടമായി പ്രഭാത സൂര്യനെ വർണ്ണിക്കുന്നുണ്ട് (2016:45). രാത്രിയിൽ മറഞ്ഞിരിക്കുന്ന സൂര്യൻ പ്രഭാതമാകു മ്പോൾ സമുദ്രത്തിൽ കുളിച്ച് വരുന്നതായി വർണ്ണിക്കുന്നു (2016:47-48). പ്രഭാതത്തിലെ ചുവപ്പു നിറമാകുന്ന കുങ്കുമപ്പൂവണിഞ്ഞ് മനോഹരമായ ഇരിപ്പിടത്തിൽ വിശ്രമിക്കുന്ന സൂര്യന്റെ പാദങ്ങളായി കിരണങ്ങളെയും അതിൽ പറ്റിയിരിക്കുന്ന പൊടിയായി താമരകളുടെ പൂമ്പൊടിയെയും കല്പിച്ചിരിക്കുന്നു. അരയന്നങ്ങളാകുന്ന വസ്ത്രത്താൽ ആ പൊടിതുടച്ചു വൃത്തിയാക്കിയതായും പരാമർശിക്കുന്നു. കൂടാതെ പ്രഭാതത്തിലെ വണ്ടുകളുടെ ശബ്ദം നായകനെ കൂടുതൽ വിരഹിതനാക്കുന്നതായും പ്രഭാതസൂര്യൻ താമരപ്പൂക്കളിലെ മഞ്ഞുതുള്ളിയാകുന്ന കണ്ണുനീരിനെ തുടച്ചു കളഞ്ഞതായും വർണ്ണിക്കുന്നു. ഇവിടെ പ്രഭാതസൂര്യൻ മനോഹരമായ ഇരിപ്പിടത്തിൽ ഇരിക്കുന്ന ദേവനാണ്. ഈ ഘട്ടത്തിൽ തിരുനിഴൽമാലയിലും, കണ്ണശ്ശരാമായണത്തിലും

ഉണ്ണിയാടിചരിതത്തിലും മാത്രമാണ് ഉഷഃസന്ധ്യ പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.2.1.1.2. കവിത്രയകാലം**

ഉള്ളൂരിന്റെ 'കല്പശാഖി' എന്ന സമാഹാരത്തിലെ 'മഞ്ഞുതുള്ളികൾ' എന്ന കവിത മഞ്ഞുതുള്ളികൾ പ്രഭാതത്തിന് നൽകുന്ന ഭംഗിയെ വർണ്ണിക്കുന്നു. മഞ്ഞുതുള്ളികളുടെ മനോഹാരിതകണ്ട് അവയോട് തിരിച്ചുപോകല്ലേ എന്ന് പറയുന്നു. പുല്ലുകൾ മഞ്ഞുതുള്ളിയേറ്റ് റാണിമാരെ പോലെ മിന്നുകയും പൂവുകൾ സന്തോഷവും പുഞ്ചിരിയും മഞ്ഞുതുള്ളികളാൽ അറിയിക്കുകയും ചെയ്യുന്നു (2006:1240) എന്നിങ്ങനെ പ്രഭാതത്തിലെ മഞ്ഞുതുള്ളികളുടെ കാഴ്ച ഈ കവിത ഉൾക്കൊള്ളുന്നു. 'പ്രഭാതചിന്ത' എന്ന കവിതയിൽ നിദ്രയിൽ നിന്നുണർത്തുന്ന സൂര്യനെക്കുറിച്ച് പരാമർശിക്കുന്നു.

'വരുന്നൂ വാനത്തുപാ-
ഞ്ഞേവനോ പൊട്ടിച്ചതാ-
മെരിതീമരുന്നുണ്ട-
യൊന്നതാ! ചാടിച്ചാടി' (1977:624)

എന്നിങ്ങനെ പ്രഭാതത്തെക്കുറിച്ച് കവിത വ്യക്തമാക്കുന്നു. പ്രഭാതത്തെക്കുറിച്ചുള്ള വർണ്ണനകൾ മാത്രമാണ് ഈ കാലഘട്ടത്തിലെ കവിതകളിലുള്ളത്. ദേശീയ പ്രസ്ഥാന ത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ കവിത അജ്ഞത വിട്ട് സ്വാതന്ത്ര്യമാകുന്ന ജ്ഞാനത്തിലേക്കുണരാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

വള്ളത്തോളിന്റെ 'ഗ്രാമസൗഭാഗ്യ' ത്തിൽ പുലർകാലത്തു കോഴി കൂകിയപ്പോൾ രാത്രി മെലിഞ്ഞ് പ്രഭാതം വന്നതായി പറയുന്നു.

മണൽത്തിട്ടിലിരുന്ന് പ്രഭാതത്തിലെ സൂര്യോദയം കാണുന്നതായ വർണ്ണന ബാലാമണിയമ്മയുടെ 'പ്രഭാതത്തിൽ' എന്ന കവിതയിലുണ്ട് (2012:75). പ്രപഞ്ച ചലനങ്ങളിൽ സൂര്യനുള്ള പ്രാധാന്യം വ്യക്തമാക്കുന്നതിനൊപ്പം പ്രകാശമൂർത്തിയായ പ്രഭാതസൂര്യനെ നമസ്കരിക്കുകയും ചെയ്യുന്നു 'പ്രഭാതം' എന്ന കവിതയിൽ.

പ്രഭാതത്തിൽ മുല്ലമൊട്ടുകളെ തളിരുകൾ ആഭരണമണിയിക്കുന്നതായി പള്ളത്ത് രാമന്റെ 'ഒരു മുല്ലമൊട്ടിനോട്' എന്ന കവിതയിൽ കവി കല്പന നടത്തുന്നു. ആശാന്റെ കവിതയിൽ മാത്രമാണ് ഈ ഘട്ടത്തിൽ പ്രഭാതത്തെക്കുറിച്ചുള്ള വർണ്ണനാപരമായ പരാമർശങ്ങളില്ലാത്തത്.

### 4.2.2.1.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'ഉണർന്നപ്പോൾ' എന്ന കവിതയിൽ രാത്രി കഴിഞ്ഞുപോവുകയും കിഴക്കൻ മലകളിൽ കുങ്കുമപ്രകാശം പരന്നിരിക്കുന്നതായും പൂമൊട്ടുകൾ പതുക്കെ വിടർന്നതായും കവിത വർണ്ണിക്കുന്നു (ഭാഗം 2, 1990:602). മഞ്ഞത്തെച്ചിപ്പൂങ്കുലപോലെ മനോഹരമായ പ്രഭാതമെന്ന് മനസ്വിനിയിൽ പ്രഭാതത്തെ വർണ്ണിക്കുന്നു. 'എനിക്ക് വേണ്ടത്' എന്ന കവിതയിൽ തന്റെ ഗാനം കേട്ട് കാട്ടുവള്ളികൾ രസിക്കുമെന്നും ഉദയം കാണാനായി സ്വയം മിഴിതുറക്കുന്ന പൂക്കൾ തന്റെ മുന്നിൽ രാഗപരിമളം ചൊരിയുമെന്നും കവി ആശിക്കുന്നു. 'രമണനി'ൽ രമണനും ചന്ദ്രികയും സല്ലപിച്ചിരിക്കുന്ന രാത്രിയെ അവസാനിപ്പിച്ചുകൊണ്ട് കുന്നിന്റെ പിന്നിൽ ചുവന്നരശ്മികളോടെ പ്രഭാതം എത്തിച്ചേർന്നതായി പരാമർശിക്കുന്നു. പ്രഭാതത്തെ കന്യകയായാണ് ഇവിടെ കൽപിച്ചിരിക്കുന്നത് (1974:144). ആനന്ദകരമായ ഉറക്കത്തിൽ നിന്നും മനോഹരമായ കൈകളാൽ ഭൂമിയിലെത്തിയ പ്രഭാതം തന്നെ ഉണർത്തിയതായി 'നഷ്ടഭാഗ്യസ്മൃതി' എന്ന കവിത വ്യക്തമാക്കുന്നു. പറവകൾ പാറിപ്പറന്നും പൂക്കൾ വിരിഞ്ഞ സുഗന്ധം പരന്നും പൂവള്ളികളാടിയും പൂമ്പാറ്റകൾ പാറിക്കളിച്ചും മനോഹരമായ പ്രഭാതം വന്നതായി 'പ്രഭാതബാഷ്പം' എന്ന കവിതയിൽ പരാമർശിക്കുന്നു. 'ഉദ്ബോധനം' എന്ന കവിതയിൽ സ്വർണ്ണത്തിൽകുളിച്ച് മദാലസയായി പതുക്കെ എത്തിച്ചേരുന്ന പുലരിയെ അഷ്ടദിക്പാലകരായ തോഴികൾ ചെന്നെതിരേൽക്കുന്നതായി കൽപിച്ചിരിക്കുന്നു. ഇവിടെ പുലരിയെ വധുവിനോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

പി. കുഞ്ഞിരാമൻനായരുടെ 'സൗന്ദര്യപൂജ'യിൽ പ്രഭാതത്തെക്കുറിച്ച് സൂചനയുണ്ട്.

> "കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
> വിളിച്ചു മലനാടിനെ;
> ഒളിച്ചു പൂക്കളം തീർത്തു
> കളിച്ച പുലർവേളകൾ" (2005:25)

എന്നു പരാമർശം. കൂടാതെ കാവിൽ തൊഴുത് മഞ്ഞൾപ്രസാദം തൊട്ടുവരുന്ന പുലർകാലത്തെക്കുറിച്ചും സൂചനയുണ്ട്. കൂടാതെ രാക്കരിക്കിന്റെ കണ്ണുകുത്തുമ്പോൾ വെള്ളം തെറിക്കുന്നതുപോലെ രാത്രി മാറി പ്രഭാതം വന്നതായും ആ സമയത്ത് പുലർകാല നക്ഷത്രങ്ങൾ കണ്ണടച്ചതായും പരാമർശമുണ്ട്. (1974:27) പുലരികളാകുന്ന ദേവതകൾ കുടജാദ്രി അമ്പലത്തെചുറ്റി നിൽക്കുന്നതായി 'സൗപർണ്ണികയുടെ സംഗീതം' എന്ന

കവിതയിൽ വർണ്ണനയുണ്ട്. 'പൂജ' എന്ന കവിതയിൽ ജനനത്തെ പ്രഭാതമായി കല്പിക്കുന്നു. 'ശാരദാപൂജ' എന്ന കവിതയിൽ രാത്രിയുടെ പ്രകാശങ്ങളെ ചേറിക്കൊഴിച്ചു കൊണ്ട് പ്രഭാതമെത്തിയതായി സൂചിപ്പിക്കുന്നു. പട്ടുടുത്ത് തൊഴാനെത്തിയ വൃശ്ചികപുലരിയെക്കുറിച്ച് 'പുനഃപ്രതിഷ്ഠ' എന്ന കവിതയിൽ പരാമർശിക്കുന്നു. 'കാളിദാസന്റെ പെറ്റമ്മ' എന്ന കവിതയിൽ കുന്നിൻചെരിവിൽ പ്രഭാതം താലംപിടിച്ചു നിൽക്കുന്നതായി പരാമർശം. കന്നിമാസപ്രഭാതത്തെ വർണ്ണിക്കുന്നു 'കന്നിപുലരി' എന്ന കവിത. വെള്ളിയരിവാൾ പുതുക്കി കതിരുകൾ കൊയ്യാനായി കന്നിപുലരി വരുന്നതായി കവിത വ്യക്തമാക്കുന്നു.

പുലർക്കാലത്ത് കിഴക്കുഭാഗം ചുവപ്പണിയുന്നതിനെ ഇടശ്ശേരിയുടെ 'പ്രഭാതം' എന്ന കവിതയിൽ വർണ്ണിക്കുന്നു. തലേന്നാൾ വിടർന്ന പൂക്കൾ കൊഴിയുകയും പുതിയവ വിടരുകയും ചെയ്യുന്നു എന്നിങ്ങനെ പ്രഭാതത്തിന്റെ വർണ്ണനയാണ് കവിതയിലുള്ളത്. അല്ലിപ്പൂവിനെ പതുക്കെയുണർത്തുന്ന പ്രഭാതത്തെപോലെ പൈതലിനെ ചേച്ചി പതുക്കെയുണർത്തി അണിയിച്ചൊരുക്കുന്നതായി 'പള്ളിക്കൂടത്തിലേക്ക് വീണ്ടും' എന്ന കവിതയിൽ പരാമർശിക്കുന്നു.

'കണ്ണീർപ്പാടം' എന്ന വൈലോപ്പിള്ളിയുടെ കവിതയിൽ ആകാശം കാർമേഘം മൂടിയതിനാൽ ചളിപ്പാടത്ത് പോത്തുകളെക്കൊണ്ട് പൂട്ടിക്കുന്നതായി അനുഭവപ്പെടുന്നു. പുലർകാലത്ത് എട്ടുകാലിവലകളിൽ മഞ്ഞുതുള്ളികൾ വീണുകിടക്കുന്നതുകണ്ട് പാടവരമ്പിലൂടെ നടക്കുന്ന ദമ്പതികളെയും കാണാം. പൊന്നുഷസ്സിന്റെ കൊയ്ത്തിൽ നിന്നൂരിയ കതിരുകളാണ് പാടത്ത് കിടക്കുന്നതെന്നും പുലർകാലത്തെ ആകാശത്തിൽ മേഘങ്ങൾ പോലെ കൊയ്ത്തുകാർ നിരന്നുനിൽക്കുന്നതായും 'കന്നിക്കൊയ്ത്തിൽ' പരാമർശിക്കുന്നു. 'തീയിടൽ' എന്ന ഗീതകത്തിൽ മരംകോച്ചുന്ന തണുപ്പത്ത് പുലരിയാകുന്ന പെൺകുട്ടി കിഴക്ക് തീ കത്തിക്കുന്നതായി പ്രഭാതത്തിലെ സൂര്യോദയത്തെ വർണ്ണിക്കുന്നു. വയലാർക്കൃതികളിൽ മാത്രമാണ് പൊതുവെ പ്രഭാതം വർണ്ണനാപരമായി പരാമർശിക്കപ്പെടാതിരുന്നത്.

#### 4.2.2.1.1.4. ആധുനികതാഘട്ടം

'പ്രഭാതപൂജ' എന്ന ജി. കുമാരപിള്ളയുടെ കവിതയിൽ പ്രഭാതത്തെയും സൂര്യനെയും ആരാധിക്കുന്ന രീതിയാണുള്ളത്. ഇരുട്ടാകുന്ന സേനകളെ സന്ധ്യാസമയം മുതൽ അരിഞ്ഞിട്ടപ്പോഴുണ്ടായ ചോരയിൽ കുളിച്ചെത്തുന്നവനായി പ്രഭാതസൂര്യനെ വർണ്ണിക്കുന്നു.

"വീർപ്പിട്ടെഴുന്നേറ്റു നില്പു നിൻ സന്നിധൗ
കൂപ്പുകൈയർപ്പിച്ചു ഞങ്ങളീയേഴകൾ
വാനോടുരുമ്മുന്ന ശൈലശൃംഗത്തിലും
പാതാളതുല്യമാം താഴ്വരത്തോപ്പിലും
ഒന്നുപോൽ ചൈതന്യകന്ദളം വീശുവാൻ
വന്നുപോയ് ചെങ്കതിർച്ചെങ്കോലണിഞ്ഞു നീ" (2015:17)

എന്നിങ്ങനെ ഏഴകളായ ഞങ്ങൾ കൈകൂപ്പുന്നു എന്നാണ് പറയുന്നത്. അതായത് സൂര്യനെ ചെങ്കോലണിഞ്ഞ രാജാവായും മനുഷ്യരെ സൂര്യന്റെ അടിമകളായുമാണ് കവിതയിൽ കൽപ്പിച്ചിരിക്കുന്നത്. മനുഷ്യർ എന്നും പ്രകൃതിക്ക് താഴെതന്നെയെന്ന ആശയം കൂടി ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും ശോഭയെ മറച്ചുകൊണ്ട് ആകാശമാകുന്ന ഗോപുരത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രഭാതസൂര്യനെ ഉറങ്ങിയെഴുന്നേറ്റ ഏഴകളായ മനുഷ്യർ തൊഴുന്നു എന്നാണ് കവിത പറയുന്നത്. പ്രഭാതത്തിലുള്ള സൂര്യപൂജയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ജി. കുമാരപിള്ളയുടെ 'ഉഷസ്സിൽ' എന്ന കവിതയിലും പ്രഭാതമാണ് വിഷയമാകുന്നത്. പ്രഭാതത്തിൽ മറ്റു പൂക്കളെല്ലാം വിടർന്നിട്ടും ചെമ്പകം മാത്രം വിരിഞ്ഞ് പുഞ്ചിരിക്കാത്തതെന്തെന്ന് കവിത സംശയിക്കുന്നു. തോപ്പുകളിൽ വിരിഞ്ഞ പൂക്കളുള്ള വള്ളികൾ ആടുകയും ജലാശയങ്ങളിലെ താമരകൾ പുഞ്ചിരിക്കുകയും ചെയ്യുമ്പോൾ കുപ്പയിൽ നിൽക്കുന്ന ചെമ്പകം മാത്രം പ്രഭാതമെത്തിയതറിഞ്ഞില്ലേ എന്ന് കവിത അന്വേഷിക്കുന്നു. കിളികളും വണ്ടുകളും ശബ്ദങ്ങളിലൂടെ പ്രഭാതമെത്തിയതായി പറയുന്നുണ്ടെങ്കിലും നനവില്ലാത്ത താഴ്വരയിൽ വളമില്ലാത്ത പൊരിമണ്ണിൽ, വിളറിയ പാഴ്ച്ചെടിയിൽ പ്രഭാതം വന്നാലും എങ്ങനെ ചെമ്പകം വിടരും എന്ന ചോദ്യത്തോടെയാണ് കവിത അവസാനിക്കുന്നത്. പൂവിന് വിടരാനാവാത്ത വരണ്ട കാലാവസ്ഥയെയാണ് കവിത പ്രതിനിധീകരിക്കുന്നത്.

പ്രഭാതമാണ് ജി. കുമാരപിള്ളയുടെ 'ഉദയം' എന്ന കവിതയിലും വിഷയമാക്കുന്നത്.

"പുലർവെട്ടം വീശാറായിരുൾ കക്കും ചുടുചോര-
ത്തെളിവീണോരുദയത്തിൻ മാമലയിൽ" (2015:55)

എന്നാരംഭിക്കുന്ന കവിത മരണംപോലെ മരവിച്ച ലോകത്തിന് ജീവൻ നൽകുന്നതാണ് പുതിയ പ്രഭാതമെന്ന് വ്യക്തമാക്കുന്നു. പുഴുവിനും പുല്ലിനും ഉണർച്ച നൽകുന്ന പ്രഭാതത്തെക്കുറിച്ചാണ് പറയുന്നത്. മേൽപറഞ്ഞ മൂന്ന് കവിതകളും പ്രഭാതത്തെ

പരാമർശിക്കുന്നതാണെങ്കിലും സമൂഹത്തിൽ പുതിയ പരിവർത്തനങ്ങൾ ഉണ്ടാകുന്ന തിനെയുമാണ് 'പ്രഭാതം' എന്ന പദത്തിലൂടെ സൂചിപ്പിച്ചിരിക്കുന്നത്.

'കൈത്തിരി' എന്ന എൻ.എൻ. കക്കാടിന്റെ കവിതയിൽ പ്രഭാതത്തെക്കുറിച്ച് പരാമർശമുണ്ട്. സ്വർണ്ണത്തേരിലാണ് സൂര്യൻ വരുന്നതെന്നും ചൈതന്യമില്ലാതായ എല്ലാ വസ്തുക്കളിലും ചൈതന്യം പകരുന്നത് സൂര്യനാണെന്നും കവിത വ്യക്തമാക്കുന്നു. കൂടാതെ ചുവന്ന നിറത്തിൽ ഗാംഭീര്യത്തോടെ നിൽക്കുന്നവനും മഞ്ഞവസ്ത്രം ധരിച്ചവനും ചക്രം കൈയിൽ പിടിച്ചവനും വെളിച്ചം നൽകുന്നവനുമായ സൂര്യൻ എന്നിങ്ങനെയെല്ലാം സൂര്യനെ വിശേഷിപ്പിക്കുന്നു.[90]

ജി. കുമാരപിള്ള, എൻ.എൻ. കക്കാട് എന്നിവരുടെ കവിതകളിൽ മാത്രമേ പൊതുവെ പ്രഭാതം വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നുള്ളൂ.

### 4.2.2.1.1.5. ആധുനികതാനന്തരഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഉഷസന്ധ്യ വർണ്ണനാപരമായി അവതരിപ്പിക്ക പ്പെടുന്നില്ല.

### 4.2.2.1.2. സദൃശകല്പനകൾ

### 4.2.2.1.2.1. രൂപപരം

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ ശ്രദ്ധേയമായ രീതിയിൽ രൂപപരമായ സദൃശകല്പനകളായി പ്രഭാതം അവതരിപ്പിക്കപ്പെടുന്നില്ല.

### 4.2.2.1.2.2. ഭാവപരം

### 4.2.2.1.2.2.1. പ്രാചീനമധ്യകാലഘട്ടം

'ഉണ്ണുനീലിസന്ദേശ'ത്തിൽ പ്രഭാതത്തെ പടിപടിയായി വർണ്ണിച്ചിട്ടുണ്ട്. കാമദേവന്റെ കാളംവിളിപോലെ പൂങ്കോഴികൾ കൂകി, പുലർകാലത്തെ നക്ഷത്രങ്ങൾ ചോളപ്പൊരികൾ ചിതറിയതുപോലെ അങ്ങിങ്ങായി മങ്ങി പ്രകാശിച്ചു, പ്രഭാതദേവതയുടെ പൂജയ്ക്ക് സൂര്യചന്ദ്രന്മാർ ഇരുവശങ്ങളിലും സ്വർണ്ണനിറത്തിലുള്ള ഇലത്താളം പോലെ എത്തിച്ചേർന്നു. വിരിയാൻ തുടങ്ങിയ താമരപൂക്കളുടെ ഉള്ളിൽ നിന്ന് പുകപോലെ വണ്ടുകൾ ഒന്നൊന്നായി ഉയർന്നു തുടങ്ങി എന്നിങ്ങനെ പ്രഭാതത്തെ ദേവതയായും നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാരും താമരയിൽ നിന്നുയരുന്ന വണ്ടുകളും പ്രഭാതപൂജ നടത്തുന്നതായും കവികല്പന (2016:44). പ്രഭാതത്തിൽ ഉദിച്ചുയരുന്ന സൂര്യൻ

നീലമലയുടെ മുകളിൽ രത്നകിരീടം പോലെ ശോഭിച്ചതായും ചന്ദ്രൻ കടലിൽ താണതായുമുള്ള പ്രഭാതചിത്രീകരണവും (2016:45) കവി മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്.

'ചന്ദ്രോത്സവ'ത്തിൽ മേദിനീവെണ്ണിലാവിനെ ഗർഭം ധരിച്ചിരിക്കുന്ന മാതാവിനെ പ്രഭാതത്തെയെന്ന പോലെയാണ് കവിത വർണ്ണിച്ചിരിക്കുന്നത്. ക്ഷയിച്ചുവരുന്ന ചന്ദ്രനോടുകൂടിയതും ഏതാനും നക്ഷത്രങ്ങൾ മാത്രം മിന്നുന്നതുമായ പ്രഭാതസന്ധ്യ യെന്നപോലെ മേദിനീവെണ്ണിലാവിന്റെ അമ്മ ഗർഭവൈവശ്യത്താൽ ക്ഷീണിച്ച മുഖത്തോടു കൂടിയവളും ചുരുക്കം ആഭരണങ്ങളോടുകൂടിയവളുമായി വിളർത്തു ശോഭിച്ചു.

"സാ ദൗഹൃദശ്രമവശാദനിശം വിളർത്തു
താമ്യന്മുഖീ കതിപയാഭരണാ ചകാശേ
പ്രാപ്തപ്രഭാതസമയാ പരിഹീണചന്ദ്രാ
നാലഞ്ചുതാരതരളാ പ്രഥമേവ സന്ധ്യാ"(2016:51)

ഗർഭവൈവശ്യം പൂണ്ട സ്ത്രീയെ പ്രഭാതസന്ധ്യയായി കല്പിച്ചിരിക്കുന്നു. ഇവിടെ ഗർഭിണിയുടെ മുഖത്തെ ചന്ദ്രനായും ആഭരണങ്ങളെ നക്ഷത്രമായും കല്പിച്ചിരിക്കുന്നു.

ഈ ഘട്ടത്തിൽ താരതമ്യേന ഉണ്ണുനീലിസന്ദേശത്തിലും ചന്ദ്രോത്സവത്തിലും മാത്രമാണ് പ്രഭാതത്തെ ഭാവപരമായി അവതരിപ്പിച്ചിരി ക്കുന്നത്.

### 4.2.2.1.2.2.2. കവിത്രയകാലം

പ്രഭാതത്തിൽ എട്ടുകാലികൾ പൂവിന്റെ ദേഹത്തിന് വെള്ളപ്പട്ടുകൊണ്ട് ചരമാവരണം രചിച്ചതായും മഞ്ഞുതുള്ളിയാകുന്ന മനോഹരമായ മുത്തുമാല ചാർത്തിയതായും ആശാൻ 'വീണപൂവി'ൽ വർണ്ണിക്കുന്നു. എട്ടുകാലിവലയിൽ പറ്റിയ മഞ്ഞുതുള്ളികൾ പ്രഭാതകാഴ്ചകളിൽ മനോഹരമാണ്. 'നളിനി' യിൽ നളിനിയുടെ മുഖത്തെ

"പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം" (2013:73)

എന്ന് പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ പതിച്ച പനിനീർപ്പൂവിനോട് സാദൃശപ്പെടുത്തി യിരിക്കുന്നു. പ്രഭാതത്തിലെ മഞ്ഞുതുള്ളികളുടെ കാഴ്ചതന്നെയാണ് ഇവിടെയുള്ളത്. താമരയുടെ ദുഃഖം മാറ്റാനെത്തുന്ന പ്രഭാതം പോലെയാണ് മദനവിരഹിതയായിരിക്കുന്ന

ലീലയുടെ അടുത്തേക്ക് മാധവി എത്തിച്ചേരുന്നതെന്ന് 'ലീല'യിൽ പരാമർശമുണ്ട്.

"അഴൽ നീക്കുമുഷസ്സെയാർത്തിയാ–
ലുഴലും പദ്മിനിപോലെ, സുന്ദരി" (1960:159)

എന്നാണ് വർണ്ണന. 'ലീല' മദനനെ അന്വേഷിച്ച് വനത്തിലലയുന്ന ഘട്ടത്തിൽ

"കുസുമശബളകാന്തിയാം നഭസ്സിൽ
പ്രസൃമരമാം സ്ഫുടചമ്പകാതപത്താൽ
അസമയരമണീയമത്ര കണ്ടോ?
സുസഖി! യുഷസ്സുഷമയ്ക്കു നിത്യഭാവം" (2013:125)

എന്ന് വിസ്മയിക്കുന്നു. അതായത് വിവിധ വർണ്ണങ്ങളായ പൂക്കളും ഇളവെയിലിന്റെ ശോഭയുള്ള ചമ്പകപ്പൂക്കളും കണ്ടിട്ട് ആ സ്ഥലത്ത് സമയഭേദമില്ലാതെ പ്രഭാതം സ്ഥിരമായി നിൽക്കുന്നതായി തോന്നുമെന്ന് കവിത വ്യക്തമാക്കുന്നു. മറ്റൊരുഭാഗത്ത് പ്രഭാതമായി എന്ന് സൂചിപ്പിക്കാൻ പക്ഷികൾ കൂകാൻ തുടങ്ങിയതായി പറയുന്നു. (1960:168). 'മണിമാല' എന്ന സമാഹാരത്തിലെ 'പ്രഭാതനക്ഷത്രം' എന്ന കവിത

"ഉണരുവിൻ വേഗമുണരുവിൻ സ്വര–
ഗുണമേലും ചെറുകിളിക്കിടാങ്ങളേ
ഉണർന്നുനോക്കുവിനുലകിതുൾക്കാമ്പിൽ
മണമേലുമോമൽ മലർമൊട്ടുകളേ" (2013:586)

എന്നിങ്ങനെ പ്രഭാതത്തിലേക്കുണരാൻ കവി കിളികളോടും പൂക്കളോടുമെല്ലാം ആഹ്വാനം ചെയ്യുന്നു. നവോത്ഥാനത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരാനുള്ള ആഹ്വാനം കൂടിയാണിത്.

പ്രഭാതസൂര്യന്റെ രശ്മിയെന്നപോലെ ക്രിസ്തുവിന്റെ കടാക്ഷം മറിയത്തെ സ്പർശിച്ചതായി വള്ളത്തോളിന്റെ 'മഗ്ദലനമറിയ'ത്തിൽ പരാമർശമുണ്ട്.[91] ഗാന്ധിജി യുടെ മരണസമയത്ത് പ്രഭാതസൂര്യൻ മൃതദേഹം ദർശിച്ച് പൂക്കളർപ്പിക്കുന്നതായി 'ബാപ്പുജി' എന്ന കവിതയിൽ കല്പന നടത്തുന്നു. പ്രഭാതത്തിൽ പറക്കുന്ന പക്ഷി കളിലൂടെ ആകാശം മരണത്തിലുള്ള ദുഃഖം രേഖപ്പെടുത്തുകയാണെന്നും വ്യക്തമാക്കുന്നു. 'മഗ്ദലനമറിയ'ത്തിലും 'ബാപ്പുജി'യിലും മനുഷ്യമഹത്വങ്ങൾ പ്രകൃതി തിരിച്ചറിയുന്നതായും സുഖദുഃഖങ്ങളിൽ പങ്കുചേരുന്നതായും സൂചനയുണ്ട്. മനുഷ്യന്റെ ജീവിതസാഹചര്യങ്ങളോട് പ്രകൃതി ചേർന്നുപോകുന്നതായുള്ള പരാമർശങ്ങളാണ് ഈ

ഭാഗത്ത് കാണുന്നത്.

ഗ്രാമസൗഭാഗ്യത്തിൽ താമരകൾ വിടർന്ന് പ്രഭാതം വന്നതായി പരാമർശമുണ്ട് (2011:779). 'ഗുരുനാഥന്റെ തുവ്വൽ' എന്ന കവിതയിൽ പ്രഭാതസൂര്യനെക്കുറിച്ച് പരാമർശിക്കുന്നു. പ്രകൃതിയിലെ എല്ലാ ചരാചരങ്ങൾക്കും പ്രകാശം തുല്യമായി നൽകുന്ന സൂര്യൻ ഭൂമിയിലെ മണൽത്തരിപോലും മനുഷ്യനും ഇതരജീവികൾക്കും സഹോദരസ്ഥാനത്താണുള്ളതെന്ന് ബോധ്യപ്പെടുത്തുന്നു.[92] സർവചരാചരങ്ങൾക്കും പ്രകൃതിയിൽ തുല്യ ഇടമാണുള്ളതെന്ന ഗഹനപരിസ്ഥിതിവാദചിന്ത തന്നെയാണ് ഈ കവിതയുടെ ആശയത്തിൽ പ്രവർത്തിക്കുന്നത്.

ഉള്ളൂർ, ബാലാമണിയമ്മ, പള്ളത്ത്രാമൻ എന്നിവരുടെ കവിതകളിൽ പൊതുവെ പ്രഭാതം ഭാവപരമല്ല.

### 4.2.2.1.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

പി.കുഞ്ഞിരാമൻനായരുടെ 'പുലരിയോട്' എന്ന കവിതയിലും പുലരിയുടെ മനോഹരമായ വർണ്ണനയാണുള്ളത്. പുല്ലുകളും വള്ളികളും പുലരിയെ കാത്തു നിൽക്കുകയും കുയിലുകൾ പാടുകയും ചെയ്യുന്ന സന്ദർഭത്തിൽ ഭൂമിയെ പൊന്നിൽ കുളിപ്പിച്ചുകൊണ്ട് പുലരിയാകുന്ന കന്യക എത്തിച്ചേർന്നതായി പരാമർശിക്കുന്നു. പുലരിയെ കന്യകയായി കൽപിച്ചിരിക്കുന്നു.

പ്രഭാതത്തെ സ്ത്രീയായി കല്പിക്കുന്നുണ്ട് ഇടശ്ശേരിയുടെ 'അവരുടെ ദാമ്പത്യം' എന്ന കവിതയിൽ

'അർക്കനെ സ്വാപശയ്യാമുക്തനാക്കുന്നൂ കാലേ
പൊൽക്കതിർച്ചൂലേന്തിയ പുലരിപ്പെൺതയ്യലാൾ' (2012:97)

എന്നിങ്ങനെ സൂര്യനെ പുലരിയാകുന്ന പെൺകൊടി ഉണർത്തുന്നതായി കല്പന നടത്തുന്നു.

### 4.2.2.1.2.2.4. ആധുനികതാഘട്ടം

അയ്യപ്പപ്പണിക്കരുടെ 'പ്രിയതമേ, പ്രഭാതമേ!' എന്ന കവിതയിൽ പ്രഭാതത്തെ പ്രിയതമയായി കാണുന്നു. പൂവുകൾ വിരിഞ്ഞ് നിൽക്കുന്ന പ്രഭാതത്തെ കാണുമ്പോൾ ഭംഗിയോടെ നിൽക്കുന്ന പ്രിയതമയായി തോന്നുന്നു. വിടരുവാൻ മടിച്ചിരിക്കുന്ന പൂക്കളെ വെളിച്ചത്താൽ ഉണർത്താനും പ്രഭാതത്തോട് പറയുന്നു. ഭൂമിയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കെത്തിക്കാൻ കവിത പ്രഭാതത്തോട് ആവശ്യപ്പെടുന്നുണ്ട്. ഇരുട്ടിൽ നിന്ന്

വെളിച്ചത്തിലേക്ക് വരാൻ പ്രഭാതത്തെ കാത്തിരിക്കുന്ന പ്രപഞ്ചത്തെയാണ് കവിത അവതരിപ്പിക്കുന്നത്. ഇവിടെ പ്രഭാതമെന്നത് സാമൂഹികമായ ഇരുട്ടിൽ നിന്നുള്ള മോചനം കൂടിയാണ് പ്രഭാതം വന്നില്ലെങ്കിൽ ഇവിടെ നിശ്ചലമായ അവസ്ഥയുണ്ടാവുമെന്നും കവിത വ്യക്തമാക്കുന്നു (1974:93). സൂര്യോദയം അഥവാ പ്രഭാതമാണ് പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് ആധാരമെന്ന് കവിത സൂചിപ്പിക്കുന്നു. നദികളിൽ ഇറങ്ങിനിന്ന് സൂര്യനെ പൂജിച്ചിരുന്ന ആര്യവംശജരെക്കുറിച്ചും കവിത ഓർമ്മിക്കുന്നു. അതിനാൽ പ്രഭാതമേ നീ വരു എന്നും പ്രപഞ്ചത്തിന് വിവിധനിറങ്ങൾ നൽകൂ എന്നും കവിത ആവശ്യപ്പെടുന്നു. സൂര്യോദയത്തിലൂടെ ഇരുട്ടുമാറി പ്രകൃതി പ്രകാശമാനമാകുന്നതുപോലെ മനുഷ്യമനസ്സിലെ ഇരുട്ടും ഇല്ലാതാവട്ടെ എന്ന് കവിത ആഗ്രഹിക്കുന്നു.

'ഒരു പുലരികൂടി' എന്ന സുഗതകുമാരിയുടെ കവിതയിൽ പ്രഭാതത്തെ സ്ത്രീയായി കൽപിക്കുന്നു. പകുതിയുറക്കത്തിൽ കണ്ണു തുറക്കുമ്പോൾ മഞ്ഞിന്റെ തണുപ്പിൽ കൂനിക്കൂടിവരുന്ന പണിക്കാരിയായ പ്രഭാതത്തെയാണ് കവിത അവതരിപ്പിക്കുന്നത്.

"മങ്ങിയ മഞ്ഞിൽ മൂടൽ
മറയിൽ കൂനിക്കൂടി
യങ്ങനെ നടന്നെത്തും
പണിക്കാരിയെപ്പോലെ" (2011:228)

തണുപ്പുകൊണ്ട് ചൂളിയും വിളറിയ ചുണ്ടു കൊണ്ട് പാട്ടു മൂളിയും വിറങ്ങലിച്ച കൈ കൊണ്ട് പൊടിപുരണ്ട മുടിയിൽ പുത്തൻ പൂവു ചൂടിയുമാണ് പ്രഭാതമെന്ന പണിക്കാരിയെത്തുന്നത്. അവളുടെ കണ്ണുനീരിനെ മഞ്ഞുതുള്ളിയായും കിനാവിനെ പ്രഭാതനക്ഷത്രമായും കുറിയെ ചുവരിലെ വെളിച്ചമായും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ദുഃഖിതയും സ്വപ്നങ്ങൾ കാണുന്നവളുമായ പണിക്കാരിയാണിവിടെ പ്രഭാതം.

ജി.കുമാരപിള്ള, എൻ.എൻ.കക്കാട്, ഒ.എൻ.വി, കടമ്മനിട്ട, സച്ചിദാനന്ദൻ, വിനയചന്ദ്രൻ, ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ പ്രഭാതം താരതമ്യേന വർണ്ണനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.2.2.1.2.2.5. ആധുനികതാനന്തരഘട്ടം

സെബാസ്റ്റ്യന്റെ 'നൈർമ്മല്യം' എന്ന കവിതയിൽ നിർമ്മലമായ പ്രേമത്തെയും പ്രഭാതത്തെയും സാദൃശ്യപ്പെടുത്തുന്നു. സെബാസ്റ്റ്യനിൽ മാത്രമാണ് ഈ ഘട്ടത്തിൽ പ്രഭാതത്തെ ഭാവപരമായി അവതരിപ്പിച്ചു കാണുന്നത്.

#### 4.2.2.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത മലയാളകവിതയിൽ പ്രഭാതവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ നശീകരണസൂചനകൾ കാണുന്നില്ല.

### 4.2.2.2. സായംസന്ധ്യ

അസ്തമയത്തെയാണ് സായംസന്ധ്യ എന്ന് വിശേഷിപ്പിക്കുന്നത്. പ്രഭാതത്തെ ദേവതയായി സങ്കല്പിക്കുന്നതുപോലെ സന്ധ്യയെയും ദേവിയായി സങ്കല്പിക്കുന്നു. മനോഹരമായ സന്ധ്യാവർണ്ണനകൾ മലയാളകവിതയുടെ ഭാഗമാകുന്നുണ്ട്. അതെപ്രകാരമെന്ന അന്വേഷണമാണ് ഈ ഖണ്ഡത്തിൽ നടത്തുന്നത്.

#### 4.2.2.2.1. വർണ്ണനകൾ

##### 4.2.2.2.1.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ സായംസന്ധ്യ ശ്രദ്ധേയമായ രീതിയിൽ വർണ്ണിക്കപ്പെട്ടു കാണുന്നില്ല.

##### 4.2.2.2.1.2. കവിത്രയകാലം

ആശാന്റെ 'ദുരവസ്ഥ'യിൽ സായംസന്ധ്യയുടെ വിശദമായ വർണ്ണനയുണ്ട്. സന്ധ്യയായപ്പോൾ മുറ്റത്തെ പ്രാവുകൾ പറന്നുപോയതായും താണനിലത്തുനിന്ന് വെയിൽ മുകളിലേക്കുയർന്നതായും കവിത വ്യക്തമാക്കുന്നു. സൂര്യൻ പടിഞ്ഞാറേ ദിക്കിലെ കുന്നിൻമുകളിൽ നിന്നും താണുപോയതായും പരാമർശിക്കുന്നു (2013:518). മഞ്ഞുകൊണ്ട് അന്തരീക്ഷത്തിന് മങ്ങലുണ്ടാവുന്നതായും കിഴക്കുഭാഗത്തെ കരിമ്പനയുടെയും പേരാലിന്റെയും കുന്നിന്റെയും മേലെ മഞ്ഞ വെയിൽ പതിക്കുന്ന തായും കവിത വ്യക്തമാക്കുന്നു. സന്ധ്യാസമയത്തുണ്ടാകുന്ന പ്രകൃതിയിലെ മാറ്റങ്ങളെ കവിത കൃത്യമായി രേഖപ്പെടുത്തുന്നു.

'ഭാമ' എന്ന ഉള്ളൂരിന്റെ കവിതയിൽ

> "ഉണ്ണിയുഷസ്സൊളിചിന്നിയുയർന്നുയർന്നുച്ചയായി;
> പിന്നെയങ്ങു നിറം മങ്ങിയന്തിയുമായി" (1977:175)

എന്നിങ്ങനെ വളരെ ലളിതമായി സന്ധ്യയെ വർണ്ണിച്ചിരിക്കുന്നു.

വള്ളത്തോളിന്റെ 'ആ കപ്പൽയാത്ര' എന്ന കവിതയിൽ സായംസന്ധ്യയുടെ വിശദമായ വർണ്ണനയുണ്ട്. സിന്ധുവിൽ മുങ്ങിയ സൂര്യൻ അന്തിയെ തപ്പിയെടുത്ത്

പൊന്തിക്കുന്നതായി കവിത വ്യക്തമാക്കുന്നു. ആ സമയത്ത് കപ്പലിൽ വൈദ്യുത ദീപങ്ങളും ആകാശത്തിൽ നക്ഷത്രങ്ങളും നിരന്നതായും വർണ്ണിക്കുന്നു (2012:806).

ബാലാമണിയമ്മയുടെ 'സന്ധ്യ' എന്ന കവിതയിൽ

"മണ്ണിതെറിഞ്ഞു കളിച്ച പൊടിച്ചാർത്തോ
വന്ദ്യതേ, നിൻ സുവർണ്ണാംബരമായ്" (2012:408)

എന്നിങ്ങനെ മണ്ണെറിഞ്ഞു കളിച്ചപ്പോഴുണ്ടായ പൊടിയാണ് ആകാശത്തിൽ സന്ധ്യാ സമയത്ത് കാണുന്ന അടയാളങ്ങളെന്ന് വ്യക്തമാക്കുന്നു. പ്രഭാതത്തിലെ മങ്ങലും ഉച്ചയിലെ ചൂടും മൂലം സൂര്യദേവനെ കാണാൻ സാധിച്ചില്ല. എന്നാൽ സന്ധ്യയിൽ നന്നായി ദർശനം ലഭിക്കുന്നതായും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ സന്ധ്യാ സമയത്തെ പ്രത്യേകതകൾ കൃത്യമായി വർണ്ണിക്കുന്നു. പ്രാചീനകൃതികളിലേതു പോലുള്ള സൂര്യാരാധനാരീതിയുടെ തുടർച്ച നവോത്ഥാനകാലത്തും നിലനിന്നിരുന്നു എന്ന് സൂര്യനെ ദേവനായി കല്പിക്കുന്നതിലൂടെ സാക്ഷ്യപ്പെടുത്തുന്നു. പകൽ മാഞ്ഞ് അന്തിയാകുന്നതും അന്തിത്തിരി മാഞ്ഞ് പ്രപഞ്ചം മുഴുവൻ ഇരുട്ടിലാകുന്നതും വിശദീകരിക്കുന്നു 'സന്ധ്യാവന്ദനം' എന്ന കവിതയിൽ. പള്ളത്ത് രാമനിൽ മാത്രമാണ് താരതമ്യേന സന്ധ്യ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടാതിരുന്നത്.

#### 4.2.2.2.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'ഉണർന്നപ്പോൾ' എന്ന കവിതയിൽ

"പകൽപോയി, പടിഞ്ഞാറെക്കുളിരൊളി മറവായി
പകരമോരിരവിരുണ്ടണകയായി" (ഭാഗം 2, 1990:115)

എന്നാണ് സന്ധ്യയുടെ ആഗമനത്തെക്കുറിച്ച് കവി വർണ്ണിക്കുന്നത്. 'ആരാധകൻ' എന്ന കവിതയിൽ കാമുകനെ കാണുന്ന കാമുകിയുടെ കവിളിലെ ചുവപ്പായി സന്ധ്യാ സമയത്തെ ചുവപ്പിനെ കൽപ്പിച്ചിരിക്കുന്നു. മുഖത്തെ ചിരിയായി വെള്ളി നക്ഷത്ര ങ്ങളെയും സാദൃശ്യപ്പെടുത്തിയിരിക്കുന്നു (1974:48). 'രമണനി'ൽ സൂര്യൻ പടിഞ്ഞാറെ കുന്നിൻ ചെരുവിൽ താണ് സന്ധ്യയായതായി പരാമർശമുണ്ട്. 'നർത്തകി' എന്ന കവിതയിൽ അന്തിയായപ്പോൾ കൊറ്റികൾ എവിടെ നിന്നോ കൂട്ടമായി പറന്നു വന്ന് എവിടേക്കോ പോകുന്നതായി വർണ്ണിക്കുന്നു. സന്ധ്യാസമയത്തെ പക്ഷികളുടെ കൂടുപൂകലിനെയാണിവിടെ സൂചിപ്പിക്കുന്നത് . 'മദിരോത്സവം' എന്ന കവിതയിൽ പകൽ പോയി രാത്രി വന്നതായി സന്ധ്യയെ പരാമർശിക്കുന്നു.

'സന്ധ്യ–ഒരു വേശ്യ' എന്ന വയലാറിന്റെ കവിത സന്ധ്യയുടെ മനോഹരവർണ്ണന ഉൾക്കൊള്ളുന്നു.

"പതിവായ് രണ്ടറ്റത്തു
നില്ക്കുകയാവും ചാരേ
പകലും രാവും, രണ്ടു
കാമുകന്മാരെപ്പോലെ"(1988:405)

എന്നിങ്ങനെ സന്ധ്യയെ കാമുകിയായും രാപ്പകലുകളെ കാമുകന്മാരായും കല്പിച്ചിരിക്കുന്നു. ഇവിടെയൊന്നും പാരിസ്ഥിതിക അവബോധത്തിന്റെ രീതി പ്രകടമല്ല.

സന്ധ്യാസമയത്തെയാണ് 'അന്തിചായുന്നു' എന്ന വൈലോപ്പിള്ളിയുടെ കവിത വർണ്ണിക്കുന്നത്. നഗരത്തിലെ മാവിൻ കൊമ്പിൽ കാക്കകൾ ചേക്കേറുന്നതും ഇരുട്ടിന്റെ നുറുങ്ങുകൾ കാണുന്നതും സന്ധ്യയുടെ വരവിനെ സൂചിപ്പിക്കുന്നു. കൂടാതെ മാവിൻ കൊമ്പിലിരുന്ന് പാടുന്ന കുയിലുകളെയും കവിത പരാമർശിക്കുന്നു.

#### 4.2.2.2.1.4. ആധുനികതാഘട്ടം

ജി. കുമാരപിള്ളയുടെ 'സന്ധ്യാസ്തവം' എന്ന കവിതയിൽ

"താമ്രവാസസ്സായ സന്ധ്യേ, വരു!
ഈ മലവാകപ്പൂക്കൾ
കാൽക്കലർപ്പിക്കുന്നു" (2011:329)

എന്നിങ്ങനെ സന്ധ്യയെ പൂക്കളർപ്പിച്ച് തൊഴുന്നു. സന്ധ്യയെ സ്ത്രീയായി കൽപ്പിക്കുകയും കോപം കൊണ്ട് അവളുടെ കവിൾത്തടം തുടുത്തിരിക്കുന്നതായി പറയുകയും ചെയ്യുന്നു. വരുണൻ സന്ധ്യയിൽ നിന്ന് രക്തകിരീടവും ധർമ്മപാശവും നേടി, ഇന്ദ്രൻ ദിവ്യമായ കുതിരയും, വജ്രായുധവും നേടി എന്നിങ്ങനെ സന്ധ്യയിൽനിന്ന് ദിവ്യവരങ്ങൾ നേടിയവരെക്കുറിച്ച് കവിത പരാമർശിക്കുന്നു. എന്നാൽ തനിക്ക് അതൊന്നും ആവശ്യമില്ലെന്നും കാലൊടിഞ്ഞ പശുവിനെ രക്ഷിക്കാനുള്ള ശക്തി മാത്രമാണ് വേണ്ടതെന്നും കവിത വ്യക്തമാക്കുന്നു. ശത്രുവിന്റെ മുമ്പിൽ കൈക്കരുത്ത് കാണിക്കാൻ തന്റെ സഹോദരന്മാർ അടിച്ചുടച്ചതാണീകാലെങ്കിലും അവർക്ക് ബുദ്ധിവയ്ക്കുമ്പോൾ കറന്നുകുടിക്കാൻ ഈ പശു ജീവിക്കണമെന്ന് സന്ധ്യാദേവിയോട് അപേക്ഷിക്കുന്നു.

"എന്റെ ചുറ്റും മലവാകകൾ പൂക്കുന്നതു
ഞാൻ കാണുന്നു; ദിക്കുകൾ അരുണാഭമാകുന്നു

നീ വരുമെന്ന് എനിക്കറിയാം

താമ്രവാസസ്സായ ദേവീ,

ഈ പശു നിന്റേതാണല്ലോ!" (2011:330)

എന്നിങ്ങനെ സന്ധ്യാദേവി പശുവിന്റെ രക്ഷകനാകണമെന്ന് കവിത ആഗ്രഹിക്കുന്നു. മനുഷ്യരുടെ ശക്തിപ്രകടനത്തിനായി നശിപ്പിക്കപ്പെടുന്ന പ്രകൃതിയുടെ പ്രതിനിധിയായി പശുവിനെ വിലയിരുത്താം. മനുഷ്യന് ബുദ്ധിവെക്കുമ്പോൾ ജീവിക്കാനായി പ്രകൃതിയെ നിലനിർത്തേണ്ടതുണ്ട് എന്ന ചിന്ത കൂടി കവിതയുടെ ഭാഗമാകുന്നു. ഭൂമിയെയും പ്രകൃതിയെയും കറവപശുവിനു തുല്യമാക്കുന്ന മനുഷ്യമനോഭാവത്തിന്റെ സൂചനയാണ് കവിത നൽകുന്നത്. മനുഷ്യന് ജീവിക്കാനായി പ്രകൃതിയെ നിലനിർത്തണമെന്നു പറയുന്ന കവിത മനുഷ്യകേന്ദ്രിതനിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

ജി.കുമാരപിള്ളയുടെ 'കൈത്തിരി' എന്ന കവിതയിലും സന്ധ്യാപരാമർശമുണ്ട്. ഉയർന്ന പദവിയിലിരിക്കുമ്പോഴും താഴത്തെ ഇരുൾ ഇല്ലാതാക്കാനായി എത്തിച്ചേരുന്ന മഹാനായി സന്ധ്യാസമയത്തെ സൂര്യനെ വിശേഷിപ്പിക്കുന്നു. പിന്നിൽ നിന്നും ആഴ്ന്ന കഠാരികളാൽ രക്തനിറമായ മഞ്ഞപ്പട്ടും ഉജ്ജ്വലമായ മേനിയുമായി തേങ്ങിക്കേഴുന്ന കടലിൻമാറിൽ തൻതലചായ്ച്ച വെളിച്ചത്തിന്റെ നായകനായി സന്ധ്യയെ വർണ്ണിക്കുന്നു.

'ഏതോ സന്ധ്യ...' എന്ന ഒ.എൻ.വി.യുടെ കവിതയിൽ സന്ധ്യയുടെ ചുവപ്പുനിറത്തെ കുങ്കുമപ്പാടമായി കാണുന്നു. 'ഒരു സന്ധ്യകൂടി' എന്ന കവിതയിൽ പുഴക്കരയിലെ സന്ധ്യയെ പരാമർശിക്കുന്നു.

"അന്തിയാവുന്നു,

പുഴയ്ക്കു മീതെ വെയിൽ–

ത്തുമ്പികൾ പാറി–

പ്പറന്നെങ്ങു പോകുന്നു?

കുഞ്ഞിത്തിരകൾ

തഴുകും തടത്തിലെ

മൺതരിക്കും മുഖം

മെല്ലെ കറുക്കുന്നു!" (2013:511)

എന്നിങ്ങനെ പുഴയോരത്ത് സന്ധ്യ എത്തുന്നു. ഇരുട്ട് പതുക്കെ എത്തുന്നതിനെ പാമ്പ് കൂട്ടിൽ ഇഴഞ്ഞുകേറുന്നതായും അതുകണ്ട് പക്ഷികൾ നിലവിളിക്കുന്നതായും കവിത വ്യക്തമാക്കുന്നു. കൊറ്റി അന്നവസാനം കിട്ടിയ മീനുമായി പറക്കുകയും കരീലക്കിളികൾ

ആർത്തുനടക്കുകയും ചന്തയിൽ നിന്ന് ആളുകൾ തോണിയിൽ പുഴകടക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ശബ്ദങ്ങൾ നിറഞ്ഞ പുഴയോരസന്ധ്യയെയാണ് കവിത അവതരിപ്പിക്കുന്നത്.

ഒ.എൻ.വി.യുടെ 'അന്തിയാവുന്നു.....' എന്ന കവിതയിലും സന്ധ്യയുടെ കാഴ്ചകളാണുള്ളത്. പഴയകാലത്തെ പ്രകൃതിയിലെ സ്വാഭാവികശബ്ദങ്ങളെ കവി ഓർക്കുന്നു. കാലികളുടെയും കിളികളുടെയും കോഴിയുടെയും കുഞ്ഞുങ്ങളുടെയും ശബ്ദങ്ങളും കുളക്കോഴിയുടെയും കാറ്റിന്റെയും ശബ്ദങ്ങളും ദീപം ദീപമെന്ന സന്ധ്യാവന്ദനവും ഇല്ലാതായിരിക്കുന്നതായി കവിത സൂചിപ്പിക്കുന്നു. മുറിയിലെ ശീതികരണയന്ത്രത്തിന്റെയും ടെലിവിഷന്റെയും ശബ്ദങ്ങളാണ് ഇന്നുള്ളത്. ഗ്രാമീണതയിൽ നിന്ന് നാഗരികതയിലേക്കും വികസനത്തിലേക്കുമുള്ള പരിവർത്തനം ഇത്തരം മനോഹരസന്ധ്യകളെക്കൂടിയാണ് ഇല്ലായ്മ ചെയ്തത്. പക്ഷിക്കരച്ചിലുകളും കാറ്റുമൊന്നുമില്ലാത്ത യന്ത്രങ്ങളുടെ മുരൾച്ചമാത്രമുള്ള സന്ധ്യകളും പ്രഭാതങ്ങളു മാണിന്ന് നിലവിലുള്ളതെന്നും കവിത സൂചിപ്പിക്കുന്നു.

അയ്യപ്പപ്പണിക്കരുടെ 'പകലുകൾ രാത്രികൾ' എന്ന കവിതയിൽ സന്ധ്യയെക്കുറിച്ച് വർണ്ണനയുണ്ട്. ജീവിതവും മരണവും പ്രകൃതിയുമെല്ലാം സന്ധ്യതന്നെയെന്നു വ്യക്തമാക്കുന്നു. സന്ധ്യയുടെ കണ്ണിൽ അന്ധകാരവും ചുണ്ടിൽ തണുപ്പുമുണ്ട് എന്നും രാത്രിയും പകലും സന്ധ്യയിൽ തന്നെ പിറക്കുകയും മരിക്കുകയും ചെയ്യുന്നു എന്നും കവിത പറയുന്നു. രാത്രിയുടെ അമ്മയും മരണത്തിന്റെ കാമുകിയുമാണ് സന്ധ്യ.

"എല്ലാർക്കുമിടമുള്ള
വിരിവാർന്ന ഭൂമിയിൽ
പുല്ലിനും പുഴുവിനും
പഴുതുള്ള ഭൂമിയിൽ" (1994:14)

എന്നിങ്ങനെ പുല്ലിനും പുഴുവിനുമെല്ലാം ഇടമുള്ളതാണ് ഭൂമി എന്ന് കവിത വ്യക്തമാക്കു ന്നുണ്ട്. മനുഷ്യനെപ്പോലെ തന്നെ ഇതരജീവികൾക്കും തുല്യ ഇടമുള്ള ഭൂമി എന്നർത്ഥം. അതായത് എല്ലാ ജീവിവർഗ്ഗത്തിനും പ്രകൃതിയിൽ ഇടമുണ്ടെന്നു വാദിക്കുന്ന ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയം ഈ വരികൾ ഉൾക്കൊള്ളുന്നു. വാതിൽ തുറന്ന് ഒരാൾ പതുക്കെ പുറത്തേക്കിറങ്ങുന്നതുപോലെ ഇല കൊഴിയുന്നതുപോലെ മഞ്ഞുകട്ട അലിയുന്നതുപോലെ വളരെ ലഘുവായി മറഞ്ഞുപോകുന്ന സന്ധ്യയെക്കുറിച്ച് കവിത പറയുന്നു. വിരഹദുഃഖത്തിന്റെ രീതി കവിതയിൽ കാണാം. സന്ധ്യ പലപ്പോഴും

പ്രണയിനിയായി പരിവർത്തനപ്പെടുന്നു. വേർപാടിന്റെ ദുഃഖം സന്ധ്യയിലൂടെ അവതരിപ്പിക്കുന്നു. സന്ധ്യയെ കവിതയുടെ കേന്ദ്രപ്രമേയമാക്കിക്കൊണ്ട് പ്രകൃതിയിൽ നിന്നുള്ള വേർപാടിന്റെ ദുഃഖം കവിത അവതരിപ്പിക്കുന്നു.

സുഗതകുമാരിയുടെ 'സന്ധ്യ' എന്ന കവിത സന്ധ്യാപരാമർശം ഉൾക്കൊള്ളുന്നു. വെയിൽ മങ്ങി അന്തിവന്നെത്തുന്നതിനെ മനസ്സിലേക്ക് ഇരുട്ട് വന്നെത്തുന്നതായി കല്പിക്കുന്നു. 'ഇന്നത്തെ സന്ധ്യയോ' എന്ന കവിതയിൽ സന്ധ്യയെ സീതയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

"ഇന്നത്തെ സന്ധ്യയോ കാഷായവും ചാർത്തി
നിന്നിടും സീതയെപ്പോലെ
വ്രതഖിന്നമായ്, തപ്തമായ പൊൻപാളിപോൽ
ഒളിചിന്നിടും ക്ഷീണഗാത്രം.
ജടിലമായ് കഴലിൽ വീണടിയുന്ന മുടി പാതി
യടയുന്ന നെടുനീലനേത്രം" (2011:487)

എന്നിങ്ങനെ സീതയെയും സന്ധ്യയെയും സാദൃശ്യപ്പെടുത്തുന്നു. ഭർത്താവിനെ ധ്യാനിച്ച് വിനീതയായി നടക്കുന്നവളും മരച്ചോട്ടിലെ മാനുകളെ സ്നേഹത്തോടെ നോക്കുന്ന വളുമായ സീതയെപ്പോലെയാണ് സന്ധ്യ. സൗമ്യയായവളെന്നും സന്ധ്യയെ വിശേഷി പ്പിക്കുന്നു. സന്ധ്യയെ സ്ത്രീയായും സീതയായും അവതരിപ്പിച്ചിരിക്കുന്നു.[93] കവിതയിൽ പ്രകൃതിഘടകങ്ങളെയും അവസ്ഥകളെയും സ്ത്രീകളുമായി താരതമ്യപ്പെടുത്തുന്ന രീതിയാണിവിടെ പ്രകടമാകുന്നത്.

അന്തിയും പുലരിയും തമ്മിലുള്ള സാദൃശ്യത്തെയാണ് 'അന്തിയും, പുലരിയും' എന്ന സുഗതകുമാരിയുടെ കവിത വ്യക്തമാക്കുന്നത്. അന്തിയിൽ വാടി വീഴുന്ന പൂവിനും മണവും നിറവും പൂമ്പൊടിയും തേനുമുണ്ടെന്ന് കവിത വ്യക്തമാക്കുന്നു. എന്നാൽ അതാരും അറിയുന്നില്ല. പുലരിയിൽ സൂര്യൻ ഉയർന്നു വരുന്നതുപോലെ അന്തിയിൽ ചന്ദ്രൻ വരുന്നുവെന്നും കവിത സൂചിപ്പിക്കുന്നു.

"ഒരുഭേദമേയുള്ളു.
            പുലരിക്കു പകലായി
വിരിയാം വിരിഞ്ഞു വിളഞ്ഞു നില്ക്കാം
ഒരു ഭേദമേയുള്ളു
            സന്ധ്യയ്ക്കു രാത്രിയായ്

തിരിതാഴ്ത്തിയസന്ധദുഃഖത്തിലാഴാം" (2011:853)

എന്ന് കവിത വ്യക്തമാക്കുന്നു. ഇവിടെ സന്ധ്യയ്ക്കും പുലരിയ്ക്കും ഭാവങ്ങളിൽ സാദൃശ്യം കല്പിക്കുന്നു.

ഡി. വിനയചന്ദ്രന്റെ 'സന്ധ്യ' എന്ന കവിതയിൽ പർവ്വതത്തിന്റെ അരികിലിരുന്ന് സന്ധ്യയെ കാണുന്ന കവിക്ക് തന്റെ മാറത്തു ചായുന്ന പെണ്ണായി സന്ധ്യയെ അനുഭവപ്പെടുന്നു. പർവ്വതത്തെ പുരുഷനായും സന്ധ്യയെ സ്ത്രീയായും കാണുന്നു. ഇത്തരത്തിൽ മാറത്തു ചായുന്നെങ്കിലും ഒന്നുമറിയാതെ, നൽകാതെ സന്ധ്യ പോകുന്നു. നിലാവായും ഇരുട്ടായും രാക്കിളികളുടെ തേങ്ങലായും ഒറ്റയ്ക്കലയുന്ന ചോലയായും പാതിരാനക്ഷത്രമായും പാടാത്ത പാട്ടായും മാറിയ സന്ധ്യയെയോർത്ത് പർവ്വതം ഇരുട്ടിൽ നിൽക്കുന്നു. സന്ധ്യയും പർവ്വതവും തമ്മിലുള്ള പ്രണയവും വിരഹവുമാണ് കവിത പ്രമേയമാക്കുന്നത്.

കടമ്മനിട്ട, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിൽ പൊതുവെ സന്ധ്യാവർണ്ണന കാണപ്പെടുന്നില്ല.

#### 4.2.2.2.1.5. ആധുനികതാനന്തരഘട്ടം

സെബാസ്റ്റ്യന്റെ 'രണ്ടു കവിതകൾ' എന്ന കവിതയിൽ എല്ലായിടത്തും ഒരുപോലെ ചുവന്ന് വരുന്ന സന്ധ്യയെ പരാമർശിക്കുന്നു. പ്രണയം അവസാനിക്കുന്നതിനുള്ള തിരശ്ശീല പോലെ ചുവന്നാണ് സന്ധ്യ ആശുപത്രിയിലും പുഴയിലുമെല്ലാം പ്രത്യക്ഷപ്പെടുന്നത്. സെബാസ്റ്റ്യനിൽ മാത്രമാണ് ഈ ഘട്ടത്തിൽ പൊതുവെ സന്ധ്യാവർണ്ണനയുള്ളത്

#### 4.2.2.2.2. സദൃശകല്പനകൾ

#### 4.2.2.2.2.1. രൂപപരം

തെരഞ്ഞെടുത്ത കവിതകളിൽ ഏതുഘട്ടത്തിലും താരതമ്യേന സന്ധ്യാപരാമർശങ്ങൾ രൂപപരമല്ല.

#### 4.2.2.2.2.2. ഭാവപരം

#### 4.2.2.2.2.2.1. പ്രാചീനമധ്യകാലഘട്ടം

'തിരുനിഴൽമാല'യിൽ കിഴക്കേദിക്കിലെ ബലിയർപ്പിക്കൽ വർണ്ണിക്കുന്ന ഭാഗത്ത് സന്ധ്യാവർണ്ണന കൂടിയുണ്ട്. സന്ധ്യയെ പുലിയായാണ് ഇവിടെ (1981:82). സന്ധ്യയെ

പുലിയായും സൂര്യനെ മാൻകിടാവായും കല്പിച്ചിരിക്കുന്നു. സന്ധ്യയെന്ന പുലിയുടെ നഖങ്ങളായി മുല്ലമൊട്ടുകളെയും പുലിയുടെ ശരീരത്തിലെ പുള്ളികളായി നക്ഷത്രങ്ങളെയും വർണ്ണിക്കുന്നു. സന്ധ്യയാകുന്ന പുലി വാപിളർന്ന് അടുക്കുന്നതുകണ്ട് സായന്തനസൂര്യനാകുന്ന മാൻകിടാവ് സമുദ്രത്തിലേക്ക് ഓടുന്നതായും കവി കല്പിക്കുന്നു. തെക്കേദിക്കിലെ ബലിയർപ്പിക്കൽ സന്ധ്യാവർണ്ണന തന്നെയാണ്. സൂര്യൻ പടിഞ്ഞാറെക്കടലിലെ തിരകൾക്കുമുകളിൽ വേഗത്തിൽ വീഴുന്നതായി വർണ്ണിക്കുന്നു. സന്ധ്യയെ കൃഷിക്കാരനായാണ് ഇവിടെ കല്പിച്ചിരിക്കുന്നത്. ഇളംകാറ്റാകുന്ന കലപ്പ കൊണ്ടുഴുത് മേഘമാകുന്ന കരടുനീക്കി ആകാശമാകുന്ന നിലത്തിൽ സന്ധ്യയാകുന്ന കർഷകൻ നക്ഷത്രമാകുന്ന വിത്ത് വിതയ്ക്കുന്നു എന്നാണ് കവി കല്പിച്ചിരിക്കുന്നത്. ഭൂമിയാകുന്ന അരങ്ങിൽ സന്ധ്യ പുറപ്പെടും കൂത്ത് ആടുന്നതായി കവികല്പന.

> "ചന്തിരവതനം മിന്നുത്തനിമേകച്ചുകപ്പുടുത്തു
> ചിന്തിന തെളിനിലാവാം തിരണകൈക്കാന്തിയേന്തി
> വന്തുടെൻ പൂവെനമെന്നും മണിയണിയരം കിലിപ്പോൾ
> അന്തിയാം പുറപ്പെടും കൂത്താടുവാൻ ചമെയക്കാണീർ" (1981:92)

ചന്ദ്രനാകുന്ന മുഖവും മേഘച്ചുകപ്പാകുന്ന പട്ടുമുടുത്ത് തെളിനിലാവാകുന്ന ഭംഗിയുള്ള ആഭരണങ്ങളണിഞ്ഞു വന്ന് ഭൂമിയാകുന്ന അരങ്ങിൽ സന്ധ്യ നൃത്തമാടുന്നു. സന്ധ്യയെ ഭാവാത്മകമായി അവതരിപ്പിക്കാൻ കവിക്ക് കഴിയുന്നു. സന്ധ്യയെ പുലിയായും കർഷകനായും നർത്തകിയായും കല്പിച്ചിരിക്കുന്നു. സന്ധ്യയിൽ ക്രൂരതയും കാർഷികധർമ്മവും കലാചാതുരിയും ആരോപിച്ചിരിക്കുന്നു.

'കണ്ണശ്ശരാമായണ'ത്തിൽ വർഷത്തിന്റെ കാഠിന്യത്താൽ താമരയിതളുകൾ കൂമ്പിടുന്നതും ആമ്പൽപ്പൂക്കൾ വിരിയുന്നതും പക്ഷികൾ കൂടണയുന്നതും പിച്ചകം പരിമളം പരത്തുന്നതും കണ്ടാണ് അസ്തമയം അറിയാൻ കഴിയുന്നത് (2013:427) അസ്തമയത്തിൽ പ്രകൃതിക്കുണ്ടാകുന്ന പ്രത്യേകതകൾ ഈ ഭാഗത്ത് വർണ്ണിച്ചിരിക്കുന്നു. 'കൃഷ്ണഗാഥ'യിൽ ഗ്രീഷ്മകാല സന്ധ്യയിൽ ഇളംകാറ്റ് അത്രയും നേരത്തെ ചൂടിനെ വീശിത്തണുപ്പിക്കുന്നതായി പരാമർശം.

'ഉണ്ണുനീലിസന്ദേശ'ത്തിൽ ഉണ്ണുനീലിക്ക് സന്ദേശമെത്തിക്കുന്നതിനായി ആദിത്യ വർമ്മയ്ക്ക് വഴിവിവരണം നടത്തുന്ന നായകൻ അങ്ങാടിവർണ്ണന കഴിഞ്ഞ് കരിപ്പൂങ്കുളം കൊട്ടാരത്തിലെത്തുമ്പോൾ ചന്ദ്രൻ അഷ്ടമുടിക്കായലിൽ ഉദിച്ചുയരുന്നതായി വർണ്ണിക്കുന്നു.

"അപ്പോളുദ്യൽക്കുളുർമതിമുഖി, മേഘരാഗാധരോഷ്ഠി
ചൂഴത്താഴും തിമിരചികുരാ, ചാരുതാരാശ്രമാംബു;
കിഞ്ചിൽക്കാണാം കുമുദഹസിതാ, നൂനമെന്നുണ്ണുനീലും
കാമക്രീഡാരസവിലുളിതാതന്നെ, യന്വേതി സന്ധ്യാ" (2016:88)

അതായത് ചന്ദ്രബിംബത്തെ സന്ധ്യാദേവിയുടെ മുഖത്തോടും ചുണ്ടുകളെ മേഘരാഗത്തോടും തലമുടിയെ ഇരുളിനോടും വിയർപ്പുതുള്ളികളെ നക്ഷത്രങ്ങളോടും പുഞ്ചിരിയെ കുമുദത്തോടും സാദൃശ്യം കല്പിച്ചിരിക്കുന്നു. സന്ധ്യാദേവി ഉണ്ണുനീലിക്ക് സദൃശ്യയാണെന്നും നായകൻ പറയുന്നു. സ്ത്രീയും പ്രകൃതിഘടകങ്ങളും ഇവിടെ ഐക്യപ്പെടുന്നതായും കാണാം. പ്രകൃതിഘടകങ്ങളുമായിച്ചേർത്ത് പുരുഷസൗന്ദര്യത്തെ വർണ്ണിച്ചുകാണുന്നില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പുരുഷന്റെ ആസ്വാദനത്തിന് പ്രാധാന്യം കൈവരുന്നു. പുരുഷന്റെ കണ്ണിലൂടെ പ്രകൃതിയെയും സ്ത്രീയെയും കാണുന്നു. വളർന്നു പന്തലിച്ചുനിൽക്കുന്ന തേന്മാവിൻ തണലിൽ സന്ധ്യാസമയത്ത് ഉണ്ണുനീലിയും നായകനും ക്രീഡാവിവശരായിരുന്നതിനെക്കുറിച്ചും കൃതിയിൽ പരാമർശമുണ്ട്.

'ഉണ്ണിയാടിചരിത'ത്തിൽ ഉദയപർവ്വതത്തെക്കുറിച്ച് വിശദമാക്കുമ്പോൾ ഉദയപർവ്വതത്തിലെ മനോഹരമായ സന്ധ്യയെക്കുറിച്ചും കവി വ്യക്തമാക്കുന്നു. സന്ധ്യാസമയത്ത് ചന്ദ്രബിംബത്തിലെ മാനിനെ അടുത്തുകണ്ട ഉദയപർവ്വതത്തിലെ മാനുകൾ വർഗ്ഗപ്രേമത്താൽ ചന്ദ്രനെ നോക്കി ശബ്ദമുണ്ടാക്കി താഴ്വരയിലേക്കിറങ്ങുന്നതായി കവിവർണ്ണന. സന്ധ്യാസമയത്തെ മാനുകളുടെയും ചന്ദ്രന്റെയും കാഴ്ചകളാണിവിടെ വ്യക്തമാക്കപ്പെടുന്നത് (2016:46). മഹോദയപുരത്തെക്കുറിച്ച് പറയുന്ന ഘട്ടത്തിൽ വിടർന്നു നിൽക്കുന്ന ചെന്താമരകളുടെ ശോഭയാൽ പരന്ന് എപ്പോഴും സന്ധ്യാസമയമെന്ന് തോന്നിപ്പിക്കുന്ന നന്തിയാറ് വിളങ്ങുന്ന ഇടം എന്നാണ് പരാമർശം (2016:83)

'ചന്ദ്രോത്സവ'ത്തിൽ പീഠത്തിൽ ചെന്തെങ്ങിന്റെ കരിക്കുവച്ച് ധാരമുറിയാതെ കുരുതികൊണ്ട് തർപ്പണം ചെയ്യുന്ന മന്ത്രവാദിയായി സന്ധ്യയെ കല്പിച്ചിരിക്കുന്നു. സൂര്യബിംബം പടിഞ്ഞാറൻ കടലിൽ മുങ്ങുമ്പോൾ പൊന്നിൻകുടം എന്നുതോന്നുന്നതായി കവിത വ്യക്തമാക്കുന്നു. ചുവപ്പുനിറം പൂണ്ട മേഘങ്ങളാകുന്ന വസ്ത്രം ധരിച്ചവളും ഇരുട്ടാകുന്ന മുടിയിൽ ശോഭിക്കുന്ന നക്ഷത്രങ്ങളാകുന്ന പൂക്കൾ ചൂടിയവളും താമരമൊട്ടുകളാകുന്ന പോർകൊങ്കകൾ വഹിക്കുന്നവളുമായ സന്ധ്യ

ചന്ദ്രന്റെ പൂജയെ അലങ്കരിച്ചു എന്ന് പരാമർശം . ഇവിടെ സന്ധ്യയെ സ്ത്രീയായാണ് കല്പിച്ചിരിക്കുന്നത്.

രാമചരിതം, രാമകഥപ്പാട്ട്, അദ്ധ്യാത്മരാമായണം, കല്യാണസൗഗന്ധികം, നളചരിതം എന്നിവയിൽ പൊതുവെ സന്ധ്യ ഭാവപരമായ കല്പനയായി പരാമർശിക്കപ്പെട്ടു കാണുന്നില്ല.

### 4.2.2.2.2.2.2. കവിത്രയകാലം

വള്ളത്തോളിന്റെ 'പകൽ' എന്ന കവിതയിൽ സന്ധ്യയെ ദുഃഖിതയായ പുത്രിയായി കല്പിക്കുന്നു. പിതൃവിയോഗത്തിൽ (സൂര്യൻ) ദുഃഖിക്കുന്നവളായി സന്ധ്യയെ വർണ്ണിക്കുന്നു. മനുഷ്യഭാവങ്ങൾ പ്രകൃതിയിൽ ആരോപിക്കപ്പെടുന്നു. അച്ഛന്റെ മരണത്തിൽ പുത്രി ഏതുവിധത്തിൽ ദുഃഖം ആചരിക്കുന്നുവോ അപ്രകാരം തന്നെ പ്രകൃതി/സന്ധ്യ പകലാകുന്ന അച്ഛന്റെ മരണത്തിൽ ദുഃഖാചരണം നടത്തുന്നു. ബ്രാഹ്മണരുടെ സന്ധ്യയ്ക്കുള്ള ഊക്കലിനെ പകൽ മരിച്ചപ്പോൾ ചെയ്യുന്ന ഉദകക്രിയയായി 'ഗുരുനാഥന്റെ തുവ്വൽ' എന്ന കവിതയിൽ പരാമർശിക്കുന്നു.

> "ഒരു ചെഞ്ചോരക്കുഞ്ഞായ്പ്പിറന്നൂപകൽ; പിന്നീ-
> ടൊരു ചെഞ്ചോരക്കുഞ്ഞായ്ത്തന്നെ മൃത്യുവും പൂകി;
> ഒന്നുപോലെയോ രണ്ടു, മുദയാസ്തമയങ്ങ-
> ളെന്നു പേരിടാവുന്ന ജനനമരണങ്ങൾ!" (2011:882)

എന്നിങ്ങനെ പ്രഭാതത്തെയും സന്ധ്യയെയും ജനനമരണങ്ങളായി കല്പിക്കുന്നു. മനുഷ്യാവസ്ഥയുമായി പ്രകൃതിയുടെ അവസ്ഥയ്ക്ക് സാദൃശ്യം കല്പിച്ചിരിക്കുന്നു. 'പ്രകൃതിയുടെ മനോരാജ്യം' എന്ന കവിതയും സന്ധ്യയുടെ വിശദമായ വർണ്ണന ഉൾക്കൊള്ളുന്നു. ചുകപ്പുനിറത്തിലുള്ള ചായംതേച്ച ചുമരിന്മേൽ ആരോ അങ്ങിങ്ങായി വരച്ചതുപോലെയാണ് സന്ധ്യയിലെ ആകാശത്തിന്റെ കാഴ്ച. അല്ലെങ്കിൽ ചുകന്ന പരസ്യക്കടലാസുപതിച്ചതെന്നു തോന്നും എന്നിങ്ങനെ സന്ധ്യയെ വർണ്ണിക്കുന്നു. ഇവിടെയും മനുഷ്യന്റെ ജീവിതരീതിയുമായാണ് പ്രകൃതിദൃശ്യത്തെ ബന്ധിപ്പിക്കുന്നത്. കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിൽ മാത്രമാണ് സന്ധ്യ ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

### 4.2.2.2.2.2.3. കവിത്രയത്തിനുശേഷമുള്ള കാലം

പലനിറത്തിലുള്ള കിളികൾ പറന്നുപോയതുപോലെയാണ് കുന്നിൻചെരിവിൽ

ഓണപ്പൂവിന്റെ കുമ്പിളേന്തിയ സന്ധ്യ നിൽക്കുന്നതെന്ന് പി.കുഞ്ഞിരാമൻനായർ പരാമർശിക്കുന്നു. കതിർക്കറ്റ ചുമന്ന് കിതച്ചു വരുന്ന കൊയ്ത്തുകാരെപ്പോലെയാണ് സന്ധ്യയെ വർണ്ണിക്കുന്നത്. പി. കുഞ്ഞിരാമൻനായരുടെ 'പൂജ' എന്ന കവിതയിൽ മരണത്തെ അസ്തമയമായി കൽപിക്കുന്നു. കുങ്കുമം അർപ്പിച്ച് പുഴ നീന്തിവന്ന സന്ധ്യ എന്ന് 'പുനപ്രതിഷ്ഠ' എന്ന കവിതയിൽ പരാമർശമുണ്ട്. വെള്ളവസ്ത്രം ധരിച്ച് നക്ഷത്രങ്ങളാകുന്ന കൈത്തിരിയേന്തി സന്ധ്യയാകുന്ന സ്ത്രീ പ്രവേശിച്ചതായി 'കാളിദാസന്റെ പെറ്റമ്മ'യിൽ പരാമർശിക്കുന്നു. 'കളിമണ്ണിൽ നിന്നൊരു കന്യക' എന്ന കവിതയിൽ

> "കാലകുലാലനിരുന്നു രചിക്കും പകലിൻ മൺപാത്രം
> തീയെരിയുന്ന കിഴക്കൻ മലതൻ ചൂളയിൽ വെയ്ക്കുമ്പോൾ" (2005:186)

എന്നിങ്ങനെ പകലിന്റെ മൺപാത്രം കിഴക്കൻ മലയാകുന്ന ചൂളയിൽ വെയ്ക്കുന്നതായി സന്ധ്യയെ വർണ്ണിക്കുന്നു. 'വൈരം വിഴുങ്ങി' എന്ന കവിതയിൽ സന്ധ്യയെ വൈരം വിഴുങ്ങി മയങ്ങുന്നവളായി സങ്കൽപ്പിക്കുന്നു. സന്ധ്യക്ക് കാണുന്ന നക്ഷത്രങ്ങളെയാണിവിടെ സൂചിപ്പിക്കുന്നത്. സന്ധ്യാസമയത്ത് വെള്ളനിറത്തിലുള്ള ആകാശത്തിന്റെ നിറം മാറുന്നതിനെ അരയന്നത്തിന്റെ തൂവൽ മഞ്ഞരാശിയിലേക്ക് മാറുന്നതുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു 'സംക്രമസ്സന്ധ്യ' എന്ന കവിതയിൽ. നക്ഷത്രമാകുന്ന കുഞ്ഞിനെ മടിയിലിരുത്തി ആരെയോ കാത്തു നിൽക്കുന്നവളെന്നും സന്ധ്യയെ വിശേഷിപ്പിക്കുന്നു. നഷ്ടപ്പെട്ട വസന്തകാലത്തെ ഓർത്താണ് ആകാശം മങ്ങുന്നതെന്നും അതാണ് സന്ധ്യയെന്നും 'സാന്ധ്യകിരണങ്ങൾ' എന്ന കവിതയിൽ പരാമർശിക്കുന്നു. സ്വർണ്ണാഭരണങ്ങൾ ചാർത്തിയ ഗ്രാമീണസുന്ദരിയായാണ് സന്ധ്യയെ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഇത്തരത്തിൽ പി.കുഞ്ഞിരാമൻനായരിൽ മാത്രമാണ് ഈ ഘട്ടത്തിൽ സന്ധ്യ ഭാവപരമായി അവതരിപ്പിക്കപ്പെട്ടത്.

**4.2.2.2.2.2.4.** ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിൽ ഭാവപരമായ കല്പനകളായി സന്ധ്യ താരതമ്യേന അവതരിപ്പിക്കപ്പെടുന്നില്ല.

### 4.2.2.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ സന്ധ്യാപരാമർശങ്ങൾ പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

## 4.3. ദ്വന്ദ്വചിത്രീകരണം

കാട്/നാട്, ഗ്രാമം/നഗരം, കൃഷി/വ്യവസായം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങൾ കവിത്രയകാലത്തെ തെരഞ്ഞെടുക്കപ്പെട്ട കവിതകളിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന തെങ്ങനെ എന്നാണ് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്.

### 4.3.1. കാട്/നാട്

കാട്ടിൽ നിന്നും നാട്ടിലേക്കുള്ള പരിവർത്തനത്തെ വിഷയമാക്കുന്ന കവിതകളെ യാണ് ഈ ഖണ്ഡത്തിൽ പരിശോധിക്കുന്നത്.

#### 4.3.1.1. വർണ്ണനകൾ

**4.3.1.1.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ കാട്/നാട് ദ്വന്ദ്വം ശ്രദ്ധേയമായ രീതിയിൽ വർണ്ണിക്കപ്പെട്ടു കാണുന്നില്ല.

**4.3.1.1.2. കവിത്രയത്തിനുശേഷമുള്ള കാലം**

ചങ്ങമ്പുഴയുടെ 'രമണനി'ൽ കാട്/നാട് ദ്വന്ദ്വം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. രമണൻ കാട്ടിലാണ് കാലിമേച്ചു നടന്നത് അതുകൊണ്ടു തന്നെ കാടിനോടാണയാൾക്ക് താല്പര്യവും. ചന്ദ്രികയാവട്ടെ ഗ്രാമീണ സമ്പന്നകുടുംബത്തിലെ അംഗമാണ്. ചന്ദ്രിക യുടെ പ്രതാപത്തിന് ചേർന്നതല്ല കാടും കാട്ടുവാസിയും എന്ന ചിന്ത കവിതയിലുണ്ട്. അതുകൊണ്ടു തന്നെയാണ് രമണൻ ചന്ദ്രികയെ കാട്ടിലേക്ക് വരേണ്ടെന്ന് തടയുന്നതും. രമണൻ കാടിന്റെ ഭംഗി ആസ്വദിക്കുമ്പോഴും തനിക്ക് അപ്രാപ്യമായ ഗ്രാമീണ സൗകര്യങ്ങളോട് ആകർഷണമുള്ളവനാണ്.

'വസന്തോത്സവ'ത്തിൽ മനുഷ്യനിർമ്മിതമായ പൂന്തോട്ടത്തിൽ നിന്ന് കുന്നും മലകളും കാടും പുഴകളുമുള്ള ജന്മസ്ഥലത്തേക്ക് തിരിച്ചുപോകാൻ കൃഷ്ണൻ ആഗ്രഹിക്കുമ്പോൾ

> "കാലിമേച്ചഷ്ടി കഴിച്ചുകൂട്ടും
> കാടന്മാർ വാഴ്‌വതാണപ്രദേശം" (1974:630)

എന്ന് രുഗ്മിണി വ്യക്തമാക്കുന്നുണ്ട്. എന്നാൽ കാടിന്റെയും നാടിന്റെയും സംസ്കാര ഭേദങ്ങളെ പറഞ്ഞുകൊണ്ട് കൃഷ്ണൻ കാടിന്റെ നന്മയെ സൂചിപ്പിക്കുന്നു.

**4.3.1.1.3. ആധുനികതാഘട്ടം**

ഈ ഘട്ടത്തിൽ പൊതുവെ കാട്/നാട് ദ്വന്ദ്വത്തിന്റെ വർണ്ണനാപരമായ

ആവിഷ്ക്കാരങ്ങൾ കാണപ്പെടുന്നില്ല.

#### 4.3.1.1.4. ആധുനികതാനന്തരഘട്ടം

റഫീക്ക് അഹമ്മദിന്റെ 'രണ്ടു വനങ്ങൾ' എന്ന കവിതയിൽ കാടിനെയും നഗരത്തെയും വനമെന്ന പേരിൽ വർണ്ണിക്കുന്നു.

"ഒരു വനം ഹരിതങ്ങളിൽ നീലയിൽ
കനകനൂലിഴ കോർക്കുന്നു പുലരിയിൽ
ജലമതിന്റെ സുതാര്യമാം പുഞ്ചിരി
ഇലയതിന്റെ തൊടാനുള്ളൊരുൾക്കുതി" (2016:246)

എന്നിങ്ങനെ പച്ചനിറമാർന്ന കാടെന്ന വനത്തെ ആദ്യം വർണ്ണിക്കുന്നു. കാടിന്റെ പുഞ്ചിരി യാണവിടത്തെ ജലസമ്പത്ത്. ഇലകളാകട്ടെ അതിൽ തൊടാനുള്ള ആഗ്രഹവുമാകുന്നു. മരച്ചോടുകളും പുൽത്തകിടുകളും നിറവും ഗന്ധവുമുള്ള പരിസരമാണെങ്കിലും നടുക്കമുണ്ടാക്കുന്ന പ്രകൃതിയാണ് വനമെന്ന് കവിത വ്യക്തമാക്കുന്നു. കുതിച്ചോടുന്ന പേടമാൻ പറ്റങ്ങളും ഭയപ്പെട്ടു പറക്കുന്ന പക്ഷികളും കാറ്റനങ്ങുമ്പോൾ ഇളകുന്ന കടന്നൽ കൂടുകളും വനത്തിലുണ്ട്. കൂടാതെ മുയലുകൾ, പാമ്പുകൾ, കുറുക്കന്മാർ, ആന, സിംഹം തുടങ്ങി നിരവധി മൃഗജാതികളുടെ ആവാസ ഇടം കൂടിയാണ് കാട് എന്നിങ്ങനെ സ്വാഭാവിക വനത്തെ പരാമർശിക്കുന്നു. കവിതയുടെ രണ്ടാം ഭാഗത്തിലാകട്ടെ നഗരവനത്തെയാണ് പരാമർശിക്കുന്നത്. നഗരവനം സുരക്ഷിതമായ ഇടമാണെന്ന് കവിത വ്യക്തമാക്കുന്നു.

"ഇരുളിന്നോരോ തുരുമ്പും തുടച്ചെടു-
ത്തവിടെ വെട്ടമുലാത്തുന്നു ചുറ്റിലും
ശിലകളാൽ തടുത്താളുയരത്തിലു-
ണ്ടവിടെ വന്മതിൽ; അനുമതിയില്ലാതെ
കയറുവാൻ കഴിയില്ലതിൽ കാറ്റിനും" (2016: 247)

എന്നിങ്ങനെ വൈദ്യുതികരിക്കപ്പെട്ട നഗരത്തെ വർണ്ണിക്കുന്നു. ബയണറ്റുമിഴികളും യന്ത്രങ്ങളും പോരാളികളും കാവലാളുകളും നിറഞ്ഞതാണ് നഗരവനം. ഇത്തരത്തിൽ കാടും നാടും തമ്മിലുള്ള അന്തരത്തെ വ്യക്തമാക്കുന്ന കവിത സ്വാഭാവികവനങ്ങൾ നശിക്കുകയും നഗരവനങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ ഘട്ടത്തിൽ റഫീക്ക് അഹമ്മദിൽ മാത്രമാണ് കാട്/നാട് ദ്വന്ദ്വം വർണ്ണനാപരമായി പൊതുവെ അവതരിപ്പിക്കപ്പെട്ടത്.

### 4.3.1.2. സദൃശകല്പനകൾ

കാട്/നാട് ദ്വന്ദ്വവുമായി ബന്ധപ്പെട്ട് രൂപപരമോ ഭാവപരമോ ആയ ശ്രദ്ധേയമായ കല്പനകൾ പൊതുവെ ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ കാണപ്പെടുന്നില്ല.

### 4.3.1.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

**4.3.1.3.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ പൊതുവെ നശീകരണസൂചനകളായി കാട്/നാട് ദ്വന്ദ്വം അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.3.1.3.2. കവിത്രയത്തിനുശേഷമുള്ള കാലം

പുതിയ വികസനപദ്ധതികൾ പ്രകൃതിയെ നശിപ്പിക്കുന്നതെങ്ങനെയെന്ന് ഇടശ്ശേരി യുടെ 'കാശാവുപൂത്തു' എന്ന കവിത വ്യക്തമാക്കുന്നു. കുന്നിൽ അണക്കെട്ടുകൾ കെട്ടിയും പുഴയിൽ പാലങ്ങൾ നിർമ്മിച്ചും കാടുവെട്ടി കെട്ടിടങ്ങൾ നിർമ്മിച്ചും നാടുനശിപ്പിച്ച് നഗരങ്ങൾ നിർമ്മിച്ചും വികസനം കൊണ്ടുവന്നെങ്കിലും

"എന്നിട്ടും കരൾ നൊന്തു വിളിപ്പ-
തേതമൃത ലഹരിയ്ക്കുവേണ്ടി?" (2012:428)

എന്ന ചോദ്യമാണ് ഉയരുന്നത്. ഇത്തരം നീലിമകളെയും മനോഹരമായ കാഴ്ചകളെ യുമെല്ലാം മനുഷ്യർ നശിപ്പിക്കുന്നു. കാടുവെട്ടി നാടും നഗരവും പണിയുന്ന മാനുഷിക വികാരത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. ഈ ഘട്ടത്തിൽ ഇടശ്ശേരിയിൽ മാത്രമാണ് നശീകരണസൂചനകളായി കാട്/നാട് ദ്വന്ദ്വം പരാമർശിക്കപ്പെട്ടത്.

### 4.3.1.3.3. ആധുനികതാഘട്ടം

'ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്' എന്ന എൻ.എൻ. കക്കാടിന്റെ കവിത ആശ്രമ ജീവിതരീതികളിൽ നിന്ന് വ്യത്യസ്തമായ പുതിയ ജീവിതരീതിയെയാണ് അവതരിപ്പി ക്കുന്നത്. സഹജീവിപരിഗണന നൽകിയിരുന്ന ആശ്രമങ്ങൾ അപ്രത്യക്ഷമാവുകയും സഹജീവികളെ പരിഗണിക്കാത്ത പുതിയ ജീവിതരീതികൾ രൂപപ്പെടുകയും ചെയ്ത കാലഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

"ഇപ്പോളിതാ, ഇവിടെ,
കോൺക്രീറ്റുകാടുകൾ വളർന്നിരിക്കുന്നു.
കാട്ടുപൊയ്കകൾ നികത്തപ്പെട്ടിരിക്കുന്നു.
പഴയഗോമകുണ്ഡത്തിന്റെ സ്ഥാനം

ഇതാ ഇവിടെത്തന്നെയായിരുന്നു,

ഈ സെപ്റ്റിക് ടാങ്കിന്റെ സ്ഥാനത്ത്" (2011:427)

എന്നിങ്ങനെയുള്ള മാറ്റങ്ങളാണ് സമൂഹത്തിൽ ഉണ്ടാകുന്നത്. കാട്ടിലെ വൻമരങ്ങളെല്ലാം മുറിച്ചു മാറ്റപ്പെടുകയും പുന്നയും നീർമരുതും പാലയും മലവാകയും നിന്നിരുന്ന ഇടങ്ങളെല്ലാം നാടും നഗരവും കൈയ്യേറുകയും പഴയകാഴ്ചകളും അനുഭവങ്ങളും ഓർമ്മയിലൊതുങ്ങുകയും ചെയ്തതായി കവിത വ്യക്തമാക്കുന്നു. പൂക്കളെ ഗന്ധത്തിലൂടെയും നിറത്തിലൂടെയും തിരിച്ചറിഞ്ഞിരുന്നു അതിലൂടെ പ്രകൃതിയെ അറിഞ്ഞിരുന്ന തലമുറയുടെ അന്യംനിൽക്കലാണ് സംഭവിച്ചിരിക്കുന്നത്. കാട് നാടായി മാറുന്ന കാലഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

അയ്യപ്പപ്പണിക്കരെ പാരിസ്ഥിതികകവി എന്ന പദവിയിലേക്ക് ഉയർത്തിയ കവിതയാണ് 'നാടെവിടെമക്കളേ'. കാടും മേടും പുൽത്തകിടിയും മരങ്ങളും വേരും ചോലകളും കുളിരും കാറ്റും പൂങ്കാവുമെല്ലാമുള്ള സ്വാഭാവിക പ്രകൃതിയെയാണ് കവിത അന്വേഷിക്കുന്നത്. മനുഷ്യരുടെ അതിമോഹവും അതിക്രമവും ഇല്ലാതാക്കിയ പ്രകൃതിയാണത്. ആയിരത്തിതൊള്ളായിരത്തി എൺപതിൽ രചിക്കപ്പെട്ട കവിത സമകാലികപരിസ്ഥിതിപ്രശ്നങ്ങളുടെ പശ്ചാത്തലം ഉൾക്കൊള്ളുന്നു. കവിതയിൽ അന്നത്തെ പ്രധാനപരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് സൂചനയുമുണ്ട്. കുയിലുകൾ കൂവുന്ന പുഞ്ചപ്പാടങ്ങളും പനന്തത്തകൾ പാറിക്കളിക്കുന്ന പ്ലാവുകളും മാവുകളും കായലുകളും തോടുകളും കടലോരവും അപ്രത്യക്ഷമായതിനെയും കവിത സൂചിപ്പിക്കുന്നു. ഇവയെല്ലാം വ്യവസായയുഗത്തിന്റെ ഭാഗമായി അവസാനിച്ചതായി കവിത തിരിച്ചറിയുന്നുണ്ട്. കാർഷികഗവേഷണത്തിന്റെ ഫലമായി നാടൻകൃഷിയിനങ്ങളും ഫാക്ടറിപ്പുകയാൽ അന്തരീക്ഷവും മലിനമായതായി കവിത വ്യാകുലപ്പെടുന്നു.

"വിഷവാതമൂതാത്ത
വിഷവാണികേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ" (1994:202)

എന്നിങ്ങനെ വെള്ളവും വായുവും ആഹാരവുമെല്ലാം വിഷമയമായിരിക്കുന്ന കാലഘട്ടത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. യന്ത്രസംസ്കാരത്തിന്റെ കടന്നുവരവ് നാടിന്റെ നന്മകൾക്കൊപ്പം നാടിനെയും കാടിനെയും ഇല്ലായ്മ ചെയ്യുന്നു. സൈലന്റ്‌വാലി സമരകാലഘട്ടത്തിൽ രചിക്കപ്പെട്ട ഈ കവിത കാട്/ നാട് എന്നീ ദ്വന്ദ്വങ്ങളെ കേന്ദ്രീകരിച്ച്

വികസിക്കുന്നു.

കാടത്തത്തിൽ നിന്ന് ഗ്രാമീണതയിലേക്കും അതിൽ നിന്ന് നാഗരികതയിലേക്കും പരിവർത്തനപ്പെട്ട മനുഷ്യസംസ്കാരത്തെ ചോദ്യം ചെയ്യുന്നു 'കാട്ടാളൻ' എന്ന കടമ്മനിട്ടയുടെ കവിത. കാട്ടുകിഴങ്ങിനൊപ്പം മുളയ്ക്കുകയും കാർമേഘത്തിന്റെ മുലപ്പാൽ കൊതിക്കുകയും രാത്രിയുടെ ചോര കുടിക്കുകയും പൂവ് കണ്ട് പുഴ വെള്ളം കുടിച്ച് കായ്കൾ തിന്ന് വളർന്ന കാട്ടാളത്തത്തെയാണ് കവിത അവതരിപ്പിക്കുന്നത്. കാട്ടിൽ നിന്ന് നാട്ടിലേക്കും കാട്ടാളരിൽ നിന്നും നാട്ടാളരിലേക്കും സമൂഹം പരിവർത്തനപ്പെട്ടിരിക്കുന്നതായി കവിത വ്യക്തമാക്കുന്നു.

'കിരാതവൃത്തത്തിൽ' തനിക്ക് നഷ്ടമായ പ്രകൃതികാഴ്ചകളും അനുഭവങ്ങളും എവിടെയെന്ന് കാട്ടാളൻ ദേഷ്യത്തോടെയാണ് ചോദിക്കുന്നത്.

"എവിടെന്റെ കിനാക്കൾ വിതച്ചോ-
രിടിമിന്നലു പൂക്കും മാനം
എവിടെന്റെ തുളസിക്കാടുകൾ, ഈറൻമുടി
കോതിയ സന്ധ്യകൾ?
പച്ചപ്പൈചാടി നടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ?
കറുകപ്പുൽത്തുമ്പത്തമ്പിളി
കളമെഴുതിപ്പാടിയ രാവുകൾ" (2015:98)

എന്നിങ്ങനെ തനിക്ക് നഷ്ടമായ നക്ഷത്രങ്ങളും ഇടിമിന്നലുമുള്ള മാനവും തുളസി ക്കാടുള്ള സന്ധ്യകളും മുത്തങ്ങാപ്പുല്ലുകളുള്ള രാത്രിയുമെല്ലാം എവിടെയെന്ന് കാട്ടാളൻ ചോദിക്കുന്നു. അതെല്ലാം നഷ്ടപ്പെടുത്തിയവരോടുള്ള രോഷത്തിന്റെ പ്രകടനമായി കവിത മാറുന്നു. പരിസ്ഥിതിയെയും ദളിതനെയും ഇല്ലാതാക്കിയ പുരോഗമനമനുഷ്യ നോടുള്ള രോഷമാണവിടെ പ്രകടമാക്കുന്നത് പാരിസ്ഥിതികദളിത് വാദങ്ങൾ ഈ കവിതയുടെ പ്രമേയത്തെ നിർണ്ണയിക്കുന്നുണ്ട്. 'കുറത്തി' കാടത്തത്തിന്റെ മറ്റൊരു ആവിഷ്ക്കാരമാണ് കാടത്തം നഷ്ടപ്പെടുകയും നാടത്തം വികസിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കവിത പ്രസക്തമാകുന്നു. ദളിത്‌വർഗ്ഗത്തിന്റെ അടിച്ചമർത്തപ്പെ ടലാണ് കവിതയുടെ വിഷയമെങ്കിലും കാടത്തത്തിന്റെ പ്രതിനിധിയായാണ് കുറത്തി കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. ഈ കവിതയിലും പാരിസ്ഥിതികദളിത്ചിന്തകളുടെ സമന്വയം കാണാം. പ്രകൃതി അമ്മയായും ദേവിയായും സ്ത്രീയായും കടമ്മനിട്ടയുടെ

കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. പ്രകൃതിയിലേക്ക് ഇറങ്ങി ചെന്നാണ് കടമ്മനിട്ട കവിതയിൽ പ്രപഞ്ചം ആവിഷ്ക്കരിക്കുന്നത്. 'കുറത്തി' മികച്ച ഉദാഹരണമാണ്. കാടത്തത്തിന്റേതായ ഭാഷാപ്രയോഗത്തിലൂടെ കാടിന്റെ ശക്തി വെളിപ്പെടുത്തുന്നു. ശക്തമായ ഭാവവും ഭാഷയും പ്രകടമാക്കുന്നതാണ് കടമ്മനിട്ടയുടെ കവിതകൾ.

ഡി. വിനയചന്ദ്രന്റെ 'മഴ പെയ്യുന്ന പുസ്തകം' എന്ന കവിത കാടും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ ഉണ്ടായ അകൽച്ചയെ ഉൾക്കൊള്ളുന്നു. മനുഷ്യർ കാടിനെയും പ്രകൃതിയെയുമെല്ലാം മറന്നു കൊണ്ടാണ് ജീവിക്കുന്നത്. അതാകട്ടെ ഇതരചരാചര ങ്ങൾക്ക് ദോഷമായും മാറുന്നു. അതുകൊണ്ടുതന്നെ പ്രകൃതിയും മറ്റു സസ്യജന്തു വിഭാഗങ്ങളും മനുഷ്യരെ നികൃഷ്ടജീവികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവഗണി ക്കുന്നു. കാട്ടിൽ നിന്ന് നാട്ടിലേക്കുള്ള പരിവർത്തനമാണ് മനുഷ്യർ പ്രകൃതിയെ മറന്നുകളയുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് എന്ന് കവിത ബോധിപ്പിക്കുന്നു.

"കാടിന്നകത്തു മയങ്ങിക്കിടന്നു ഞാൻ
ചൂടേറ്റുണർന്നു, കടുവയോ സിംഹമോ?
ഏതോ നികൃഷ്ടജന്മത്തിനെയെന്നപോൽ
പാടേയവഗണിച്ചെന്നെയാവന്യത" (2009:60)

എന്നിങ്ങനെ കാട് നികൃഷ്ടജന്മത്തെപ്പോലെ മനുഷ്യരെ അവഗണിക്കുന്നു. അത്ര ത്തോളം ക്രൂരതകളാണ് മനുഷ്യർ പ്രകൃതിയിലേൽപിച്ചിരിക്കുന്നത്.

ജി. കുമാരപിള്ള, ഒ.എൻ.വി, സുഗതകുമാരി, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിൽ പൊതുവെ പ്രകൃതിനശീകരണസൂചനകളായി കാട്/നാട് ദ്വന്ദ്വം അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

#### 4.3.1.3.4. ആധുനികതാനന്തരഘട്ടം

മുത്തങ്ങസമരത്തിലെ പീഡിതരായ ആദിവാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'കറുത്ത മണ്ണ്'. പരിസ്ഥിതിയെയും ദളിതനെയും അടിച്ചമർത്തുന്നതിനോടുള്ള പ്രതിഷേധസ്വരമാണ് കവിത ഉയർത്തുന്നത്. ആദിവാസിയുടെ ഭൂമി കൈയ്യേറുകയും അവരെ വികസനപാതയിലെത്തിക്കുക എന്ന പേരിൽ കുടിയിറക്കുകയും ചെയ്യുന്ന പ്രവണതയാണിന്ന് കാണുന്നത്. ഭൂമി കയ്യേറുകയും അവർക്കവകാശപ്പെട്ടത് പിടിച്ചുവയ്ക്കുകയും ചെയ്യുന്ന ഭരണവ്യവസ്ഥക്കെതിരെയാണ് സമരം നടന്നത്. ഇത്തരം പ്രശ്നങ്ങൾക്കൊപ്പം തന്നെ ആദിവാസിയെ നാഗരികനാക്കി

മാറ്റുന്നതിനും ആധുനികഭരണവ്യവസ്ഥ ശ്രമിക്കുന്നു. പ്രകൃതിയുമായി അടുത്ത് പെരുമാറുന്നത് ആദിവാസികളാണ്. കാട്ടിൽ കഴിയുന്ന ആദിവാസിയെക്കാൾ നാഗരികനാണ് കാടിനെ നശിപ്പിക്കുന്നത്. ആദിവാസിയെ നന്നാക്കുന്നവനായി നാഗരികൻ പരിവർത്തനപ്പെടുന്നു.

"വെളിച്ചത്തിരുന്നൂ ഞാൻ
പങ്കയേറ്റുറങ്ങി ഞാൻ
ഷവറിൽക്കുളിച്ചൂ, രാച്ചുടിനെയകറ്റീ ഞാൻ
മേടയിൽ നിന്നു മണിമുറ്റത്തേക്കിറങ്ങുമ്പോൾ
ആരിത് വലം കാലിൽ വിഷപ്പല്ലമർത്തുന്നു" (2013: 245)

എന്ന അവസ്ഥയാണ് ആധുനികനാഗരികനുള്ളത്. പീഡിപ്പിക്കപ്പെടുന്ന പ്രകൃതിയും ദളിതനും തിരിഞ്ഞ് കൊത്തുന്ന കാഴ്ചകൂടി കവിത അവതരിപ്പിക്കുന്നു. പരിസ്ഥിതിയെയും ദളിതനെയും അടിച്ചമർത്തുന്നു. പരിസ്ഥിതിയെയും ദളിതനെയും അടിച്ചമർത്തുന്ന വിഷയമായതിനാൽ തന്നെ പാരിസ്ഥിതികദളിത്വാദങ്ങൾ കവിതയുടെ ഭാഗമാകുന്നു. ഈ ഘട്ടത്തിൽ വിജയലക്ഷ്മിയിൽ മാത്രമാണ് നശീകരണസൂചനയായി കാട്/നാട് ദ്വന്ദം അവതരിപ്പിക്കപ്പെട്ടത്.

### 4.3.2. നാട്/നഗരം

ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള പരിവർത്തനകാലത്തെക്കുറിക്കുന്ന കവിതകൾ ഓരോ കാലഘട്ടത്തിലെയും തെരഞ്ഞെടുക്കപ്പെട്ട കവിതകളിൽ ആവിഷ്ക്കരിക്കപ്പെട്ടത് എപ്രകാരമെന്നാണ് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്.

#### 4.3.2.1. വർണ്ണനകൾ

##### 4.3.2.1.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ നാട്/നഗരം എന്ന ദ്വന്ദം താരതമ്യേന അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

##### 4.3.2.1.2. കവിത്രയകാലം

ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് ഉള്ളൂരിന്റെ 'ഗ്രാമവും നഗരവും' എന്ന കവിത. നാട്ടിൻപുറത്തെ കാഴ്ചകളിൽ നിന്നും വളരെ വ്യത്യസ്തമാണ് നഗരക്കാഴ്ചകൾ. മോട്ടോർക്കാറുകളും വ്യവസായശാലകളും

നിറഞ്ഞ നഗരത്തിൽ ആളുകളുടെ വേഷത്തിലും സ്വഭാവത്തിലും പ്രകടമാകുന്ന വ്യത്യാസങ്ങളും കവിത ഉൾക്കൊള്ളുന്നു. സർവ്വഭാവങ്ങളും കൃത്രിമമായ നഗരവും സന്ധ്യയ്ക്ക് ദേവിക്ഷേത്രത്തിൽ ഭക്തിപൂർവ്വം കൈകൂപ്പുന്ന സുന്ദരിയായ ഗ്രാമീണതയും തമ്മിലാണ് ഇവിടെ സംഘർഷം. ആധുനികകാലഘട്ടത്തിൽ ഗ്രാമങ്ങളെല്ലാം നഗരമായി മാറുന്നതിനെ അടയാളപ്പെടുത്താൻ കവിത ശ്രമിക്കുന്നു.

ഗ്രാമീണതയെ ഇഷ്ടപ്പെടുന്ന ബാലാമണിയമ്മയ്ക്ക് നഗരജീവിതത്തോടുള്ള അഭിനിവേശം നഷ്ടപ്പെടുന്നില്ല.

> "മൽപ്രിയനഗരമേ, മാപ്പു തന്നാലും നിന്റെ
> യത്ഭുതക്കാഴ്ചക്കെല്ലാം വന്ദനം; പോകുന്നു ഞാൻ" (2012:212)

എന്ന് 'തിരിച്ചുപോവുമ്പോൾ' എന്ന കവിതയിൽ നഗരം വിട്ട് ജന്മഭൂമിയായ ഗ്രാമത്തിലേക്ക് തിരിച്ചു പോകുമ്പോൾ കവയിത്രി പ്രിയ നഗരത്തോട് യാത്ര ചോദിക്കുന്നു.

'നവോന്മേഷം' എന്ന ബാലാമണിയമ്മയുടെ കവിതയും നഗരത്തിന്റെ ആകർഷണം വ്യക്തമാക്കുന്നു. ഗ്രാമീണതയെ ആസ്വദിക്കുന്നതിനൊപ്പം നഗരത്തിന്റെ ഉന്മേഷാവസ്ഥയും കവയിത്രിയെ ആകർഷിച്ചിരുന്നു. പുല്ലിലും നക്ഷത്രങ്ങളിലും സൗന്ദര്യം തിരഞ്ഞുപോകുന്ന കവയിത്രിക്ക് മാപ്പുനൽകുന്ന ഭാവമാണ് ഈ കവിതയിലെ നഗരത്തിനുള്ളത്. ഗ്രാമവും നഗരവും ബാലാമണിയമ്മയെ ഒരുപോലെ ആകർഷിച്ചിരുന്നു.

പള്ളത്ത് രാമന്റെ 'ഗ്രാമീണലക്ഷ്മി' എന്ന കവിത ഗ്രാമീണതയും നാഗരികതയും സഹോദരിമാരാണെന്ന് കരുതുകയും അവ തമ്മിലുള്ള വ്യത്യാസത്തെ വ്യക്തമാക്കുകയും ചെയ്യുന്നു. ഗ്രാമീണലക്ഷ്മി അന്തർജ്ജനങ്ങളെപ്പോലെ നാണിച്ചു മറക്കുട പിടിച്ചു നിൽക്കുമ്പോൾ നാഗരികലക്ഷ്മി പരിഷ്കാരിയും അരങ്ങത്തുവന്ന് നൃത്തമാടുന്നവളുമാണ്.

> "വിദ്യാധനമൊരുകാലം
> വിതരണം ചെയ്തിരുന്ന
> വിശ്രുത ഗ്രാമങ്ങളർത്ഥ
> ശൂന്യങ്ങളായി" (1989:8)

എന്ന നഷ്ടബോധവും കവിക്കുണ്ട്. സംസ്കാരവ്യത്യാസങ്ങളെയും കവിത വെളിപ്പെടുത്തുന്നു. കളങ്കം മറച്ചുവച്ച് പുറമെ പകിട്ടോടെ പ്രത്യക്ഷപ്പെടുന്നവളാണ് നാഗരികസ്ത്രീ. ഗ്രാമീണലക്ഷ്മിയും നാഗരികലക്ഷ്മിയും തമ്മിലുള്ള വൈരുധ്യം 'ഗ്രാമീണലക്ഷ്മി'

യിൽ കാണാം. ഗ്രാമീണതയോടാണ് കവിതക്ക് ആഭിമുഖ്യമുള്ളത്. 'സുകുമാരസൃഷ്ടി' എന്ന കവിതയും നാഗരികതയും ഗ്രാമീണതയുമാണ് വിഷയമാക്കുന്നത്. പാശ്ചാത്യരും പൗരസ്ത്യരും തമ്മിലുള്ള സംഘർഷം തന്നെയാണ് നഗരവും ഗ്രാമവും തമ്മിലുള്ള സംഘർഷവും.

ആശാൻ, വള്ളത്തോൾ എന്നിവരിൽ പൊതുവെ ഗ്രാമനഗരസംഘർഷങ്ങൾ വർണ്ണനാപരമല്ല.

#### 4.3.2.1.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'ഗ്രാമീണൻ' എന്ന കവിതയിൽ നാഗരികനും ഗ്രാമീണനും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കപ്പെടുന്നുണ്ട്. കുഴലിലൂടെ വരുന്ന വെള്ളം കുടിക്കുന്നവനും പങ്കയുടെ കാറ്റേറ്റുറങ്ങുന്നവനും മണിമേടകളിൽ താമസിക്കുന്നവനും പലതരം അലങ്കാരങ്ങൾ ധരിക്കുന്നവനുമാണ് നാഗരികൻ. ഗ്രാമീണനാകട്ടെ പാറകളിൽ നിന്നൊലിച്ചു വരുന്ന ശുദ്ധമായ നദീജലം കുടിക്കുന്നവനും മരക്കൊമ്പിൽ നിന്നു വീശുന്ന കാറ്റേൽക്കുന്നവനും ഓലപ്പുരയിലുറങ്ങുന്നവനുമാണ്. ഇത്തരത്തിൽ ജീവിത രീതികളിൽ വ്യത്യാസങ്ങളുള്ളതുപോലെ ഗ്രാമീണനാഗരികമനുഷ്യരുടെ സ്വഭാവങ്ങളും പലവിധത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നതായി കവിത അടയാളപ്പെടുത്തുന്നു. നാഗരികർ അന്യനെ ദ്രോഹിക്കുമ്പോൾ ഗ്രാമീണർ അന്യരെ വഞ്ചിക്കുകയില്ലെന്നും കവിത വ്യക്തമാക്കുന്നു. ഗ്രാമീണനാഗരികജീവിതരീതികളിലെ വ്യത്യാസ ങ്ങളാണ് കവിതയ്ക്ക് വിഷയം.

ഗ്രാമീണഭംഗിയുടെ ആവിഷ്ക്കാരമായ വയലാറിന്റെ 'ചുവപ്പും കറപ്പും' എന്ന കവിതയിൽ ഗ്രാമീണതയെ കന്യകയായി അവതരിപ്പിക്കുന്നു (1988:44). നാഗരികതയെയും ഗ്രാമീണതയെയും താരതമ്യം ചെയ്യുന്നു 'സ്വരരാഗമേഖല' എന്ന കവിതയിൽ

"യന്ത്രശാലകൾ തീപ്പുകതുപ്പും
ഇന്ദ്രജാലങ്ങൾ കണ്ടുവോ നിങ്ങൾ?
നീളെ വൈദ്യുതദീപലക്ഷങ്ങൾ
ആളുമുജ്ജ്വലചൈതന്യലോകം" (1988:52)

എന്ന് നാഗരികപരിസ്ഥിതിയെ വ്യക്തമാക്കുന്നു. ഇത്തരത്തിൽ നഗരം വൈദ്യുതി പ്രസരമാണെങ്കിലും ഇരുട്ടിയാൽ പട്ടടയുടെ ശൂന്യതമാത്രമാണ് ബാക്കിയാവുക. നാട്ടിൻപുറമാകട്ടെ കാടും കുന്നും പൂഞ്ചോലകളും ചേർന്ന് സുന്ദരമായിരിക്കുന്നു

(1988:53). ഇത്തരത്തിൽ നാട്ടിൻപുറത്തിന്റെ കാഴ്ചകളെ അവതരിപ്പിക്കുന്ന കവിത അതിന്റെ സൗന്ദര്യവും നന്മയും അവസാനിച്ചുകൊണ്ടിരിക്കുന്നതായി വ്യക്തമാക്കുന്നു. പി. കുഞ്ഞിരാമൻനായർ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരിൽ പൊതുവെ വർണ്ണനാപരമായുള്ള ഗ്രാമനഗരപരാമർശങ്ങൾ കാണപ്പെടുന്നില്ല.

#### 4.3.2.1.4. ആധുനികതാഘട്ടം

നാട്ടിൻപുറത്തിന്റെ കാഴ്ചകളാണ് ജി. കുമാരപിള്ളയുടെ 'നാട്ടിൻപുറം' എന്ന കവിത അവതരിപ്പിക്കുന്നത്. സ്വർഗ്ഗലോകം പോലെ മനോഹരമായ നാട്ടിൻ പുറത്തിലൂടെ പക്ഷിയെപ്പോലെ കവിയുടെ മനസ്സ് പറക്കുന്നതായി കവിത വ്യക്തമാക്കുന്നു. വഴനത്തളിരിന്റെ ഗന്ധമുള്ള പറമ്പുകളും വെള്ളിലവള്ളികൾ പടർന്ന കാവുകളും ആമ്പൽപ്പൂ വിരിഞ്ഞ പൊയ്കകളും കൈതപ്പൂമ്പൊടി പൂശിയ തോടുകളും കുമ്പളവള്ളികൾ പർന്ന കുടിലുകളും ചേർന്ന് മനോഹരമായ ഗ്രാമത്തിന്റെ ഓർമ്മകൾ അവതരിപ്പിക്കുന്ന കവിത അതെല്ലാം അന്യംനിന്നു കഴിഞ്ഞ സമകാലിക സന്ദർഭ ത്തിലാണ് പ്രസക്തമാകുന്നത്.

ഡി. വിനയചന്ദ്രന്റെ 'വീട്ടിലേക്കുള്ള വഴി' എന്ന കവിത ഗൃഹാതുരമായ ഓർമ്മകളാണ്. നാടിന്റെ നന്മകളിലേക്ക് തിരിച്ചുപോകാൻ പ്രചോദിപ്പിക്കുന്ന പ്രവാസജീവിതം കവിതയിൽ അവതരിപ്പിക്കുന്നു.

> "വീട്ടിലേക്കല്ലോ വിളിക്കുന്നുതുമ്പയും
> കാട്ടുകിളിയും കടത്തുവള്ളങ്ങളും
> വീട്ടിൽ നിന്നല്ലോയിറങ്ങി നടക്കുന്നു
> തോറ്റവും ചിങ്ങനിലാവും കരച്ചിലും" (1992:107)

എന്നിങ്ങനെ ഗ്രാമീണമായ കാഴ്ചകളിലേക്കുള്ള തിരിച്ചുപോക്ക് കവിത ആഗ്രഹിക്കുന്നു.

#### 4.3.2.1.5. ആധുനികതാന്തരഘട്ടം

ഈ ഘട്ടത്തിൽ താരതമ്യേന ഗ്രാമനഗരസംഘർഷങ്ങൾ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.3.2.2. സദൃശകല്പനകൾ

ഏതുഘട്ടത്തിലും ഗ്രാമനഗരസംഘർഷങ്ങൾ രൂപപരമോ ഭാവപരമോ ആയ സദൃശകല്പനകളായി താരതമ്യേന അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല

### 4.3.2.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 4.3.2.3.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ ഗ്രാമനഗരപരാമർശങ്ങൾ പ്രകൃതിനശീകരണ സൂചനകളായി കാണപ്പെടുന്നില്ല.

#### 4.3.2.3.2. കവിത്രയകാലം

ബാലാമണിയമ്മയുടെ 'നഗരത്തിൽ' എന്ന കവിതയിലും നഗരത്തോടുള്ള താല്പര്യമാണ് പ്രകടമാകുന്നത്. വൈദ്യുതവെളിച്ചത്താൽ തന്റെ ഗ്രാമം പ്രകാശമാന മായതിനെക്കുറിച്ചുള്ളതാണ് 'പുതുവെളിച്ചം' എന്ന കവിത. കുന്നിൻ പുറങ്ങളും തെങ്ങിൻതടങ്ങളും നിറഞ്ഞ ഗ്രാമം വൈദ്യുതി വന്നതോടെ നഗരവത്ക്കരിക്കപ്പെടുന്നു. വെളിച്ചത്തിന്റെ ആദ്യകാല ശ്രോതസ്സുകളായ പാനീസുകൾ, മെഴുകുതിരികൾ, ഓട്ടുവിളക്ക് എന്നിവയെല്ലാം നഷ്ടമായിരിക്കുന്നു (2011:497). പ്രകൃതിക്ക് ആഘാതമുണ്ടാക്കാത്ത വിളക്കുകൾക്കു പകരം വൈദ്യുതവിളക്കുകൾ വന്നു. വൈദ്യുതപദ്ധതികൾ നടപ്പിലാക്കപ്പെടുമ്പോൾ നദികളും വനങ്ങളും ജൈവവൈവിധ്യവും നശിപ്പിക്കപ്പെടുകയും സ്വാഭാവികപ്രകൃതിയുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നു. അതിലൂടെ പ്രകൃതിയുടെ അനിയന്ത്രിതമായ നാശം സംഭവിക്കുന്നു. വൈദ്യുതിപോലുള്ള വികസനലക്ഷ്യങ്ങൾ പ്രകൃതിക്കുണ്ടാക്കുന്ന നഷ്ടത്തെക്കുറിച്ച് കവിക്ക് വ്യക്തമായ തിരിച്ചറിവുണ്ട്.

> "കുണ്ടുകൾ കുന്നുകളെല്ലാം നിരത്തിയും
> കൊണ്ടുനിൻ പാതകൾ മുന്നോട്ടു നീങ്ങവേ
> ഇന്നില്ല ലഭ്യമൊന്ന, പ്രാപ്യമാം ദിക്കു
> മെന്നു ഗർജ്ജിക്കെ നിൻ പായുന്ന കാറുകൾ,
> മക്കൾ തൻ മുൻകളിപ്പാട്ടങ്ങളിൽത്തങ്ങു
> മിക്കരളേയുള്ളൂ നിൻ നഷ്ടമോരുവാൻ" (2012:499)

എന്നു പറഞ്ഞുകൊണ്ടാണ് കവിത അവസാനിക്കുന്നത്. നഗരവത്ക്കരണത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നുണ്ടെങ്കിലും അത് ഗ്രാമീണതയുടെ നാശമാണെന്ന തിരിച്ചറിവ് കവിത നൽകുന്നു.

'മഴുവിന്റെ കഥ'യിൽ മഴുവെറിഞ്ഞ് കേരളം സൃഷ്ടിച്ചശേഷം തപസ്സിനുപോയ പരശുരാമൻ അവിടെയിരുന്ന് കേരളത്തിന്റെ വളർച്ച നോക്കിക്കാണുന്നതായി കവിത

വ്യക്തമാക്കുന്നു. നീലാകാശത്തിനു താഴെ പച്ചനാക്കിലവെച്ചപോലുള്ള നാട്ടിലേക്കു കണ്ണോടിക്കുമ്പോൾ വേദന നിറഞ്ഞ കാഴ്ചകളാണ് കാണുന്നത്.

> "ചുരുങ്ങീ കാന്താരങ്ങൾ, വളർന്നൂ നഗരങ്ങൾ
> ചെറുതായ് ചരാചരങ്ങൾ തീക്ഷ്ണമായ് സംവേദനം" (2012:268)

എന്ന അവസ്ഥയാണുള്ളത്. നഗരത്തിന്റെ വളർച്ച കാടിനെയും ചരാചരങ്ങളെയും നശിപ്പിക്കുന്നതിനെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

### 4.3.2.3.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'രമണൻ' ആരംഭിക്കുന്നത് അവിടത്തെ ഗ്രാമഭംഗിയെ വർണ്ണിച്ചുകൊണ്ടാണ്. പുൽപ്പരപ്പും പക്ഷികളും ചോലകളും കുന്നുകളും നെല്പാടവും നദിയും താമരപ്പൊയ്കയുമെല്ലാം ചേർന്ന് മനോഹരമായ ഗ്രാമചിത്രത്തെ കവിത വർണ്ണിക്കുന്നു. 'പാടുന്ന പിശാചിൽ' നഗരവത്കരണവും പുരോഗതിയും മനുഷ്യനിലുണ്ടാക്കിയ പരിവർത്തനങ്ങളെ വിഷയമാക്കുന്നു. മനുഷ്യർ മനുഷ്യരെ തന്നെ ശത്രുവായി കാണുന്ന ലോകത്തിൽ വിദ്യാലയങ്ങളും ഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും അനാവശ്യമാണെന്ന് അതിനാൽ അവയെ സംഹരിക്കാമെന്നും കവിത വ്യക്തമാക്കുന്നു. പരീക്ഷണം, ഗവേഷണം, വിജ്ഞാനം, പുരോഗമനം എന്നിവയെല്ലാം അനാവശ്യമാണെന്നും അതിനാൽ

> "ആഴിക്കടിയിൽ നമുക്കെത്തി നീന്തിടേ,-
> ണ്ടാകാശത്തിങ്കൽ പറന്നിടേണ്ടാ.
> എന്തിനു? നന്മയ്ക്കോ? നാശത്തിനാണു! പി-
> ന്നെന്തു കൊണ്ടൊന്നായ് നശിച്ചുകൂടാ?" (1974:333)

എന്നിങ്ങനെ പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തി പ്രകൃതിയെ പതുക്കെ പതുക്കെ നശിപ്പിക്കുന്നതിന് പകരം ഒന്നായി നശിപ്പിച്ചുകൂടെ എന്ന് സംശയിക്കുന്ന കവിയെയാണിവിടെ കാണുന്നത്. പുതിയ വികസനരീതികൾ പ്രകൃതിയെ നശിപ്പിക്കുമെന്ന ബോധ്യം കവിതയിലുണ്ട്. ഗ്രാമനഗരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെയാണ് 'ആ കുഗ്രാമത്തിൽ' എന്ന കവിതയും പ്രതിനിധീകരിക്കുന്നത്.

> "നഗരസുഖമേ, നീ നമസ്കരിച്ചീടുകാ
> നഗരവനതലങ്ങൾതൻ നഗപാദങ്ങളിൽ
> അവനതശിരസ്കയായ് നില്ക്കേണ്ടതാണുനീ-

യവിടെയെഴുമോരോ സമൃദ്ധിതൻ മുന്നിലും!" (ഭാഗം 1, 1974:588)

എന്നിങ്ങനെ ഗ്രാമാന്തരീക്ഷത്തെ പുകഴ്ത്തുന്നു കവിത. ഓലപ്പുരകളും, പാടങ്ങളും, കുന്നുകളും, തണ്ണീർപ്പന്തലും, പൊട്ടകിണറും, ചെറുകാടുകളും ഭഗവതീക്ഷേത്രവുമെല്ലാം ചേർന്ന കുഗ്രാമത്തിന്റെ മനോഹാരിതയാണ് കവിത വിഷയമാക്കുന്നത്.

'പ്രേമപൂജ' എന്ന പി. കുഞ്ഞിരാമൻനായരുടെ കവിത ഗ്രാമീണതയ്ക്ക് പകരം നഗരികതയെ സ്വീകരിക്കുന്ന മനുഷ്യസംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്നു. മക്കളെയോർത്ത് വീർപ്പിടുന്ന അമ്മയായ ഗ്രാമത്തെ ആട്ടിപ്പുറത്താക്കി വേശ്യയായ നഗരത്തെ വീട്ടിൽ കുടിയിരുത്തുന്നതായി കവിത ആരോപിക്കുന്നു.

"തക്കങ്ങൾ നോക്കുക; കകലുവാൻ പ്രാണനെ
ഞെക്കുന്നൊരീ വിഷവായുവിൽ നിന്നു നീ" (2006:88)

എന്ന് കവിത മനുഷ്യവർഗ്ഗത്തിന് താക്കീത് നൽകുന്നു.ഗ്രാമീണതയുടെ സ്ഥാനം കൈയടക്കിയ നാഗരികതയെ പുറത്താക്കുക എന്നും കവിത ആഹ്വാനം ചെയ്യുന്നു. നാഗരികതയ്ക്കെതിരായ നിലപാടാണ് കവിത സ്വീകരിക്കുന്നത്. 'മതംമാറ്റി' എന്ന കവിത കേരളീയതയുടെ മാറ്റത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഏഴുകൊല്ലങ്ങൾക്കുശേഷം കുഞ്ചൻതുള്ളലിന്റെ പരന്നതോപ്പിൽ കൂടി നിളയുടെ കരയിലൂടെ നടക്കുമ്പോൾ ഗ്രാമത്തിനുണ്ടാകുന്ന പരിവർത്തനങ്ങളെക്കുറിച്ച് കവി ബോധവാനാകുന്നു.

"ചോർത്തി, പാൽവെള്ളച്ചോര, തീറ്റയറ്റെല്ലു
മാത്രമായ് നില്ക്കും മുത്തിപ്പശുവായ്പ്പോയെൻ ഗ്രാമം" (2006:178)

എന്ന് കവിത ആകുലപ്പെടുന്നു. ഓലക്കുടയ്ക്കു പകരം ശീലക്കുട വരികയും മലകളെല്ലാം മൊട്ടയാവുകയും വാഹനങ്ങൾ പാറിച്ച ചെമ്മൺ പൊടിയാൽ തേക്കിൻകൂട്ടം മഞ്ഞനിറമാവുകയും പുല്ലുകൾ നിറഞ്ഞ നടവഴികൾക്കുപകരം ടാറും കോൺക്രീറ്റുമുള്ള റോഡുകൾ വരികയും ചെയ്തു (2006: 179). ഇത്തരത്തിൽ ഗ്രാമീണതയെ നശിപ്പിച്ചുകൊണ്ട് നാഗരികത കടന്നുവരുന്നതായി കവിത വ്യക്തമാക്കുന്നു. കതിരുകൾ നിറഞ്ഞ വയലുകളും അമ്പലങ്ങളും കാവും മാമ്പൂകൊഴിക്കുന്ന കാറ്റും വെള്ളാമ്പലും പുഞ്ചപ്പാടവും തോട്ടവും ചിറകളും പുഴയലകളും കലകളുമെല്ലാം ഗ്രാമീണതയുടെ നഷ്ടത്തിൽ ദുഃഖിക്കുന്നതായി കവിത അടയാളപ്പെടുത്തുന്നു.

"അമ്മോഹനവീരകേരളസംസ്കാരത്തെ-
യിമ്മട്ടുമാറ്റാൻ നില്ക്കും മാറ്റാന്റെ മുഖം കണ്ടു" (2006:179)

എന്നാണ് കവി പറയുന്നത്. ആ മാറ്റാൻ മനുഷ്യൻ തന്നെയാണ്. മുല്ലത്തറയുടെ തിരുമാറിൽ ശീമച്ചെടിവച്ചവനാണവൻ എന്നും കവിത വ്യക്തമാക്കുന്നു. കാടിനെയും ഗ്രാമീണതയെയും നശിപ്പിച്ച് നഗരം പണിതുയർത്തുന്ന മാനുഷികപ്രവണതകളെയാണ് കവിത അടയാളപ്പെടുത്തുന്നത്. ഗ്രാമീണതയുടെ അവസാനമെന്നത് പ്രകൃതിനാശ മാണെന്ന പാരിസ്ഥിതികബോധമാണ് കവിതയിൽ പ്രവർത്തിക്കുന്നത്.

പി.കുഞ്ഞിരാമൻനായരുടെ 'കാളരാത്രി' എന്ന കവിതയിൽ കാളിന്ദിയുടെ തീരഭൂമിയിൽ മൂർച്ഛിച്ചു വീഴുന്ന പശുക്കളായി ഗ്രാമവീഥികളെ അവതരിപ്പിക്കുന്നു.

"മക്കൾക്കു സമമായീശൻ
വെച്ചൊരീദേവഭൂമിയിൽ,
നരകം തീർപ്പു നീ, സ്വാർത്ഥ
തമോഭരണ ഭൂതമേ!" (2006: 621)

എന്നിങ്ങനെ മനുഷ്യർ അവന്റെ ഭരണസംവിധാനങ്ങളിലൂടെ സ്വർഗ്ഗതുല്യമായ നാടിനെ നരകമാക്കിയിരിക്കുന്നു. നരകതുല്യമായ പ്രകൃതിയിൽ ബുദ്ധിമുട്ടുന്ന താമരമൊട്ടു കളുടെയും മിന്നാമിനുങ്ങുകളുടെയും ഗംഗയുടെയും പ്രാർത്ഥന പ്രകൃതീശ്വരൻ കേൾക്കുമെന്നും പഴയ സമൃദ്ധകാലം തിരിച്ചു വരുമെന്നും കവിത പ്രത്യാശിക്കുന്നു. പൂവുകളുടെയും ചെറുജീവികളുടെയും പുഴകളുടെയും നാടാണിതെന്ന് കവിത വ്യക്തമാക്കുന്നു.

'ഗംഗയലകളുടെ പാട്ട്' എന്ന പി.യുടെ കവിതയിൽ ഗ്രാമീണതയുടെ തകർച്ചയും നാഗരികതയുടെ കടന്നുകയറ്റവും വിഷയമാകുന്നു. നിളാനദിയുടെ തീരങ്ങളെ യന്ത്രങ്ങൾ പിടിച്ചടക്കുന്നതായും കുടിവെള്ളത്തിൽ വിഷം കലർത്തുന്നതായും കവിത വ്യക്തമാക്കുന്നു. ലാഭത്തിനുവേണ്ടി യന്ത്രക്കുഴലുകളും വൈദ്യുതിയും വ്യാപിപ്പിക്കുന്ന ആധുനികരീതികൾ ഹരിതവർണ്ണം തുടച്ചുനീക്കുന്നതിനിടയാക്കുന്നു. ഗ്രാമീണതയുടെ രക്ഷകയായി ഗംഗാനദി അവതരിക്കുമെന്ന് കവിത പ്രത്യാശിക്കുന്നു.

നഗരവത്കരണത്തിന്റെ ഭാഗമായി വന്ന ആവിവണ്ടിയെ വിഷയമാക്കുന്നു. അതേപേരിലുള്ള വയലാറിന്റെ കവിത. തീവണ്ടിയുടെ രൂപത്തിലെത്തിയ വികസന ത്തെയും അതിന്റെ തുടർച്ചയായ സാമൂഹികമാറ്റങ്ങളും കവിതയുടെ ഭാഗമാകുന്നു.

"മരവിച്ച നാടിന്റെ സിരകളിലെച്ചോരയു-മൊരു
നിമിഷം കൊണ്ടുതിളയ്ക്കുന്ന കാഴ്ചകൾ" (1988:178)

ആണ് ഇന്ന് നിലനിൽക്കുന്നത്. ആവിവണ്ടി ഒരു പ്രതീകം മാത്രമാണ്. ഇത്തരം വികസനസംരംഭങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതികാഘാതങ്ങളെയാണ് കവിത വിഷയമാക്കുന്നത്.

ഇടശ്ശേരിയുടെ 'കുറ്റിപ്പുറംപാല'ത്തിൽ കുറ്റിപ്പുറത്ത് ഭാരതപ്പുഴയ്ക്കുമേൽ ഉയർന്ന പാലത്തിലൂടെ ഗ്രാമത്തിൽ വികസനം വരുമ്പോൾ വികസനത്തെ വാഴ്ത്തുന്നതിനൊപ്പം ഗ്രാമീണതയുടെ നഷ്ടത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു. നാഗരീകജീവിതരീതികളെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ഗ്രാമീണതയുടെ നഷ്ടത്തിൽ കവി ആശങ്കയും പ്രകടിപ്പിക്കുന്നുണ്ട്. നഗരവത്കരണത്തിന്റെ ഭാഗമായി ഗ്രാമങ്ങളിൽ പാലങ്ങൾ ഉയർന്നു തുടങ്ങുകയും വികസനവേഗത വർദ്ധിക്കുകയും ചെയ്ത അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. പാടവും തോട്ടവും കുന്നിൻചെരിവും ആൽത്തറയും ഇല്ലാതാവുന്നു.

"അകലുകയാണിവ മെല്ലെ മെല്ലെ
അണയുകയല്ലോ ചിലതുവേറെ." (2012:389)

എന്നിങ്ങനെ കരി, സിമന്റ്, പെട്രോൾ എന്നിവയുടെ രൂപത്തിൽ നാഗരികത കടന്നു വരികയും ഗ്രാമീണത അപ്രത്യക്ഷമാവുകയും ചെയ്യുന്നതിനെ കവിത പ്രശ്നവത്ക്കരിക്കുന്നു.

'ഒരുപിടിനെല്ലിയ്ക്ക' എന്ന കവിതയിൽ പുതിയ ഗവേഷണങ്ങളും പുരോഗമനങ്ങളും മൂലം മനുഷ്യർ എന്തുനേടി എന്നതല്ല എന്തെല്ലാം നഷ്ടപ്പെടുന്നു എന്നാണ് ചിന്തിക്കേണ്ടതെന്ന് വ്യക്തമാക്കുന്നു. പരിണാമങ്ങൾ മൂലം മൃഗമായിരുന്നവൻ മനുഷ്യനായെന്നും അതിനുള്ള തിരിച്ചടികൾ ഉണ്ടാവുമെന്നും വ്യക്തമാക്കിക്കൊണ്ട് ഗ്രാമീണതയുടെ പക്ഷത്താണ് കവിത നിൽക്കുന്നത്. നാഗരികതയും ഗ്രാമീണതയും തമ്മിലുള്ള സംഘർഷത്തെ വിഷയമാക്കുന്നു ഇടശ്ശേരിയുടെ 'ഒന്നുറങ്ങാൻ' എന്ന കവിത.

"ഉരുക്കും റബ്ബറും സിമന്റുമില്ലാത്ത
കരിമ്പുക വീർപ്പിൻകുഴൽ നിറയ്ക്കാത്ത
ധരാവിഭാഗത്തിലേക്കൊരിക്കൽക്കൂടിയും
നയിച്ചാലുമെന്നെപ്പഴയ മുത്തശ്ശി!" (2012:733)

എന്നാണ് കവിത ആരംഭിക്കുന്നത്. ഉരുക്കും റബ്ബറും സിമന്റുമല്ലാത്ത ലോകത്തിലേക്ക് തിരിച്ചുപോകാൻ കവിത ആഗ്രഹിക്കുന്നു. നഗരത്തിന്റെ തിരക്കുകളില്ലാത്ത നഗര

ത്തോളം വനം തിങ്ങുന്ന പൂവുകൾ പൊട്ടിവിടരുന്ന, ജനിമൃതികൾ സംഭവിക്കുന്ന, ജീവിതത്തിന് ഉചിതമായ പഴയജൈവപ്രതാപകാലത്തേക്ക് തിരിച്ചു നടക്കാൻ കവിത ആഗ്രഹിക്കുന്നു. നാഗരികതയും വികസനവും ഭൂമിക്ക് ആഘാതങ്ങളുണ്ടാക്കുന്നുവെന്നും മാനുഷികതയുടെ/ ജൈവികതയുടെ നിലനില്പിന് ഉപകാരപ്രദമല്ലെന്നും മറിച്ച് നാശത്തിനാണെന്നുമുള്ള തിരിച്ചറിവ് കവിതയിലുണ്ട്. പാരിസ്ഥിതികമായ അവബോധം സാഹിത്യത്തിൽ പ്രത്യേകിച്ച് മലയാളകവിതയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ ഒരു കാലത്തെയാണ് ഇടശ്ശേരി പ്രതിനിധാനം ചെയ്യുന്നത്. ഇവിടെ മനുഷ്യകേന്ദ്രിതമായ ചിന്തയാണുള്ളത്. ജൈവികത മനുഷ്യന്റെ നിലനില്പിന്റെ ആവശ്യമാണ്.

വൈലോപ്പിള്ളിയുടെ 'വിഷുക്കണി' എന്ന കവിത ഗ്രാമീണതയുടെ നഷ്ടത്തെ പ്രതിനിധീകരിക്കുന്നു. നാഗരികതയിലേക്ക് വളരുന്ന മനുഷ്യന്റെ മനസ്സിലെങ്കിലും ഗ്രാമീണമായ കാഴ്ചകളും നന്മയും നിലനിൽക്കട്ടെ എന്ന് കവിത ആഗ്രഹിക്കുന്നു. യന്ത്രവത്കൃതലോകത്തോട് താല്പര്യം പ്രകടിപ്പിക്കുമ്പോഴും ഗ്രാമീണതയെ നിലനിർത്താൻ കവിത ആഗ്രഹിക്കുന്നു. ഗ്രാമീണതയുടെ അവസാനവും നാഗരികതയുടെ കടന്നുവരവും വിഷയമാക്കുന്നു 'ആ കണ്ണുകൾ' എന്ന കവിത.

> "നാഗരികത തൻപുകവണ്ടി
> വേഗമെന്നോടു യാത്ര ചോദിയ്ക്കേ,
> ദൃശ്യമായിമേ, വീണ്ടു, മെന്നോർമ്മ
> പച്ചയാക്കിയോരൻപെഴും ഗ്രാമം" (2001:209)

എന്നിങ്ങനെ കുന്നുകളും ചോലകളും നിറഞ്ഞ ഗ്രാമം അപ്രത്യക്ഷമായതിനൊപ്പം ഗ്രാമീണകർഷകരുടെ ജീവിതത്തിലും വ്യതിയാനങ്ങളുണ്ടാകുന്നു. ഗ്രാമീണകൃഷിക്കാരന്റെ കണ്ണിലെ ദയനീയത അവരുടെ ജീവിതയാഥാർത്ഥ്യം പ്രതിഫലിപ്പിക്കുന്നതാണ്. 'എന്റെ ഗ്രാമം' എന്ന കവിതയിലും ഗ്രാമീണതയ്ക്ക് നഗരം സംഭാവന നൽകിയ നാഗരികഘടകങ്ങൾ അവതരിപ്പിക്കപ്പെടുന്നു. ഗ്രാമത്തിന്റെ പാലപ്പൂസുഗന്ധവും അന്തിത്തിരിയുമെല്ലാം ഇല്ലാതാവുകയും ജീർണ്ണഗന്ധങ്ങളും വൈദ്യുതിയുമടങ്ങുന്ന നാഗരികത കടന്നു വരികയും ചെയ്തതായി കവിത വ്യക്തമാക്കുന്നു.

> "അവശം ചുളിമുഖ
> ത്താർദ്രമാം ക്ഷമ മിന്നു-
> മവളിൽ കണ്ടൂ, ഞാനെൻ
> ഗ്രാമദേവതാരൂപം!" (2001: 337)

എന്നിങ്ങനെ ചൂട്ടുവിൽക്കുന്ന മുത്തശ്ശിയിൽ ഗ്രാമീണതയെ കാണുന്നു കവിത. ഗ്രാമീണതയുടെ ശബ്ദം അവസാനിക്കുകയും പുതിയ നഗരശബ്ദങ്ങൾ കേൾക്കുകയും ചെയ്യുന്ന അവസ്ഥയുടെ ചിത്രീകരണമാണ് 'നഗരത്തിന്റെ ശബ്ദം' എന്ന കവിത. തീവണ്ടിയുടെ സൈറൺ, വാഹനങ്ങളുടെ ശബ്ദം, ജാഥകളുടെയും പൊതുയോഗ ത്തിന്റെയും സിനിമാസംഗീതത്തിന്റെയും ശബ്ദങ്ങൾ എന്നിവ നഗരത്തിൽ കേൾക്കുന്നു.

#### 4.3.2.3.4. ആധുനികതാഘട്ടം

'മീനത്തിലെ പാട്ട്' എന്ന ജി. കുമാരപിള്ളയുടെ കവിതയിൽ നാടിനെ സ്വർഗ്ഗതുല്യ മായി കാണുന്നു. മുല്ലവള്ളികളും തെളിഞ്ഞചോലകളും പച്ചിലപ്പൊന്തകളും മാവുകളും മനോഹരമായ കാഴ്ചകളാണ്. കൂടാതെ പാവൽവള്ളികളും കരിമ്പും ചെന്തെങ്ങും നിരന്നുനിൽക്കുന്ന നാടിനെ നശിപ്പിച്ചവർക്കെതിരെ പോരാടാൻ കവിത ആവശ്യ പ്പെടുന്നു. വിദേശാധിപത്യത്തിൽ നിന്നുള്ള മോചനത്തിനായും നാടിനെ നഗരമാക്കുന്ന വികസനസമീപനങ്ങൾക്കെതിരായുമുള്ള പോരാട്ടമായി ഇതിനെ വിലയിരുത്താം.

പട്ടണവാസിയായ ഒരുവൻ ഗ്രാമത്തിലെത്തി നഗരവിശേഷങ്ങൾ പറയുന്നതാണ് ജി.കുമാരപിള്ളയുടെ 'കഥ' എന്ന കവിതയുടെ പ്രമേയം. ഉയർന്ന മാളികകളും തുണിക്കടകളും പാട്ടുപാടുന്ന യന്ത്രവുമൊക്കെയുള്ളതായി അവൻ വിവരിക്കുന്നു. പട്ടണവിശേഷങ്ങൾ മറ്റുള്ളവർ അത്ഭുതത്തോടെ കേട്ടിരിക്കുന്നു. എന്നാൽ അതെല്ലാം കേട്ട് മൂലയിരിക്കുന്ന കർഷകൻ

> "....................' തിത്രയും പേർപെറ്റ
> പട്ടണം കെങ്കേമമെങ്കിലും മക്കളേ!
> കാളയ്ക്കു നൽകുവാൻ പുല്ലു കിട്ടീടുമോ?
> ചോളം കിടയ്ക്കുമോ കഞ്ഞി വച്ചീടുവാൻ?" (2015:54)

എന്നു ചോദിക്കുന്നു. പുതുതലമുറയിലെ നാഗരികന് ഇത് ഉൾക്കൊള്ളാനാവുന്നില്ല. അയാൾ എഴുന്നേറ്റു പോകുന്നു. ഗ്രാമങ്ങളെ നഗരങ്ങൾ വിഴുങ്ങുന്ന കാലഘട്ടത്തിൽ കവിത പ്രസക്തമാകുന്നു. നഗരികത മനുഷ്യന്റെയും ഇതരജീവികളുടെയും അടിസ്ഥാന ആവശ്യങ്ങൾക്കുള്ളതൊന്നും നൽകുന്നില്ലെന്ന യാഥാർത്ഥ്യമാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്.

ഏറെക്കാലം നഗരത്തിൽ കഴിഞ്ഞ കവി തന്റെ ജന്മദേശത്ത് തിരിച്ചെത്തുന്നു. ബാല്യകൗമാരയൗവനങ്ങളിലുള്ള ഗ്രാമത്തിന്റെ കാഴ്ചകളും പുതിയ യാഥാർത്ഥ്യങ്ങളും

തമ്മിലുള്ള വ്യത്യാസം കവിയെ അമ്പരിപ്പിക്കുന്നു. ആ അമ്പരപ്പാണ് കക്കാടിന്റെ 'സൂര്യഗായത്രി' എന്ന കവിത ഉൾക്കൊള്ളുന്നത്. താൻ കണ്ടും അനുഭവിച്ചും വളർന്ന ഗ്രാമഭംഗികൾ അപ്രത്യക്ഷമാവുകയും പകരം നാഗരികമായ കാഴ്ചകൾ സ്ഥാനം പിടിക്കുകയും ചെയ്തു[94]. ആ കാഴ്ചകൾ കവിയെ വേദനിപ്പിക്കുന്നു:

"ഹരിതാത്മികയായീടു-
മവളല്ലവളല്ലിവൾ-
പിശാചാകുലിതാംബിക!" (2011:126)

എന്നിങ്ങനെ ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസം കവിത എടുത്തു പറയുന്നുണ്ട്. ഗ്രാമത്തെയും നഗരത്തെയും സ്ത്രീപ്രതീകത്തിലാണ് കവി അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ നഗരവാസിയായ കവിക്കും മനുഷ്യർക്കും ഇടവേളകളിൽ ആസ്വദിക്കാനുള്ള ഒന്നാണ് ഗ്രാമീണത എന്ന ചിന്തയാണ് കവിത അവതരിപ്പിക്കുന്നത്.

'പാതാളത്തിന്റെ മുഴക്കം' എന്ന കവിതയും നഗരജീർണ്ണതയുടെ പ്രതിഫലനമാണ്.

"എന്തൊരറപ്പിതു?
നഗരത്തിലെ ദുർഗ്ഗന്ധം മുഴുവനു-
മിഴുകിയിരിപ്പൂ മെയ്യിൽ!
എന്തു വെറുപ്പിതു?
നഗരത്തിൻ പുണ്ണുകൾ മുഴുവനു-
മാത്മാവിൽ നുരഞ്ഞുയരുന്നൂ!" (2011:138)

എന്നിങ്ങനെ നഗരത്തിന്റെ അറപ്പും വെറുപ്പുമുളവാക്കുന്ന അനുഭവങ്ങൾ കവിത ആവിഷ്ക്കരിക്കുന്നു. അതിന്റെ മറുഭാഗത്ത് മനോഹരമായ ഗ്രാമമുള്ളതായും അവിടെ മനോഹരമായ പ്രഭാതവും മയങ്ങുന്ന സന്ധ്യയുമുള്ളതായും കവിത സാക്ഷ്യപ്പെടുത്തുന്നു. നഗരത്തെ അപേക്ഷിച്ച് വളരെ മനോഹരവും സുഖകരവുമാണ് ഗ്രാമമെങ്കിലും പാതാളത്തെക്കാൾ നാടേ, നിന്നെ വെറുക്കുന്നു എന്നാണ് കവിത നാടിനോട് പറയുന്നത് (2011:139). പാതാളത്തെക്കാൾ വെറുക്കപ്പെടേണ്ടതാണ് മനുഷ്യനിർമ്മിതങ്ങളായ നാടും നഗരവുമെന്ന ബോധ്യപ്പെടുത്തലാണ് ഈ കവിതയിലൂടെ കവി സാധിക്കുന്നത്, "സ്വന്തം ആവാസസ്ഥാനങ്ങളിൽനിന്ന് മറ്റ് ചരാചരങ്ങളെ തൂത്തെറിയുന്ന മനുഷ്യൻ ഉണ്ടാക്കിയെടുക്കുന്നത് ഭീകരമായ നഗരങ്ങളാകുന്നു. നാട് നഗരം മാത്രമായിത്തീരുന്നതെങ്ങനെയെന്നതാണ് വിഷയം വലിയ യന്ത്രങ്ങൾ നമ്മെ നയിക്കുന്ന നഗരം പാമ്പിനെ, പഴുതാരയെ, വൃക്ഷങ്ങളെ, ശുദ്ധവായുവിനെ, തെളിവെള്ളത്തെ പുറത്താക്കിക്കഴിഞ്ഞ

നഗരം മനുഷ്യരെത്തന്നെ പറിച്ചെറിഞ്ഞുകൊണ്ടിരിക്കുന്നു"എന്ന് നാട് നഗരമാക്കപ്പെടുന്ന അവസ്ഥയെക്കുറിച്ച്' ഗീത അഭിപ്രായപ്പെടുന്നുണ്ട് (2008:110). നഗരം ഗ്രാമത്തെ കീഴ്പ്പെടുത്തുന്നതെങ്ങനെയെന്ന സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ കവിത.

'ഇരമ്പുംപകൽച്ചൂടും പൊടിയും
ദാഹങ്ങളുമിരവേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞും പതുങ്ങിയും നഗരം കടന്നേൻ ഞാൻ' (2011:166)

എന്നിങ്ങനെ നഗരത്തിൽ നിന്നും ഒളിച്ചോടുന്ന കവിയെ 'മോഷ്ടിച്ചെടുത്ത ഒരു രാത്രി' എന്ന കവിതയിൽ കാണാം. നഗരത്തിരക്കിൽ നിന്നൊഴിഞ്ഞ് ഗ്രാമീണതയുടെ മണം ശ്വസിച്ച് കാറ്റേറ്റ് ഗ്രാമത്തിലെ വീട്ടിലിരിക്കാൻ കവി ഓർക്കുന്നു ആ വീട്ടിലേക്ക് വിയർപ്പും പൊടിയും നിറഞ്ഞ ഫയൽക്കെട്ടുകൾ കൊണ്ടുപോകാൻ കവി ആഗ്രഹിക്കുന്നില്ല. ചൂടുള്ള കൽപ്പടവുകളിൽ മഞ്ഞുവീണ് ഉയരുന്ന ഗന്ധവും കാട്ടുപൊന്തകളുടെ കറുത്തനിറവും കുളത്തിലെ ജലത്തിന്റെ കുളിരുമെല്ലാം കവി ഓർക്കുന്നു നിലവിളക്കിനു മുന്നിലിരിക്കുന്ന ഓട്ടുകിണ്ണത്തിലെ ചൂടുകഞ്ഞിയുടെ ആവിയും കണ്ണിമാങ്ങയുടെ സ്വാദും മുടിയിലെ കൈതപ്പൂഗന്ധവും കുഞ്ഞിന്റെ പുഞ്ചിരിയും ഉറങ്ങുന്ന കുഞ്ഞിന്റെ കണ്ണുകളിലെ ശുദ്ധിയും അറിയാനും കവി ആഗ്രഹിക്കുന്നു.

"ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനി വേറേ!
മോഷ്ടിച്ച മുതലിന്റെ വിലയിന്നറിയുന്നൂ ഞാൻ?" (2011:167)

എന്നിങ്ങനെ നഷ്ടപ്പെട്ട ഗ്രാമീണതയെ ആസ്വദിക്കാൻ കവി ഗ്രാമത്തിലേക്ക് തിരിച്ചു വരുന്നു. നഗരജീർണ്ണതയിൽ നിന്നൊഴിഞ്ഞ് തനിക്ക് ലഭിക്കുന്ന ഗ്രാമീണ അനുഭവങ്ങൾ വിലപ്പെട്ടതാണെന്ന് കവിത വ്യക്തമാക്കുന്നു. ഇവിടെയും നാഗരികജീവിതത്തിനിടയിൽ മനുഷ്യന് ആസ്വദിക്കുന്നതിനാണ് ഗ്രാമീണപ്രകൃതിയെ ഉപയോഗിക്കുന്നത്.

കക്കാടിന്റെ 'മാലാകാരൻ' എന്ന കവിതയിലും ഗ്രാമവും പട്ടണവും തമ്മിലുള്ള വൈരുദ്ധ്യത്തിന് പ്രസക്തിയുണ്ട്. ജീവിതാനുഭവങ്ങൾ കൊണ്ട് മാലകൾ നിർമ്മിക്കുന്ന ഗ്രാമവാസിയാണിതിലെ കഥാപാത്രം. ഗ്രാമവാസിയായതിനാൽതന്നെ ഭൂമിയിൽ തന്റെ അസ്തിത്വമെന്തെന്ന് ആരും അറിയില്ലെന്നും പട്ടണത്തിന്റെ ആർഭാടങ്ങളിൽ നിന്നൊഴിഞ്ഞ് പ്രശാന്തമായ നാട്ടുപാതയുടെ വക്കിൽ മൺകൂരയ്ക്കുള്ളിലിരുന്ന് മാലകൾ വിൽക്കുന്നു എന്നും വ്യക്തമാക്കുന്നു.[95] പട്ടണവാസികളുടെ കച്ചവടതന്ത്രമൊന്നും തനിക്കറിയില്ലെന്നും വ്യക്തമാക്കപ്പെടുന്നുണ്ട്. ഗ്രാമവുംപട്ടണവും തമ്മിലുള്ള വൈരുദ്ധ്യത്തിലാണീ കവിതയും ഊന്നുന്നത്. നാഗരികതയിലാണ് ഒരാളുടെ അസ്തിത്വ

ത്തിന് പ്രസക്തിയുള്ളത് എന്നു പറയുന്നതിലൂടെ ഗ്രാമീണതയെ നാഗരികതയുടെ താഴെയാണ് കവിത നിർത്തുന്നത്. ഗ്രാമത്തിൽ നിന്നും നഗരത്തിലേക്ക് പറിച്ചു നടപ്പെട്ട ഒരു യുവാവിന്റെ ദുഃഖമാണ് 'ദുഃഖം' എന്ന കവിതയിൽ വിഷയമാകുന്നത്. രാത്രിയിലെ മഴയേറ്റ് ആവിപൊങ്ങുന്ന തെരുവിലൂടെ നടക്കുന്ന യുവാവിനെ കവിത അവതരിപ്പി ക്കുന്നു. ശൂന്യവും ഭീകരവുമായി കരുതുന്ന നഗരത്തിൽനിന്നും യുവാവ് മോചനമാഗ്ര ഹിക്കുന്നു. കുട്ടിക്കാലത്തെ ഗ്രാമീണമായ ഓർമ്മകളിലേക്ക് അയാളുടെ മനസ്സ് തിരിഞ്ഞു നടക്കുന്നതായും കവിത വ്യക്തമാക്കുന്നു. ഭ്രാന്തിപ്പെണ്ണിന്റെ കറുത്ത് നഗ്നമായ ജഡം എന്നാണ് നഗരത്തെരുവിനെ വിശേഷിപ്പിക്കുന്നത്. കൊട്ടകളിൽ വില്പനയ്ക്കു വച്ചിരിക്കുന്ന കായ്കറികളെ കൊന്നു കടത്തിയതാണെന്ന് സൂചിപ്പിക്കുന്നു. മധുരമുള്ള കശുമാങ്ങകളും കുന്നുകളും ദുർഗ്ഗാദേവിയുള്ള കോവിലും പുഴയും പാറക്കെട്ടുകളു മൊന്നും തനിക്ക് കാണാനാവില്ലെന്ന യാഥാർത്ഥ്യത്തെ അയാൾ തിരിച്ചറിയുന്നുണ്ട്. നഗരത്തിലെ കടകൾക്കു മുന്നിൽ വാടിയ കൊന്നപ്പൂക്കൾ കാണുമ്പോൾ

"പൂവുകളേ ഭദ്രം നിങ്ങൾ–
ക്കാവതുറങ്ങുക, സുഖിതസ്വപ്നപരമ്പരക–
ണ്ടരിമയിലുണരാവൂ
കാണാക്കാവുകളിൽ–
ക്കാൽപ്പാടണിയാക്കാടുകളിൽ!" (2011:92)

എന്നിങ്ങനെ അടുത്ത ജന്മത്തിൽ മനുഷ്യൻ എത്തിച്ചേരാത്ത കാടുകളിൽ പൂക്കാൻ അവയെ ആശംസിക്കുന്നു. കണ്ണുനീർപോലും വറ്റിവരണ്ട മനുഷ്യരുടെലോകത്ത് ജീവിക്കുന്നതിൽ നിന്നും ഇതരചരാചരങ്ങളെ പിൻതിരിപ്പിക്കുന്ന കാഴ്ചപ്പാടാണ് കവിത അവതരിപ്പിക്കുന്നത്. മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ട നഗരങ്ങൾ മനുഷ്യർക്കുതന്നെ അസഹ്യമാവുകയും ഗ്രാമീണതയിലേക്ക് പിൻമടങ്ങാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. മനുഷ്യർക്കും ഇതരജീവജാലങ്ങൾക്കും നഗരമെന്നത് ഭീകരതയുടെ ഇടമാകുന്നു.

എൻ.എൻ. കക്കാടിന്റെ 'വാഹനം' എന്ന കവിതയും നഗരജീവിതത്തിന്റെ ആവിഷ്ക്കാരമാണ്. വാഹനങ്ങളും യന്ത്രങ്ങളും നിറഞ്ഞ നഗരജീവിതയാന്ത്രികത യെയാണ് കവിത വിഷയമാക്കുന്നത്. 'കമ്പൻ', 'ദൃശ്യങ്ങൾ' എന്നീ കവിതകളിലും നഗരജീവിതത്തിന്റെ ആവിഷ്ക്കാരമാണുള്ളത്. 'സഫലമീയാത്ര' എന്ന കവിതയിൽ കവിയുടെയും ഭാര്യയുടെയും ഓർമ്മകളിൽ ഗ്രാമവും ആതിരയും കടന്നുവരുന്നു. നഗരത്തിലെ ആശുപത്രിജനാലയിലൂടെ പുറത്തേക്കുനോക്കുന്ന കവി പഴയകാലങ്ങളെ

ക്കുറിച്ച് ഓർമ്മകളുണ്ടായിരിക്കണമെന്ന് വ്യക്തമാക്കുന്നു. മുഖമില്ലാത്ത തെരുവുകൾക്കപ്പുറത്ത് പുഴയും വയൽക്കൊറ്റിയും മലകളും രാത്രിയുടെ തേക്കുപാട്ടും മനോഹരമായ സന്ധ്യകളുമുണ്ടെന്നും വ്യക്തമാക്കുന്നു (2011: 383). ഇത്തരത്തിൽ ഗ്രാമീണനന്മയും കാഴ്ചകളും ഓർമ്മകളായി കവിതയിൽ അവതരിപ്പിക്കപ്പെടുന്നു. നഗരജീവിതത്തോടുള്ള മടുപ്പ് കക്കാടിന്റെ കവിതകളുടെ പ്രധാനവിഷയമായി കടന്നുവരുന്നുണ്ട്. “ആധുനിക നാഗരികത വമിക്കുന്ന വിഷമത്രയും അനുഭൂതികളിൽ ഏറ്റുവാങ്ങി പ്രാണബലം കൊണ്ടു കരിച്ചു കളയുകയും, കാവ്യമയമായ അതിന്റെ അമൃതരശ്മികളെ സ്വന്തംശിരശ്ചന്ദ്രികയായി പൊഴിച്ചുതരികയും ചെയ്ത അപൂർവ്വധന്യമായ ഒരു കവിവൃത്തമത്രേ കക്കാടിന്റെ ജീവിതം” എന്ന് കക്കാടിന്റെ കവിതകളുടെ പ്രവേശകത്തിൽ വിഷ്ണുനാരായണൻ നമ്പൂതിരി അഭിപ്രായപ്പെടുന്നു (2011: IX).

സുഗതകുമാരിയുടെ ‘തൈവയ്ക്കൽ’ എന്ന കവിതയിൽ നഗരവൽക്കരണത്തെക്കുറിച്ച് പരാമർശമുണ്ട്. രണ്ടുകരയുള്ള നദിയുടെ ഒരുഭാഗം നഗരമാണ്. പുകയും കറയും ചോരയും നിറഞ്ഞ് ജയിലുപോലെയും ഭ്രാന്താശുപത്രിപോലെയുമുള്ളതാണ് നഗരമെന്ന് കവിത വ്യക്തമാക്കുന്നുണ്ട്.[96] ആ നഗരത്തിന്റെ വളർച്ചയെയും അതിന്റെ വിഷാംശങ്ങളെയും തടയാനായി ഒരുകുട്ടി ഒരു തൈവയ്ക്കുന്നതാണ് കവിതയുടെ കേന്ദ്രം. ആ മരം പൊങ്ങി വളർന്ന് പഴങ്ങളും കാറ്റും മഴയും പച്ചയും നൽകട്ടെ എന്നാഗ്രഹിക്കുന്ന കുട്ടിയെയും അമ്മയെയും നോക്കി ഭ്രാന്തൻ നഗരം കൂക്കുന്നതായി കവിത കല്പിക്കുന്നു. നഗരങ്ങളെ ഇല്ലായ്മചെയ്യാൻ കഴിയില്ലെന്ന സത്യമാണ് ഈ കൂകൽ വെളിപ്പെടുത്തുന്നത്. തന്റെ കുട്ടിയുടെയും മനുഷ്യന്റെയും തലമുറകളുടെ ജീവിതം നല്ല രീതിയിൽ പുലരണമെന്ന ആഗ്രഹമാണ് കവിത അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യകേന്ദ്രിതമായ ചിന്തയിലാണ് കവിത ഊന്നുന്നത്.

‘നഗരത്തിൽ’ എന്ന കടമ്മനിട്ടയുടെ കവിത നാഗരികതയുടെ കടന്നുകയറ്റത്തെയാണ് പ്രതിനിധീകരിക്കുന്നത്.

> “ആവിയിൽ മുങ്ങിത്തേങ്ങിയാവഴിക്കോടിപ്പോയി
> ആതിരനിലാവത്തു പണ്ടുവന്നതാം തെന്നൽ
> ഉരുകിത്തിളയ്ക്കുന്ന ടാറുപൂശിയ റോഡി-
> ലിരമ്പും കാറിൽക്കണ്ടതൊടിഞ്ഞ കാർവില്ലാണോ?” (2015:67)

നഗരത്തിലെ ചുടുകാറ്റിനെയാണിവിടെ പരാമർശിക്കുന്നത്. നാട്ടിൻപുറങ്ങളിലെ കുളിർത്തകാറ്റ് അപ്രത്യക്ഷമാവുകയും പകരം നഗരത്തിലെ ചൂടുള്ള കാറ്റേൽക്കേണ്ടി

വരികയും ചെയ്യുന്നു.

> "കത്രിച്ചതലയാട്ടി നിൽക്കുന്ന തരുക്കളും
> കുപ്പിയിൽ വളരുന്ന വനജ്യോത്സനയും കണ്ടു" (2015:69)

എന്നിങ്ങനെ മനുഷ്യന്റെ ആസ്വാദനതാല്പര്യങ്ങൾക്കനുസരിച്ച് മാറ്റിയെടുത്ത പ്രകൃതിയെയാണ് അവതരിപ്പിക്കുന്നത്. സ്വാഭാവിക പ്രകൃതിയെ ഇല്ലായ്മ ചെയ്ത് കൃത്രിമ പ്രകൃതി സൃഷ്ടിക്കുന്നതിനെയും കവിത സൂചിപ്പിക്കുന്നു.

'കടമ്മനിട്ട' എന്ന കവിത കവിയുടെ ജന്മസ്ഥലമായ കടമ്മനിട്ടയെന്ന ഗ്രാമത്തിന്റെ കാഴ്ചയാണ്. ആധുനികസമൂഹത്തിൽ അന്യം നിന്ന കാഴ്ചകളും അനുഭൂതികളും ഗൃഹാതുരതയോടെ കവി ഓർമ്മിക്കുന്നു. നെല്ലിന്റെ മണവും എള്ളിന്റെ നാമ്പു തളിർക്കുന്ന വയലുകളും കുന്നുകളും മാവിൻകൊമ്പുകളും ചേർന്ന ഗ്രാമീണമായ കാഴ്ചകളിലൂടെ കവിത സഞ്ചരിക്കുന്നു. പ്രഭാതത്തെയും പൂക്കളെയും പുല്ലിനെയും എല്ലാം തങ്ങളുടെ ഭാഗമാക്കിയ കുട്ടിക്കാലത്തിന്റെ ഓർമ്മകളാണിവിടെയുള്ളത്. ഇവിടെയും മനുഷ്യനായ തന്റെ നഷ്ടത്തിൽ മാത്രമാണ് കവിത ഊന്നുന്നത്. 'പുരുഷസൂക്ത'ത്തിലെ

> "പച്ചിലയല്ലോ പഴുത്തിലയായത്!
> കൊച്ചിലയല്ലോ പച്ചിലയായത്!
> പഴുത്തില തളിരിലയാമോ വീണ്ടും?!" (2015:107)

എന്ന വരികൾ പ്രാപഞ്ചികമായ സത്യത്തെയാണ് വെളിപ്പെടുത്തുന്നത്. ഓരോ ജീവിയുടെയും ജീവിതചക്രമാണിത്. കാലത്തിന് അതായത് പ്രായത്തിന് പുറകോട്ട് നടപ്പില്ല എന്ന പ്രപഞ്ചനിയമത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. നഗരത്തിലെ പൂങ്കാവനത്തിൽ പൂവുകൾ പൊട്ടിക്കരയുന്നതായും ഇത്തരത്തിലുള്ള നഗരക്കാഴ്ചകളിൽ മടുത്ത് ഗ്രാമത്തിലേക്ക് പോകാൻ കവി തയ്യാറാകുന്നതായും കവിത വ്യക്തമാക്കുന്നു. ഗ്രാമത്തിലെ അമ്പിളിയും ആൽത്തറയും എണ്ണവിളക്കുകളും എള്ളിൻപൂവും പാറകളിൽ തട്ടി വരുന്ന സൂര്യപ്രകാശവും ഓണപ്പാട്ടുകളുമെല്ലാമുള്ള ഗ്രാമീണവിശുദ്ധമായ കാഴ്ചകളിലേക്ക് മടങ്ങാൻ കവിത ആഗ്രഹിക്കുന്നു. നാഗരിക ജീവിതസമസ്യകൾ മടുപ്പുളവാക്കുന്നതായി കവിക്ക് അനുഭവപ്പെടുന്നു.

> "എന്തിനു വന്നീ യന്ധവനത്തിൽ
> നിറങ്ങൾ, മണങ്ങൾ, ഗുണങ്ങൾ

പൊലിഞ്ഞോരരസ്ഡവനത്തിൽ
കാട്ടിൽ മുഴങ്ങിക്കേൾക്കുന്നില്ലേ
മർത്ത്യൻ മയ്യപ്പെട്ടികൾ തീർക്കും
മാനവസംസ്കൃതിയാണിയടിക്കുമിരിമ്പിൻ നാദം" (2015:119)

എന്നിങ്ങനെ മനുഷ്യൻ സ്വയം നാശത്തിന്റെ മരണപ്പെട്ടികൾ തീർക്കുകയാണെന്ന് കവിത തിരിച്ചറിയുന്നു. യന്ത്രയുഗത്തിന്റെ ആരംഭം മനുഷ്യവംശത്തിന്റെയും ഒപ്പം ഭൂമിയുടെയും നാശത്തിന്റെ ആരംഭം കൂടിയാകുന്നു. ഇവിടെയും പ്രകൃതി നശിച്ചാൽ മനുഷ്യൻ നശിക്കും എന്ന മനുഷ്യകേന്ദ്രിതചിന്താഗതിയാണുള്ളത്.

'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്ന കവിതയും ഗ്രാമീണതയുടെ ആവിഷ്ക്കാരമാണ്. നാഗരികതയും ഗ്രാമീണതയും പരസ്പരവിരുദ്ധമായ കാഴ്ചകളും അനുഭവങ്ങളുമാണെന്ന തിരിച്ചറിവാണ് കവിത നൽകുന്നത്. കുളങ്ങൾ നിറയുകയും വറ്റുകയും ചെയ്ത്, വയലുകൾ വിളയുകയും, വരളുകയും ചെയ്ത്, മരങ്ങൾ തളിർക്കുകയും ഉണങ്ങുകയും ചെയ്ത് പ്രകൃതിയുടെ സ്വാഭാവികമായ വളർച്ചയും വികാസവുമാണ് ഗ്രാമത്തിൽ സംഭവിക്കുന്നത്. നഗരങ്ങൾ വളരുന്നതിനുമുമ്പ് വന്യമൃഗങ്ങൾ ഒരിക്കലും നാട്ടിലേക്കിറങ്ങിവന്നില്ല. അവ സ്വന്തം ആവാസവ്യവസ്ഥയിൽ സ്വൈരമായി ജീവിച്ചു.

"കാട്ടാനകൾ കൂട്ടമായിറങ്ങിവന്ന് വിളനശിപ്പിക്കയോ
ജലാശയങ്ങൾ കലക്കുകയോ ചെയ്യുന്നില്ല
കടുവ നാട്ടിലിറങ്ങി മനുഷ്യരെയോ
കന്നുകാലികളെയോ കടിച്ചുകൊല്ലുന്നില്ല
ചെന്നായ്ക്കൾ വളഞ്ഞാക്രമിക്കുന്നില്ല
ആനറാഞ്ചി കോഴിക്കുഞ്ഞുങ്ങളെയും
ആട്ടിൻകുട്ടികളെയും തൂക്കിയെടുക്കുന്നില്ല" (2015:201)

എന്നിങ്ങനെ വന്യജീവികൾ ഒരു തരത്തിലും മനുഷ്യരെ ആക്രമിച്ചില്ല. മനുഷ്യന്റെ അതിക്രമം വർദ്ധിക്കുകയും വനങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തതോടെ അവ ജനവാസ ഇടങ്ങളിലേക്ക് അക്രമാസക്തരായി കടന്നുവന്നു. സ്വന്തം ആവാസ ഇടം നശിപ്പിച്ച മനുഷ്യരോടുള്ള പ്രതിഷേധം കൂടിയാണതെന്ന് കവിത വ്യക്തമാക്കുന്നു.

ഗ്രാമീണ ജീവിതകാലഘട്ടത്തിൽ പാരിസ്ഥിതികമായ അസന്തുലിതാവസ്ഥകളും വെള്ളപ്പൊക്കങ്ങളും കുറവായിരുന്നു എന്നും ഋതുക്കൾ സമയത്തിനെത്തിയിരുന്നു

എന്നും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ ഗ്രാമത്തിന്റെ സൗഭാഗ്യങ്ങളിൽ ജീവിക്കാനാണ് നാഗരികനായ കവി ആഗ്രഹിക്കുന്നത്. ഇവിടെ മനുഷ്യന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമനുസരിച്ച് പ്രകൃതി പ്രതികരിക്കണമെന്ന താല്പര്യമാണുള്ളത്. 'ഇരിക്കണോ മരിക്കണോ' എന്ന ഗ്രന്ഥത്തിൽ ഗീത നഗരവളർച്ചയെക്കുറിച്ച് പറയുന്നത് ഈ കാവ്യവുമായി ചേർത്തു വായിക്കാം.''വായുവും വെള്ളവും വിഷമയമായിത്തീരും ഈ ലോകത്തിലെ ഏറ്റവും ശല്യക്കാരനായ മനുഷ്യൻ നിമിത്തം കിണറുകളും കുളങ്ങളും അരുവികളും തടാകങ്ങളും നദികളും കടലുകൾ പോലും നശിക്കും. എവിടെയും ആധുനികശാസ്ത്രത്തിന്റെ വിഷലിപ്തമായ ചീഞ്ഞളിഞ്ഞ നാറ്റം. ആധുനികശാസ്ത്രത്തിന്റെ ഉല്പന്നങ്ങളായ നഗരങ്ങളോടുള്ള അബോധമായ ഭയം ഏറ്റവും ശക്തമായി ആവിഷ്കരിക്കപ്പെടുന്നതിങ്ങനെ നമ്മുടെ സ്വന്തം വീടുകളിലെ മ്ലേച്ഛമായ പരിസരം മാതിരി ചപ്പും ചവറും അഴുക്കും യന്ത്രഭാഗങ്ങളും കൊണ്ട് ഒരുപാട് നഗരങ്ങളുടെ അതിരുകൾ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വലുതാവുകയാണ്. എങ്ങോട്ട്? ഒടുവിൽ ഭൂഗോളം കുറേ ഭീകരങ്ങളായ നഗരങ്ങളായിത്തീരും" (2008:109) എന്ന അഭിപ്രായം ശ്രദ്ധേയമാകുന്നു.

കടമ്മനിട്ടയുടെ 'നഗരത്തിൽ പറഞ്ഞ സുവിശേഷം' നാഗരിക ജീവിതത്തിന്റെ ആവിഷ്ക്കാരമാണ്.

> "പഴകിയ പഴന്തുണിക്കെട്ടുകളുടെ വാടയാണീ നഗരത്തിന്
> പുഴുത്ത മുലപ്പാലിന്റെ ചുവയാണീ നഗരത്തിന്
> മീൻകണ്ണിന്റെ കാഴ്ചയാണീ നഗരത്തിന്
> ശവക്കല്ലറകളുടെ നിറമാണീനഗരത്തിന്" (2015:220)

എന്നിങ്ങനെ നാഗരികമായ കാഴ്ചകളുടെ രീതി വ്യക്തമാക്കുന്നു. മഞ്ഞനിറത്തിലുള്ള സൂര്യനും നിറമില്ലാത്ത നക്ഷത്രങ്ങളും കടലിന്റെയോ അരുവിയുടെയോ സംഗീതവും നാട്ടുമാവുകളും ഇല്ലാത്ത നഗരജീവിതത്തെ ചിത്രീകരിക്കുന്നു (2015:222). ഗ്രാമത്തിൽ അനുഭവിക്കുന്ന പാട്ടുകളും കാരുണ്യവും സാന്ത്വനവുമൊന്നും ഇല്ലാത്തതിനാൽ നഗരത്തെ ഇല്ലായ്മ ചെയ്യണമെന്നും അതെല്ലാമുള്ള പുതിയനഗരം പണിതുയർത്തണമെന്നും കവിത ആഗ്രഹിക്കുന്നു. ഇവിടെയും നഗരത്തോടുള്ള അഭിനിവേശം പ്രകടമാണ്. മനുഷ്യന്റെ താല്പര്യങ്ങളെല്ലാം സംരക്ഷിക്കുന്ന നഗരമാണ് കവിത വിഭാവനം ചെയ്യുന്നത്.

'അവൾ' എന്ന കവിതയും ഗ്രാമനഗരസംഘർഷത്തിന്റെ ആവിഷ്ക്കാരമാണ്. ഗ്രാമീണജീവിതത്തിൽ നിന്നും നാഗരികതയിലേക്ക് ജീവിതമാർഗ്ഗത്തിനായി എത്തേണ്ടിവന്ന പെൺകിടാവാണ് കവിതയുടെ കേന്ദ്രം. ഗ്രാമീണകാഴ്ചകളും നന്മകളും ഉപേക്ഷിച്ച കവി നാഗരികജീവിതത്തിനിടയിലാണ് ഗ്രാമീണതയുടെ അടയാളമായി മനസ്സിൽ നിലനിന്നിരുന്ന പെൺകിടാവിനെ കണ്ടുമുട്ടുന്നത്

"പട്ടണം നീട്ടിയ നീരാളിക്കൈകളിൽ
പ്പെട്ടു പിടയ്ക്കുന്ന പ്രാണിവർഗ്ഗങ്ങളിൽ
പെട്ടെന്നൊരു ദിനം കണ്ടേന്നവളെയാ
മട്ടും മനോഹരഭാവവും മങ്ങിയോ?" (2015: 248)

ആ പെൺകുട്ടിയിൽ നാഗരികതയുണ്ടാക്കിയ പരിവർത്തനത്തെയാണ് കവിത ആവിഷ്ക്കരിക്കുന്നത്.

'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്'എന്ന കവിത നാട്ടിൻപുറത്തു നിന്ന് നഗരത്തിലേക്കുള്ള മാറ്റത്തിന്റെ കാലഘട്ടത്തിൽ രചിക്കപ്പെട്ടതാണ്. പ്രകൃതിയുടെ ജൈവികത നഷ്ടമായി പ്രകൃതിനശിക്കുന്ന അവസ്ഥ വൈഷ്ണവമിത്ത് ഉപയോഗിച്ച് വിവരിക്കുന്നു. വ്യവസായവൽക്കരണം ഉണ്ടാക്കുന്ന പ്രകൃതിദുരന്തത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പ്രകൃതിയിലേക്ക് മനുഷ്യൻ തിരിച്ചുനടക്കേണ്ട സമയം അനിവാര്യമായിരിക്കുന്നു എന്നും അതിലൂടെ പ്രകൃതിയെ തിരിച്ചു പിടിക്കണമെന്നുമുള്ള ശക്തമായ ആഹ്വാനമായി കവിത മാറുന്നു. പരിസ്ഥിതിപ്രശ്നങ്ങളും ദളിത് സ്ത്രീവിഷയങ്ങളും കാവ്യവിഷയമാക്കിയ കടമ്മനിട്ടയ്ക്ക് ഗ്രാമീണതയോടും ഗ്രാമീണ സങ്കല്പങ്ങളോടുമുള്ള അടുപ്പവും താല്പര്യവും ഓരോ കവിതയിലും പ്രകടമാണ്. നഗരവത്ക്കരണത്തോടുള്ള പ്രതിഷേധമാണ് കടമ്മനിട്ടയുടെ പലകവിതകളും

നാഗരികവും മനുഷ്യനിർമ്മിതവുമായ ഉദ്യാനത്തെയും സ്വാഭാവികപ്രകൃതിയിലെ വനങ്ങളെയും പരാമർശിക്കുന്നു സച്ചിദാനന്ദന്റെ 'ഉദ്യാനങ്ങൾ' എന്ന കവിതയിൽ. വെട്ടിയൊരുക്കിയ ഉദ്യാനങ്ങൾ നാഗരികർക്ക് അനുഗ്രഹമാണെന്ന് സമ്മതിക്കുന്ന കവിത

"തോന്നിയിടത്ത് തോന്നിയപോലെ
പുല്ലും അടിച്ചെടികളും വള്ളിപ്പടർപ്പൂക്കളുമായി
പുലിക്കും പാമ്പിനും കരടിക്കും കുരങ്ങിനും
കഴിഞ്ഞു കൂടാനിടമിട്ട്
വളർന്നു മുറ്റുന്ന കാടുകളെയാണ്

എനിക്കിഷ്ടം" (2016:690)

എന്ന് വ്യക്തമാക്കുന്നു. സ്വാഭാവിക പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് നാഗരികപ്രകൃതിയും പൂങ്കാവനവും സൃഷ്ടിക്കുന്ന പുതിയ മനോഭാവത്തെയാണ് കവിത ചൂണ്ടിക്കാണിക്കുന്നത്. ഇക്കോടൂറിസം എന്ന പുതിയ വിനോദസഞ്ചാരരീതിയിലേക്ക് ആധുനികചിന്ത വികസിക്കുന്നതുകാണാം. നാഗരികഉദ്യാനങ്ങളെക്കാൾ സ്വാഭാവികപ്രകൃതി ആസ്വദിക്കാൻ താല്പര്യപ്പെടുന്ന ഒരു വിഭാഗം ജനങ്ങൾ ഉണ്ടെന്നതിന്റെ തെളിവാണ് ഇക്കോടൂറിസം എന്ന ചിന്താപദ്ധതി. അത്തരമൊരവസ്ഥയെക്കൂടിയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

ഒ.എൻ.വി, അയ്യപ്പപ്പണിക്കർ, വിനയചന്ദ്രൻ, ബാലചന്ദ്രൻചുള്ളിക്കാട് എന്നിവരിൽ പൊതുവെ ഗ്രാമനഗരസംഘർഷം നശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.3.2.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'തിരുവോണം' എന്ന കവിത പ്രകൃതിസൗഭാഗ്യങ്ങൾ നഷ്ടപ്പെട്ടതിന്റെ ദുഃഖമാണ് ആവിഷ്ക്കരിക്കുന്നത്.

> "ഗ്രാമസൗഭാഗ്യങ്ങളിൽ നിന്നുമജ്ഞാതം വന-
> ശ്രേണിപോൽ നിഗൂഢമാം നഗരം പൂകുന്നേരം
> കാട്ടുതൃത്താവിൻ രൂക്ഷഗന്ധവും കണക്കറ്റു
> പൂത്തപാലതൻ മദഗന്ധവും ദൂരെപോകെ" (2013: 82)

ഗ്രാമങ്ങൾ നഗരങ്ങളാകുമ്പോൾ കാട്ടുതൃത്താവിന്റെയും പാലയുടെയും മണങ്ങൾ ഇല്ലാതാവുന്നു. ഇത് നന്മകളുടെ കൂടി നഷ്ടമാണ്. പ്രകൃതിദത്തഉദ്യാനങ്ങൾ ഇല്ലാതാവുകയും നഗരോദ്യാനം രൂപപ്പെടുകയും ചെയ്യുന്നു. അവിടത്തെ പൂക്കളെ നിർഗന്ധപുഷ്പങ്ങൾ എന്നാണ് കവിത വിശേഷിപ്പിക്കുന്നത്. വികസനത്തിന്റെ പേരിൽ പ്രകൃതിദത്തവിഭവങ്ങളെ നശിപ്പിച്ച് സമാനരൂപത്തിൽ കൃത്രിമത സൃഷ്ടിച്ചപ്പോൾ സംഭവിച്ച പാരിസ്ഥിതികമാറ്റങ്ങളെയാണ് കവിത തുറന്നു കാണിക്കുന്നത്.

'തുമ്പിപ്പാട്ട്' എന്ന കവിത ഓണവും ഓണക്കാഴ്ചകളും ഇല്ലാതായ കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. പൂമരവും പൂവും തേനും പൂമ്പൊടിക്കാറ്റുമൊന്നും കാണാതെ പട്ടണത്തിൽ വഴിതെറ്റി വന്ന പൂത്തുമ്പിയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. ഓണത്തിന് വന്നെത്തിയ പൂത്തുമ്പികൾ വേറെങ്ങോ എത്തിയതുപോലെ വഴിയറിയാതുഴലുന്നു. ഓണത്തെ കച്ചവടമാക്കിയ ആധുനികസമൂഹം ഓണനാളുകളെ

ടൂറിസം വാരാഘോഷമാക്കുന്നു. ഇക്കോടൂറിസം പദ്ധതിയുടെ പ്രയോഗ വൈകല്യ ങ്ങളെയും കവിത പരാമർശിക്കുന്നു. പ്രകൃതിസൗഹൃദപരമായ ടൂറിസപദ്ധതിയാണ് ഇക്കോടൂറിസമെന്നിരിക്കെ യഥാർത്ഥ ഓണപ്രകൃതി ഇല്ലാതാക്കി കൃത്രിമതയും ആധുനികആഢംബരങ്ങളും കൂട്ടിച്ചേർത്ത് ഓണത്തെ വ്യവസായ വൽക്കരിക്കുന്നു. മരങ്ങളെയും മണ്ണിനെയും ജലത്തെയും കച്ചവടമാക്കുന്നതിനൊപ്പം ആഗോളവ്യവസായ മേഖല ഓണം, വിഷു, തുടങ്ങിയ സാംസ്കാരിക ആഘോഷങ്ങളെയും വ്യവസായ മാക്കുന്നു. മാവേലിയുടെ ഐതിഹ്യകഥയിലെ ഒത്തൊരുമയുടെയും സഹജീവിസ്നേഹ ത്തിന്റെയും പാരമ്പര്യം ഇത്തരമൊരു കാലഘട്ടത്തിൽ പറഞ്ഞു നടക്കുന്നതിന്റെ ഔചിത്യമില്ലായ്മയെക്കൂടി കവിത വിമർശിക്കുന്നു. ഓണപ്പെരുമയുടെ കാപട്യമില്ലാത്ത മാനത്ത് പാറിക്കളിക്കാ നാഗ്രഹിക്കുന്ന പൂത്തുമ്പിക്ക് നഗരവത്ക്കരണം മൂലമുണ്ടായ പ്രകൃതിപരിവർത്തനങ്ങളെ അതിജീവിക്കാനാകുന്നില്ല.

> "ആരുമേ കാണാതറിയാതെ
> ആയിരം പേരുടെ മുമ്പാകെ
> ഓടയിലെച്ചെളിക്കൂനയിൽ ജീവിത
> ഭാരമെറിഞ്ഞു പൊലിഞ്ഞേ പോയ്" (2013: 107)

എന്നിങ്ങനെ പട്ടണം പല ജീവികളുടെയും നാശത്തിനിടയാക്കുന്നു. ഗ്രാമങ്ങൾ നഗര ങ്ങളായി പരിവർത്തനപ്പെട്ടപ്പോൾ പല ജീവികളും ആ സാഹചര്യങ്ങളുമായി പൊരുത്ത പ്പെടാനാവാത്ത അവസ്ഥയിലെത്തുന്നു. ഇത്തരത്തിൽ അന്യം നിന്ന നിരവധി ജീവികളുടെ പ്രതിനിധിയാണിതിലെ തുമ്പി.

ഗ്രാമങ്ങളും ഗ്രാമവിഭവങ്ങളും അപ്രത്യക്ഷമാവുകയും നഗരങ്ങൾ വളരുകയും ചെയ്യുന്ന പ്രവണത 'നഗരത്തിലെ നാട്ടുമാവ്' എന്ന വിജയലക്ഷ്മിയുടെ കവിതയിലുണ്ട്. ചില്ലകൾ നീട്ടി ഉല്ലസിച്ചു നിൽക്കുന്ന നാട്ടുമാവിന്റെ പട്ടണജീവിതം കവിത ആവിഷ്ക്കരി ക്കുന്നു. വേര് ഉറച്ചുപോയതിനാൽ അനങ്ങാനാവാതെ പട്ടണത്തിൽ തന്നെ നിൽക്കേണ്ടിവരുന്നു മാവിന്.

> "പട്ടണത്തിൽത്തറച്ച തായ്‌വേരിൽ-
> പ്പെട്ടുപോയെന്റെ ഭാഗധേയങ്ങൾ"(2013: 122)

എന്ന് നാട്ടുമാവ് ദുഃഖിക്കുന്നു. ഭംഗിയോടെയെത്തുന്ന ഫലവർഗ്ഗങ്ങൾക്ക് മുമ്പിൽ നാട്ടുമാങ്ങകൾക്ക് പ്രധാന്യമില്ലാതാവുന്നു. ആരെങ്കിലും തന്റെ പഴങ്ങൾ രുചിച്ചാൽ ജന്മം സഫലമായെന്നു കരുതുന്ന മാവിന്റെ ചുവട്ടിലിരുന്നു ആളുകൾ മന്ത്രിക്കുന്നു.

"നാട്ടുമാവിന്റെ കാലം കഴിഞ്ഞു
നാളെയെത്തും മഴുക്കാർ പതുക്കെ
മോടിയേറ്റുന്നു പട്ടണം, വെട്ടാ-
നീയൊരെണ്ണമേ ബാക്കിനിൽക്കുന്നു" (2013: 122)

എന്നിങ്ങനെ പഞ്ചനക്ഷത്രസത്രമുണ്ടാക്കുന്നതിനായി നാട്ടുമാവിനെ മുറിക്കാൻ തീരുമാനിക്കുന്നു. ഗ്രാമീണതയുടെ അടയാളങ്ങൾ മുഴുവനായി ഇല്ലാതാവുന്നു. ഇത്തരത്തിൽ നാട്ടുവിഭവങ്ങളുടെ തകർച്ചയെയാണ് കവിത അടയാളപ്പെടുത്തുന്നത്. നഗരവത്ക്കരണമുണ്ടാക്കുന്ന പാരിസ്ഥിതികനാശത്തെ കവിത പ്രശ്നവത്ക്കരിക്കുന്നു.

വിജയലക്ഷ്മിയുടെ 'ഒരു നിശ്ചലദൃശ്യം' എന്ന കവിതയിലും പട്ടണപ്പാതയിൽ ഒറ്റപ്പെട്ടു നിൽക്കുന്ന മരത്തെ അവതരിപ്പിക്കുന്നു. കൊച്ചിനഗരത്തിൽ പട്ടണപ്പാതയിൽ കാണുന്ന വൃക്ഷത്തിന്റെ അവസ്ഥ കവിത വ്യക്തമാക്കുന്നു. നഗരമദ്ധ്യത്തിലായതിനാൽ ചെറിയ ഇലച്ചാർത്തും അല്പം ചില്ലകളുമായി ദയനീയമായ കുട്ടിക്കാലമാണ് മരത്തിനു ണ്ടായിരുന്നത്. മൂന്ന് ചില്ലകൾ ചുറ്റിപ്പിണയുന്നിടത്ത് പ്രാകൃതമായ കാക്കക്കൂടുമുണ്ട് . പ്രാകൃതവും ഗ്രാമ്യവുമായ കാക്കക്കൂടാണതെങ്കിലും

"വൻ നഗരത്തിൻ വർണ്ണ-
        ത്തേട്ടലിൽ നിശ്ശബ്ദമായ്
തന്റെ ജീവനും കാത്തു
        ചേക്കയാമൊരു കാക്ക
വന്മരങ്ങൾതന്നോർമ്മ
        പട്ടിലപ്പുതപ്പാക്കി
മഞ്ഞയാം നിയോൺവെട്ടം
        വീണതു നിലാവാക്കി" (2013: 279)

സൂര്യോദയത്തിനായി കാത്തിരിക്കുന്നു. എന്നാൽ മരച്ചോട്ടിൽ നഗരാധിപർ മരം വെട്ടാനായി മഴുവിന്റെ അടയാളം വച്ചിരിക്കുന്നു. വൻമരങ്ങളും അതിലുള്ള പക്ഷി ക്കൂടുകളും അന്യം നിന്ന സാഹചര്യങ്ങളെ ഈ കവിതയും വെളിപ്പെടുത്തുന്നു.

'ധ്യാനം' എന്ന കവിതയിലും നഗരവത്കരണം വ്യക്തമാക്കുന്നു.

"കാട്ടുപൂച്ചെടിയോതീ,
        വേണ്ട, നിശ്വാസച്ചൂടാ-

ലാർദ്രമെന്നുള്ളം ചുട്ടു

നഗരീകരിക്കല്ലേ” (2013: 332)

എന്ന് കാട്ടുപൂച്ചെടി പറയുന്നു. വാഹനപുകയാൽ ശ്വാസവാസുവെ ഞെക്കിഞെരുക്കല്ലേ എന്നും ഈ കാട്ടിൽ ഞാൻ സ്വന്തമാക്കുന്ന കാറ്റ് ഉല്ലസിച്ചോട്ടെ എന്നും പൂച്ചെടി വ്യക്തമാക്കുന്നു. ഇത്തരത്തിൽ ശുദ്ധമായ മണ്ണിലും വായുവിലും ജീവിക്കാൻ ആഗ്രഹിക്കുന്ന പൂവിനെ കവിതയിൽ കാണാം. ശുദ്ധമായ വായുവിലും വെള്ളത്തിലും ജീവിക്കാനുള്ള പൂവിന്റെയും ഇതരജീവികളുടെയും അവകാശമാണ് മനുഷ്യർ നിഷേധിക്കുന്നത്.

ഗ്രാമനഗരസംഘർഷം ഉൾക്കൊള്ളുന്നു റഫീക്ക് അഹമ്മദിന്റെ ‘അറ്റം’ എന്ന കവിത. നാട്ടിലെ തൊടിയും പുരയും പശുവും കോഴിയും താറാവുമെല്ലാം വിറ്റ് നഗരമദ്ധ്യത്തിലെ ഫ്ളാറ്റിൽ കൂടുകൂട്ടുകയും അന്യഗ്രഹജീവിയെപ്പോലെ ജീവിതം മാറുകയും ചെയ്യുന്ന അവസ്ഥയാണ് കവിത അവതരിപ്പിക്കുന്നത്. ഫ്ളാറ്റിന്റെ ഇത്തിരിസ്ഥലത്ത്

“ഒറ്റയ്ക്ക് നിൽക്കുന്നേരം

തോന്നുന്നു ഞാനീ ഭൂമി

ക്കറ്റത്തു നില്ക്കും-

പോലെ

ഒറ്റടിവെച്ചാലതി-

ന്നപ്പുറത്താവും പോലെ” (2016: 137)

ഈച്ചയും കൊതുകും പല്ലിയും പാറ്റയും എലിയും പൂച്ചയുമൊന്നുമില്ലാത്ത നഗര ജീവിതമാണ് ഇവിടെ പ്രതിഫലിക്കുന്നത്.

റഫീക്ക് അഹമ്മദിന്റെ ‘യന്ത്രബന്ധനം’ എന്ന കവിത യന്ത്രയുഗത്തിൽ നിന്നുള്ള മോചനമാവശ്യപ്പെടുന്നു. യന്ത്രങ്ങൾ പരിചയപ്പെടുത്തുന്ന സുഹൃത്തിനോട്

“വിസ്മയമിവയൊക്കെയിപ്പൊഴും വിട തരൂ

സസ്നേഹമെനിക്കു നീ യന്ത്രബന്ധത്തിൽ നിന്നും” (2016:59)

എന്നാണ് പറയുന്നത്. പരമാണുവിന്റെ അളവുകൾ കുറിക്കുന്ന യന്ത്രങ്ങളുടെ സങ്കീർണ്ണത ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്ന് കവിത വ്യക്തമാക്കുന്നു. സ്കൂളിലേക്കുള്ള യാത്രയിൽ സ്കൂളിലെത്താതെ പൊടിമീനുകൾ നീന്തുന്ന പുഴക്കരയിലെത്താൻ താല്പര്യപ്പെടുന്ന

കവിക്ക് കൃത്യതയോടെ പ്രവർത്തിക്കുന്ന യന്ത്രത്തെ ഉൾകൊള്ളാനാവുന്നില്ല. മരവിച്ച യന്ത്രജീവിതത്തെ തൂത്തെറിഞ്ഞുകൊണ്ട് ജലവും വെളിച്ചവും വായുവുമെല്ലാം ഹരിതമായ ലോകത്തിലേക്ക് തിരിച്ചിറങ്ങാനുള്ള ആഗ്രഹമാണീ കവിത. യന്ത്രങ്ങൾ ബന്ധനമാകുന്ന സമകാലികജീവിതത്തിന്റെ പ്രതിനിധാനം കൂടിയാണ് കവിത. കമ്പ്യൂട്ടർ, മോബൈൽ പോലുള്ള യന്ത്രങ്ങൾ പുതുതലമുറയെ അതിന്റെ അടിമയാക്കിയിരിക്കുന്നു. അതിൽ നിന്നും പ്രകൃതിയിലേക്കുള്ള മോചനമാണ് അനിവാര്യമായിട്ടുള്ളതെന്ന് കവിത വെളിപ്പെടുത്തുന്നു.

'പൊട്ടിപ്പൊളിഞ്ഞ തിണ്ണയിൽ ഒരാൾ' എന്ന കവിതയിൽ നഗരക്കാഴ്ചകളെ ഒഴുക്കിക്കളയാനെത്തുന്ന ആദിപ്പെരുമഴയിൽ നഗരത്തിന്റെ തിരക്കുകളും യുഗങ്ങളുമെല്ലാം കുത്തിയൊലിച്ചു പോവുകയും പുതിയ യുഗത്തിന്റെയും പ്രകൃതിയുടെയും സൃഷ്ടി സംഭവിക്കുകയും ചെയ്യുന്നു.

"ഒന്നാം തുള്ളി തിടംവച്ചങ്ങനെ
മണ്ണിലടർന്ന് പതിക്കെ
ആദിമഭൂമിയിൽ സൂര്യവിയർപ്പിൻ ഗന്ധമുയർന്നു
തപ്തമഹാശില നിരകൾ തണുത്തു" (2016: 79)

നാഗരിക ജീവിതത്തിൽ നിന്നുള്ള മോചനമാണ് കവിതയ്ക്ക് വിഷയം.

'നാലുവരിപ്പാത' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയും നഗരവത്ക്കരണത്തെയാണ് പ്രമേയമാക്കുന്നത്. നാലുവരിപ്പാതയുടെ മറുപുറത്ത് കണ്ടുമുട്ടിയ കൂട്ടുകാരനോട്

"നീയെന്നു വന്നൂ എന്ന് ചോദ്യം
അവന്റെ മറുപടി,
പെട്ടെന്നൊരു ഓട്ടോറിക്ഷയിൽ കയറി
കടന്നു കളഞ്ഞു" (2016: 133)

എന്നിങ്ങനെ ഗ്രാമീണതയുടെ അയൽബന്ധങ്ങൾ ഇല്ലാതാവുകയും ഓരോ വീടിനും വ്യക്തിക്കും ഇടയിലൂടെ നാലുവരിപ്പാതകൾ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. സുഖമാണോ, കുട്ടികളെത്ര, എത്രനാളുണ്ട്, പഴയ കക്ഷികളെ കാണാറുണ്ടോ എന്നിങ്ങനെയുള്ള ചോദ്യങ്ങളെല്ലാം ലോറിയിലും ബൈക്കിലും ആനവണ്ടിയിലും കയറി മറയുന്നു. ഇത്തരത്തിൽ നഗരവത്കരണം മനുഷ്യബന്ധങ്ങൾക്കിടയിൽ നാലുവരിപ്പാതകൾ നിർമ്മിക്കുന്നു. ഈ കവിതയും മനുഷ്യപക്ഷ കാഴ്ചപ്പാടാണവതരിപ്പിക്കുന്നത്.

നാലുവരിപ്പാതകൾ നിർമ്മിക്കുമ്പോൾ പ്രകൃതിക്കുണ്ടാകുന്ന ദോഷങ്ങൾക്കപ്പുറം മനുഷ്യബന്ധങ്ങളിൽ അകൽച്ചയുണ്ടാകുന്നു എന്നതിനാണ് കവിത പ്രാധാന്യം നൽകുന്നത്.

നഗരവത്ക്കരണത്തെ വിഷയമാക്കുന്നു പി.പി. രാമചന്ദ്രന്റെ 'ഇവിടെ' എന്ന കവിത. മരങ്ങളും പുഴകളും ചെടികളും നിന്നിരുന്ന സ്ഥലം ഇന്ന് ഹോട്ടലും ഓവർബ്രിഡ്ജും കോൺക്രീറ്റുപാതയും കെട്ടിടങ്ങളും തീവണ്ടിപ്പാതകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. അതോടെ മനോഹരമായ ജൈവപ്രകൃതി ഇല്ലാതാവുകയും നഗരപ്രകൃതി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

"ഈ ഓവർബ്രിഡ്ജ് വരുന്നതിന് മുമ്പ്
കോൺക്രീറ്റ് കൊണ്ട്
നഗരം ചമഞ്ഞൊരുങ്ങും മുമ്പ്
ഇവിടെ നിന്നാൽ
നക്ഷത്രം നിറഞ്ഞ
ആകാശം കാണുമായിരുന്നു" (2015: 237)

ഇപ്പോൾ ആകാശകാഴ്ചകൾ കൂടി ഇല്ലാതാക്കുന്നു നഗരവത്കരണം. പുതിയ വികസനപദ്ധതികളിൽ ആകാശനഗരം എന്ന ഒരിനം കൂടി കടന്നുകൂടിയിട്ടുണ്ട്. 2003 ൽ എ.ആർ.എസ്. വാധ്യാർ ആണ് ഇത്തരമൊരു പദ്ധതി അവതരിപ്പിച്ചത്. "ശക്തിയെന്നാൽ പണവും ബുദ്ധിയെന്നാൽ അധികാരവുമായി വ്യവഹരിക്കപ്പെടുന്ന സാമൂഹിക യാഥാർത്ഥ്യത്തിൽ ശക്തനും ബുദ്ധിമാനും ചേർന്ന് കരയും കടലും പിടിച്ചെടുത്തു കഴിഞ്ഞ് ഇനി ആകാശത്തിനുമേൽകൂടി അധികാരത്തിന്റെ സാധ്യതകൾ പ്രയോഗിക്കുകയാണ്. കച്ചവടത്തിന്റെ ലോകത്ത് പൊതുവിൽ കാൽപനിക സങ്കല്പങ്ങൾക്കൊന്നും സ്ഥാനമില്ല. അതുകൊണ്ടുതന്നെ ഹൃദയത്തിൽ നിന്നു മാത്രമേ നമുക്ക് ആകാശത്തെ സ്പർശിക്കാനാകു എന്ന കവിവചനത്തിനൊന്നും അവിടെ സ്ഥാനമില്ല" (സന്തോഷ് ബാബു, 2012 ഫെബ്രുവരി 20:8) ഇത്തരത്തിൽ ആകാശത്തിൽ ഷോപ്പിങ് കോംപ്ലക്സുകൾ, പാർപ്പിടങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, മാർക്കറ്റുകൾ തുടങ്ങി എല്ലാ സൗകര്യങ്ങളോടും കൂടിയ ആകാശനഗരമാണ് വിഭാവനം ചെയ്തത്. ആകാശവും കാഴ്ചകൾക്കപ്പുറത്താകുന്ന വികസനങ്ങൾക്കാണ് നാം രൂപം നൽകുന്നത്. അത്തരമൊരവസ്ഥയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

വി.എം. ഗിരിജയുടെ 'ചെരിവിലൊരു വീട്' എന്ന കവിത പ്രകൃതിയിലേക്കുള്ള

തിരിച്ചുപോക്ക് ആഗ്രഹിക്കുന്നു. നഗരജീവിതത്തിന്റെ മടുപ്പുകൾ ഉപേക്ഷിച്ച് കുന്നിൻചെരുവിൽ വീടുവച്ച്

“അവിടെസ്സന്ധ്യക്ക് നിറയുമൊരിരുട്ടിന്
പതുപതുത്ത പട്ടിന്റെ മിനുസം,
പുല്ലിന്റെ മണം,
ഏകാന്തത. . .” (2011: 46)

എന്നിവ ആസ്വദിക്കാൻ കവയിത്രി ആഗ്രഹിക്കുന്നു. ചപ്പിലയ്ക്കിടയിലൂടെ സഞ്ചരിക്കുന്ന മുയൽ, പാമ്പ്, മുള്ളൻപന്നി, ചാണകക്കിളികൾ, കീരികൾ, ചെടികൾ മൂടിയ കിണർ, പുരത്തറയിൽ കേറിയ പാഴ്വള്ളികൾ, കാലടിക്കിടം തരാതിടവഴിയില്ലാതെ ഉടൽ മൂടുന്ന ഉയരത്തിൽ മുള്ളും മുരുക്കും എല്ലാമുണ്ടെങ്കിലും അതെല്ലാം ആസ്വദിച്ചു കൊണ്ട് കുന്നിൻചെരുവിൽ വീടുവയ്ക്കാൻ ആഗ്രഹിക്കുന്നു. പ്രകൃതിയിലേക്കുള്ള തിരിച്ചു പോക്കാണിവിടെ ആവശ്യം. പുതിയ കാലത്തെ ഇക്കോടൂറിസത്തിന്റെ അടിസ്ഥാനം ഈ ചിന്തകളാണ്. സ്ഥിരമായ പിൻമടക്കം സാധ്യമല്ലാത്തവർ ഇടവേളകളിൽ സ്വാഭാവിക പ്രകൃതിയിലേക്ക് തിരിച്ചുപോകുന്നതിനായി ഇത്തരം യാത്രകൾ ഉപയോഗപ്പെടുത്തുന്നു.

‘നഗരവിഷു’ എന്ന കവിത ഗ്രാമനഗരവ്യത്യാസങ്ങളെ പ്രതിഫലിപ്പിക്കുന്നു. മാമ്പഴമണവും മുല്ലപ്പൂമണവും തിറയും പൂതനും എല്ലാം ചേർന്ന വിഷുക്കാല ഉത്സവങ്ങൾ അവസാനിക്കുകയും ഫ്ളാറ്റിനുള്ളിൽ ചുമരുകളുടെ തടവറയിൽ കഴിയുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ഗ്രാമത്തിലെയും നഗരത്തിലെയും വിഷുക്കാലങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളിലാണ് കവിത ഊന്നുന്നത്. ഗ്രാമത്തിലെ വേനലിന്റെ വിവിധനിറങ്ങൾ അപ്രത്യക്ഷമായിരിക്കുന്നതായും കവിത ചൂണ്ടിക്കാണിക്കുന്നു. ഇവിടെയും ഗ്രാമീണതയുടെ നഷ്ടവും അത് മനുഷ്യവർഗ്ഗത്തിനുണ്ടാക്കിയ വിരസത യുമാണ് കേന്ദ്രമാകുന്നത്.

വീരാൻകുട്ടിയുടെ ‘നാട്ടിൽനിന്നും മടങ്ങുമ്പോൾ’ എന്ന കവിതയിൽ മൊബൈലിൽ ഫോട്ടോയെടുക്കുമോ എന്നുചോദിക്കുന്ന വയൽത്തത്തയും തന്റെ പാട്ട് റിങ്ടോണാക്കുമോ എന്നുചോദിക്കുന്ന കുയിലുമുണ്ട്.

“ഇനിയത്തെ തവണ വരുമ്പോൾ
കാണാൻ പറ്റിയില്ലെങ്കിലോ
എന്നൊരു കരച്ചിൽ
അതിലുണ്ടായിരുന്നതുമാത്രം

ഒരു ഫോണിലും പതിഞ്ഞില്ല" (2016: 293)

എന്നാണ് കവിത അവസാനിക്കുന്നത്. നാടുകൾ നഗരമാകുമ്പോൾ വയലുകളും വയൽത്തത്തകളും കുയിലുകളുമടങ്ങുന്ന ജീവജാതികൾ അന്യംനിന്നു പോകുന്നു. നാട്ടിൻപുറങ്ങളും നാടിന്റെ ശബ്ദങ്ങളും അവസാനിക്കുകയും നഗരങ്ങളും നഗര ശബ്ദങ്ങളും മുഴങ്ങുകയും ചെയ്യുന്ന കാലത്തിന്റെ സാക്ഷ്യപ്പെടുത്തലാണീ കവിത.

പുഴകളും മരങ്ങളും കുന്നുകളും മലകളും ഇല്ലാതായ കാലത്തിന്റെ സാക്ഷ്യ ങ്ങളാണ് മോഹനകൃഷ്ണൻ കാലടിയുടെ 'നിഷാദം' എന്ന കവിത. മനുഷ്യന്റെ അതിക്രമങ്ങൾ പ്രകൃതിയെ ഇല്ലാതാക്കുന്നതിന്റെ സൂചന കവിതയിലുണ്ട്.

"പുഴകളെല്ലാം
ആത്മഹത്യ ചെയ്തിരുന്നു.
ആയിടെയുണ്ടായ
ഒരു കലാപത്തിൽ
ഒട്ടുമിക്ക മരങ്ങളും
കൊല്ലപ്പെട്ടിരുന്നു
കുന്നുകളും മലകളും
ഏതോ അഭയാർത്ഥിക്യാമ്പിലേക്ക്
ഒളിച്ചോടിപ്പോയിരുന്നു" (2013: 140)

ഇത്തരത്തിൽ പ്രായപൂർത്തിയാകാത്ത ഗ്രാമത്തിനെ നഗരം പ്രലോഭിപ്പിച്ചുകൊണ്ടി രിക്കുന്നു. ആ പ്രലോഭനത്തിൽ വീണ് ഗ്രാമം നഗരവത്കരിക്കപ്പെടുന്നു. ഇത്തരത്തിൽ നഗരവത്കരിക്കപ്പെട്ട ഇടത്തിലേക്ക് കടലും കാലവും കടന്ന് ഹരിതകങ്ങളുടെ നിലവിളി കേട്ട്, മരുഭൂമിയിലെ ജലകണങ്ങളെ കണ്ട് വഴിതെറ്റിയോ എന്ന് ചിന്തിച്ച് ഒരു പക്ഷി വരുന്നു. വൈദ്യുതിക്കുറ്റിമേലിരിക്കുന്ന പക്ഷിയെ ഒരു കുട്ടി വെടിവെച്ചിടുന്നു. ഗ്രാമീണതയുടെ അന്ത്യമാണിവിടെ സംഭവിക്കുന്നത്. സമൂഹത്തിൽ ആത്മഹത്യകളും കൊലപാതകങ്ങളും പീഢനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യർക്കി ടയിലെ ഇത്തരം പ്രവൃത്തികളിലൂടെ കവിത പ്രകൃതിയുടെ അവസ്ഥ വ്യക്തമാക്കുന്നു. മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളാണ് ഇത്തരമൊരവസ്ഥയ്ക്ക് കാരണമാകുന്നത്.

മോഹകൃഷ്ണൻ കാലടിയുടെ 'മാമ്പഴപ്പാത' എന്ന കവിതയും നാട് നഗരമായ പ്പോഴുണ്ടായ പരിവർത്തനത്തെ അടയാളപ്പെടുത്തുന്നുണ്ട്. ഗ്രാമീണതയിൽ

പറമ്പുകളിലും വീട്ടുമുറ്റങ്ങളിലും വീഴുന്ന മാങ്ങ നാഗരികകാലത്ത് നാലുവരിപ്പാതയി ലാണ് വീഴുന്നത്. ചെന്നെടുക്കാൻ ആളില്ലാതെ അനാഥമായിപ്പോകുന്ന മാങ്ങകളെ കവിത അവതരിപ്പിക്കുന്നു. അവയെ ഓട്ടോയും ബസും ലോറിയുമെല്ലാം തട്ടിത്തെറി പ്പിച്ചും മുട്ടിയുരുമ്മിയും കടന്നുപോകുന്നു. ഇത്തരത്തിൽ നാട്ടുമാമ്പഴങ്ങൾ ഓർമ്മ മാത്രമാകുന്നു. നാട് നഗരമാകുമ്പോഴുണ്ടാകുന്ന മാറ്റങ്ങളിൽ ഒന്നാണിത്. നഗരവത്ക്ക രണത്തിന്റെ ഭാഗമായി നശിപ്പിക്കപ്പെടുന്ന പ്രകൃതിയെയാണ് കവിത അവതരിപ്പിക്കുന്നത്.

> "നാലുവരിപ്പാതയുടെ
> നടുക്കുവീണ മാങ്ങ
> നാക്കിലൂടെ ചാറൊലിച്ച്
> പാഞ്ഞുപോയൊരോർമ്മ" (2013: 184)

എന്ന അവസ്ഥയാണ് നാടൻ വിഭവങ്ങൾക്കുണ്ടാകുന്നത്. ഗ്രാമീണത നാഗരികതയാൽ തട്ടിത്തെറിപ്പിക്കപ്പെടുന്നു.

'ഫയർ' എന്ന മോഹനകൃഷ്ണൻ കാലടിയുടെ കവിത ആർക്കുനേരെ ഫയർ എന്ന് ആക്രോശിക്കണമെന്ന് ബോധിപ്പിക്കുന്നു. പാരിസ്ഥിതികമായ സന്തുലനത്തിന് അനുവദിക്കാത്ത മനുഷ്യവർഗ്ഗത്തിന്റെ യന്ത്രവികസനപ്രവർത്തനങ്ങളെയാണ് കവിത സൂചിപ്പിക്കുന്നത്.

> "എക്സ്പ്രസ് ഹൈവേയുടെ ഓരത്ത്
> ഉങ്ങുമരത്തയ്യ് നടാനൊരുങ്ങിയ
> കിഴവനണ്ണാനെ
> ജെ.സി.ബി. കയറ്റിചതയ്ക്കുക" (2013: 153)

എന്നിങ്ങനെ ക്രൂരമാർഗ്ഗങ്ങളുപയോഗിച്ചും വികസനവിരുദ്ധരെയും പ്രകൃതി സംരക്ഷണ വാദികളെയും തുരത്തുക എന്ന മനോഭാവമാണ് രാഷ്ട്രീയക്കാരും വികസനവാദികളും തുടരുന്നത്. സൂപ്പർമാർക്കറ്റ്, ടെക്നോപാർക്ക്, ഉന്നതവിദ്യാഭ്യാസം, കരിമണൽ ഖനനം എന്നിവയാണ് രാജ്യത്തിന്റെ വികസനമാനദണ്ഡങ്ങളായി അവർ വിലയിരുത്തുന്നത്. വികസനത്തിനും വികസനവാദികൾക്കുമെതിരെ പ്രവർത്തിക്കുന്ന ഒരു വിഭാഗം സമൂഹത്തിലുണ്ട്. അവർ പാരിസ്ഥിതികമായ സന്തുലനത്തിന് ആഗ്രഹിക്കുന്നു. പരിസ്ഥിതിപ്രവർത്തകർക്കു നേരെ പ്രതികരിക്കുന്നവർക്കെതിരെ ആക്രോശിക്കുക എന്ന് കവിത വ്യക്തമാക്കുന്നു.

“ഇതൊന്നും കേട്ട് ചിരി
വരാത്തവന് നേരെ,
ഇതൊന്നും കണ്ട്
പിരിയിളകാത്തവന് നേരെ,
അവന് നേരെ മാത്രം
ആ വാക്ക് ആക്രോശിക്കുക.....” (2013: 153)

സാമൂഹികപരിസ്ഥിതിവാദചിന്തകൾ കവിതയിലുണ്ട്. പ്രകൃതിനശീകരണത്തിനെതിരെ പ്രവർത്തിക്കുന്നവർക്ക് നേരെ തിരിയുന്ന വികസിതസമൂഹമാണിവിടെയുള്ളത്. മനുഷ്യർ സമൂഹജീവിയായതിനാൽ തന്നെ പരിസ്ഥിതിസംരക്ഷണത്തിനായി പ്രവർത്തിക്കാമെന്നിരിക്കെ അതിനു തയ്യാറാവുന്നവരെക്കൂടി പിൻതിരിപ്പിക്കുന്ന മനോഭാവമാണ് സമകാലികസമൂഹം സ്വീകരിച്ചുവരുന്നത്. അതിനെ വിമർശനവിധേയമാക്കുന്നു കവിത.

വി.ടി. ജയദേവന്റെ ‘ഹരിതരാമായണം’ എന്ന കൃതിയിൽ നഗരത്തിൽ എത്തുമ്പോൾ രാജാവിന്റെയും പുരുഷന്റെയും അധികാരം പ്രയോഗിക്കുന്നവനായി രാമനെ അവതരിപ്പിച്ചിരിക്കുന്നു (2010:58). കാട്ടിലായിരിക്കുമ്പോൾ ബോധവാനല്ലാത്ത അധികാരത്തെയും അതിർത്തികളെയും കുറിച്ച് നഗരത്തിലെത്തുമ്പോൾ വ്യാകുലപ്പെടുന്ന രാമനെയാണ് കൃതിയിൽ കാണുന്നത്.

സെബാസ്റ്റ്യന്റെ ‘നിശബ്ദതയിലെ പ്രകാശങ്ങൾ’ എന്ന കവിതയിൽ ജലാശയങ്ങളും വയലുകളും നികത്തി മലകളും കുന്നുകളുമെല്ലാം ഇടിച്ചുനിരത്തി കാടുകൾ നശിപ്പിച്ച് ഗ്രാമങ്ങളെ നഗരമാക്കുന്നതിനെ അടയാളപ്പെടുത്തുന്നു (2014: 43).

എം.ആർ. രേണുകുമാർ, എസ്. ജോസഫ് എന്നിവരിൽ താരതമ്യേന ഗ്രാമീണതയുടെ നഷ്ടവും നാഗരികതയുടെ കടന്നുകയറ്റവും വിഷയമാകുന്നില്ല.

### 4.3.3. കൃഷി/വ്യവസായം

മലയാളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കവിതകളിൽ കൃഷിയിൽ നിന്നും വ്യവസായത്തിലേക്കുള്ള പരിവർത്തനത്തെ അടയാളപ്പെടുത്തിയിരിക്കുന്നതെ പ്രകാരമെന്ന് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നു.

#### 4.3.3.1. വർണ്ണനകൾ

##### 4.3.3.1.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ കൃഷി/വ്യവസായം എന്ന ദ്വന്ദ്വം പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

##### 4.3.3.1.2. കവിത്രയകാലം

പ്രകൃതിസൗന്ദര്യത്തെ ആരാധിക്കുന്നതിനൊപ്പം വ്യവസായത്തെ സ്വീകരിക്കുകയും ചെയ്യുന്ന മനോഭാവമാണ് പള്ളത്ത് രാമന്റെ കവിതകളിൽ പ്രകടമാകുന്നത്. 'ചുറ്റിക' എന്ന കവിതയിൽ

"ജീവിതത്തിൻ വ്യവസായ വസന്തശ്രീ നെടുനീളെ
പൂവിരിച്ചു പുലർത്തട്ടെ സമത്വകാന്തി" (1989:5)

എന്നു സൂചിപ്പിക്കുന്നുണ്ട്. തൊഴിലാളിവർഗ്ഗ പ്രതീകമായ ചുറ്റികയിലൂടെ കവി തൊഴിലാളിവർഗ്ഗത്തെയും വ്യവസായത്തെയും പിൻതുണയ്ക്കുന്നു. കാർഷിക ജീവിതത്തിലെ ഉച്ചനീചത്വങ്ങളെ വ്യാവസായിക അഭിവൃദ്ധിയിലൂടെ മറികടക്കാമെന്നാണ് കവിത പ്രതീക്ഷിക്കുന്നത്. പ്രകൃതിക്ക് ഏതെങ്കിലും തരത്തിൽ ദോഷകരമാകാം വ്യവസായം എന്ന ഉത്കണ്ഠ കവിതയിലില്ല.

'ഭാരതഭൂമിക്ക് ഭൂഷണങ്ങൾ' എന്ന കവിതയിലും വ്യവസായത്തെ പുകഴ്ത്തുന്നു യന്ത്രപുരോഗതി മാത്രമാണ് മനുഷ്യർക്ക് മുന്നേറാനുള്ള ഒരേയൊരു പോംവഴിയായി കവിത കാണുന്നത്.

"യന്ത്രപുരോഗതിയല്ലാതൊരു
മന്ത്രവുമില്ലാ, മരുന്നുമില്ലാ,
മാനുഷർ ഞങ്ങളുമാര്യമാതേ,
മായാവിനികളും മറ്റുമല്ലാ" (1989:24)

എന്നാണ് കവിത പറയുന്നത്. നാഗരികജീവിതരീതിയിലാണ് പള്ളത്ത് രാമന്റെ കവിതകൾ പ്രതീക്ഷയർപ്പിച്ചിരിക്കുന്നത്. ഗ്രാമീണജീവിതരീതിയിലെ ജാതീയമായ ഉച്ചനീചത്വത്തെ മറികടക്കാൻ നാഗരികത സഹായകമാണെന്ന് പള്ളത്ത് രാമന്റെ കവിതകൾ വിശ്വസിക്കുന്നു. വ്യവസായങ്ങൾ പ്രകൃതിക്കുണ്ടാക്കുന്ന നാശങ്ങളെക്കുറിച്ച് കവിത ചിന്തിക്കുന്നില്ല എന്നതിനാൽ തന്നെ പാരിസ്ഥിതിക അവബോധത്തിന്റെ പരിധിയിൽ കവിത ഉൾപ്പെടുന്നില്ല.

കൃഷിയുടെ മഹത്വത്തെ വെളിപ്പെടുത്തുന്ന 'അരിവാൾഗാന'ത്തിൽ പുലയരുടെ മഹത്വത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. പുലയന്റെ അധ്വാനത്തിലൂടെയാണ് കൃഷിഭൂമികൾ സമൃദ്ധമാകുന്നത് എന്നും കവിത വ്യക്തമാക്കുന്നു.

കവിത്രയങ്ങളും ബാലാമണിയമ്മയും കൃഷി/വ്യവസായദ്വന്ദ്വങ്ങളെ വർണ്ണനാപരമായി താരതമ്യേന പരാമർശിച്ചു കാണുന്നില്ല.

**4.3.3.1.3.** കവിത്രയത്തിനുശേഷമുള്ള കാലം, ആധുനികതാഘട്ടം, ആധുനികതാനന്തരഘട്ടം എന്നിവയിലും പൊതുവെ കൃഷി/വ്യവസായദ്വന്ദ്വം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.3.3.2. സദൃശകല്പനകൾ

ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ കൃഷി/വ്യവസായദ്വന്ദ്വം രൂപപരമോ ഭാവപരമോ ആയ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

### 4.3.3.3. പ്രകൃതിനശീകരണസൂചനകളും മനോഭാവവും

#### 4.3.3.3.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ നശീകരണപരമായി കൃഷി/വ്യവസായ ദ്വന്ദ്വം അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.3.3.3.2. കവിത്രയകാലം

പള്ളത്ത്രാമന്റെ 'ഒരു കർഷകൻ' എന്ന കവിത കാർഷികവ്യവസ്ഥയുടെ നാശത്തെ സൂചിപ്പിക്കുന്നു. കാർഷികവ്യവസ്ഥയിൽ നഗരജീവിതം കടന്നുവന്നതോടെ

"ആകവേ നരച്ചുള്ള മുടിയും ശരീരമാ -
മേകവിത്തവുമായി കോമപ്പൻ കൃഷിവലൻ
ലോകയാത്രയിൽ പലേ തൊഴിലും പരീക്ഷിച്ചു
ശോകമെന്നിയേ വാണാൻ സുചിരം നഗരത്തിൽ" (1989:16)

കാലഗതിയിൽ പിടിച്ചു നിൽക്കാനായി കൃഷിക്കാരന് വ്യവസായവേഷവും ധരിക്കേണ്ടി വരുന്നു. സമൂഹത്തിനൊപ്പം പരിവർത്തനപ്പെടേണ്ടിവരുന്ന മാനുഷികാവസ്ഥയെയാണ് കവിത പ്രശ്നവൽക്കരിക്കുന്നത്. കൃഷിയെന്ന ഉപജീവനമാർഗ്ഗം വെടിഞ്ഞ് വ്യവസായത്തിലേക്ക് പ്രവേശിക്കുന്ന ആധുനിക മനുഷ്യനാണ് 'ഒരു കർഷകൻ' എന്ന

കവിതയിലുള്ളത്. കവിത്രയകവികളിലും ബാലാമണിയമ്മയിലും പൊതുവെ കൃഷി/ വ്യവസായദ്വന്ദ്വം നശീകരണരീതിയിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**4.3.3.3.3. കവിത്രയത്തിനുശേഷമുള്ള കാലം**

വികസനത്തിന്റെ ആഗമനമാണ് ഇടശ്ശേരിയുടെ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' യുടെ പ്രമേയം നെല്ലുകുത്തി അരിയെടുത്ത് ഉപയോഗിച്ചിരുന്ന കാലത്തിൽ നിന്ന് ആ ജോലികൾ യന്ത്രങ്ങൾ ഏറ്റെടുക്കുന്ന കാലത്തിലേക്കുള്ള പരിവർത്തനദശയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. നെല്ലുകുത്ത് യന്ത്രത്തിന്റെ വരവോടെ നെല്ലു കുത്തുകാരി പാറുവിന്റെ പണി നഷ്ടപ്പെടുന്നു. പാവപ്പെട്ട പണിക്കാരെ പട്ടിണി വലയ്ക്കുമ്പോൾ കൊച്ചെജമാനന്മാർ മണിമാളികളിൽ സുഖിക്കുന്നതായി കവിത വ്യക്തമാക്കുന്നു. ഇവിടെ വികസനവും നഗരവത്കരണവും പ്രകൃതിക്കുണ്ടാക്കുന്ന ദോഷത്തെയല്ല ദരിദ്രർക്കും ദളിതർക്കുമുണ്ടാക്കുന്ന അധഃസ്ഥിതാവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

"വിപ്ലവം തല്ലും പിടിയുമല്ല, സൃഷ്ടിപരമായ മാർഗ്ഗങ്ങളിലൂടെ വരുത്തുന്ന പരിവർത്തനമാണെന്ന ബോധം കുതിച്ചൊഴുകി" (2012:464)യതിനെത്തുടർന്ന് എഴുതിയതാണ് 'പഴകിയ ചാലുകൾ മാറ്റുക' എന്ന കവിത. അണക്കെട്ടുകൾ നാടിന്റെ വികസനം വർദ്ധിപ്പിച്ചതായും നാടിന് പുതുമുഖം നൽകിയതായും കവിത വ്യക്ത മാക്കുന്നു. സന്ധ്യകളിൽ തേക്കുകൊട്ടയാൽ വെള്ളം തേവി കൃഷിയിടങ്ങൾ നനച്ചിരുന്ന പഴയരീതിക്ക് പരിവർത്തനമുണ്ടാവുകയും വികസിതമായ കാലഘട്ടത്തിൽ അണക്കെട്ടുകളിൽ നിന്ന് ചാലുകളിലൂടെ വെള്ളം കൃഷിയിടത്തിലെത്തിക്കുകയും ചെയ്യുന്നു. അണക്കെട്ടുകൾ നാടിന് പുതുമയും ഉണർവ്വും നൽകിയതായി പറയുന്ന കവിത വികസനത്തിന്റെ പക്ഷത്താണ് നിൽക്കുന്നത്.

ജലവൈദ്യുതപദ്ധതികൾ വർദ്ധിച്ചു വരുന്ന സമകാലിക സാഹചര്യത്തെയാണ് ഇടശ്ശേരിയുടെ 'ലിഫ്റ്റ് ഇറിഗേഷൻ കനാൽ' എന്ന കവിതയും അടയാളപ്പെടുത്തുന്നത്. അണക്കെട്ടുകളാണ് നാടിന്റെ വികസനമാതൃകകളെന്ന പൊതുബോധത്തെ കവിത ചോദ്യം ചെയ്യുന്നു. അനേകം വനങ്ങളും വയലുകളും നാടുകളും നശിപ്പിച്ച് ഇറിഗേഷൻ പ്രൊജക്ടുകൾ വികസിപ്പിക്കുമ്പോൾ തനതുജൈവവൈവിധ്യം അന്യം നിന്നു പോകുന്നതായി കവിത തിരിച്ചറിയുന്നു.

"സമൃദ്ധികുന്നുകൂടുന്ന
പത്തായംമുദ്ര വെച്ചും നാം

നാറ്റത്തോടു പുഴുക്കേടും
ചോർച്ചയും ഗണിയാതെ താൻ
തന്നാളൂണരിസൂക്ഷിപ്പൂ
റേഷൻ പീടികതോറുമേ!" (2012:565)

അണക്കെട്ടുകളെ ശരിയായ രീതിയിൽ ഉപയോഗിക്കാതെ കൃഷിയിടങ്ങൾ നശിപ്പിച്ച് അരിക്ക് റേഷൻകടകളെ ആശ്രയിക്കുന്ന കേരളീയ ബോധത്തെ കവിത തുറന്നു കാണിക്കുന്നു. അതിനെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരാണ് കേരളത്തിൽ ഭരണം നടത്തുന്നതെന്ന വൈരുദ്ധ്യവും കവിത വെളിപ്പെടുത്തുന്നു. ഇവിടെ വികസനപക്ഷ ത്താണ് കവിത നിൽക്കുന്നത്. പല വികസനപദ്ധതികളും പാതിവഴിക്ക് നിന്ന് പോകു ന്നതിനെക്കൂടി കവിത പരാമർശിക്കുന്നു. വെള്ളത്തിന്റെ ഒഴുക്കില്ലാതെ കെട്ടിക്കിടക്കുന്ന കനാലുകൾ നീർക്കെട്ടാൽ നീലനിറമായിരിക്കുന്നതായി കവിത പരാമർശിക്കുന്നു (2012:565). പലതരം വികസനപദ്ധതികൾ കൊണ്ടുവരികയും പാതിവഴിക്ക് ഉപേക്ഷിക്കു കയും ചെയ്യുന്ന സർക്കാർ നടപടിയെ ആക്ഷേപഹാസ്യ ത്തിലൂടെ കവിത പരിഹസി ക്കുന്നു. കാർഷികപ്രകൃതിയുടെ നാശത്തെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

പ്രകൃതിയോടു പോരാടുന്ന മനുഷ്യരെയാണ് വൈലോപ്പിള്ളിയുടെ 'പടയാളികൾ' എന്ന കവിത അവതരിപ്പിക്കുന്നത്. കാർഷികപ്രകൃതിയെ പ്രതികൂലമായി ബാധിക്കുന്ന പ്രകൃതിശക്തികളോട് പടവെട്ടി മുന്നേറുന്ന കർഷകരെ പടയാളികൾ എന്നാണ് കവി വിശേഷിപ്പിക്കുന്നത്. കാർഷികപ്രകൃതിയുടെ കവിയായ വൈലോപ്പിള്ളി കർഷകരുടെ പക്ഷത്താണ് ഈ കവിതയിൽ നിൽക്കുന്നത്. 'കേരളകവി' എന്ന കവിതയിൽ വൈലോപ്പിള്ളി കാർഷികവൃത്തിയിലൂടെ നമ്മെ പുലർത്തിയ പൂർവ്വികർക്ക് നാം നൽകേണ്ട തിലോദകം കൃഷിതന്നെയാണെന്ന് പറയുന്നു. കാടുകൾ വെട്ടിയും തോടുകൾ നിർമ്മിച്ചും പുഴയിൽ അണകെട്ടിയും കൃഷിക്കനുകൂലമായ പാരിസ്ഥിതികാവസ്ഥ മനുഷ്യൻ നിർമ്മിച്ചിട്ടുണ്ട് (2001:372-373). പരിസ്ഥിതിയുടെ സ്വാഭാവികതയിലുള്ള മനുഷ്യ ഇടപെടലാണിത്. അതുണ്ടാകുന്ന പാരിസ്ഥിതികാഘാതങ്ങളെക്കുറിച്ച് ആശങ്കപ്പെടുന്നതിനുപകരം മനുഷ്യാധ്വാനത്തെ പുകഴ്ത്തുകയാണ് കവിത.

"കൂറുപാടുകൾ നോക്കി,-
ക്കേടുപാടുകൾ പോക്കി,
ക്രൂരയാം പ്രകൃതിയെ
വളർത്തു മൃഗമാക്കി" (2001:373)

ഇത്തരത്തിൽ പ്രകൃതിയെ മനുഷ്യന്റെ വളർത്തുമൃഗമാക്കിയതിൽ കവിത അഭിമാനിക്കുന്നു. 'ക്രൂരയായ പ്രകൃതി' എന്നാണിവിടെ പരാമർശം പ്രകൃതിയിൽ ക്രൂരതയാണ് മനുഷ്യർ ആരോപിക്കുന്നത്. മനുഷ്യകേന്ദ്രിതചിന്താഗതിയുടെ പക്ഷത്താണ് ഇവിടെയെല്ലാം വൈലോപ്പിള്ളി നിലയുറപ്പിക്കുന്നത്.

'വിഷുക്കണി' എന്ന കവിത ഏറെ ഇഷ്ടപ്പെട്ടിരുന്ന കാർഷികവൃത്തിയുടെ നാശത്തെയാണ് സൂചിപ്പിക്കുന്നത്. വിഷുക്കാലത്തിന്റെ പഴയ ഓർമ്മകളിലേക്ക് കവി തിരിഞ്ഞുനോക്കുന്നു. കൂട്ടുകാരോടൊപ്പം പെറുക്കുന്ന നാട്ടുമാമ്പഴങ്ങളുട്ടെ സ്വാദും വയലിന്റെമണവും മുത്തപ്പൻതാടിയുടെ ചാഞ്ചാട്ടവും കവി ഓർമ്മിക്കുന്നു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആഘോഷമാണ് വിഷു. എന്നാൽ വ്യവസായയുഗത്തിൽ വിഷുവിന് കാർഷികവൃത്തിയുമായുള്ള ബന്ധം ഇല്ലാതായിരിക്കുന്നു.

"കീഴടക്കുന്നു പോലും മനുജൻ പ്രകൃതിയെ
കീഴടക്കാതേ, സ്വയമങ്ങു കീഴടങ്ങാതെ" (2001:530)

എന്നാണ് കവി അഭിപ്രായപ്പെടുന്നത് പ്രകൃതിയെ കീഴടക്കുകയോ സ്വയം പ്രകൃതിക്ക് കീഴടങ്ങുകയോ ചെയ്യരുതെന്നാണ് കവി വ്യക്തമാക്കുന്നത്. അതിനു പകരം

"അവളെ സ്നേഹത്തിനാൽ സേവിച്ചുവശയാക്കി,-
യരിയസഖിയാക്കി, വരിച്ചു പാലിക്കുകിൽ
നാം ഭുജിക്കില്ലേ നിത്യമാ വരദയോടൊത്തു
ദാമ്പത്യ സുഖം പോലെ കായ്മുറ്റുമൊരു സുഖം"(2001:530)

എന്ന് കവി പറയുന്നു. അതായത് പുരുഷൻ ഒരിക്കലും സ്ത്രീയോടും പ്രകൃതിയോടും തോല്ക്കരുതെന്നും അവളെ അനുനയത്തിന്റെ/സ്നേഹത്തിന്റെ ഭാഷയിൽ തനിക്ക് കീഴെയാക്കണമെന്നും കവിത ബോധിപ്പിക്കുന്നു. കൃഷിയെന്ന അനുനയമാർഗ്ഗമാണ് കവിത നിർദ്ദേശിക്കുന്നത്. ഇവിടെ പുരുഷൻ കേന്ദ്രമാകുന്നു. പ്രകൃതിയും സ്ത്രീയും കീഴടക്കപ്പെടേണ്ടതാണെന്ന ചിന്താഗതിയാണിവിടെ പ്രവർത്തിക്കുന്നത്. "ശാസ്ത്രീയ വിപ്ലവമെന്ന് കൊട്ടിഘോഷിക്കപ്പെട്ട 15 മുതൽ 17 വരെ നൂറ്റാണ്ടുകളിൽ സംജാതമായ പടിഞ്ഞാറൻ പുരുഷന്റെ പദ്ധതിയാണത്. ആധിപത്യശാസ്ത്രം, മാനവരാശിയെ മൊത്തത്തിൽ വിമോചിപ്പിക്കുന്നതിനുള്ള ശക്തിയായി ആവിർഭവിച്ച തല്ലെന്നും (ആഗോളതലത്തിൽ ജീവിവർഗ്ഗങ്ങളുടെ നന്മയെ ലാക്കാക്കുന്നതാണ് അതെന്ന സ്വയം ന്യായീകരണമാണ് ആധിപത്യശാസ്ത്രത്തിനുള്ളത്) സ്ത്രീകളെയും പ്രകൃതിയെയും

ആധീനതയിലാക്കുവാൻ ആവിഷ്ക്കരിക്കപ്പെട്ട പുരുഷത്വപരവും പുരുഷാധിപത്യപര വുമായ പദ്ധതിയാണിതെന്നും കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ സ്ത്രീവാദ പണ്ഡിതർ തിരിച്ചറിഞ്ഞിട്ടുണ്ട്" എന്ന അഭിപ്രായത്തെപ്പോലെ സ്ത്രീയെയും പ്രകൃതി യെയും അനുനയത്തിലൂടെ കീഴടക്കാനാണ് പുരുഷാധിപത്യസമൂഹം ശ്രമിക്കുന്നത് (വന്ദനശിവ, 2014:51). ഇത്തരമൊരാശയം തന്നെയാണ് കവിതയിൽ പ്രവർത്തിക്കുന്നത്

'യുഗപരിവർത്തനം' എന്ന വൈലോപ്പിള്ളിക്കവിത കാർഷികയുഗത്തിന്റെ പരിവർത്തനത്തെയാണ് അടയാളപ്പെടുത്തുന്നത്. കാർഷികവ്യവസ്ഥയിൽ ജന്മിത്തം അവസാനിച്ച് യന്ത്രവൽക്കരണം ആരംഭിച്ച കാലത്തിന്റെ പ്രതിനിധീകരണമാണീ കവിത

"ഇന്നലെപ്പൂങ്കോഴിതൻ
കൂകലേ ചെവിക്കൊണ്ടോ
രിന്നു കമ്പനിച്ചൂള
വിളികേട്ടുണരുന്നു" (2001:414)

ഇത്തരത്തിൽ വ്യവസായയുഗത്തിന്റെ അടയാളങ്ങൾ സമൂഹത്തിൽ കാണപ്പെടുന്നു. കാർഷികരീതിയിൽ നൂതന സംരംഭങ്ങൾ കടന്നു വരുന്നു. പാരമ്പര്യകാർഷികരീതികളും ജന്മിത്തവും തകർന്നാലും പുതിയൊരു കാർഷികസംസ്കൃതി നമുക്ക് സ്വന്തമാകും എന്ന പ്രതീക്ഷയാണ് കവിത പുലർത്തുന്നത്. വികസനത്തെ സ്വാഗതം ചെയ്യുന്ന മനോഭാവമാണ് ഈ കവിതയും പുലർത്തുന്നത്.

'ചലനവും ശബ്ദവും' എന്ന കൃതിയിലും കാർഷികജീവിതമാണ് പരാമർശിക്ക പ്പെടുന്നത്. 'കുടിയൊഴിക്കൽ' എന്ന ഖണ്ഡകാവ്യം കാർഷികജന്മിത്ത വ്യവസ്ഥയെയാണ് പ്രതിനിധാനം ചെയ്യുന്നത്. വൈലോപ്പിള്ളിയുടെ പ്രകൃതി കാർഷിക പ്രകൃതിയാണ്. സ്വാഭാവിക പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് മനുഷ്യന് കൂടുതൽ ഉപയോഗപ്പെടുന്ന കാർഷികപ്രകൃതിയിലേക്ക് മാറാനാണ് വൈലോപ്പിള്ളിയുടെ കവിതകൾ ആഹ്വാനം ചെയ്യുന്നത്. യന്ത്രയുഗത്തിൽ അതിനനുസൃതമായ ജീവിതം നയിക്കണമെന്ന് 'കിളിയും മനുഷ്യനും' എന്ന കവിതയും വ്യക്തമാക്കുന്നു.

"ഒരു ദുർമ്മണമേറ്റാൽ ചുളിയും മൂക്കാണെനി
യ്ക്കൊരു ദൂനത കണ്ടാലുരുകും മിഴികളും
ഒരു സൗഹൃദം തൊട്ടാലലിയും ഹൃദയവും
ഇരുമ്പായ്ച്ചമയേണ്ടുമീ യന്ത്രയുഗത്തിങ്കൽ" (2001:582)

എന്നിങ്ങനെ മനുഷ്യമനസ്സിലെ ആർദ്രതകൾ യന്ത്രയുഗത്തിൽ നഷ്ടപ്പെടുന്നതായി കവിത തിരിച്ചറിയുന്നുണ്ട്.

ചങ്ങമ്പുഴ, പി. കുഞ്ഞിരാമൻനായർ, വയലാർ എന്നിവരിൽ കൃഷി/വ്യവസായദ്വന്ദം പൊതുവെ നശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

#### 4.3.3.3.4. ആധുനികതാഘട്ടം

അയ്യപ്പപ്പണിക്കരുടെ 'മരണത്തിനപ്പുറം' എന്ന കവിത യന്ത്രസംസ്കാരത്തിന്റെ കടന്നുവരവ് സ്വാഭാവിക പ്രകൃതിയിലുണ്ടാക്കിയ ആഘാതങ്ങളെ വിഷയമാക്കുന്നു. വ്യവസായയുഗത്തിൽ ഒറ്റശ്വാസത്തിലൂടെ മരണമെത്തുമെന്നും ചുറ്റും മരണമാണെന്നും വ്യക്തമാക്കുന്നു.[97] യന്ത്രങ്ങളുടെയും വ്യവസായങ്ങളുടെയും വളർച്ച ജലവും വായുവും മലിനമാക്കിയതിനൊപ്പം മനുഷ്യന്റെ മനസ്സും മലിനമാക്കിയെന്നും അതോടൊപ്പം ഭൂമിയും സ്വർഗ്ഗവും മലിനപ്പെട്ടെന്നും കവിത സൂചിപ്പിക്കുന്നു. ഭൂമിക്ക് ഒടുവിലായ് ജനിച്ച മനുഷ്യനായ മകൻ അമ്മയ്ക്ക് തിരിച്ചു നൽകിയത് മരണമാണെന്നും അവൻ ഇഞ്ചിഞ്ചായി അമ്മയായ ഭൂമിയെ കൊല്ലുന്നുവെന്നും കവിത തിരിച്ചറിയുന്നു. മനുഷ്യന്റെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളെല്ലാം തന്നെ പരിസ്ഥിതിയെ പലതരത്തിലും ബാധിക്കുന്നതാണെന്ന് കവിത അടയാളപ്പെടുത്തുന്നു.

വികസനം കൃഷിഭൂമിയെ ഇല്ലായ്മ ചെയ്തതായി പ്രതിപാദിക്കുന്ന കവിതയാണ് സച്ചിദാനന്ദന്റെ 'ഏഴിമല'

> "പെട്ടെന്നൊരു ദിവസം
> പ്രകൃതിക്കും മനുഷ്യനുമെതിരെ
> യുദ്ധം പ്രഖ്യാപിക്കപ്പെട്ടു" (2016:336)

ആ യുദ്ധത്തിൽ വയലും കടലുമെല്ലാം നഷ്ടമാകുന്നു. അണ്ണാറക്കണ്ണനും ഓലേഞ്ഞാലിക്കും പുള്ളിനുമെല്ലാം സ്വന്തം ആവാസവ്യവസ്ഥയിൽ നിന്ന് പുറത്തുകടക്കേണ്ടി വന്നു. ഇത്തരത്തിൽ വികസനത്തിന്റെ ഫലമായി സാധാരണക്കാരായ ജനങ്ങൾക്കും ഇതരജീവികൾക്കും ജീവിക്കാനുള്ള അവകാശം തന്നെ നിഷേധിക്കപ്പെട്ടു. വികസനമുണ്ടാക്കുന്ന നഷ്ടങ്ങളുടെ തിരിച്ചറിവുകൂടിയാണ് ഈ കവിത. ഏഴിമലയിലെ കർഷകരെ കുടിയിറക്കി നേവൽഅക്കാദമി സ്ഥാപിക്കുന്നതിനെതിരെ രചിക്കപ്പെട്ട ഈ കവിത ഓരോ വികസന പ്രവർത്തനത്തിന്റെയും പിന്നിലുള്ള നഷ്ടങ്ങളുടെയും യാതനകളുടെയും കരച്ചിലിന്റെയും അടയാളപ്പെടുത്തൽ കൂടിയാണ്.

വ്യവസായയുഗത്തിൽ യന്ത്രങ്ങൾക്ക് പ്രാധാന്യം കൈവരുന്നതിന്റെ ചിത്രീകരണമാണ് സച്ചിദാനന്ദന്റെ 'യന്ത്രം' എന്ന കവിത. മനുഷ്യന്റെ അധികാരഭ്രമത്തെയും കവിത പരാമർശിക്കുന്നു. ഭൂമിയെ മുഴുവൻ ജയിച്ച ചക്രവർത്തിക്ക് സ്വർഗ്ഗത്തിൽ ജയം നേടാനായുള്ള യന്ത്രത്തിനായി ലോകത്തിലെ മുന്തിയ ശാസ്ത്ര ശിൽപിയെ തിരഞ്ഞെടുക്കുന്നു. ഏഴുദിവസം കൊണ്ട് യന്ത്രം നിർമ്മിച്ച് പാരിതോഷികം വാങ്ങി തിരിച്ചു പോകുന്ന യന്ത്രത്തിന്റെ നിർമ്മാതാവ്

"കിളിയുടെ പാട്ടുണ്ണി കേട്ടിടൊല്ലേ!
നിറനിലാവിൽ തന്നെ വിട്ടിടൊല്ലേ!
പൂക്കൾ മണക്കാനിടവരൊല്ലേ!
പുഴയിൽ കുളിക്കാനിറക്കിടൊല്ലേ!" (2016:524)

എന്നിങ്ങനെ പ്രകൃതിയുമായി യാതൊരുവിധ ബന്ധവും പാടില്ലെന്ന് വിലക്കുന്നു. എന്നാൽ ഏതെല്ലാം വിധത്തിൽ പ്രതിരോധിച്ചിട്ടും പൂക്കാലവും വേനലും ശരത്കാലവും മഞ്ഞുകാലവും യന്ത്രഉണ്ണിയുടെ അടുത്തെത്തി. പല്ലിയും അണ്ണാറക്കണ്ണനും സൂര്യനും തുമ്പികളും ചന്ദ്രനും അമ്മയുടെ മുലപ്പാലും ഉണ്ണിയുടെ അരികിലെത്തിയപ്പോൾ അതിന് പ്രകൃതിയുമായി അടുപ്പമുണ്ടാകുന്നു. കാവൽക്കാർ തീർത്ത പ്രതിരോധങ്ങളയെല്ലാം തകർത്തു കൊണ്ട് യന്ത്രം പ്രകൃതിയിലേക്ക് മടങ്ങുന്നു. കുഞ്ഞുമുയലിനും ആട്ടിൻ കുട്ടിക്കും മാവിൻ തൈയ്യിനും കുഞ്ഞിക്കുറുമ്പനുമുമ്മ കൊടുക്കുന്നു. പൂത്തമരത്തിനെ അമ്മയായി സങ്കല്പിക്കുന്നു. യന്ത്രം പിന്നീട് കൊട്ടാരത്തിലെത്തുകയും രാജാവിനോട് സ്വർണ്ണപ്പടയ്ക്കും സ്വർഗ്ഗപ്പടയ്ക്കും പോകരുതെന്നും

"സ്വർണ്ണപടയ്ക്ക് നീ പോകവേണ്ടാ
അമ്മമാർ കണ്ണീരിൽ മുങ്ങുവാനോ?
സ്വർഗ്ഗപ്പടയുമൊരുക്കവേണ്ടാ
ചന്ദ്രൻ വിഷം തീണ്ടി മങ്ങുവാനോ?
പാതി നിൻ പൊന്നു മതി വിശക്കും
ലോകത്തിനപ്പവും പാലുമേകാൻ
പാതി ഹൃദയം മതി മരിക്കും
ഭൂമിക്കുപച്ച തിരിച്ചു നൽകാൻ" (2016:525)

എന്നിങ്ങനെ അധികാരമോഹം ഉപേക്ഷിച്ച് പ്രകൃതിയെയും ഭൂമിയെയും അറിയാൻ ആവശ്യപ്പെടുന്നു. യന്ത്രങ്ങളായി മാറിയ മനുഷ്യജീവിതങ്ങളെയാണ് കവിത

പ്രതിനിധാനം ചെയ്യുന്നത്. പ്രകൃതിയെ അറിയാതെ കരുണയോ സ്നേഹമോ ഇല്ലാതെ ഉന്നതഅധികാരങ്ങളിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന മനുഷ്യരെ കവിത പ്രതിനിധീ കരിക്കുന്നു. ഓരോ മനുഷ്യനും ഇത്തരത്തിൽ യന്ത്രാവസ്ഥയിൽ നിന്നും മനുഷ്യത്വ ത്തിലേക്ക് തിരിച്ചെത്തേണ്ടതുണ്ട് എന്നും കവിത ബോധ്യപ്പെടുത്തുന്നു.

'വരവ്' എന്ന ഡി. വിനയചന്ദ്രന്റെ കവിത മരുഭൂമിയുടെ വരവിനെയാണ് പ്രതിപാദിക്കുന്നത്.

> "നമ്മുടെ ഇടയിലേക്ക്
> മെല്ലെ ഒരു മരുഭൂമി വളർന്നു വരുന്നു" (1999:51)

മനുഷ്യരാകട്ടെ അത് അറിയുന്നുമില്ല. അവൻ മുകളിലേക്കുമാത്രം നോക്കി നിലാവിന്റെ പാട്ട് കേൾക്കുകയും മണ്ണിനടിയിലെ നിശ്വാസം കേൾക്കാതിരിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ മുന്നേറ്റം മരുഭൂമിയുടെ കൂടി മുന്നേറ്റമാകുന്നു. വ്യവസായങ്ങളുടെ വളർച്ച യെയും കീടനാശിനിപ്രയോഗത്തെയും കവിത പരാമർശിക്കുന്നു.

> "ഫാക്ടറിയിലെ പുകപടലത്തിൽ
> മീരാബെന്നിന്റെ പ്രാവുകൾ അപ്രത്യക്ഷമാകുന്നു
> കയ്പയ്ക്കായുടെ മുകളിൽ
> കുരീപ്പുഴകളും കീടനാശിനികളും" (1999:51)

എന്നിങ്ങനെയാണ് പുതിയ രീതികൾ കവിത അവതരിപ്പിക്കുന്നത്. ഫ്രിഡ്ജ് വാട്ടർ അഭിമാനത്തോടെയും പുതുമയോടെയും കുടിക്കുമ്പോൾ വരാനിരിക്കുന്ന മരുഭൂവൽക്കര ണത്തെക്കുറിച്ച് നാം ഓർക്കുന്നില്ല. ഇത്തരത്തിൽ മാനുഷികമായ നന്മയുടെ നാശം മരുഭൂമിയുടെ വരവിന്റെ വേഗത വർദ്ധിപ്പിക്കുന്നു എന്ന മുന്നറിയിപ്പാണ് കവിത നൽകുന്നത്. ഇതെല്ലാം മനുഷ്യജീവിതത്തെ ബാധിക്കുന്നതാണെന്ന ചിന്തയിലൂടെ മനുഷ്യകേന്ദ്രിതത്വത്തിലാണ് കവിത നിൽക്കുന്നത്.

അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, വിനയചന്ദ്രൻ എന്നിവർ മാത്രമാണ് ഈ ഘട്ടത്തിൽ പൊതുവെ കൃഷി/വ്യവസായദ്വന്ദ്വം പ്രകൃതിനശീകരണരീതിയിൽ അവതരിപ്പിച്ചിട്ടുള്ളത്.

#### 4.3.3.3.5. ആധുനികതാനന്തരഘട്ടം

'ഒരു മൈക്കുസെറ്റുകാരന്റെ ഏകാന്തത' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയിൽ പുതിയ വികസനരീതികൾ അവതരിപ്പിക്കുന്നു. വികസനത്തിലൂടെ നഷ്ടപ്പെട്ട പ്രകൃതി

ഒരിക്കലും തിരിച്ചു കിട്ടാത്തവിധം അപ്രത്യക്ഷമാകുന്നതായി കവിത സൂചിപ്പിക്കുന്നു.

> "പൂട്ടിയും വിതച്ചും കൊയ്തും കഴിയാവുന്ന
> ഒരു നിലം ഇനി ഉയിർത്തുവരില്ല" (2016: 291)

എന്ന കാര്യത്തിൽ മൈക്കുസെറ്റുകാരൻ ആണ്ടിക്ക് സംശയമില്ല. പാടങ്ങളെല്ലാം നികത്തി കെട്ടിടങ്ങൾ പണിത് വികസനം മാത്രം ലക്ഷ്യം വെയ്ക്കുന്ന രീതിയാണ് ഇന്നുള്ളത്. വികസന സംരംഭങ്ങൾ പ്രകൃതിയുമായി അകന്ന സമീപനമാണ് സ്വീകരിക്കുന്നത്.

> "പക്ഷേ,
> ഉണ്ട്, എല്ലാ വികസനങ്ങൾക്കും ഒരറുതി
> ആർക്കുവേണ്ടി എന്ന ചോദ്യം
> റദ്ദാക്കപ്പെട്ടിരിക്കുന്നു.
> ജീവന്റെ അടിസ്ഥാനധാതുക്കളിലേക്കുപോലും
> വിഷം പകരാം,
> വികസനം, ചോദ്യങ്ങൾ പരിഗണിക്കുന്നില്ല"(2016: 291)

ഇങ്ങനെ വികസനം വിഷാദാത്മകമായി എവിടെയും ബാധിക്കുന്നു. മീറ്റിംഗുകളും പ്രസംഗങ്ങളും ആവർത്തനങ്ങൾ മാത്രമായി അനുഭവപ്പെടുന്ന ആണ്ടിക്ക് രാഷ്ട്രീയ ക്കാരുടെയും വികസനവാദികളുടെയും വികസനവിരുദ്ധരുടെയും പ്രസംഗങ്ങൾ ഏകാന്തതയാണ് നൽകുന്നത്. വികസനം വരുത്തിവയ്ക്കുന്ന പ്രകൃതിക്ഷയമെന്തെന്നും കവിത ആലോചിക്കുന്നു. പേരുകളും ഓർമ്മകളും മാത്രം അവശേഷിക്കുന്ന ഒരവസ്ഥ യാണ് വികസനം സമ്മാനിക്കുന്നത്. പുതിയ വികസന കാഴ്ചപ്പാടുകളിൽ പ്രകൃതിക്ക് സ്ഥാനമില്ല. ഓരോ വികസനപ്രവർത്തനങ്ങൾക്കും മുന്നോടിയായി പരിസ്ഥിതിപഠനം ആവശ്യപ്പെടുന്നുണ്ടെങ്കിലും അതിനെയെല്ലാം അട്ടിമറിച്ചുകൊണ്ട് പ്രകൃതിവിരുദ്ധമായ പ്രവർത്തനങ്ങൾ നിർബാധം തുടരുന്നു. അത്തരം അവസ്ഥകളെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

റഫീക്ക് അഹമ്മദിന്റെ 'കണാരേട്ടൻ പാത മുറിച്ചുകടക്കുന്നു' എന്ന കവിത കൃഷി/ വ്യവസായം എന്ന ദ്വന്ദ്വത്തെ അവതരിപ്പിക്കുന്നു. കണാരേട്ടൻ എന്ന കൃഷിക്കാരൻ വികസനകാലഘട്ടത്തെ ഉൾക്കൊള്ളാനാവാതെ ജീവിക്കുന്നു.

> "വൻപാത മുറിച്ചങ്ങേപ്പുറത്തേക്കു കടക്കുവാൻ
> വെമ്പുകയാണിക്കരെ കൂമ്പാറ കണാരേട്ടൻ

ഞങ്ങടെ ഗ്രാമത്തിലെ (എന്നിപ്പോൾ പറയാമോ)
പ്രാചീനകൃഷിക്കാരൻ, പെൻഷണർ, മൃത്യാസന്നൻ" (2016: 325)

എന്നിങ്ങനെയാണ് കവിത ആരംഭിക്കുന്നത്. പാത മുറിച്ചുകടക്കാൻ വെമ്പുന്ന കണാരേട്ടന് ഞങ്ങളുടെ ഗ്രാമം എന്നുപോലും പറയാനാവാത്ത ഇടത്തിലെ ജീവിതം അസഹ്യമായിരുന്നു. കൂനിയും മുടന്തിയും വിറച്ചും ഇരിക്കുകയാണെങ്കിലും ഓർമ്മത്തെറ്റാൽ വീട്ടുകാരുടെ കണ്ണുതെറ്റിയാൽ പാടത്തേക്കു ചെല്ലും. സമൃദ്ധമായ കാർഷിക പാരമ്പര്യത്തിന്റെ ഓർമ്മകൾ അയാളിലുണ്ട്. നിരന്നുകിടക്കുന്ന പാടങ്ങൾ, ഇരുപ്പൂവും മുപ്പൂവും വിളയേറ്റി മുടിഞ്ഞുപോയവ, ഞണ്ടുകളും വെൺകൊറ്റികളും ഞവുഞ്ഞിക്കുടുക്കകളും ഉണ്ടായിരുന്ന വയലുകൾ, മഞ്ഞുള്ള പുലരിയും കാറ്റുള്ള നട്ടുച്ചയും തവള കരയുന്ന രാത്രിയും, പ്രണയങ്ങൾ, മീനവേലകൾ, കൊടും വെയിലിൽ കറ്റക്കുറ്റിയെരിഞ്ഞ മണ്ണിൻദാഹം എന്നിവയൊക്കെ തൂർന്ന് നിവർന്ന പാതയിൽ പാടവരമ്പിൽ നിൽക്കുന്നതുപോലെ കണാരേട്ടൻ നിൽക്കുന്നതായി കവിത വ്യക്തമാക്കുന്നു. എന്നാൽ അബോധാവസ്ഥയിൽ കീറിയത്തഴപ്പായിൽ കിടക്കുന്ന അയാളിൽ കാർഷികജീവിതസ്മൃതകൾ നിറഞ്ഞുനിൽക്കുകയാണ്. ഞാറുമുളച്ചതു നോക്കുവാൻ പുൽപ്പച്ച വരമ്പിലെത്താറുണ്ടായിരുന്നു അയാൾ. എന്നാൽ ശ്വാസമയ യ്ക്കാൻ പണിപ്പെടുന്ന പാതയ്ക്കും മധ്യത്തിലാണയാൾ ഇപ്പോൾ നിൽക്കുന്നത്. കണ്ണിന്റെ കാഴ്ച മങ്ങിയെങ്കിലും

"നാൾക്കുനാൾ കണ്ണഞ്ചിക്കും മാതിരി വികസിച്ചു
മുന്നേറും തൻ ഗ്രാമത്തിന്നുജ്ജ്വലച്ഛായാചിത്രം
സ്വപ്നത്തിൽ മാത്രം കണ്ട സുന്ദരശകടങ്ങൾ
ആർപ്പിട്ട് ചീറിപ്പായും വിസ്മയ മഹാദൃശ്യം" (2016: 326)

എന്നിങ്ങനെ ചുറ്റുപാടുമുണ്ടാകുന്ന മാറ്റം അയാൾ തിരിച്ചറിയുന്നു. മഴക്കാലാഘോഷം തീരുമ്പോൾ കൈത്തോട്ടിലെ ഓരുവെള്ളത്തിൽ മീൻ പിടിച്ചും നീർക്കോലി തലപൊന്തിച്ചു കടന്നുപോകുന്നതും കൊറ്റികൾ ചുറ്റും പാറുന്നതും നോക്കിയും കിളികളെ കൈവീശി ഓടിച്ചും കണാരേട്ടൻ പാടവരമ്പിലൂടെ നടന്നിരുന്നു. ഇത്തരത്തിൽ കാർഷികജീവിതരീതി അയാളുടെ നിശ്വാസമായി നിലനിൽക്കുന്നു. ഇത്തരത്തിൽ കാർഷികമേഖലയുടെ നാശം കർഷകനാണ് സംഘർഷമായിത്തീരുന്നത്. അതായത് ഒരു വിഭാഗം മനുഷ്യർക്ക് ഈ മാറ്റങ്ങൾ ഉൾക്കൊള്ളാനാവുന്നില്ല. അല്ലാതെ വികസ നങ്ങൾ പ്രകൃതിക്കുണ്ടാക്കുന്ന അധഃസ്ഥിതാവസ്ഥയല്ല കവിതയുടെ പ്രധാന

പ്രമേയമാക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യപക്ഷത്താണ് കവിത നിൽക്കുന്നത്.

നാടിന്റെ പച്ചപ്പുകൾ ഇല്ലാതാവുന്ന ഘട്ടത്തിൽ അത് വാങ്ങാനും വിൽക്കാനും ശ്രമിക്കുന്ന ഒരു വിഭാഗത്തെയാണ് പി.പി. രാമചന്ദ്രന്റെ 'ബത്തേരിക്കടുത്ത് മലങ്കരയിൽ' എന്ന കവിത അവതരിപ്പിക്കുന്നത്. സുഹൃത്തിന്റെ വാടക വീടിന്റെ വരാന്തയിലിരുന്നു കണ്ട നെല്പാടങ്ങളുടെ പച്ച ഫോണിൽ ക്ലിക്ക് ചെയ്ത് അപ്ലോഡ് ചെയ്തപ്പോൾ

"ഹാ! വയനാട്  
ഇല്ല പോയിട്ടില്ല പച്ചകൾ  
തൂങ്ങിയിട്ടില്ല കർഷകർ  
ഉണ്ട് ചിലതെങ്കിലും ബാക്കി  
ഈ ചിത്രം സാക്ഷി" (2015: 276)

എന്നിങ്ങനെയുള്ള കമന്റുകളാണ് വന്നത്. പച്ചപ്പുകൾ ബാക്കിയുണ്ടെന്നതിന് ചിത്രം തെളിവായി മാറുന്നു. നാട്ടിൽ വരുമ്പോൾ നോക്കിയിരിക്കാനായി ഇത്തിരി പച്ചപ്പ് ബാക്കി വയ്ക്കണമെന്നും അതിനാൽ ഈ കാണുന്ന ഇടം എവിടെ എത്ര സെന്റാണെങ്കിലും എന്തുവില കൊടുത്തും വാങ്ങാമെന്നും കമന്റ് ചെയ്യുന്നു. എന്നാൽ

"ഇതാ,  
ഈ ലോകത്തിന്റെ അവതാരമൂർത്തി ചോദിക്കുന്നു  
പറയൂ  
മലകളെ മരങ്ങളേ  
കുറുമരേ കുറിച്യരേ  
നിങ്ങൾ ആകെ എത്ര ജീബി?" (2015: 276)

എന്ന ചോദ്യം മൊബൈൽ പ്രകൃതിയെ സൂചിപ്പിക്കുന്നു. പ്രകൃതിയെ മൊബൈൽ ദൃശ്യങ്ങളിൽ ഒതുക്കുന്ന തലമുറയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. സ്വാഭാവിക പ്രകൃതിയെ നശിപ്പിച്ച് നഗരം സൃഷ്ടിച്ചതിനുശേഷം മൊബൈലിൽ പ്രകൃതിദൃശ്യങ്ങൾ ആസ്വദിക്കുന്നതിലെ വൈരുദ്ധ്യമാണ് കവിത വിഷയമാക്കുന്നത്. ടെക്നോളജിയുടെ വളർച്ച പ്രകൃതിസൗന്ദര്യ ആസ്വാദനത്തിലുണ്ടാക്കിയ വ്യതിയാനമാണ് ഇവിടെ സൂചിതമാകുന്നത്. കവിത പ്രകൃതിപക്ഷത്തല്ല മനുഷ്യപക്ഷത്താണ് നിലയുറപ്പിക്കുന്നത്. മനുഷ്യന് ആസ്വദിക്കാനായി ഇത്തിരി പച്ചപ്പ് ബാക്കിവെക്കേണ്ടതുണ്ട് എന്ന കാഴ്ചപ്പാടിന്റെ കൂടി അവതരണമാണീ കവിത.

മോഹനകൃഷ്ണൻ കാലടിയുടെ 'തേങ്ങൽപ്പാടം' എന്ന കവിത കാർഷിക വ്യവസ്ഥിതിയുടെ അവസാനത്തെക്കുറിക്കുന്നു. പാടത്ത് മൂവന്തി വന്നപ്പോൾ മേയുന്ന പൈക്കൾ മടങ്ങുന്ന കാഴ്ചയിൽ നിന്നാണ് കവിത ആരംഭിക്കുന്നത്.

"മാളിക കേറ്റുവാൻ സമ്മതിച്ച്
മണ്ണിട്ടുതീർക്കുവാൻ ഒപ്പുവെച്ച്
തന്റെ ജന്മത്തിന്നൊടുവിലത്തെ
കൊയ്ത്തും മെതിയും കഴിഞ്ഞപാടം" (2013: 102)

എന്നിങ്ങനെ പാടത്തിന്റെ സമകാലികാവസ്ഥ കവിത വ്യക്തമാക്കുന്നു. പന്തുകളിക്കുന്ന കിടാങ്ങളെക്കണ്ട് വെയിൽ മൂകമാകുന്നതായും കൈതയോടെന്തൊ പറഞ്ഞു നിൽക്കുമ്പോൾ കാറ്റിന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നതായും കവിത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ കൃഷിയിടങ്ങൾ ഇല്ലാതാകുന്ന അവസ്ഥയെയാണിവിടെ അവതരിപ്പിക്കുന്നത്.

'മലയാളം' എന്ന സെബാസ്റ്റ്യന്റെ കവിത കേരളത്തിന്റെ സമകാലികാവസ്ഥയുടെ വെളിപ്പെടുത്തലാവുന്നു. അമൃത്സറിലെ ഒരു പുലരിയിൽ സർദാർജി കേരളീയനോട് നിങ്ങളുടെ നാട്ടിലെ വയലുകളും ഇങ്ങനെയോ എന്നു ചോദിക്കുമ്പോൾ മറുപടി പറയാനാവാതെ കുഴങ്ങുന്ന അവസ്ഥയാണ് കേരളീയജനതയ്ക്കുള്ളത്. ആ ചോദ്യം കേട്ട് കവി കേരളത്തിലെ പാടങ്ങളെ ഓർക്കുന്നു.

"നാട്ടിലെ അംബരചുംബികളായ
കോൺക്രീറ്റ് പാടങ്ങൾ ഓർത്തു.
വറ്റിയ പുഴകളെ ഓർത്തു.
മടിയരായ നമ്മൾ പണിയെടുപ്പിക്കുന്ന
പരദേശികളെ ഓർത്തു.
അണിയുന്ന
പൊയ്മുഖങ്ങളെ ഓർത്തു". (2013: 41)

മലയാളത്തിന്റെ തനിമയും പാരമ്പര്യവും നഷ്ടപ്പെടുത്തിക്കൊണ്ട് പുതിയ ജീവിത രീതികൾ തേടുന്ന ആധുനികമനുഷ്യനെയാണ് കവിത അടയാളപ്പെടുത്തുന്നത്. കേരളത്തിന്റെ കാർഷിക പൈതൃകത്തെ നശിപ്പിച്ച് കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുകയും പുഴകൾ മലിനപ്പെടുത്തി വരൾച്ചയും മലിനീകരണവും സൃഷ്ടിക്കുകയും വീടുപണികൾക്കും മറ്റുമായി പരദേശികളെ ഏല്പിച്ച് മടിയരായി ഇരിക്കുകയും ചെയ്യുന്ന

കേരളീയന്റെ ജീവിതരീതി പലവിധത്തിലും തിരിച്ചടികൾ ഉണ്ടാക്കും. ഇത്തരം പരിവർത്തനങ്ങൾ സംഭവിച്ചിട്ടും മലയാളത്തെയും കേരളത്തെയും പഴയ പാരമ്പര്യം പറഞ്ഞ് അഭിമാനം കൊള്ളുന്ന ചിലരുണ്ടെന്നും കവിത ചൂണ്ടിക്കാണിക്കുന്നു. അവരുടെ ഉളുപ്പില്ലായ്മയെ കവിത പരിഹസിക്കുന്നുണ്ട്. കേരളീയന്റെ സമകാലജീവിതരീതിയാണ് കവിത വിമർശനവിധേയമാക്കുന്നത്.

സെബാസ്റ്റ്യന്റെ 'ഉള്ളിടത്ത്' പ്രവാസിയുടെ കാർഷികമോഹം അവതരിപ്പിക്കുന്നു. രാജസ്ഥാനിലെ ഏതോ ഗ്രാമത്തിൽ കണ്ട കർഷകനെപ്പോലെ വയലിൽ പണിയെടുക്കണമെന്ന് പ്രവാസി ആഗ്രഹിക്കുന്നു. കൃഷി നടത്തുന്നതാകട്ടെ

> "നാട്ടുമ്പുറത്തെ വീടും പറമ്പും വിറ്റുവാങ്ങിയ
> ടൗണിലെ ഫ്ളാറ്റിനു മുന്നിൽ:
> ആറ് സ്ക്വയർഫീറ്റ് കോൺക്രീറ്റ് ഭൂമിയുണ്ടല്ലോ, അവിടെ" (2013: 50)

വീടും പറമ്പും വിറ്റ് ടൗണിലെ ഫ്ളാറ്റിലേക്ക് കുടിയേറുന്ന ജനതയാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. നഗരവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളീയ ജീവിതത്തിന്റെ പ്രതിനിധാനമാണ് കവിത. തെങ്ങും മാവും പ്ലാവുമെല്ലാം വെട്ടിമാറ്റി കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്ന, കൃഷിയിടങ്ങൾ നികത്തി കെട്ടിടങ്ങളോ റബ്ബർ പോലുള്ള നാണ്യവിളകളോ ഉത്പാദിപ്പിക്കുന്ന കാലഘട്ടമാണിത്. അത്തരം കാലമാണ് 'ഉള്ളിടത്ത്' എന്ന കവിതയിൽ പരാമർശിക്കപ്പെടുന്നത്. നെല്ലും കപ്പയും കാച്ചിലും സമൃദ്ധമായി വിളഞ്ഞ കാലഘട്ടത്തിലേക്കുള്ള തിരിച്ചുപോക്ക് കവിത ആഗ്രഹിക്കുന്നു.

കാർഷികമേഖല അവസാനിച്ച് വികസനം വന്നതിന്റെ അടയാളമായ യന്ത്രങ്ങളെ അവതരിപ്പിക്കുന്നു സെബാസ്റ്റ്യന്റെ 'വീര്യം' എന്ന കവിത. കൊയ്ത്തുപാട്ട് വറ്റിയ പാടത്ത് വിശ്രമിക്കുന്ന യന്ത്രങ്ങൾ.

> "പെറ്റുപെരുകും
> പാടവും പറമ്പും കാടും തിന്നുതീർക്കും" (2015: 74)

എന്ന് വ്യക്തമാക്കുന്നു. ദിനോസറുകളെപ്പോലുള്ള യന്ത്രജീവികൾ കാർഷിക വ്യവസ്ഥയുടെ അവസാനത്തെയാണ് അടയാളപ്പെടുത്തുന്നത്. 'കൃഷി' എന്ന കവിതയും നഷ്ടപ്പെട്ട കാർഷികവ്യവസ്ഥയുടെ ഓർമ്മപ്പെടുത്തലാണ്. കടവും റോഡുവികസനവും ഇല്ലാതാക്കിയ കൃഷിയിടത്തെ ഓർത്ത് ഉള്ളംകൈയിൽ നെൽകൃഷി ചെയ്യുന്ന നൂറ്റാറ്റു വയസ്സുള്ള വൃദ്ധനെയാണ് കവിത അടയാളപ്പെടുത്തുന്നത് (2015: 19). ഉള്ളംകൈയിൽ

തന്നെ ഉഴുകയും വിതയ്ക്കുകയും ഞാറുനടുകയും കൊയ്യുകയും ചെയ്ത് അതേ കൈകൊണ്ട് പുന്നെല്ലരിക്കഞ്ഞി കോരിക്കുടിക്കുന്നു. കാർഷികവ്യവസ്ഥയുടെ നഷ്ടത്തിൽ മാനസികമായി തകരുന്ന കൃഷിക്കാരനാണ് കവിതയുടെ കേന്ദ്രം.

'രണ്ടുകൊയ്ത്തുകാർ' എന്ന എസ്. ജോസഫിന്റെ കവിതയിൽ കഴിഞ്ഞുപോയ കൊയ്ത്തുകാലത്തെയും കാർഷിക വ്യവസ്ഥയെയും അടയാളപ്പെടുത്തുന്നു.

> "പാടങ്ങളിൽ വീടുകളായ്
> കാറുകളും മറ്റുമായി
> കുളങ്ങളാകെ നികന്നുപോയി
> കാണാക്കുളങ്ങൾ എങ്ങുമായി" (2009: 35)

എന്നിങ്ങനെ കാർഷിക ഇടങ്ങളോടൊപ്പം തെങ്ങുകളും പക്ഷികളുമെല്ലാം ഇല്ലാതായതിനെ അടയാളപ്പെടുത്തുന്നു. 'പാടം' എന്ന കവിതയും കാർഷിക വ്യവസ്ഥയുടെയും പാടങ്ങളുടെയും നഷ്ടത്തിലാണൂന്നുന്നത്. കൂട്ടുകാരന്റെ വീട്ടിൽ പോയപ്പോൾ കാണുന്ന പാടത്തെയും മണങ്ങളെയും ജീവികളെയുമെല്ലാം കണ്ടും അറിഞ്ഞും ആസ്വദിക്കുന്നയാളെ കവിതയിൽ കാണാം. വല്ലപ്പോഴും കാണുന്ന കാഴ്ചകളായി കൃഷിയിടങ്ങൾ മാറുന്നു. കാർഷികപ്രകൃതി മനുഷ്യന് അപ്രാപ്യമാകുന്നു എന്നതാണ് ഇവിടെ അടയാളപ്പെടുത്തപ്പെടുന്നത്.

വിജയലക്ഷ്മി, വി.എം. ഗിരിജ, വീരാൻകുട്ടി, വി.ടി. ജയദേവൻ, എം.ആർ. രേണുകുമാർ എന്നിവരുടെ കവിതകളിൽ താരതമ്യേന കൃഷി/വ്യവസായദ്വന്ദ്വം പ്രകൃതിനശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

## 4.4. പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ

പ്രകൃതിയെ ഒരു സമഗ്രതയായി കാണുന്നു. ആ സമഗ്രതയ്ക്ക് ഒന്നാകെ കോട്ടം തട്ടുമെന്ന ഉത്കണ്ഠകളെ ഈ ഖണ്ഡം അപഗ്രഥിക്കുന്നു. പല കാലഘട്ടത്തിലെയും കവിതകളിൽ ഈ ഉത്കണ്ഠ പ്രകടമാണ്.

### 4.4.1. വർണ്ണനകൾ

**4.4.1.1.** പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം എന്നിവയിൽ പ്രകൃതി എന്ന സമഗ്രതയെ വർണ്ണനാപരമായി അവതരിപ്പിച്ചു കാണുന്നില്ല.

### 4.4.1.2. കവിത്രയത്തിനുശേഷമുള്ള കാലം

പ്രകൃതിയിലെ ഓരോഘടകങ്ങളെയും വളരെ സൂക്ഷ്മതയോടെ നിരീക്ഷിക്കാനും മനോഹരമായി വർണ്ണിക്കാനും ചങ്ങമ്പുഴയ്ക്ക് കഴിയുന്നു. പ്രകൃതിയുടെ ഭാഗമായി സ്വയം കരുതുകയും ചെയ്യുന്നു.

> "പൂവിനെ നോക്കിച്ചിരിക്കും ചിലപ്പോൾ ഞാൻ
> ദ്യോവിനെ നോക്കി ഞാൻ വിസ്മയിക്കും;
> ആശിക്കും ചന്ദ്രനെ മാറോടുചേർക്കുവാ-
> നാമ്പൽപ്പൂവൊന്നിനാൽ തൃപ്തിനേടും" (ഭാഗം 1, 1990:90)

എന്ന 'ആ പൂമാല'യിലെ വരികൾ പ്രകൃതിയോടുള്ള സ്നേഹവും പ്രകൃതിനൽകുന്ന സന്തോഷവും വിസ്മയവും സംതൃപ്തിയും ഉൾക്കൊള്ളുന്നു. ചന്ദ്രനെ മാറോടു ചേർക്കാനാഗ്രഹിക്കുമ്പോൾ ആമ്പൽപ്പൂകൊണ്ട് ആഗ്രഹം സാധിക്കുന്നു കവി. 'കൈത്തിരി' എന്ന കവിതയിൽ പ്രകൃതിയെ തനിക്ക് മറക്കാനാവാത്തതുപോലെ പ്രകൃതി തന്നെയും മറക്കരുതെന്ന് കവി ആഗ്രഹിക്കുന്നു (ഭാഗം 2, 1990:146). 'രമണനി'ൽ നിരന്തര മുണ്ടാകുന്ന ചലനമാണ് പ്രപഞ്ചത്തെ നയിക്കുന്നതെന്നും അതിൽ പ്രകൃതി തന്നെ മാറ്റങ്ങൾ വരുത്തുന്നുവെന്നും നിസ്സഹായരായ മനുഷ്യപ്പുഴുക്കൾക്ക് അത്തരം മാറ്റങ്ങ ളെയും വിധികളെയും മറികടക്കാൻ കഴിയില്ലെന്നും വ്യക്തമാക്കുന്നതിലൂടെ മനുഷ്യ നിയന്ത്രണത്തിനപ്പുറത്താണ് പ്രകൃതിയെന്ന് പറയുന്നു.[98] 'വസന്തോത്സവത്തി'ൽ പ്രകൃതിസത്യങ്ങളെക്കുറിച്ച് പരാമർശമുണ്ട്. പ്രകൃതിയിൽ ഒന്നും ആവർത്തിക്കുന്നി ല്ലെന്നും കുയിലിന്റെ പാട്ടും പൂവിന്റെ പുഞ്ചിരിയും ചന്ദ്രനും ചന്ദ്രികയുമെല്ലാം ഓരോ സമയത്തും പുതിയതാണെന്നും ഒരിക്കൽ അനുഭവപ്പെട്ടതൊന്നും പിന്നീടുണ്ടാവില്ലെന്നു മുള്ള യാഥാർത്ഥ്യത്തെ കവിത അടയാളപ്പെടുത്തുന്നു. 'എന്റെ സഖി' എന്ന കവിതയിൽ പ്രകൃതിയാകുന്ന അമ്മ ഓമനിച്ചവളും പ്രകൃതിയോട് സല്ലപിച്ചവളുമെന്ന് സഖിയെ ക്കുറിച്ച് പരാമർശിക്കുന്നു.

വൈലോപ്പിള്ളിയുടെ 'ഉജ്ജ്വലമുഹൂർത്തം' എന്ന കവിതയിൽ സീതയുടെ വിവാഹത്തിന് അമ്മയായ ഭൂമി അലങ്കാരങ്ങൾ നടത്തുന്നതായി പറയുന്നുണ്ട്.

> "ചെറുമീനിണയ്ക്കായിസ്സാഗരം തീർപ്പൂ മാതാ;-
> വിരുപൂവിനുവേണ്ടി വസന്തം ചമയ്ക്കുന്നൂ
> പൂഴുവെപ്പൂമ്പാറ്റയായുടുപ്പിക്കുന്നൂ, മാനിൻ-
> വഴിയേ തിരുമണക്കസ്തൂരിമണം ചേർപ്പൂ" (2001:618)

എന്നിങ്ങനെ പ്രകൃതിമാതാവ് തന്റെ എല്ലാ മക്കളെയും തുല്യതയോടെ കാണുന്നതായും പരിപാലിക്കുന്നതായും കവിത വ്യക്തമാക്കുന്നു. ഇവിടെ മക്കളെ പരിപാലിക്കുന്ന അമ്മയാണ് ഭൂമിദേവി.

### 4.4.1.3. ആധുനികതാഘട്ടം

ഡി. വിനയചന്ദ്രന്റെ 'ലൗകികം' എന്ന കവിത പ്രണയത്തിന്റേയും പ്രപഞ്ച ത്തിന്റെയും സമന്വയമാണ്.

> "എന്തൊരു മിഴിവെന്നോ പെണ്ണിനു, ജ്വാലാമുഖി
> കൺകളിൽ കടൽ, കാട്, വസന്തഹേമന്തങ്ങൾ
> ഗ്രീഷ്മദാഹമായ് ചോന്ന കുതിരപ്പടകളായ്
> തീക്ഷ്ണമാമെൻ പ്രേമങ്ങളവിടെപ്പടരുന്നു" (2009:92)

എന്നിങ്ങനെ പെണ്ണിനെയും പ്രകൃതിയെയും പ്രണയിക്കുന്ന മനസ്സിനെ അവതരിപ്പി ക്കുന്നു. പെണ്ണിൽ പ്രകൃതിയെയും പ്രകൃതിയിൽ പെണ്ണിനെയും കാണുന്നു കവിത. 'സ്വപ്നാടനം' സ്വപ്നദർശനമാണ്. പ്രണയിതാവിനെ സ്വപ്നം കണ്ടതായി പരാമർശി ക്കുന്ന കവിതയിൽ സ്വപ്നത്തിൽ പ്രകൃതി നിറഞ്ഞു നിൽക്കുന്നു. പ്രകൃതിയുമായി ചേർന്നുനിന്നുകൊണ്ടാണ് കവിത പ്രണയിതാവിനെ അവതരിപ്പിക്കുന്നത്. പ്രണയവർണ്ണനകൾക്കും സ്ത്രീവർണ്ണനകൾക്കും വിനയചന്ദ്രൻ പ്രകൃതിയെ കൂട്ടുപിടിക്കുന്നു. വിനയചന്ദ്രന്റെ പ്രണയവും സ്ത്രീയും പ്രകൃതിയോട് ചേർന്നുനിന്നാലെ പൂർണ്ണമാകൂ.

### 4.4.1.4. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'സ്വപ്നാടനം' എന്ന കവിതയിൽ മരിച്ച ആൾ മരണമാകുന്ന ഉറക്കത്തിൽ നിന്ന് തന്നെ ഉണർത്തണമെന്ന് ദൈവത്തോട് പറയുന്നു.

> "ഭൂമിയാകെ നിലാവായിരിക്കണം,
> കാനനം ഹാ, കിനാവായിരിക്കണം,
> പൂമരക്കൊമ്പിലാടുമൂഞ്ഞാലിന്റെ
> പ്രേതമെന്നെ പ്രതീക്ഷിക്കയാവണം" (2013: 91)

എന്നിങ്ങനെ നിലാവു നിറഞ്ഞ ഭൂമിയിൽ വീണ്ടും ജനിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ പ്രകൃതിയിലേക്കുള്ള മടങ്ങിവരവാഗ്രഹിക്കുന്ന മനസ്സിനെയാണ് അടയാളപ്പെടുത്തി യിരിക്കുന്നത്.

റഫീക്ക് അഹമ്മദിന്റെ 'തൂങ്ങിച്ചാവുന്നവനോട്' എന്ന കവിതയിൽ തൂങ്ങിച്ചാവാൻ കയർക്കുരുക്കിൽ കഴുത്തിട്ടവനോട് പ്രകൃതിയെ കാണാൻ ആവശ്യപ്പെടുന്നു. കയർ കെട്ടിയ കൊമ്പും ഇലകളും അതിലെ കുളിർകാറ്റും കിളിക്കൂട്ടവും അണ്ണാറക്കണ്ണനു മെല്ലാമടങ്ങുന്ന പ്രകൃതിയിലേക്ക് നോക്കി ജീവിതത്തിലേക്ക് തിരിച്ചു വരാൻ പറയുന്നു. ഉറുമ്പുകളും ഞാഞ്ഞൂലും പല്ലിയും ഈച്ചയും സർപ്പവും മീനുമെല്ലാമുള്ള പ്രകൃതി യിലേക്ക് കണ്ണയക്കാൻ അയാളോടാവശ്യപ്പെടുന്നു. ദുരന്തങ്ങൾ പട്ടിണി, യുദ്ധം, അണ്വായുധസംഹാരം എന്നിവയെല്ലാം ഉണ്ടെങ്കിലും പിന്നെയും ഭൂമിയിൽ ജീവൻ ഉയിർക്കുന്നു. ഇത്തരത്തിൽ പ്രകൃതിയുടെ സമൃദ്ധിയെ കവിത അവതരിപ്പിക്കുന്നു.

> "കഴുത്തിൽ കുരുക്കിട്ട ചങ്ങാതീ, ചുമ്മാവലി-
> ച്ചെറിഞ്ഞ്, വെളിച്ചവും വെള്ളവും കാറ്റും കൊണ്ട്
> ചോരതൻ തുരുമ്പുകളരിച്ച്, പുതുമഴ-
> ച്ചാറ്റലേറ്റുണർന്നൊരിപ്പാടത്തെ മണ്ണിൽ, പുല്ലിൽ
> വീണുരുളുവാൻ വേഗമിറങ്ങിവാടോ താഴെ" (2016: 271)

എന്നാവശ്യപ്പെടുന്നു. പ്രകൃതിയുടെ സമ്പന്നത കാണാതെ മരക്കൊമ്പിൽ തൂങ്ങിച്ചാകാൻ ഒരുങ്ങുന്നവരുടെ മൗഢ്യത്തെ കവിത വിമർശിക്കുന്നു. പ്രകൃതിയുടെ മനോഹാരിതയും സമ്പന്നതയും സംരക്ഷണരീതികളും മനസ്സിലാക്കാതെ ഭൂമിയെ ദുരുപയോഗം ചെയ്ത് അകന്നുമാറുന്ന മനുഷ്യരെ കവിത പ്രതിനിധാനം ചെയ്യുന്നു.

'ഒറ്റനക്ഷത്രം' എന്ന കവിതയിൽ പ്രകൃതിയിലെ വിവിധ തരം ഗന്ധങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു. ഇലഞ്ഞിമണം, കൈതപ്പൂമണം, മാമ്പൂമണം, മണ്ണടരുകളുടെ മഴമണം, മഞ്ഞുനീരിന്റെ പുതുമണം എന്നിങ്ങനെ വിവിധതരം ഗന്ധങ്ങളെ പരാമർശിക്കുന്നു.

> "പ്രപഞ്ചമേ നീ ഒരു പെണ്ണിന്റെ കൺവെളിച്ചത്തിന്റെ
> വിവർത്തനം മാത്രമോ?" (2016: 311)

എന്ന് കവിത സംശയിക്കുന്നു. ഇവിടെ പ്രപഞ്ചത്തെ പെണ്ണിന്റെ കൺവെളിച്ചത്തിന്റെ വിവർത്തനമായി കാണുന്നു.

വീരാൻകുട്ടിയുടെ 'പ്ര.ണ.യം' എന്ന കവിതയിൽ

> "ലോകത്തെ എഴുതാൻ
> എത്ര വാക്കുകൾ വേണം?
> മൂന്നക്ഷരം മതി

പ്രപഞ്ചം മുഴുവൻ

അതിലെഴുതപ്പെട്ടു കഴിഞ്ഞല്ലോ?" (2016: 229)

എന്നിങ്ങനെ പ്രപഞ്ചം പ്രണയം എന്ന മൂന്നക്ഷരത്തിൽ അടങ്ങിയിരിക്കുന്നതായി വ്യക്തമാക്കുന്നു. ലോകത്തെയെഴുതാൻ പ്രണയം എന്ന മൂന്നക്ഷരം മതി എന്ന് പറയുന്ന കവിത പ്രണയത്തിലൂടെ പ്രകൃതിയെ അടയാളപ്പെടുത്തുന്നു.

### 4.4.2. സദൃശകല്പനകൾ

പൊതുവെ ഏതുഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പ്രകൃതി സദൃശകല്പനകളായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

### 4.4.3. പ്രകൃതിനശീകരണ സൂചനകളും മനോഭാവവും

#### 4.4.3.1. പ്രാചീനമധ്യകാലഘട്ടം

ഈ ഘട്ടത്തിൽ പൊതുവെ പ്രകൃതി എന്ന സമഗ്രത നശീകരണസൂചനകളായി പരാമർശിച്ചു കാണുന്നില്ല.

#### 4.4.3.2. കവിത്രയകാലം

ഭൂമിയെ സ്വർഗ്ഗമാക്കാൻ നിർമ്മിച്ച വിശിഷ്ടവസ്തുവാണ് സുഖമെന്നും അതിനു വേണ്ടി മനുഷ്യൻ സ്വകുലത്തെ തന്നെ വിൽക്കുന്ന അവസ്ഥയിലെത്തി നിൽക്കുന്നു വെന്നും ഉള്ളൂരിന്റെ 'സുഖംസുഖം' എന്ന കവിത വ്യക്തമാക്കുന്നു. സുഖത്തിനായി പ്രപഞ്ചത്തെ മുഴുവൻ ഉപയോഗിക്കാനുള്ള ത്വര മനുഷ്യർക്കുണ്ട്. അതിനുള്ള അബോധമായ പ്രതിരോധം ഈ കവിതയിലുണ്ട് (2006:626).

"ഒരച്ഛനമ്മയ്ക്കു പിറന്ന മക്കൾ

ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം" (2006:627)

എന്ന വരികൾ പ്രപഞ്ചത്തെ മുഴുവൻ ഒറ്റ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്നു. പുതിയ പാരിസ്ഥിതിക കാഴ്ചപ്പാടുകളിലൊന്നായ ഗഹനപരിസ്ഥിതിവാദത്തിന്റെ ചിന്തകളുമായി ഈ വരികൾക്ക് സാദൃശ്യം കല്പിക്കാം. തന്നെ ഇറക്കുന്നവന് പൂവ് സുഗന്ധം നൽകുന്നു. വെട്ടുന്നവന് മരം തണൽ നൽകുന്നു കൊല്ലുന്നവനുവേണ്ടി കിളി പാട്ടുപാടുകയും ചെയ്യുന്നു. എന്നാൽ മനുഷ്യൻ അതിൽനിന്നും ഭിന്നനാവുകയും പ്രപഞ്ചത്തെ അവന്റെ മാത്രം സുഖത്തിനായി ഉപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ ജീവൻ സ്നേഹമാണെന്നും അതുമാത്രമാണ് ഒരേയൊരു മതമെന്നും

ഉള്ളൂർ 'പ്രേമസംഗീത'മെന്ന കവിതയിൽ പറയുന്നു. സ്നേഹത്താൽ ബന്ധിതരാണ് ലോകത്തിലെ സർവ്വചരാചരങ്ങളും. ഭൂമിയിലെ ചരാചരങ്ങളെ തുല്യപ്രാധാന്യരായി പരിഗണിക്കുന്ന ഗഹനപരിസ്ഥിതിവാദത്തിന്റെ മൂല്യം ഈ സങ്കല്പത്തിലുണ്ട്.

ആറ്റംബോംബിന്റെ ഉപയോഗം മനുഷ്യശത്രുതയിൽ നിന്നുണ്ടായതാണെന്നും അത് പ്രകൃതിയെയും ഒപ്പം മനുഷ്യനെയും ചുട്ടുവെണ്ണീറാക്കുമെന്നും 'ആറ്റംബോംബ്' എന്ന കവിത ഓർമ്മിപ്പിക്കുന്നു.

"പറവിൻ! ഞാൻ നിങ്ങൾക്കതിന്നുമുൻപിലി-
ദ്ധരണിയെച്ചുട്ടു പൊടിച്ചുനൽകട്ടെ?
കുരുക്കില്ലങ്ങൊരു ചെറുപുല്ലും മേലിൽ,
മറുതലപൊക്കാൻ പഴുതുണ്ടോപിന്നെ" (2006:1288)

എന്നിങ്ങനെ ആറ്റംബോംബുമൂലം പുൽക്കൊടിപോലും മുളയ്ക്കാത്തവിധം ഭൂമി നശിച്ചുപോകുമെന്നും പ്രപഞ്ചം മുഴുവൻ ഒരു കുടുംബമായി ശത്രുതയും യുദ്ധവും ഉപേക്ഷിച്ച് ജീവിച്ചാൽ മാത്രമേ പ്രപഞ്ചവും മനുഷ്യനും നിലനിൽക്കൂ എന്നുമുള്ള ദർശനമാണ് കവിത മുന്നോട്ട് വയ്ക്കുന്നത്. പുതിയ പരിസ്ഥിതിചിന്തയായ ഗഹന പരിസ്ഥിതിവാദവുമായി ഈ കവിതയ്ക്കും സാദൃശ്യം കല്പിക്കാം.

'ശരീരപദ്ധതി' (ദീപാവലി) എന്ന ശ്ലോകത്തിലും പ്രകൃതി ഒന്നാണ് എന്ന സങ്കല്പം ഉള്ളൂർ അവതരിപ്പിക്കുന്നുണ്ട്.

"തനിക്കു മാത്രമായല്ലീ-ദ്ധാത്രി നിർമ്മച്ചതീശ്വരൻ;
എന്ന തത്ത്വം ഗ്രഹിച്ചീടി-ലേവനും മിതഭോഗിയാം" (2006:997)

എന്നു വ്യക്തമാക്കുന്നു. തനിക്കുമാത്രം ദൂർത്തടിക്കാനുള്ളതാണ് പ്രപഞ്ചമാകെയും എന്ന സമീപനത്തോടെ ഭൂവിഭവങ്ങളെ അമിതമായുപയോഗിക്കുന്ന മനുഷ്യരീതികളെ ഈ വരികൾ അടയാളപ്പെടുത്തുന്നു. ഭൂമി തനിക്കുമാത്രമുള്ളതല്ല എന്ന തിരിച്ചറിവിലൂടെ മാത്രമേ പ്രകൃതിയെ നാശത്തിൽ നിന്നും രക്ഷിക്കാനാകൂ. സർവ്വചരാചരങ്ങൾക്കും അവകാശപ്പെട്ടതാണ് പ്രകൃതിയെന്ന ഗഹനപരിസ്ഥിതിവാദചിന്തയുടെ പൂർവ്വചിന്ത കളായി ഈ കവിതയെയും വിലയിരുത്താം.

'ഭാമ' എന്ന കവിതയും പ്രപഞ്ചതത്ത്വം ഉൾക്കൊള്ളുന്നു. പ്രകൃതിയിൽ എല്ലാ വസ്തുക്കളും ജനിക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. പ്രകൃതി വാടിയ പൂവ് ഒരിക്കലും തന്റെ തലമുടിയിൽ ചൂടുന്നില്ല എന്നും മക്കളായ ചരാചരങ്ങൾക്കായി

പുഴയിലൂടെ വെള്ളമൊഴുക്കുന്നതായും കവിത വ്യക്തമാക്കുന്നു. പ്രകൃതിസത്യ ങ്ങളെയാണ് കവിത അടയാളപ്പെടുത്തുന്നത്.

'തരംഗിണി' എന്ന സമാഹാരത്തിലെ 'ഗാഥാഞ്ജലി' എന്ന കവിത കേരളീയ പ്രകൃതിയെ അമ്മയായി കാണുന്ന രീതിയിലുണ്ടായ പരിവർത്തനത്തെ വിഷയമാക്കുന്നു. അമ്മയായ ഭൂമിയെ നശിപ്പിക്കുന്ന രീതിയാണ് മനുഷ്യൻ സ്വീകരിച്ചിരിക്കുന്നത്. അമ്മയായ ഭൂമി മാധുര്യമാർന്ന അമ്മിഞ്ഞപ്പാലുകൊണ്ട് നൽകിയ നന്മ മനുഷ്യനിൽ അല്പമെങ്കിലും ശേഷിക്കുന്നുണ്ടോ എന്നാണ് കവി ചോദിക്കുന്നത് പ്രകൃതി മനുഷ്യന് എന്തെല്ലാം സുഖങ്ങളും വിഭവങ്ങളും നൽകിയാലും അതിന്റെ ഗുണം മനുഷ്യ വർഗ്ഗത്തിൽ കാണുന്നില്ല എന്നാണ് കവിത സൂചിപ്പിക്കുന്നത്.

ഉള്ളൂരിന്റെ 'കീശസന്ദേശം' എന്ന കവിതയിൽ കുരങ്ങനാണ് കേന്ദ്രമാകുന്നത്.

"അവനി നമ്മൾക്ക് പൊതുവിൽ പെറ്റമ്മ;
അവൾ തൻ സേവതാൻ നമുക്ക് സൽക്കർമ്മം
ഇതരജീവികൾ കിടക്കട്ടേ; മർത്യ-
ഹൃദയങ്ങളാദ്യമിണങ്ങട്ടേ തമ്മിൽ" (2006:855)

എന്നിങ്ങനെ ഭൂമി എല്ലാവരുടെയും പെറ്റമ്മയാണെന്നും മനുഷ്യനൊപ്പം ഇതര ജീവികൾക്കും ഭൂമിയിൽ സ്ഥാനമുണ്ടെന്നും കവിത വ്യക്തമാക്കുന്നു. ഭൂമിയുടെ മക്കളിൽ മനുഷ്യവർഗ്ഗം അവളുടെ മാറിടത്തെ പോർക്കളമാക്കുന്നു. ഇതരജീവികളെ നശിപ്പിച്ചു കൊണ്ട് ഭൂമിയിൽ ആധിപത്യം നേടാൻ ശ്രമിക്കുന്ന മനുഷ്യവർഗ്ഗത്തോട് മനുഷ്യ ഹൃദയങ്ങൾ തമ്മിലും ഇതരചരാചരങ്ങൾ തമ്മിലും പരസ്പരം ഇണങ്ങാൻ കുരങ്ങൻ ആവശ്യപ്പെടുന്നു. ഭൂമി ചരാചരങ്ങളുടെയെല്ലാം പെറ്റമ്മയാണെന്നു വ്യക്തമാക്കുന്ന തിലൂടെ ഗഹനപരിസ്ഥിതിവാദമെന്ന പുതിയ പാരിസ്ഥിതികചിന്തയുടെ ആശയമാണ് കവിത അവതരിപ്പിക്കുന്നത്.

വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥ'നിലെ

"ലോകമേ തറവാട് തനിക്കീ, ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ" (2003:233)

എന്ന വരികൾ പ്രകൃതിയുടെ ഏകത്വമെന്ന ചിന്തയിലാണൂന്നുന്നത്. മനുഷ്യൻ സ്വാർത്ഥ നാവുകയും സ്വന്തം താല്പര്യങ്ങൾക്കായി ഇതരചരാചരങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന സമകാലികജീവിതരീതിയിൽ ഈ തത്വത്തിന് പ്രസക്തിയുണ്ട്. ചെടികളും

പുല്ലുകളും പുഴുക്കളുമടങ്ങുന്ന സകലചരാചരങ്ങളും ലോകമെന്ന തറവാട്ടിലെ കുടുംബക്കാരാണെന്ന ചിന്തയാണ് കവിത നൽകുന്നത്. ഇത്തരമൊരു ചിന്താപദ്ധതി യാണ് പ്രകൃതിയുടെ സന്തുലനത്തിനായി പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം ആവശ്യ പ്പെടുന്നത്. ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടുവന്ന വിശ്വ മാനവികതാസങ്കല്പത്തോട് ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും ഗഹനപരിസ്ഥിതിവാദ ത്തിന്റെ സാധ്യതകൾ ഉള്ളടങ്ങിയ വരികൾ കൂടിയാണ് ഇവ. ഇവിടെ എന്റെ ഗുരുനാഥൻ ഗാന്ധിജിയാണ്. ഗാന്ധിജിയുടെ ഈ സർവചരാചര പ്രേമത്തെ കവിത ആദർശ വത്ക്കരിക്കുന്നതായി കാണാം.

പ്രകൃത്യവബോധം കാണുന്ന കവിതയാണ് 'ഒരു വിവാഹോത്സവം'. പ്രകൃതി വർണ്ണനയാണ് വള്ളത്തോൾ കവിതയുടെ പൊതുസ്വഭാവമെങ്കിലും ഈ കവിതയിലെ സമീപനം വ്യത്യസ്തമാണ്. യുദ്ധവും സാമ്രാജ്യദാഹവുമാണ് കവിത വിഷയമാക്കു ന്നതെങ്കിലും പ്രകൃതിയെ കീഴടക്കിയെന്നഹങ്കരിക്കുന്ന മനുഷ്യന് പ്രകൃതിദുരന്തങ്ങളെ തടയാനാവില്ലെന്നും കവിത ബോധിപ്പിക്കുന്നു.[99] മനുഷ്യന്റെ മനസ്സിലെ വിഷം തന്നെ മതി പ്രകൃതിയെ ഒന്നാകെ നശിപ്പിക്കാൻ. പ്രകൃതിയിൽ രാസവിഷങ്ങൾ തൂകുന്ന മനുഷ്യൻ തന്നെയാണ് മാരകവിഷം എന്ന തിരിച്ചറിവ് കവിതയ്ക്കുണ്ട്. ദേശീയ നവോത്ഥാനത്തിന്റെ കവിയെന്നറിയപ്പെടുന്ന വള്ളത്തോൾ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. പശ്ചാത്തലമായോ വർണ്ണനകളായോ മാത്രം പ്രകൃതിയെ അവതരിപ്പിക്കുന്ന വള്ളത്തോൾ ക്കവിതയിൽ 'ഒരു വിവാഹോത്സവം' എന്ന കവിത പാരിസ്ഥിതികാവബോധത്തിന്റെ തലത്തിലേക്ക് വികസിക്കുന്നുണ്ട്.

'സത്യഗാഥ' എന്ന വള്ളത്തോൾക്കവിതയിൽ വിശ്വമാതാവായി ഭൂമിയെ അവതരി പ്പിക്കുന്നു. പ്രകൃതിഭംഗിയാണ് ഇവിടെ വർണ്ണിക്കപ്പെടുന്നത്. പ്രകൃതികാഴ്ചകളെല്ലാം അമ്മയായ പ്രകൃതിയുടെ ആഭരണങ്ങളായി കവിക്ക് അനുഭവപ്പെടുന്നു.

> "മിന്നൽ നിൻ പള്ളിവാൾ, മേഘം നിൻ പള്ളിത്തേർ
> ഉന്നതമാമിടി നിൻ പടഹം;
> ശാശ്വതമാകുമകൃത്രിമശബ്ദങ്ങ
> ളീശ്വരി, നിൻ ജയകാഹളങ്ങൾ" (2003:83)

എന്നിങ്ങനെ പ്രകൃതിയുടെ ഗാംഭീര്യത്തെയും കവിത വ്യക്തമാക്കുന്നു. പ്രകൃതിമാതാവ് വാത്സല്യം ചൊരിയുന്നതിനൊപ്പം യുദ്ധോത്സുകയുമാകുന്നതായി കവിത വ്യക്തമാ ക്കുന്നു. മനുഷ്യരുടെ ഇടപെടലുകളാണ് ഭൂമിദേവിയുടെ ഭാവങ്ങളെ നിർണ്ണയിക്കുന്നത്.

പുതിയ കാലഘട്ടത്തിൽ മനുഷ്യന്റെ അതിക്രമങ്ങൾ വർദ്ധിക്കുമ്പോൾ പ്രകൃതിക്ഷോഭ ങ്ങളും വർദ്ധിക്കുന്നു എന്ന തിരിച്ചറിവ് കവിത നൽകുന്നു.

'അമ്മയും മകനും' എന്ന കവിതയിൽ അമ്മ ഭൂമിയും മകൻ മനുഷ്യനുമാണ്.

"അമ്മ നിന്തിരുവടി ഞാൻ മകൻ വസുന്ധരേ
വെണ്മുലപ്പാൽ തന്നെന്നെ കൈവളർത്തുക വീണ്ടും" (2003:534)

എന്നിങ്ങനെ അമ്മയുടെ വാത്സല്യം മകൻ ആഗ്രഹിക്കുന്നു. പുഴകളിലൂടെ പ്രകൃതി നൽകുന്ന അമൃതമാകുന്ന വാത്സല്യം നുകർന്ന് അമ്മയായ ഭൂമിയെ സേവിക്കണമെന്ന് മനുഷ്യൻ ആഗ്രഹിക്കുന്നു. പാലുള്ള കറവപശു കുടുംബത്തെ പോറ്റുന്നതുപോലെ ഭൂമി മനുഷ്യരെയെല്ലാം പോറ്റണമെന്ന മനോഭാവമാണ് മനുഷ്യർ പ്രകടിപ്പിക്കുന്നത്. ഭൂമി പണ്ട് ഗോരൂപമായി കറക്കപ്പെട്ടുവെന്നും ഭൂമിയിലെ സമ്പത്തുകൾ അതാണെന്നും പ്രസിദ്ധി. എന്നാൽ പുതിയകാലത്ത് ഭൂമിയെ കറവപ്പയ്യായി കാണുന്ന മനുഷ്യൻ മുലപ്പാൽ മുഴുവൻ കറന്നിട്ടും മതിവരാതെ ഭൂമിയുടെ രക്തവും ഊറ്റിക്കുടിക്കുന്നു. മനുഷ്യനാണ് പ്രകൃതിയുടെ കേന്ദ്രമെന്ന ആധുനിക സങ്കല്പത്തിന്റെ എതിർദിശയിലാണ് ഈ കവിത മനുഷ്യകേന്ദ്രിതത്വമല്ല. പ്രകൃതികേന്ദ്രിതത്വമാണ് വേണ്ടതെന്ന ഗഹനപരിസ്ഥിതി വാദചിന്താഗതി തന്നെയാണിവിടെ പ്രവർത്തിക്കുന്നത്.

ബാലാമണിയമ്മയുടെ 'പഠിക്കാൻ വയ്യ' എന്ന കവിതയിൽ പാഠപുസ്തകങ്ങളിൽ നിന്ന് പ്രപഞ്ചത്തിലേക്കിറങ്ങിച്ചെല്ലാൻ കുട്ടികളോടു പറയുന്നു. പലവിധം ഭാഷകളും ശാസ്ത്രവുമൊന്നും പഠിക്കാൻ വയ്യാത്ത കുട്ടി പുഴയുടെയും തീവണ്ടിയുടെയും പരുന്തിന്റെയും ശബ്ദം കേട്ട് പ്രകൃതിയിലേക്കിറങ്ങാൻ ആഗ്രഹിക്കുന്നു.

"എനിക്കിപ്പോൾ ജന്തുകുലത്തെയും സസ്യ
ഗണത്തെയും പറ്റിപ്പഠിക്കാൻ വയ്യമ്മേ!
നനയ്ക്കാൻ പോകട്ടെ പുറത്തെത്തോട്ടത്തിൽ
നടേണ്ട വിത്തുകൾ പിളർന്നു നോക്കട്ടെ" (2012:65)

എന്ന ജിജ്ഞാസ കലർന്ന താല്പര്യമാണ് കുട്ടിക്കുള്ളത്. പ്രകൃതിയെ ശബ്ദത്തിലൂടെയും ഗന്ധത്തിലൂടെയും തിരിച്ചറിയുന്ന രീതി നഷ്ടപ്പെടുകയും പ്രകൃതിയിലെ പല ഘടക ങ്ങളും മനുഷ്യന്റെ കുത്തഴിഞ്ഞ ജീവിതരീതികളുടെ ഫലമായി അന്യം നിൽക്കുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു. നാമാവശേഷമായവയും നിലനിൽക്കുന്നവയും നിരന്തരം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നവയുമായ സസ്യജന്തു

വർഗ്ഗങ്ങളെ മറ്റേതോ പേരിൽ ശാസ്ത്രനാമങ്ങളുപയോഗിച്ച് ക്ലാസ്സ് മുറികളിരുന്ന് പഠിക്കുന്നതിന്റെ വൈരുദ്ധ്യമാണ് ഈ കവിതയ്ക്ക് വിഷയം. ചിരപരിചിതമായ പ്രകൃതിയെയാണ് കൃത്രിമമായ പദാവലികൾ ഉപയോഗിച്ച് ക്ലാസ് മുറികളിലിരുന്നു പഠിക്കുന്നത്. പ്രകൃതിയിൽ നിന്ന് അന്യമായി പോകുന്ന കുട്ടികളും മുതിർന്നവരുമടങ്ങുന്ന മനുഷ്യവർഗ്ഗത്തെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. പ്രകൃതിയെ പഠനവിധേയമാക്കുകയും സ്വയം പ്രകൃതിയുടെ ഭാഗമല്ലാതാവുകയും ചെയ്യുന്ന മനുഷ്യരീതിയെ കവിത പ്രശ്നവൽക്കരിക്കുന്നു.

ലാഭത്തിന് കേന്ദ്രസ്ഥാനം ലഭിക്കുകയും പ്രകൃതിയുടെ സ്ഥാനം നഷ്ടമാവുകയും ചെയ്ത വ്യവസായയുഗത്തെയാണ് 'ചിലമ്പൊലി' എന്ന കവിത അടയാളപ്പെടുത്തുന്നത്. പ്രകൃതികാഴ്ചകൾ കാണാൻ ഇന്ന് മനുഷ്യന് താല്പര്യമില്ല. പൂക്കളും വാഴയിലകളിൽ നിന്നിറ്റുവീഴുന്ന മഞ്ഞും പയ്ക്കിടാവിന്റെ പുറകെയുള്ള ഓട്ടവും അടുത്തെത്തുമ്പോഴുള്ള പ്രാവുകളുടെ കൂട്ടച്ചിറകടിയൊച്ചയും അമ്പിളിമാമനുമെല്ലാം പാഴ്കാഴ്ചകളായി മാറിയിരിക്കുന്നതായും കവിത വ്യക്തമാക്കുന്നു.

"സങ്കല്പലോകവിഹാരികൾക്കുന്മാദം
സമ്പാദ്യമെന്നു വിധിയ്ക്കെ
നേർത്തടങ്ങുന്നല്ലോ കഷ്ടം ചിലമ്പൊലി,
പാഴ്ത്തൊണ്ടായ് ശ്ശേഷിപ്പൂ ശബ്ദം"(2012:495)

യന്ത്രവൽക്കൃതലോകത്തിൽ ജീവിക്കുന്ന ലാഭക്കണ്ണുള്ള മനുഷ്യർക്കിടയിൽ പ്രകൃതിശബ്ദങ്ങൾ ചിലമ്പൊലി മാത്രമായി അവസാനിക്കുന്നു.

കുഞ്ഞിനെയെന്നപോലെ പ്രപഞ്ചത്തെക്കൂടി സ്നേഹിക്കുമ്പോഴാണ് മാതൃത്വം പൂർണ്ണതയിലെത്തുക എന്ന ആശയമാണ് ബാലാമണിയമ്മയുടെ 'മാതൃഹൃദയം' എന്ന കവിത മുന്നോട്ടുവയ്ക്കുന്നത്. തന്നെ ഉമ്മവയ്ക്കണമെങ്കിൽ തന്റെ ചെറുപൂച്ചയെക്കൂടി ഉമ്മവയ്ക്കണമെന്ന് കൊഞ്ചുന്ന കുട്ടിക്കാലമാണ് കവിതയിലുള്ളത്.

"ഞാനീ പ്രപഞ്ചത്തിനമ്മയായെങ്കിലേ,
മാനിതമായ് വരു നിൻജന്മമോമനേ!" (2012:135)

എന്ന് കവി തിരിച്ചറിയുന്നു. പ്രകൃതിയിൽ കുഞ്ഞിന്റെ സാന്നിധ്യം കാണുമ്പോഴാണ് മാതൃത്വം പൂർണ്ണതയിലെത്തുന്നത് എന്ന് കവിത വ്യക്തമാക്കുന്നു.

"മണ്ണിലിഴഞ്ഞു നടക്കും പുഴുവെയു-

മൊന്നുലാളിപ്പതിനെൻ കൈകൾ വെമ്പവേ,
അല്പം ചതഞ്ഞൊരു പുൽക്കൊടി കാൺകിലു-
മക്ഷികളിൽ ദിവ്യബാഷ്പം നിറയവേ" (2012:135)

മണ്ണിലിഴയുന്ന പുഴുവിനെ ലാളിക്കാനും ചതഞ്ഞരഞ്ഞ പുല്ലിനുവേണ്ടി കരയാനും തോന്നുമ്പോഴാണ് മാതൃത്വം അതിന്റെ പരമകാംഷ്ടയിലെത്തുന്നത്. സർവ്വചരങ്ങളെയും മക്കളായി സ്നേഹിക്കണമെന്നാണ് കവിത ആവശ്യപ്പെടുന്നത്.

അമ്മയുടെ മുമ്പിൽ ഓമൽക്കിടാങ്ങളായി ചരാചരങ്ങൾ നിൽക്കുന്നതായി 'ഏതിനെ?' എന്ന കവിതയിൽ പരാമർശിക്കുന്നു (2012:141). തന്റെ കുഞ്ഞിനെയെന്ന പോലെ സർവ്വചരാചരങ്ങളെയും കാണാൻ കഴിയണമെന്ന മാതൃഭാവമാണ് ഇവിടെയും വ്യക്തമാക്കപ്പെടുന്നത്. ജോലികൾ നിർത്തിവെച്ച് തന്റെ ഓമൽക്കുഞ്ഞിനെ ഉമ്മവയ്ക്കാൻ അമ്മയെത്തുമ്പോൾ ചെറുകാറ്റും പുൽക്കൊടികളും വണ്ടിനങ്ങളും കുഞ്ഞുറുമ്പുമെല്ലാം അമ്മയ്ക്ക് ഓമൽക്കിടാവായി മാറുന്നു. മാതൃത്വം എന്നത് പ്രകൃതിയെയും സർവ്വചരാചരങ്ങളെയും സ്നേഹിക്കാനുള്ള സന്നദ്ധതയാണെന്ന് കവിത വ്യക്തമാക്കുന്നു. മനുഷ്യസ്ത്രീക്ക് മനുഷ്യക്കുഞ്ഞിന്റെ മാത്രം അമ്മയാവാനല്ല മനുഷ്യേതര ജീവിവർഗ്ഗങ്ങളിൽ പലതിന്റെയും അമ്മയാവാൻ സാധ്യമാണ്. പ്രകൃതിയിലെ മനുഷ്യരും മനുഷ്യേതരരുമായ സർവ്വചരാചരങ്ങളും മനുഷ്യസ്ത്രീയുടെ മക്കളായി മാറുന്നു. അമ്മ കുഞ്ഞിനെയെന്നപോലെ സ്നേഹിച്ച് പരിചരിച്ചാൽ മാത്രമേ പുതിയ ജീവിതസാഹചര്യങ്ങളിൽ പ്രകൃതിയുടെ അതിജീവനം സാധ്യമാവൂ എന്ന പാരിസ്ഥിതികബോധം കൂടി ഈ കവിത മുന്നോട്ടുവയ്ക്കുന്നു. ആധുനികോത്തരമായ പാരിസ്ഥിതികാവബോധത്തിലേക്ക് വികസിച്ച കവിതയാണ് എന്ന് പൂർണ്ണമായ അർത്ഥത്തിൽ പറയാനാകില്ലെങ്കിലും പ്രകൃതിയോടുള്ള സ്നേഹവും ചരാചരങ്ങളോടുള്ള സമഭാവവും അതിൽ നിന്നു രൂപപ്പെടുത്തിയെടുത്ത മാതൃത്വസങ്കല്പവും കവിതയെ ഈ വായനയിൽ സവിശേഷപരിഗണനയ്ക്ക് അർഹമാക്കുന്നുണ്ട്. ഗഹനപരിസ്ഥിതിവാദത്തിന്റെയും സാമൂഹികപരിസ്ഥിതി വാദത്തിന്റെയും ധാരകൾ ഈ കവിതയിൽ ഇടകലർന്നു വരുന്നതായി കാണാം. മനുഷ്യരുൾപ്പെടെയുള്ള സർവ്വചരാചരങ്ങളും തുല്യപ്രധാനരാണ് എന്ന കാവ്യ നിലപാടിലാണ് ഗഹനപരിസ്ഥിതിവാദത്തിന്റെ വ്യാഖ്യാനസാധ്യതകളുള്ളത്. അതോടൊപ്പം മനുഷ്യസ്ത്രീയാണ് ഈ കവിതയിലെ പ്രപഞ്ചകേന്ദ്രം. ഇതര ജീവിവർഗ്ഗങ്ങളോടുള്ള സാമൂഹികപരിഗണനയും സംരക്ഷണബോധവും ഈ മനുഷ്യസ്ത്രീയിൽ ഉണ്ട്. ആ നിലക്ക് ഒരു സാമൂഹികജീവി എന്ന നിലയിൽ ഈ

മനുഷ്യസ്ത്രീ സർവ്വചരാചരങ്ങളെയും മാതൃത്വപരിഗണനയോടെ സേവിക്കാൻ തയ്യാറാകുന്നു. ഇത് കേവലമാതൃത്വമല്ല മറിച്ച് സർവ്വചരാചരങ്ങൾക്കും മാതാവ് സാമൂഹികജീവിയായ മനുഷ്യരിലെ സ്ത്രീയാണ് എന്ന വ്യത്യസ്തസമീപനമാണ്. ഇവിടെയാണ് സാമൂഹിക പരിസ്ഥിതിവാദത്തിന്റെ സാധ്യതകളുള്ളത്.

ഭൂമിയിൽ നിന്ന് മനുഷ്യൻ ആകാശത്തേക്ക് ഉയരുന്നതായി 'ശൂന്യാന്തരീക്ഷത്തിൽ' എന്ന കവിത സാക്ഷ്യപ്പെടുത്തുന്നു. ഭൂമിയിൽ നിന്നകന്ന് സത്യത്തെയോ സമ്പത്തിനെയോ തേടാനായി മനുഷ്യൻ കുതിക്കുന്നു.

"ഏകാന്തവനത്തിലല്ലെന്റെ സാധന, നവ-
ലോകാന്തസ്സിരകളാം യന്ത്രങ്ങൾക്കിടയിൽത്താൻ
പാരിന്റെ തീരാദ്ധനം കുത്തുമെൻ പ്രതിഭയിൽ
നീറുമ്പോൾ വടിവേൽപ്പൂ വാഞ്ഛിതവരങ്ങളായ്" (2012:504)

എന്നിങ്ങനെ പാരിസ്ഥിതികമായ ഭാവുകത്വം ഇന്നത്തെ അർത്ഥത്തിൽ വികസിക്കുന്നതിനുമുമ്പ് യന്ത്രയുഗത്തെക്കുറിച്ചുള്ള ഉത്കണ്ഠ ബാലാമണിയമ്മക്കവിതയിൽ സൂചിപ്പിക്കപ്പെട്ടിരുന്നു.

ഭൂമിയെ കറവപ്പശുവായി മാത്രം കാണുന്ന മനുഷ്യകുലത്തെയാണ് 'കാമധേനു' എന്ന കവിത പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യൻ തന്റെ കൈക്കരുത്തിനാൽ കാട്ടുപയ്യിനെയെന്നപോലെ ഭൂമിയെ വശപ്പെടുത്തുന്നു. എല്ലാ ചരാചരങ്ങൾക്കും തന്റെ വിഭവങ്ങൾ നൽകുന്ന ഭൂമിയെ മാത്സര്യത്തോടെയും അഹങ്കാരത്തോടെയും ദുരുപയോഗം ചെയ്യുന്നു മനുഷ്യവർഗ്ഗം. "കാലിമൊന്തയും മൂക്കുകയറും അയവെട്ടാൻ ഒരു തൊഴുത്തും തന്നാൽ ഞാനീ ഭൂമിയെത്തന്നെ കറന്നുകളയും എന്ന് ആൽക്കീമിഡീസ് എന്ന ശാസ്ത്രജ്ഞൻ പറയുന്നുണ്ട്". അത്തരമൊരു കറവയാണ് ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നത്.

"അന്നറും പാൽ കോരിയൂത്തു സാമ്രാജ്യങ്ങ-
ളന്യോന്യമീറയാൽ വീർപ്പുമുട്ടിക്കവേ
മാനവാത്മാവിലിരുട്ടിലെങ്ങോ കാമ-
ധേനുവുറങ്ങീ വരളുന്നകിടുമായ്" (2012:511)

ഭൂമിയിലെ വിഭവങ്ങൾ ഒരു തരത്തിലുള്ള നീതിയുമില്ലാതെ മത്സരബുദ്ധിയോടെ മനുഷ്യർ എടുത്തുപയോഗിച്ചു. ചരാചരങ്ങളിൽ മനുഷ്യർ മാത്രമാണ് ഈ രീതിയിൽ പ്രകൃതിയെ

ചൂഷണം ചെയ്തത്. നിരന്തരമായ ധൂർത്ത് ഭൂമിയിലെ വിഭവങ്ങളുടെ ശോഷണത്തിനിടയാക്കി. സാമ്രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിന്റെ ഭാഗമായുള്ള വികസനകുതിപ്പുകൾക്കിടയിൽ ലോകത്താകമാനമുള്ള പ്രകൃതിവിഭവങ്ങളെ പല നിലക്ക് ചൂഷണം ചെയ്തുകൊണ്ടാണ് മനുഷ്യവർഗ്ഗം മുന്നേറുന്നത്. ക്രമേണ സർവ്വചരാചരങ്ങൾക്കും ചോദിച്ചതെല്ലാം തരാൻ ശേഷിയുള്ള കാമധേനുവായ പ്രകൃതി വറ്റിവരണ്ടുപോകുന്നു.

1930–കളിലാണ് ബാലാമണിയമ്മ കവിതയെഴുതിത്തുടങ്ങുന്നത്. ഇന്നത്തെ പോലെ പാരിസ്ഥിതികാവബോധം വികസിതമാകാതിരുന്ന ആ കാലഘട്ടത്തിൽ പ്രകൃതിയിലെ സർവ്വചരാചരങ്ങളോടുമുള്ള സ്നേഹവും അവയുടെ നാശത്തെക്കുറിച്ചുള്ള ഉത്കണ്ഠയും മേൽസൂചിപ്പിച്ച ബാലമണിയമ്മക്കവിതകളുടെ അബോധമായി പ്രവർത്തിക്കുന്നു. യന്ത്രയുഗത്തെക്കുറിച്ചും നാഗരിക ജീവിതത്തിന്റെ ആകർഷണത്തെക്കുറിച്ചും അവർക്ക് വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. ഇത്തരം ജീവിതരീതികൾ പ്രകൃതിയെ അസന്തുലിതാവസ്ഥയിലേക്കാണ് എത്തിക്കുകയെന്ന ബോധ്യവും കവിതകളിലുണ്ടായിരുന്നു. മനുഷ്യനിൽ പ്രകൃതിയുടെ അമ്മയെന്ന സ്ഥാനം ആരോപിച്ചുകൊണ്ട് പ്രകൃതിയുടെ നില ഭദ്രമാക്കാൻ ബാലാമണിയമ്മക്കവിത ശ്രമിക്കുന്നതായി അനുഭവപ്പെടുന്നു.

അമ്മയ്ക്ക് കുഞ്ഞിനെയെന്ന പോലെ സ്ത്രീകൾക്ക് പ്രകൃതിയെയും കൂടുതൽ അടുത്തറിയാൻ  സാധിക്കും. പാരിസ്ഥിതികപ്രതിരോധങ്ങളുടെ ചരിത്രമെടുത്താൽ ബിഷ്ണോയ് സമരത്തിൽ നിന്നു തുടങ്ങി പ്രകൃതിയെ സംരക്ഷിക്കുന്നതിനായി സ്ത്രീകൾ വഹിച്ച പങ്ക് ശ്രദ്ധാർഹമാണ്. പ്രകൃതിയോടുള്ള സമീപനങ്ങളും പ്രകൃതിയിൽ നിന്നുള്ള അറിവുകളും സ്ത്രീക്കും പുരുഷനും വ്യത്യസ്തമാണ്. പുരുഷനെ അപേക്ഷിച്ച് കുറേക്കൂടി സഹഭാവത്തോടെയും പലപ്പോഴും തന്മയീഭവിച്ചുമാണ് സ്ത്രീകൾ പ്രകൃതിയുമായി ബന്ധപ്പെടുന്നത്. പെണ്ണിന് തന്നിൽ നിന്നും അന്യമായതും വർണ്ണനാത്മകമായതുമായ ഒരു കാഴ്ചയോ അനുഭവമോ അല്ല പ്രകൃതി. അത് തന്നിൽത്തന്നെയുള്ള ഒന്നാണ്. ഈയൊരവസ്ഥയിലാണ് തന്റെ മക്കളായി പ്രകൃതിയിലെ സർവ്വചരാചരങ്ങളെയും ഉൾക്കൊള്ളാൻ ബാലാമണിയമ്മക്കവിത വെമ്പുന്നത്.

### 4.4.3.3. കവിത്രയത്തിനുശേഷമുള്ള കാലം

ചങ്ങമ്പുഴയുടെ 'സ്വപ്നം' എന്ന കവിതയിൽ മനുഷ്യർ പ്രകൃതിയിൽ എന്തിലും മീതെയായ് നിൽക്കുന്നതെന്തിനെന്ന് ചോദിക്കുന്നു. മനുഷ്യനിൽ പ്രപഞ്ചത്തെ കാണുന്ന രീതിയുടെ അർത്ഥശൂന്യത കവിത വെളിപ്പെടുത്തുന്നു. പ്രകൃതിയിലെ നിസ്സഹായനായ

വർഗ്ഗം മാത്രമാണ് മനുഷ്യർ എന്ന് കവിത ബോധ്യപ്പെടുത്തുന്നു. 'പരാജയം' എന്ന കവിതയിൽ മനുഷ്യൻ നടത്തിയ പുരോഗമനങ്ങളെല്ലാം പരാജയമാണെന്ന് വ്യക്ത മാക്കുന്നു. ഭൂമിയെ ജയിച്ചെന്ന മനുഷ്യന്റെ അഭിമാനശബ്ദം നിർത്താനായില്ലേ എന്നും കവിത ചോദിക്കുന്നു. പ്രകൃതി ഓരോ ദിവസവും പുതുക്കപ്പെടുന്നുവെന്നും അതി നാലാണ് പ്രകൃതിയെ മനുഷ്യർക്ക് ഇഷ്ടപ്പെടാൻ കഴിയുന്നതെന്നും 'സൗന്ദര്യലഹരി' എന്ന കവിതയിൽ വിശദമാക്കുന്നുണ്ട്.

പി. കുഞ്ഞിരാമൻനായരുടെ 'കാളരാത്രി' എന്ന കവിതയിൽ പാരിസ്ഥിതികമായ അനീതികളെ കവി വ്യക്തമാക്കുന്നു.

" 'ഈ മണ്ണിൻ മുഖഭാവങ്ങൾ
മാറ്റട്ടേ, വിത്ത്, പേരുകൾ
മാറ്റട്ടേ' കൂകിനാൻ കാലം
കോഴിയാകാശവാണിയിൽ!" (2006:620)

പുതിയ വികസന സംവിധാനങ്ങൾ പ്രകൃതിയെ നശിപ്പിക്കുന്നു എന്നും പർവ്വതനിരക ളെയും കാടിനെയും നശിപ്പിക്കുകയും നിലമൊക്കെയും കള്ളൊപ്പിട്ട് കൈവശമാക്കുകയും ആഭരണങ്ങളും പാത്രങ്ങളുമടങ്ങിയ സമ്പത്തുക്കൾ സ്വന്തമാക്കുകയും ചെയ്തുകൊണ്ട് പെറ്റമ്മയെ പുറത്താക്കുന്നു. സ്വന്തം അമ്മയെ പുറത്താക്കുന്നതുപോലെ മനുഷ്യൻ ഭൂമിയെയും തന്നിൽ നിന്ന് അകറ്റുന്നതായി കവിത വ്യക്തമാക്കുന്നു. മനുഷ്യൻ ലാഭചിന്തയോടെ കാടിനെ കൈയേറുകയും കാടിനെ ചുട്ടെരിക്കുകയും ചെയ്യുന്നു. കാടിന്റെ തലയോടുകൾ എങ്ങും പൊട്ടിത്തെറിക്കുന്നതായും കവിത വ്യക്തമാക്കുന്നു (2006:620). പൈങ്കിളികളും പറവകളും കുയിലുകളും അപ്രത്യക്ഷമാവുകയും പുഴകൾ ഗതിമാറുകയും ചെയ്ത സമകാലിക അവസ്ഥയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്.

പ്രകൃതിയുടെ രക്ഷാപുരുഷനായി നടക്കുന്ന മനുഷ്യന്റെ പ്രവർത്തികളിൽ നടുങ്ങുന്ന ഭൂമിയെ 'കാലവർഷമേ നന്ദി!' എന്ന കവിതയിൽ കാണാം.

"രക്ഷാപുരുഷവേഷത്തിൽ
നടക്കും സ്വാർത്ഥഭൂതമേ,
നിൻ ചവിട്ടടിയിൽപെട്ടു
നടുങ്ങുന്നൂ വസുന്ധര" (2005:347)

എന്ന് കവിത വ്യക്തമാക്കുന്നു. കടലിലും കാറ്റിലും വെള്ളത്തിലും ആകാശത്തിലുമെല്ലാം

വിഷം ചേർക്കുന്ന മനുഷ്യന്റെ ക്രൂരദംഷ്ട്രയിലകപ്പെട്ട് പുള്ളിമാനിനെപ്പോലെ ആകാശം പിടയുന്നതായും കടൽ പൊട്ടിക്കരയുന്നതായും കവിത വെളിപ്പെടുത്തുന്നു. പ്രകൃതിയെ മുഴുവനും വിഷമയമാക്കുന്ന മനുഷ്യനെ കവിത അടയാളപ്പെടുത്തുന്നു.'കന്നിപ്പൂലരി' എന്ന കവിതയുടെ ആമുഖമായി പി.കുഞ്ഞിരാമൻ നായർ പ്രകൃതിയെക്കുറിച്ചുള്ള കാഴ്ടപ്പാട് വ്യക്തമാക്കുന്നുണ്ട്. തന്റെ കവിതയിൽ പ്രകൃതിയുണ്ട്; മനുഷ്യനില്ല എന്നു പറഞ്ഞതിനോട് പ്രകൃതിയിൽ അവൻ അടങ്ങുന്നു എന്ന തിരിച്ചറിവാണ് കവിക്ക് നൽകാനുണ്ടായിരുന്നത്. മനുഷ്യപ്രകൃതി വിശ്വപ്രകൃതിലൊതുങ്ങുന്നു എന്ന പ്രകൃതിബോധം കവിക്കുണ്ടായിരുന്നു. അതുതന്നെയാണ് പി.കുഞ്ഞിരാമൻനായരുടെ കവിതകളുടെ ഭാവവും. പ്രകൃതിയുടെ സമത്വാവസ്ഥയെ വെളിപ്പെടുത്തുന്നു 'മഴവില്ല്' എന്ന കവിത.

"മർത്ത്യനും മൃഗവുമീ വൃക്ഷവും നക്ഷത്രവും
പട്ടുനൂലൊന്നിൽ കോർക്കപ്പെട്ടുള്ള മണികളും'
ക്ഷിപ്രമിച്ചരാചരമൊന്നായി തളർന്നുപോ -
മിപ്രപഞ്ചത്തിൻ ചോരഞരമ്പൊന്നറുക്കുകിൽ" (2005:409)

എന്നിങ്ങനെ വിശ്വദർശനം അവതരിപ്പിക്കുന്നു. മനുഷ്യനും മൃഗവും നക്ഷത്രവും വൃക്ഷവുമെല്ലാം പ്രകൃതിയിൽ തുല്യപ്രധാന്യത്തോടെ നിലനിൽക്കുന്നതാണെന്നും അതിൽ ഏതെങ്കിലും ഒന്നിന്റെ നാശം പ്രകൃതിയുടെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുമെന്നും കവിത വ്യക്തമാക്കുന്നു. പ്രകൃതിയിൽ എല്ലാ ജീവജാലങ്ങൾക്കും തുല്യാപാധാന്യമാണുള്ളതെന്നും ഒന്നിനും പ്രത്യേകമായ അവകാശങ്ങൾ ഇല്ലെന്നു മുള്ള ഗഹനപരിസ്ഥിതിവാദത്തിന്റെ ചിന്താരീതികളുമായി ഈ ആശയത്തിന് സാദൃശ്യമുണ്ട്.

പ്രകൃതിമാതാവിനുമേൽ മനുഷ്യന്റെ സ്വാർത്ഥം വിജയിക്കുന്നതായി പി. കുഞ്ഞിരാമൻനായരുടെ 'പ്രേമപൂജ' എന്ന കവിത വ്യക്തമാക്കുന്നു. ഇവിടെ പ്രകൃതി അമ്മയാണ്. വിമാനത്തിൽ കേറി ആകാശത്തെയും കപ്പലിൽ കേറി കടലിനെയും നീന്തിക്കടക്കാൻ മനുഷ്യർ ശ്രമിക്കുന്നു. ഇത്തരത്തിൽ മനുഷ്യന്റെ അടങ്ങാത്ത ദുര പ്രകൃതിയെ നശിപ്പിക്കുന്നതായി പ്രകൃതിമാതാവ് പ്രതികരിക്കുന്നു.

"വെട്ടി നിലംപതിപ്പിച്ചതു നിൻകരം
ജ്യേഷ്ഠനെയല്ല; നിന്നമ്മയെത്തന്നെയാം
അല്ല നീയെൻ മുലയല്ല നുകർന്നതു; -

മല്ലമ്മയല്ല ഞാൻ നിർഭാഗ്യവന്ധ്യയാം" (2005:425)

എന്നിങ്ങനെ പ്രകൃതിയെ ദ്രോഹിക്കുന്നത് അമ്മയെ ദ്രോഹിക്കുന്നതിന് തുല്യമെന്ന് കവിത വ്യക്തമാക്കുന്നു. പ്രകൃതിയെ ഇല്ലാതാക്കി കടന്നുവരുന്ന വികസനവും നഗര വത്കരണവും അമ്മയെ പുറത്താക്കി വേശ്യയെ കുടിയിരുത്തുന്നതിന് തുല്യമാണെന്ന് കവിത അഭിപ്രായപ്പെടുന്നു. നഗരവത്ക്കരണം അമ്മയായ പ്രകൃതിയെ നശിപ്പിക്കുന്ന താണെന്ന ബോധ്യമാണ് കവിത പങ്കുവയ്ക്കുന്നത്.

വയലാറിന്റെ 'എനിക്ക് മരണമില്ല' എന്ന കവിത മനുഷ്യന്റെ അജയ്യതയെയാണ് വെളിപ്പെടുത്തുന്നത്. മനുഷ്യനിലൂടെയാണ് പ്രപഞ്ചം നിലനിൽക്കുന്നതെന്നും മുന്നോട്ടുപോകുന്നതെന്നുമുള്ള ചിന്തയാണ് കവിതയുടെ ആശയപഞ്ചാത്തലമാകുന്നത്.

"ഒരൊറ്റശ്വാസത്തിൽ
മൃതിയണയ്ക്കുമീ
വിഷാംശവാതക-
ച്ചുഴിയിലെ യന്ത്ര-
പ്പുരയെരിയുന്നു
പരക്കുന്നുചുറ്റും
മരണാഗ്നി, ചുറ്റി-
പ്പറക്കുന്നുണ്ടെങ്ങും" (1994: 60)

പ്രപഞ്ചം മുഴുവൻ പ്രളയാബ്ധിയിൽ താണടിഞ്ഞ ഘട്ടം മുതൽ പ്രപഞ്ചത്തെ ജീവ ലോകമായി നിലനിർത്തിയത് മനുഷ്യനാണ് എന്നും പ്രപഞ്ചത്തെ സ്വന്തം നിയന്ത്രണ ത്തിലാക്കാനുള്ള സർഗ്ഗാത്മകശക്തി മനുഷ്യനുണ്ട് എന്നുമുള്ള അഭിമാനബോധം പ്രകൃതിയുടെ അപചയത്തിനാണിടയാക്കിയത്.

"ഞാനാണ; - തയ്യനാം 'മനുഷ്യൻ'- ചലിക്കുന്നൂ
ഞാനഹർന്നിശ, - മെന്റെ സന്ദേശം ജയിക്കുന്നു" (1988:290)

എന്ന അഹങ്കാരാത്മകബോധമാണിവിടെ പ്രവർത്തിക്കുന്നത്. മീനായും ആമയായും പന്നിയായും നരസിംഹമായും അവതാരം പൂണ്ട ഈശ്വരനും കുരുക്ഷേത്രഭൂമിയിലെ കൃഷ്ണനും മനുഷ്യനാണെന്നുള്ള മനുഷ്യകേന്ദ്രിതത്വചിന്തകൾ കവിതയിലുണ്ട്. ഭൂമിയിലെ സംസ്കാരങ്ങൾ നിലനിന്നിരുന്നതും വളർന്നതും മനുഷ്യനിലൂടെയാണെന്നും പുതിയയുഗം സയൻസിലൂടെ ഭൂമിയെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു എന്നും കവിത

വ്യക്തമാക്കുന്നു.[100] പ്രപഞ്ചത്തെ തന്റെ ആജ്ഞയ്ക്കൊത്ത് പ്രവർത്തിക്കാൻ സന്നദ്ധമാക്കും എന്ന അതിക്രമബുദ്ധി മനുഷ്യർ പ്രകടിപ്പിക്കുന്നതിനൊപ്പം മനുഷ്യനെ ബാധിക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാവുകയും ചെയ്യുന്നതായി കവിത ബോധ്യപ്പെടുത്തുന്നു.

'മാ നിഷാദ' എന്ന കവിത രാമായണ കഥാരംഭത്തിന് കാരണമായ ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ അമ്പെയ്ത കഥയുമായി ബന്ധപ്പെട്ട് രചിക്കപ്പെട്ടതാണ്.

"ഈ വിശ്വപ്രകൃതിയെ-
പൂക്കൂടയാക്കി, പ്രേമ-
ഭാവനയുടെ കോണിൽ
തിരുകി, ത്തമ്മിൽത്തമ്മിൽ"(1988:384)

എന്നാണ് കവി പറയുന്നത്. പൂക്കൂടയ്ക്ക് തുല്യമായി വിശ്വപ്രകൃതിയെ കാണണം എന്നർത്ഥം. വിശ്വമാനവികതാസങ്കല്പമാണ് ഇവിടെ പ്രവർത്തിക്കുന്നത്. പുതിയ പാരിസ്ഥിതിക കാഴ്ചപ്പാടായ ഗഹനപരിസ്ഥിതിവാദം ഈ കവിതയുടെ ആശയത്തിലുണ്ട്. 'ദൈവം വീട്ടിൽ വന്നിരിക്കുന്നു എന്ന കവിത ദൈവത്തെക്കാൾ വലിയവനായി സ്വയം അവരോധിതനാകുന്ന മനുഷ്യനെയാണ് പ്രതിനിധീകരിക്കുന്നത്. ദൈവം മനുഷ്യനെ ശപിക്കാനൊരുങ്ങുമ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട്

"ഞാനീ പ്രപഞ്ചം വളർത്തിടുന്നൂ
ഞാനി പ്രപഞ്ചം നയിച്ചിടുന്നു!
സർഗ്ഗലയസ്ഥിതികാരകൻ ഞാൻ
സത്യസ്വരൂപി ഞാൻ; ഞാൻ മനുഷ്യൻ...." (1988:323)

എന്ന് മനുഷ്യൻ ദൈവത്തിന്റെ നാവടക്കുന്നു. പ്രപഞ്ചകേന്ദ്രം മനുഷ്യനായി മാറുന്ന ആധുനികപ്രവണതയെയാണ് കവിത പ്രശ്നവത്ക്കരിക്കുന്നത്. ദൈവത്തെക്കാൾ വലിയവനായ മനുഷ്യൻ ദൈവത്തെ വീട് പണിക്കുനിർത്താം എന്നാണ് പറയുന്നത്. സ്രഷ്ടാവിനെക്കാൾ ഉയർന്ന സൃഷ്ടിയായി മനുഷ്യവർഗ്ഗം മാറുന്നു.

പ്രകൃതിവർണ്ണനകളായും പ്രകൃതി അവബോധമായും വയലാറിൻ പ്രകൃതി അവതരിപ്പിക്കപ്പെടുന്നു. മനുഷ്യകേന്ദ്രിതത്ത്വത്തിന്റെ ഫലമായി പ്രകൃതിക്കുണ്ടാകുന്ന അപചയങ്ങളെ വയലാർകവിത പ്രശ്നവത്ക്കരിക്കുന്നുണ്ട്.

#### 4.4.3.4. ആധുനികതാഘട്ടം

അയ്യപ്പപ്പണിക്കരുടെ 'ഞാനൊരു ത്യാഗി' ആക്ഷേപഹാസ്യരീതി പ്രതിഫലിക്കുന്ന കവിതയാണ്.

"ഞാനൊരു ത്യാഗി-
യെനിക്കീ ലോകം മുഴുവനുമെൻ തറവാ-
ടിപ്പുല്ലും പുഴുവും സമ്മതിദായകരായ
കുടുംബക്കാർ മാത്രം"(1996:31)

എന്നിങ്ങനെ വിശ്വമാനവികതാദർശനം അവതരിപ്പിക്കുന്നു. അത് ഗഹന പരിസ്ഥിതി വാദകാഴ്ചപ്പാടുകൂടിയാണ്. പ്രബുദ്ധരായ മനുഷ്യനുവേണ്ടിയാണ് ദൈവം ഭൂമി സൃഷ്ടിച്ചതെന്നും കവിത വ്യക്തമാക്കുന്നു. അതിനാൽ അവൻ കാടും കടലും നാടും നഗരവുമെല്ലാം സ്വന്തമാക്കിയിട്ടും മതിവരാതെ വീണ്ടും പ്രകൃതിയെ സ്വന്തം കൈകളി ലാക്കാൻ ശ്രമിക്കുന്നു (1996:31) പ്രകൃതിയെ മുഴുവൻ തന്റേതാക്കിയിട്ടും മതിവരാത്ത മനോഭാവമാണ് മനുഷ്യർ പ്രകടിപ്പിക്കുന്നത്. മനുഷ്യർ പ്രകൃതിയുടെ ഒരു ഘടകം മാത്രമായിരുന്ന ഘട്ടത്തിൽനിന്നും പ്രകൃതി മനുഷ്യന്റേതാണെന്ന അധികാരഭാവത്തിലേ ക്കുള്ള വളർച്ചയെയാണ് കവിത പ്രതിനിധീകരിക്കുന്നത്.

കടമ്മനിട്ടയുടെ 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' എന്ന മുന്നറിയിപ്പിൽ ആരംഭി ക്കുന്ന കവിത രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളിലേക്കാണ് വായനക്കാരനെ എത്തി ക്കുന്നത്. അതാകട്ടെ കൃഷ്ണന്റെ ബാലലീലകളുമായി ബന്ധപ്പെടുത്തിയാണ് കടമ്മനിട്ട അവതരിപ്പിക്കുന്നത്. അമൃതതിനുതുല്യമായ മുലപ്പാലിനൊപ്പം വിഷം കഴിക്കേണ്ടി വരുന്ന പുതിയ തലമുറയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്.

"കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്
ധാത്രിതൻ മടിയിൽ കിടക്കരുത്
മാറിൽ തിമർക്കരുത്
കുന്നിൻ മുലപ്പാൽ കൊതിക്കരുത്" (2015:226)

എന്നാണ് കവിത ആരംഭിക്കുന്നത്. പുതിയ പാരിസ്ഥിതികാവസ്ഥയിൽ ഒരു കുഞ്ഞ് അല്ലെങ്കിൽ മനുഷ്യൻ എത്രത്തോളം ശ്രദ്ധയോടെയും കരുതലോടെയുമാണ് ജീവിക്കേ ണ്ടതെന്ന രക്ഷകർത്താവിന്റെ ഉപദേശരൂപത്തിലാണ് കവിത രചിക്കപ്പെട്ടിരിക്കുന്നത്. കൃഷ്ണൻ ബാലലീലകളിലൂടെ തന്നെ നശിപ്പിക്കാനെത്തുന്ന ശക്തികളെ പ്രതിരോ ധിക്കുന്നു. എന്നാൽ ഇന്നത്തെ സമൂഹത്തിന് അസാധ്യമായ കാര്യമാണത്. മനുഷ്യ

രുടെയും മൃഗങ്ങളുടെയും മുലപ്പാലിൽപോലും വിഷം കണ്ടെത്തിയിരിക്കുന്ന സമകാലിക അവസ്ഥയെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. “ഒരു വ്യാഴവട്ടക്കാലം മുമ്പു പ്രയോഗിച്ച രാസവസ്തുക്കളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും മണ്ണിൽ തങ്ങിനില്ക്കുന്നുണ്ട്. അവ ലോകവ്യാപകമായിത്തന്നെ മത്സ്യങ്ങൾ പക്ഷികൾ ഉരഗങ്ങൾ, വന്യ-വീട്ടുമൃഗങ്ങൾ എന്നിവയുടെ ശരീരത്തിൽ പ്രവേശിച്ച് നിലനിൽക്കുന്നതുമൂലം മൃഗങ്ങളിൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർക്ക് ഇത്തരം മലീമസമാക്കലിനു വിധേയമല്ലാത്ത ഒരൊറ്റ പരീക്ഷണജീവിയെപ്പോലും കണ്ടെത്താനാവാതായിരിക്കുന്നു. വിദൂരത്തിലുള്ള മലന്തടാകങ്ങളിലും മണ്ണ് കുഴിച്ചുപോകുന്ന മണ്ണിരകളിലും പക്ഷികളുടെ മുട്ടകളിലും- എന്തിന് മനുഷ്യനിൽത്തന്നെയും അവ കണ്ടെത്തിയിരിക്കുന്നു. ഈ രാസവസ്തുക്കൾ പ്രായഭേദമെന്യേ ഭൂരിഭാഗം മനുഷ്യരുടെ ശരീരത്തിലും അടിഞ്ഞു കൂടിയിരിക്കയാണ്. അമ്മയുടെ മുലപ്പാലിലും ജനിച്ചിട്ടില്ലാത്ത കുഞ്ഞിന്റെ കോശങ്ങളിൽപോലും അവ കണ്ടുകിട്ടുന്നു”. എന്ന റേച്ചൽ കഴ്സന്റെ വാക്കുകൾ ഈ കവിതയുമായി ചേർത്തു വായിക്കാം (2013:33). ഇത്തരത്തിൽ മുലപ്പാലിനെയും അമ്മയെയും പൂവിനെയും വിശ്വസിക്കാൻ പറ്റാത്ത ചതിയുടെ ലോകത്തെക്കൂടിയാണ് കവിത അടയാളപ്പെടുത്തുന്നത്. എല്ലാറ്റിനെയും സംശയത്തിന്റെ കണ്ണിലൂടെ നോക്കാനാണ് കവിത ഉപദേശിക്കുന്നത്. കുഞ്ഞിനോട് സ്വയം ശ്രദ്ധിക്കുന്നതിനൊപ്പം പ്രകൃതിയുടെ വിലാപത്തെയും ശ്രദ്ധിക്കണമെന്ന് ഉപദേശിക്കുന്നു. വനനശീകരണത്തിൽ മുറിച്ചുമാറ്റപ്പെടുന്ന മരങ്ങളെയും വിഷപുക ശ്വസിക്കുന്ന ആകാശത്തെയും അറിയണമെന്ന് കവിത ആവശ്യപ്പെടുന്നു. ഇതെല്ലാം പ്രകൃതിക്ക് ദോഷമുണ്ടാക്കുന്നത് മനുഷ്യന്റെ വരും തലമുറയെ ബാധിക്കുന്നതാണെന്നു വ്യക്തമാക്കുന്നതിലൂടെ കവിതയുടെ നില മനുഷ്യപക്ഷത്താണെന്ന് വ്യക്തമാകുന്നു. മനുഷ്യന്റെ നിലനിൽപ്പിനായി പ്രകൃതിയെ സംരക്ഷിക്കേണ്ടതുണ്ട് എന്നാണ് കവിത ബോധിപ്പിക്കുന്നത്.

‘പുഴുങ്ങിയ മുട്ടകൾ’ എന്ന കവിത മനുഷ്യരുടെ ഇടയിൽ ജീവിക്കാൻ താല്പര്യപ്പെടാത്ത മുട്ടകളുടേതാണ്. മുട്ടകൾ വിരിയിക്കാൻ തയ്യാറെടുക്കുമ്പോൾ മനുഷ്യന്റെ വായുവും സൂര്യനും ഉള്ള അവൻ മലിനമാക്കിയ പ്രകൃതിയിൽ ജനിക്കാനും ജീവിക്കാനും താല്പര്യപ്പെടുന്നില്ലെന്ന് മുട്ടകൾ വ്യക്തമാക്കുന്നു (2015:137). മനുഷ്യജീവികൾക്കിടയിൽ പിറക്കാൻ താല്പര്യപ്പെടാത്ത മുട്ടകളെ അവതരിപ്പിക്കുന്നു. മനുഷ്യൻ സൃഷ്ടിച്ച പുതിയ പാരിസ്ഥിതികാന്തരീക്ഷം തങ്ങൾക്ക് ജീവിക്കാൻ പറ്റാത്തതാണെന്ന വെളിപ്പെടുത്തലാണ് കവിത. മനുഷ്യന്റെ പ്രകൃതിനശീകരണപ്രവർത്തനങ്ങൾക്കെതിരെ വിരിയാൻ തുടങ്ങുന്ന മുട്ടകൾ പോലും പ്രതികരിക്കുന്ന ഘട്ടത്തെയാണ് കവിത പ്രതിനിധീകരിക്കുന്നത്.

പ്രപഞ്ചത്തെ സംശയത്തോടെ വീക്ഷിക്കുന്ന മനുഷ്യമനോഭാവമാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സംശയം' എന്ന കവിതയുടെ വിഷയം. ജനനവും ജീവിതവും മരണവും പഠന വസ്തുക്കളാക്കുന്നു മനുഷ്യൻ. ഇത്തരത്തിൽ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനെയും പഠിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും

"കണപ്രവാഹത്തെ സ്ഥലസ്ഥിരതായും
ചലനവേഗത്തെക്കാലഭ്രമണമായും
മറിച്ചനുഭവിപ്പിക്കും പ്രപഞ്ചകേളി
ശരിക്കെന്തെന്നറിയുവാൻ കഴിയുന്നില്ല" (2016:257)

അതായത് മനുഷ്യൻ ശാസ്ത്രം വികസിപ്പിച്ചിട്ടും പ്രകൃതിയെ മുഴുവനായും അറിയാൻ അവന് കഴിയുന്നില്ല. പ്രകൃതിയിലെ ഓരോ ഘടകത്തെയും അണുക്കളെപ്പോലെയും മുറിച്ചു പരിശോധിക്കാനാണ് മനുഷ്യർ ശ്രമിക്കുന്നത്. എന്നാൽ അത്തരം സംശയ ങ്ങളൊന്നും മരങ്ങൾക്കും കിളികൾക്കും കഴുതയ്ക്കും തവളയ്ക്കും പഴുതാരയ്ക്കും പുഴുവിനും പുൽച്ചാടിക്കുമില്ല. അമീബയ്ക്കുപോലും പരാതിയില്ല. എന്നിങ്ങനെ മറ്റുജീവികൾക്കൊന്നുമില്ലാത്ത സംശയങ്ങൾ മനുഷ്യനുമാത്രമുണ്ടാകുന്നതിനെ കവിത വ്യക്തമാക്കുന്നു. മരണത്തിലും അവസാനിക്കാത്ത സംശയമാണ് മനുഷ്യനുള്ളതെന്നും കവിത വ്യക്തമാക്കുന്നു. ഇത്തരത്തിൽ പ്രപഞ്ചത്തെ അറിയാനുള്ള മനുഷ്യവ്യഗ്രത യാണ് കവിതയ്ക്കു വിഷയം.

### 4.4.3.5. ആധുനികതാനന്തരഘട്ടം

വിജയലക്ഷ്മിയുടെ 'ഇനിയെന്തു വില്ക്കും?' എന്ന കവിത പ്രകൃതിയെ കച്ചവട വസ്തുവാക്കുന്ന ആധുനിക മനോഭാവത്തിന്റെ വെളിപ്പെടുത്തലാണ്.

"പുഴയെ, കാറ്റിനെ, വെയിലിനെ, വിൽക്കാൻ
മഴയെ, മണ്ണിന്റെ തരികളെ വിൽക്കാൻ
പതിനാലാം രാവിന്നഴകിനെ വിൽക്കാൻ
പുലരിതൻ സ്പതസ്വരങ്ങളെ വിൽക്കാൻ
അവർ വിളിക്കയായ്, വരിക, ലോകത്തിൻ
പെരുമടിശ്ശീലത്തലവരേ" (2013: 221)

പണം കയ്യിലുള്ളവർ പ്രകൃതിയെ വിലപേശി വാങ്ങുന്ന അവസ്ഥയാണിന്നുള്ളത്. ജലവിൽപന സാധാരണ ജീവിതത്തിനുയർത്തിയ ഭീഷണിയാണ് കവിതയ്ക്ക്

ആധാരമെന്ന് അടിക്കുറിപ്പ് വ്യക്തമാക്കുന്നുണ്ട്. ഭൂമിയുടെ സകലഘടകങ്ങളെയും വിറ്റ് മനുഷ്യരെന്ന ആർക്കും വേണ്ടാത്ത വർഗ്ഗം മാത്രം ഭൂമിയിൽ അവശേഷിക്കുന്നു. ഇത്തരത്തിൽ ഭൂമിയെ മൊത്തവിലക്ക് തൂക്കിനിൽക്കാനൊരുങ്ങുന്ന മനുഷ്യരെയാണ് കവിത പ്രതിനിധാനം ചെയ്യുന്നത്. "ഭൂമി മനുഷ്യന്റെയല്ല, മനുഷ്യൻ ഭൂമിയുടേതാണ്. ഇതു ഞങ്ങൾക്കറിയാം. ഒരു കുടുംബത്തെ ഒന്നാക്കുന്ന രക്തത്തെപ്പോലെ എല്ലാം തമ്മിൽ ബന്ധിക്കപ്പെട്ടവയാണ്. എല്ലാം തമ്മിൽ ചേർക്കപ്പെട്ടവയാണ്. ഭൂമിക്ക് സംഭവിക്കുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും സംഭവിക്കും" എന്ന സിയാറ്റിൽ മൂപ്പന്റെ വാക്കുകൾ ഈ കവിതയുമായി ചേർത്ത് വായിക്കാം (2014:39).

റഫീക്ക് അഹമ്മദിന്റെ 'ചക്രം' പ്രകൃതിയെ ഉപയോഗിച്ചു തന്നെ പ്രകൃതിയെ കച്ചവടമാക്കുന്ന മനുഷ്യരീതികളുടെ വൈരുദ്ധ്യത്തെ സൂചിപ്പിക്കുന്നു. പ്രകൃതിയെ ഉപയോഗിച്ചുണ്ടാക്കിയ പണം കൊടുത്ത് പ്രകൃതിയെ വാങ്ങുന്ന മനുഷ്യമനോഭാവത്തെ ആവിഷ്കരിക്കുന്നു കവിത.[101] 'പ്രകൃതിയെ എങ്ങനെ വാങ്ങുവാനും വിൽക്കുവാനും കഴിയും എന്ന ചോദ്യത്തെയും ചിന്തയെയും അപ്രസക്തമാക്കുന്ന വിധം മഴയും കാറ്റും വെയിലും കാടും കടലും മലയും പുഴയും വിൽപനച്ചരക്കാക്കുന്ന കാലഘട്ടത്തെയാണ് നാം അഭിമുഖീകരിക്കുന്നതെന്ന ഓർമ്മപ്പെടുത്തലാണീ കവിത. പ്രകൃതി വില്പനവസ്തുമാത്രമായി മാറുന്നു.

ആദ്യകാലത്ത് തങ്കത്തിനുണ്ടായിരുന്ന പ്രാധാന്യം പിന്നീട് സ്വർണ്ണത്തിനും തുടർന്ന് റബ്ബർ, പ്ലാസ്റ്റിക് എന്നിവയ്ക്കും നൽകിയതായി 'സത്യം' എന്ന കവിത വ്യക്തമാക്കുന്നു. സത്യം ഡിജിറ്റൽ ആവുമ്പോൾ

"ആകെ മൊത്തം ജീവിതം പ്രകൃതിവിരുദ്ധമായെങ്കിലും
സത്യം ഇക്കോ ഫ്രണ്ട്‌ലി ആയിട്ടുണ്ട്"(2016: 327)

എന്നിങ്ങനെ പുതുയുഗത്തിലെ ചിന്തകളും പ്രവൃത്തികളും തമ്മിലുള്ള വൈരുദ്ധ്യത്തെ ചൂണ്ടിക്കാണിക്കുന്നു. പ്രകൃതിവിരുദ്ധ നിലപാടുകൾ സ്വീകരിക്കുകയും ഇക്കോ ഫ്രണ്ട്‌ലിയാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്ന പുതുയുഗത്തെ വിമർശന വിധേയമാക്കുന്നു ഈ കവിത.

വി.എം. ഗിരിജയുടെ 'പലയിടങ്ങൾ' എന്ന കവിത മനുഷ്യൻ നിർമ്മിച്ച നിയമങ്ങളിലെ അർത്ഥശൂന്യതയാണ് അടയാളപ്പെടുത്തുന്നത്. 'നിയമങ്ങൾ പ്രകൃതിയിലുണ്ടോ?' എന്ന കനത്ത ചോദ്യം കവിത ഉന്നയിക്കുന്നു. പ്രകൃതിപ്രതിഭാസങ്ങളെ നിയമങ്ങൾ എന്നെണ്ണുന്നതിലെ വൈരുദ്ധ്യത്തെയാണ് കവിത സൂചിപ്പിക്കുന്നത്.

പ്രകൃതിയിലെ സ്വാഭാവിക ചക്രങ്ങൾക്ക് ബദലായി മനുഷ്യൻ സൃഷ്ടിക്കുന്ന നിയമങ്ങൾ ഏകത്വത്തിൽ പുലർന്ന പ്രകൃതിയെ ഭിന്നിപ്പിക്കുന്നു. മനുഷ്യവർഗ്ഗം പ്രകൃതിയിൽ നിന്ന് ഏറെ അകന്നിരിക്കുന്നതിനാൽ തന്നെ പ്രകൃതിയിൽ നിന്ന് വ്യത്യസ്തമായ നിരവധി നിയമങ്ങളും രീതികളും അവർ സൃഷ്ടിക്കുന്നു. അതിന്റെ അനാവശ്യകതയെ കവിത ചൂണ്ടിക്കാണിക്കുന്നു.

"പൂവിനെക്കാൾ തലച്ചോറ് ആവശ്യമുണ്ടോ?
പൂവിനെക്കാൾ വലിയൊരു തുടക്കവും
ഒടുക്കവും എന്തിന്?
ഇലയെക്കാൾ കനത്തോരടുക്കള-
പ്പണികൾക്ക് കഴമ്പുണ്ടോ?" (2011: 52)

എന്നിങ്ങനെ പ്രകൃതിയിൽ മനുഷ്യപ്രകൃതിയെന്ന വിഭാഗം കല്പിച്ച മനുഷ്യന്റെ അറിവില്ലായ്മയെ ചോദ്യം ചെയ്യുന്ന കവിത.

വീരാൻകുട്ടിയുടെ 'കുഞ്ഞുവരകൾ' എന്ന കവിതയിൽ നഴ്സറിക്കുട്ടിയുടെ ചിത്രത്തിലെ പ്രകൃതിയെ അവതരിപ്പിക്കുന്നു. ചിത്രത്തിലെ മരങ്ങൾ പെട്ടെന്ന് മുതിർന്നു.

"സിംഹത്തെ വരച്ച വരയിൽ നിർത്തി
വറ്റിയ പുഴയെ ഒഴുക്കിവിട്ടു
വിമാനത്തെക്കാൾ വലിയശലഭം
കുഞ്ഞുപ്പൂവിൽ വന്നിരുന്നിട്ടും
അതിന്റെ തണ്ട് ഒടിയാതെ നോക്കി?'' (2016:255)

എന്നിങ്ങനെ പ്രകൃതിയെ വരുതിയിൽ നിർത്തുന്ന മനുഷ്യമനോഭാവത്തെ കവിത വെളിപ്പെടുത്തുന്നു. പ്രകൃതിയെ സ്വന്തം നിയന്ത്രണത്തിലാക്കുന്ന രീതിയാണ് ഇവിടെ കാണുന്നത്.

പ്രകൃതി തന്നെ വീടായിരുന്ന തുറന്ന പ്രകൃതിയിൽ അഭയം കണ്ടെത്തിയിരുന്ന രീതി മാറുകയും

"സിമന്റ്
കമ്പി,
മണൽ
കമ്പി

മണൽ

സിമന്റ്" (2016: 194)

എന്ന് കൂട്ടുകയും കുഴയ്ക്കുകയും ചെയ്യുന്ന കാലഘട്ടത്തിലേക്ക് നാം പരിണമിക്കുകയും ചെയ്തു. പല മോഡികളിൽ ഏക്കർകണക്കിന് സ്ഥലത്ത് വീട് നിർമ്മിച്ച് ആർഭാടം കാണിക്കുന്ന ആധുനികമനോഭാവത്തെ വിമർശിക്കുന്നു 'വീടുപണി' എന്ന കവിത. എത്രവലിയ വീടു പണിതാലും മണ്ണ്, വെള്ളം, തീ എന്നിവയിലേക്ക് മനുഷ്യർക്ക് തിരിച്ചു പോകേണ്ടിവരും (മരണശേഷം) എന്ന സത്യത്തിലേക്കാണ് കവിത വിരൽചൂണ്ടുന്നത്. വീടിനെക്കുറിച്ച് എത്ര വലിയ കണക്കുകൾ കൂട്ടിയാലും മരണശേഷം

"വേരുകൾക്കിടയിൽ

മണ്ണുകൊണ്ടു പണിത

ഒറ്റമുറി

അയാൾക്ക് വീട്" (2016:194)

എന്നതാണ് പ്രപഞ്ചസത്യം. സ്വാഭാവിക പ്രകൃതിയിൽ നിന്നകന്ന് എത്രമാത്രം കൃത്രിമത സൃഷ്ടിച്ചാലും മനുഷ്യരുടെ മടക്കം ജൈവപ്രകൃതിയിലേക്കുതന്നെയെന്ന യാഥാർത്ഥ്യം കവിത വെളിപ്പെടുത്തുന്നു. പ്രകൃതിയാണ് ഓരോ മനുഷ്യന്റെയും അവസാനത്തെ പാർപ്പിടം എന്ന് കവിത വ്യക്തമാക്കുന്നു.

പ്രകൃതി തന്നെയാണ് വൈദ്യൻ എന്ന സത്യത്തെ തിരിച്ചറിയുന്ന കവിതയാണ് എം.ആർ. രേണുകുമാറിന്റെ 'ചൊറി'. ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് വികസനത്തിന്റെ മാറ്റുകൂട്ടുന്ന ആധുനികസമൂഹം പ്രകൃതിയുടെ ചികിത്സാവിധികൾ അംഗീകരിക്കുന്നില്ല. ചൊറി വന്നപ്പോൾ കരയുകയും ഈച്ചയാട്ടുകയും മാറിമാറി മരുന്നു ചെയ്യുകയും ചെയ്തുവെങ്കിലും ചൊറിക്ക് മാറ്റമുണ്ടായില്ല. എന്നാൽ

"ഒരിക്കൽ വീട്ടിലറിയാതെ

കൂട്ടുകാരോടൊത്ത്

ചെളിയിൽ കളിച്ചു

പുഴയിൽ കുളിച്ചു

കുളിച്ചു കയറിയപ്പോൾ

കാണാനേയില്ല

ഒരൊറ്റയൊരെണ്ണം

മീനുകളത്
കൊത്തിയെടുത്തിരുന്നു" (2007:40)

മീൻ കൊത്തിയാൽ ചൊറി ഉണങ്ങുമെന്നാണ് പഴയ ശാസ്ത്രം. പ്രകൃതിയുടെ ചികിത്സാരീതികളിൽ ഒന്നാണിന്. ഔഷധസസ്യങ്ങളെയും മറ്റു പ്രകൃതിചികിത്സാരീതികളെയും മറന്ന് രാസപദാർത്ഥങ്ങൾ കൊണ്ട് നിർമ്മിച്ച മരുന്നുകൾ ഉപയോഗിച്ച് ശാസ്ത്രവികസനം എന്ന് അഹങ്കരിക്കുന്ന മനുഷ്യവർഗ്ഗമാണിന്നുള്ളത്. ഓരോ അസുഖങ്ങൾക്കുമുള്ള പ്രതിവിധി പ്രകൃതിയിൽത്തന്നെയുണ്ട്. നായ പുല്ലുതിന്നുന്നതും മുറിവിൽ നക്കുന്നതുമെല്ലാം ചികിത്സാരീതികൾ തന്നെയാണ് ഇത്തരത്തിൽ ഓരോ ജീവിക്കും അതിന്റേതായ ചികിത്സാരീതികൾ പ്രകൃതി ഒരുക്കിയിട്ടുണ്ട്. അതിനെയെല്ലാം മറികടന്നു കൊണ്ട് തന്റേതായ നൂതനചികിത്സാരീതികൾ സ്വീകരിച്ചത് മനുഷ്യർ മാത്രമാണ്. മനുഷ്യന്റെ ജീവിതരീതികൾ മാറുന്നതിനനുസരിച്ച് മാരകങ്ങളായ പല രോഗങ്ങളും അവനെ ബാധിക്കുന്നു. ഇത്തരത്തിൽ കൃത്രിമമായ ജീവിതരീതികൾ മനുഷ്യന്റെ ജീവിതകാലത്തിൽ വരെ വ്യതിയാനം വരുത്താൻ കാരണമായി. പ്രകൃതിയെ അറിഞ്ഞ് പ്രകൃതിസ്വഭാവത്തിനനുസൃതമായ ജീവിതമാണ് മനുഷ്യവർഗ്ഗത്തിന്റെ അതിജീവനത്തിന് ആവശ്യം.

'പച്ചക്കുപ്പി' എന്ന സമാഹാരത്തിലെ 'പിരിച്ചെഴുത്ത്' ദളിത്പരിസ്ഥിതിവാദത്തിന്റെ സമന്വയമാണ്. മുടിവെട്ടാൻ പോകുന്ന ദളിത്ബാലനെ കുറച്ചുകഴിഞ്ഞു വരാനായി കടയുടമ പറയുന്നു

"കസേര
ഒഴിഞ്ഞുകിടന്നിട്ടും
വെട്ടുകാരൻ പറഞ്ഞു,
കുറച്ചുകഴിഞ്ഞു വാ" (2011:20)

ദളിത് വർഗ്ഗത്തോടുള്ള അവഗണനയാണിവിടെ കാണുന്നത്. നേരം കളയാനായി ചുറ്റിത്തിരിയുന്ന കുട്ടിക്ക് കാണാൻ കഴിയുന്നതാകട്ടെ കറണ്ടുകമ്പിയിൽ നിരതെറ്റിച്ചിരിക്കുന്ന കാക്കകളെയും പിക്കാസുമുനകളാൽ മണ്ണിളക്കുന്ന മനുഷ്യരെയുമാണ്. അധികൃതവർഗ്ഗത്തിന്റെ അടിച്ചമർത്തലാണ് കവിതയ്ക്ക് വിഷയമെങ്കിലും മരങ്ങളുടെ സ്ഥാനം കറണ്ടു കമ്പികൾ ഏറ്റെടുത്തതും കിടങ്ങിൽനിന്ന് കേൾക്കുന്ന മണ്ണിളകുമൊച്ചയും കവിതയ്ക്ക് പാരിസ്ഥിതികമായ പ്രാധാന്യം നൽകുന്നു. രണ്ടും പ്രകൃതിയിലുള്ള മനുഷ്യന്റെ അധികാരസ്ഥാപനത്തിന്റെ മാതൃകകളാണ്.

പ്രകൃതിയെ മുഴുവൻ വായിലിട്ടു ചവച്ചു മറയ്ക്കുന്ന അവസ്ഥയെ ‘ചംക്രമണം’ എന്ന സെബാസ്റ്റ്യന്റെ കവിത പ്രതിനിധീകരിക്കുന്നു. പർവ്വതവും കാടും സമുദ്രവും ഭൂമിയും വായിലിട്ട് ചവച്ചുതിന്നുകയും പറമ്പിലോ വഴിയോരത്തോ ടോയ്‌ലെറ്റിലോ പിന്നീട് പ്രത്യക്ഷപ്പെടുകയും ചെയ്യുമെന്ന് കവിത സൂചിപ്പിക്കുന്നു (2013:43). പ്രകൃതിയിലെ ഓരോ ഘടകത്തെയും മനുഷ്യന്റെ ആവശ്യത്തിനുസരിച്ച് ഉപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന രീതിയുടെ അടയാളപ്പെടുത്തൽ കൂടിയാണിവിടെ സംഭവിക്കുന്നത്. ഉണ്ടംപൊരിതിന്നുന്ന ലാഘവത്തോടെ ഭൂമിയെ ധൂർത്തടിക്കുന്ന പ്രവണതയെ കവിത പ്രശ്നവത്കരിക്കുന്നു.

‘ആൽബം’ എന്ന കവിതയിൽ വിവിധ തരം ആൽബങ്ങളെക്കുറിച്ച് പറയുന്നു. പലതരം മൈതാനങ്ങളുടെ ആൽബമുണ്ടാക്കി എന്നാൽ

“വയലുകളുടെ കുളങ്ങളുടെ കാടുകളുടെ കൃഷിയിടങ്ങളുടെ
ആൽബം വേണ്ടെന്നുവെച്ചു
കിട്ടുക പ്രയാസം” (2009:39)

എന്ന് കവിത വ്യക്തമാക്കുന്നു. മുത്തങ്ങ, മേപ്പടി, നെല്ലിയാമ്പതി, ചെങ്ങറ എന്നിങ്ങനെ ഭൂമി കൈയ്യേറ്റങ്ങളുടെ ആൽബവുമുണ്ട്. വയലും കുളവും കാടും കൃഷിയിടവും ചേർന്ന പ്രകൃതിയുടെ ആൽബം ലഭ്യമാകാതിരിക്കുന്ന അവസ്ഥയിലേക്കാണ് പ്രകൃതി പരിവർത്തനപ്പെടുന്നതെന്ന് കവിത സൂചിപ്പിക്കുന്നു.

പ്രകൃതിക്ക് വേണ്ടി ശബ്ദമുയർത്തുന്ന ചിലരെയാണ് എസ്. ജോസഫിന്റെ ‘ചിലർ മാത്രം’ എന്ന കവിത പ്രതിനിധാനം ചെയ്യുന്നത്. വെള്ളവും പാറയും കുന്നുകളും ഭൂമിയും ഇല്ലാതാകുന്നതിനെപ്പറ്റി ചിലർ മാത്രം വിളിച്ചുപറയുന്നതിലെ വൈരുദ്ധ്യത്തെയാണ് കവിത അവതരിപ്പിക്കുന്നത്. എല്ലാവർക്കും ആവശ്യമായ പ്രകൃതിയിൽ ചിലർമാത്രമാണ് പ്രകൃതി സംരക്ഷിക്കപ്പെടണം എന്ന് ശബ്ദമുയർത്തുന്നത്.

‘നാടോടികളും വീട്ടുകാരും’ എന്ന കവിതയിൽ ചെറുവീടുകളിൽ കഴിയുന്ന വീട്ടുകാരും പ്രകൃതിയെന്ന വലിയ വീട്ടിൽ കഴിയുന്ന നാടോടികളും പരാമർശിക്കപ്പെടുന്നു. മണ്ണും വെള്ളവും കട്ട വീട്ടുകാരിൽ നിന്ന് നാടോടികൾ അകന്നു പോകുന്നതായും പ്രകൃതിയിൽ ചേർന്നു നിന്നുകൊണ്ടുള്ള ജീവിതമാണ് നാടോടികളുടേതെന്നും കവിത വ്യക്തമാക്കുന്നു. ‘ഒരേ പ്രകൃതി വിളിക്കുന്നു ഒരേ ശബ്ദം കേൾക്കുന്നു’ (2009:52) എന്നിങ്ങനെ പ്രകൃതി എല്ലാ മനുഷ്യർക്കും ജീവികൾക്കും തുല്യമാണെന്ന് കവിത സൂചിപ്പിക്കുന്നു.

'ചന്ദ്രനോടൊപ്പം' എന്ന സമാഹാരത്തിലെ 'അക്വേറിയം' എന്ന കവിത പ്രപഞ്ച ജീവിതരീതിയുടെ പ്രതിഫലനമാകുന്നു. എല്ലാ ജീവികളും ജീവിക്കുന്ന അനുഭവ പരിസരം ഒന്നുതന്നെയെന്ന യാഥാർത്ഥ്യത്തിലാണ് കവിത ഊന്നുന്നത്.

"മീനുകൾ വെള്ളത്തിൽ ജീവിക്കുന്നു
എങ്കിൽ മനുഷ്യരും മൃഗങ്ങളും പക്ഷികളുമെല്ലാം
വായുവിലാണ് ജീവിക്കുന്നത്" (2013:30)

കരജീവികൾ മണ്ണിലാണ്, ഫ്ളാറ്റിലാണ്, മരത്തിലാണ് ഗുഹയിലാണ് ജീവിക്കുന്നത് എന്നു പറയുന്നത് അർത്ഥമില്ലാത്തതാണ്. വെള്ളവും വായുവും രണ്ട് ആവാസവ്യവസ്ഥ കളാണ്. എല്ലാജീവികളും അവിടെയാണ് പുലരുന്നത്. ഗഹനപരിസ്ഥിതിവാദചിന്തയാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്. കടലിനെയും കരയെയും വിചിത്രമായ അക്വേറിയമായാണ് കവിത കാണുന്നത്. മീനുകൾക്ക് പ്രാണന്റെ ആധാരം വെള്ളവും കരജീവികൾക്ക് വായുവുമാണ്. വെള്ളത്തെ നിർമ്മിച്ച ചില സംഗതികൾ കൊണ്ടാണ് വായുവിനെയും നിർമ്മിച്ചിട്ടുള്ളത് എന്ന പരാമർശത്തിൽ നിന്നും എല്ലാ ജീവികളുടെയും പ്രാണന്റെ ആധാരം ഒന്നുതന്നെ എന്ന ശാസ്ത്രീയതയാണ് അവതരിപ്പിക്കപ്പെടുന്നത്. ജലജീവികളും കരജീവികളും എന്ന വേർതിരിവിനുമാത്രമേ അടിസ്ഥാന പ്രാധാന്യ മുള്ളു. അതിലുപരി മറ്റു ജീവികളെക്കാൾ ഉന്നതമായ ഒരു സ്ഥാനത്തിന് മനുഷ്യന് അവകാശമില്ലെന്നുള്ള ചിന്ത കൂടി കവിതയുടെ അന്തർധാരയായി വർത്തിക്കുന്നു.

'ഇരുട്ട്' എന്ന കവിത അജ്ഞത അറിവായി പരിവർത്തനപ്പെട്ടപ്പോൾ പ്രകൃതിക്കു ണ്ടായ നഷ്ടങ്ങളെ അടയാളപ്പെടുത്തുന്നു. തീയുടെ കണ്ടുപിടിത്തവും അറിവും വെളിച്ചമാണെങ്കിലും ആ വെളിച്ചവുമായി കാട്ടിലേക്ക് വന്ന മനുഷ്യർ മൃഗങ്ങളും പക്ഷികളും നീരൊഴുക്കുകളും ധാരാളമുണ്ടായിരുന്ന പ്രദേശത്തെ അറിവെന്ന വെളിച്ചമുപയോഗിച്ച് ഇല്ലായ്മ ചെയ്യുന്നു.

"മലകൾ മായ്ച്ചു.
മലദൈവങ്ങളെയും മൃഗങ്ങളെയും മായ്ചു
പാടം മായ്ച്ചു.
പാടത്തെ കിളികളെ മായ്ചു.
ചെറിയ മനുഷ്യരെയും മായ്ചു
അപ്പോൾ അറിവ് അജ്ഞതയായി
അജ്ഞത അറിവായി

ഇരുട്ടായിരുന്നു ശരിക്കും വെളിച്ചം" (2013:67)

മനുഷ്യർ താനൊഴികെയുള്ള എല്ലാജീവജാലങ്ങളെയും അറിവെന്ന വെളിച്ചമുപയോഗിച്ച് അടിച്ചമർത്തി ഇതരജീവജാലങ്ങളെ എന്ന പോലെ അധഃസ്ഥിതരായ മനുഷ്യരെയും അധികാര അതിർത്തിക്കുള്ളിലാക്കി. പരിസ്ഥിതിയും ദളിതരും അടിച്ചമർത്തപ്പെട്ടു എന്ന് സൂചിപ്പിക്കുന്നതിനാൽ ദളിത് പരിസ്ഥിതിവാദചിന്തയാണ് ഈ കവിതയിൽ പ്രവർത്തിക്കുന്നതെന്ന് പറയാനാവും. ദളിതനും പരിസ്ഥിതിയും മേലാളരെന്ന് സ്വയം അവരോധിക്കപ്പെട്ട മനുഷ്യരുടെ അടിമകളെന്ന തലത്തിലേക്ക് പരിവർത്തനപ്പെടുന്നു. ദളിതർക്കും പരിസ്ഥിതിക്കും മോചനം വേണമെന്ന് വദിക്കുന്ന ദളിത്പരിസ്ഥിതിവാദ മാണ് ഈ കവിത ഉൾക്കൊള്ളുന്നത്. അറിവ് അജ്ഞതയാകുന്ന ഇരട്ടാകുന്ന കാല ഘട്ടത്തെയാണ് കവിത അവതരിപ്പിക്കുന്നത്. ഇത്തരം അറിവുകൾ പ്രകൃതിയെ നശിപ്പിക്കുന്നു. അതോടൊപ്പം സാമ്പത്തികമായും ജാതീയമായും പിന്നിൽ നിൽക്കുന്ന മനുഷ്യരെയും.

## അടിക്കുറിപ്പ്

1. 'ഭൂമിയുടെ ഹൃദയം
   എന്റേതാണെന്നറിയാൻ
   ഞാൻ എറുമ്പുകളുടെയും
   ശലഭങ്ങളുടെയും കൂടെ ശയിച്ചു' (വിനയചന്ദ്രൻ. ഡി, 1993:45)
2. 'തീരുകയില്ലാ ഭൂമിപ്പെണ്ണിന്
   മക്കളോടുള്ളൊരു സ്നേഹം,
   അഗതികൾ പാർക്കും മന്ദിരമൊന്നി-
   ലിരുന്നിട്ടമ്മ
   മകനായ് നല്ലതു പ്രാർത്ഥിക്കുംപോൾ
   നിന്റെ ചെരുപ്പിന്നടിയിൽ
   നീയറിയാതെ......' (റഫീക്ക് അഹമ്മദ്, 2016:108)
3. 'കാലിനടിയിലെ മണ്ണ് ഊർന്നുപോകുമ്പോൾ
   ജീവൻ കൊണ്ട്
   കെട്ടിപ്പിടിച്ച് കിടക്കുന്നവരെ
   ആയവരെപ്പറ്റിയെല്ലാം ഭൂമിയോടു ചോദിച്ചാൽ
   കതിരിട്ടും തളിരിട്ടും കാണിക്കും
   വാക്കു കിട്ടാത്ത അതിന്റെ
   അവസാനിക്കാത്ത ആനന്ദം' (വീരാൻകുട്ടി, 2016:260)

4. 'ആകാശം
   നൂലിനാൽ
   ഭൂമിയുടെ
   ചുഴികളിൽ തൊട്ടതിന്റെ
   കോരിത്തരിപ്പ്
   മാഞ്ഞിട്ടില്ല
   പുൽത്തലപ്പുകളിൽ' (വീരാൻകുട്ടി, 2013:241)

5. 'നമ്മുടെ ഭൂമി
   കത്തിമൂർച്ചയാൽ ചുരണ്ടിക്കളയുകയാണ്
   അതിലെ മണ്ണും പച്ചയും ഈർപ്പവും
   ശാസ്ത്രജ്ഞനായ ഞാൻ' (സെബാസ്റ്റ്യൻ, 2015:67)

6. 'ഭൂമിക്ക് എല്ലാ ഇലകളും നഷ്ടമാകുന്ന
   വറുതിയുടെ നാൾ വരുന്നു
   പ്രണയം
   തെരുവുമൂടിയ പ്ലാസ്റ്റിക് ദ്രവത്താൽ
   പാറയാകും' (സെബാസ്റ്റ്യൻ, 2011:32)

7. 'എനിക്കൊപ്പം കറങ്ങിക്കൊണ്ട്
   സകല ഏകാഗ്രതയും കളഞ്ഞ്
   വഴിതെറ്റിക്കാൻ
   ഭ്രാന്തു പിടിപ്പിക്കാൻ
   കുറേ കോപ്പന്മാർ പറത്തിവിട്ട പാട്ടക്കഷണങ്ങൾ
   പേടകമാണത്രേ പേടകം' (സെബാസ്റ്റ്യൻ, 2017:17)

8. 'ധാത്രിയിൽനിന്നുയുരുമ്പൊടിചെന്റു
   സദാപെരുമാറീ ദിക്കുകൾതോറും' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:645)

9. 'നിതരാമാറൊഴുകീ കരുതിപ്പുനൽ;
   നിലകെട്ടുയരൈപ്പോയിതുധൂളികൾ;
   അതുകാലം മൂലച്ഛേദംവന്ന
   തിനാലേറിയലാഘവമോടെ" (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:736)

10. 'പിന്നെപ്പതുക്കനെ മണ്ണടർപ്പാളികൾ
    ഇല്ലാതെയാവതും
    വല്ലാതെ ഒട്ടിപ്പിടിക്കുന്നതായൊന്ന്,
    മുട്ടിത്തുറക്കാൻ കഴിയാത്തതാമൊന്ന്
    കാറ്റോ മഴയോ വെയിലോ തൊടാത്തത്
    വേരു തൊടുമ്പോൾ തരിച്ചുയരാത്തത്
    നിന്നെച്ചുഴന്നു കഴിയുമ്പോഴും നന്ന്,
    നീതന്നെ ഭാഗ്യവാൻ
    നീയറിവീലല്ലോ പ്ലാസ്റ്റിക്കു നേരുകൾ' (റഫീക്ക് അഹമ്മദ്, 2016:105)

11. 'മരുഭൂക്കളിനൊക്കെയപ്പുറ-
ത്തുരുദൂരത്തുപദക്ഷിണാപഥം
ഉരസുന്നു നഭസ്സെ 'വിന്ധ്യ'നാം
പുരുമേഘാംബരഡംബരൻ ഗിരി
പരിണാഹമെഴും മഹാവനം
ഹരിതാപം തടവുന്നു സാനുമാൻ
പരപാർശ്വമതിൽ ചരിപ്പുസ-
സ്വര'രേവാ'ളനദി സാഗരോന്മുഖി' (കുമാരനാശാൻ. എൻ, 2013:113)

12. 'ആദ്യത്തിലാരാൽപ്പൂകപോലെ കണ്ട-
ത, ടുത്തിടും നമ്മുടെ കാഴ്ചയിങ്കൽ,
മരങ്ങൾ പൂവല്ലികൾ മറ്റുമോരോ-
ന്നായി ക്രമാൽ വേർതിരിയുന്നുഭംഗ്യാ' (നാരായണമേനോൻ വള്ളത്തോൾ, 2003:35)

13. 'കടിക്കും വല്ലികൾ തല്ലിയൊടിക്കും പർവ്വതം തല്ലി-
പ്പൊടിക്കും പാദപങ്ങൾക്കിട്ടിടിക്കും വല്ലതും ചൊല്ലി
ച്ചൊടിക്കുന്നെന്തിനു ഭീമാ?' (കുഞ്ചൻനമ്പ്യാർ, 2013:49)

14. 'പണ്ട്
രുഗ്ണമാം കാലങ്ങളിൽ
അനാഥനായ്
കരിഞ്ഞമുഖവുമായ്
ഒരോമ്മൽക്കിനാവിന്റെ കൈപിടിച്ച്
എരിയും വയറുമായ്
ഉച്ചവെള്ളിലത്തിളക്കങ്ങളിറുത്ത്
നിൻ കാൽക്കൽ നിന്നേനല്ലോ' (കക്കാട്. എൻ.എൻ, 2002:337)

15. 'ഒരു പർവ്വതം മുഴുവൻ മൊട്ടയടിച്ച്
ഒരു പുഴ മുഴുവൻ വിഷം കലക്കി
തിരുമുമ്പിൽ വെച്ചുകൊടുക്കണം' (കക്കാട്. എൻ.എൻ, 2002:347)

16. 'മഴ ഒന്നുകൂടി ഊന്നിപ്പെയ്താൽ മതി,
ഉരുൾപൊട്ടലുണ്ടാവും; ഒന്നല്ല, ഒട്ടേറെ
കുന്നുകളുടെ ഉൾത്തട്ടുകളൊക്കെ
വിണ്ടുപിളർന്നുകഴിഞ്ഞിട്ടുണ്ട്
കുന്നുകളിൽ സുഖവാസമേർപ്പെടുത്തിയവർ
ഒന്നുമറിയുന്നില്ല, ഒന്നും' (കക്കാട്. എൻ.എൻ, 2002:346)

17. 'ഹേ തുംഗസഹ്യഗിരിശൃംഗങ്ങളേ, മേഘ
ദുന്ദുഭികളേ, വിയദ്ഗംഗയെ
വിളിച്ചുമാറോടണച്ചായിരം
പുഞ്ചിരിച്ചോലകളായൊരുക്കീടുന്ന
മംഗലശ്യാമമഹാവിപിനങ്ങളേ' (സുഗതകുമാരി, 2017:21)

18. 'അറിയുവിൻ, മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ
ചൂടുപൊറാഞ്ഞു പൊരിയുമല്ലോ, യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടു നമ്മൾ?.....' (സുഗതകുമാരി, 2017:26–27)

19. 'അവരേ വന്നെത്തുന്നൂ
കീശതൻ കിലുക്കത്തിൽ
നിളയെത്തളയ്ക്കുവാൻ
പെരിയാർ ലേലം കൊള്ളാൻ
അവരേ വില
പറയുന്നു സഹ്യന്, കാട്ടി-
ലലയും മദംപൂണ്ട
പൂമണത്തിന്, കാറ്റി-
ന്നലിവാൻ വാക്കാകുന്നൊ-
രാലിലകൾക്കു, കായ്ക്കും
മഴവില്ലിനും, അവ-
രടിയായളക്കുന്നൂ' (സച്ചിദാനന്ദൻ, 2016:405)

20. 'പെട്ടെന്നൊരു ദിവസം
പ്രകൃതിക്കും മനുഷ്യനുമെതിരെ
യുദ്ധം പ്രഖ്യാപിക്കപ്പെട്ടു
കർഷകന്നു വയൽ നഷ്ടപ്പെട്ടു
മുക്കുവന്നു കടൽ നഷ്ടപ്പെട്ടു
അണ്ണാർക്കണ്ണന് മരം നഷ്ടപ്പെട്ടു
ഓലേഞ്ഞാലി നാടുകടത്തപ്പെട്ടു
പുള്ളിന്റെ പാട്ടു നിരോധിക്കപ്പെട്ടു
പാണന്നു നാക്കും പുലവന്നു വാക്കും
കൂത്തന്നു ചുവടും നഷ്ടപ്പെട്ടു' (സച്ചിദാനന്ദൻ, 2016:366–337)

21. മലമാതും ചിവെനും മാലും മതെയാനമുകെനും കോനും
തലമ്മേവും നിഴെലും നാളും ചപിയും ചെംകതിരും നീരും
നിലകോലും പെരുമപോംകും നികെഴാറെൻമുളെയെന്മാനും
കലനൂലും കവിയുമേന്തിക്കവിമാതും പൊലികവന്തേ'
(പുരുഷോത്തമൻനായർ. എം.എം, വ്യാഖ്യാ. 1981:59)

22. 'വിലയാർന്ന വിശിഷ്ടവസ്ത്രവും
വിലസും പൊന്മണിഭൂഷണങ്ങളും
ഖലരാ വനകൂപപംക്തിമേൽ
കലരും പുഷ്പലതാവിതാനമാം' (കുമാരനാശാൻ. എൻ, 2013:438)

23. 'ജലധിയുടെ പത്നിയായ്ത്തീരുമാറോ
തലയിലെഴുതീ നിനക്കാത്മയോനി?
മധുരതരഗാത്രിയാം നിന്നെവേൾപ്പാൻ
ചിതമവനിലെന്തു നീ കണ്ടിരിപ്പൂ' (പരമേശ്വരയ്യർ ഉള്ളൂർ, 2006:1253)

24. 'അല്ലെങ്കിൽ സ്ഥിരചിത്തയായ വധുവായ്
രാമായണം തീർത്തവൾ
നിർമ്മാല്യം ശിലമേല്ക്കണക്കു നിഴലും
ശ്രീരാമനിൽച്ചേർന്നവൾ
നല്കീ പഞ്ചവടിക്കു പുണ്യ, മതിനാൽ
ചാഞ്ചല്യമേലാത്തൊരീ
മണ്ണിൽച്ചേർന്ന പുഴയ്ക്കു മറ്റു ഗതിയി-
ല്ലന്ത്യം മഹാസാഗരം' (വിജയലക്ഷ്മി, 2013:104)

25. 'നദിയമ്മയെന്നാരോ പണ്ടു ചൊന്നതിൻ സൂക്ഷ്മ-
സ്ഥിതിയിൽ മുങ്ങുന്നു ഞാൻ, പൊള്ളുന്നു സർവാംഗവും' (റഫീക്ക് അഹമ്മദ്, 2016:60)

26. 'മലിയും കാന്തിനീരാണ്ടു
നിലയില്ലാതെ നിമ്നഗാം
പുകിലീടിന മാധുര്യ-
മകരന്ദാർദ്രമഞ്ജരീം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:42)

27. 'ഗംഗേ! ഭഗവതി! ദേവി നമോസ്തുതേ
സംഗേന ശംഭുതൻ മൗലിയിൽ വാഴുന്ന
സുന്ദരി ഹൈമവതി! നമസ്തേ നമോ!
മന്ദാകിനീ! ദേവി! ഗംഗേ നമോസ്തുതേ!
ഞങ്ങൾ വനവാസവും കഴിഞ്ഞാദരാ-
ലിങ്ങു വന്നാൽ ബലിപൂജകൾ നൽകുവാൻ
രക്ഷിച്ചു കൊൾക നീയാപത്തു കൂടാതെ
ദക്ഷാരി വല്ലഭേ! ഗംഗേ നമോസ്തുതേ' (തുഞ്ചത്തെഴുത്തച്ഛൻ, 2012:111)

28. 'സമയമതിലുയർന്ന ഘോരവാരി-
ഭ്രമമൊടകാലികവൃദ്ധി രേവയാർന്നു,
ഘുമഘുമരവഘോഷമേറ്റിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ' (കുമാരനാശാൻ. എൻ, 2013:134)

29. 'നൂറു ഭാവങ്ങൾക്കെഴും
വർണ്ണബിന്ദുക്കൾ കലർ
ന്നാരാൽ നീഴൊകുന്നില
തെന്റെ ജീവിതം പോലെ' (കുറുപ്പ്, ഒ.എൻ.വി, 2013:103)

30. 'യന്ത്രപ്പടയണിയിരുകരയോരം
പിടിച്ചടക്കുന്നൂ
കുടിനീരാറ്റിൻ ഗരളം കാറ്റിൽ
കാകോളം വിതറി;
മൃത്യുവമിക്കും യന്ത്രക്കുഴലുകൾ
മുഖത്തു തുപ്പുന്നു.
നാടിൻ ചോര കുടിച്ചുതടിക്കും
ലോഭം ചീറ്റുന്നു;
വിദ്യുദ്ദീപച്ഛായം പൂശും
നഗരിചിരിക്കുന്നു
ഹരിതവർണ്ണം മാച്ചുചൂടിൻ–
ചെന്തീ പടരുന്നു' (കുഞ്ഞിരാമൻനായർ. പി, 2006:758)

31. 'ഉപ്പലമാലയിലിടചേരാനിനി–
യോർപ്പതു വെറുതേ വിഡ്ഢിത്തം
ഉഴുന്നവർക്കാണഭയം, കേരള–
മുഴന്നു നില്ക്കില്ലിനി മേലിൽ
ഫലങ്ങൾ ഞങ്ങടെ തോൾകളിലായീ
പുലർന്നിടുന്നൂ പുതുകാലം
മരന്ദമധുരപയോധരഭാരേ –
കുടം നിറയ്ക്കൂ കൂടെ വരൂ' (ഗോവിന്ദൻനായർ ഇടശ്ശേരി, 2012:493)

32. 'ഓരോ തുള്ളിയുമോരോ പുല്ലിനു
ജീവൻ നൽകീ പക്ഷേ
പുല്ലിൽ കുളിർനീരൊഴുകി വീണ്ടും
മെല്ലെ പച്ച വളർന്നു
അരുവി വളർന്നൊരു നദിയായ് മണ്ണി–
നിഴുക്കം ചേർന്നു കറുത്തു' (കക്കാട്. എൻ.എൻ, 2002:264)

33. 'ജന്മാന്തരകൃത പാപം നീങ്ങിയ
ജീവാത്മാവു കണക്കേ
കാണെക്കാണെ കലുഷത മാഞ്ഞൂ
കാളിമയൊഴുകി മറഞ്ഞൂ' (കക്കാട്. എൻ.എൻ, 2002:277)

34. 'രാമാപദാനം പാടിപ്പോന്ന ഭാരതനദീ–
കൂലങ്ങൾ വരൾക്കാറ്റിൽത്തളർന്നു കിടക്കയോ?
പൂർവ്വപുണ്യത്തെ നിഴൽസ്മൃതികളിലൊതുക്കിവെ–
ച്ചാര്യപുത്രനാൽ പരിത്യക്തയാം വധുപോലെ
ഭാരതപ്പുഴ വിണ്ടുകിടക്കും മണൽത്തീര–
ഭാരത്താൽ കൃതാർത്ഥത നേടുവാൻ ശ്രമിക്കുന്നോ? (അയ്യപ്പപണിക്കർ, 1994:149)

35. 'തൊണ്ണൂറ്റൊൻപതിലാടിപ്പാടിപ്പൊങ്ങിയ വീര-
ശൃംഗാരരൗദ്രങ്ങളെച്ചൊല്ലിയാടിയും ചുണ്ട-
ക്കണ്ണുകളുടെ കനൽക്കട്ടയിലാവാഹിച്ചും
നിന്നു, രാവെളുപ്പോളമെന്നിനിയങ്ങേറും' (അയ്യപ്പപണിക്കർ, 1994:149)

36. 'മദ്ധ്യത്തി-
ലൊരു നദിചത്തു
കറുത്തൊഴുകുന്നൂ
ഒരു കരയിലായ്
പുകയിൽ മുങ്ങിയും
കറയും ചോരയും
മദിരയും വാർന്നും
ജയിലുപോൽ ഭ്രാന്താ-
ലയം പോൽ ചൂഴവു-
മഴികൾ പാകിയ
നഗരം പൊങ്ങുന്നു (സുഗതകുമാരി, 2011:588)

37. 'വരുവതാരോ? കാട്ടുതീയോ? കിരാതനോ?
മഴുവേന്തിടും കടുംകയ്യോ?
മലയിടിച്ചും മരം പിഴുതടിച്ചും നീങ്ങി-
വരുമാ മഹായന്ത്രമാമോ?
പശിയടങ്ങാത്ത വൻനഗരമോ? കാടിന്റെ
മടിയിലൊളിക്കുന്നിതാ കുന്തി!' (സുഗതകുമാരി, 2011:938)

38. 'ഇനിയും ജന്മമുണ്ടെങ്കിലോ
എന്നെ ജനിപ്പിക്കൂ നിന്നിൽ ഒരു മീനായി
ഞാൻ വിഴുങ്ങാം,
എല്ലാ മോതിരങ്ങളും' (സച്ചിദാനന്ദൻ, 2016:870)

39. 'പിന്നെ മീനുകൾക്കും നീർക്കോലികൾക്കുമൊപ്പം
നീരിൻ പുറത്തു സഞ്ചരിച്ചിരുന്ന മണൽ
ലോഭത്തിന്റെ ചക്രങ്ങളിൽ യാത്രയാരംഭിച്ചു' (സച്ചിദാനന്ദൻ, 2016:......)

40. 'വരണ്ട നിളയുടെ മണലിൽ
വെള്ളം തേടി കുഴിച്ചുപോകുന്ന കുട്ടികൾ കാണുന്നു
അധോലോകത്തേക്ക് അന്തർദ്ദാനം ചെയ്ത മഴയുടെ
മണ്ണിൽ കുരുങ്ങിയ മുടിയിഴ' (സച്ചിദാനന്ദൻ, 2016:338)

41. 'എന്റെ ആത്മാവു ശമിക്കുകയില്ല
ഇനിയും ഞങ്ങളുടെ പുഴകളിൽ
പൗർണ്ണമി നിലാവുപോലെ
കുളിർനീർ നിറയുംവരെ
നീർച്ചാട്ടങ്ങളുടെ കടുംതുടികൾ,

കാടുകളെ വീണ്ടും വിളിച്ചുണർത്തും വരെ,
കാളിയന്റെ വിഷദർപ്പത്തെ
കുടവും കലപ്പയും ശമിപ്പിക്കുംവരെ,
വിണ്ടുവാടിയ ഈ പ്രിയഭൂമി
എന്റെ മജ്ജയിലും ചോരയിലും കുതിർന്ന്
വീണ്ടും മരുതംപാടുംവരെ' (സച്ചിദാനന്ദൻ, 2016:954)

42. 'ഇടഞ്ഞൂ കരക്കാരോ-
ടവ, നെന്നിട്ടീ പുഴ
നടുക്കു പദം വെച്ചൂ
സൗന്ദര്യലഹരിയിൽ' (രാമചന്ദ്രൻ. പി.പി, 2015:66)

43. 'അതേ, ചെറുതരി മിന്നാമിനുങ്ങും മിന്നലും
കൊളുത്തിവെക്കുന്ന വിളക്കുകൾ പോയി-
ട്ടൊരു പൊട്ടിച്ചൂട്ടിൻ വെളിച്ചം
തേടിപ്പോയ്
സകലതും മുങ്ങിമരിക്കുമോ?
പിന്നെ വരണ്ടുപൊട്ടുമോ?
'പുഴയിരുന്നിടം' പറയുമോ മക്കൾ? (ഗിരിജ. വി.എം, 2011:45)

44. 'അടച്ചിട്ട മുറിയിലിരുന്നെഴു-
താമല്ലോ വലിയൊരു പുഴയേപ്പറ്റി
അതിൻ കരയിൽ പച്ചിലവൃക്ഷങ്ങൾ;
ഏറെ വയസ്സുള്ളോർ
നീണ്ടുനിവർന്നവർ വലിയ പിതാമഹർ
കൊമ്പു വിരിച്ചേ നില്ലവർ.....' (ഗിരിജ. വി.എം, 2015:39)

45. 'അവനുറങ്ങില്ല
ഒഴുക്കുശുദ്ധമെ-
ന്നുറവകൾ വന്നു
പറയുവോളവും
വിശുദ്ധം വായുവെ-
ന്നിലനിമന്ത്രണം
കുരുന്നു വേരിലൂ-
ടറിയുവോളവും' (വീരാൻകുട്ടി, 2016:77)

46. 'വിറ്റും വാങ്ങിയും
തീർന്നുപോയ ഭൂമിയുടെ
ഇടപാടുകാരേ;
കണ്ണുവയ്ക്കല്ലേ
ഈ മുതലിനെ' (സെബാസ്റ്റ്യൻ, 2011:34)

47. 'ഇരുണ്ടു പച്ചിച്ചു
കരിനീലിച്ചു വെൺ
തിരനുരപ്പൂക്കൾ
വെളുക്കനെ വാരി-
ച്ചിതറിപ്പിന്നെയു-
മിരമ്പിയാർത്തിടും
കടലേ, ഹാ! കരി-
ങ്കടലേ, നിന്നിൽ ഞാൻ
അനുരക്തൻ പണ്ടേ' (സുഗതകുമാരി, 2011:328)

48. 'മുരെണെഴുന്തവം പൊലിന്ത മുനിവെർകോൻ പരെചുരാമെൻ
വരുണെനോടിരന്നുകൊണ്ടുമണിമുറമെടുത്തെറിന്തു
പരവെയത്തരണിയാക്കിപ്പടത്തെനെൻ പിന്നെയന്നേ
അരുമറെയവെർകെൾക്കാക്കിയളിത്തനൻ പുവെനന്തന്നെ'
(പുരുഷോത്തമൻനായർ. എം.എം., വ്യാഖ്യാ. 1981:35)

49. 'ഇരന്നിരാമേണ കുഠാരലക്ഷ്മണാ
പയോനിധേരാത്തമുദാത്തചേതസാ
യദേവ പേർപെറ്റിഹ കേരളങ്ങളെ-
ന്റതീവ ലോകത്രിതയേ വിശ്രുതം' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:79)

50. 'പല്ലിൻമിചൈയണന്ത നല്ലരചൻപോയ്
പൊടിഞ്ഞിതു ചിന, മിനനുതയങ്ങൾമൂ-
ന്റളവിന്നു കഴിഞ്ഞു, വൻ ചിലൈയുമെടി-
ങ്ങഴകെഴും ചരങ്ങളമിളയവനേ,
അലൈകടൽ മറുവറക്കുറുകിവര-
ണ്ടതിലുള്ള പൊടിയെഴവരികൾ കട-
ന്നുലകിടെയൊരുതടമതുമെന്നുമാ-
നുരപെറുമിനിയെന മൊഴിഞ്ഞെഴുന്നാൻ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 1973:37)

51. 'The 'ecological problem, it seems, is not as new as it is frequently made out to be. Yet there are two decisine differences: the earth is now much more densely populated than it was in earlier times and there are, generally speaking, no new lands to move to; and the rate of change has enormously accelerated, particularly during the last quarter of century' (Vintage Schumacher, 1993:82)

52. 'പണ്ടുകാലത്തു മറന്നിട്ടു പോന്നോരു
സംഹാരരാക്ഷസ ശക്തിശാപങ്ങളെ
ഒന്നിച്ചുകൂടി ജ്വലിപ്പിച്ചു മാനവ-
ജന്മത്തിനുഗ്രവിപത്തായ് വരുന്ന നീ
കണ്ണിമയ്ക്കുന്നതിൻ മുമ്പിലീവിശ്വങ്ങൾ
വെണ്ണീറിടുമണുസ്ഫോടനമായിടാം' (അയ്യപ്പപണിക്കർ, 1994:84)

53. 'എംകെൾ പുരാനെയാറെൻമുളെയപ്പെനെ
യംകി കനിന്തു തിരുനാകൂറുമിട്ടോൻ
തൻ കൈയ്യിൽ മേവുമവിതന്നക്കൊണ്ടുപോയ്
ച്ചെന്നങ്ങമെരർക്കുതാനം പകുപ്പോൻ' (പുരുഷോത്തമൻനായർ. എം.എം., വ്യാഖ്യാ. 1981:70)

54. 'തൊടുത്തളവെരിന്തുവാനും, ചുവന്തന തിചകളൊക്ക
ത്തടുക്കനക്കലങ്കീതാഴീ, ചലിത്തന മലകളെല്ലാം,
എടുത്തു പാതെരക്കും പോലേ യിരണിയന്തെരത്തു കാതി
ലടക്കിന തരണിതാനുമതികമായിളകീതങ്കം' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 1972:35)

55. 'ഏറിയവർഷമാം കണ്ണീർവാ,
ർത്തീടിയകാറ്റാം ദീർഘശ്വാസമൊ-
ടീറിയലാ വൈവർണ്ണ്യത്തോടുമിരു' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:428)

56. 'കുളിർ വിളങ്ങിന
വല്ലീവാടേ പയ്യപ്പയ്യ വരും മനമാരുമേറ്റേ'-
റ്റഴകൊടു വനചരമടയവർ താണ്ണനിറത്തിൽ' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:85)

57. 'ഹിമജലകണജാലം വേണ്ടുവോളം വഹിച്ചും,
ദ്രുമശിഖകളിളക്കിപ്പൂക്കളാരാൽക്കൊഴിച്ചും,
വിമലതരവിഭാതക്കാറ്റണഞ്ഞാദ്ധരിത്രീ-
രമണസുതനു പാദാർഘ്യങ്ങളങ്ങാചരിച്ചൂ' (നാരായണമേനോൻ വള്ളത്തോൾ, 2011:42)

58. 'വാരാശിക്കരയിൽ വിളങ്ങുമപ്പുരത്തി-
ന്നാരാൽച്ചെന്നളവ, വനെ പ്രരൂഢഹർഷം
പാരാതേ സ്വയമെതിരേറ്റു വേതസേശൻ,
താരാധീശനെയയേന്തുമാഴിപോല' (നാരായണമേനോൻ വള്ളത്തോൾ, 2011:473)

59. 'കോപപ്പാഴ്ക്കലികൊണ്ടുചീറുമീപ്രകൃതിതൻ-
രൂപമോ രൂക്ഷം! കാറ്റിനൂറ്റവും കരാളമേ!
പ്രകൃതീശ്വരി നിജ ഭീഷണനൃത്തോത്സവം
തകൃതി കുലുക്കവേ, കൂടവേ കൂത്താടുന്നു' (രാമൻ പള്ളത്ത്, 1989:92)

60. '... കടലിൽ ആഴമേറ്റുന്ന
കടൽക്കാറ്റ്, ചിറകുകളിൽ ഉയരമേറ്റുന്ന
മലങ്കാറ്റ്, ആയിരം വാൾചുഴറ്റിയെത്തുന്ന
ചുഴലിക്കാറ്റ്, മരങ്ങളെ ചുമലിലേറ്റിവരുന്ന
കൊടുങ്കാറ്റ്............' (സച്ചിദാനന്ദൻ, 2016:914)

61. 'തിരിനാളത്തോടല്ലോ പ്രണയം, അടുത്തേക്കു
തിരിയുന്നേരം ചാഞ്ഞുചാഞ്ഞതു മറയുമ്പോൾ
തിങ്ങിടുമിരുട്ടത്ത് തന്റെ നെഞ്ചിടിപ്പല്ലാ-
തൊന്നുമേ കൂട്ടില്ലാതെ കാറ്റിന്റെ സഞ്ചാരങ്ങൾ' (റഫീക്ക് അഹമ്മദ്, 2016:241)

62. 'കോകശ്രേണീവിരഹിനിഹിതം തീ നുറുങ്ങെന്റെ പോലെ
തൂകിത്തൂകിത്തൂഹിനകണികാം തൂർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിന തെളിതേൻ കാളകൂടാംബുകോരി
ത്തേകിത്തേകിപവനനവനെച്ചെന്റു കൊന്റാൻ തദാനീം'
(കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:47)

63. തീരേഷു കേസരവതിരേഷു പക്ഷവിത
തീരേതി ബന്ധുരപിവായുഃ' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:90)

64 'വാനമാം കഴെനിതന്നിൽ വൻതെന്നൽക്കരുവി പൂട്ടി
ഊനവിൽ മേകമെന്നും ഉണ്മചേർ കരിടു നീക്കി
താനെഴിലന്തിയെന്നും തകും പുകെഴുഴവെൻ വന്തു
മീനെന്നും വിത്തുകോരി വിതക്കുന്ന പരിചെപ്പാരീർ'
(പുരുഷോത്തമൻനായർ. എം.എം., വ്യാഖ്യാ. 1981:92)

65. 'കൈത്തോട് കണ്ടാലിന്ന് ചങ്കറ വിറയ്ക്കുന്നു
വറ്റിയ പുഴ കണ്ടും കത്തിയ വനം കണ്ടും
വരണ്ട വയൽ കണ്ടും വേദനയുണ്ടെങ്കിലും' (മോഹനകൃഷ്ണൻ കാലടി, 2013:206)

66. 'എങ്കിലും
പുലരിയിൽ
ചുവന്ന്
തുടുത്ത്
ഉയർന്നുവരുന്ന
ഒരു ഹൃദയത്തെ
താഴ്വാരങ്ങളിലെ
മരങ്ങൾ
നോക്കിനിൽക്കും' (സെബാസ്റ്റ്യൻ, 2006:25)

67. 'ഉള്ളന്തെളിന്തവർകളുൾക്കാമ്പിലമ്പുന്നമ
ന്റേറായനേകമുരുവാനോരരിക്ക നമ
കൊള്ളന്റുവേണ്ടും വരമുമ്പർക്കുനൽകുന്നമ
കൂറ്റത്തെയും പയിലും മാർത്താണ്ഡമൂർത്തീ നമഃ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 1972:29)

68. 'Various forms of life are all accompanied by energy changes, even though no energy is created or destroyed. The energy that reaches the surface of earth as light is balanced by the energy that leaves the surface of Earth as invisible heat radiation. The essence of life is the progression of such changes as growth, self-duplication, and the synthesis of complex combinations of matter without the energy transfers that accompany all such changes, there could be no life and no ecological systems' (E.P. Odum & Cray W. Barrett, 2015:78)

69. 'നീലക്കുന്റിൻ' മണിമകുടവദ്ദൃശ്യതേ ഭാനുബിംബം
ചാലത്താണു കടലിലണിവെണ്ടിങ്കൾ നാലൊന്റുപോരാ
കാലത്തെയ്തും വെയിലെറുകയിൽപ്പെട്ടു പാടിന്റതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുറ്റമ്പുമെൻ തമ്പിരാനേ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:45)

70. 'നക്തമെങ്ങേനുമപ്പാലൊഴിഞ്ഞെതിരവേ
വിമലജലധൌ കുളിച്ചരുണസന്ധ്യാരുചാ;
ഘുസൃണമെയി(യ്) പൂച്ചണിഞ്ഞിതമെഴപ്പോന്നുവ-
ന്നിനിയ നിലരാസനേ പൊലിവിലിള കൊണ്ടിടി-
ന്റരുണസാരഥിയുടെ-
കിരണപാദങ്ങളിത്തരളഹംസാവലീ
വസനഖണ്ഡങ്ങളാൽ പുതിയ നളിനോത്ഥിതം...' (ഗോപിനാഥൻനായർ. എൻ, വ്യാഖ്യാ. 2016:47-48)

71. 'അമൃതകിരണരേഖാം നൃത്യതഃ ശൂലപാണേ-
രഴകുടയ ജടാജൂടാന്തരസ്ഥാമുപാസേ
പവനിയിലിടവേറിട്ടന്തികേ വീണ്ണ ഗംഗാ-
ചെറുതിരനുരപോലെ ലോഭനീയാനുഭാവാം' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:17)

72. 'ഹാ ദൃശാതരുതലത്തിലിന്ദുമി-
ന്നേകരശ്മിയതുപോലെയാരിവൾ' (കുമാരനാശാൻ. എൻ, 2013:68)

73. 'വർണ്ണങ്ങൾ മേന്മേൽ മാറ്റും കുജമണ്ഡലത്തിൽത്തീ-
ക്കുന്നിൻ വായ്ക്കടുത്തും പോയ് ജീവിന്റെ ബീജം തപ്പാൻ
വെമ്പുകയല്ലോ കരളറിയാൻ ഗ്രഹങ്ങൾ തൻ
വെൺകുമിളകളൂതിക്കിളർത്തും മഹിമാവെ' (ബാലാമണിയമ്മ, 2012:505)

74. 'തിമിരമദഗജശ്രീമസ്തകാബദ്ധവിന്ദു-
പ്രതിമമുഡുസമൂഹം വ്യോമരംഗേ വിളങ്ങീ
ശശിമഖകുതുകിന്യാ മെയ്യിൽ മേവിന്റെ നാനാ-
ഭരണമണികൾ പോലെ യാമിനീ നായികായാഃ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:164)

75. 'ആ വിശ്വം വിഴുങ്ങികൾ നമ്മുടെ വിശപ്പിന്നെ-
ന്താവുന്നു വസുധതൻ തുച്ഛമാം വിഭവത്താൽ?
മേൽവശത്തേയ്ക്കാണിന്നക്കൂട്ടർതൻനോട്ടം; ദ്യോവേ?
പോവാതേ സംരക്ഷിച്ചുകൊൾക നിൻ സമ്പത്തെല്ലാം'
(നാരായണമേനോൻ വള്ളത്തോൾ, 2011:821)

76. 'അണുധൂളികൾ
ഹിമാലയത്തെ മൂടുമ്പോൾ
മഹാസമുദ്രം മരണത്തിനുകിടക്ക വിരിക്കുമ്പോൾ
വരണ്ട ഗംഗ ഇന്ത്യയുടെ നിലവിളിയാകുമ്പോൾ
എന്റെ ദുഃഖം

ബുദ്ധനും നക്ഷത്രവുമാണെന്ന്
ഞാൻ അറിയുന്നു' (വിനയചന്ദ്രൻ. ഡി, 1992:51)

77. 'പിന്നെ മരണം മഴക്കാലത്തുവന്നു
'നോക്കൂ,' അവൻ പറഞ്ഞു,' മഴയുടെ സദിരിൽ
കല്ലുകൾക്കും കുളിർകോരുകയും
മരിച്ച വൃക്ഷങ്ങൾക്കകത്തു പോലും
തളിരുകൾ പിറവിക്കു തരിക്കുകയും
ചീവീടുകളുടെ പാട്ട്
രാത്രിയെ വെളിപ്പിച്ചു വെളുപ്പിച്ചു
പകലാക്കുകയും ചെയ്യുന്ന
ഈ മധുര മുഹൂർത്തത്തിൽ
ഞാനില്ല ഞാനില്ല
കാടുകളില്ലാത്ത ദേശത്തേയ്ക്ക' (സച്ചിദാനന്ദൻ, 2016:738)

78. 'സഹ്യമുടിയിൽ നിന്ന്
അറബിക്കടലടിയോളം
'ജീവിതം തിരിച്ചുതിരിച്ചുതാ'
എന്നു പതിഞ്ഞ മുദ്രാവാക്യം വിളിക്കുന്ന
പരേതരുടെ ജാഥ' (വിനയചന്ദ്രൻ. ഡി, 1999:33)

79. 'ചെരിച്ചുവെച്ച കടലാണ്
ഓരോ മഴയും
ദൈവത്തിൽനിന്നുള്ള കപ്പലുകൾ
ഭൂമിയിൽ എത്താറാകുമ്പോൾ
ആരതിനെ
വരട്ടിക്കളയുന്നു?' (വീരാൻകുട്ടി, 2016:148)

80. അറിയാമസ്തമയം താമരമല-
രഴകൊടു കൂംപീടുന്നതു കണ്ടും
നിറമേറിയ കുമുദാകരമെങ്ങും
നിരവില്മലർന്നൊളിവായതു പാർത്തും;
പറവാനിന്ന പതത്രികളും നിജ
ഭവനേ മേവീടിന്നതു പാർത്തും
കുറയാതെ വീചും പരിമളമൊടു
കൂടിയ മലരതി വിരിവതു കണ്ടും' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:427)

81. 'ശരദൃതുവിൽപ്പൊയ്കയിലെ-
ക്കുവലയശുഭഗന്ധിയാം സിതാച്ഛജലം
നുകരുന്നു തൃഷിതരധ്വഗർ,
വല്ലഭമാർതൻ മുഖംപോലേ!' (നാരായണമേനോൻ വള്ളത്തോൾ, 2011:783)

82. 'വെളുവെളച്ചിതറും ജലദാവലീ
വിരുരുചേ വിയദങ്കണസീമനി
മണമിയന്നു വരുന്ന ശരദ്വധൂ
മധുരഹാസമരീചിമനോഹരാ' (കുഞ്ഞൻപിള്ള ഇളംകുളം, വ്യാഖ്യാ. 2016:14)

83. 'ആദരമില്ലാതെ വന്നിതു ചന്ദ്രാതപസേവ
യിതാദികൾ തോറും;
മീതിലകും പുകയാലറയരുതു
വിശേഷം പുനരുദയേ പുഷ്പാണാം,
മേദുര മൂടുപടാദികളോടും
മെല്ലിടയാരോടും കൂടാതോർ
ക്കേതമിയറ്റിയ ഹേമന്ത്രശ്രീ
യെങ്ങുമിവണ്ണമിയന്നതുകാലം' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:282)

84. 'ഭൂതലം തന്നിലെ മാലോകരെല്ലാരും
ചാലേ വിറച്ചു തുടങ്ങീതപ്പോൾ
ദന്തങ്ങളെക്കൊണ്ടു താളം പിടിച്ചിട്ടു
സന്ധ്യയെ വന്ദിച്ചിതന്തണരും' (ഭാസ്കരൻ. ടി, വ്യാഖ്യാ. 2003:141)

85. 'കാലമതിൽ പനി പെരുകി
കതിരവൻ മഞ്ചിടും കാലം
ശീലമുടൻ ചലമദനൻ
ചെഞ്ചരമെയിതിടും കാലം
ത്താലമതിൽ കടൽ മുരശു
നാദമെഴും ധൊനികാലം
മേലുലകിൽ ചെങ്കിരണം
വിളങ്കിട വന്തെഴും കാലം' (നാരായണപിള്ള. പി.കെ., ഭാഗം 1. 2012:430)

86. 'പാരായ് പുഷ്പിത കോമളവല്ലി
പടന്നളിവാർന്ന മഹീരുഹജാതികൾ
തീരേ പാംപായാം നില്ക്കിന്റതു;
ധീരതപോയിതെനിക്കിവകണ്ടേ,
താരാർ പൊഴിലതിലെങ്ങുമുഴന്റേ
താവിവരും മരുതാപെരുതായേ
തീരാവിരഹമഹാഗ്നി ശരീരേ
ദീപിക്കിന്റിതെനിക്കു കുമാരാ' (രാമചന്ദ്രൻ പുതുശ്ശേരി, വ്യാഖ്യാ. 2013:367)

87. 'വ്രതമെഴുമൃഷികൾക്കു ദേവപൂജയ്-
ക്കുതകിന പൂക്കൾ മരങ്ങൾ തോറുമേന്തി
ചിതമൊടമരുമാ വനം വസന്താർ-
ജ്ജിതമദനായുധശാലപോലെ കണ്ടാൻ' (നാരായണമേനോൻ വള്ളത്തോൾ, 2011:138)

88. 'എന്നാലകാലേ, കൃഷിക്കാരെ വഞ്ചിച്ചു
നിന്നു നീ പെയ്യുന്ന വെള്ളമെല്ലാം വൃഥാ
നിന്മുതലാളിയാമാഴിയ്ക്കയക്കാതെ,
നന്മയ്ക്കു സൂക്ഷിച്ചുവെയ്ക്കുമിയ്യാളുകൾ' (നാരായണമേനോൻ വള്ളത്തോൾ, 2003:497)

89. 'അംകുംനലംകൊൾ കിഴക്കാംഞ്ചൊല്ലൊരുത്തി വൈയോനാം
ചെംകുഴവിപ്പിള്ള പെറ്റാൾ നിൺപൂവിയെംകും വിളംകി
അംകെചെന്നപ്പെയൽവാനേ ആറന്മുളക്കടൈൽവണ്ണാ
പംകെചപ്പന്തി വിരിന്തു പള്ളിയുണർന്തരുളായേ'
(പുരുഷോത്തമൻനായർ. എം.എം., വ്യാഖ്യാ. 1981:79)

90. 'അരുണാരുണ ഗംഭീരൻ പീതകൗശേയ സുന്ദരൻ
ശുക്രചക്രധരൻ വിഭു,
വിരാജിപ്പൂ വിഷോദ്യപ്ത താമസീഭേദനങ്ങൾ
വെളിച്ചത്തിന്റെ നായകൻ' (കക്കാട്. എൻ.എൻ, 2002:414)

91. 'അത്തൽകൊണ്ടന്ധയാമമ്മഹാഭക്തയെ
ക്രിസ്തുഭഗവാന്റെ തൃക്കടാക്ഷം
ആസ്ഥയാസ്പർശിച്ചു, സുപ്രഭാതാർക്കന്റെ-
യാദ്യാംശുകന്ദളമെന്നപോലെ' (നാരായണമേനോൻ വള്ളത്തോൾ, 2011:292)

92. 'ഇരുൾനീങ്ങി സർവ്വചരാചരങ്ങളു-
മൊരേ കുടുംബമെന്നതു കണ്ടറിയാൻ
അഗണ്യമാമൊരു മണർത്തരിയെയും
സർഗർഭ്യനെയെന്നവിധം സ്നേഹിക്കുവാൻ
പരിശീലിക്കട്ടെ തവ കൊച്ചാത്മാവി,-
ഗ്ഗുരുപ്രവരന്റെ സുശിക്ഷണങ്ങളാൽ' (നാരായണമേനോൻ വള്ളത്തോൾ, 2011:886)

93. 'ഇന്നത്തെ സന്ധ്യയോ? സൗമ്യയാമിവളെ ഞാൻ
എമ്മട്ടിൽ വർണിച്ചിടേണ്ടൂ?
ചൊല്ലിടാം: ഈ സന്ധ്യ, മെയ് തൊട്ടൊരഗ്നിയും
പൊള്ളിയ സീതയെപ്പോലെ' (സുഗതകുമാരി, 2013:488)

94. 'ഈ കുന്നുചുറ്റുമെൻ നാട്ടിൽ
വീണ്ടുമെന്തിനു വന്നു ഞാൻ,
തീ കത്തുന്നൊരു ഭൂമിയിൽ
കരിഞ്ഞ ജന്തുജാലങ്ങൾ,
വെണ്ണീർ പാറും മരങ്ങൾതൻ
അസ്ഥിചിന്നുന്ന കുന്നുകൾ
വിയർപ്പും രക്തവും വറ്റി
വിണ്ടുകീറിയ ഭൂമിയിൽ
വീണ്ടുമെന്തിനു വന്നു ഞാൻ?' (കക്കാട്. എൻ.എൻ, 2011:126)

95. 'ഇന്നു ഞാനജ്ഞാതനാ-
ണറിവീലൊരാളുമീ-
മന്നിലെന്നസ്തിത്വം, ഞാൻ
ഗ്രാമവാസിയാണല്ലൊ
പട്ടണാർഭാടം വിട്ടു
മാറിയിപ്രശാന്തമാം
നാട്ടുപാതതൻ വക്കി-
ലൊരു മൺകൂനയ്ക്കുള്ളിൽ' (കക്കാട്. എൻ.എൻ, 2011:23)

96. 'ഒരു കരയിലായ്
പുകയിൽ മുങ്ങിയും
കറയും ചോരയും
മദിരയും വാർന്നു
ജയിലുപോൽ ഭ്രാന്താ-
ലയം പോൽ ചൂഴവു-
മഴികൾ പാകിയ
നഗരം പൊങ്ങുന്നു' (സുഗതകുമാരി, 2011:588)

97. 'ഒരൊറ്റശ്വാസത്തിൽ
മൃതിയണയ്ക്കുമീ
വിഷാംശവാതക-
ച്ചുഴിയിലെ യന്ത്ര-
പ്പുരയെരിയുന്നു
പരക്കുന്നുചുറ്റും
മരണാഗ്നി, ചുറ്റി-
പ്പറക്കുന്നുണ്ടെങ്ങും' (അയ്യപ്പപണിക്കർ, 1994:60)

98. 'ചലനം, ചലനം-ഹാ, മാത്രയ്ക്കു മാത്രയ്ക്കുണ്ടാം
ചലനം-പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്നു.
അതിലെന്തെല്ലാം മാറ്റമെന്തെല്ലാം പരിണാമ-
ഗതിവൈചിത്ര്യം വന്നു കൂടിടാ, മാലോചിക്കൂ!
നിസ്സഹായന്മാർ, വെറും പുഴുക്കൾ, മർത്ത്യന്മാർ നാം
നിഷ്ഠൂരവിധിയോടു മല്ലിടാനശക്തന്മാർ!' (കൃഷ്ണപിള്ള ചങ്ങമ്പുഴ, 1974:142)

99. 'നൂനം പ്രകൃതിയെ കീഴടക്കിയെന്നഭി-
മാനിച്ചു വിശ്വം മുടിക്കും വിദഗ്ദ്ധരേ,
തെല്ലുമൊന്നോർക്കാതിരിക്കെപ്പുറപ്പെടും
വെള്ളക്കയറ്റമോ, മന്നിൻകുലുക്കമോ,
അഗ്നിശൈലത്തിൻ പിളർപ്പോ തടുക്കുവാൻ
ശക്തമോ നിങ്ങൾ തൻ വിജ്ഞാനവൈഭവം' (നാരായണമേനോൻ വള്ളത്തോൾ, 2003:418)

100. 'ചക്രവാളത്തിൻ മതിൽക്കെട്ടിന്മേൽ കൈയും കുത്തി
നിൽക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ
ഗോളങ്ങളെടുത്തു ഞാൻ പന്തടിക്കുമ്പോൾ വിദ്യു
ന്നാളങ്ങൾ കെടുത്തിയും കത്തിച്ചും രസിക്കുമ്പോൾ
നീരവനീലാകാശമേഖലകളിൽ, നാളെ
താരകേ, നിന്നെക്കൊണ്ടുനർത്തനം ചെയ്യിക്കും ഞാൻ' (രാമവർമ്മ വയലാർ, 1998:291)

101. 'ഭൂമിയിൽ നിന്നൊരു വിത്തുമുളച്ചി-
ട്ടോരിലയീരിലെ നീണ്ടുവളർന്നി-
ട്ടാകാശത്തിൽ ചില്ലകൾ വീശി-
യുയർന്നു മുതിർന്ന മഹാവൃക്ഷത്തെ
വെട്ടിമുറിച്ചു ചെറുതുണ്ടുകളായ്-
ച്ചെത്തിയെടുത്തു ചതച്ചു പുഴുങ്ങി-
ക്കടലാസെന്നൊരു സാധനമാക്കീ-
ട്ടതിലൊരു തുണ്ടിൽ പലപല ഭ്രാന്തൻ-
മുദ്രകൾ കുത്തി, പണമെന്നെണ്ണി,
അതുകൊണ്ടങ്ങനെ ഞാൻ വാങ്ങുന്നു
കാടും കടലും മലയും പുഴയും' (റഫീക്ക് അഹമ്മദ്, 2016:295)

# 5. ഉപസംഹാരം

## 5.1. അപഗ്രഥനത്തിലൂടെ എത്തിച്ചേർന്ന കണ്ടെത്തലുകൾ

### 5.1.1. സസ്യപ്രകൃതിയുടെ ചിത്രീകരണത്തിൽ വന്ന മാറ്റം

#### 5.1.1.1. പൂക്കൾ

നാടോടിവാങ്മയങ്ങളിലെ പൂക്കളിൽ മനുഷ്യത്വം ആരോപിച്ചിരിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. പാട്ട്, മണിപ്രവാളം എന്നീ ഘട്ടങ്ങളിൽ പൂക്കൾ പൊതുവെ പ്രകൃതിവർണ്ണനയക്കും വിരഹവും പ്രണയവും ഉദ്ദീപിപ്പിക്കുന്നതിനും സ്ത്രീശരീര വർണ്ണനയ്ക്കുമുള്ള രൂപകമാണ്. കൂടാതെ ഈ ഘട്ടത്തിൽ വർണ്ണിക്കപ്പെടുന്ന പൂക്കൾ മറ്റൊരു കഥാപരാമർശത്തിന്റെ ഭാഗമായി പരാമർശിക്കപ്പെടുന്നവയുമാണ്. ഈ ഘട്ടത്തിലെ രാമായണപരാമർശമുള്ള കൃതികളിൽ പൊതുവെ രൂപപരമായ കല്പനകളായി പൂക്കൾ പരാമർശിക്കപ്പെടുന്നില്ല. കണ്ണശ്ശ രാമായണത്തിൽ ഭാവപരമായ കല്പനകളായി പൂക്കൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ പ്രകൃതിനശീകരണ സൂചനകളായി പൂക്കളെ അവതരിപ്പിച്ചുകാണുന്നില്ല.

കവിത്രയകാലഘട്ടത്തിൽ പൂക്കൾ പ്രത്യേകമായി വർണ്ണിക്കുന്ന കവിതകളുണ്ട്. ആശാന്റെ പൂക്കാലം, പള്ളത്ത് രാമന്റെ പനിനീർപ്പൂവ് എന്നിവ ഉദാഹരണങ്ങളാണ്. കൂടാതെ വള്ളത്തോളിൽ മണിപ്രവാളകൃതികളുടെ തുടർച്ചയെന്ന രീതിയിൽ പൂക്കൾ സ്ത്രീശരീരവർണ്ണനയ്ക്കായി ഉപയോഗിച്ചിരിക്കുന്നു. ആശാന്റെ 'വീണപൂവ്' തുടങ്ങിയ പല കവിതകളിലും പൂവ് സ്ത്രീയുടെ ഭാവപരമായ അടയാളപ്പെടുത്തലായി അവതരിപ്പിക്കപ്പെടുന്നു. കൂടാതെ ഈ ഘട്ടത്തിൽ നശീകരണസൂചനയായി പൂക്കൾ അവതരിപ്പിക്കപ്പെടുന്നില്ല.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളിൽ പൊതുവെ രണ്ടുരീതിയിലുള്ള പരാമർശങ്ങളുമുണ്ട്. ഈ ഘട്ടത്തിൽ വയലാറിലും

ഇടശ്ശേരിയിലും വൈലോപ്പിള്ളിയിലും പൂക്കൾ വർണ്ണനാപരമായി പൊതുവെ പരാമർശിച്ചുകാണുന്നില്ല. പൂക്കൾ പൊതുവെ രൂപമല്ല. ഇത്തരത്തിൽ സ്ത്രീയുടെയും മറ്റവസ്ഥകളുടെയും ഭാവാവിഷ്ക്കാരത്തിന് പൂക്കൾ ഉപയോഗിക്കപ്പെടുന്നു. പി. കുഞ്ഞിരാമൻനായരിലും ഇടശ്ശേരിയിലും പൂവിന്റെ നഷ്ടത്തിന്റെ ആവിഷ്ക്കാരം കാണാം.

ആധുനികതാധുനികതാന്തരഘട്ടങ്ങളിലെത്തുമ്പോൾ പൂക്കൾ വർണ്ണനകളെന്നതു പോലെ സദൃശകല്പനകളായും മാറുന്നു. ആധുനികതാഘട്ടത്തിൽ പൊതുവെ ഇത്തരം പരാമർശങ്ങൾ കാണുന്നില്ല. ആധുനികതാനന്തരഘട്ടത്തിലും ഭാവാവിഷ്ക്കാരം മുൻകാല കവിതകളിലേതു പോലെയാണ്. ആധുനികതാഘട്ടത്തിൽ പൂക്കളുടെ നഷ്ടബോധത്തിന്റെ ആവിഷ്ക്കാരമുണ്ട്. അത് പലപ്പോഴും മനുഷ്യന്റെ കാഴ്ചകളുടെയും ആസ്വാദനത്തിന്റെയും നഷ്ടത്തിലുള്ള ദുഃഖം മാത്രമായി മാറുന്നു. സുഗതകുമാരിയുടെ 'സിമന്റിണ്ടാതാണിങ്ങു മുറ്റവും' സച്ചിദാനന്ദന്റെ 'ചെമ്പരത്തി' പോലുള്ള കവിതകൾ ഉദാഹരണം ആധുനികതാനന്തരഘട്ടത്തിലെത്തുമ്പോൾ പൂക്കൾ പ്രധാനമായി എടുത്തുപറഞ്ഞുകൊണ്ട് നശീകരണരീതിയെക്കുറിച്ച് പറയുന്നത് വിജയലക്ഷ്മിയും റഫീക്ക് അഹമ്മദുമാണ്. മറ്റു കവികളിൽ ഇത്തരം പരാമർശങ്ങൾ നാമമാത്രമായ സൂചനകളിലൊതുങ്ങുന്നു.

**5.1.1.2. ഫലങ്ങൾ**

കടങ്കഥകളും പഴഞ്ചൊല്ലുകളും അവതരിപ്പിക്കുന്ന ഫലവർഗ്ഗങ്ങൾ പൊതുവെ മനുഷ്യജീവിതപരിസരത്തിൽ വളരുന്നവയാണ്. കൂടാതെ മനുഷ്യബന്ധങ്ങൾ അവയിൽ ആരോപിക്കപ്പെടുകയും ചെയ്യുന്നു. അവയിൽ പലതും മനുഷ്യജീവിതാവസ്ഥകളുടെ ആവിഷ്ക്കാരവുമാണ്. നാടൻപാട്ടായ 'കുമ്പളങ്ങപാട്ട്' ജൈവപച്ചക്കറിയുടെ സാധ്യത കളുടെ അടയാളപ്പെടുത്തലാണ്. പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ പൊതുവെ തിരുനിഴൽമാലയിലും (ചക്ക) കല്യാണസൗഗന്ധികത്തിലുമാണ് വർണ്ണനാപരമായ ഫലപരാമർശമുള്ളത്. രണ്ടിലും ഫലസമൃദ്ധിയെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യ സ്രഷ്ടമായ കദളീവനത്തിൽ മനുഷ്യനൊഴികെ മറ്റു ജീവികൾക്ക് അവകാശമില്ല എന്ന് പറയുന്നതിൽ നിന്ന് പ്രചീനമധ്യകാലഘട്ടത്തിൽ മനുഷ്യർ പ്രകൃതിയുടെ മേൽനടത്തിയ അധികാരഭാവം തന്നെയാണ് പ്രകടമാകുന്നത്. 'ഉണ്ണുനീലിസന്ദേശ'ത്തിലെ തൊണ്ടിപ്പഴം പോലുള്ള ഉണ്ണുനീലിയുടെ ചുണ്ടുകൾ എന്ന പരാമർശമൊഴിച്ചാൽ തുടർന്നുള്ള മലയാളകവിത ഫലങ്ങളെ രൂപപരമായ കല്പനകൾക്കായി പൊതുവെ ഉപയോഗിച്ചു

കാണുന്നില്ല. പ്രാചീനമധ്യകാലഘട്ടത്തിൽ നശീകരണസൂചനകളായി ഫലങ്ങൾ പരാമർശിച്ചതായി കാണുന്നില്ല.

കവിത്രയകാലത്താകട്ടെ ശ്രദ്ധേയമായ രീതിയിൽ ഫലങ്ങൾ പരാമർശിച്ചു കാണുന്നില്ല. സദൃശകല്പനകളായോ നശീകരണസൂചനകളായോ അവ പ്രത്യക്ഷ പ്പെടുന്നില്ല. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ പൊതുവെ പി. കുഞ്ഞിരാമൻ നായരിലും വൈലോപ്പിള്ളിയിലും ഫലങ്ങളെക്കുറിച്ചുള്ള വർണ്ണനകൾ കാണപ്പെടു ന്നുണ്ട്. പി. കുഞ്ഞിരാമൻനായരുടെ 'സംക്രമസന്ധ്യയിൽ', 'ഉത്സവം' എന്നിവയിലും വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിലും മാമ്പഴമാണ് ഫലമായി പരാമർശി ക്കപ്പെടുന്നത്. വൈലോപ്പിള്ളിയുടെ 'മാമ്പഴം' ഭാവപരമായ കല്പനയായും അവതരിപ്പി ക്കപ്പെടുന്നുണ്ട്. വൈലോപ്പിള്ളി മാമ്പഴങ്ങളുടെ നഷ്ടത്തെ 'വിഷുക്കണി'യിൽ പരാമർശിക്കുന്നുണ്ട്.

കവിത്രയകാലത്തിൽ എന്നതുപോലെ ആധുനികതാഘട്ടത്തിൽ ഫലങ്ങൾ വർണ്ണനാപരമായി പരാമർശിച്ചു കാണുന്നില്ല. വിജയലക്ഷ്മിയുടെ 'വാഴപ്പഴ'വും മോഹനകൃഷ്ണൻ കാലടിയുടെ 'കാവൽ' എന്ന കവിതയിലെ മാമ്പഴവുമാണ് ആധുനികതാനന്തര ഘട്ടത്തിലെ പ്രധാന പരാമർശങ്ങൾ. വീരാൻകുട്ടിയുടെ 'ലേഡീസ് ഫിംഗർ' വെണ്ടയ്ക്കയിലൂടെ സ്ത്രീയവസ്ഥകളെ ആവിഷ്ക്കരിക്കുന്നതായി കാണാം. വിജയലക്ഷ്മിയാണ് ശ്രദ്ധേയമായ രീതിയിൽ ഫലങ്ങളുടെ നഷ്ടത്തെ പരാമർശിച്ചു കാണുന്നത്. 'നഗരത്തിലെ നാട്ടുമാവ്' മാമ്പഴനഷ്ടത്തെയാണ് പ്രതിനിധീകരിക്കുന്ന തെങ്കിൽ റഫീക്ക് അഹമ്മദിന്റെ 'വിശ്വനാഥന്റെ പച്ചക്കറിക്കട'യിൽ എന്ന കവിത ശാസ്ത്രസാങ്കേതികവിദ്യകൾ പരിവർത്തനപ്പെടുത്തിയ പച്ചക്കറികളുടെ രൂപമാറ്റത്തെയും പി.പി. രാമചന്ദ്രന്റെ 'മാമ്പഴക്കാലം', 'രുചികൾ', വി.എം. ഗിരിജയുടെ 'നഗരവിഷു', മോഹനകൃഷ്ണൻ കാലടിയുടെ 'മാമ്പഴപ്പാത', 'ഉസ്ക്കൂൾ', 'കാലമാമ്പഴം' എന്നീ കവിതകൾ മാമ്പഴത്തിന്റെയും ചക്കയുടെയും വെള്ളരിയുടെയും നഷ്ടത്തെ പ്രതിനിധികരിക്കുന്നു.

### 5.1.1.3. ചെടികളും മരങ്ങളും

പൊതുവെ നാടോടിവാങ്മയങ്ങളിലെ ചെടികളും മരങ്ങളും മനുഷ്യപ്രകൃതി യിലുള്ളതും കൃഷിയുമായി ബന്ധപ്പെട്ടവയുമാണ്. 'രാമത്തെളമേലേ കുഞ്ഞിച്ചാപ്പൻ' എന്ന നാടൻപാട്ട് മനുഷ്യന് പ്രയോജനപ്രദമായതിനെ സംരക്ഷിക്കുക എന്ന രീതി യുടെയും ദളിതനെയും പ്രകൃതിയെയും നശിപ്പിക്കുന്ന അധികാരത്തിന്റെയും

അടയാളപ്പെടുത്തലാണ്. കൂടാതെ മരങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് അവയെ സംരക്ഷിക്കുന്ന ബിഷ്ണോയ് ചിപ്കോ സമരങ്ങളുടെ മറ്റൊരു രൂപമായും ഇതിനെ പരിഗണിക്കാവുന്നതാണ്. പ്രാചീനമധ്യകാലഘട്ടത്തിൽ പൊതുവെ പരിസരവർണ്ണനയുടെ ഭാഗമായാണ് ചെടികളെയും മരങ്ങളെയും വർണ്ണിക്കുന്നത്. 'ഉണ്ണിയാടിചരിതം', 'കല്യാണസൗഗന്ധികം' എന്നിവയിലെ വർണ്ണനയിൽ തേന്മാവ്, പ്ലാവ്, മാതളം, മരുത്, മുള, കരിമ്പ, പുന്ന, വേങ്ങ, ചെറുചന്ദനം എന്നിങ്ങനെ മരങ്ങളെ പ്രത്യേകം പേരുകളിൽ പരാമർശിക്കുന്നുണ്ട്. 'ഉണ്ണിനീലിസന്ദേശ'ത്തിലാകട്ടെ മനുഷ്യർക്ക് ആവശ്യമുള്ള മനുഷ്യർ നട്ടുവളർത്തിയ മരങ്ങളാണ് പരാമർശിക്കപ്പെടുന്നത്. മരങ്ങൾ രൂപപരമായ കല്പനകളായി ഈ കാലഘട്ടത്തിലെ കവിതകളിൽ കാണപ്പെടുന്നില്ല.

'കണ്ണശ്ശരാമായണ'ത്തിലും 'ചന്ദ്രോത്സവ'ത്തിലും 'അദ്ധ്യാത്മരാമായണ'ത്തിലും അരയാലിനെ ആരാധിക്കുന്നതായ വർണ്ണനകളുണ്ട്. രാമചരിതാദികളായ രാമായണ കാവ്യങ്ങളിൽ ചിറകെട്ടുമ്പോൾ മരങ്ങൾ പിഴുതിടുന്നത് ആ കാലഘട്ടത്തിലെ പ്രകൃതി നശീകരണസൂചനയായി വിലയിരുത്താം. രാമന്റെയും അധികാരിയും പുരുഷനുമായ മനുഷ്യന്റെയും അധികാരഭാവമാണിവിടെയെല്ലാം പ്രകടമാകുന്നത്. രാജാവിന്റെയും പുരുഷന്റെയും അധികാരമുപയോഗിച്ച് രാമനും രാവണനും മരങ്ങളെ ഭയപ്പെടുത്തുന്നതായ സന്ദർഭങ്ങളും രാമായണകൃതികളിലുണ്ട്. യുദ്ധസന്ദർഭങ്ങളിൽ മരങ്ങൾ പിഴുതെറിയുന്നതും മരങ്ങളെ അനധികൃതമായി നശിപ്പിക്കുന്നതിന്റെ സൂചനകളാണ് നൽകുന്നത്. അധികാരിയായ മനുഷ്യൻ സസ്യപ്രകൃതിയെ നശിപ്പിക്കുന്നതായി രാമായണകഥാഭാഗങ്ങൾ വ്യക്തമാക്കുന്നു. 'കല്യാണസൗഗന്ധിക'ത്തിൽ സ്വന്തം ശക്തി പ്രകടനത്തിനായി മരങ്ങളെ നശിപ്പിക്കുന്ന മനുഷ്യരീതികളെയാണ് കാണാൻ കഴിയുന്നത്. ഭീമന്റെ രാജാവ്, പുരുഷൻ, ശക്തൻ എന്നീ പദവികളെ മരങ്ങൾക്കുമേൽ പ്രയോഗിക്കുന്നതായി കാണാൻ സാധിക്കും. മണിപ്രവാളകൃതികളിൽ നശീകരണ പരമായി മരങ്ങൾ പൊതുവെ അവതരിപ്പിച്ചു കാണുന്നില്ല.

കവിത്രയകാലത്തിൽ മരങ്ങൾ മനുഷ്യാവസ്ഥയുടെ പ്രതിഫലനമെന്നോണമാണ് അവതരിപ്പിക്കപ്പെടുന്നത്. ആശാന്റെ 'ചണ്ഡാലഭിക്ഷുകി'യിലെയും കരുണയിലെയും അരയാൽ വർണ്ണന ശ്രദ്ധേയമാണ്. ചിന്താവിഷ്ടയായ സീതയിലും സീതയുടെ ഇരിപ്പിടം മരത്തിനു താഴെയാണ്. മരങ്ങൾ രൂപപരമായ കല്പനകളായി പൊതുവെ ഈ ഘട്ടത്തിലെ കവിതകളിൽ കാണപ്പെടുന്നില്ല.

പ്രാചീനമധ്യകാലഘട്ടത്തിന്റെ തുടർച്ചയെന്നോണം വള്ളത്തോളിന്റെ

'ആൽപ്രദക്ഷിണം' എന്ന കവിതയിൽ അരയാലിനെ പൂജിക്കുന്നുണ്ട്. 'ഒരുദിനാന്ത സഞ്ചാരം', 'ചിത്രയോഗം' എന്നിവയിലും മരങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ പൊതുവെ നശീകരണപരമായി അവതരിപ്പിക്കപ്പെടുന്ന ചെടികളോ മരങ്ങളോ കാണുന്നില്ല. കവിത്രയത്തിനുശേഷമുള്ള കാലത്തിലെത്തുമ്പോൾ ചങ്ങമ്പുഴ, പി. കുഞ്ഞിരാമൻനായർ, വൈലോപ്പിള്ളി എന്നിവർ അരയാൽ, മാവ്, തെങ്ങ് തുടങ്ങിയ മരങ്ങളെയും പലകവിതകളിലായി വർണ്ണിക്കുന്നുണ്ട്. മരങ്ങൾ രൂപപരവും ഭാവപരവു മായ കല്പനകളായി ഈ ഘട്ടത്തിലെ കവിതകളിലും കാണപ്പെടുന്നില്ല. പി. കുഞ്ഞി രാമൻനായരുടെ 'കീർത്തിമുദ്ര', 'മാമ്പൂമണം', 'കാലവർഷം' എന്നീ കവിതകളും ഇടശ്ശേരി യുടെ 'പൂളിമാവുവെട്ടി', 'മുള്ളൻചീര' എന്നിവയും മരങ്ങൾ നശിപ്പിക്കപ്പെടുന്നതിന്റെ ആവിഷ്ക്കാരമാണ്.

ആധുനികതാഘട്ടത്തിൽ പൊതുവെ മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യക തയെയാണ് കവിതകൾ പ്രശ്നവത്ക്കരിക്കുന്നത്. അതാകട്ടെ പലപ്പോഴും മനുഷ്യന്റെ നിലനില്പിന് കേന്ദ്രസ്ഥാനം നൽകികൊണ്ടാണ്. സച്ചിദാനന്ദന്റെ 'വൃക്ഷങ്ങൾ' എന്ന കവിതയിൽ മരങ്ങൾക്ക് അസ്തിത്വമുണ്ടെന്ന് കല്പിക്കുന്നു. കൂടാതെ ഈ ഘട്ടത്തിൽ മരങ്ങൾ എന്ന സമഗ്രതയിലാണ് ഊന്നുന്നത്.

ആധുനികതാഘട്ടത്തിലെത്തുമ്പോൾ മരങ്ങൾ ഭാവപരമായി അവതരിപ്പിക്കപ്പെ ടുന്നതായി കാണുന്നില്ല. എന്നാൽ അയ്യപ്പപ്പണിക്കരുടെ 'പ്രശ്നപരിഹാരം' എന്ന കവിതയിൽ മരം മുറിക്കുന്നതിനെ പരാമർശിക്കുന്നുണ്ട്. 'ഒരുമരം വെട്ടുന്നേരം' 'ആ മരം ഈ മരം' എന്നിവയും മരം മുറിക്കലിനെ പ്രമേയവത്ക്കരിക്കുന്നു. സുഗതകുമാരി യുടെ 'മരത്തിനു സ്തുതി', 'മരങ്ങൾ', 'തൈവയ്ക്കൽ', 'ഒരുമരപ്പാട്ട്', 'നിങ്ങളെൻ ലോക ത്തെയെന്തുചെയ്തു?' എന്നീ കവിതകളെല്ലാം മരങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം വ്യക്തമാക്കുന്നുവെങ്കിലും ഇതിൽ പല കവിതകളും മനുഷ്യകേന്ദ്രിതമായാണ് നിൽക്കുന്നത്. മനുഷ്യരുടെ നിലനിൽപ്പിനുവേണ്ടി സംരക്ഷിക്കപ്പെടേണ്ട പ്രകൃതിയെ ക്കുറിച്ചുള്ള ആശങ്കയാണ് ഇവിടെയെല്ലാം അവതരിപ്പിക്കപ്പെടുന്നത്. കടമ്മനിട്ടയുടെ 'നഗരത്തിൽ' എന്ന കവിതയിൽ മനുഷ്യന്റെ ആസ്വാദനത്തിനുവേണ്ടി മുറിക്കപ്പെട്ട ബോൺസായ് വൃക്ഷങ്ങളെയാണ് പരാമർശിക്കുന്നത്.

ആധുനികതാനന്തരഘട്ടത്തിൽ മരങ്ങൾ പ്രത്യേകമായി സൂചിപ്പിക്കപ്പെടുന്നതായി കാണാം. വി.എം. ഗിരിജയുടെ 'മരമായിരുന്നു ഞാൻ' എന്ന കവിത മരമെന്ന സമഗ്രതയിൽ ഊന്നുന്നുവെങ്കിൽ 'പാഠശാല', പച്ചവെളിച്ചം എന്നീ കവിതകൾ മരങ്ങളെ പ്രത്യേകം

പരാമർശിക്കുന്നു. 'പച്ചവെളിച്ച'ത്തിൽ കുടമ്പുളി മരമാണുള്ളത്. പൊതുവെ മുൻകാലഘട്ടങ്ങളിൽ പരാമർശിക്കപ്പെടാത്ത മരമാണത്. വീരാൻകുട്ടിയുടെ 'ആശ്ലേഷം', 'ആട്ടം' എന്നീ കവിതകൾ മരത്തെ പൊതുവായും 'അതിജീവനം' എന്ന കവിത പുല്ലിനെയും അവതരിപ്പിക്കുന്നു. വലിയ മരങ്ങൾക്കൊപ്പം പുല്ലിനും പ്രാധാന്യമുണ്ടെന്ന ഗഹനപരിസ്ഥിതിവാദമാണിവിടെയുള്ളത്. മോഹനകൃഷ്ണൻകാലടിയുടെ 'മഴമരം' 'തോരാമരം' എന്നീ കവിതകളിൽ മരത്തെ പൊതുവായും 'തൊടിയിലെ മാവ്' മാവിനെയും പ്രതീകവത്ക്കരിക്കുന്നു. എം.ആർ. രേണുകുമാറിന്റെ 'ഒറ്റമരത്തിന്റെ ഭൂമിശാസ്ത്രം', 'മൂന്ന് നിഗമനങ്ങൾ', 'ഖേദപൂർവ്വം മരങ്ങൾ', 'ഓർമ്മവരുന്നു', 'വിളിക്കലുകൾ', 'ഒച്ചയനക്കങ്ങൾ' 'എന്റെ വീടുകൾ', 'ദലമർമ്മരകാലം' എന്നീ കവിതകളെല്ലാം മരത്തെ പലവിധത്തിലും ആവിഷ്ക്കരിക്കുന്നതാണ്. രേണുകുമാറിന്റെ കവിതകളിൽ മരത്തിന് കൂടുതൽ പ്രാധാന്യമുള്ളതായിട്ടാണ് കാണാൻ സാധിക്കുന്നത്. മരങ്ങളെയും മനുഷ്യരെയും താരതമ്യപ്പെടുത്തുകയും മനുഷ്യരുമായി മരങ്ങൾക്കുള്ള ബന്ധത്തെ വെളിപ്പെടുത്തുകയും ചെയ്യുന്ന കവിതകളുണ്ട്. എസ്. ജോസഫിന്റെ 'മരങ്ങളിൽ ജീവിതം' എന്ന കവിതയിൽ ആഞ്ഞിലിമരത്തെ പരാമർശിക്കുന്നു.

വീരാൻകുട്ടിയുടെ 'സ്ഥാവരം', 'പെൺമരങ്ങൾ' എന്നീ കവിതകളിലെ മരങ്ങൾ സ്ത്രീത്വത്തിന്റെ ആവിഷ്ക്കാരമായി കടന്നുവരുന്നു. സെബാസ്റ്റ്യന്റെ 'പ്രതിരോധം' എന്ന കവിതയിലെ മരങ്ങൾ ജാതിയുടെയോ മതത്തിന്റെയോ രാജ്യത്തിന്റെയോ പ്രതീകമാണ്. 'പകർച്ച' എന്ന കവിതയാകട്ടെ മൂന്നാംലിംഗക്കാരുടെ പ്രതീകമായാണ് മരത്തെ അവതരിപ്പിക്കുന്നത്. 'ചിത്രപാഠാവലി' ഉദ്യോഗസ്ഥ അഴിമതികളെയും അവതരിപ്പി ക്കുന്നു. ഇവിടെയെല്ലാം മരമെന്ന അസ്തിത്വത്തിനപ്പുറത്ത് മനുഷ്യരെയോ അവരുടെ ജീവിതരീതികളെയോ പ്രതിഫലിപ്പിക്കുക എന്ന കർത്തവ്യമാണവയ്ക്കുള്ളത്. എസ്. ജോസഫിന്റെ 'മാമ്പഴം' എന്ന കവിത വൈലോപ്പിള്ളിയുടെ 'മാമ്പഴ'ത്തിൽ നിന്ന് വ്യത്യസ്തമായി മരത്തിന്റെ മാതൃത്വത്തിന് പ്രാധാന്യം നൽകുന്നു. മനുഷ്യരുടേതിനു തുല്യം മരത്തിനും മാതൃദുഃഖം കല്പിക്കുന്നു. ഇവിടെ മരവും മനുഷ്യനും രണ്ടല്ല ഒന്നാണ്. ഇത്തരത്തിൽ ആധുനികതാനന്തരഘട്ടത്തിൽ മരങ്ങൾ ഭാവപരമായ സദൃശകല്പനകളായി അവതരിപ്പിക്കപ്പെടുന്നുണ്ട്.

നശീകരണസൂചനകളായും ഈ ഘട്ടത്തിൽ മരങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. നാട്ടുമാവുകളുടെ നാശത്തെ പ്രതിനിധീകരിക്കുന്നു 'നഗരത്തിലെ നാട്ടുമാവ്' എന്ന വിജയലക്ഷ്മിയുടെ കവിത. റഫീക്ക് അഹമ്മദിന്റെ 'മരങ്ങൾ പൂക്കുന്നത്', 'വെട്ടി ഒതുക്കി',

'ബോൺസായ്', 'തെങ്ങ്', 'ഇരിക്കും മുമ്പ്', 'വിറക്', 'ചക്രം', 'മുരിക്ക്', 'പച്ചക്കറികളുടെ സ്കൂൾ', 'കളപറിക്കൽ' എന്നീ കവിതകളെല്ലം മരങ്ങളുടെയും ചെടികളുടെയും നാശത്തെ യാണ് പ്രതീകവത്ക്കരിക്കുന്നത്. പ്രകൃതിയിൽ മരങ്ങൾക്കുള്ള പ്രാധാന്യത്തെ വ്യക്ത മാക്കുന്നതും അവയെ നശിപ്പിക്കുന്ന മനുഷ്യരീതികളെ അവതരിപ്പിക്കുന്നവയുമായ കവിതകളാണിവ. പി.പി. രാമചന്ദ്രന്റെ 'വീഴ്ച'യിൽ മാവിനെയും 'തെങ്ങുമൊഴി'യിൽ തെങ്ങിനെയും 'ഹരിതാഭരണ'ത്തിൽ പുല്ലിന്റെ പാരിസ്ഥിതിക പ്രാധാന്യത്തെയും വ്യക്തമാക്കുന്നു. വീരാൻകുട്ടിയുടെ 'മരങ്ങളുടെ ആശുപത്രി', 'എഴുതൂ....', 'അരുതേ' എന്നീ കവിതകളും മരങ്ങൾ നശിപ്പിക്കുന്ന പ്രവണതയെയാണ് പ്രകടിപ്പിക്കുന്നത്. 'പൊന്ന് കായ്ക്കും മരം', 'ഭൂതക്കട്ട', 'മാവിനോട്', 'പാഴ്ച്ചെടി' എന്നിങ്ങനെ മോഹന കൃഷ്ണൻകാലടിയുടെ കവിതകളിലും ഇത്തരം പരാമർശങ്ങളുണ്ട്. 'മാവിനോട്', 'പാഴ്ച്ചെടി' എന്നീ കവിതകൾ മാവിനെയാണ് വിഷയമാക്കുന്നത്. സെബാസ്റ്റ്യന്റെ 'പ്രാണഭയം', 'ജൈവം', 'വൃക്ഷമേ', 'അല്പായുസ്സുകൾ' എന്നീ കവിതകളും നശിപ്പിക്കപ്പെ ടുന്ന മരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഫലങ്ങളിൽ മാമ്പഴത്തിന് പ്രാധാന്യമുള്ളതു പോലെ മരങ്ങളിൽ മാവിന് മലയാളകവിതയിൽ പ്രത്യേകസ്ഥാനമുള്ളതായി കാണാൻ സാധിക്കും.

**5.1.1.4. കാട്**

പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ മനോഹരമായ കാടിന്റെ വർണ്ണന യുണ്ട്. അതെല്ലാം അവിടത്തെ സസ്യജന്തുപ്രകൃതിയുടെ വിശദമായ വർണ്ണനയാണ്. 'രാമചരിത'ത്തിൽ മാത്രമാണ് താരതമ്യേന കാട് രൂപപരമായ സദൃശകല്പനയായി അവതരിപ്പിക്കപ്പെടുന്നത്. മറ്റുകാലഘട്ടങ്ങളിൽ അത്തരം പരാമർശങ്ങൾ പൊതുവെ കാണുന്നില്ല. 'കണ്ണശ്ശരാമായണം', 'അദ്ധ്യാത്മരാമായണം', 'നളചരിതം' എന്നിവയിൽ കാട് ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നുണ്ട്. വനത്തെ ദേവതയായും അതിലൂടെ സ്ത്രീയായും ആരാധിക്കുന്നു. പ്രകൃതിയോടും കാടിനോടും ദുഃഖം പങ്കിടുന്ന കഥാപാത്രങ്ങളെയും കാണാം. നളചരിതത്തിൽ കാട് കഥാപശ്ചാത്തലമാണെങ്കിലും കഥാഗതിയെ നിയന്ത്രിക്കുന്നതിൽ കാടിന് പ്രത്യേക പങ്കുണ്ട്. കാടിനെ നശിപ്പിക്കു ന്നതിന്റെ സൂചനകൾ പ്രാചീനമധ്യകാലഘട്ടം മുതലുള്ള കൃതികളിൽ കാണാം. രാമ ലക്ഷ്മണന്മാരുടെ കാനനപ്രവേശങ്ങളെ കാട്ടിലേക്കുള്ള കടന്നുകയറ്റമായി വിലയി രുത്താം. കൂടാതെ അവരുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രകൃതിയെ നിയന്ത്രിക്കുന്നതും മാറ്റിയെടുക്കുന്നതുമായ സന്ദർഭങ്ങളുമുണ്ട്. പിൽക്കാലത്ത് രാമനെയോ രാവണനെയോ

അബോധമായി അനുകരിക്കുന്ന ഓരോ മനുഷ്യനും പ്രകൃതിയെ സ്വയം നിയന്ത്രണത്തിൽ നിർത്തുകയും നശിപ്പിക്കുകയും ചെയ്യാൻ അറിയാതെയെങ്കിലും ആഗ്രഹിക്കുന്നു. 'കൃഷ്ണഗാഥ' യിലെ ഖാണ്ഡവദാഹവും കാടിന്റെ നശീകരണമാണ് പ്രശ്നവത്ക്കരിക്കുന്നത്. കവിത്രയകാലത്താകട്ടെ ആശാന്റെ കവിതകളിൽ കഥാപാശ്ചാത്തലവുമായി ബന്ധപ്പെട്ടാണ് കാട് വർണ്ണിക്കപ്പെടുന്നത്. വള്ളത്തോളിന്റെ 'ശരണമയ്യപ്പാ', 'ചിത്രയോഗം', 'ഔഷധാഹരണം ആട്ടക്കഥ' എന്നിവയിലും മനോഹരമായ വനവർണ്ണനയുണ്ട്. ആശാന്റെ കാട് വിരഹിയായ നായികമാരുടെ അഭയകേന്ദ്രമാണ്. കവിത്രയ കാലഘട്ടത്തിൽ നശീകരണസൂചനകളായി പൊതുവെ കാട് അവതരിപ്പി ക്കപ്പെട്ടു കാണുന്നില്ല.

കവിത്രയത്തിനുശേഷമുള്ള കാലത്തിൽ ചങ്ങമ്പുഴയുടെ 'രമണൻ', 'നിർവൃതി' തുടങ്ങിയ കവിതകളിലെല്ലാം കാട് വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നു. ചങ്ങമ്പുഴയിൽ മാത്രമാണ് ഈ ഘട്ടത്തിൽ കാട് പ്രാധനമായി വർണ്ണിച്ചുകാണുന്നത്. ചങ്ങമ്പുഴ 'രമണ'നിൽ കാട് അധഃകൃതരുടെ ഇടമാണെന്ന് വ്യക്തമാക്കുന്നു. ചങ്ങമ്പുഴ ഭാവാവിഷ്ക്കാരത്തിന് പലപ്പോഴും പ്രകൃതിയെ കൂട്ടുപിടിക്കുന്നതായി കാണാം. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ പി.കുഞ്ഞിരാമൻ നായരുടെ' 'പൂമൊട്ടിന്റെ കണി', 'കാളരാത്രി', 'മലമ്പുഴയിൽ', 'മതംമാറ്റീ', 'കീർത്തിമുദ്ര', 'നിലാവേ വരൂ' എന്നീ കവിതകൾ കാടിനെ നശിപ്പിക്കുന്ന മനോഭാവത്തെ പ്രശ്നവത്ക്കരിക്കുന്നു. വയലാറിന്റെ 'സർപ്പദൈവങ്ങൾ', ഇടശ്ശേരിയുടെ 'കാശാവു പൂത്തു', വൈലോപ്പിള്ളിയുടെ 'സർപ്പക്കാട്', 'സഹ്യന്റെ മകൻ' എന്നിവയെല്ലാം വനനശീകരണപ്രവണതയെ പ്രശ്നവത്ക്കരിക്കുന്നു. പാരിസ്ഥികാവബോധം സമൂഹത്തിൽ വ്യാപിക്കുന്നതിനു മുമ്പു തന്നെ ഇത്തരം പരാമർശങ്ങൾ മലയാളകവിതയിൽ പ്രത്യക്ഷപ്പെട്ടു.

ആധുനികതാഘട്ടത്തിൽ ജി. കുമാരപിള്ളയുടെ 'ഇലകൾ', എൻ.എൻ. കക്കാടിന്റെ 'ഒരുപുഴയുടെ ഓർമ്മ', അയ്യപ്പപ്പണിക്കരുടെ 'കാടിന് കാടിന്റെ ഭംഗി' എന്നിവ കാടിനെ വർണ്ണനാപരമായി അവതരിപ്പിക്കുന്ന കവിതകളാണ്. ഈ ഘട്ടത്തിൽ താരതമ്യേന കാട് ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല. എൻ.എൻ. കക്കാടിന്റെ 'ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്!', 'ഒറ്റയാന്റെ മരണം', അയ്യപ്പപ്പണിക്കരുടെ 'നാടെവിടെ മക്കളേ', സുഗതകുമാരിയുടെ 'സൈലന്റ് വാലി, 'സൈലന്റ്‌വാലിയിൽ വീണ്ടും', 'വനരോദനം' തുടങ്ങിയ കവിതകൾ ഡി. വിനയചന്ദ്രന്റെ 'മഴപെയ്യുന്ന പുസ്തകം', 'കാട്', 'കൊല്ലൂരിലെ കുങ്കുമം' എന്നിവ വനനശീകരണത്തെയും പ്രത്യാഘാതങ്ങളെയുമാണ്

അവതരിപ്പിക്കുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് കാട് നശിപ്പിക്കപ്പെടുന്നതായി ആധുനികതാഘട്ടത്തിലെ കവിതകൾ സൂചിപ്പിക്കുന്നു.

ആധുനികതാനന്തരഘട്ടത്തിൽ വി.എം. ഗിരിജയുടെ 'റാഷൊമോൺ', 'തരുതലത്തിൽ', 'പിരിയൽ', വീരാൻകുട്ടിയുടെ 'വേനൽമരങ്ങൾ' എന്നിവ കാടിന്റെ വർണ്ണനയാണ്. വി.ടി. ജയദേവന്റെ ഹരിതരാമായണം എന്ന കൃതി രാമായണത്തിലെ കാടിന്റെ ഭാവാത്മകമായ പുനർവായനയാണ്. പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കായും കാടിനുമേലുള്ള അധികാരപ്രയോഗമായും രാമായണത്തിന്റെ കഥാഭാഗങ്ങളെ പുനർവായിക്കുന്നു ഈ കൃതി. ആധുനികതാനന്തരഘട്ടത്തിൽ വിജയലക്ഷ്മി, റഫീക്ക് അഹമ്മദ്, സെബാസ്റ്റ്യൻ, എസ്. ജോസഫ് എന്നിവരാണ് പൊതുവെ വനനശീകരണം വിഷയമാക്കിയത്.

## 5.1.2. ജന്തുപ്രകൃതിയുടെ ചിത്രീകരണത്തിൽ വന്ന മാറ്റം

### 5.1.2.1. ചെറുജീവികൾ

ജന്തുപ്രകൃതിയുടെ വിഭാഗമായ ചെറുജീവികൾ കടങ്കഥകളിലും പഴഞ്ചൊല്ലുകളിലും സൂചിപ്പിക്കപ്പെടുന്നുണ്ട്. ഇതാകട്ടെ മനുഷ്യജീവിത പരിസരവുമായി ബന്ധപ്പെട്ടവയാണ്. പ്രാചീന മധ്യകാലഘട്ടത്തിൽ പരാമർശിക്കപ്പെടുന്ന ചെറുജീവി പ്രധാനമായും വണ്ടാണ്. വിരഹസൂചകമായോ പ്രകൃതിവർണ്ണനയ്ക്കോ ആണ് പൊതുവെ ഈ ഘട്ടത്തിൽ വണ്ടുകൾ ഉപയോഗിക്കപ്പെട്ടത്. നായികയുടെ സൗന്ദര്യവർണ്ണനയ്ക്ക് ചെറുജീവിയായ വണ്ടിനെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ചെറുജീവികൾ പൊതുവെ പ്രാചീനമധ്യകാലഘട്ടത്തിൽ ഭാവപരമായി അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഈ ഘട്ടത്തിൽ ചെറുജീവികൾ പ്രകൃതിനശീകരണ സൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

കവിത്രയകാലത്തിലും അതിനുശേഷവുമുള്ള കാലത്തിലും പ്രാചീനമധ്യകാലഘട്ടത്തിന്റെ തുടർച്ചയുണ്ടെങ്കിലും വണ്ടിനൊപ്പം മിന്നാമിനുങ്ങും അണ്ണാനുമടങ്ങുന്ന മറ്റു ചെറുജീവികൾക്ക് പ്രാധാന്യം കൈവരുന്നു. വണ്ടുകളുമായി മനുഷ്യശരീരാവയവങ്ങളെ രൂപകല്പനം ചെയ്യുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിൽ പൊതുവെ ചെറുജീവികൾ രൂപപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല. കവിത്രയകാലഘട്ടത്തിൽ ആശാനിലാണ് ശ്രദ്ധേയമായ പരാമർശങ്ങളുള്ളത്. എട്ടുകാലി, മിന്നാമിനുങ്ങ് എന്നിവയ്ക്ക് ആശാൻ കൃതിയിൽ പ്രാധാന്യമുണ്ട്. വള്ളത്തോളിന്റെ 'പുതുമഴപ്പാറ്റകൾ' എന്ന കവിത മനുഷ്യനെ പാറ്റകളുടെ സ്ഥാനത്തേക്ക് ഇറക്കിക്കൊണ്ടുവരുന്നു. ഇവിടെ

മറ്റുജീവികൾക്കൊപ്പം തന്നെയാണ് മനുഷ്യനും പ്രാധാന്യം കല്പിക്കുന്നത്. അതുകൊണ്ടുതന്നെ ഗഹന പരിസ്ഥിതിവാദമെന്ന പുതിയ സങ്കല്പങ്ങളുടെ ആശയങ്ങൾ ഈ ഘട്ടത്തിൽതന്നെ കാണപ്പെടുന്നുണ്ടെന്ന് പറയാം.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴയിലും ഇടശ്ശേരിയിലുമെല്ലാം പുഴുക്കളും വണ്ടുകളും ഭാവപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ആധുനികതാഘട്ടത്തിൽ സച്ചിദാനന്ദന്റെയും വിനയചന്ദ്രന്റെയും കവിതകൾ കുഴിയാന, മൂട്ട എന്നീ ജീവികളുടെ അസ്തിത്വം സമർത്ഥിക്കുന്നു. ആധുനികതാഘട്ടത്തിൽ ഗഹനപരിസ്ഥിതി ബോധമായി അടയാളപ്പെടുന്ന കവിതകളുണ്ട്. അയ്യപ്പപ്പണിക്കരുടെ 'ഞാഞ്ഞൂൾ', 'പുത്തൻ വീട്ടിൽ മുത്തി' എന്നിവയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ പാരിസ്ഥിതികഭാവുകത്വം പ്രകടമാകുന്ന വളരെ കുറച്ചു കവിതകളിലൊന്നായ 'മാനസാന്തര'വും (വൈലോപ്പിള്ളിയുടെ 'എണ്ണപ്പുഴു'ക്കളെ ഓർമ്മിപ്പിക്കുന്നു) ഉദാഹരണമാണ്.

ആധുനികതാനന്തരഘട്ടത്തിൽ ആധുനികതയുടെ തുടർച്ചയാണ് സംഭവിക്കുന്നത്. ഈ ഘട്ടത്തിൽ പല കവിതകളിലും ചെറുജീവികളുടെ അസ്തിത്വം സ്ഥാപിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ മലയാളകവിതയിൽ ചെറുജീവികൾക്കായി ഒരിടമുണ്ടാകുന്നു. മനുഷ്യന്റെ അതിക്രമങ്ങൾ മൂലം ഇല്ലാതാവുന്ന ജീവികളെ ആധുനികതാനന്തരഘട്ടം വളരെ പ്രാധാന്യത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. ഈ ഘട്ടത്തിലെ തെരഞ്ഞെടുത്ത കവിതകളിൽ വി.ടി. ജയദേവനിൽ മാത്രമാണ് ഇത്തരമൊരു പരാമർശം കാണപ്പെടാത്തത്. ചെറുജീവികളുടെ മാനസികനിലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കവിതകളാണ് ഈ ഘട്ടത്തിൽ രചിക്കപ്പെട്ടത്. വിജയലക്ഷ്മിയുടെ 'തുമ്പിപ്പാട്ട്', റഫീക്ക് അഹമ്മദിന്റെ 'സന്ദർശകർ', 'മത്സ്യം', വീരാൻകുട്ടിയുടെ 'അപരിചിതം' മുതൽ എസ്. ജോസഫിന്റെ 'കാരി' എന്നീ കവിതകളെല്ലാം തന്നെ ഇത്തരമൊരാശയത്തിലാണൂന്നുന്നത്.

### 5.1.2.2. ഉരഗങ്ങൾ

പ്രാചീനമധ്യകാലഘട്ടത്തിൽ അദ്ധ്യാത്മരാമായണത്തിൽ ഉരഗവർഗ്ഗമായ പാമ്പ് വർണ്ണിക്കപ്പെടുന്നുണ്ട്. ഉരഗങ്ങൾ രൂപപരമായ കല്പനകളായി ഏതുകാലഘട്ടത്തിലെയും തെരഞ്ഞെടുത്ത കവിതകളിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല. പ്രാചീനമധ്യകാല ഘട്ടത്തിൽ ചന്ദ്രോത്സവത്തിലും നളചരിതത്തിലും സർപ്പങ്ങളെ ആരാധിക്കുന്നതായ പരാമർശങ്ങളുണ്ട്. 'കൃഷ്ണഗാഥ'യിലെ ഖാണ്ഡവദാഹവും 'ഉണ്ണിയാടിചരിത'ത്തിലെ ശിവവർണ്ണനയും സമുദ്രത്തെ നശിപ്പിക്കാനൊരുങ്ങുന്ന രാമായണപരാമർശവും

പാമ്പുകളെ അനധികൃതമായി നശിപ്പിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിന്റെ ഉദാഹരണമാണ്. കവിത്രയകാലത്തിൽ ശ്രദ്ധേയമായ ഉരഗവർണ്ണനകൾ കാണുന്നില്ല. കവിത്രയകാലഘട്ടത്തിൽ ആശാന്റെ 'ചിന്താവിഷ്ടയായ സീത'യിലും വള്ളത്തോളിന്റെ 'മഗ്ദലനമറിയം', 'ചിത്രയോഗം' തുടങ്ങിയ കവിതകളിലും പാമ്പിനെ ഭാവപരമായ സദൃശ കല്പനകളായി വർണ്ണിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ ഉരഗവർഗ്ഗത്തെ നശിപ്പിക്കുന്നതായ പരാമർശങ്ങൾ പൊതുവെ കാണപ്പെടുന്നില്ല.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലാകട്ടെ ചങ്ങമ്പുഴ മനുഷ്യാവസ്ഥകളെ വർണ്ണിക്കാൻ പലപ്പോഴും സർപ്പങ്ങളെ കൂട്ടുപിടിക്കുന്നതായി കാണാം. ഈ ഘട്ടത്തിൽ വയലാറിന്റെ 'സർപ്പദൈവങ്ങൾ', വൈലോപ്പിള്ളിയുടെ 'സർപ്പക്കാട്' എന്നിവ സർപ്പ ങ്ങളുടെയും സർപ്പകാടുകളുടെയും നാശത്തെ പ്രതിനിധീകരിക്കുന്നു. ആധുനികതാ ഘട്ടത്തിൽ കടമ്മനിട്ടയുടെ 'സ്വർണ്ണനാഗങ്ങൾ' എന്ന കവിതയും ഡി. വിനയചന്ദ്രന്റെ 'നാഗസുക്തം' എന്ന കവിതയും ആധുനികതാനന്തരഘട്ടത്തിൽ എസ്. ജോസഫിന്റെ 'അറിയാതെ' എന്ന കവിതയും നാഗങ്ങളെ വർണ്ണനാപരമായി സമീപിച്ചിട്ടുണ്ട്. സെബാസ്റ്റ്യന്റെ 'ഉരഗം' എന്ന കവിതയിൽ പ്രണയത്തിനുവേണ്ടിയുള്ള ആഗ്രഹത്തെ ആവിഷ്കരിച്ചിരിക്കുന്നു. ആധുനികതാനന്തരഘട്ടത്തിൽ എസ്. ജോസഫിന്റെ 'പാമ്പു കൾക്ക് ഒരിടം' എന്ന കവിതയും പാമ്പുകളെ നശിപ്പിക്കുന്നതിന്റെ ആവിഷ്ക്കാരമാണ്.

### 5.1.2.3. പക്ഷികൾ

പക്ഷിപരാമർശമുള്ള ശ്രദ്ധേയമായ കടങ്കഥകൾ കാണാൻ കഴിഞ്ഞില്ല. പഴഞ്ചൊല്ലുകളാകട്ടെ മനുഷ്യജീവിതപരിസരവുമായി ബന്ധപ്പെട്ട പക്ഷികൾക്കാണ് പ്രാധാന്യം നൽകിയത്. കാക്കയാണ് പഴഞ്ചൊല്ലുകളിൽ പ്രധാനമായി കടന്നുവരുന്നത്. പ്രാചീനമധ്യകാലഘട്ടത്തിലാകട്ടെ പ്രകൃതിവർണ്ണനയായും കാമുകികാമുക വിരഹത്തെയോ പ്രണയത്തേയോ ഉദ്ദീപിപ്പിക്കുന്നതിനുള്ള ഘടകമായും പക്ഷികൾ പരാമർശിക്കപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ പൊതുവെ കുയിൽ, മയിൽ, തത്ത, അരയന്നം, ചക്രവാകം എന്നീ പക്ഷികളാണ് പരാമർശിക്കപ്പെടുന്നത്. ഈ ഘട്ടത്തിൽ പക്ഷികൾ പൊതുവെ രൂപപരമായ കല്പനകളായി അവതരിപ്പിക്കപ്പെടുന്നില്ല. രാമായണ കൃതികളിൽ പക്ഷികൾ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. പക്ഷികളുമായി സൗഹൃദമനോഭാവം പുലർത്തുന്നതായി ഈ ഘട്ടത്തിലെ കൃതികൾ വ്യക്തമാക്കുന്നു. രാമായണത്തിൽ സീതയെ രാമൻ പക്ഷികളോട് അന്വേഷിക്കുന്നുണ്ട്. അതോടൊപ്പം ജഡായു, സമ്പാദി എന്നീ പക്ഷികൾക്കും കാവ്യത്തിൽ കൃത്യമായ ഇടമുണ്ട്. എന്നാൽ

ഈ ഘട്ടത്തിൽ പൊതുവെ പക്ഷികൾ നശീകരണപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

കവിത്രയകാലത്തിൽ ആശാന്റെ 'ലീല'യിലും 'ചിന്താവിഷ്ടയായ സീത' യിലുമെല്ലാം പക്ഷികൾ പരാമർശിക്കപ്പെടുന്നുണ്ട്. 'കരുണ'യിൽ കഴുകന്മാരെയും മലങ്കാക്കകളെയും പരാമർശിക്കുന്നുണ്ട്. പശ്ചാത്തലവർണ്ണനയ്ക്കാണ് ഇവിടെ പക്ഷികൾ ഉപയോഗിക്കപ്പെടുന്നത്. വള്ളത്തോളിലും പള്ളത്ത് രാമനിലും പക്ഷി പരാമർശമുണ്ട്. വള്ളത്തോളിന്റെ 'ഗ്രാമസൗഭാഗ്യ'ത്തിലും 'മഗ്ദലനമറിയ'ത്തിലും ഈ രീതിയിൽ പക്ഷികൾ പരാമർശിക്കപ്പെടുന്നുണ്ട്. മറ്റു ഘട്ടങ്ങളിലും പൊതുവെ പക്ഷികൾ രൂപപരമായി അവതരിപ്പിക്കപ്പെടുന്നില്ല.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴയും പി. കുഞ്ഞിരാമൻ നായരും വൈലോപ്പിള്ളിയും പക്ഷികളെക്കുറിച്ച് വർണ്ണിച്ചിട്ടുണ്ട്. വൈലോപ്പിള്ളിയുടെ 'കാക്ക' പ്രത്യേക പരാമർശമർഹിക്കുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിലും പക്ഷികളെക്കുറിച്ചുള്ള പരിമിതമായ വർണ്ണനകൾ കാണാം. പി. കുഞ്ഞിരാമൻനായർ 'ആകാശം കൈമോശം വന്നപ്പോൾ' എന്ന കവിതയിൽ പക്ഷിപിടുത്തത്തെ പ്രതിനിധീകരിക്കുന്നു. ആധുനികതാഘട്ടത്തിൽ 'പാടുന്ന പക്ഷികൾ' എന്ന ഒ.എൻ.വി. കുറുപ്പിന്റെ കവിതയിൽ പക്ഷികൾ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഒ.എൻ.വി. കുറുപ്പിന്റെ 'പക്ഷി ശാസ്ത്രം', സച്ചിദാനന്ദന്റെ 'കോഴിയും ഒരു പക്ഷിയാണ്', 'രണ്ട് പക്ഷികൾ' എന്നിവയും മനുഷ്യരാൽ നശിപ്പിക്കപ്പെടുന്ന പക്ഷികളെയാണ് അടയാളപ്പെടുത്തുന്നത്.

ആധുനികതാനന്തരഘട്ടത്തിൽ വിജയലക്ഷ്മിയുടെ 'കാക്ക', 'മാർത്ത', പി.പി. രാമചന്ദ്രന്റെ 'മരംകൊത്തി ചോദിച്ചത്', വീരാൻകുട്ടിയുടെ 'നാട്ടിൽ നിന്നും മടങ്ങുമ്പോൾ', 'ജാഗ്രത' എന്നിവയും പക്ഷികളെ നശിപ്പിക്കുന്നതായ സൂചനകൾ നൽകുന്നു.

**5.1.2.4. മൃഗങ്ങൾ**

കടങ്കഥകളും പഴഞ്ചൊല്ലുകളും പൊതുവെ മനുഷ്യജീവിതപരിസരത്തിൽ വളരുന്ന മൃഗങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. 'മുത്തപ്പൻ ദൈവത്തിന്റെ തോറ്റം' മൃഗങ്ങളെ അനധികൃതമായി നശിപ്പിക്കുന്നതിന്റെ ആവിഷ്ക്കാരമാണ്. പ്രാചീനമധ്യകാല ഘട്ടത്തിൽ വർണ്ണനാപരമായി പല കൃതികളിലും മൃഗങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. എല്ലാ മൃഗങ്ങളും ഈ ഘട്ടത്തിൽ വർണ്ണിക്കപ്പെടുന്നുണ്ട്. മൃഗങ്ങൾ താരതമ്യേന പ്രാചീനമധ്യകാലഘട്ടത്തിൽ മാത്രമാണ് രൂപപരമായ കല്പനകളായി അവതരിപ്പിക്കപ്പെട്ടുകാണുന്നത്. രാമകഥപ്പാട്ട്, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, ഉണ്ണിയാടിചരിതം, അദ്ധ്യാത്മരാമായണം എന്നിവയിലെല്ലാം മൃഗങ്ങൾ ഭാവപരമായി അവതരിപ്പിക്ക

പ്പെടുന്നുണ്ട്. കൂടാതെ രാമായണഭാരതപരാമർശമുള്ള കൃതികളിൽ മൃഗങ്ങളെ അനധികൃതമായി നശിപ്പിക്കുന്നതിന്റെ സൂചനകൾ കാണാം.

കവിത്രയകാലഘട്ടത്തിൽ ആശാനും പള്ളത്ത് രാമനും സിംഹത്തെ കവിതകളിൽ അവതരിപ്പിച്ചിട്ടുണ്ട്. മറ്റു മൃഗങ്ങളും ഈ ഘട്ടത്തിൽ വർണ്ണനാപരമായി അവതരിപ്പി ച്ചിട്ടുണ്ട്. മറ്റുഘട്ടങ്ങളിൽ പൊതുവെ മൃഗങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയമായ വർണ്ണനകൾ കാണുന്നില്ല. ആശാന്റെ 'ലീല'യിൽ മനുഷ്യനെ ജന്തു എന്നു കല്പിക്കുന്നു. ഇത്തരത്തിൽ മനുഷ്യനെ മൃഗമായി കണക്കാക്കുന്ന പ്രവണതയാണ് ആശാന്റെ പല കാവ്യഭാഗങ്ങളും വ്യക്തമാക്കുന്നത്. ആശാന്റെ 'ഒരു സിംഹപ്രസവം' മനുഷ്യരാൽ അസ്വതന്ത്രമാക്കപ്പെട്ട മൃഗത്തിന്റെ കഥയാണ്. ദേശീയ പ്രസ്ഥാനകാലഘട്ടത്തിൽ രചിക്കപ്പെട്ട ഈ കവിത ദേശീയമായ അസ്വാതന്ത്ര്യത്തെക്കൂടിയാണ് പ്രശ്നവത്ക്കരി ക്കുന്നത്. വള്ളത്തോളിന്റെ 'ചിത്രയോഗം'ത്തിലും മൃഗങ്ങളെ നശിപ്പിക്കുന്നതിന്റെ സൂചനകളുണ്ട്. ഉള്ളൂരിന്റെ 'കീശസന്ദേശം' കുരങ്ങനെന്ന മൃഗം മനുഷ്യനെന്ന മൃഗത്തെ കുറ്റപ്പെടുത്തുന്ന രീതിയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യർ പ്രകൃതിക്കുമേൽ നടത്തുന്ന അതിക്രമത്തെയാണ് കുരങ്ങൻ ചോദ്യം ചെയ്യുന്നത്.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ കവിത്രയകാലത്തിന്റെ തുടർച്ച യെന്നോണം ചങ്ങമ്പുഴ പല കാവ്യഭാഗങ്ങളിലും മനുഷ്യനെ മൃഗമെന്നു കല്പിക്കു ന്നുണ്ട്. 'പാടുന്ന പിശാചിൽ' മനുഷ്യനെയും കുരങ്ങനെയും താരതമ്യം ചെയ്യുന്ന ഭാഗം പ്രധാന പരാമർശമർഹിക്കുന്നു. ഇടശ്ശേരിയുടെ 'ഒരു പിടി നെല്ലിയ്ക്ക' എന്ന കവിതയിലും മനുഷ്യമൃഗസമാനത ആവിഷ്ക്കരിക്കുന്നുണ്ട്. പി.കുഞ്ഞിരാമൻ നായരും വയലാറും വൈലോപ്പിള്ളിയും മൃഗങ്ങളെ നശിപ്പിക്കപ്പെടുന്നതായി സൂചിപ്പിക്കുന്നുണ്ട്. മൃഗങ്ങളെ നേരിട്ടും പ്രകൃതിയുടെ മേലുള്ള അതിക്രമങ്ങളെ മൃഗമെന്ന രൂപകത്തിലുടെയും ഈ ഘട്ടത്തിലെ കവിതകൾ അവതരിപ്പിക്കുന്നു.

ആധുനികതാഘട്ടത്തിൽ എൻ.എൻ. കക്കാടിന്റെ 'ഒറ്റയാന്റെ മരണം', സുഗത കുമാരിയുടെ 'ഏറ്റേ നായ', 'ആന', 'ധർമ്മവും പശുവും', 'മുറിവേറ്റ സിംഹം', സച്ചിദാനന്ദന്റെ 'നഗരത്തിൽ പുലി', 'കുറുക്കൻ', 'ചെന്നായ്', 'ഓർമ്മയിൽ കാടുള്ള മൃഗം' തുടങ്ങിയ കവിതകളെല്ലാം മൃഗങ്ങളെ നശിപ്പിക്കുന്നതിന്റെ പരാമർശങ്ങളാണ്. മനുഷ്യന്റെ ക്രൂരതകളിൽ കഷ്ടപ്പെടുന്ന മൃഗങ്ങളാണിവയിൽ പലതും.

ആധുനികതാനന്തരഘട്ടത്തിൽ താരതമ്യേന വളരെ കുറച്ചു കവിതകളിൽ മാത്ര മാണ് മൃഗങ്ങളെ ഭാവപരമായി കല്പിച്ചതായി കാണാൻ സാധിച്ചത്. സുഗതകുമാരിയുടെ

'എരുമ', മോഹനകൃഷ്ണൻ കാലടിയുടെ 'കാവൽ', സെബാസ്റ്റ്യന്റെ 'തന്ത്രം', എസ്. ജോസഫിന്റെ 'നിഷ്കളങ്കത', 'ആന', 'കീരി' എന്നീ കവിതകൾ ഉദാഹരണമാണ്. ആധുനികതാനന്തരഘട്ടത്തിലെത്തുമ്പോൾ വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ', 'കാള', റഫീക്ക് അഹമ്മദിന്റെ 'പുലിയിറക്കം', 'ആനമയിലൊട്ടകം', 'ആ പശു' എന്നീ കവിതളെല്ലാം മൃഗങ്ങളെ മനുഷ്യർ ഉപദ്രവിക്കുന്നതിന്റെ സൂചനകളാണ് നൽകുന്നത്.

### 5.1.3. പ്രപഞ്ചദർശനം

ആധുനികതാധുനികാനന്തരഘട്ടത്തിലെ കവിതകളിലാണ് ഭൂമി പൊതുവെ വർണ്ണനാപരമായി അവതരിപ്പിച്ചുകണ്ടത്. ഭൂമിയുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ സദൃശകല്പനകൾ പൊതുവെ തെരഞ്ഞെടുത്ത കവിതകളിൽ കാണാൻ കഴിഞ്ഞില്ല. ഭൂമിയുടെ നശീകരണാവസ്ഥയെ ആധുനികതാഘട്ടത്തിൽ ഒ.എൻ.വി.യുടെ 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിത അടയാളപ്പെടുത്തുന്നുണ്ട്. അയ്യപ്പപ്പണിക്കരുടെ 'ഈ ഭൂമിക്ക് വിലയെന്ത്', 'ഗായത്രം', കടമ്മനിട്ടയുടെ 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്', ഡി. വിനയചന്ദ്രന്റെ 'പ്രളയമുഖം' എന്നിവയെല്ലാം ഭൂമിയുടെ നാശത്തെയാണ് പ്രതിനിധീകരിക്കുന്നത്. ആധുനികതാനന്തരഘട്ടത്തിൽ ഭൂമിയുടെ സമഗ്രമായ നാശത്തെ അവതരിപ്പിക്കുന്ന നിരവധി കവിതകൾ രചിക്കപ്പെട്ടു. സമകാലികമായ പാരിസ്ഥിതികാവസ്ഥകളും ശാസ്ത്രീയമുന്നേറ്റങ്ങളും ഭൂമിയെ ബാധിക്കുന്നതായി ഈ ഘട്ടത്തിലെ പല കവിതകളും വ്യക്തമാക്കുന്നുണ്ട്. ആധുനികതാഘട്ടത്തിലെക്കാൾ കൂടുതലായി ഭൂമിയുടെ നാശത്തെ സമഗ്രമായി അവതരിപ്പിച്ചത് ആധുനികതാനന്തരഘട്ടത്തിലാണ്. പ്രാചീനമധ്യകാല ഘട്ടത്തിൽ രാമായണകൃതികളിൽ യുദ്ധസന്ദർഭത്തിൽ പൊടുപാറുന്നതായ പരാമർശമുണ്ട്. ഇതാണ് ഈ ഘട്ടത്തിൽ എടുത്തുപറയാവുന്ന മണ്ണിനെക്കുറിച്ചുള്ള വർണ്ണനകൾ.

കവിത്രയത്തിനുശേഷമുള്ള കാലത്തിലും ആധുനികതാഘട്ടത്തിലും മാത്രമാണ് ചെറിയ രീതിയിൽ വർണ്ണനാപരമായി മണ്ണ് പരാമർശിക്കപ്പെട്ടത്. മണ്ണിനെക്കുറിച്ചുള്ള രൂപപരമായ കല്പനകൾ പൊതുവെ ഏതു ഘട്ടത്തിലെയും കവിതകളിൽ കാണുന്നില്ല. ആധുനികതാഘട്ടത്തിൽ ജി. കുമാരപിള്ളയുടെയും സച്ചിദാനന്ദന്റെയും കവിതകളിൽ മണ്ണിനെയും നശിപ്പിക്കുന്ന മനോഭാവം വ്യക്തമാക്കുന്നുണ്ട്.

ആധുനികാതനന്തരഘട്ടത്തിലെ കവിതകളിൽ മാത്രമാണ് മണ്ണ് ഭാവപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നത്. വിജയലക്ഷ്മിയുടെയും റഫീക് അഹമ്മദിന്റെയും

പി.പി. രാമചന്ദ്രന്റെയും വീരാൻകുട്ടിയുടെയും എസ്. ജോസഫിന്റെയും കവിതകളിൽ മണ്ണിനെ നശിപ്പിക്കുന്നത് വിഷയമാകുന്നു. പ്രാചീനമധ്യകാലഘട്ടം, കവിത്രയകാലം, കവിത്രയത്തിനുശേഷമുള്ള കാലം എന്നിവയിൽ മണ്ണിന്റെ പാരിസ്ഥിതികപ്രാധാന്യം തിരിച്ചറിയപ്പെട്ടിട്ടില്ല എന്നുവേണം കരുതാൻ. ആധുനികതാഘട്ടത്തിൽ തുടങ്ങുകയും ആധുനികതാനന്തരതയിൽ വ്യാപിക്കുകയും ചെയ്തു മലയാളകവിതയിലെ മണ്ണിനെക്കുറിച്ചുള്ള പാരിസ്ഥിതിക ഉത്കണ്ഠകൾ.

പർവ്വതം പ്രാചീനമധ്യകാലഘട്ടത്തിലെ രാമായണകൃതികളിലും ഉണ്ണിയാടി ചരിതത്തിലും വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. രാമായണകൃതികളിൽ ഉണ്ണിയാടിചരിതം, കല്യാണസൗഗന്ധികം എന്നിവയിലെല്ലാം മനുഷ്യൻ പർവ്വതങ്ങളെ നശിപ്പിക്കുന്നതിന്റെ സൂചനകൾ കാണാം. പിൽക്കാലത്തെ പ്രകൃതിനശീകരണത്തിന്റെ രൂപം തന്നെയാണിവയും വ്യക്തമാക്കുന്നത്.

കവിത്രയകാലഘട്ടത്തിൽ കഥാപശ്ചാത്തലത്തിന്റെ ഭാഗമായാണ് പർവ്വതത്തിന്റെ വർണ്ണനകൾ കടന്നുവരുന്നത്. ആശാന്റെയും വള്ളത്തോളിന്റെയും കൃതികൾ ഉദാഹരണമാണ്. കവിത്രയകാലത്തിൽ പർവ്വതത്തെ നശിപ്പിക്കുന്നതായ പരാമർശങ്ങൾ കാണുന്നില്ല. തുടർന്നുള്ള കാലഘട്ടത്തിൽ വർണ്ണനകൾക്കൊപ്പംതന്നെ പി. കുഞ്ഞി രാമൻനായരുടെ 'മലമ്പുഴയിൽ', 'നാവാമണൽപ്പുറത്ത്', വൈലോപ്പിള്ളിയുടെ 'മലതുരക്കൽ' എന്നിവ പർവ്വതങ്ങൾക്കുനേരെയുള്ള മനുഷ്യഅതിക്രമങ്ങളെ വ്യക്തമാക്കുന്നു.

ആധുനികതാഘട്ടത്തിൽ പർവ്വതങ്ങൾ ചില കവിതകളിൽ വർണ്ണനാപരമായി അവതരിപ്പിക്കുന്നുണ്ട്. പർവ്വതങ്ങൾ പൊതുവെ തെരഞ്ഞെടുത്ത കവിതകളിൽ ശ്രദ്ധേയമായ രീതിയിൽ രൂപപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല. ഭാവപരമായ കല്പനകളും പർവ്വതങ്ങളുമായി ബന്ധപ്പെട്ട് കാണാൻ കഴിഞ്ഞില്ല. ആധുനികതാ ഘട്ടത്തിൽ എൻ.എൻ. കക്കാടിന്റെ 'സഹ്യന്റെ കാൽക്കൽ', 'മലയിടിച്ചിൽ', സുഗത കുമാരിയുടെ 'പശ്ചിമഘട്ടം', 'ചൂട്', സച്ചിദാനന്ദന്റെ 'വിലങ്ങനിൽ', 'ഏഴിമല' എന്നീ കവിതകൾ പർവ്വതങ്ങൾക്കുമേൽ നടത്തുന്ന കടന്നുകയറ്റത്തെ കൃത്യമായി ആവിഷ് ക്കരിക്കുന്നു. ആധുനികതാനന്തരഘട്ടത്തിലെത്തുമ്പോൾ ഇത്തരം പരാമർശങ്ങൾ വർദ്ധിക്കുന്നതായാണ് കാണാൻ കഴിയുന്നത്. പി.പി. രാമചന്ദ്രന്റെ 'ജലസ്തംഭം', 'കാറ്റേ കടലേ', വി.എം. ഗിരിജയുടെ 'കുന്നിന്റെ പൊടി', വീരാൻകുട്ടിയുടെയും മോഹനകൃഷ്ണൻ കാലടിയുടെയും കവിതകൾ എന്നിവ വികസനത്തിന്റെയോ മറ്റെന്തിന്റെയെങ്കിലും

പേരിലോ പർവ്വതങ്ങളെ നശിപ്പിക്കുന്നതിനെ പ്രശ്നവത്ക്കരിക്കുന്നു.

വെള്ളം പൊതുവെ പ്രകൃതിനശീകരണപരമായാണ് അവതരിപ്പിക്കപ്പെടുന്നത്. ആധുനികതാഘട്ടത്തിൽ കടമ്മനിട്ടയുടെ 'ശാന്ത'യിലും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അമൃതം', 'സ്നാനം' എന്നീ കവിതകളിലും വെള്ളം എന്ന പൊതുഘടകം നശിപ്പിക്കപ്പെടുന്നതായി സൂചിപ്പിക്കുന്നു. ആധുനികതാനന്തരഘട്ടത്തിലെ പല കവിതകളും വെള്ളം എന്ന പൊതുഘടകത്തിന്റെ നാശത്തെ പ്രതിനിധീകരിക്കുന്നുണ്ട്. വെള്ളത്തിന്റെ പ്രാധാന്യത്തെയും പുതിയകാലത്തെ ജലക്ഷാമത്തിന്റെ കാരണങ്ങളെയും പല കവിതകളും വ്യക്തമാക്കുന്നുണ്ട്. വിജയലക്ഷ്മിയുടെ 'ഇനിയെന്തു വിലക്കും?', 'അന്ധകന്യക', 'ജലവന്ദനം', 'ജലത്തോളം', 'മഴയ്ക്കപ്പുറം', വീരാൻകുട്ടിയുടെ 'വാട്ടർ അതോറിറ്റി', 'കുടിവെപ്പുകൾ', മോഹനകൃഷ്ണൻ കാലടിയുടെ 'വെടിവെച്ച് കൊല്ലും മുമ്പ്', 'വറ്റിയഭൂമി' എന്നിവ ഉദാഹരണങ്ങളാണ്. വെള്ളമെന്ന പ്രകൃതിഘടകത്തിന്റെ പ്രാധാന്യം ആധുനികതാഘട്ടത്തിലെ കവിതകളിൽ തന്നെ വ്യക്തമാകുന്നുണ്ടെങ്കിലും ആധുനികതാനന്തരതയിൽ ഈ വിഷയത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നതായി കാണാം.

പ്രാചീനമധ്യകാലഘട്ടത്തിൽ പ്രകൃതിവർണ്ണനയുടെ ഭാഗമായി ചെറിയ ജലാശയങ്ങൾ വർണ്ണിക്കപ്പെടുന്നതായി കാണാം. കവിത്രയകാലത്തിലും ശേഷമുള്ള കാലത്തിലും ചെറിയരീതിയിൽ അതിന്റെ തുടർച്ച കാണാം. ചെറിയജലാശയങ്ങൾ രൂപപരമായി അവതരിപ്പിക്കപ്പെട്ടതായി കാണാൻ സാധിച്ചില്ല. എന്നാൽ കവിത്രയ കാലത്തിലും കവിത്രയത്തിനുശേഷമുള്ള കാലത്തിലും ഭാവപരമായ കല്പനകൾക്കായി ചെറിയ ജലാശയത്തെ ഉപയോഗിച്ചിട്ടുണ്ട്. ആധുനികതാധുനികതാനന്തരഘട്ടങ്ങളിൽ പൊതുവെ അത്തരം വർണ്ണനകൾ കാണാൻ കഴിയുന്നില്ല. ചെറിയ ജലാശയങ്ങൾ പ്രകൃതിയിൽ നിന്നും അപ്രത്യക്ഷമായതു തന്നെയാണ് അതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാവുന്നത്. ആധുനികതാനന്തരഘട്ടത്തിൽ വി.എം. ഗിരിജയുടെയും എസ് ജോസഫിന്റെയും കവിതകളിൽ മാത്രമാണ് ചെറിയ ജലാശയങ്ങൾ നശിപ്പിക്കപ്പെട്ടതായ പരാമർശങ്ങൾ കാണപ്പെടുന്നത്. മുൻകാലങ്ങളിൽ വർണ്ണനകളോ സദൃശകല്പനകളോ ആയി അവതരിപ്പിക്കപ്പെട്ടവയുടെ നാശമാണ് ആധുനികതാനന്തരഘട്ടം സൂചിപ്പിക്കുന്നത്.

പ്രാചീനമധ്യകാലഘട്ടത്തിലെ രാമായണകൃതികളിൽ പുഴ വർണ്ണപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ 'ഉണ്ണിയാടിചരിത'ത്തിലെ പരാമർശങ്ങളെയും

പ്രബന്ധത്തിൽ സൂചിപ്പിക്കുന്നുണ്ട്. 'തിരുനിഴൽമാല'യിൽ രൂപപരമായ സദൃശ കല്പനയായി പുഴ പരാമർശിക്കപ്പെടുന്നുണ്ട്. പ്രാചീനമധ്യകാലഘട്ടത്തിലെ രാമായണ കൃതികളിൽ പുഴയെ ദേവിയായി ആരാധിക്കുന്നതായി കാണാം. ഉണ്ണിയാടിചരിതത്തിലും കല്യാണസൗഗന്ധികത്തിലും പുഴ ഭാവപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. രാമായണ കൃതികളിലെ പുഴ പരാമർശങ്ങൾ ചില ഘട്ടങ്ങളിൽ പ്രകൃതിനശീകരണപരമായാണ് കാണുന്നത്. അവയുടെ മറ്റൊരു രൂപത്തിലുള്ള പിൻതുടർച്ചയാണ് പുതിയ കാലഘട്ടത്തിൽ കാണുന്നത്.

കവിത്രയകാലഘട്ടത്തിൽ ആശാൻ കൃതികളിൽ രേവയും യമുനയും വർണ്ണിക്കപ്പെടുന്നു. ഉള്ളൂരിന്റെ 'പെരിയാറ്റിനോട്', 'പുഴമൊഴി', 'കർണ്ണഭൂഷണം' വള്ളത്തോളിന്റെ 'ഭാരതപ്പുഴ', 'തിരൂർ- പൊന്നാനിപ്പുഴ', 'ബാപ്പുജി' തുടങ്ങിയ കവിതകളിലെല്ലാം പുഴ വർണ്ണനാപ്രധാനമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ആശാൻ, ഉള്ളൂർ, വള്ളത്തോൾ, പള്ളത്ത്രാമൻ എന്നിവർ പുഴയെ ഭാവപരമായി ഈ ഘട്ടത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കവിത്രയകാലഘട്ടത്തിൽ വള്ളത്തോളിന്റെ കവിതകളിൽ മാത്രമാണ് നശീകരണ സൂചനയായി പുഴ അവതരിപ്പിക്കപ്പെടുന്നത്.

കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴ പുഴയെ പല സന്ദർഭങ്ങളിലും ഭാവപരമായ കല്പനയായി അവതരിപ്പിച്ചിച്ചിട്ടുണ്ട്. പി.കുഞ്ഞിരാമൻനായർ പലകവിതകളിലൂടെയും പുഴയുടെ നാശത്തെ പ്രശ്നവത്ക്കരിച്ചിട്ടുണ്ട്. അണക്കെട്ടുകൾ നാടിന്റെ വികസനമെന്നെണ്ണുന്ന കാലഘട്ടത്തിൽ അവ പുഴകൾക്കുണ്ടാക്കുന്ന പാരിസ്ഥിതികനാശത്തെ പി.കുഞ്ഞിരാമൻനായർ പല കവിതകളിലൂടെയും വ്യക്തമാക്കി. 'നിലാവേ വരൂ!', 'നിളാതടത്തിലെ രാത്രി', 'ഗംഗയലകളുടെ പാട്ട്', തോണിപ്പുരയിൽ' തുടങ്ങിയ കവിതകൾ ഉദാഹരണമാണ്. ഇടശ്ശേരിയുടെ 'കുടം നിറയ്ക്കൂ കൂടെ വരൂ', 'കുറ്റിപ്പുറംപാലം', വൈലോപ്പിള്ളിയുടെ 'ജലസേചനം' എന്നിവ പുഴയ്ക്കുമേലുള്ള അതിക്രമങ്ങളുടെ അടയാളപ്പെടുത്തലാണ്.

ആധുനികതാഘട്ടത്തിൽ വിനയചന്ദ്രൻ പുഴയെ വർണ്ണിച്ചിട്ടുണ്ട്. ഈ ഘട്ടത്തിലെ കവിതകളിൽ പുഴ നശീകരണപരമായി അവതരിപ്പിക്കപ്പെടുന്ന പ്രവണത മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിച്ചതായി കാണാൻ സാധിക്കും. ജി. കുമാരപ്പിള്ള, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരൊഴികെ ഈ കാലഘട്ടത്തിലെ തെരഞ്ഞെടുത്ത കവികളെല്ലാം തന്നെ പുഴയുടെ സമകാലികാവസ്ഥയെ പല കവിതകളിളൂടെയും വെളിപ്പെടുത്തിയിട്ടുണ്ട്. പുഴകൾ നശിപ്പിക്കപ്പെടുന്ന കാലഘട്ടത്തിൽ സജീവമായിരുന്നിട്ടും ബാലചന്ദ്രൻ

ചുള്ളിക്കാടിൽ അത്തരം പ്രമേയങ്ങൾ കടന്നുവരുന്നതായി കാണുന്നില്ല.

ആധുനികതാനന്തരഘട്ടത്തിൽ വിനയചന്ദ്രന്റെ കവിതയിലും ആധുനികതാനന്തര ഘട്ടത്തിൽ വിജയലക്ഷ്മിയുടെയും റഫീക്ക് അഹമ്മദിന്റെയും കവിതകളിലും പുഴ വർണ്ണനാപരമായി അവതരിപ്പിക്കുന്നുണ്ട്. പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ, വീരാൻകുട്ടി, സെബാസ്റ്റ്യൻ തുടങ്ങിയ കവികളെല്ലാം ഈ കാലഘട്ടത്തിൽ പുഴ നശീകരണത്തെ പ്രമേയവത്ക്കരിച്ചിട്ടുണ്ട്.

പ്രാചീനമധ്യകാലഘട്ടത്തിൽ 'ഉണ്ണുനീലിസന്ദേശ'ത്തിൽ കടൽ വർണ്ണനാപരമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. കടൽ ഭാവപരമായ കല്പനകളായി പ്രാചീനമധ്യകാല ഘട്ടത്തിലെ കൃതികളിൽ അവതരിപ്പിക്കപ്പെട്ടു കാണാം. രാമായണകൃതികളിൽ ചിറ നിർമ്മാണഭാഗം കടലിന്റെമേൽ മനുഷ്യർ നടത്തുന്ന അധികാരപ്രയോഗത്തിന്റെയും കടന്നുകയറ്റത്തിന്റെയും നശീകരണമനോഭാവത്തിന്റെയും അടയാളപ്പെടുത്തലാണ്.

കവിത്രയകാലത്തിലും തുടർന്നുള്ള കാലഘട്ടത്തിലും ചില കവിതകളിൽ കടൽ വർണ്ണനാപരമാണ്. വള്ളത്തോളിന്റെയും ചങ്ങമ്പുഴയുടെയും കൃതികളിൽ കടലിനെ ഭാവപരമായി അവതരിപ്പിച്ചിട്ടുണ്ട്. കവിത്രയത്തിനുശേഷമുള്ള കാലത്തിൽ പി. യുടെയും ഇടശ്ശേരിയുടെയും കവിതകളിൽ കടൽനശീകരണപരമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പി.യുടെ 'ആകാശവാണി' ഇടശ്ശേരിയുടെ 'സാഗരസ്തുതി' എന്നിവ ഉദാഹരണങ്ങളാണ്.

ആധുനികതാഘട്ടത്തിൽ ജി.കുമാരപ്പിള്ള, ഒ.എൻ.വി., സുഗതകുമാരി, സച്ചിദാനന്ദൻ, വിനയചന്ദ്രൻ എന്നിവരെല്ലാം ശ്രദ്ധേയമായ രീതിയിൽ കടലിനെ വർണ്ണിച്ചിട്ടുണ്ട്. ആധുനികതാനന്തരഘട്ടത്തിൽ വിജയലക്ഷ്മിയുടെ 'പസഫിക്' എന്ന കവിത ശ്രദ്ധേയമാണ്. റഫീക്ക് അഹമ്മദിന്റെ 'കടൽ തുടങ്ങുന്നത് വി.എം. ഗിരിജയുടെ 'വീണ തൂവൽപോലെ', 'കടലോരവീട്,' 'മണ്ണാങ്കട്ടയും കരിയിലയും' എന്നിവ കടലിനെ അടയാളപ്പെടുത്തുന്നു.

ഭാവപരമായ കല്പനകളായി അഗ്നി അവതരിപ്പിക്കപ്പെടുന്നുണ്ട്. അഗ്നിയെ ഉപയോഗിച്ച് പ്രകൃതിയെ നശിപ്പിക്കുന്നതായ പരാമർശങ്ങൾ ഈ ഘട്ടത്തിൽ കാണാൻ കഴിയുന്നുണ്ട്. ആധുനികതാഘട്ടത്തിൽ ഒ.എൻ.വിയുടെയും അയ്യപ്പപ്പണിക്കരുടെയും കവിതകളിൽ അഗ്നി വർണ്ണനകളായി അവതരിപ്പിക്കപ്പെടുന്നുണ്ട്.

പ്രാചീനമധ്യകാലഘട്ടത്തിൽ കാറ്റ് കഥാപശ്ചാത്തലത്തിന്റെ ഭാഗമായാണ് വർണ്ണിക്കപ്പെടുന്നത്. എന്നാൽ തുടർന്നുള്ള കാലഘട്ടങ്ങളിൽ കാറ്റിനെ പ്രത്യേകമായി

എടുത്തു വർണ്ണിക്കുന്ന കവിതകൾ കാണാൻ കഴിയും. ഈഘട്ടത്തിൽ മാത്രമാണ് കാറ്റ് രൂപപരമായ കല്പനകളായി അവതരിപ്പിക്കപ്പെട്ടുകാണുന്നത്. ഭാവപരമായ കല്പനകളാകട്ടെ എല്ലാ ഘട്ടത്തിലെയും കവിതകളിൽ കാണാൻ കഴിയുന്നുണ്ട്. പ്രാചീനമധ്യകാലഘട്ടത്തിലെ മണിപ്രവാളകൃതികളിൽ വിരഹവും പ്രണയവും ഉദ്ദീപിപ്പിക്കുന്നതിനുള്ള ഘടകമാണ് കാറ്റ്. കവിത്രയകാലഘട്ടത്തിൽ കവിത്രയ കവികളിൽ ഇതിന്റെ തുടർച്ച കാണാം. പള്ളത്ത് രാമൻ വിദേശാധിപത്യത്തെ കാറ്റിലൂടെ പ്രതീകവത്ക്കരിച്ചിരിക്കുന്നതായി കാണാം. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലും കാറ്റ് മുൻരീതികളുടെ തുടർച്ചയായി കാണാം. പ്രകൃതിനശീകരണരീതിയിൽ അവതരിപ്പിക്കപ്പെടുന്ന കൃതികൾ പൊതുവെ ഇല്ലെന്നു തന്നെ പറയാം. വലിയതോതിൽ വായുമലിനീകരണം നടക്കുന്ന കാലഘട്ടത്തിൽ മലയാളകവിത അത്തരമൊരു പ്രമേയത്തെ പ്രാധാന്യത്തോടെ സ്വീകരിച്ചതായി കാണുന്നില്ല. തുടർന്നുള്ള കാലഘട്ട ങ്ങളിൽ കാറ്റിനെ പ്രത്യേകമായി എടുത്തു വർണ്ണിക്കുന്ന കവിതകൾ കാണാൻ കഴിയും.

ആകാശം വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടത് പൊതുവെ ആധുനികതാ ഘട്ടത്തിൽ സച്ചിദാനന്ദനിൽ മാത്രമാണ്. രൂപപരമായ കല്പനകളായി ആകാശം പൊതുവെ ഏതുഘട്ടത്തിലും അവതരിപ്പിക്കപ്പെട്ടുകാണുന്നില്ല. ആകാശത്തെപോലും നശിപ്പിക്കുന്ന മനുഷ്യപ്രവർത്തനങ്ങളെ പി. കുഞ്ഞിരാമൻനായരുടെ 'നിലവേ വരു' എന്ന കവിത അവതരിപ്പിക്കുന്നു. ആധുനികതാനന്തരഘട്ടത്തിൽ മോഹനകൃഷ്ണൻ കാലടിയുടെ 'മേഘമാർഗ്ഗം', വി.ടി. ജയദേവന്റെ 'ഹാ പൊടിമൂടുകയാണാകാശം', സെബാസ്റ്റ്യന്റെ 'റിയൽ എസ്റ്റേറ്റ്' എന്നിവയും ഇത്തരം പരാമർശമുൾക്കൊള്ളുന്നു.

ആകാശം എന്ന പൊതുഘടകത്തെ അപേക്ഷിച്ച് സൂര്യൻ കൂടുതൽ പ്രാധാന്യ ത്തോടെ കടന്നു വരുന്നതായി കാണാം. സൂര്യൻ ചില കൃതികളിൽ വർണ്ണനാപരമായി കടന്നുവരുന്നുണ്ട്. ഏതു കാലഘട്ടത്തിലെയും കൃതികളിൽ സൂര്യൻ രൂപപരമായി അവതരിപ്പിക്കപ്പെടുന്നില്ല. ഭാവപരമായി പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ സൂര്യൻ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ സൂര്യൻ ആരാധ്യഘടകമാണ്. പ്രാചീനമധ്യഘട്ടത്തിൽ പ്രകൃതിനശീകരണസൂചനകളായി അവതരിപ്പിക്കപ്പെടുന്നില്ല.

കവിത്രയകാലഘട്ടത്തിൽ ആശാൻ നായകവർണ്ണനയ്ക്കാണ് സൂര്യനെ ഉപയോ ഗിക്കുന്നത്. പിൽക്കാലകൃതികളിലും സൂര്യൻ ആരാധ്യഘടകമായി അവതരിപ്പിക്കപ്പെ ടുകയും നായകനെ സൂര്യനുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആധുനികതാ ഘട്ടത്തിൽ ഒ.എൻ.വി.യുടെ 'സൂര്യഗീതം', 'മരുഭൂമിയിലെ സൂര്യൻ, 'സൂര്യനെക്കാത്ത്'

എന്നിവയിൽ സൂര്യനെയും ഇല്ലാതാക്കുന്ന മനുഷ്യപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു. ഒ.എൻ.വിയിൽ മാത്രമാണ് ആധുനികതാഘട്ടത്തിൽ ഇത്തരം പരാമർശങ്ങളുള്ളത്. ആധുനികതാനന്തരഘട്ടത്തിലും ഇത്തരം പരാമർശങ്ങൾ കാണപ്പെടുന്നില്ല.

പ്രാചീനമധ്യകാലഘട്ടത്തിൽ തിരുനിഴൽമാലയിലും മണിപ്രവാളകൃതികളിലും ചന്ദ്രൻ വർണ്ണനാപരമായും ഭാവപരമായും അവതരിപ്പിക്കപ്പെടുന്നുണ്ട്. കവിത്രയകാല ഘട്ടത്തിൽ ചന്ദ്രൻ നായികയുടെ സൗന്ദര്യവർണ്ണനയ്ക്കുള്ള സാധൂകരണമാണ്. അതോടൊപ്പം ബാലാമണിയമ്മയ്ക്ക് ചന്ദ്രൻ പ്രധാന വർണ്ണനാവിഷയമാണ്. പ്രകൃതിനശീകരണസൂചനയായി ചന്ദ്രൻ അവതരിപ്പിക്കപ്പെടുന്നത് കവിത്രയകാലത്തിൽ ബാലാമണിയമ്മയുടെ 'ശൂന്യാന്തരീക്ഷത്തിൽ' എന്ന കവിതയിലാണ്. ബഹിരാകാശത്തിൽ ചന്ദ്രനടക്കമുള്ള ഗ്രഹങ്ങളിൽ കൈകടത്തുന്ന മനുഷ്യമനോഭാവത്തെ ഈ കവിത അവതരിപ്പിക്കുന്നു.

രൂപപരമായ കല്പനയായി 'തിരുനിഴൽമാല'യിൽ നക്ഷത്രം അവതരിപ്പിക്കപ്പെടുന്നുണ്ട്. കവിത്രയകാലത്തിൽ ഉള്ളൂരിന്റെ 'നക്ഷത്രങ്ങൾ' നക്ഷത്രത്തിന്റെ വർണ്ണനയാണ്. കൂടാതെ ഈ ഘട്ടത്തിൽ നായികയെ നക്ഷത്രവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. സ്ത്രീ അല്ലെങ്കിൽ നായികയാണ് പൊതുവെ ഈ ഘട്ടത്തിലെ നക്ഷത്രങ്ങൾ. നക്ഷത്രത്തെ പ്രതീകവൽക്കരിച്ചുകൊണ്ട് പ്രകൃതിനാശത്തെ സൂചിപ്പിക്കുന്നു ഉള്ളൂരിന്റെ 'താരകോപദേശം' എന്ന കവിത. തുടർന്നുള്ള ഘട്ടത്തിൽ ഇതിന്റെ തുടർച്ച കാണാം. എന്നാൽ പി. കുഞ്ഞിരാമൻനായർ നക്ഷത്രത്തെ നക്ഷത്രമായിതന്നെ പല കവിതകളിലും വർണ്ണിച്ചിട്ടുണ്ട്. 'വെള്ളിനക്ഷത്രം', 'നക്ഷത്രഭാഷ' എന്നീ കവിതകൾ ഉദാഹരണമാണ്. ഡി. വിനയചന്ദ്രന്റെ 'നക്ഷത്രം' എന്ന കവിത മാത്രമാണ് പ്രകൃതിനശീകരണ സൂചന നൽകുന്നത്. ആധുനികതാനന്തരഘട്ടത്തിൽ വീരാൻകുട്ടിയുടെ 'നക്ഷത്രങ്ങൾക്ക് വേണമെങ്കിൽ...' എന്ന കവിതയിലാണ് നക്ഷത്രത്തിന്റെ വർണ്ണന പൊതുവെ കാണപ്പെടുന്നത്.

### 5.1.3.2. സമയകാലങ്ങൾ

പ്രാചീനമധ്യകാലഘട്ടത്തിൽ രാമായണകൃതികളിൽ വർഷകാല വർണ്ണനയുണ്ട്. മഴ ശ്രദ്ധേയമായ രീതിയിൽ രൂപപരമായി അവതരിപ്പിച്ചു കാണുന്നില്ല. പ്രാചീന മധ്യകാലഘട്ടത്തിലും ആധുനികതാനന്തരഘട്ടത്തിലുമാണ് വർഷകാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടുകാണുന്നത്. പ്രാചീനമധ്യകാലഘട്ടത്തിൽ വിരഹത്തെയോ പ്രണയത്തേയോ ഉദ്ദീപിപ്പിക്കുന്നതിനുള്ള ഘടകമാണ് മഴ.

കവിത്രയകാലഘട്ടത്തിൽ വള്ളത്തോളും ബാലാമണിയമ്മയും പള്ളത്ത് രാമനും വർഷകാലത്തെ വർണ്ണിച്ചിട്ടുണ്ട്. കവിത്രയത്തിനുശേഷമുള്ള ഘട്ടത്തിലും ചങ്ങമ്പുഴ, ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവർ പല കവിതകളിലും വർഷത്തെ വർണ്ണനാപരമായി അവതരിപ്പിച്ചിട്ടുണ്ട്. പി. കുഞ്ഞിരാമൻനായരുടെ 'ദേവകന്യക' എന്ന കവിതയിൽ പ്രകൃതിനശീകരണ സൂചനയായി മഴ അവതരിപ്പിക്കപ്പെടുന്നു. മനുഷ്യപ്രവർത്തികൾ മൂലം മഴയെന്ന കന്യക തിരോഭവിച്ചതായി കവിത വ്യക്തമാക്കുന്നു.

ആധുനികതാഘട്ടത്തിലാകട്ടെ മഴയുടെ വിശദമായ വർണ്ണനകൾ കാണാം. അവ പലകവിതകളിലും സ്ത്രീയുടെ ആവിഷ്ക്കാരമായും മാറുന്നുണ്ട്. സുഗതകുമാരിയുടെ 'രാത്രിമഴ', സച്ചിദാനന്ദന്റെ 'മഴയുടെ നാനാർത്ഥം' എന്നിവ ഉദാഹരണമാണ്. പല കവിതകളിലും മഴ അനുഭവങ്ങളുമാണ്. ആധുനികതാനന്തരഘട്ടത്തിലും വളരെ പ്രാധാന്യത്തോടെ കവികൾ വർണ്ണിച്ചിട്ടുള്ള ഋതുവാണ് വർഷകാലം. ഈഘട്ടത്തിൽ സ്ത്രീയുടെയും കുട്ടിയുടെയും ഭാവങ്ങൾ മഴയിൽ ആരോപിക്കപ്പെട്ടിരിക്കുന്നതായി കാണാൻ സാധിക്കും. സെബാസ്റ്റ്യനും എസ്. ജോസഫുമാണ് ഇത്തരം പരാമർശങ്ങൾ നടത്തിയിട്ടുള്ളത്.

പ്രാചീനമധ്യകാലഘട്ടത്തിൽ 'കൃഷ്ണഗാഥ'യിലും 'ചന്ദ്രോത്സവ'ത്തിലും ശരത്കാലത്തെ വർണ്ണനാപരമായി അവതരിപ്പിച്ചുകാണുന്നു. ശരത്കാലം പൊതുവെ രൂപപരമായ കല്പനകളായി അവതരിപ്പിച്ചുകാണുന്നില്ല. എന്നാൽ പ്രാചീനമധ്യകാലഘട്ടത്തിലും കവിത്രയകാലത്തിലും കവിത്രയത്തിനുശേഷമുള്ള കാലത്തിലും ശരത്കാലം ഭാവപരമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ഘട്ടത്തിലെല്ലാം നായികയെ ശരത്കാലവുമായി താരതമ്യപ്പെടുത്തുകയോ ശരതിനെ കന്യകയായി കല്പിക്കുകയോ ചെയ്യുന്ന രീതിയാണ് കാണുന്നത്. പ്രകൃതിനശീകരണസൂചനകളായി പൊതുവെ ശരത് പരാമർശിക്കപ്പെട്ടു കാണുന്നില്ല.

'കണ്ണശ്ശരാമായണ'ത്തിലും 'കൃഷ്ണഗാഥ'യിലും ഹേമന്തത്തെ വർണ്ണനാപരമായി അവതരിപ്പിച്ചിട്ടുണ്ട്. കവിത്രയത്തിനുശേഷം ആധുനികതാഘട്ടം വരെയുള്ള ചില കവിതകൾ ഹേമന്തത്തെ വർണ്ണനാപരമായി സമീപിച്ചിരിക്കുന്നതുകാണാം. എന്നാൽ ഹേമന്തം രൂപപരമായ കല്പനകളായി പൊതുവെ അവതരിപ്പിച്ചുകാണുന്നില്ല. കവിത്രയകാലഘട്ടത്തിൽ ആശാനും തുടർന്ന് പി. കുഞ്ഞിരാമൻനായർക്കും ആധുനികതയിൽ സച്ചിദാനന്ദനും ഹേമന്തം സുന്ദരിയായ സ്ത്രീയാണ്. ആധുനികതാനന്തരതയിൽ അത്തരം പരാമർശങ്ങൾ കാണുന്നില്ല. പ്രകൃതിനശീകരണ സൂചനകളായി പൊതുവെ

ഹേമന്തം പരാമർശിക്കപ്പെട്ടുകാണുന്നില്ല.

ശിശിരകാലവർണ്ണന താരതമ്യേന എല്ലാഘട്ടങ്ങളിലും പരിമിതമായ തോതിലാണ് കാണപ്പെടുന്നത്. രൂപപരമായ കല്പനകൾ പൊതുവെ കാണപ്പെടുന്നില്ല. ഭാവപരമായ താകട്ടെ ആശാന്റെ ലീലയിൽ നായകന്റെ അവസ്ഥയെ വർണ്ണിക്കാൻ ശിശിരഋതുവിനെ ഉപയോഗിച്ചിട്ടുണ്ട്. നശീകരണസൂചനയായി ശിശിരം ഏതുഘട്ടത്തിലും പരാമർശിക്ക പ്പെട്ടുകാണുന്നില്ല.

വസന്തം പ്രാചീനമധ്യകാലഘട്ടത്തിലെ കൃതികളിൽ പൊതുവെ വിരഹവും പ്രേമവും ഉദ്ദീപിപ്പിക്കുന്നതിനുള്ള ഘടകമായാണ് കടന്നുവരുന്നത്. കവിത്രയ കാലഘട്ടത്തിൽ വള്ളത്തോളിൽ പ്രധാനമായ വസന്തവർണ്ണനകൾ കാണാം. ആശാൻ വസന്തത്തെ ഭാവപരമായി അവതരിപ്പിച്ചിട്ടുണ്ട്. ആശാന്റെ നായികമാരെ വസന്തത്തോട് താരതമ്യപ്പെടുത്തുന്നു. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ വസന്തവർണ്ണന പ്രധാനമായി കടന്നുവരുന്നുണ്ട്. ചങ്ങമ്പുഴയുടെ ഇഷ്ടഋതുവാണ് വസന്തം. ഈ ഘട്ടത്തിൽ പി. കുഞ്ഞിരാമൻനായരും ഇടശ്ശേരിയും വൈലോപ്പിള്ളിയും വസന്തത്തെ പല കവിതകളിലും വർണ്ണിച്ചിട്ടുണ്ട്. ആധുനികതാഘട്ടത്തിൽ അയ്യപ്പപ്പണിക്കരും സുഗതകുമാരിയും വസന്തത്തെ വർണ്ണിച്ചതായി കാണാം. രൂപപരമായ കല്പനകളായി പൊതുവെ വസന്തം പരാമർശിക്കപ്പെട്ടുകാണുന്നില്ല. പ്രകൃതിനശീകരണ സൂചന കളായും വസന്തം അവതരിപ്പിക്കപ്പെടുന്നില്ല.

പ്രാചീനമധ്യകാലഘട്ടത്തിലും കവിത്രയകാലത്തിലും കഥാപശ്ചാത്തലമായോ കഥയുടെ ഭാവോദ്ദീപനത്തിനോ ആണ് ഗ്രീഷ്മം വർണ്ണിക്കപ്പെട്ടതെങ്കിൽ പിൽക്കാലത്ത് ഗ്രീഷ്മത്തെ പ്രത്യേകമായി വർണ്ണിക്കുന്ന രീതിയാണ് കാണാൻ കഴിയുന്നത്. ഗ്രീഷ്മ കാലത്തെക്കുറിച്ച് ശ്രദ്ധേയമായ രീതിയിൽ രൂപപരമോ ഭാവപരമോ ആയ സദൃശ കല്പനകൾ കാണപ്പെടുന്നില്ല. പ്രകൃതിനശീകരണ സൂചനകളാകട്ടെ കവിത്രയത്തിനു ശേഷമുള്ള കാലഘട്ടത്തിൽ പി. കുഞ്ഞിരാമൻനായർ അവതരിപ്പിച്ചിട്ടുണ്ട്. 'കാലവർഷം', 'ദേവകന്യക' എന്നീ കവിതകൾ മനുഷ്യരുടെ പ്രകൃതിനശീകരണരീതികളുടെ ഫലമായി മഴയില്ലാതായ അവസ്ഥയുടെ ചിത്രീകരണമാണ്. ആധുനികതാഘട്ടത്തിൽ ഒ.എൻ.വി.യും സുഗതകുമാരിയും ആധുനികതാനന്തരഘട്ടത്തിൽ വിജയലക്ഷ്മിയും വി.എം. ഗിരിജയും ഇത്തരം പ്രമേയങ്ങൾ സ്വീകരിച്ചതായി കാണാം.

പ്രാചീനമധ്യകാലഘട്ടത്തിൽ പ്രഭാതം കഥാപശ്ചാത്തലത്തിന്റെ ഭാഗമായാണ് വർണ്ണിക്കപ്പെടുന്നത്. എന്നാൽ പിൽക്കാല കവിതകളിൽ പ്രഭാതത്തെ വർണ്ണിക്കുന്ന

കവിതകളാണുള്ളത്. കവിത്രയത്തിനുശേഷമുള്ള കാലത്തിൽ പി. കുഞ്ഞിരാമൻ നായർക്ക് ഇഷ്ടമുള്ള കാവ്യവിഷയമാണ് ഉഷഃസന്ധ്യ. ആധുനികതാഘട്ടത്തിലും പല കവിതകളിലും ഉഷഃസന്ധ്യയുടെ വ്യക്തമായ വർണ്ണനകൾ കാണാം. എല്ലാ കാലഘട്ട ത്തിലും പ്രഭാതത്തെ ഭാവപരമായി അവതരിപ്പിച്ചിട്ടുണ്ട്. ആദ്യകാലം മുതൽ സ്ത്രീഭാവ ങ്ങളാണ് പ്രഭാതത്തിന് കല്പിച്ചുകാണുന്നത്. നശീകരണസൂചനകളായി പൊതുവെ പ്രഭാതത്തെ വർണ്ണിച്ചുകാണുന്നില്ല.

പ്രാചീനമധ്യകാലഘട്ടത്തിൽ'തിരുനിഴൽമാല'യിലെ സന്ധ്യാപരാമർശം ശ്രദ്ധേയമാണ്. ഈ ഘട്ടത്തിലെ മറ്റു കൃതികളിലും ശ്രദ്ധേയമായ രീതിയിൽ സന്ധ്യയെ ഭാവപരമായി കല്പിക്കുന്നുണ്ട്. കവിത്രയകാലം മുതൽ എല്ലാഘട്ടങ്ങളിലും സന്ധ്യ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. കവിത്രയകാലഘട്ടത്തിൽ സന്ധ്യയുടെ കാഴ്ചകളെ വർണ്ണിക്കുന്നു. തുടർന്നുള്ള ഘട്ടത്തിൽ സന്ധ്യ സ്ത്രീയാണ്. പലപ്പോഴും സ്ത്രീയെ വർണ്ണിക്കുന്നതുപോലെയാണ് സന്ധ്യയെ വർണ്ണിക്കുന്നത്. രൂപപരമായ കല്പനകൾ പൊതുവെ കുറവാണെങ്കിലും ഭാവപരമായ സദൃശകല്പനകളിൽ സന്ധ്യ പല കവിതകളിലും സ്ത്രീപ്രതിനിധിയാണ്.

### 5.1.3.3. ദ്വന്ദ്വചിത്രീകരണം

പ്രാചീനമധ്യകാലഘട്ടത്തിലും കവിത്രയകാലത്തിലും കാട്/നാട് ദ്വന്ദ്വം പൊതുവെ നശീകരണപരമല്ല. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴയ്ക്ക് കാട്/ നാട് ദ്വന്ദ്വം വർണ്ണനാപരമാണ്. എന്നാൽ ഇടശ്ശേരി ഈ വിഷയത്തെ നശീകരണപരമായി അവതരിപ്പിച്ചു. ആധുനികതാഘട്ടത്തിൽ എൻ.എൻ. കക്കാടും, അയ്യപ്പപ്പണിക്കരും, കടമ്മനിട്ടയും, വിനയചന്ദ്രനും നശീകരണസൂചനയായി കാട്/നാട് പരിവർത്തനത്തെ അവതരിപ്പിച്ചിട്ടുണ്ട്. ആധുനികതാനന്തരഘട്ടത്തിൽ റഫീക്ക് അഹമ്മദും കാട്/നാട് ദ്വന്ദ്വത്തെ വർണ്ണനാപരമായി അവതരിപ്പിച്ചിട്ടുണ്ട്. വിജയലക്ഷ്മി നശീകരണ സൂചനയായാണ് ഈ വിഷയത്തെ സമീപിച്ചത്. സദൃശകല്പനകൾ പൊതുവെ ഈ വിഷയത്തിൽ കാണപ്പെടുന്നില്ല.

കവിത്രയകാലഘട്ടത്തിൽ ഉള്ളൂർ നാട്/നഗരം എന്ന ദ്വന്ദ്വത്തെ അവതരിപ്പിച്ചിട്ടുണ്ട്. ബാലാമണിയമ്മയാകട്ടെ നഗരത്തോടും ഗ്രാമത്തോടും പ്രിയം പുലർത്തുന്നതായി കാണാം പള്ളത്ത് രാമനും ഗ്രാമനഗരസംഘർഷം കവിതയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കവിത്രയത്തിനുശേഷമുള്ള കാലത്തിലും ആധുനികതാഘട്ടത്തിലും ഗ്രാമനഗര സംഘർഷം വർണ്ണിക്കപ്പെടുന്നുണ്ട്. ഈ പ്രമേയവുമായി ബന്ധപ്പെട്ട് സദൃശകല്പനകൾ

പൊതുവെ കാണപ്പെടുന്നില്ല. പ്രാചീനമധ്യകാലഘട്ടത്തിലൊഴികെ മറ്റു ഘട്ടങ്ങളിലെല്ലാം ഗ്രാമ/നഗരദ്വന്ദ്വം നശീകരണപരമായി അവതരിപ്പിക്കപ്പെട്ടതായി കാണാം. ഗ്രാമത്തിൽ നിന്നും നഗരത്തിലേക്കുള്ള പരിവർത്തനം പ്രകൃതിയെ ഏതെല്ലാം വിധത്തിൽ ബാധിച്ചു എന്ന് ഈ കവിതകൾ വിശദമാക്കുന്നുണ്ട്. നഗരവത്കരണം ആരംഭിച്ച കാലഘട്ടം മുതൽ തന്നെ കവിതയും ഇത്തരം പ്രമേയങ്ങൾ സ്വീകരിച്ചു തുടങ്ങി.

കൃഷി/വ്യവസായം എന്ന ദ്വന്ദ്വം കവിത്രയകാലത്തിൽ പള്ളത്ത് രാമൻ മാത്രമാണ് വർണ്ണനാപരമായി അവതരിപ്പിച്ചത്. നശീകരണപരമായ പരാമർശങ്ങളാകട്ടെ കവിത്രയ കാലഘട്ടത്തിൽ പള്ളത്ത് രാമനും തുടർന്ന് ഇടശ്ശേരിയും വൈലോപ്പിള്ളിയും നടത്തി യിട്ടുണ്ട്. ആധുനികതാധുനികതാനന്തരഘട്ടങ്ങളിലും ഇത്തരം പരാമർശങ്ങൾ കാണാം.

### 5.1.3.4. പ്രകൃതിനാശത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ

പ്രകൃതിയുടെ സമഗ്രമായ നാശം കവിത്രയകാലഘട്ടം മുതലുള്ള കവിതകൾ അവതരിപ്പിക്കുന്നുണ്ട്. ഉള്ളൂരിന്റെ പലകവിതകളും നൂതനപരിസ്ഥിതിചിന്തകളായ ഗഹനപരിസ്ഥിതിവാദത്തിന്റെ ആശയം ഉൾക്കൊള്ളുന്നതാണ്. ബാലാമണിയമ്മ അക്കാലത്തുതന്നെ പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പല കവിതകളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിലും ആധുനികതാധുനികതാനന്തരഘട്ടങ്ങളിലും വർണ്ണനകൾക്കും സദൃശകല്പനകൾക്കു മൊപ്പം പ്രകൃതിനശിപ്പിക്കപ്പെടുന്നുവെന്നും അതിനെ സംരക്ഷിക്കണമെന്നും വാദിക്കുന്ന മനുഷ്യപക്ഷവും പ്രകൃതിപക്ഷവുമായ നിരവധി കവിതകൾ രചിക്കപ്പെട്ടു.

## 5.2. നിഗമനങ്ങൾ

**5.2.1.** ആദ്യകാലഘട്ടം മുതൽ പൂക്കൾ വർണ്ണനാപരമോ വിരഹവും പ്രണയവും ഉദ്ദീപിപ്പി ക്കുന്നതിനുള്ള ഘടകമോ സൗന്ദര്യവർണ്ണനയ്ക്കുള്ള രൂപകമോ ആണ്. എന്നാൽ പ്രകൃതിബോധം രൂപപ്പെടുന്ന ഘട്ടത്തിൽ നാടൻപൂക്കളുടെ നാശത്തെ പ്രതിനിധീകരി ക്കുന്ന ചില കവിതകൾ രചിക്കപ്പെട്ടതായി കാണാം.

**5.2.2.** മലയാളകവിതയിൽ വർണ്ണിക്കപ്പെടുന്നതും നഷ്ടദുഃഖം ആവിഷ്ക്കരിക്കുന്നതുമായ ഫലം പൊതുവെ മാമ്പഴമാണ്. മനുഷ്യർ ഏറെ ഉപയോഗിച്ചതും ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ അവന്റെ ജീവിതപരിസരത്തിൽ വളരുന്ന ഫലവർഗ്ഗങ്ങളുടെ നഷ്ടത്തിലാണ് ഓരോ കാലഘട്ടത്തിലെയും കവിതകൾ ഊന്നുന്നത്. നാടൻമാമ്പഴങ്ങൾ അപൂർവ്വമായ ആധുനികതാന്തരഘട്ടത്തിലാണ് ഇത്തരം നഷ്ടബോധത്തിന്റെ ആവിഷ്ക്കാരം കൂടുതലായി കാണപ്പെടുന്നത്.

**5.2.3.** ആധുനികതാനന്തരഘട്ടത്തിലാണ് മരങ്ങൾ മലയാളകവിതയുടെ പ്രമേയ പരിധിയിലേക്ക് കൂടുതലായി കടന്നുവരുന്നത്. ചെടികൾ പൊതുവെ വർണ്ണനാപരമായി അവതരിപ്പിക്കപ്പെട്ടു കാണുന്നില്ല.

**5.2.4.** പ്രാചീനമധ്യകാലഘട്ടത്തിലും കവിത്രയകാലത്തിലുമെല്ലാം കാട് ആസ്വാദന ഘടകമോ പശ്ചാത്തലമോ ആയി മനോഹരമായി വർണ്ണിക്കുകയാണുണ്ടായത്. എന്നാൽ ആധുനികതാനന്തരഘട്ടത്തിൽ രണ്ടോ മൂന്നോ വാക്കുകളിലോ വരികളിലോ കാടിനെ അവതരിപ്പിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്.

**5.2.5.** ആധുനികതാഘട്ടത്തിലെ കവിതകളിൽ കാടിനുള്ള പ്രാധാന്യം ആധുനികതാനന്തരഘട്ടത്തിൽ നഷ്ടപ്പെടുന്നതായി കാണാം. ഒറ്റമരങ്ങൾക്കാണ് ഈ ഘട്ടത്തിൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്.

**5.2.6.** ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ സസ്യപ്രകൃതിയെ പൂർണ്ണമായും അവഗണിച്ചതായാണ്. കാണുന്നത്. പാരിസ്ഥിതികാവ ബോധത്തിന്റെ കാലഘട്ടത്തിൽ സജീവമായി എഴുതുകയും പാരിസ്ഥിതികമായ പ്രമേയങ്ങളെ അവഗണിക്കുകയും ചെയ്ത എഴുത്തുകാരുടെ പ്രതിനിധിയായി ബാലചന്ദ്രൻ ചുള്ളിക്കാടിനെ വിലയിരുത്താം.

**5.2.7.** ജന്തുപ്രകൃതിയിൽ ഉരഗപരാമർശങ്ങൾ പൊതുവെ പരിമിതമാണ്. സർപ്പക്കാടുകൾ ഇല്ലാതായ കാലഘട്ടത്തിൽ വയലാറും വൈലോപ്പിള്ളിയും അത് പ്രമേയമാക്കി. വൈലോപ്പിള്ളി സർപ്പക്കാട് നശിപ്പിച്ചതിനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. മറ്റുഘട്ടങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ ഉരഗങ്ങൾ അവതരിപ്പിക്കപ്പെടുന്നില്ല. മനുഷ്യരുടെ ജീവിതപരിസരത്തിൽ ജീവിക്കുന്നവയെങ്കിലും മലയാളകവിത അത്രത്തോളം പ്രധാന്യത്തോടെ ഉരഗവർഗ്ഗത്തെ സമീപിച്ചിട്ടില്ല.

**5.2.8.** ജന്തുപ്രകൃതിയിൽ ചെറുജീവികളെയോ മൃഗങ്ങളെയോ പരാമർശിക്കുന്നതു പോലെ പൊതുവെ പക്ഷികൾ പരാമർശിക്കപ്പെടുന്നില്ല.

**5.2.9.** ജന്തുകൃതിയിൽ ആധുനികതാഘട്ടത്തിലാണ് നശീകരണപരമായി മൃഗങ്ങൾ കൂടുതലായി അവതരിപ്പിക്കപ്പെട്ടത്. ആധുനികതാനന്തരഘട്ടത്തിൽ പൊതുവെ ചെറുജീവികൾക്കാണ് പ്രാധാന്യം ലഭിച്ചത്.

**5.2.10.** പഞ്ചഭൂതങ്ങളിൽ ഭൂമിനശീകരണരീതിയിലാണ് കൂടുതലായി പരാമർശിക്കപ്പെട്ടു കാണുന്നത്. അതാകട്ടെ ആധുനികതാഘട്ടം മുതലുള്ള കവിതകളിലാണ് കാണുന്നത്. മണ്ണിനെക്കുറിച്ചുള്ള ഉത്കണ്ഠകൾ ആധുനികതയിൽ ആരംഭിച്ച് ആധുനികതാനന്ത

രതയിൽ വ്യാപിക്കുകയാണുണ്ടായത്. പർവ്വതങ്ങളാകട്ടെ പ്രാചീനഘട്ടം മുതൽ പരാമർശിക്കപ്പെടുന്നുണ്ട്. രാമായണകൃതികൾ മുതൽ നശിപ്പിക്കപ്പെടുന്ന പർവ്വതങ്ങളെക്കുറിച്ചുള്ള സൂചന കാണാം. മനുഷ്യന്റെ അധികാരപ്രയോഗം തന്നെയാണിവിടെയെല്ലാമുള്ളത്.

വെള്ളം എന്ന പൊതുഘടകം നശിക്കുന്നതിന്റെ സൂചനകൾക്കൊപ്പം പുഴ, കടൽ എന്നിവയുടെ പരാമർശങ്ങളും മലയാളകവിതയിലുണ്ട്. കവിത്രയകാലം മുതൽതന്നെ നശിപ്പിക്കപ്പെടുന്ന പുഴയെ അവതരിപ്പിക്കുന്നുണ്ട്. ഇടശ്ശേരി കടലിന്റെ നാശത്തെയും പ്രതീകവത്ക്കരിക്കുന്നുണ്ട്.

വായു, ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നീ ഘടകങ്ങൾ വർണ്ണനകളായും സദൃശകല്പനകളായും കാണപ്പെടുന്നുണ്ടെങ്കിലും അവ നശിക്കുന്നതായ പരാമർശങ്ങൾ വളരെക്കുറച്ചുമാത്രമേ കാണുന്നുള്ളൂ.

**5.2.11.** ഋതുക്കളും ഉഷഃസന്ധ്യ, സായംസന്ധ്യ എന്നീ സമയങ്ങളും വർണ്ണനാപരമായും സദൃശകല്പനകളായുമാണ് മലയാളകവിതയിൽ അവതരിപ്പിക്കപ്പെട്ടത്.

**5.2.12.** കാട്/നാട്, നാട്/നഗരം, കൃഷി/വ്യവസായം എന്നീ ദ്വന്ദ്വങ്ങൾ ഓരോന്നും കവിത്രയകാലത്തിലോ അതിനുശേഷമുള്ള കാലഘട്ടത്തിലോ ആണ് പരാമർശിക്കപ്പെട്ടത്.

**5.2.13.** സ്ത്രീയും പ്രകൃതിയും ഐക്യപ്പെടുന്നതായുള്ള പരാമർശങ്ങൾ പ്രാചീനമധ്യകാലഘട്ടം മുതലുള്ള കവിതകളിൽ കാണപ്പെടുന്നുണ്ട്. സ്ത്രീസൗന്ദര്യവർണ്ണനയ്ക്ക് പ്രകൃതിഘടകങ്ങളെ ഉപയോഗിക്കുന്നതിനൊപ്പം പ്രകൃതിവർണ്ണനയ്ക്ക് സ്ത്രീയവസ്ഥകളെയും ഉപയോഗിച്ചിരിക്കുന്നതായി കാണാം. പ്രകൃതിഘടകവുമായി ചേർന്ന് പുരുഷസൗന്ദര്യത്തെ വർണ്ണിച്ചു കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രകൃതിയും സ്ത്രീയും പുരുഷന് ആസ്വാദിക്കാനുള്ളതാണ് എന്ന കാഴ്ചപ്പാട് പല കവിതകളും അവതരിപ്പിക്കുന്നുണ്ട്.

**5.2.14.** പ്രാചീനഘട്ടത്തിലെ കവിതകളിൽ മനുഷ്യന്റെ അധികാരമുപയോഗിച്ച് നശിപ്പിക്കുന്ന പ്രകൃതിയെ കാണാം. ഇവിടെ പ്രകൃതി നശിപ്പിക്കപ്പെടുന്നു എന്ന ചിന്തകൾ കാണുന്നില്ല. എന്നാൽ കവിത്രയകാലഘട്ടത്തിൽ ഉള്ളൂരിന്റെ കവിതകൾ മുതൽ നശിപ്പിക്കപ്പെടുന്ന പ്രകൃതിയെക്കുറിച്ചുള്ള ഉത്കണ്ഠകൾ കാണാം. ഉള്ളൂരിന്റെ 'കീശസന്ദേശം' പോലുള്ള കവിതകൾ ഉദാഹരണമാണ്. കവിത്രയത്തിനു ശേഷമുള്ള

ഘട്ടത്തിലും പ്രകൃതി നശിപ്പിക്കപ്പെടുന്നതായ പരാമർശങ്ങളുണ്ട്. ആധുനികതയിൽ ശാസ്ത്രവികസനത്തോടെ പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾ വ്യാപിക്കുകയും ചെയ്തു. അതിന്റെയെല്ലാം ഭാഗമായി രൂപപ്പെട്ട പാരിസ്ഥിതിക ചിന്തകൾ ആധുനികതാ ഘട്ടത്തിലെയും ആധുനികതാനന്തരഘട്ടത്തിലെയും കവിതകളിൽ കാണാം.

**5.2.15.** ഗഹനപരിസ്ഥിതിവാദമെന്ന നൂതനചിന്താപദ്ധതിയുടെ ആശയങ്ങൾ കവിത്രയ കാലത്തു തന്നെയുണ്ടായിരുന്നു. ഭൂമിയിൽ സർവ്വചരാചരങ്ങൾക്കും അവകാശമുണ്ടെന്ന സൂക്ഷ്മാർത്ഥത്തിലേക്ക് വികസിക്കുന്നു ഉള്ളൂരിന്റെ 'കീശസന്ദേശം' എന്ന കവിത. പിൽക്കാലത്തെ ഗഹനപരിസ്ഥിതിവാദത്തിന്റെ സാധ്യതകളിലേക്കാണത് വികസിക്കുന്നത്. ആശാനിലെ ജന്തു എന്ന പ്രയോഗത്തെ ആ രീതിയിൽ വായിക്കാവുന്നതാണ്. വള്ളത്തോൾക്കവിതകളിലും അത്തരം പ്രയോഗങ്ങളുണ്ട്. ഈ ഘട്ടത്തിൽ ശാസ്ത്രീയ ചിന്തകൾ വികസിക്കുന്നതായും കാണാം. ബാലാമണിയമ്മയുടെ 'ശൂന്യാന്തരീക്ഷത്തിൽ' എന്ന കവിത ഉദാഹരണം.

**5.2.16.** കവിത്രയത്തിനുശേഷമുള്ള കാലഘട്ടത്തിൽ പ്രകൃതിയെ ആസ്വാദിക്കുന്നതിനൊപ്പം നശിപ്പിക്കുന്നതായ പ്രവണതകളെയും ചിത്രീകരിച്ചിട്ടുണ്ട്. മനുഷ്യ അതിക്രമങ്ങളെ അടയാളപ്പെടുത്തുന്നതിനൊപ്പം മനുഷ്യന്റെ അസ്തിത്വത്തെ മറ്റു ജീവികൾക്ക് തുല്യമായി കാണുന്ന രീതി ഈ ഘട്ടത്തിലും കാണാം ഗഹനപരിസ്ഥിതി വാദമെന്ന ആശയത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമായ ചിന്തകളാണിവ.

**5.2.17.** ആധുനികതാഘട്ടത്തിൽ പാരിസ്ഥിതികാവബോധം വ്യാപിച്ചെങ്കിലും മനുഷ്യകേന്ദ്രിതമായ കാഴ്ചപ്പാടുകൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിച്ചത്. മനുഷ്യന് ജീവിക്കാനുള്ള പ്രകൃതി നഷ്ടപ്പെടുന്നു എന്ന ചിന്ത. സുഗതകുമാരിയുടെ കവിതകളും അത്തരമൊരു ചിന്തയാണ് കൂടുതലായി അവതരിപ്പിക്കുന്നത്. 'പശ്ചിമഘട്ടം' പോലുള്ള കവിതകളിൽ പ്രകൃതികേന്ദ്രിത കാഴ്ചപ്പാട് പ്രകടമാകുന്നുണ്ട്.

**5.2.18.** ആധുനികതാനന്തരഘട്ടത്തിൽ പ്രകൃതിയും മനുഷ്യനും ഒന്നാവുന്ന രീതി കാണാം. അതോടൊപ്പം മനുഷ്യകേന്ദ്രിതചിന്താഗതികളുമുണ്ടെങ്കിലും പ്രകൃതികേന്ദ്രിത കാഴ്ചപ്പാടുകൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിച്ചു കാണുന്നത്.

## 5.3 നിർദ്ദേശങ്ങൾ

മലയാളകവിതാസാഹിത്യത്തിലെ ആദ്യഘട്ടം മുതലുള്ള തെരഞ്ഞെടുത്ത കവിതകളെ പാരിസ്ഥിതികഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കിയതിൽ നിന്ന് വ്യക്തമാകുന്നത് ഉപരിപഠനസാധ്യതകളാണ്.

### 5.3.1. ഉപരിപഠനസാധ്യത

**5.3.1.1.** കഥ, നോവൽ, വിമർശനം എന്നിവയിലുണ്ടായ പാരിസ്ഥിതിക ഭാവുകത്വ പരിണാമത്തെ പഠനവിധേയമാക്കാവുന്നതാണ്.

**5.3.1.2.** പരിസ്ഥിതിസൗന്ദര്യശാസ്ത്രചിന്തകളിലെ ഓരോ സിദ്ധാന്തങ്ങളെ പ്രത്യേകമായെടുത്തുള്ള പഠനത്തിനും സാധ്യതയുണ്ട്.

**5.3.1.3.** പരിസ്ഥിതി പരാമർശങ്ങളിലെ വർണ്ണനകൾ, സദൃശകല്പനകൾ, പ്രകൃതി നശീകരണ സൂചനകൾ എന്നിവയിൽ സംഭവിച്ച പരിണാമങ്ങളെ പ്രത്യേകമായി പഠനവിധേയമാക്കാവുന്നതാണ്.

**5.3.1.4.** സമൂഹവും സാഹിത്യവും തമ്മിൽ ഇക്കാര്യത്തിലുള്ള കൊടുക്കൽ വാങ്ങലുകൾ അന്വേഷിക്കാവുന്നതാണ്.

**5.3.1.5.** മറ്റു ഭാഷയിലെ കവിതകൾ മറ്റു സാഹിത്യഗണങ്ങൾ എന്നിവയുമായി താരതമ്യ പഠനം നടത്താം. അങ്ങനെ പാരിസ്ഥിതികഭാവുകത്വത്തിലെ വ്യത്യാസം പഠന വിധേയമാക്കാം.

# ഗ്രന്ഥസൂചി


1. അച്യുതനുണ്ണി ചാത്തനാത്ത്, രാഘവവാര്യർ എം ആർ (വ്യാഖ്യാ) 2007 ***കോകസന്ദേശം*** ശുകപുരം :വള്ളത്തോൾ വിദ്യാപീഠം

2. അച്യുതൻ എം 2013 ***ഉയിർവല*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

3. അച്യുതൻ എം 2013 ***പരിസ്ഥിതിപഠനത്തിന് ഒരാമുഖം*** തൃശ്ശൂർ: കേരളശാസ്ത്ര സാഹിത്യപരിഷത്ത്

4. അജയകുമാർ എൻ 2001 ***ആധുനികത മലയാളകവിതയിൽ*** തൃശ്ശൂർ: കറന്റ് ബുക്സ്

5. അജയകുമാർ കെ 2014 ഒക്ടോബർ 24 *ഗംഗ* ***പവിത്രയാകണമെങ്കിൽ*** *മലയാളം വാരിക*

6. അജയകുമാർ എൻ 2013 ***ആധുനികത മലയാള കവിതയിൽ*** കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം

7. അജിത്കുമാർ എൻ 2002 ***തിരുനിഴൽമാല ഒരു പഠനം*** തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

8. അനിൽ കെ എം 2014 ***കടങ്കഥ സൗന്ദര്യവും സംസ്കാരവും*** തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

9. *അനിൽകുമാർ കെ 2008* **പരിസ്ഥിതിയും രാഷ്ട്രീയസമൂഹവും** തിരുവനന്തപുരം : ചിന്ത പബ്ലിക്കേഷൻസ്

10. അപ്പുണ്ണിനമ്പ്യാർ എം സി 1960 ***വടക്കൻ പാട്ടുകൾ*** തൃശ്ശൂർ: കറന്റ്ബുക്സ്

11. അയ്യപ്പപ്പണിക്കർ 1994 ***അയ്യപ്പപ്പണിക്കരുടെ കൃതികൾ*** (ഒന്നാംഭാഗം) കോട്ടയം: ഡി സി ബുക്സ്

12. ______ 1994 ***അയ്യപ്പപ്പണിക്കരുടെ കൃതികൾ*** (രണ്ടാംഭാഗം) കോട്ടയം: ഡി സി ബുക്സ്

13. ______ 1996 ***അയ്യപ്പപ്പണിക്കരുടെ കൃതികൾ*** (മൂന്നാംഭാഗം) കോട്ടയം: ഡി സി ബുക്സ്

14. ______ 2000 ***അയ്യപ്പപ്പണിക്കരുടെ കൃതികൾ*** (നാലാംഭാഗം)
കോട്ടയം: ഡി സി ബുക്സ്

15. ______ 2006 ***പത്തുമണിപ്പൂക്കൾ*** തൃശ്ശൂർ: കറന്റ് ബുക്സ്

16. ______ 2006 ***സൂരജ്മുഖി*** തൃശ്ശൂർ: എച്ച് & സി. പബ്ലിക്കേഷൻസ്

17. ______ 2007 ***ഗോത്രയാനം*** തിരുവനന്തപുരം: എച്ച് & സി. പബ്ലിക്കേഷൻസ്

18. അരവിന്ദാക്ഷൻ കെ 2002 ***കവിതയിലെ സ്ഥലകാലങ്ങൾ***
തൃശ്ശൂർ: കറന്റ് ബുക്സ്

19. ആനന്ദ് 2006 ആഗസ്റ്റ് വിഭജനങ്ങൾ വീണ്ടും മാതൃഭൂമി ആഴ്ചപ്പതിപ്പ്

20. ആനന്ദ് 2006 ആഗസ്റ്റ് 20, 26 ജലസേചനത്തിന്റെ തത്വശാസ്ത്രം മാതൃഭൂമി ആഴ്ചപ്പതിപ്പ്.

21. ആനന്ദ് 2012 ***ജൈവമനുഷ്യൻ*** കോട്ടയം: ഡി സി ബുക്സ്

22. ആനന്ദ് കാവാലം 2013 ***മലയാളകവിതയും പരിസ്ഥിതിയും***
തൃശ്ശൂർ: കറന്റ് ബുക്സ്

23. ആലങ്കോട് ലീലാകൃഷ്ണൻ സെപ്തംബർ 2015 ***ചങ്ങമ്പുഴക്കാലം*** *ഭാഷാപോഷിണി*

24. ആശാലത വി 2013 ***പാരിസ്ഥിതിക സ്ത്രീ മുന്നേറ്റത്തിന്റെ നാൾവഴികൾ***
തിരുവനന്തപുരം: മൈത്രി ബുക്സ്

25. ആഷാമേനോൻ 1995 സെപ്തംബർ- ഒക്ടോബർ സാകല്യത്തിന്റെ പ്രസക്തി സാഹിത്യലോകം

26. ______ 2003 ***ഖാൽസയുടെ ജലസ്മൃതി*** കോട്ടയം: ഡി സി ബുക്സ്

27. ______ 2008 ***തനുമാനസി*** തൃശ്ശൂർ: കറന്റ് ബുക്സ്

28. ______ 2011 മെയ് 16 ***കേരളീയ ഭൂപ്രകൃതി സൗന്ദര്യവ്യവസ്ഥകൾ***
*മാധ്യമം ആഴ്ചപ്പതിപ്പ്.*

29. ______ 2012 ***കലിയുഗാരണ്യകങ്ങൾ*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

30. ഇറാച്ച് ബറൂച്ച (വിവ: പ്രശാന്ത്കുമാർ) 2010 ***പരിസ്ഥിതിപഠനം*** കോട്ടയം: ഡി സി ബുക്സ്

31. ഉണ്ണായിവാര്യർ 1969 ***നളചരിതം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

32. ഉഷ എസ് 2012 ജൂലൈ 16 ***നിശബ്ദ ദുരന്തത്തിന്റെ ദശകം*** *മാധ്യമം ആഴ്ചപ്പതിപ്പ്*

33. ഉണിത്തിരി എൻ വി പി 1998 ***രാമായണപഠനവും മറ്റും*** തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

34. ഉണ്ണികൃഷ്ണൻ ഇ 2013 ***പാതകൾ പുഴയെ മായ്ച്ചത്*** തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

35. കക്കാട്. എൻ എൻ 2011 ***കക്കാടിന്റെ കവിതകൾ സമ്പൂർണ്ണ സമാഹാരം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

36. കാപ്പൻ എസ് 1988 ***പരിസിഥിതി, സംസ്കൃതി*** ചങ്ങനാശ്ശേരി: മാനുഷം പബ്ലിക്കേഷൻസ്.

37. കിരൺ ബി ചോക്കർ, മംമ്തപാണ്ഡ്യ, മീനാരഘുനാഥൻ (എഡിറ്റേഴ്സ്) 2013 ***പരിസ്ഥിതിയെ മനസ്സിലാക്കാം*** കോട്ടയം: ഡി.സി. ബുക്സ്

38. കുഞ്ചൻനമ്പ്യാർ 2013 ***കല്യാണസൗഗന്ധികം*** (വ്യാഖ്യാ. അമ്പലപ്പുഴ രാമവർമ്മ) കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

39. കുഞ്ഞൻപിള്ള ഇളംകുളം (വ്യാഖ്യാ.) 1971 ***രാമചരിതം (1-ാം ഭാഗം)*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

40. ______ (വ്യാഖ്യാ.) 1972 ***രാമചരിതം (2-ാം ഭാഗം)*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

41. ______ (വ്യാഖ്യാ) 1973 ***രാമചരിതം (3-ാം ഭാഗം)*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

42. ______ (വ്യാഖ്യാ) 2016 ***ഉണ്ണുനീലി സന്ദേശം*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

43. ______ (വ്യാഖ്യാ.) 2016 ***ചന്ദ്രോത്സവം*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

44. കുഞ്ഞികണ്ണൻ ടി പി 2013 *ഗാഡ്ഗിൽ റിപ്പോർട്ടും കേരള വികസനവും* കോഴിക്കോട്: മാതൃഭൂമി ബുക്സ്

45. കുഞ്ഞിരാമൻനായർ പി 2005 *പി. കവിതകൾ (ഭാഗം 1)* കോട്ടയം: ഡി സി ബുക്സ്

46. ______ 2005 *പി. കവിതകൾ (ഭാഗം 2)* കോട്ടയം: ഡി സി ബുക്സ്

47. ______ 2006 *തിരഞ്ഞെടുത്ത കവിതകൾ* കോട്ടയം: ഡി സി ബുക്സ്

48. കുട്ടികൃഷ്ണമാരാർ 1996 *രാജാങ്കണം* കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം

49. ______ 2010 *കല ജീവിതം തന്നെ* കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം

50. ______ 2010 *നളചരിതത്തിലൂടെ* കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം

51. കുമാരനാശാൻ എൻ 1960 *കുമാരനാശാന്റെ പദ്യകൃതികൾ (വാല്യം 1)* തോന്നയ്ക്കൽ: ശാരദാ ബുക് ഡിപ്പോ

52. ______ 2013 *ആശാന്റെ പദ്യകൃതികൾ* കോട്ടയം: ഡി സി ബുക്സ്

53. കുമാരപിള്ള ജി 2015 *ജി കുമാരപിള്ളയുടെ കവിതകൾ* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

54. കുറുപ്പ് ഒ എൻ വി 2006 *അരിവാളും രാക്കുയിലും* തിരുവനന്തപുരം: എച്ച് & സി ബുക്സ്

55. ______ 2013 *ഒ എൻ വി യുടെ കവിതകൾ ബൃഹത്സമാഹാരം 1946-2012 (വാല്യം-1)* കോട്ടയം: ഡി സി ബുക്സ്

56. ______ 2013 *ഒ എൻ വി യുടെ കവിതകൾ ബൃഹത്സമാഹാരം 1946-2012 (വാല്യം-2)* കോട്ടയം: ഡി സി ബുക്സ്

57. ______ 2011 *അഗ്നിശലഭങ്ങൾ* കോട്ടയം: ഡി സി ബുക്സ്

58. ______ 2016 *ഭൂമിക്ക് ഒരു ചരമഗീതം* കോട്ടയം: ഡി സി ബുക്സ്

59. കൃഷ്ണപിള്ള ചങ്ങമ്പുഴ 1990 *ചങ്ങമ്പുഴയുടെ പദ്യകൃതികൾ (ഭാഗം 1)* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

60. ______ 1990 *ചങ്ങമ്പുഴയുടെ പദ്യകൃതികൾ (ഭാഗം 2)* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

61. കൃഷ്ണവാര്യർ എൻ വി (വിവ:) 2007 ***അകംകവിതകൾ***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

62. കെ ഇ എൻ, കെ എം അനിൽ 2012 ***പഴഞ്ചൊല്ലിൽ പതിരുണ്ട്***
കോഴിക്കോട്: പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്

63. ക്രിസ് വില്യംസ് 2013 ***പരിസ്ഥിതിയും സോഷ്യലിസവും*** കോട്ടയം: ഡി സി ബുക്സ്

64. ഗിരിജ വി എം 2013 ***ജീവജലം*** തൃശ്ശൂർ: കറന്റ് ബുക്സ്

65. ______ 2011 ***പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ***
കോഴിക്കോട്: മാതൃഭൂമി ബുക്സ്

66. ______ 2015 ***കടലോരവീട്*** പാലക്കാട്: ലോഗോസ് ബുക്സ്.

67. ______ 2015 ***കുന്നിന്റെ പൊടി*** *കലാപൂർണ്ണ (ഓണപ്പതിപ്പ്)*

68. ഗീത 2002 ***ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ***
കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്

69. ______ 2008 ***ഇരിക്കണോ മരിക്കണോ (ഇടപെടലുകൾ)*** ചെങ്ങാനൂർ: റെയിൻബോ ബുക്സ്.

70. ______ 2014 ***സീതയിലെ സീത*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

71. ഗോപാലകൃഷ്ണൻ പി കെ 2000 ***കേരളത്തിന്റെ സാംസ്കാരിക ചരിത്രം***
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

72. ഗോപിനാഥൻനായർ എൻ 2016 ***ഉണ്ണിയാടിചരിതം*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

73. ഗോവിന്ദൻനായർ ഇടശ്ശേരി 2012 ***ഇടശ്ശേരിക്കവിതകൾ***
കോഴിക്കോട്: മാതൃഭൂമി ബുക്സ്

74. ചന്ദ്രശേഖരൻനായർ മേലത്ത് 1993 ***കുഞ്ഞിരാമൻനായർക്കവിത***
കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം.

75. ജയകുമാർ കെ പി 2008 ഫെബ്രുവരി 11 ***സർക്കാർ വക*** *മാധ്യമം ആഴ്ചപ്പതിപ്പ്*

76. ജയകൃഷ്ണൻ എൻ (എഡി.) 2016 ***ഭൂമിക്ക് ഒരു അമരഗീതം***
തിരുവനന്തപരും: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

77. ______ 2007 ***കുറച്ചുകൂടി ഹരിതാഭമായ ഒരിടം***
തിരുവനന്തപുരം: പുലരി പ്രസിദ്ധീകരണം

78. ______ 2010 ***ഹരിതരാമായണം*** കോട്ടയം: ഡി സി ബുക്സ്

79. ജോസഫ് അലക്സ് 2008 സെപ്തംബർ 1 ***ആ പേരാലും പോയി***
*മാധ്യമം ആഴ്ചപ്പതിപ്പ്*

80. ജോസഫ് എസ് 2000 ***കറുത്തകല്ല്*** കോട്ടയം: ഡി സി ബുക്സ്

81. ______ 2005 ***ഐഡന്റിറ്റി കാർഡ്*** കോട്ടയം: ഡി സി ബുക്സ്

82. ______ 2013 ***ചന്ദ്രനോടൊപ്പം*** കോട്ടയം: ഡി സി ബുക്സ്

83. ______ 2014 ***സ്ത്രീചിത്രങ്ങൾ*** കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്കേഷൻസ്

84. ജോൺ ബെല്ലാമി ഫോസ്റ്റർ 2006 *വ്രണിതഭൂമി* തൃശ്ശൂർ: കൗണ്ടർപോയിന്റ് പബ്ലിക്കേഷൻസ്.

85. ജോർജ്ജ് ഓണക്കൂർ (എഡി.) 1990 ***അയ്യപ്പപ്പണിക്കർ വ്യക്തിയും കവിതയും*** കോട്ടയം: ഡി സി ബുക്സ്

86. ജോർജ്ജ് കെ അലക്സ് 2003 ***ഹരിതരാഷ്ട്രീയം ചരിത്രം സിദ്ധാന്തം പ്രയോഗം*** കോട്ടയം: ഡി സി ബുക്സ്

87. തിലക് പി കെ 2012 ***കവിതാപഠനങ്ങൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

88. തുഞ്ചത്തെഴുത്തച്ഛൻ (സംശോധിത സംസ്കരണം: സി.കെ. നീലകണ്ഠൻ നമ്പൂതിരി) 2012 ***അദ്ധ്യാത്മരാമായണം*** തൃശ്ശൂർ: എച്ച് & സി പബ്ലിഷിങ് ഹൗസ്

89. തോമസ് മാത്യു എം 1995 സെപ്തം – ഒക്ടോ ***സാബത്ത്: ദൈവത്തിന് വിശുദ്ധം***
*സാഹിത്യലോകം*

90. ______ 2006 ***മാരാർ ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

91. ______ 2011 ***സാബത്ത്: ദൈവത്തിന് വിശുദ്ധം (പരിസ്ഥിതി ദലിതെഴുത്ത് പെണ്ണെഴുത്ത്)*** തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി.

92. നസീർ എൻ എ 2014 ***കാടിനെ ചെന്നു തൊടുമ്പോൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

93. ______ 2017 ***വ്രണം പൂത്തചന്തം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

94. നാരായണക്കുറുപ്പ് പി 2005 ***ഉണ്ണായിവാര്യർ*** ന്യൂഡൽഹി: സാഹിത്യ അക്കാദമി

95. നാരായണപിള്ള പി കെ 1993 ***സാഹിത്യ പഞ്ചാനനന്റെ കൃതികൾ (ഭാഗം 1)*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

96. ______ 1996 ***പഞ്ചാനനന്റെ വിമർശനത്രയം*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

97. ______ (വ്യാഖ്യാ:) 2012 ***രാമകഥപ്പാട്ട് (1-ാം ഭാഗം) (അയ്യിപ്പിള്ള ആശാൻ)*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

98. ______ (വ്യാഖ്യാ:) 2012 ***രാമകഥപ്പാട്ട് (2-ാം ഭാഗം) (അയ്യിപ്പിള്ള ആശാൻ)*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

99. നാരായണമേനോൻ വള്ളത്തോൾ 1981 ***ഋഗ്വേദസംഹിത മലയാളവിവർത്തനം*** തിരുവനന്തപുരം: ശാസ്താ പ്രിന്റേഴ്സ്

100. ______ 2003 ***സാഹിത്യമഞ്ജരി*** കോട്ടയം: ഡി സി ബുക്സ്

101. ______ 2011 ***വള്ളത്തോൾ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

102. ______ (വിവ.) 2015 ***മാതംഗലീല*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

103. നാരായണൻ കെ സി 1995 സെപ്തം - ഒക്ടോ ***പരിസ്ഥിതി സൗന്ദര്യശാസ്ത്രം*** *സാഹിത്യലോകം*

104. നിത്യചൈതന്യയതി 2011 ***ഗുരു നിത്യചൈതന്യയതി ആശാനെക്കുറിച്ച് എഴുതിയതെല്ലാം*** തൃശ്ശൂർ: മലയാളപഠന ഗവേഷണകേന്ദ്രം

105. നിർമ്മല ജി 2010 ***പരിസ്ഥിതിയുടെ വർത്തമാനം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

106. നീലകണ്ഠൻ സി ആർ 2008 മെയ് 12 ***പ്ലാച്ചിമട സമരത്തിന്റെ ദിശയേത്*** *മാധ്യമം ആഴ്ചപ്പതിപ്പ്*

107. പരമേശ്വരൻ എം പി 2006 ജൂലായ് 23-29 ***സൈലന്റ് വാലി മുതൽ അതിരപ്പിള്ളി വരെ*** *മാതൃഭൂമി ആഴ്ചപ്പതിപ്പ്*

108. പരമേശ്വരൻ പി 2015 ഓഗസ്റ്റ് ***പ്രകൃതി മാനവരാശിയുടെ നിലനില്പിന്നാധാരം*** *കേസരി*

109. പരമേശ്വരയ്യർ ഉള്ളൂർ 1977 ***ഉള്ളൂരിന്റെ പദ്യകൃതികൾ*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

110. ______ 1990 ***കേരളസാഹിത്യചരിതം (1-ാം വാല്യം)*** തിരുവനന്തപുരം: കേരള സർവ്വകലാശാല

111. ______ 2004 ഉമാകേരളം തിരുവനന്തപുരം: ഉള്ളൂർ പബ്ലിക്കേഷൻസ്

112. ______ 2006 ***ഉള്ളൂർ കൃതികൾ സമ്പൂർണ്ണം*** കോട്ടയം: ഡി സി ബുക്സ്

113. പവിത്രൻ പി 2012 ***ആശാൻകവിത ആധുനികാനന്തരപാഠങ്ങൾ*** തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്

114. പിയേഴ്സൺ എൻ എം. 2003 ***ഇക്കോഫെമിനിസം, ഇക്കോടൂറിസം, മാർക്സിസം*** തൃശ്ശൂർ: കറന്റ് ബുക്സ്

115. ______ 2010 ***പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും*** തൃശ്ശൂർ: കറന്റ് ബുക്സ്

116. പീറ്റർ വോലെബെൻ 2018 ***വൃക്ഷങ്ങളുടെ രഹസ്യജീവിതം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

117. പുരുഷോത്തമൻനായർ എം എം (വ്യാഖ്യാ) 1981 ***തിരുനിഴൽമാല*** കാലിക്കറ്റ്: സന്ധ്യ ബുക്സ്

118. പൊക്കുടൻ കല്ലേൻ 2008 മാർച്ച് 3 ***വികസനം ദലിതന്റെ മണ്ടയിൽ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

119. പൊക്കുടൻ കല്ലേൻ 2010 ആഗസ്റ്റ് ***കണ്ടൽ വെറുമൊരു ചെടിയല്ല*** *പച്ചക്കുതിര*

120. പൊതുവാൾ പി പി കെ 1983 ജൂൺ – ജൂലൈ ***പരിസ്ഥിതി ദർശനം മഹാകവി പി യുടെ കവിതയിൽ*** *ഭാഷാപോഷിണി*

121. പൊതുവാൾ പി പി കെ 2007 ***പരിസ്ഥിതിബോധവും സംസ്കാരവും*** കോഴിക്കോട്:  മാതൃഭൂമി ബുക്സ്

122. പോക്കർ പി കെ 2008 ***ഭാവനയും ഭാവുകത്വവും*** കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്

123. പോൾ എം എസ് 2010 ***ഉത്തരാധുനിക കവിതാപഠനങ്ങൾ*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

124. പോൾസൺ താം 2007 ***ഹരിതവിപ്ലവത്തിന്റെ കാണാപ്പുറങ്ങൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

125. പ്രസാദ് സി ആർ 2007 ***ഹരിദർശനം ആധുനികാനന്തരകവിതയിൽ*** തിരൂർ: ഇസെഡ് ലൈബ്രറി

126. ഫ്രെഡറിക് ഏംഗൽസ് 2004 ***പ്രകൃതിയുടെ വൈരുദ്ധ്യാത്മകത*** കാലിക്കറ്റ്: ഇ.എം.എസ്. ചെയർ ഫോർ സ്റ്റഡീസ് & റിസർച്ച്

127. ബഷീർ മാടാല 2007 ഏപ്രിൽ അട്ടപ്പാടി നൽകുന്ന പാഠം മാധ്യമം ആഴ്ചപ്പതിപ്പ്

128. ബാലകൃഷ്ണൻനായർ ടി ചിറയ്ക്കൽ 1979 ***കേരള ഭാഷാ ഗാനങ്ങൾ*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

129. ബാലചന്ദ്രൻ ചുള്ളിക്കാട് 1998 ***അമാവാസി*** കോട്ടയം: ഡി സി ബുക്സ്

130. ______ 2013 ***പ്രതിനായകൻ*** കോട്ടയം: ഡി സി ബുക്സ്

131. ______ 2016 ***ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

132. ബാലാമണിയമ്മ 2012 ***ബാലമണിയമ്മയുടെ കവിതകൾ സമ്പൂർണ്ണസമാഹാരം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

133. ബൈജു ജോൺ 2010 ആഗസ്റ്റ് 9 ***കണ്ണും കരളും മാന്തി അവർ കുന്നിറങ്ങുമ്പോൾ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

134. ഭാരതസർക്കാർ 2010 ***2006 ലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്ട്*** തിരുവനന്തപുരം: സർക്കാർ പ്രസ്

135. ഭാസ്ക്കരൻ ടി 2003 ***കൃഷ്ണഗാഥ (ചെറുശ്ശേരി)*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

136. മധു വെച്ചൂച്ചിറ 2005 ***പ്ലാച്ചിമട പ്രഖ്യാപനം*** *മാതൃഭൂമി സമകാലിക രേഖാപരമ്പര*

137. ______ 2005 ***പ്ലാച്ചിമടയിലെ ലോകജലസമ്മേളനം ഒരു അവലോകനം*** *മാതൃഭൂമി സമകാലിക രേഖാപരമ്പര*

138. മധുസൂദനൻ ജി (എഡി) 2002 ***ഹരിതനിരൂപണം മലയാളത്തിൽ*** തൃശ്ശൂർ: കറന്റ് ബുക്സ്

139. ______ 2009 ***ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ*** കോട്ടയം: ഡി സി ബുക്സ്

140. ______ 2011 ***കഥയും പരിസ്ഥിതിയും*** കോട്ടയം: ഡി സി ബുക്സ്

141. ______ 2015 ***ഭാവനയുടെ ജലസ്ഥലികൾ*** കോട്ടയം: ഡി സി ബുക്സ്

142. ______ 2017 ***നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി- കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം*** തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി

143. മനില സി മോഹൻ 2014 ***മാധവ്ഗാഡ്ഗിലും പശ്ചിമഘട്ട സംരക്ഷണവും*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

144. ______ 2015 ഡിസംബർ 13 ***കേരളമെന്ന് നഗരത്തിന് ചെന്നൈ നൽകുന്ന താക്കീത്*** *മാതൃഭൂമി ആഴ്ചപ്പതിപ്പ്*

145. മനോജ് മാതിരപ്പള്ളി (എഡി) 2012 ***ഇലകളിൽ ചോരുന്ന ആകാശം*** കൊച്ചി: പ്രണത ബുക്സ്.

146. മസനോബു ഫുക്കുവോക്ക 2011 ***ഒറ്റവൈക്കോൽ വിപ്ലവം*** തൃശ്ശൂർ: ആൾട്ടർ മീഡിയ

147. മാത്തൻ തരകൻ പുത്തൻകാവ് 1982 ഒക്ടോ-നവം ***രാമായണത്തിലെ പ്രകൃതിയും ജീവിതവൈവിധ്യവും*** *ഭാഷാപോഷിണി*

148. മാർക്കോസ് വി പി മ്യൂസ്മേരി ജോർജ്ജ് (എഡിറ്റേഴ്സ്) 2011 ***പഴയകൃതി പുതിയവായന*** ആലുവ: വിദ്വാൻ പി ജി നായർ സ്മാരകവായന ഗവേഷണ കേന്ദ്രം

149. മിനിപ്രസാദ് 2009 ***സ്ത്രീ, പരിസ്ഥിതി, ആത്മീയത*** തിരുവല്ല: ക്രൈസ്തവ സാഹിത്യ സമിതി

150. ______ (എഡി) 2012 ***നാളെയുടെ പരിസ്ഥിതിദർശനങ്ങൾ*** തിരുവല്ല: ക്രൈസ്തവ സാഹിത്യസമിതി

151. മുകുന്ദൻ എൻ 1971 ***എഴുത്തച്ഛന്റെ രാമായണവും മറ്റു രാമായണങ്ങളും*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

152. മേനോൻ ആർ വി ജി 2014 ***ആരുടെയാണി ഭൂമി?*** തൃശ്ശൂർ: കേരള ശാസ്ത്രസാഹിത്യപരിഷത്ത്

153. മോഹനകൃഷ്ണൻ കാലടി 2013 ***കാലടിക്കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

154. ______ 2016 ***കൽക്കരിവണ്ടി*** കോട്ടയം: ഡി സി ബുക്സ്

155. രവികുമാർ കെ എസ് 1995 ***കടമ്മനിട്ടയിലെ കവി*** കോട്ടയം: ഡി സി ബുക്സ്

156. ______ 2008 ***കടമ്മനിട്ടക്കവിത (പഠനങ്ങൾ)*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

157. രവീന്ദ്രൻ എൻ 2016 ***വിഷമഴയിൽ ഇല്ലാതായ മണ്ണും മനുഷ്യനും*** കോട്ടയം: ഡി സി ബുക്സ്

158. രവീന്ദ്രൻ പി പി 1999 ***ആധുനികാനന്തരം (വിചാരം, വായന)*** തൃശ്ശൂർ: കറന്റ് ബുക്സ്

159. രാജഗോപാലൻ സി ആർ 2008 ഏപ്രിൽ 14 ***വയലരിയും കാലം*** *മാധ്യമം ആഴ്ചപ്പതിപ്പ്*

160. രാജഗോപാലൻ സി ആർ 2015 ***വരിക്കപ്ലാവിനുവേണ്ടി ഒരു വടക്കൻപാട്ട്*** തിരുവനന്തപുരം: സെന്റർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷൻ

161. രാജശേഖരൻ എസ് 2010 ***പരിസ്ഥിതിദർശനം മലയാളകവിതയിൽ*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

162. ______ 2010 ***നവോത്ഥാനാനന്തരകവിത, കവിതയിലെ സഞ്ചാരങ്ങൾ*** കോട്ടയം: നാഷണൽ ബുക്സ്റ്റാൾ

163. രാജീവൻ ബി 2008 ജനുവരി ***ഭാവുകത്വത്തിന്റെ പാപ്പാന്മാർ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

164. രാജേന്ദ്രൻ നിയതി 2016 ***പാരിസ്ഥിതിക കല സി. വിനയചന്ദ്രന്റെ കവിതകളിൽ*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

165. രാജേഷ് ചിറപ്പാട്, രാജേഷ് കെ എരുമേലി 2014 ***സൗന്ദര്യശാസ്ത്രം ചരിത്രവും വികാസവും*** തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്

166. രാമകൃഷ്ണൻ കടമ്മനിട്ട 2015 ***കടമ്മനിട്ടയുടെ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

167. രാമകൃഷ്ണൻ ദേശമംഗലം 1996 ജനുവരി ***ഉദിക്കുന്നതാര്?*** *ഭാഷാപോഷിണി*

168. രാമചന്ദ്രൻ ഏഴാച്ചേരി 2015 ***പതിറ്റാണ്ടിന്റെ കവിത*** കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം

169. രാമചന്ദ്രൻനായർ പന്മന (എഡി) 2013 ***പരിസ്ഥിതി പഠനങ്ങൾ*** തൃശ്ശൂർ: കറന്റ് ബുക്സ്

170. രാമചന്ദ്രൻ പി പി 2015 ***പി പി രാമചന്ദ്രന്റെ കവിതകൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

171. രാമചന്ദ്രൻ പുതുശ്ശേരി (വ്യഖ്യാ) 2013 ***കണ്ണശ്ശരാമായണം (നിരണത്ത് രാമപ്പണിക്കർ)*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

172. രാമവർമ്മ വയലാർ 1988 ***വയലാർക്കവിതകൾ*** കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം

173. രാമൻപള്ളത്ത് 1989 ***മഹാകവി പള്ളത്തിന്റെ സമ്പൂർണ്ണകൃതികൾ*** പള്ളത്ത്: പള്ളത്ത് മെമ്മോറിയൽ പബ്ലിഷിങ് ഹൗസ്

174. രൂപേഷ് ഡിസംബർ 2013 ***പശ്ചിമഘട്ടത്തെ ആരു സംരക്ഷിക്കും*** *മലയാളം വാരിക*

175. രേണുകുമാർ എം ആർ 2007 ***പച്ചക്കുപ്പി*** കോട്ടയം: ഡി സി ബുക്സ്

176. ______ 2007 ***വെഷക്കായ*** കോട്ടയം: ഡി സി ബുക്സ്

177. ______ 2017 ***കൊതിയൻ*** കോട്ടയം: ഡി സി ബുക്സ്

178. ലീലാബായി എൻ 2011 ***രാമചരിതപ്രഭാവം*** തിരുവനന്തപുരം: പെൻ ബുക്സ്

179. ലീലാവതി എം 2008 ***വർണ്ണരാജി*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

180. ______ 2011 ***മലയാളകവിതാസാഹിത്യചരിത്രം*** തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി

181. ലോഹിതാക്ഷൻ എം കെ 2009 ***പരിസ്ഥിതി നിയമങ്ങൾ*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

182. വന്ദനശിവ 2011 ***മണ്ണോ എണ്ണയോ?*** (വിവ: പ്രശാന്ത്കുമാർ) കോട്ടയം: ഡി സി ബുക്സ്

183. ______ 2014 ***ജീവന്റെ നിലനില്പ്*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

184. വർഗ്ഗീസ് വി ജെ (എഡി) 2015 ***അഞ്ഞൂറുവർഷത്തെ കേരളം ചില അറിവട യാളങ്ങൾ*** കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം

185. വിജയലക്ഷ്മി 2013 ***ജ്ഞാനമഗ്ദലന*** കോട്ടയം: ഡി സി ബുക്സ്

186. ______ 2013 ***വിജയലക്ഷ്മിയുടെ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

187. ______ 2016 ***സീതാദർശനം*** കോട്ടയം: ഡി സി ബുക്സ്

188. വിജയൻ എം എൻ 2015 ***വൈലോപ്പിള്ളി സാഹിത്യനിരൂപണം*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

189. വിനയചന്ദ്രൻ ഡി 1986 ***ഡി വിനയചന്ദ്രന്റെ കവിതകൾ*** കോട്ടയം: വിദ്യാർത്ഥിമിത്രം സാഹിതി ബുക്ക് ക്ലബ്ബ്

190. ______ 1992 ***വീട്ടിലേക്കുള്ള വഴി*** കോട്ടയം: ഡി സി ബുക്സ്

191. ______ 1993 ***സമയമാനസം*** കോട്ടയം: ഡി സി ബുക്സ്

192. ______ 1999 ***സമസ്തകേരളം പി.ഒ*** കോട്ടയം: ഡി സി ബുക്സ്

193. ______ 2006 ***സൗമ്യകാശി*** തിരുവനന്തപുരം : റെയിൻബോ ബുക്സ്

194. ______ 2009 ***പത്താമുദയം*** തൃശ്ശൂർ: എച്ച് & സി പബ്ലിക്കേഷൻസ്

195. വിഷ്ണുനമ്പൂതിരി എം വി 2005 ***ഉത്തരകേരളത്തിലെ തോറ്റം പാട്ടുകൾ*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

196. വീരാൻകുട്ടി 2015 ***മിണ്ടാപ്രാണി*** കോട്ടയം: ഡി സി ബുക്സ്

197. ______ 2016 ***വീരാൻകുട്ടിയുടെ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

198. വീരേന്ദ്രകമാർ എം പി 2006 മാർച്ച് 5-11 ***പ്രപഞ്ചത്തിന്റെ ഗീതം, ഹൃദയത്തിന്റെ താളം*** *മാതൃഭൂമി ആഴ്ചപ്പതിപ്പ്*

199. ശങ്കരക്കുറുപ്പ് ജി 1992 ***അന്തർദ്ദാഹം*** തൃശ്ശൂർ: കറന്റ് ബുക്സ്

200. ശങ്കരനുണ്ണി കെ 1974 ***പരിസ്ഥിതി വിജ്ഞാനത്തിന്റെ മൂലതത്ത്വങ്ങൾ*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

201. ശങ്കുണ്ണിനായർ എം പി 1988 ***ഛത്രവും ചാമരവും*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

202. ശിവദാസൻ വി പി 2012 ***ആധുനികകാവ്യപഠനങ്ങൾ*** തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

203. ശേഖർജി 2007 ***രാമായണത്തിലെ മിഴിവുറ്റ മുത്തുകൾ*** ആലുവ: പെൻ ബുക്സ്

204. ശ്രീജിത്ത് കെ എസ് 2007 മെയ് 4 ***സൈലന്റ് വാലിക്ക് വീണ്ടും മരണമണി*** *മാധ്യമം ആഴ്ചപ്പതിപ്പ്*

205. ശ്രീധരൻ കെ 2013 ***പരിസ്ഥിതിയും വികസനവും കേരള പാഠങ്ങൾ*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

206. ശ്രീധരമേനോൻ വൈലോപ്പിള്ളി 1984 ***വൈലോപ്പിള്ളിക്കവിതകൾ*** കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

207. ______ 2001 ***വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ*** (വാല്യം 1) തൃശ്ശൂർ: കറന്റ് ബുക്സ്

208. ______ 2001 ***വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ*** (വാല്യം 2) തൃശ്ശൂർ: കറന്റ് ബുക്സ്

209. ശ്രീവത്സൻ ടി 2013 ***ഹരിതഭാഷാവിചാരം*** തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

210. സച്ചിദാനന്ദൻ 2009 ***മലയാളകവിതാപഠനങ്ങൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

211. ______ 2012 ***വിത്തും വൃക്ഷവും*** തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി

212. ______ 2014 ***നേർവഴികൾ*** പെരിന്തൽമണ്ണ: ലോഗോസ് ബുക്സ്

213. ______ 2016 ***സച്ചിദാനന്ദന്റെ കവിതകൾ 1965–2015*** കോട്ടയം: ഡി സി ബുക്സ്

214. സങ്കാലിയ എച്ച് ഡി 2011 ***രാമായണ പഠനങ്ങൾ*** (വിവ: മൈത്രേയൻ) പത്തനംതിട്ട: ലൈൻ ബുക്സ്

215. സന്തോഷ് ബാബു 2012 ഫെബ്രുവരി 20 ***ഒടുവിൽ ആകാശവും പകുത്തെടുക്കുമ്പോൾ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

216. സാജ് കുര്യൻ 2010 നവംബർ 29 ***മലയാളിയുടെ കറിക്കൂട്ടിലും എൻഡോസൾഫാൻ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

217. സാനു എം കെ 2003 ***അശാന്തിയിൽനിന്ന് ശാന്തിയിലേക്ക്*** കോട്ടയം: ഡി സി ബുക്സ്

218. സിയാറ്റിൽ മൂപ്പൻ (വിവ. സക്കറിയ) 2014 ***ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ*** കോട്ടയം: ഡി സി ബുക്സ്

219. സിസിലി ജോയ്സി 2014 ***കാട് ഒരു മഹാഗുരു*** തൃശ്ശൂർ: സമത

220. സുകുമാരൻ ടി പി 1995 സെപ്തം-ഒക്ടോ ***പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യം*** *സാഹിത്യലോകം*

221. സുകുമാരൻനായർ എൻ കെ 2009 ***പമ്പാനദി പരിസ്ഥിതിപഠനം*** ചെങ്ങന്നൂർ: റെയിൻബോ ബുക്ക് പബ്ലിക്കേഴ്സ്

222. സുകുമാരൻനായർ ചെമ്പൂര് (സമ്പാദനവും പഠനവും) 2006 ***വള്ളത്തോൾ കവിതാപഠനം*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

223. സുഗതകുമാരി 2011 ***സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*** കോട്ടയം: ഡി സി ബുക്സ്

224. ______ 2012 ***കുടത്തിലെ കടൽ*** കോട്ടയം: ഡി സി ബുക്സ്

225. ______ 2014 ***കാടിനുകാവൽ*** കോട്ടയം: ഡി സി ബുക്സ്

226. ______ 2014 ***കാവുതീണ്ടല്ലേ*** കോട്ടയം: ഡി സി ബുക്സ്

227. ______ 2017 ***പൂവഴി മരുവഴി*** കോട്ടയം: ഡി സി ബുക്സ്

228. ______ 2018 ***ഞാനും ഒരു കഴുകനാണ്*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

229. സുനിൽ പി ഇളയിടം 2011 ***അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ*** കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം

230. സുന്ദരം ധനുവച്ചപുരം (വ്യാഖ്യാ) ***വൈശികതന്ത്രം*** 2016 കോട്ടയം: ഡി സി ബുക്സ്

231. സുരേന്ദ്രനാഥ് സി 2001 ***മാവൂർ ഒരു വികസനമാതൃകയുടെ പതനം*** കോഴിക്കോട്: ജയചന്ദ്രൻ സുഹൃത്സംഘം

232. സുരേഷ് മണ്ണാറശാല 2007 ***പരിസ്ഥിതിയുടെ കവിതകൾ*** ചെന്നൈ: സുരാബുക്സ് പ്രൈവറ്റ് ലിമിറ്റഡ്

233. സെബാസ്റ്റ്യൻ 1985 ***പുറപ്പാട്*** പന്തളം: പുസ്തകപ്രസാധകസംഘം

234. ______ 2002 ***കവിയുത്തരം*** കോഴിക്കോട്: സൈലൻസ് പബ്ലിക്കേഷൻസ്

235. ______ 2006 ***ഒട്ടിച്ചനോട്ട്*** കോട്ടയം: ഡി സി ബുക്സ്

236. ______ 2008 ***കണ്ണിലെഴുതാൻ*** കോട്ടയം: ഡി സി ബുക്സ്

237. ______ 2011 ***ചില്ലുതൊലിയുള്ള തവള*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

238. ______ 2011 ***സെബാസ്റ്റ്യൻ കവിതകൾ*** കോട്ടയം: ഡി സി ബുക്സ്

239. ______ 2013 ***ചൂളപ്പൊതികൾ*** കോട്ടയം: ഡി സി ബുക്സ്

240. ______ 2014 ***നിശബ്ദതയിലെ പ്രകാശങ്ങൾ*** കോട്ടയം: ഡി സി ബുക്സ്

241. ______ 2015 ***പ്രതിശരീരം*** കോട്ടയം: ഡി സി ബുക്സ്

242. സെബാസ്റ്റ്യൻ ജോസഫ് 2015 ഡിസംബർ ***പരിസ്ഥിതിബോധം വയലാർ രാമവർമ്മയുടെ ഗാനങ്ങളിൽ*** *സാഹിത്യലോകം*

243. സെബാസ്റ്റ്യൻ വി ജെ 2009 ***ആധുനികകവിതയും തിണസങ്കല്പനവും*** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

244. സോമൻ പി 2011 സെപ്തം ***സാംസ്കാരിക പരിസ്ഥിതിവാദത്തിന്റെ കവിത*** *ഗ്രന്ഥാലോകം*

245. ഹരിപ്രിയ എസ് 2013 ***പരിസ്ഥിതിപരിചയ നിഘണ്ടു*** കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം

246. ഹാരിസ് വി സി 1995 സെപ്തം ഒക്ടോ ***പരിസ്ഥിതി സൗന്ദര്യശാസ്ത്രം ഒരു കുറിപ്പ്*** *സാഹിത്യലോകം*

247. ഹെൻട്രി ഡേവിഡ് തോറോ 2010 ***വാൾഡൻ അഥവാ കാനനജീവിതം*** തൃശ്ശൂർ: കറന്റ് ബുക്സ്

248. ______ 2013 ***മരങ്ങളും മനുഷ്യരും തത്വദീക്ഷയില്ലാത്ത ജീവിതം*** വയനാട്: ഏകലോക സർവ്വകലാശാല

249. റഫീക് അഹമ്മദ് 2013 ജൂലൈ 8 ***വിൽക്കാനുണ്ട് വെയിൽ*** *മാധ്യമം ആഴ്ചപ്പതിപ്പ്*

250. റഫീക്ക് അഹമ്മദ് 2013 സെപ്തംബർ 13 ***എല്ല്*** *മലയാളം വാരിക*

251. റഫീക്ക് അഹമ്മദ് 2016 ***റഫീക്ക് അഹമ്മദിന്റെ കവിതകൾ*** കോഴിക്കോട്: മാതൃഭൂമി ബുക്സ്

252. റേച്ചൽ കഴ്സൺ 2013 ***നിശബ്ദവസന്തം*** കോട്ടയം: ഡി സി ബുക്സ്

253. റോയി സി ജെ 990 ***ഭാവുകത്വത്തിന്റെ പാതയിൽ*** ......................

254. Dash M C 1995 ***Fundamentals of Ecology*** New Delhi: Hill Publishing Company Ltd.

255. Edward J Kormondy 1994 ***Concepts of Ecology*** (Third edition) New Delhi: Prentice Hall of India Pvt Ltd.

256. Ken Killham 1994 ***Soil Ecology*** Cambridge: Cambridge University

257. Kumar H D 1986 ***Modern Concepts of Ecology*** New Delhi: Vikas Publishing House Pvt Ltd.

258. Kumar H D 1995 ***General Ecology*** New Delhi: Vikas Publishing House Pvt Ltd.

259. Murray Bookchin ***The Politics of Social Ecology*** Black Rose Books

260. Odumn E P & Gray W Barrel 2015 ***Fundamentals of Ecology*** New Delhi: Cengage Learning India Private Limited

261. Robert Leo Smith 1992 ***Elements of Ecology*** New York: Harper Colins Publications

262. Schumacher E F 2011 ***Small is Beautiful*** London: Vintage Books

263. Theodore Raszack 1993 ***The Voice of the Earth: An Exploration of Eco-psychology*** Phanes Press

വെബ്സൈറ്റുകൾ:

http://www.deepecology.org/deepecology.htm

https://en.wikipedia.org/wiki/Appiko_movement

https://en.wikipedia.org/wiki/Bishnoi

https://en.wikipedia.org/wiki/Bombay_Dog_Riots

https://en.wikipedia.org/wiki/Ecology

https://en.wikipedia.org/wiki/Greenpeace

https://en.wikipedia.org/wiki/Kyoto_Protocol

http://nerpatham.com/vol-no-02/inthya-natappaakkiya-pradhaana-paristhhithi-niyamangngal.html

https://www.sciencedaily.com/terms/ecotourism.htm

http://social-ecology.org/wp/1986/01/what-is-social-ecology/